# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 8, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 168 - നമ്പർ 2

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 8, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നിറാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

387/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം

*പേജ്*


**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....27

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....27
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....88

**II അടിയന്തരപ്രമേയം**

സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി
(അവതരണാനുമതി നിഷേധിച്ചു.) ....426

**III ശ്രദ്ധ ക്ഷണിക്കൽ**

1. മുൻഗണനാ പട്ടികയിലെ അപാകതകൾ
– ശ്രീ. എ. പ്രദീപ് കുമാർ ...453
2. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം
– ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ....460

**IV സബ്മിഷൻ**

1. കൊല്ലം തോടിന്റെ പുനരുദ്ധാരണം
– ശ്രീ. എം. മുകേഷ് ....463
2. ജുമാ-അത്ത് പള്ളിയിലെ അക്രമം
– ശ്രീ. പി. ഉബൈദുള്ള ....465
3. പിന്നോക്കാവസ്ഥ പരിഹരിക്കൽ
– ശ്രീ. മോൻസ് ജോസഫ് ....467
4. ധനസഹായം
– ശ്രീ. കാരാട്ട് റസാഖ് ....469

*പേജ്*

5. പുലിമുട്ട് നിർമ്മാണം

– ശ്രീ. വി. എസ്. ശിവകുമാർ ....470

6. ഇക്കപാലത്തിന്റെ നവീകരണം

– ശ്രീമതി പി. അയിഷാ പോറ്റി ....471

7. റോഡ് നിർമ്മാണവും സംരക്ഷണവും

– ശ്രീ. അനൂപ് ജേക്കബ് ....473

8. മണ്ണ് പരിശോധന

– ശ്രീ. എൻ. വിജയൻ പിള്ള ....474

9. റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണം

– ശ്രീ. എം. രാജഗോപാലൻ ....475

10. സബ്-എഞ്ചിനീയർ ഓഫീസ്

– ശ്രീ. കെ. രാജൻ ....476

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ ....477

**VI റിപ്പോർട്ട് സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട് ....499

(2) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടുംറിപ്പോർട്ടുകൾ ....499

**VII റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട് ...499

**VIII നിയമനിർമ്മാണകാര്യം**

(i) 2017-ലെ കേരള ചരക്കുസേവന നികുതി ബിൽ ...499

**IX ക്രമപ്രശ്നം**

ഗവർണറുടെ മുൻകൂർ അനുമതി വാങ്ങണമെന്നത് സംബന്ധിച്ച്

– ശ്രീ. കെ. എം. മാണി ...500

**റൂളിംഗ്**

നിയമനിർമ്മാണകാര്യം (തുടർച്ച) ...502

(ii) 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ ...600

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

*2017 ആഗസ്റ്റ് 8, ചൊവ്വ*

വാല്യം 168] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2017 ആഗസ്റ്റ് മാസം 08-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 -ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## I വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ *31

ചോദ്യം നമ്പർ *31-മായി 6 ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ജി.എസ്.ടി. ബിൽ ഇന്ന് വിശദമായി ചർച്ച ചെയ്യുന്നുണ്ട്. ഇന്നലെ ഒരു ഡിബേറ്റും നടന്നു. അതുകൊണ്ട് ചോദ്യങ്ങൾ ക്ലബ്ബ് ചെയ്യുന്നില്ല.

### ചരക്ക് സേവന നികുതി നടപ്പാക്കിയ ശേഷമുള്ള വില വർദ്ധന

1 (*31) ശ്രീ. ഇ.പി. ജയരാജൻ:

ശ്രീ. വി. കെ. സി. മമ്മത് കോയ:

ശ്രീ. പി. കെ. ശശി:

ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നടപ്പാക്കുന്നതോടെ ചരക്കുകൾക്ക് ശരാശരി എട്ട് ശതമാനത്തോളം വിലക്കുറവുണ്ടാകുമെന്ന് കേന്ദ്ര നികുതി ചീഫ് കമ്മീഷണർ വ്യക്തമാക്കിയിട്ടും സംസ്ഥാനത്ത് എല്ലാ ഉല്പന്നങ്ങൾക്കും വില വർദ്ധിക്കാനിടയായ സാഹചര്യം വിലയിരുത്തിയിരുന്നോ; വിശദാംശം നൽകുമോ;

(ബി) രാജ്യത്ത് ആകെ ഒരു ലക്ഷത്തോളം കോടി രൂപയുടെ ഇളവ് വിവിധ നികുതിയിനത്തിലും ഡ്യൂട്ടിയിനത്തിലും ഉണ്ടായിട്ടും ഇതിന്റെ ആനുകൂല്യം നികുതിദായകരായ ഉപഭോക്താക്കൾക്ക് ലഭിക്കാതിരിക്കുകയും അധിക വില നൽകേണ്ടിവരികയും ചെയ്യുന്നത് അവസാനിപ്പിക്കാനായി കേന്ദ്ര സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) അമിതവില ഈടാക്കുന്നതിനെതിരെ നടപടിയെടുക്കുന്നതിന് ജി.എസ്.ടി. നിയമത്തിൽ വ്യവസ്ഥയുണ്ടോയെന്നും എങ്കിൽ ഇതാരാണ് നടപ്പിലാക്കേണ്ടതെന്നും വിശദമാക്കാമോ; ഈ സംവിധാനം കാര്യക്ഷമമായി നടപ്പാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) ജി.എസ്.ടി. നടപ്പാക്കിയിട്ടുള്ള എല്ലാ രാജ്യങ്ങളിലും വിലക്കയറ്റം പ്രകടമായിട്ടുണ്ട്. വിവിധ നികുതികൾ ചേരുന്ന ആകെ നികുതി ഭാരം ചരക്കുസേവന നികുതി സമ്പ്രദായത്തിൽ കുറയുമെങ്കിലും ഇത്തരത്തിൽ കുറവ് വരുന്ന നികുതിയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള വൻകിട കമ്പനികളുടെയും വിതരണക്കാരുടെയും ത്വരയാണ് ഇത്തരത്തിലുള്ള വിലക്കയറ്റത്തിന് കാരണമാകുന്നത്. ഈ വസ്തുത കേരളം ജി.എസ്.ടി. കൗൺസിലിൽ ആവർത്തിച്ച് ചൂണ്ടിക്കാണിക്കുകയും ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിക്കുവേണ്ടി ഉറച്ച നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി നിരക്കുകൾ നിർണ്ണയിക്കുന്ന ഘട്ടത്തിൽ കൗൺസിലിൽ കേരളം ചൂണ്ടിക്കാണിച്ച ഈ ആശങ്ക യാഥാർത്ഥ്യമാകുന്നതാണ് നാം കാണുന്നത്. ഓരോ ചരക്കിന്റെയും നിലവിലുള്ള നികുതിഭാരവും ജി.എസ്.ടി. വരുമ്പോഴുണ്ടാകുന്ന കുറവും കണക്കാക്കി അത് പ്രസിദ്ധപ്പെടുത്തണമെന്നും ഓരോ ചരക്കിന്റെയും ടാക്സ് ഇൻസിഡൻസ് കാണിക്കുന്ന മാട്രിക്സ് സംസ്ഥാനങ്ങൾക്ക് കൈമാറണമെന്നും ജി.എസ്.ടി. കൗൺസിലിൽ കേരളം നിരന്തരം ആവശ്യപ്പെട്ടിട്ടുള്ളതാണ്. ഇത് ലഭിക്കാതിരുന്നിട്ടും 100 ഉത്പന്നങ്ങളുടെ നികുതിയിൽ ഉണ്ടാകുന്ന കുറവ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

കേന്ദ്രതലത്തിൽ ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിയും സംസ്ഥാനതലത്തിലെ സമിതികളും യഥാസമയം രൂപീകരിക്കണമെന്നും സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചു. ജി.എസ്.ടി. നടപ്പാക്കിയതിലൂടെ വളരെയധികം ചരക്കുകളുടെ നികുതി നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും നികുതിക്കുറവിന്റെ ആനുകൂല്യം ലഭിച്ച പല ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ പ്രോഡക്ട്സും വില കുറയ്ക്കാതെ അമിതലാഭം കൈയടക്കുന്ന പ്രവണത വിപണിയിൽ ദൃശ്യമാണ്. 2017 ജൂൺ 30-ന് വിൽപ്പനക്കാരുടെ

കൈയിൽ സ്റ്റോക്ക് ഉണ്ടായിരുന്ന ചരക്കുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കിട്ടുന്നത് സംബന്ധിച്ച ആശയക്കുഴപ്പവും വിപണയിൽ പ്രതിഫലിച്ചു.

സംസ്ഥാനത്തിനകത്തും ഇതിന്റെ അനുരണനങ്ങൾ ഉണ്ടായിട്ടുണ്ട്. നികുതി പൂർണ്ണമായും ഇല്ലാതാകുന്ന കോഴിക്ക് വില കയറുന്ന സ്ഥിതിവന്നു. വൻകിട കോഴി ഏജന്റുമാർ നികുതിയിൽ ഉണ്ടായ ഇളവ് ഉപഭോക്താക്കൾക്ക് കൈമാറാതെ കയ്യടക്കുന്നതിനുള്ള നീക്കം നടത്തിയതിന്റെ ഫലമായിരുന്നു ഇത്. ഇതിനെതിരെ സംസ്ഥാന സർക്കാർ ഉറച്ച നിലപാട് സ്വീകരിച്ചു. അനിയന്ത്രിതമായി വില കയറുന്നതിനുള്ള പ്രവണതയ്ക്ക് ഒരു പരിധിവരെ കടിഞ്ഞാൺ ഇടാൻ ഇതുമൂലം കഴിഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നികുതി നിരക്കിൽ വന്ന ഇളവുകൾ ഉടനടി തന്നെ പ്രാബല്യത്തിൽ വരുത്തുകയും കോർപ്പറേഷൻ വഴി വിൽക്കുന്ന ചരക്കുകൾക്ക് വിലക്കുറവ് പ്രഖ്യാപിക്കുകയും ചെയ്തു. ജി.എസ്.ടി.യുടെ പ്രാരംഭഘട്ടത്തിൽ വ്യാപാരി സമൂഹത്തിന് ഉണ്ടായ ചില അവ്യക്തതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ഇതിനായി വ്യാപാരി വ്യവസായി സംഘടനകളുടെ യോഗം വിളിക്കുകയും ജി.എസ്.ടി. യിലൂടെ ലഭിക്കുന്ന നികുതി നിരക്കിന്റെ കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്ന ചരക്കുകൾക്കും സേവനങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണ്. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ നികുതി നിരക്കിൽ വന്നിട്ടുള്ള കുറവും ഇൻപുട്ട് ടാക്സിന്റെ പ്രയോജനവും കണക്കിലെടുത്ത് അവശ്യവസ്തുക്കൾക്ക് വിലക്കുറവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് നിരീക്ഷിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതാണ്. ജി.എസ്.ടി.യുടെ മറവിലുള്ള വിലക്കയറ്റം നിയന്ത്രിക്കാനുള്ള ശക്തമായ നടപടികൾ കേന്ദ്ര സർക്കാരും സ്വീകരിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെടുകയാണ്.

(ബി & സി) ജി.എസ്.ടി. നിയമത്തിൽ (171) വകുപ്പ് പ്രകാരം ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റി രൂപീകരിക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. വിതരണം ചെയ്യപ്പെടുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും നികുതിനിരക്കിലെ കുറവും വ്യാപാരികൾക്ക് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുപാതിക ആനുകൂല്യവും ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുകയാണ് അതോറിറ്റിയുടെ ലക്ഷ്യം. ഒരു ചെയർമാനും നാല് ടെക്നിക്കൽ അംഗങ്ങളും ചേർന്നതാണ് അതോറിറ്റി. ഇതിനുപുറമേ ആന്റി പ്രോഫിറ്റിയറിംഗ് പരിശോധിക്കാനുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയും സംസ്ഥാനതലത്തിൽ സ്ക്രീനിംഗ് കമ്മിറ്റികളുമുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ലഭിക്കുന്ന പരാതികൾ പരിശോധിച്ച്

നികുതി കുറവിന്റെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുകൂല്യം ഉപഭോക്താവിന് കൈമാറിയില്ലെങ്കിൽ നടപടികൾ സ്വീകരിക്കാൻ അതോറിറ്റിക്ക് റിപ്പോർട്ട് നൽകാവുന്നതാണ്. സംസ്ഥാന തലത്തിൽ സ്ക്രീനിംഗ് കമ്മിറ്റികൾ പരിശോധിച്ച് ശിപാർശകൾ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകുന്നതാണ്. സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നികുതി കുറവിന്റെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറിയില്ലെങ്കിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

1. വിലയിൽ കുറവുവരുത്താൻ ഉത്തരവ് നൽകാം.

2. ഉപഭോക്താവിന് കൈമാറ്റം ചെയ്യപ്പെടാത്ത ആനുകൂല്യങ്ങൾ 18 ശതമാനം പലിശ നിരക്കിൽ ഉപഭോക്താവിന് നൽകുവാനുള്ള ഉത്തരവുകൾ നൽകാം. ഇതിനുപുറമേ പിഴയും ജി.എസ്.ടി. രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുമുള്ള ഉത്തരവും നൽകാം. അതോറിറ്റിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, കേന്ദ്ര ഗവൺമെന്റ് പ്രത്യക്ഷ നികുതിയും പരോക്ഷ നികുതിയും ചുമത്തിക്കൊണ്ടാണ് സാധാരണക്കാരായ ജനങ്ങളെ പിഴിഞ്ഞെടുക്കാറുള്ളത്. VAT നികുതി സമ്പ്രദായമനുസരിച്ച് പരമാവധി നികുതി 14.50 ശതമാനമായിരുന്നു. അതിനുപുറമെ നിത്യോപയോഗ സാധനങ്ങളുടെ കാര്യത്തിൽ പഴയ VAT നികുതി സമ്പ്രദായമനുസരിച്ച് സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായ ഇടപെടൽ നടത്താനുള്ള അധികാരവും ഉണ്ടായിരുന്നു. 5 ശതമാനം, 12 ശതമാനം, 18 ശതമാനം, 28 ശതമാനം എന്നിങ്ങനെ നാല് സ്ലാബുകളിലായിട്ടാണ് ഇപ്പോൾ ജി.എസ്.ടി. വസൂലാക്കിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഫലമായി 14.50 ശതമാനം നികുതിയിൽനിന്ന് 28 ശതമാനം നികുതിയിലേയ്ക്ക് ജി.എസ്.ടി. ഉയർന്നു. ഇതിൽത്തന്നെ നല്ലൊരുഭാഗം സാധാരണക്കാരായ ജനങ്ങൾ ഉപയോഗിക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റമായിട്ടാണ് രൂപപ്പെട്ടുവന്നിട്ടുള്ളത്. അതായത് പരമാവധി 14.50-ൽ നിന്ന് 28 ശതമാനത്തിലേയ്ക്കെത്തി. കേരളം പോലുള്ള സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട വിഹിതത്തേക്കാൾ പതിന്മടങ്ങ് വിഹിതം, സംസ്ഥാനങ്ങൾക്കുള്ള വരുമാനംപോലും നേരിട്ട് പിഴിഞ്ഞെടുക്കാൻ കഴിയത്തക്ക നിലയിലുള്ള ഒരു നിലപാടാണ് ജി.എസ്.ടി.യുടെ മേൽ ഉണ്ടായിട്ടുള്ളത് എന്നുള്ള പരാതികൾ ഇപ്പോൾ ഉയർന്നുവരികയാണ്. അതിന്റെ കാരണം നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റമാണ്. ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ, ഇതിന് പരിഹാരം കാണാൻ ജി.എസ്.ടി. വ്യവസ്ഥ അനുസരിച്ചുതന്നെ കൊള്ളലാഭ വിരുദ്ധ അതോറിറ്റി (ആന്റി പ്രോഫിറ്റിയറിംഗ്

അതോറിറ്റി) ഇവിടെയുണ്ട്. അതിന്റെ സ്റ്റാന്റിംഗ് കമ്മിറ്റികളും സ്ക്രീനിംഗ് കമ്മിറ്റികളുമുണ്ട്. വിലക്കയറ്റം പിടിച്ചുനിർത്താൻ ഈ കമ്മിറ്റികളെല്ലാം ഫലപ്രദമായി പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ടോ; കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിന്റെ ഫലമായി സംസ്ഥാനങ്ങൾ നേരിടുന്ന പ്രശ്നം പരിഹരിക്കാൻ ഇനി ചേരുന്ന പ്രത്യേക ജി.എസ്.ടി. മീറ്റിംഗിൽ ഇക്കാര്യങ്ങൾ ഉന്നയിച്ചുകൊണ്ട് പരിഹാരം തേടുന്നതിന് എന്തൊക്കെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ജി.എസ്.ടി. വന്നതിന്റെ ഫലമായി ചരക്കുകളുടെ മേലുള്ള നികുതിഭാരം വർദ്ധിക്കുന്നു എന്നുപറയുന്നത് ശരിയല്ല. ഉദാഹരണത്തിന് കേരളത്തിൽ 80 ശതമാനം ഉപഭോക്തൃ ഉൽപ്പന്നങ്ങളും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വരുത്തുന്നതാണ്. അവ കേരളത്തിന്റെ അതിർത്തി കടക്കുന്നതിനുമുൻപ് ചുരുങ്ങിയത് നാല് തരത്തിലുള്ള നികുതികൾക്കെങ്കിലും വിധേയമാകുന്നു. ഒന്ന്, മറ്റ് സംസ്ഥാനത്ത് ചരക്ക് ഉണ്ടാക്കുന്നതിന് വാങ്ങുന്ന അസംസ്കൃത വിഭവങ്ങളുടെ മേലുള്ള നികുതി. അത് ചുരുങ്ങിയത് 5 ശതമാനമാണ്. രണ്ട്, ചരക്ക് ഉണ്ടാക്കിക്കഴിഞ്ഞാൽ കേന്ദ്ര സർക്കാർ പിരിക്കുന്ന എക്സൈസ് നികുതി. അത് ശരാശരി 12 ശതമാനമെടുക്കാം. മൂന്ന്, ഇങ്ങോട്ട് കൊണ്ടുവരുന്നതിനുള്ള സർവ്വീസ് ടാക്സ്. അത് 2 ശതമാനം. നാല്, ഇവയ്ക്ക് പുറമെ 4 ശതമാനം സി.എസ്.ടി. അങ്ങനെ ആകെ 23 ശതമാനം. ആ 23 ശതമാനം നികുതി അടങ്ങുന്ന വിലയുടെ മുകളിലാണ് 14.50 ശതമാനം VAT ടാക്സ് വരുന്നത്. അപ്പോൾ ചുരുങ്ങിയത് 23 ശതമാനവും 14.50 ശതമാനവും കൂട്ടി ആകെ 37.50 ശതമാനമാണ് നികുതി. അതാണ് ഇന്ന് 28 അല്ലെങ്കിൽ 12 ആയിട്ട് താഴുന്നത്. ഇതിന്റെ പ്രശ്നം എന്തെന്നാൽ, നമ്മൾ ഇതുവരെ ബില്ലിൽ 14.50 മാത്രമേ കാണുകയുള്ളൂ. അതിനുമുൻപ് ഞാൻ പറഞ്ഞ 23.50 കാണില്ല. കാരണം അത് വിലയിൽ അലിഞ്ഞു ചേർന്നിരിക്കുന്നു. അതുകൊണ്ടാണ് നികുതി ഭാരം കൂടിയെന്ന് നമുക്ക് തോന്നുന്നത്. ഇങ്ങനെ ഒരു തോന്നലുണ്ടാകുന്നതിനുള്ള സാധ്യതയുള്ളതുകൊണ്ട് നേരത്തെവന്ന നികുതിയെല്ലാം ജി.എസ്.ടി.യിൽ ലയിച്ചുപോയി. പക്ഷേ അതിന്റെ കുറവ് ഉപഭോക്താവിന് പാസ്ഓൺ ചെയ്യുന്നില്ല. ഏറ്റവും ലളിതമായ ഉദാഹരണം തിയേറ്ററുകളിലെ ടിക്കറ്റിന്റെ വിലയാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അതിന് 25 ശതമാനം നികുതി ഏർപ്പെടുത്തിയിരുന്നു. അതില്ലാതെയായി. അതിനുപകരം 18 ശതമാനം നികുതി വന്നു. പക്ഷേ ഇപ്പോൾ നേരത്തെ ടിക്കറ്റിന് ഉണ്ടായിരുന്ന ചാർജ്ജിനുപുറമേ 18 ശതമാനം അടിച്ചിരിക്കുകയാണ്. ഇളവ് ചെയ്ത 25 ശതമാനം താഴേയ്ക്ക് കൊടുക്കുന്നില്ല. ഇങ്ങനെയുള്ള സ്ഥിതിവരുന്നത് പരിഹരിക്കാനാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞ ആന്റി പ്രോഫിറ്റിയറിംഗ് ക്ലോസും അതിന്റെ കീഴിലുള്ള അതോറിറ്റികളും. ആ അതോറിറ്റികളെ വേണ്ടത്ര ഫലപ്രദമായി

പ്രവർത്തിപ്പിക്കുന്നതിനുള്ള ശ്രുഷ്കാന്തി കേന്ദ്ര സർക്കാർ കാണിക്കുന്നില്ലെന്ന ശക്തമായ വിമർശനം കഴിഞ്ഞ ജി.എസ്.ടി. കൗൺസിലിൽ വയ്ക്കുകയുണ്ടായി. ഇനിയുള്ള കൗൺസിലുകളിലും കൂടുതൽ ശക്തമായ നിലപാട് ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ജി.എസ്.ടി. നിലവിൽ വന്നിട്ട് മുപ്പത്തെട്ടോളം ദിവസം പിന്നിട്ടു. നിലവിൽ നിത്യോപയോഗ സാധനങ്ങളുടെ പായ്ക്കറ്റിൽ മാക്സിമം റീട്ടെയിൽ പ്രൈസ് പ്രിന്റ് ചെയ്യുവരും. ഇപ്പോൾ എം.ആർ.പി.യോടൊപ്പം ജി.എസ്.ടി. കൂടി ചേർത്തുള്ള വിലയിട്ടാണ് മാർക്കറ്റിൽ വന്നുകൊണ്ടിരിക്കുന്നത്. അത് പ്രത്യക്ഷത്തിൽത്തന്നെ വലിയ വിലക്കയറ്റം സൃഷ്ടിക്കുന്നതാണ്. ഇവിടെ ഇതിനെ നിയന്ത്രിക്കുന്നതിനുള്ള അതോറിറ്റിയുടെ കാര്യത്തിലും അതിന്റെ പ്രവർത്തനങ്ങളിലും കേന്ദ്ര സർക്കാർ വേണ്ടത്ര ശ്രുഷ്കാന്തി കാണിക്കാത്തതിനാൽ ഇപ്പോൾ സംസ്ഥാനങ്ങളൊക്കെ ഫ്രീയാണ്. ഇവിടത്തെ ആളുകൾക്ക് വേണമെങ്കിൽ മറ്റ് സ്ഥലങ്ങളിൽ പോയി സാധനങ്ങൾ വാങ്ങിക്കൊണ്ടുവരാം. അതിനുവേണ്ടി അവിടത്തെ അഡ്രസ് കൊടുത്തോ അല്ലാതെയോ, കള്ളക്കടത്തായിട്ടോ അല്ലെങ്കിൽ ടാക്സില്ലാതെയോ സാധനങ്ങൾ കൊണ്ടുവരുന്ന സംഭവങ്ങൾ ഉണ്ടാവുകയാണ്. ഇത്തരം സംഭവങ്ങൾ ഇല്ലാതിരിക്കുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ എന്തെങ്കിലും നടപടികൾ സംസ്ഥാന സർക്കാരിന് ചെയ്യാൻ സാധിക്കുമോ; അതായത് കൊള്ളലാഭ വിരുദ്ധ അതോറിറ്റിയുടെ പ്രവർത്തനം വേണ്ടവിധത്തിൽ പോകാതെ വന്നാൽ അതിന്റെ നഷ്ടം സംഭവിക്കുന്നത് സംസ്ഥാനങ്ങൾക്കാണ്. ഇപ്പോൾ സംഭവിക്കുന്ന ഈ പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നിലവിലുണ്ടായിരുന്ന എം.ആർ.പി.-യോടൊപ്പം ജി.എസ്.ടി. കൂടി ചേർത്ത് ബില്ലുകൾ എഴുതുകയുണ്ടായെന്ന് മനസ്സിലാക്കിയപ്പോഴാണ് ഒരു കാരണവശാലും എം.ആർ.പി.യേക്കാൾ കൂടുതൽ വില ഈടാക്കാൻ പറ്റില്ലെന്ന് പറഞ്ഞത്. അങ്ങനെ ഈടാക്കിയാൽ ലീഗൽ മെട്രോളജി വകുപ്പിന്റെ വ്യവസ്ഥകൾ പ്രകാരം നടപടിയെടുക്കാം. അങ്ങനെ നാല്പതോളം ആളുകളുടെ പേരിൽ നടപടി എടുത്തതിന്റെ ഫലമായി ഇപ്പോൾ എം.ആർ.പി.-യുടെ മുകളിൽ നികുതി എഴുതുന്ന രീതിയില്ല. പക്ഷേ എം.ആർ.പി. യേക്കാൾ താഴ്ന്ന നികുതി എഴുതുന്ന രീതിയാണ് വേണ്ടതെന്നുള്ളതാണ് യാഥാർത്ഥ്യം. ഇപ്പോഴുള്ള സ്റ്റോക്കിൽ എം.ആർ.പി. പ്രിന്റ് ചെയ്ത് വച്ചിരിക്കുന്നതിനാൽ നമുക്ക് ഇടപെടാൻ പറ്റുകയില്ല. അതിനാൽ പുതിയ ഉത്പന്നങ്ങൾ കമ്പനികൾ ഇറക്കുമ്പോൾ ആനുപാതികമായി എം.ആർ.പി. കുറച്ച് വയ്ക്കണം. അങ്ങനെ ചെയ്യാത്തവരുടെ പേരിൽ ആന്റി പ്രോഫിറ്റിയറിംഗ് ക്ലോസ്

പ്രകാരം നടപടി എടുക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്. സംസ്ഥാന സർക്കാർ നികുതി വകുപ്പിന്റെ സഹായത്തോടെ മുഴുവൻ ഉത്പന്നങ്ങളുടെയും നിലവിലുള്ള എം.ആർ.പി. വില ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പുതിയ ബാച്ച് വരുമ്പോൾ വിലക്കുറവുണ്ടായില്ലെങ്കിൽ ആ കാര്യം ലിസ്റ്റ് ചെയ്ത് നടപടി എടുക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിൽ സമർപ്പിക്കുകയും ചെയ്യും.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, ജി.എസ്.ടി. വരുന്നതോടുകൂടി എക്സൈസ് നികുതിയും മറ്റും ഉൾപ്പെടുമ്പോൾ വരുന്ന നികുതിയുടെ അധിക കണക്കാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഇവിടെ ഉത്പാദനമേഖലയിൽ ഒന്നര കോടി രൂപവരെ ടേൺ ഓവർ ഉള്ളവർക്ക് എക്സൈസ് നികുതി ഉണ്ടായിരുന്നില്ല. മിക്കവാറും ചെറുകിട വ്യവസായികളൊക്കെ എക്സൈസ് ഡ്യൂട്ടിയിൽനിന്നും ഒഴിവായിരുന്നു. അതുപോലെ ഒന്നര കോടി രൂപയിൽ താഴെ ടേൺ ഓവർ വരുന്ന ഉത്പാദകർ, ഉദാഹരണത്തിന് പാവപ്പെട്ടവർ വീട് നിർമ്മാണത്തിന് ഉപയോഗിക്കുന്ന സിമന്റ് കൊണ്ടുള്ള ജനൽ കട്ടളകൾ, വാതിലുകൾ തുടങ്ങിയ ഉത്പന്നങ്ങൾക്ക് 5 ശതമാനമായിരുന്നു ടാക്സ്. അതിന് എക്സൈസ് ഡ്യൂട്ടിയോ മറ്റൊന്നുംതന്നെ ഉണ്ടായിരുന്നില്ല. ഇപ്പോൾ 28 ശതമാനമായി ആ നികുതി മാറിയതിനാൽ ഈ ചെറുകിട ഉത്പന്നങ്ങൾക്ക് വില കൂടിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അഞ്ചുശതമാനം നികുതിയാക്കി അവർക്ക് അത് വിൽക്കാൻ സാധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വില കുറയ്ക്കുന്നതിന് എന്ത് മാർഗ്ഗമാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുകയും ചെയ്യണം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം വളരെ ശരിയാണ്. പൊതുവിൽ നികുതി നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും നേരത്തേ ഒന്നര കോടി രൂപയിൽ താഴെ ടേൺ ഓവർ ഉള്ളതിന് എക്സൈസ് നികുതി ഉണ്ടായിരുന്നില്ല. ഇപ്പോൾ 75 ലക്ഷം രൂപവരെ ടേൺ ഓവർ ഉള്ളതിന് മാത്രമേ കോംപോസിഷൻ അനുവദിക്കുന്നുള്ളൂ. അപ്പോൾ 75 ലക്ഷം രൂപയ്ക്കും ഒന്നരക്കോടി രൂപയ്ക്കും ഇടയ്ക്ക് ടേൺ ഓവറുള്ള ചെറുകിട സ്ഥാപനങ്ങൾക്ക് നേരത്തേ കിട്ടിയ എക്സൈസ് നികുതി ഒഴിവ് ഇല്ലാതാകുന്നു, ജി.എസ്.ടി. കൊടുത്തേ പറ്റൂ. 28 ശതമാനം ജി.എസ്.ടി. വന്നുകഴിഞ്ഞാൽ ഹോളോബ്രിക്സ് പോലുള്ളതിന് നേരത്തേ ഉള്ളതിനേക്കാൾ നികുതിഭാരം കൂടും. അത് വളരെ ശരിയാണ്. അതുകൊണ്ട് കേരള സർക്കാർ ഹോളോബ്രിക്സ്, ടൈൽസ് തുടങ്ങിയ ഉത്പന്നങ്ങളുടെ നികുതി 28 ശതമാനത്തിൽ നിന്ന് 18 ശതമാനമാക്കി ചുരുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അടുത്ത മാസം 9-ാം തീയതി കൂടുന്ന ജി.എസ്.ടി. കൗൺസിലിൽ അക്കാര്യം ചർച്ച

ചെയ്യുന്നതാണ്. ചെറുകിട വ്യവസായങ്ങളിൽ ഇങ്ങനെയുള്ള പ്രശ്നങ്ങൾ വരുന്നിടത്ത് നികുതി നിരക്കിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുവേണ്ടി ഇടപെടാൻ ശ്രമിക്കും.

ശ്രീ. പി. കെ. ശശി: സർ, ജി.എസ്.ടി. യുമായി ബന്ധപ്പെട്ട് നിയമസഭാംഗങ്ങൾക്ക് ഇന്നലെ സംഘടിപ്പിച്ച സെമിനാർ ഏറെക്കുറെ ഫലപ്രദമായിരുന്നു. ആശയ വ്യക്തതയുണ്ടാക്കാൻ സഹായകമായിട്ടുണ്ട്. എന്നാൽ മനുഷ്യൻ ഉപയോഗിക്കുന്ന ഏതാണ്ട് എല്ലാ സാധനങ്ങളുടെയും വില കൂടിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇന്നലെ സെമിനാറിൽ പറഞ്ഞ ഒരു വാക്ക് wait and see എന്നാണ്. അതിൽ സമാധാനം കണ്ടെത്തണം. കണ്ടെത്താൻ സാധിക്കുമോ എന്ന കാര്യത്തിൽ ഒരു ആശങ്ക നിലനിൽക്കുകയാണ്. ഏതായാലും 38 ദിവസത്തെ അനുഭവത്തിന്റെ വെളിച്ചത്തിൽ ജി.എസ്.ടി. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ദോഷകരമായി ബാധിക്കുന്ന മേഖലകളേതൊക്കെയാണ്; ഇതിന്റെ ഭാഗമായി ബഹുജനങ്ങൾക്കും വ്യാപാരികൾക്കും ഉണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കാൻ സാധിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വ്യാപാര മേഖലയിൽ അമിതമായി വിലക്കയറ്റമുണ്ടാക്കുന്ന പ്രവണത നിയന്ത്രിക്കാൻ എന്തൊക്കെ നടപടി കൈക്കൊള്ളാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, നികുതിഭാരം കുറയുന്നുണ്ടെങ്കിലും വില കുറയുന്നില്ല, കൂടുന്നുവെന്നുള്ള ആക്ഷേപം വളരെ ശരിയാണ്. ഇതിനോടെല്ലാം എങ്ങനെ പ്രതികരിക്കണം, എന്ത് നടപടി സ്വീകരിക്കണം എന്നത് സംബന്ധിച്ച് രണ്ട് ചിന്താധാരകളുണ്ട്. വെയ്റ്റ് ആന്റ് സീ എന്നതല്ല, കേരളത്തിന്റെ കാര്യത്തിൽ ഇപ്പോൾ അടിയന്തരമായി ഇടപെടണം, ആന്റി പ്രോഫിറ്റിയറിംഗ് ക്ലോസ് ഉപയോഗിച്ച് ഇതിനെയൊക്കെ കുറയ്ക്കാൻ പറയണം എന്നുള്ളതാണ്. കേന്ദ്രസർക്കാർ സ്വീകരിക്കുന്ന നിലപാടാണ് വെയ്റ്റ് ആന്റ് സീ എന്നത്. വെയ്റ്റ് ആന്റ് സീ എന്നു പറയാൻ കാരണമെന്താണ്? ഇത്രയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, നേരത്തേ കൊടുത്ത നികുതിക്ക് കുറവ് ഇങ്ങോട്ട് കിട്ടും എന്നുപറയുന്നുണ്ടെങ്കിലും ഇത് വ്യാപാരികൾക്ക് അനുഭവവേദ്യമാകാൻ സെപ്റ്റംബർ വരെ കാത്തിരിക്കണം. കാരണം അന്നാണ് നികുതി അവർ അടയ്ക്കുന്നത്. അപ്പോഴാണ് ഇത്ര നികുതി പിരിച്ച് അതിൽനിന്നും കുറയ്ക്കാനുള്ളത് കുറച്ച് ബാക്കി അക്കൗണ്ടിൽ വരുന്നത്. അങ്ങനെ ആ ഘട്ടം എത്തുമ്പോഴേ ഇത് കുറയൂ എന്നുള്ള സിദ്ധാന്തമാണ് കേന്ദ്രസർക്കാർ വയ്ക്കുന്നത്. എന്നാൽ കേരളം അങ്ങനെയല്ല. രണ്ടുമൂന്ന് മാസം കാത്ത് നിൽക്കുമ്പോഴേയ്ക്കും വില വർദ്ധനവ് പുതിയ നോം ആയിത്തീരും. അതുകൊണ്ടാണ് ഒരിക്കലും അതിനുവേണ്ടി കാത്തുനിൽക്കാൻ പാടില്ല, ഇപ്പോൾത്തന്നെ നടപടി വേണമെന്നുപറയുന്നത്. ഈ തർക്കം തുടരുകയാണ്.

നമ്മുടെ സ്ക്രീനിംഗ് കമ്മിറ്റി തയ്യാറായിക്കഴിഞ്ഞാൽ എം.ആർ.പി. കുറയാത്ത സാധനങ്ങളുടെ ലിസ്റ്റ് ഉണ്ടാക്കി നടപടി സ്വീകരിക്കാനാവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് കൊടുക്കും.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും തദ്ദേശഭരണ സ്ഥാപനങ്ങളും ചുമത്തിയ ടാക്സുകൾ, സെസ്സുകൾ, സർചാർജ്ജുകൾ എന്നിവ ജി.എസ്.ടി.-യിൽ ലയിപ്പിക്കുവാൻ ജി.എസ്.ടി. കൗൺസിൽ ശിപാർശ ചെയ്തിരിക്കുകയാണല്ലോ. മേൽപ്പറഞ്ഞ നികുതികൾ ജി.എസ്.ടി.-യിൽ ലയിപ്പിക്കുന്നത് എന്ത് തത്വത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

മി. സ്പീക്കർ: തത്വം മുഴുവൻ വിശദീകരിക്കാൻ സമയമില്ല. അതിനാണ് ഇന്നലെ അവസരമൊരുക്കിയത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരുപാട് പരോക്ഷ നികുതികൾ സമാന്തരമായി പലരും ചുമത്തുന്നതിന് പകരം ഒറ്റ നികുതിയാണെങ്കിൽ കണക്കുകൂട്ടുന്നതിനും വ്യാപാരം നടത്തുന്നതിനുമൊക്കെ കൂടുതൽ എളുപ്പമായിരിക്കും എന്നുള്ളതാണ് തത്വം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. അരുൺ ജെയ്റ്റ്ലിയേക്കാൾ വാചാലമായി ജി.എസ്.ടി.-യെ അങ്ങ് ന്യായീകരിക്കുന്നുണ്ട്. അങ്ങയുടെ പാർട്ടിയുടെ സെൻട്രൽ കമ്മിറ്റിയുടെ പ്രമേയം അങ്ങ് വായിച്ചുകാണുമെന്ന് എനിക്ക് തോന്നുന്നില്ല. ഒരു ടാക്സ് റെജീമിൽ ഇൻഡയറക്ട് ടാക്സിന്റെ ഭാരം കൂടുതൽ വരുന്നത് നാട്ടിലെ പാവപ്പെട്ടവരിലാണ്. അത് റിഗ്രസ്സീവ് ടാക്സായാണ് അറിയപ്പെടുന്നത്. ഇന്ന് ഉണ്ടായിരിക്കുന്ന പ്രശ്നം അതുതന്നെയാണ്. ആ റിഗ്രസ്സീവ് ടാക്സ് റെജീം രാജ്യത്ത് വരാൻപോകുന്നു. കോൺഗ്രസ്സ് എടുത്ത സമീപനമല്ല, ബി.ജെ.പി. ഗവൺമെന്റ് എടുത്ത സമീപനം. മലേഷ്യ, ആഫ്രിക്ക പോലുള്ള രാജ്യങ്ങളിൽ ഒന്നരവർഷം ക്യാമ്പെയിൻ നടത്തിയശേഷമാണ് ജി.എസ്.ടി. പോലെയുള്ള ഒരു നടപടി സ്വീകരിച്ചത്. എന്നാൽ യാതൊരു ക്യാമ്പെയിനുമില്ലാതെ സ്വാതന്ത്ര്യം അർദ്ധരാത്രി കിട്ടി എന്ന മട്ടിൽ ശ്രീ. നരേന്ദ്ര മോദി പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ യോഗം വിളിച്ചുകൂട്ടി ഇത് പ്രഖ്യാപിക്കുകയാണ് ചെയ്തത്. അതിന്റെ ഫലമായി രാജ്യത്തുണ്ടായ അനിശ്ചിതത്വം തുടരുകയാണ്. ഈ രാജ്യത്ത് വലിയ തോതിലുള്ള വിലക്കയറ്റം അനുഭവപ്പെടുകയാണ്. അങ്ങ് ഇതിനെ ന്യായീകരിക്കുന്നതിനുപകരം സെൻട്രൽ കമ്മിറ്റിയുടെ പ്രമേയം വായിച്ചുനോക്കണം. നമ്മളൊന്നും ഉത്പാദിപ്പിക്കാത്ത സംസ്ഥാനമായതുകൊണ്ടും നമ്മുടേതൊരു ഉപഭോക്തൃ സംസ്ഥാനമായതുകൊണ്ടും ധാരാളം പ്രയോജനമുണ്ടാകും. പക്ഷേ ഈ രാജ്യത്തെ ജനങ്ങളുടെമേൽ അമിത

നികുതിഭാരം അടിച്ചേൽപ്പിച്ച് വിലക്കയറ്റത്തിലേയ്ക്ക് നയിക്കുന്ന നരേന്ദ്ര മോദി ഗവൺമെന്റിന്റെ നടപടികൾക്കെതിരായ നിലപാട് എന്തുകൊണ്ട് അങ്ങ് സ്വീകരിക്കുന്നില്ല?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പ്രമേയം ഒരിക്കൽ കൂടി നന്നായിട്ട് വായിച്ചു പഠിക്കണം. ഞങ്ങൾ അത് പഠിച്ചിട്ടുണ്ട്. അതിൽ അടിസ്ഥാന വിമർശനമായിട്ട് വയ്ക്കുന്നത്, ഇത് പരോക്ഷ നികുതിയാണ് റിഗ്രസ്സീവ് ടാക്സാണെന്നുള്ളതല്ല. എന്നാൽ ഇതിന് പകരം വയ്ക്കുന്ന എക്സൈസ് നികുതി, സേവനനികുതി, സെസ്സ്, വാറ്റ് തുടങ്ങിയവയെല്ലാം ഇൻ ഡയറക്ട് ടാക്സാണ്. അപ്പോൾ അതല്ല പ്രശ്നം. സംസ്ഥാനങ്ങൾക്ക് നികുതി നിരക്കുകൾ കൂട്ടുകയും കുറയ്ക്കുകയും ചെയ്യുന്നതിനുള്ള അവകാശങ്ങൾ പൂർണ്ണമായിട്ട് ഇല്ലാതാകുന്നു എന്നുള്ളതാണ്. ഈ വിമർശനം പഴയ നിയമസഭാ രേഖകളിൽ, വാറ്റ് ചർച്ചയിൽ വളരെ വിശദമായി ശ്രീ. വി.ഡി സതീശൻ വീണ്ടും വീണ്ടും പറയുന്നതുപോലെ ഞാനടക്കമുള്ളവർ പറഞ്ഞിട്ടുണ്ട്. അത് ഞങ്ങളുടെ രാഷ്ട്രീയ നിലപാട്. ആ രാഷ്ട്രീയ നിലപാട് എടുക്കുകയും തുറന്നു കാണിക്കുകയും ചെയ്യും. ഇന്ത്യാ രാജ്യത്ത് സംസ്ഥാന സർക്കാരുകൾ ഒരു ഫെഡറൽ സംവിധാനത്തിനുള്ളിൽ നിന്നാണ് പ്രവർത്തിക്കുന്നത്. കേന്ദ്രസർക്കാർ ഒരു നിയമം പാർലമെന്റിൽ പാസ്സാക്കിക്കഴിഞ്ഞാൽ അതിന്റെയടിസ്ഥാനത്തിൽ എങ്ങനെ കാര്യങ്ങൾ ചെയ്യാമെന്നാണ് നോക്കുന്നത്. അത് വാറ്റിന്റെ കാര്യത്തിൽ നന്നായിട്ട് ചെയ്തു, ജി.എസ്.ടി.യിലും നന്നായിട്ട് ചെയ്യും. ഇക്കാര്യത്തിൽ കോൺഗ്രസ്സിന്റെ നിലപാട് എന്തായിരുന്നു, നിങ്ങൾ എപ്പോഴാണ് ഇപ്പോൾ ഉള്ളതിൽനിന്നും വ്യത്യസ്തത പുലർത്തിയിട്ടുള്ളത്? ഇതാണ് കോൺഗ്രസ്സിന്റെ ഏറ്റവും പിന്തിരിപ്പൻ നിലപാട്. 45-50 ശതമാനം നികുതിയുണ്ടായിരുന്ന ആഡംബരക്കാറിനും 35-40 ശതമാനം നികുതിയുണ്ടായിരുന്ന ആഡംബര വസ്തുക്കൾക്കുമുള്ള നികുതി 18 ശതമാനമായി കുറയ്ക്കണമെന്നും അരിയുടേയും ഗോതമ്പിന്റേയും നികുതി കൂട്ടണമെന്നും പറഞ്ഞിട്ട് ഭയങ്കര കേമത്തം പറയുന്നു. യഥാർത്ഥത്തിൽ ഇതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ റിഗ്രസ്സീവ് അപ്രോച്ച്. ആഡംബര വസ്തുക്കളുടെ നികുതി കുറയ്ക്കുക, അതേസമയം വരുമാനം കൂട്ടാൻ വേണ്ടി അവശ്യ വസ്തുക്കളുടെ നികുതി കൂട്ടുക. അതുകൊണ്ട് അങ്ങ് പറയുന്നതാണ് റിഗ്രസ്സീവായിട്ടുള്ളത്.

ശ്രീ. എ. എം. ആരിഫ്: സർ, കൊച്ചിയിൽ ഇതുസംബന്ധിച്ച ഒരു ശില്പശാലയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പങ്കെടുത്തുകൊണ്ട് നടത്തിയ പത്രപ്രസ്താവനയുടെ ഭാഗം ഞാൻ വായിക്കാം, 'ജി.എസ്.ടി. അസമത്വം ഉണ്ടാക്കും, വില കുതിക്കും' - ധനമന്ത്രി ഡോ. ടി. എം. തോമസ് ഐസക്. ഇത്

പറഞ്ഞുകൊണ്ടാണ് അത് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അറിഞ്ഞിരിക്കാൻ വേണ്ടി ഞാൻ പറഞ്ഞുവെന്നേയുള്ളൂ. മഹാഭൂരിപക്ഷം രാഷ്ട്രങ്ങളിലും ജി.എസ്.ടി നടപ്പിലാക്കി കഴിഞ്ഞപ്പോൾ, ഇന്ത്യയിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചപ്പോൾ, അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പ്രണബ് കുമാർ മുഖർജി ഇത് നടപ്പിലാക്കാൻ തുനിഞ്ഞപ്പോൾ, അന്ന് ശക്തമായി എതിർത്തിരുന്ന ശ്രീ. നരേന്ദ്ര മോഡി ഇന്നത് മാർക്കറ്റ് ചെയ്ത് ക്രഡിറ്റ് ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. മഹാത്മാഗാന്ധിയെ കൊന്നതിനുശേഷം ഗാന്ധിക്കണ്ണട, സ്വച്ഛ്ഭാരത് മിഷനുവേണ്ടി ഉപയോഗിക്കുന്നതുപോലെയാണിത്. നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ജി.എസ്.ടി. കരാർ എന്നുപറയുന്നത് ഇങ്ങനെയാണ്. ബിലോ എസ്റ്റിമേറ്റിൽ കരാർ എടുക്കുകയും എഗ്രിമെന്റ് വയ്ക്കുകയും ചെയ്ത് ആളുകൾക്ക് ഇപ്പോൾ 18 ശതമാനം ജി.എസ്.ടി. അടച്ചേ പറ്റുകയുള്ളൂ. അവർക്ക് ഇൻപുട്ട് ക്രെഡിറ്റ് കിട്ടുമെന്ന് പറഞ്ഞാലും വ്യവസായികൾക്ക് കിട്ടുന്നതുപോലെയുള്ള സാധ്യത കരാറുകാർക്കില്ല. അത് വലിയ പ്രതിസന്ധി സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. കരാറുകാർ പല നിർമ്മാണ പ്രവൃത്തികളും ആരംഭിക്കാൻ മടിച്ചുനിൽക്കുകയാണ്. ഇത്തരം സാഹചര്യത്തിൽ കരാറുകാരുമായി ചർച്ച ചെയ്ത് അവരുടെ ആശങ്കകൾ പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, കരാറുകാരുമായി ഇക്കാര്യം പലവട്ടം ചർച്ച ചെയ്തിട്ടുണ്ട്. ജി.എസ്.ടി. കൗൺസിലിൽ 18 ശതമാനമെന്നുള്ളത് 12 ആയിട്ടെങ്കിലും ചുരുക്കാൻ കഴിയുമെന്നുള്ള ആശയുള്ളതുകൊണ്ടാണ് സർക്കാർ അതുമായി ബന്ധപ്പെട്ട് ഉത്തരവിറക്കാതിരുന്നത്. കൗൺസിലിൽ ഗവൺമെന്റ് കോൺട്രാക്ടർമാർക്ക് ഗവൺമെന്റ് വർക്കുകളുടെ നികുതി 18 ശതമാനത്തിൽ നിന്ന് 12 ശതമാനമാക്കി ചുരുക്കി. അതിന്റെയടിസ്ഥാനത്തിൽ ഇനി 12 ശതമാനം മാത്രമേ ഉണ്ടാകൂ. അതിൽത്തന്നെ നിലവിലുള്ള വർക്കുകൾക്ക്, കോമ്പൗണ്ട് ചെയ്തുകൊണ്ട്, 5 ശതമാനം നികുതി മാത്രമേ എസ്റ്റിമേറ്റിൽ കാണിച്ചിട്ടുള്ളൂ. അത് 12 ശതമാനമായിട്ട് വർദ്ധിക്കും. അപ്പോൾ അവർക്ക് നഷ്ടം വരുമെന്നുള്ള വാദമാണ് പറയുന്നത്. അതിലും ശരിയുണ്ട്. അതുകൊണ്ട് ഇറിഗേഷൻ, എൽ.എസ്.ജി., പി.ഡബ്ല്യൂ.ഡി. തുടങ്ങിയ വകുപ്പുകളുടെ സെക്രട്ടറിമാർ ഓരോ ഇനം പ്രവൃത്തിക്കും ശരാശരി എത്ര ഇൻപുട്ട് കിട്ടും, അതായത് ബിൽഡിംഗിന് 5 ശതമാനം ഇൻപുട്ട് ക്രഡിറ്റ് കിട്ടുമെങ്കിൽ 5 ശതമാനം നികുതി എസ്റ്റിമേറ്റിൽ ഇപ്പോൾ തന്നെയുണ്ട്. 12 ശതമാനമാണ് കൊടുക്കേണ്ടിയിരുന്നത്. അപ്പോൾ 12 മൈനസ് 10, രണ്ട് ശതമാനം എസ്റ്റിമേറ്റിൽ വർദ്ധിപ്പിച്ച് സർക്കാർ നൽകും. അങ്ങനെ ഓരോ ഇനം പ്രവൃത്തിക്കും എത്രയാണ് സർക്കാർ അധികം എസ്റ്റിമേറ്റിൽ വർദ്ധിപ്പിച്ച് നൽകുക എന്നുള്ളതിന്റെ ഉത്തരവ് അടിയന്തരമായി പുറപ്പെടുവിക്കും.

മി. സ്പീക്കർ: നികുതിയിൽ മാറ്റം വരുത്താൻ നമുക്ക് അധികാരമില്ലല്ലോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇല്ല, ജി.എസ്.ടി. കൗൺസിലിന് അധികാരമുണ്ട്. ജി.എസ്.ടി. കൗൺസിൽ 12 ആയിട്ട് തിരിച്ചിരിക്കുകയാണ്.

മി. സ്പീക്കർ: അതാണ് അതിന്റെ പ്രശ്നം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, 'വൺ നേഷൻ, വൺ ടാക്സ്' എന്ന നിലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജി.എസ്.ടി. കൊണ്ട് ധാരാളം ഗുണങ്ങളുണ്ട്. പക്ഷേ ചെറുകിട കച്ചവടക്കാരും, വൻകിട കച്ചവടക്കാരുമൊക്കെ വളരെ വലിയ പ്രശ്നമാണ് ഇപ്പോൾ നേരിടുന്നത്. അതിൽ പ്രധാനമായിട്ടുള്ളത് ജി.എസ്.ടി. സ്ലാബുകൾ, തയ്യാറെടുപ്പില്ലായ്മ എന്നിവയാണ്. ആവശ്യമായ ട്രെയിനിംഗ് കൊടുക്കാതെ പെട്ടെന്ന് ഒരു സുപ്രഭാതത്തിൽ ഇത് നടപ്പിലാക്കിയതുകൊണ്ട് വളരെ വലിയ ബുദ്ധിമുട്ടുകൾ സാധാരണക്കാരായ കച്ചവടക്കാർ ഇന്ന് നേരിടുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് വിലക്കയറ്റമുണ്ടാകുന്നത്. ഇത് പരിഹരിക്കാനായി അങ്ങയുടെ ഡിപ്പാർട്ടുമെന്റ് പുസ്തകങ്ങൾ അച്ചടിച്ച് നൽകി. അതുപോലെ കച്ചവടക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി ഒരു ഹെൽപ്പ്ലൈൻ അല്ലെങ്കിൽ ഇ-മെയിൽ ഐ.ഡി. ക്രിയേറ്റ് ചെയ്തുകൊണ്ട് അടുത്ത മൂന്നു നാല് മാസമെങ്കിലും, അവർക്ക് ബന്ധപ്പെടാനും, എന്തെങ്കിലും സംശയമുണ്ടെങ്കിൽ പരിഹരിക്കാനും അങ്ങയുടെ വകുപ്പ് മുൻകയ്യെടുക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കേരളത്തിലെ ഏതാണ്ട് 60 ഓളം പ്രധാനപ്പെട്ട വ്യാപാരി സംഘടനകൾക്ക് പ്രാതിനിധ്യമുള്ള ഒരു കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ഒരു ദിവസത്തെ യോഗം നടന്നു, ഒരുപാട് പ്രശ്നങ്ങൾ ഉന്നയിച്ചത് പരിഹരിച്ചു. ചില മേഖലകളിൽ മേഖലാടിസ്ഥാനത്തിൽ തുടർ യോഗങ്ങൾ നടക്കും. കൗൺസിൽ എക്സിക്യൂട്ടീവ് മാസത്തിൽ ഒരിക്കൽ യോഗം ചേരും. ഇതുകൂടാതെ എല്ലാ ജില്ലകളിലും വ്യാപാരി വ്യവസായ സംഘടനകളുടെ പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ടുള്ള കമ്മിറ്റികൾ ഇതിനുവേണ്ടി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ ഹെൽപ്പ്ലൈൻ ഉണ്ട്. അതിൽ നിരക്കുകൾ സംബന്ധിച്ചുള്ള അവ്യക്തതകൾ കാരണം, കോഡിൽ എവിടെയാണ് വരുന്നതെന്നുള്ളത് കണ്ടുപിടിക്കാൻ പ്രയാസമാണ്. ചിലപ്പോൾ വിട്ടുപോയിക്കാണും, അതെല്ലാം പല കേന്ദ്രങ്ങളിൽ നിന്നും പറയാൻ തുടങ്ങിയാൽ വ്യത്യസ്തതകൾ വരും. അതുകൊണ്ട് പാലക്കാട് കേന്ദ്രീകരിച്ചുള്ളതിന് പാലക്കാട് ഡി.സി.ക്കായിരിക്കും ചുമതല. ബാക്കി പ്രൊസീജ്യർ തുടങ്ങിയ കാര്യങ്ങളൊക്കെ തിരുവനന്തപുരത്ത് നിന്നായിരിക്കും. അങ്ങനെയുള്ള ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്. എന്നാൽ സെയിൽ ടാക്സിൽ നിന്നും വാറ്റിലേക്ക് പോയപ്പോൾ അന്ന് പുതിയ ഒരു

സങ്കൽപ്പമായിരുന്നു. എന്താണ് മൂല്യവർദ്ധിതം എന്ന് മനസ്സിലാക്കാൻ തന്നെ ഒരു വർഷമെടുത്തു. ഇപ്പോൾ വ്യാപാരികൾക്കൊക്കെ എന്താണ് ഇൻപുട്ട് ടാക്സ് ക്രഡിറ്റ്, എന്താണ് ഔട്ട്പുട്ട് ടാക്സ് എന്നുള്ള കാര്യങ്ങൾ അറിയാം. അന്ന് ഒരു പിടിപാടുമുണ്ടായിരുന്നില്ല. അതുകൊണ്ട് നമുക്കുള്ള കൺഫ്യൂഷൻ അവർക്കില്ല. എന്നുമാത്രമല്ല ചെക്ക്പോസ്റ്റ് എന്ന വയ്യാവേലി പോയത് വലിയ അനുഗ്രഹമായിട്ടാണ് കാണുന്നത്. മൂന്നാമത്, ഓഫീസർ വിധിനിർണ്ണയത്തിൽ നിന്ന് പുറത്തുപോകും. ഓഫീസർ കേന്ദ്രീകൃതമായിട്ടുള്ള നികുതി നിർണ്ണയത്തിനുപകരം, അവർ നൽകുന്ന റിട്ടേൺസിലെ പൊരുത്തക്കേടുകൾ, പരസ്പര ബന്ധം, മറ്റ് റിട്ടേണുകളുമായിട്ടുള്ള ബന്ധമില്ലായ്മ, ഇത് കംപ്യൂട്ടർ കണ്ടുപിടിച്ച് അവരെക്കൊണ്ടുതന്നെ തിരുത്തിക്കുന്ന ഏർപ്പാടിലേക്ക് പോകുകയാണ്. അതുകൊണ്ട് വ്യാപാരികൾക്ക് മൊത്തത്തിൽ വലിയ പ്രശ്നമില്ല. ചില വൈഷമ്യങ്ങളുണ്ട്, അത് തീർക്കാവുന്നതേയുള്ളൂ.

ശ്രീമതി വീണാ ജോർജ്ജ്: സർ, ഓണക്കാലം കടന്നുവരുകയാണ്. ജി.എസ്.ടി. നിലവിൽ വന്നതോടെ അവശ്യസാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. പ്രോഫിറ്റ് മേക്കിംഗ് അല്ല, പ്രോഫിറ്റിയറിംഗാണ് ഇവിടെ നടക്കുന്നതെന്ന് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഉൾപ്പെടെയുള്ളവർ പറഞ്ഞു. ജി.എസ്.ടി. നിലവിൽ വന്നതോടുകൂടി ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിക്ക് ക്ലോസ് ഉണ്ടെങ്കിലും യാതൊരു കാര്യവും കേന്ദ്ര സർക്കാർ ചെയ്തിട്ടില്ല എന്നുള്ളത് വളരെ പ്രതിഷേധാർഹമാണ്. 100 രൂപ വിലയുള്ള ഒരു ഉൽപ്പന്നത്തിന് 50 രൂപ ടാക്സ് ആയിരുന്നുവെങ്കിൽ അതിന്റെ പുതിയ നിരക്ക് 18 ആണെങ്കിൽ 118 ആയിരുന്നു വരേണ്ടത്. പക്ഷേ ഇപ്പോൾ 150 ലാണ് ടാക്സ് നിശ്ചയിച്ച് ഉപഭോക്താവിന് കൊടുക്കുന്നത്. സാധാരണക്കാർ അമ്പരന്ന് നിൽക്കുകയാണ്. സംസ്ഥാനത്തിന് ഇതിൽ ഏത് രീതിയിൽ ഇടപെടാൻ കഴിയും. കേന്ദ്ര ഗവൺമെന്റിനോട് ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റി രൂപീകരിക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾ ആവശ്യപ്പെടുന്നതിനോടൊപ്പം, സംസ്ഥാനത്തിന് ഇതിൽ ഏത് രീതിയിൽ ഇടപെടാൻ കഴിയുമെന്നുകൂടി വ്യക്തമാക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, കഴിഞ്ഞ കൗൺസിലിൽ ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിയുടെ സ്റ്റാൻഡിംഗ് കമ്മിറ്റി കേന്ദ്രത്തിലും, സ്ക്രീനിംഗ് കമ്മിറ്റികൾ സംസ്ഥാനത്തിലും രൂപീകരിക്കുന്നതിനുള്ള തീരുമാനമെടുത്ത് അതിന്റെ ചട്ടങ്ങൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോൾ നടപടികളിലേയ്ക്കൊന്നും പോകേണ്ട കാര്യമില്ല, സാവകാശം കൊടുത്തുകഴിഞ്ഞാൽ വില താഴേക്ക് വരുമെന്ന നിലപാടിലാണ് കേന്ദ്ര സർക്കാർ. ബഹുമാനപ്പെട്ട മെമ്പർ ചോദ്യത്തിൽ പറഞ്ഞതുപോലെ കേരളത്തിന്റെ നിലപാട് അടിയന്തര നടപടി സ്വീകരിക്കണമെന്നതാണ്. ജി.എസ്.ടി.-യുടെ ആനുകൂല്യം സാധാരണക്കാർക്ക് കിട്ടുന്നത് കോർപ്പറേറ്റുകളുംമറ്റും കൊള്ളയടിച്ച

കൊണ്ടുപോകുന്ന സ്ഥിതി ഒഴിവാക്കണമെന്നുള്ള ശക്തമായ നിലപാടിന്റെ അടിസ്ഥാനത്തിലുള്ള ബഹുജന പ്രക്ഷോഭങ്ങൾ നാട്ടിൽ ഉയർന്നുവരണം.

മി.സ്പീക്കർ: സംസ്ഥാനങ്ങൾക്ക് കൗൺസിലിൽ പോയി പരാതി പറയാനും, അതിൽ ഇടപെടാനുമുള്ള അധികാരമുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കേന്ദ്രവും സംസ്ഥാനങ്ങളും കൂട്ടായിട്ടാണ് തീരുമാനിക്കുന്നത്. ഏതെങ്കിലും ഒരു വ്യക്തിയല്ല, കൗൺസിലാണ് തീരുമാനമെടുക്കുന്നത്. കൗൺസിൽ തീരുമാനമില്ലാതെ നമുക്ക് പുതുതായി നിരക്ക് താഴ്ത്തി നിശ്ചയിക്കുവാനോ, കൂട്ടാനോ, ആ രീതിയിലുള്ള പുതിയ നടപടികൾ സ്വീകരിക്കാനോ ഉള്ള അവകാശമില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് ജി.എസ്.ടി. കൗൺസിലിലെ അംഗമാണ്. അങ്ങയുടെ വാക്കുകൾ നിസ്സഹായനായ ഒരു വ്യക്തിയുടെ വാക്കുകളായാണ് എനിക്ക് തോന്നുന്നത്. അങ്ങ് ജി.എസ്.ടി.ക്ക് അനുകൂലമായി വലിയ വാദഗതികൾ ഉയർത്തി. പക്ഷേ ഇന്ന് ഗ്രൗണ്ട് റിയാലിറ്റി എന്താണ് ? 32 ദിവസം കഴിയുമ്പോൾ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ സാധനങ്ങളുടെ വില വർദ്ധനവ് യാഥാർത്ഥ്യമാകുന്നു. അങ്ങത് മനസ്സിലാക്കുന്നില്ല, അതിന് ജനങ്ങൾ എന്താണ് ചെയ്യേണ്ടത്? യാതൊരു മുന്നൊരുക്കവുമില്ലാതെ ആന്റി പ്രോഫിറ്റിയറിംഗ് കമ്മിറ്റിയുണ്ടാക്കുമെന്ന് പറഞ്ഞു. അങ്ങ് ജി.എസ്.ടി. കൗൺസിലിൽ അംഗമാണല്ലോ, ഇത് നടപ്പിലാക്കുന്നതിന് മുൻപ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതെ, അങ്ങ് വണ്ടി പോയിക്കഴിഞ്ഞശേഷം കൈ കാണിക്കുകയാണ് ചെയ്യുന്നത്. …….(ബഹളം)......

മി. സ്പീക്കർ: അദ്ദേഹം ചോദ്യം ചോദിക്കട്ടേ, നമ്മൾ കാശ്മീരിൽ കിടക്കുന്ന പുതപ്പിനുവേണ്ടി ഇവിടെ തല്ലു കൂടണ്ട, അവർ നടപ്പിലാക്കിയതാണ്. പുതപ്പ് കാശ്മീരിലാണ്, ബഹളം ഇവിടെയും.

ശ്രീ. കെ.സി. ജോസഫ്: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീമതി വീണാ ജോർജ്ജ് പറഞ്ഞതുപോലെ, ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ അങ്ങ് കാണുന്നില്ല. അങ്ങ് സ്വപ്നലോകത്താണ് ജീവിക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ ഈ നികുതിയെല്ലാം അടിച്ചേൽപ്പിച്ച് ഇത് യാഥാർത്ഥ്യമാകുമ്പോൾ, അതിന്റെ മുകളിലാണ് ജി.എസ്.ടി. വരാൻ പോകുന്നത്. എം.ആർ.പി. യുടെ മുകളിൽ ജി.എസ്.ടി അടിച്ചേൽപ്പിച്ചുകൊണ്ട്, അമിതഭാരം ഉണ്ടാകുമ്പോൾ ഒന്നും ചെയ്യാൻ നിവൃത്തിയില്ലാതെ അങ്ങ് കയ്യും കെട്ടി നിൽക്കുകയാണ്. അതുകൊണ്ട് ജി.എസ്.ടി. കൗൺസിലിൽ അംഗമായ അങ്ങ് ഇടപെട്ട് ഇതിന് പരിഹാരമുണ്ടാക്കാനും, എത്രയും വേഗം ആന്റി പ്രോഫിറ്റിയറിംഗ് കമ്മിറ്റി രൂപീകരിക്കാനും നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് കാര്യങ്ങൾ പെട്ടെന്ന് മറന്നുപോകുന്നു. VAT, GST എന്നിവ ഈ രാജ്യത്ത് കൊണ്ടുവന്നത് നിങ്ങളുടെ കാലത്തല്ലേ? ഞങ്ങൾ VAT-നെ ശക്തമായി എതിർത്തിട്ടുണ്ട്. ഇപ്പോഴും അതിനെ വിമർശിക്കുകയും കളിയാക്കുകയും ചെയ്യുന്നുണ്ട്. ഞങ്ങൾ അതിനെ എതിർത്തിട്ടും നിങ്ങൾ അത് നടപ്പിലാക്കി. അങ്ങനെ VAT-ലേയ്ക്ക് പോയ സ്ഥിതിക്ക് GST-യിലേയ്ക്കും പോകാം എന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചത്. ഇത് കൊണ്ടുവന്നത് നിങ്ങൾ തന്നെയാണ്. യഥാർത്ഥത്തിൽ അന്ന് മോഡി ഇത് നടപ്പിലാക്കുന്നതിന് തൊട്ടുമുമ്പ് കാലുമാറി ഗുജറാത്തിനെക്കൊണ്ട് എംപവേർഡ് കമ്മിറ്റിയിൽ എതിർപ്പുണ്ടാക്കിയില്ലായിരുന്നുവെങ്കിൽ യു.പി.എ. സർക്കാരിന്റെ കാലത്തുതന്നെ GST നടപ്പിലാകുമായിരുന്നു. അതിന്റെ ഫ്രെയിംവർക്കിൽ നിന്നും ഒരു മാറ്റവും ഇപ്പോൾ വരുത്തിയിട്ടില്ല. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്, സംസ്ഥാനത്തിന് തനതായി ഒരു നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം പോയിരിക്കുന്നു. ഇങ്ങനെയുള്ള ചില അധികാരങ്ങൾ സംസ്ഥാനങ്ങൾക്ക് വേണമെന്ന് ആവശ്യപ്പെട്ട് GST കൗൺസിലിനെക്കൊണ്ട് ഇത് ചെയ്യിക്കണം. ഇപ്പോഴുള്ള GST കൗൺസിൽ രൂപീകരിച്ചിട്ടുള്ള ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റി ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കണമെന്ന് സർക്കാർ സമ്മർദ്ദം ചെലുത്തും. അതുപോലെതന്നെ നാട്ടിലെ ജനങ്ങൾ പ്രക്ഷോഭം നടത്തുകയും ചെയ്യും. പല സ്ഥലത്തും നടന്ന പ്രക്ഷോഭങ്ങളുടെ അടിസ്ഥാനത്തിലാണ് തീരുമാനങ്ങൾ മാറ്റിയത്. സൂറത്ത് അടക്കമുള്ള സ്ഥലങ്ങളിൽ വലിയ പ്രക്ഷോഭം വന്നതിന്റെ ഭാഗമായി ടെക്സ്റ്റൈയിൽസിന്റെ നിരക്കിൽ മാറ്റം വരുത്തി. വിലക്കയറ്റത്തിനെതിരായി ശക്തമായ പ്രക്ഷോഭം നാട്ടിൽ വന്നാലേ ഇതര സംസ്ഥാനങ്ങൾക്കും കേന്ദ്ര ഗവൺമെന്റിനും ഇക്കാര്യം മനസ്സിലാകുകയുള്ളൂ.

ശ്രീ. രാജു എബ്രഹാം: സർ, നിശ്ചയിച്ച ടാക്സിൽ മാറ്റം വരുത്താനുള്ള അധികാരം GST കൗൺസിലിന് മാത്രമാണെന്നുള്ള ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി ശരിയാണ്. റബ്ബറിന്റെ വിലയിടിഞ്ഞപ്പോൾ സംസ്ഥാന ഗവൺമെന്റ് അതിന്റെ ടാക്സ് കുറച്ചുകൊടുത്തു. അങ്ങനെയൊരു സാഹചര്യം വന്നാൽ GST കൗൺസിലിൽ നാലിൽ മൂന്ന് ഭൂരിപക്ഷമുണ്ടെങ്കിൽ മാത്രമേ അത്തരമൊരു മാറ്റം ഇനി വരുത്താൻ കഴിയുകയുള്ളൂ. ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ ഇത്തരത്തിലുള്ള അടിയന്തരഘട്ടം വന്നാൽ നമ്മുടെ സംസ്ഥാനം ഇങ്ങനെയുള്ള കാർഷികോല്പന്നങ്ങളുടെ കാര്യത്തിൽ എന്തുചെയ്യും?

ഡോ. ടി. എം. തോമസ് ഐസക്: സർ, മുൻകാലങ്ങളിൽ ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ സംസ്ഥാനത്തിന് നികുതി കുറയ്ക്കാമായിരുന്നു, എന്നാൽ ഇനിമുതൽ നമുക്ക് മാത്രമായി അത് സാധ്യമല്ല. GST കൗൺസിലിൽ നേരത്തെയെടുത്ത തീരുമാനം മാറ്റുന്നതിന് ശക്തമായ സമ്മർദ്ദം ചെലുത്തണം അല്ലെങ്കിൽ പിരിച്ച നികുതി തിരിച്ചുകൊടുക്കണം. ഈ രണ്ട് മാർഗ്ഗങ്ങളേ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, അരി ഉൾപ്പെടെയുള്ള മുഴവൻ നിത്യോപയോഗ സാധനങ്ങളുടെയും വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടിയിരുന്ന കേരളത്തിലെ ജനങ്ങളുടെ തലയിലേയ്ക്ക് ഇടിത്തീ പോലെയാണ് GST ഇപ്പോൾ വന്ന് വീണിരിക്കുന്നത്. ഇത് അവധാനതയോടുകൂടി നടപ്പിലാക്കണമെന്നും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കണമെന്നും രാജ്യത്ത് ക്യാമ്പെയിൻ ചെയ്ത് നടപ്പിലാക്കണമെന്നും ആയിരുന്നു ഞങ്ങളുടെ അഭിപ്രായം. അവധാനതയില്ലാതെ നടപ്പിലാക്കിയ മോഡി ഗവൺമെന്റിന്റെ നടപടിക്ക് കുടപിടിച്ച് കൊടുക്കുന്ന രീതിലാണ് സംസ്ഥാന ഗവൺമെന്റ് ഇക്കാര്യങ്ങൾ ചെയ്തത്. ജൂലൈ 1-ാം തീയതി നടപ്പിലാക്കിയ, വളരെ കോംപ്ലിക്കേറ്റഡായ GST നിയമത്തിന്റെ ഓർഡിനൻസും റൂൾസും പുറത്തിറക്കിയത് ജൂൺ 30-ാം തീയതിയാണ്. വ്യാപാരികളും വ്യവസായികളും ഉദ്യോഗസ്ഥരും പൊതുജനങ്ങളും ടാക്സ് കൺസൽട്ടന്റ്സും ഉൾപ്പെടെയുള്ളവരിൽ മോഡി കൺഫ്യൂഷനുണ്ടാക്കിയെങ്കിൽ അങ്ങയുടെ ഗവൺമെന്റ് ടോട്ടൽ കൺഫ്യൂഷനാണ് ഉണ്ടാക്കിയത്. 28% നികുതി ആഡംബര വസ്തുക്കൾക്ക് ഉണ്ടാകുമെന്ന് അങ്ങ് പറഞ്ഞു. ആഡംബര വസ്തുക്കൾക്ക് സെസ്സ് ഏർപ്പെടുത്താനുള്ള സംവിധാനം കോമ്പൻസേഷൻ ആക്ടിൽ ഉണ്ട്. ഇതൊക്കെ ചെയ്യാൻ കഴിയുന്ന കാര്യങ്ങളാണ്. ഇപ്പോൾ സംഭവിച്ചിരിക്കുന്നത് VAT കുറയ്ക്കാതെ തന്നെ എം.ആർ.പി.-യുടെ മുകളിൽ GST വാങ്ങിക്കുന്നു. സെപ്റ്റംബർ ആകുമ്പോൾ എം.ആർ.പി.-യുടെ മുകളിൽ GST വാങ്ങിക്കുന്നയാളുകൾക്ക് മൂന്നാമതായി ഇൻപുട്ട് ക്രെഡിറ്റ് കിട്ടുന്നു. യഥാർത്ഥത്തിൽ ഇപ്പോൾ നടക്കുന്നത് ട്രിപ്പിൾ ടാക്സേഷനാണ്. ആന്റി പ്രോഫിറ്റിയറിംഗുമായി ബന്ധപ്പെട്ട ക്ലോസ് കൃത്യമായി ഡീസെൻട്രലൈസ് ചെയ്ത് സംസ്ഥാനങ്ങൾക്കുതന്നെ പൂർണ്ണമായി ഇതിനെ നിയന്ത്രിക്കാനുള്ള അധികാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കേരള നിയമസഭ ഇന്നുമുതൽ മൂന്ന് ദിവസം ചർച്ച ചെയ്ത് തീരുമാനം എടുക്കാൻ പോകുന്ന നിയമം, അതിന്റെ അടിസ്ഥാനത്തിലുള്ള റൂൾസ്, ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ തന്നെയാണ് കാര്യങ്ങൾ ചെയ്യുക. റൂളും നിയമവുമൊക്കെ ചർച്ച ചെയ്യുമ്പോൾ പാർലമെന്റ് പാസ്സാക്കിയ നിയമത്തിന്റെ ചട്ടക്കൂടിൽ നിന്നുകൊണ്ട് നമുക്ക് കൂടുതലായി എന്തൊക്കെ വേണം, എന്തൊക്കെ ചെയ്യാൻ പറ്റും എന്ന് ക്രിയാത്മകമായി ചർച്ച ചെയ്ത് സമഗ്രമായ നിയമത്തിന് രൂപം നൽകാം.

ശ്രീ. പി. സി. ജോർജ്: സർ, എല്ലാവരുടേയും സംസാരം കേട്ടാൽ ഇന്നലെ കേന്ദ്രം ഇക്കാര്യം തീരുമാനിച്ച് ഇന്ന് നടപ്പിലാക്കിയതാണ് എന്ന് തോന്നും. കഴിഞ്ഞ ഏഴ് വർഷമായി GST-യെക്കുറിച്ച് ചർച്ച ചെയ്യുന്നു, അതാണ് ഇപ്പോൾ നടപ്പിലാക്കാൻ പോകുന്നത്. ഇത് കേരളത്തിലെ ജനങ്ങൾക്ക് ഗുണകരമല്ല. നമ്മുടെ ഹോട്ടലുകളിലെ ബില്ലിൽ ഇപ്പോൾ തന്നെ ഇത് ചേർത്തുതുടങ്ങി.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ..

ശ്രീ. പി. സി. ജോർജ്: എല്ലാവരും പ്രസംഗിക്കുന്നു. എന്നെ ഒരു ചോദ്യം ചോദിക്കാൻ പോലും സമ്മതിക്കില്ലേ?

മി. സ്പീക്കർ: അങ്ങ് ചോദിക്കൂ..

ശ്രീ. പി. സി. ജോർജ്: കേന്ദ്ര സംസ്ഥാന ബന്ധത്തിൽ (ഫെഡറൽ സംവിധാനത്തിൽ) മാറ്റം വേണം എന്നുപറയുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെ ആളാണ് ഞാൻ. ശക്തമായി അതിനൊപ്പം നിൽക്കുകയാണ്. കേരള ജനപക്ഷം കേരള കോൺഗ്രസിന്റെ സംസ്കാരം ഉള്ളവർ തന്നെയാണ്. അതിൽ തർക്കമില്ല. ഇവരുടെ കച്ചവടം ഇഷ്ടമില്ലാത്തതുകൊണ്ട് അതിൽ നിന്നും പുറത്തുപോയതാണ്. കേന്ദ്ര സംസ്ഥാന ബന്ധങ്ങളിൽ പൊളിച്ചെഴുത്ത് വേണമെന്ന ശക്തമായ ആവശ്യം ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന് ഈ വിഷയത്തിൽ സംസാരിക്കാൻ തന്റേടമുണ്ടോ? എന്തിനാണ് കേന്ദ്രം പറയുന്നതെല്ലാം അംഗീകരിച്ചുകൊടുക്കുന്നത്. അവർ ഇക്കാര്യം നടപ്പിലാക്കും, ആ ഫെഡറൽ സംവിധാനത്തിൽ മാറ്റം വേണമെന്ന കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കാൻ ഇടതുപക്ഷ ഗവൺമെന്റ് തയ്യാറുണ്ടോ?

മി. സ്പീക്കർ: ഫെഡറൽ സംവിധാനത്തിൽ മാറ്റം വേണമെന്നാണോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, പൂർണ്ണമായും തയ്യാറാണ്. ശ്രീ. പി. സി. ജോർജ് അതിന് തയ്യാറാവുകയാണെങ്കിൽ ഒരുമിച്ച് നിൽക്കാനും തയ്യാറാണ്. സംസ്ഥാന സർക്കാരിന് ഭരണഘടനയ്ക്കുള്ളിൽ നിന്നേ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ എന്നതാണ് പ്രശ്നം. ഭരണഘടന ഭേദഗതി ചെയ്തതിനാൽ ഇനി GST അല്ലാതെ മറ്റൊരു പരോക്ഷ നികുതി പിരിക്കാനുള്ള അനുവാദമില്ല. ശ്രീ. പി. സി. ജോർജിന് ഒപ്പം നിന്ന് ഇക്കാര്യങ്ങൾ പറയുന്നതിനോടൊപ്പം തന്നെ ഇത് നടപ്പിലാക്കാൻ ശ്രമിക്കുക എന്നതാണ് സർക്കാർ ചെയ്യുന്നത്. അല്ലെങ്കിൽ നികുതി കിട്ടില്ല. അത്തരത്തിലേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ, VAT-ഉം അങ്ങനെ തന്നെയായിരുന്നു. അതിനിശിതമായ വിമർശനം അന്ന് ഞങ്ങളും നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. അതിനൊന്നും മാറ്റമില്ല. VAT വന്നപ്പോൾ തന്നെ സംസ്ഥാനത്തിന്റെ നികുതി അധികാരം അടിയറ വയ്ക്കപ്പെട്ടുകഴിഞ്ഞു. അന്ന് പ്രായോഗികമായി അടിയറവയ്ക്കപ്പെട്ട് കഴിഞ്ഞത് ഇന്ന് നിയമപരമായി അടിയറവയ്ക്കപ്പെടുന്നു. ആ വിമർശനം പറഞ്ഞതുകൊണ്ട് ഇനി VAT പിരിക്കുന്നില്ല, ഫെഡറൽ സംവിധാനത്തെ തുരങ്കം വയ്ക്കലാണ് അത് പുനഃസംഘടിപ്പിക്കുന്നതിന് ഉചിതം എന്ന നിലപാട് സ്വീകരിക്കാൻ പറ്റുമോ? അതൊരു പ്രായോഗിക സമീപനമായി കാണുന്നില്ല. ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം പോലെ കേന്ദ്ര സംസ്ഥാന ബന്ധത്തിൽ സമൂലമായ മാറ്റം വേണമെന്ന കാര്യത്തിൽ ഉറച്ചുനിൽക്കാം. അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യാം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ആസ്ട്രേലിയപോലുള്ള വികസിത രാജ്യത്തുപോലും GST നടപ്പിലാക്കിയിട്ടുണ്ട്. ഉദാഹരണത്തിന് അവശ്യ സാധനങ്ങളായ മെഡിക്കൽ എക്യുപ്മെന്റ്സ്, ഫുഡ് ആന്റ് ബിവറേജസ് തുടങ്ങിയവയും ഇതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. പല മെഡിക്കൽ എക്യുപ്പ്മെന്റ്സിനും വില കൂടിയെന്ന് ഇന്നലത്തെ പത്രങ്ങളിൽ വന്നിട്ടുള്ളതാണ്. അതുപോലെ ഭക്ഷണ സാധനങ്ങൾക്കും GST നിലവിൽ വന്നിട്ടുണ്ട്. ഇത് ഒഴിവാക്കുന്നതിനെക്കുറിച്ച് GST കൗൺസിൽ ചർച്ച ചെയ്തിരുന്നോ; അല്ലെങ്കിൽ ഇനി ഒഴിവാക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ കഴിയുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, GST കൗൺസിൽ ഇത് വളരെ ഗൗരവമായി ചർച്ചചെയ്യുകയും കൺസ്യൂമർ ഇൻഡക്സ്സിന്റെ പ്രൊഡക്റ്റ് ബാസ്കറ്റിലെ 45 ശതമാനം വരുന്ന ഉൽപ്പന്നങ്ങളെ GST നികുതിയിൽനിന്ന് പുറത്തുനിർത്തുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ എക്യുപ്മെന്റ്സിന് നേരത്തെ നികുതി ഉണ്ടായിരുന്നില്ല, ഇപ്പോൾ GST നികുതി ബാധകമായിരിക്കുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. ബെയ്സിക് കസ്റ്റംസ് ഡ്യൂട്ടിയും അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടിയും ഉണ്ടായിരുന്നതിൽ അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടിയിൽനിന്ന് ഒഴിവാക്കിയിരിക്കുന്നു. എന്നാൽ GST വന്നപ്പോൾ അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി GST-യിൽ ലയിച്ചു. GST-യിൽ നിന്ന് ഇതിന് ഒഴിവുനൽകുന്നതിന് തീരുമാനിച്ചില്ല. അത് വിട്ടുപോയി. അതിന്റെ ഫലമായി നികുതി ഉദ്യോഗസ്ഥർക്ക് അതിൽ GST ചുമത്തിയേപറ്റൂ. നേരത്തെ അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഒഴിവ് വീണ്ടും ഇതിന് നൽകുക എന്നുള്ളത് അടുത്ത GST കൗൺസിലിൽ ഉന്നയിക്കുന്നതാണ്.

**ഊർജ്ജോത്പാദനത്തിനുള്ള പദ്ധതികൾ**

2(* 32) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. രാജു എബ്രഹാം:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ബി. ഡി. ദേവസ്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗാർഹിക, ഗാർഹികേതര ആവശ്യങ്ങൾക്കായി എത്ര വൈദ്യുതി വേണ്ടിവരുന്നുണ്ടെന്നും അതിൽ എത്ര ഭാഗം സംസ്ഥാനത്ത് ഉല്പാദിപ്പിക്കാൻ സാധിക്കുന്നുണ്ടെന്നും ബാക്കി എവിടെ നിന്നാണ് വാങ്ങുന്നതെന്നും അവയുടെ വിലയും അറിയിക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനം നടന്നുവരുന്ന പദ്ധതികളുടെ ആകെ ഉല്പാദനശേഷി എത്രയെന്നും ഇവ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികളും അറിയിക്കുമോ;

(സി) ഊർജ്ജോത്പാദനത്തിനുള്ള പുതിയ പാരമ്പര്യ പാരമ്പര്യേതര പദ്ധതികൾ ഏതെല്ലാമെന്നും അവ എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) : സർ,

(എ) സംസ്ഥാനത്ത് ദൈനംദിനം ശരാശരി 70 ദശലക്ഷം യൂണിറ്റോളം വൈദ്യുതി വേണ്ടിവരുന്നുണ്ട്. അതിൽ 13 ദശലക്ഷത്തോളം യൂണിറ്റ് വൈദ്യുതി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കാൻ സാധിക്കും. ബാക്കി 57 ദശലക്ഷത്തോളം യൂണിറ്റ് വൈദ്യുതി സംസ്ഥാനത്തിന് അകത്തുള്ള സ്വകാര്യ ഉൽപ്പാദകർ, സംസ്ഥാനത്തിന് പുറത്തുള്ള കേന്ദ്ര വൈദ്യുത നിലയങ്ങൾ, ദീർഘകാല/ഹ്രസ്വകാല കരാറിലൂടെ, വൈദ്യുത വ്യാപാരികൾ, പവർ എക്സ്ചേഞ്ച് എന്നിവയിൽ നിന്നും വാങ്ങിക്കേണ്ടിവരും. എന്നാൽ വേനൽക്കാലത്ത് ദൈനംദിനം 80 ദശലക്ഷത്തോളം യൂണിറ്റ് വൈദ്യുതി വേണ്ടി വരും.

2016-17 കാലയളവിൽ സംസ്ഥാനത്തെ എല്ലാ വിഭാഗം ഉപഭോക്താക്കളും കൂടി 20113 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉപയോഗിച്ചിട്ടുണ്ട്. ഇതിൽ ഗാർഹിക വിഭാഗത്തിന്റെ ആവശ്യത്തിനായി 10360.27 ദശലക്ഷം യൂണിറ്റും, ഗാർഹികേതര ആവശ്യത്തിനായി 9140.54 ദശലക്ഷം യൂണിറ്റും വേണ്ടിവന്നിട്ടുണ്ട്. ഈ കാലയളവിൽ സംസ്ഥാനത്തെ ഇതര ലൈസൻസികൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്ന് 612.12 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.*

ആയതിനുവേണ്ടി ഈ കാലയളവിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്കുപുറമെ കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്നും യൂണിറ്റിന് ശരാശരി 3.50 രൂപ നിരക്കിൽ 10210.81 ദശലക്ഷം യൂണിറ്റും സംസ്ഥാനത്തിന് പുറത്തുള്ള ജനറേറ്റിംഗ് കമ്പനികൾ, പവർ എക്സ്ചേഞ്ച് ഉൾപ്പെടെയുള്ള വൈദ്യുതി വ്യാപാരികൾ എന്നിവരിൽ നിന്നും യൂണിറ്റിന് ശരാശരി 4.12 രൂപ നിരക്കിൽ 7926.83 ദശലക്ഷം യൂണിറ്റും സംസ്ഥാനത്തിനകത്തുള്ള പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് യൂണിറ്റിന് ശരാശരി 3.28 രൂപ നിരക്കിൽ 137.66 ദശലക്ഷം യൂണിറ്റും ഡീവിയേഷൻ സെറ്റിൽമെന്റ് മെക്കാനിസം (DSM) മുഖേന യൂണിറ്റിന് ശരാശരി 1.85 രൂപ നിരക്കിൽ 735.69 ദശലക്ഷം യൂണിറ്റും വൈദ്യുതി വാങ്ങിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ 2016 ഏപ്രിൽ മാസം സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വൈദ്യുതിയുടെ കുറവ് നികത്തുന്നതിനായി യൂണിറ്റിന് ശരാശരി 8.10 രൂപ നിരക്കിൽ 14.93 ദശലക്ഷം യൂണിറ്റ് വൈദ്യുതി നാഷണൽ തെർമൽ പവർ കോർപ്പറേഷന്റെ കായംകുളം നിലയത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അധീനതയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന 9 ജലവൈദ്യുത പദ്ധതികളുടെ ആകെ സ്ഥാപിത ശേഷി 165 മെഗാവാട്ടും, വാർഷിക ഉൽപ്പാദനശേഷി 522.48 ദശലക്ഷം യൂണിറ്റുമാണ്. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം ആയി ചേർക്കുന്നു.*

ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ സർക്കാർ തലത്തിലും ബോർഡിന്റെ വിവിധ തലങ്ങളിലും വിശദമായ അവലോകനം നടത്തുന്നുണ്ട്. 8.515 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയങ്ങളുടെ നിർമ്മാണം വിവിധ ജില്ലകളിലായി നടന്നുവരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.* പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നിർമ്മാണ പ്രവർത്തന അവലോകനങ്ങൾ വിവിധ തലങ്ങളിൽ നടത്തിവരുന്നു.

എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ താഴെപ്പറയുന്ന സ്വകാര്യ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. അരിപ്പാറ-4.5 MW, ആനക്കാംപൊയിൽ- 8 MW. സംസ്ഥാനത്ത് വൈദ്യുതോത്പാദനത്തിന് അനെർട്ട് മുഖാന്തരം നടപ്പിലാക്കിവരുന്ന രണ്ട് പദ്ധതികളിലൊന്നായ ശൃംഖലാബന്ധിത സൗരോർജ്ജ പദ്ധതിയായ സോളാർ കണക്ട് പദ്ധതിയിൽ 6.796 മെഗാവാട്ട് പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അനെർട്ടിന്റെ മറ്റൊരു പദ്ധതിയായ സോളാർ സ്മാർട്ട് (ബാറ്ററി ശേഷിയോടുകൂടി) പദ്ധതിയിൽ 3.391 മെഗാവാട്ട് പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതി അന്തിമ ഘട്ടത്തിലാണ്. അനെർട്ടിന്റെ ടെക്നിക്കൽ കൺസൾട്ടൻസി സ്കീമിൽ ഉൾപ്പെട്ട 10 കിലോവാട്ട്, 15 കിലോവാട്ട് എന്നീ കപ്പാസിറ്റികളിലുള്ള സൗരോർജ്ജ പവർപ്ലാന്റുകൾ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ആശുപത്രികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഊർജ്ജ ഉൽപ്പാദനത്തിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ അധീനതയിൽ 16 പുതിയ ജലവൈദ്യുത പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുവാനായി ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതികളുടെ ലിസ്റ്റും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

കെ. എസ്. ഇ. ബി. എൽ.-ന്റെ അധീനതയിലുള്ള സ്ഥലങ്ങളിലും കെട്ടിടങ്ങളുടെ മേൽക്കൂരകളിലുമായി 3.17 മെഗാവാട്ടിന്റെയും ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളിലായി 1.15 മെഗാവാട്ടിന്റെയും എട്ട് സർക്കാർ സ്കൂളുകളുടെ മുകളിലായി 0.04 മെഗാവാട്ടിന്റെയും തെക്കൻ മേഖലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെയും കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 57.5 കിലോവാട്ടിന്റെയും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.* കാറ്റിൽനിന്നും ഊർജ്ജ ഉത്പാദനം നടത്തുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് 6.125 മെഗാവാട്ട് ശേഷിയുള്ള പദ്ധതികളും സ്വകാര്യ വ്യക്തികൾ 112 മെഗാവാട്ട് ശേഷിയുള്ള പദ്ധതികളും വിഭാവന ചെയ്തിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.* ഇവ കൂടാതെ കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ 200 മെഗാവാട്ട് ശേഷിയുള്ള ഒരു പുതിയ സോളാർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതി അനുമതി ലഭിക്കുന്ന തിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കാസർഗോഡ് നിർമ്മാണ ത്തിലിരിക്കുന്ന 200 മെഗാവാട്ട് സോളാർ പാർക്കിന്റെ ആദ്യഘട്ടമായ 50 മെഗാവാട്ടിൽ 36 മെഗാവാട്ടിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ താഴെപ്പറയുന്ന സ്വകാര്യ ചെറുകിട ജലവൈദ്യുത പദ്ധതികൾ വനം വകുപ്പിന്റെ /MOEF-ന്റെ അനുമതിക്ക് വിധേയമായി ചുവടെ ചേർത്തിരിക്കുന്ന തീയതികളിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

| പദ്ധതികൾ | | വർഷം |
|---|---|---|
| കീഴാർകുത്ത് (19.5MW) | - | 2020 |
| കക്കാടംപോയിൽ (21MW) | - | 2021 |
| പോരു (16MW) | - | 2022 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനെർട്ട് മുഖാന്തരം നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡ് വഴി സർക്കാർ കെട്ടിടങ്ങളിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ള 690 ലക്ഷം രൂപയുടെ ഒരു പുതിയ പദ്ധതി ഈ സാമ്പത്തിക വർഷം (2017-18) പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

2017-18 വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സബ്സിഡിയോടെ അനെർട്ടിന്റെ സാങ്കേതിക സഹായത്തോടെ സോളാർ സംവിധാനങ്ങൾ സ്ഥാപിക്കുവാനുള്ള മാർഗ്ഗരേഖ തദ്ദേശസ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഫ്ലോട്ടിംഗ് സോളാർ വൈദ്യുത പദ്ധതി നടപ്പാക്കാനും ഉദ്ദേശിക്കുന്നു.

ഇതോടൊപ്പം, സംസ്ഥാനത്ത് സോളാർ വൈദ്യുതോത്പാദനത്തിന് അനെർട്ട് മുഖാന്തരം നിലവിൽ നടപ്പിലാക്കിവരുന്ന സോളാർ കണക്ട്, സോളാർ സ്മാർട്ട് എന്നീ രണ്ട് സൗരോർജ്ജ പദ്ധതികൾ തുടർ സാമ്പത്തിക വർഷങ്ങളിലും നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, ഇന്ത്യയ്ക്ക് മാതൃകയായി സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമായി കേരളം മാറിയ പശ്ചാത്തലത്തിൽ, വൈദ്യുതി ഉപഭോഗത്തിലുണ്ടായ വർദ്ധനവും കാലാവസ്ഥാവ്യതിയാനംമൂലമുള്ള ജലലഭ്യതയുടെ കുറവും കണക്കാക്കിയാൽ ജലവൈദ്യുത പദ്ധതികൾ മാത്രം കേന്ദ്രീകരിച്ച് നമുക്ക് മുന്നോട്ടുപോകാൻ കഴിയില്ലെന്നുള്ളതാണ് വസ്തുത. ഈ വർഷം നമുക്ക് ലഭിച്ച മഴ ഗുണപ്രദമായിരുന്നോ; ആവശ്യത്തിന് വെള്ളം ലഭിച്ചിരുന്നോ; മഴ കുറഞ്ഞാൽ പവർകട്ട് അല്ലെങ്കിൽ ലോഡ് ഷെഡ്ഡിംഗിന് സാധ്യതയുണ്ടോ എന്ന് ചിന്തിക്കുന്ന ഒരു ഘട്ടമാണ്. ഇത്തരമൊരു ഘട്ടത്തിൽ, വികസിത രാജ്യങ്ങൾ അംഗീകരിച്ച് നടപ്പിലാക്കുന്ന സൗരോർജ്ജ പദ്ധതി പ്രയോജനപ്പെടുത്തി എങ്ങനെ കേരളത്തിൽ മുന്നോട്ടുപോകാൻ കഴിയുമെന്നുള്ളത് ഗൗരവതരമായി ചിന്തിക്കേണ്ട ഒന്നല്ലേ എന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. എം. എം. മണി</u>: സർ, സൗരോർജ്ജ പദ്ധതി വിപുലീകരിക്കുന്നതിനുള്ള പരിപാടിയാണ് സംസ്ഥാന സർക്കാരിനും ഇലക്ട്രിസിറ്റി ബോർഡിനുമുള്ളത്. ജലവൈദ്യുത പദ്ധതിക്ക് പരിമിതിയുണ്ട് എന്നുള്ളതുകൊണ്ട് സൗരോർജ്ജ പദ്ധതി വികസിപ്പിക്കുക എന്നതും ഇലക്ട്രിസിറ്റി ബോർഡിന്റെ ഈ കാലഘട്ടത്തിലെ ലക്ഷ്യമാണെന്ന് വ്യക്തമാക്കുന്നു.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, കൂടംകുളം ആണവനിലയത്തിൽനിന്ന് കേരളത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിന് ലക്ഷ്യമിട്ട് നിർമ്മിക്കുന്ന തിരുനെൽവേലി, ഇടമൺ ഈസ്റ്റ് കൊച്ചി, മാടക്കത്തറ 400 കെ.വി. ലൈനിന്റെ നിർമ്മാണം വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണ്. 2006 2011-ലെ ഇടതുപക്ഷ

സർക്കാരിന്റെ കാലത്ത് നിർമ്മാണപ്രവർത്തനം നല്ല രീതിയിൽ മുന്നോട്ട് പോയതാണ്. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഈ പ്രവർത്തനങ്ങൾ പൂർണ്ണമായും സ്തംഭനാവസ്ഥയിലായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി പൂർത്തീകരണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; എന്ന് ഈ പദ്ധതി പൂർത്തീകരിക്കും എന്നുള്ളത് വ്യക്തമാക്കുമോ?

ശ്രീ. എം. എം. മണി: സർ, കൂടംകുളത്തുനിന്ന് വൈദ്യുതി കൊണ്ടുവരുന്നതിനുള്ള ലൈനിന്റെ നിർമ്മാണം തടസ്സപ്പെട്ട് കിടക്കുകയായിരുന്നു. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേക യോഗം വിളിച്ച് ചർച്ച ചെയ്ത് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. എത്രയും വേഗം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. രാജു എബ്രഹാം: സർ, കഴിഞ്ഞ അഞ്ച് വർഷം കേരളത്തിലെ വൈദ്യുതി ഉൽപ്പാദനരംഗം പരിശോധിച്ചാൽ കേരളത്തിന്റെ ഇരുണ്ട ദിനങ്ങളായിരുന്നു. കഴിഞ്ഞ അഞ്ച് വർഷക്കാലം യു.ഡി.എഫ്. സർക്കാർ കാര്യമായി ഒരു പദ്ധതിയും കൊണ്ടുവന്നില്ല. നേരത്തെ ആരംഭിച്ചതും എന്നാൽ മുടങ്ങിക്കിടക്കുന്നതുമായ പദ്ധതികൾ വീണ്ടും പ്രവർത്തനമാരംഭിക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കേരളം വൈദ്യുതി സ്വന്തമായി ഉത്പാദിപ്പിക്കുന്നില്ല, പർച്ചേസ് ചെയ്യുകയാണ്. ഇപ്പോഴും പർച്ചേസ് ചെയ്യുന്നതിന് എഗ്രിമെന്റുകൾ നിലവിലുണ്ട്. ശ്രീ. എ. കെ. ബാലൻ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിൽ ആയിരം മെഗാവാട്ടിന്റെ ഒരു പദ്ധതി ഒഡീഷയിൽ വിഭാവന ചെയ്യുകയുണ്ടായി. അത് വീണ്ടും പുനരുജ്ജീവിപ്പിക്കാനുള്ള സാധ്യതയുണ്ട്. അതുകൂടി പുനരുജ്ജീവിപ്പിച്ചുകൊണ്ടുള്ള, കേരളത്തിന്റെ ഭാവിയെ മുന്നിൽ കണ്ടുകൊണ്ടുള്ള എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. എം. എം. മണി: സർ, വൈദ്യുതി ഉൽപ്പാദന രംഗത്ത് എല്ലാവിധ സാധ്യതകളും ഉപയോഗപ്പെടുത്തണമെന്നാണ് ബോർഡിന്റെയും സർക്കാരിന്റെയും കാഴ്ചപ്പാട്. അതിന്റെ അടിസ്ഥാനത്തിൽ ജലവൈദ്യുത പദ്ധതി, ചെറിയ പദ്ധതിയാണെങ്കിൽപ്പോലും അതിന് പ്രാധാന്യം നൽകണമെന്നും കരുതുന്നു. അതിൽ പരിമിതിയുള്ളതുകൊണ്ട് സൗരോർജ്ജം പോലുള്ള മറ്റ് മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്. അത്തരം കാര്യങ്ങളെപ്പറ്റിയുള്ള വിശദമായ കാഴ്ചപ്പാടാണ് ബോർഡിനും സർക്കാരിനുമുള്ളത്. അതുകൊണ്ട് വിപുലീകരിക്കും എന്ന് അറിയിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിർമ്മാണം നിലച്ചുപോയ പള്ളിവാസൽ എക്സ്റ്റൻഷൻ അടക്കമുള്ള പദ്ധതികൾ പുനരാരംഭിച്ചിട്ടുണ്ട്. അന്ന് നിർമ്മാണം നിർത്തിവച്ച പദ്ധതിയുടെ നിർമ്മാണം പുനരാരംഭിക്കുകയും അത് പുരോഗമിക്കുകയും ചെയ്യുന്ന എന്ന് സഭയെ അറിയിക്കുകയാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, സ്വകാര്യ വ്യക്തികൾ മുഖേന നടപ്പിലാക്കുന്ന കുറേയധികം പദ്ധതികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ സർക്കാരിന്റെ നയം എന്താണ്; ഏത് മാർഗ്ഗങ്ങളിൽനിന്നും വൈദ്യുതി ഉണ്ടാകുന്നത് സ്വാഗതാർഹമായൊരു കാര്യമാണ്. സ്വകാര്യ വ്യക്തികൾ മുഖേന നടത്തുന്ന പദ്ധതികൾ എങ്ങനെയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. അവർ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി എങ്ങനെയാണ് നമ്മൾ വാങ്ങുന്നത്, അതിന്റെ വിതരണം, അതിന്മേലുള്ള സാമൂഹ്യ നിയന്ത്രണം തുടങ്ങിയവയിൽ സർക്കാരിന്റെ നയമെന്താണെന്ന് അറിയാൻ താൽപ്പര്യമുണ്ട്. അങ്ങ് ഇതുസംബന്ധിച്ച് വിശദീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എം. എം. മണി: സർ, സ്വകാര്യ വൈദ്യുതി ഉൽപ്പാദകരെ പ്രോത്സാഹിപ്പിക്കുക എന്ന നയമാണ് സർക്കാരിനും ബോർഡിനുമുള്ളത്. ഈ നയം സർക്കാർ നേരത്തെ തന്നെ സ്വീകരിച്ചിട്ടുള്ളതാണ്. ഇപ്പോഴത്തെ സാധ്യതയനുസരിച്ച് അത് പ്രായോഗികമാക്കാനും അതിന് പ്രോത്സാഹനം നൽകാനും ശ്രമിക്കും. എന്നാൽ, ബോർഡ് അത് വിലയ്ക്ക് വാങ്ങുമ്പോൾ അതിന്റെ വില നിശ്ചയിക്കുന്ന കാര്യത്തിൽ ഉദാരമായ നിലപാട് സ്വകാര്യ വ്യക്തികളും സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതുണ്ട്. അല്ലെങ്കിൽ പ്രായോഗികമല്ലാത്ത സ്ഥിതിയുണ്ടാകും. അതാണ് അനുഭവം.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടി പുഴയിൽ ആനക്കയം, വാഴച്ചാൽ, തുമ്പൂർമൂഴി എന്നിവിടങ്ങളിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. ആനക്കയം ജലവൈദ്യുത പദ്ധതിക്ക് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിരുന്നെങ്കിലും നാച്വറൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ കർശന നിയന്ത്രണംമൂലം അത് നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഇത് ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും കൂടി വ്യക്തമാക്കുമോ?

ശ്രീ. എം. എം. മണി: സർ, അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് തടസ്സങ്ങളുണ്ടെന്ന കാര്യം സഭയ്ക്ക് ബോദ്ധ്യമുള്ളതാണ്. സമവായം ഉണ്ടായാലല്ലാതെ അത് നടപ്പിലാക്കാൻ കഴിയില്ല. സമവായമുണ്ടായാൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, മുപ്പത് വർഷങ്ങൾക്ക് മുമ്പ് എന്റെ നിയോജക മണ്ഡലത്തിന്റെ കിഴക്കൻ മേഖലയായ കല്ലാർ പ്രദേശത്ത് ട്വിൻ കല്ലാർ എന്ന ഒരു പ്രോജക്ടിന് രൂപം കൊടുക്കുകയുണ്ടായി. അതിന്റെ സർവ്വേ പ്രവർത്തനങ്ങളും മറ്റ് കാര്യങ്ങളും നടത്തുന്നതിന് അവിടെ ഓഫീസും അതിന് അനുബന്ധമായുള്ള എല്ലാ ക്രമീകരണങ്ങളുമുണ്ടായി. നൂറ് മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്നുള്ള ഒരു പ്രോജക്ടിനാണ് ആദ്യം രൂപം നൽകിയത്. ഇതിനുശേഷം വീണ്ടും

അത് പുനഃപരിശോധിച്ച് എൺപത് മെഗാവാട്ടായി, രണ്ട് പദ്ധതി (അതായത് കല്ലാർ, ട്വിൻ കല്ലാർ) ആയി മാറ്റി ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. ഇപ്പോൾ അത് നടപ്പാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; അങ്ങനെ ആലോചിക്കുന്നുണ്ടെങ്കിൽ എന്നത്തേയ്ക്ക് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കുമോ?

ശ്രീ. എം. എം. മണി: സർ, വിശദാംശങ്ങൾ ശേഖരിച്ച് മാത്രമേ അതിന് വ്യക്തമായൊരു മറുപടി നൽകാൻ കഴിയുകയുള്ളൂ. ഇതുസംബന്ധിച്ച് സർക്കാരും ബോർഡും പരിശോധിക്കുന്നതാണ്. പ്രാവർത്തികമാക്കാൻ കഴിയുമെങ്കിൽ ആ കാര്യവും ആലോചിക്കാവുന്നതാണ്. പുതിയ ഏത് പദ്ധതിയും ആരംഭിക്കുക എന്നതാണ് ഈ സർക്കാരിന്റെ നയം.

ശ്രീ. കെ. കൃഷ്ണൻ കുട്ടി: സർ, കേരളത്തിൽ മൂവായിരം ടി.എം.സി. ജലം ഒഴുകുന്നുണ്ട്. അതിൽ 1500 ഓളം ടി.എം.സി. ജലം കേരളത്തിന് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. 300 ടി.എം.സി. ജലത്തിന് താഴെ മാത്രമേ ഉപയോഗിക്കുന്നുള്ളൂ. കേന്ദ്രസർക്കാരിന്റെ പുതിയ നയത്തിന്റെ അടിസ്ഥാനത്തിൽ കാശ്മീരിലും മറ്റ് പല സംസ്ഥാനങ്ങളിലും പുതുതായി വൻകിട ജലസേചന പദ്ധതികൾ നടപ്പിലാക്കുകയാണ്. കേന്ദ്രസർക്കാരിന്റെ ഇറിഗേഷൻ ബിൽ വന്നതിന്റെ അടിസ്ഥാനത്തിൽ അധികമുള്ള ജലം തിരിച്ച് കൊണ്ടുപോകാനുള്ള അവകാശം തമിഴ്നാടിന് ലഭിക്കാൻ പോകുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ കേരളം പുതിയ പ്രോജക്ടുകൾ നടപ്പിലാക്കിയില്ലെങ്കിൽ കേരളത്തിന് വലിയ നഷ്ടമാണ് സംഭവിക്കാൻ പോകുന്നത് എന്ന് മനസ്സിലാക്കിക്കൊണ്ട് പുതിയ പദ്ധതികൾ ആവിഷ്കരിക്കാനും തീരുമാനിച്ചിട്ടുണ്ട്. കല്ലാർ, ട്വിൻ കല്ലാർ തുടങ്ങിയ പദ്ധതികളെ സംബന്ധിച്ച് ശ്രീ. അടൂർ പ്രകാശ് സൂചിപ്പിക്കുകയുണ്ടായി. പ്രസ്തുത പദ്ധതികൾ നടപ്പായില്ലെങ്കിൽ തമിഴ്നാട് മുഴുവൻ ജലവും കൊണ്ടുപോകുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് കേരളത്തിൽ എത്രത്തോളം ജലം ഉപയോഗിക്കാൻ സാധിക്കുമോ അത്രയും ഉപയോഗിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചില്ലെങ്കിൽ പുതിയ നിയമപ്രകാരം ജലമെല്ലാം തമിഴ്നാടിന് ഡൈവേർട്ട് ചെയ്ത് ലഭിക്കുമെന്നുള്ളത് മനസ്സിലാക്കി കുരിയാർകുറ്റി പോലുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. മണി: സർ, ഇക്കാര്യത്തിൽ സർക്കാരിനും ബോർഡിനും തുറന്ന മനോഭാവമാണുള്ളത്. ഇവിടെ പങ്കാളിത്തമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും കാര്യഗൗരവമായി പരിഗണിക്കേണ്ട ഒരു വിഷയം ഇതിന്റെ പിന്നിലുണ്ട്. ഇത്തരം പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ എങ്ങനെ പദ്ധതി നടപ്പിലാക്കാതിരിക്കാം എന്നാണ് പലരും നോക്കുന്നത്. നമ്മുടെ കാഴ്ചപ്പാടിൽ സമഗ്രമായൊരു മാറ്റം വരുത്തേണ്ടതുണ്ട്. ഈ സഭയ്ക്കും സഭയിൽ പ്രാതിനിധ്യമുള്ള കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾക്കും ഇക്കാര്യത്തിൽ ഒരു വലിയ പങ്ക് വഹിക്കാൻ കഴിയും. അങ്ങനെ ഉണ്ടായാൽ ഭാവിയിൽ നമുക്ക് ഉപകരിക്കുമെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ആദിവാസി മേഖലകളിലും അങ്ങയുടെ മണ്ഡലത്തിലും എന്റെ മണ്ഡലത്തിലുമൊക്കെ ഇപ്പോൾ കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. പലപ്പോഴും ഈ പദ്ധതികൾ പ്രാവർത്തിക മാക്കുന്നതിന്റെ ഭാഗമായി പോസ്റ്റ്, എ.ബി.സി. കേബിൾ എന്നിവ ഇട്ടതിനുശേഷം കാട്ടാനശല്യംമൂലം ഇത് തകരാറിലായാൽ പിന്നീട് അറ്റകുറ്റപ്പണികൾ നടത്തണ മെങ്കിൽ രണ്ടിരട്ടി ചെലവാണുണ്ടാകുന്നത്. ആദിവാസി മേഖലയുടെ ഏറ്റവും ഉൾപ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാൻ മറ്റ് ചെറുകിട പദ്ധതികളോ അവിടെ തന്നെ വേറെ പദ്ധതികളോ ആവിഷ്കരിക്കാൻ സർക്കാരിന് കഴിയുമോ?

ശ്രീ. എം. എം. മണി: സർ, അതിനുള്ള സാധ്യതകളുണ്ടെങ്കിൽ നമുക്ക് പഠനം നടത്താവുന്നതാണ്. അതുസംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുക യാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ബോർഡ് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങളുടെ ഗ്യാലറികളിൽ മുഴുവൻ സോളാർ പാനലുകൾ വയ്ക്കാനും സർക്കാരിന്റെ ഇറിഗേഷൻ വകുപ്പിന്റെ ചുമതലയുള്ള കല്ലട ഇറിഗേഷൻ, മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതികളടക്കമുള്ള കനാലുകളിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന, ലോകത്ത് പല രാജ്യങ്ങളിലും നടപ്പിലാക്കിയിരുന്ന ആധുനിക സംവിധാനം നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് ഞാൻ ഒരു പ്രൊപ്പോസൽ ബഹുമാനപ്പെട്ട മന്ത്രിക്ക് സമർപ്പിക്കുകയുണ്ടായി. അതിന് കൃത്യമായ മറുപടിയും നൽകുകയുണ്ടായി. ബഹുമാനപ്പെട്ട മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയെ ഇതിനായി ചുമതലപ്പെടുത്തിയതായും പറഞ്ഞിട്ടുണ്ട്. ഇത് സംബന്ധിച്ച് കൂടുതലായി ചർച്ച ചെയ്ത് അതിന്റെ സാങ്കേതിക വശങ്ങൾ പഠിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. മണി: സർ, സോളാർ പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള വിപുലമായ ആലോചനയും അതിന്റെ സാങ്കേതിക വശങ്ങളെക്കുറിച്ച് പഠനങ്ങളും നടത്താവുന്നതാണ്. അത്തരം സാധ്യതകളെല്ലാം ഉപയോഗപ്പെടുത്തി മാത്രമേ വൈദ്യുതി പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂവെന്നാണ് കരുതുന്നത്.

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... ചോദ്യോത്തരസമയം കഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പുതിയ വ്യവസായ സ്ഥാപനങ്ങൾ

3(*33) ശ്രീ. പി. കെ. ബഷീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം നല്കുമോ;

(സി) സംസ്ഥാനം വ്യവസായ സൗഹൃദമാക്കാൻ ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിൽ 1929.02 കോടി രൂപ മൂലധന നിക്ഷേപമുള്ള 75503 പേർക്ക് ജോലി പ്രദാനം ചെയ്യുന്ന 18786 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ (കെ.എസ്.ഐ.ഡി.സി) വ്യവസായ പാർക്കുകളിൽ 3458.54 ലക്ഷം രൂപയുടെ നിക്ഷേപത്തോടെ 15 വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പരിസ്ഥിതിക്ക് ഇണങ്ങുന്ന വ്യാവസായിക പുരോഗതി കൈവരുത്തുന്നതിനും അഭ്യസ്തവിദ്യരായ യുവതലമുറയുടെ പ്രതീക്ഷകൾക്കനുസരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ സാമ്പത്തിക വളർച്ചയുമാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. നിലവിലുള്ള വ്യവസായങ്ങളെ പരിപോഷിപ്പിച്ചും പൊതു-സ്വകാര്യ മേഖലകളിൽ ആധുനിക വ്യവസായ സംരംഭങ്ങൾ ആരംഭിച്ചും കേരളത്തെ സമ്പൂർണ്ണ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കാനുള്ള ഫലപ്രദവും ക്രിയാത്മകവുമായ നടപടികളുമായി സർക്കാർ മുന്നോട്ട് പോകുകയാണ്. അതിന്റെ ഭാഗമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പദ്ധതി പ്രകാരം 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്" നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. അതുവഴി സംരംഭങ്ങൾക്ക് ആവശ്യമായ ക്ലിയറൻസ് നടപടിക്രമങ്ങൾ സുതാര്യവും സുഗമവും ആക്കാൻ കഴിയും.

പരിസ്ഥിതി സൗഹൃദവും പ്രകൃതി വിഭവങ്ങളുടെ സന്തുലിതവുമായ ഉപഭോഗത്തിലൂടെ പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ഗ്രാമീണ മേഖലയിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്ന നടപടികൾ തുടങ്ങി.

വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, നൈപുണ്യ വികസന പദ്ധതി (Skill Development Programme) തുടങ്ങിയ പദ്ധതികൾ നടത്തിവരുന്നു.

വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ഭൂമി ദൗർലഭ്യം കണക്കിലെടുത്ത് വ്യവസായ വകുപ്പ് ബഹുനില വ്യവസായ സമുച്ചയങ്ങൾ (GALA) നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ ആദ്യത്തെ GALA എറണാകുളം ജില്ലയിലെ എടയാറിൽ 6.5 കോടി രൂപ ചെലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ വൈദ്യുതി, ജലം എന്നിവ സർക്കാർ ലഭ്യമാക്കും.

നിലവിലുള്ള ജില്ലാ വ്യവസായ എസ്റ്റേറ്റുകളിലെ വ്യവസായ സൗകര്യങ്ങൾ വികസിപ്പിക്കും. സംരംഭകത്വ സഹായ പദ്ധതിക്കായി 2017-18 -ൽ 5600 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവഴി യൂണിറ്റുകൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.

കൊച്ചിൻ റിഫൈനറിയുടെ വികസന പദ്ധതിയിലൂടെ ലഭ്യമാകുന്ന പ്രൊപ്പലിൻ ഡെറിവേറ്റീവ് ഉപയോഗിച്ച് പ്ലാസ്റ്റിക്, പെയിന്റ്, പശകൾ, മഷികൾ, തുണിത്തരങ്ങൾ മുതലായവ നിർമ്മിക്കുന്നതിന് ഉപകരിക്കുന്ന അക്രിലിക്ക് ആസിഡ് ഉൽപ്പാദിപ്പിക്കുന്ന പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

**സംസ്ഥാനത്തെ ചരക്കുസേവന നികുതി ശൃംഖല**

4 (*34) ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്കു സേവന നികുതി ശൃംഖല (ജി.എസ്.റ്റി.എൻ.) പൂർണ്ണമായും സജ്ജമാക്കിയിട്ടുണ്ടോ; എത്ര ശതമാനം വ്യാപാരികളും വ്യവസായികളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത 20 ലക്ഷത്തിൽ താഴെ വിറ്റുവരവുള്ള വ്യാപാരികളും ഹോട്ടലുകളും നികുതി കമ്പോസിഷൻ പദ്ധതി പ്രയോജന പ്പെടുത്തുന്നവരും ഉപഭോക്താക്കളിൽ നിന്ന് നികുതി പിരിച്ചെടുക്കുന്നതു തടയാൻ സാധ്യമായിട്ടുണ്ടോ; ജി.എസ്.റ്റി. നിയമപ്രകാരം ഇവർ നിർബന്ധമായും ബിൽ നൽകേണ്ടതില്ലാത്തതിനാൽ അനധികൃതമായി നികുതി പിരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനുള്ള സംവിധാനം എന്താണ്;

(സി) വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ നടത്തിയിരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും അവ ഒഴിവാക്കിയപ്പോൾ നികുതി വെട്ടിപ്പിനുള്ള മാർഗ്ഗം അടച്ചതെങ്ങനെയെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇന്ത്യയിലെ മുഴുവൻ വ്യാപാരികൾക്കും രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, ഇ-പെയ്മെന്റ് എന്നിവ നടത്തുന്നതിനുവേണ്ടി ജി.എസ്.ടി.എൻ. തയ്യാറാക്കിയ പോർട്ടൽ ഏറെക്കുറെ സജ്ജമായി വരുന്നതേയുള്ളൂ. സംസ്ഥാനതലത്തിൽ അസസ്സ്മെന്റ്, ആഡിറ്റ്, അപ്പീൽ, എൻഫോഴ്സ്മെന്റ് മുതലായ കാര്യങ്ങൾ നടപ്പിലാക്കുന്നതിനായി ബാക്ക് എൻഡ് മൊഡ്യൂൾ തയ്യാറാക്കുന്നതിനായി എൻ.ഐ.സി.യെ ഏൽപ്പിച്ചിട്ടുണ്ട്. ആയത് പൂർത്തിയായി വരുന്നു. വാറ്റ് നിയമപ്രകാരം സംസ്ഥാനത്ത് രജിസ്ട്രേഷൻ ഉണ്ടായിരുന്ന വ്യാപാരികളിൽ 85%ത്തോളം വ്യാപാരികളും ജി.എസ്.ടി.യിലേയ്ക്ക് മൈഗ്രേറ്റ് ചെയ്തിട്ടുണ്ട്.

(ബി) കോംപൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കുന്നവർ നികുതി പിരിക്കാൻ പാടില്ലാത്തതും അവർ കോംപൗണ്ടിംഗ് വ്യാപാരിയാണെന്നുള്ളത് അവരുടെ നെയിം ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. കൂടാതെ അവരുടെ ഇൻവോയിസിൽ നികുതി പിരിവ് സാദ്ധ്യമല്ലായെന്നതും അച്ചടിക്കേണ്ടതാണ്.

രജിസ്ട്രേഷൻ നിർബന്ധമില്ലാത്ത 20 ലക്ഷത്തിൽ താഴെ വിറ്റുവരവുള്ള വ്യാപാരികളും നികുതി കോമ്പോസിഷൻ പദ്ധതി പ്രയോജനപ്പെടുത്തുന്നവരും ഉപഭോക്താക്കളിൽ നിന്ന് നികുതി പിരിച്ചെടുക്കുന്നത് തടയുന്നതിനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. കോമ്പോസിഷൻ വ്യാപാരികളെയും ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികളെയും തിരിച്ചറിയുന്നതിനായി വ്യത്യസ്ത തരത്തിലുള്ള ബിൽ മാതൃകകൾ പുറത്തിറക്കും. വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ സേവനവും ഇതിനായി വിനിയോഗിക്കുന്നതാണ്.

(സി) ജി.എസ്.ടി. നടപ്പിലായതോടുകൂടി അന്തർ സംസ്ഥാന വ്യാപാരത്തിന്റെ അതിർത്തികൾ ഇല്ലാതായിട്ടുണ്ട്. ആയതിനാൽ ചെക്ക് പോസ്റ്റുകൾക്ക് നേരത്തെയുണ്ടായിരുന്ന ധർമ്മം നിറവേറ്റാനില്ല. ജി.എസ്.ടി. നിയമപ്രകാരം ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ഫെസിലിറ്റേഷൻ സെന്റർ മാത്രമാക്കി പരിമിതപ്പെടുത്തിയിട്ടുണ്ട്. അന്തർ സംസ്ഥാന ചരക്ക നീക്കത്തിന്റെ വിശദാംശങ്ങൾ അവർ ഓൺലൈൻ ഡിക്ലറേഷൻ പ്രകാരം ഫെസിലിറ്റേഷൻ സെന്ററിൽ നൽകേണ്ടതാണ്. ഇന്ത്യയിൽ മൊത്തമായുണ്ടാകുന്ന ചരക്ക് ഗതാഗതത്തിനെ ട്രാക്ക് ചെയ്യുന്നതിനുള്ള e-way bill സമ്പ്രദായം ഉടൻ നടപ്പിലാകും. പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവ്വഹണ സമ്പ്രദായമാണ് ജി.എസ്.ടി. എന്നതിനാൽ നികുതി വെട്ടിപ്പ് ഗണ്യമായി കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പ്രധാന പാതകളിലും ഊടുവഴികളിലും നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അതോടൊപ്പം വകുപ്പിലെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം ഈ മേഖലയിൽ കൂടുതൽ കാര്യക്ഷമായി പ്രയോജനപ്പെടുത്തുന്നതാണ്.

**വിനോദസഞ്ചാര വികസനത്തിനായുള്ള പുതിയ പദ്ധതികൾ**

5 (*35) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. എം. ഉമ്മർ :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദ സഞ്ചാര വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ സഹായം അനുവദിക്കുന്നതിന് കേന്ദ്രം നിബന്ധനകളെന്തെങ്കിലും വച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വിനോദസഞ്ചാര വികസനത്തിനായി നിക്ഷേപം നടത്തേണ്ട സ്ഥലങ്ങളുടെ മുൻഗണന തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ മുൻഗണനാക്രമം നിശ്ചയിച്ചതിന്റെ അടിസ്ഥാനം എന്താണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വികസനത്തിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'പ്രസാദ്' സ്കീമിൽ ദക്ഷിണേന്ത്യയിൽ നിന്നും 'ഗുരുവായൂരിനെ' ഉൾപ്പെടുത്തുകയും പദ്ധതിയുടെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.
- കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'സ്വദേശ് ദർശൻ' സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച ഇക്കോ ടൂറിസം പദ്ധതിയായ "പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി" വികസനം, സ്പിരിച്വൽ ടൂറിസം പദ്ധതികളായ ശബരിമല വികസനം (എരുമേലി-പമ്പ സന്നിധാനം) "ശ്രീ പത്മനാഭ-ആറന്മുള-ശബരിമല" വികസനം എന്നീ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.
- മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾ നടപ്പിലാക്കി വരുന്നു.
- പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും വികസനത്തിനായി 8 പദ്ധതി പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചു.
- ടൂറിസം കേന്ദ്രങ്ങളുടെ സമഗ്രവികസനവും പരിപാലനവും ലക്ഷ്യമാക്കി ഗ്രീൻ കാർപ്പറ്റ് പദ്ധതി ആരംഭിച്ചു.
- കാസർഗോഡ്, കണ്ണൂർ ജില്ലകൾ ഉൾക്കൊള്ളുന്ന ഉത്തര കേരളത്തിലെ പുഴകളിലൂടെയും കായലിലൂടെയുമുള്ള വിനോദ സഞ്ചാരവും വടക്കൻ കേരളത്തിലെ കലയും സംസ്കാരവും യോജിപ്പിച്ചുകൊണ്ടുള്ള ഒരു ബൃഹത് പദ്ധതിയായ മലനാട് മലബാർ ക്രൂയിസ് ടൂറിസം പദ്ധതി കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു.
- ധർമ്മടം-മുഴപ്പിലങ്ങാട്-കണ്ണൂർ-വയനാട്, കക്കയം-പെരുവണ്ണാമൂഴി, കാപ്പാട്-ഇരിങ്ങൽ, വടകര, നിള, നെല്ലിയാമ്പതി, പീച്ചി-വാഴാനി, ചിമ്മിനി, കാലടി-മലയാറ്റൂർ-ആതിരപ്പള്ളി, പീരുമേട്-കുട്ടിക്കാനം വാഗമൺ-ഇടുക്കി, അഷ്ടമുടി, കഠിനംകുളം-വർക്കല-കാപ്പിൽ, നെയ്യാർ-പേപ്പാറ-പൊന്മുടി തുടങ്ങിയ കേന്ദ്രങ്ങളിൽ സമഗ്ര ടൂറിസം വികസന പദ്ധതികൾ ആരംഭിച്ചു.

- ഉത്തരവാദിത്ത ടൂറിസത്തിന് പ്രത്യേക മിഷൻ രൂപീകരിച്ചു.
- പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.
- ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സമ്പ്രദായം ഏർപ്പെടുത്തി.
- ഹൗസ്ബോട്ടുകളിലെ സുരക്ഷിതത്വം ലക്ഷ്യമാക്കി 'ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം'പദ്ധതി നടപ്പിലാക്കി.
- വനം വകുപ്പുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന എക്കോ-അഡ്വഞ്ചർ ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിന് തുടക്കം കുറിച്ചു.
- ഡി.റ്റി.പി.സി.കളും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളും പുനഃസംഘടിപ്പിച്ചു.
- ടൂറിസം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും തീർപ്പാക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുമായി എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു.
- ഗസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥയും ന്യൂനതകളും പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് കർമ്മപദ്ധതി നടപ്പിലാക്കി വരുന്നു.
- കൊല്ലം ജില്ലയിലെ ചടയമംഗലത്ത് 'ജടായുപാറ ടൂറിസം പദ്ധതി' ആരംഭിച്ചു.
- അറബ് രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പ്രചരണ പരിപാടികൾ, ഇതിന്റെ ഭാഗമായി ടാക്സി ബ്രാന്റിംഗ്, അച്ചടി-നവ മാധ്യമങ്ങളിലെ പരസ്യ പ്രചരണം, റിയാദ്, ദമാം എന്നീ സ്ഥലങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിച്ചു.

- ചൈനയിൽ നിന്നുള്ള ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കുന്നതിനായി ബീജിംഗ് ഇന്റർനാഷണൽ ടൂറിസം എക്സിബിഷനിൽ കേരളത്തിലെ പ്രമുഖ ടൂറിസം ഓപ്പറേറ്റർമാരുമായി പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു.
- നവമാധ്യമങ്ങളിലെ പ്രചാരണങ്ങളുടെ ഭാഗമായി 'ഗോ കേരള ആപ്പ്', 'ലോവസ്റ്റ് യൂണിക് ബിഡ് ' എന്നീ വിപണന പരിപാടികൾക്ക് തുടക്കം കുറിച്ചു.
- ഗുരുവായൂരിൽ പുതിയ ഗസ്റ്റ് ഹൗസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പദ്ധതികളായ 'സ്വദേശ് ദർശൻ' 'പ്രസാദ്' പദ്ധതികളിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

' സ്വദേശ് ദർശൻ' സ്കീമിൽ ഉൾപ്പെട്ട സ്പിരിച്വൽ ടൂറിസം സർക്യൂട്ടുകളായ-

- ശബരിമലയുടെ വികസനം (എരുമേലി-പമ്പ-സന്നിധാനം)- 9998.92 ലക്ഷം രൂപ
- ശ്രീപത്മനാഭ-ആറന്മുള-ശബരിമല ക്ഷേത്ര വികസനം-9244.26 ലക്ഷം രൂപ
- പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനം- 4614.20 ലക്ഷം രൂപ

കേന്ദ്ര ടൂറിസം മന്ത്രാലയം ഓരോ സ്കീമുകൾക്കും പ്രത്യേകം മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അത്തരം മാനദണ്ഡങ്ങൾ അനുസരിച്ചാണ് പദ്ധതി പ്രൊപ്പോസലുകൾ സമർപ്പിച്ച് വരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് മേൽ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളത്.

(സി) തീരുമാനിച്ചിട്ടില്ല.

**ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ഉണ്ടായ ബുദ്ധിമുട്ടുകൾ**

6 (*36) ഡോ. എം. കെ. മുനീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കുന്നതിന്റെ ഫലമായി വ്യാപാരികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇവ എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ജി.എസ്.ടി. നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചില സാധനങ്ങൾ മാർക്കറ്റിൽ ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മാർക്കറ്റിൽ ലഭിച്ചുകൊണ്ടിരുന്ന എല്ലാ സാധനങ്ങളും ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് migration, closing stock മേലുള്ള input tax credit, ഇൻവോയിസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനായി ചരക്കുസേവന നികുതി വകുപ്പ് സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സെല്ലുകൾ രൂപീകരിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ നികുതി നിരക്കിൽ അവ്യക്തതയുള്ളതിലും നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇത്തരം സംശയങ്ങൾ ഉന്നയിക്കുന്നതിനായി ഓൺലൈൻ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വ്യാപാര പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും (കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും) ഉൾപ്പെടുത്തി സംസ്ഥാന/ജില്ലാതല ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഈ കമ്മിറ്റി മുമ്പാകെ ഉന്നയിക്കാവുന്നതാണ്. അവയിൽ കമ്മിറ്റിക്ക് തീരുമാനം എടുക്കാൻ സാധിക്കാത്ത പ്രശ്നങ്ങൾ (നികുതി നിരക്ക്, നിയമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ) ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. ടി കമ്മിറ്റികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വ്യാപാരികൾക്കുണ്ടാകുന്ന പ്രധാന ബുദ്ധിമുട്ടുകളെല്ലാം തന്നെ ജി.എസ്.ടി.എൻ. ഓൺലൈൻ സംവിധാനവുമായി ബന്ധപ്പെട്ടതാണ്. ഇത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും അനുഭവപ്പെടുന്നുണ്ട്. ഓൺലൈൻ സംവിധാനത്തിലെ പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി&ഡി) ഇല്ല.

**പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കുന്നതിന് കർമ്മ പരിപാടികൾ**

7 (*37) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊഫഷണൽ മാനേജ്മെന്റിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി പ്രൊഫഷണൽ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിന് ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന എല്ലാ മാസവും പ്രത്യേക അവലോകനം ചെയ്തുവരുന്നു. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ത്രൈമാസികമായി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു വരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നവീകരണ വിപുലീകരണ പദ്ധതികൾക്കായി സർക്കാരിൽ നിന്നുള്ള പദ്ധതി വിഹിതം വർദ്ധിപ്പിക്കുകയുണ്ടായി. ഇതിനായി സ്ഥാപനങ്ങളിൽ നിന്നും സമർപ്പിക്കുന്ന സമഗ്രമായ പദ്ധതി റിപ്പോർട്ടുകൾ റിയാബ് മുഖേന വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയതിനുശേഷം പ്രൊപ്പോസലുകൾ വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുകയും ചെയ്തുവരുന്നു.

ഓരോ സ്ഥാപനങ്ങളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മികവുറ്റ ഉൽപ്പാദന സംവിധാനങ്ങൾ, കാലാനുസൃതമായ സാങ്കേതിക വിദ്യയുടെ നടപ്പാക്കൽ, വിപണി

വിപുലീകരിക്കുന്നതിനും ഉൽപ്പാദനം കൂട്ടുന്നതിനും ആവശ്യമായ നടപടികൾ, നൂതനമായ സാങ്കേതിക വിദ്യയിലൂടെ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം എന്നിവ കാര്യക്ഷമമായും സമയബന്ധിതമായും പൂർത്തീകരിച്ച് നടപ്പിലാക്കി വരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലേക്ക് പ്രൊഫഷണലുകളെ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുന്നതിന് റിയാബ് മുഖേന നടപടികൾ സ്വീകരിച്ചിരുന്നു. ഇതുപ്രകാരം 15 സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ നിയമിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് വൈദഗ്ദ്ധ്യമുള്ളവരെ ഉൾപ്പെടുത്തി കമ്പനികളുടെ ഡയറക്ടർ ബോർഡുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ജീവനക്കാരുടെ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായിട്ടുള്ള പരിശീലന പരിപാടികൾ/വിവിധ വിഷയങ്ങളിലുള്ള സെമിനാറുകൾ, ശില്പശാലകൾ മുതലായവ കമ്പനിതലത്തിലും റിയാബ് മുഖേനയും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ജി.എസ്.ടി.-യിലെ ആശയക്കുഴപ്പം പരിഹരിക്കാൻ നടപടി**

8 (*38) ഡോ. എൻ. ജയരാജ് :

ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.റ്റി. നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് വ്യാപാരമേഖലയിൽ ഉളവായിട്ടുള്ള ആശയക്കുഴപ്പങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഒരു നികുതിയെന്ന ജി.എസ്.റ്റി.യുടെ സങ്കൽപ്പത്തിന് വിരുദ്ധമായി ഉല്പന്നങ്ങൾക്ക് വ്യത്യസ്തമായ വിലകൾ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ജി.എസ്.റ്റി. നിലവിൽ വന്നതിനുശേഷം ഉണ്ടായിട്ടുള്ള അധിക നികുതിഭാരത്തിൽ നിന്ന് ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. നിയമവുമായി ബന്ധപ്പെട്ട ചട്ടങ്ങളും അതിന്റെ സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട കാര്യങ്ങളും നോട്ടിഫിക്കേഷനുകളും

പുറപ്പെടുവിക്കാനുണ്ടായ കാലവിളംബം തുടക്കഘട്ടത്തിൽ ചില അവ്യക്തതകൾക്ക കാരണമായി. സി.ബി.ഇ.സി. ബന്ധപ്പെട്ട വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചതിന് ശേഷം മാത്രമേ സംസ്ഥാനത്തിന് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ ആകുമായിരുന്നുള്ളൂ. ജി.എസ്.ടി. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അഖിലേന്ത്യാ അടിസ്ഥാനത്തിലുണ്ടായിട്ടുള്ള അവ്യക്തതകളുടെ പ്രതിഫലനമേ കേരളത്തിലുണ്ടായിട്ടുള്ളൂ. കേരളം തനതായി ചെയ്യേണ്ട മുന്നൊരുക്കങ്ങൾ യഥാവസരം നടത്തിയാണ് മുന്നോട്ടുപോകുന്നത്. മോഡൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കും വ്യാപാരികൾക്കും സംസ്ഥാന സർക്കാർ പരിശീലനം നൽകിയിരുന്നു. ആയതിനാൽ തയ്യാറെടുപ്പിൽ സംസ്ഥാനതലത്തിൽ വീഴ്ച ഉണ്ടായിട്ടില്ല.

(ബി) ചരക്ക് സേവന നികുതി നിലവിൽ വന്നതോടെ നികുതി കുറഞ്ഞതും നികുതി ഒഴിവാക്കപ്പെട്ടതുമായ ചില സാധനങ്ങളുടെ വില വർദ്ധിച്ചതായി പലഭാഗങ്ങളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. അതേക്കുറിച്ച് വ്യാപാരികളുമായും വ്യാപാര സംഘടനകളുമായും ചർച്ച നടത്തി പ്രശ്ന പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പൊതുവിൽ നേരത്തെ ഉണ്ടായിരുന്ന ആകെ പരോക്ഷ നികുതി ഭാരത്തിനെ അധികരിക്കാത്ത നികുതി നിരക്കുകളാണ് ജി.എസ്.ടി.യിൽ നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ ഇതിന് ചില അപവാദങ്ങളുണ്ട്. നിലവി ലുണ്ടായിരുന്ന ആകെ നികുതി ഭാരത്തിന്റെ അഖിലേന്ത്യാ ശരാശരി അടിസ്ഥാനപ്പെടുത്തിയാണ് ജി.എസ്.ടി. നിരക്കുകൾ നിർണ്ണയിച്ചിരിക്കുന്നത്. സംസ്ഥാനത്ത് പ്രത്യേക ഇളവുകൾ നൽകിയിരുന്ന ചില സാധനങ്ങൾക്കും വ്യാപാര മേഖലയ്ക്കും പുതിയ നിരക്കുകൾ അധികഭാരമായി വരുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്.

ചെറുകിട, ഇടത്തരം, പരമ്പരാഗത തൊഴിൽ മേഖലകൾ, പ്രത്യേക ഇളവുകൾ നൽകിയിരുന്ന മേഖലകൾ എന്നിവയ്ക്ക് നികുതി ലഘൂകരണമോ ഒഴിവാക്കലോ ആവശ്യപ്പെട്ടുകൊണ്ട് നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്.

കൂടിയ വില ഈടാക്കുന്നവർക്കെതിരെ നടപടിയെടുക്കുന്നതിന് Anti-Profiteering Authority എത്രയും പെട്ടെന്ന് രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യസാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകാനാണ് സാധ്യത. ഇത് വരും മാസങ്ങളിൽ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ജി.എസ്.ടി. നടപ്പിലാക്കിയ ശേഷം ഉല്പന്നങ്ങളുടെ വിലനിലവാരം

9(*39) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.റ്റി. നടപ്പിലാക്കുന്നതിൽ മുന്നൊരുക്കം ഇല്ലാതിരുന്നതാണ് പ്രസ്തുത നികുതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ പാളിച്ച ഉണ്ടാകാൻ കാരണമായതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) ചരക്ക് സേവന നികുതിയിലെ ആശയക്കുഴപ്പം ചരക്ക് നീക്കത്തെ ബാധിച്ച് സംസ്ഥാനത്ത് അവശ്യമരുന്നുകളുടെ ക്ഷാമവും ഭക്ഷ്യ വസ്തുക്കളുടെ വില വർദ്ധനവും ഉണ്ടാക്കിയിട്ടുണ്ടോ;

(സി) ജി.എസ്.റ്റി. നടപ്പിലാക്കുമ്പോൾ പല ഉല്പന്നങ്ങളുടെയും വില കുറയുമെന്ന സർക്കാർ വാദം കമ്പോളത്തിൽ പ്രതിഫലിക്കാതിരുന്നത് എന്തുകൊണ്ടാണ്;

(ഡി) ജി.എസ്.റ്റി. ചട്ടങ്ങൾ രൂപീകരിക്കുന്നതിലും, ജി.എസ്.റ്റി. സംബന്ധിച്ച പ്രശ്നങ്ങളിൽ ക്രിയാത്മക ഇടപെടൽ നടത്തുന്നതിനും നികുതി വകുപ്പിന് കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ജി.എസ്.ടി. നിയമവുമായി ബന്ധപ്പെട്ട ചട്ടങ്ങളും അതിന്റെ സോഫ്റ്റ്വെയറുമായി ബന്ധപ്പെട്ട കാര്യങ്ങളും നോട്ടിഫിക്കേഷനുകളും പുറപ്പെടുവിക്കാനുണ്ടായ കാലവിളമ്പം തുടക്കഘട്ടത്തിൽ ചില അവ്യക്തതകൾക്ക് കാരണമായി. സി.ബി.ഇ.സി. ബന്ധപ്പെട്ട വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചതിന് ശേഷം മാത്രമേ സംസ്ഥാനത്തിന് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ ആകുമായിരുന്നുള്ളൂ. ജി.എസ്.ടി. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അഖിലേന്ത്യാ അടിസ്ഥാനത്തിലുണ്ടായിട്ടുള്ള അവ്യക്തതകളുടെ പ്രതിഫലനമേ കേരളത്തിലുണ്ടായിട്ടുള്ളൂ. കേരളം തനതായി ചെയ്യേണ്ട മുന്നൊരുക്കങ്ങൾ യഥാവസരം നടത്തിയാണ് മുന്നോട്ടുപോകുന്നത്. മോഡൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കും വ്യാപാരികൾക്കും സംസ്ഥാന സർക്കാർ പരിശീലനം നൽകിയിരുന്നു. ആയതിനാൽ തയ്യാറെടുപ്പിൽ സംസ്ഥാനതലത്തിൽ വീഴ്ച ഉണ്ടായിട്ടില്ല. ജി.എസ്.ടി.എൻ.-ന്റെ ഓൺലൈൻ പ്രവർത്തനം പൂർണ്ണമായും നടപ്പിൽ വന്നിട്ടില്ലാത്തതിനാൽ അതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ നിലവിലുണ്ട്.

(ബി) ജി.എസ്.ടി. നടപ്പാക്കിയിട്ടുള്ള എല്ലാ രാജ്യങ്ങളിലും വിലക്കയറ്റം പ്രകടമായിട്ടുണ്ട്. വിവിധ നികുതികൾ ചേരുന്ന ആകെ നികുതി ഭാരം ചരക്കുസേവന നികുതി സമ്പ്രദായത്തിൽ കുറയുമെങ്കിലും ഇത്തരത്തിൽ കുറവ് വരുന്ന നികുതിയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള വൻകിട കമ്പനികളുടെയും വിതരണക്കാരുടെയും ത്വരയാണ് ഇത്തരത്തിലുള്ള വിലക്കയറ്റത്തിന് കാരണമാകുന്നത്. ഈ വസ്തുത കേരളം ജി.എസ്.ടി. കൗൺസിലിൽ ആവർത്തിച്ച് ചൂണ്ടിക്കാണിക്കുകയും ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിക്കുവേണ്ടി ഉറച്ച നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി നിരക്കുകൾ നിർണ്ണയിക്കുന്ന ഘട്ടത്തിൽ കൗൺസിലിൽ കേരളം ചൂണ്ടിക്കാണിച്ച ഈ ആശങ്ക യാഥാർത്ഥ്യമാകുന്നതാണ് നാം കാണുന്നത്. ഓരോ ചരക്കിന്റെയും നിലവിലുള്ള നികുതിഭാരവും ജി.എസ്.ടി. വരുമ്പോഴുണ്ടാകുന്ന കുറവും കണക്കാക്കി അത് പ്രസിദ്ധപ്പെടുത്തണമെന്നും ഓരോ ചരക്കിന്റെയും ടാക്സ് ഇൻസിഡൻസ് കാണിക്കുന്ന മാട്രിക്സ് സംസ്ഥാനങ്ങൾക്ക് കൈമാറണമെന്നും ജി.എസ്.ടി. കൗൺസിലിൽ കേരളം നിരന്തരം ആവശ്യപ്പെട്ടുപോന്നതാണ്. ഇത് ലഭിക്കാതിരുന്നിട്ടും 100 ഉൽപ്പന്നങ്ങളുടെ നികുതിയിൽ ഉണ്ടാകുന്ന കുറവ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

കേന്ദ്രതലത്തിൽ ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിയും സംസ്ഥാന തലത്തിലെ സമിതികളും യഥാസമയം രൂപീകരിക്കണമെന്നും സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചു. ജി.എസ്.ടി. നടപ്പാക്കിയതിലൂടെ വളരെയധികം ചരക്കുകളുടെ നികുതി നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും നികുതിക്കുറവിന്റെ ആനുകൂല്യം ലഭിച്ച പല ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ പ്രോഡക്ട്സും വില കുറയ്ക്കാതെ അമിതലാഭം കൈയടക്കുന്ന പ്രവണത വിപണിയിൽ ദൃശ്യമാണ്. 2017 ജൂൺ 30-ന് വിൽപ്പനക്കാരുടെ കൈയിൽ സ്റ്റോക്ക് ഉണ്ടായിരുന്ന ചരക്കുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കിട്ടുന്നതുസംബന്ധിച്ച ആശയക്കുഴപ്പവും വിപണിയിൽ പ്രതിഫലിച്ചു.

സംസ്ഥാനത്തിനകത്തും ഇതിന്റെ അനുകരണങ്ങൾ ഉണ്ടായിട്ടുണ്ട്. നികുതി പൂർണ്ണമായും ഇല്ലാതാകുന്ന കോഴിക്ക് വില കയറുന്ന സ്ഥിതിവന്നു. വൻകിട കോഴി ഏജന്റുമാർ കാർട്ടൽ പോലെ പ്രവർത്തിച്ച് നികുതിയിൽ ഉണ്ടായ ഇളവ് ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള നീക്കത്തിന്റെ ഫലമായിരുന്നു ഇത്. ഇതിനെതിരെ സംസ്ഥാന സർക്കാർ ഉറച്ച നിലപാട് സ്വീകരിച്ചു. അനിയന്ത്രിതമായി വില കയറുന്നതിനുള്ള പ്രവണതയ്ക്ക് ഒരു പരിധി വരെ കടിഞ്ഞാൺ ഇടാൻ ഇതുമൂലം കഴിഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നികുതി നിരക്കിൽ വന്ന ഇളവുകൾ ഉടനടി തന്നെ പ്രാബല്യത്തിൽ വരുത്തുകയും കോർപ്പറേഷൻ വഴി വിൽക്കുന്ന ചരക്കുകൾക്ക് വിലക്കുറവ് പ്രഖ്യാപിക്കുകയും

ചെയ്തു. ജി.എസ്.ടി.-യുടെ പ്രാരംഭ ഘട്ടത്തിൽ ചില അവ്യക്തതകൾ വ്യാപാരി സമൂഹത്തിന് ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ഈ പരാതികൾ പരിഹരിക്കുന്നതിനായി വ്യാപാരി വ്യവസായികളുടെ സംഘടനകളെ വിളിക്കുകയും ജി.എസ്.ടി.യിലൂടെ ലഭിക്കുന്ന നികുതി നിരക്കിന്റെ കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

നികുതി നിരക്കുകൾ അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള ആകെ മുൻ നികുതി ഭാരത്തിന്റെ ശരാശരിയുടെ കണക്കിലാണ് നിർണ്ണയിച്ചിരിക്കുന്നത്. ഇത് സംസ്ഥാനത്തെ സവിശേഷമായ ചില മേഖലകളെ ദോഷകരമായി ബാധിച്ചു. ഹോട്ടലുകൾ ബഹുഭൂരിപക്ഷവും അരശതമാനം കോമ്പൗണ്ടഡ് നികുതി മാത്രമാണ് ഒടുക്കിയിരുന്നത്. ഇത് ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കാനും കഴിയുമായിരുന്നില്ല. ഹോട്ടലുകൾക്കുള്ള ജി.എസ്.ടി. നിരക്ക് 12-ഉം 18-ഉം ശതമാനമായി ഉയർന്നു. അവർക്ക് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കഴിച്ചാലും വലിയൊരു നികുതി ഭാരം ഉപഭോക്താക്കളിൽ നിന്നും ഈടാക്കാതെ തരമില്ല എന്ന സ്ഥിതിവിശേഷമാണ്. കേരളത്തിന്റെ ഈ സവിശേഷ സാഹചര്യം ജി.എസ്.ടി. കൗൺസിൽ ശക്തമായി ഉന്നയിക്കുകയും എഴുതികൊടുക്കുകയും ചെയ്തിട്ടുണ്ട്. ഈ നികുതി നിരക്ക് ഏറ്റവും ചുരുങ്ങിയത് 5% മായി ചുരുക്കണമെന്നതാണ് കേരളത്തിന്റെ നിലപാട്.

മത്സ്യബന്ധന ഉപകരണങ്ങൾ, ഉണക്കമത്സ്യം, കയർ കൈത്തറി ഉത്പന്നങ്ങൾ, മുള, ചൂരൽ തുടങ്ങിയവ ഉപയോഗിച്ചുള്ള ഫർണിച്ചറുകൾ, റബ്ബർ തടി ഉപയോഗിച്ചുള്ള പ്ലൈവുഡ്, സാനിട്ടറി നാപ്കിൻ, പ്ലാസ്റ്റിക് സ്ക്രാപ്പ്, വേസ്റ്റ് മാനേജ്മെന്റ് സർവ്വീസ് എന്നിവയുടെയെല്ലാം നിരക്ക് താഴ്ത്തണമെന്നും ചിലത് ഒഴിവാക്കണമെന്നും ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്.

നേരത്തെ ഒടുക്കിയ കേന്ദ്ര എക്സൈസ് നികുതിക്ക് പൂർണ്ണമായും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് രണ്ടാംനിര വ്യാപാരികൾക്ക് ലഭിക്കുന്നതുമായി ബന്ധപ്പെട്ട ആശയക്കുഴപ്പമാണ് മരുന്നു വിപണിയിൽ ഉണ്ടായ പ്രശ്നങ്ങൾക്ക് ഒരു പ്രധാനകാരണം. കൂടാതെ, ചികിത്സാ ഉപകരണങ്ങൾ, ഇംപ്ലാന്റ്സ്, ഡയഗ്നോസ്റ്റിക് കിറ്റുകൾ എന്നിവയും നികുതി നിരക്കുകളും ആശയക്കുഴപ്പം സൃഷ്ടിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ പരിഹാരം ഉണ്ടാകണമെന്നതാണ് കേരള സർക്കാരിന്റെ നിലപാട്. സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്ന ചരക്കുകൾക്കും സേവനങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണ്. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ നികുതി നിരക്കിൽ വന്നിട്ടുള്ള കുറവും ഇൻപുട്ട് ടാക്സിന്റെ

പ്രയോജനവും കണക്കിലെടുത്ത് അവശ്യവസ്തുക്കൾക്ക് വിലക്കുറവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് നിരീക്ഷിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതാണ്. ജി.എസ്.ടി.യുടെ മറവിലുള്ള വിലക്കയറ്റം നിയന്ത്രിക്കാനുള്ള ശക്തമായ നടപടികൾ കേന്ദ്ര സർക്കാരും സ്വീകരിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെടുകയാണ്.

(സി) ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ മിക്കവാറും അവശ്യ ഉല്പന്നങ്ങളുടെ നികുതി കുറയുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ, നിലവിലുണ്ടായിരുന്ന സ്റ്റോക്ക് വിറ്റഴിക്കുന്നതിലുണ്ടായ ആശയക്കുഴപ്പം പല സാധനങ്ങളുടെയും വില കുറയാതിരിക്കുന്നതിന് കാരണമായി. ജി.എസ്.ടി. യിൽ നികുതി ഒഴിവാക്കപ്പെട്ട സാധനങ്ങൾക്കുപോലും കൃത്രിമമായി വിലവർദ്ധനവ് ഉണ്ടാക്കാനുള്ള ശ്രമങ്ങളും ഉണ്ടായി. ആയതിനെ തടയിടുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഇതിൽ സംസ്ഥാനങ്ങളുടെ അധികാരം പരിമിതമാണ്.

(ഡി) ജി.എസ്.ടി. ചട്ടങ്ങൾ രൂപീകരിക്കുന്നതിലും, ജി.എസ്.ടി. സംബന്ധിച്ച പ്രശ്നങ്ങളിൽ ക്രിയാത്മക ഇടപെടൽ നടത്തുന്നതിനും നികുതി വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ വ്യാപാരികളെ ബോധവൽക്കരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് യഥാസമയം മറുപടി നൽകുന്നതിനും വേണ്ട നടപടികൾ ചരക്കുസേവന നികുതി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ജില്ലാ സംസ്ഥാനതലങ്ങളിൽ ചർച്ച ചെയ്ത് സത്വര പരിഹാരം തേടുന്നതിനായി സംസ്ഥാന ജില്ലാതല GST Facilitation Committee രൂപീകരിച്ച് പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

**ചരക്കു സേവന നികുതിമൂലമുള്ള സംസ്ഥാനത്തിന്റെ നേട്ടവും കോട്ടവും**

10 (*40) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി പ്രാബല്യത്തിലായതോടെ സംസ്ഥാനത്തിന്റെ വികസന നയത്തിന് അനുസൃതമായി നികുതി സമാഹരിക്കാൻ സംസ്ഥാനത്തിനുണ്ടായിരുന്ന പരിമിതമായ അധികാരം കൂടി ഇല്ലാതായത് വികസന പ്രക്രിയയെ ഏതു വിധത്തിൽ ബാധിക്കാനിടയുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തികാധികാരം കവർന്നെടുക്കപ്പെട്ടെങ്കിലും ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ നികുതി തുകയിൽ മെച്ചമുണ്ടാകുമെന്ന് കണക്കാക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) നിലവിലുണ്ടായിരുന്ന വാറ്റ് സമ്പ്രദായത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവന്ന് സംസ്ഥാനത്ത് വില്പന നടത്തിയിരുന്ന ചരക്കിന്റെ നികുതി സംസ്ഥാനത്ത് വിൽക്കുന്ന സമയത്താണ് ഈടാക്കിയിരുന്നതെന്നതിനാൽ ജി.എസ്.ടി. യിൽ ഏതു വിധത്തിലുള്ള അധിക നേട്ടമാണ് ഉണ്ടാകാനിടയുള്ളത്;

(ഡി) സംസ്ഥാനത്തുനിന്ന് കേന്ദ്ര സർക്കാർ പിരിച്ചെടുത്തിരുന്ന കേന്ദ്ര എക്സൈസ് തീരുവ, സേവന നികുതി എന്നിവ മൂല്യ വർദ്ധിത നികുതി തുകയുമായി താരതമ്യം അർഹിക്കാത്ത വിധം കുറവായിരുന്നതിനാൽ സംസ്ഥാനത്ത് നിന്ന് പിരിച്ചെടുക്കുന്ന ആകെ നികുതിയുടെ (ജി.എസ്.ടി.) പകുതി കേന്ദ്ര സർക്കാരിന് നൽകേണ്ടി വരുന്നത് സംസ്ഥാനത്തിനുണ്ടാക്കാവുന്ന നികുതി നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) നേരത്തെ ഉണ്ടായിരുന്ന വിൽപ്പന നികുതിയിൽ നിന്നും ബഹുഭൂരിപക്ഷം ചരക്കുകളും മൂല്യവർദ്ധിത നികുതി സമ്പ്രദായത്തിലേയ്ക്ക് മാറിയതോടുകൂടി നികുതി നിരക്കുകൾ നിർണ്ണയിക്കുന്നതിനുണ്ടായിരുന്ന അധികാരം ഭാഗീകമായി സംസ്ഥാനങ്ങൾക്ക് നഷ്ടമായി. ജി.എസ്.ടി. ഈ പ്രവണതയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്. ധന ഫെഡറലിസത്തിന്റെ തത്വങ്ങൾക്ക് അനുഗുണമായ ഒന്നല്ല ജി.എസ്.ടി. സമ്പ്രദായം. അതേസമയം ഭരണഘടനാ ഭേദഗതിയിലൂടെ ജി.എസ്.ടി. നടപ്പിലാക്കാൻ തീരുമാനിക്കപ്പെട്ട സാഹചര്യത്തിൽ അതിന്റെ ഉള്ളിൽ നിന്നുകൊണ്ട് പരമാവധി സംസ്ഥാന താൽപ്പര്യത്തിന് അനുഗുണമായ തരത്തിൽ ഈ നികുതി സമ്പ്രദായം കൊണ്ടുവരാനുള്ള ശ്രമമാണ് സംസ്ഥാന സർക്കാർ നടത്തിയത്.

സംസ്ഥാന സമ്പദ്ഘടനയുടെ സവിശേഷതമൂലം ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ജി.എസ്.ടി. പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും

സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. കൂടാതെ കേരളത്തിൽ സേവനമേഖല പൊതുവെ അഭൂതപൂർവ്വമായ വളർച്ചയാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ സേവന മേഖലയിലെ നികുതി ഈടാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്നതിലൂടെ സംസ്ഥാനത്ത് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ഈ ആനുകൂല സാഹചര്യം ഉപയോഗപ്പെടുത്തി സംസ്ഥാന സർക്കാരിന്റെ വികസന മുൻഗണനകൾക്ക് അനുസൃതമായി ഇടപെടൽ നടത്താനാണ് ശ്രമിക്കുന്നത്.

ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം 2015-16 ലെ നികുതി പരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേയ്ക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാസ്സാക്കിയിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ തുടക്കത്തിൽ ജി.എസ്.ടി. പ്രതികൂലമായി ബാധിക്കുകയില്ല.

(സി) ജി.എസ്.ടി.-യിൽ വ്യാപാരി മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ചരക്ക് വാങ്ങുമ്പോൾ നൽകുന്ന നികുതി സംസ്ഥാനത്തിനകത്ത് വിൽക്കുന്നതിന് മുൻപ് തന്നെ നേരിട്ട് സംസ്ഥാനത്തിന് ലഭിക്കുന്നു. വ്യാപാരി സംസ്ഥാനത്തിനകത്ത് ചരക്ക് വിൽക്കുന്നതിലുള്ള കാലതാമസം തുടക്കത്തിലെ നികുതിവരുമാനത്തെ ബാധിക്കുന്നില്ല. തുടർന്ന് വില്പന നടത്തുമ്പോൾ ആയതിന്റെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്നു. ഇതിനുപുറമെ ഇ-കൊമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിനുള്ള അന്തർസംസ്ഥാന വാങ്ങൽ എന്നിവ പ്രാപ്യസ്ഥാനതത്ത്വം പ്രകാരം സംസ്ഥാനത്തിന് നികുതി ലഭിക്കും. ജി.എസ്.ടി.-ക്കു മുമ്പ് ഇത് അന്തർസംസ്ഥാന വില്പനയായാണ് പരിഗണിച്ചിരുന്നത്. പ്രസ്തുത നികുതി സംസ്ഥാനത്തിന് ലഭിച്ചിരുന്നില്ല.

(ഡി) സംസ്ഥാനത്ത് ഏറ്റവുമധികം വളർച്ചയുള്ളത് സർവ്വീസ് മേഖലയിലാണ്. ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. സർവ്വീസ് മേഖലയിൽ നിന്നുള്ള അധിക വരുമാനം സംസ്ഥാനത്തിന് വലിയ നേട്ടമുണ്ടാക്കും എന്ന് കരുതുന്നു.

## വൈദ്യുത പദ്ധതികൾ

11 (*41) ശ്രീ. രാജു എബ്രഹാം :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പണി മുടങ്ങിക്കിടന്നിരുന്ന ഏതെല്ലാം വൈദ്യുത പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഉണ്ടാകുന്ന വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് മുടങ്ങിക്കിടന്നിരുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 മെഗാവാട്ട്), തോട്ടിയാർ (40 മെഗാവാട്ട്), ചാത്തൻകോട്ടുനട-2 (6 മെഗാവാട്ട്) എന്നീ ജലവൈദ്യുത പദ്ധതികൾ ഈ സർക്കാരിന്റെ കാലത്ത് പുനഃരാരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 3.6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള വെള്ളത്തുവൽ ചെറുകിട ജലവൈദ്യുത പദ്ധതി 8-8-2016-ൽ കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ, 6 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള പെരുന്തേനരുവി ചെറുകിട ജലവൈദ്യുത പദ്ധതി നിർമ്മാണം പൂർത്തിയാക്കി 3-6-2017 മുതൽ വൈദ്യുത ഉല്പാദനം ആരംഭിച്ചു. ഈ പദ്ധതി ഉടനെ കമ്മീഷൻ ചെയ്യുന്നതാണ്. സ്വകാര്യമേഖലയിൽ എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ 8 MW- ന്റെ പതംങ്കയം ചെറുകിട ജലവൈദ്യുത പദ്ധതി കമ്മീഷൻ ചെയ്യുകയും 4.5 MW-ന്റെ കാരിക്കയം ജലവൈദ്യുത പദ്ധതി (രണ്ടാംഘട്ടം) കെ.എസ്.ഇ.ബി. വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ഉണ്ടാകുന്ന വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനായി കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആകെ 116.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 14 പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതിയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വിനോദസഞ്ചാരമേഖലയിൽ ചരക്കുസേവന മേഖല സൃഷ്ടിച്ചിട്ടുള്ള ആശങ്ക**

12 (*42) ശ്രീ. അനിൽ അക്കര :

ശ്രീ. വി. എസ്. ശിവകുമാർ :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി വിനോദസഞ്ചാര മേഖലയിൽ ആശങ്ക സൃഷ്ടിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടൂർ പാക്കേജുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നികുതി ഈ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) വഞ്ചി വീടുകൾക്കുള്ള പാക്കേജ് നികുതി 28 ശതമാനം ആക്കിയത് പ്രസ്തുത മേഖലയുടെ പുരോഗതിക്ക് വിഘാതമാകുമെന്നത് കണക്കാക്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ ടൂറിസം മേഖലയുടെ ആശങ്ക അകറ്റുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ചരക്കുസേവന നികുതി നിലവിൽ വന്നതിലൂടെ വിനോദസഞ്ചാര മേഖലയ്ക്ക് ഉണ്ടായിട്ടുള്ള ആശങ്കകൾ വിലയിരുത്തുന്നതിനായി ഈ മേഖലയിലെ വിവിധ സംഘടനകളുമായും സംരംഭകരുമായും ചർച്ചകൾ നടത്തി. കണ്ടെത്തിയ വസ്തുതകൾ ഔദ്യോഗികമായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുവേണ്ടി വിശദാംശങ്ങൾ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്. ടൂറിസത്തിനായുള്ള പാർലമെന്ററി സമിതി 2017 ജൂൺ മാസത്തിൽ കേരളത്തിൽ സന്ദർശനം നടത്തിയപ്പോൾത്തന്നെ ചരക്കു സേവന നികുതി സംബന്ധിച്ച് വിനോദസഞ്ചാര മേഖലയുടെ ആശങ്കകൾ ടൂറിസം വകുപ്പ് ഉദ്യോഗസ്ഥരും ടൂറിസം രംഗത്തെ സംഘടനാഭാരവാഹികളും കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## എല്ലാ വീട്ടിലും വൈദ്യുതി

13 (*43) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വീട്ടിലും വൈദ്യുതി എത്തിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനായി നടപ്പിലാക്കിയ പ്രവർത്തനങ്ങളും അതിനായി ചെലവഴിച്ച തുകയും അറിയിക്കാമോ;

(ബി) ഇതിന്റെ അടുത്ത ഘട്ടമായി ഗുണമേന്മയുള്ള വൈദ്യുതി എല്ലാവർക്കും എല്ലായ്പ്പോഴും ലഭ്യമാക്കാനായി പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) ഈ ലക്ഷ്യം മുൻനിർത്തി വൈദ്യുതോല്പാദന രംഗത്ത് വിശേഷിച്ച് പാരമ്പര്യേതര ഊർജ്ജോല്പാദന രംഗത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-ൽ കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി തുടങ്ങി. സെക്ഷൻ ഓഫീസ് വഴിയും ജനപ്രതിനിധികൾ മുഖേനയും കെ.എസ്.ഇ.ബി.-യുടെ കസ്റ്റമർ കെയർ സെന്റർ മുഖേനയും വൈദ്യുതി കണക്ഷനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസരം ഉപഭോക്താക്കൾക്ക് നൽകിയിരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ 1,51,896 പേർ രജിസ്റ്റർ ചെയ്തിരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിന് 174 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഇതിൽ ഒരു മണ്ഡലത്തിൽ പ്രതീക്ഷിക്കുന്ന ചെലവിന്റെ 50% (പരമാവധി ഒരു കോടി രൂപ) എന്ന നിരക്കിൽ 63.82 കോടി രൂപ കെ.എസ്.ഇ.ബി. വഹിക്കാനും ബാക്കിയുള്ള തുക ജനപ്രതിനിധികളും ഫണ്ടുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പട്ടിക ജാതി, പട്ടിക വർഗ്ഗ ക്ഷേമ വകുപ്പുകളുടെയും ഫണ്ടുകൾ, സന്നദ്ധ സംഘടനകളുടെ സഹായ നിധി എന്നിവയിൽ നിന്ന് കണ്ടെത്തുവാൻ തീരുമാനിക്കുകയും തടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. പ്രാഥമിക കണക്കുകൾ പ്രകാരം കണക്ഷനുവേണ്ടി രജിസ്റ്റർ ചെയ്തിരുന്നവരിൽ അറുപത് ശതമാനത്തോളം അപേക്ഷകർ സ്വന്തം വീടിന്റെ വയറിംഗ് ചെയ്യാൻ സാമ്പത്തിക ശേഷിയില്ലാത്തവരായിരുന്നു. കെ.എസ്.ഇ.ബി.യിലെ വിവിധ സംഘടനകൾ, ജീവനക്കാർ, സന്നദ്ധ സംഘടനകൾ, KSPIFC, NSS പോലെയുള്ള സ്ഥാപനങ്ങൾ, മറ്റ് സുമനസ്സുകൾ എന്നിവർ സൗജന്യമായി വയറിംഗ് പ്രവൃത്തികൾ

പൂർത്തീകരിക്കുന്നതിന് സഹായിക്കുകയുണ്ടായി. ഇത്തരത്തിൽ വയറിംഗ് നടപടികൾ സ്വീകരിച്ചിട്ടും ബാക്കിയായ 30,000 ത്തോളം വീടുകളുടെ വയറിംഗ് ജോലികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ട് ഏറ്റെടുത്ത് നിർവ്വഹിക്കുകയുണ്ടായി. ലിമിറ്റഡ് വൈദ്യുതി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിക്കാത്ത പ്രദേശങ്ങളിൽ DDG-Microgrid സംവിധാനത്തിലൂടെ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ വിജയത്തിനായി 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ നൽകാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 1,50,807 വൈദ്യുതി കണക്ഷനുകൾ നല്കിയിട്ടുണ്ട്. ഇതിൽ 1,23,288 കണക്ഷനുകൾ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടേതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 31,414 പേർക്കും പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 17,406 പേർക്കും കണക്ഷനുകൾ നല്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 65 കി.മീ 11 കെ.വി. ഓവർഹെഡ് ലൈനുകളും 40 കി.മീ. 11 കെ.വി. ഭൂഗർഭകേബിളുകളും 3040 കി.മീ. എൽ.റ്റി. ഓവർഹെഡ് ലൈനുകളും 39 കി.മീ. എൽ.റ്റി. ഭൂഗർഭകേബിളുകളും 21 ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചതിന് ചെലവ് ഏകദേശം 170 കോടി രൂപയാണ്.

ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത ഒറ്റപ്പെട്ട കോളനികളിൽ അനെർട്ട് സൗരോർജ്ജ വൈദ്യുതി സംവിധാനം നടപ്പിലാക്കി. ഇതനുസരിച്ച് ഇടുക്കി ജില്ലയിൽ 1620 വീടുകളിൽ സോളാർ ഹോംലൈറ്റിംഗ് സിസ്റ്റം സ്ഥാപിച്ചു. കൂടാതെ വയനാട് ജില്ലയിൽ 12 സ്ഥലത്തും പാലക്കാട് ജില്ലയിൽ 539 വീടുകളിലും സോളാർ ഹോംലൈറ്റിംഗ് സിസ്റ്റം സ്ഥാപിച്ചു. രണ്ട് ലൈറ്റ് യൂണിറ്റ്, ബാറ്ററി, സോളാർ മൊഡ്യൂൾ, ഡി.സി.ടേബിൾ ഫാൻ, മൊബൈൽ ചാർജർ എന്നിവ അടങ്ങുന്ന സംവിധാനമാണിത്. പ്രസ്തുത പദ്ധതികൾക്കായി ഇതുവരെ 6 കോടി 32 ലക്ഷത്തിൽപ്പരം രൂപ ചെലവ് ചെയ്യുകയുണ്ടായി. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി എനർജ് മാനേജ്മെന്റ് സെന്റർ 27.3 ലക്ഷം രൂപ അടങ്കൽ തുകയായി നിശ്ചയിച്ചിട്ടുണ്ട്.

29-5-2017-ന് കേരള മുഖ്യമന്ത്രിയുടെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനത്തിലൂടെ കേരളത്തെ രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) ഇടതടവില്ലാതെ ഗുണമേന്മയുള്ള വൈദ്യുതി എല്ലാവർക്കും ലഭ്യമാക്കുന്നതിന്റെ ഭാഗമായി പുതുതായുള്ള പ്രതിഷ്ഠാപനങ്ങൾ (installation) നിശ്ചിത നിലവാരം (standards) പാലിച്ചുകൊണ്ടാണ് സ്ഥാപിക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. നിലവിലുള്ള ചാലക ശേഷി കുറഞ്ഞതോ ബലം കുറഞ്ഞതോ ആയ വൈദ്യുതി കമ്പികൾ മാറ്റി മെച്ചപ്പെട്ട കമ്പികൾ ഉപയോഗിക്കുക, ജനസാന്ദ്രത കൂടിയതോ വൃക്ഷനിബിഡമോ ആയ സ്ഥലങ്ങളിൽ ആവശ്യമെങ്കിൽ ഓവർ ഹെഡ് ലൈനുകൾ മാറ്റി ABC (Aerial Bunched Cable)/ഭൂഗർഭ കേബിളുകൾ ഉപയോഗിക്കുക എന്നീ പ്രവൃത്തികളും ബോർഡ് നടപ്പാക്കി വരുന്നു. വൈദ്യുതി വിതരണത്തിന്റെ നിലവാരം ഉയർത്തുന്നതിനായി തനത് വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിനായി പുതിയ 11 കെ.വി. ലൈനുകൾ വലിച്ച് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസാക്കി മാറ്റുക തുടങ്ങിയ പ്രവൃത്തികളും നടത്തുന്നുണ്ട്. വൈദ്യുതി വിതരണ ശൃംഖല കാര്യക്ഷമമാക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ High Voltage Distribution System (HVDS) എന്ന സംവിധാനം നടപ്പിലാക്കി വരുന്നു. ഗുണമേന്മയുള്ള വൈദ്യുതി ഗ്രാമ പ്രദേശങ്ങളിൽ ലഭ്യമാക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപദ്ധ്യായ ഗ്രാമ ജ്യോതി യോജനയിൽ System strengthening നായി 83.07 കോടി രൂപയുടെ പ്രവൃത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

പ്രധാന പ്രവൃത്തികൾ (ഡി.ഡി.യു.ജി.ജെ.വൈ.)

| | | |
|---|---|---|
| 1 | 33 കെ.വി.സബ് സ്റ്റേഷൻ | 2 എണ്ണം |
| 2 | 33 കെ.വി. സബ് സ്റ്റേഷൻ വിപുലീകരണം | 6 എണ്ണം |
| 3 | 33 കെ.വി. ലൈൻ | 17 കി.മി. |
| 4 | 11 കെ.വി. ലൈൻ | 496.1 കി.മീ. |
| 5 | 11 കെ.വി. ഏരിയൽ ബഞ്ച്ഡ് കണ്ടക്ടർ | 156 കി.മീ. |

നഗരപ്രദേശങ്ങളിൽ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിനായി സംയോജിത ഊർജ്ജ വികസന പദ്ധതി (ഐ.പി.ഡി.എസ്.)-യിൽ 592.07 കോടി രൂപയുടെ വിവിധ പ്രവൃത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

പ്രധാന പ്രവൃത്തികൾ (ഐ.പി.ഡി.എസ്.)

| | | |
|---|---|---|
| 1 | 33 കെ.വി. സബ് സ്റ്റേഷൻ | 2 |
| 2 | 66 കെ.വി. ജി.ഐ.എസ്. സബ് സ്റ്റേഷൻ | 1 എണ്ണം |
| 3 | 33 കെ.വി. ലൈൻ | 8 കി.മീ. |
| 4 | 11 കെ.വി. ലൈൻ | 327 കി.മീ. |
| 5 | 11 കെ.വി. ഭൂഗർഭ കേബിൾ | 192 കി.മീ. |
| 6 | ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ | 800 എണ്ണം |
| 7 | സോളാർ പാനലുകൾ | 5.48 മെഗാ വാട്ട് |

(സി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി പാരമ്പര്യേതര ഊർജ്ജ ഉല്പാദന പദ്ധതികളിലൊന്നായ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആകെ 116.5 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 14 പുതിയ ചെറുകിട ജലവൈദ്യുതി പദ്ധതികൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. നിർമ്മാണം നടന്നുവരുന്ന 6 ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തിയാകുന്നതുവഴി 65 മെഗാവാട്ട് സ്ഥാപിത ശേഷി ലഭിക്കുന്നതാണ്. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

ഈ സർക്കാരിന്റെ കാലത്ത് പാരമ്പര്യേതര ഊർജ്ജ മേഖലയിൽ 80.523 മെഗാവാട്ടിന്റെ പദ്ധതികൾ പൂർത്തീകരിച്ചു.

വൈദ്യുതി എത്തിയിട്ടില്ലാത്ത ഉൾനാടൻ ഗ്രാമങ്ങൾ, വനാന്തര മേഖലകൾ, ഒറ്റപ്പെട്ട മേഖലകളിൽ വസിക്കുന്ന ജനവിഭാഗങ്ങൾ എന്നിവരെ സോളാർ പാനൽ ഉപയോഗിച്ച ഗ്രിഡ് ബന്ധിതമല്ലാത്ത സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.ഇ.ബി.എൽ. ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ അനെർട്ട് വൈദ്യുത വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന സോളാർ കണക്ട്, ബാറ്ററി ശേഷിയോടുകൂടി വരുന്ന സോളാർ സ്മാർട്ട്, പതിനായിരം സൗരമേൽക്കൂര എന്നിവ ഇതിൽ ഉൾപ്പെടുന്നു.

വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്ന സോളാർ കണക്ട് പദ്ധതിയിലൂടെ 8.4 സ്ഥാപിതശേഷിയും ബാറ്ററി ശേഷിയോടുകൂടിവരുന്ന പദ്ധതികളിലൂടെ 13.38 മെഗാവാട്ട് സ്ഥാപിതശേഷിയും കൈവരിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്റർ മുഖാന്തരം നടപ്പിലാക്കാനുദ്ദേശിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കക്കടാംപോയിൽ - 21 MW
2. കീഴാർകുന്ന് - 20 MW
3. പോരുലോ ഹെഡ് - 16 MW

കൂടാതെ 20 ചെറുകിട ജല വൈദ്യുത പദ്ധതികളും ആരംഭിക്കുന്നതിനായി ലക്ഷ്യമിടുന്നു.

**ചരക്ക് സേവന നികുതിയുടെ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കാൻ നടപടി**

14 (*44) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ബാബു :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നടപ്പാക്കുന്നതുവഴി സർക്കാരിനും ഉപഭോക്താവിനും വ്യവസായ മേഖലയ്ക്കും ഏതൊക്കെ തരത്തിലുള്ള പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നികുതി നിയമം പ്രാബല്യത്തിലായി ഒരു മാസത്തിലേറെയായിട്ടും ഇവയിലേതെങ്കിലും ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കുണ്ടായ നികുതി നഷ്ടവും നികുതിദായകരിൽ നിന്ന് ഈടാക്കുന്ന അധികതുകയും വ്യവസായികളും വ്യാപാരികളും അനധികൃതമായി കൈക്കലാക്കുന്നത് തടയുന്നതിന് കേന്ദ്ര സർക്കാരിന് സാധ്യമായതായി കരുതുന്നുണ്ടോ;

(ഡി) ഇക്കാര്യത്തിൽ ജനങ്ങളുടെ താൽപര്യം സംരക്ഷിക്കാനായി അടിയന്തരമായി ഇടപെടാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ കേന്ദ്രസർക്കാർ ചുമത്തിവരുന്ന കേന്ദ്ര എക്സൈസ് നികുതി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, സേവന നികുതി തുടങ്ങിയവയും സംസ്ഥാനങ്ങൾ ചുമത്തിവരുന്ന മൂല്യവർദ്ധിതനികുതി, കേന്ദ്രവില്പന നികുതി, ലോട്ടറി നികുതി തുടങ്ങിയവയും ഏകോപിപ്പിക്കുന്ന നികുതി വ്യവസ്ഥയാണ് ചരക്ക് സേവന നികുതി. നികുതിക്കുമേൽ നികുതി എന്ന അവസ്ഥ ഏതാണ്ട് പൂർണ്ണമായും

ഒഴിവാകുന്നതാണ്. സാധനങ്ങളുടെ ഉല്പാദനത്തിൻമേലും വില്പനയിൻമേലുമുള്ള നികുതികൾ ഏകീകരിക്കപ്പെടുന്നതിനാൽ ഇന്ത്യ ഒറ്റക്കമ്പോളമായി മാറുകയും നികുതിക്കുമേൽ നികുതിയില്ലാത്തതുകൊണ്ട് എല്ലാ സപ്ലൈയിലും നൽകുന്ന നികുതി ഇൻവോയിസിൽ നിന്നും വ്യക്തമായി മനസ്സിലാക്കാനാകുമെന്നതിനാൽ ഈ നികുതി വ്യവസ്ഥ വളരെ സുതാര്യമാണ്. ഇത് വ്യാപാര സ്ഥാപനങ്ങൾ തമ്മിലുള്ള മത്സരം വർദ്ധിപ്പിക്കാൻ സഹായിക്കുകയും ഉപഭോക്താക്കൾക്ക് ഗുണപ്രദമാവുകയും ചെയ്യുമെന്നതാണ് പ്രതീക്ഷ.

ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണെന്ന് കരുതപ്പെടുന്നു. ഇതിനുപുറമെ, സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ്, ഫിനാൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നായതിനാൽ കേരളം നേട്ടം പ്രതീക്ഷിക്കുന്നു. ജി.എസ്.ടി.യിൽ ആദ്യത്തെ സമ്പൂർണ്ണ റിട്ടേൺ സമർപ്പിക്കുന്നതിന് സെപ്റ്റംബർ 10 വരെ വ്യാപാരികൾക്ക് സാവകാശം നൽകിയിട്ടുണ്ട്. ഈ റിട്ടേൺ സമർപ്പിക്കുന്ന മുറയ്ക്കു മാത്രമേ നികുതി വരുമാനത്തെ സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ. ജി.എസ്.ടി. നടപ്പാക്കുമ്പോൾ നികുതി നഷ്ടം ഉണ്ടായാൽത്തന്നെ 2015-16 അടിസ്ഥാന വർഷമായി കണക്കാക്കി 14%-ൽ താഴെയാണ് വളർച്ചാ നിരക്കെങ്കിൽ അത് കേന്ദ്രസർക്കാർ നികത്തി നൽകുന്നതാണ്. വരുന്ന അഞ്ച് വർഷത്തേയ്ക്കാണ് ഈ ആനുകൂല്യം. അന്തർസംസ്ഥാന കൈമാറ്റങ്ങളിൽ നൽകിയ നികുതി, വാങ്ങിയ വ്യാപാരിക്ക് അവർ തുടർ വല്പന നടത്തുമ്പോൾ ക്രെഡിറ്റ് എടുക്കാവുന്നതാണ്.

(ബി) ജി.എസ്.ടി. സമ്പ്രദായം അതിന്റെ പ്രാരംഭഘട്ടത്തിലാണ്. നേരത്തെ സംസ്ഥാനാതിർത്തിക്കുള്ളിൽ ഒതുങ്ങി നിന്ന മൂല്യ വർദ്ധിത നികുതി സമ്പ്രദായം വിപുലമായ ഇന്ത്യൻ വിപണിയിൽ ആകെ ബാധകമാകുന്ന തരത്തിലുള്ള നികുതി സംവിധാനമായി മാറുകയാണ്. ഈ വിപുലമായ മാറ്റത്തിന്റെ അന്തരാള ഘട്ടത്തിലാണ് രാജ്യം. ജി.എസ്.ടി. ഭരണസമ്പ്രദായത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായ ജി.എസ്.ടി. നെറ്റ്‌വർക്ക് പൂർണ്ണതോതിൽ നടപ്പിലായി വരുന്നതേയുള്ളൂ. ജി.എസ്.ടി. ജൂലൈ 1 മുതലാണ് നടപ്പിലാക്കിയത്. വ്യാപാരികൾ ജൂലൈ മാസത്തെ പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള കാലാവധി സെപ്റ്റംബർ 10 വരെ നീട്ടിക്കൊടുത്തിട്ടുണ്ട്. റിട്ടേൺ ഫയൽ ചെയ്തതിനുശേഷം മാത്രമേ നികുതി വരുമാനത്തെക്കുറിച്ചുള്ള കണക്കുകൾ ലഭ്യമാവുകയുള്ളൂ. അതിനാൽ ഇത് സംബന്ധിച്ച ഒരു പൂർണ്ണ വിലയിരുത്തൽ ഇപ്പോൾ സാധ്യമല്ല.

(സി&ഡി) ജി.എസ്.ടി. നടപ്പാക്കിയിട്ടുള്ള എല്ലാ രാജ്യങ്ങളിലും വിലക്കയറ്റം പ്രകടമായിട്ടുണ്ട്. വിവിധ നികുതികൾ ചേരുന്ന ആകെ നികുതി ഭാരം ചരക്കുസേവന നികുതി സമ്പ്രദായത്തിൽ കുറയുമെങ്കിലും ഇത്തരത്തിൽ കുറവ് വരുന്ന നികുതിയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള വൻകിട കമ്പനികളുടെയും വിതരണക്കാരുടെയും ത്വരയാണ് ഇത്തരത്തിലുള്ള വിലക്കയറ്റത്തിന് കാരണമാകുന്നത്. ഈ വസ്തുത കേരളം ജി.എസ്.ടി. കൗൺസിലിൽ ആവർത്തിച്ച് ചൂണ്ടിക്കാണിക്കുകയും ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിക്കുവേണ്ടി ഉറച്ച നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി നിരക്കുകൾ നിർണ്ണയിക്കുന്ന ഘട്ടത്തിൽ കൗൺസിലിൽ കേരളം ചൂണ്ടിക്കാണിച്ച ഈ ആശങ്ക യാഥാർത്ഥ്യമാകുന്നതാണ് നാം കാണുന്നത്. ഓരോ ചരക്കിന്റെയും നിലവിലുള്ള നികുതിഭാരവും ജി.എസ്.ടി. വരുമ്പോഴു ണ്ടാകുന്ന കുറവും കണക്കാക്കി അത് പ്രസിദ്ധപ്പെടുത്തണമെന്നും ഓരോ ചരക്കിന്റെയും ടാക്സ് ഇൻസിഡൻസ് കാണിക്കുന്ന മാട്രിക്സ് സംസ്ഥാനങ്ങൾക്ക് കൈമാറണമെന്നും ജി.എസ്.ടി. കൗൺസിലിൽ കേരളം നിരന്തരം ആവശ്യപ്പെട്ടുപോന്നതാണ്. ഇത് ലഭിക്കാതിരുന്നിട്ടും 100 ഉൽപന്നങ്ങളുടെ നികുതിയിൽ ഉണ്ടാകുന്ന കുറവ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

കേന്ദ്രതലത്തിൽ ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിയും സംസ്ഥാന തലത്തിലെ സമിതികളും യഥാസമയം രൂപീകരിക്കണമെന്നും സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചു. ജി.എസ്.ടി. നടപ്പാക്കിയതിലൂടെ വളരെയധികം ചരക്കുകളുടെ നികുതി നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും നികുതിക്കുറവിന്റെ ആനുകൂല്യം ലഭിച്ച പല ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ പ്രോഡക്ട്സും വിലകുറയ്ക്കാതെ അമിതലാഭം കൈയടക്കുന്ന പ്രവണത വിപണിയൽ ദൃശ്യമാണ്. 2017 ജൂൺ 30-ന് വിൽപ്പനക്കാരുടെ കൈയിൽ സ്റ്റോക്ക് ഉണ്ടായിരുന്ന ചരക്കുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കിട്ടുന്നതുസംബന്ധിച്ച ആശയക്കുഴപ്പവും വിപണിയിൽ പ്രതിഫലിച്ചു.

സംസ്ഥാനത്തിനകത്തും ഇതിന്റെ അനുകരണങ്ങൾ ഉണ്ടായിട്ടുണ്ട്. നികുതി പൂർണ്ണമായും ഇല്ലാതാകുന്ന കോഴിക്ക് വില കയറുന്ന സ്ഥിതിവന്നു. വൻകിട കോഴി ഏജന്റുമാർ 'കാർട്ടൽ' പോലെ പ്രവർത്തിച്ച് നികുതിയിൽ ഉണ്ടായ ഇളവ് ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള നീക്കത്തിന്റെ ഫലമായിരുന്നു ഇത്. ഇതിനെതിരെ സംസ്ഥാന സർക്കാർ ഉറച്ച നിലപാട് സ്വീകരിച്ചു. അനിയന്ത്രിതമായി വില കയറുന്നതിനുള്ള പ്രവണതയ്ക്ക് ഒരു പരിധി വരെ കടിഞ്ഞാൺ ഇടാൻ ഇതുമൂലം കഴിഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നികുതി നിരക്കിൽ വന്ന ഇളവുകൾ ഉടനടി തന്നെ പ്രാബല്യത്തിൽ വരുത്തുകയും കോർപ്പറേഷൻ വഴി വിൽക്കുന്ന ചരക്കുകൾക്ക് വിലക്കുറവ് പ്രഖ്യാപിക്കുകയും ചെയ്തു. ജി.എസ്.ടി.-യുടെ പ്രാരംഭഘട്ടത്തിൽ ചില അവ്യക്തതകൾ വ്യാപാരി സമൂഹത്തിന് ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കു കയുണ്ടായി. ഈ പരാതികൾ പരിഹരിക്കുന്നതിനായി വ്യാപാരി വ്യവസായികളുടെ സംഘടനകളെ വിളിക്കുകയും ജി.എസ്.ടി.യിലൂടെ ലഭിക്കുന്ന നികുതി നിരക്കിന്റെ കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

സംസ്ഥാനത്തിന് പുറത്ത് നിന്നും വാങ്ങുന്ന ചരക്കുകൾക്കും സേവനങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണ്. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ നികുതി നിരക്കിൽ വന്നിട്ടുള്ള കുറവും ഇൻപുട്ട് ടാക്സിന്റെ പ്രയോജനവും കണക്കിലെടുത്ത് അവശ്യവസ്തുക്കൾക്ക് വിലക്കുറവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് നിരീക്ഷിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതാണ്. ജി.എസ്.ടി.-യുടെ മറവിലുള്ള വിലക്കയറ്റം നിയന്ത്രിക്കാനുള്ള ശക്തമായ നടപടികൾ കേന്ദ്ര സർക്കാരും സ്വീകരിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെടുകയാണ്. ജി.എസ്.ടി. നിയമത്തിൽ (171) വകുപ്പ് പ്രകാരം ആന്റി-പ്രോഫിറ്ററിംഗ് അതോറിറ്റി രൂപീകരിക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. വിതരണം ചെയ്യപ്പെടുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്കിലെ കുറവും വ്യാപാരികൾക്ക് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുപാതിക ആനുകൂല്യവും ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിക്കുകയാണ് അതോറിറ്റിയുടെ ലക്ഷ്യം. ഒരു ചെയർമാനും നാല് ടെക്നിക്കൽ അംഗങ്ങളും ചേർന്നതാണ് അതോറിറ്റി. ഇതിനുപുറമേ ആന്റി പ്രോഫിറ്ററിംഗ് പരിശോധിക്കാനുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയും സംസ്ഥാനതലത്തിൽ സ്ക്രീനിംഗ് കമ്മിറ്റികളും ഉണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ലഭിക്കുന്ന പരാതികൾ പരിശോധിച്ച് നികുതി കുറവിന്റെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുകൂല്യം ഉപഭോക്താവിന് കൈമാറിയില്ലെങ്കിൽ നടപടികൾ സ്വീകരിക്കാൻ അതോറിറ്റിക്ക് റിപ്പോർട്ട് നൽകാവുന്നതാണ്. സംസ്ഥാനതലത്തിൽ സ്ക്രീനിംഗ് കമ്മിറ്റികൾ പരിശോധിച്ച് ശിപാർശകൾ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകുന്നതാണ്. സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നികുതി കുറവിന്റെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറിയില്ലെങ്കിൽ താഴെ പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

1. വിലയിൽ കുറവു വരുത്താൻ ഉത്തരവ് നൽകാം.

2. ഉപഭോക്താവിന് കൈമാറ്റം ചെയ്യപ്പെടാത്ത ആനുകൂല്യങ്ങൾ 18 ശതമാനം പലിശ നിരക്കിൽ ഉപഭോക്താവിന് നൽകുവാനുള്ള ഉത്തരവുകൾ നൽകാം. ഇതിനു പുറമേ പിഴയും ജി.എസ്.ടി. രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുമുള്ള ഉത്തരവ് നൽകാം. അതോറിറ്റിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

**വിനോദസഞ്ചാര നയം**

15 (*45) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വിനോദസഞ്ചാര നയം ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത നയത്തിൽ ഈ മേഖലയുടെ വികസനത്തിനും വളർച്ചയ്ക്കും എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നയം പ്രഖ്യാപിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2012-ൽ ആവിഷ്കരിച്ച നിലവിലെ ടൂറിസം നയത്തിന്മേൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയും പുതുതായി വേണ്ടുന്നത് ഉൾപ്പെടുത്തിയും ടൂറിസം മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പുതിയ ടൂറിസം നയം രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ടൂറിസം മേഖലയുടെയും അനുബന്ധ മേഖലകളുടെയും സമഗ്ര വികസനം, ടൂറിസം രംഗവുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമം, കൂടുതൽ തൊഴിൽ സാധ്യത, പരിസ്ഥിതി സൗഹൃദ ടൂറിസം വികസനം, ഹോസ്പിറ്റാലിറ്റി, ഉത്തരവാദിത്ത ടൂറിസം പ്രോത്സാഹിപ്പിക്കുക എന്നിവയും ആധുനികവും നൂതനവുമായ മാർഗ്ഗങ്ങൾ ഉപയോഗപ്രദമാക്കിയുള്ള വിപണനം, പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തൽ, സാഹസിക വിനോദസഞ്ചാര പദ്ധതികൾ, യുവ സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികൾ തുടങ്ങിയവയാണ്. പുതിയ ടൂറിസം നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. പൊതു സ്വകാര്യ പങ്കാളിത്തവും, നിക്ഷേപവും പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യവും പരിഗണിക്കുന്നതാണ്.

(ബി) കേരളത്തിനെ ലോകോത്തര നിലവാരത്തിലുള്ള വിനോദസഞ്ചാര കേന്ദ്രമാക്കുവാനുള്ള നടപടികളുടെ ഭാഗമായി നിലവിലെ പരിസ്ഥിതിക്ക് കോട്ടം വരാതെ ആധുനിക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള അടിസ്ഥാന വികസന സൗകര്യങ്ങൾ നടപ്പിലാക്കുക, കേരളത്തിന്റെ പൈതൃക മൂല്യം പുനരുജ്ജീവിപ്പിക്കും വിധമുള്ള വിനോദസഞ്ചാര വികസന പദ്ധതികൾ തുടങ്ങിയ ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയുള്ള താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

1. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

2. വിനോദസഞ്ചാരികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.

3. പാരിസ്ഥിതിക പരിഗണനകൾക്ക് മുൻതൂക്കം നൽകിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻഗണന നൽകുക.

4. പ്രാദേശിക തലത്തിലുള്ള വിനോദസഞ്ചാര വികസന പദ്ധതികൾ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

5. യുവ സഞ്ചാരികളെ ആകർഷിക്കുന്നതിനായി സാഹസിക വിനോദ സഞ്ചാരത്തിന് പ്രത്യേക ഊന്നൽ നൽകുക.

6. ലോക വിനോദസഞ്ചാര ഭൂപടത്തിൽ കേരളത്തെ ആഗോള ബ്രാൻഡായി വികസിപ്പിക്കുക.

7. വിപണനത്തിന് ആധുനികവും, നൂതനവുമായ മാർഗ്ഗങ്ങളും, നൂതന സാങ്കേതികവിദ്യയുടെ പ്രയോജനപ്പെടുത്തലും ഉൾപ്പെടുത്തുക.

8. ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും കേരളത്തിന്റെ വിപണി വിഹിതം ഗണ്യമായി വർദ്ധിപ്പിക്കൽ

9. ഉത്തരവാദിത്ത ടൂറിസം മിഷൻ

10. യുവ സംരംഭകർക്ക് പ്രോത്സാഹനം

11. വനിതാ സംരംഭങ്ങൾക്ക് പ്രാതിനിധ്യം

12. നൂതന ടൂറിസം ഉൽപ്പന്നങ്ങൾ

13. ടൂറിസം കേന്ദ്രങ്ങളിൽ ബാല സൗഹൃദ പ്രവർത്തനങ്ങൾ

14. ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കൽ

15. ലാന്റ് ബാങ്ക് രൂപീകരണം

(സി) ഇതിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

## സഹകരണ സംഘങ്ങളുടെ ശക്തിപ്പെടുത്തലും നവീകരണവും

16 (*46) ശ്രീ. കെ. ദാസൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കറൻസി നിരോധനം നടപ്പിലാക്കി ഡിജിറ്റൽ ബാങ്കിംഗ് ഇടപാടിന് സാധാരണക്കാരെ നിർബന്ധിതരാക്കുകയും അത്തരം ഇടപാടുകൾക്ക് സർവ്വീസ് ചാർജ്ജ് ചുമത്തി ഇടപാടുകാരെ ചൂഷണം ചെയ്യുകയും സാധാരണക്കാരുടെ ആശ്രയമായ സഹകരണ സ്ഥാപനങ്ങളെ ഇല്ലാതാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ നിന്നും സാധാരണക്കാർക്ക് ആശ്വാസം നൽകുന്ന വിധത്തിൽ സഹകരണ മേഖലയെ ശക്തിപ്പെടുത്താനായി നടത്തിയ ഇടപെടലുകൾ അറിയിക്കുമോ;

(ബി) കള്ളപ്പണ ഇടപാടുകാർക്കുവേണ്ടിയുള്ള സ്ഥാപനങ്ങൾ എന്നു റിപ്പോർട്ട് ചെയ്യപ്പെട്ട പുതുതലമുറ ബാങ്കുകളിലെ ഇടപാടുകൾക്കുനേരെ കണ്ണടച്ചുകൊണ്ട് സഹകരണ സംഘങ്ങളിലെ ഇടപാടുകാരെ അകറ്റുക എന്ന ലക്ഷ്യത്തോടെ ആദായ നികുതി വകുപ്പ് നടത്തുന്ന അന്യായ ഇടപെടലുകൾ അവസാനിപ്പിക്കാൻ ആവശ്യപ്പെടുമോ;

(സി) സഹകരണ സ്ഥാപനങ്ങളെ സാങ്കേതികമായി നവീകരിക്കാൻ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കുമോ?

### ഉത്തരം

(എ) എല്ലാ സഹകരണ സംഘങ്ങൾക്കും ഒറ്റ സോഫ്റ്റ്‌വെയർ അഥവാ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളേയും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനത്തിൻ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. 31-3-2017 നകം എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗ് നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയത് നടപ്പാക്കുന്നതിന് 2016-17-ൽ ആകെ 26 സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

ജില്ലാ സഹകരണ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കിലും പൊതുമേഖല ബാങ്കുകളിൽ ലഭ്യമാകുന്ന ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനങ്ങളായ RTGS, NEFT എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ഏകദേശം 35 ശതമാനത്തോളം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും (PACS) 45 അർബൻ സഹകരണ ബാങ്കുകളിലും കോർ ബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോർ ബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിനനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

(ബി) 1961-ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ആദായ നികുതി വകുപ്പ് അധികൃതരുടെ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത 7460/2013 നമ്പർ സിവിൽ അപ്പീൽ (SLP 3976/2010) തീർപ്പാക്കി 27-8-2013-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായനികുതി വകുപ്പിന്റെ അധികാരം ശരിവച്ചിട്ടുണ്ട്.

(സി) സഹകരണ മേഖലയെ നവീകരിക്കുന്നതിനായി 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നത് സംബന്ധിച്ച Expert Committee റിപ്പോർട്ടിന്മേൽ പ്രായോഗിക നടപടികൾ സ്വീകരിക്കുന്നതിന് ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും, ഒരു ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനും, ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും ഒരു കോമൺ പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്നതിനുമുള്ള സാദ്ധ്യതകൾ സർക്കാർ പരിശോധിച്ചുവരികയാണ്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിനുമായി 25 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

### കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

17 (*47) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യ്ക്ക് പ്രവാസിചിട്ടി നടത്തുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ അനുമതി നൽകിയിട്ട് പ്രസ്തുത ചിട്ടി നാളിതുവരെ തുടങ്ങുവാൻ സാധിയ്ക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) പ്രവാസിചിട്ടി നടത്തുന്നതിന് കെ.എസ്.എഫ്.ഇ. കെട്ടിവയ്ക്കേണ്ട സെക്യൂരിറ്റി തുക കിഫ്ബിയിലേക്ക് നിക്ഷേപിയ്ക്കുമെന്ന് ധനമന്ത്രി നൽകിയ ഉറപ്പ് പാലിക്കുന്നതിനുവേണ്ടി നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) കെ.എസ്.എഫ്.ഇ.-യ്ക്ക് പ്രവാസിചിട്ടി വഴി ലഭിയ്ക്കുന്ന തുക മുഴുവനും കിഫ്ബിയിലേക്ക് നിക്ഷേപിക്കുവാൻ, കേന്ദ്ര ചിട്ടി നിയമത്തിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശമുണ്ടോ; ഇല്ലെങ്കിൽ ഈ തുക കിഫ്ബിയിലേക്ക് നിക്ഷേപിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2015 മാർച്ച് 2-ാം തീയതിയിലെ നോട്ടിഫിക്കേഷൻ പ്രകാരം ഇന്ത്യയിൽ നടത്തുന്ന ചിട്ടികളിൽ വരിക്കാരാകുന്നതിനും അതിലേയ്ക്കുള്ള പണം ബാങ്കുകൾ വഴി അടയ്ക്കുന്നതിനും വിദേശ ഇന്ത്യാക്കാർക്ക് സാധ്യമാകുന്ന വിധത്തിൽ ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്ടിൽ (FEMA) റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഭേദഗതി വരുത്തുകയുണ്ടായി. അതിൻപ്രകാരം വിദേശ ഇന്ത്യാക്കാരിൽ നിന്നും ചിട്ടി വരിസംഖ്യ സ്വീകരിക്കാൻ കെ.എസ്.എഫ്.ഇ.യ്ക്ക് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ ചിട്ടി തുടങ്ങുന്നതിന് കേന്ദ്ര ചിറ്റ് ഫണ്ട് ആക്ടിലെ ചില ചട്ടങ്ങളിൽ റിസർവ് ബാങ്കിന്റെ അനുമതിയോടെ ഇളവ് വരുത്തേണ്ടത് അനിവാര്യമായതിനാൽ ഇത് സംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പ്, കെ.എസ്.എഫ്.ഇ., കിഫ്ബി എന്നിവരുമായി കൂടിയാലോചനകൾ നടന്നുവരുന്നു.

(ബി&സി) കെ.എസ്.എഫ്.ഇ. കിഫ്ബിയുമായി സഹകരിച്ച് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പ്രവാസി ചിട്ടിയുടെ സെക്യൂരിറ്റി തുക നിലവിലെ വ്യവസ്ഥ പ്രകാരം കിഫ്ബിയുടെ ഗവൺമെന്റ് ഗ്യാരണ്ടിയുള്ള സെക്യൂരിറ്റികളിൽ നിക്ഷേപിക്കാൻ ചിട്ടിയുടെ ആരംഭത്തിൽ ലഭിക്കുന്ന ചിട്ടി തുകയേക്കാൾ 50% കൂടുതൽ പണം കെ.എസ്.എഫ്.ഇ. കണ്ടെത്തേണ്ടതായി വരും. ആയതിനാൽ റിസർവ് ബാങ്കിന്റെ അനുമതിയോടെ ഈ വ്യവസ്ഥ ഇളവ് ചെയ്യേണ്ടത് അനിവാര്യമാണ്. ഇത് സംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പ്, കെ.എസ്.എഫ്.ഇ., കിഫ്ബി എന്നിവരുമായി കൂടിയാലോചനകൾ നടന്നുവരുന്നു. പ്രസ്തുത ഇളവിനായി നിയമ ഭേദഗതി ആവശ്യമില്ല.

നിലവിലെ കേന്ദ്ര ചിറ്റ് ഫണ്ട് ആക്ട് സെക്ഷൻ 14(1) (സി), ഇൻഡ്യൻ ട്രസ്റ്റ് ആക്ട് സെക്ഷൻ 20 (എ) എന്നിവ പ്രകാരം ചിട്ടി വഴി സമാഹരിക്കുന്ന തുകകൾ സംസ്ഥാന സർക്കാർ നിരുപാധികം ഗ്യാരണ്ടി ചെയ്യുന്ന ട്രസ്റ്റി സെക്യൂരിറ്റികളിൽ നിക്ഷേപിക്കാവുന്നതാണ്.

## കെ.എസ്.ഇ.ബി.-യിലെ വിവരസാങ്കേതിക വിദ്യാ സംവിധാനങ്ങൾ

18 (*48) ശ്രീമതി സി. കെ. ആശ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ നടപ്പിലാക്കിയിട്ടുള്ള വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിന് ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) വൈദ്യുതി അപകടങ്ങൾ റിപ്പോർട്ട് ചെയ്യാനും സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യതയും അവസ്ഥയും വിലയിരുത്തി തുടർനടപടി കൈക്കൊള്ളാനും സംവിധാനമുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ താഴെ പറയുന്ന വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളിലെയും എൽ.റ്റി. ഉപഭോക്താക്കളുടെ ബില്ലിംഗ്, കളക്ഷൻ, അക്കൗണ്ടിംഗ് എന്നിവ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു. കൂടാതെ എല്ലാ എച്ച്.റ്റി./ഇ.എച്ച്.റ്റി. ഉപഭോക്താക്കളുടെ ബില്ലിംഗ്, കളക്ഷൻ, അക്കൗണ്ടിംഗ് എന്നിവയും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു.

2. എല്ലാ എൽ.റ്റി. വൈദ്യുതി ഉപഭോക്താക്കൾക്കും ഏതൊരു സെക്ഷൻ ഓഫീസിൽ നിന്നും ബില്ലുകൾ അടയ്ക്കാനുള്ള സൗകര്യം, ഇന്റർനെറ്റ് വഴി വൈദ്യുതി ബിൽ തുക അടയ്ക്കുന്നതിനുള്ള സൗകര്യം മുതലായവ ലഭ്യമാക്കി.

3. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും കെ.എസ്.ഇ.ബി.എൽ.-ന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ് ബാങ്കിങ്ങിലൂടെയും, വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

4. കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ്ജ് സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.

5. കെ.എസ്.ഇ.ബി.എൽ.-ന്റെ മുഴുവൻ അക്കൗണ്ടിംഗ് സംവിധാനവും SARAS സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സെക്ഷൻ ഓഫീസ് മുതൽ കോർപ്പറേറ്റ് ഓഫീസ് വരെ എല്ലാ അക്കൗണ്ടിങ്ങും ഇതുവഴിയാണ് ചെയ്യുന്നത്.

6. മാനവവിഭവശേഷി വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം ഹ്യൂമർ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം മുഖേന നടപ്പിലാക്കി.

7. മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കി.

8. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ പുനഃസംഘടിപ്പിച്ച ത്വരിത ഊർജ്ജിത ഊർജ്ജ വികസന നവീകരണ പദ്ധതിയുടെ (ആർ.എ.പി.ഡി.ആർ.പി.) പാർട്ട്-എ യുടെ ഭാഗമായുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ് വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം), ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ നടപ്പിലാക്കി.

9. ഉപഭോക്താക്കൾക്ക് സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും ഉള്ള സേവനം, ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ വഴി നൽകി വരുന്നു. ടോൾ ഫ്രീ നമ്പരായ 1912 അല്ലെങ്കിൽ 0471-255544 എന്ന ടെലിഫോൺ നമ്പർ വഴിയും ഇ-മെയിൽ വഴിയും ഈ വിഭാഗവുമായി ബന്ധപ്പെടാൻ കഴിയും.

10. ഇ-ടെണ്ടർ സംവിധാനം മുഖേന 5 ലക്ഷം വരെയുള്ള ടെണ്ടർ നടപടികൾ കമ്പ്യൂട്ടർവൽക്കരിച്ചു.

11. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിവരുന്നു. ഇപ്പോൾ 28-ഓളം ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ട്.

12. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്, മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി നടപ്പിലാക്കി.

13. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ്-ദൂത്' പദ്ധതി നടപ്പിലാക്കി.

14. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.

15. പുതിയ കണക്ഷന് വേണ്ടി ഉപഭോക്താക്കളിൽ നിന്ന് ഓൺലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം നടപ്പിലാക്കി.

16. വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തി.

17. പേ.ടി.എം. (പേ ത്രൂ മൊബൈൽ), എം-പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം.

18. അപ്ലാ സി.എസ്.സി. എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.

19. WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.

20. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസിലില്ലാത്തപ്പോൾ പോലും ഉപഭോക്തൃ സേവനത്തിനുവേണ്ടിയും മറ്റൗദ്യോഗി കാവശ്യങ്ങൾക്ക് വേണ്ടിയും ഒരുമ നെറ്റ് ബില്ലിംഗ് സോഫ്റ്റ് വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ.

(ബി) ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തുടക്കമെന്ന നിലയിൽ ചീഫ് എൻജിനീയർ (ട്രാൻസ്മിഷൻ-നോർത്ത്), കോഴിക്കോട് ഓഫീസിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തി. ഇപ്പോൾ 28-ഓളം ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ട്.

(സി) ഉണ്ട്, സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യതയും അവസ്ഥയും വിലയിരുത്തി തുടർനടപടികൾ കൈക്കൊള്ളുന്നതിനും വൈദ്യുതി അപകടങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും മറ്റുമായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഐ.ടി. വിഭാഗം രൂപകൽപ്പന ചെയ്ത സ്മാർട്ട് (SMART- Safety Monitoring And Reporting Tool) എന്ന ഒരു വെബ് അധിഷ്ഠിതമായ ആപ്ലിക്കേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

കേരളത്തിൽ എവിടെയുമുണ്ടാകുന്ന വൈദ്യുതി അപകടങ്ങൾ ഈ ആപ്ലിക്കേഷന്റെ സഹായത്തോടെ ഒരു സർവറിൽ രേഖപ്പെടുത്തുന്നതിനും തത്സമയം തന്നെ ബോർഡിലെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർക്ക് ഈ വിവരങ്ങൾ പരിശോധിക്കുന്നതിനും അവരുടെ നിർദ്ദേശങ്ങൾ രേഖപ്പെടുത്തുന്നതിനും തുടർനടപടികൾ കൈക്കൊള്ളുന്നതിനും ഈ ആപ്ലിക്കേഷനിൽ സൗകര്യമുണ്ട്. അപകടത്തെ സംബന്ധിച്ച സൈറ്റ് മഹസർ, ഫോട്ടോ, പോസ്റ്റ്മോർട്ടം റിപ്പോർട്ട് തുടങ്ങിയവ അപ്-ലോഡ് ചെയ്യുന്നതിനും കൂടാതെ അപകടങ്ങൾ സംബന്ധിച്ച വിവിധ തരം റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും ഈ ആപ്ലിക്കേഷൻ സഹായകരമാണ്.

എല്ലാ സെക്ഷൻ ഓഫീസുകളിലും ആവശ്യമായതും ലഭ്യമായതുമായ സുരക്ഷാ ഉപകരണങ്ങളുടെ എണ്ണവും അവസ്ഥയും രേഖപ്പെടുത്തുവാൻ ഇതിൽ സൗകര്യമുണ്ട്. ഈ ലിസ്റ്റ് പരിശോധിച്ച് ആവശ്യമായ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനോ അതിനുള്ള നിർദ്ദേശം നൽകുന്നതിനോ മേലുദ്യോഗസ്ഥർക്ക് സാധിക്കും. മാത്രമല്ല, അപകട സാധ്യതയുള്ള ലൈനുകളോ പ്രതിഷ്ഠാപനങ്ങളോ കണ്ടെത്തിയാൽ അവ രേഖപ്പെടുത്തുന്നതിനുള്ള സൗകര്യവും ഈ ആപ്ലിക്കേഷനിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ടി അപകട സാധ്യത പരിഹരിച്ചശേഷം ഈ ആപ്ലിക്കേഷനിൽത്തന്നെ അത് റിപ്പോർട്ട് ചെയ്യുവാനും മേലുദ്യോഗസ്ഥർക്ക് അത് പരിശോധിക്കുവാനുമുള്ള സൗകര്യം ഈ ആപ്ലിക്കേഷനിൽ ഉണ്ട്. കൂടാതെ ഈ ആപ്ലിക്കേഷനിൽ സുരക്ഷാ വിഭാഗത്തിൽ നിന്നും പുത്തിറക്കുന്ന ബോർഡ് ഉത്തരവുകൾ വൈദ്യുതി സുരക്ഷാ മാനുവൽ, സുരക്ഷാ സംബന്ധമായ മറ്റ് പഠന സഹായികൾ, സേഫ്റ്റി റെഗുലേഷൻ, ഫോട്ടോകൾ, സുരക്ഷാ യോഗങ്ങളുടെ മിനിറ്റ്സ് തുടങ്ങിയവ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ പുനർ വിന്യാസം

19 (*49) ശ്രീ. കെ. രാജൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ ജീവനക്കാരുടെ എണ്ണം കൂടുതലാണെന്നും അതിനാൽ വിരമിച്ച ഒഴിവുകളിൽ പുതിയ നിയമനങ്ങൾ നടത്തരുതെന്നും വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വൈദ്യുതി ബോർഡിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ നൽകുന്നതിനുള്ള മാസ്റ്റർ ട്രസ്റ്റിലേക്ക് വരുമാനം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് കോഴിക്കോട് ഐ.ഐ.എം. നൽകിയ റിപ്പോർട്ടിൽ ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച് എന്തെല്ലാം ശിപാർശകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്?

### ഉത്തരം

(എ) വൈദ്യുതി ബോർഡിൽ വിരമിച്ച ഒഴിവുകളിൽ പുതിയ നിയമനങ്ങൾ നടത്തരുതെന്ന് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശിച്ചിട്ടില്ല. എന്നാൽ നിലവിൽ ജീവനക്കാരുടെ എണ്ണം കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ശമ്പള ചെലവുകൾ പ്രകാരം കൂടുതലാണെന്ന് കമ്മീഷൻ താരീഫ് ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിലുള്ള ജീവനക്കാരുടെ ശേഷി ക്രിയാത്മകമായി ആവശ്യം വേണ്ട മേഖലകളിൽ ആധുനിക സാങ്കേതിക വിദ്യയും കൂടി ഉപയോഗപ്പെടുത്തി വിനിയോഗിച്ച് ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകാനുള്ള നടപടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വീകരിക്കണമെന്ന് റെഗുലേറ്ററി കമ്മീഷൻ അതിന്റെ ARR&ERC ഉത്തരവുകളിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) കേരള ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി പ്രകാരവും അതുവഴി സർക്കാരും കെ.എസ്.ഇ.ബി. ലിമിറ്റഡും ജീവനക്കാരും തമ്മിലുള്ള ത്രികക്ഷി കരാർ പ്രകാരവും കെ.എസ്.ഇ.ബി. ലിമിറ്റഡിലേയ്ക്ക് മാറ്റപ്പെട്ട ജീവനക്കാരുടേയും പെൻഷൻകാരുടെയും പെൻഷൻ ഉൾപ്പെടെയുള്ള സേവനവേതന ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിനും പെൻഷൻ ആനുകൂല്യങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനുമായി 12-2-2015-ൽ 'കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എംപ്ലോയീസ് മാസ്റ്റർ പെൻഷൻ ആന്റ് ഗ്രാറ്റുവിറ്റി ട്രസ്റ്റ്' രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 31-10-2013 വരെയുള്ള പെൻഷൻ ബാധ്യത 12,419 കോടി രൂപയായി തിട്ടപ്പെടുത്തിയിട്ടുള്ളതും ഈ തുകയിൽ 524 കോടി രൂപ

സംസ്ഥാന സർക്കാർ ബഡ്ജറ്ററി അലോക്കേഷൻ വഴി 10 വാർഷിക ഗഡുക്കളായി വൈദ്യുതി ബോർഡ് ലിമിറ്റഡിനു നൽകുന്നതും ബാക്കിതുകയായ 11,895 കോടി രൂപയ്ക്ക് രണ്ടുതരം ബോണ്ടുകൾ [(1) 8,144 കോടി 20 വർഷത്തേക്ക് -10% (2) 3,751 കോടി- 10 വർഷത്തേക്ക് -9%] 1-4-2017-ൽ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. മേൽ തുകയിൽ 3,751 കോടി രൂപ കേരള സർക്കാർ വിഹിതമാണ്. ടി തുക പലിശയും ചേർത്ത് 586.10 കോടി രൂപയുടെ പത്ത് വാർഷിക ഗഡുക്കളായി കെ.എസ്.ഇ.ബി.-ലിമിറ്റഡ് കേരള സർക്കാരിന് നൽകേണ്ട ഇലക്ട്രിസിറ്റി ഡ്യൂട്ടിയിൽ തട്ടിക്കിഴിക്കാനാണ് ഉത്തരവായിരിക്കുന്നത്.

(സി) ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് കോഴിക്കോട് ഐ.ഐ.എം. നൽകിയ റിപ്പോർട്ടിൽ ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച ശിപാർശകൾ ചുവടെ ചേർക്കുന്നു:

1. കസ്റ്റമർ മാനേജ്മെന്റ് സെൽ രൂപവൽക്കരിക്കുക.
2. മാനവ വിഭവ ശേഷിയ്ക്ക് പ്രത്യേക ഡയറക്ടറുടെ കീഴിൽ ഒരു വിഭാഗം ആരംഭിക്കുക.
3. ഓരോ വിഭാഗത്തിനും മാനവ വിഭവ ശേഷി വിഭാഗം തലവനായി ഡെപ്യൂട്ടി ചീഫ് എൻജിനീയർ തലത്തിൽ ഉള്ള ഉദ്യോഗസ്ഥനെ നിയോഗിക്കുക.
4. വിതരണ മേഖലയിൽ ബ്രേക്ക് ഡൗൺ, മെയിന്റനൻസ് വിഭാഗങ്ങൾ മേഖലാടിസ്ഥാനത്തിൽ കോൺട്രാക്ട് നൽകുക.
5. മീറ്റർ റീഡർമാരുടെ നിയമനം നിർത്തലാക്കുക. ഈ തസ്തികയിൽ നിലവിലെ 876 ഒഴിവുകൾ നികത്തരുത്.
6. ട്രെയിനിംഗ് സെന്ററിലെ അസിസ്റ്റന്റ് എൻജിനീയർ തസ്തികകൾ 2-ൽ നിന്ന് 1 ആയി ചുരുക്കുക.
7. നിലവിലുള്ള 2950 സീനിയർ അസിസ്റ്റന്റുമാരുടെ എണ്ണം 1/3rd ആയി ചുരുക്കുക. പി.ഡി.എ. സംവിധാനം സാർവത്രികമാക്കുക. തൊഴിൽപരമായി യോഗ്യരായ സീനിയർ അസിസ്റ്റന്റുമാരെ മാനവ വിഭവശേഷി വിഭാഗത്തിലേയ്ക്ക് പുനർവിന്യസിക്കുക. ഇവരെ സെക്ഷൻ ഓഫീസുകളിൽ സാങ്കേതിക ഇതര ജോലിയിലും ഹൈഡൽ ടൂറിസം മേഖലയിലും പുനർവിന്യസിക്കുക.
8. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഫെയർ കോപ്പി അസിസ്റ്റന്റ് ആന്റ് ഓഫീസ് അറ്റൻഡന്റ് എന്നിവരുടെ ജോലികൾ സംയോജിപ്പിക്കുക.

9. ആശ്രിത നിയമനം വഴി ഓഫീസ് അറ്റൻഡന്റ്, ഫെയർ കോപ്പി അസിസ്റ്റന്റ് ആന്റ് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നൽകുന്ന നിയമനങ്ങൾ ഉടൻ നിർത്തലാക്കുക.

10. ഡ്രൈവർ, ഡ്രൂപ്പുകാർ എന്നീ തസ്തികയിൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമനം നൽകുക, ടി തസ്തികയിലേയ്ക്കുള്ള പുതിയ നിയമനങ്ങൾ ഉടൻ നിർത്തലാക്കുക.

11 സിവിൽ എൻജിനീയർമാരുടെ സേവനം പ്രയോജനപ്പെടുത്താനായി ഹൈഡൽ ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുക.

12. ഇലക്ട്രിക്കൽ സർക്കിൾ, ഡിവിഷൻ എന്നീ ഓഫീസുകളിൽ ഘടനാപരമായ ചില മാറ്റങ്ങൾ വരുത്തി സർക്കിൾ ഓഫീസുകളിലേയും, ഡിവിഷൻ ഓഫീസുകളിലെയും ജീവനക്കാരുടെ എണ്ണം സർക്കിളിനും, ഡിവിഷനും കീഴെ വരുന്ന ആകെ ഉപഭോക്താക്കളുടെ എണ്ണത്തിനനുസൃതമായി ക്രമീകരിക്കുക. സെക്ഷൻ ഓഫീസിലെ ജീവനക്കാരുടെ എണ്ണം സെക്ഷന് കീഴിലെ ആകെ ഉപഭോക്താക്കളുടെ എണ്ണത്തിന് അനുസൃതമായി ക്രമീകരിക്കുക.

13. മാനവ വിഭവ ശേഷി നിർവ്വഹണ ചീഫ് എൻജിനീയറുടെ ഓഫീസ്, സെക്രട്ടറി (ഭരണം) യുടെ ഓഫീസ്, ചീഫ് പേഴ്സണൽ ഓഫീസറുടെ ഓഫീസിലേയും പ്രവർത്തനങ്ങൾ സംയോജിപ്പിച്ച് ഏകീകരിക്കുക. ലീഗൽ അഡ്വൈസർ ആന്റ് ഡിസിപ്ലിനറി എൻക്വയറി ഓഫീസറുടെ കാര്യാലയം ഡയറക്ടർ (എച്ച്.ആർ.എം.)ക്ക് കീഴിലാക്കുക.

14. മാനവ വിഭവ ശേഷി നിർവ്വഹണത്തിന് കീഴിലെ ക്യാഷ് വിഭാഗം ഡയറക്ടർ (ഫിനാൻസ്)-ടെ ഓഫീസിന് കീഴിൽ ആക്കുക.

15. ചീഫ് എൻജിനീയർ (എസ്.സി.എം.)-ൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തുക. ചീഫ് എൻജിനീയർ (എസ്.സി.എം.)-ലെ ഫിനാൻസ് വിഭാഗം ഡയറക്ടർ (ഫിനാൻസ്)-ക്ക് കീഴിലേയ്ക്ക് മാറ്റുക.

16. ചീഫ് എൻജിനീയർ (റീസ്)-ന്റെ ഓഫീസിൽ ഘനടാപരമായ മാറ്റങ്ങൾ വരുത്തുക.

കൺസൾട്ടൻസിക്കായി പുതുതായി ഒരു ഓഫീസ് ആരംഭിക്കുക ഐ.ഐ.എം. ശിപാർശകളിൽ വൈദ്യുതി ബോർഡ് തീരുമാനങ്ങളൊന്നും സ്വീകരിച്ചിട്ടില്ല.

## വ്യവസായ അന്തരീക്ഷം ജനസൗഹൃദമാക്കുന്നതിന് നടപടികൾ

20 (*50) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ.വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ അന്തരീക്ഷം കൂടുതൽ ജന സൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) വ്യവസായ സംരംഭങ്ങളുടെ സുഖകരമായ നടത്തിപ്പിനായി ഏതൊക്കെ ചട്ടങ്ങളിൽ മാറ്റം വരുത്താനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനായി പണിതിട്ട കെട്ടിടങ്ങളും സ്ഥലവും പല പ്രദേശങ്ങളിലും ഉപയോഗപ്പെടുത്തിയിട്ടില്ലെന്നത് കണക്കിലെടുത്ത് അവയെ പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് വ്യവസായ-സൗഹൃദപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനും ആവശ്യമായ പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനുമായി 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്' എന്ന പേരിൽ നിയമനിർമ്മാണം നടത്താൻ സർക്കാർ തീരുമാനമായിട്ടുണ്ട്. അതുവഴി വ്യവസായ മേഖലയിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട അനുമതികൾ സംബന്ധിച്ചുള്ള നിലവിലുള്ള സർക്കാർ നിയമങ്ങൾ/ചട്ടങ്ങൾ, ഉത്തരവുകൾ നിലവിലുള്ള ഏകജാലകനിയമം, അടിസ്ഥാന സൗകര്യമേഖലയിലെ പുരോഗതി, അനുമതിക്കാവശ്യമായ പൊതുഅപേക്ഷാ ഫോറം തുടങ്ങിയവ പരിഷ്കരിക്കാൻ നടപടികൾ തുടങ്ങി. കൂടാതെ നിലവിലുള്ള ഏക ജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് 'ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ' (ഐ.പി.എഫ്.സി.) ശക്തിപ്പെടുത്തേണ്ടതുണ്ട്. അതിന് ബന്ധപ്പെട്ട വകുപ്പുകളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു സ്ഥിരം സെൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽ (കെ.എസ്.ഐ.ഡി.സി.) പ്രവർത്തിക്കുന്നതാണ്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥൻമാർ ഉൾപ്പെടുന്ന ഒരു ജില്ലാതല സമിതി രൂപീകരിക്കുക, ബന്ധപ്പെട്ട വകുപ്പുകളിലേയും

ഏജൻസികളിലെയും അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു പൊതു ഏകീകൃത അപേക്ഷാ ഫോറം കൊണ്ടുവരുന്നതിനായും നടപടികൾ സ്വീകരിക്കുന്നതാണ്. വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ ക്ലിയറൻസുകൾക്ക് മാറ്റം വരുത്താൻ ആലോചിക്കുന്ന ആക്റ്റുകളുടേയും റൂളുകളുടേയും പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അനുവദിക്കപ്പെട്ട കെട്ടിടങ്ങളും സ്ഥലവും യഥാവിധി ഉപയോഗപ്പെടുത്താത്ത സാഹചര്യം ഉണ്ടെങ്കിൽ നിയമാനുസൃതം തിരിച്ചെടുത്ത് അർഹരായ സംരംഭകർക്ക് നൽകുന്ന നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ കീഴിലുള്ള വ്യവസായ പാർക്കുകളിൽ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സംരംഭകർക്കിടയിൽ ബോധവൽക്കരണ നടപടികൾ നടത്തി വരുന്നുണ്ട്.

കിൻഫ്രയുടെ കീഴിലുള്ള ബഹുനില കെട്ടിട സമുച്ചയങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ സംരംഭകരെ കണ്ടെത്തുന്നതിനായി FICCI, KSSIA, CII തുടങ്ങിയ വ്യവസായ അസോസിയേഷനുകൾ വഴിയും ജില്ലാ വ്യവസായ കേന്ദ്രം മുഖാന്തരവും ശ്രമങ്ങൾ നടത്തിവരുന്നുണ്ട്.

### കാർഷിക മേഖലയ്ക്കുവേണ്ടി പുതിയ സെസ് ഏർപ്പെടുത്തൽ

21 (*51) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി പ്രാബല്യത്തിൽ വന്നതോടുകൂടി കൃഷി കല്യാൺ സെസ് നിർത്തലാക്കിയ സാഹചര്യത്തിൽ കർഷകരുടെ ക്ഷേമത്തിനും കാർഷിക മേഖലയുടെ പുരോഗതിക്കുമായി പുതിയ സെസ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി മറ്റു സംസ്ഥാനങ്ങളുമായി ചർച്ചകൾ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ലാഭത്തിന്റെ ഒരു ശതമാനം കർഷകർക്ക് ലഭ്യമാക്കാൻ ജി.എസ്.ടി.യുടെ പശ്ചാത്തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിനോദസഞ്ചാര മേഖലയിലെ വികസന സാധ്യതകൾ

22 (*52) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. ജോയി :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിൽ പുതിയ സാധ്യതകൾ കണ്ടെത്തുന്നതിന് സഹായകമാകുംവിധം പുതിയ ടൂറിസം നയം ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കിഫ്ബിയുടെ സഹായത്തോടെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും വിപുലമായ വികസനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. 2012-ൽ ആവിഷ്കരിച്ച നിലവിലെ ടൂറിസം നയത്തിന്മേൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയും പുതുതായി വേണ്ടുന്നത് ഉൾപ്പെടുത്തിയും സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പുതിയ ടൂറിസം നയം രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ടൂറിസം മേഖലയുടെയും അനുബന്ധ മേഖലകളുടെയും സമഗ്ര വികസനം, ടൂറിസം രംഗവുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമം, കൂടുതൽ തൊഴിൽ സാധ്യത, പരിസ്ഥിതി സൗഹൃദ വികസനം, ഹോസ്പിറ്റാലിറ്റി, ഉത്തരവാദിത്ത ടൂറിസം എന്നിവയും ആധുനികവും നൂതനവുമായ മാർഗ്ഗങ്ങൾ ഉപയോഗപ്രദമാക്കിയുള്ള വിപണനം, പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തൽ, നിലവിലുള്ളവയുടെ വികസനം, സാഹസിക വിനോദസഞ്ചാര പദ്ധതികൾ, യുവ സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികൾ തുടങ്ങിയവയാണ് പുതിയ ടൂറിസം നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്. പൊതു സ്വകാര്യ പങ്കാളിത്തവും, നിക്ഷേപവും പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യവും പരിഗണിക്കുന്നതാണ്.

(ബി) ഭിന്നശേഷിക്കാർക്കായി ടൂറിസം കേന്ദ്രങ്ങളെ അനുഭവവേദ്യമാക്കാൻ തക്കവിധമുള്ള ഭിന്നശേഷി ടൂറിസം സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഭിന്നശേഷി സൗഹൃദ ടോയ്‌ലെറ്റുകൾ, റാമ്പുകൾ, നടപ്പാതകൾ, വിശ്രമ മുറികൾ, പ്രത്യേക പാർക്കിംഗ് മേഖലകൾ എന്നിവ ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഓരോ ടൂറിസം കേന്ദ്രങ്ങളുടെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലെ അടിസ്ഥാന സൗകര്യങ്ങളിൽ വരുത്തേണ്ടതായ മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച് വിശദമായ പരിശോധന ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന 'ഗ്രീൻ കാർപ്പറ്റ്' പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതുൾപ്പെടെ ഭിന്നശേഷി സൗഹൃദ സംരംഭം കൂടി ഉൾപ്പെടുത്തുവാനാണ് ആലോചിക്കുന്നത്.

(സി) ഉണ്ട്. ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 8-8-2016-ലെ സ.ഉ.(കൈ)നമ്പർ 315/2016/ഫിൻ പ്രകാരമുള്ള നിലവിലെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് 8 പദ്ധതി പ്രൊപ്പോസലുകൾ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇവയുടെ വിവരം ചുവടെ ചേർക്കുന്നു:

1. കോഴിക്കോട് SIHM കാമ്പസിൽ ത്രീ സ്റ്റാർ ഹോട്ടൽ കോംപ്ലക്സിന്റെ നിർമ്മാണം
2. മുഴപ്പിലങ്ങാടിൽ ത്രി സ്റ്റാർ ബീച്ച് റിസോർട്ടിന്റെ നിർമ്മാണം.
3. ആലപ്പുഴയിലെ ചെത്തി ബീച്ചിന്റെ വികസനം.
4. കോഴിക്കോട് ജില്ലയിലെ ഇരിങ്ങൽ സർഗ്ഗാലയ അവലംബമാക്കി പയ്യോളി- വടകര മേഖലകൾ ഉൾപ്പെടുത്തിയുള്ള ഇന്റഗ്രേറ്റഡ് സർക്യൂട്ട് വികസനം.
5. പാലക്കാട് ജില്ലയിലെ കാഞ്ഞിരമ്പുഴ ഡാം വികസനം.
6. കൊല്ലം ജില്ലയിലെ തെന്മല ഡാം പരിസര വിനോദസഞ്ചാര വികസനം
7. തിരുവനന്തപുരം ജില്ലയിലെ നെയ്യാർ ഡാം പരിസര വിനോദസഞ്ചാര വികസനം
8. മുഴപ്പിലങ്ങാട്-ധർമ്മടം-ധർമ്മടം ദ്വീപ് എന്നീ സ്ഥലങ്ങൾ ബന്ധപ്പെടുത്തി റോപ് വേയുടെ നിർമ്മാണം.

## കരട് വ്യവസായ നയം

23 (*53) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹാർദ്ദപരമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് സംസ്ഥാനത്ത് ലഭ്യമായ തൊഴിൽ വൈദഗ്ദ്ധ്യം കാര്യക്ഷമമായി വിനിയോഗിക്കുന്ന തരത്തിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിച്ച് സാമ്പത്തിക വളർച്ച നേടുന്നതിന് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കരട് വ്യവസായ നയം ഏതു വിധത്തിൽ പ്രയോജനപ്രദമാകുമെന്ന് വിശദമാക്കാമോ;

(ബി) യുവ സംരംഭകർക്കും ഉയർന്ന തരത്തിലുള്ള സാങ്കേതിക വിദ്യാപഠനം പൂർത്തിയാക്കിയിട്ടുള്ളവർക്കും അവസരം ലഭ്യമാക്കുന്നതോടൊപ്പം പാർശ്വവൽക്കരിക്കപ്പെട്ട് പരമ്പരാഗത വ്യവസായങ്ങളെ ആശ്രയിക്കാൻ നിർബന്ധിതരാകുന്നവർക്കു കൂടി അവസരം ലഭ്യമാക്കാൻ നയം ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം നൽകാമോ;

(സി) സ്വദേശത്തേക്ക് മടങ്ങാൻ നിർബന്ധിതരാകുന്ന പ്രവാസികൾക്കും വ്യവസായ രംഗത്ത് കാര്യമായ പങ്കില്ലാത്ത വനിതകൾക്കും അവസരം ഒരുക്കുന്നതിന് കരടു നയത്തിൽ ലക്ഷ്യമിടുന്നുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകാമോ?

### ഉത്തരം

(എ) കേരളത്തിലെ ജന സാന്ദ്രതയും, പരിസ്ഥിതി അവബോധവും കണക്കിലെടുത്ത് പരിസ്ഥിതി സൗഹാർദ്ദപരവും മലിനീകരണം പരമാവധി കുറഞ്ഞതുമായ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തിയുള്ള ചെറു സംരംഭങ്ങൾ വഴി ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പരമ്പരാഗത രീതിയിലുള്ള ഉത്പാദനത്തിൽ നിൽക്കുന്നവർക്ക് മാന്യമായ വരുമാനം ഉറപ്പുവരുത്തുക, അതുവഴി വ്യവസായ പുരോഗതിയും സാമ്പത്തിക വളർച്ചയും നേടുകയെന്ന ലക്ഷ്യത്തോടെയാണ് സർക്കാരിന്റെ കരട് വ്യവസായ നയം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തുവരുന്നത്.

കാർഷിവിള അടിസ്ഥാനമാക്കിയുള്ള ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ, ബയോഡിഗ്രേഡബിൾ പ്ലാസ്റ്റിക് വ്യവസായങ്ങൾ, ജൈവവള വ്യവസായങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ റീസൈക്ലിങ് വ്യവസായം, പാരമ്പര്യേതര ഊർജ്ജോത്പാദനത്തിനുള്ള സാമഗ്രികൾ നിർമ്മിക്കുന്ന വ്യവസായങ്ങൾക്ക് മുൻഗണന നൽകുക, തൊഴിൽ വൈദഗ്ധ്യം നേടിയ തൊഴിലാളികളെയും പരമ്പരാഗതമേഖലയിലെ തൊഴിലാളികളെയും വിനിയോഗിച്ചുകൊണ്ട് കരകൗശല മേഖലയിൽ പുരോഗതി കൈവരിക്കുകയും, അപ്രകാരം രാജ്യത്തിലെ ആദ്യ പത്ത് നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിലൊന്നായി സംസ്ഥാനത്തെ മാറ്റുക യെന്നതാണ് നയത്തിന്റെ വീക്ഷണം.

(ബി) നവ ആശയവുമായി മുന്നോട്ടു വരുന്ന സംരംഭകർക്ക് അത് സാക്ഷാത്കരിക്കുന്നതിനുവേണ്ടി എല്ലാവിധ സഹായവും നൽകുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വ ആശയം വികസിപ്പിക്കുന്നതിനും അവരുടെ ഗവേഷണ ആശയങ്ങളെ സംരംഭക വികസനത്തിനായി പരിവർത്തനം ചെയ്യുന്നതിനും യുവാക്കളെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കുക എന്നീ ലക്ഷ്യങ്ങളോടെ ഇൻകുബേഷൻ സെന്ററുകൾ വഴി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നു. പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്കൂൾ കുട്ടികൾക്ക് കൈത്തറി യൂണിഫോം നൽകി വരുന്നു. കൂടാതെ,

- പരമ്പരാഗത തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് ASHA പദ്ധതി നടപ്പിലാക്കി വരുന്നു.
- വാഴനാരുകൾ, മറ്റ് പ്രകൃതിദത്ത നാരുകൾ, കളിമണ്ണ് തുടങ്ങിയ മേഖലകളിലെ തൊഴിലാളികളുടെ ഉന്നമനത്തിനായി കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിച്ചുവരുന്നു. ഈ മേഖലയേയും ടൂറിസം മേഖലയേയും തമ്മിൽ ബന്ധിപ്പിച്ച് ക്രാഫ്റ്റ് ടൂറിസം പദ്ധതി, സുവനീർ പദ്ധതി എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്.
- മുള, ഈറ്റ വ്യവസായങ്ങളുടെ സംരക്ഷണത്തിനായി കൂടുതൽ കരുതൽ നൽകി വരുന്നു.
- പരമ്പരാഗത വ്യവസായ ഉൽപ്പന്നങ്ങളെ മൂല്യ വർദ്ധിത ഉൽപ്പാദനത്തിലേയ്ക്ക് നയിക്കുന്ന തരത്തിൽ ആധുനികവൽക്കരണം കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതരത്തിൽ ആവിഷ്കരിക്കും.

(സി) തിരികെ വരുന്ന പ്രവാസികൾക്കായി NORKA ROOTS വഴി നടപ്പിലാക്കി വരുന്ന സംരംഭകത്വ വികസന പരിശീലന പദ്ധതിയിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ സഹകരിച്ച് പ്രവർത്തിക്കുന്നു. ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ അഞ്ചു ശതമാനം ഇവർക്കായി സംവരണം ചെയ്തിട്ടുണ്ട്.

വനിതാ സംരംഭകർക്കായി WE (Women Entrepreneur) മിഷൻ വഴി തൊഴിൽ സംരംഭകർക്കാവശ്യമായ സഹായങ്ങൾ കെ.എസ്.ഐ.ഡി.സി. വഴി നൽകി വരുന്നു.

വസ്ത്രോൽപ്പാദന വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി വനിതകൾക്കായി 'വസ്ത്ര ഗ്രാമം' പദ്ധതി പ്രകാരം സംസ്ഥാനത്തുടനീളം യൂണിറ്റുകൾ സ്ഥാപിച്ചും ജില്ലാടിസ്ഥാനത്തിൽ കൺസോർഷ്യം സ്ഥാപിച്ചും സാങ്കേതിക സാമ്പത്തിക സഹായങ്ങൾ വനിതാ സംരംഭകർക്ക് നൽകി വരുന്നു.

## വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സഹകരണ വകുപ്പിന്റെ പദ്ധതികൾ

24 (*54) <u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. കെ. ആൻസലൻ</u> :
<u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് ഉപഭോക്തൃ സാധനങ്ങളുടെ വിലക്കയറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് അവശ്യസാധനങ്ങളുടെ വില നിയന്ത്രണത്തിന് സഹകരണ സ്ഥാപനങ്ങൾ ഏതെല്ലാം തരത്തിൽ ഇടപെടുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രവർത്തന വിപുലീകരണത്തിന്റെയും വൈവിധ്യവൽക്കരണത്തിന്റെയും ഭാഗമായി പ്രഖ്യാപിച്ച ഇ-ത്രിവേണി, ത്രിവേണി ഓൺലൈൻ ട്രേഡിംഗ്, തുടങ്ങിയ പദ്ധതികൾ പ്രാവർത്തികമായിട്ടുണ്ടോ; വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ മറ്റു പദ്ധതികൾ ഏതെല്ലാമാണ്;

(സി) ഔഷധ വിപണന മേഖലയിലെ ചൂഷണത്തിന് ഒരു പരിധിവരെ അറുതി വരുത്തുവാൻ ഉദ്ദേശിച്ചുകൊണ്ട് വ്യാപകമായ തോതിൽ നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങാനുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

## ഉത്തരം

(എ) രാജ്യത്ത് ഉപഭോക്തൃ സാധനങ്ങളുടെ വിലക്കയറ്റം ഉണ്ടായി ക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ആവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി സഹകരണ സ്ഥാപനമായ കൺസ്യൂമർഫെഡ് ലക്ഷ്യമിട്ടിരിക്കുന്നത് രണ്ട് തരത്തിലുള്ള ഇടപെടലാണ്. ഒന്നാമതായി സ്വന്തം ഔട്ട് ലെറ്റുകളായ ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, മൊബൈൽ ത്രിവേണികൾ എന്നിവ വഴി നടത്തുന്ന വിപണി ഇടപെടലും മറ്റൊന്ന് അപ്പക്സ് സ്ഥാപനം എന്ന നിലയിൽ സഹകരണ സംഘങ്ങൾ വഴി നടത്തുന്ന ഇടപെടലും, കൺസ്യൂമർഫെഡിന്റെ ത്രിവേണി ഔട്ട് ലെറ്റുകൾ മുഖേന വിപണി നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ സാധനങ്ങൾ നൽകി വരുന്നുണ്ട്. ഇതുകൂടാതെ പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന നീതി സ്റ്റോറുകൾ എല്ലാമാസവും കൺസ്യൂമർഫെഡ് സാധനങ്ങൾ വാങ്ങി കുറഞ്ഞവിലയ്ക്ക് വിതരണം ചെയ്യുന്നുണ്ട്. ആയത് ഒരു പരിധിവരെ വിപണിയെ സഹായിക്കുന്നുണ്ട്.

അരിവില കുറച്ച് കൊണ്ടുവരുന്നതിനുവേണ്ടി സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തിയ ഇടപെടൽ വൻവിജയമായിരുന്നു. 42 രൂപ വരെ കുതിച്ചുയർന്ന ജയ, കുറവ എന്നീ ഇനം അരിയുടെ വില യഥാക്രമം 30 രൂപയും 28 രൂപയുമായി കുറച്ച് കൊണ്ടുവരുന്നതിന് കൺസ്യൂമർഫെഡ് 25 രൂപയ്ക്ക് അരിവിതരണം നൽകിയത് സഹായകരമായി.

ഓണക്കാലത്ത് വില നിയന്ത്രിക്കുന്നതിനായി 3500 ഓണചന്തകൾ ആരംഭിക്കുന്നുണ്ട്. ജൂലൈ മാസത്തിൽ തന്നെ ഇ-ടെൻഡർ, എൻ.സി.ഡി.എക്സ് ഇ-ഓക്ഷൻ എന്നിവ മുഖേന സാധനങ്ങൾ വാങ്ങിയത് വൻ വിക്കുറവിൽ സാധനങ്ങൾ വാങ്ങുന്നതിന് കഴിഞ്ഞു. പഞ്ചായത്തുകളിലും, മുൻസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും വിപണി ആരംഭിക്കുന്നതോടെ വില നിലവാരം പിടിച്ച് നിർത്തുന്നതിന് സാധിക്കും.

(ബി) പ്രവർത്തന വിപുലീകരണത്തിന്റെയും വൈവിധ്യവത്ക്കരണത്തിന്റെയും ഭാഗമായി ഇ-ത്രിവേണി, ത്രിവേണി ഓൺലൈൻ ട്രേഡിംഗ് തുടങ്ങിയ പദ്ധതികൾ പ്രാവർത്തികമായിട്ടുണ്ട്. വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ഭാഗികമായി നടപ്പിലാക്കിയത്

ഇ-ത്രിവേണികളുടെ പ്രവർത്തനം വ്യാപിപ്പിക്കൽ

ആഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് കൺസ്യൂമർഫെഡ് ആരംഭിച്ച നാല് ഇ-ത്രിവേണികൾക്ക് പുറമേ 24 എണ്ണം കൂടി പുതിയതായി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം, വയനാട്, പാലക്കാട്, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, ഇടുക്കി എന്നിവിടങ്ങളിലായി 9 ത്രിവേണികൾ ഇതിനോടകം പ്രവർത്തനമാരംഭിച്ചു. ബാക്കി 15 ഇ-ത്രിവേണികൾ ആരംഭിയ്ക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

ത്രിവേണി ഓൺലൈൻ ഓർഡറിംഗ് സിസ്റ്റം

തെരഞ്ഞെടുത്ത ത്രിവേണികളിൽ ഓൺലൈൻ ഷോപ്പിംഗിന് ആവശ്യമായ നടപടികൾ ആരംഭിച്ച് വരുന്നു. ഷോപ്പുകളിൽ വന്ന് നേരിട്ട് സാധനങ്ങൾ വാങ്ങാൻ കഴിയാത്ത വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും അവ വീട്ടിൽ എത്തിക്കുന്നതിനും ഈ ഇടപെടൽ വഴിയൊരുക്കുന്നതാണ്. ആദ്യ ഘട്ടമെന്ന നിലയിൽ ഈ ഓണക്കാലത്ത് തിരുവനന്തപുരം ജില്ലയിൽ ഓൺലൈൻ ഓർഡറിംഗ് സിസ്റ്റം നടപ്പിലാക്കുന്നതാണ്. ഇപ്രകാരം ലഭ്യമാകുന്ന ഓർഡറുകൾക്ക് ഡോർ ഡെലിവറി നൽകുന്നതാണ്.

വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

അരിക്കടകൾ

അരിയുടെ ക്ഷാമം പരിഹരിയ്ക്കുന്നതിനും പൊതു വിപണിയിലെ വിൽപ്പനവില പിടിച്ച് നിർത്തുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിനും ഇതുവഴി 680 അരിക്കടകൾ ആരംഭിച്ച്, സുവർണ്ണ മസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് വിൽപ്പന നടത്താനും കഴിഞ്ഞു.

സ്റ്റുഡൻസ് മാർക്കറ്റ്

ഈ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്കും, രക്ഷിതാക്കൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്ത് 315 സ്റ്റുഡൻസ് മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ഒരു വിദ്യാർത്ഥിക്ക് ആവശ്യമായ മുഴുവൻ സാധനങ്ങളും ഒരു

മേൽക്കൂരയ്ക്ക് കീഴിൽ ലഭ്യമാക്കുക എന്നതാണ് സ്റ്റുഡൻസ് മാർക്കറ്റ് കൊണ്ടുദ്ദേശിക്കുന്നത്. മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞത് 20% കുറഞ്ഞ വിലയ്ക്ക് സ്റ്റുഡൻസ് മാർക്കറ്റിൽ സാധനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രമുഖ കമ്പനികളുടെയും കുടുംബശ്രീ പോലുള്ള കൂട്ടായ്മകളും ഉത്പാദിപ്പിക്കുന്ന സ്കൂൾ ബാഗ്, കുട, ലഞ്ച് ബോക്സ്, വാട്ടർ ബോട്ടിൽ, പേന, പെൻസിൽ, ഇൻസ്ട്രുമെന്റ് ബോക്സ് എന്നിവയും, കൺസ്യൂമർ ഫെഡ് ഉത്പ്പാദിപ്പിക്കുന്ന ത്രിവേണി നോട്ടുബുക്കും, സ്റ്റുഡൻസ് മാർക്കറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

<u>നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന മറ്റ് പദ്ധതികൾ</u>

<u>ഓണവിപണി</u>

ഈ വർഷത്തെ ഓണവിപണി ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ 3500 ഔട്ട്ലെറ്റുകളിലൂടെ സംഘടിപ്പിക്കുന്നതിനാണ് രൂപം നൽകിയിട്ടുള്ളത്. ഓണ വിപണിയിലൂടെ സബ്സിഡി നിരക്കിൽ 13 ഇനങ്ങളും പൊതു വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ 25 ഇനങ്ങളും വിൽപ്പന നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വിലക്കുറവിനോടൊപ്പം തന്നെ ഗുണമേന്മ ഉറപ്പുവരുത്തുക എന്നതാണ് വിപണി ഇടപെടലിന്റെ സവിശേഷത.

<u>ഓണം ബാസ്കറ്റ്</u>

ഓണത്തോടനുബന്ധിച്ച് കൺസ്യൂമർഫെഡ് ഓണം ബാസ്കറ്റ് പുറത്തിറക്കും. പരിസ്ഥിതി, സൗഹൃദവസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കുട്ടയിൽ ഓണ ഉപയോഗത്തിനുള്ള സാധനങ്ങളെല്ലാം ഉൾപ്പെടുത്തും.

<u>നീതിശൃംഖല വ്യാപനം</u>

സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുൻകയ്യെടുത്ത് 2000 നീതി സ്റ്റോറുകളും, 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

<u>മുഴുവൻ സമയ സബ്സിഡി വിതരണം</u>

സെപ്റ്റംബർ 1 മുതൽ മാർച്ച് 31 വരെ 13 ഇനങ്ങൾക്ക് സബ്സിഡി നിരക്കിൽ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകളിലൂടെയും, ത്രിവേണി സ്റ്റോറുകളിലൂടെയും വിൽപ്പന നടത്തുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നു. സംസ്ഥാന സർക്കാർ വിപണി ഇടപെടലിനായി കൺസ്യൂമർഫെഡിന് ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച തുക ഉപയോഗിച്ചാണ് ടി സബ്സിഡി വിൽപ്പന നടത്തുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നത്.

നീതി കൊമേഴ്സ്യൽ ഗ്യാസ്

ഡൊമസ്റ്റിക് ഗ്യാസ് വിതരണം കോമേഴ്സ്യൽ ആക്കി മാറ്റുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പാലക്കാടുള്ള ഫാക്ടറിയിൽ ഉത്പ്പാദിപ്പിച്ച പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലെ ഹോട്ടലുകൾ കാറ്ററിംഗ് സർവ്വീസുകൾ എന്നിവയ്ക്ക് വിതരണം ചെയ്യുന്നതിന് ആലോചിച്ചുവരുന്നു.

(സി) മരുന്നുവില നിയന്ത്രണത്തിനായി 1500 നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ 684 ഓളം നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു. കൺസ്യൂമർഫെഡ് മുഖേന ശരാശരി ഒരു മാസം 10 കോടി രൂപയുടെ മരുന്ന് 15 മുതൽ 20% വരെ വിലക്കുറവിൽ ലഭ്യമാക്കി വരുന്നു. വിപണനം കൂടുതൽ സൗകര്യപ്രദമാക്കുന്നതിനായി എല്ലാ റീജിയണുകളിലും മെഡിക്കൽ വെയർ ഹൗസുകൾ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മലപ്പുറം, കാസർഗോഡ് എന്നിവിടങ്ങളിലെ വെയർഹൗസുകളുടെ പ്രവർത്തനം ആരംഭിച്ചു. കോട്ടയം, പത്തനംതിട്ട, പാലക്കാട് എന്നീ ജില്ലകളിലെ വെയർഹൗസുകൾ ഉടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**ഇൻകുബേഷൻ സെന്ററുകളും ജിയോ പോർട്ടലും**

25 (*55) ശ്രീ. കെ. ബാബു :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭകർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും അവർ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) വ്യവസായ സംരംഭങ്ങളുടെ വിവരശേഖരണത്തിന് എം.എസ്.എം.ഇ. ജിയോപോർട്ടൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ പദ്ധതിപ്രകാരം കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ വികസനം ത്വരിതപ്പെടുത്തുകയെന്ന ലക്ഷ്യം മുൻനിർത്തി നവ ആശയവുമായി മുന്നോട്ടുവരുന്ന സംരംഭകർക്ക് അത് സാക്ഷാത്കരിക്കുന്നതിനുവേണ്ടി എല്ലാവിധ സഹായവും നൽകുന്നതിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികൾക്കിടയിൽ സംരംഭകത്വ ആശയം വികസിപ്പിക്കുക, അവരുടെ ഗവേഷണ ആശയങ്ങളെ സംരംഭക വികസനത്തിനായി പരിവർത്തനം ചെയ്യുക, യുവാക്കളെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് കലാലയങ്ങളിൽ ഇൻകുബേഷൻ സെന്ററുകൾ വഴി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി വരുന്നത്.

(ബി) ഉണ്ട്. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളുടെ സ്ഥാനമുൾപ്പെടെയുള്ള എല്ലാ വിവരങ്ങളും സമഗ്രമായും കാലോചിതമായും ശേഖരിച്ച് ഡേറ്റാ ബാങ്ക് തയ്യാറാക്കുകയാണ് എം.എസ്.എം.ഇ. ജിയോപോർട്ടൽ സംവിധാനത്തിലൂടെ ലക്ഷ്യമിടുന്നത്. അതുവഴി ഒരു വ്യവസായ ഭൂപടം രൂപീകരിക്കുകയും വികസന പദ്ധതികൾ തയ്യാറാക്കുന്നതിനും യൂണിറ്റുകൾ നേരിടുന്ന പ്രശ്നങ്ങളും പരിമിതികളും മനസ്സിലാക്കാനും ഇതിലൂടെ സാധിക്കുന്നു.

## ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡ് നേരിടുന്ന പ്രതിസന്ധി

26 (*56) ശ്രീ. ഡി. കെ. മുരളി :
ശ്രീ. ബി. സത്യൻ :
ശ്രീ. വി. ജോയി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ ട്രാവൻകൂർ ടൈറ്റാനിയം ലിമിറ്റഡ് നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്തുണ്ടായതെന്ന് ആക്ഷേപമുള്ള കെടുകാര്യസ്ഥതയും അഴിമതിയും സ്ഥാപനത്തിൽ മലിനീകരണ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുന്നതിനെ ഏതു തരത്തിൽ ബാധിച്ചിട്ടുണ്ട്; മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് നിർമ്മാണത്തിലെ അപാകത കൊണ്ടുണ്ടായ അപകടത്തിൽപ്പെട്ട് തൊഴിലാളി മരിക്കാനിടയായതിന്റെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവർത്തനങ്ങളിൽ അവിടെ നടന്നതായി ആക്ഷേപമുള്ള ക്രമക്കേടുകളെക്കുറിച്ച് വിശദ പരിശോധന നടത്താൻ തയ്യാറാകുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് ഉദ്യോഗസ്ഥതലത്തിലും അല്ലാതെയുമുള്ള അഴിമതിയും കെടുകാര്യസ്ഥതയും കൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ തകർച്ച നേരിട്ടതായ ആക്ഷേപം പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് (റ്റി.റ്റി.പി.എൽ.) ഉൾപ്പെടെയുള്ള ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന അവലോകനത്തിന് വിധേയമാക്കി പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാലഹരണപ്പെട്ട സാങ്കേതികവിദ്യ, കാലപ്പഴക്കം നേരിടുന്ന യന്ത്രസാമഗ്രികൾ, നിർദ്ദേശിക്കപ്പെട്ട മലിനീകരണ നിയന്ത്രണ സംവിധാനത്തിന്റെ അപര്യാപ്തത തുടങ്ങിയവയാണ് കമ്പനി നേരിടുന്ന പ്രധാന പ്രതിസന്ധികൾ. മലിനീകരണ നിയന്ത്രണ സംവിധാനം പൂർണ്ണതോതിൽ സജ്ജമാക്കുന്നതിനും പ്ലാന്റ് നവീകരിക്കുന്നതിനുമായി ഈ സാമ്പത്തിക വർഷം 24 കോടി രൂപയുടെ പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് 2012-2016 സാമ്പത്തിക വർഷങ്ങളിൽ നഷ്ടത്തിലായിരുന്നു. തന്മൂലം മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ തടസ്സം നേരിട്ടു. ന്യൂട്രലൈസേഷൻ പ്ലാന്റ് പൂർത്തിയായെങ്കിലും കരാർ പ്രകാരമുള്ള രീതിയിൽ പ്ലാന്റ് പ്രവർത്തിപ്പിക്കാൻ കരാറെടുത്ത വാടെക് വബാഗ് എന്ന കമ്പനിയ്ക്ക് കഴിയാത്തതുമൂലം പൂർണ്ണതോതിൽ പ്രവർത്തനം തുടങ്ങിയിട്ടില്ല. ഇതിനെതുടർന്ന് 23-5-2017-ൽ കമ്പനി അടച്ച് പൂട്ടാൻ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് ഉത്തരവിടുകയുണ്ടായി. കമ്പനി വാടെക് വബാഗിനെതിരെ നിയമ നടപടികൾ സ്വീകരിച്ച് വരികയാണ്. പ്ലാന്റ് തകർന്ന് തൊഴിലാളി മരിക്കാനിടയായ സംഭവത്തിൽ നിർമ്മാണപ്രവർത്തനത്തിന്റെ അപാകതകൾ പരിശോധിക്കുന്നതിനായി വ്യവസായ വകുപ്പ് സെക്രട്ടറിയെ നിയമിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) ഉദ്യോഗസ്ഥ തലത്തിലും അല്ലാതെയുമുള്ള അഴിമതിയും കെടുകാര്യസ്ഥതയും മൂലം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം തകർച്ച നേരിടുന്നതൊഴിവാക്കുവാൻ കമ്പനികളുടെ ഭരണ നിർവ്വഹണ സംവിധാനം കാര്യക്ഷമമാക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി വൈദഗ്ദ്ധ്യമുള്ള പ്രൊഫഷണലുകളെ സ്ഥാപനമേധാവികളായി നിയമിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഡയറക്ടർ ബോർഡുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം റിയാബ് മുഖേന എല്ലാമാസവും അവലോകനം ചെയ്തുവരുന്നതിന്റെ ഭാഗമായി പ്രവർത്തനസംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ സഹായകരമായിട്ടുണ്ട്. കൂടാതെ മന്ത്രിതലത്തിലും സെക്രട്ടറി തലത്തിലും പ്രത്യേക അവലോകനങ്ങൾ നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെന്റ് നടപടിക്രമങ്ങൾ മറ്റ് സ്ഥാപനങ്ങളിലേയ്ക്കും പകർന്ന് നൽകുവാൻ സഹായകമായിട്ടുണ്ട്.

പൊതുമേഖലാസ്ഥാപനങ്ങളുടെ ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിന്റെയും അഴിമതി തടയുന്നതിന്റെയും ഭാഗമായി സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തികസ്ഥിതി അറിയുന്നതിനുവേണ്ടി കണക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കി ആഡിറ്റ് നടത്തുന്നതിന് കമ്പനികളെ പ്രത്യേകം അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. വാണിജ്യ ഇടപാടുകളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും മാനേജ്മെന്റിന്റെ കാര്യക്ഷമത കൂട്ടുന്നതിനുമായി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള സംവിധാനങ്ങളും ഉപയോഗിച്ചുവരുന്നു.

സ്ഥാപനങ്ങളുടെ കാര്യക്ഷമത കൂട്ടുന്നതിന്റെ ഭാഗമായി നിലവിലുള്ള ഉല്പാദന സൗകര്യങ്ങളുടെ നവീകരണത്തിനും വിപുലീകരണത്തിനും ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കൂടുതൽ പദ്ധതി വിഹിതം നീക്കിവച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 270 കോടി രൂപയാണ് ഇതിനുവേണ്ടി വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതികൾ റിയാബ് മുഖേനയും സർക്കാർ തലത്തിൽ വർക്കിംഗ് ഗ്രൂപ്പ് സംവിധാനം വഴിയും സൂക്ഷ്മമായ വിശകലനം നടത്തിയാണ് അനുമതി നൽകിവരുന്നത്. കൂടാതെ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനുള്ള നിരീക്ഷണ സംവിധാനവും ഉറപ്പുവരുത്തിയിട്ടുണ്ട്.

**കേരള ബാങ്ക് രൂപീകരണം**

27 (*57) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനാവശ്യത്തിനായി കേരള ബാങ്ക് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ബാങ്ക് രൂപീകരണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(സി) എന്നത്തേക്ക് ഇതിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) കേരള സഹകരണ ബാങ്ക് നിലവിൽ വരുന്നതിന് തീയതി നിശ്ചയിച്ചിട്ടില്ല.

**സമ്പൂർണ്ണ വൈദ്യുതീകരണം**

28 (*58) ശ്രീ. കെ. ആൻസലൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം സമ്പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ട സംസ്ഥാനമായി മാറിയതിന്റെ ഫലമായി വൈദ്യുതി ഉപഭോഗത്തിലുണ്ടായ വർദ്ധന കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള ഫണ്ട് കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) വൈദ്യുതി വിതരണ ലൈൻ സ്ഥാപിച്ച് വൈദ്യുതി എത്തിക്കാൻ സാധിക്കാതെ വന്ന പ്രദേശങ്ങളിലെ വീടുകളിൽ സോളാർ അടക്കമുള്ള സാധ്യതകൾ ഉപയോഗിച്ച് വൈദ്യുതി എത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതുമൂലവും കോടതി ഇടപെടലുകൾ തുടങ്ങിയ കാരണങ്ങളാലും കണക്ഷൻ ലഭിക്കാത്ത വീടുകളിൽ അത്തരം പ്രശ്നങ്ങൾ പരിഹരിച്ച് വൈദ്യുതി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി നൽകിയ വൈദ്യുത കണക്ഷനുകൾമൂലം വാർഷിക വൈദ്യുതി ഉപഭോഗത്തിൽ ഏകദേശം 40 ലക്ഷത്തോളം യൂണിറ്റ് വർദ്ധനയുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) സംസ്ഥാന സർക്കാർ, പദ്ധതിക്ക് നൽകിയ 174 കോടിയുടെ ഭരണാനുമതി പ്രകാരം ഒരു മണ്ഡലത്തിൽ പ്രതീക്ഷിക്കുന്ന ചെലവിന്റെ 50% (പരമാവധി ഒരു കോടി രൂപ) എന്ന നിരക്കിൽ 63.82 കോടി രൂപ കെ.എസ്.ഇ.ബി.എൽ. വഹിക്കാനും ബാക്കി ആവശ്യമുള്ള 110.18 കോടി രൂപ തദ്ദേശസ്വയംഭരണ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവകുപ്പുകൾ, നിയമ സഭാംഗങ്ങളുടെ പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട്, ജനപ്രതിനിധികളുടെ മറ്റ് ഫണ്ടുകൾ, സന്നദ്ധ സംഘടനകളുടെ സഹായ നിധി എന്നിവ വഴി കണ്ടെത്താനാണ് തീരുമാനിച്ചത്.

1-8-2017-ലെ കണക്കുകൾ പ്രകാരം 127 എം.എൽ.എ.-മാരിൽ നിന്നായി 36.88 കോടി രൂപ പദ്ധതിക്കായി നൽകുന്നതിനുള്ള ഉറപ്പ് ലഭിച്ചതിൽ 32.38 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പിൽ നിന്ന് 11.78 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് 11.50 കോടി രൂപയും ലഭിക്കുന്നതിനുള്ള ഉറപ്പ് ലഭിച്ചിട്ടുണ്ട്. ഇതിൽ 3.59 കോടി രൂപ ലഭിച്ചിട്ടുണ്ട്. എം.പി. ഫണ്ടിൽ നിന്നും 10 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിന്റെ വിഹിതത്തിൽ സാധ്യതക്കനുസരിച്ച് കേന്ദ്ര സർക്കാർ വിഹിതമായ DDUGJY ഫണ്ട് ഉപയോഗപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) വൈദ്യുതി ലൈൻ എത്തിക്കാൻ കഴിയാത്ത ഉൾപ്രദേശങ്ങളിലുള്ള കോളനികളിൽ വികേന്ദ്രീകൃത വൈദ്യുതോൽപ്പാദനവും വിതരണവും (DDG) പദ്ധതി സംവിധാനത്തിലൂടെയാണ് വൈദ്യുതി എത്തിച്ചത്.

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി കേരളത്തിലെ വൈദ്യുതി എത്താത്ത മേഖലകളിൽ സോളാർ പാനൽ ഉപയോഗിച്ച് ഗ്രിഡ് ബന്ധിതമല്ലാത്ത സൗരോർജ്ജ നിലയം സ്ഥാപിക്കാൻ നടപടികളെടുക്കുകയും, വൈദ്യുതി വിതരണ ലൈൻ സ്ഥാപിച്ച് വൈദ്യുതി എത്തിക്കാൻ സാധിക്കാതെ വന്ന പ്രസ്തുത പ്രദേശങ്ങളിലെ വീടുകളിൽ സോളാർ ഹോംലൈറ്റിംഗ് സിസ്റ്റം, സോളാർ റാന്തലുകൾ, സോളാർ പവർപ്ലാന്റുകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തു. ഇതനുസരിച്ച് ഇടുക്കി ജില്ലയിൽ 1620 വീടുകളിലും, വയനാട് ജില്ലയിൽ 12 വീടുകളിലും പാലക്കാട് ജില്ലയിൽ 539 വീടുകളിലും സോളാർ ഹോംലൈറ്റിംഗ് സിസ്റ്റവും സോളാർ റാന്തലുകളും സ്ഥാപിച്ചു. കൂടാതെ പാലക്കാട് ജില്ലയിൽ 5 വീടുകൾക്കായി 2 സോളാർ പവർപ്ലാന്റുകൾ സ്ഥാപിച്ചു.

(ഡി) വന പ്രദേശങ്ങളിൽ താമസിക്കുന്ന ഉപഭോക്താക്കൾക്ക് വൈദ്യുതി എത്തിക്കുന്നതിനായി വനത്തിനുള്ളിൽ കൂടി വൈദ്യുതി ലൈൻ വലിക്കേണ്ട സാഹചര്യങ്ങളിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമായിരുന്നു. അനുമതിക്കായി വിവിധ നടപടിക്രമങ്ങൾ പാലിച്ച് അപേക്ഷ സമയബന്ധിതമായി നൽകുകയും പരമാവധി വേഗത്തിൽ അനുമതി ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മറ്റ് ഉടമസ്ഥരുടെ വസ്തുക്കളിൽ കൂടി ലൈൻ വലിച്ച് കണക്ഷൻ കൊടുക്കേണ്ട സാഹചര്യങ്ങളിൽ ഉടമയുടെ സമ്മതം ലഭിക്കാത്ത പക്ഷം തർക്കത്തിൽ തീർപ്പ് കൽപ്പിക്കാൻ അധികാരപ്പെട്ട റവന്യൂ വകുപ്പിന്റെ സഹകരണം ആവശ്യമായിരുന്നു.

കോടതി വ്യവഹാരം നിലനിൽക്കുന്ന സാഹചര്യങ്ങളിൽ അതിന്റെ വിധി വന്ന ശേഷം മാത്രമേ റവന്യൂ വകുപ്പിന് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമായിരുന്നുള്ളൂ.

പ്രസ്തുത നടപടിക്രമങ്ങൾ ദ്രുതഗതിയിൽ നടപ്പാക്കുന്നതിനായി യോഗങ്ങൾ വിളിച്ചുകൂട്ടുകയും പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിക്കേണ്ട അനുമതികൾക്ക് അടിയന്തര പ്രാധാന്യം നൽകാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**സ്പോർട്സ് മേഖലയിലെ വികസനം**

29 (*59) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്പോർട്സ് മേഖലയിലെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഈ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ദേശീയ-സംസ്ഥാന തലങ്ങളിൽ മികവ് പ്രകടിപ്പിച്ചവരെ ആദരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2020, 2024-ലെ ഒളിമ്പിക്സുകളിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നീ 11 കായിക ഇനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 'ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി' ആവിഷ്കരിച്ചിട്ടുണ്ട്.

2020, 2024 ഒളിമ്പിക്സ് വരെയുള്ള പരിശീലന പദ്ധതിയാണിത്. പ്രസ്തുത പദ്ധതിയ്ക്കായി 2017-18 മുതൽ 2024-25 വരെ 440 കോടി രൂപയാണ് ചെലവ് പ്രതീക്ഷിയ്ക്കുന്നത്. മേൽ സൂചിപ്പിച്ച 11 കായിക ഇനങ്ങളിലായി ഏകദേശം 250 കായിക താരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. ഇതിൽ റസ്‌ലിംഗ്, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ പെൺകുട്ടികൾക്ക് മാത്രമാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയിൽ തെരഞ്ഞെടുത്ത 11 ഇനങ്ങളിൽ പരിശീലനം നൽകുന്നതിനായി കേരളത്തിലെ വിവിധ ജില്ലകളിലായി 13 ഒളിമ്പിക്സ് സെന്ററുകൾ ആരംഭിയ്ക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

കേരളത്തിന്റെ കായികരംഗം മികവുറ്റതാക്കുന്നതിന് കേരള സാക്ഷരത മിഷന്റെ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനുവേണ്ടി "കായികക്ഷമത മിഷൻ" ആരംഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സ്റ്റേഡിയം വികസനത്തിന്റെ ഭാഗമായി 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയിൽ ആദ്യഘട്ടമെന്ന നിലയിൽ 7 സ്റ്റേഡിയങ്ങൾക്കും എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള പദ്ധതിയുടെ തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയിൽ 19 പ്രോജക്ടുകൾക്കും ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ 60 കോടി രൂപ ചെലവിൽ 6 സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയിൽ 5 പ്രോജക്ടുകൾക്കും മലപ്പുറം ഫുട്ബോൾ ഹബ്ബിനും (മഞ്ചേരി ജില്ലാ സ്പോർട്സ് കോംപ്ലക്സ് & ഫുട്ബോൾ അക്കാദമി) ഭരണാനുമതി നൽകിയിട്ടുണ്ട്.

2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പറളി, മേപ്പയൂർ, ഫറൂക്ക് ഗണപതി എന്നിവിടങ്ങളിലെ സ്കൂളുകളിൽ മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, തിരൂർ ഫുട്ബോൾ സ്റ്റേഡിയം, തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ്, വടകര ഇൻഡോർ സ്റ്റേഡിയം, ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം (വടകര), പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം, പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം എന്നിവയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പന്തളത്ത് ചേരിക്കൽ പട്ടികജാതി കോളനിക്കുള്ളിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ പ്രത്യേക ഗ്രാന്റായും അനുവദിച്ചിട്ടുണ്ട്.

കൂടാതെ, 35-ാമത് ദേശീയ ഗെയിംസിനുവേണ്ടി നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾക്കും സംരക്ഷണത്തിനുമായി 15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി സ്റ്റേഡിയങ്ങളുടെ വികസനത്തിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്നു.

സ്പോർട്സ് ഹോസ്റ്റലിലെ കായിക താരങ്ങളുടെ പരിശീലനം, ഭക്ഷണം, താമസസൗകര്യം, കായിക ഉപകരണങ്ങൾ മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏറ്റവും മികച്ച രീതിയിലുള്ള സൗകര്യങ്ങൾ നൽകുന്നതിനായി സ്പോർട്സ് ഹോസ്റ്റലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ ഫിഫ അണ്ടർ 17 ലോകകപ്പ് വേദിയായ കൊച്ചിയിലെ റോഡുകളുടെ സൗന്ദര്യവൽക്കരണം/നവീകരണം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തികൾക്ക് 17.77 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

ഭാരതത്തിൽ ഇദംപ്രഥമമായി നടക്കുന്ന ഫിഫ അണ്ടർ 17 വേൾഡ് കപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിനോട് അനുബന്ധിച്ചുള്ള ലീഗ്, ക്വാർട്ടർ ഫൈനൽ മത്സരങ്ങൾ കൊച്ചിയിൽ വച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്. ആയതിലേയ്ക്കുള്ള പരിശീലന വേദികളിൽ ഒന്നായ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിന്റെ ഭാഗമായി Natural Turf Football Field of International Standards with Sprinkler facilities, a two storied football, training centre, change room എന്നിവ നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ പ്രസ്തുത പ്രവൃത്തിയുടെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ടി പ്രവൃത്തിയുടെ കൺസൾട്ടന്റായ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 3,15,92,341 രൂപ ഘട്ടം ഘട്ടമായി കൈമാറുകയുണ്ടായി.

കൂടാതെ പ്രസ്തുത സ്റ്റേഡിയത്തിൽ ഫ്ലഡ് ലൈറ്റ് സംവിധാനം ഒരുക്കുന്നതിലേയ്ക്കായി 1,05,00,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

കേരളത്തിലെ കായിക താരങ്ങൾക്കും പരിശീലകർക്കും ഇൻഷ്വറൻസ് പദ്ധതി ആരംഭിയ്ക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

കായിക വകുപ്പിന് കൈമാറി കിട്ടിയ ജി.വി.രാജ സ്പോർട്സ് സ്കൂൾ മൈലം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 19.66 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) കേരളത്തിലുള്ള കേന്ദ്ര ഏജൻസികൾ, സ്പോർട്സ് കൗൺസിൽ, ഡയറക്ടറേറ്റ്, ഇതര ഏജൻസികൾ എന്നിവ വകുപ്പ് സെക്രട്ടറിയുടെയും മന്ത്രിയുടെയും തലത്തിൽ ഏകോപിപ്പിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. 35-ാം ദേശീയ ഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവച്ച കുമാരി എലിസബത്ത് സൂസൻ കോശി, ശ്രീ. സജൻ പ്രകാശ് എന്നിവർക്ക് പോലീസ് വകുപ്പിൽ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിലും കുമാരി അനിൽഡാ തോമസിനും, കുമാരി അനു രാഘവനും വനം വകുപ്പിൽ ഗസറ്റഡ് തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്.

35-ാം ദേശീയ ഗെയിംസിൽ വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയതും ടീം ഇനത്തിൽ സ്വർണ്ണമെഡൽ നേടിയതുമായ 68 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്.

ഏഷ്യൻ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ വനിതാവിഭാഗം 1500 മീറ്ററിൽ സ്വർണ്ണമെഡൽ കരസ്ഥമാക്കിയ മലയാളി കായിക താരം കുമാരി പി.യു. ചിത്രയ്ക്ക് തുടർ പരിശീലനച്ചെലവിലേയ്ക്കായി, സ്പോർട്സ് കൗൺസിലിന്റെ എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി പ്രതിദിനം 500 രൂപയും മികച്ച കായിക താരങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ഡോ. എ. പി. ജെ. അബ്ദുൽ കലാം സ്കോളർഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 10,000 രൂപയുടെ സ്കോളർഷിപ്പും അനുവദിച്ചിട്ടുണ്ട്. ഫുട്ബോൾ താരം ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയ്ക്ക് തുല്യമായ സർക്കാർ ജോലിയും നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2017 ജൂലൈ 6 മുതൽ 9 വരെ ഒഡീഷയിലെ ഭുവനേശ്വറിൽ വച്ച് നടന്ന 22-ാമത് ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ മെഡൽ നേടിയ കേരളീയ കായിക താരങ്ങൾക്ക് വ്യക്തിഗത ഇനത്തിൽ സ്വർണ്ണമെഡൽ നേടിയവർക്ക് 10 ലക്ഷം രൂപ വീതവും ടീമിനത്തിൽ സ്വർണ്ണമെഡൽ നേടിയ ഓരോ കായിക താരത്തിനും 5 ലക്ഷം രൂപ വീതവും വ്യക്തിഗത ഇനത്തിൽ വെള്ളി നേടിയവർക്ക് 7 ലക്ഷം രൂപ വീതവും ടീമിനത്തിൽ വെള്ളി മെഡൽ നേടിയ ഓരോ കായിക താരത്തിനും മൂന്നര ലക്ഷം രൂപ വീതവും വ്യക്തിഗത ഇനത്തിൽ വെങ്കല മെഡൽ നേടിയവർക്ക് 5 ലക്ഷം രൂപ വീതവും ടീം ഇനത്തിൽ വെങ്കല മെഡൽ നേടിയ ഓരോ കായിക താരത്തിനും രണ്ടര ലക്ഷം രൂപ വീതവും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മെഡൽ കരസ്ഥമാക്കിയ കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പരമോന്നത ബഹുമതിയായ ജി.വി.രാജ അവാർഡും മറ്റ് അവാർഡുകളും നൽകി വരുന്നുണ്ട്. സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് ഡോ. എ.പി.ജെ. അബ്ദുൽകലാം സ്കോളർഷിപ്പ് സ്കീമും നിലവിലുണ്ട്. പ്രതിവർഷം ദേശീയ, അന്തർദ്ദേശീയ മത്സര വിജയികളായ 50 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകുന്ന സ്പോർട്സ് ക്വാട്ട നിയമന പദ്ധതിയുടെ അടിസ്ഥാനത്തിൽ 2010-2014 വർഷം വരെയുള്ള 249 കായിക താരങ്ങളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചരക്ക് സേവന നികുതിയുടെ മറവിൽ അമിത ലാഭം ഈടാക്കുന്നതിനെതിരെ നടപടി

30 (*60) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതിയുടെ മറവിൽ അമിത ലാഭം ഈടാക്കാനായി സംസ്ഥാനത്തെ മരുന്നു വ്യാപാരികൾ അവശ്യമരുന്നുകളുടെ ലഭ്യത നിയന്ത്രിക്കുന്നത് നിമിത്തം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് നടപടി ആവശ്യപ്പെട്ടിരുന്നോ; കേന്ദ്ര സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ചരക്കിന്റെയോ സേവനത്തിന്റെയോ മേലുള്ള നികുതിയിൽ ഉണ്ടാകുന്ന കുറവ് ചരക്ക് വാങ്ങുന്നയാൾക്ക് ലഭ്യമാക്കണമെന്നുള്ള നിയമവ്യവസ്ഥ നടപ്പിലാക്കാനായി കേന്ദ്ര സർക്കാർ എന്തു സംവിധാനമാണ് ഇതുവരെ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് നികുതി കുറയുമെന്ന് സർക്കാർ പ്രസിദ്ധപ്പെടുത്തിയ 101 ചരക്കുകൾക്ക് നികുതി കുറഞ്ഞതിന് ആനുപാതികമായി വിലക്കുറവുണ്ടായിട്ടുണ്ടോ എന്ന് പരിശോധന നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ജി.എസ്.ടി. കൗൺസിലിൽ പ്രശ്നം ഉന്നയിച്ചിട്ടുണ്ട്.

(ബി) ജി.എസ്.ടി. നിയമത്തിൽ (171) വകുപ്പ് പ്രകാരം ആന്റി-പ്രോഫിറ്ററിംഗ് അതോറിറ്റി രൂപീകരിക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച ചട്ടങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. വിതരണം ചെയ്യപ്പെടുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും നികുതി നിരക്കിലെ കുറവും വ്യാപാരികൾക്ക്

ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുപാതിക ആനുകൂല്യവും ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുകയാണ് അതോറിറ്റിയുടെ ലക്ഷ്യം. ഒരു ചെയർമാനും നാല് ടെക്നിക്കൽ അംഗങ്ങളും ചേർന്നതാണ് അതോറിറ്റി. ഇതിനുപുറമേ ആന്റി പ്രൊഫിറ്ററി പരിശോധിക്കാനുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയും സംസ്ഥാനതലത്തിൽ സ്ക്രീനിംഗ് കമ്മിറ്റികളും ഉണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ലഭിക്കുന്ന പരാതികൾ പരിശോധിച്ച് നികുതി കുറവിന്റെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുകൂല്യം ഉപഭോക്താവിന് കൈമാറിയില്ലെങ്കിൽ നടപടികൾ സ്വീകരിക്കാൻ അതോറിറ്റിക്ക് റിപ്പോർട്ട് നൽകാവുന്നതാണ്. സംസ്ഥാനതലത്തിൽ സ്ക്രീനിംഗ് കമ്മിറ്റികൾ പരിശോധിച്ച് ശിപാർശകൾ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകുന്നതാണ്. സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകുന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നികുതി കുറവിന്റെയും ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറിയില്ലെങ്കിൽ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

1. വിലയിൽ കുറവ് വരുത്താൻ ഉത്തരവ് നൽകാം.

2. ഉപഭോക്താവിന് കൈമാറ്റം ചെയ്യപ്പെടാത്ത ആനുകൂല്യങ്ങൾ 18 ശതമാനം പലിശ നിരക്കിൽ ഉപഭോക്താവിന് നൽകുവാനുള്ള ഉത്തരവുകൾ നൽകാം. ഇതിന് പുറമെ പിഴയും ജി.എസ്.ടി. രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുമുള്ള ഉത്തരവ് നൽകാം. അതോറിറ്റിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾ ഉടനടി ആരംഭിക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

(സി) ജി.എസ്.ടി.-യുടെ പ്രാരംഭഘട്ടത്തിൽ നീക്കിയിരിപ്പ് സാധനങ്ങളുടെ വിലയുമായി ബന്ധപ്പെട്ട് ചില അവ്യക്തതകൾ രാജ്യമൊട്ടുക്കും നിലനിന്നിരുന്നു. ഇതിന്മേൽ നൽകിയ നികുതിയിലും ഇൻപുട്ട് ടാക്സ് ലഭ്യമാകുമെന്നും ആയതിനാൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ച് വ്യാപാരികളെ ഉത്ബുദ്ധരാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കാരണം മിക്ക ആവശ്യ സാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകേണ്ടതാണ്. ഇത് വരും മാസങ്ങളിൽ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഏർപ്പെടുത്തിയ പുതിയ പെൻഷൻ പദ്ധതി

1 (363) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും ഏർപ്പെടുത്തിയ പുതിയ പെൻഷൻ പദ്ധതി നിർത്തലാക്കി പഴയ രീതിയായ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതിയിലേക്ക് മാറ്റുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പെൻഷൻ പ്രായം ഉയർത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇല്ല.

### വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ

2(364) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ സർക്കാർ വകുപ്പുകളുടെയും എത്ര ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഒരു സാമ്പത്തിക വർഷം എത്ര തുക വാടകയിനത്തിൽ ചെലവിടുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പരിശോധിച്ചിട്ടില്ല.

(ബി) സർക്കാർ ഓഫീസ് കെട്ടിടങ്ങളുടെ വാടകയിനത്തിൽ 2016-17 സാമ്പത്തിക വർഷം 57.55 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## ആസ്തി വികസന ഫണ്ടിൽനിന്നും തുക വിനിയോഗിക്കാൻ നടപടി

3(365) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ വകയിരുത്തിയിട്ടുള്ള 5 കോടി രൂപയ്ക്ക് പുറമേ അധികമായി വരുന്ന തുക എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും വിനിയോഗിക്കാൻ സാധിക്കുമോ എന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുക?

<u>ഉത്തരം</u>

(എ&ബി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് പ്രസ്തുത ഫണ്ട് മറ്റ് ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കുവാൻ വ്യവസ്ഥയില്ല. എന്നിരുന്നാലും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഫണ്ട് വിനിയോഗിക്കുവാൻ എം.എൽ.എ. ഉദ്ദേശിക്കുന്ന പക്ഷം ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പ്രവൃത്തിക്ക് മാത്രമായുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്. ആസ്തി വികസന പദ്ധതിയിൻകീഴിലെ മറ്റ് പ്രവൃത്തികൾക്കുള്ള നടപടിക്രമങ്ങൾ ആയതിനും ബാധകമാണ്. 2017-18 സാമ്പത്തിക വർഷം മുതൽ ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകൾ മുഖേന നടപ്പാക്കാൻ സ.ഉ.(അ) നമ്പർ 86/2017/ധന. തീയതി 4-7-2017 പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് എം.എൽ.എ.-മാർ തങ്ങളുടെ ശിപാർശകൾ അതത് കളക്ടറേറ്റുകളിൽ സമർപ്പിക്കേണ്ടതാണ്.

## ചിറ്റൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിക്കാത്തതുമൂലം നഷ്ടമായ പദ്ധതികൾ

4(366) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2015-16 സാമ്പത്തിക വർഷങ്ങളിൽ എം എൽ എ ഫണ്ട് ഇനത്തിൽ ചിറ്റൂർ നിയോജകമണ്ഡലത്തിൽ വകയിരുത്തിയതും സമയത്ത് ഭരണാനുമതി ലഭിക്കാത്തതുമൂലം നഷ്ടമായതുമായ പദ്ധതികൾ ഏതൊക്കെയാണ് ;

(ബി) ഓരോ പദ്ധതിയുടെയും പേര്, വകയിരുത്തിയ തുക എന്നിവ വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികൾ നടപ്പിലാക്കാൻ ഇനിയുള്ള പോംവഴി എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2015-16 സാമ്പത്തിക വർഷത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഇനത്തിൽ ചിറ്റൂർ നിയോജകമണ്ഡലം മുൻ എം.എൽ.എ. ശിപാർശ ചെയ്തിരുന്ന എസ്.എം.എച്ച്.എസ്.എസ്. തത്തമംഗലം കെട്ടിട നിർമ്മാണം (ഒരു കോടി രൂപ), ഗവ. വിക്ടോറിയ ഗേൾസ് സ്കൂൾ ചുറ്റുമതിൽ നിർമ്മാണം (25 ലക്ഷം രൂപ) എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല. ടി പ്രവൃത്തികൾ നിലവിലെ വ്യവസ്ഥകൾ പ്രകാരം 2015-16-ലെ ഫണ്ട് വിനിയോഗിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ അനുവദനീയമല്ല. ആയതിനാൽ ടി പ്രവൃത്തികൾ നടപ്പിലാക്കേണ്ടത് ആവശ്യമെങ്കിൽ revised estimate/current SoR പ്രകാരം നിലവിലെ 2017-18 നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നേടി തുക ചെലവഴിച്ച് പ്രവൃത്തി നടപ്പിലാക്കുവാൻ ബഹു. എം.എൽ.എ. താൽപ്പര്യപ്പെടുന്ന പക്ഷം ബന്ധപ്പെട്ട ജില്ലാ കളക്ടറെ സമീപിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

**ആസ്തിവികസന പദ്ധതികൾക്ക് ഭരണാനുമതി**

5(367) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തിവികസന പദ്ധതിയിൽ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകുന്നതിനായി ജില്ലാ കളക്ടറേറ്റുകളിൽ ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാലതാമസം കൂടാതെ ഒരു കോടി രൂപ വരെയുള്ള പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നല്കാനും അല്ലാത്തവ സെക്രട്ടേറിയറ്റിലേക്ക് ഫോർവേഡ് ചെയ്യാനും എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2017-18 സാമ്പത്തിക വർഷം മുതൽ നിയോജക മണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പാക്കുന്നതാണ്. നിലവിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി കളക്ടറേറ്റുകളിലൂടെയാണ് നടപ്പാക്കിവരുന്നത്. പ്രസ്തുത സജ്ജീകരണങ്ങൾ ഉപയോഗപ്പെടുത്തിയാണ് ആസ്തി വികസന പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഒരു കോടി രൂപയിൽതാഴെ അടങ്കലുള്ള പദ്ധതികൾക്ക് അനുമതി നൽകുന്നതിനുള്ള മുഴുവൻ

നടപടിക്രമങ്ങളും കളക്ടറേറ്റുകളിലാണ് കൈകാര്യം ചെയ്യുന്നത്. ഒരു കോടിയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്കുള്ള അനുമതിക്കായി പ്രസ്തുത ശിപാർശകൾ കളക്ടർമാർ ധനകാര്യ വകുപ്പിലേയ്ക്ക് ഫോർവേഡ് ചെയ്യേണ്ടതാണ്. ആസ്തി വികസന പദ്ധതിക്കായി വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ മുഖേനയാണ് ഫയലുകൾ കൈകാര്യം ചെയ്യേണ്ടത്. സോഫ്റ്റ്‌വെയർ പരിശീലനം നൽകുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട ADC/ ഡെപ്യൂട്ടി കളക്ടർമാരുടെയും കളക്ടറേറ്റുകളിലെ FO മാരുടെയും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം 28-07-2017-ന് വിളിച്ച് ചേർക്കുകയുണ്ടായി. തുടർ പരിശീലനത്തിന് എൻ.ഐ.സി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മാന്ദ്യവിരുദ്ധ പാക്കേജ്**

6(368) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബജറ്റിൽ പ്രഖ്യാപിച്ച രണ്ടാമത് മാന്ദ്യവിരുദ്ധ പാക്കേജിന്റെ 20,000 കോടി രൂപയുടെ പദ്ധതിയിൽ ഇതിനോടകം എത്രകോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയെന്നും അവ ഏതെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര പദ്ധതികൾക്ക് ടെൻഡർ വിളിച്ചെന്നും എത്ര പദ്ധതികൾ പ്രവർത്തനം ആരംഭിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) 2016-17 -സാമ്പത്തികവർഷത്തിൽ പ്രസ്തുത മാന്ദ്യവിരുദ്ധ പാക്കേജിൽ എത്ര തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച രണ്ടാമത് മാന്ദ്യവിരുദ്ധ പാക്കേജിന്റെ 20,000 കോടി രൂപയുടെ പദ്ധതിയിൽ ഇതിനോടകം 5451.81 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. 6925.97 കോടി രൂപയുടെ പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അനുമതിയും നൽകിയിട്ടുണ്ട്. പദ്ധതികളുടെ പട്ടിക അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.*

(സി) കിഫ് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ഓൺലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള ഡയറക്ട് പേയ്മെന്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ നൂതന സംവിധാനമനുസരിച്ചുള്ള തുടർനടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കി, പ്രവൃത്തികൾ ആരംഭിച്ച് ബില്ലുകൾക്കനുസൃതമായ പേയ്മെന്റ് ഇൻവോയിസുകൾ കിഫ്ബിക്ക് ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് റിലീസ് ആരംഭിക്കുന്നതാണ്. ഇതുവരെ പേയ്മെന്റ് ഇൻവോയിസുകൾ കിഫ്ബിക്ക് ലഭിച്ച് തുടങ്ങിയിട്ടില്ല. കിഫ്ബി പദ്ധതികൾ വളരെ വിപുലമായ പദ്ധതികളാകയാൽ ആവശ്യമായ അനുമതികൾ ലഭിച്ചതിനുശേഷം അവയുടെ നിർവ്വഹണ സംവിധാനം ഏർപ്പെടുത്തി പ്രവൃത്തികൾ ആരംഭിക്കുവാൻ ചുരുങ്ങിയത് 6-7 മാസം വരെ സമയമാവശ്യമാണ്. ഇക്കാരണത്താലാണ് ഫണ്ട് റിലീസ് ആരംഭിച്ചിട്ടില്ലാത്തത്. എന്നാൽ പ്രവൃത്തികളാരംഭിച്ച് കഴിഞ്ഞാൽ സമയബന്ധിതമായി നിർവ്വഹണം സാധ്യമാകുന്നതാണ്.

**കെ.എസ്.ഇ.ബി.-ക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ**

7(369) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര/സംസ്ഥാന സർക്കാരുകൾ കെ.എസ്.ഇ.ബി.-ക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ഇനത്തിൽ 2011-12, 2012-13, 2013-14, 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിൽ ചെലവായ തുക എത്രയെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ ;

(സി) കെ. എസ്. ഇ. ബി. ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പ് എന്തെങ്കിലും പഠനമോ വിശകലനമോ നടത്തിയിട്ടുണ്ടോ ; റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;ഏങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന ജീവനക്കാരുടെയും കെ. എസ്. ഇ. ബി. ജീവനക്കാരുടെയും ശമ്പള പരിഷ്കരണം ഒരുമിച്ച് നടത്തിയിരുന്നോയെന്ന് വ്യക്തമാക്കുമോ ; എന്നു മുതലാണ് വേർപെടുത്തിയുള്ള ശമ്പള പരിഷ്കരണം ആരംഭിച്ചത് ;

(ഇ) സംസ്ഥാന ജീവനക്കാരുടെയും കെ. എസ്. ഇ. ബി. ജീവനക്കാരുടെയും ശമ്പള പരിഷ്കരണം ഒരുമിച്ച് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ പദ്ധതി വിഹിതത്തിൽ 65,25,00,000 രൂപയും പദ്ധതിയേതര വിഹിതമായി 53,40,03,000 രൂപയും വകയിരുത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്ര പദ്ധതികളുടെ സംസ്ഥാന വിഹിതമായി 600 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് ആർ.ജി.ജി.വി.വൈ, ആർ.എ.പി.ഡി.ആർ.പി., ഡി.ഡി.യു.ജി.ജെ.വൈ, ഐ.പി.ഡി.എസ്. എന്നീ പദ്ധതികൾക്കായി നൽകിവരുന്നു.

(ബി) 2011-12 - 54.60 കോടി
2012-13 - 127.40 കോടി
2013-14 - 210.26 കോടി
2014-15 - 96.6 കോടി
2015-16 - 43.4 കോടി
2016-17 - 28.98 കോടി

(സി) കെ.എസ്.ഇ.ബി. ജീവനക്കാരുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് പ്രത്യേകിച്ച് പഠനങ്ങൾ ഒന്നുംതന്നെ നടത്തിയിട്ടില്ല.

(ഡി) സംസ്ഥാന ജീവനക്കാരുടെയും കെ.എസ്.ഇ.ബി. ജീവനക്കാരുടെയും ശമ്പള പരിഷ്കരണം ഒരുമിച്ച് നടത്തിയിട്ടില്ല. 1978 നവംബർ 25-നാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ ആദ്യമായി അംഗീകൃത ട്രേഡ് യൂണിയനുകൾ സമർപ്പിച്ച ചാർട്ടർ ഓഫ് ഡിമാന്റിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ദീർഘകാല സേവന വേതന കരാർ നിലവിൽ വരുന്നത്. അന്ന് മുതൽക്ക് ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് 1947 സെക്ഷൻ 2(പി) അനുസരിച്ച് അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് ധാരണയിലെത്തി അഞ്ചുവർഷക്കാലയളവിലേയ്ക്കുള്ള ദീർഘകാല സേവന വേതന കരാറനുസരിച്ചാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത്.

(ഇ) നിലവിൽ പരിഗണനയിലില്ല.

## ജി.എസ്.ടി.- ഗുണങ്ങളും കോട്ടങ്ങളും

8 (370) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി., പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സമ്പ്രദായ മേഖലയിലായതിനാൽ മൂല്യവർദ്ധിത നികുതി സമ്പ്രദായം തുടർന്നുവന്നിരുന്ന കേരളത്തിൽ ഇത് നടപ്പാക്കുമ്പോൾ എന്തു ഗുണങ്ങളും കോട്ടങ്ങളും ഉണ്ടാകും എന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) ജി.എസ്.ടി., നടപ്പാക്കിയതിനുശേഷം സംസ്ഥാനത്തിന് നികുതി ചുമത്താനാവുന്ന മേഖലകൾ ഏതെല്ലാം ;എന്ത് നടപടികൾ ധനവകുപ്പ് നാളിതുവരെ സ്വീകരിച്ചു ; വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി നടപ്പാക്കുകമൂലം സർക്കാരിനുണ്ടാകുന്ന വരുമാന ലാഭം അല്ലെങ്കിൽ നഷ്ടം എത്ര എന്ന ധനകാര്യ വകുപ്പു പരിശോധിച്ചുവോ ; എങ്കിൽ ലാഭമുണ്ടാകുന്നത് എത്ര എന്നും നഷ്ടമാണുണ്ടാകുന്നതെങ്കിൽ കേന്ദ്രസഹായം നല്കുന്നത് ജി.എസ്.ടി കൗൺസിലാണോ കേന്ദ്രസർക്കാരാണോ എന്നും ധനവകുപ്പിന്റെ കാഴ്ചപ്പാട് എന്ത് എന്നും വ്യക്തമാക്കുമോ;

(ഡി) അന്തർ സംസ്ഥാന വിതരണങ്ങളിൽ ചുമത്തപ്പെടുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പ്രസ്തുത നിയമ പ്രകാരം സംസ്ഥാനങ്ങൾക്ക് എത്തരത്തിൽ വീതിച്ചു നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിന് പുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ഇതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകും. പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവ്വഹണ സമ്പ്രദായമായ ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടം നികത്തുന്നതിനുള്ള GST Compensation Act പാസ്സാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ജി.എസ്.ടി. നടപ്പാക്കുമ്പോൾ വരുമാന നഷ്ടമുണ്ടായാൽ 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ

അഞ്ചുവർഷത്തേയ്ക്ക് പൂർണ്ണമായി നഷ്ടപരിഹാരം ലഭിക്കും. ഇ-കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിന് അന്യസംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവയുടെ നികുതിയും മുമ്പ് അന്തർ സംസ്ഥാന വിൽപ്പനയായി കണക്കാക്കിയിരുന്നതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ലഭിച്ചിരുന്നില്ല. ജി.എസ്.ടി.-യിൽ ഈ നികുതിയും കേരളത്തിന് ലഭിക്കും. ഇത് വലിയ നേട്ടമാണ്.

(ബി) ജി.എസ്.ടി. നടപ്പിലായതിനെ തുടർന്ന് ചരക്കിന് പുറമേ സേവന മേഖലയിലും സംസ്ഥാനത്തിന് നികുതി ചുമത്താൻ കഴിയും. കേന്ദ്ര ധനകാര്യ മന്ത്രിയും സംസ്ഥാന-യൂണിയൻ ടെറിട്ടറീസ് ധന/നികുതി മന്ത്രിമാരും അംഗങ്ങളായ ജി.എസ്.ടി. കൗൺസിലാണ് നികുതി നിരക്കുകൾ നിശ്ചയിക്കുന്നത്.

(സി) ജി.എസ്.ടി. പ്രാപ്യസ്ഥാനാധിഷ്ഠിത നികുതിയായതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നേട്ടം പ്രതീക്ഷിക്കുന്നു. ആയതിനാൽ കേരളത്തിന് നികുതി വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ വരുമാന നഷ്ടം ഉണ്ടാവുകയാണെങ്കിൽ 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷം തോറും കണക്കാക്കി ആദ്യ അഞ്ചുവർഷത്തേയ്ക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ GST Compensation Act പാസ്സാക്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള നഷ്ടപരിഹാരം കേന്ദ്രസർക്കാർ സംസ്ഥാനങ്ങൾക്ക് നൽകും.

(ഡി) അന്തർ സംസ്ഥാന വിതരണങ്ങളിൽ ചുമത്തപ്പെടുന്ന ഇൻപുട്ട് ടാക്സ് ഐ.ജി.എസ്.ടി. ആയി ഈടാക്കുകയും അതിന്റെ ഒരു ഭാഗം ചരക്ക് ഉപയോഗിക്കുന്ന സംസ്ഥാനത്തിനും ഒരു ഭാഗം കേന്ദ്ര സർക്കാരിനും വീതിക്കപ്പെടുന്നു. ജി.എസ്.ടി.എൻ. മുഖേനയാണ് ഇത് സംഭവ്യമാകുന്നത്.

**ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട അവ്യക്തതകൾ**

9 (371) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട അവ്യക്തതകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ചെറുകിട കച്ചവടക്കാരുടെ സ്തംഭനാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട അവ്യക്തതകൾ പരിഹരിക്കുന്നതിന് വ്യാപാരികൾക്കും വ്യാപാര സംഘടനകൾക്കും കേരളമൊട്ടാകെ വിവിധ തരത്തിലുള്ള പഠന ക്ലാസ്സുകൾ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. വ്യാപാരികളുടെ സംശയനിവാരണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ് ഡസ്കുകൾ എല്ലാ ജില്ലകളിലും വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിലും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ പൊതുജനങ്ങളുടെ ബോധവൽക്കരണത്തിനായുള്ള പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന് പുറമേ ജി.എസ്.ടി. ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വ്യാപാരികൾക്കും വ്യാപാര സമൂഹത്തിനുമുണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരമുണ്ടാക്കുകയാണ് സംസ്ഥാന, ജില്ലാ തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ഈ കമ്മിറ്റിയുടെ ഉദ്ദേശ്യം.

(ബി) ജി.എസ്.ടി.-യിൽ 20 ലക്ഷത്തിന് താഴെ വിറ്റുവരവുള്ള ചെറുകിട കച്ചവടക്കാർ രജിസ്ട്രേഷന്റെ പരിധിയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. കൂടാതെ 75 ലക്ഷംവരെ വിറ്റുവരവുള്ള വ്യാപാരികൾക്ക് കോമ്പോസിഷൻ സ്കീം തെരഞ്ഞെടുക്കുന്നതിനുള്ള അവസരമുണ്ട്. ജൂൺ 30 വരെയുള്ള ക്ലോസിംഗ് സ്റ്റോക്കിന്റെ നികുതിയെ സംബന്ധിച്ച ബോധവൽക്കരണം വ്യാപാരികൾക്ക് നൽകിയിട്ടുണ്ട്. ഇതിനുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ജി.എസ്.ടി.-യിൽ ലഭിക്കുന്നതാണ്.

**ജി.എസ്.ടി. വന്നതിനുശേഷമുള്ള വിലക്കയറ്റം**

10 (372) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം ഉണ്ടായ വിലക്കയറ്റവും കൃത്രിമമായി സൃഷ്ടിക്കപ്പെടുന്ന വിലക്കയറ്റവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പായ്ക്ക് ചെയ്ത ഉല്പന്നങ്ങളിൽ ജി.എസ്.ടി നിലവിൽ വരുന്നതിന് മുമ്പുള്ള വിലയും ശേഷമുള്ള വിലയും രേഖപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ജി.എസ്.ടി പ്രകാരം ഓരോ ഉല്പന്നങ്ങൾക്കും നിലവിൽ വന്ന നികുതി, കുറഞ്ഞ നികുതി, വിലവിവരം ഇവ കൃത്യമായി പരസ്യപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ജി.എസ്.ടി പ്രകാരം വില കുറയുന്ന ഉല്പന്നങ്ങൾക്ക് വിലകൂട്ടി വിൽക്കുന്നതിന്റെ പേരിൽ വ്യാപാരികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വ്യാപാരികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നടപ്പാക്കിയിട്ടുള്ള എല്ലാ രാജ്യങ്ങളിലും വിലക്കയറ്റം പ്രകടമായിട്ടുണ്ട്. വിവിധ നികുതികൾ ചേരുന്ന ആകെ നികുതി ഭാരം ചരക്കുസേവന നികുതി സമ്പ്രദായത്തിൽ കുറയുമെങ്കിലും ഇത്തരത്തിൽ കുറവ് വരുന്ന നികുതിയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള വൻകിട കമ്പനികളുടെയും വിതരണക്കാരുടെയും ത്വരയാണ് ഇത്തരത്തിലുള്ള വിലക്കയറ്റത്തിന് കാരണമാകുന്നത്. ഈ വസ്തുത കേരളം ജി.എസ്.ടി. കൗൺസിലിൽ ആവർത്തിച്ച് ചൂണ്ടിക്കാണിക്കുകയും ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിക്കുവേണ്ടി ഉറച്ച നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി നിരക്കുകൾ നിർണ്ണയിക്കുന്ന ഘട്ടത്തിൽ കൗൺസിലിൽ കേരളം ചൂണ്ടിക്കാണിച്ച ഈ ആശങ്ക യാഥാർത്ഥ്യമാകുന്നതാണ് നാം കാണുന്നത്. ഓരോ ചരക്കിന്റെയും നിലവിലുള്ള നികുതിഭാരവും ജി.എസ്.ടി. വരുമ്പോഴുണ്ടാകുന്ന കുറവും കണക്കാക്കി അത് പ്രസിദ്ധപ്പെടുത്തണമെന്നും ഓരോ ചരക്കിന്റെയും ടാക്സ് ഇൻസിഡൻസ് കാണിക്കുന്ന മാട്രിക്സ് സംസ്ഥാനങ്ങൾക്ക് കൈമാറണമെന്നും ജി.എസ്.ടി. കൗൺസിലിൽ കേരളം നിരന്തരം ആവശ്യപ്പെട്ടുപോന്നതാണ്. ഇത് ലഭിക്കാതിരുന്നിട്ടും 100 ഉൽപ്പന്നങ്ങളുടെ നികുതിയിൽ ഉണ്ടാകുന്ന കുറവ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

കേന്ദ്രതലത്തിൽ ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിയും സംസ്ഥാന തലത്തിലെ സമിതികളും യഥാസമയം രൂപീകരിക്കണമെന്നും സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചു. ജി.എസ്.ടി. നടപ്പാക്കിയതിലൂടെ വളരെയധികം ചരക്കുകളുടെ നികുതി നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും നികുതിക്കുറവിന്റെ ആനുകൂല്യം ലഭിച്ച പല ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ പ്രോഡക്ട്സും വില കുറയ്ക്കാതെ അമിതലാഭം കയ്യടക്കുന്ന പ്രവണത വിപണിയിൽ ദൃശ്യമാണ്. 2017 ജൂൺ 30-ന് വിൽപ്പനക്കാരുടെ കയ്യിൽ സ്റ്റോക്കുണ്ടായിരുന്ന ചരക്കുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കിട്ടുന്നത് സംബന്ധിച്ച ആശയക്കുഴപ്പവും വിപണിയിൽ പ്രതിഫലിച്ചു. സംസ്ഥാനത്തിനകത്തും ഇതിന്റെ അനുരണനങ്ങൾ ഉണ്ടായിട്ടുണ്ട്. നികുതി പൂർണ്ണമായും ഇല്ലാതാകുന്ന കോഴിക്ക് വില കയറുന്ന സ്ഥിതിവന്നു. വൻകിട കോഴി ഏജന്റുമാർ 'കാർട്ടൽ' പോലെ പ്രവർത്തിച്ച് നികുതിയിൽ ഉണ്ടായ ഇളവ് ഉപഭോക്താക്കൾക്ക് കൈമാറാതെ കയ്യടക്കുന്നതിനുള്ള നീക്കത്തിന്റെ ഫലമായിരുന്നു ഇത്. ഇതിനെതിരെ സംസ്ഥാന സർക്കാർ ഉറച്ച നിലപാട് സ്വീകരിച്ചു. അനിയന്ത്രിതമായി വില കയറുന്നതിനുള്ള പ്രവണതയെ ഒരു പരിധിവരെ കടിഞ്ഞാൺ ഇടാൻ ഇതുമൂലം കഴിഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നികുതി നിരക്കിൽ വന്ന ഇളവുകൾ ഉടനടിതന്നെ

പ്രാബല്യത്തിൽ വരുത്തുകയും കോർപ്പറേഷൻവഴി വിൽക്കുന്ന ചരക്കുകൾക്ക് വിലക്കുറവ് പ്രഖ്യാപിക്കുകയും ചെയ്തു. ജി.എസ്.ടി.-യുടെ പ്രാരംഭഘട്ടത്തിൽ ചില അവ്യക്തതകൾ വ്യാപാരി സമൂഹത്തിനുണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ഈ പരാതികൾ പരിഹരിക്കുന്നതിനായി വ്യാപാരി വ്യവസായികളുടെ സംഘടനകളെ വിളിക്കുകയും ജി.എസ്.ടി.-യിലൂടെ ലഭിക്കുന്ന നികുതി നിരക്കിന്റെ കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്ന ചരക്കുകൾക്കും സേവനങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണ്. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ നികുതി നിരക്കിൽ വന്നിട്ടുള്ള കുറവും ഇൻപുട്ട് ടാക്സിന്റെ പ്രയോജനവും കണക്കിലെടുത്ത് അവശ്യവസ്തുക്കൾക്ക് വിലക്കുറവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് നിരീക്ഷിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതാണ്. ജി.എസ്.ടി.-യുടെ മറവിലുള്ള വിലക്കയറ്റം നിയന്ത്രിക്കാനുള്ള ശക്തമായ നടപടികൾ കേന്ദ്ര സർക്കാരും സ്വീകരിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെടുകയാണ്.

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതിനെ തുടർന്ന് നികുതി നിരക്കിലുണ്ടായ വ്യത്യാസം അനുസരിച്ച് എം.ആർ.പി.-യിൽ പുതുക്കൽ വരുത്തണമെങ്കിൽ ഉൽപ്പാദകർ അല്ലെങ്കിൽ ഇറക്കുമതി ചെയ്യുന്നവർ ദേശീയതലത്തിൽ പത്രപ്പരസ്യം നൽകുകയും വില കൂടാനുണ്ടായ കാരണം പ്രസ്തുത പരസ്യത്തിൽ രേഖപ്പെടുത്തുകയും വേണം. പുതുക്കിയ എം.ആർ.പി. നിരക്ക് നിലവിലുള്ള പാക്കറ്റിൽ വെട്ടിത്തിരുത്താതെ പുതിയ സ്റ്റിക്കറായി പതിപ്പിക്കുകയും വേണമെന്ന് ലീഗൽ മെട്രോളജി വകുപ്പ് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നിലവിലുണ്ടായിരുന്ന ആകെ നികുതിഭാരത്തിൽ ജി.എസ്.ടി. നിരക്കുകൾ നടപ്പിലാക്കുമ്പോൾ കുറവ് വരുന്നുണ്ടെങ്കിലും ഇതുമൂലമുണ്ടാകുന്ന ലാഭം ഉപഭോക്താക്കൾക്ക് കൈമാറാതെ വ്യാപാരികൾ കയ്യടക്കുന്ന പ്രവണത ഉണ്ടാകുമെന്ന് കണ്ടുകൊണ്ട് ഇതിനെതിരെ ജി.എസ്.ടി. കൗൺസിലിൽ നിരന്തരം നടപടികൾ ആവശ്യപ്പെട്ടിരുന്നു. ഓരോ ചരക്കിന്റെയും നിലവിലുള്ള നികുതിഭാരവും പുതിയ നിരക്കും അടങ്ങുന്ന ടാക്സ് ഇൻസിഡന്റ്സ് മാട്രിക്സ് പ്രസിദ്ധീകരിക്കണമെന്നും അത് സംസ്ഥാനങ്ങൾക്ക് കൈമാറണമെന്നും ആവശ്യപ്പെട്ടു. എന്നാൽ ഇത് ചെയ്യാൻ കേന്ദ്രസർക്കാർ ഇതേവരെ തയ്യാറായില്ല. സംസ്ഥാനം 100 ഉപഭോക്തൃ ഉൽപ്പന്നങ്ങളുടെ ഇത്തരത്തിലുള്ള നികുതി വ്യതിയാനം അന്വേഷിച്ച് കണ്ടെത്തി പ്രസിദ്ധപ്പെടുത്തിയിരുന്നു.

(ഡി) ജി.എസ്.ടി. നടപ്പിൽ വരുത്തിയതിന്റെ ആദ്യഘട്ടത്തിലുണ്ടായ ആശയക്കുഴപ്പങ്ങളും സംശയങ്ങളുമെല്ലാം വ്യാപാരികളെയും ആശങ്കയിലാക്കിയിരുന്നു. ഉയർന്ന നികുതി നൽകി വാങ്ങിവെച്ചിരുന്ന സ്റ്റോക്കിന് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സംബന്ധിച്ചും മറ്റുമുണ്ടായ അവ്യക്തതകളും ഇതിന് കാരണമായിട്ടുണ്ട്. ഈ വസ്തുതകൾ കണക്കിലെടുത്ത് വ്യാപാരികളുടെയും മറ്റും യോഗം ചേർന്ന് വിശദീകരിക്കാനാണ് സർക്കാർ ശ്രമിച്ചത്. ജി.എസ്.ടി.-യുടെ മറവിൽ അമിതലാഭം കയ്യടക്കാനുള്ള പ്രവണത അംഗീകരിക്കില്ലെന്നും അങ്ങനെയുണ്ടായാൽ ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾക്ക് സമ്മർദ്ദം ചെലുത്തുമെന്നും വ്യാപാരികളെ അറിയിച്ചു. എം.ആർ.പി. ചട്ടങ്ങൾ പാലിക്കാത്തവർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ ബന്ധപ്പെട്ട അധികാരികൾ സ്വീകരിച്ചിട്ടുണ്ട്.

**ജി.എസ്.ടി. നടപ്പിലാക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട്**

11 (373) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് മുൻ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് അന്നത്തെ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി അഞ്ചംഗ കമ്മിറ്റി രൂപീകരിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് സർക്കാർ കേന്ദ്ര ഗവൺമെന്റിലേക്ക് സമർപ്പിച്ചിരുന്നോ; വിശദമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ കേന്ദ്ര സർക്കാർ സ്വീകരിച്ച നിലപാട് വിശദമാക്കാമോ?

ഉത്തരം

(എ) 12-3-2009-ലെ ജി.ഒ. (എം.എസ്.) 44/2009/നി.വ. പ്രകാരം ജി.എസ്.ടി. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി അഞ്ചംഗ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു. പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു. *

(ബി&സി) പ്രസ്തുത കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ട് ചില നിബന്ധനകൾക്ക് വിധേയമായി 20-6-2009-ലെ ജി.ഒ. (എംഎസ്.) 110/2009/നി.വ. പ്രകാരം സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു.* പ്രസ്തുത റിപ്പോർട്ടിന്മേൽ കേന്ദ്ര സർക്കാരിന്റെ നിലപാട് സംബന്ധിച്ച വിശദാംശം ശേഖരിച്ചുവരുന്നു.

**ജി.എസ്.ടി. നടപ്പാക്കുകവഴി വിവിധ ഉൽപ്പന്നങ്ങളിന്മേൽ ചുമത്തപ്പെടുന്ന**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നികുതി

12 (374) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കുക വഴി ചരക്കുകളുടെയും സേവനങ്ങളുടെയും കൈമാറ്റങ്ങളിൽ ഒരേസമയം കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും നികുതി പിരിക്കാനുള്ള അധികാരം ലഭിക്കുന്നുണ്ടോ എന്നും എങ്കിൽ സംസ്ഥാനം എസ്.ജി.എസ്.ടി.യും കേന്ദ്രം സി.ജി.എസ്.ടി.യും ചുമത്താൻ ജി.എസ്.ടി. കൗൺസിൽ അനുമതി നൽകിയിട്ടുണ്ടോ എന്നും അതിൻപ്രകാരം നികുതി ചുമത്താനുള്ള ഉല്പന്നങ്ങളുടെ തുകയും നികുതി നിരക്കും വ്യവസ്ഥകളും എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി നടപ്പാക്കിയ സാഹചര്യത്തിൽ വ്യാപാരികളുടെ രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, ഇ-പേയ്മെന്റ് തുടങ്ങിയവ ഉറപ്പുവരുത്തുവാനും ഒപ്പം വ്യാപാരികൾ ന്യായവിലയിലാണ് വിപണനം നടത്തുന്നത് എന്ന് ഉറപ്പുവരുത്താനും ജി.എസ്.ടി. യുടെ പേരിൽ അമിത വിലക്കയറ്റം സൃഷ്ടിക്കുന്ന വ്യാപാര മേഖലയെ നിയന്ത്രിക്കാനും എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി. നടപ്പാക്കുക വഴി നികുതി വിമുക്തമാകുന്ന ഉല്പന്നങ്ങൾ ഏതെല്ലാം എന്നുള്ള വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഡി) കാർഷിക മേഖലയിലെ ഡെയറി ഫാർമിംഗ്, പൗൾട്രി ഫാർമിംഗ്, സ്റ്റോക്ക് ബ്രീഡിംഗ്, പഴവർഗ്ഗ ശേഖരണം, ചെടികളുടെ വില്പന, മത്സ്യകൃഷിയും മത്സ്യക്കുഞ്ഞു വിപണനം തുടങ്ങിയവ ജി.എസ്.ടി.-യുടെ പരിധിയിൽ വരുന്നുണ്ടോ; എങ്കിൽ ഇവയെ ജി.എസ്.ടി.-യിൽ നിന്നും ഒഴിവാക്കി കാർഷിക മേഖലയെ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) ജി.എസ്.ടി. നികുതി സമ്പ്രദായത്തിൽ നികുതി ബാധകമായ കൈമാറ്റങ്ങളിന്മേൽ കേന്ദ്രം സി.ജി.എസ്.ടി.-യും സംസ്ഥാനങ്ങൾ എസ്.ജി.എസ്.ടി.-യും ചുമത്തുന്നതിനായി 101-ാം ഭരണഘടന ഭേദഗതി പ്രകാരം അധികാരം ലഭിക്കുന്നുണ്ട്. അന്തർസംസ്ഥാന കൈമാറ്റങ്ങളിന്മേൽ ഐ.ജി.എസ്.ടി.-യാണ് ചുമത്തുന്നത്. ഇത് കേന്ദ്രസർക്കാരായിരിക്കും ഈടാക്കുന്നത്. ജി.എസ്.ടി. നിയമപ്രകാരം 20 ലക്ഷം രൂപയ്ക്കുമേൽ വിറ്റുവരവുള്ള വ്യാപാരികൾ രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. ഇവർ നികുതിവിധേയമായ സാധനങ്ങളുടെ കൈമാറ്റങ്ങളിൽ പട്ടികയനുസരിച്ച് 3%, 5%, 12%, 18%, 28% എന്നീ നിരക്കുകളിൽ നികുതി ഈടാക്കേണ്ടതാണ്.

(ബി) വ്യാപാരികളുടെ രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, ഇ-പേയ്മെന്റ് തുടങ്ങിയവ ജി.എസ്.ടി.എൻ.-ന്റെ പോർട്ടൽ വഴിയാണ് ചെയ്യുന്നത്. സംസ്ഥാനത്തിന് ബാക്ക് എന്റ് മൊഡ്യൂൾവഴി ഇവ ഉറപ്പുവരുത്താനും പരിശോധിക്കുവാനും കഴിയും. അമിത വിലക്കയറ്റം സൃഷ്ടിക്കുന്ന വ്യാപാര മേഖലയെ നിയന്ത്രിക്കുന്നതിനുവേണ്ടി ജി.എസ്.ടി. നിയമത്തിൽ സെക്ഷൻ 171 പ്രകാരം ഇൻപുട്ട് ടാക്സ് സ്വീകർത്താവിന് ലഭിക്കത്തക്കവിധം ആന്റി പ്രോഫിറ്ററിംഗ് മെഷേഴ്സ് സ്വീകരിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു. *

(ഡി) കാർഷിക മേഖലയിലെ ഡെയറി ഫാമിംഗ്, പൗൾട്രി ഫാമിംഗ്, സ്റ്റോക്ക് ബ്രീഡിംഗ്, പഴവർഗ്ഗ ശേഖരണം, ചെടികളുടെ വിൽപ്പന, മത്സ്യക്കുഞ്ഞ് വിപണനം തുടങ്ങിയവ ജി.എസ്.ടി.-യുടെ പരിധിയിൽ വരുമെങ്കിലും ഇവയെ പൂർണ്ണമായും നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. പെൻഷൻ**

13 (375) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ കൃത്യമായും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാനാകുമോ;വിശദമാക്കാമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കുന്നതിനുള്ള എന്തെങ്കിലും നടപടി പരിഗണനയിലുണ്ടോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ കൃത്യമായും ലഭ്യമാക്കുന്നതിനുള്ള ബാധ്യത സർക്കാരിൽമാത്രം നിക്ഷിപ്തമല്ല. എന്നിരുന്നാലും സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ എല്ലാ മാസവും ആകെ നൽകിവരുന്ന പെൻഷന്റെ 50% സർക്കാർ നൽകുന്നുണ്ട്. ഓരോ മാസവും 30 കോടി രൂപ വീതമാണ് നൽകിവരുന്നത്. ശമ്പളവും പെൻഷനും നൽകുന്നതിനായി ആകെ 360 കോടി രൂപ 2017-18 ജൂലൈ മാസം വരെ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ ബാധ്യത സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് നടപടികളൊന്നും നിലവിൽ പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട്

14 (376) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാ മാണെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ കളക്ടറേറ്റുകളിൽ ഓരോ മണ്ഡലത്തിനും പ്രത്യേകമായി ട്രഷറി/ബാങ്ക് അക്കൗണ്ടുകളുണ്ടോ;

(സി) ഇല്ലെങ്കിൽ മണ്ഡലാടിസ്ഥാനത്തിൽ ട്രഷറി/ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് 27-05-2004-ലെ സ.ഉ. (പി) നമ്പർ 247/2004/ ധനഃ ഉത്തരവിൽ വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 20-11-2009-ലെ സ.ഉ. (പി) നമ്പർ 518/2009/ധന. പ്രകാരം ജില്ലാ കളക്ടറും നിർവ്വഹണ ഏജൻസികളുടെ പ്രതിനിധികളും അംഗങ്ങളായിട്ടുള്ള ഒരു കൺസൽട്ടേറ്റീവ് കമ്മിറ്റി ജില്ലാതലത്തിൽ രൂപവൽക്കരിക്കുകയും പ്രവൃത്തികളുടെ പുരോഗതി മേൽനോട്ടം നടത്തുകയും ചെയ്യണമെന്ന് ഉത്തരവായിട്ടുണ്ട്. 21-06-2012-ലെ സർക്കുലർ നമ്പർ 40/2012/ധന. പ്രകാരം പ്രതിമാസ ചെലവ് സ്റ്റേറ്റുമെന്റ് അടുത്ത മാസം 5-ാം തീയതിക്ക് മുമ്പുതന്നെ ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് സമർപ്പിക്കേണ്ടതാണെന്നും 4-06-2013-ലെ സർക്കുലർ നമ്പർ 50/2013/ധന. പ്രകാരം എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ച് ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകൾ നാലുമാസത്തിലൊരിക്കൽ അതാത് ജില്ലകളിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പിന് സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല.

(സി) ഒരു ജില്ലയിലെ എല്ലാ മണ്ഡലങ്ങൾക്കുമായി എം.എൽ.എ. എസ്.ഡി.എഫ്.-ൽ അനുവദിക്കുന്ന തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ പേരിൽ ഒരു റ്റി.എസ്.ബി. അക്കൗണ്ടാണ് ആരംഭിച്ചിട്ടുള്ളത്. ഓരോ എം.എൽ.എ.-യ്ക്കും പ്രത്യേകം പ്രത്യേകം രജിസ്റ്ററുകൾ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും സൂക്ഷിക്കുന്നുണ്ട്. മണ്ഡലാടിസ്ഥാനത്തിൽ റ്റി.എസ്.ബി. അക്കൗണ്ട് ആരംഭിക്കുന്നത് പ്രായോഗികമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള ബഡ്ജറ്റുകളിലെ ഘടനാപരമായ സമാനത

15 (377) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1957 മുതൽ ഇതഃപര്യന്തമുള്ള കേരള ബഡ്ജറ്റുകൾ പരിശോധിച്ചാൽ അക്കങ്ങളിൽ വരുന്ന മാറ്റം അല്ലാതെ ഘടനാപരമായ മാറ്റം ഉണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

ഉത്തരം

ബഡ്ജറ്റിന്റെ ഘടനയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തിയിട്ടില്ലെങ്കിലും ആവശ്യാനുസരണം കാലോചിതമായ പരിഷ്കരണ നടപടികൾ ബഡ്ജറ്റ് രേഖകളിൽ വരുത്താറുണ്ട്. പുതിയ സാഹചര്യങ്ങൾക്കനുസരിച്ച് ബഡ്ജറ്റ് ഘടനയിൽ ഭേദഗതി വരുത്തേണ്ട സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ സംസ്ഥാന സർക്കാർ അക്കാര്യം ആ അവസരത്തിൽ പരിശോധിക്കുന്നതാണ്.

## പുതിയ വിഭവ സമാഹരണം

16 (378) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനകത്തു നിന്ന് പുതിയ വിഭവ സമാഹരണത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര സർക്കാരിന്റെ ഇക്കണോമിക് സർവേ റിപ്പോർട്ട് അനുസരിച്ച് ഇന്ത്യൻ സംസ്ഥാനങ്ങളിൽ വരുമാനത്തിലും ഉപഭോഗത്തിലും ഏറ്റവും കൂടുതൽ അസമത്വം കേരളത്തിനാണോ; എങ്കിൽ ഇതിന്റെ കാരണം വിശദീകരിക്കാമോ ?

ഉത്തരം

(എ) 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന് പുറമെ പുതിയ വിഭവ സമാഹരണത്തിന് പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല.

(ബി) പ്രസ്തുത റിപ്പോർട്ട് വിശദമായി പരിശോധിച്ചാൽ മാത്രമേ ഇതു സംബന്ധിച്ച് വ്യക്തത നൽകാൻ കഴിയുകയുള്ളൂ.

## ആസ്തി വികസന ഫണ്ട്

17 (379) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 2015-16 സാമ്പത്തിക വർഷത്തേക്ക് ശിപാർശ ചെയ്ത പദ്ധതികൾ ബന്ധപ്പെട്ട വകുപ്പുകൾ കൃത്യസമയത്ത് സമർപ്പിക്കാത്തതു കാരണം ഭരണാനുമതി ലഭ്യമാകാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ വകുപ്പുതലത്തിൽ എന്തെങ്കിലും വീഴ്ചയോ, അനാസ്ഥയോ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന പദ്ധതിയിൻ കീഴിൽ എം.എൽ.എ.-മാർ ശിപാർശ ചെയ്ത പദ്ധതികൾ യഥാസമയം പരിഗണനയ്ക്കായി ലഭിക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും നൽകാനുള്ള അവസാന തീയതി 31-03-2017 വരെ ആയി ദീർഘിപ്പിച്ച് നൽകിയിരുന്നു.

(ബി) ഇല്ല.

(സി) ബാധകമല്ല.

**ആസ്തി വികസന ഫണ്ട് വിനിയോഗം**

18 (380) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗത്തിലെ കാലതാമസം ഒഴിവാക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആസ്തി വികസന ഫണ്ട് വിനിയോഗത്തിലെ മാനദണ്ഡങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗത്തിലെ കാലതാമസം ഒഴിവാക്കാനായി പ്രസ്തുത പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പിലാക്കണമെന്ന നിയമസഭാ സാമാജികരുടെ ആവശ്യം പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(അ) നമ്പർ 86/2017/ധന. തീയതി 4-07-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവനുസരിച്ച് 2017-18 സാമ്പത്തിക വർഷം മുതൽ ആസ്തി വികസന പദ്ധതി

ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പാക്കുന്നതാണ്. ആയതനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ശിപാർശകൾ എം.എൽ.എ.-മാർ അതത് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ശിപാർശ ചെയ്യുന്ന പ്രവൃത്തികളിൽ ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ ആയതിന് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള ധനാനുമതി ലഭിക്കുന്നതിനായി ജില്ലാ കളക്ടർമാർ പ്രസ്തുത ശിപാർശ ധനകാര്യ വകുപ്പിലേയ്ക്ക് അയയ്ക്കേണ്ടതും അനുമതി തേടിയിരിക്കേണ്ടതുമാണ്. ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഒരു കോടി രൂപയിൽ താഴെയാണെങ്കിൽ ജില്ലാതലത്തിൽ ഭരണാനുമതി നൽകാവുന്നതാണ്.

### ആസ്തി വികസന ഫണ്ട് വിനിയോഗം

19 (381) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ 2016-17-ലെ ആസ്തി വികസന ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികൾക്കാണ് ഇതുവരെ ധനകാര്യ വകുപ്പ് അനുമതി നൽകിയതെന്ന് വിശദമാക്കാമോ;

(ബി) ഇവയുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ ?

ഉത്തരം

(എ) നാദാപുരം മണ്ഡലത്തിൽ 2016-17-ലെ ആസ്തിവികസന സ്കീമിൽ ഉൾപ്പെടുത്തി ധനകാര്യ വകുപ്പ് ഇതുവരെ അനുമതി നൽകിയ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

### ദേശീയ ദുരന്ത നിവാരണ ഫണ്ട്

20 (382) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും എന്ത് തുക ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് വകയിരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ എസ്.ഡി.ആർ.എഫ്.-ൽ നിന്ന് ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുക ചെലവഴിച്ചെന്നും ഇനിയെത്ര മിച്ചമുണ്ടെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്നും 145.5 കോടി രൂപ ലഭ്യമായിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം ഈയിനത്തിൽ 152 കോടി രൂപ പ്രതീക്ഷിക്കുന്നു.

(ബി) ദേശീയ ദുരന്ത നിവാരണ നിധിയിൽനിന്നുള്ള വരവ് 1601-01-109 എന്ന ശീർഷകത്തിലും ഇതിലേയ്ക്കുള്ള ചെലവ് 2245- പ്രകൃതിക്ഷോഭം മൂലമുള്ള ദുരിതാശ്വാസം എന്ന മുഖ്യ ശീർഷകത്തിൻ കീഴിലുള്ള വിവിധ ശീർഷകങ്ങളിലുമായി വകയിരുത്തുന്നു.

(സി) വകുപ്പുതല താൽക്കാലിക കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത നിവാരണ നിധി (SDRF)-യിൽനിന്നും സംസ്ഥാന വിഹിതം ഉൾപ്പെടെ 146.97 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. SDRF-ലേയ്ക്കുള്ള മിച്ചതുക പൊതുക്കണക്കിനത്തിന് കീഴിൽ വരുന്ന '8121- കരുതൽ നിധി' എന്ന മുഖ്യ ശീർഷകത്തിൻ കീഴിലാണ് വരുന്നത്. ഇതുസംബന്ധിച്ച കണക്കുകൾ സൂക്ഷിക്കുന്നത് അക്കൗണ്ടന്റ് ജനറലാണ്. 28-02-2017-ൽ നിയമസഭയിൽ സമർപ്പിച്ച 2015-16 വർഷത്തേയ്ക്കുള്ള ഫിനാൻസ് അക്കൗണ്ട്സ് പ്രകാരം 31-03-2016 വരെ സംസ്ഥാന ദുരന്ത നിവാരണ നിധി (SDRF)-യിലെ മിച്ച തുക 72.52 കോടി രൂപയാണ്.

**റബ്ബർ കർഷകർക്കുള്ള ധനസഹായം**

21 (384) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകർക്ക് ഒരു കിലോ റബ്ബറിന് താങ്ങുവിലയായി ഇപ്പോൾ നൽകുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ തുക (താങ്ങുവില) വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ പുതിയ താങ്ങുവില എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) റബ്ബർ കർഷകരുടെ നിലനിൽപ്പിന് പുതുതായി എന്തെങ്കിലും സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിൻ കീഴിൽ നിലവിൽ ഒരു കിലോ റബ്ബറിന് 150 രൂപയാണ് താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്.

(ബി&സി) മുൻവർഷങ്ങളിലെ റബ്ബറിന്റെ ശരാശരി വിലയുടെ അടിസ്ഥാനത്തിലും വിപണിയിലെ വിലനിലവാരങ്ങൾ കണക്കിലെടുത്ത് കൊണ്ടുമാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന് കീഴിൽ റബ്ബറിന് 150 രൂപ താങ്ങുവിലയായി നിശ്ചയിച്ചിട്ടുള്ളത്. ഈ തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## കിഫ്ബി വഴി അനുമതി നൽകിയ പ്രോജക്ടുകൾ

22 (385) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ കിഫ്ബി വഴി അനുമതി നൽകിയ പ്രോജക്ടുകൾ ഏതൊക്കെയാണെന്നും ഓരോന്നിനും എത്ര തുക വീതമാണ് മാറ്റിവച്ചതെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) 2016-17 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ഉൾപ്പെടുത്തിയ പാറശ്ശാല നിയോജകമണ്ഡലത്തിലെ അമരവിള-ഒറ്റശേഖരമംഗലം റോഡിനും കുമ്പിച്ചൽകടവ്, കുടുവീട്കടവ്, ആയയിൽ എന്നീ പാലങ്ങൾക്കും കിഫ്ബി വഴി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ടി പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ കാലയളവിൽ 78 പദ്ധതികൾക്കാണ് കിഫ്ബി വഴി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുള്ളത്. ഈ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 2016-17 ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പാറശ്ശാല നിയോജക മണ്ഡലത്തിലെ അമരവിള-ഒറ്റശേഖരമംഗലം റോഡിന്റെ പദ്ധതി റിപ്പോർട്ട് കിഫ്ബിയുടെ പരിശോധനയിലാണ്. കുടുവീട്കടവ്, ആയയിൽ എന്നീ പാലങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകിയിട്ടുണ്ട്. നിബന്ധനകൾ പാലിക്കപ്പെടുന്നമുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതാണ്. കുമ്പിച്ചൽകടവ് പാലം പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് നാളിതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി വഴി നടപ്പിലാക്കിയ പദ്ധതികൾ

23 (386) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബോർഡ് വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം; അവയുടെ വിശദാംശം നൽകുമോ;

(ബി) ഇതുവരെ എന്തു തുക ഈ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) പുനഃസംഘടിപ്പിച്ച കിഫ് ബോർഡിന്റെ 27,28/29-ാം ബോർഡ് യോഗങ്ങൾ അംഗീകരിച്ച പദ്ധതികൾ (ഉള്ളടക്കം ചെയ്യുന്നു)* നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പ് സ്വീകരിക്കേണ്ട നടപടികൾ 8-08-2016-ലെ സ.ഉ.(കൈ) നമ്പർ 315/16/ധന. ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഈ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതികളുടെ നടപ്പാക്കൽ ആരംഭിക്കുന്നതാണ്. കിഫ് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ഓൺലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള ഡയറക്ട് പേയ്മെന്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ നൂതന സംവിധാനമനുസരിച്ചുള്ള തുടർനടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കി, പ്രവൃത്തികൾ ആരംഭിച്ച് ബില്ലുകൾക്കനുസൃതമായ പേയ്മെന്റ് ഇൻവോയിസുകൾ കിഫ്ബിക്ക് ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് റിലീസ് ആരംഭിക്കുന്നതാണ്. ഇതുവരെ പേയ്മെന്റ് ഇൻവോയിസുകൾ കിഫ്ബിക്ക് ലഭിച്ച് തുടങ്ങിയിട്ടില്ല. കിഫ്ബി പദ്ധതികൾ വളരെ വിപുലമായ പദ്ധതികളാകയാൽ ആവശ്യമായ അനുമതികൾ ലഭിച്ചതിനുശേഷം അവയുടെ നിർവ്വഹണ സംവിധാനം ഏർപ്പെടുത്തി പ്രവൃത്തികൾ ആരംഭിക്കുവാൻ ചുരുങ്ങിയത് 6-7 മാസംവരെ സമയം ആവശ്യമാണ്. ഇക്കാരണത്താലാണ് ഫണ്ട് റിലീസ് ആരംഭിച്ചിട്ടില്ലാത്തത്. എന്നാൽ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞാൽ സമയബന്ധിതമായി നിർവ്വഹണം സാധ്യമാകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ തൽസ്ഥിതി

24(387) ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി സംസ്ഥാനത്ത് നടപ്പിലാക്കുന്ന എത്ര പദ്ധതികൾക്ക് ഇതുവരെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഇതിനകം എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാറിൽ ഒപ്പുവച്ചിട്ടുണ്ട്; ഏതെങ്കിലും പ്രവൃത്തികളുടെ ടെൻഡർ നടപടി പൂർത്തിയായിട്ടുണ്ടോ;

(സി) നടപ്പ് സാമ്പത്തിക വർഷം ഏതൊക്കെ പദ്ധതികൾ തുടങ്ങാനാണ് പദ്ധതി ഇട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ബഡ്ജറ്റിൽ കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള വൻകിട പദ്ധതികളുടെ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ;

(ഇ) പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ; ഈ സംവിധാനം കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) 8-08-2016-ലെ സ.ഉ.(കൈ) നമ്പർ 315/16/ധന. ഉത്തരവ് പ്രകാരം കിഫ്ബി വഴി നടപ്പിലാക്കേണ്ട പദ്ധതികൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പാണ് ഭരണാനുമതി പുറപ്പെടുവിക്കേണ്ടത്. നാളിതുവരെ കൂടിയ കിഫ് ബോർഡ് യോഗങ്ങൾ ഭരണാനുമതിയോടുകൂടിയ 80 പദ്ധതികൾക്ക് അംഗീകാരം നൽകുകയും 43 പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) 3,816.75 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുകയ്ക്കായി കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. ഇതിൽ 983.80 കോടി രൂപയുടെ പദ്ധതികളുടെ ടെൻഡർ നടപടി പൂർത്തിയായിട്ടുണ്ട്.

(സി) കിഫ് ബോർഡ് അംഗീകാരം നൽകുന്ന മുഴുവൻ പദ്ധതികളുടെയും നിർവ്വഹണം ഈ വർഷം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ബഡ്ജറ്റിൽ കിഫ്ബി വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള വൻകിട പദ്ധതികളുടെ പഠന റിപ്പോർട്ട് തയ്യാറാക്കേണ്ട ചുമതല ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്കാണ്. ബന്ധപ്പെട്ട ഭരണ വകുപ്പുകൾ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട്, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ്, വർക്ക് ബ്രേക്ക് ഡൗൺ സ്ട്രക്ച്ചർ എന്നിവ സഹിതമാണ് കിഫ്ബിക്ക് ഓൺലൈനായി സമർപ്പിക്കേണ്ടത്. ഇവ ലഭ്യമാക്കിയാൽ മാത്രമേ കിഫ്ബിക്ക് തുടർനടപടികൾ സ്വീകരിക്കാനാകൂ. നാളിതുവരെ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള എല്ലാ പദ്ധതികൾക്കും വിശദമായ പദ്ധതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) പദ്ധതികളുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി കിഫ്ബിയുടെ മേൽനോട്ടത്തിൽ കാലാകാലങ്ങളിൽ കൂടുന്ന വകുപ്പദ്ധ്യക്ഷൻമാരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗങ്ങളിൽ കിഫ്ബി പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ പദ്ധതികളുടെ അവലോകനവും പ്രവർത്തനവും കുറ്റമറ്റ രീതിയിൽ നടപ്പിൽ വരുത്തുന്നതിനായി കിഫ്ബിയുടെ പദ്ധതി അവലോകന വിഭാഗവും ഇൻസ്പെക്ഷൻ അതോറിറ്റിയും കാലതാമസം കൂടാതെയുള്ള ധനസഹായം നൽകുന്നതിനായി ഭരണ-ധനകാര്യ വിഭാഗവും കിഫ്ബിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിന് പുറമെ പദ്ധതികളുടെ വിശദമായ വർക്ക് ബ്രേക്ക് ഡൗൺ സ്ട്രക്ച്ചർ, പ്രോജക്ട് സോഫ്റ്റ്‌വെയർ വഴി ലഭ്യമാക്കുന്നതിനാൽ പദ്ധതി പ്രവർത്തനവും പുരോഗതിയും ഓൺലൈനായും വിലയിരുത്താൻ സാധിക്കുന്നതാണ്.

**ചരക്ക് സേവന നികുതി (ജി.എസ്.ടി.)**

25 (388) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി (ജി.എസ്.ടി.) നടപ്പാക്കുന്നതിൽ വാണിജ്യ മേഖലയിൽ തികഞ്ഞ ആശയക്കുഴപ്പം നിലനിൽക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉൽപന്നങ്ങളിൽ അച്ചടിച്ചിരിക്കുന്ന പഴയ നികുതി ഉൾപ്പെടുന്ന പരമാവധി വിൽപന വില (എം.ആർ.പി.)ക്ക് മേൽ വീണ്ടും വ്യാപാരികൾ ജി.എസ്.ടി. ചുമത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എം.ആർ.പി.-യിൽ കൂടുതൽ ഒരു കാരണവശാലും വില ഈടാക്കരുതെന്ന ചട്ടത്തിന് വിരുദ്ധമാണ് വ്യാപാരികളുടെ ഈ നടപടി എന്ന് കരുതുന്നുണ്ടോ;

(ഡി) കൂടാതെ നികുതിക്കു മേൽ നികുതി പാടില്ലെന്ന ജി.എസ്.ടി. യുടെ പ്രാഥമിക ലക്ഷ്യത്തിനും ഇത്തരം നടപടികൾ വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ;

(ഇ) ഈ സാഹചര്യത്തിൽ ജി.എസ്.ടി. മുഖേന ജനങ്ങൾക്ക് ലഭ്യമാകേണ്ട സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും ചില വ്യാപാരികൾ നടത്തുന്ന ചൂഷണത്തിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് migration, closing stock-ൻ മേലുള്ള input tax credit ഇൻവോയിസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനായി ചരക്കുസേവന നികുതി വകുപ്പ് സംസ്ഥാന തലത്തിലും ജില്ലാതലത്തിലും സെല്ലുകൾ രൂപീകരിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ നികുതി നിരക്കിൽ അവ്യക്തതയുള്ളതിലും നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇത്തരം സംശയങ്ങൾ ഉന്നയിക്കുന്നതിനായി ഓൺലൈൻ സംവിധാനം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വ്യാപാര പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും (കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും) ഉൾപ്പെടുത്തി സംസ്ഥാന/ജില്ലാതല ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഈ കമ്മിറ്റി മുമ്പാകെ ഉന്നയിക്കാവുന്നതാണ്. അവയിൽ കമ്മിറ്റിക്ക് തീരുമാനമെടുക്കാൻ സാധിക്കാത്ത പ്രശ്നങ്ങൾ (നികുതി നിരക്ക്, നിയമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ) ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. ടി കമ്മിറ്റികളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

വ്യാപാരികൾക്കുണ്ടാകുന്ന പ്രധാന ബുദ്ധിമുട്ടുകളെല്ലാം തന്നെ ജി.എസ്.ടി.എൻ. ഓൺലൈൻ സംവിധാനവുമായി ബന്ധപ്പെട്ടതാണ്. ഇത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും അനുഭവപ്പെടുന്നുണ്ട്. ഓൺലൈൻ സംവിധാനത്തിലെ പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി-ഡി) എം.ആർ.പി.-യിൽ അധികരിച്ച വില ഈടാക്കുന്നത് നിയമവിരുദ്ധമാണ്. ഇത് ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കും.

(ഇ) ജി.എസ്.ടി. നിയമത്തിലെ 171 വകുപ്പ് പ്രകാരം Anti Profiteering Authority രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ അതോറിറ്റി എത്രയും പെട്ടെന്ന് രൂപീകരിച്ച് പ്രവർത്തനം തുടങ്ങണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ചരക്കുസേവന നികുതിമൂലമുള്ള നേട്ടം**

26 (389) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക സേവന നികുതി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഒരു സാമ്പത്തിക വർഷം എത്ര കോടിയുടെ അധിക വരുമാനം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ഇതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകും. പൂർണ്ണമായും കമ്പ്യൂട്ടർവൽക്കൃത നികുതി നിർവ്വഹണ സമ്പ്രദായമായ ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തുന്നതിനുള്ള GST Compensation Act പാസ്സാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ജി.എസ്.ടി. നടപ്പാക്കുമ്പോൾ വരുമാന നഷ്ടമുണ്ടായാൽ 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ അഞ്ചുവർഷത്തേക്ക് പൂർണ്ണമായി നഷ്ടപരിഹാരം ലഭിക്കും.

(ബി) ചരക്കുസേവന നികുതി ജൂലൈ 1 മുതലാണ് നടപ്പിൽവരുന്നത്. ആദ്യത്തെ പൂർണ്ണ ജി.എസ്.ടി. റിട്ടേൺ സമർപ്പിക്കുന്നതിന് സെപ്റ്റംബർ 10 വരെ സമയം നൽകിയിട്ടുണ്ട്. അതിനുശേഷം മാത്രമേ വരുമാനം സംബന്ധിച്ച് തിട്ടപ്പെടുത്തിയ നിഗമനം നടത്താനാകൂ.

## ചരക്കുസേവന നികുതി കുടിശ്ശിക

27 (390) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് കുടിശ്ശികയായി വ്യാപാരികളിൽ നിന്നും എന്തു തുക ലഭിക്കാനുണ്ട്;

(ബി) ചരക്ക് സേവന നികുതി (ജി.എസ്.ടി) കുടിശ്ശിക പിഴയും പലിശയും ഒഴിവാക്കി പിരിച്ചെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 31-03-2017-ലെ കണക്കനുസരിച്ച് വാറ്റ് കുടിശ്ശികയായി വ്യാപാരികളിൽ നിന്നും 5324.27 കോടി രൂപ ലഭിക്കാനുണ്ട്.

(ബി) ഇല്ല. ചരക്കുസേവന നികുതി നടപ്പിലാക്കി വരുന്നതേയുള്ളൂ. 2017 ആഗസ്റ്റ് മാസം മുതൽ മാത്രമേ റിട്ടേൺ ഫയൽ ചെയ്തു തുടങ്ങുകയുള്ളൂ.

## കിഫ്ബി ഫണ്ട്

28 (391) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വിശദമാക്കാമോ;

(ബി) കിഫ്ബി മുഖേനയുള്ള പദ്ധതികൾ പരിശോധിക്കാൻ വിവിധ തലങ്ങളിൽ രൂപീകരിക്കേണ്ട ഉദ്യോഗസ്ഥൻമാരുടെ ടീമുകൾ ഏതെല്ലാമാണ് എന്നു വ്യക്തമാക്കാമോ;

(സി) പ്രസ്തുത ടീമുകൾ നിലവിൽ രൂപീകരിച്ചു കഴിഞ്ഞോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കിഫ് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ഓൺലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള ഡയറക്ട് പേയ്മെന്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ നൂതന സംവിധാനമനുസരിച്ചുള്ള തുടർ

നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കി, പ്രവൃത്തികൾ ആരംഭിച്ച് ബില്ലുകൾക്കനുസൃതമായ പേയ്മെന്റ് ഇൻവോയിസുകൾ കിഫ്ബിക്ക് ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് റിലീസ് ആരംഭിക്കുന്നതാണ്. കിഫ്ബിയിലേയ്ക്ക് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ 8-08-2016-ലെ സർക്കാർ ഉത്തരവ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബി മുഖേനയുള്ള പദ്ധതികൾ പരിശോധിക്കുന്നതിന് കിഫ്ബിയിൽ പ്രധാനമായും മൂന്ന് വിഭാഗങ്ങൾ രൂപീകരിച്ചിട്ടുണ്ട്. കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന പദ്ധതികളുടെ കുറ്റമറ്റ രീതിയിലുള്ള അവലോകനം നടത്തുന്നതിനായി അവലോകന വിഭാഗവും നടത്തിപ്പ് പുരോഗതി പരിശോധിക്കുന്നതിനായി ഇൻസ്പെക്ഷൻ അതോറിറ്റിയും പദ്ധതികളുടെ നടപ്പാക്കലിനാവശ്യമായ പണം റിലീസ് ചെയ്യുന്നതിന് ധനകാര്യ-ഭരണ വിഭാഗവും കിഫ്ബിയിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കിഫ്ബി മുഖേനയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പുകൾ പ്രത്യേകോദ്ദേശ്യ നിർവ്വഹണ ഏജൻസിയായ എസ്.പി.വി. രൂപീകരിക്കേണ്ടതും എസ്.പി.വി.-കളിൽ ഓരോ പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റും രൂപീകരിച്ച് നിർവ്വഹണ പ്രവർത്തനമാരംഭിക്കേണ്ടതുമാണ്. പദ്ധതി നിർവ്വഹണ നിരീക്ഷണം പ്രഥമമായി നിർവ്വഹിക്കേണ്ടത് എസ്.പി.വി.-യുടെ ചുമതലയാണ്.

(സി) കിഫ്ബിയിൽ രൂപീകരിച്ച ധനകാര്യ ഭരണ വിഭാഗത്തിലൊഴികെയുള്ള വിഭാഗങ്ങളിലേയ്ക്കുള്ള ആവശ്യാനുസരണ നിയമനം പുരോഗമിച്ച് വരുന്നു. കിഫ്ബി പദ്ധതികൾക്കായി എസ്.പി.വി.-കളിലുള്ള പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റുകളിലെ നിയമനം ബന്ധപ്പെട്ട എസ്.പി.വി.-കളാണ് നിർവ്വഹിക്കുന്നത്. ഇതുവരെ അനുവദിച്ചിട്ടുള്ള ഭൂരിഭാഗം പദ്ധതികളുടെ കാര്യത്തിൽ അതാത് മേഖലകളിൽ നിലവിലുള്ള എസ്.പി.വി.-കളുടെ സേവനം പ്രയോജനപ്പെടുത്തുന്നതായാണ് ലഭ്യമായ വിവരം.

**കിഫ്ബി ഫണ്ട്**

29 (392) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ശരിയായ രീതിയിൽ വിനിയോഗിക്കുന്നു എന്നുറപ്പ് വരുത്തുന്നതിനായി എന്തെല്ലാം സംവിധാനങ്ങൾ ആണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ ഏതെല്ലാം പദ്ധതികൾക്കാണ് കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഭേദഗതി ചെയ്ത് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ആക്ട് 2016-ലെ 6(സി) വകുപ്പുപ്രകാരം കിഫ്ബിയിൽ ഒരു ഫണ്ട് ട്രസ്റ്റി ആന്റ് അഡ്വൈസറി കമ്മീഷൻ (FTAC) എന്ന പേരിൽ ഒരു കമ്മീഷൻ രൂപീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയുടെ മുൻ കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ശ്രീ. വിനോദ് റായ് ചെയർമാനായും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ മുൻ ഡെപ്യൂട്ടി ഗവർണർ ശ്രീമതി ഉഷാ തോറാട്ട്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിലെ മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. ജി. പദ്മനാഭൻ എന്നിവർ അംഗങ്ങളായും കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷൻ കിഫ്ബി സ്വരൂപിക്കുന്ന നിധിയുടെ ട്രസ്റ്റിയായി പ്രവർത്തിക്കുന്നതും നിധിയുടെ എല്ലാ നിക്ഷേപങ്ങളും ഭേദഗതി ചെയ്ത് കിഫ് ആക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കനുസൃതമാണെന്നും കിഫ്ബിയുടെ ഫണ്ട് അഥവാ നിധി വകമാറ്റി ചെലവഴിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നതായിരിക്കും. കൂടാതെ 6 ഡി (2) വകുപ്പ് പ്രകാരം തുകകളുടെ വിനിയോഗവും അധിക തുകയുടെ നിക്ഷേപവും ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നുവെന്നും സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഓരോ ആറുമാസത്തിലും ഒരു ഫിഡെലിറ്റി സർട്ടിഫിക്കറ്റ് FTAC നൽകേണ്ടതും പ്രസ്തുത സർട്ടിഫിക്കറ്റ് ബഡ്ജറ്റ് രേഖകളോടൊപ്പം നിയമസഭയിൽ സമർപ്പിക്കേണ്ടതുമാണ്. അതിലൂടെ നിക്ഷേപകരുടെ വിശ്വാസ്യത ഉറപ്പാക്കുകയും ചെയ്യുന്നു.

(ബി) പാലക്കാട് ജില്ലയിലെ കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**മണ്ഡലം ആസ്തി വികസന ഫണ്ട്**

30 (393) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ബജറ്റിൽ മണ്ഡലം ആസ്തി വികസന ഫണ്ടായി ഓരോ മണ്ഡലത്തിലും എത്ര കോടി രൂപവീതം അനുവദിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്;

(ബി) ഈ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്;

(സി) ഇതിൽ വാട്ടർ അതോറിറ്റി, വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യം എന്നീ മേഖലകളിൽ ഭരണാനുമതി നൽകിയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ആസ്തി വികസന ഫണ്ടായി നോമിനേറ്റഡ് എം.എൽ.എ. ഉൾപ്പെടെ ഓരോ നിയോജകമണ്ഡലത്തിനും 5 കോടി രൂപാവീതം അനുവദിച്ചിട്ടുണ്ട്.

(ബി&സി) 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിക്കായി 705 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആസ്തി വികസന പദ്ധതി 2016-17-ന് കീഴിൽ 141 എം.എൽ.എ.-മാരിൽ നിന്നും 2102 പ്രവൃത്തികൾക്കുള്ള ശിപാർശകൾ ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. സർക്കുലർ നമ്പർ 53/2017/ധന. തീയതി 6-07-2017 പ്രകാരം പ്രസ്തുത പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും നൽകുന്നതിനുള്ള സമയപരിധി 30-09-2017 ആയി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ആസ്തി വികസന പദ്ധതിയിൻ കീഴിലെ പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിനായി വികസിപ്പിച്ചിട്ടുള്ള ഓൺലൈൻ പോർട്ടലിൽ (www.ads.kerala.gov.in) ലഭ്യമായ വിവരം അനുസരിച്ച് ആസ്തി വികസന പദ്ധതി 2016-17-ന് കീഴിൽ 31-7-2017-വരെ 586.58 കോടി രൂപ ആകെ അടങ്കലിൽ 1815 പ്രവൃത്തികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| പൊതുമരാമത്ത് | - | 388.63 കോടി രൂപ |
| വിദ്യാഭ്യാസം | - | 85.74 കോടി രൂപ |
| ആരോഗ്യം | - | 46.31 കോടി രൂപ |
| വാട്ടർ അതോറിറ്റി | - | 21.02 കോടി രൂപ |

പ്രസ്തുത പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്. ധനാനുമതി നൽകിയ 95 ശതമാനത്തോളം പ്രവൃത്തികൾക്ക് ഇതിനോടകം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

**മണ്ഡലം ആസ്തി വികസന ഫണ്ട്**

31 (394) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡല ആസ്തി വികസന നിധിയിൽ നിന്നും തുക വിനിയോഗിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി പുറപ്പെടുവിച്ച പുതിയ മാർഗ്ഗ നിർദ്ദേശങ്ങളിൽ ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട മൂലധന സ്വഭാവമുള്ള ആസ്തികൾ സൃഷ്ടിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അനുവദനീയമായ പ്രവൃത്തികൾ സംബന്ധിച്ച അനുബന്ധത്തിൽ ഇത്തരം പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും അധീനതയിലുള്ള ഭൂമിയിൽ ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട് മാലിന്യ സംസ്ക്കരണത്തിന് സഹായകരമാകുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (എം.ആർ.എഫ്) പ്ലാസ്റ്റിക് ഷ്രെഡിംഗ് / റീസൈക്ലിംഗ് / ബെയ്‌ലിംഗ് യൂണിറ്റുകൾ, കമ്മ്യൂണിറ്റി ലെവൽ ബയോഗ്യാസ് പ്ലാന്റ്, ഇൻസിനറേറ്റർ,വാട്ടർട്രീറ്റ്മെന്റ് പ്ലാന്റ്, സ്വീവേജ് പ്ലാന്റ് തുടങ്ങിയവ നിയോജക മണ്ഡല ആസ്തി വികസന നിധിയിൽ നിന്നും തുക വിനിയോഗിച്ച് നിർമ്മിക്കുന്നതിന് സാധിക്കുമോ; സാധിക്കില്ലെങ്കിൽ പ്രസ്തുത പ്രവൃത്തികൾ അനുബന്ധത്തിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സ.ഉ. (അ) നമ്പർ 86/2017/ധന. തീയതി 4-07-2017-ൽ ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുവദനീയമായ പ്രവൃത്തികൾ സംബന്ധിച്ച അനുബന്ധം-1-ൽ ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട മൂലധന സ്വഭാവമുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ തുടർച്ചയായി ശിപാർശ ചെയ്യുന്നതും പൊതുസ്വഭാവമുള്ളതുമായ പ്രവൃത്തികളാണ് അനുബന്ധം-1-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതൊരു സമ്പൂർണ്ണ ലിസ്റ്റ് അല്ല. പ്രസ്തുത ലിസ്റ്റ് കൂട്ടിച്ചേർക്കലുകൾക്ക് വിധേയമാണ്. ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട് മാലിന്യ സംസ്കരണത്തിന് സഹായകരമാകുന്ന മൂലധന സ്വഭാവമുള്ള പ്രവൃത്തികൾ നിലവിൽ ആസ്തി വികസന പദ്ധതിയിൻ കീഴിൽ അനുവദനീയമാണ്. ഇത്തരം പ്രവൃത്തികൾക്ക് ആസ്തി വികസന ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നതിന് തടസ്സമില്ല. ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഈ വിഭാഗത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ സമർപ്പിക്കുന്ന പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും നൽകിവരുന്നുണ്ട്.

**കിഫ്ബി മുഖേന നൽകുന്ന ഭരണാനുമതി**

32 (395) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നാളിതുവരെ സംസ്ഥാനത്ത്എത്ര കോടി രൂപയുടെ പ്രവർത്തികളുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്;

(ബി) ഭരണാനുമതി നൽകുന്നതിനായി എത്ര കോടി രൂപയുടെ പ്രോജക്ടുകൾ കിഫ്ബി മുമ്പാകെയുണ്ട്;

(സി) കിഫ്ബിയുടെ പ്രവർത്തനം കൂടുതൽ വിപുലമാക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## ഉത്തരം

(എ&ബി) കിഫ്ബി പദ്ധതികൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നത് ബന്ധപ്പെട്ട ഭരണവകുപ്പാണ്. ഓരോ പദ്ധതിക്കും ഭരണാനുമതി ഉൾപ്പെടെയുള്ള രേഖകൾ കിഫ്ബി വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്ന ചുമതലയും ബന്ധപ്പെട്ട ഭരണവകുപ്പാണ് നിർവ്വഹിക്കുന്നത്. ഈ വിധം സമർപ്പിക്കപ്പെട്ടവയിൽ നാളിതുവരെ 5722.41 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. 6925.97 കോടി രൂപയുടെ പ്രവൃത്തികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായ അംഗീകാരവും നൽകിയിട്ടുണ്ട്. ഇതിന് പുറമേ 8319.42 കോടി രൂപയുടെ പ്രോജക്ടുകൾ ബോർഡിന്റെ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഇവയുടെ അപ്രൈസൽ നടപടികൾ പൂർത്തിയാക്കി ബോർഡിന്റെ പരിഗണനയ്ക്ക് നൽകുന്നതാണ്.

(സി) കിഫ്ബിയുടെ വിപുലീകരണത്തിന്റെ ഭാഗമായി ധനകാര്യവും ഭരണനിർവ്വഹണവും വിഭാഗം, പദ്ധതി അവലോകന വിഭാഗം, ഇൻസ്പെക്ഷൻ വിഭാഗം എന്നീ മൂന്ന് വിഭാഗങ്ങൾ പുതുതായി രൂപവൽക്കരിച്ചിട്ടുണ്ട്. ഇതിന് പുറമെ ധനകാര്യവും ഭരണനിർവ്വഹണവും വിഭാഗത്തിൽ സെബി/ആർ.ബി.ഐ. എന്നിവിടങ്ങളിൽനിന്നുള്ള വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ഗ്രൂപ്പ് വിഭാഗവും രൂപവൽക്കരിച്ചിട്ടുണ്ട്. കൂടാതെ മേൽപ്രസ്താവിച്ച വിഭാഗങ്ങളിലേയ്ക്കാവശ്യമായ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കിഫ്ബിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമവും സമയബന്ധിതവുമായി നടപ്പിലാക്കാനാവശ്യമായ ഓൺലൈൻ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

### കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയ പദ്ധതികൾ

33 (396) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയ പദ്ധതികളിൽ ടെണ്ടർ പൂർത്തിയാക്കിയവയുടെ പട്ടിക ലഭ്യമാക്കുമോ;

(ബി) ഇവയിൽ എത്ര പദ്ധതികളുടെ നിർവഹണം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ എത്ര പദ്ധതികളുടെ നിർവഹണം പൂർത്തീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയ പദ്ധതികളിൽ ടെൻഡർ പൂർത്തിയാക്കിയവയും അവയുടെ നിർവ്വഹണ പ്രക്രിയയിലെ നിലവിലെ സ്ഥിതിയും അനുബന്ധം ആയി ചേർക്കുന്നു.*

(സി) കിഫ്ബി ധനസഹായത്തിനായി സമർപ്പിക്കപ്പെട്ട പദ്ധതികൾക്ക് ഭരണസമിതിയായ ബോർഡിന്റെ അംഗീകാരം നവംബർ 2016 മുതൽ ജൂലൈ 2017 വരെയുള്ള കാലയളവിലാണ് ലഭിച്ചിട്ടുള്ളത്. അംഗീകാരം ലഭിച്ച പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തിയായതിനുശേഷം ശരാശരി മൂന്നുവർഷമാണ് ഒട്ടുമിക്ക പദ്ധതികളുടെയും നിർവ്വഹണ കാലയളവ്. സമയബന്ധിതമായിത്തന്നെ എല്ലാ പദ്ധതികളും പുരോഗമിച്ചുവരികയാണ്. കാലതാമസമുണ്ടായിട്ടില്ല.

**കിഫ്ബി വഴിയുള്ള പ്രവൃത്തികളുടെ നിർവ്വഹണം**

34 (398) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലൂടെ ഭരണാനുമതി നൽകുന്ന പ്രവർത്തികളുടെ നിർവ്വഹണം നടത്തുന്നതിന് ഏജൻസികളെ ലിസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) നിർവ്വഹണ ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ നിർവ്വഹിക്കേണ്ടത് പ്രത്യേക ഉദ്ദേശ്യ സംവിധാനം അഥവാ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) വഴിയാണ്. പദ്ധതികളുമായി ബന്ധപ്പെട്ട് ഭരണവകുപ്പുകൾ പുറപ്പെടുവിക്കുന്ന ഭരണാനുമതി വഴിയാണ് അതാത് എസ്.പി.വി.-കളെ നിശ്ചയിക്കുന്നത്. കിഫ്ബി സ്വന്തമായി നിർവ്വഹണ ഏജൻസികളെ ലിസ്റ്റ് ചെയ്യുന്നില്ല.

(ബി) 8-08-2016-ലെ സ.ഉ. (കൈ) നമ്പർ 315/2016/ധന. ഉത്തരവ് പ്രകാരം കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികളുടെ പദ്ധതിനിർവ്വഹണ ഏജൻസികൾ തെരഞ്ഞെടുക്കേണ്ടതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത് ചുവടെ പറയുംവിധമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. പദ്ധതി നിർവ്വഹണത്തിനുള്ള ഏജൻസികളെ അതത് ഭരണവകുപ്പ് പദ്ധതിയെ സംബന്ധിച്ച് ഒരു വിഭാവനക്കുറിപ്പ് കിഫ്ബിക്ക് സമർപ്പിക്കുന്നതിനോടൊപ്പം തന്നെ തീരുമാനിക്കേണ്ടതാണ്.

2. പദ്ധതികളുടെ ആവശ്യാനുസരണം ഭരണവകുപ്പിന് പുതിയതായി ഒരു പദ്ധതി നിർവ്വഹണന ഏജൻസിയെ (SPV) രൂപീകരിക്കുകയോ നിലവിലുള്ള ഏതെങ്കിലുമൊരു ഏജൻസിയുടെ സേവനം ലഭ്യമാക്കുകയോ ചെയ്യാവുന്നതാണ്.

3. ടി ഏജൻസികൾ പദ്ധതിക്കാവശ്യമായ പദ്ധതി രേഖ തയ്യാറാക്കൽ, അപ്രൈസൽ, നിർവ്വഹണം, നിരീക്ഷണം, വിലയിരുത്തൽ തുടങ്ങിയവ നടത്തേണ്ടതാണ്. ഒരു ഫുൾടൈം ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിലുള്ള ഏജൻസിയാവണം പ്രസ്തുത എസ്.പി.വി. ഇതിൽ സർക്കാർ നോമിനികൾ ഉണ്ടാവേണ്ടതുമാണ്.

4. 2013-ലെ കമ്പനീസ് ആക്ടിൻ കീഴിൽ സ്ഥാപിതമായ സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ പ്രൊമോട്ടർമാരായി മതിയായ ഓഹരി പങ്കാളിത്തമുള്ള ലിമിറ്റഡ് കമ്പനികളെ പദ്ധതി നിർവ്വഹണ ഏജൻസിയായി കണക്കാക്കാവുന്നതാണ്.

## നികുതി കുടിശ്ശിക

35 (399) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിരിഞ്ഞുകിട്ടാനുള്ള നികുതി കുടിശ്ശിക നിലവിൽ എത്ര കോടിയാണ്;

(ബി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിൽ 2016-17 സാമ്പത്തിക വർഷം ജൂൺ വരെയുള്ള കാലയളവിൽ ഏകദേശം 28.02 കോടി രൂപ പിരിച്ചെടുക്കാനുണ്ട്.

മോട്ടോർ വാഹന വകുപ്പിൽ 31-03-2017-ലെ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് പ്രകാരം നികുതി കുടിശ്ശിക 1765,58,27,495 രൂപയാണ്. ആയതിൽ 1433,06,28,792 രൂപ കെ.എസ്.ആർ.ടി.സി.-യുടെ നികുതി കുടിശ്ശികയാണ്. വകുപ്പിന്റെ മാത്രമായ നികുതി കുടിശ്ശിക 332,51,98,703 രൂപയാണ്.

എക്സൈസ് വകുപ്പിൽ സംസ്ഥാനത്ത് നികുതി ഇനത്തിൽ കുടിശ്ശിക നിലവിലില്ല. എന്നാൽ അബ്കാരി കുടിശ്ശിക ഇനത്തിൽ 30-06-2017 വരെ മുതൽ ഇനത്തിൽ 70,05,02,992 രൂപയും പലിശയിനത്തിൽ 171,15,08,824 രൂപയുമടക്കം ആകെ 241,20,11,816 രൂപ ലഭിക്കുവാനുണ്ട്.

ലാന്റ് റവന്യൂ വകുപ്പിൽ ലാന്റ് റവന്യൂ ഇനത്തിൽ 313.03 കോടി രൂപയും റവന്യൂ റിക്കവറി ഇനത്തിൽ 2793.12 കോടി രൂപയും കുടിശ്ശികയുണ്ട്.

സംസ്ഥാനത്ത് ചരക്ക് സേവന നികുതി വകുപ്പിൽ 1-04-2017-ലെ കണക്കനുസരിച്ച് പിരിഞ്ഞ് കിട്ടാനുള്ള നികുതി കുടിശ്ശിക 7582.38 കോടി രൂപയാണ്.

(ബി) രജിസ്ട്രേഷൻ വകുപ്പിൽ കുടിശ്ശിക തീർപ്പാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തി. ഈ പദ്ധതിയിലൂടെ 11.20 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതി 31-3-2017-ൽ അവസാനിച്ച സാഹചര്യത്തിൽ അണ്ടർ വാല്യുവേഷൻ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിക്കുവാൻ ജില്ലാ രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നിട്ടും തുക അടയ്ക്കാത്ത കേസ്സുകളിൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പിൽ എല്ലാ ഓഫീസുകളിലും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള തീവ്രയത്ന പരിപാടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. ബുധനാഴ്ചകൾ, ടാക്സേഷൻ വർക്കുകൾക്ക് മാത്രമായി മാറ്റിവച്ചിട്ടുണ്ട്. നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന വാഹനങ്ങൾക്കെതിരെ റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നികുതി അടയ്ക്കാത്ത വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനം ഊർജ്ജിതമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ പിടിച്ചെടുത്ത വാഹനങ്ങൾ, ലേലം നടത്തിയും സർക്കാരിന് കിട്ടേണ്ട നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ വകുപ്പിന്റെ ഓഫീസുകളിൽ പുരോഗമിച്ചുവരുന്നു. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴിയും വർഷങ്ങളായി കുടിശ്ശികയുള്ള വാഹനങ്ങളുടെ നികുതി പിരിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളും വകുപ്പിന്റെ ഓഫീസുകളിൽ നടന്നുവരുന്നു.

എക്സൈസ് വകുപ്പിൽ കുടിശ്ശികക്കാരുടെ പേരിൽ റവന്യൂ റിക്കവറി നടപടിക്ക് ശിപാർശ ചെയ്യുകയും അതിൻപ്രകാരം കുടിശ്ശികക്കാരുടെ പേരിൽ സ്ഥാവര ജംഗമ വസ്തുക്കളുണ്ടെങ്കിൽ അത് കണ്ടുകെട്ടി പരസ്യമായി ലേലം ചെയ്ത് കുടിശ്ശികയിൽ വരവ് വയ്ക്കുകയും ലേലത്തിൽ വിൽപ്പന നടത്താൻ കഴിയാത്ത വസ്തുക്കൾ ബോട്ട്-ഇൻ-ലാന്റ് വ്യവസ്ഥയിൽ സർക്കാർ അധീനതയിൽ ഏറ്റെടുക്കുകയും ചെയ്യുന്നു. കൂടാതെ ആംനസ്റ്റി പദ്ധതി പ്രകാരം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കുടിശ്ശികക്കാരെ വിവിധ വിഭാഗമായി വർഷം തിരിച്ച്, അതിനനുസരിച്ച് പലിശയിലും മുതലിലും കിഴിവ് നൽകി അടപ്പിച്ച് തീർപ്പാക്കിയും വന്നിരുന്നു. എന്നാൽ ടി പദ്ധതി ഇപ്പോൾ നിലവിലില്ല.

ലാന്റ് റവന്യൂ വകുപ്പിൽ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് കോടതി സ്റ്റേകൾ റദ്ദ് ചെയ്യുന്നതിനായി ജില്ല തിരിച്ചുള്ള സ്റ്റേ കേസ്സുകളുടെ ലിസ്റ്റ് തയ്യാറാക്കി ലോ ഓഫീസർമാരെയും ഡെപ്യൂട്ടി കളക്ടർമാരെയും ചുമതലപ്പെടുത്തി ഗവൺമെന്റ് പ്ലീഡർമാരുമായി കൂടിയാലോചിച്ച് സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സ്റ്റേ വെക്കേഷൻ പുരോഗതി പ്രതിമാസം അറിയിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഹൈക്കോടതിയിൽ പെൻഡിംഗിലുള്ള കേസ്സുകൾ തീർപ്പുകൽപ്പിക്കുന്നതിനായി സ്റ്റേ കേസ്സുകളുടെ ലിസ്റ്റ് തയ്യാറാക്കി അഡ്വക്കേറ്റ് ജനറലുമായി 28-07-2017-ന് യോഗം ചേരുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ VAT നികുതി സംബന്ധമായ അസസ്സ്മെന്റുകളും റീ-അസസ്മെന്റുകളും പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. KGST, VAT, AIT, Luxury Tax എന്നീ ഇനങ്ങളിലുള്ള നികുതി കുടിശ്ശികകൾ പരമാവധി പിരിച്ചെടുക്കുന്നതിനായി പലിശ, പിഴ, പിഴപ്പലിശ എന്നിവയിൽ ഇളവ് നൽകിക്കൊണ്ടുള്ള ആനംസ്റ്റി പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതനുസരിച്ച് കാർഷികാദായ നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിലുള്ള 2010-11 വരെയുള്ള നികുതി കുടിശ്ശിക പൂർണ്ണമായും അടച്ചാൽ കുടിശ്ശികയുടെ പലിശയും പിഴത്തുകയും 70 ശതമാനവും ഇളവ് ചെയ്യുന്നതാണ്.

ആംനസ്റ്റി പദ്ധതി കൂടാതെ, മുൻസർക്കാരിന്റെ കാലത്ത് നൽകിയിരുന്ന എല്ലാ സർക്കാർ സ്റ്റേകളും റദ്ദാക്കുകയും നികുതി അപ്പലേറ്റ് അധികാരിയുടെ മുമ്പാകെ ഫയൽ ചെയ്യപ്പെട്ട അപ്പീലുകൾ എത്രയും വേഗം തീർപ്പാക്കുന്നതിനായി അത്തരം അപ്പലേറ്റ് അധികാരികളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**ബാങ്ക് വായ്പകൾ**

36 (400) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്ക് വായ്പകളിൽ മുതലിന്റെ മൊത്തം തുകയുടെയത്രയും പലിശ മാത്രമേ ഈടാക്കാൻ പാടുള്ളൂ എന്ന് സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വ്യവസ്ഥ വിദ്യാഭ്യാസ വായ്പ എടുത്തവർക്ക് കൂടി ബാധകമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**കിഫ്ബി പദ്ധതികൾ**

37 (401) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിലൂടെ 31-07-2017-വരെ എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിലെ ഏതെല്ലാം പ്രോജക്ടുകളാണ് നിലവിൽ കിഫ്ബിയുടെ പരിഗണനയ്ക്ക് ഭരണാനുമതിയ്ക്കായി വന്നിട്ടുള്ളത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ബന്ധപ്പെട്ട ഭരണ വകുപ്പ് പുറപ്പെടുവിച്ച ഭരണാനുമതിയോടുകൂടി 2017 ജൂലൈ 31 വരെ കിഫ്ബിയിൽ സമർപ്പിച്ച പദ്ധതികളിൽ 5722.41 കോടി രൂപയുടെ പദ്ധതികൾക്ക് പൂർണ്ണമായ അംഗീകാരവും 6925.97 കോടി രൂപയുടെ പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗീകാരവും നൽകിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) കോങ്ങാട് മണ്ഡലത്തിലെ പ്രോജക്ടുകളൊന്നും തന്നെ ഭരണാനുമതി ലഭ്യമാക്കി കിഫ്ബിയിൽ ബന്ധപ്പെട്ട ഭരണ വകുപ്പ് സമർപ്പിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ

38 (402) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ എത്ര കോടി രൂപയുടേതായിരുന്നു;

(ബി) ഏറ്റവുമൊടുവിൽ മന്ത്രിസഭായോഗം അംഗീകരിച്ച 2017-18 ലെ വാർഷികപദ്ധതി എത്ര കോടി രൂപയുടേതാണ്;

(സി) ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതമെത്ര;

(ഡി) 2015-16 വർഷത്തെ അടങ്കലും അത് മുൻവർഷത്തേക്കാൾ എത്ര ശതമാനം വർദ്ധനയോടുകൂടിയതാണെന്നും വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ഇ) വാർഷിക പദ്ധതിയിൽ അനുവദിച്ച പണം മുൻവർഷങ്ങളിൽ പാഴാക്കിയതിന്റെ പേരിൽ ഏതെല്ലാം വകുപ്പുകളുടെ 2016-17-ലെ അടങ്കലിൽ എത്ര ശതമാനം വീതം കുറവ് വരുത്തുകയുണ്ടായി;

(എഫ്) വിലവർദ്ധനയും മറ്റുംമൂലം പദ്ധതി നിർവ്വഹണച്ചെലവിൽ ഉണ്ടാകാവുന്ന സ്വാഭാവിക വർദ്ധന കൂടി പരിഗണിച്ചാൽ ഫലത്തിൽ പദ്ധതി അടങ്കലിൽ വർദ്ധന ഉണ്ടാകുന്നുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) 26,500 കോടി രൂപ.

(ബി) 26,500 കോടി രൂപ.

(സി) 6227.5 കോടി രൂപ.

(ഡി) വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ഇ) വാർഷിക പദ്ധതിയിൽ അനുവദിച്ച പണം മുൻവർഷങ്ങളിൽ പാഴാക്കിയതിന്റെ പേരിൽ വകുപ്പുകൾക്ക് 2016-17-ൽ നീക്കിവച്ച അടങ്കലിൽ കുറവൊന്നും വരുത്തിയിട്ടില്ല.

(എഫ്) വിവിധ വകുപ്പുകളുടെ ഓരോ പദ്ധതിയുടെയും പ്രവർത്തനത്തിന് ആവശ്യമായ തുകയും സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയും കണക്കിലെടുത്താണ് ഓരോ വർഷത്തെയും പദ്ധതി അടങ്കൽ തീരുമാനിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കഴിഞ്ഞ സാമ്പത്തിക വർഷത്തെ മൂലധനച്ചെലവ്

39 (403) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ മൂലധനച്ചെലവ് മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കൂടുതലായിരിക്കണം എന്നായിരുന്നു ബജറ്റിൽ പ്രതീക്ഷിച്ചിരുന്നത്;

(ബി) കഴിഞ്ഞ ഏഴ് സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ ആകെ ചെലവിന്റെ എത്ര ശതമാനം തുക മൂലധനച്ചെലവുണ്ടായി എന്നു വിശദമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ മൂലധനച്ചെലവ് മുൻവർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് 3.83% കൂടുതലായിരിക്കുമെന്നാണ് ഈ സർക്കാർ കഴിഞ്ഞ സാമ്പത്തിക വർഷം അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നത്.

(ബി) ഒരു സാമ്പത്തിക വർഷത്തെ മാർച്ച് 31 വരെയുള്ള കണക്കുകൾ തൊട്ടടുത്ത സാമ്പത്തിക വർഷം ഏപ്രിൽ മാസത്തിൽ അക്കൗണ്ടന്റ് ജനറൽ ധനകാര്യ വകുപ്പിന് ലഭ്യമാക്കാറുണ്ട്. എന്നാൽ ട്രഷറി വകുപ്പുമായി ബന്ധപ്പെട്ട ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം 2016-17 സാമ്പത്തിക വർഷം ഡിസംബർ 31 വരെയുള്ള കണക്കുകൾ മാത്രമേ തിട്ടപ്പെടുത്തുകയും ധനകാര്യ വകുപ്പിന് ലഭ്യമാക്കുകയും ചെയ്തിട്ടുള്ളൂ. കഴിഞ്ഞ 7 സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ ആകെ ചെലവിലെ മൂലധന ചെലവിന്റെ ശതമാന കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2010-11 | 8.67 |
| 2011-12 | 7.57 |
| 2012-13 | 7.77 |
| 2013-14 | 6.48 |
| 2014-15 | 5.54 |
| 2015-16 | 8.62 |
| 2016-17 (അക്കൗണ്ടന്റ് ജനറലിന്റെ ഡിസംബർ 31 വരെയുള്ള കണക്കുകൾ പ്രകാരം) | 7.08 |

## സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക

40 (404) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക എത്ര ഗഡുക്കളായി നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ബി) ഇതിൽ ആദ്യഗഡു എന്ന് നൽകും; ഇതുവരെ എത്ര ജീവനക്കാർക്ക് ആദ്യ ഗഡു നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത കുടിശ്ശിക പി.എഫ്.-ൽ ലയിപ്പിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) അവശേഷിക്കുന്ന ശമ്പള പരിഷ്കരണ കുടിശ്ശിക ഒറ്റ ഗഡുവായി പി.എഫ്.-ൽ ലയിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക നാല് ഗഡുക്കളായി നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി&സി) 1-4-2017-ൽ നൽകാൻ ഉത്തരവായിരുന്ന ആദ്യഗഡു കുടിശ്ശിക 9-04-17-ലെ G.O.(P)45/2017/ധന. ഉത്തരവ് പ്രകാരം ജീവനക്കാരുടെ പി.എഫ്. അക്കൗണ്ടിൽ ലയിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ 22-04-2017-ലെ G.O.(P)50/2017/Fin. നമ്പർ ഉത്തരവ് പ്രകാരം പി.എഫ്. അക്കൗണ്ട് നിർബന്ധമല്ലാത്ത വിഭാഗം ജീവനക്കാർക്ക് ആദ്യഗഡു രൊക്കം പണമായി നൽകുവാനും ഉത്തരവായിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് പരിഗണിച്ചാണ് ആദ്യഗഡു പി.എഫ്. അക്കൗണ്ടിൽ ലയിപ്പിക്കുന്നതിന് തിരുമാനിച്ചത്. ആദ്യഗഡു ഇതുവരെ എത്ര ജീവനക്കാർക്ക് നൽകിയിട്ടുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

(ഡി) ഒറ്റഗഡുവായി ലയിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## സംസ്ഥാന പദ്ധതി അടങ്കൽ

41 (405) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന പദ്ധതി അടങ്കൽ എത്ര കോടി രൂപ വീതമായിരുന്നു; ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം എത്ര കോടി ആയിരുന്നു;

(ബി) 2015-16-ലെ പദ്ധതിച്ചെലവ് എ.ജി.യുടെ കണക്കനുസരിച്ച് എത്ര കോടി ആയിരുന്നു; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യഥാർത്ഥ പദ്ധതിച്ചെലവ് എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന പദ്ധതി അടങ്കൽ തുക യഥാക്രമം 20,000, 24,000 കോടി രൂപ വീതവും ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം യഥാക്രമം 4800, 5500 കോടി രൂപ വീതവുമാണ്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കനുസരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള വിഹിതം ഉൾപ്പെടെ 2015-16-ലെ പദ്ധതി ചെലവ് 18453.38 കോടി രൂപയും ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് 2821 കോടി രൂപയുമാണ്.

**സംസ്ഥാന പദ്ധതി അടങ്കൽ തുക**

42 (406) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തെ ബജറ്റ് അനുസരിച്ച് സംസ്ഥാന പദ്ധതികൾക്കുള്ള അടങ്കൽതുക കേന്ദ്ര വിഹിതമുൾപ്പെടെ ആകെ എത്രയാണ്; വ്യക്തമാക്കുമോ;

(ബി) ഇതിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ളത് എത്ര തുകയാണ്;

(സി) ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള തുക എത്ര; വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് വേണ്ടി എന്തു തുക ചെലവഴിച്ചുവെന്നും ഇത് ആകെ അനുവദിച്ച തുകയുടെ എത്ര ശതമാനമാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അനുസരിച്ച് സംസ്ഥാന പദ്ധതികൾക്കുള്ള അടങ്കൽ തുക കേന്ദ്ര വിഹിതമുൾപ്പെടെ ആകെ 34566.95 കോടി രൂപയാണ്.

(ബി) എസ്.സി. വിഭാഗത്തിനായി 1908.02 കോടി രൂപയും എസ്.റ്റി. വിഭാഗത്തിനായി 630.03 കോടി രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്.

(സി) ഈ സാമ്പത്തിക വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള തുക 6227.50 കോടി രൂപയാണ്.

(ഡി) 2016-17 സാമ്പത്തിക വർഷം എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് വേണ്ടി ചെലവഴിച്ച തുക യഥാക്രമം 1546.21 കോടിരൂപ, 551.68 കോടി രൂപ വീതമാണ്. ഇത് ആകെ അനുവദിച്ച തുകയുടെ യഥാക്രമം 80%, 84% വീതമാണ്.

## കാരുണ്യ ബെനവലന്റ് ഫണ്ട് കൂടുതൽ സ്വകാര്യ ആശുപത്രികളിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ

43 (407) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം സ്വീകരിച്ച് സർജറി അടക്കമുള്ള മാരകരോഗ ചികിത്സകൾ നടത്തിയിരുന്ന പല സ്വകാര്യ ആശുപത്രികളും പ്രസ്തുത പദ്ധതിയിൽ നിന്നും പിൻവാങ്ങിയതുമൂലം രോഗികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുണ്ടായിരുന്ന പ്രധാന സ്വകാര്യ ആശുപത്രികളെ പ്രസ്തുത പദ്ധതിയിൽ തുടരുന്നതിനും, കൂടുതൽ ആശുപത്രികളിൽ കാരുണ്യ ബെനവലന്റ് ഫണ്ട് വഴി ചികിത്സ നൽകുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം നിലവിൽ അക്രഡിറ്റേഷനുള്ള സ്വകാര്യ ആശുപത്രികളെല്ലാം തന്നെ പദ്ധതിയിൽ തുടരുന്നുണ്ട്. കൂടുതൽ സ്വകാര്യ ആശുപത്രികളെ പുതുതായി കാരുണ്യ ബെനവലന്റ് ഫണ്ട് ചികിത്സാ പദ്ധതിയിൽ തൽക്കാലം അക്രഡിറ്റ് ചെയ്യേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

## പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം

44 (408) ശ്രീ. റ്റി. വി .രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായുള്ള ഓൺലൈൻ സംവിധാനമായ പബ്ളിക് ഫിനാൻഷ്യൽ മാനേജ്മെൻറ് സിസ്റ്റം (പി. എഫ്. എം. എസ്.) സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം യഥാസമയം ലഭ്യമാക്കുന്നതിനും അവ സമയബന്ധിതമായി വിനിയോഗിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര ഗവൺമെന്റ് കേന്ദ്രാവിഷ്കൃത പദ്ധതി/കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനം (പി.എഫ്.എം.എസ്.) സംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്ര സർക്കാരിന്റെ പി.എഫ്.എം.എസ്. ഓൺലൈൻ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇതുപ്രകാരം പി.എഫ്.എം.എസ്. സംവിധാനത്തിലൂടെ കേന്ദ്രപദ്ധതികൾ പ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി എല്ലാ ഡിപ്പാർട്ടുമെന്റുകളും പി.എഫ്.എം.എസ്.-ൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പി.എഫ്.എം.എസ്. സംസ്ഥാനത്ത് പൂർണ്ണമായി നടപ്പിലാക്കിക്കഴിയുന്നതോടെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതം യഥാസമയം ലഭിക്കുന്നുണ്ടോയെന്നും അവ സമയബന്ധിതമായി വിനിയോഗിക്കുന്നുണ്ടോയെന്നും നിരീക്ഷിക്കുവാൻ കഴിയും. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും യഥാസമയം കേന്ദ്ര സർക്കാരിൽ നിന്ന് ഫണ്ട് വാങ്ങിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ ഒരു കോ-ഓർഡിനേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ഫണ്ട് കേന്ദ്രസർക്കാരിൽനിന്ന് കാലതാമസം കൂടാതെ വാങ്ങിച്ചെടുക്കുന്നതിനും കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന ഫണ്ടുകൾ യഥാസമയം ചെലവഴിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നത് ഉറപ്പുവരുത്തുകയും ചെയ്തുവരുന്നുണ്ട്.

**സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും ആരോഗ്യ ഇൻഷ്വറൻസ്**

45 (409) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും അധ്യാപകർക്കും സർക്കാർ രൂപികരിച്ച ആരോഗ്യ ഇൻഷ്വറൻസ് എന്ന് നടപ്പിലാക്കുവാൻ കഴിയും ;

(ബി) ഇതിന്റെ പ്രീമിയം എന്ന് മുതലാണ് ജീവനക്കാരിൽ നിന്ന് ഈടാക്കുക;

(സി) പദ്ധതിയുടെ ആനുകൂല്യങ്ങൾ വിശദമാക്കാമോ ;

(ഡി) ഏതൊക്കെ ആശുപത്രികളിലൂടെയാണ് ചികിത്സ ലഭ്യമാക്കുകയെന്ന് വ്യക്തമാക്കുമോ ;

(ഇ) അന്യസംസ്ഥാനത്തെ ആശുപത്രികളിൽ ചികിത്സ സൗകര്യം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) G.O.(P)No.54/2017/Fin. Dated 24-04-2017 പ്രകാരം സർക്കാർ ജീവനക്കാർക്കും സർവ്വീസ് പെൻഷൻകാർക്കും ആശ്രിതർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുത്ത ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പുവെയ്ക്കുന്ന മുറയ്ക്ക് പദ്ധതി നിലവിൽവരുന്നതാണ്.

(സി) തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ പണരഹിത ചികിത്സ ലഭ്യമാകും.

(ഡി&ഇ) ടെൻഡർ നടപടികൾ പൂർത്തിയാക്കി ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുക്കുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരികയുള്ളൂ.

**പൊതുകടം**

46 (410) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം മുൻ എൽ.ഡി.എഫ് സർക്കാർ 31-03-2011 -ൽ അധികാരമൊഴിയുമ്പോഴുള്ള പൊതുകടം എത്ര എന്നും ശേഷം വന്ന യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ ഇത് എത്ര എന്നും വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ കാലയളവിൽ (2011-16) എത്ര കോടി രൂപയുടെ പൊതുകടത്തിന്റെ വർദ്ധനവുണ്ടായി; തുക,ശതമാനം എന്നിവ ഉൾപ്പെടെ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ 2011-16 കാലത്തെ തനതു നികുതി വരുമാനം എത്ര ശതമാനമായിരുന്നു എന്നും, ആയത് 30-03-2011 വരെയുള്ള കാലഘട്ടങ്ങളിൽ എത്ര ശതമാനം എന്നും പ്രസ്തുത 2011-16 കാലയളവിൽ വന്ന കുറവ് എത്ര ശതമാനം എന്നും വ്യക്തമാക്കുമോ;

(ഡി) 2006-11 കാലയളവിലെ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് റവന്യൂ കമ്മിയുടെ ശരാശരി വർദ്ധനവ് എത്രയായിരുന്നു എന്നും ആയത് 2011-16 കാലയളവിൽ യു.ഡി.എഫ്.സർക്കാരിന്റെ കാലത്ത് എത്രയായി എന്നും വ്യക്തമാക്കുമോ;

(ഇ) ഇതുമൂലമുണ്ടായ സംസ്ഥാന റവന്യൂ കമ്മി, സംസ്ഥാന കടമെടുപ്പപരിധി ഉൾപ്പെടെയുണ്ടാക്കിയ സ്ഥിതി വിശേഷങ്ങൾ എന്ത് എന്നു വ്യക്തമാക്കുമോ;

(എഫ്) ഈ സ്ഥിതി വിശേഷം നേരിട്ട് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച ഉറപ്പു വരുത്താനും പൊതുകടം കുറയ്ക്കാനും, നികുതി വരുമാനം ഉറപ്പുവരുത്താനും ഈ സർക്കാർ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം മുൻ എൽ.ഡി.എഫ്. സർക്കാർ 31-03-2011-ൽ അധികാരമേൽക്കുമ്പോൾ പൊതുകടം 54887.18(E) കോടി രൂപയും ശേഷം വന്ന യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ 31-03-2016 അടിസ്ഥാനമാക്കി പൊതുകടം 109730.97(E) കോടി രൂപയുമാണ്.

(ബി) മുൻസർക്കാർ കാലയളവിൽ (2011-2016) 31-03-2011 മുതൽ 31-03-2016 വരെയുള്ള കണക്കുകൾ പ്രകാരം 54843.79 കോടി രൂപയുടെ വർദ്ധനവ് പൊതുകടത്തിൽ ഉണ്ടായിട്ടുണ്ട്. ഇത് 100 ശതമാനം വർദ്ധനവാണ്.

(സി) സംസ്ഥാനത്തിന്റെ 2010-11 മുതൽ 2015-16 വരെയുള്ള റവന്യൂ വരുമാനവും തനത് നികുതി വരുമാനവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. 2010-11 വർഷത്തെ അപേക്ഷിച്ച് 2015-16-ൽ തനത് നികുതി വരുമാനത്തിൽ 13.61 ശതമാനമാണ് കുറവ് വന്നിട്ടുള്ളത്.

| വർഷം | റവന്യൂ വരുമാനം | തനത് നികുതി വരുമാനം | ശതമാനം |
|---|---|---|---|
| 2010-11 | 30990.95 | 21721.69 | 70.09 |
| 2011-12 | 38010.36 | 25718.60 | 67.66 |
| 2012-13 | 44137.30 | 30076.61 | 68.14 |
| 2013-14 | 49176.94 | 31995.02 | 65.06 |
| 2014-15 | 57950.47 | 35232.50 | 60.79 |
| 2015-16 | 69032.66 | 38995.15 | 56.48 |

(ഡി) 2006-07 മുതൽ 2015-16 വരെയുള്ള റവന്യൂ കമ്മി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | റവന്യൂ കമ്മി | വർദ്ധനവ് %-ൽ | വർഷം | റവന്യൂകമ്മി | വർദ്ധനവ് %- |
|---|---|---|---|---|---|
| 2006-07 | 2638 | -15.69 | 2011-12 | 8034 | 118.67 |
| 2007-08 | 3785 | 43.47 | 2012-13 | 9351 | 16.39 |
| 2008-09 | 3712 | -1.93 | 2013-14 | 11309 | 20.94 |
| 2009-10 | 5023 | 35.31 | 2014-15 | 13796 | 22.00 |
| 2010-11 | 3674 | -26.86 | 2015-16 | 9657 | -30.00 |
| ആകെ വർദ്ധനവ് | | 34.3 | ആകെ വർദ്ധനവ് | | 148 |
| ശരാശരി വർദ്ധനവ് | | 6.86 | ശരാശരി വർദ്ധനവ് | | 29.6 |

(ഇ) ഇതുകാരണം റവന്യൂ കമ്മി വർദ്ധിക്കുകയും ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ പലതും നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം സംജാതമാകുകയും ചെയ്തു.

(എഫ്) അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രണത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും അടിയന്തര പ്രാധാന്യമുള്ള വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

**കോതമംഗലം-പെരുമ്പൻകുത്ത് റോഡ്**

47 (411) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി കോതമംഗലം - പെരുമ്പൻകുത്ത് റോഡിന് 15 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി വേഗത്തിലാക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് നാളിതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

(ബി) കിഫ്ബിക്ക് പദ്ധതികൾ സമർപ്പിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് വിശദമായ പദ്ധതി അവലോകന റിപ്പോർട്ട്, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് തുടങ്ങിയ രേഖകൾ കിഫ്ബിക്ക് ഓൺലൈനായും ഓഫ് ലൈനായും സമർപ്പിക്കുന്ന പദ്ധതികൾ കിഫ് ബോർഡ് അപ്രൈസൽ വിഭാഗം പരിശോധിക്കുകയും കിഫ്ബി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ യോഗ്യമായവ ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കപ്പെടുകയും ചെയ്യും. കിഫ്ബിയുടെ ഭാഗത്തുനിന്നും പദ്ധതികൾ അവലോകനം, അംഗീകാരം തുടങ്ങിയ നടപടികൾക്ക് തടസ്സങ്ങൾ യാതൊന്നുമില്ല. ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ ഡി.പി.ആർ. സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പുമായി കിഫ് ബോർഡ് അവലോകന യോഗങ്ങൾ, കൺസൾട്ടേഷൻസ് എന്നിവ നടത്തുന്നുണ്ട്.

**കൂടുതൽ തുക വായ്പ എടുക്കാനുള്ള അനുമതി**

48 (412) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് കൂടുതൽ തുക വായ്പ എടുക്കാനുള്ള അനുമതി കേന്ദ്രം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ എത്ര ശതമാനം വരെ കടമെടുക്കാനാണ് അനുമതി നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(സി) എങ്കിൽ ഇതനുസരിച്ച് കേരളത്തിന് എത്ര തുക അധികമായി വായ്പ എടുക്കാൻ സാധിക്കും;

(ഡി) ഇപ്രകാരം അധികമായി എടുക്കുന്ന വായ്പ തുക ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിക്കാൻ കഴിയുക എന്ന് കേന്ദ്രം വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം മേഖല തിരിച്ച് നൽകുമോ?

<u>ഉത്തരം</u>

(എ-സി) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ അനുസരിച്ച് സംസ്ഥാനം അതിന്റെ ധനകമ്മി മൂന്നുശതമാനമായി നിലനിർത്തേണ്ടതുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ മൂന്നുശതമാനമാണ് വാർഷിക കടമെടുപ്പ് പരിധിയായി (തനി) നിശ്ചയിച്ച് നൽകുന്നത്. നടപ്പുസാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വാർഷിക കടമെടുപ്പ് പരിധി (തനി) 18524 കോടി രൂപയായി താൽക്കാലികമായി കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ജി.എസ്.ഡി.പി.-യുടെ പുതുക്കിയ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്ക് കടമെടുപ്പ് പരിധി (തനി) പുതുക്കി നൽകുമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(ഡി) ബാധകമല്ല.

**നബാർഡ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ**

49 (413) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വാമനപുരം നിയോജക മണ്ഡലത്തിൽ നബാർഡ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നബാർഡ് ഫണ്ട് ഉപയോഗിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) വിശദമായ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി പദ്ധതികൾ സമർപ്പിക്കുന്നതിന് സാമ്പത്തിക വർഷത്തിന്റെ ആദ്യം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സംസ്ഥാനതല ഉന്നതാധികാര സമിതി (SLEC) യോഗത്തിൽ വിവിധ വകുപ്പുകൾക്ക് സെക്ടറൽ അലോക്കേഷൻ അനുവദിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വകുപ്പുകളിൽനിന്നും ധനകാര്യ വകുപ്പിലേയ്ക്ക് ശിപാർശ ചെയ്യുന്ന പദ്ധതി റിപ്പോർട്ടുകൾ പ്രാഥമിക പരിശോധനകൾക്കുശേഷം ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നബാർഡിലേയ്ക്ക് ശിപാർശ ചെയ്യുന്നു. നബാർഡ് പദ്ധതികൾക്ക് അംഗീകാരം നൽകിയശേഷം ഭരണ വകുപ്പുകൾ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നു. പദ്ധതികളുടെ ടെൻഡറിംഗ് നടപടികൾ പൂർത്തിയായതിനുശേഷം പദ്ധതി നിർവ്വഹണ പുരോഗതി അനുസരിച്ച് ചെലവ് തുകയുടെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെടുന്ന റീ-ഇമ്പേഴ്സ്മെന്റ് ക്ലയിമിന്മേൽ നബാർഡിൽനിന്നും വായ്പ ലഭിക്കുന്നമുറയ്ക്ക് തുക അനുവദിക്കുന്നു.

**വാർഷിക പദ്ധതി**

50 (414) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം വാർഷിക പദ്ധതിയ്ക്കായി എത്രകോടി രൂപയാണ് നീക്കിവച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) വാർഷിക പദ്ധതിയുടെ ഭാഗമായി എത്ര കോടി രൂപ വീതം ഓരോ വകുപ്പുകളും ചെലവഴിച്ചെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം വാർഷിക പദ്ധതിയിൽ എന്തു തുക ചെലവിടണമെന്നാണ് നിഷ്കർഷിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) വാർഷിക പദ്ധതിയുടെ ചെലവു കൂട്ടാൻ എന്തെങ്കിലും പ്രത്യേക ഉത്തരവുകൾ ഇറക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവുകളിലെ പ്രധാന നിർദ്ദേശങ്ങൾ വിശദമാക്കാമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ)

| ഇനം | അടങ്കൽ (2016-17) |
|---|---|
| സംസ്ഥാന പദ്ധതി | 18500 കോടി രൂപ |
| തദ്ദേശസ്വയംഭരണ സ്ഥാപനം | 5500 കോടി രൂപ |
| ആകെ അടങ്കൽ | 24000 കോടി രൂപ |

(ബി) വകുപ്പുകൾ വേർതിരിച്ചുള്ള വിശദാംശങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. *

(സി) എല്ലാ വർഷവും വാർഷിക പദ്ധതി അടങ്കൽ തുക മുഴുവനായും ചെലവഴിക്കണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്.

(ഡി) 2017-18 വർഷം മുതൽ പ്രാബല്യത്തിൽവന്ന ധനവകുപ്പിന്റെ 30-03-2017-ലെ 20/2017/ധന. നമ്പർ സർക്കുലർ പ്രകാരം പദ്ധതി ചെലവുകൾ അവസാന മാസത്തിലേയ്ക്ക് മാറ്റിവയ്ക്കുന്നത് ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം മാർച്ച് മാസത്തിന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളടക്കം എല്ലാ വകുപ്പുകളും 85 ശതമാനം പദ്ധതിച്ചെലവ് നടത്തിയിരിക്കണമെന്നും ബാക്കി 15 ശതമാനം മാർച്ച് മാസത്തിൽ ചെലവ് ചെയ്യാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരം പദ്ധതി വിഹിതം ചെലവഴിക്കുമ്പോൾ അവസാന പാദത്തിലെ ചെലവ് 33 ശതമാനത്തിൽ കൂടരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തലശ്ശേരി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

51 (415) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിലെ എന്തെല്ലാം പ്രവൃത്തികളാണ് കിഫ്ബിയിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയും എന്താണെന്നും നിലവിൽ എന്തെല്ലാം നടപടിക്രമങ്ങൾ ആണ് ഈ പ്രവൃത്തിയുടെ പുരോഗതിക്കായി സ്വീകരിച്ചിട്ടുള്ള തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള തലശ്ശേരി നിയോജക മണ്ഡലത്തിലെ വിവിധ പദ്ധതികളുടെ പട്ടികയും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

## ഒല്ലൂർ നിയോജകമണ്ഡലത്തിൽനിന്നും കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

52 (416) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ നിന്നും കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ ?

ഉത്തരം

(എ&ബി) ഒല്ലൂർ നിയോജകമണ്ഡലത്തിൽനിന്നും നടത്തറ-മൂർക്കലിക്കര-കണ്ണറ റോഡ്, പൂത്തൂരിലെ തൃശ്ശൂർ സുവോളജിക്കൽ പാർക്ക് എന്നീ പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഈ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് നാളിതുവരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പതിനാലാം ധനകാര്യ കമ്മീഷൻ

53 (417) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങളുടെ നികുതി വിഹിതം വർദ്ധിപ്പിക്കുകയും പദ്ധതി ധനസഹായത്തിൽ ആനുപാതികമായി കുറവ് വരുത്തുകയും ചെയ്തതുമൂലം കേന്ദ്രാവിഷ്കൃത പദ്ധതികളിൽ വന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനത്തിനായി സെക്രട്ടേറിയറ്റിൽ രൂപീകരിച്ചിട്ടുള്ള പ്രത്യേക സെല്ലിന്റെ പ്രവർത്തനഫലമായി എത്ര കോടി രൂപ നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് കണക്ക് സഹിതം വ്യക്തമാക്കാമോ ?

### ഉത്തരം

(എ) പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം 32 ശതമാനത്തിൽനിന്നും 42 ശതമാനമായി വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ സംസ്ഥാന പദ്ധതികൾക്കുള്ള സാധാരണ കേന്ദ്രസഹായം (Normal Central Assistance), ഒറ്റത്തവണ കേന്ദ്ര സഹായം (One Time Additional Central Assistance) എന്നിവ നിർത്തലാക്കിക്കൊണ്ടും മറ്റ് ധനസഹായങ്ങളിൽ ആനുപാതികമായ കുറവ് വരുത്തിക്കൊണ്ടുമാണ് ഈ വർദ്ധനവ് കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളത്. കേന്ദ്ര സർക്കാർ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം 66-ൽനിന്നും 28 എണ്ണമാക്കി കുറയ്ക്കുകയുണ്ടായി. ഇതിൽ ആറെണ്ണം കോർ ഓഫ് ദി കോർ എന്ന വിഭാഗത്തിലും 20 എണ്ണം കോർ വിഭാഗത്തിലും രണ്ടെണ്ണം ഓപ്ഷണൽ വിഭാഗത്തിലുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. പുതിയ സംവിധാനം അനുസരിച്ച് ചില പദ്ധതികൾ മറ്റ് പദ്ധതികളുമായി ലയിപ്പിക്കുകയും ചില പ്രധാന പദ്ധതികളെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽനിന്നും ഒഴിവാക്കുകയും ചെയ്യുകയുണ്ടായി. ഒഴിവാക്കിയ പദ്ധതികളെ 50:50 അനുപാതത്തിൽ സംസ്ഥാനത്തിന് നടപ്പാക്കാവുന്നതാണ്. കൂടാതെ 60 ശതമാനത്തിന് മുകളിൽ കേന്ദ്രവിഹിതം ലഭിച്ചിരുന്ന പല പദ്ധതികളുടെയും വിഹിതം കുറച്ച് 60:40 അനുപാതത്തിലാക്കിയത് പദ്ധതി നടത്തിപ്പിന് സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യത വരുത്തിയിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകൾക്കും നിർവ്വഹണ ഏജൻസികൾക്കും പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി നൽകിയ സമയക്രമം ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടോയെന്ന് വകുപ്പുകളുടെ നോഡൽ ഓഫീസർമാരുമായും മറ്റ് ഉദ്യോഗസ്ഥരുമായും ഈ സെല്ലിന്റെ

ആഭിമുഖ്യത്തിൽ ചർച്ച നടത്തി അവലോകനം ചെയ്തുവരുന്നു. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പദ്ധതികൾ സമർപ്പിക്കുന്നുണ്ടോയെന്നും വിനിയോഗ സാക്ഷ്യപത്രം യഥാസമയം സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ടോയെന്നും ഈ അവലോകന യോഗങ്ങളിൽ പ്രത്യേകം പരിശോധിക്കുന്നുണ്ട്. ഈ സെല്ലിന്റെയും ഡൽഹിയിലെ റസിഡന്റ് കമ്മീഷണറുടെയും വകുപ്പ് മേധാവികളുടെയും നിർവ്വഹണ ഏജൻസികൾ ഉൾപ്പെടെയുള്ള മറ്റ് ഉദ്യോഗസ്ഥൻമാരുടെയും സംയോജിതമായ പ്രവർത്തനഫലമായാണ് കേന്ദ്രവിഹിതം നേടിയെടുക്കുന്നത്. നടപ്പ് സാമ്പത്തിക വർഷം കേന്ദ്രവിഹിതമായി 66806.20 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്.

## ബഡ്ജറ്റിലെ ഡിമാന്റ് തിരിച്ചുള്ള കണക്ക്

54 (418) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിലും സപ്ലിമെന്ററി ഡിമാന്റിലും വകയിരുത്തിയ തുക എത്ര; ഡിമാന്റ് തിരിച്ച് വിശദമാക്കാമോ;

(ബി) ഓരോ ഡിമാന്റ് ഹെഡ്ഡിലും ചെലവാക്കിയ തുക എത്രയെന്ന് വിശദമാക്കാമോ;

(സി) മൂലധന ചെലവിലേയ്ക്ക് ബജറ്റിന്റെ എത്ര ശതമാനം വകയിരുത്തിയെന്നും എത്ര ശതമാനം ചെലവാക്കിയെന്നുമുള്ള കണക്ക് ഡിമാന്റ് തിരിച്ച് നൽകുമോ?

### ഉത്തരം

(എ&ബി) ഒരു സാമ്പത്തിക വർഷത്തെ മാർച്ച് 31 വരെയുള്ള കണക്കുകൾ തൊട്ടടുത്ത സാമ്പത്തിക വർഷം ഏപ്രിൽ മാസത്തിൽ അക്കൗണ്ടന്റ് ജനറൽ ധനകാര്യ വകുപ്പിന് ലഭ്യമാക്കാറുണ്ട്. എന്നാൽ ട്രഷറി വകുപ്പുമായി ബന്ധപ്പെട്ട ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം 2016-17 സാമ്പത്തിക വർഷം ഡിസംബർ 31 വരെയുള്ള കണക്കുകൾ മാത്രമേ തിട്ടപ്പെടുത്തുകയും ധനകാര്യ വകുപ്പിന് ലഭ്യമാക്കുകയും ചെയ്തിട്ടുള്ളൂ. ഈ സാഹചര്യത്തിൽ 2016-17 സാമ്പത്തിക വർഷം ഓരോ വകുപ്പിനും ധനാഭ്യർത്ഥനയിലൂടെ അനുവദിച്ച തുകയും (ഉപധനാഭ്യർത്ഥന ഉൾപ്പെടെ) ഡിസംബർ 31 വരെ ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.*

(സി) 2016-17 സാമ്പത്തിക വർഷം മൂലധനച്ചെലവിലേയ്ക്ക് സംസ്ഥാനത്തിന്റെ ആകെ ചെലവിന്റെ 8.86 ശതമാനം വകയിരുത്തിയിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ ഡിസംബർ 31 വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ ആകെ ചെലവിന്റെ 7.08 ശതമാനമാണ് മൂലധനച്ചെലവ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം

55 (419) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം ഏതെല്ലാം സ്രോതസ്സുകളിലൂടെ എത്ര കോടി രൂപ വീതമായിരുന്നു; കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ എന്നിവ വഴിയുള്ള വരുമാനം ഓരോ ഇനവും എത്ര വീതമെന്ന് വിശദമാക്കാമോ;

(ബി) പ്രതീക്ഷിച്ച വരുമാനത്തിൽ കേന്ദ്ര സർക്കാർ വഴിയും സംസ്ഥാന സർക്കാർ വഴിയും കഴിഞ്ഞ സാമ്പത്തിക വർഷം വരെ ലഭിച്ച തുക ഓരോ ഇനത്തിലും എത്ര വീതം ; വിശദമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം വിവിധ സ്രോതസ്സുകളിൽനിന്നും പ്രതീക്ഷിച്ച വരുമാനത്തിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| | 2016-17-ൽ പ്രതീക്ഷിച്ചത് |
|---|---|
| സംസ്ഥാനത്തിന്റെ തനത് വരുമാനം | 47613.61 |
| സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം | 11359.52 |
| കേന്ദ്ര നികുതി വിഹിതം | 14282.00 |
| കേന്ദ്ര ധനസഹായം | 11361.72 |

(ബി) 2016-17 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ തനത് നികുതി/നികുതിയേതര വരുമാനങ്ങളിൽ ഡിസംബർ 31 വരെയുള്ള കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ തിട്ടപ്പെടുത്തിയിട്ടുള്ളൂ. ഇതിൻപ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 30214.66 കോടി രൂപയും നികുതിയേതര വരുമാനം 5277.54 കോടി രൂപയുമാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷം കേന്ദ്ര നികുതി വിഹിതം, കേന്ദ്ര ധനസഹായം എന്നീ ഇനങ്ങളിൽ യഥാക്രമം 15225.02 കോടി രൂപയും 8510.37 കോടി രൂപയും ലഭ്യമായിട്ടുണ്ട്.

## പുതുതായി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ

56 (420) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ലെ ബജറ്റ് പ്രസംഗത്തിൽ പുതുതായി നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാം എന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ നാളിതുവരെ ഭരണാനുമതി നൽകിയിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാം;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയവ എത്ര;

(ഡി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും പദ്ധതി നിർവ്വഹണം ആരംഭിക്കാതിരിക്കുകയും ചെയ്ത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## പുതുക്കിയ കിഫ്ബി പദ്ധതി

57(421) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതുക്കിയ കിഫ്ബി പദ്ധതിയിൽ ഇതിനോടകം എത്ര കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും അവ ഏതെല്ലാം മേഖലയിൽ ആണെന്നും വെളിപ്പെടുത്താമോ;

(ബി) ഇതിന്റെ വിശദമായ പട്ടിക മേശപ്പുറത്ത് വയ്ക്കുമോ;

(സി) ഈ കിഫ്ബി പദ്ധതിയിൽ ഇതിനോടകം എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിക്കുന്ന പദ്ധതികളാണ് കിഫ്ബി പരിഗണിക്കുന്നത്. 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി പുറപ്പെടുവിച്ചതിനുശേഷം കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട 5451.81 കോടി രൂപയുള്ള 66 പദ്ധതികൾക്ക് നാളിതുവരെ ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കിഫ് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ഓൺലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്റ്റ് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള ഡയറക്ട് പേയ്മെന്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ നൂതന സംവിധാനമനുസരിച്ചുള്ള തുടർനടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കി, പ്രവൃത്തികൾ ആരംഭിച്ച് ബില്ലുകൾക്കനുസൃതമായ പേയ്മെന്റ് ഇൻവോയിസുകൾ കിഫ്ബിക്ക് ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് റിലീസ് ആരംഭിക്കുന്നതാണ്. ഇതുവരെ പേയ്മെന്റ് ഇൻവോയിസുകൾ കിഫ്ബിക്ക് ലഭിച്ച് തുടങ്ങിയിട്ടില്ല. കിഫ്ബി പദ്ധതികൾ വളരെ വിപുലമായ പദ്ധതികളാകയാൽ ആവശ്യമായ അനുമതികൾ ലഭിച്ചതിനുശേഷം അവയുടെ നിർവ്വഹണ സംവിധാനം ഏർപ്പെടുത്തി പ്രവൃത്തികൾ ആരംഭിക്കുവാൻ ചുരുങ്ങിയത് 6-7 മാസം വരെ സമയം ആവശ്യമാണ്. ഇക്കാരണത്താലാണ് ഫണ്ട് റിലീസ് ആരംഭിച്ചിട്ടില്ലാത്തത്. എന്നാൽ പ്രവൃത്തികൾ ആരംഭിച്ച് കഴിഞ്ഞാൽ സമയബന്ധിതമായി നിർവ്വഹണം സാദ്ധ്യമാകുന്നതാണ്.

**ബഡ്ജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും**

58 (422) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 സാമ്പത്തിക വർഷം ജൂൺ 30 വരെ ബജറ്റിൽ അനുവദിച്ച പ്രകാരമുള്ള എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്; ഓരോ ഡിമാന്റിലും ചെലവഴിച്ച തുക വിശദമാക്കാമോ;

(ബി) മുൻ വർഷത്തെ അപേക്ഷിച്ച് ബജറ്റിലേക്ക് എത്ര തുകയാണ് കുറവ് വന്നത്; ഓരോ ഡിമാന്റിന്റെ കണക്ക് വിശദമാക്കാമോ;

(സി) ബജറ്റിലേക്ക് ലഭിക്കേണ്ടിയിരുന്ന പെട്രോളിയം സെസ്സ്, വാഹന നികുതി ഇനത്തിൽ എത്ര കോടി രൂപ കിഫ്ബിക്ക് നൽകിയിട്ടുണ്ട്; ഇനം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ) സാമ്പത്തിക വർഷത്തിലെ വിവിധ മാസങ്ങളിലെ സംസ്ഥാനത്തിന്റെ വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസംതന്നെ അക്കൗണ്ടന്റ് ജനറൽ ധനകാര്യ വകുപ്പിന് ലഭ്യമാക്കാറുണ്ട്. എന്നാൽ ട്രഷറി വകുപ്പുമായി ബന്ധപ്പെട്ട ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം 2016-17 സാമ്പത്തിക വർഷം ഡിസംബർ 31 വരെയുള്ള കണക്കുകൾ മാത്രമേ നാളിതുവരെ അക്കൗണ്ടന്റ് ജനറൽ തിട്ടപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ 2017-18 ജൂൺ 30 വരെയുള്ള കണക്കുകൾ ലഭ്യമല്ല.

(ബി) 2017-18 ബഡ്ജറ്റിൽ 2016-17 സാമ്പത്തിക വർഷത്തേക്കാൾ ആകെ തുകയിൽ ഒരു കുറവും വരുത്തിയിട്ടില്ല. എന്നാൽ ചില ധനാഭ്യർത്ഥനകളിൽ ആവശ്യത്തിനനുസരിച്ച് ചെറിയ കുറവ് വരുത്തിയിട്ടുണ്ട്. കുറവ് വരുത്തിയ ധനാഭ്യർത്ഥനകളും അവയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു:

(തുക ആയിരത്തിൽ)

| ധനാഭ്യർത്ഥന | ബഡ്ജറ്റ് വിഹിതം | |
|---|---|---|
| | 2016-17 | 2017-18 |
| IV. തെരഞ്ഞെടുപ്പുകൾ | 1365335 | 432407 |
| XXVIII. പലവക സാമ്പത്തിക സർവ്വീസുകൾ | 27624053 | 17577739 |
| XXX. ഭക്ഷ്യം | 17260297 | 15544723 |
| XXXIX. വൈദ്യുത പദ്ധതികൾ | 2008759 | 1868501 |
| XLVI.സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 44441674 | 44279644 |

(സി) കിഫ്ബിക്ക് കൈമാറിയ വിഹിതം

(തുക കോടിയിൽ)

| ഇനം | 2016-17 | 2017-18 |
|---|---|---|
| പെട്രോളിയം സെസ്സ് | 448.10 | 165.00 |
| വാഹന നികുതി | 281.43 | 210.00 |

**പഴയങ്ങാടി സബ്ട്രഷറി കെട്ടിടനിർമ്മാണം**

59 (423) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

27-01-2011-ൽ ഭരണാനുമതി ലഭിച്ചതും ഇൻകെൽ ഉപേക്ഷിച്ചതുമായ പഴയങ്ങാടി സബ്ട്രഷറി കെട്ടിടനിർമ്മാണം കിഫ്ബി നിക്ഷേപം ഉപയോഗിച്ച് വീണ്ടും ഇൻകെൽ വഴി നിർവ്വഹിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് ഉൾപ്പെടുന്ന പ്രോജക്ട് റിപ്പോർട്ടിന് കിഫ്ബിയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ;വിശദാംശം നൽകുമോ?

ഉത്തരം

ഇൻകെൽ മുഖേന കിഫ്ബി ധനസഹായം ഉപയോഗിച്ച് പഴയങ്ങാടി സബ്ട്രഷറി കെട്ടിടം ഉൾപ്പെടെ പത്ത് ട്രഷറികൾ നിർമ്മിക്കുന്നതിന് 22-03-2017-ലെ G.O.(Rt) No. 2363/17/Fin. പ്രകാരം സർക്കാർ തത്വത്തിൽ അനുമതി നൽകുകയും ഇൻകെൽ തയ്യാറാക്കി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ട് കിഫ്ബിക്ക് കൈമാറുകയും ചെയ്തിരുന്നു. എന്നാൽ KIIF (Amendment) Act, 2016 പ്രകരം മൊത്തം എസ്റ്റിമേറ്റ് തുക 100 കോടി രൂപയിൽ താഴെയായതിനാൽ പ്രസ്തുത ശിപാർശ 'കിഫ്ബി' അംഗീകരിച്ചില്ല. തുടർന്ന് '2054-00-095-96-(PV) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും എ.ടി.എം-ഉം സെൻട്രൽ സെർവർ സമ്പ്രദായം നടപ്പിലാക്കലും' എന്ന ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക വിനിയോഗിച്ച് പഴയങ്ങാടി സബ്ട്രഷറി കെട്ടിടനിർമ്മാണം ഇൻകെൽ മുഖേന നടത്തുന്നതിന് 16-07-2017- G.O.(Rt) No. 5721/2017/Fin. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

**പൊതുമേഖലാ ബാങ്കുകളുടെ ചൂഷണം**

60 (424) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ ബാങ്കുകൾ അമിതമായി സർവ്വീസ് ചാർജ്ജ് ഈടാക്കി ഇടപാടുകാരെ ചൂഷണം ചെയ്യുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) പൊതുമേഖലാ ബാങ്കുകളെ നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) പൊതുമേഖലാ ബാങ്കുകൾ നിരന്തരമായി ഇത്തരം നടപടികൾ തുടർന്നുവരുന്നത് ശാശ്വതമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയും എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) പൊതുമേഖലാ ബാങ്കുകൾ അമിതമായി സർവ്വീസ് ചാർജ്ജ് ഈടാക്കുന്നത് സംസ്ഥാന ധനകാര്യ മന്ത്രി കേന്ദ്ര ധനകാര്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അനുകൂല നടപടി കൈക്കൊള്ളണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

**ഏലത്തൂർ നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ**

61 (425) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എലത്തൂർ നിയോജകമണ്ഡലത്തിലെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതികളിൽ നൽകിയ പ്രോപ്പോസലുകളിൽ ഏതൊക്കെ പദ്ധതികൾക്കാണ് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുള്ളത് എന്നും ഏതൊക്കെ പദ്ധതികൾക്കാണ് ഇതേ വരെ അനുമതി ലഭ്യമാക്കാത്തത് എന്നും വ്യക്തമാക്കാമോ?

ഉത്തരം

ഏലത്തൂർ നിയോജകമണ്ഡലത്തിലെ 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തുവാനായി ലഭിച്ച പ്രൊപ്പോസലുകളിൽ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുള്ള പ്രവൃത്തികളുടെയും ഇനി ധനാനുമതി നൽകുവാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെയും വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**ചിറ്റൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികൾ**

62 (426) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചിറ്റൂർ നിയോജകമണ്ഡലത്തിൽ ഏതൊക്കെ പദ്ധതികൾക്കാണ് കിഫ്ബി ഇതു വരെ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;ഏതൊക്കെ പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ചിറ്റൂർ ഗവൺമെന്റ് ബി.എച്ച്.എസ്.എസ്. സ്കൂളിന് "Upgradation of one School in each Constituency" എന്ന പദ്ധതി പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ ടെൻഡർ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ

63 (427) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ രണ്ടു ബജറ്റിലുമായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## ധനകമ്മിയും നികുതി വരുമാനവും

64 (428) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെയുള്ള വർഷങ്ങളിലെ സംസ്ഥാനത്തിന്റെ ധനകമ്മി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ പൊതുകടം എത്രയായിരുന്നു; 2016 മാർച്ച് 31 ലെ കണക്ക് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2011 മുതൽ 2016 വരെയുള്ള വർഷങ്ങളിലെ നികുതി വരുമാനത്തിന്റെ കണക്ക് വാർഷികാടിസ്ഥാനത്തിൽ ഓരോ നികുതിയും ഇനം തിരിച്ച് നൽകാമോ?

ഉത്തരം

(എ) 2011 മുതൽ 2016 വരെയുള്ള സംസ്ഥാനത്തിന്റെ ധനകമ്മി ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | ധനകമ്മി | വർഷം | ധനകമ്മി |
|---|---|---|---|
| 2011-12 | 12814.77 | 2014-15 | 18641.73 |
| 2012-13 | 15002.46 | 2015-16 | 17818.39 |
| 2013-14 | 16944.12 | | |

(ബി) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സർക്കാരിന്റെ പൊതുകടം (E), 2016 മാർച്ച് 31-ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 109730.97 കോടി രൂപയായിരുന്നു.

(സി) അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രണത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും അടിയന്തര പ്രാധാന്യമുള്ള വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വൻകിട ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് പൂർണ്ണ അംഗീകാരവും 6925.97 കോടി രൂപയുടെ പദ്ധതികൾക്ക് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കിയിട്ടുണ്ട്. കിഫ്ബിയുടെ കീഴിൽ പൊതുമരാമത്ത്, ആരോഗ്യം, ഉന്നത വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലായി 5722.41 കോടി രൂപയുടെ പദ്ധതികൾക്ക് പൂർണ്ണ അംഗീകാരവും 6925.97 കോടി രൂപയുടെ പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായും അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ 20,000 കോടി രൂപയുടെ മറ്റ് വൻകിട പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണവിതരണം ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ഇതുവഴി ഉപഭോക്താക്കൾക്ക് എപ്പോൾ വേണമെങ്കിലും സർക്കാരിലേയ്ക്ക് പണം അടയ്ക്കുന്നതിന് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ വകുപ്പ്, മറ്റ് വകുപ്പുകൾ, ബഡ്ജറ്റ്, ഭാരതീയ റിസർവ് ബാങ്ക്, അക്കൗണ്ടന്റ് ജനറൽ, വിവിധ ബാങ്കുകൾ, വിവിധ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ തുടങ്ങിയ എല്ലാവരെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഇടപാടുകൾ പരസ്പരം ഓൺലൈനായി നടത്തുന്നതിനായി ഒരു ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**നികുതിയേതര വരുമാനം**

65 (429) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ 2016-17 സാമ്പത്തിക വർഷത്തെ നികുതിയിതര വരുമാനം എത്രയാണ്; വിശദാംശം നൽകുമോ;

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ട നികുതിയിതര വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(ഡി) 2017-18 സാമ്പത്തിക വർഷം നികുതിയിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെയുള്ള നികുതിയിതര വരുമാനം 5277,53,89,189 രൂപയാണ്. (ഡിസംബർ 31-ന ശേഷമുള്ള കണക്കുകൾ അക്കൗണ്ടന്റ് ജനറൽ ഔദ്യോഗികമായി പുറപ്പെടുവിച്ചിട്ടില്ല)

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷം പ്രതീക്ഷിത വരുമാനത്തിന്റെ 46.46% 2016 ഡിസംബർ 31 വരെ ലഭിച്ചിട്ടുണ്ട്.

(സി) നോട്ട് പിൻവലിച്ചതുമൂലം 2016-17 സാമ്പത്തിക വർഷം മുൻ വർഷങ്ങളെ അപേക്ഷിച്ച് ലഭിച്ചുകൊണ്ടിരുന്ന നികുതിയിതര വരുമാനത്തിൽ പ്രതീക്ഷിച്ച വർദ്ധനവിൽ കുറവുണ്ടായിട്ടുണ്ട്.

(ഡി) 23-09-2014-ലെ സ.ഉ (പി) നമ്പർ 409/2014/ധന. പ്രകാരമാണ് അവസാനമായി നികുതിയിതര നിരക്കുകൾ പുതുക്കി നിശ്ചയിച്ചത്. നിലവിലെ നിരക്കുകൾ പുനഃപരിശോധിക്കേണ്ട സാഹചര്യം നിലവിലില്ല.

**പങ്കാളിത്ത പെൻഷൻ**

66 (430) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനരവലോകനം ചെയ്ത് തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തീരുമാനം എടുത്തിട്ടില്ലെങ്കിൽ അതിനുവേണ്ടിയുള്ള നടപടികൾ ഏതുവരെയായി; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(എ&ബി) സർക്കാർ ഈ വിഷയം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## സാമ്പത്തിക പ്രതിസന്ധി

67 (431) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉയർന്ന മനുഷ്യ വികസന സൂചിക ഉണ്ട് എന്ന് അവകാശപ്പെടുമ്പോഴും കേരളം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ എത്തി നിൽക്കുന്നതിൻെറ കാരണങ്ങൾ വിശദീകരിക്കാമോ ?

ഉത്തരം

ദേശീയ ശരാശരിയേക്കാൾ ഉയർന്ന നിരക്കിലാണ് കേരളത്തിന്റെ വളർച്ചാനിരക്ക്. കേരളത്തിലെ ഉയർന്ന മനുഷ്യവികസന സൂചികകളാണ് ഈ നേട്ടത്തിന് അടിസ്ഥാനമായി വർത്തിക്കുന്നത്. അതിനാൽ കേരള സമ്പദ്ഘടനയിൽ പ്രതിസന്ധിയുളവാക്കുന്ന വിധം പ്രശ്നങ്ങൾ ഇല്ല. അതേ സമയം നീതിയും സുസ്ഥിരതയും ഉറപ്പുവരുത്തി കേരളം ഇന്നുള്ളതിനേക്കാൾ ഉയർന്ന വളർച്ച കൈവരിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വികസന തന്ത്രത്തിന്റെ കാതൽ ഇതാണ്.

## സാമ്പത്തിക ക്രമക്കേട് കേസ്സുകളിൽ അന്വേഷണം

68 (432) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര സാമ്പത്തിക ക്രമക്കേട് കേസ്സുകൾ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി; വ്യക്തമാക്കുമോ;

(ബി) ഈ കേസ്സുകളിൽ ഏതിലെല്ലാം ധനകാര്യ വകുപ്പ് അന്വേഷണം നടത്തിയെന്നും ക്രമക്കേടുകൾക്ക് ഉത്തരവാദികളായിട്ടുള്ളവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്നും വിശദമാക്കുമോ;

(സി) സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ; സ്ഥാനമാന പരിഗണനകൾ കൂടാതെ സാമ്പത്തിക കുറ്റവാളികൾക്കെതിരെ നടപടിയെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട 171 പരാതികൾ/കേസുകൾ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടു.

(ബി) 114 കേസ്സുകളിൽ ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തുകയും നടപടികൾ തുടരുകയും ചെയ്യുന്നു. (വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)*. അംഗീകരിച്ച പരിശോധനാ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ.ഉ.(പി)നമ്പർ 506/92/ധന. തീയതി 20-08-1992, സ.ഉ.(പി)നമ്പർ 2981/98/ധന. തീയതി 25-11-1998, സർക്കുലർ നമ്പർ 56/FIW-ജി1/08/ധന. തീയതി 30-08-2008 എന്നിവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്.

(സി) സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ സ്ഥാനമാന പരിഗണനകൾ കൂടാതെ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സംസ്ഥാനത്തെ കോഴിവില**

69 (433) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. ധനകാര്യവകുപ്പ് മന്ത്രി സംസ്ഥാനത്ത് കിലോക്ക് 75 രൂപ നിരക്കിൽ കോഴിയെ ലഭിക്കുമെന്ന് പ്രസ്താവന പുറപ്പെടുവിച്ചുവെങ്കിലും പ്രസ്തുത വിലയ്ക്ക് കോഴിയെ സംസ്ഥാനത്തെ ഒരു കടയിൽ നിന്നും ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ എന്തൊക്കെ നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) ഇതിനായി എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) അധിക വിലയ്ക്ക് കോഴികളെ വിൽക്കുന്ന വ്യാപാരികൾക്കെതിരെ എന്തൊക്കെ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജി.എസ്.ടി.യിൽ ലൈവ് ചിക്കൻ നികുതി വിമുക്തമായതിനാൽ 30-06-2017 വരെ ഈടാക്കിയ 14.5 ശതമാനം വാറ്റ് ഒഴിവാക്കി 87 രൂപയ്ക്ക് ലൈവ് ചിക്കൻ വില്പന നടത്തുവാനാണ് ആവശ്യപ്പെട്ടത്. കെപ്കോ വിലക്കുറവ് വരുത്തിയിട്ടുണ്ട്.

(ബി-ഡി) വ്യാപാരി സംഘടനകളുമായി ചർച്ച നടത്തുകയും ഒരു വിഭാഗം വ്യാപാരികൾ വാറ്റ് ഒഴിവാക്കി ലൈവ് ചിക്കൻ വില്പന നടത്താമെന്ന് സമ്മതിച്ചിട്ടുള്ളതാണ്. ഇത് സംബന്ധമായി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. ജി.എസ്.ടി. നിയമപ്രകാരമുള്ള ആന്റി പ്രോഫിറ്റീറിങ് അതോറിറ്റി നിലവിൽ വരുമ്പോൾ നികുതി കുറവിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് നൽകാത്ത വ്യാപാരികൾക്കെതിരേ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സംസ്ഥാനത്തെ കോഴിവില

70 (434) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോഴി വില്പനക്കാർ നടത്തിയ സമരം ഒത്തുതീർന്നത് എന്ത് വിലയ്ക്ക് കോഴി വിൽക്കാം എന്ന ധാരണയുടെ അടിസ്ഥാനത്തിലാണ്;

(ബി) പ്രസ്തുത വിലയ്ക്ക് കോഴി വിൽക്കുന്നുവെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; കോഴി കച്ചവടക്കാർ ധനകാര്യ വകുപ്പ് മന്ത്രിക്ക് നൽകിയ ഉറപ്പ് ലംഘിച്ച് അന്യായ വില ഈടാക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അമിത വില ഈടാക്കിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ജി.എസ്.റ്റി. നിലവിൽ വന്നതോടെ കെപ്കോ അതിന്റെ വിലയിൽ 14.5% കുറവ് വരുത്തിയിട്ടുണ്ടോ ?

ഉത്തരം

(എ&ബി) ജി.എസ്.ടി. നടപ്പിലായതോടെ ലൈവ് ചിക്കന് നിലവിലുണ്ടായിരുന്ന നികുതി പൂർണ്ണമായും ഒഴിവായ സാഹചര്യത്തിൽ നികുതി കിഴിച്ചുള്ള വിലയ്ക്ക് കോഴി വിൽക്കണം എന്നതാണ് സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശം. ന്യായമായ വിലയ്ക്ക് കോഴി വിൽക്കാം എന്ന് ധാരണയായിരുന്നു. അന്യായ വില ഈടാക്കുന്നവർക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം ശീതീകരിക്കാത്ത കോഴിയിറച്ചിയുടെ വിലയിൽ 14.5% നികുതി കുറവ് വരുത്തിയിട്ടുണ്ട്.

## വിദ്യാഭ്യാസ വായ്പ ഇളവ്

71 (435) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പ ഇളവ് പദ്ധതിയിൽ, പിന്നോക്ക വികസന കോർപ്പറേഷൻ (KSBDC) മുഖേന വിദ്യാഭ്യാസ വായ്പ എടുത്ത വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ വിദ്യാഭ്യാസ വായ്പ ഇളവ് പദ്ധതിയിൽ പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്ന് വിദ്യാഭ്യാസ വായ്പ എടുത്ത വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിൽ ഉണ്ടോ ?

ഉത്തരം

(എ) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം നിലവിൽ എല്ലാ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽനിന്നും സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് മാത്രമേ ഈ പദ്ധതിയുടെ ആനുകൂല്യത്തിനർഹതയുള്ളൂ.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

72 (436) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിർദ്ദേശിക്കപ്പെട്ട പ്രൊപ്പോസലുകൾക്ക് ധനകാര്യ വകുപ്പിൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാലതാമസം ഒഴിവാക്കാൻ മതിയായ ഉദ്യോഗസ്ഥരെ നിയമിക്കാൻ നടപടി സ്വീകരിയ്ക്കുമോ;

(സി) ധനകാര്യ വകുപ്പിൽ ഇത്തരം ഫയലുകളിന്മേൽ പരമാവധി എത്ര ദിവസം കൊണ്ട് തീരുമാനം എടുക്കപ്പെടുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനകം ധനകാര്യ വകുപ്പിലെത്തിയ എല്ലാ പ്രൊപ്പോസലുകൾക്കും അംഗീകാരം നൽകുമെന്ന് ഉറപ്പു വരുത്തുമോ?

ഉത്തരം

(എ) ഇല്ല. ധനകാര്യ വകുപ്പിൽനിന്നും ധനാനുമതി നൽകുന്ന പ്രൊപ്പോസലുകൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ് ഭരണാനുമതി നൽകുന്നത്.

(ബി&സി) 22-07-2015-ലെ സർക്കുലർ നമ്പർ 67/2015/ധന. പ്രകാരം ആസ്തി വികസന പദ്ധതിയിൻ കീഴിൽ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. *) 2017-18 സാമ്പത്തിക വർഷം മുതൽ ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകൾ മുഖേന നടപ്പാക്കാൻ സ.ഉ.(അ)നമ്പർ 86/2017/ധന. തീയതി 4-07-2017 പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തേക്കുള്ള ശിപാർശകൾ എം.എൽ.എ.മാർ അതത് കളക്ടറേറ്റുകളിൽ സമർപ്പിക്കേണ്ടതാണ്.

(ഡി) ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം സമർപ്പിച്ചിട്ടുള്ള ശിപാർശകൾക്ക് വിശദമായ എസ്റ്റിമേറ്റ് ഭരണവകുപ്പിലെ ശിപാർശയോടുകൂടി ലഭ്യമാകുന്ന മുറയ്ക്ക് ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിച്ചു വരുന്നുണ്ട്. സർക്കുലർ നമ്പർ 53/2017/ധന. തീയതി 6-07-2017 പ്രകാരം ആസ്തി വികസന പദ്ധതി 2016-17-ന് കീഴിൽ സമർപ്പിച്ചിട്ടുള്ള പദ്ധതികൾക്ക് ധനാനുമതിയും ഭരണാനുമതിയും നൽകാനുള്ള അവസാന തീയതി 30-09-2017 വരെ നീട്ടിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കിഫ്ബിയിൽ അനുവദിച്ച കോന്നി മണ്ഡലത്തിലെ പ്രവൃത്തികൾ**

73 (437) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്ക് കിഫ്ബിയിൽ തുക അനുവദിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ഏതെല്ലാം വർക്കുകൾ ആരംഭിച്ചുവെന്നും ഇനി ഏതെല്ലാം ആരംഭിക്കാനുണ്ടെന്നും ഇനം തിരിച്ചും വകുപ്പ് തിരിച്ചും വ്യക്തമാക്കുമോ;

(സി) ഇതിലേക്ക് നാളിതുവരെ അനുവദിച്ച തുക ഓരോന്നിനും എത്ര വീതമെന്നും ഇനി എത്ര തുക അനുവദിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 'Upgradation of 1 school in each constituency' എന്ന പദ്ധതിയുടെ ഭാഗമായി കോന്നി GHSS ഉൾപ്പെടുത്തി തയ്യാറാക്കിയ 5.63 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ടും 'Replacing Damaged 250 mm AC pipe Gravity main with 250 mm DI K9 pipe from intake pump house Konni - Aruvapulam' എന്ന പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയ 2.90 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ടും കിഫ്ബിയുടെ പരിഗണനയിലാണ്.

(സി) മേൽ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം ഇനിയും ലഭിക്കേണ്ട സാഹചര്യത്തിൽ പ്രസ്തുത പദ്ധതികളുടെ നിർവ്വഹണം തുടങ്ങിയിട്ടില്ല. പദ്ധതി നിർവ്വഹണം പൂർത്തിയാകുന്ന മുറയ്ക്ക് പണം ഓൺലൈനായി കൈമാറുന്നതിന് തടസ്സമില്ല.

**കിഫ്ബിയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

74 (438) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും പദ്ധതികൾ കാലവിളംബം കൂടാതെ നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 8-8-2016-ലെ സ.ഉ.(കൈ)നമ്പർ 315/16/ധന. ഉത്തരവ് പ്രകാരം കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നത് ബന്ധപ്പെട്ട ഭരണവകുപ്പാണ്. ഇപ്രകാരം പുറപ്പെടുവിച്ച ഭരണാനുമതിയോടുകൂടി കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടതും കിഫ് ബോർഡിന്റെ അംഗീകാരം ലഭ്യമാക്കിയതുമായ പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) 8-8-2016-ലെ സ.ഉ.(കൈ)നമ്പർ 315/16/ധന. ഉത്തരവ് പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കേണ്ട പദ്ധതികൾക്കുള്ള ഭരണാനുമതി ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പാണ്.

(സി) ഭരണാനുമതിയോടുകൂടി കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടതും അംഗീകാരം ലഭ്യമാക്കിയതുമായ പദ്ധതികളുടെ നിലവിലെ പുരോഗതി അനുബന്ധത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(ഡി) ഭേദഗതി ചെയ്ത 2016-ലെ കിഫ് ആക്ടിന് അനുസൃതമായി കിഫ്ബി മുഖേന നടപ്പിലാക്കേണ്ട പദ്ധതികൾ സമർപ്പിക്കുന്നതിനാവശ്യമായ മാനദണ്ഡങ്ങൾ 8-8-2016-ലെ സ.ഉ.(കൈ)നമ്പർ 315/16/ധന. ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. സുതാര്യവും വേഗതയേറിയതും എന്നാൽ ലഘൂകരിക്കപ്പെട്ടതുമായ ഈ മാനദണ്ഡങ്ങൾ പാലിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട പദ്ധതികൾ കിഫ്ബോർഡ് യോഗം അംഗീകരിക്കുന്ന പക്ഷം ആവശ്യത്തിനാനുപാതികമായി കിഫ്ബി ധനസഹായം നൽകിത്തുടങ്ങുന്നു.

**വിദ്യാഭ്യാസ വായ്പയ്ക്കുള്ള പലിശ**

75 (439) <u>ശ്രീ. കെ. സി.ജോസഫ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി. ടി. ബൽറാം</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പകൾക്കുള്ള പലിശ പൂർണ്ണമായും ഏറ്റെടുക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) നിലവിൽ കേന്ദ്ര സർക്കാരിന്റെ സെൻട്രൽ സെക്ടർ ഇന്ററസ്റ്റ് സബ്സിഡി സ്കീം (CSIS) പ്രകാരം ഡിഗ്രി തലംമുതൽ മുകളിലോട്ടുള്ള കോഴ്സുകൾക്ക് പഠനകാലയളവിലും മൊറട്ടോറിയം കാലയളവിലും പലിശ പൂർണ്ണമായും കേന്ദ്ര സർക്കാർ വഹിക്കും.

(ബി) കേന്ദ്ര സർക്കാറിന്റെ സെൻട്രൽ സെക്ടർ ഇന്ററസ്റ്റ് സബ്സിഡി സ്കീം (CSIS) പ്രകാരം പലിശ സബ്സിഡിക്കുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

- മെരിറ്റ് ആയി അഡ്മിഷൻ കിട്ടിയ വിദ്യാർത്ഥിയായിരിക്കണം.
- ഒരു കോഴ്സിനു മാത്രമേ അർഹതയുള്ളൂ.
- ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിൽ നിന്നെടുത്ത വിദ്യാഭ്യാസ വായ്പയായിരിക്കണം.

**കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയ പദ്ധതികൾ**

76 (440) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജൂൺ 30 വരെ കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നല്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് നാളിതുവരെ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളത്;

(സി) എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് 2017-ൽ നൽകുവാൻ കിഫ്ബി തീരുമാനിച്ചിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) 2017 ജൂൺ 30 വരെ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി&സി) പദ്ധതികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പാണ്. കിഫ്ബി മാനദണ്ഡപ്രകാരം നാളിതുവരെ സമർപ്പിച്ചിട്ടുള്ള 5722.41 കോടി രൂപയുടെ പ്രവൃത്തികൾക്ക് കിഫ്ബി ധനസഹായം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കിഫ്ബിയിൽ ഉൾപ്പെടുത്തി ദേവികുളം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

77 (441) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഈ പ്രവൃത്തികൾ ആരംഭിക്കുവാൻ തടസ്സങ്ങൾ എന്തെങ്കിലും നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ദേവികുളം മണ്ഡലത്തിൽ ഉൾപ്പെടുന്ന ആലുവ - മൂന്നാർ റോഡ് എന്ന പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഈ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് നാളിതുവരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടില്ല.

(സി) കിഫ്ബിക്ക് പദ്ധതികൾ സമർപ്പിക്കുവാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച്, വിശദമായ പദ്ധതി അവലോകന റിപ്പോർട്ട്, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ് തുടങ്ങിയ രേഖകൾ കിഫ്ബിക്ക് ഓൺലൈനായും ഓഫ് ലൈനായും സമർപ്പിക്കുന്ന പക്ഷം പദ്ധതികൾ കിഫ് ബോർഡ് അപ്രൈസൽ വിഭാഗം പരിശോധിക്കുകയും യോഗ്യമായവയാണെന്ന് തീർച്ചപ്പെടുന്ന മുറയ്ക്ക് കിഫ് ബോർഡിന്റെ പരിഗണയ്ക്ക് സമർപ്പിക്കപ്പെടുകയും ചെയ്യും. കിഫ്ബിയുടെ ഭാഗത്തുനിന്നും പദ്ധതികളുടെ അവലോകനം, അംഗീകാരം തുടങ്ങിയ നടപടികൾക്ക് തടസ്സങ്ങൾ യാതൊന്നുമില്ല.

## കിഫ്ബിയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

78 (442) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ വിവിധ പദ്ധതികൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ് ;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ, ബജറ്റിൽ പ്രഖ്യാപിച്ച മുഴവൻ പദ്ധതികൾക്കും ഈ സാമ്പത്തിക വർഷത്തിൽ തുടക്കം കുറിക്കുമോ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ എന്തൊക്കെ; പദ്ധതികൾക്ക് ഇനി പ്രത്യേകം ഭരണാനുമതി ലഭിക്കേണ്ടതുണ്ടോ;

(ഡി) ഇല്ലെങ്കിൽ തുടക്കം കുറിക്കാനാവാത്ത പദ്ധതികളിന്മേൽ എന്ത് നടപടി കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) 2016-17 ബഡ്ജറ്റ് പ്രസംഗം വഴി കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികളിൽ ഭരണാനുമതി ലഭിക്കുകയും വിശദമായ പദ്ധതി റിപ്പോർട്ട് യഥാക്രമം കിഫ്ബിയിൽ സമർപ്പിക്കപ്പെടുകയും ചെയ്തിട്ടുള്ള പദ്ധതികളാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്. ഇവയിൽ 66 പദ്ധതികൾക്ക് ഇതിനകം തന്നെ കിഫ്ബി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ഇവയുടെ നിർവ്വഹണത്തിനാവശ്യമായ പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി&ഡി) കിഫ്ബിയിൽ ഉൾപ്പെടുത്തേണ്ട പദ്ധതികൾക്കെല്ലാംതന്നെ അതാത് ഭരണ വകുപ്പ് ഭരണാനുമതി നൽകേണ്ടതുണ്ട്. ഇവ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട്, കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ്, കോൺസെപ്റ്റ് നോട്ട് എന്നിവ ഉൾപ്പെടെ കിഫ്ബിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതും ഇവയുടെ അച്ചടി പകർപ്പ് കിഫ്ബിയിൽ സമർപ്പിക്കേണ്ടതുമാണ്. ഇപ്രകാരം സമർപ്പിക്കപ്പെടുന്ന പദ്ധതികളുടെ വിശദമായ അവലോകനം പ്രോജക്റ്റ് അപ്രൈസൽ വിഭാഗം നടത്തുന്നതും മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള പദ്ധതികൾ കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നതാണ്. ഇതിനോടകം കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ നിർവ്വഹണത്തിനാവശ്യമായ പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. പദ്ധതികളുടെ പ്രവർത്തന പുരോഗതി കിഫ്ബി അവലോകനം ചെയ്തുവരുന്നു.

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ നിർമ്മാണ പ്രവൃത്തികൾ**

79 (443) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്കു ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ എത്ര പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടെന്ന് ജില്ല തിരിച്ചു വ്യക്തമാക്കാമോ;

(സി) ജലവിഭവം, പൊതുമരാമത്ത്, വൈദ്യുതി, ഐ.ടി, വിദ്യാഭ്യാസം, ആരോഗ്യം, വനം, ടൂറിസം, വ്യവസായം, സ്പോർട്സ്, മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ്, ഗതാഗതം എന്നീ വകുപ്പുകളിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ബന്ധപ്പെട്ട ഭരണവകുപ്പ് പുറപ്പെടുവിച്ച ഭരണാനുമതിയോടുകൂടി കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട പദ്ധതികളിൽ നാളിതുവരെ കൂടിയ കിഫ്ബോർഡ് യോഗങ്ങൾ 5722.41 കോടി രൂപയുടെ പദ്ധതികൾക്ക് പൂർണ്ണമായ അംഗീകാരവും 6925.97 കോടി രൂപയുടെ പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായും അംഗീകാരം നൽകിയിട്ടുണ്ട്. ടി പദ്ധതികളിൽ 23 പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം 'എ' ആയി ചേർക്കുന്നു.*

(സി) വാർഷിക ബഡ്ജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുകൊണ്ടാണ്. സംസ്ഥാനത്ത് ജലവിഭവം, പൊതുമരാമത്ത്, വൈദ്യുതി, ഐ.ടി.വിദ്യാഭ്യാസം, ആരോഗ്യം, വനം, ടൂറിസം, വ്യവസായം, സ്പോർട്സ്, മൽസ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ്, ഗതാഗതം എന്നീ മേഖലകളിൽനിന്നും കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ പട്ടിക അനുബന്ധം (ബി) ആയി ചേർക്കുന്നു.*

**സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കും ആരോഗ്യ ഇൻഷ്വറൻസ്**

80 (444) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. പി. ജെ. ജോസഫ്</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശയനുസരിച്ച് സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും വേണ്ടി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് എത്ര ഇൻഷ്വറൻസ് കമ്പനികൾ മുന്നോട്ട് വന്നിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) സർക്കാർ ഉദ്യോഗസ്ഥർ ഇൻഷ്വറൻസ് ഫണ്ടിലേക്ക് അടയ്ക്കുന്ന തുക വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) G.O.(P)No.54/2017/Fin dated 24-04-2017 പ്രകാരം സർക്കാർ ജീവനക്കാർക്കും സർവ്വീസ് പെൻഷൻകാർക്കും ആശ്രിതർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് വിവിധ മേഖലയിലുള്ളവരുമായി ചർച്ച നടന്നുവരുന്നു. Expression of Interest ക്ഷണിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇതിനുശേഷം ടെൻഡർ നടപടികൾ പൂർത്തിയാക്കി തിരഞ്ഞെടുത്ത ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പ് വെയ്ക്കുന്ന മുറയ്ക്ക് പദ്ധതി നിലവിൽ വരുന്നതാണ്.

(ബി&സി) ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ വ്യക്തത കൈവരികയുള്ളൂ.

**നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട്**

81 (445) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ എത്ര കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് അറിയിയ്ക്കുമോ;

(ബി) നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച കണക്ക് വ്യക്തമാക്കുമോ;

(സി) 2017 മാർച്ച് 31-ന് മുൻപ് ചെലവഴിക്കപ്പെടാത്ത തുക അടുത്ത സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(ഡി) എം.എൽ.എ.-മാർ ഉദ്ദേശിച്ച പ്രവൃത്തികൾ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി സമയബന്ധിതമായി പൂർത്തിയാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയെന്നു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) സർക്കുലർ നമ്പർ 53/2017/ധന. തീയതി 6-07-2017 പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2016-17) ആസ്തി വികസന പദ്ധതിയിൻ കീഴിൽ എം.എൽ.എ.-മാർ ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള അവസാന തീയതി 30-09-2017 ആയി നീട്ടിയിട്ടുണ്ട്. ആയതനുസരിച്ച് പ്രസ്തുത പ്രവൃത്തികൾക്കുള്ള ധനാനുമതിയും ഭരണാനുമതിയും നൽകി വരുകയാണ്. ആസ്തി വികസന പദ്ധതി കൈകാര്യം ചെയ്യുന്നതിനായി വികസിപ്പിച്ചിട്ടുള്ള ഓൺലൈൻ പോർട്ടലിൽ (www.ads.kerala.gov.in) ലഭ്യമായ വിവരം അനുസരിച്ച് ആസ്തി വികസന പദ്ധതി 2016-17-ന് കീഴിൽ 31-7-2017 വരെ 586.58 കോടി രൂപ ആകെ അടങ്കലിൽ 1815 പ്രവൃത്തികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പാണ്. ധനാനുമതി നൽകിയ 95 ശതമാനത്തോളം പ്രവൃത്തികൾക്ക് ഇതിനോടകം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. നിയോജകമണ്ഡല അടിസ്ഥാനത്തിൽ ശിപാർശ ചെയ്തിട്ടുള്ളതും അനുമതി നൽകിയിട്ടുള്ളതുമായ പ്രവൃത്തികളുടെ കണക്ക് പോർട്ടലിൽ ലഭ്യമാണ്.

(ഡി) 22-07-2015-ലെ സർക്കുലർ നമ്പർ 67/2015/ധന. പ്രകാരം ആസ്തി വികസന പദ്ധതിയിൻ കീഴിൽ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.* 2017-18 സാമ്പത്തിക വർഷം മുതൽ ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകൾ മുഖേന നടപ്പാക്കാൻ സ.ഉ.(അ) നമ്പർ 86/2017/ധന. തീയതി 4-07-2017 പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ശിപാർശകൾ എം.എൽ.എ.-മാർ അതത് കളക്ടറേറ്റുകളിൽ സമർപ്പിക്കേണ്ടതാണ്.

**കേരളത്തിന്റെ നികുതി വിഹിതത്തിൽ കുറവുകൾ**

82 (446) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ള 2017-18-ലെ ബജറ്റ് കണക്കുകൾ അനുസരിച്ച് കേരളത്തിന്റെ നികുതി വിഹിതത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഇനത്തിൽ ഈ വർഷം കുറവ് അനുഭവപ്പെടുമെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും ഇനത്തിൽ നികുതികൾ ഈ വർഷം കൂടുതൽ പ്രതീക്ഷിക്കാമോ; എങ്കിൽ എത്ര വീതമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര സർക്കാർ അവതരിപ്പിച്ച 2017-18 ബഡ്ജറ്റ് കണക്കുകൾ അനുസരിച്ച് സംസ്ഥാനത്തിനുള്ള കേന്ദ്ര നികുതി വിഹിതത്തിൽ കുറവ് സംഭവിച്ചതായി കാണുന്നില്ല. 2017-18 കേന്ദ്ര സർക്കാരിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം ഓരോ ഇനത്തിലും പ്രതീക്ഷിക്കുന്ന തുക ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| | |
|---|---|
| കോർപ്പറേഷൻ നികുതി | 4984.75 |
| ആദായ നികുതി | 4357.96 |
| സമ്പത്ത് നികുതി | - 0.15 |
| ചുങ്കം | 2379.19 |
| കേന്ദ്ര എക്സൈസ് തീരുവകൾ | 2486.93 |
| സേവന നികുതി | 2683.07 |

ചരക്ക് സേവന നികുതി (GST) നടപ്പിലാക്കിയതോടെ 2017-18 സാമ്പത്തിക വർഷം പ്രതീക്ഷിക്കുന്ന കേന്ദ്ര നികുതി വിഹിതത്തിൽ മാറ്റം വന്നേക്കാം.

**ഇൻക്ലൂസീവ് ഗ്രോത്ത് സാധ്യമാക്കുന്നതിന് നടപടി**

83 (447) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇൻക്ലൂസീവ് ഗ്രോത്ത് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്താണെന്ന് വ്യക്തമാക്കുമോ; ഇൻക്ലൂസീവ് ഗ്രോത്ത് സാധ്യമാക്കുന്നതിന് എന്ത് നയപരിപാടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

ദ്രുതഗതിയിലുള്ള വളർച്ചയ്ക്കൊപ്പം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും ഉതകുന്ന തരത്തിലുള്ള സാമ്പത്തിക വളർച്ചയെയാണ് ഇൻക്ലൂസീവ് ഗ്രോത്ത് കൊണ്ട് വിവക്ഷിക്കുന്നത്. ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലെ അവശ്യസേവനങ്ങൾ സാധാരണ ജനങ്ങൾക്ക് പ്രാപ്യമാക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. സാമ്പത്തിക വളർച്ചയുടെ പ്രയോജനങ്ങൾ സാധാരണ ജനങ്ങൾക്ക് ലഭ്യമാക്കത്തക്കവിധം അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുകയെന്നതാണ് ഇൻക്ലൂസീവ് ഗ്രോത്തിലൂടെ ലക്ഷ്യമിടുന്നത്.

ഇൻക്ലൂസീവ് ഗ്രോത്ത് ഉറപ്പുവരുത്തുന്നതിനായി സർക്കാർ കൈക്കൊള്ളു വാനുദ്ദേശിക്കുന്ന നയപരിപാടികൾ ചുവടെ ചേർക്കുന്നു:

- അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രണത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും അടിയന്തര പ്രാധാന്യമുള്ള വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വൻകിട ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി 1999-ലെ കിഫ്ബി ആക്റ്റ് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കിയിട്ടുണ്ട്.
- കിഫ്ബിയുടെ കീഴിൽ പൊതുമരാമത്ത്, ആരോഗ്യം, ഉന്നത വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലായി 5722.41 കോടി രൂപയുടെ പദ്ധതികൾക്ക് പൂർണ്ണ അംഗീകാരവും 6925.97 കോടി രൂപയുടെ പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായുള്ള അംഗീകാരവും നൽകിയിട്ടുണ്ട്. കൂടാതെ 20,000 കോടി രൂപയുടെ മറ്റ് വൻകിട പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്.
- വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായ താഴ്ന്നതും മദ്ധ്യശ്രേണിയിലുള്ളതുമായ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി 'വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി' ആവിഷ്കരിച്ചിട്ടുണ്ട്. കൃഷി, ജലം, ശുചിത്വം എന്നീ മേഖലകളിലെ വികസനത്തെ അടിസ്ഥാനമാക്കി ഹരിതകേരള മിഷൻ, ആരോഗ്യ മേഖലയിലെ രണ്ടാം തലമുറ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനായി ആർദ്രം മിഷൻ, പൊതു വിദ്യാഭ്യാസത്തിന്റെ സംരക്ഷണത്തിനായി വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, സമ്പൂർണ്ണ പാർപ്പിട പദ്ധതി എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ലൈഫ് മിഷൻ എന്നീ നാല് മിഷനുകൾ ആരംഭിച്ചിട്ടുണ്ട്.
- കേരളത്തിൽ 60 വയസ്സ് കഴിഞ്ഞ് സർവ്വീസ് പെൻഷനില്ലാത്ത രണ്ട് ഏക്കറിലേറെ ഭൂമിയില്ലാത്ത, ആദായ നികുതി കൊടുക്കാത്ത എല്ലാവർക്കും പെൻഷൻ നൽകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പരമ്പരാഗത മേഖലയിൽ തൊഴിലെടുക്കുന്ന ദരിദ്രരായ തൊഴിലാളികളുടെ വരുമാനം ഉറപ്പുവരുത്തിക്കൊണ്ട് ഈ മേഖലകളെ നവീകരിക്കുന്ന സമീപനം കൈക്കൊള്ളാൻ സർക്കാർ ഉദ്ദേശിക്കുന്നു.

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള വികസന പദ്ധതികൾ

84 (448) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ നടത്താൻ നിർദ്ദേശിച്ചിരുന്ന എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്ന വകുപ്പുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഡി.പി.ആർ. സമർപ്പിച്ച കഴിഞ്ഞ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ട പദ്ധതികൾക്ക് സമയബന്ധിതമായി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി അവ വേഗത്തിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ള പ്രവൃത്തികളുടെ ലിസ്റ്റും വകുപ്പുകളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. *

(സി) ഇല്ല.

(ഡി) 4-7-2017-ലെ സ.ഉ.(അ) നമ്പർ 86/2017/ധന. ഉത്തരവിന്റെ അനുബന്ധം പ്രകാരവും ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനുള്ള സമയപരിധിയും മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം മുതൽ 1 കോടി രൂപ വരെയുള്ള ADF പ്രവൃത്തികൾക്ക് അനുമതി നൽകാനുള്ള അധികാരം അതത് ജില്ല കളക്ടർമാർക്ക് കൈമാറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

85 (449) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽപ്പെട്ടതും കിഫ്ബിയിൽ ഉൾപ്പെടുത്തേണ്ടതുമായ പ്രവൃത്തികളുടെ എത്ര പ്രൊപ്പോസലുകൾ നാളിതുവരെ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികളെ സംബന്ധിച്ച് എന്തെങ്കിലും പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ഉത്തരം

(എ-സി)വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽപ്പെട്ടതും കിഫ്ബിയിൽ ഉൾപ്പെടുത്തേണ്ടതുമായി ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പദ്ധതിയുടെയും വിശദ റിപ്പോർട്ടുകൾ നാളിതുവരെ കിഫ്ബിയിൽ ലഭ്യമായിട്ടില്ല.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക**

86 (450) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 2014-15, 2015-16, 2016-17 എന്നീ സാമ്പത്തിക വർഷങ്ങളിൽ ബജറ്റിൽ വകയിരുത്തപ്പെട്ട തുകയും യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ സാമ്പത്തിക വർഷവും പഞ്ചായത്തുകൾ, ബ്ലോക്കുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ വഴി ചെലവഴിക്കാൻ ബജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര വീതമായിരുന്നു;

(സി) പദ്ധതി നിർവ്വഹണം നടന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഇവ ഓരോന്നും വഴി ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

| വർഷം | വകയിരുത്തിയിട്ടുള്ള തുക (ആയിരത്തിൽ) | യഥാർത്ഥത്തിൽ ചെലവഴിച്ച തുക |
|---|---|---|
| 2014-15 | 75074765 | വിവരം ശേഖരിച്ചുവരുന്നു. |
| 2015-16 | 76647802 | |
| 2016-17 | 89041433 | |

(ബി) ചെലവഴിക്കാൻ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക (ആയിരത്തിൽ)

| പ്രാദേശിക സർക്കാരുകൾ | 2014-15 | 2015-16 | 2016-17 |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 44248942 | 44650600 | 48758376 |
| ബ്ലോക്ക് പഞ്ചായത്ത് | 7177096 | 7306175 | 7785524 |
| ജില്ലാ പഞ്ചായത്ത് | 9359221 | 10230944 | 11007839 |
| മുനിസിപ്പാലിറ്റി | 7768772 | 7889043 | 12306969 |
| മുനിസിപ്പൽ കോർപ്പറേഷൻ | 6520734 | 6571040 | 9182725 |

(സി) ചെലവഴിച്ച തുക (ആയിരത്തിൽ)

| പ്രാദേശിക സർക്കാരുകൾ | 2014-15 | 2015-16 | 2016-17 |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 21850466 | 23861957 | 20474933 |
| ബ്ലോക്ക് പഞ്ചായത്ത് | 5670996 | 6247016 | 4586053 |
| ജില്ലാ പഞ്ചായത്ത് | 5741069 | 5935181 | 4506094 |
| മുനിസിപ്പാലിറ്റി | 4061458 | 5182254 | 5348498 |
| മുനിസിപ്പൽ കോർപ്പറേഷൻ | 3015435 | 3451165 | 3482777 |

**ജി.എസ്.ടി.-യുടെ മറവിൽ സാധനങ്ങൾക്ക് അധികവില**

87 (451) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി എസ് ടി നടപ്പിലാക്കിയതിന്റെ മറവിൽ ചില വ്യാപാരികൾ സാധനങ്ങൾക്ക് അധികവില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് വ്യാപാരികൾ/വിതരണക്കാർ എന്നിവർക്കെതിരെ എന്തെങ്കിലും നടപടികളോ കേസുകളോ എടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ജി എസ് ടി നടപ്പിലാക്കുമ്പോൾ അവശ്യസാധനങ്ങളുടെ വില വർദ്ധിക്കാതിരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നടപ്പാക്കിയിട്ടുള്ള എല്ലാ രാജ്യങ്ങളിലും വിലക്കയറ്റം പ്രകടമായിട്ടുണ്ട്. വിവിധ നികുതികൾ ചേരുന്ന ആകെ നികുതി ഭാരം ചരക്കുസേവന നികുതി സമ്പ്രദായത്തിൽ കുറയുമെങ്കിലും ഇത്തരത്തിൽ കുറവു വരുന്ന നികുതിയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള വൻകിട കമ്പനികളുടെയും വിതരണക്കാരുടെയും ത്വരയാണ് ഇത്തരത്തിലുള്ള വിലക്കയറ്റത്തിന് കാരണമാകുന്നത്. ഈ വസ്തുത കേരളം ജി.എസ്.ടി. കൗൺസിലിൽ ആവർത്തിച്ച് ചൂണ്ടിക്കാണിക്കുകയും ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിക്കുവേണ്ടി ഉറച്ച നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി നിരക്കുകൾ നിർണ്ണയിക്കുന്ന ഘട്ടത്തിൽ കൗൺസിലിൽ കേരളം ചൂണ്ടിക്കാണിച്ച ഈ ആശങ്ക യാഥാർത്ഥ്യമാകുന്നതാണ് നാം കാണുന്നത്. ഓരോ ചരക്കിന്റെയും നിലവിലുള്ള നികുതിഭാരവും ജി.എസ്.ടി വരുമ്പോഴുണ്ടാകുന്ന കുറവും കണക്കാക്കി അത് പ്രസിദ്ധപ്പെടുത്തണമെന്നും ഓരോ ചരക്കിന്റെയും ടാക്സ് ഇൻസിഡൻസ് കാണിക്കുന്ന മാട്രിക്സ് സംസ്ഥാനങ്ങൾക്ക് കൈമാറണമെന്നും ജി.എസ്.ടി. കൗൺസിലിൽ കേരളം നിരന്തരം ആവശ്യപ്പെട്ടുപോന്നതാണ്. ഇത് ലഭിക്കാതിരുന്നിട്ടും 100 ഉൽപ്പന്നങ്ങളുടെ നികുതിയിൽ ഉണ്ടാകുന്ന കുറവ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

കേന്ദ്രതലത്തിൽ ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിയുടെ സംസ്ഥാന തലത്തിലെ സമിതികളും യഥാസമയം രൂപീകരിക്കണമെന്നും സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചു. ജി.എസ്.ടി. നടപ്പാക്കിയതിലൂടെ വളരെയധികം ചരക്കുകളുടെ നികുതി നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും നികുതിക്കുറവിന്റെ ആനുകൂല്യം ലഭിച്ച പല ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ പ്രോഡക്ട്സും വില കുറയ്ക്കാതെ അമിതലാഭം കൈയടക്കുന്ന പ്രവണത വിപണിയിൽ ദൃശ്യമാണ്. 2017 ജൂൺ 30-ന് വിൽപ്പനക്കാരുടെ കയ്യിൽ സ്റ്റോക്ക് ഉണ്ടായിരുന്ന ചരക്കുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കിട്ടുന്നത് സംബന്ധിച്ച ആശയക്കുഴപ്പവും വിപണിയിൽ പ്രതിഫലിച്ചു.

സംസ്ഥാനത്തിനകത്തും ഇതിന്റെ അനുരണനങ്ങൾ ഉണ്ടായിട്ടുണ്ട്. നികുതി പൂർണ്ണമായും ഇല്ലാതാകുന്ന കോഴിക്ക് വില കയറുന്ന സ്ഥിതിവന്നു. വൻകിട കോഴി ഏജന്റുമാർ 'കാർട്ടൽ' പോലെ പ്രവർത്തിച്ച് നികുതിയിൽ ഉണ്ടായ ഇളവ് ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയ്യടക്കുന്നതിനുള്ള നീക്കത്തിന്റെ ഫലമായിരുന്നു ഇത്. ഇതിനെതിരെ സംസ്ഥാന സർക്കാർ ഉറച്ച നിലപാട് സ്വീകരിച്ചു. അനിയന്ത്രിതമായി വില കയറുന്നതിനുള്ള പ്രവണതയെ ഒരു പരിധിവരെ കടിഞ്ഞാൺ ഇടാൻ ഇതുമൂലം കഴിഞ്ഞു. സിവിൽസപ്ലൈസ് കോർപ്പറേഷൻ നികുതി നിരക്കിൽ വന്ന ഇളവുകൾ ഉടനടി തന്നെ പ്രാബല്യത്തിൽ വരുത്തുകയും കോർപ്പറേഷൻ വഴി വിൽക്കുന്ന ചരക്കുകൾക്ക് വിലക്കുറവ്

പ്രഖ്യാപിക്കുകയും ചെയ്തു. ജി.എസ്.ടി.-യുടെ പ്രാരംഭ ഘട്ടത്തിൽ ചില അവ്യക്തതകൾ വ്യാപാരി സമൂഹത്തിന് ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ഈ പരാതികൾ പരിഹരിക്കുന്നതിനായി വ്യാപാരി വ്യവസായികളുടെ സംഘടനകളെ വിളിക്കുകയും ജി.എസ്.ടി.-യിലൂടെ ലഭിക്കുന്ന നികുതി നിരക്കിന്റെ കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്നോ ആവശ്യപ്പെടുകയും ചെയ്തു.

സംസ്ഥാനത്ത് പുറത്തുനിന്നും വാങ്ങുന്ന ചരക്കുകൾക്കും സേവനങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണ്. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ നികുതി നിരക്കിൽ വന്നിട്ടുള്ള കുറവും ഇൻപുട്ട് ടാക്സിന്റെ പ്രയോജനവും കണക്കിലെടുത്ത് അവശ്യവസ്തുക്കൾക്ക് വിലക്കുറവ് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് നിരീക്ഷിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതാണ്. ജി.എസ്.ടി.-യുടെ മറവിലുള്ള വിലക്കയറ്റം നിയന്ത്രിക്കാനുള്ള ശക്തമായ നടപടികൾ കേന്ദ്ര സർക്കാരും സ്വീകരിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെടുകയാണ്.

(ബി&സി) ജി.എസ്.ടി. നടപ്പിൽ വരുത്തിയതിന്റെ ആദ്യഘട്ടത്തിൽ ഉണ്ടായ ആശയക്കുഴപ്പങ്ങളും സംശയങ്ങളുമെല്ലാം വ്യാപാരികളെയും ആശങ്കയിലാക്കിയിരുന്നു. ഉയർന്ന നികുതി നൽകി വാങ്ങിവച്ചിരുന്ന സ്റ്റോക്കിന് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സംബന്ധിച്ചും മറ്റും ഉണ്ടായ അവ്യക്തതകളും ഇതിന് കാരണമായിട്ടുണ്ട്. ഈ വസ്തുതകൾ കണക്കിലെടുത്ത് വ്യാപാരികളുടെയും മറ്റും യോഗം ചേർന്ന് വിശദീകരിക്കാനാണ് സർക്കാർ ശ്രമിച്ചത്. ജി.എസ്.ടി.യുടെ മറവിൽ അമിതലാഭം കയ്യടക്കാനുള്ള പ്രവണത അംഗീകരിക്കില്ലെന്നും അങ്ങനെയുണ്ടായാൽ ആന്റി പ്രോഫിറ്ററിംഗ് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾക്ക് സമ്മർദ്ദം ചെലുത്തുമെന്നും വ്യാപാരികളെ അറിയിച്ചു. എം.ആർ.പി. ചട്ടങ്ങൾ പാലിക്കാത്തവർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ ബന്ധപ്പെട്ട അധികാരികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ജി.എസ്.ടി. നിയമപ്രകാരം പ്രധാനപ്പെട്ട 100 ഉപഭോക്തൃ ഉല്പന്നങ്ങൾക്കുണ്ടായ നികുതി കുറവിന്റെ കണക്കുകൾ പത്രങ്ങളിൽ ഇതിനകം തന്നെ പരസ്യപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കും വ്യാപാരികൾക്കും വ്യാപാര സംഘടനകൾക്കും കേരളമൊട്ടാകെ വിവിധതരത്തിലുള്ള ബോധവൽക്കരണ പഠനക്ലാസ്സുകൾ വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട്. വ്യാപാരികളുടെ സംശയനിവാരണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ഡെസ്കുകൾ എല്ലാ ജില്ലകളിലും വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിലും പ്രവർത്തിക്കുന്നുണ്ട്. ചരക്കുസേവന നികുതിയിൽ നികുതി കുറഞ്ഞതും നികുതി ഒഴിവാക്കപ്പെട്ടതുമായ ചില സാധനങ്ങളിൽനിന്നും പരാതി ലഭിച്ചിട്ടുണ്ട്. അതെക്കുറിച്ച് വ്യാപാരികളുമായും വ്യാപാരസംഘടനകളുമായും ചർച്ച നടത്തി പ്രശ്നപരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കരാറുകാർക്ക് സർക്കാർ കൊടുത്തുതീർക്കാനുള്ള കുടിശ്ശിക

88 (452) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇറിഗേഷൻ, പി.ഡബ്ള്യ .ഡി തുടങ്ങിയ വകുപ്പുകളിലെ കരാറുകാർക്ക് സർക്കാർ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇറിഗേഷൻ പി.ഡബ്ല്യൂ.ഡി. തുടങ്ങിയ വകുപ്പുകളിലെ കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വകുപ്പ് | കുടിശ്ശിക തുക (കോടിയിൽ) |
|---|---|
| പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പ് | 528.05 |
| പൊതുമരാമത്ത് (കെട്ടിടം) വകുപ്പ് | 388.33 |
| ജലവിഭവ വകുപ്പ് | 102.10 |
| ആകെ | 1118.48 |

(ബി) മാർച്ച് 2017 വരെ കുടിശ്ശികയായിട്ടുള്ള ബില്ലുകൾ 16-11-2017 ഓടുകൂടി കൊടുത്ത് തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത കാലയളവിലെ ബില്ലുകൾക്ക് ബി.ഡി.എസ്. സൗകര്യം ലഭ്യമാണ്.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള തുക

89 (453) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2016-17 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള തുക, ചെലവഴിച്ച തുക, ചെലവിന്റെ ശതമാനം എന്നിവ സംബന്ധിച്ച വിശദാംശം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ വർഷവും ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്കു പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്ക് അനുവദിച്ച തുക, ചെലവഴിച്ച തുക, ചെലവിന്റെ ശതമാനം എന്നിവ പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ;

(സി) മേൽപ്പറഞ്ഞ വർഷങ്ങളിൽ ഏതെല്ലാം വർഷങ്ങളിലാണ് മുൻവർഷത്തെ തുക ക്യാരി ഓവർ ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നത്; ക്യാരി ഓവർ ചെയ്യുന്നതിന് അനുമതി നൽകിയിട്ടില്ലാത്തത് ഏതെല്ലാം വർഷങ്ങളിലാണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ)

| വർഷം | വകയിരുത്തിയിട്ടുള്ള തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| 2011-12 | 39282584 | വിവരം ശേഖരിച്ചുവരുന്നു. | |
| 2012-13 | 48267728 | | |
| 2013-14 | 62761837 | | |
| 2014-15 | 75074765 | | |
| 2015-16 | 76647802 | | |
| 2016-17 | 89041433 | | |

(ബി) മറുപടി അനുബന്ധമായി ചേർക്കുന്നു. *

(സി) പൊതു ആവശ്യ ഫണ്ടിന്റെ കാര്യത്തിൽ ക്യാരി ഓവർ ബാധകമല്ല. മറ്റ് ഫണ്ടുകൾ 2014-15 വരെ ക്യാരി ഓവർ ചെയ്യാൻ അനുവദിച്ചിരുന്നു. 2015-16 മുതൽ ചെലവഴിക്കാത്ത തുക തൊട്ടടുത്ത സാമ്പത്തിക വർഷം അനുവദിക്കുന്നതാണ്.

**സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

90 (454) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഏതെല്ലാം ഇനങ്ങളിൽ എന്തു തുക വീതം വരവും ചെലവുമുണ്ടായി എന്ന് അറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ സമാഹൃത വിഭവങ്ങളിൽ വികസനത്തിനുവേണ്ടി ചെലവഴിച്ചത് എത്ര കോടി വീതമാണ്;

(ഡി) 2016-17 ലെ മൂലധനച്ചെലവ്, പ്രതീക്ഷിച്ചത് എത്രയാണെന്നും യഥാർത്ഥത്തിൽ ഇതുവരെ ഉണ്ടായ മൂലധനച്ചെലവ് എത്രയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം ഡിസംബർ 2016 വരെയുള്ള റവന്യൂ വരവും റവന്യൂ ചെലവും സംബന്ധിച്ച മാസാടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| 2016-17 സാമ്പത്തിക വർഷത്തിൽ ഡിസംബർ 31 വരെയുള്ള റവന്യൂ വരവ് ചെലവ് കണക്ക് | | |
|---|---|---|
| മാസം | റവന്യൂ വരവ് | റവന്യൂ ചെലവ് |
| ഏപ്രിൽ | 3638.89 | 4961.45 |
| മെയ് | 3193.03 | 4093.49 |
| ജൂൺ | 7277.87 | 6135.50 |
| ജൂലൈ | 5931.86 | 6600.65 |
| ആഗസ്റ്റ് | 7458.25 | 8837.50 |
| സെപ്റ്റംബർ | 4864.76 | 7702.23 |
| ഒക്ടോബർ | 6173.86 | 7194.71 |
| നവംബർ | 5919.50 | 6654.66 |
| ഡിസംബർ | 5949.47 | 7128.29 |

(സി) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം ഡിസംബർ 31 വരെ സംസ്ഥാനം വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചത് 11271.80 കോടി രൂപയാണ്.

(ഡി) 2016-17-ൽ പ്രതീക്ഷിച്ച മൂലധനച്ചെലവ് 9572.92 കോടി രൂപയും അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം ഡിസംബർ 2016 വരെയുള്ള മൂലധനച്ചെലവ് 4550.12 കോടി രൂപയുമാണ്.

## സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

91 (455) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തിന്റെ പൊതുകടം, ആളോഹരി കടം എന്നിവ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര തവണ ഓവർ ഡ്രാഫ്റ്റ് എടുക്കേണ്ടി വന്നുവെന്ന് വ്യക്തമാക്കുമോ;

(സി) മൊത്തം വരുമാനത്തിന്റെ എത്ര ശതമാനമാണ് വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നത്;

(ഡി) ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 2016 ഡിസംബർ വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 121183.07 കോടി രൂപയും ആളോഹരി കടം 35466.83 രൂപയുമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടില്ല.

(സി) അക്കൗണ്ടന്റ് ജനറലിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഡിസംബർ വരെയുള്ള പ്രാഥമിക കണക്കുകളുടെ അടിസ്ഥാനത്തിൽ മൊത്തം റവന്യൂ വരുമാനത്തിന്റെ 22.36 ശതമാനമാണ് വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുള്ളത്.

(ഡി) 1-7-2017 മുതൽ ജി.എസ്.ടി. നടപ്പിലാക്കിയെങ്കിലും റിട്ടേണുകൾ 2017 ആഗസ്റ്റ് മാസം മുതൽ മാത്രമേ ഫയൽ ചെയ്തു തുടങ്ങുകയുള്ളൂ. റിട്ടേൺ ഫയൽ ചെയ്താൽ മാത്രമേ വർദ്ധനവ് കണക്കാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ 2015-16 അടിസ്ഥാന വർഷമായി കണക്കാക്കി നികുതി വരുമാനത്തിന്റെ ശരാശരി വളർച്ചാ നിരക്ക് 14% ആയി നിശ്ചയിച്ചിട്ടുണ്ട്. നികുതി വരുമാനം പ്രസ്തുത വളർച്ചാ നിരക്ക് കൈവരിക്കാത്ത പക്ഷം നികുതി വരുമാനത്തിലുണ്ടാകുന്ന കുറവ് കോമ്പൻസേഷനായി നൽകാമെന്ന് കേന്ദ്ര സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ കടബാധ്യത

92 (456) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തിന്റെ കടബാധ്യത എത്ര കോടി രൂപയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കടബാധ്യത എത്ര കോടി രൂപയായിരുന്നു;

(സി) സംസ്ഥാനത്തിന്റെ കടബാധ്യത കുറച്ചുകൊണ്ടു വരുന്നതിനു സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

### ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 2016 ഡിസംബർ വരെയുള്ള സംസ്ഥാനത്തിന്റെ കടബാദ്ധ്യത 1,74,294.08 കോടി രൂപയാണ്.

(ബി) 2016 മാർച്ച് 31-ലെ അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ കടബാദ്ധ്യത 1,57,370.32 കോടി രൂപയായിരുന്നു.

(സി) അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രണത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും അടിയന്തര പ്രാധാന്യമുള്ള വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വൻകിട ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കിയിട്ടുണ്ട്. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽനിന്നുള്ള പണ വിതരണം ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ഇതുവഴി ഉപഭോക്താക്കൾക്ക് എപ്പോൾ വേണമെങ്കിലും സർക്കാരിലേയ്ക്ക് പണം അടയ്ക്കുന്നതിന് സൗകര്യമേർപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ വകുപ്പ്, മറ്റ് വകുപ്പുകൾ, ബഡ്ജറ്റ്, ഭാരതീയ റിസർവ് ബാങ്ക്, അക്കൗണ്ടന്റ് ജനറൽ, വിവിധ ബാങ്കുകൾ, വിവിധ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ തുടങ്ങിയ എല്ലാവരെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഇടപാട് നടത്തുന്നതിനായി ഒരു ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ പ്രതിമാസ ചെലവും വരവും

93 (457) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പ്രതിമാസ ചെലവും വരവും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര വീതമെന്ന് വ്യക്തമാക്കുമോ;

(ബി) 2016-17 സാമ്പത്തിക വർഷം വാർഷിക പദ്ധതിക്കുവേണ്ടി വാങ്ങിയ വായ്പകൾ ആവർത്തന ചെലവുകൾ നേരിടാൻ വേണ്ടി വകമാറ്റിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം ഡിസംബർ 2016 വരെയുള്ള റവന്യൂ വരവും റവന്യൂ ചെലവും സംബന്ധിച്ച മാസാടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| 2016-17 വർഷത്തിൽ ഡിസംബർ വരെയുള്ള റവന്യൂ വരവ് ചെലവ് കണക്ക് | | |
|---|---|---|
| മാസം | റവന്യൂ വരവ് | റവന്യൂ ചെലവ് |
| ഏപ്രിൽ | 3638.89 | 4961.45 |
| മേയ് | 3193.03 | 4093.49 |
| ജൂൺ | 7277.86 | 6135.50 |
| ജൂലൈ | 5931.86 | 6600.65 |
| ആഗസ്റ്റ് | 7458.24 | 8837.50 |
| സെപ്റ്റംബർ | 4864.76 | 7702.23 |
| ഒക്ടോബർ | 6173.86 | 7194.71 |
| നവംബർ | 5919.50 | 6654.66 |
| ഡിസംബർ | 5949.47 | 7128.29 |

(ബി) വാർഷിക പദ്ധതിക്കുവേണ്ടി വാങ്ങുന്ന വായ്പകൾ പ്രധാനമായും പദ്ധതി ചെലവുകൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. എന്നാൽ പദ്ധതിയേതര റവന്യൂ അക്കൗണ്ടിൽ കമ്മിയുണ്ടാകുന്ന പക്ഷം ആയത് നികത്തുന്നതിനായി വായ്പ എടുക്കുന്ന തുകയുടെ ഒരു ഭാഗം ചെലവഴിക്കേണ്ടിവരാറുണ്ട്. 2016-17 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്ക് ലഭ്യമായിട്ടില്ല.

**വായ്പയെടുക്കലും ചെലവഴിക്കലും**

94 (458) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടപത്രങ്ങൾ വഴിയും മറ്റും എന്തു തുക വായ്പയെടുത്തു;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വായ്പ എടുത്ത തുക കടബാധ്യതകൾ തീർക്കുന്നതിനുവേണ്ടി ചെലവഴിക്കുകയുണ്ടായോ; എങ്കിൽ എത്ര തുക മറ്റാവശ്യങ്ങൾക്കായി ചെലവഴിക്കുകയുണ്ടായി;

(സി) ഈ സർക്കാർ പുറപ്പെടുവിച്ച ധവളപത്രങ്ങളിൽ കടം എടുത്ത തുക നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നതിനെ വിമർശിച്ചിട്ടുണ്ടായിരുന്നുവോ; എങ്കിൽ പ്രസ്തുത വിമർശനങ്ങൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ 31-12-2016 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം 1-05-2016 മുതൽ 31-12-2016 വരെ കടപത്രങ്ങൾ മുഖേന സമാഹരിച്ചതടക്കം 13574.64 കോടി രൂപ വായ്പയായി എടുത്തിട്ടുണ്ട്. 1-01-2017 മുതലുള്ള അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ ഇതുവരെയും ലഭ്യമായിട്ടില്ല.

(ബി) വായ്പയെടുക്കുന്ന തുകയിൽ ഒരു ഭാഗം കടബാദ്ധ്യതകൾ തീർക്കുന്നതിനായി വിനിയോഗിക്കാറുണ്ട്. റവന്യൂ കമ്മി ഇല്ലാതാകുന്ന സാഹചര്യത്തിലേ ഈ സ്ഥിതി പൂർണ്ണമായും ഒഴിവാകൂ. റവന്യൂ വരുമാനം ഗണ്യമായി ഉയർത്തി റവന്യൂ കമ്മി ഇല്ലാതാക്കി വായ്പയെടുക്കുന്ന മുഴുവൻ പണവും മൂലധന ചെലവിനായി ഉപയോഗിക്കാൻ കഴിയുന്ന ഒരു തന്ത്രത്തിനാണ് ഈ സർക്കാർ രൂപം നൽകി നടപ്പിൽ വരുത്താൻ ശ്രമിക്കുന്നത്. വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റ് വരുമാനങ്ങൾകൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല.

(സി) ധവളപത്രം ഇത്തരം സാഹചര്യങ്ങളുടെ വിലയിരുത്തലാണ്.

**കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പ്രോജക്ട് റിപ്പോർട്ടുകൾ**

95 (459) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പ്രോജക്ട് റിപ്പോർട്ടുകളും, എസ്റ്റിമേറ്റും നിബന്ധനകൾക്ക് അനുസൃതമായി, സമയബന്ധിതമായി സമർപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെങ്കിലും പ്രോജക്ടുകൾ സമയത്ത് ലഭിക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും യഥാസമയം കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് വാങ്ങിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ കോ-ഓർഡിനേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും പദ്ധതികൾ സമയബന്ധിതമായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നത് ഉറപ്പുവരുത്തുകയും ചെയ്തുവരുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പ്രോജക്ട് റിപ്പോർട്ടുകളും എസ്റ്റിമേറ്റുകളും നിബന്ധനകൾക്ക് അനുസൃതമായി സമർപ്പിക്കുന്നതിലേയ്ക്കായി പ്രസ്തുത വകുപ്പിൽനിന്ന് സമയക്രമം (time line) ഉൾപ്പെടെയുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 28-03-2017-ലെ സർക്കുലർ നമ്പർ 1053625/സി.സി.1/2016/പ്ലാനിംഗ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നടപ്പുസാമ്പത്തിക വർഷം കിഫ്ബി മുഖാന്തരമുള്ള പ്രവൃത്തികൾ**

96 (460) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 സാമ്പത്തിക വർഷത്തിൽ കിഫ്ബി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് 31-07-2017-വരെ എത്രതുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഈ സാമ്പത്തിക വർഷം ഇത്തരത്തിൽ ആകെ എത്ര തുക ചെലവഴിക്കാനാകും എന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

കിഫ് ബോർഡ് യോഗം അംഗീകരിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസികൾ (SPV) പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ഓൺലൈനായി കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനമനുസരിച്ച് പ്രോജക്ട് നിർവ്വഹണ ചെലവുകൾ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഘട്ടങ്ങളിൽ നേരിട്ട് സപ്ലയർ, കോൺട്രാക്ടർ, സേവന ദാതാവ് മുതലായവരുടെ നിശ്ചിത ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കാനുള്ള ഡയറക്ട് പേയ്മെന്റ് സംവിധാനം കിഫ്ബിയിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. ഈ നൂതന സംവിധാനമനുസരിച്ചുള്ള തുടർ നടപടിക്രമങ്ങൾ പദ്ധതി നിർവ്വഹണ ഏജൻസികൾ പൂർത്തിയാക്കി പ്രവൃത്തികൾ ആരംഭിച്ച് ബില്ലുകൾക്കനുസൃതമായ പേയ്മെന്റ് ഇൻവോയിസുകൾ കിഫ്ബിക്ക് ലഭിക്കുന്ന മുറയ്ക്ക് ഫണ്ട് റിലീസ് ആരംഭിക്കുന്നതാണ്. ഇതുവരെ പേയ്മെന്റ് ഇൻവോയിസുകൾ കിഫ്ബിക്ക് ലഭിച്ചുതുടങ്ങിയിട്ടില്ല. കിഫ്ബി പദ്ധതികൾ വളരെ വിപുലമായ പദ്ധതികളാകയാൽ ആവശ്യമായ അനുമതികൾ ലഭിച്ചതിനുശേഷം അവയുടെ നിർവ്വഹണ സംവിധാനം ഏർപ്പെടുത്തി പ്രവൃത്തികൾ ആരംഭിക്കുവാൻ ചുരുങ്ങിയത് 6-7 മാസംവരെ സമയം ആവശ്യമാണ്. ഇക്കാരണത്താലാണ് ഫണ്ട് റിലീസ് ആരംഭിച്ചിട്ടില്ലാത്തത്. എന്നാൽ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞാൽ സമയബന്ധിതമായി നിർവ്വഹണം സാദ്ധ്യമാകുന്നതാണ്.

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായപദ്ധതി

97 (461) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സഹായിക്കുന്നതിനായി പ്രഖ്യാപിച്ച വിദ്യാഭ്യാസവായ്പ തിരിച്ചടവ് സഹായ പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിയിൽ അപേക്ഷ സ്വീകരിച്ചു തുടങ്ങുന്നതെപ്പോൾ മുതലാണെന്നും എവിടെയാണ് അപേക്ഷിക്കേണ്ടതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിലും വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) പ്രഖ്യാപിച്ചിരുന്നു. ഈ പദ്ധതിയനുസരിച്ച് വിദ്യാർത്ഥികൾക്ക് അനുവദിച്ച വിദ്യാഭ്യാസ വായ്പകളെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. (i) നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പാ/സ്റ്റാൻഡേർഡ് അക്കൗണ്ട് (Non NPA/Standard Account). (ii) 31-03-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31-3-2016-ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത് വിദ്യാഭ്യാസ വായ്പാ അക്കൗണ്ട് സ.ഉ.(പി)65/2017 തീയതി 16-05-2017, സ.ഉ.(പി)89/2017 തീയതി 12-07-2017 എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2-8-2017-ലെ 61/2017/ധന. സർക്കുലർ പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

- 1-04-2016-നു മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള നാല് വർഷത്തേയ്ക്ക് 90%, 75%, 50%, 25% എന്നീ നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.

- കേരളത്തിലെ എല്ലാ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽനിന്നും സഹകരണ ബാങ്കുകളിൽനിന്നും വിദ്യാഭ്യാസ വായ്പ എടുത്ത് ഇൻഡ്യയിലെ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതായിരിക്കും.

- 31-03-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് 4 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പാതുകയുടെ 60%-വും 4 ലക്ഷത്തിനുമേൽ 9 ലക്ഷം വരെയുള്ള വായ്പകൾക്ക് കുടിശ്ശിക യായിട്ടുള്ള മുതലിന്റെ 50% വും (പരമാവധി 2,40,000 രൂപവരെ) സർക്കാർ സഹായം നൽകുന്നതാണ്.

- വായ്പയുടെ മേലുള്ള മുഴുവൻ പലിശയും പിഴപ്പലിശയും ഇളവ് ചെയ്യുന്നതിന് ബാങ്ക് തയ്യാറാകുന്നപക്ഷം പഠനകാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടംമൂലമോ അസുഖംമൂലമോ ശാരീരികമായോ മാനസികമായോ 80%-മോ അതിലധികമോ സ്ഥിരവൈകല്യം നേരിട്ടതോ മരണപ്പെട്ട് പോയതോ ആയ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ മുഴുവൻ മുതൽ തുകയും തീയതി, അനുവദിച്ച ലോൺ തുക, ലോൺ അക്കൗണ്ടിന്റെ തരം എന്നിവ പരിഗണിക്കാതെ തന്നെ സർക്കാർ വഹിക്കുന്നതാണ്.

- മാനേജ്മെന്റ്/എൻ.ആർ.ഐ ക്വോട്ട, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല.

- മാനേജ്മെന്റ് ക്വോട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീമിന്റെ ആനുകൂല്യത്തിന് അർഹരാണ്.

- ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടാരിക്കുന്നതല്ല.

- ഈ സ്കീം പ്രകാരം ഇൻഡ്യയിലെ ആദ്യത്തെ ഗ്രാജ്വേറ്റ്/പോസ്റ്റ് ഗ്രാജ്വേറ്റ്/ഡിപ്ലോമ കോഴ്സുകൾക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.

- വാർഷിക കുടുംബ വരുമാനം 6 ലക്ഷത്തിൽ താഴെയുള്ള വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40% മോ അധികമോ അംഗപരിമിതിയുള്ളവർക്ക് വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും.

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിന് വേണ്ടി elrs.kerala.gov.in എന്ന വെബ്പോർട്ടലിലൂടെ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 4-08-2017 മുതൽ പ്രസ്തുത വെബ്പോർട്ടലിന്റെ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-10-2017 ആണ്.

## എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തുന്ന നടപടി

98 (462) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതലായവ മരാമത്ത് പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്താറുണ്ടോ;

(ബി) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും മരാമത്തു പണികൾ ടെണ്ടർ ചെയ്തു കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തേണ്ടായെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇത്തരത്തിൽ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. പ്രത്യേക വികസന നിധിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം എം.എൽ.എ. നിർദ്ദേശിക്കുന്ന പ്രവൃത്തികൾ സർക്കാർ സ്ഥാപനങ്ങൾ മുഖേനയോ സർക്കാർ അംഗീകരിച്ചിട്ടുള്ള സർക്കാരിതര സ്ഥാപനങ്ങൾ മുഖേനയോ ആണ് നടപ്പിലാക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ ലാഭകരമായും വേഗത്തിലും നടപ്പിലാക്കുന്നതിനുവേണ്ടിയാണ് ഗുണഭോക്തൃ സമിതികൾ മുഖേന ചെയ്യുന്നത്. 29-02-2016-ലെ സ.ഉ.(പി)നമ്പർ 30/2016/ധന. പ്രകാരം ഉപഭോക്തൃസമിതി (ബെനിഫിഷറി കമ്മിറ്റി) മുഖേന നടത്തപ്പെടുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തേണ്ട എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഉപഭോക്തൃസമിതികൾ ലാഭേച്ഛയോടെയല്ല പ്രവൃത്തികൾ ഏറ്റെടുക്കുന്നത് എന്നതുകൊണ്ടാണ് ഇങ്ങനെ നിർദ്ദേശിച്ചിട്ടുള്ളത്.

## തദ്ദേശ സ്ഥാപനങ്ങൾക്കായി വാർഷിക പദ്ധതിയിൽ നീക്കിവച്ച തുക

99 (463) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം പുതുക്കിയ വാർഷിക പദ്ധതിയിൽ തദ്ദേശസ്ഥാപനങ്ങൾക്കായി എത്ര കോടി രൂപയാണ് നീക്കിവച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര ശതമാനം ചെലവഴിക്കപ്പെട്ടു എന്നും ഇത് പദ്ധതി ചെലവിനായി സർക്കാർ നിശ്ചയിച്ചിരുന്ന ലക്ഷ്യത്തിന്റെ എത്രത്തോളം എത്തി എന്നും വ്യക്തമാക്കുമോ;

(സി) സാമ്പത്തിക വർഷത്തിന്റെ അവസാന മാസത്തിൽ പണത്തിന്റെ ഭൂരിഭാഗവും തിരക്കിട്ട് ചെലവാക്കുന്ന രീതി, പദ്ധതി പ്രവർത്തനങ്ങളുടെ സുതാര്യതയും കാര്യക്ഷമതയും ഇല്ലാതാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തിൽ 5724.71 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി) ഇതിൽ 57.92% ചെലവഴിക്കപ്പെട്ടു. സർക്കാർ നിശ്ചയിച്ചിരുന്ന ലക്ഷ്യത്തിന്റെ 67.91%-ൽ എത്തി.

(സി) ഇക്കാര്യം ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്.

**കിഫ്ബിയുടെ 2016-17 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ്**

100 (464) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ 2016-17 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ്, പ്രോഫിറ്റ് ആന്റ് ലോസ് അക്കൗണ്ട് എന്നിവ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കിഫ്ബി 2016-17 സാമ്പത്തിക വർഷത്തിൽ എത്ര രൂപ വായ്പ എടുത്തു എന്ന് വ്യക്തമാക്കാമോ; പ്രസ്തുത വായ്പ കൊണ്ട് ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കിഫ്ബിയുടെ 2016-17-ലെ സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ ബാലൻസ് ഷീറ്റ്, പ്രോഫിറ്റ് ആന്റ് ലോസ് അക്കൗണ്ട് എന്നിവ തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ കിഫ്ബി വായ്പകളൊന്നും എടുത്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് തുക ചെലവഴിക്കൽ

101 (465) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

31-03-2017-വരെയുള്ള കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷം ഓരോ വകുപ്പിനും ധനാഭ്യർത്ഥനയിലൂടെ അനുവദിച്ച തുക എത്ര വീതമായിരുന്നു എന്നും ഓരോ വകുപ്പും ചെലവഴിച്ച തുക വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനമാണെന്നും വിശദമാക്കുമോ?

ഉത്തരം

ഒരു സാമ്പത്തിക വർഷത്തെ മാർച്ച് 31 വരെയുള്ള കണക്കുകൾ തൊട്ടടുത്ത സാമ്പത്തിക വർഷം ഏപ്രിൽ മാസത്തിൽ അക്കൗണ്ടന്റ് ജനറൽ ധനകാര്യ വകുപ്പിന് ലഭ്യമാക്കാറുണ്ട്. എന്നാൽ ട്രഷറി വകുപ്പുമായി ബന്ധപ്പെട്ട ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം 2016-17 സാമ്പത്തിക വർഷം ഡിസംബർ 31 വരെയുള്ള കണക്കുകൾ മാത്രമേ തിട്ടപ്പെടുത്തുകയും ധനകാര്യ വകുപ്പിന് ലഭ്യമാക്കുകയും ചെയ്തിട്ടുള്ളൂ. ഈ സാഹചര്യത്തിൽ 2016-17 സാമ്പത്തിക വർഷം ഓരോ വകുപ്പിനും ധനാഭ്യർത്ഥനയിലൂടെ അനുവദിച്ച തുകയും (ഉപധനാഭ്യർത്ഥന ഉൾപ്പെടെ) ഡിസംബർ 31 വരെ ചെലവഴിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.*

## 2016-17-ലെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ

102 (466) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ സാധിക്കാതിരുന്നത് ഏതൊക്കെയായിരുന്നുവെന്നും ഇതുവരെ നടപ്പിലാക്കിയവ ഏതൊക്കെയാണെന്നും ഇനം തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## കേന്ദ്ര ബഡ്ജറ്റ് പ്രകാരം കേരളത്തിന് 2017-18-ൽ ലഭിക്കുന്ന തുക

103 (467) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തികവർഷത്തെ കേന്ദ്ര ബജറ്റ് പ്രകാരം കേരളത്തിന് 2017-18-ൽ ലഭിക്കുമെന്ന് കരുതാവുന്ന തുക ഓരോ ഇനത്തിലും എത്ര വീതമാണെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കേന്ദ്ര നികുതികളുടെയും ഗ്രാന്റുകളുടെയും 2017-18-ൽ പ്രതീക്ഷിക്കുന്ന സംസ്ഥാന വിഹിതം ഓരോ ഇനത്തിലും എത്ര കോടി രൂപ വീതമായിരിക്കുമെന്ന് വിശദമാക്കുമോ;

(സി) 2016-17-ൽ സംസ്ഥാനം കേന്ദ്രത്തിൽ നിന്നും പ്രതീക്ഷിച്ചിരുന്ന തുക ഓരോ ഇനത്തിലും എത്രയായിരുന്നു; അതിൽ കുറവ് വന്നത് ഏതെല്ലാം ഇനത്തിലാണെന്നും വർദ്ധന വന്നത് ഏതെല്ലാം ഇനത്തിലാണെന്നും വ്യക്തമാക്കുമോ;

(ഡി) 2017-18 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിലെ വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാനം പ്രതീക്ഷിച്ചിരുന്ന ഗ്രാന്റുകളിലും നികുതികളിലും കുറവ് വരുന്ന ഇനങ്ങൾ ഏതൊക്കെയാണെന്നും വർദ്ധന ഉണ്ടാകാൻ സാധ്യതയുള്ള ഇനങ്ങൾ ഏതൊക്കെയാണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2017-18 സാമ്പത്തിക വർഷം കേന്ദ്രത്തിൽനിന്ന് സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം ധനസഹായം എന്നീ ഇനങ്ങളിൽ യഥാക്രമം 16891.75 കോടി രൂപയും 11243.71 കോടി രൂപയും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 2016-17 സാമ്പത്തിക വർഷം സംസ്ഥാനം കേന്ദ്രത്തിൽനിന്നും പ്രതീക്ഷിച്ചിരുന്ന തുകയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം ഓരോ ഇനത്തിലും ലഭ്യമായ തുകയും ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| ഇനം | പ്രതീക്ഷിച്ച തുക | ലഭ്യമായ തുക |
|---|---|---|
| കേന്ദ്ര നികുതി വിഹിതം | 14282.00 | 15225.02 |
| കേന്ദ്ര ധനസഹായം | 11361.72 | 8510.37 |

(ഡി) ചരക്ക് സേവന നികുതി പ്രാവർത്തികമായതോടുകൂടി വിവിധ കേന്ദ്ര നികുതി വിഹിതങ്ങളിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായേക്കാം. ഇത് സംബന്ധിച്ച കണക്കുകൾ സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടുകൂടി മാത്രമേ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

## ജി.എസ്.ടി രജിസ്ട്രേഷൻ

104 (468) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി. എസ്. ടി. നടപ്പിലാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ജി എസ് ടി രജിസ്ട്രേഷൻ സംബന്ധിച്ച് വ്യാപാരികൾക്കുണ്ടാകുന്ന സംശയങ്ങളും സാങ്കേതിക ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഓൺലൈൻ പോർട്ടൽ മുഖേന ജി. എസ്. ടി. രജിസ്ട്രേഷൻ നടത്തുമ്പോൾ ഉണ്ടാകാവുന്ന സംശയങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് വ്യാപാരികൾക്ക് വിദഗ്ധരുടെ സഹായം ലഭ്യമാക്കുമോ;

(ഡി) ജി എസ് ടി രജിസ്ട്രേഷൻ സംബന്ധിച്ച് എന്തെങ്കിലും പരിശീലന സംവിധാനങ്ങളോ പ്രസിദ്ധീകരണങ്ങളോ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; പകർപ്പുകൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കുന്നതിന്റെ ഭാഗമായി വ്യാപാരികളുടെ രജിസ്ട്രേഷൻ, റിട്ടേൺ ഫയലിംഗ്, ഇ-പേയ്മെന്റ് തുടങ്ങിയവ പരിശോധിക്കുന്നതിനായി ഐ.ടി. സംവിധാനമായ ബാക്ക് എന്റ് മൊഡ്യൂൾ വികസിപ്പിച്ചുവരുന്നു. ജീവനക്കാർക്ക് ജി.എസ്.ടി. നിയമത്തെക്കുറിച്ചും സാങ്കേതിക വിദ്യയെക്കുറിച്ചും പരിശീലനം നൽകുകയുണ്ടായി.

(ബി) വ്യാപാരികളുടെയും രജിസ്റ്റേർഡ് പ്രാക്ടീഷണർമാരുടെയും സംശയ നിവാരണത്തിനായി ജില്ലാടിസ്ഥാനത്തിൽ പരിശീലനം നൽകുകയുണ്ടായി.

(സി) വ്യാപരികൾക്ക് രജിസ്ട്രേഷൻ നടത്തുമ്പോഴുണ്ടാകുന്ന സംശയങ്ങൾ പരിഹരിക്കുന്നതിനായി എല്ലാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ ആഫീസിലും ഹെഡ്ക്വാർട്ടേഴ്സിലും ഫെസിലിറ്റേഷൻ സെന്ററുകളും ഹെൽപ്പ് ഡെസ്കുകളും പ്രവർത്തിച്ചുവരുന്നു.

(ഡി) വ്യാപാരികൾക്കുള്ള ആശങ്ക അകറ്റുന്നതിനായി ജില്ലാകേന്ദ്രങ്ങളിലും താലൂക്ക് കേന്ദ്രങ്ങളിലും വച്ച് അതാത് ജില്ലാ ഡെപ്യൂട്ടി കമ്മീഷണർമാരുടെ നേതൃത്വത്തിൽ പരിശീലനം നൽകിവരുന്നു. വ്യാപാരികളുടെ പൊതുവായിട്ടുള്ള സംശയങ്ങൾക്കുള്ള മറുപടികൾ ഇംഗ്ലീഷിലും മലയാളത്തിലും വകുപ്പിന്റെ വെബ്സൈറ്റായ 'www.keralataxes.gov.in' എന്നതിൽ പ്രസിദ്ധീകരിച്ച് ബോധവത്ക്കരണം നടത്തിയിട്ടുണ്ട്. ജി.എസ്.ടി.-യുടെ വിശദാംശങ്ങളടങ്ങിയ ഹാൻഡ് ബുക്ക് എല്ലാ എം.എൽ.എ.-മാർക്കും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ജി.എസ്.ടി. സംസ്ഥാന വരുമാനത്തിലുണ്ടാക്കിയ മാറ്റങ്ങൾ

105 (469) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം നികുതി വരുമാനത്തിലുണ്ടായ മാറ്റങ്ങൾ വിശദീകരിക്കാമോ;

(ബി) മുന്നൊരുക്കമില്ലാതെ ജി.എസ്.ടി. നടപ്പാക്കിയതു വഴി ജനങ്ങൾക്കുണ്ടായ പ്രയാസങ്ങളും സാധനങ്ങളുടെ ക്രമാതീതമായ വിലവർധനയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ജി.എസ്.ടി. യുടെ പേരിൽ നടക്കുന്ന കൊള്ള അവസാനിപ്പിക്കുവാനും ജനങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(ഡി) ജി.എസ്.ടി. നടപ്പാക്കിയതുമൂലം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വിശദീകരിക്കാമോ?

### ഉത്തരം

(എ) ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. കൂടാതെ വികസിത രാജ്യങ്ങളിൽ സേവനമേഖല പൊതുവെ അഭൂതപൂർവ്വമായ വളർച്ചയാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ സേവനമേഖലയിൽ നികുതി ഈടാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്നതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേയ്ക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ GST Compensation Act പാസ്സാക്കിയിട്ടുണ്ട്. ഇതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ തുടക്കത്തിൽ ജി.എസ്.ടി പ്രതികൂലമായി ബാധിക്കുകയില്ല. ഇ-കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിന് അന്യസംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവയുടെ നികുതിയും മുമ്പ് അന്തർസംസ്ഥാന വില്പനയായി കണക്കാക്കിയിരുന്നതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ലഭിച്ചിരുന്നില്ല. ജി.എസ്.ടി.-യിൽ ഈ നികുതിയും കേരളത്തിന് ലഭിക്കും. ഇത് വലിയ നേട്ടമാണ്.

(ബി) ജി.എസ്.ടി. നിയമവുമായി ബന്ധപ്പെട്ട ചട്ടങ്ങളും അതിന്റെ സോഫ്റ്റുവെയറുമായി ബന്ധപ്പെട്ട കാര്യങ്ങളും നോട്ടിഫിക്കേഷനുകളും പുറപ്പെടുവിക്കാനുണ്ടായ കാലവിളംബം തുടക്കഘട്ടത്തിൽ ചില അവ്യക്തകൾക്ക് കാരണമായി. ഇത് ഇന്ത്യയൊട്ടുക്കുള്ള സ്ഥിതിയാണ്. എന്നാലും മോഡൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കും വ്യാപാരികൾക്കും സംസ്ഥാന സർക്കാർ പരിശീലനം നൽകിയിരുന്നു. ആയതിനാൽ തയ്യാറെടുപ്പിൽ വീഴ്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജി.എസ്.ടി.എൻ.-ന്റെ ഓൺലൈൻ പ്രവർത്തനം പൂർണ്ണമായും നടപ്പിൽ വന്നിട്ടില്ലാത്തതിനാൽ അതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ നിലവിലുണ്ട്.

(സി) ജി.എസ്.ടി. നിയമത്തിൽ വകുപ്പ് 171 പ്രകാരം Anti Profitering Authority രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. വിതരണം ചെയ്യുന്ന സാധനസേവനങ്ങളുടെ നികുതി നിരക്കിലെ കുറവിന്റെയും സ്വീകർത്താവിന് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുപാതികമായ ഗുണം ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുകയാണ്. മേൽപ്പറഞ്ഞ അതോറിറ്റിയുടെ ലക്ഷ്യം. ഒരു ചെയർമാനും നാല് ടെക്നിക്കൽ അംഗങ്ങളും ചേർന്നതാണ് ഈ അതോറിറ്റി. ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യവും അതിനനുസരിച്ചുള്ള വിലക്കുറവും ഉപഭോക്താവിന് നൽകിയില്ലെങ്കിൽ ആ ആനുപാതികമായ തുക വില്പന നടന്ന ദിവസം മുതൽ മടക്കിക്കൊടുക്കുന്ന ദിവസം വരെ 18% പലിശ നിരക്കിൽ നൽകാൻ ഉത്തരവിടാനുള്ള അധികാരം അതോറിറ്റിക്കുണ്ട്. ഇതിനുപുറമേ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനും പിഴ ചുമത്താനുമുള്ള അധികാരവും അതോറിറ്റിക്കുണ്ട്. ഇതിനുവേണ്ടി ഒരു സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റിയെ നിയമിക്കേണ്ടതുണ്ട്. സ്ക്രീനിംഗ് കമ്മിറ്റിക്ക് ലഭിക്കുന്ന പരാതികൾ പരിശോധിക്കുകയും പരാതി ശരിയാണെന്ന് ബോധ്യപ്പെടുന്ന പക്ഷം നടപടി സ്വീകരിക്കുന്നതിന് അതോറിറ്റി മുമ്പാകെ ശിപാർശയോടുകൂടി സമർപ്പിക്കുന്നതുമാണ്. ഈ അതോറിറ്റി എത്രയും പെട്ടെന്ന് രൂപീകരിച്ച് പ്രവർത്തനം തുടങ്ങണമെന്ന് കേന്ദ്രത്തോട് പ്രത്യേകം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ജി.എസ്.ടി. 2017 ജൂലൈ 1 മുതലാണ് നടപ്പിലാക്കിയത്. വ്യാപാരികൾ ജൂലൈ മാസത്തെ പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള കാലാവധി സെപ്റ്റംബർ 10 വരെ നീട്ടിക്കൊടുത്തിട്ടുണ്ട്. റിട്ടേൺ ഫയൽ ചെയ്തതിനുശേഷം മാത്രമേ നികുതി വരുമാനത്തെക്കുറിച്ചുള്ള കണക്കുകൾ ലഭ്യമാവുകയുള്ളൂ. ജി.എസ്.ടി.-യുടെ പൂർണ്ണമായ ഗുണഫലങ്ങൾ അടുത്ത മൂന്ന് മാസത്തിനുള്ളിലേ ലഭ്യമാകുകയുള്ളൂ എന്നാണ് കണക്കാക്കപ്പെടുന്നത്.

## സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ ജി.എസ്.ടി.-യുടെ സ്വാധീനം

106 (470) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി., സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഏതൊക്കെ രീതിയിലാണ് ബാധിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം റവന്യൂ വരുമാനത്തിൽ കുറവ് വരുമോ എന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ഉണ്ടായ അവ്യക്തതകളും ആശങ്കകളും മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. കൂടാതെ വികസിത രാജ്യങ്ങളിൽ സേവനമേഖല പൊതുവെ അഭൂതപൂർവ്വമായ വളർച്ചയാണ് രേഖപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. ആയതിനാൽ സേവനമേഖലയിൽ നികുതി ഈടാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്നതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേയ്ക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ GST Compensation Act പാസ്സാക്കിയിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ തുടക്കത്തിൽ ജി.എസ്.ടി. പ്രതികൂലമായി ബാധിക്കുകയില്ല. ഇ-കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിന് അന്യസംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവയുടെ നികുതിയും മുമ്പ് അന്തർസംസ്ഥാന വിൽപ്പനയായി കണക്കാക്കിയിരുന്നതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി ലഭിച്ചിരുന്നില്ല. ജി.എസ്.ടി.-യിൽ ഈ നികുതിയും കേരളത്തിന് ലഭിക്കും. ഇത് വലിയ നേട്ടമാണ്.

(ബി) ഇതുസംബന്ധിച്ച പഠനം നടത്തിയിട്ടില്ല. ജി.എസ്.ടി. നടപ്പിലാക്കിയത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ തുടക്കത്തിൽ പ്രതികൂലമായി ബാധിക്കുകയില്ല എന്ന് കരുതുന്നു.

(സി) ചരക്കുസേവന നികുതിയിൽ നികുതി കുറഞ്ഞതും നികുതി ഒഴിവാക്കപ്പെട്ടതുമായ ചില സാധനങ്ങളുടെ വില വർദ്ധിച്ചതായി പലഭാഗങ്ങളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. അതേക്കുറിച്ച് വ്യാപാരികളുമായും വ്യാപാര സംഘടനകളുമായും ചർച്ച നടത്തി പ്രശ്നപരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലാക്കുന്നതിന്റെ ഭാഗമായി വ്യാപാരികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കിക്കൊണ്ട് ജില്ലാതലത്തിലും താലൂക്ക്തലത്തിലും ബോധവൽക്കരണക്ലാസ്സുകൾ നടത്തുകയും അവർക്ക് നിരന്തരം സംശയനിവാരണം നടത്തുന്നതിനുവേണ്ടി ജില്ലാകേന്ദ്രങ്ങളിലും ഹെഡ്ക്വാർട്ടേഴ്സിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളതുമാകുന്നു. അവർ ഉന്നയിക്കുന്ന സാങ്കേതിക/നിയമ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ ഈ സെന്ററുകൾക്ക് കഴിയുന്നുണ്ട്. മാത്രവുമല്ല, പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനും പരിഹാരം നേടാനും postgstquestions@kerala.gov.in എന്ന e-mail-ഉം തയ്യാറാക്കിയിട്ടുണ്ട്.

**ജി.എസ്.ടി.-യും വ്യവസായ സ്ഥാപനങ്ങളും**

107 (471) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ,അവയുടെ അനുബന്ധ സ്ഥാപനങ്ങൾ, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, കുടിൽവ്യവസായങ്ങൾ, ഫർണിച്ചർ നിർമ്മാണം, കരകൗശല നിർമ്മാണം എന്നിവയിലെ ഉൽപ്പന്നങ്ങൾക്ക് ജി.എസ്.ടി. ഈടാക്കിയാൽ അവയ്ക്ക് വൻകിട കമ്പനികളുടെ ഉൽപ്പന്നങ്ങളുമായി മത്സരിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടുവോയെന്നും എങ്കിൽ ഈ മേഖലകളിലെ നടത്തിപ്പുകാരേയും തൊഴിലാളികളേയും സ്ഥാപനങ്ങളേയും സംരക്ഷിക്കാൻ എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പാക്കുമ്പോൾ പൊതുമേഖലാ സ്ഥാപനങ്ങൾ, ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങിയവയുടെ ഉൽപ്പന്നങ്ങൾക്കും സാധന സാമഗ്രികൾക്കും വീട്ടുപകരണങ്ങൾക്കും നിർമ്മാണ ഉൽപ്പന്നങ്ങൾക്കും കുറഞ്ഞ നികുതി ചുമത്തുന്നതിനായി സംസ്ഥാനനികുതി നടപ്പാക്കുവാൻ നിയമനിർമ്മാണം നടത്തുമോ?

ഉത്തരം

(എ&ബി) ജി.എസ്.ടി. സംവിധാനത്തിൽ സർക്കാർ സ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ എന്ന രീതിയിൽ നികുതി നിരക്കിൽ തരം തിരിവല്ല. അഖിലേന്ത്യാ തലത്തിൽ ഒരേ നികുതി നിരക്ക് ആയതിനാൽ സംസ്ഥാനത്തിന് പ്രത്യേകമായി നികുതി നിശ്ചയിക്കാൻ സാധിക്കുകയില്ല. ചെറുകിട വ്യവസായ സ്ഥാപനങ്ങൾ, കുടിൽ വ്യവസായങ്ങൾ തുടങ്ങിയവയുടെ പ്രധാന ഉല്പന്നങ്ങൾക്ക് നികുതി നിരക്ക് കുറയ്ക്കണമെന്ന് സംസ്ഥാന സർക്കാർ ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിട്ടുണ്ട്. ജി.എസ്.ടി. സംവിധാനത്തിൽ കുറഞ്ഞ നികുതി നിശ്ചയിക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരമില്ല.

## ജി.എസ്.ടി.മൂലം ഉണ്ടാകുന്ന നികുതി വർദ്ധനവ്

108 (472) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്ത് ഉല്പന്നങ്ങളുടെ വില വർദ്ധിച്ചു വരുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഈടാക്കി വന്നിരുന്ന വ്യത്യസ്തമായ നികുതികൾക്ക് പുറമെ ജി.എസ്.ടി.-യും ഈടാക്കുന്നുവെന്നതായ പരാതി പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിന് ജി.എസ്.ടി.-മൂലം ഉണ്ടാകുന്ന നികുതി വർദ്ധനവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. ജി.എസ്.ടി. നടപ്പാക്കിയിട്ടുള്ള എല്ലാ രാജ്യങ്ങളിലും വിലക്കയറ്റം പ്രകടമായിട്ടുണ്ട്. വിവിധ നികുതികൾ ചേരുന്ന ആകെ നികുതിഭാരം ചരക്കുസേവന നികുതി സമ്പ്രദായത്തിൽ കുറയുമെങ്കിലും ഇത്തരത്തിൽ കുറവുവരുന്ന നികുതിയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള വൻകിട കമ്പനികളുടെയും വിതരണക്കാരുടെയും ത്വരയാണ് ഇത്തരത്തിലുള്ള വിലക്കയറ്റത്തിന് കാരണമാകുന്നത്. ഈ വസ്തുത കേരളം ജി.എസ്.ടി. കൗൺസിലിൽ ആവർത്തിച്ച് ചൂണ്ടിക്കാണിക്കുകയും ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിക്കുവേണ്ടി ഉറച്ച നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി നിരക്കുകൾ നിർണ്ണയിക്കുന്ന ഘട്ടത്തിൽ കൗൺസിലിൽ കേരളം ചൂണ്ടിക്കാണിച്ച ഈ ആശങ്ക യാഥാർത്ഥ്യമാകുന്നതാണ് നാം കാണുന്നത്. ഓരോ ചരക്കിന്റെയും നിലവിലുള്ള നികുതിഭാരവും ജി.എസ്.ടി. വരുമ്പോഴുണ്ടാകുന്ന കുറവും കണക്കാക്കി അത് പ്രസിദ്ധപ്പെടുത്തണമെന്നും ഓരോ ചരക്കിന്റെയും ടാക്സ് ഇൻസിഡൻസ് കാണിക്കുന്ന മാട്രിക്സ് സംസ്ഥാനങ്ങൾക്ക് കൈമാറണമെന്നും ജി.എസ്.ടി. കൗൺസിലിൽ കേരളം നിരന്തരം ആവശ്യപ്പെട്ടുപോന്നതാണ്. ഇത് ലഭിക്കാതിരുന്നിട്ടും 100 ഉൽപ്പന്നങ്ങളുടെ നികുതിയിൽ ഉണ്ടാകുന്ന കുറവ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

കേന്ദ്രതലത്തിൽ ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിയും സംസ്ഥാന തലത്തിലെ സമിതികളും യഥാസമയം രൂപീകരിക്കണമെന്നും സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചു. ജി.എസ്.ടി. നടപ്പാക്കിയതിലൂടെ വളരെയധികം ചരക്കുകളുടെ നികുതി നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും നികുതിക്കുറവിന്റെ ആനുകൂല്യം ലഭിച്ച പല ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ പ്രോഡക്ട്സും വില കുറയ്ക്കാതെ അമിതലാഭം കൈയടക്കുന്ന പ്രവണത വിപണിയിൽ ദൃശ്യമാണ്. 2017 ജൂൺ 30-ന് വിൽപ്പനക്കാരുടെ കയ്യിൽ സ്റ്റോക്ക് ഉണ്ടായിരുന്ന ചരക്കുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കിട്ടുന്നത് സംബന്ധിച്ച ആശയക്കുഴപ്പവും വിപണിയിൽ പ്രതിഫലിച്ചു.

സംസ്ഥാനത്തിനകത്തും ഇതിന്റെ അനുകരണങ്ങൾ ഉണ്ടായിട്ടുണ്ട്. നികുതി പൂർണ്ണമായും ഇല്ലാതാകുന്ന കോഴിക്ക് വിലകയറുന്ന സ്ഥിതിവന്നു. വൻകിട കോഴി ഏജന്റുമാർ കാർട്ടൽ പോലെ പ്രവർത്തിച്ച് നികുതിയിൽ ഉണ്ടായ ഇളവ് ഉപഭോക്താക്കൾക്ക് കൈമാറാതെ കയ്യടക്കുന്നതിനുള്ള നീക്കത്തിന്റെ ഫലമായിരുന്നു ഇത്. ഇതിനെതിരെ സംസ്ഥാന സർക്കാർ ഉറച്ച നിലപാട് സ്വീകരിച്ചു. അനിയന്ത്രിതമായി വില കയറുന്നതിനുള്ള പ്രവണതയെ ഒരു പരിധിവരെ കടിഞ്ഞാൺ ഇടാൻ ഇതുമൂലം കഴിഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നികുതി നിരക്കിൽ വന്ന ഇളവുകൾ ഉടനടി തന്നെ പ്രാബല്യത്തിൽ വരുത്തുകയും കോർപ്പറേഷൻ വഴി വിൽക്കുന്ന ചരക്കുകൾക്ക് വിലക്കുറവ് പ്രഖ്യാപിക്കുകയും ചെയ്തു. ജി.എസ്.ടി.-യുടെ പ്രാരംഭഘട്ടത്തിൽ ചില അവ്യക്തതകൾ വ്യാപാരി സമൂഹത്തിന് ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ഈ പരാതികൾ പരിഹരിക്കുന്നതിനായി വ്യാപാരി വ്യവസായികളുടെ സംഘടനകളെ വിളിക്കുകയും ജി.എസ്.ടി.-യിലൂടെ ലഭിക്കുന്ന നികുതി നിരക്കിന്റെ കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്ന ചരക്കുൾക്കും സേവനങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണ്. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ നികുതി നിരക്കിൽ വന്നിട്ടുള്ള കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും കണക്കിലെടുത്ത് അവശ്യവസ്തുക്കൾക്ക് വിലക്കുറവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് നിരീക്ഷിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതാണ്. ജി.എസ്.ടി.-യുടെ മറവിലുള്ള വിലക്കയറ്റം നിയന്ത്രിക്കാനുള്ള ശക്തമായ നടപടികൾ കേന്ദ്ര സർക്കാരും സ്വീകരിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെടുകയാണ്.

(ബി) ചരക്കുസേവന നികുതിയിൽ നികുതി കുറഞ്ഞതും നികുതി ഒഴിവാക്കപ്പെട്ടതുമായ ചില സാധനങ്ങളുടെ വില വർദ്ധിച്ചതായി പല ഭാഗങ്ങളിൽനിന്നും പരാതി ലഭിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് വ്യാപാരികളുമായും വ്യാപാരസംഘടനകളുമായും ചർച്ച നടത്തി പ്രശ്നപരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലാക്കുന്നതിന്റെ ഭാഗമായി വ്യാപാരികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കി ജില്ലാതലത്തിലും താലൂക്കുതലത്തിലും ബോധവൽക്കരണക്ലാസ്സുകൾ നടത്തുകയും അവർക്ക് നിരന്തരം സംശയനിവാരണം നടത്തുന്നതിനുവേണ്ടി ജില്ലാകേന്ദ്രങ്ങളിലും ഹെഡ്ക്വാർട്ടേഴ്സിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുള്ളതുമാകുന്നു. അവർ ഉന്നയിക്കുന്ന സാങ്കേതിക/നിയമ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ ഈ സെന്ററുകൾക്ക് കഴിയുന്നുണ്ട്. മാത്രവുമല്ല, പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനും പരിഹാരം നേടാനും postgstquestions@kerala.gov.in എന്ന e-mail ഉം നടപ്പാക്കുകയുണ്ടായി.

(സി) ആദ്യത്തെ ജി.എസ്.ടി. റിട്ടേൺ സമർപ്പിക്കുന്നതിന് സെപ്തംബർ 10 വരെ സമയം അനുവദിച്ചിട്ടുണ്ട്. അതിനുശേഷമേ നികുതി വളർച്ചയുടെ കണക്കുകൾ ലഭ്യമാകുകയുള്ളൂ.

### ജി.എസ്.ടി.മൂലം നികുതി വർദ്ധനവ്

109 (473) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി. എസ്. ടി. നടപ്പിലാക്കിയപ്പോൾ പല സാധനങ്ങൾക്കും ഉപഭോക്താവ് നൽകിയിരുന്ന നികുതി ഇരട്ടിക്കുകയോ ഗണ്യമായി വർദ്ധിക്കുകയോ ചെയ്തിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടാക്സേഷൻ സിസ്റ്റം മാറിയത് കൊണ്ടുമാത്രം നികുതി വർദ്ധനവ് ഉണ്ടായതിനെ എങ്ങനെയാണ് നീതീകരിക്കുന്നത്; വ്യക്തമാക്കാമോ;

(സി) നികുതി സമ്പ്രദായത്തിലെ മാറ്റം കൊണ്ടുമാത്രം നികുതി വർദ്ധിപ്പിച്ച ഉത്പന്നങ്ങളുടെ നികതി മുൻ സമ്പ്രദായത്തിൽ ഉണ്ടായിരുന്നതിന് തുല്യമായി നിലനിർത്തുന്നതിന്റെ സാധ്യതകൾ പരിശോധിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ നികുതി നിരക്കിൽ കുറവുണ്ടായെങ്കിലും ചില സാധനങ്ങളുടെ വില വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ചരക്കു സേവന നികുതി ഘടനയിൽ നികുതി നിരക്ക് നിശ്ചയിക്കുന്നത് ജി.എസ്.ടി. കൗൺസിലാണ്. കേന്ദ്ര ധനകാര്യ മന്ത്രി ചെയർമാനും സംസ്ഥാന/കേന്ദ്രഭരണ പ്രദേശങ്ങളിലെ ധന/നികുതി വകുപ്പ് മന്ത്രിമാർ ഇതിലെ അംഗങ്ങളുമാണ്. ഈ സംവിധാനത്തിൽ കേന്ദ്ര സർക്കാരിനോ ഏതെങ്കിലും സംസ്ഥാനത്തിനോ ഏകപക്ഷീയമായി നികുതി നിരക്കിൽ മാറ്റം വരുത്തുവാൻ അധികാരമില്ല.

### ജി.എസ്.ടി.-യുടെ ഫലമായി വിലക്കുറവ്

110 (474) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ ഫലമായി സാധനങ്ങൾക്ക് ഉണ്ടാകേണ്ട വിലക്കുറവ് ഉപഭോക്താവിന് ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

ജി.എസ്.ടി. നിയമത്തിൽ വകുപ്പ് 171 പ്രകാരം Anti-Profitering Authority രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിതരണം ചെയ്യുന്ന സാധന സേവനങ്ങളുടെ നികുതി നിരക്കിലെ കുറവിന്റെയും സ്വീകർത്താവിന് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുപാതികമായ ഗുണം ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുകയാണ് മേൽപ്പറഞ്ഞ അതോറിറ്റിയുടെ ലക്ഷ്യം. ഈ അതോറിറ്റി എത്രയും പെട്ടെന്ന് രൂപീകരിച്ച് പ്രവർത്തനം തുടങ്ങണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ജി.എസ്.ടി. കാരണമുള്ള വിലക്കയറ്റം

111 (475) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം പൊതു വിപണിയിൽ അവശ്യസാധനങ്ങളുടെ ദൗർലഭ്യം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പൂഴ്ത്തിവെയ്പ്പിന് കാരണമായിട്ടുണ്ടോ;

(ബി) നികുതി ഘടനയിലുണ്ടായ മാറ്റം അന്യായമായ വില വർദ്ധനവിന് കാരണമായിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ജി.എസ്.ടി. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിലുണ്ടായിരുന്ന സ്റ്റോക്ക് വിറ്റഴിക്കുന്നതിലുണ്ടായ ആശയക്കുഴപ്പം പല സാധനങ്ങളുടെയും വില കുറയാതിരിക്കുന്നതിന് കാരണമായി ജി.എസ്.ടി. യിൽ നികുതി ഒഴിവാക്കപ്പെട്ട സാധനങ്ങൾക്കുപോലും കൃത്രിമമായി വിലവർദ്ധനവ് ഉണ്ടാക്കാനുള്ള ശ്രമങ്ങളും ഉണ്ടായി. ആയതിനെ തടയുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

(സി) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ചില സാധനങ്ങൾക്ക് വിലക്കയറ്റമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതെക്കുറിച്ച് വ്യാപാരികളുമായും സംഘടനകളുമായും ചർച്ച നടത്തി പ്രശ്നപരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യ സാധനങ്ങൾക്കും വിലക്കുറവുണ്ടാകാനാണ് സാധ്യത. ഇത് വരുംമാസങ്ങളിൽ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇല്ലെങ്കിൽ നടപടിയെടുക്കുന്നതിന് ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റി എത്രയും പെട്ടെന്ന് രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ജി.എസ്.ടി. നടപ്പാക്കിയതുവഴി അധിക റവന്യൂ വരുമാനം

112 (476) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി നടപ്പിലാക്കിയതോടുകൂടി ഈ സാമ്പത്തിക വർഷം എത്ര രൂപ അധിക റവന്യൂ വരുമാനമായി വരും എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

കേരളം ഒരു ഉപഭോക്തൃ സംസ്ഥാനം ആയതുകൊണ്ട് ചരക്കു സേവന നികുതി നടപ്പിലാക്കുമ്പോൾ റവന്യൂ വരുമാനം ഗണ്യമായി വർദ്ധിക്കും എന്നാണ് കരുതുന്നത്. 1-07-2017 മുതൽ ജി.എസ്.ടി. നടപ്പിലാക്കിയെങ്കിലും റിട്ടേണുകൾ 2017 ആഗസ്റ്റ് മാസം മുതൽ മാത്രമേ ഫയൽ ചെയ്തു തുടങ്ങുകയുള്ളൂ. റിട്ടേൺ ഫയൽ ചെയ്താൽ മാത്രമേ റവന്യൂ വർദ്ധനവ് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

## ജി.എസ്.ടി.മൂലമുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ

113 (477) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പുതിയതായി രൂപം നൽകിയ ജി.എസ്.ടി. കേരളത്തിൽ നടപ്പിലാക്കുമ്പോൾ ഏതൊക്കെ മേഖലകളിലാണ് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്;

(ബി) ജി.എസ്.ടി നടപ്പിലാക്കുവാൻ ബുദ്ധിമുട്ടുള്ള മേഖലകളെ ഒഴിവാക്കുന്നതിനും, പകരം സംവിധാനം ഏർപ്പെടുത്തുന്നതും സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ചർച്ചകൾ നടത്തി പരിഹാരം കണ്ടെത്തുമോ ;

(സി) ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പൊതുവിപണികളിൽ എം.ആർ.പി. യെക്കാൾ കൂടുതൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് ആർക്കെതിരെയെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) പ്രായോഗിക ബുദ്ധിമുട്ടുകളൊന്നും തന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാറ്റ് നികുതി ഈടാക്കിയിരുന്ന മേഖലകളിലെല്ലാം തന്നെ ജി.എസ്.ടി. ബാധകമാണ്. കൂടാതെ സർവ്വീസ് മേഖലയും ജി.എസ്.ടി.-യുടെ പരിധിയിൽ ഉൾപ്പെടുന്നു.

(സി) ജി.എസ്.ടി. പ്രകാരം വില കുറയുന്ന ഉല്പന്നങ്ങൾക്ക് വിലകൂട്ടി വിൽക്കുന്നതായി പലഭാഗത്തുനിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. ജി.എസ്.ടി നിയമപ്രകാരമുള്ള Anti Profitering Authority ഇതുവരെയും രൂപീകരിച്ചിട്ടില്ലാത്തതിനാൽ നികുതി വകുപ്പിന് ഇതിൽ തുടർ നടപടികൾ സ്വീകരിക്കാൻ പരിമിതികളുണ്ട്. എന്നാൽ ലീഗൽ മെട്രോളജി വകുപ്പ് ഇത്തരം പരാതികളിൽ പരിശോധനകൾ നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നു.

## ജി.എസ്.ടി. രജിസ്ട്രേഷൻ

114 (478) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാറ്റ് രജിസ്ട്രേഷൻ ഉള്ള എത്ര വ്യാപാരികളാണ് 2016-2017 സാമ്പത്തികവർഷത്തിൽ നിലവിലുണ്ടായിരുന്നത്;

(ബി) സംസ്ഥാനത്ത് നിലവിൽ ജി.എസ്.ടി. രജിസ്ട്രേഷൻ നടത്തിയ എത്ര വ്യാപാരികളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇനിയും ജി.എസ്.ടി. രജിസ്ട്രേഷൻ എടുത്തിട്ടില്ലാത്തവരും എന്നാൽ ജി.എസ്.ടി. രജിസ്ട്രേഷൻ പരിധിയിൽ ഉൾപ്പെട്ടവരുമായ എത്ര വ്യാപാരികളുണ്ടെന്നാണ് കണക്കാക്കുന്നത്;

(ഡി) ഇത്തരം സ്ഥാപനങ്ങളെയും വ്യാപാരികളെയും ജി.എസ്.ടി. രജിസ്ട്രേഷൻ എടുപ്പിക്കുന്നതിന് എന്തു നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ 2,70,700 വ്യാപാരികൾ രജിസ്ട്രേഷൻ എടുത്തിരുന്നു.

(ബി) നിലവിൽ 1,74,445 വ്യാപാരികൾ എൻറോൾമെന്റ് പൂർത്തിയാക്കി ജി.എസ്.ടി.-യിലേയ്ക്ക് രജിസ്ട്രേഷൻ നേടിയിട്ടുണ്ട്. 40,027 വ്യാപാരികൾ നടപടികൾ ഭാഗികമായി പൂർത്തിയാക്കിയിട്ടുണ്ട്.

(സി) നിലവിൽ വാറ്റ് രജിസ്ട്രേഷൻ ഉണ്ടായിരുന്ന 51,077 വ്യാപാരികൾക്ക് ജി.എസ്.ടി. പ്രൊവിഷണൽ ഐഡി ലഭ്യമാക്കിയിട്ടും എൻറോൾമെന്റ് പൂർത്തീകരിച്ചിട്ടില്ല. ഇവരിൽ 4,818 വ്യാപാരികൾക്ക് 2016-17 സാമ്പത്തിക വർഷം 20 ലക്ഷത്തിനുമുകളിൽ KVATIS രേഖകൾ പ്രകാരം വിറ്റുവരവുള്ളതാണ്.

(ഡി) വ്യാപാരികളെ ജി.എസ്.ടി. രജിസ്ട്രേഷൻ ശൃംഖലയിൽ കൊണ്ടു വരുന്നതിനുവേണ്ടി അവർക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ ജില്ലാകേന്ദ്രങ്ങളിലും താലൂക്ക് കേന്ദ്രങ്ങളിലും ചെയ്തുവരുന്നു. ഈ മേഖലയിൽ ഇന്റലിജൻസ് വിംഗിന്റെ പ്രവർത്തനവും വിനിയോഗിക്കുന്നുണ്ട്.

## ജി.എസ്.ടി.മൂലം വാണിജ്യ നികുതി വകുപ്പിൽ വരുത്തിയ മാറ്റങ്ങൾ

115 (479) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്ന സാഹചര്യത്തിൽ സംസ്ഥാന വാണിജ്യ നികുതി വകുപ്പിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത മാറ്റങ്ങൾ കൂടുതൽ നികുതി സമാഹരിക്കുവാനും, നികുതി വെട്ടിപ്പ് തടയുവാനും സഹായകരമാകും എന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 1-07-2017-ൽ ജി.എസ്.ടി. സമ്പ്രദായം നടപ്പിൽ വന്നതിന്റെ ഭാഗമായി വാണിജ്യനികുതി വകുപ്പിനെ സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. കമ്മീഷണർ മുതൽ താഴോട്ടുള്ള ഉദ്യോഗസ്ഥരുടെ ഔദ്യോഗിക നാമങ്ങളും പുനർനാമകരണം ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിനെത്തുടർന്ന് നിലവിലുള്ള ഉദ്യോഗസ്ഥരെ മൂന്ന് വിഭാഗങ്ങളായി തിരിച്ച് വാറ്റ് അസസ്സ്മെന്റ്, സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആംനസ്റ്റി പദ്ധതി, ജി.എസ്.ടി. നടപ്പിൽ വരുത്തൽ എന്നീ കർത്തവ്യങ്ങൾ ഏൽപ്പിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു.

ജി.എസ്.ടി. നിലവിൽ വന്നതിന്റെ ഭാഗമായി ഇന്ത്യയിലൊട്ടാകെ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഇ-വേ ബിൽ സമ്പ്രദായം പൂർണ്ണമായും നടപ്പിലാക്കുന്നതുവരെ ചെക്ക്പോസ്റ്റുകൾ ഫെസിലിറ്റേഷൻ സെന്ററുകൾ ആയി നിലനിർത്തുന്നതാണ്. എന്നാൽ ഇത്തരം സെന്ററുകളിൽ മുൻപത്തെപ്പോലെ വാഹനങ്ങളിലെ ചരക്കുകളോ അവയുടെ രേഖകളോ പരിശോധനയ്ക്ക് വിധേയമാക്കുകയില്ല. ചരക്കുകളുടെ ബില്ലിന്റെ/ ഡിക്ലറേഷന്റെ പകർപ്പ് വാങ്ങിവയ്ക്കുക മാത്രമാണ് അവിടെ നടക്കുന്നത്. ഇത് രാജ്യത്തൊട്ടാകെ തടസ്സമോ കാലതാമസ്സമോ കൂടാതെ സുഗമമായ ചരക്കുനീക്കം നടക്കുന്നതിന് സഹായകമായിട്ടുണ്ട്.

(ബി) ജി.എസ്.ടി. ഒരു സെൽഫ് പോലീസിംഗ് സമ്പ്രദായമാണ്. വിൽക്കലും വാങ്ങലും ഓരോ ഘട്ടത്തിലും കണക്കിൽപ്പെടുത്തിയാലേ ഉൽപ്പാദകർക്ക്/ വ്യാപാരികൾക്ക് തങ്ങൾ നൽകിയ നികുതിക്കുള്ള ക്രെഡിറ്റ് ലഭ്യമാകുകയുള്ളൂ. ഇതിനാൽ മുമ്പുണ്ടായിരുന്ന നികുതി സമ്പ്രദായങ്ങളിൽനിന്നും വ്യത്യസ്തമായി കണക്കിൽപ്പെടുത്താതെയുള്ള വ്യാപാരവും അതുവഴിയുള്ള നികുതി വെട്ടിപ്പും ഫലപ്രദമായി തടയുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ജി.എസ്.ടി.മൂലമുണ്ടായ വില വർദ്ധനവ്

116 (480) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നികുതി സമ്പ്രദായം നിലവിൽ വന്നപ്പോൾ പല ഉൽപന്നങ്ങൾക്കും വില വർദ്ധനവ് ഉണ്ടായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. നിലവിൽ വന്നതിനെത്തുടർന്ന് ഹോട്ടലുകളിൽ വില വർദ്ധനവ് അനുഭവപ്പെട്ടത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചരക്കുസേവന നികുതിയിൽ നികുതി കുറഞ്ഞതും നികുതി ഒഴിവാക്കപ്പെട്ടതുമായ ചില സാധനങ്ങളുടെ വില വർദ്ധിച്ചതായി പലഭാഗങ്ങളിൽ നിന്നും പരാതി ലഭിച്ചിട്ടുണ്ട്. അതെക്കുറിച്ച് വ്യാപാരികളുമായും വ്യാപാരി സംഘടനകളുമായും ചർച്ച നടത്തി പ്രശ്നപരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.-യുടെ പ്രാരംഭഘട്ടത്തിൽ നീക്കിയിരിപ്പുസാധനങ്ങളുടെ വിലയുമായി ബന്ധപ്പെട്ട് ചില അവ്യക്തതകൾ രാജ്യമൊട്ടുക്കും നിലനിന്നിരുന്നു. ഇതിന്മേൽ നൽകിയ നികുതിയിലും ഇൻപുട്ട് ടാക്സ് ലഭ്യമാകുമെന്നും അതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ചും വ്യാപാരികളെ ഉത്ബുദ്ധരാക്കാനുള്ള നടപടികൾ കേന്ദ്രവും സംസ്ഥാനങ്ങളും നടത്തിവരുന്നു. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യസാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകാനാണ് സാധ്യത.

(ബി) ജി.എസ്.ടി. നിലവിൽ വന്നതിനെത്തുടർന്ന് ഹോട്ടൽ ഭക്ഷണങ്ങൾക്ക് വില വർദ്ധനവുണ്ടായതായി പല ഭാഗങ്ങളിൽനിന്നും പരാതി ലഭിച്ചിട്ടുണ്ട്. ഹോട്ടൽ വ്യവസായികളുമായും സംഘടനകളുമായും ചർച്ച നടത്തി പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചരക്ക് സേവന നികുതി നിയമം

117 (481) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി (ജി.എസ്.ടി.) നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളതെന്നും ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം എന്താണെന്നും വ്യക്തമാക്കുമോ;

(ബി) നിയമം നടപ്പാക്കുന്നതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടം നികത്താൻ എന്തെങ്കിലും പ്രത്യേക പാക്കേജ് നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) ജി.എസ്.ടി.-യിൽ ഒരു പങ്ക് നിശ്ചയിക്കാനുള്ള സംസ്ഥാന സർക്കാരുകളുടെ അവകാശം ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിനുവേണ്ടി പാസ്സാക്കിയ 101-ാം ഭരണഘടനാ ഭേദഗതി നിയമപ്രകാരം ഇതിനുവേണ്ടിയുള്ള നിയമനിർമ്മാണം, ചട്ടങ്ങൾ, നടപടിക്രമങ്ങൾ എന്നിവ ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരം ആയിരിക്കും. ജി.എസ്.ടി. കൗൺസിലിൽ കേന്ദ്ര ധനകാര്യ മന്ത്രിയും സംസ്ഥാന-യൂണിയൻ ടെറിട്ടറീസ് ധനമന്ത്രിമാരും അംഗങ്ങളാണ്. ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരം മോഡൽ ജി.എസ്.ടി. നിയമം ചട്ടങ്ങൾ എന്നിവ സംസ്ഥാന സർക്കാർ അംഗീകരിക്കുകയുണ്ടായി.

ഭരണപരമായ കാര്യങ്ങളിൽ ഒന്നര കോടി വരെ വിറ്റുവരവുള്ളവയെ സംബന്ധിച്ച ഫയലുകൾ 9:1 എന്ന അനുപാതത്തിൽ യഥാക്രമം സംസ്ഥാന, കേന്ദ്ര വകുപ്പുകൾ ഭരണ നിർവ്വഹണം നടത്താനും അതിനുമുകളിൽ തുകകൾ കൈകാര്യം ചെയ്യുന്ന ഫയലുകൾ 1:1 എന്ന അനുപാതത്തിൽ വീതം വയ്ക്കാനും തീരുമാനം ആയിട്ടുണ്ട്.

(ബി) ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം 215-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേയ്ക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ GST Compensation Act പാസ്സാക്കിയിട്ടുണ്ട്.

(സി) ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിനുവേണ്ടി പാസ്സാക്കിയ 101-ാം ഭരണഘടനാ ഭേദഗതി നിയമപ്രകാരം ഇതിനുവേണ്ടിയുള്ള നിയമ നിർമ്മാണം, ചട്ടങ്ങൾ, നടപടിക്രമങ്ങൾ എന്നിവ ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരം ആയിരിക്കും. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ജി.എസ്.ടി. യിൽ പങ്ക് നിശ്ചയിക്കാൻ പ്രത്യേക അധികാരമില്ല. എന്നാൽ പിരിക്കുന്ന നികുതിയുടെ 50% സംസ്ഥാന സർക്കാരിന് അവകാശപ്പെട്ടതാണ്.

## ചരക്കുസേവന നികുതി നിയമം സംബന്ധിച്ച ഓർഡിനൻസ്

118 (482) ശ്രീ. അനിൽ അക്കര :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കുസേവന നികുതി സംസ്ഥാനത്ത് നടപ്പിലാക്കിയത് നിരീക്ഷിക്കുന്നതിനും ഇതു സംബന്ധിച്ച പരാതി പരിഹരിക്കുന്നതിനും ഏർപ്പെടുത്തിയ സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. സംസ്ഥാന നിയമം ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ബില്ലായി സഭയിൽ പാസ്സാക്കി നിയമമാക്കിയപ്പോൾ കേരളത്തിൽ ഓർഡിനൻസ് വഴി നടപ്പിലാക്കുവാൻ ഉണ്ടായ സാഹചര്യമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഈ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കേണ്ട ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ അടിയന്തരമായി ചട്ടങ്ങൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പരാതി പരിഹരിക്കുവാനുള്ള സമിതി ഇല്ലാത്തതുമൂലമുള്ള ആശയക്കുഴപ്പം മുതലെടുത്ത് പല വ്യാപാരികളും ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്ന അവസ്ഥ സംജാതമായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് migration, closing stock ൻമേലുള്ള input tax credit, ഇൻവോയിസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിനും സംശയനിവാരണം നടത്തുന്നതിനുംവേണ്ടി ജില്ലാ കേന്ദ്രങ്ങളിലും ഹെഡ്ക്വാർട്ടേഴ്സിലും ഫെസിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. സാങ്കേതിക/നിയമ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ ഈ സെന്ററുകൾക്ക് കഴിയുന്നുണ്ട്. കൂടാതെ നികുതി നിരക്കിൽ അവ്യക്തതയുള്ളതിലും നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സംശയങ്ങൾ ഉന്നയിക്കുന്നതിനായി ഓൺലൈൻ സംവിധാനവും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വ്യാപാര പ്രതിനിധികളെയും ഉദ്യോഗസ്ഥരെയും (കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും) ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന, ജില്ലാതല facilitation കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

ഇവിടെ വ്യാപാരികൾക്കും ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉന്നയിക്കാവുന്നതാണ്. കമ്മിറ്റിയിൽ തീരുമാനമെടുക്കാൻ പറ്റാത്ത നികുതിനിരക്ക്, നിയമം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്. ജി.എസ്.ടി. നടപ്പിലാക്കുന്നതിന്റെ ഭാഗമായി വ്യാപാരികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കിക്കൊണ്ട് ജില്ലാതലത്തിലും താലൂക്ക്തലത്തിലും ബോധവത്ക്കരണക്ലാസ്സുകൾ നടത്തുകയും പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനും പരിഹാരം നേടാനും postgstquestions@kerala.gov.in എന്ന e-mail-ഉം നടപ്പാക്കുകയുണ്ടായി.

(ബി) ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട ഭരണഘടനാഭേദഗതി ലോകസഭ പാസ്സാക്കിയപ്പോൾ രാജ്യത്തിനാകമാനം ജി.എസ്.ടി. 2017 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരുത്തണമെന്ന തീരുമാനമായിരുന്നു. ആയതിൻപ്രകാരം ജി.എസ്.ടി. നിയമം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ തീരുമാനമെടുത്ത സമയത്ത് നിയമസഭാ സമ്മേളനകാലം അല്ലാതിരുന്നതിനാൽ ഓർഡിനൻസ് വഴി പുറപ്പെടുവിക്കുകയും ചെയ്തു.

(സി) ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ഡി) ജി.എസ്.ടി. നിയമത്തിൽ വകുപ്പ് 171 പ്രകാരം Anti-Profiteering Authority രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. വിതരണം ചെയ്യുന്ന സാധനസേവനങ്ങളുടെ നികുതി നിരിക്കിലെ കുറവിന്റെയും സ്വീകർത്താവിന് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെയും ആനുപാതികമായ ഗുണം ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുകയാണ് മേൽപ്പറഞ്ഞ അതോറിറ്റിയുടെ ലക്ഷ്യം. ഒരു ചെയർമാനും നാല് ടെക്നിക്കൽ അംഗങ്ങളും ചേർന്നതാണ് ഈ അതോറിറ്റി. ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യവും അതിനനുസരിച്ചുള്ള വിലക്കുറവും ഉപഭോക്താവിന് നൽകിയില്ലെങ്കിൽ ആനുപാതികമായ തുക വിൽപ്പന നടന്ന ദിവസം മുതൽ മടക്കിക്കൊടുക്കുന്ന ദിവസം വരെ 18% പലിശ നിരക്കിൽ നൽകാൻ ഉത്തരവിടാനുള്ള അധികാരം അതോറിറ്റിക്കുണ്ട്. ഇതിനുപുറമെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനും പിഴ ചുമത്താനുമുള്ള അധികാരവും അതോറിറ്റിക്കുണ്ട്. ഇതിനുവേണ്ടി ഒരു സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റിയെ നിയമിക്കേണ്ടതുണ്ട്. സ്ക്രീനിംഗ് കമ്മിറ്റിക്ക് ലഭിക്കുന്ന പരാതികൾ പരിശോധിക്കുകയും പരാതി ശരിയാണെന്ന് ബോധ്യപ്പെടുന്ന പക്ഷം നടപടി സ്വീകരിക്കുന്നതിന് അതോറിറ്റി മുമ്പാകെ ശിപാർശയോടുകൂടി സമർപ്പിക്കുന്നതുമാണ്. ഈ അതോറിറ്റി എത്രയും പെട്ടെന്ന് രൂപീകരിച്ച് പ്രവർത്തനം തുടങ്ങണമെന്ന് സംസ്ഥാനം കേന്ദ്ര ധനകാര്യമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ചരക്കുസേവന നികുതി വന്നതിനുശേഷം ചെറുകിട വ്യാപാര മേഖലയിലുണ്ടായിട്ടുള്ള അനിശ്ചിതത്വം

119 (483) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി വന്നതിനുശേഷം ചെറുകിട വ്യാപാര മേഖലയിലുണ്ടായിട്ടുള്ള അനിശ്ചിതത്വം മാറ്റിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ബി) ആയത് നടപ്പിലായശേഷം നികുതി വരുമാനത്തിലുണ്ടായ മാറ്റങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി.-യിൽ 20 ലക്ഷത്തിനുതാഴെ വിറ്റുവരവുള്ള ചെറുകിട കച്ചവടക്കാർ രജിസ്ട്രേഷന്റെ പരിധിയിൽനിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. കൂടാതെ 75 ലക്ഷം വരെ വിറ്റുവരവുള്ള വ്യാപാരികൾക്ക് കോമ്പോസിഷൻ സ്കീം തെരഞ്ഞെടുക്കുന്നതിനുള്ള അവസരവുമുണ്ട്. ജൂൺ 30 വരെയുള്ള ക്ലോസിംഗ് സ്റ്റോക്കിന്റെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ജി.എസ്.ടി.-യിൽ ലഭിക്കുന്നതാണ്. ജി.എസ്.ടി.-യെക്കുറിച്ചുള്ള വ്യാപാരികളുടെ സംശയനിവാരണത്തിനും ബോധവൽക്കരണത്തിനുംവേണ്ടി നിരവധി പഠന ക്ലാസ്സുകൾ വകുപ്പ് നടത്തിയിട്ടുണ്ട്. വ്യാപാരികളുടെ സംശയനിവാരണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്കുകൾ എല്ലാ ജില്ലകളിലും വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിലും പ്രവർത്തിക്കുന്നുണ്ട്.

(ബി) 1-07-2017-ന് ജി.എസ്.ടി. നടപ്പാക്കിയെങ്കിലും റിട്ടേണുകൾ 2017 ആഗസ്റ്റ് മാസം മുതൽ മാത്രമേ ഫയൽ ചെയ്തുതുടങ്ങുകയുള്ളൂ. സമ്പൂർണ്ണ റിട്ടേൺ സെപ്റ്റംബർ മാസത്തിലും ഫയൽ ചെയ്താൽ മതി. റിട്ടേൺ ഫയൽ ചെയ്താൽ മാത്രമേ വരുമാനത്തിലുള്ള മാറ്റങ്ങൾ അറിയാൻ കഴിയുകയുള്ളൂ.

## ചരക്കുസേവന നികുതി നേട്ടങ്ങൾ

120 (484) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി കേരളത്തിന് ഗുണകരമാണോ; ഏതെല്ലാം മേഖലകളിലാണ് ഇത് കേരളത്തിന് ഗുണകരമാകുന്നത്;

(ബി) ചരക്ക് സേവന നികുതി വന്നതിനുശേഷം കേരളത്തിന് വന്നിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; ഇത് ഭാവിയിൽ കേരളത്തിന്റെ സമ്പദ്ഘടനയെ എപ്രകാരമാണ് ബാധിക്കുക; വിശദവിവരം നൽകുമോ;

(സി) ഏതെല്ലാം ഇനങ്ങൾക്കാണ് ഇതുമൂലം വില കൂടുന്നതും കുറയുന്നതും; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ചരക്ക് സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് നമ്മുടെ രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ഇതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകും. ഇത് പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവ്വഹണ സമ്പ്രദായമാണ്. ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടം നികത്തുന്നതിനുള്ള GST Compensation Act പാസ്സാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ജി.എസ്.ടി. നടപ്പാക്കുമ്പോൾ വരുമാന നഷ്ടമുണ്ടായാൽ 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ 5 വർഷത്തേയ്ക്ക് പൂർണ്ണമായി നഷ്ടപരിഹാരം ലഭിക്കും. ഇ-കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിന് അന്യസംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവയുടെ നികുതിയും മുമ്പ് അന്തർസംസ്ഥാന വിൽപ്പനയായി കണക്കാക്കിയിരുന്നതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി ലഭിച്ചിരുന്നില്ല. ജി.എസ്.ടി.-യിൽ ഈ നികുതിയും കേരളത്തിന് ലഭിക്കും. ഇത് വലിയ നേട്ടമാണ്.

(സി) ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യ സാധനങ്ങൾക്കും വിലക്കുറവുണ്ടാകാനാണ് സാധ്യത. ഇത് വരും മാസങ്ങളിൽ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു. ജി.എസ്.ടി. നിയമപ്രകാരം പ്രധാനപ്പെട്ട 100 ഉപഭോക്തൃ ഉൽപ്പന്നങ്ങൾക്കുണ്ടായ നികുതി കുറവിന്റെ കണക്കുകൾ പൊതുജനതാല്പര്യാർത്ഥം പത്രങ്ങളിൽ ഇതിനകം തന്നെ പരസ്യപ്പെടുത്തിയിട്ടുണ്ട്.

**ചരക്കുസേവന നികുതി നിയമംമൂലമുണ്ടാകുന്ന വരുമാന നഷ്ടം**

121 (485) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നിലവിൽ വന്നപ്പോൾ കോഴിക്ക് നിലവിലുണ്ടായിരുന്ന 14.5% നികുതി ഇല്ലാതായതോടുകൂടി സംസ്ഥാനത്തിന് പ്രതിവർഷം എത്ര ലക്ഷം രൂപയുടെ വരുമാനം നികുതിയിനത്തിൽ നഷ്ടപ്പെടുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഈയിനത്തിലുണ്ടാകുന്ന നഷ്ടം കേന്ദ്ര സർക്കാർ നികത്തുമോ;

(സി) ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇറച്ചി കോഴിക്കും, കോഴിക്കുഞ്ഞുങ്ങൾക്കും നികുതിയില്ലാത്ത സാഹചര്യത്തിൽ ഈ നഷ്ടം കേന്ദ്രം നികത്തുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) ചരക്ക് സേവന നികുതി നിലവിൽ വന്നപ്പോൾ കോഴിക്ക് നിലവിലുണ്ടായിരുന്ന 14.5% നികുതി ഇല്ലാതായതോടുകൂടി സംസ്ഥാനത്തിന് പ്രതിവർഷം ആകെ വരുമാനത്തിൽ 12871 ലക്ഷം രൂപയുടെ കുറവ് വരുമെന്നാണ് കണക്കാക്കുന്നത്.

(ബി&സി) ആകെ വരുമാനത്തിൽ കുറവ് വരുന്നത് കേന്ദ്ര സർക്കാർ നികത്തുമെന്നാണ് അറിയിച്ചിരിക്കുന്നത്. 2015-16 സാമ്പത്തിക വർഷത്തിലെ വരുമാനം അടിസ്ഥാന വർഷമായി കണക്കാക്കി 14 ശതമാനം വർദ്ധനവ് നൽകുമെന്നാണ് കേന്ദ്രം ഉറപ്പ് നൽകിയിരിക്കുന്നത്.

**ചരക്കു സേവന നികുതി നടപ്പാക്കുന്നതിനായി പാസ്സാക്കിയ നടപടിക്രമങ്ങൾ**

122 (486) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കു സേവന നികുതി നടപ്പാക്കുന്നതിനായി പാസ്സാക്കിയ 101-ാം ഭരണഘടനാ ഭേദഗതി നിയമം, ചട്ടങ്ങൾ, നടപടിക്രമങ്ങൾ, ജി.എസ്.ടി. കൗൺസിൽ ശിപാർശകൾ എന്നിവയുടെ സംക്ഷിപ്ത വിവരണവും അതോടൊപ്പം പകർപ്പും ലഭ്യമാക്കുമോ;

(ബി) ഈ നിയമം നടപ്പാക്കിയതിനുശേഷം കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ജി.എസ്.ടി.-യിന്മേലുള്ള അധികാരങ്ങൾ എന്തെല്ലാം എന്നും മറ്റു നിയന്ത്രണ അധികാര സ്ഥാനങ്ങൾ ഏതെല്ലാം എന്നും വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി. വഴിയുള്ള നികുതി പിരിവിന് ജി.എസ്.ടി. കൗൺസിൽ തയ്യാറാക്കിയ പട്ടികയും നികുതി നിരക്കും എന്ത് എന്ന് വ്യക്തമാക്കുമോ;

(ഡി) ജി.എസ്.ടി. നടപ്പാക്കുക വഴി സംസ്ഥാന സർക്കാരിനുണ്ടാകുന്നത് നേട്ടങ്ങളാണോ കോട്ടങ്ങളാണോ എന്നും ധനവകുപ്പിന്റെ കണക്കുകളും വിശദാംശങ്ങളും എന്ത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചരക്കുസേവന നികുതി സംബന്ധിച്ച സംക്ഷിപ്ത വിവരണം താഴെക്കൊടുക്കുന്നു:

ചരക്കുസേവന നികുതി നടപ്പിലാക്കുന്നതിനുവേണ്ടി പാസ്സാക്കിയ 101-ാം ഭരണഘടനാ ഭേദഗതി നിയമപ്രകാരം ഇതിനുവേണ്ടിയുള്ള നിയമനിർമ്മാണ ചട്ടങ്ങൾ, നടപടിക്രമങ്ങൾ എന്നിവ ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരമായിരിക്കും. കേന്ദ്ര ധനകാര്യമന്ത്രി അദ്ധ്യക്ഷനും സംസ്ഥാന കേന്ദ്രപ്രദേശ ധന/നികുതി വകുപ്പുമന്ത്രിമാർ ഇതിലെ അംഗങ്ങളുമാണ്. കേന്ദ്രത്തിന് 1/3 വോട്ടിംഗ് വെയിറ്റേജും ബാക്കിയുള്ളവർക്കെല്ലാംകൂടി 2/3 വോട്ടിംഗ് വെയിറ്റേജുമാണ് നിശ്ചയിച്ചിട്ടുള്ളത്. വോട്ടിംഗ് വേണ്ടിവന്നാൽ ¾ വോട്ടിംഗ് വെയിറ്റേജിലാണ് പ്രൊപ്പോസൽ പാസ്സാക്കുന്നത്. ആയതിനാൽ കേന്ദ്രം എതിർക്കുന്ന ഒരു പ്രൊപ്പോസലും പാസ്സാകുകയില്ല. ഒന്നര കോടി വരെ വിറ്റുവരവുള്ള ഫയലുകൾ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന കേന്ദ്ര വകുപ്പുകൾ ഭരണ നിർവ്വഹണം നടത്താനും അതിനു മുകളിലുള്ളവ 1:1 എന്ന അനുപാതം വീതം വയ്ക്കാൻ തീരുമാനമായിട്ടുണ്ട്. ജി.എസ്.ടി.-യിൽ സംസ്ഥാനത്തിനകത്തെ ക്രയവിക്രയത്തിന് കേന്ദ്രത്തിന്റെ സി.ജി.എസ്.ടി. സംസ്ഥാനത്തിന്റെ എസ്.ജി.എസ്.ടി. എന്നീ രണ്ട് നികുതികൾ ഉണ്ടാകും. സംസ്ഥാനാന്തര വ്യാപാരത്തിനുമേൽ ഐ.ജി.എസ്.ടി. എന്ന മൂന്നാമതൊരു നികുതിയും. എല്ലാ നിയമങ്ങളും ജി.എസ്.ടി. കൗൺസിൽ ഉണ്ടാക്കുന്ന മാതൃകാ നിയമത്തിന് അനുസൃതമായിരിക്കണം. കേന്ദ്ര ജി.എസ്.ടി.-യും സംസ്ഥാന ജി.എസ്.ടി.-യും യഥാക്രമം കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും അക്കൗണ്ടുകളിലേയ്ക്കാണ് പോവുക. അതുകൊണ്ട് അവയുടെ മേലുള്ള ഇൻപുട്ട് ടാക്സ് ഇളവും പ്രത്യേകമായിരിക്കും.

GST നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ GST Compensation Act പാസ്സാക്കിയിട്ടുണ്ട്. ഇതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ GST പ്രതികൂലമായി ബാധിക്കുകയില്ല. അന്തർസംസ്ഥാന കൈമാറ്റങ്ങളിൽ നൽകിയ നികുതി വാങ്ങിയ വ്യാപാരിക്ക് അവർ തുടർ വില്പന നടത്തുമ്പോൾ ക്രെഡിറ്റ് എടുക്കാവുന്നതാണ്. നിലവിൽ കേന്ദ്രസർക്കാർ ചുമത്തിവരുന്ന കേന്ദ്ര എക്സൈസ് നികുതി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, സേവന നികുതി തുടങ്ങിയവയും സംസ്ഥാനങ്ങൾ ചുമത്തിവരുന്ന മൂല്യവർദ്ധിത നികുതി, കേന്ദ്രവില്പന നികുതി, ആഡംബര നികുതി, വാങ്ങൽനികുതി, ലോട്ടറി നികുതി തുടങ്ങിയവയും ഏകോപിപ്പിക്കുന്ന നികുതി വ്യവസ്ഥയാണ് ചരക്ക് സേവന നികുതി. എല്ലാ സപ്ലൈയിലും നൽകുന്ന നികുതി ഇൻവോയിസിൽ നിന്നും വ്യക്തമായി മനസ്സിലാക്കാമെന്നതിനാൽ ഈ നികുതി വ്യവസ്ഥ വളരെ സുതാര്യമാണ്. ഇത് വ്യാപാര സ്ഥാപനങ്ങൾ തമ്മിലുള്ള മത്സരം വർദ്ധിപ്പിക്കാൻ സാധിക്കുകയും ഉപഭോക്താക്കൾക്ക് ഗുണപ്രദമാവുകയും ചെയ്യും. അതിവിപുലവും സങ്കീർണ്ണവുമായ കമ്പ്യൂട്ടർ സംവിധാനം ജി.എസ്.ടി. പ്രാവർത്തികമാക്കുന്നതിന് ഒഴിവാക്കാനാവില്ല. ഈ കമ്പ്യൂട്ടർ സംവിധാനം പരിപാലിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലെ മുഴുവൻ സപ്ലൈയർമാരുടെയും രജിസ്ട്രേഷനും റിട്ടേണുകളും മറ്റും സ്വീകരിക്കുന്നതിനുമുള്ള ചുമതല ജി.എസ്.ടി.എൻ. എന്ന കമ്പനിക്കാണ്. വിൽക്കുന്ന, വ്യാപാരി വിറ്റ ചരക്കുകളുടേയും സേവനങ്ങളുടേയും invoice level details - GSTN portal-ൽ upload ചെയ്യേണ്ടതുണ്ട്. ഈ കമ്പനിയുടെ പോർട്ടലിൽ നിന്ന് നമ്മുടെ സംസ്ഥാനത്തിന്റെ നികുതി വലയത്തിൽ വരുന്ന ഇടപാടുകൾ തൽസമയം പിൻവലിച്ചെടുക്കുന്നതിനും അവ സംബന്ധിച്ച് കൂടുതൽ വിശദമായ പരിശോധന നടത്തുന്നതിനും ആവശ്യമായ കമ്പ്യൂട്ടർ സംവിധാനം ഉണ്ടാകും.

പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവ്വഹണ സമ്പ്രദായമാണ് ജി.എസ്.ടി. വിഭാവനം ചെയ്യുന്നതെന്നതിനാൽ നികുതി വെട്ടിപ്പ് ഗണ്യമായി കുറയുമെന്നാണ് പൊതുവെ പ്രതീക്ഷിക്കുന്നത്. ചരക്കിൻമേലോ സേവനത്തിൻമേലോ നികുതി വെട്ടിപ്പ് നടത്തി എന്ന് സംശയിക്കുകയോ കണ്ടെത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ കട പരിശോധന നടത്തുവാൻ ജി.എസ്.ടി. നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജി. എസ്. ടി. നിയമത്തിൽ 171 വകുപ്പ് പ്രകാരം Anti Profiteering Authority രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. വിതരണം ചെയ്യുന്ന സാധനസേവനങ്ങളുടെ നികുതി നിരക്കിലെ കുറവിന്റെയും സ്വീകർത്താവിന് ലഭിക്കുന്ന ഇൻപുട്ട് ടാക്സ്

ക്രെഡിറ്റിന്റെയും ആനുപാതികമായ ഗുണം ഉപഭോക്താവിന് വിലക്കുറവിലൂടെ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കുന്നതാണ് മേൽപ്പറഞ്ഞ അതോറിറ്റിയുടെ ലക്ഷ്യം. ഒരു ചെയർമാനും നാല് ടെക്നിക്കൽ അംഗങ്ങളും ചേർന്നതാണ് ഈ അതോറിറ്റി. ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യവും അതിനനുസരിച്ചുള്ള വിലക്കുറവും ഉപഭോക്താവിന് നൽകിയില്ലെങ്കിൽ ആ ആനുപാതികമായ തുക വിൽപ്പന നടന്ന ദിവസം മുതൽ മടക്കിക്കൊടുക്കുന്ന ദിവസം വരെ 18% പലിശ നിരക്കിൽ നൽകാൻ ഉത്തരവിടാനുള്ള അധികാരം അതോറിറ്റിക്കുണ്ട്. ഇതിനുപുറമെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യാനും പിഴ ചുമത്താനുമുള്ള അധികാരവും അതോറിറ്റിക്കുണ്ട്. ഇതിനുവേണ്ടി ഒരു സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റിയെ നിയമിക്കേണ്ടതുണ്ട്. സ്ക്രീനിംഗ് കമ്മിറ്റിക്ക് ലഭിക്കുന്ന പരാതികൾ പരിശോധിക്കുകയും പരാതി ശരിയാണെന്ന് ബോധ്യപ്പെടുന്ന പക്ഷം നടപടി സ്വീകരിക്കുന്നതിന് അതോറിറ്റി മുമ്പാകെ ശിപാർശയോടുകൂടി സമർപ്പിക്കുന്നതുമാണ്. ഇവയെല്ലാം ഉൾക്കൊള്ളിച്ച കൈപ്പുസ്തകം തയ്യാറാക്കി നിയമസഭാ സാമാജികർക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) നികുതി നിരക്ക് സംബന്ധിച്ച സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച 30-06-2017-ലെ GO(P)No.62/2017/Taxes(SRO No.360/2017) ന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) ചരക്കു സേവന നികുതി സംബന്ധിച്ച് 2017 ഓഗസ്റ്റ് മാസം മുതൽ മാത്രമേ റിട്ടേൺ ഫയൽ ചെയ്തു തുടങ്ങുകയുള്ളൂ. അതിനുശേഷം മാത്രമേ വിലയിരുത്തലുകൾ നടത്താൻ സാധിക്കുകയുള്ളൂ.

**വാറ്റ് നികുതി സമ്പ്രദായവും ജി.എസ്.ടി.-യും**

123 (487) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് നികുതി സമ്പ്രദായം നിലവിലുണ്ടായിരുന്ന 2016 ജൂലായിലെ (ഒരു മാസത്തെ മാത്രം) സംസ്ഥാനത്തിന്റെ ആകെ നികുതി വരുമാനം എത്ര രൂപ ആയിരുന്നു ; ജി. എസ്. ടി. നടപ്പിലായതിനുശേഷം 2017 ജൂലായ് മാസത്തെ ആകെ നികുതി വരുമാനം എത്ര രൂപയാണെന്നും വ്യക്തമാക്കുമോ ;

(ബി) 2016 ജൂലായ് മാസത്തെയും 2017 ജൂലായ് മാസത്തെയും നികുതി വരുമാനം താരതമ്യം ചെയ്യുമ്പോൾ അനുഭവപ്പെടുന്ന ഏറ്റക്കുറച്ചിലുകളെ ധനകാര്യവകുപ്പ് വിലയിരുത്തുന്നതെങ്ങനെയാണെന്നും വിശദീകരിക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ&ബി) വാറ്റ് നികുതി സമ്പ്രദായം നിലവിലുണ്ടായിരുന്ന 2016 ജൂലൈയിലെ (ഒരു മാസത്തെ മാത്രം) സംസ്ഥാന ചരക്ക സേവന നികുതി വകുപ്പിലെ വരുമാനം 2593.21 കോടി രൂപ ആയിരുന്നു. 1-07-2017 മുതൽ ജി.എസ്.ടി. നടപ്പിലായതിനുശേഷം റിട്ടേൺ ഒന്നും ഫയൽ ചെയ്തിട്ടില്ല. 2017 ആഗസ്റ്റ് 20 മുതൽ മാത്രമേ ജി.എസ്.ടി.-യുടെ റിട്ടേൺ ഫയൽ ചെയ്യുകയുള്ളൂ. ആയതുകൊണ്ട് 2017 ജൂലൈ മാസത്തെ ജി.എസ്.ടി. വരുമാനം എത്രയാണെന്ന് ജൂലൈ മാസത്തെ റിട്ടേൺ ഫയൽ ചെയ്തതിനുശേഷം മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ.

**വാറ്റ് നികുതി സമ്പ്രദായത്തിൽ സേവന നികുതികൾ**

124 (488) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് നികുതി സമ്പ്രദായത്തിൽ, സേവന നികുതികൾ പിരിച്ചെടുക്കുന്നതിന് സംസ്ഥാന വാണിജ്യ നികുതി വകുപ്പിനോ മറ്റേതെങ്കിലും സംസ്ഥാന ഗവൺമെന്റ് ഏജൻസിക്കോ അധികാരം ഉണ്ടായിരുന്നുവോയെന്ന് വ്യക്തമാക്കുമോ;

(ബി) വാറ്റ് നികുതി സമ്പ്രദായത്തിൽ സേവന നികുതികൾ പിരിച്ചെടുക്കുന്നതിനുള്ള അധികാരം ഏത് ഏജൻസിയിലാണ് നിക്ഷിപ്തമായിരുന്നത്;

(സി) ചരക്ക സേവന നികുതി സമ്പ്രദായത്തിൽ സേവന നികുതികൾ പിരിച്ചെടുക്കുന്നതിനും സേവന നികുതി സംബന്ധമായ കണക്കുകൾ പരിശോധിക്കുന്നതിനും ഏതെല്ലാം ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ചുമതലാവിഭജനം എങ്ങനെയാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ടായിരുന്നില്ല.

(ബി) ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പ് സേവന നികുതികൾ പിരിച്ചെടുക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിനായിരുന്നു. സെൻട്രൽ ബോർഡ് ഓഫ് എക്സൈസ് ആന്റ് കസ്റ്റംസ് ആണ് ഇത് നിർവ്വഹിച്ചിരുന്നത്.

(സി) ചരക്ക സേവന നികുതി സമ്പ്രദായത്തിൽ സേവന നികുതികൾ പിരിച്ചെടുക്കുന്നതിനും സേവന നികുതി സംബന്ധമായ കണക്കുകൾ പരിശോധിക്കുന്നതിനും കേന്ദ്രസർക്കാരിനും സംസ്ഥാനസർക്കാരുകൾക്കും അധികാരമുണ്ട്. ചരക്കുകളുടെയും സേവനങ്ങളുടെയും മൊത്തം ഫയലുകളിൽ ഒന്നര കോടി വരെയുള്ള വിറ്റുവരവുകൾ സംബന്ധിച്ച ഫയലുകൾ 9:1 എന്ന അനുപാതത്തിൽ യഥാക്രമം സംസ്ഥാന-കേന്ദ്ര വകുപ്പുകൾ ഭരണ നിർവ്വഹണം നടത്താനും അതിന് മുകളിലുള്ളവ 1:1 എന്ന അനുപാതത്തിൽ വീതം വയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്.

## ചരക്ക സേവന നികുതി

125 (489) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക-സേവന നികുതി നിലവിൽ വന്നതോടെ സംസ്ഥാനത്തെ മരാമത്ത് പണികൾ താറുമാറായി എന്ന വാർത്തയിൽ വസ്തുതയുണ്ടോ;

(ബി) ജി.എസ്.ടി. കണക്കാക്കുന്നതിലെ അവ്യക്തതയാണ് പ്രതിസന്ധിക്ക കാരണം എന്ന് കരുതുന്നുണ്ടോ;

(സി) പൂർത്തീകരിച്ച പ്രവൃത്തികളുടെ 300 കോടിയിലധികം രൂപയുടെ ബില്ലുകൾ വ്യക്തമായ നിർദ്ദേശങ്ങളുടെ അഭാവത്തിൽ പാസ്സാക്കാനോ ട്രഷറികളിൽ നൽകാനോ കഴിയുന്നില്ല എന്ന കാര്യംശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ വകുപ്പുകളിലെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെയും പ്രവൃത്തികൾക്ക് ജൂൺ 30 വരെയുള്ള പഴയ നിരക്കിൽ എത്ര ശതമാനമായിരുന്നു നികുതി എന്ന് അറിയിക്കുമോ;

(ഇ) ജി.എസ്.ടി. പ്രകാരം ഈ നികുതി വർദ്ധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) ഏതൊക്കെ വിഭാഗം പ്രവൃത്തികൾക്ക് ഏത് നിരക്കിൽ ജി.എസ്.ടി. ഈടാക്കണമെന്നതിനെക്കുറിച്ച് വ്യക്തമാക്കാമോ;

(ജി) ജൂൺ 30-ന് മുമ്പ് പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകളിൽ എങ്ങനെ നികുതി ഈടാക്കണമെന്ന കാര്യത്തിൽ ആശയക്കുഴപ്പമുണ്ടോ എന്ന് വ്യക്തമാക്കാമോ; ജൂലായ് ഒന്നിന മുമ്പ് പൂർത്തിയായ പ്രവൃത്തികളുടെ ബില്ലുകൾ പഴയ നിരക്കിൽ നൽകണമെന്ന കരാറുകാരുടെ ആവശ്യം ഏത് രീതിയിൽ പരിഗണിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ചരക്ക സേവന നികുതി നിലവിൽ വന്നതോടെ സംസ്ഥാനത്തെ മരാമത്ത് പണികൾ താറുമാറായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ തയ്യാറാക്കുന്നത് അതാത് എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ ഓഫീസിൽ നിന്നാണ്. പ്രസ്തുത ഓഫീസുകളിൽനിന്നും ചരക്കസേവന നികുതി ഈടാക്കുന്നതിനുള്ള അവ്യക്തത സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ഉയർന്നുവന്ന ചില അവ്യക്തതകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട സെക്രട്ടറിമാരെ ചുമതല പ്പെടുത്തിയിട്ടുണ്ട്.

(ഡി) കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കുന്നവർക്ക് സി.എസ്.ടി. രജിസ്ട്രേഷൻ ഇല്ലാത്ത കോൺട്രാക്ടർ ആണെങ്കിൽ മൊത്തം കരാർ തുകയുടെ 4 ശതമാനവും സി.എസ്.ടി ഉള്ളവർക്ക് 5 ശതമാനവും ആണ് നികുതി നിരക്ക്. കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ അല്ലാത്തവർക്ക് ലേബർ തുക കിഴിച്ച് ബാക്കി തുകയുടെ 14.5% ആണ് നികുതി നിരക്ക്.

(ഇ) ജി.എസ്.ടി. നടപ്പിൽ വരുമ്പോൾ ഉൽപ്പാദനഘട്ടം മുതൽ അവസാന വിൽപ്പനഘട്ടം വരെ അടയ്ക്കുന്ന എല്ലാ നികുതിക്കും ക്രെഡിറ്റ് ലഭിക്കുമെന്നതിനാൽ മൊത്തം നികുതി നിരക്ക് വാറ്റ് നിരക്കിനേക്കാൾ കുറവാണ്.

(എഫ്) ഓരോ വിഭാഗം പ്രവൃത്തികൾക്കും ഈടാക്കാവുന്ന ജി.എസ്.ടി. നിരക്ക് ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജി.എസ്.ടി.-യിൽ പ്രവൃത്തി കരാറുകൾ സേവനമായി കണക്കാക്കി 18% നികുതിയാവും ചുമത്തേണ്ടിവരുന്നത്. എന്നാൽ 5-08-2017-ൽ ചേർന്ന ജി.എസ്.ടി. കൗൺസിൽ സർക്കാർ നൽകുന്ന ചില കരാറു പണികൾക്ക് 12% നികുതി നിരക്ക് ശിപാർശ ചെയ്തിട്ടുണ്ട്.

(ജി) കേരള ഗുഡ്സ് & സർവ്വീസസ് ടാക്സസ് കമ്മീഷറുടെ 18-07-2017-ലെ സി1-24614/16/സി.റ്റി.ഇ. ഓഫീസ് 11137/17 അഡ്വൈസറി - 3 പ്രകാരം 30-6-2017-നോ അതിനുമുമ്പോ പൂർത്തീകരിച്ച പ്രവൃത്തികളുടെ ബില്ലുകൾ വാറ്റ് അടിസ്ഥാനമാക്കിയാണ് തയ്യാറാക്കേണ്ടത്. അതിനാൽ ഇക്കാര്യത്തിൽ ആശയക്കുഴപ്പമില്ല.

**വാണിജ്യ നികുതി പിരിച്ചെടുക്കൽ**

126 (490) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾ നൽകുന്ന വാണിജ്യ നികുതി സർക്കാർ ഖജനാവിൽ കൃത്യമായി എത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ ; എങ്കിൽ അതു സർക്കാർ ഖജനാവിൽ എത്തിക്കുന്നതിനായി എന്തെല്ലാം നടപടിക്രമങ്ങൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) മിഷൻ എറണാകുളം 2016-17 പദ്ധതി പ്രകാരം എത്ര തുകയാണ് ഖജനാവിലേക്ക് പിരിഞ്ഞു കിട്ടിയതെന്നു വ്യക്തമാക്കാമോ;

(സി) മിഷൻ എറണാകുളം മാതൃകയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വാണിജ്യ നികുതി ഖജനാവിലേക്ക് എത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. വില വർദ്ധനവിനനുസൃതമായി നികുതി വരുമാനം വർദ്ധിക്കാത്തതുകൊണ്ട് പ്രധാന കച്ചവടക്കാരുടെ റിട്ടേണുകൾ സ്കൂട്ടിണി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായാണ് മിഷൻ എറണാകുളം പദ്ധതി 2016-17 ഏർപ്പെടുത്തിയത്.

(ബി) 2016 ഡിസംബർ 1 മുതൽ 2017 മാർച്ച് 31 വരെ ആകെ പിരിഞ്ഞ് കിട്ടിയ തുക 5546.52 കോടി രൂപയാണ്. അഡീഷണൽ ഡിമാന്റിൽനിന്നു മാത്രമായി 36.92 കോടി രൂപയും പിരിഞ്ഞുകിട്ടി.

(സി) ജി.എസ്.ടി. നടപ്പിലായ സാഹചര്യത്തിൽ ഇപ്പോൾ പരിഗണനയിലില്ല.

**ചരക്ക സേവന നികുതി**

127 (491) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കുസേവന നികുതി നിലവിൽ വന്നപ്പോൾ നൂറ്റിയൊന്ന് സാധനങ്ങളുടെ വില കുറയും എന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോ;എങ്കിൽ പ്രഖ്യാപനത്തിന് അനുസൃതമായി വില കുറയുകയുണ്ടായോ;

(ബി) വില കുറയ്ക്കേണ്ട സാധനങ്ങളുടെ വില പോലും അമിതമായി വർദ്ധിപ്പിച്ച് ജനങ്ങളെ കൊള്ളയടിക്കുന്ന ഒരു വിഭാഗം കച്ചവടക്കാരുടെ നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് തടയുന്നതിനുള്ള സർക്കാർ സംവിധാനം ഫലപ്രദമാണോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) അമിതവില ഈടാക്കിയാൽ ഇടപെടുമെന്ന ധനമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ, എത്ര വ്യാപാരസ്ഥാപനങ്ങൾ പരിശോധിച്ചുവെന്നും എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നിയമപ്രകാരം പ്രധാനപ്പെട്ട നൂറ്റിയൊന്ന് ഉപഭോക്തൃ ഉല്പന്നങ്ങൾക്കുണ്ടായ നികുതി കുറവിന്റെ കണക്കുകൾ പൊതുജന താൽപ്പര്യാർത്ഥം പത്രങ്ങളിൽ പരസ്യപ്പെടുത്തിയിരുന്നു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വരുത്തിയ വിലക്കുറവും സർക്കാർ പ്രസിദ്ധപ്പെടുത്തിയിരുന്നു. നിലവിലുണ്ടായിരുന്ന ആകെ നികുതി ഭാരത്തിൽ ജി.എസ്.ടി. നടപ്പിലാക്കുന്നതോടുകൂടി വരുന്ന കുറവ് ഉപഭോക്താക്കൾക്ക് കൈമാറാതെ കയ്യടക്കുന്ന പ്രവണത തടയുന്നതിനായി നികുതി സംബന്ധിച്ച മാട്രിക്സ് പ്രസിദ്ധപ്പെടുത്തണമെന്ന് ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിരുന്നു. ഇത് നടക്കാതെ വന്ന സാഹചര്യത്തിലാണ് പ്രസ്തുത പട്ടിക പ്രസിദ്ധപ്പെടുത്തിയത്. ജി.എസ്.ടി.-യുടെ പ്രാരംഭഘട്ടത്തിൽ നീക്കിയിരിപ്പ് സാധനങ്ങളുടെ വിലയുമായി ബന്ധപ്പെട്ട് ചില അവ്യക്തതകൾ രാജ്യമൊട്ടുക്കും നിലനിന്നിരുന്നു. അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യ സാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകാനാണ് സാധ്യത. ഇത് വരും മാസങ്ങളിൽ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു. അത്തരക്കാർക്കെതിരെ നടപടിയെടുക്കുന്നതിന് Anti-Profiteering Authority എത്രയും പെട്ടെന്ന് രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) ജി.എസ്.ടി. പ്രകാരം വില കുറയുന്ന ഉൽപന്നങ്ങൾക്ക് വിലകൂട്ടി വിൽക്കുന്നതായി പലഭാഗത്തുനിന്നും പരാതികൾ ലഭിച്ചിട്ടുണ്ട്. അതെക്കുറിച്ച് വ്യാപാരികളുമായും സംഘടനകളുമായും ചർച്ച നടത്തി പ്രശ്നപരിഹാര നടപടികൾ സ്വീകരിച്ചുവരുന്നു. ജി.എസ്.ടി. നിയമപ്രകാരമുള്ള Anti-Profiteering Authority ഇതുവരെയും രൂപീകരിച്ചിട്ടില്ലാത്തതിനാൽ നികുതി വകുപ്പിന് തുടർനടപടികൾ ഇതിൽ സ്വീകരിക്കാൻ പരിമിതികളുണ്ട്. ലീഗൽ മെട്രോളജി വകുപ്പ് ഇത്തരം വില വർദ്ധനവിനെ തുടർന്ന് 4057 വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തി 101 സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ചരക്ക സേവന നികുതി**

128 (492) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൂലൈ-1 മുതൽ രാജ്യത്ത് നടപ്പിൽ വരുത്തിയ ചരക്കു സേവന നികുതി മൂലം സംസ്ഥാനത്ത് ഉണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലെ അവ്യക്തതയും ആശയക്കുഴപ്പവും പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) നിത്യോപയോഗ സാധനങ്ങൾ, ഹോട്ടൽ ഭക്ഷണം എന്നിവയുടെ വിലവർദ്ധനയ്ക്ക് ഇടയായ സാഹചര്യങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചരക്കു സേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമേ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ കേരളത്തിലെ ഉപഭോഗ നിരക്ക് നമ്മുടെ രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ഇതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകും. ഇത് പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവ്വഹണ സമ്പ്രദായമാണ്. ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന വരുമാന നഷ്ടം നികത്തുന്നതിനുള്ള GST Compensation Act പാസ്സാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ജി.എസ്.ടി. നടപ്പാക്കുമ്പോൾ വരുമാന നഷ്ടമുണ്ടായാൽ 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ 5 വർഷത്തേയ്ക്ക് പൂർണ്ണമായി നഷ്ടപരിഹാരം ലഭിക്കും. ഇ-കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിന് അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവയുടെ നികുതിയും മുമ്പ് അന്തർസംസ്ഥാന വിൽപ്പനയായി കണക്കാക്കിയിരുന്നതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ലഭിച്ചിരുന്നില്ല. ജി.എസ്.ടി.-യിൽ ഈ നികുതിയും കേരളത്തിന് ലഭിക്കും. ഇത് വലിയ നേട്ടമാണ്.

(ബി) ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട അവ്യക്തതകൾ പരിഹരിക്കുന്നതിന് വ്യാപാരികൾക്കും വ്യാപാര സംഘടനകൾക്കും കേരളമൊട്ടാകെ വിവിധ തരത്തിലുള്ള പഠന ക്ലാസ്സുകൾ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. വ്യാപാരികളുടെ സംശയനിവാരണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ഡസ്കുകൾ എല്ലാ ജില്ലകളിലും വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിലും പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ പൊതുജനങ്ങളുടെ ബോധവത്ക്കരണത്തിനായുള്ള പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുപുറമേ ജി.എസ്.ടി. ഫെസിലിറ്റേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വ്യാപാരികൾക്കും വ്യാപാര സമൂഹത്തിനും ഉണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരമുണ്ടാക്കുകയാണ് സംസ്ഥാന, ജില്ലാതലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ഈ കമ്മിറ്റിയുടെ ഉദ്ദേശ്യം.

(സി&ഡി) ജി.എസ്.ടി. നിലവിൽ വന്നതിനെത്തുടർന്ന് നിത്യോപയോഗ സാധനങ്ങൾ, ഹോട്ടൽ ഭക്ഷണം എന്നിവയ്ക്ക് വില വർദ്ധനവ് ഉണ്ടായതായി പല ഭാഗങ്ങളിൽനിന്നും പരാതി ലഭിച്ചിട്ടുണ്ട്. ഹോട്ടൽ വ്യവസായികളുമായും മറ്റ് സംഘടനകളുമായും ചർച്ച നടത്തി പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അന്യസംസ്ഥാന ലോട്ടറികൾ നിയന്ത്രിക്കാൻ നടപടി**

129 (493) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. നടപ്പിലായതിനെ തുടർന്ന് സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറികൾ ആരംഭിക്കാനുള്ള നടപടികൾ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) 2016-17 സാമ്പത്തിക വർഷം കേരള ലോട്ടറിയിൽ നിന്നും ആകെ വരുമാനവും ലാഭവും എത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) 2016-17 സാമ്പത്തിക വർഷം കാരുണ്യ ചികിത്സാ പദ്ധതിയിലൂടെ എത്രകോടി രൂപ സഹായ ധനമായി നല്കിയെന്നറിയിക്കുമോ;

(ഡി) 2015-16 സാമ്പത്തിക വർഷം കാരുണ്യ പദ്ധതിയിലൂടെ എത്രയാണ് സാമ്പത്തിക സഹായം നൽകിയത്?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനത്ത് അന്യ സംസ്ഥാന ഭാഗ്യക്കുറികളുടെ നിയമാനുസൃതമല്ലാത്ത വിൽപ്പന തടയുന്നതിലേയ്ക്കായി നിലവിൽ പ്രാബല്യത്തിലുള്ള ആക്ടുകളും റൂളുകളും കർക്കശമായി നടപ്പിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്.

ജി.എസ്.ടി.-യുടെ മറവിൽ ടി ലോട്ടറികളുടെ നിയമവിരുദ്ധ പ്രവർത്തനം തടയുന്നതിലേയ്ക്കായി ലോട്ടറി നടത്തിപ്പിൽ പുതിയ നിയന്ത്രണങ്ങൾ/ പരിശോധനകൾ 27-07-2017-ലെ G.O(P)No.93/2017/TD പ്രകാരം കൊണ്ടുവന്നിട്ടുണ്ട്.

മിസ്സോറാം സംസ്ഥാനത്തിന്റെ ലോട്ടറി അവരുടെ വിതരണക്കാരായ M/s.Teesta Distributers മുഖേന കേരളത്തിൽ ചട്ടങ്ങൾ ലംഘിച്ച് വിൽപ്പനയ്ക്കൊരുങ്ങിയതിനെ തുടർന്ന് പ്രസ്തുത നിയമലംഘനം മിസ്സോറാം സ്റ്റേറ്റിനെയും കേന്ദ്ര ആഭ്യന്തര വകുപ്പിനെയും അറിയിക്കുകയും ഇത്തരം നിയമാനുസൃതമല്ലാത്ത ലോട്ടറികൾ പോലീസ് മുഖാന്തരം പിടിച്ചെടുത്ത് നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാർ കേരള സംസ്ഥാന ഭാഗ്യക്കുറികൾ മാത്രമേ വിൽക്കാവൂ എന്നും നിയമവിധേയമല്ലാത്ത അന്യ സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾ വിൽക്കുന്നപക്ഷം അവരുടെ ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും സർക്കാർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷം കേരള ലോട്ടറിയിൽനിന്നുള്ള ആകെ വരുമാനം (ലോട്ടറി വിൽപ്പന/മറ്റിനങ്ങൾ) 7395.29 കോടി രൂപയും ലാഭം 1691.05 കോടി രൂപയുമാണ്.

(സി) 2016-17 സാമ്പത്തിക വർഷം കാരുണ്യ ചികിത്സാ പദ്ധതിയിലൂടെ 416,19,81,077 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്.

(ഡി) 2015-16 സാമ്പത്തിക വർഷം കാരുണ്യ ചികിത്സാ പദ്ധതിയിലൂടെ 157,64,06,746 രൂപയാണ് സാമ്പത്തിക സഹായം നൽകിയത്.

## ഇറച്ചിക്കോഴിയുടെ വിൽപ്പന വില

130 (494) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറച്ചിക്കോഴിക്കുള്ള ജി.എസ്.ടി. നികുതി 14.5-ൽ നിന്നും 0 ശതമാനമായി കുറച്ചെങ്കിലും വ്യാപാരികൾ കോഴി വില കൂട്ടി ഉപഭോക്താക്കളെ കൊള്ളയടിക്കുന്നതിനെതിരെ എന്ത് നടപടി സ്വീകരിച്ചെന്ന വിശദമാക്കാമോ;

(ബി) കോഴിവില കിലോക്ക് 87 രൂപയായി കുറയ്ക്കണമെന്ന സർക്കാർ നിർദ്ദേശം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(സി) ജി.എസ്.ടി. നിലവിൽ വരുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന നികുതി അടയ്ക്കാത്തതിനും അനധികൃതമായി കോഴി കടത്തിയതിനും ഈ വർഷം ഏതെങ്കിലും കോഴി വ്യാപാരിക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ&ബി) കോഴി വിൽപ്പനക്കാരുമായി സർക്കാർ തലത്തിൽ ചർച്ചകൾ നടത്തുകയും ന്യായ വിലയ്ക്ക് വിൽക്കാമെന്ന് ധാരണയാകുകയും ചെയ്തിരുന്നു. ശീതീകരിക്കാത്ത കോഴിയിറച്ചിയുടെ വിലയിൽ 'കെപ്കോ' 14.5% കുറവ് വരുത്തിയിട്ടുണ്ട്.

(സി) ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പ് നിലവിലുണ്ടായിരുന്ന നികുതി അടയ്ക്കാത്തതിനും അനധികൃതമായി കോഴി കടത്തിയതിനും ഈ വർഷം കോഴി വ്യാപാരികൾക്കെതിരെ 664 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## നികുതിയിനത്തിൽ പിരിച്ചെടുത്ത തുക

131 (495) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരുന്നത്; വിശദമാക്കുമോ;

(സി) നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നതായി കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) തമിഴ്നാട്ടിൽ നിന്നും നികുതി വെട്ടിച്ച് സാധനങ്ങൾ കേരളത്തിലേക്ക് കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുവാൻ എന്തൊക്കെ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ നികുതിയിനത്തിൽ പിരിച്ചെടുത്ത തുക വകുപ്പു തിരിച്ച് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| എക്സൈസ് വകുപ്പ് | - | 2007.87 കോടി രൂപ |
| രജിസ്ട്രേഷൻ വകുപ്പ് | - | 2653.71 കോടി രൂപ |
| മോട്ടോർ വാഹന വകുപ്പ് | - | 3026.42 കോടി രൂപ |
| ലാന്റ് റവന്യൂ വകുപ്പ് | - | 993.62 കോടി രൂപ |
| സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് | - | 34038.36 കോടി രൂപ |

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ നികുതിയിനത്തിൽ പിരിച്ചെടുക്കുവാൻ ഉദ്ദേശിച്ചിരുന്ന തുക വകുപ്പു തിരിച്ച് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| എക്സൈസ് വകുപ്പ് | - | 2397.36 കോടി രൂപ |
| രജിസ്ട്രേഷൻ വകുപ്പ് | - | 3303.62 കോടി രൂപ |
| മോട്ടോർ വാഹന വകുപ്പ് | - | 3247.38 കോടി രൂപ |
| ലാന്റ് റവന്യൂ വകുപ്പ് | - | 1180.56 കോടി രൂപ |
| സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് | - | 36963.92 കോടി രൂപ |

(സി) ഇല്ല.

(ഡി) ഉണ്ട്. അന്തർ സംസ്ഥാന വിൽപ്പനയുടെ കാര്യത്തിൽ 'സി' ഫോറം വെരിഫിക്കേഷനുവേണ്ടി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസ്സുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നു. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്കുകടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് കടന്നുവരുന്ന വാഹനങ്ങൾ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തുന്നത് കർശനമാക്കിയിട്ടുണ്ട്.

എക്സൈസ് വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ നികുതി പിരിവ് നടത്തുന്നില്ല. എന്നാൽ അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള അനധികൃത സ്പിരിറ്റ്/വ്യാജമദ്യ കടത്ത് എന്നിവയിലൂടെ നിയമാനുസൃത മദ്യവിൽപ്പനയിലൂടെ ലഭിക്കേണ്ട ഡ്യൂട്ടിയും മറ്റ് നികുതികളും സർക്കാരിന് നഷ്ടപ്പെടുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളിലെ പരിശോധന കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും അതിർത്തി പ്രദേശത്ത് പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തി വരുന്നുണ്ട്. ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹനപരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തി വരുന്നതുമാണ്.

## സ്വർണ്ണത്തിന്റെയും വൈരക്കല്ലുകളുടെയും ജി.എസ്.ടി. നിരക്ക്

132 (496) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി.-യിൽ സ്വർണ്ണത്തിന്റെയും വൈരക്കല്ലുകളുടെയും നികുതി നിരക്ക് എത്ര ശതമാനമായിട്ടാണ് നിജപ്പെടുത്തിയിട്ടുള്ളത്;

(ബി) വാറ്റ് നികുതിയായി ഏർപ്പെടുത്തിയിരുന്ന 5% നികുതി, സ്വർണ്ണത്തിനും വൈരക്കല്ലുകൾക്കും ജി.എസ്.ടി. വരുമ്പോഴും ഏർപ്പെടുത്തണ മെന്ന് സംസ്ഥാന സർക്കാർ ജി.എസ്.ടി. കൗൺസിൽ മുമ്പാകെ ആവശ്യപ്പെട്ടിരുന്നോ;

(സി) സംസ്ഥാനത്തിന്റെ ഈ ആവശ്യം ജി.എസ്.ടി. കൗൺസിൽ ചർച്ച ചെയ്തിട്ടുണ്ടോ;

(ഡി) സ്വർണ്ണത്തിന്റെയും വൈരക്കല്ലുകളുടെയും നികുതി ജി.എസ്.ടി.-യിൽ കുറച്ചതുമൂലം അവയുടെ വില്പന വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി.-യിൽ സ്വർണ്ണത്തിന്റെയും വൈരക്കല്ലുകളുടെയും നികുതി നിരക്ക് 3 ശതമാനമായിട്ടാണ് നിജപ്പെടുത്തിയിട്ടുള്ളത്.

(ബി) ആവശ്യപ്പെട്ടിരുന്നു.

(സി) സംസ്ഥാനത്തിന്റെ ഈ ആവശ്യം ജി.എസ്.ടി. കൗൺസിൽ ചർച്ച ചെയ്തിരുന്നു.

(ഡി) ചരക്കുസേവന നികുതി ജൂലൈ ഒന്നു മുതലാണ് നിലവിൽ വന്നത്. 2017 ആഗസ്റ്റ് മാസം മുതൽ മാത്രമേ റിട്ടേണുകൾ ഫയൽ ചെയ്തു തുടങ്ങുകയുള്ളൂ എന്നതിനാൽ സാധനങ്ങളുടെ വിൽപ്പനയെ സംബന്ധിച്ചുള്ള വിശദാംശങ്ങളൊന്നും ലഭ്യമായിട്ടില്ല.

**ആക്രിക്കച്ചവടത്തിന്റെ തകർച്ച**

133 (497) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. നിലവിൽ വന്നതിനുശേഷം കേരളത്തിലെ ആക്രിക്കച്ചവടം പൂർണ്ണമായും അവതാളത്തിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആക്രിക്കച്ചവടത്തിനു ഏർപ്പെടുത്തിയ ഉയർന്ന ജി.എസ്.ടി. പരമ്പരാഗത മാലിന്യ നിർമ്മാർജന രംഗത്തെയും തൊഴിൽ രംഗത്തെയും ബാധിക്കുമെന്നത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് ജി.എസ്.ടി. കൗൺസിലിൽ പരിഗണനയ്ക്കുവയ്ക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്നു വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പ്ലാസ്റ്റിക് സ്ക്രാപ്പിന്റെയും വേസ്റ്റ് മാനേജ്മെന്റ് സർവ്വീസുകളുടെയും നികുതി കുറയ്ക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കോന്നി മണ്ഡലത്തിലെ ചിറ്റാർ സബ് ട്രഷറി

134(498) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ ചിറ്റാർ സബ് ട്രഷറിയുടെ നിർമ്മാണം ആരംഭിച്ചത് എന്നാണ്; ആയതിലേയ്ക്ക് നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള തടസ്സം എന്തെല്ലാം ; വിശദീകരിക്കുമോ; തടസ്സം പരിഹരിക്കുന്നതിന് സർക്കാർ ഭാഗത്തുനിന്ന് കൈക്കൊണ്ടിട്ടുള്ള ഇടപെടലുകൾ എന്തെല്ലാം;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവുമെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കോന്നി മണ്ഡലത്തിലെ ചിറ്റാർ സബ്ട്രഷറിക്കായി ഗ്രാമപഞ്ചായത്ത് അനുവദിച്ച കെട്ടിടത്തിൽ ട്രഷറിക്കനുയോജ്യമായ വിധത്തിൽ ക്രമീകരണ പ്രവർത്തനങ്ങൾ 2014 ജൂണിൽ ആരംഭിച്ചു. നാളിതുവരെ സ്വീകരിച്ച തുടർ നടപടികൾ ചുവടെ ചേർക്കുന്നു:

(1) പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ടി കെട്ടിടത്തിൽ നടത്തേണ്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പ്ലാൻ തയ്യാറാക്കി നൽകി.

(2) സ്ട്രോംഗ് റൂം, ഗോദ്റേജ് സ്റ്റീൽ ഡോർ എന്നിവ സ്ഥാപിക്കുകയും ബീറ്റ് ഏരിയ സുരക്ഷിതമാക്കുകയും ചെയ്തു.

(3) ട്രഷറി ഓഫീസറുടെ മുറി ക്രമീകരിച്ചു.

(4) തറയിൽ സെറാമിക് ടൈലുകൾ പാകി സജ്ജീകരിച്ചു.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാക്കിയുള്ള നിർമ്മാണ പ്രവൃത്തികൾ ആറുമാസത്തിനകം പൂർത്തീകരിക്കുവാൻ സാധിക്കും.

**മുക്കം സബ്ട്രഷറി മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിന് നടപടി**

135 (499) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം സബ്ട്രഷറിയുടെ പ്രവർത്തനം മുക്കം മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുവാനെടുത്ത തീരുമാനം നടപ്പാക്കുന്നതിൽ കാലതാമസം നേരിട്ടതെന്തുകൊണ്ടാണെന്ന വ്യക്തമാക്കുമോ;

(ബി) മുക്കം സബ്ട്രഷറി മിനി സിവിൽ സ്റ്റേഷനിലേക്ക് എന്നത്തേക്ക് മാറ്റാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; ഇതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മുക്കം സബ് ട്രഷറിക്ക് മുക്കം മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിച്ചിരുന്നു. എന്നാൽ ടി മിനി സിവിൽ സ്റ്റേഷന് മുനിസിപ്പാലിറ്റിയിൽ നിന്ന് കെട്ടിട നമ്പർ യഥാസമയം ലഭിച്ചിരുന്നില്ല. കെട്ടിട നമ്പർ ലഭിക്കാത്തതിനാൽ കെ.എസ്.ഇ.ബി.-യിൽ നിന്ന് വൈദ്യുതി കണക്ഷൻ ലഭിക്കാൻ കാലതാമസം നേരിട്ടിരുന്നു. അതുകൊണ്ട് ട്രഷറി പ്രവർത്തിക്കാൻ ആവശ്യമായ കൗണ്ടർ നിർമ്മാണം, ഇലക്ട്രോണിക്സ് വർക്കുകളായ ലോക്കൽ ഏര്യ നെറ്റ്‌വർക്ക് സ്ഥാപിക്കൽ, കേബിളിംഗ് ജോലികൾ, ഇലക്ട്രിക്കൽ വർക്കുകൾ എന്നിവ നടത്താൻ കഴിഞ്ഞില്ല. ആയതിനാലാണ് മുക്കം സബ്ട്രഷറി മിനി സിവിൽസ്റ്റേഷനിലേക്ക് മാറ്റുന്നതിനുവേണ്ട തുടർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കാലതാമസം നേരിട്ടത്. എന്നാൽ ഇപ്പോൾ കെട്ടിട നമ്പർ, വൈദ്യുതി കണക്ഷൻ എന്നിവ ലഭ്യമായിട്ടുണ്ട്.

(ബി) നിലവിൽ പൊതുമരാമത്ത് വകുപ്പ് മുഖേന ഇലക്ട്രോണിക്സ് വർക്കുകളായ കേബിളിംഗ്, ലോക്കൽ ഏര്യ നെറ്റ് വർക്ക് എന്നിവ സ്ഥാപിക്കുന്നതിന് PWD-ക്ക് ട്രഷറി വകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. കൂടാതെ കൗണ്ടർ, ക്യാബിൻ നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് നൽകുന്നതിന് അനുസരിച്ച് ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നതാണ്. ടി പ്രവൃത്തികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് മുക്കം സബ് ട്രഷറിയുടെ പ്രവർത്തനം മുക്കം മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുവാൻ കഴിയും. ഇതിനുള്ള അടിയന്തര നടപടികൾ ട്രഷറി ഡയറക്ടർ സ്വീകരിച്ചു വരുന്നു.

## പയ്യന്നൂർ ട്രഷറി ഓഫീസിന് പുതിയ കെട്ടിടം

136 (500) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ ട്രഷറി ഓഫീസിനു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) 'ഇൻകെൽ' സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) പയ്യന്നൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 'ഇൻകെൽ' നിർദ്ദിഷ്ട സ്ഥലം സന്ദർശിച്ച് സർവ്വേ നടത്തി പ്രോജക്ട് റിപ്പോർട്ട് ട്രഷറി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഭരണാനുമതി നൽകിയിട്ടില്ല.

(സി) ട്രഷറി ഡയറക്ടറുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

## വ്യാജ ലോട്ടറി ടിക്കറ്റുകൾ

137 (501) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാജ ലോട്ടറി ടിക്കറ്റുകൾ തടയുന്നതിന് എന്തെങ്കിലും പുതിയ സംവിധാനത്തിന് രൂപം നൽകുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ടിക്കറ്റുകളുടെ കളർ ഫോട്ടോകോപ്പി, സ്കാൻ ചെയ്ത കോപ്പി, വ്യാജ പ്രിന്റ് എന്നിവ തടയാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) പൊതുജനങ്ങൾക്കും, ഏജന്റുമാർക്കും ടിക്കറ്റിന്റെ സാധുത നേരിട്ട് പരിശോധിച്ച് ഉറപ്പുവരുത്താൻ സുതാര്യമായ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് അറിയിക്കാമോ;

(ഡി) ഇത്തരം ടിക്കറ്റുകൾ എന്നുമുതൽ വിപണിയിലെത്തുമെന്നും ഏതു ഏജൻസിയെയാണ് പുതിയ സംവിധാനങ്ങളുടെ ചുമതല ഏൽപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വ്യാജ ലോട്ടറി ടിക്കറ്റുകളുടെ വിപണനം തടയുന്നതിനുവേണ്ടി ടിക്കറ്റുകളിൽ സുരക്ഷാ സംവിധാനങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി 23-11-2016-ൽ ജി.ഒ. (ആർ.റ്റി.)910/2016/റ്റി.ഡി. നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ബാർകോഡ്, സീക്രട്ട് കോഡ്, കടക്കുറ്റിയുമായി യോജിപ്പിക്കൽ എന്നീ സുരക്ഷാ സംവിധാനങ്ങൾക്ക് പുറമെ Micro printing, opaque text, guilloche, Relief Printing എന്നീ സുരക്ഷാ മാർഗ്ഗങ്ങൾ കൂടി ആദ്യഘട്ടമായി ഉൾപ്പെടുത്തി 2017 ജൂൺ മാസത്തെ നറുക്കെടുപ്പ് മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി) ടിക്കറ്റുകളുടെ കളർ ഫോട്ടോകോപ്പി, സ്കാൻ ചെയ്ത കോപ്പി, വ്യാജ പ്രിന്റ് എന്നിവ നൽകി കബളിപ്പിക്കുന്നത് തടയുന്നതിനുവേണ്ടി Micro printing, opaque text, guilloche, Relief Printing എന്നീ സുരക്ഷാ മാർഗ്ഗങ്ങൾകൂടി ആദ്യഘട്ടമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ലെൻസ്, ഫിലിം എന്നിവ ഉപയോഗിച്ച് പൊതുജനങ്ങൾക്കും ഏജന്റുമാർക്കും ടിക്കറ്റിന്റെ സാധുത നേരിട്ട് പരിശോധിച്ച് ഉറപ്പ് വരുത്താവുന്നതാണ്.

(ഡി) കൂടുതൽ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തിയ ഭാഗ്യക്കുറി ടിക്കറ്റുകൾ 2017 ജൂൺ മാസത്തെ നറുക്കെടുപ്പ് മുതൽ വിപണിയിലെത്തിയിട്ടുണ്ട്. സുരക്ഷാമാർഗ്ഗങ്ങൾ ഉൾപ്പെടുത്തി ടിക്കറ്റുകൾ ഡിസൈൻ ചെയ്യുന്നതിനായി ഭാഗ്യക്കുറി വകുപ്പിൽ സി-ഡിറ്റുമായി ചേർന്ന് സെക്യൂരിറ്റി ഡിസൈൻ ലബോറട്ടറി സ്ഥാപിക്കുന്നതിന് 24-04-2017-ലെ ജി.ഒ. (ആർ.റ്റി.) 329/2017/റ്റി.ഡി. നമ്പർ പ്രകാരം ഉത്തരവാകുകയും ആയത് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.

## ജി.എസ്.ടി.-യിൽ ലോട്ടറിക്ക് ചുമത്തുന്ന നികുതി

138 (502) ശ്രീ. സി. ദിവാകരൻ :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കുന്നത് സംബന്ധിച്ച ഓർഡിനൻസിൽ ലോട്ടറിയെ എങ്ങനെയാണ് നിർവ്വചിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ലോട്ടറിക്ക് എത്ര ശതമാനം നികുതി ചുമത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) നിലവിൽ ഇതര സംസ്ഥാന ലോട്ടറികൾക്കുള്ള നിയന്ത്രണം തുടരുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പാക്കുന്നത് സംബന്ധിച്ച ഓർഡിനൻസിൽ ലോട്ടറിയെ ചരക്ക് (Goods) ആയിട്ടാണ് നിർവ്വചിച്ചിട്ടുള്ളത്. " ചരക്കുകൾ" എന്നാൽ പണം ഒഴികെയുള്ള എല്ലാ തരത്തിലുമുള്ള ജംഗമ വസ്തുക്കളും എന്നർത്ഥമാകുന്നതും എന്നാൽ അതിൽ 1998-ലെ ലോട്ടറീസ് റെഗുലേഷൻ ആക്ടിനും (1998-ലെ 17-ാം കേന്ദ്ര ആക്ട്) അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങൾക്കും കീഴിൽ, നടത്തുന്ന ലോട്ടറികളും ഉൾപ്പെടെയുള്ള വ്യവഹാരപ്പെടാവുന്ന അവകാശവാദങ്ങളും വളരുന്ന വിളകളും പുല്ലും വിതരണത്തിന് മുൻപോ വിതരണം ചെയ്യുന്നതിനുള്ള ഒരു കരാറിൻ കീഴിലോ വേർപെടുത്താൻ സമ്മതിച്ചതുമായ ഭൂമിയോട് ബന്ധിപ്പിച്ചിട്ടുള്ളതോ അതിന്റെ ഭാഗമായതോ ആയ എല്ലാ വസ്തുക്കളും ഉൾപ്പെടുന്നതുമാകുന്നു.

(ബി) കേരളസർക്കാർ ലോട്ടറികൾക്ക് 12%വും അന്യ സംസ്ഥാന ലോട്ടറികൾക്ക് 28%വുമാണ് നികുതി.

(സി) തുടരുന്നതാണ്.

## കാരുണ്യ സഹായ പദ്ധതി

139 (503) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പിയിൽ പുതുതായി ആരംഭിച്ച ലോട്ടറി ഓഫീസിൽ കാരുണ്യ സഹായ പദ്ധതി പ്രകാരമുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പട്ടാമ്പി ഉൾപ്പെടെ എല്ലാ ഭാഗ്യക്കുറി സബ് ഓഫീസിലും കാരുണ്യ സഹായ പദ്ധതി പ്രകാരമുള്ള അപേക്ഷകൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലാണ്.

## കാരുണ്യ ഫണ്ട്

140 (504) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഫണ്ട് അനുവദിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കാൻ ആവശ്യമായ തീരുമാനങ്ങൾ പരിഗണനയിൽ ഉണ്ടോ ?

ഉത്തരം

(എ&ബി) കാരുണ്യ ബെനവലന്റ് ഫണ്ട് അനുവദിക്കാൻ കാലതാമസം നേരിടുന്നില്ല. പദ്ധതിയിൽ ധനസഹായത്തിന് അപേക്ഷിക്കുന്നവരിൽ അടിയന്തരമായി ചികിത്സ ആവശ്യമുള്ളവർക്ക് അപേക്ഷ നൽകുന്ന അന്നോ അടുത്ത ദിവസമോ തന്നെ മുൻകൂർ ചികിത്സാനുമതി പത്രങ്ങൾ അതാത് ആശുപത്രികൾക്ക് നൽകിവരുന്നു. കൂടാതെ അപേക്ഷ നൽകിയതിനുശേഷം പെട്ടെന്ന് അഡ്മിറ്റാകേണ്ടിവരുന്ന രോഗികൾക്ക് അഡ്മിനിസ്ട്രേറ്റർ മുൻകൂർ അനുമതി നൽകിവരുന്നു. അതിനാൽ രോഗികളുടെ ചികിത്സയിൽ കാലതാമസം വരുന്നില്ല. ആശുപത്രികൾക്ക് ആവശ്യമായ ഫണ്ട് സമയാസമയം നൽകി വരുന്നുണ്ട്.

## ലോട്ടറി മേഖലയിൽ ജി.എസ്.ടി.-യുടെ അനന്തര ഫലങ്ങൾ

141 (505) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്നത് സംസ്ഥാനത്തെ ലോട്ടറി മേഖലയെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വിശദമാക്കാമോ;

(ബി) ഒരു ഉൽപ്പന്നമോ സേവനമോ ആയി അംഗീകരിച്ചിട്ടില്ലാത്ത ലോട്ടറി ഏതടിസ്ഥാനത്തിലാണ് ജി.എസ്.ടി.യിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) ജി.എസ്.ടി.-യുടെ മറവിൽ സ്വകാര്യ ലോട്ടറി മാഫിയകൾ തിരിച്ചുവരുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 12% ചരക്കുസേവന നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനെ തുടർന്ന് പ്രതിവാര ഭാഗ്യക്കുറി ടിക്കറ്റുകളുടെ മുഖവില 30 രൂപയിൽ നിന്നും 26.8 രൂപയാക്കി നിജപ്പെടുത്തി അതിന്റെ 12% ജി.എസ്.ടി കൂടി ഉൾപ്പെടുത്തി പരമാവധി വിൽപ്പന വില 30 രൂപയാക്കി നിലനിർത്തിയിട്ടുണ്ട്. ടിക്കറ്റിന്റെ മുഖവിലയിലും ഡിസ്കൗണ്ട് നിരക്കിലും കുറവ് വന്നതുമൂലം ഏജന്റുമാരുടെ വരുമാനത്തിൽ നേരിയ കുറവ് വന്നിട്ടുണ്ട്. ജി.എസ്.ടി. ഏർപ്പെടുത്തിയതുമൂലം അന്യ സംസ്ഥാന ലോട്ടറികൾ കേരളത്തിൽ വിൽപ്പന ആരംഭിക്കാൻ ശ്രമം നടത്തിയത് ശക്തമായ നിയമ നടപടികളിലൂടെ ചെറുക്കുന്നുണ്ട്.

(ബി) ജി.എസ്.ടി. നടപ്പാക്കുന്നത് സംബന്ധിച്ച 22-06-2017-ലെ 10017/Leg.A2/2017/Law നമ്പർ ഓർഡിനൻസിലെ ഖണ്ഡിക 2(52) പ്രകാരം ലോട്ടറിയെ 'Goods' ആയി കണക്കാക്കിയിട്ടുണ്ട്.

(സി) ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനത്ത് അന്യസംസ്ഥാന ഭാഗ്യക്കുറികളുടെ നിയമാനുസൃതമല്ലാത്ത വിൽപ്പന തടയുന്നതിലേക്കായി നിലവിൽ പ്രാബല്യത്തിലുള്ള ആക്ടുകളും റൂളുകളും കർക്കശമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ജി.എസ്.ടി.-യുടെ മറവിൽ ടി ലോട്ടറികളുടെ നിയമവിരുദ്ധ പ്രവർത്തനം തടയുന്നതിലേക്കായി ലോട്ടറി നടത്തിപ്പിൽ പുതിയ നിയന്ത്രണങ്ങൾ/ പരിശോധനകൾ 27-07-2017-ലെ G.O.(P) No.93/2017/TD പ്രകാരം കൊണ്ടുവന്നിട്ടുണ്ട്.

മിസോറാം സംസ്ഥാന ലോട്ടറി വിതരണക്കാർ മുഖേന കേരളത്തിൽ ചട്ടങ്ങൾ ലംഘിച്ച് വിൽപ്പനയ്ക്കൊരുങ്ങിയതിനെ തുടർന്ന് പ്രസ്തുത നിയമലംഘനം മിസോറാം സ്റ്റേറ്റിനെയും കേന്ദ്ര ആഭ്യന്തര വകുപ്പിനെയും അറിയിക്കുകയും നിയമാനുസൃതമല്ലാത്ത ഇത്തരം ലോട്ടറികൾ പോലീസ് മുഖാന്തരം പിടിച്ചെടുത്ത് നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാർ കേരള സംസ്ഥാന ഭാഗ്യക്കുറികൾ മാത്രമേ വിൽക്കാവൂയെന്നും നിയമവിധേയമല്ലാത്ത അന്യസംസ്ഥാന ലോട്ടറി ടിക്കറ്റുകൾ വിൽക്കുന്ന പക്ഷം അവരുടെ ഏജൻസി റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമെന്നും അറിയിപ്പ് നൽകിയിട്ടുണ്ട്.

**കാരുണ്യ ബനവലന്റ് ഫണ്ട്**

142(506) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ 2016-17 സാമ്പത്തിക വർഷം കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ എത്ര രോഗികൾക്ക് എത്ര രൂപ വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിലൂടെ ചികിത്സാ സൗകര്യം ലഭിക്കുന്ന തൃശ്ശൂർ ജില്ലയിലെ ആശുപത്രികളുടെ വിശദവിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലയിലെ 2267 രോഗികൾക്കായി 13.69 കോടി രൂപ 2016-17 സാമ്പത്തികവർഷം ധനസഹായമായി നൽകിയിട്ടുണ്ട്.

(ബി) കാരുണ്യ പദ്ധതിയിൽ നിലവിൽ അക്രഡിറ്റേഷനുള്ള തൃശ്ശൂർ ജില്ലയിലെ സ്വകാര്യ ആശുപത്രികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
2. അമലാ ക്യാൻസർ ഹോസ്പിറ്റൽ ആന്റ് റിസർച്ച് സെന്റർ
3. രാജാ ചാരിറ്റബിൾ മെഡിക്കൽ ട്രസ്റ്റ്
4. ദയാ ജനറൽ ഹോസ്പിറ്റൽ
5. സെന്റ് ജെയിംസ് ഹോസ്പിറ്റൽ, ചാലക്കുടി
6. ശാന്തി ഡയാലിസിസ് സെന്റർ അറ്റാച്ച്ഡ് ടു ഗവൺമെന്റ് ഹോസ്പിറ്റൽ

7. ശാന്തി ഡയാലിസിസ് സെന്റർ അറ്റാച്ച്ഡ് ടു മെട്രോപൊളിറ്റൻ ഹോസ്പിറ്റൽ

8. മോഡേൺ ഹോസ്പിറ്റൽ ചാരിറ്റീസ്, കൊടുങ്ങല്ലൂർ

9. സെന്റ് ജോസഫ്സ് ഹോസ്പിറ്റൽ, ചൂണ്ടൽ.

കൂടാതെ പ്രസ്തുത ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികളിലും കാരുണ്യ ബെനവലന്റ് ഫണ്ട് പ്രകാരം ചികിത്സാ സഹായം ലഭ്യമാണ്.

**കാരുണ്യ ചികിത്സാ പദ്ധതി**

143 (507) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ ചികിത്സാ പദ്ധതി മുഖേന എത്ര രൂപ അനുവദിച്ചു; എത്ര ആളുകൾക്ക് ഇതിന്റെ ഗുണഫലം ലഭ്യമായി; ജില്ലാ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ ജനങ്ങൾ ചികിത്സയ്ക്കായി ആശ്രയിക്കുന്ന അയൽ സംസ്ഥാനങ്ങളിലെ മംഗലാപുരം, കോയമ്പത്തൂർ എന്നിവിടങ്ങളിലെ ആശുപത്രികളെ കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാരുണ്യ ചികിത്സാ പദ്ധതി മുഖേന 471.72 കോടി രൂപയുടെ ചികിത്സാ ധനസഹായം 41,664 പേർക്കായി അനുവദിച്ചു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) അധിക സാമ്പത്തിക ബാദ്ധ്യത കണക്കിലെടുത്ത്, അയൽ സംസ്ഥാനങ്ങളിലെ ആശുപത്രികളെ കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം തൽക്കാലം പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ കർണ്ണാടകത്തിലെ മംഗലാപുരത്തുള്ള ഇൻഡ്യാന ഹോസ്പിറ്റൽ, യേനപ്പോയ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, ഫാറ്റർ മുള്ളേഴ്സ് ആശുപത്രി, മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജ്, കൂടാതെ മംഗലാപുരത്തുള്ള അനുബന്ധ കെ.എം.സി. ഹോസ്പിറ്റലുകളിലേയും ചികിത്സയ്ക്ക് പ്രത്യേകാനുമതി പ്രകാരം സഹായം നൽകുന്നതിന് കാരുണ്യ ബെനവെലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്ററെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് ഫണ്ട്

144 (508) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലൻറ് ഫണ്ട് മുഖേന 2016-17 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ ചികിത്സാധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്;

(ബി) കാരുണ്യ ബെനവലൻറ് ഫണ്ട് മുഖേന മാരകമായ അസുഖങ്ങളുടെ ചികിത്സയ്ക്ക് അനുവദിക്കുന്ന പരമാവധി തുക എത്രയാണ്;

(സി) ഏതെല്ലാം അസുഖങ്ങൾക്കാണ് കാരുണ്യ ബെനവലൻറ് ഫണ്ട് മുഖേന ചികിത്സാ ധനസഹായം അനുവദിക്കുന്നത്; സംസ്ഥാനത്തെ ഏതൊക്കെ ഗവൺമെന്റ്/സ്വകാര്യ ആശുപത്രികളെയാണ് കാരുണ്യ ബെനവലൻറ് ഫണ്ട് മുഖേന ചികിത്സാ ധനസഹായം നൽകുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കാരുണ്യ ബെനവെലന്റ് ഫണ്ട് മുഖേന 2016-17 സാമ്പത്തിക വർഷം 369.43 കോടി രൂപയുടെ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) ഹൃദയം/കരൾ/തലച്ചോർ സംബന്ധമായ ശസ്ത്രക്രിയയ്ക്കും ക്യാൻസർ, ശ്വാസകോശ രോഗം എന്നിവയ്ക്കുള്ള ചികിത്സയ്ക്കും നട്ടെല്ല്, സുഷുമ്നാ നാഡി തുടങ്ങിയവയ്ക്ക് വരുന്ന ഗുരുതര ക്ഷതങ്ങൾക്കുള്ള ചികിത്സയ്ക്കും പരമാവധി രണ്ട് ലക്ഷം രൂപ ധനസഹായം ലഭിക്കും. വൃക്ക രോഗികൾക്ക് പരമാവധി മൂന്ന് ലക്ഷം രൂപ ചികിത്സാ ധനസഹായം ലഭിക്കും. ഹീമോഫീലിയ രോഗത്തിന് തുക പരിധി ഇല്ലാതെ ഫാക്ടർ വിതരണം ചെയ്തുവരുന്നു.

(സി) കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന ഹൃദയം, കരൾ, വൃക്ക തുടങ്ങിയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്കും തലച്ചോർ സംബന്ധമായ ശസ്ത്രക്രിയ, ക്യാൻസർ, ഹൃദ്രോഗം, ഡയാലിസിസ്, ഹീമോഫീലിയ എന്നിവയ്ക്കും ശ്വാസകോശ രോഗങ്ങൾക്കും നട്ടെല്ല്, സുഷുമ്നാ നാഡി തുടങ്ങിയവയ്ക്ക് വരുന്ന ഗുരുതര ക്ഷതങ്ങൾക്കും ചികിത്സാ സഹായം ലഭിക്കും. പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള രോഗങ്ങളുടെ ചികിത്സയ്ക്ക് സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും കൂടാതെ പദ്ധതിയിൽ നിലവിൽ അക്രെഡിറ്റേഷനുള്ള 92 സ്വകാര്യ ആശുപത്രികളിലും ചികിത്സാ ധനസഹായം ലഭിക്കും. ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, പരിയാരം സഹകരണ മെഡിക്കൽ കോളേജ്, കൊച്ചിൻ ക്യാൻസർ സെന്റർ തുടങ്ങിയ ആശുപത്രികളിലേയും ചികിത്സയ്ക്ക് ധനസഹായം ലഭിക്കും. 92 സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സംസ്ഥാന ലോട്ടറിയും ജി.എസ്.ടി.-യും

145 (509) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം സംസ്ഥാന ലോട്ടറിയുടെ ലാഭത്തിൽ കുറവുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ലാഭത്തിൽ കുറവുണ്ടാകുന്ന കാരണത്താൽ ലോട്ടറി ഏജന്റുമാർക്കും വിൽപ്പനക്കാർക്കുമുള്ള വിൽപ്പന കമ്മീഷനിൽ കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കുറവാണ് വരുത്തിയത്; വിശദാംശം നൽകുമോ;

(സി) ജി.എസ്.ടി.-യിലൂടെ ലോട്ടറിക്ക് ഏർപ്പെടുത്തിയ 12 ശതമാനം നികുതിയുടെ പകുതി സംസ്ഥാന സർക്കാരിന് തിരികെ ലഭിക്കുമെന്നിരിക്കെ വില്പന കമ്മീഷനിൽ വരുത്തിയ കുറവ് പുനഃപരിശോധിക്കുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഇല്ല. 1-7-2017 മുതൽ ചരക്ക് സേവന നികുതി നടപ്പിലാക്കിയതിനാൽ വകുപ്പ് പന്ത്രണ്ട് ശതമാനം നികുതിയാണ് ഈ ഇനത്തിൽ ഒടുക്കേണ്ടത്. (6% എസ്.ജി.എസ്.റ്റി, 6% സി.ജി.എസ്.റ്റി.) കൂടാതെ 15-7-2017 മുതൽ മുഖവിലയിൽ കുറവ് വരുത്തി ജി.എസ്.ടി. കൂടി ഉൾപ്പെടുത്തി പരമാവധി വിൽപ്പന വില ക്രമീകരിച്ചിട്ടുണ്ട്. ഇവയുടെ അടിസ്ഥാനത്തിൽ ലാഭത്തിൽ കുറവ് വരാനിടയുണ്ട്. എന്നാൽ ചരക്ക് സേവന നികുതി ഒടുക്കി ആയതിന്റെ റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന്റെ നടപടിക്രമങ്ങൾ നടന്നുവരുന്നതേയുള്ളൂ. ഇത് പൂർത്തീകരിച്ചതിന് ശേഷമേ നഷ്ടം സംബന്ധിച്ച കണക്കുകൾ വ്യക്തമാവുകയുള്ളൂ.

(ബി) ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പ് പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 30 രൂപയും 2000 ടിക്കറ്റുകൾ വരെ 26 %, 2001 മുതൽ 10,000 വരെ 27%, 10,000 ത്തിന് മുകളിൽ 28% എന്നിങ്ങനെ മൂന്ന് സ്ലാബുകളിലായി ഡിസ്കൗണ്ടും അനുവദിച്ചിരുന്നു. ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 26.8 രൂപയാക്കി നിജപ്പെടുത്തി അതിന്റെ 12% നികുതി കൂടി (3.20 രൂപ) ഉൾപ്പെടുത്തി പരമാവധി 30 രൂപയാക്കി നിലനിർത്തുകയും ഡിസ്കൗണ്ട് നിരക്കുകൾ 2000 ടിക്കറ്റുകൾ വരെ 24%, 2001 മുതൽ 10,000 വരെ 24.5%, 10,000 ത്തിന് മുകളിൽ 25.25% എന്നിങ്ങനെ മാറ്റം വരുത്തുകയുമുണ്ടായി.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ദേവികുളം നിയോജകമണ്ഡലത്തിൽ കാരുണ്യ പദ്ധതി മുഖേന വിതരണം ചെയ്ത തുക

146 (510) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കാരുണ്യ പദ്ധതിയിൽ നിന്നും ദേവികുളം നിയോജക മണ്ഡലത്തിൽ എത്ര തുകയാണ് വിതരണം ചെയ്തതെന്ന് വ്യക്തമാക്കുമോ;

(ബി) കാരുണ്യ പദ്ധതിയിൽ നിന്നും വിതരണം ചെയ്ത തുക ലഭിച്ചവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കാരുണ്യ പദ്ധതിയിൽ നിന്നും 31-07-2017 വരെ സംസ്ഥാനത്തൊട്ടാകെ 1,11,698 പേർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കാരുണ്യ പദ്ധതി പ്രകാരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ധനസഹായം അനുവദിച്ചതിന്റെ വിവരം നിലവിൽ ലഭ്യമല്ല.

## അന്യ സംസ്ഥാന ലോട്ടറി വില്പന

147 (511) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന ലോട്ടറി ടിക്കറ്റുകൾ വിൽക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതുമൂലം സംസ്ഥാന സർക്കാരിന്റെ ലോട്ടറി വിൽപ്പനയിലും വരുമാനത്തിലും ഇടിവ് സംഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ അനുമതി നൽകിയതിന്റെ മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. മിസോറാം സംസ്ഥാനത്തിന്റെ ലോട്ടറി അവരുടെ വിതരണക്കാരായ M/s Teesta Distributors മുഖേന കേരളത്തിൽ ചട്ടങ്ങൾ ലംഘിച്ച് വിൽപ്പനയ്ക്കൊരുങ്ങിയതിനെ തുടർന്ന് പ്രസ്തുത നിയമലംഘനം മിസോറാം സ്റ്റേറ്റിനെയും കേന്ദ്ര ആഭ്യന്തര വകുപ്പിനെയും അറിയിക്കുകയും ഇത്തരം നിയമാനുസൃതമല്ലാത്ത ലോട്ടറികൾ പോലീസ് മുഖാന്തരം പിടിച്ചെടുത്ത് നിയമനടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(ബി&സി) ബാധകമല്ല. സംസ്ഥാന ലോട്ടറി വില്പനയിൽ 2017 ജൂലൈ മാസം മുൻ മാസത്തെ അപേക്ഷിച്ച് 5.02% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

## അന്യസംസ്ഥാന ലോട്ടറിയുടെ വിൽപന

148 (512) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന ലോട്ടറിയുടെ വിൽപ്പന കേരളത്തിൽ സജീവമായി നടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) അന്യസംസ്ഥാന ലോട്ടറി കേരളത്തിൽ വില്ക്കാനുള്ള ശ്രമം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ലോട്ടറി നിയന്ത്രണ നിയമം, ചട്ടങ്ങൾ, എസ്.ജി.എസ്.ടി. ആക്ട്, ചട്ടങ്ങൾ എന്നിവയ്ക്കനുസൃതമായി ശക്തമായ നടപടികൾ സ്വീകരിക്കുകയും അത്തരം ഭാഗ്യക്കുറി ടിക്കറ്റുകൾ തടഞ്ഞുവയ്ക്കുകയും ചെയ്തു.

(ബി) അന്യസംസ്ഥാന ലോട്ടറി വിൽപ്പന സംബന്ധിച്ച് പാലക്കാട് കസബ പോലീസ് സ്റ്റേഷനിൽ ക്രൈം 892/17 എന്ന നമ്പരിൽ Lottery Regulation Act Section 7(3) പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## സംസ്ഥാനത്ത് അച്ചടിക്കുന്ന ലോട്ടറി ടിക്കറ്റുകളുടെ വിതരണം

149 (513) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അച്ചടിക്കുന്ന ലോട്ടറി ടിക്കറ്റ് സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും വിതരണത്തിനായി എത്തിക്കുന്നതിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനമെന്താണ്;

(ബി) വിതരണ ചുമതലയുള്ള വാഹനങ്ങളെ നിശ്ചയിക്കുന്നതിന്റെ മാനദണ്ഡമെന്താണ് ; ഇത്തരത്തിൽ തെരഞ്ഞെടുത്ത ഏതെങ്കിലും വാഹനങ്ങളെ ഒഴിവാക്കി മറ്റ് വാഹനങ്ങൾക്ക് കരാർ നൽകിയിട്ടുണ്ടോ ;

(സി) ലോട്ടറി ടിക്കറ്റുകൾ എല്ലാ ജില്ലകളിലും എത്തിക്കുന്നതിന് കുറഞ്ഞ തുകയ്ക്ക് കരാർ നൽകിയ വാഹന ഏജൻസികളെ ഒഴിവാക്കി ഉയർന്ന തുകയ്ക്ക് വിതരണാവകാശം നൽകിയതു മൂലം നഷ്ടമുണ്ടായിട്ടുണ്ടോ ; എങ്കിൽ ആയതിനെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ടിക്കറ്റുകൾ വിതരണം ചെയ്യേണ്ട ചുമതല ഭാഗ്യക്കുറി ടിക്കറ്റുകൾ അച്ചടിക്കുന്ന കെ.ബി.പി.എസ്. (കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി), സി.ആപ്റ്റ് (സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ടെക്നോളജി) എന്നീ പ്രസ്സുകൾക്കാണ് നൽകിയിട്ടുള്ളത്. വിവിധ ജില്ലാ/സബ് ഭാഗ്യക്കുറി ഓഫീസുകളിലേക്കുള്ള ടിക്കറ്റുകൾ പ്രത്യേകം പായ്ക്ക് ചെയ്ത് ടി പ്രസ്സുകളിൽ നിന്നും ലഭ്യമാക്കുന്ന വാഹനങ്ങളിൽത്തന്നെ എല്ലാ ഓഫീസുകളിലേക്കും വിതരണം നടത്തുകയാണ് ചെയ്യുന്നത്.

(ബി) ലോട്ടറി ടിക്കറ്റ് വിതരണത്തിനായി ഇ-ടെണ്ടർ വിളിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഏജൻസികളെയാണ് തെരഞ്ഞെടുക്കുന്നത്. പ്രസ്തുത വാഹനങ്ങളിൽ തന്നെയാണ് വിതരണം നടത്തിവരുന്നത്.

(സി) കുറഞ്ഞ തുകയ്ക്ക് കരാർ നൽകിയ ഏജൻസികളെ തന്നെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

**കെ.എസ്.എഫ്.ഇ.-യിലെ തസ്തികകൾ**

150 (514) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ ഏതെല്ലാം തസ്തികകൾ നിലവിലുണ്ട്;

(ബി) അവയുടെ സാംഗ്ഷൻഡ് സ്ട്രെങ്ത് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) ഓരോ തസ്തികയിലും താത്കാലിക/സ്ഥിരം അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ എണ്ണം ഇനം തിരിച്ച് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) കെ.എസ്.എഫ്.ഇ.-യിലെ തസ്തികകൾ സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു:

| ക്രമ നമ്പർ | തസ്തിക | സാംഗ്ഷൻഡ് സ്ട്രെങ്ത്ത് | സ്ഥിര ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | മാനേജിംഗ് ഡയറക്ടർ | 1 | - |
| 2. | ജനറൽ മാനേജർ | 2 | 2 |
| 3. | ഡെപ്യൂട്ടി ജനറൽ മാനേജർ | 3 | 1 |
| 4. | അസിസ്റ്റന്റ് ജനറൽ മാനേജർ | 16 | 7 |

| | | | |
|---|---|---|---|
| 5. | കമ്പനി സെക്രട്ടറി | 1 | 1 |
| 6. | മാനേജർ | 701 | 691 |
| 7. | അസിസ്റ്റന്റ് മാനേജർ | 1206 | 1162 |
| 8. | അസിസ്റ്റന്റ് | 3222 | 3437 |
| 9. | ഓഫീസ് അസിസ്റ്റന്റ് | 910 | 918 |
| 10. | ഡ്രൈവർ | 14 | 10 |
| 11. | പാർട്ട് ടൈം സ്വീപ്പർ | 557 | 511 |

അസിസ്റ്റന്റ്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിലെ ഒഴിവുകൾ കണക്കാക്കുന്നത് ആറ് മാസത്തിലൊരിക്കൽ നടത്തപ്പെടുന്ന ബിസിനസ്സ് പുനരവലോകനം ആധാരമാക്കിയാണ്. അതുപ്രകാരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും തുടർന്നുള്ള ബിസിനസ്സ് പുനരവലോകനങ്ങളിൽ ബിസിനസ്സ് സൂചകങ്ങൾ കുറവായിവരികയും ചെയ്യാറുണ്ട്. അങ്ങനെ വരുമ്പോഴും മുൻപ് റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേയ്ക്കും ആയതിൽ ഉണ്ടാകുന്ന എൻ.ജെ.ഡി. ഒഴിവുകളിലേയ്ക്കും തുടർന്നും പി.എസ്.സി. നിയമന ശിപാർശ നൽകാറുണ്ട്. ഇക്കാരണങ്ങളാൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം, ആവശ്യമുള്ള ജീവനക്കാരുടെ എണ്ണത്തിനേക്കാൾ അധികമാകുന്ന സാഹചര്യമുണ്ടായിട്ടുണ്ട്.

സ്ഥിരം ജീവനക്കാരുടെ സേവനം ലഭ്യമല്ലാത്ത അവസരത്തിൽ മാത്രം കമ്പനി വാഹനം ഓടിക്കുന്നതിനും അതുപോലെ ശാഖകളിലെ ടൈപ്പിംഗ് വർക്കുകൾക്കും മറ്റും ജോബ്‌വർക്ക് അടിസ്ഥാനത്തിൽ വ്യക്തികളെ നിയോഗിക്കാറുണ്ട്.

**കെ.എസ്.എഫ്.ഇ.-യുടെ എൻ.ആർ.ഐ. ചിട്ടി**

151 (515) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ., എൻ.ആർ.ഐ. ചിട്ടി ആരംഭിച്ചിട്ടുണ്ടോ;

(ബി) കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടിയിൽ എത്ര പേരെ ചേർക്കാനാകുമെന്നും അതുവഴി എത്ര തുക സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) എൻ.ആർ.ഐ. ചിട്ടി വഴി സമാഹരിക്കുന്ന തുക ചെലവഴിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) രണ്ടു ലക്ഷം മുതൽ 25 ലക്ഷം രൂപ വരെ സലയുള്ള ചിട്ടികളാണ് നിലവിൽ കിഫ്ബിക്കുവേണ്ടി സംസ്ഥാന സർക്കാർ കെ.എസ്.എഫ്.ഇ.-യുമായി ചേർന്ന് ആരംഭിക്കാനുദ്ദേശിക്കുന്നത്. ഒരു ലക്ഷം പ്രവാസികളെയെങ്കിലും ചിട്ടിയിൽ ചേർക്കാനാകുമെന്നും 2-3 വർഷങ്ങൾക്കൊണ്ട് ഏകദേശം 12,000 കോടി രൂപ സമാഹരിക്കാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്.

(സി) കിഫ്ബി വഴി നടത്തുന്ന അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായിരിക്കും ഉപയോഗിക്കുക. സൂക്ഷ്മാംശങ്ങൾ തീരുമാനിച്ച് വരുന്നതേയുള്ളൂ.

**മങ്കടയിൽ കെ.എസ്.എഫ്.ഇ. ശാഖ**

152 (T516) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജക മണ്ഡലത്തിൽ മങ്കട, മൂർക്കനാട് എന്നീ പഞ്ചായത്തുകളിൽ മങ്കട, കൊളത്തൂർ എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി കെ.എസ്.എഫ്.ഇ.-യുടെ ശാഖ തുടങ്ങുന്നത് സംബന്ധിച്ച് മലപ്പുറം റീജണൽ അസിസ്റ്റന്റ് ജനറൽ മാനേജരുടെ പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതിയ ശാഖകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. മങ്കട, കൊളത്തൂർ എന്നീ സ്ഥലങ്ങളിൽ പുതിയ ശാഖകൾ ആരംഭിക്കുന്നത് കെ.എസ്.എഫ്.ഇ.-യുടെ പുലാമന്തോൾ, മക്കരപറമ്പ, അങ്ങാടിപ്പുറം, പാണ്ടിക്കാട് എന്നീ ശാഖകളുടെ ബിസിനസ്സിനെ പ്രതികൂലമായി ബാധിക്കുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ആയതിനാൽ ടി സ്ഥലങ്ങളിൽ പുതിയ ശാഖകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

153 (517) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ജീവനക്കാരെ കൂടാതെ ആശ്രിതരായ ആർക്കൊക്കെയാണ് പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ജീവനക്കാർക്ക് ലഭിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്നും അത് എന്നുമുതൽ നടപ്പിൽ വരുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) G.O.(P) No. 54/2017/Fin dated 24-04-2017 പ്രകാരം സർക്കാർ ജീവനക്കാർക്കും സർവ്വീസ് പെൻഷൻകാർക്കും ആശ്രിതർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുത്ത ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പുവയ്ക്കുന്ന മുറയ്ക്ക് പദ്ധതി നിലവിൽ വരുന്നതാണ്.

(ബി) ജീവനക്കാരുടെ പങ്കാളിക്കും ആശ്രിതരായ മക്കൾക്കും മാതാപിതാക്കൾക്കും.

(സി) തെരഞ്ഞെടുത്ത ഹോസ്പിറ്റലുകളിൽ നിന്നും പണരഹിത ചികിത്സ ലഭ്യമാകുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുത്ത ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പുവെയ്ക്കുന്ന മുറയ്ക്ക് പദ്ധതി നിലവിൽ വരുന്നതാണ്.

## കയർ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ

154 (518) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ നിലവിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നു ; വ്യക്തമാക്കാമോ ;

(ബി) കേരളത്തിലെ കയർ വ്യവസായം ഇതര സംസ്ഥാനങ്ങളിലേക്ക് ചേക്കേറുവാനുള്ള കാരണമെന്താണ് ; വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ) കയർ സഹകരണ സംഘങ്ങളിലെ 2,54,230 തൊഴിലാളികളും വീടുകളിൽ ജോലി ചെയ്യുന്ന 33,646 തൊഴിലാളികളും സ്വകാര്യ സംരംഭകരായ 2,647 തൊഴിലാളികളും ചേർത്ത് ആകെ 2,90,523 പേർ ഈ രംഗത്ത് ജോലി ചെയ്യുന്നുണ്ടെന്ന് കണക്കാക്കുന്നു.

(ബി) ചകിരി ഉല്പാദനത്തിലുണ്ടായ കുറവും വ്യവസായത്തെ ആധുനീകരിക്കുന്നതിലുണ്ടായ അമാന്തവുംമൂലം വ്യവസായത്തിന്റെ നല്ല പങ്ക് മറ്റ് സംസ്ഥാനങ്ങളിലേക്ക് മാറിയ സാഹചര്യമുണ്ട്. ആധുനീകരണത്തിലൂടെയും ഊർജ്ജിത ചകിരി ഉൽപ്പാദനത്തിലൂടെയും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെയും ഈ പ്രശ്നം മറികടക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

**കയർ ഫെഡിന്റെ ഓണക്കാല വിപണികൾ**

155 (519) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ലെ ഓണക്കാലത്ത് കയർ ഫെഡ് എത്ര രൂപയുടെ വിറ്റുവരവാണ് ലക്ഷ്യമിടുന്നത് എന്നു വ്യക്തമാക്കുമോ; കയർ ഫെഡ് നേരിട്ട് ഓണക്കാലവിപണികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഏങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓണക്കാലത്ത് കയർ ഉൽപ്പന്നങ്ങൾക്ക് എത്ര ശതമാനം റിബേറ്റാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കയർഫെഡ് അനുവദിക്കുന്ന റിബേറ്റോടു കൂടി സ്വകാര്യ ഏജൻസികൾക്കും ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് നിർദ്ദേശമുണ്ടോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2017-ലെ ഓണക്കാലത്ത് 14 കോടി രൂപയുടെ വിറ്റുവരവ് ലക്ഷ്യമിട്ട് കയർഫെഡ് 30 ഓണക്കാല വിപണികൾ ആരംഭിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓണക്കാലത്ത് 20% മുതൽ 60% വരെ റിബേറ്റാണ് അനുവദിച്ചിട്ടുള്ളത്.

(സി) നിലവിൽ നിർദ്ദേശങ്ങൾ ഒന്നും തന്നെയില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വടവന്നൂർ പഞ്ചായത്തിലുള്ള തൊണ്ട് സംസ്കരണ യൂണിറ്റ്

156 (520) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിലുള്ള തൊണ്ട് സംസ്കരണ യൂണിറ്റിന്റെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സംസ്കരണ യൂണിറ്റിൽ നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഇതിനായി എത്ര ഫണ്ടാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) യൂണിറ്റിന്റെ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. വൈദ്യുതി കുടിശ്ശിക അടച്ചുതീർത്തു. ചകിരി സംസ്കരണവുമായി ബന്ധപ്പെട്ട മെഷിനറികൾ മാറ്റി സ്ഥാപിച്ചു. ഫൈബർ ഉണക്കുന്നതിനുള്ള യാർഡിന്റെ പ്രവൃത്തികൾ നടന്നുവരുന്നു. ഈ യൂണിറ്റിൽ തൊണ്ട് സംഭരണം, ചകിരി, ചകിരിച്ചോറ് എന്നിവയുടെ ഉല്പാദനം നടത്താനാണുദ്ദേശിക്കുന്നത്.

(സി) ഈ യൂണിറ്റിന്റെ പ്രവൃത്തികൾ നടപ്പാക്കുന്നതിന് കയർ ഫെഡിന് 3 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

## വ്യവസായ എസ്റ്റേറ്റുകളിൽ വ്യവസായികൾക്ക് നൽകുന്ന ഭൂമി

157 (521) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ എസ്റ്റേറ്റുകളിൽ മുഴുവൻ തുകയും ഈടാക്കി വ്യവസായികൾക്ക് നൽകുന്ന ഭൂമി വ്യവസായ ആവശ്യത്തിന് ആണെങ്കിൽപ്പോലും കൈമാറാൻ പാടില്ല എന്ന വ്യവസ്ഥ നിലവിൽ ഉണ്ടോ;

(ബി) പ്രസ്തുത വ്യവസ്ഥ കാരണം നഷ്ടത്തിലാകുന്ന വ്യവസായ സ്ഥാപനങ്ങൾ പൂട്ടിപ്പോകുന്ന അവസ്ഥയിൽ മറ്റൊരു വ്യവസായിക്ക് ഏറ്റെടുത്ത് പുതിയ സംരംഭങ്ങൾ തുടങ്ങാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുന്നുണ്ടോ;

(സി) പ്രസ്തുത അവസ്ഥ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. എന്നാൽ വ്യവസായ ഭൂമി ഒരു സംരംഭകനിൽ നിന്നും മറ്റൊരു സംരംഭകനിലേക്ക് മാറ്റുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടറുടെ മുൻകൂർ അനുമതി ആവശ്യമാണ്.

(ബി&സി) ഉണ്ടാകുന്നില്ല. വ്യവസായ യൂണിറ്റുകൾ ഏതെങ്കിലും കാരണത്താൽ തുടർന്നുപോകാൻ കഴിയാത്തതാണെങ്കിൽ നിബന്ധനകൾക്ക് വിധേയമായി പുതിയ സംരംഭകർക്ക് കൈമാറി നൽകുന്നുണ്ട്.

**വ്യവസായ നയം**

158 (522) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. അനൂപ് ജേക്കബ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ വ്യവസായ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വ്യാവസായിക വളർച്ചയിൽ രാജ്യത്തെ ആദ്യ പത്ത് സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ ഉയർത്തുക എന്ന ലക്ഷ്യത്തോടുകൂടി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത നാല് വർഷങ്ങളിൽ എത്ര കോടി രൂപയുടെ നിക്ഷേപമുണ്ടാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വ്യവസായ മേഖലയിൽ ഗണ്യമായ മാറ്റം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ നിലവിലുള്ള വ്യവസായ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി പുതിയ വ്യവസായ വാണിജ്യ നയം രൂപീകരിക്കുവാൻ സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും കരട് വ്യവസായ നയം അഭിപ്രായം സ്വരൂപിക്കുന്നതിലേക്കായി സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ജന സാന്ദ്രതയും പരിസ്ഥിതി അവബോധവും

കണക്കിലെടുത്ത് പരിസ്ഥിതി സൗഹാർദ്ദപരവും മലിനീകരണം പരമാവധി കുറഞ്ഞതുമായ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക വിഭവങ്ങൾ പ്രയോജനപ്പെടുത്തിയുള്ള ചെറു സംരംഭങ്ങൾ വഴി ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, പരമ്പരാഗത രീതിയിലുള്ള ഉത്പാദനത്തിൽ നിൽക്കുന്നവർക്ക് മാന്യമായ വരുമാനം ഉറപ്പുവരുത്തുക അതുവഴി വ്യവസായ പുരോഗതിയും സാമ്പത്തിക വളർച്ചയും നേടുകയെന്നതാണ് ലക്ഷ്യമിടുന്നത്. കരട് വ്യവസായ നയം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തു കഴിഞ്ഞിട്ടുണ്ട്. കാർഷികവിള അടിസ്ഥാനമാക്കിയുള്ള ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾ, ബയോഡിഗ്രേഡബിൾ പ്ലാസ്റ്റിക് വ്യവസായങ്ങൾ, ജൈവ വള വ്യവസായങ്ങൾ, പ്ലാസ്റ്റിക് മാലിന്യങ്ങളുടെ റീ-സൈക്ലിംഗ് വ്യവസായം, പാരമ്പര്യേതര ഊർജ്ജോത്പാദനത്തിനുള്ള സാമഗ്രികൾ നിർമ്മിക്കുന്ന വ്യവസായങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകൽ, തൊഴിൽ വൈദഗ്ധ്യം നേടിയ തൊഴിലാളികളെയും പരമ്പരാഗതമേഖലയിലെ തൊഴിലാളികളെയും വിനിയോഗിച്ചുകൊണ്ട് കരകൗശലമേഖലയിൽ പുരോഗതി കൈവരിക്കുകയും അപ്രകാരം രാജ്യത്തിലെ ആദ്യ പത്ത് നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളിലൊന്നായി സംസ്ഥാനത്തെ മാറ്റുകയെന്നതാണ് നയത്തിന്റെ വീക്ഷണം. അടുത്ത 4 വർഷങ്ങളിൽ 7500 കോടി രൂപയുടെ നിക്ഷേപസമാഹരത്തിന് ലക്ഷ്യമിടുന്നു.

**ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ**

159 (523) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ കീഴിൽ ഉള്ള എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായിത്തീർന്നു എന്ന് വെളിപ്പെടുത്താമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 2016-17 സാമ്പത്തിക വാർഷികാവസാനം 13 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന TTP, TCC, TELK, TRACO, SIFL എന്നീ സ്ഥാപനങ്ങൾ ലാഭകരമാക്കുവാൻ സാധിച്ചു.

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോഴിക്കോട് ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ

160 (524) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സിഡ്കോയുടെ കീഴിൽ കോഴിക്കോട് പ്രവർത്തിക്കുന്ന ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ ജീവനക്കാർ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സമർപ്പിച്ച നിവേദനത്തിന്മേൽ 597/F2/2016/വ്യവ. തീയതി, 23-08-2016 ഫയലിൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ;

(സി) സിഡ്കോയുടെ ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ ജീവനക്കാർക്കുകൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ മെഷീനുകൾ, യൂണിറ്റ് നവീകരണം, സ്റ്റാഫ് പാറ്റേൺ ഈ യൂണിറ്റിനെ സിഡ്കോയുമായി ചേർക്കുന്നതിനുള്ള സാധ്യത എന്നിവ സംബന്ധിച്ച് വിശദമായ പഠനം നടത്തുവാൻ ഒരു ടീമിനെ നിയോഗിക്കുവാൻ സിഡ്കോ ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ച് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## ജി.എസ്.ടി.മൂലം ചെറുകിട വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി

161 (525) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്നത് ചെറുകിട വ്യവസായമേഖലയെ ഏതൊക്കെ തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) എന്ത് തുക മുതൽ വാർഷിക വിറ്റുവരവുള്ള സ്ഥാപനങ്ങളെയാണ് ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുന്നതെന്നും അതിന് ഏത് നിരക്കിലുള്ള നികുതിയാണ് ഏർപ്പെടുത്തുന്നതെന്നും വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി.മൂലം ചെറുകിട വ്യവസായങ്ങൾ പ്രതിസന്ധിയിൽ ആകാതിരിക്കാൻ സംസ്ഥാന സർക്കാർ ഏതൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി) ജി.എസ്.ടി.മൂലമുണ്ടാകുന്ന വിലക്കയറ്റം ഒഴിവാക്കുന്നതിനായി ഉൽപ്പന്നങ്ങളുടെ MRP വില കുറയ്ക്കുന്നതിനായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കേണ്ടുന്ന മിനിമം വിറ്റുവരവ് 20 ലക്ഷം രൂപയാണ്. 75 ലക്ഷത്തിന് താഴെ വാർഷിക വിറ്റുവരവുള്ള ചെറുകിട വ്യവസായ സംരംഭകർക്ക് ജി.എസ്.ടി. നിയമത്തിലെ വകുപ്പ് 10(2)-ൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി വകുപ്പ് (10) പ്രകാരം കോമ്പസിഷൻ സ്കീം തെരഞ്ഞെടുത്ത് കുറഞ്ഞ നിരക്കിൽ നികുതി ഒടുക്കിയാൽ മതിയാകുന്നതാണ്.

(ബി) 20 ലക്ഷം രൂപ വാർഷിക വിറ്റുവരവുള്ള വ്യാപാര സ്ഥാപനങ്ങളും കൂടാതെ ഈ നിയമത്തിന്റെ വകുപ്പ് 24-ൽ പറയുന്ന 12 വിഭാഗക്കാർകൂടി വിറ്റുവരവ് പരിധി കണക്കിലെടുക്കാതെ ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. (പട്ടിക അനുബന്ധമായി ചേർക്കുന്നു).* ഉല്പന്നത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിരക്കുകൾ 0%, 5%, 12%, 18%, 28% എന്നിങ്ങനെ നിജപ്പെടുത്തിയിരിക്കുന്നു.

(സി) ജി.എസ്.ടി. നികുതി സമ്പ്രദായംമൂലം ചെറുകിട വ്യവസായങ്ങൾ പ്രതിസന്ധിയിലാകുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനം കാണുന്നില്ല.

(ഡി) ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനം എടുക്കേണ്ടതുണ്ട്.

**യുവ വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി**

162 (526) <u>ശ്രീ. എം. സ്വരാജ്</u> :
<u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവ, വിദ്യാർത്ഥി സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഇത്തരം സംരംഭകരുടെ നൂതന ആശയങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) യുവ സംരംഭകർക്കായി സംരംഭകത്വ അവബോധ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) യുവ സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി സീഡ് ക്യാപ്പിറ്റൽ അസിസ്റ്റൻസ് സ്കീം ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര തുക സംരംഭകർക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും യുവ സംരംഭകരെ വളർത്തിയെടുക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്) പ്രവർത്തിച്ചുവരുന്നു. കേരള എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (കീഡ്, കളമശ്ശേരി) വഴി ക്ലബ്ബ് അംഗങ്ങൾക്കും കോ-ഓർഡിനേറ്റർമാർക്കും പരിശീലന ശിൽപ്പശാലകൾ നടത്തി വരുന്നു. യുവസംരംഭകർക്കായി സംസ്ഥാനത്തെ വിവിധ റിസർച്ച് സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ തുടങ്ങിയവയിലൂടെ സംസ്ഥാനത്തെ വ്യവസായിക മേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും നൂതനമായ സംരംഭങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനായിട്ടും "Industry varsity linkage scheme" എന്ന പദ്ധതി വ്യവസായ വകുപ്പ് ആവിഷ്കരിക്കുന്നു. പ്രസ്തുത സ്കീം വഴി മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും അതുവഴി നൂതനമായ ആശയങ്ങൾ സൃഷ്ടിക്കുകയും വ്യാവസായിക മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് ഗവേഷണ പഠനങ്ങൾ നടത്തി പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യുകയെന്നതാണ് പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) ഉണ്ട്. സംസ്ഥാനത്ത് വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

(സി) ഉണ്ട്. എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്ന ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ എന്നിവയിൽ യുവസംരംഭകർക്കും പങ്കെടുക്കാവുന്നതാണ്.

(ഡി) ഉണ്ട്. പദ്ധതി പ്രകാരം ലഭിക്കാവുന്ന പരമാവധി ധനസഹായം മൊത്ത നിക്ഷേപത്തിന്റെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും. ഇതുവരെ 50 സംരംഭകർക്കായി 10.68 കോടി രൂപ പ്രാരംഭ മൂലധന സഹായമായി അനുവദിച്ചിട്ടുണ്ട്.

## വിവിധ വിഭവ സ്രോതസ്സുകൾ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിന് നടപടി

163 (527) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിന്റെ തനതായ വിഭവ സ്രോതസ്സുകളായ അപൂർവ ലോഹമണൽ, സുഗന്ധ ദ്രവ്യങ്ങൾ, ഔഷധച്ചെടികൾ, ശുദ്ധജലം, ജനങ്ങളുടെ മെച്ചപ്പെട്ട ബൗദ്ധിക സമ്പത്ത്, വനസമ്പത്ത്, മത്സ്യസമ്പത്ത് എന്നിവയുടെയും ഡിമാന്റിന്റേയും അടിസ്ഥാനത്തിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പ്പാദിപ്പിക്കുന്നതിന് കേരളത്തിന് കഴിയാത്തതിന്റെ കാരണം വിശദീകരിക്കാമോ ?

ഉത്തരം

ലോഹമണൽ, സുഗന്ധ ദ്രവ്യങ്ങൾ, ഔഷധച്ചെടികൾ, ശുദ്ധജലം, വന സമ്പത്ത്, മത്സ്യസമ്പത്ത് എന്നിവയുടെ അടിസ്ഥാനത്തിലുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ജനങ്ങളുടെ ബൗദ്ധിക സമ്പത്ത് ഈ മേഖലയിൽ പ്രയോജനപ്പെടുത്തുന്നുമുണ്ട്. പരിസ്ഥിതി പ്രശ്നങ്ങൾ, ലൈസൻസ് ക്ലിയറൻസിനുള്ള കാലതാമസം, ഭൂമിയുടെ ലഭ്യതക്കുറവ്, സംരംഭകത്വ മനോഭാവത്തിന്റെ അഭാവം തുടങ്ങിയവ അവസരങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് വിഘാതമായിട്ടുണ്ട്.

ഈ തടസ്സങ്ങൾ മാറ്റി സുതാര്യമായ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

## വനിതാ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

164 (528) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൂടുതൽ വനിതകളെ സംരംഭകത്വത്തിലേയ്ക്ക് ആകർഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കെ.എസ്.ഐ.ഡി.സി, 'വി മിഷൻ കേരള ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) സ്വന്തമായി വ്യവസായ സംരംഭങ്ങളുള്ള വനിതാ സംരംഭകരെ അടുത്ത തലത്തിലേയ്ക്ക് എത്തിക്കാനുതകുന്ന എന്തെല്ലാം നടപടികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) വസ്ത്ര നിർമ്മാണ മേഖലയിലും കയറ്റുമതി രംഗത്തുമുള്ള വനിതാ സംരംഭകർക്കായി 'വി സ്പേസ്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിലെ വ്യവസായ മേഖലയുടെ മുഖ്യധാരയിലേക്ക് വനിതാ വ്യവസായികളെ ആകർഷിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ തുടങ്ങുവാനും മറ്റുമായി കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി) മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് വനിതാ സംരംഭകത്വ മിഷൻ അഥവാ 'വീ' മിഷൻ (WE MISSION). വനിതാ സംരംഭകർക്ക് ഉപദേശക നിർദ്ദേശ പിന്തുണയും നെറ്റ് വർക്കിംഗ് മീറ്റിംഗുകളുംവഴി വ്യവസായ സംരംഭകരെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുവാൻ സഹായിക്കുന്നതിനും അതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിന് മുൻപിൽ പ്രദർശിപ്പിക്കുന്നതിനും സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനുള്ള സാഹചര്യമൊരുക്കുകയുയുമാണ് 'വീ മിഷൻ' വഴി സർക്കാർ ലക്ഷ്യമിടുന്നത്.

(സി) 'വീ മിഷൻ' മുഖേന കേരളത്തിലെ വനിതാ വ്യവസായികളെ അടുത്ത തലത്തിലേയ്ക്ക് എത്തിക്കുന്നതിന് താഴെ പറയുന്ന അഞ്ച് തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.

1. മെന്റിംഗ് സപ്പോർട്ട്- വനിതാ സംരംഭകർക്ക് വ്യവസായത്തിൽ മുന്നേറുവാനുള്ള ഉപദേശ നിർദ്ദേശങ്ങൾ ലഭിക്കുവാനുള്ള അവസരം.

2. മറ്റ് വ്യവസായ യൂണിറ്റുകളിലേയ്ക്കുള്ള സന്ദർശനങ്ങൾ-വിജയപ്രദമായ വനിതാ സംരംഭകരുടെ യൂണിറ്റുകൾ സന്ദർശിച്ച് പ്രവർത്തനം മനസ്സിലാക്കുവാനുള്ള അവസരം.

3. വിപണന ശൃംഖല വിപുലീകരിക്കൽ- ഈ മേഖലയിലുള്ളവരുമായി മികച്ച രീതിയിൽ ബന്ധം സ്ഥാപിച്ചെടുക്കാൻ അവസരം.

4. ഹ്രസ്വകാല സാമ്പത്തിക സഹായം- സ്ത്രീ സംരംഭകരുടെ നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന (മാനുഫാക്ചറിംഗ്) ബിസിനസ്സ് സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായുള്ള ബിസിനസ്സ് വിപുലീകരണത്തിനോ ആധുനികവൽക്കരണത്തിനോ, വൈവിധ്യവൽക്കരണത്തിനോ ഉള്ള ഹ്രസ്വകാല സാമ്പത്തിക വായ്പ.

5. അടിസ്ഥാന സൗകര്യ സഹായങ്ങൾ - വനിതാ സംരംഭകർക്ക് വ്യവസായ വിപുലീകരണത്തിലുള്ള അടിസ്ഥാന സൗകര്യ വികസനം.

(ഡി) കെ.എസ്.ഐ.ഡി.സി.-യുടെ വനിതാ സംരംഭകത്വ മിഷന്റെ കീഴിൽ കേരളത്തിലെ ആദ്യത്തെ അടിസ്ഥാന സൗകര്യ വികസന സംരംഭമാണ് വനിതകൾക്ക് മാത്രമായി അങ്കമാലിയിലെ ഇങ്കൽ ടവറിൽ 42284 ചതുരശ്ര അടിയിൽ സജ്ജമാക്കിയിരിക്കുന്ന വീ സ്പെയ്സ് അഥവാ വനിതാ അപ്പാരൽ പാർക്ക്. വസ്ത്രനിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന വനിതാ സംരംഭകരെ ഒരു കുടക്കീഴിൽ കൊണ്ടുവരുവാനും ഈ മേഖലയിലെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടിയാണ് വീ സ്പെയ്സ് പ്രവർത്തന സജ്ജമാക്കിയിരിക്കുന്നത്. വളരെ ചുരുങ്ങിയ നിരക്കിലാണ് ഈ സൗകര്യം സംരംഭകർക്ക് നൽകുന്നത്.

**പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ**

165 (529) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കുകയോ, ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) കേരളത്തിൽ പ്രവർത്തിക്കുന്നതും എന്നാൽ കേന്ദ്രസർക്കാർ ഉടമസ്ഥതയിലുള്ളതുമായ പൊതുമേഖലാ സ്ഥാപനം, കേന്ദ്ര സർക്കാരിന്റെ ഓഹരി വില്പനയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നവീകരണ വിപുലീകരണ പദ്ധതികൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള നടപടികൾക്കാണ് ഊന്നൽ നൽകിവരുന്നത്.

ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടേയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനഃരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം, മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ബി) പൊതുമേഖലയെ സംരക്ഷിക്കുമെന്ന സംസ്ഥാന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവൽക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

Kerala Electrical & Allied Engg. Co. Ltd,-ഉം Bharat Heavy Electricals Ltd (BHEL)-മായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് (BHEL Electrical Machines Ltd) എന്ന കമ്പനിയിലെ ഭെലിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്ര സർക്കാർ തീരുമാനിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ താൽപ്പര്യം പരിഗണിച്ച് ഈ സ്ഥാപനത്തെ ഏറ്റെടുത്ത് പൊതുമേഖലയിൽ തന്നെ നിലനിർത്തുവാൻ 12-06-2017-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായിട്ടുണ്ട്.

## ഒളവണ്ണ ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ

166 (530) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളവണ്ണ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിൽ എത്ര തൊഴിലാളികൾ ഉണ്ടെന്നും പ്രസ്തുത തൊഴിലാളികൾ എത്ര വർഷമായി ജോലി ചെയ്യുന്നവരാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ പ്രൊബേഷൻ വർഷങ്ങളായി പ്രഖ്യാപിക്കാതിരിക്കുന്നതും അർഹതപ്പെട്ട വാർഷിക ഇൻക്രിമെന്റുകൾ നല്കാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതു പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

ഉത്തരം

(എ) ഒളവണ്ണ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിൽ 15 ജീവനക്കാരുണ്ട്. ഇവരിൽ 2011 മുതൽ 3 പേരും 2012 മുതൽ 5 പേരും 2014 മുതൽ 6 പേരും 2015 മുതൽ ഒരാളും ഇവിടെ ജോലി ചെയ്യുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒളവണ്ണ ടൂൾ റൂം കം ട്രെയിനിംഗ് സെന്ററിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് പഠനം നടത്തുന്നതിന് സിഡ്കോയുടെ ഡയറക്ടർ ബോർഡ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

**നിക്ഷേപ സൗഹൃദ സംസ്ഥാനം**

167 (531) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനം ആക്കി തീർക്കുന്നതിന് പുതുതായി പ്രഖ്യാപിച്ച കരട് വ്യവസായ വാണിജ്യ നയം ഏതു തരത്തിൽ ലക്ഷ്യമിടുന്നെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുമേഖലയിലും സ്വകാര്യ മേഖലയിലും വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നയത്തിൽ എന്തൊക്കെ കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്;

(സി) നവ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ട അനുമതി ലഭ്യമാക്കുന്നതിനും അനാവശ്യ കാലതാമസം ഒഴിവാക്കുന്നതിനും വ്യവസായ സംരംഭങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും എന്തൊക്ക മാർഗ്ഗങ്ങളാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കയറ്റുമതി പ്രോൽസാഹനം, വെണ്ടർ രജിസ്ട്രേഷൻ പദ്ധതികൾ, ഭാരത സർക്കാരിന്റെ വിവിധ പദ്ധതികളുമായുള്ള ഇന്റഗ്രേഷൻ, വ്യവസായ ക്ലസ്റ്ററുകളുടെ രൂപീകരണം, പരമ്പരാഗത വ്യവസായ വളർച്ചയിലുള്ള ഊന്നൽ, സ്റ്റാർട്ട് അപ്പുകൾ, വനിതാ സംരംഭങ്ങൾ, എൻ.ആർ.ഐ. സംരംഭകർ എന്നീ മേഖലകൾക്കുള്ള പ്രത്യേക പരിഗണന, വാണിജ്യ മിഷന്റെ രൂപീകരണം,

ഏകജാലക സംവിധാനത്തെ ശക്തിപ്പെടുത്തൽ തുടങ്ങി കരട് വ്യവസായ നയത്തിൽ ഊന്നൽ നൽകുന്ന പദ്ധതികളെല്ലാംതന്നെ കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കിത്തീർക്കുന്നതിന് ഉതകുന്നതാണ്. നിലവിലുള്ള വ്യവസായ നിക്ഷേപകരിൽ നിന്ന് ബെസ്റ്റ് അംബാസഡർമാരെ അംഗീകരിക്കുക വഴി മറ്റുള്ളവരുടെ സേവനങ്ങൾക്ക് സർക്കാർ മുൻതൂക്കം നൽകും. നിക്ഷേപകരുടെ സംരക്ഷണത്തിനായി സെക്രട്ടറിമാർ അടങ്ങിയ ഒരു കമ്മിറ്റി ചീഫ് സെക്രട്ടറിയുടെ കീഴിൽ രൂപീകരിക്കുന്നതാണ്. പ്രസ്തുത കമ്മിറ്റി നിക്ഷേപകരുടെ പരാതി നിശ്ചിത സമയത്തിനുള്ളിൽ പരിഗണിക്കുന്നതാണ്.

കേരളത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുകയെന്ന നയം സ്വകാര്യ മേഖലയുടെ കുത്തക നിയന്ത്രിക്കാൻ കഴിയുന്നു. പൊതുമേഖലയെ കേവലം ലാഭമുണ്ടാക്കുന്ന സംരംഭങ്ങൾ മാത്രമായി ചുരുങ്ങാതെ സ്വകാര്യ മേഖലയിലെ ഉയർന്ന സാങ്കേതിക വിദ്യയുള്ള വ്യവസായങ്ങളെ സഹായിക്കുന്ന തരത്തിലുള്ള ചുമതലകൾ ഏറ്റെടുക്കാൻ കഴിയുന്ന രീതിയിൽ പൊതുമേഖലാ സ്ഥാപനങ്ങളെ മാറ്റിയെടുക്കാവുന്നതാണ്. അതുവഴി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയുമായി പൊതുമേഖലാ സ്ഥാപനങ്ങൾക്കുള്ള ബന്ധത്തിന്റെ തീവ്രത വർദ്ധിപ്പിക്കാൻ കരട് വ്യവസായ നയം ലക്ഷ്യമിടുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പൊതുവായ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിലേയ്ക്കായി പ്രൊഫഷണൽ മാനേജർമാരെ നിയമിക്കുകയും ഒരു സ്ഥിരമായ സെലക്ഷൻ ബോർഡ് രൂപീകരിച്ച് സുതാര്യമായ രീതിയിൽ ഉയർന്ന മാനേജ്മെന്റ് തസ്തികകളിലേക്കുള്ളവരെ തെരഞ്ഞെടുക്കുകയും ചെയ്യും. ഒരേതരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് പ്രവർത്തനം മെച്ചപ്പെടുത്തും. ഓപ്പൺ ആക്സസ് മുഖാന്തരം വൈദ്യുതി നൽകുന്നതിനുള്ള നടപടി കൈക്കൊള്ളും. വിപണി കേരളത്തിന് പുറത്തേക്കും വ്യാപിപ്പിക്കും. അസംസ്കൃത വസ്തുക്കളുടെ വാങ്ങലിനും വിൽപ്പനയ്ക്കും പൊതു മാനദണ്ഡങ്ങൾ ഏർപ്പെടുത്തും.

(സി) നവ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ട അനുമതി ലഭ്യമാക്കുന്നതിനും അനാവശ്യ കാലതാമസമൊഴിവാക്കുന്നതിനും വ്യവസായ സംരംഭങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങളാണ് കരട് വ്യവസായ നയത്തിൽ ഉദ്ദേശിക്കുന്നത്.

1. വൈറ്റും ഗ്രീനും വിഭാഗങ്ങൾ തരംതിരിക്കുന്നതിന് സ്വയം സാക്ഷ്യപ്പെടുത്തുന്ന വ്യവസ്ഥ ഏർപ്പെടുത്തുന്നതിനെപ്പറ്റി ആലോചിക്കും.

2. തേഡ് പാർട്ടി സർട്ടിഫിക്കേഷൻ സംസ്ഥാനത്തിൽ ഒരു സംരംഭം തുടങ്ങുന്നതിന് പരിഗണിക്കും.

3. ക്ലിയറൻസിന് ഏറ്റവും കൂടുതൽ 30 ദിവസം എന്ന ആശയം നടപ്പാക്കുന്നത് പരിഗണിക്കും.

4. നിക്ഷേപകരുടെ അപേക്ഷയിന്മേൽ നടത്തേണ്ട നടപടിക്രമങ്ങൾ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തും.

5. ആരംഭത്തിൽ അനുവദിക്കുന്ന ലൈസൻസ് കാലാവധി എല്ലാ വകുപ്പുകൾക്കും 5 വർഷം എന്ന് നിജപ്പെടുത്തുന്നതിലേക്കായി നടപടി കൈക്കൊള്ളും.

6. ഓരോ വകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന ലൈസൻസുകൾ 'റൈറ്റ് ടു സർവ്വീസസ് ആക്ടിനു വിധേയമായിരിക്കണം.

7. സർട്ടിഫിക്കറ്റ് വാലിഡേഷൻ, അപ്രൂവൽ തുടങ്ങിയ എല്ലാ വിവരങ്ങളും വെബ്പോർട്ടലിൽ നൽകും.

8. കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ആക്ട് 1999 വിപുലീകരിച്ച് ഓൺലൈൻ ക്ലിയറൻസ് മെക്കാനിസം തുടങ്ങും.

9. ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് വിവിധ വകുപ്പുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തികൊണ്ട് കെ.എസ്.ഐ.ഡി.സി.-യെ നോഡൽ ഏജൻസിയായി നിയോഗിക്കും. കൂടാതെ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് എന്നിവ രൂപീകരിക്കുന്നതിനും വിഭാവന ചെയ്തിട്ടുണ്ട്.

10. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി വിവിധ വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥന്മാർ ഉൾപ്പെട്ട ഒരു ജില്ലാ സമിതി രൂപീകരിക്കും.

11. ക്ലിയറൻസിനായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും ഒരു പൊതു വെബ് പോർട്ടൽ തുടങ്ങി ബന്ധപ്പെട്ട മറ്റ് വകുപ്പുകളുമായി ബന്ധപ്പെടുത്തും.

12. പൊതു വെബ് പോർട്ടലിൽ എല്ലാ അപേക്ഷകളും ഒരു സിംഗിൾ പോയിന്റ് വഴി സ്വീകരിക്കും.

13. സർക്കാർ ട്രഷറി, ദേശസാൽകൃത ബാങ്ക് എന്നിവിടങ്ങളിലെ പ്രവർത്തനം പോലെ വെബ് പോർട്ടൽ വഴി 'ഓൺലൈൻ പേമെന്റ് സിസ്റ്റം' ആരംഭിക്കുന്നതിന് നടപടിയെടുക്കും.

14. വ്യാവസായിക ആവശ്യത്തിന് സംസ്ഥാനത്തിന് ലഭ്യമായ സ്ഥല വിവരങ്ങൾ വെബ് പോർട്ടലിൽ ലഭ്യമാക്കുന്ന നടപടി ആരംഭിക്കും.

15. വിവിധ വകുപ്പുകളിൽ അപേക്ഷ സമർപ്പിക്കുന്നതിനായി പൊതുവായ സി.എ.എഫ്. (കോംപസിററ് ആപ്ലിക്കേഷൻ ഫോം- CAF) നടപ്പാക്കും.

## വ്യവസായ ബൃഹത് സോണുകൾ

168 (532) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിൽ അഞ്ച് വ്യവസായ ബൃഹത് സോണുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ വ്യാവസായിക വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ബി) പദ്ധതി പ്രഖ്യാപനം കഴിഞ്ഞ് ഒരു വർഷം കഴിഞ്ഞിട്ടും, മങ്കടയിൽ പ്രഖ്യാപിച്ച വ്യവസായ സോൺ സംബന്ധിച്ച നടപടികൾ പുരോഗമിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് കിൻഫ്ര നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

### ഉത്തരം

(എ) 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 5 ബൃഹത് വിവിധോദ്ദേശ സോണുകളിൽ പട്ടന്നൂർ-പനയത്തു പറമ്പിൽ, തൊടുപുഴ, മങ്കട എന്നീ സ്ഥലങ്ങളിൽ ഭൂമി കണ്ടെത്തിയിരുന്നു. വിഴിഞ്ഞത്തും കാസർഗോഡും ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ തുടർന്നുവരുന്നു.

(ബി&സി) മങ്കട വില്ലേജിൽ കിൻഫ്ര വ്യവസായ സോൺ സ്ഥാപിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സ്ഥലം ഉടമകളുമായി ജില്ലാകളക്ടർ ചർച്ചകൾ നടത്തിയിരുന്നുവെങ്കിലും ഭൂമി വിലയിൽ തീരുമാനമാകാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി സർക്കാർ ഉപേക്ഷിക്കുകയുണ്ടായി.

## മാവൂർ ഗ്രാസിം ഫാക്ടറി

169 (533) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാസിം ഫാക്ടറിക്കായി സർക്കാർ എത്ര സ്ഥലമാണ് അക്വയർ ചെയ്തു നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥലം ഉപയോഗപ്പെടുത്തി വ്യവസായം ആരംഭിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സ്ഥലം നിയമനിർമ്മാണം വഴി ഏറ്റെടുക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ഈ സർക്കാർ വന്നതിനുശേഷം ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) 240.39 ഏക്കർ സ്ഥലം മാവൂർ ഗ്രാസിം ഫാക്ടറിക്കുവേണ്ടി അക്വയർ ചെയ്തിരുന്നു. എന്നാൽ 1-07-2001-ൽ പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം നിലയ്ക്കുകയുണ്ടായി.

പ്രസ്തുത സ്ഥലത്ത് സംസ്ഥാനത്തിന്റെ തൊഴിൽ സാധ്യത കണക്കിലെടുത്ത് ഒരു പദ്ധതി ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തി നിർദ്ദേശം സമർപ്പിക്കുന്നതിന് 29-03-2017-ൽ ബഹു.വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് മെ.ഗ്രാസിം കമ്പനി ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത് WP(C) 12851/06 ഇപ്പോഴും നിലനിൽക്കുകയാണ്.

ഈ സാഹചര്യത്തിൽ മേൽപ്പറഞ്ഞ കേസിലെ കോടതി തീരുമാനത്തിന്റെയും കെ.എസ്.ഐ.ഡി.സി. സമർപ്പിക്കുന്ന നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സാധ്യമാവുകയുള്ളൂ.

**ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് ജി.എസ്.ടി. മൂലമുള്ള ബുദ്ധിമുട്ട്**

170 (534) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്ക് ചരക്ക് സേവന നികുതി നടപ്പിലാക്കിയത് മൂലമുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉല്പന്നങ്ങളുടെ വിതരണത്തിൽ ജി. എസ്. ടി. ചുമത്തപ്പെടുകയും ഇൻപുട്ട് ക്രെഡിറ്റ് ലഭ്യമാകാതെ വരുകയും ചെയ്യുന്നതുമൂലം ചെറുകിട- ഇടത്തരം വ്യവസായ സംരംഭകരുടെ ഉല്പന്നങ്ങൾക്ക് വിലവർദ്ധനയുണ്ടാകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(സി) എല്ലാ ചരക്കുകൾക്കും സേവനങ്ങൾക്കും ഒരേ നിരക്കിലുള്ള നികുതി ജി.എസ്.ടി.-യിൽ അടക്കേണ്ടതിനാൽ വൻകിട കമ്പനികളുമായി മത്സരിക്കുന്ന ചെറുകിട കമ്പനികൾക്ക് തിരിച്ചടിയാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അവരെ സാഹായിക്കുവാൻ എന്ത് നടപടിയാണ് കൈക്കൊള്ളുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 75 ലക്ഷത്തിന് താഴെ വാർഷിക വിറ്റുവരവുള്ള ചെറുകിട വ്യവസായ സംരംഭകർക്ക് ജി.എസ്.ടി. നിയമത്തിലെ വകുപ്പ് 10 (2)-ൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി വകുപ്പ് (10) പ്രകാരം കോമ്പോസിഷൻ സ്കീം തെരഞ്ഞെടുത്തു കുറഞ്ഞ നിരക്കിൽ നികുതി ഒടുക്കിയാൽ മതിയാകുന്നതാണ്.

(ബി) അസംസ്കൃത വസ്തുക്കൾ രജിസ്റ്റേർഡ് ഡീലേഴ്സിൽ നിന്നുമാണ് വാങ്ങുന്നതെങ്കിൽ ഒടുക്കിയ നികുതിക്കുള്ള ക്രെഡിറ്റ് ഉല്പാദകർക്കു ലഭ്യമാകുന്നതാണ്. രജിസ്ട്രേഷൻ ഇല്ലാത്ത വ്യാപാരികളിൽ നിന്നും വാങ്ങുന്ന വസ്തുക്കൾക്ക് റിവേഴ്സ് ചാർജ് എന്ന ഇനത്തിൽ ഉല്പാദകൻ നികുതി ഒടുക്കേണ്ടതുണ്ട്. എന്നാൽ ഈ രണ്ട് തരത്തിൽ നൽകിയ നികുതികൾക്കു ഉല്പാദകർക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്/ സെറ്റ് ഓഫ് എടുക്കുവാൻ കഴിയുന്നതാണ്. ആയതിനാൽ ഇൻപുട്ട് ക്രെഡിറ്റ് എടുക്കുവാൻ കഴിയാതിരിക്കുന്നതുമൂലം ഉത്പന്നങ്ങൾക്ക് വില വർദ്ധന ഉണ്ടാകുന്ന സാഹചര്യവും ഉണ്ടായിട്ടില്ല.

(സി) ജി.എസ്.ടി. നിലവിൽ വരുന്നതിന് മുൻപുണ്ടായിരുന്ന നികുതി സമ്പ്രദായമായ വാറ്റ് നിയമത്തിലും ഉത്പന്നങ്ങളുടെ നികുതി നിരക്കിൽ വൻകിട- ചെറുകിട വ്യത്യാസം ഉണ്ടായിരുന്നില്ല. ഇപ്പോഴും അതേ അവസ്ഥ തന്നെയാണ് നിലനിൽക്കുന്നത്.

## വ്യവസായ വകുപ്പിലെ ഒഴിവുകൾ

171 (535) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിൽ വ്യവസായ വകുപ്പിലുള്ള ഒഴിവുകളുടെ തസ്തിക തിരിച്ചുള്ള വിശദാംശം അറിയിക്കുമോ;

(ബി) ഈ ഒഴിവുകൾ എപ്പോൾ നികത്താനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) മാനേജർ-1, അസിസ്റ്റന്റ് ഡയറക്ടർ-1. ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടി യോഗ്യരായ ഉദ്യോഗസ്ഥരുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കി ഒഴിവുകൾ നികത്തുന്നതാണ്.

## വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

172 (536) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. റ്റി. വി. രാജേഷ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) യുവ സംരംഭകർക്ക് കൂടുതൽ പ്രാധാന്യം നൽകി അവരുടെ നൂതനാശയങ്ങൾക്ക് സാക്ഷാത്കാരം നൽകിക്കൊണ്ടുള്ള എന്തെല്ലാം നവീന പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) സ്കൂൾ, കോളേജ് വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ ജില്ലകൾ തോറും ഇ.ഡി. ക്ലബ്ബുകൾക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിലെ സമഗ്ര വികസനത്തിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകുന്നതിന് സംരംഭകരെ സഹായിക്കുന്നതിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ച് കൂടുതൽ നിക്ഷേപം ഉറപ്പുവരുത്തുന്നതിനുമായി "സംരംഭകത്വ സഹായ പദ്ധതി" വഴി സാമ്പത്തിക സഹായം നൽകുന്നുണ്ട്. പുതിയ സംരംഭകർക്ക് ദിശാബോധം നൽകി അവരെ വ്യവസായികൾ എന്ന നിലയ്ക്ക് വളർത്തിയെടുക്കുന്നതിന് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, എമർജിംഗ് കേരള തുടങ്ങിയവ സംഘടിപ്പിക്കുകയും അതിലൂടെ സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വിപണന സാദ്ധ്യത വർദ്ധിപ്പിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ സംസ്ഥാന തലങ്ങളിൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിക്കുന്നുമുണ്ട്.

സംസ്ഥാനത്ത് ഉടനീളമുള്ള വ്യവസായ സംരംഭകരും റിസർച്ച്/സാങ്കേതിക സ്ഥാപനങ്ങളും തമ്മിൽ ശക്തമായ ഒരു ബന്ധം സ്ഥാപിച്ചുകൊണ്ട് വ്യവസായ മേഖലയിൽ നിലവിലുള്ള പല സാങ്കേതിക പ്രശ്നങ്ങൾക്കും പരിഹാരം കാണുക എന്നൊരു ലക്ഷ്യത്തിനായി "Industry-Varsity Linkage Scheme" എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 100.00 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. 2017-18 വർഷത്തിലേക്ക് ചെറുകിട ഇടത്തരം വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 138.01 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നൂതന ആശയങ്ങളോടെയുള്ള പുതിയ ചെറുകിട സംരംഭങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. പ്രാരംഭ മൂലധനമായി 25 ലക്ഷം രൂപവരെ വായ്പ നൽകുന്നു.

(ബി) 1. യുവ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ.ഡി.ക്ലബ്ബുകൾ രൂപീകരിക്കുകയും അവയ്ക്ക് സാമ്പത്തിക സഹായം ചെയ്യുന്നതുകൂടാതെ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നു.

2. വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഇ.ഡി.പി., ടെക്നോളജി ക്ലിനിക്ക്, ഇൻവെസ്റ്റേഴ്സ് മീറ്റുകൾ, സെമിനാറുകൾ എന്നിവയിലും സംരംഭകരെ പങ്കെടുപ്പിക്കുന്നു.

3. സർവ്വകലാശാലകൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും സാങ്കേതിക ദാതാക്കൾക്കും ഗവേഷണം നടത്തുവാൻ വേണ്ട സാമ്പത്തിക സഹായം ലഭ്യമാക്കാൻ ലക്ഷ്യമിട്ട് ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ് എന്ന പുതിയ പദ്ധതിയും നടപ്പിലാക്കുന്നു.

(സി) സ്കൂൾ, കോളേജ് തലത്തിലെ വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലകളിൽ ഇ.ഡി. ക്ലബ്ബുകൾ (Entrepreneurs Development Club) രൂപീകരിച്ചിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഇ.ഡി.ക്ലബ്ബുകളിലെ വിദ്യാർത്ഥികളിൽ സംരംഭക അവബോധം ഉണ്ടാക്കുന്നതിന് ബോധവത്കരണ പരിപാടികളും പരിശീലന ശില്പശാലകളും നടത്തിവരുന്നു.

**വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

173 (537) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം ; വ്യക്തമാക്കുമോ;

(ബി) വ്യവസായ പാർക്കിന് വേണ്ട ചുരുങ്ങിയ വിസ്തൃതി എത്രയെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വ്യവസായ പാർക്കുകൾക്ക് യോജിച്ച സ്ഥലം സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയ്ക്ക് വിധേയമായി അക്വയർ ചെയ്ത് വ്യവസായ മേഖലയായി വിജ്ഞാപനം ചെയ്യുന്നതാണ്. ഇത് സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ ജി.ഒ.(ആർ.റ്റി) നമ്പർ 732/17/വ്യവ. തീയതി 24/5/2017, ജി.ഒ. (എംഎസ്.) 47/17/വ്യവ. തീയതി 20-06-2017 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള വ്യവസായ ഏരിയ/പ്ലോട്ട് എന്നിവയ്ക്ക് ഇത്ര സ്ഥലം വേണമെന്ന് നിഷ്കർഷിച്ചിട്ടില്ല. എന്നാൽ സ്വകാര്യ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനാവശ്യമായ ചുരുങ്ങിയ വിസ്തൃതി 50 ഏക്കർ ആയി നിജപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വ്യവസായ എസ്റ്റേറ്റുകൾ

174 (538) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകൾ വിപുലപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) എല്ലാ ജില്ലകളിലും വ്യവസായ എസ്റ്റേറ്റുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എല്ലാ ജില്ലകളിലും വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള വ്യവസായ എസ്റ്റേറ്റുകൾ വിപുലപ്പെടുത്താൻ ആലോചനയില്ല. എന്നാൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്താനും ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. അതുപോലെ വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ നിയന്ത്രണത്തിലുള്ള ഒലവക്കോട്, കാസർഗോഡ്, കല്ലേറ്റുംകര, ഒല്ലൂർ, കരുനാഗപ്പള്ളി എന്നീ വ്യവസായ എസ്റ്റേറ്റുകളിൽ ഒഴിവുള്ള ഭൂമി കണ്ടെത്താനുള്ള ഡിജിറ്റൽ സർവ്വേ പൂർത്തിയാകുന്നതോടെ, കണ്ടെത്തുന്ന ഭൂമിയിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് ചെറുകിട വ്യവസായികൾക്ക് വാടകയ്ക്ക് നൽകുവാനും ആലോചിക്കുന്നുണ്ട്. കൂടാതെ അമരവിളയിലുള്ള (മുൻ ടൈൽ ഫാക്ടറി) ഭൂമിയിലും സിഡ്കോ വ്യവസായ സമുച്ചയം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) വ്യവസായ വാണിജ്യ ഡയറക്ടറുടെ നിയന്ത്രണത്തിൽ വയനാട് ജില്ലയൊഴികെ എല്ലായിടത്തും വ്യവസായ എസ്റ്റേറ്റുകൾ നിലവിലുണ്ട്. എന്നാൽ സിഡ്കോയ്ക്ക് എല്ലാ ജില്ലകളിലും വ്യവസായ എസ്റ്റേറ്റുകൾ നിലവിലുണ്ട്.

## മൾട്ടി സ്റ്റോറീഡ് ഇൻഡസ്ട്രിയൽ ശാലകൾ

175 (539) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൾട്ടി സ്റ്റോറീഡ് ഇൻഡസ്ട്രിയൽ ശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇത്തരത്തിലുള്ള ഇൻഡസ്ട്രിയൽ ശാലകൾ ആരംഭിക്കുന്നതിലൂടെ ലക്ഷ്യമിടുന്നതെന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എറണാകുളം ജില്ലയിലെ ഇടയാറിൽ ഒരു ബഹുനില സമുച്ചയം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ചുകഴിഞ്ഞു. തൃശ്ശൂരിൽ പുഴയ്ക്കൽപ്പാടത്ത് ഒരു സമുച്ചയത്തിന്റെ പണി പൂർത്തിയായി. മലപ്പുറത്ത് മഞ്ചേരിയിൽ ഒരു സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. തിരുവനന്തപുരത്ത് വേളിയിൽ രണ്ട് സമുച്ചയങ്ങളും തൃശ്ശൂർ പുഴയ്ക്കൽ പാടത്ത് രണ്ടാമത്തെ സമുച്ചയം, ആലപ്പുഴ ജില്ലയിലെ പുന്നപ്ര, പാലക്കാട് ജില്ലയിലെ പുതുശ്ശേരി, ഷൊർണ്ണൂർ എന്നിവിടങ്ങളിൽ ഒന്നു വീതവും സമുച്ചയങ്ങളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കിൻഫ്രയുടെ നേതൃത്വത്തിൽ താഴെപ്പറയുന്ന സ്ഥലങ്ങളിൽ ബഹുനില വ്യവസായ കെട്ടിട സമുച്ചയം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് :

1. കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കഞ്ചേരിയിലെ 100000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ബഹുനില ഫാക്ടറി കെട്ടിടത്തിന്റെ രണ്ടാംഘട്ട വികസനം.
2. കിൻഫ്ര വ്യവസായ പാർക്ക് രാമനാട്ടുകരയിൽ 100000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ബഹുനില ഫാക്ടറി കെട്ടിക സമുച്ചയം.
3. കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്, തിരുവനന്തപുരം-ഐ.ടി/ഐ.ടി. അധിഷ്ഠിത മേഖലയിലെ രണ്ടാംഘട്ട വികസനം (പ്രത്യേക സാമ്പത്തിക മേഖല) (230000 ചതുരശ്രയടി വിസ്തീർണ്ണം)

(ബി) സംസ്ഥാനത്ത് ഭൂമിയുടെ ലഭ്യതക്കുറവ് പരിഗണിച്ച് കൂടുതൽ വ്യവസായ സംരംഭകർക്ക് അവരുടെ വ്യവസായങ്ങൾ ആരംഭിക്കുവാൻ അനുയോജ്യമായ ഒരു സംവിധാനമാണ് ബഹുനില വ്യവസായ സമുച്ചയം. ഇത്തരം സമുച്ചയങ്ങൾ സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഏറ്റവും അനുയോജ്യമാണ്. ഇത്തരം വ്യവസായ കെട്ടിട സമുച്ചയങ്ങൾവഴി കൂടുതൽ നിക്ഷേപവും തൊഴിലവസരങ്ങളും ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## കോതമംഗലം മണ്ഡലത്തിലെ റാഡോ ടയേഴ്സ്

176 (540) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഏക വ്യവസായ സ്ഥാപനമായ സീയറ്റിന്റെ ഉടമസ്ഥതയിലുള്ള റാഡോ ടയേഴ്സ് പ്രവർത്തനം നിർത്തിവച്ചിട്ടുള്ളതും പ്രസ്തുത സ്ഥാപനം അടച്ചുപൂട്ടുന്നതിന്റെ ഭാഗമായി 300-ഓളം തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥയിലേക്ക് മാനേജ്മെന്റ് നടപടി സ്വീകരിച്ചു വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഈ പ്രശ്നത്തിൽ വിളിച്ചുചേർത്ത അനുരഞ്ജന ചർച്ചയിൽ എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) പ്രസ്തുത തീരുമാനങ്ങളിൽ ഏതെല്ലാം നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 1998-ൽ സീയറ്റ് റാഡോ ടയേഴ്സ് ഏറ്റെടുക്കുകയും 16 വർഷം നഷ്ടത്തിലായിരുന്നിട്ടും കമ്പനി തുടർന്ന് പ്രവർത്തിച്ചിരുന്നുവെങ്കിലും പരിസര മലിനീകരണം എന്നുള്ള നാട്ടുകാരുടെ പരാതിയുടെ അടിസ്ഥാനത്തിൽ 2016 മാർച്ച് 20-ന് നെല്ലിക്കുഴി പഞ്ചായത്ത് സ്റ്റോപ്പ് മെമ്മോ നൽകിയതിനാലാണ് സ്ഥാപനം പ്രവർത്തിക്കാതായത്. കമ്പനി പുനരുദ്ധരിക്കുവാൻ അഡീഷണൽ ലേബർ കമ്മീഷണറുടെ നേതൃത്വത്തിൽ യോഗം ചേർന്നെങ്കിലും CEAT-ന് നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം തുടർന്ന് പ്രവർത്തിക്കുവാൻ താല്പര്യമില്ലെന്ന് പ്ലാന്റ് മാനേജർ അറിയിച്ചിട്ടുണ്ട്.

(ബി&സി) പ്രസ്തുത വിഷയം ചർച്ച ചെയ്യുന്നതിനായി 2017 ആഗസ്റ്റ് 9-ന് ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ CEAT മാനേജ്മെന്റിനെ ഉൾപ്പെടുത്തി അനുരഞ്ജന യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്.

## തലശ്ശേരി മണ്ഡലത്തിലെ വികസന പദ്ധതികൾ

177 (541) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ എന്തൊക്കെ വികസന പദ്ധതികൾ ആണ് വ്യവസായ വകുപ്പ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന്റെ ഏതൊക്കെ പ്രവൃത്തികൾ ആണ് തലശ്ശേരി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഈ പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജകമണ്ഡലത്തിൽ കിൻഫ്ര വ്യവസായ പാർക്കിൽ 56000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ബഹുനില വ്യവസായ കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് വ്യവസായ സംരംഭകർക്കായി തുറന്നു കൊടുത്തിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന വിവിധ സ്വയം തൊഴിൽ പദ്ധതികളും വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന സംരംഭകത്വ സഹായ പദ്ധതിയും നിലവിലുണ്ട്. ഈ പദ്ധതികൾ പ്രകാരം സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

## പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിനുള്ള പദ്ധതി

178 (542) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനും തൊഴിൽ സംരക്ഷിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരമ്പരാഗത തൊഴിൽ മേഖലയെ സംരക്ഷിക്കുന്നതിനും പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കൈത്തറി മേഖലയിൽ നെയ്ത്തുകാർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ യാൺബാങ്കുകൾവഴി ലഭ്യമാക്കുന്നതിനായി സബ്സിഡിയും മാർജിൻമണി വായ്പയും നൽകുന്ന പദ്ധതി, കൈത്തറി മേഖലയിൽ സ്വയം തൊഴിൽ സൃഷ്ടിക്കൽ പദ്ധതി, നെയ്ത്തുകാർക്കും മറ്റ് തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി, കൈത്തറി തൊഴിലാളികൾക്കുള്ള ഉൽപ്പാദന പ്രോത്സാഹന ധനസഹായ പദ്ധതി, കൈത്തറി ഗ്രാമവും സമഗ്രകൈത്തറി ഗ്രാമവും പദ്ധതി, അംശദാനസമ്പാദ്യപദ്ധതി, കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി,

വിപണന-കയറ്റുമതി പ്രോത്സാഹന പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവത്കരണ പദ്ധതി, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹന പദ്ധതി, പരിശീലനം നൈപുണ്യം ശേഷി വികസന പദ്ധതി, ഒരു വീട്ടിൽ ഒരു തറി പദ്ധതി, പ്രാഥമിക കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരിപങ്കാളിത്തം, ഹാന്റെക്സ് ഹാന്റ് വീവ് എന്നിവയിലെ ഓഹരി പങ്കാളിത്തം എന്നിവ നടപ്പാക്കിവരുന്നു. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നു.

കരകൗശല മേഖലയിൽ തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് 'ASHA' എന്ന പദ്ധതി, വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതി, കരകൗശല ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി, പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്ന പദ്ധതിയും നടപ്പാക്കി വരുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഈ മേഖലയിലെ പൊതുമേഖലസ്ഥാപനമായ കേരള സംസ്ഥാന ബാംബു കോർപ്പറേഷൻ മുഖേന സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ/ പ്രീ-പ്രോസസിംഗ് യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. മുളകൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബു ഇന്നവേഷൻ സെന്ററും മുള സംസ്കരിച്ച് ഫർണിച്ചർ നിർമ്മിക്കുന്നതിനായി ഇംപ്രഗ്നേഷൻ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ മിനിമം വേതന പദ്ധതി, നൂൽപ്പ് തൊഴിലാളികൾക്ക് ഇൻസെന്റീവ് പദ്ധതി, വായ്പ പദ്ധതികൾ എന്നിവ നടപ്പാക്കി വരുന്നു. ഉൽപ്പാദനോപാധികളുടെ ആധുനികവൽക്കരണവും നടന്നുവരുന്നു.

പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി അഭിസംബോധന ചെയ്യുന്നതിന്റെ ഭാഗമായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കയർമേഖലയിൽ കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനം, അടിസ്ഥാന സൗകര്യവികസനത്തിനായി ധനസഹായം,

വിപണി വികസന സഹായം, കയർമേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ, പ്രത്യേക നിക്ഷേപ സഹായ പദ്ധതി, ഉൽപ്പാദനവും വിപണന പ്രചോദനവും പദ്ധതി, വിലവ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി, ക്ലസ്റ്റർ വികസന പദ്ധതി, ചകിരി ഉല്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ്.മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, കയർപിരി/ ഡീ-ഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊര് വിഹിതം സർക്കാർ വഹിക്കുന്ന രീതിയിൽ ഇൻകം സപ്പോർട്ട് സ്കീം, കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു. കൂടാതെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനും തൊഴിൽ സംരക്ഷിക്കാനും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി, ഉൽപ്പാദന വർദ്ധനവിനനുസരിച്ച് പ്രൊഡക്ഷൻ ഇൻസെന്റീവ്, ആരോഗ്യപരമായ പ്രശ്നങ്ങൾക്ക് പരിഹാരമായി ഇൻഷ്വറൻസ് പരിരക്ഷ, വീടിനോട് ചേർന്ന് പണിപ്പുര സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം, സ്കൂൾതലത്തിൽ പഠിക്കുന്ന നെയ്ത്തുകാരുടെ മക്കൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ്, ടെക്നോളജി അപ്ഗ്രഡേഷൻ പദ്ധതി എന്നിവ നടപ്പാക്കിവരുന്നു.

കരകൗശല മേഖലയിലെ തൊഴിലാളികളുടെ ആധുനിക സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ അഭാവവും ഉൽപ്പാദനക്ഷമത കുറവും മെച്ചപ്പെട്ട പണിയായുധങ്ങളുടെ അഭാവം എന്നിവ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റേയും കേന്ദ്ര സർക്കാരിന്റേയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കരകൗശല മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുവാൻ കുടുംബാംഗങ്ങൾക്ക് അനുബന്ധ മേഖലയിൽ വിദഗ്ദ്ധ പരിശീലനം നൽകി സ്വയം സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയെ സംരക്ഷിക്കുന്നതിനും തൊഴിൽസാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ മുഖേന സാമൂഹ്യ യന്ത്രവത്കൃത പനമ്പുനെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, മിനിമം വേജസ് പദ്ധതി/ ഡി.എ. ആനുകൂല്യം എന്നിവ നടപ്പിലാക്കിവരുന്നു.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയ്ക്കുന്നതിന്റെ ഭാഗമായി ചർക്കകളുടേയും തറികളുടേയും ആധുനികവത്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിലൂടെ ഉൽപ്പാദന ക്ഷമതയും വേതനവർദ്ധനവും കൈവരിക്കുവാൻ കഴിയുമെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ മേഖലയിൽ പൂരക വേതന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കയർമേഖലയിൽ സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും മിനിമം കൂലി ഉറപ്പുവരുത്തി സംഭരിക്കുന്നതിനും ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ ന്യായവില നൽകി സംഭരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം നടത്തുന്നതിനും വില വ്യതിയാനം പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അനന്തപുരം വ്യവസായ പാർക്കിൽ വ്യവസായ ആവശ്യത്തിനായി സ്ഥലം**

179 (543) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ അനന്തപുരം വ്യവസായ പാർക്കിൽ വ്യവസായ ആവശ്യത്തിനായി എത്ര ഏക്കർ സ്ഥലമുണ്ട് ;

(ബി) പ്രസ്തുത വ്യവസായ പാർക്കിൽ ഏതെല്ലാം വ്യവസായ സംരംഭങ്ങളാണ് പ്രവർത്തിച്ചു വരുന്നത് എന്ന് അറിയിക്കുമോ;

(സി) വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനായി അനുവദിച്ച ഭൂമിയിൽ ഇതുവരെ വ്യവസായം തുടങ്ങാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത വ്യവസായ പാർക്കിന്റെ അടിസ്ഥാന, ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ അനന്തപുരത്ത് 103 ഏക്കറിൽ വ്യവസായ വികസന പ്ലോട്ടും 108 ഏക്കറിൽ വ്യവസായ വികസന ഏരിയയും നിലവിലുണ്ട്.

(ബി) അനന്തപുരം വ്യവസായ വികസന പ്ലോട്ടിൽ 51 യൂണിറ്റുകളും വ്യവസായ വികസന ഏരിയയിൽ 17 യൂണിറ്റുകളും പ്രവർത്തിക്കുന്നു. പ്ലാസ്റ്റിക്, പി.വി.സി., കയർ, റബ്ബർ, ഭക്ഷ്യം, തടി, ലഘു എഞ്ചിനീയറിംഗ് എന്നിവയുമായി ബന്ധപ്പെട്ട സംരംഭങ്ങളാണ് പ്രവർത്തിക്കുന്നത്.

(സി) അനന്തപുരത്ത് വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ അനുവദിച്ച ഭൂമിയിൽ അടിസ്ഥാന-ഭൗതിക സൗകര്യങ്ങളുടെ അഭാവം കാരണം യൂണിറ്റുകൾ തുടങ്ങാൻ കാലതാമസം ഉണ്ടാകാറുണ്ട്.

(ഡി) അനന്തപുരം വ്യവസായ വികസന പ്ലോട്ടിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ആഭ്യന്തര റോഡ് നിർമ്മാണത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽ 270 ലക്ഷം രൂപ അനുവദിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ നിർമ്മാണച്ചുമതല ഏൽപ്പിച്ചിട്ടുണ്ട്. കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തിയും അനന്തപുരം വ്യവസായ മേഖലയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രൊബേഷൻ**

180 (544) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഈ സ്ഥാപനങ്ങളിലോരോന്നിലുമുള്ള സ്ഥിരം ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വിശദമാക്കുമോ ;

(സി) ഈ ജീവനക്കാരുടെ പ്രൊബേഷൻ കാലാവധി തസ്തിക തിരിച്ച് നിജപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) പല സ്ഥാപനങ്ങളിലും ജീവനക്കാരുടെ പ്രൊബേഷൻ യഥാസമയം ഡിക്ലയർ ചെയ്യുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രൊബേഷൻ ഡിക്ലയർ ചെയ്യാതെ തന്നെ പല സ്ഥാപനങ്ങളിലും ക്രമപ്രകാരമല്ലാതെയും ചട്ടം ലംഘിച്ചും പ്രമോഷൻ നൽകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം പ്രമോഷനുകൾ പുനഃപരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്.

(ബി) ഈ സ്ഥാപനങ്ങളിലുള്ള സ്ഥിരം ജീവനക്കാരുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി-ഇ) വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

**പാലക്കാട്-തൃശ്ശൂർ വ്യാവസായിക ഇടനാഴി**

181 (545) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-തൃശ്ശൂർ വ്യാവസായിക ഇടനാഴി പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ;

(ബി) എന്തെല്ലാം മാസ്റ്റർ പദ്ധതികളാണ് ഇതിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്;

(സി) പദ്ധതി എന്ന് പൂർത്തീകരിക്കാനാകുമെന്നും ഇതിലേയ്ക്കാവശ്യമായ കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നും വിശദമാക്കാമോ?

ഉത്തരം

(എ-സി) കൊച്ചി-പാലക്കാട് മേഖലയെ ബാംഗ്ലൂർ വരെ ബന്ധിപ്പിക്കുന്നതിനുള്ള വ്യവസായ ഇടനാഴി രൂപീകരണത്തിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT)-ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന രൂപരേഖയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ വിശദപഠനം നടത്തിയശേഷം മാത്രമേ കേന്ദ്രസർക്കാരിന്റെ നിർദ്ദേശാടിസ്ഥാനത്തിൽ പദ്ധതി പൂർത്തീകരണവും ഇതിലേക്കാവശ്യമായ കർമ്മപദ്ധതിയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇടക്കൊച്ചി സുസ്ഥിര വികസന പദ്ധതി

182 (546) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയെ സുസ്ഥിര വികസന മേഖലയാക്കുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പിലെ 8/J2/2017 ഫയലിൽ ആവശ്യപ്പെട്ട റിപ്പോർട്ട് ഇൻകെൽ സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ റിപ്പോർട്ട് KSIDC-യുടെയും KINFRA-യുടെയും അഭിപ്രായത്തിനായി നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 16-05-2017-ലെ കത്തിലൂടെ ഇൻകെൽ മറുപടി നൽകിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ഇൻകെൽ സമർപ്പിച്ച റിപ്പോർട്ട് (മറുപടി) ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(സി) ഇടക്കൊച്ചി സുസ്ഥിര വികസന പദ്ധതി സംബന്ധിച്ച് ഇൻകെൽ തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ സമഗ്രമായ ഒരു സാങ്കേതിക പരിശോധനയ്ക്കായി 4-05-2010-ലെ 16494/ജെ1/09/വ്യവ. സർക്കാർ കത്ത് പ്രകാരം കേരള സംസ്ഥാന വികസന കോർപ്പറേഷനും (കെ.എസ്.ഐ.ഡി.സി.) കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷനും (കിൻഫ്ര) നൽകിയിട്ടുണ്ട്.

(ഡി) 2010-ൽ തയ്യാറാക്കിയ പ്രസ്തുത റിപ്പോർട്ട് സംബന്ധിച്ച് ഒരു സാങ്കേതിക പരിശോധന ആവശ്യമായതിനാൽ കെ.എസ്.ഐ.ഡി.സി.-യും കിൻഫ്രയും സംയുക്തമായി ഒരു വിദഗ്ദ്ധസമിതിയെക്കൊണ്ട് പഠനം നടത്തി റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിന് കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്.

## ഒറ്റപ്പാലം കിൻഫ്ര പാർക്കിന്റെ വികസനം

183 (547) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം കിൻഫ്ര പാർക്കിന്റെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ നിലവിൽ ഏതെല്ലാം സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു; വിശദാംശം ലഭ്യമാക്കാമോ;

(സി) കിൻഫ്ര പാർക്കിൽ വ്യവസായം ആരംഭിക്കുന്നതിനായി ഏതെല്ലാം സ്ഥാപനങ്ങൾ അപേക്ഷ നൽകിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലത്ത് കിൻഫ്ര സ്ഥാപിച്ച വ്യവസായ പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി റോഡുകൾ, വൈദ്യുതി, ജലവിതരണം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പാർക്കിലെ ഭൂമി അലോട്ട് ചെയ്യുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) ഒറ്റപ്പാലത്തെ കിൻഫ്ര പാർക്കിൽ നിലവിൽ താഴെ പറയുന്ന വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തന സജ്ജമാണ് :

| SL.No. | Name of the Party | Area(in Sq.ft) |
|---|---|---|
| 1. | M/s Blissful Garments Private Ltd | 106636 |
| 2. | M/s Skyniche Internet Business Solutions & Services | 851 |
| 3. | M/s Micro Clouds | 723 |

| SL.No. | Name of the Party | Area(in acres) |
|---|---|---|
| 1. | Additional Skill Acquisition Programme (ASAP), Department of Higher Education, GOK | 1.00 |
| 2. | Mr. Subin K.N | 0.12 |
| 3. | Mr. Vineeth Kumar | 0.05 |
| 4. | Mr. Suresh Kumar | 0.05 |
| 5. | Mr.Asif A | 0.07 |

(സി) നിലവിൽ ഒറ്റപ്പാലം വ്യവസായ പാർക്കിൽ 1669 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിടം അനുവദിക്കുന്നതിനായി ശ്രീ. ഡാനി വി.റ്റി. എന്ന വ്യവസായ സംരംഭകൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ**

184 (548) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2017 ജൂലൈ 1 വരെയുള്ള കണക്ക് പ്രകാരം കേരളത്തിൽ ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാം; വിശദവിവരം നൽകുമോ;

(ബി) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും ലാഭത്തിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) മലബാർ സിമന്റ്സിന്റെ സമഗ്രപുരോഗതിക്കായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-18 സാമ്പത്തിക വർഷത്തിൽ (ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലയളവിൽ) 10 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചുവരുന്നു, വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന അവലോകനം നടത്തി പല പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായ മേനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയും സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉൽപ്പാദന സൗകര്യങ്ങളിലും സാങ്കേതിക വിദ്യകളിലും കാലോചിതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കി സ്ഥാപനങ്ങളെ സജ്ജമാക്കുവാൻ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 270 കോടി രൂപയുടെ പദ്ധതി വിഹിതം സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത് മുൻ വർഷങ്ങളിലെ പദ്ധതി വിഹിതത്തിനേക്കാൾ ഉയർന്ന തുകയാണ്.

ടെക്സ്റ്റൈൽ മേഖലയിലും സഹകരണമേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്ന സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് 15 കോടി രൂപയുടെ അധിക ധനസഹായം ഈ സർക്കാർ നൽകി.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപണന വിപുലീകരണത്തിന്റെ ഭാഗമായി സ്ഥാപനങ്ങൾ തമ്മിലുള്ള പരസ്പര സഹകരണം മെച്ചപ്പെടുത്തി വിറ്റുവരവ് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ഓഡിറ്റ് സംവിധാനവും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 25 സ്ഥാപനങ്ങൾ 2015-16 വരെയുള്ള സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ ഓഡിറ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന ഏക സിമന്റ് കമ്പനിയായ മലബാർ സിമന്റ്സിന്റെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള വിപുലീകരണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലബാർ സിമന്റ്സ് ലിമിറ്റഡ് Cochin Port Trust-ൽ നിന്നും പാട്ടത്തിനെടുത്ത 7 ഏക്കർ സ്ഥലത്ത് സിമന്റും സിമന്റുൽപ്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ, നിർമ്മാണ മേഖലയ്ക്കാവശ്യമായ സാമഗ്രികൾ മുതലായവ കൈകാര്യം ചെയ്യുന്നതിനായുള്ള 160 കോടി രൂപയുടെ Cement and allied materials handling പദ്ധതി സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. വാളയാർ യൂണിറ്റിൽ നിലവിലുള്ളശേഷി ഇരട്ടിപ്പിക്കുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്.

ഉൽപ്പാദനശേഷി ഇരട്ടിയാക്കുന്നതിനുള്ള പദ്ധതികളായ കൊച്ചിൻ പോർട്ട് ട്രസ്റ്റിലെ പാക്കിംഗ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കിയും ചേർത്തലയിലെ സിമന്റ് ഗ്രൈന്റിംഗ് യൂണിറ്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തിയും മലബാർ സമിന്റ്സിന്റെ കേരളത്തിലെ വിപണി കൂടുതൽ വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കോഴിക്കോട് ഒളവണ്ണയിലുള്ള ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ

185 (549) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഒളവണ്ണയിലുള്ള ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ നിലവിൽ സിഡ്കോയുടെ കീഴിലാണോ പ്രവർത്തിക്കുന്നത്; ഇല്ലെങ്കിൽ സിഡ്കോയുടെ കീഴിൽ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ സ്വതന്ത്ര കമ്പനിയാക്കാൻ മുൻ സർക്കാരിന്റെ കാലത്ത് നടപടി സ്വീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നടപടികൾ റദ്ദ് ചെയ്യുമോ ?

ഉത്തരം

(എ) കോഴിക്കോട് ഒളവണ്ണയിലുള്ള ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ നിലവിൽ സിഡ്കോയുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ടൂൾ റൂം കം ട്രെയിനിംഗ് സെന്റർ സ്വതന്ത്ര കമ്പനിയാക്കാൻ സിഡ്കോയുടെ മുൻ ഡയറക്ടർ ബോർഡ് തീരുമാനമെടുത്തിരുന്നു. എന്നാൽ പ്രസ്തുത സെന്ററിന്റെ പുനരുദ്ധാരണം, സ്റ്റാഫ് പാറ്റേൺ ഇവ സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കുവാൻ നിലവിൽ സിഡ്കോയുടെ ഡയറക്ടർ ബോർഡ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ്

186 (550) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ജീവനക്കാർ പ്രവൃത്തി സമയത്ത് തിരിച്ചറിയൽ കാർഡ് നിർബന്ധമായും ധരിക്കണം എന്ന ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ ഉത്തരവ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബാധകമാക്കിയിട്ടുണ്ടോ;

(ഡി) സിഡ്കോയിലെ ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ് നൽകുന്ന നടപടി എന്ന് പൂർത്തിയാക്കാൻ കഴിയും; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) ബാധകമാക്കിയിട്ടില്ല.

(ഡി) മൂന്ന് മാസത്തിനകം വിതരണം പൂർത്തിയാക്കാൻ കഴിയുന്നതാണ്.

**സർക്കാർ സ്കൂളുകളെ മാതൃകാ സ്കൂളുകളാക്കി മാറ്റുന്ന പദ്ധതി**

187 (551) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഏഴ് ഗവൺമെന്റ് സ്കൂളുകളെ ആസ്തി വികസന പദ്ധതിയിൽപ്പെടുത്തി മാതൃകാ സ്കൂളുകളാക്കി മാറ്റുന്ന പദ്ധതി നടപ്പിലാക്കുവാൻ പൊതുവിദ്യാഭ്യാസവകുപ്പിൽ നിന്നും കെൽട്രോണിന് ലഭിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് കെൽട്രോൺ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) പൊതുവിദ്യാഭ്യാസ വകുപ്പിൽനിന്നും കെൽട്രോണിന് ലഭിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്മാർട്ട് ക്ലാസ്സ്റൂം സജ്ജീകരിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പുതുക്കിയ പ്രൊപ്പോസൽ 2017 ജൂലൈ 28-ന് ബന്ധപ്പെട്ട വകുപ്പിൽ കെൽട്രോൺ സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് ഇതിൽ തുടർനടപടികൾ സ്വീകരിച്ച് എത്രയും വേഗത്തിൽ പദ്ധതി നടപ്പിലാക്കുന്നതാണ്.

## റബ്ബറുല്പന്ന നിർമ്മാണ സാധ്യതകൾ

188 (552) ഡോ. എൻ. ജയരാജ് :

ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബറുല്പന്ന നിർമ്മാണ സാധ്യതകൾ എത്രത്തോളമുണ്ടെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(ബി) റബ്ബർ ഉല്പന്ന നിർമ്മാണത്തിനും ഗുണമേന്മ നിർണ്ണയത്തിനും ആവശ്യമായ സാങ്കേതികവിദ്യ പ്രദാനം ചെയ്യുന്നതിനുതകുന്ന വിധത്തിൽ സംസ്ഥാനത്തു പ്രവർത്തിക്കുന്ന റബ്ബർ ഗവേഷണ കേന്ദ്രത്തിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്താൻ ബോധവൽക്കരണ നടപടികൾ സ്വീകരിക്കുമോ;

(സി) പുതുതലമുറ എഞ്ചിനീയർമാരെയും ബിസിനസ് ബിരുദധാരികളെയും റബ്ബർ ഉല്പന്ന നിർമ്മാണമേഖലയിലേക്ക് ആകർഷിക്കുന്ന വിധത്തിൽ നിർമ്മാതാക്കൾക്കുവേണ്ടി ഇൻകുബേഷൻ സെൻറർ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് റബ്ബർ ഉല്പന്ന സാദ്ധ്യതകൾ എത്രത്തോളമുണ്ടെന്ന് വ്യവസായ വകുപ്പ് പഠനം നടത്തിയിട്ടില്ല. എങ്കിലും റബ്ബർ ഉല്പന്ന നിർമ്മാണ മേഖലയ്ക്ക് വളരെയേറെ സാദ്ധ്യതകൾ ഉള്ള സംസ്ഥാനമാണ് കേരളം. അത്തരത്തിലുള്ള യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. റബ്ബർ വ്യവസായത്തെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ജില്ലാ വ്യവസായ കേന്ദ്രങ്ങൾവഴി നടത്തുന്ന ബോധവൽക്കരണ പരിപാടികളിൽ ഇതുസംബന്ധിച്ചുള്ള വിവരങ്ങളും ഉൾപ്പെടുത്തുന്നുണ്ട്.

(സി) റബ്ബർ ഉൾപ്പെടെയുള്ള എല്ലാത്തരം വ്യവസായങ്ങളും തുടങ്ങാൻ ഉദ്ദേശിക്കുന്ന സംരംഭകരെ സഹായിക്കുന്നതിനുള്ള ഇൻകുബേഷൻ സെന്റർ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ചങ്ങനാശ്ശേരി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിലും പ്രവർത്തിക്കുന്നു. മഞ്ചേരിയിലുള്ള കോമൺ ഫെസിലിറ്റി സർവ്വീസ് സെന്ററിലും റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്കുള്ള പൊതുസൗകര്യങ്ങൾ ലഭ്യമാണ്.

**ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് നേരിടുന്ന പ്രതിസന്ധികൾ**

189 (553) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

1. വർദ്ധിച്ചുവരുന്ന കാസ്റ്റിക് സോഡ, ക്ലോറിൻ എന്നിവയുടെ ആവശ്യം പരിഗണിച്ച് നിലവിലുള്ള ഉല്പാദനശേഷി പ്രതിദിനം 125 ടണ്ണിൽ നിന്ന് 350 ടൺ ആക്കി വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയുടെയും 2017-18-ൽ HCL Synthesis Unit ആരംഭിക്കുന്നതിനുള്ള പദ്ധതിയുടെയും പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

2. പ്രധാന അസംസ്കൃത വസ്തുവായ വൈദ്യുതി കൂടുതൽ ലാഭകരമായി "ഓപ്പൺ അക്സസ്" സംവിധാനത്തിൽ ലഭ്യമാക്കുന്നതിനുള്ള അനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഇതിലൂടെ കമ്പനി സ്ഥായിയായ ലാഭം കൈവരിക്കുകയും വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ പ്രാപ്തമാകുകയും ചെയ്യും.

**വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ**

190 (554) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിനുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(ബി) ഇതിൽ 13 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ച് വരുന്നു. വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൈവരിച്ച നേട്ടങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

**കാർഷികാധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രോത്സാഹനം**

191 (555) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സമൃദ്ധമായി ലഭിക്കുന്ന കാർഷിക വിഭവങ്ങളായ തേങ്ങ, ഏത്തയ്ക്ക, കൈതച്ചക്ക, മാമ്പഴം, പപ്പായ തുടങ്ങിയവയിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം സംരംഭകർക്ക് ജില്ലാതലത്തിൽ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം കാർഷികാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് പ്രത്യേക പ്രോത്സാഹനപദ്ധതികൾ നിലവിലുണ്ടോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്രസ്തുത മേഖലയിൽ ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കൃഷി വകുപ്പുമായി ബന്ധപ്പെട്ട് കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നതിന് സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFABC) മുഖേന ജില്ലാതലത്തിൽ പരിശീലനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ജില്ലാതലത്തിൽ ഇത്തരത്തിലുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കുവാൻ വ്യവസായ വകുപ്പും ഉദ്ദേശിക്കുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 2016 ഡിസംബർ 1 മുതൽ 5 വരെ തിരുവനന്തപുരത്ത് "വൈഗ 2016" എന്ന പേരിൽ ഒരു അന്താരാഷ്ട്ര ശില്പശാല സംഘടിപ്പിച്ചു. കാർഷികാധിഷ്ഠിത മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ഏജൻസികൾ, വിവിധ ധനകാര്യ സ്ഥാപനങ്ങൾ, അന്താരാഷ്ട്ര തലത്തിൽ ഈ രംഗത്തു പ്രവർത്തിക്കുന്ന വിദഗ്ദ്ധർ തുടങ്ങിയവർ ഈ ശില്പശാലയിൽ പങ്കെടുത്തു. ശില്പശാലയിൽ രൂപംകൊണ്ട ആശയങ്ങളുടെ അടിസ്ഥാനത്തിൽ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (SFABC) 2017-18 സാമ്പത്തിക വർഷത്തിലേക്കായി സമർപ്പിച്ച 1575 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെ സൂക്ഷ്മ ചെറുകിട-ഇടത്തരം വ്യവസായ സംരംഭകരെ കാർഷികാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിലേക്ക് ആകർഷിക്കുവാൻ കഴിയുന്നതാണ്. ഇവർക്കായി പദ്ധതി ചെലവിന്റെ 50%(പരമാവധി 50 ലക്ഷം രൂപ വരെ) വായ്പാബന്ധിത ധനസഹായമായി നൽകാനുമാണ് ഉദ്ദേശിക്കുന്നത്.

വ്യവസായ വകുപ്പ് എറണാകുളത്ത് വച്ച് 2016-17 വർഷത്തിൽ "അഗ്രോഫുഡ് പ്രൊ" എന്ന പേരിൽ കാർഷികാധിഷ്ഠിത ഭക്ഷ്യ വ്യവസായ സംരംഭകരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു എക്സിബിഷൻ നടത്തി. വിവിധ ജില്ലകളിൽ ഈ മേഖലയെ ആധാരമാക്കി സംരംഭകത്വ വികസന പദ്ധതികളും ടെക്നോളജി ക്ലിനിക്കുകളും നടത്തുകയുണ്ടായി.

**നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ**

192 (556) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നഷ്ടത്തിലായിരുന്നുവെന്നും അവയുടെ വിശദാംശങ്ങളും നൽകുമോ;

(ബി) ഒരു വർഷം കൊണ്ട് ഈ സർക്കാർ എത്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കിയെന്നും അവയുടെ വിശദാംശങ്ങളും നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 30 പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചത്. ഇവയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഒരു വർഷംകൊണ്ട് ഈ സർക്കാർ താഴെ പറയുന്ന അഞ്ച് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കി.

1. ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ്
2. ട്രാവൻകൂർ -കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്
3. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്
4. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്
5. ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്

**ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ**

193 (557) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിക്ക് വേണ്ടി സ്ഥലം ഏറ്റെടുക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ ; കണ്ണൂർ ജില്ലയിൽ ഇതു പ്രകാരം എത്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ട്;

(ബി) കണ്ണൂർ ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലൂടെയാണ് പൈപ്പ് ലൈൻ കടന്നുപോകുന്നത് ;

(സി) പൈപ്പ് ലൈൻ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടി കണ്ണൂർ ജില്ലയിൽ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിക്ക് കണ്ണൂരിൽ ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ട്. ജില്ലയിൽ 83 കിലോമീറ്റർ നീളത്തിൽ 10 മീറ്റർ വീതിയിൽ പൈപ്പ് ഇടാനുള്ള ഉപയോഗാവകാശമാണ് ലഭിച്ചിരിക്കുന്നത്.

(ബി) കണ്ണൂരിൽ പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) 2018 ഡിസംബറിൽ ഗെയിൽ പൈപ്പ് ലൈൻ പദ്ധതി പൂർത്തിയാക്കാൻ സാധിക്കത്തക്ക വിധത്തിൽ പൈപ്പ് ലൈൻ നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ നൽകിക്കഴിഞ്ഞു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അനധികൃത ക്വാറികളുടെ പ്രവർത്തനം

194 (558) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും അനധികൃതമായും നിരവധി ക്വാറികൾ പ്രവർത്തിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം ക്വാറികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കുമോ;

(ബി) റവന്യൂ ഭൂമി കയ്യേറി വൻതോതിൽ പാറ പൊട്ടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) അനധികൃത ക്വാറികൾ സംസ്ഥാനത്ത് എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; അവ അടച്ചുപൂട്ടുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ഡി) പുതുതായി ക്വാറികൾ അനുവദിക്കുന്നതിനു പഴയ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് എന്തെല്ലാമാണെന്നും അതിൻപ്രകാരം എത്ര ക്വാറികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയും അനധികൃതമായും പ്രവർത്തിക്കുന്ന ക്വാറികൾ കണ്ടെത്തി നിർത്തി വയ്പിച്ച് ക്വാറി ഉടമകൾക്കെതിരെ നിയമാനുസൃതമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ക്വാറികൾ പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും മൈനിംഗ് & ജിയോളജി വകുപ്പിന്റെ കീഴിലുള്ള ജില്ലാ ഓഫീസുകൾക്കും മിനറൽ സ്ക്വാഡുകൾക്കും അധികാരമുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ക്വാറി പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് അധികൃതരെ വിവരമറിയിക്കുവാൻ പോലീസ് അധികാരികൾ, റവന്യൂ അധികാരികൾ എന്നിവർക്ക് അധികാരം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഡയറക്ടറേറ്റ് ജനറൽ ഓഫ് മൈൻ സേഫ്റ്റിയിലെ ഉദ്യോഗസ്ഥരാണ് ക്വാറിയിലെ സുരക്ഷാ മാനദണ്ഡങ്ങൾ പരിശോധിക്കാൻ നിയമപരമായി അധികാരപ്പെട്ടവർ. ഈ ഉദ്യോഗസ്ഥരും സംസ്ഥാനത്ത് ക്വാറികളിൽ പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) റവന്യൂ വകുപ്പിൽ നിന്നുമുള്ള എൻ.ഒ.സി. പ്രകാരമാണ് റവന്യൂ ഭൂമിയിൽ മൈനിംഗ് & ജിയോളജി വകുപ്പ് ഖനനാനുമതി നൽകുന്നത്. ഇപ്രകാരം ഖനനാനുമതി നൽകിയ സ്ഥലത്തിന് പുറത്ത് ഖനനം നടത്തുന്നത് കണ്ടെത്തിയാൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. റവന്യൂ ഭൂമി കയ്യേറി വൻതോതിൽ പാറ പൊട്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുപ്രകാരം 2-12-2016 മുതൽ ക്വാറി പ്രവർത്തനത്തിന് പാരിസ്ഥിതികമാനുമതി നിർബന്ധമായ സാഹചര്യത്തിൽ ഒരു വർഷത്തിൽ താഴെ കാലാവധിയിൽ പെർമിറ്റ് പ്രകാരം പ്രവർത്തിക്കുന്ന ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നു. എങ്കിലും ഇത്തരത്തിലുള്ള ക്വാറികളിൽ ചിലത് പാരിസ്ഥിതികാനുമതി കൂടാതെ അനധികൃതമായി പ്രവർത്തിക്കുന്നത് കണ്ടെത്തിയതിനെ തുടർന്ന് അവ നിർത്തിവയ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അനധികൃതമായി ക്വാറികൾ പ്രവർത്തിക്കുന്നതായി മൈനിംഗ് & ജിയോളജി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 1967-ലാണ് സംസ്ഥാനത്ത് ആദ്യമായി മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ നിലവിൽ വന്നത്. 1967 മുതൽ 2015 വരെ ഖനനം നടത്തുന്ന പ്രദേശത്തിന്റെ അതിരിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, പാലങ്ങൾ, മറ്റ് പൊതു നിർമ്മാണങ്ങൾ, ആൾ താമസമുള്ള വീടുകൾ, ആരാധനാലയങ്ങൾ, ശ്മശാനം, പഞ്ചായത്തുറോഡുകൾ എന്നിവയിലേക്കുള്ള ദൂരപരിധി 50 മീറ്ററായിരുന്നു. എന്നാൽ 2015 ഫെബ്രുവരിയിൽ പുതിയ മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പുറപ്പെടുവിച്ചപ്പോൾ എക്സ്പ്ളോസീവ് ഉപയോഗിച്ച് ഖനനം നടത്തുന്ന കേസുകളിൽ 50 മീറ്റർ എന്നത് 100 മീറ്ററായി ഉയർത്തുകയും തുടർന്ന് 2015 മേയ് 19- ന് 100 മീറ്റർ എന്നത് "കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് 'കൺസന്റ് ടു ഓപ്പറേറ്റ് നൽകുന്നതിന് നിശ്ചയിക്കുന്ന ദൂരപരിധി' എന്ന് ഭേദഗതി വരുത്തുകയും ചെയ്തു. മേജർ മിനറലുകൾക്ക് കൺസഷൻ നൽകുന്നത് കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമാണ്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മിനറൽ കൺസഷൻ ചട്ടങ്ങളിലും ദൂരപരിധി 50 മീറ്ററായാണ് നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ 1967 മുതൽ 2015 ഫെബ്രുവരി വരെ നിലനിന്നിരുന്ന 50 മീറ്റർ ദൂരപരിധി കേന്ദ്ര ചട്ടങ്ങൾക്കനുസൃതമായി പുനഃസ്ഥാപിച്ചുകൊണ്ടാണ് 2017 ജൂണിൽ വിജ്ഞാപനം ചെയ്തിട്ടുള്ളത്. നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും മാറ്റിയിട്ടുണ്ട്. പുതുക്കിയ മാനദണ്ഡങ്ങൾ പ്രകാരം പുതിയ അനുമതികൾ നൽകിയിട്ടില്ല.

## ക്വാറി ഉൽപ്പന്നങ്ങൾ ലഭ്യമല്ലാത്ത സാഹചര്യം

195 (559) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ക്വാറി ഉൽപ്പന്നങ്ങൾ ലഭ്യമല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തിക്കൊണ്ടുതന്നെ ജില്ലയിൽ ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ക്വാറി ഉൽപ്പന്നങ്ങൾ ലഭ്യമല്ലാത്തതിനാൽ ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് നേരിടുന്ന തടസ്സങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) കൊല്ലം ജില്ലയിൽ ക്വാറി ഉൽപന്നങ്ങൾക്ക് ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2006-ലെ എൻവയോൺമെന്റൽ ഇംപാക്ട് അസസ്സ്മെന്റ് നോട്ടിഫിക്കേഷൻ പ്രകാരവും 2-12-2016 തീയതിയിലെ ബഹു. സുപ്രീംകോടതി ഉത്തരവ് പ്രകാരവും ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. പാരിസ്ഥിതികാനുമതി, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള സമ്മതപത്രം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഡി.&ഒ ലൈസൻസ്, എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ കരസ്ഥമാക്കിയിട്ടുള്ള ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ തടസ്സമില്ല. ഇപ്രകാരമുള്ള അനുമതികൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസമാണ് നിലവിൽ ജില്ലയിൽ ക്വാറി പ്രവർത്തനത്തിന് തടസ്സമാകുന്നത്.

(സി) പാരിസ്ഥിതികാനുമതി നൽകുന്നതിലേയും ഖനനാനുമതി നൽകുന്നതിലേയും കാലതാമസം ഒഴിവാക്കാൻ വേണ്ട നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. പാരിസ്ഥികാനുമതി ലഭിച്ചുകൊണ്ട് ക്വാറികൾ പ്രവർത്തിച്ച് തുടങ്ങുമ്പോൾ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത സുഗമമാകുന്നതാണ്.

## പാറക്വാറികളിൽ ഖനനം

196 (560) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറക്വാറികളിൽ ഖനനം നടത്തുന്നതിനായി അനുമതി ലഭിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) അനധികൃത ഖനനം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

ഉത്തരം

(എ) 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ റൂൾ 10 പ്രകാരം ഒരു വർഷം വരെ കാലാവധിയുള്ള ക്വാറിയിംഗ് പെർമിറ്റും റൂൾ 40 പ്രകാരം 5 മുതൽ 12 വർഷം വരെ കാലാവധിയുള്ള ക്വാറിയിംഗ് ലീസുമാണ് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും അനുവദിക്കുന്നത്. ക്വാറിയിംഗ് പെർമിറ്റും ലീസും അനുവദിക്കുന്നതിന് അപേക്ഷകൻ അപേക്ഷയോടൊപ്പം താഴെപറയുന്ന രേഖകൾ ഹാജരാക്കേണ്ടതുണ്ട്.

1. അപേക്ഷാ സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്.
2. റവന്യൂ അധികാരികൾ അനുവദിക്കുന്ന അപേക്ഷാസ്ഥലത്തിന്റെ സർവേ മാപ്പ്.
3. റവന്യൂ അധികാരികൾ അനുവദിക്കുന്ന അപേക്ഷാ സ്ഥലത്തിന്റെ ഡീ-മാർക്കേഷൻ സർട്ടിഫിക്കറ്റ് (അപേക്ഷാ സ്ഥലത്തിന്റെ ബൗണ്ടറി അടയാളപ്പെടുത്തിയ സർട്ടിഫിക്കറ്റ്)
4. അപേക്ഷാസ്ഥലം മറ്റ് ആവശ്യങ്ങൾക്ക് പതിച്ചു നൽകിയതല്ലാ യെന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം.
5. അപേക്ഷാസ്ഥലം അപേക്ഷകന്റേതല്ലെങ്കിൽ നോട്ടറി അറ്റസ്റ്റ് ചെയ്ത് വസ്തു ഉടമയുടെ സമ്മതപത്രം. അപേക്ഷാസ്ഥലം സർക്കാർ പുറമ്പോക്ക് ഭൂമി ആണെങ്കിൽ ജില്ലാ കളക്ടർ അനുവദിക്കുന്ന നിരാക്ഷേപ പത്രം.

കൂടാതെ ജില്ലാതല/സംസ്ഥാനതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി അനുവദിക്കുന്ന എൻവയോൺമെന്റൽ ക്ലിയറൻസും നിർബന്ധമാണ്. ഇതിനുപുറമേ പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുമുള്ള കൺസെന്റ്, ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നു D &O ലൈസൻസ്, എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ ഹാജരാക്കേണ്ടതുണ്ട്. ഖനനം അനുവദിക്കുന്ന സ്ഥലത്തിന്റെ അതിരുകളിലേയ്ക്ക് റെയിൽവേ ലൈൻ, നാഷണൽ ഹൈവേയിലുള്ള പാലങ്ങൾ എന്നിവയിൽനിന്നും 100 മീറ്ററിൽ കൂടുതൽ ദൂരം പാലിക്കേണ്ടതാണ്. ആൾതാമസമുള്ള വീട്, റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, പാലങ്ങൾ, മറ്റു പൊതു നിർമ്മാണങ്ങൾ, ആൾ താമസമുള്ള വീടുകൾ, ആരാധനാലയങ്ങൾ, ശ്മശാനങ്ങൾ, പഞ്ചായത്ത് റോഡുകൾ എന്നിവയിൽ നിന്നും 50 മീറ്റർ ദൂരപരിധിയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നും ഒരു കിലോമീറ്റർ ദൂരപരിധിയും പാലിക്കേണ്ടതാണ്.

(ബി) അനധികൃത ഖനനം തടയുന്നതിന് 1957-ലെ മൈൻസ് & മിനറൽസ് (ഡെവലപ്മെന്റ് & റെഗുലേഷൻ) ആക്ടും അതിനോടനുബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും പ്രകാരം നിയമ നടപടികൾ എടുത്തു വരുന്നു.

**സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി**

197 (561) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ;

(ബി) എത്ര സ്കൂൾ കുട്ടികൾക്ക് യൂണിഫോം സൗജന്യമായി നൽകുകയുണ്ടായി, വിശദമാക്കുമോ;

(സി) കൈത്തറി തൊഴിലാളികൾക്ക് ഈ പദ്ധതിമൂലം എത്ര ദിവസത്തെ തൊഴിൽ ലഭിച്ചുവെന്നും കൂലി നിരക്കിൽ എന്തെല്ലാം മെച്ചങ്ങൾ ഉണ്ടായെന്നും വിശദീകരിക്കുമോ;

(ഡി) ഈ അദ്ധ്യയന വർഷം സൗജന്യ യൂണിഫോം വിതരണം ചെയ്തിരുന്നോ; വിശദമാക്കുമോ?

ഉത്തരം

(എ) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ സ്കൂളുകളിലെ 2,20,148 കുട്ടികൾക്ക് 2 ജോഡി വീതം യൂണിഫോം 2017 അദ്ധ്യയന വർഷത്തിൽ വിതരണം ചെയ്തു. കൂടാതെ 2017 അദ്ധ്യയന വർഷം അധികമായി പ്രവേശനം നേടിയ കുട്ടികൾക്ക് 19,278 മീറ്റർ തുണിയുടെ ആവശ്യമുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അളവ് തുണി നൽകുന്നതിന് നടപടി സ്വീകരിച്ചു. 2018 അദ്ധ്യയന വർഷത്തേക്ക് 1 മുതൽ 7 വരെയുള്ള സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകുന്നതിന് 23 ലക്ഷം മീറ്റർ തുണി ഉൽപ്പാദിപ്പിക്കുവാനുള്ള നടപടി ആരംഭിച്ചു.

(ബി) സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം 2017 അദ്ധ്യയന വർഷം. 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ സ്കൂളുകളിലെ 2,20,148 കുട്ടികൾക്ക് രണ്ട് ജോഡി കൈത്തറി വസ്ത്രം സൗജന്യ യൂണിഫോമായി വിതരണം ചെയ്തു.

(സി) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം 2016-17 വർഷം കൈത്തറി തൊഴിലാളികൾക്ക് 100 ദിവസത്തിലധികം തൊഴിൽ ലഭിച്ചു. യൂണിഫോം പദ്ധതിക്കുവേണ്ടി തുണി നെയ്ത്ത നെയ്ത്തുകാർക്ക് സാധാരണ നെയ്യുന്ന തുണികൾക്ക് ലഭിക്കുന്ന കൂലിയേക്കാളും മെച്ചപ്പെട്ട നിരക്കിൽ വേതനം ഒരു മീറ്റർ തുണിക്ക് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കൈത്തറി മേഖലയിൽ 2,62,500 മനുഷ്യാദ്ധ്വാനം കൂടുതലായി ഉണ്ടാക്കുവാനും ബോണസ്സ്, പി.എഫ്., സി.ടി.എഫ്. തുടങ്ങിയ ആനുകൂല്യങ്ങളിൽ 40%ത്തോളം ക്രമാനുഗതമായ വർദ്ധനവും ഉണ്ടായിട്ടുണ്ട്. 10.50 ലക്ഷം മീറ്റർ കൈത്തറി തുണിക്ക് നെയ്ത്ത കൂലിയായി 8.50 കോടി രൂപ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്.

(ഡി) 2017 അദ്ധ്യയന വർഷം സംസ്ഥാനത്തെ 1 മുതൽ 5 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന സർക്കാർ സ്കൂളുകളിലെ 2,20,148 കുട്ടികൾക്ക് 9.36 ലക്ഷം മീറ്റർ കൈത്തറി തുണി സൗജന്യ സ്കൂൾ യൂണിഫോമിനായി വിതരണം ചെയ്യുകയുണ്ടായി.

## മൈലാട്ടി ടെക്സ്റ്റയിൽ മിൽസിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം

198 (562) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടി ടെക്സ്റ്റയിൽ മിൽസിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ തുറന്ന് പ്രവർത്തിക്കാതിരിക്കാനുള്ള കാരണം വിശദമാക്കുമോ;

(സി) കാസർഗോഡ് ഡവലപ്മെന്റ് പാക്കേജിൽ നിന്ന് മേൽ ടെക്സ്റ്റെയിൽ മിൽസിന്റെ പ്രവർത്തനത്തിന് തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) തടസ്സങ്ങൾ പരിഹരിച്ച് മേൽ സ്ഥാപനം എന്ന് തുറന്ന് പ്രവർത്തിക്കാനാവും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിലെ മൈലാട്ടിയിലുള്ള ഉദുമ ടെക്സ്റ്റൈൽ മില്ലിൽ വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദനം ആരംഭിച്ചിട്ടില്ല. കോസ്റ്റ് ഓവർറൺ മൂലം അധിക പ്രവർത്തന മൂലധനം ആവശ്യമായി വന്നതും റിക്രൂട്ട്മെന്റ് റദ്ദ് ചെയ്തതിനെ തുടർന്ന് മുൻ ഉദ്യോഗാർത്ഥികൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകൾ നിലനിന്നിരുന്നതുമാണ് ഉദുമ സ്പിന്നിംഗ് മിൽ തുറന്ന് പ്രവർത്തിക്കാത്തതിനുള്ള കാരണങ്ങൾ.

(സി) 29-03-2017-ലെ കാസർഗോഡ് ജില്ലാ കളക്ടറുടെ 1340/2015/ കെ.ഡി.പി/ഡി.പി.ഒ/കെ.എസ്.ഡി(1) നമ്പർ ഉത്തരവ് പ്രകാരം 2016-17 വർഷത്തിൽ 160 ലക്ഷം രൂപ കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിന്റെ ഭാഗമായി ഉദുമാ ടെക്സ്റ്റൈൽ മില്ലിന് അനുവദിച്ചിട്ടുണ്ട്.

(ഡി) ഈ വർഷത്തോടെ മിൽ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായ സാമ്പത്തികസഹായം അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**കുന്നത്തറ ടെക്സ്റ്റയിൽസ്**

199 (563) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തറ ടെക്സ്റ്റയിൽസിന്റെ ഇപ്പോഴത്തെ ബാദ്ധ്യത തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ തിട്ടപ്പെടുത്തുന്നതിലെ കാലതാമസത്തിന്റെ കാരണം എന്താണെന്നറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഇപ്പോഴത്തെ ബാദ്ധ്യത ഒഴിവാക്കി സ്ഥാപനം ഏറ്റെടുക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല. കുന്നത്തറ ടെക്സ്റ്റൈൽസ് സ്ഥാപനത്തിന്റെ ഒഫീഷ്യൽ ലിക്വിഡേറ്റർ 4-06-2014-ന് ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച വസ്തുതാ വിവരണ പത്രിക പ്രകാരം കുന്നത്തറ ടെക്സ്റ്റൈയിൽസിന്റെ ആകെ ബാധ്യത 11,05,98,311.50 രൂപയാണ്. ഇപ്പോഴത്തെ ആസ്തി ബാധ്യത പൂർണ്ണമായി തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കമ്പനി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം കമ്പനി ലിക്വിഡേറ്റ് ചെയ്യുവാൻ ഒഫീഷ്യൽ ലിക്വിഡേറ്റർക്ക് അനുമതി നൽകിയിട്ടുണ്ട്.

## പട്ടണക്കാട് സിൽക്ക് റീലിംഗ് സെന്റർ

200 (564) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടണക്കാട് സ്ഥിതി ചെയ്യുന്ന സിൽക്ക് റീലിംഗ് സെന്റർ ഇപ്പോൾ ഏതു സ്ഥാപനത്തിനു കീഴിലാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കാമോ ; എന്നു മുതലാണ് ഈ യൂണിറ്റ് ടി സ്ഥാപനത്തിൻ കീഴിലായത് ;

(ബി) ഈ യൂണിറ്റിൽ യാതൊരു പ്രവർത്തനങ്ങളും നടത്താത്തതിനെ തുടർന്ന് തൊഴിലാളികൾക്ക് കിട്ടിയിരുന്ന വേതനം കുടിശ്ശികയായിട്ട് എത്രകാലമായി ;

(സി) ഇവിടെ തൊഴിലാളികൾക്ക് എത്ര രൂപയാണ് മിനിമം കൂലിയായി നിശ്ചയിച്ചിട്ടുള്ളത് ; മിനിമം വേതനം എന്ന തത്വത്തിന്റെ നഗ്നമായ ലംഘനമാണ് ഇവിടെ നടക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ഡി) സ്ഥാപനത്തിലെ തൊഴിലാളികൾ ആത്മഹത്യയുടെ വക്കിലാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് ചേർത്തല, അരൂർ മണ്ഡലങ്ങളിലെ ജനപ്രതിനിധികൾ ഇടപെട്ടതിനെ തുടർന്ന് എടുത്ത തീരുമാനങ്ങൾ വിശദമാക്കാമോ;

(ഇ) പ്രവർത്തനം നിലച്ചുകിടക്കുന്ന ഈ തൊഴിൽകേന്ദ്രം പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(എഫ്) വ്യവസായ വകുപ്പ് യഥാസമയം ESI വിഹിതം അടയ്ക്കാത്തതിനെ തുടർന്ന് ESI ക്വാട്ടയിൽ M.B.B.S. അഡ്മിഷന് ഈ സ്ഥാപനത്തിലെ തൊഴിലാളികളുടെ മക്കൾക്ക് തടസ്സം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ജി) തൊഴിലാളികൾക്ക് സ്ഥിരമായ ജോലിയും അർഹമായ കൂലിയും ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; ഈ തൊഴിലാളികളുടെ ജോലി സ്ഥിരത ഉറപ്പു വരുത്തുമോ ?

ഉത്തരം

(എ) 1-02-2016 മുതൽ കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡിന്റെ (സെറീഫെഡ്) നിയന്ത്രണത്തിലാണ് ഈ യൂണിറ്റ് പ്രവർത്തിക്കുന്നത്.

(ബി&സി) കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡിന്റെ (സെറീഫെഡ്) നിയന്ത്രണത്തിലേക്ക് സ്ഥാപനം മാറിയത് 1-02-2016 മുതലാണ്. അതിന് മുൻപ് ഖാദി ബോർഡിന്റെ നിയന്ത്രണത്തിലായിരുന്ന സ്ഥാപനം പ്രവർത്തിച്ചിരുന്നത്. അതുവരെയുള്ള വേതനം തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. സ്ഥാപനത്തിൽ ഉല്പാദനമൊന്നും നടക്കാത്തതിനാൽ നിലവിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നില്ല. 2/2016 മുതൽ 3/2017 വരെ ഇ.എസ്.ഐ. വിഹിതം 1,04,683 രൂപ അടച്ചിട്ടുണ്ട്.

(ഡി) നിലവിലുള്ള സാഹചര്യങ്ങൾ പരിഗണിച്ച് കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡിന്റെ (സെറിഫെഡ്) പുനരുദ്ധാരണം സാധ്യമായാൽ മാത്രമേ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനം നടത്താൻ സാധ്യമാകൂ. സെറീഫെഡിന്റെ ആഭിമുഖ്യത്തിൽ പട്ട് വ്യവസായ പുനഃസംഘടനാ പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് 16-05-2017-ൽ ബഹു.വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിൽ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സാങ്കേതിക സഹായത്തോടെ സെറിഫെഡിന്റെ പട്ടുവ്യവസായ പുനഃസംഘാടനം നടപ്പാക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി തലത്തിൽ അവലോകന യോഗം ചേർന്ന് ഉചിതമായ തീരുമാനം കൈക്കൊള്ളാൻ തീരുമാനിച്ചു. അതിനെ തുടർന്ന് 5-07-2017-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ടവരുടെ യോഗം ചേർന്നു. പ്രസ്തുത സാഹചര്യത്തിൽ കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡ് (സെറീഫെഡ്) സമർപ്പിച്ച പദ്ധതി നിർദ്ദേശങ്ങൾ പട്ട് നെയ്ത്തുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളുടെ സാധ്യത വിലയിരുത്തി പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) പുനരുദ്ധാരണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കും.

(എഫ്) ഖാദി ബോർഡിൽ നിന്നും ഇ.എസ്.ഐ. ബാധ്യത അടച്ചിട്ടുണ്ട്.

(ജി) കേരള സ്റ്റേറ്റ് സെറികൾച്ചർ കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ലിമിറ്റഡിന്റെ (സെറീഫെഡ്) പുനഃസംഘടന സാധ്യമാകുന്ന മുറയ്ക്കേ ഇക്കാര്യം പരിഗണിക്കാനാകൂ.

**കൈത്തറിമേഖലയെ സംരക്ഷിക്കുന്നതിന് നടപടി**

201 (565) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറിമേഖലയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) പൂട്ടിക്കിടക്കുന്ന കൈത്തറി സഹകരണ സംഘങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദീകരിക്കുമോ;

(സി) ഓണക്കാലത്ത് കൈത്തറി വസ്ത്രങ്ങൾക്ക് അനുവദിച്ചിട്ടുള്ള റിബേറ്റ്, സംഘങ്ങൾക്ക് ഗവൺമെന്റ് നേരിട്ടു നൽകുമോ; വിശദമാക്കുമോ?

ഉത്തരം

(എ) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും പുനഃരുജ്ജീവിപ്പിക്കുന്നതിനും നിരവധി പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

കൈത്തറി ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം നടത്തുന്നതിനുള്ള പദ്ധതി, നെയ്ത്തുകാർക്കും മറ്റ് അനുബന്ധതൊഴിലാളികൾക്കുമുള്ള പ്രോത്സാഹന സഹായ പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി, വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി തുടങ്ങിയവ ഇതിൽപ്പെടുന്നു.

ഈ പദ്ധതികൾക്കു പുറമെ പ്രതിസന്ധി നേരിടുന്ന കൈത്തറി വ്യവസായത്തെ പുനഃരുജ്ജീവിപ്പിക്കുവാൻ വേണ്ടി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ 1 മുതൽ 5 വരെയുള്ള ക്ലാസുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പുതിയൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഇതിനാവശ്യമായ തുണി വിവിധ ജില്ലകളിലെ കൈത്തറി സംഘങ്ങളിൽ നെയ്ത് തയ്യാറാക്കി. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകുക എന്നതിനുപുറമെ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകാനും അവരുടെ വേതനം വർദ്ധിപ്പിക്കാനും സാധിച്ചു. വരും വർഷങ്ങളിൽ പദ്ധതി, കൂടുതൽ വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകുന്ന രീതിയിൽ വ്യാപിപ്പിക്കാനും അതുവഴി കൈത്തറിത്തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും ന്യായമായ വേതനവും ഉറപ്പാക്കാനും കഴിയുന്നതാണ്.

(ബി) ലാഭകരമാക്കി പ്രവർത്തിപ്പിക്കുന്നതിന് സാധ്യതയുള്ള ഫാക്ടറി ടൈപ്പ് കൈത്തറി സഹകരണസംഘങ്ങൾ പുനരുദ്ധരിക്കാനായി വിവിധ ഘടകങ്ങളിലായി പരമാവധി താഴെപ്പറയുന്ന വിധത്തിൽ സർക്കാർ ധനസഹായം നൽകുന്നു :

| | പ്രവർത്തന മൂലധനം | പരമാവധി 5 ലക്ഷം (10000 രൂപ/തറി) |
|---|---|---|
| 1 | ഇ.എസ്.ഐ./ഇ.പി.എഫ്. കുടിശ്ശിക തീർക്കാൻ | പരമാവധി 5 ലക്ഷം |
| 2 | കെട്ടിട നവീകരണം | 3 ലക്ഷം അല്ലെങ്കിൽ എസ്റ്റിമേറ്റഡ് കോസ്റ്റിന്റെ 90% (ഏതാണോ കൂടുതൽ) |
| 3 | ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണം | 1 ലക്ഷം പരമാവധി (20000 പുതിയ ഡിസൈൻ ഉല്പാദിപ്പിക്കാൻ) |

(സി) ഓണക്കാലത്ത് കൈത്തറി വസ്ത്രങ്ങളുടെ വിൽപ്പനയ്ക്ക് 13-08-2017 മുതൽ 3-09-2017 വരെ 22 ദിവസത്തേയ്ക്കാണ് സർക്കാർ റിബേറ്റ് അനുവദിച്ചിട്ടുള്ളത്. തുക അർഹതയുള്ള സംഘങ്ങൾക്ക് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ ശിപാർശയിന്മേൽ കൈത്തറി & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റിൽ നിന്നും അനുവദിക്കുകയും അതാത് ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി അർഹതപ്പെട്ട സംഘങ്ങൾക്ക് നൽകുകയുമാണ് ചെയ്തുവരുന്നത്.

**സംസ്ഥാന ഖാദി ബോർഡിന്റെ പ്രവർത്തനങ്ങൾ**

202 (566) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഖാദി ബോർഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഇത്തവണ ഓണം സീസണിൽ ഖാദിയുടെ വിപണന മേള സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഖാദി ബോർഡിൽ, വിപണന രംഗത്ത് ഓൺലൈൻ ബില്ലിംഗ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാനത്ത് ഖാദി പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് വഴിയാണ്. ഖാദി മേഖലയിലെ ആധുനികവൽക്കരണം വഴി കുറഞ്ഞ ശാരീരിക ആയാസം മാത്രം ആവശ്യമുള്ള ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടെയും തറികളുടെയും താരതമ്യേന പരിഷ്കൃത രൂപങ്ങൾ ലഭ്യമാക്കൽ, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയുള്ള ഉൽപ്പാദനകേന്ദ്രങ്ങൾ സ്ഥാപിക്കൽ, തൊഴിലാളികൾക്ക് മിനിമം കൂലി, ഉത്സവബത്ത, ഉല്പാദന ഇൻസെന്റീവ്, ഇ.എസ്.ഐ., ക്ഷേമനിധി ആനുകൂല്യങ്ങൾ മുതലായവ ഏർപ്പെടുത്തൽ, അധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കാൻ ഉതകുന്ന തരത്തിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെയുള്ള വർക്ക് ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിലെ പരിശീലനം, സ്ട്രീറ്റ് വീവിംഗ്, ഖാദിഗ്രാമം പോലുള്ള ബൃഹത് പദ്ധതികൾ, ഖാദി മേഖലയിൽ ക്ലസ്റ്റർ, സ്ഫൂർട്ടി പദ്ധതികൾ, സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതവും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതവും ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവ്ക്കുപകരം പുതിയ യന്ത്രസാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്ധ്യവൽക്കരണം മുതലായവ പരമ്പരാഗത മേഖലയായ ഖാദി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ വേണ്ടിയുള്ള കർമ്മ പദ്ധതികളായി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) 2017 ഓണം-ബക്രീദ് ഉത്സവകാലത്ത് സംസ്ഥാനത്തുടനീളം വിപണനമേളകൾ ഖാദി ഗ്രാമ വ്യവസായ ബോർഡും ഖാദി സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കുന്നുണ്ട്. ആഗസ്റ്റ് 2 മുതൽ സെപ്റ്റംബർ 3 വരെ 30% റിബേറ്റ് ഖാദിക്ക് പ്രഖ്യാപിച്ചിട്ടുണ്ട്. സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർക്ക് ക്രെഡിറ്റ് സൗകര്യം കസ്റ്റമേഴ്സിന് സമ്മാന പദ്ധതി എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് നേരിട്ട് നടത്തുന്ന ഖാദി ഗ്രാമസൗഭാഗ്യകളിൽ ഓൺലൈൻ ബില്ലിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

**പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം**

203 (567) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2013-14 വർഷം തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമായെങ്കിലും വ്യവസായ വകുപ്പ് തുക വകമാറ്റി ചെലവഴിച്ചതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല എന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് വ്യവസായ വകുപ്പ് ഒരു പ്രൊജക്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഫയൽ നമ്പർ അറിയിക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് തുക അനുവദിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) പ്രസ്തുത പ്രവൃത്തിക്ക് 1-11-2014-ലെ G.O.(Rt) No. 1226/2014/ID. സർക്കാർ ഉത്തരവ് പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

(ബി) വ്യവസായ വകുപ്പ് തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

(സി) വ്യവസായ വകുപ്പ് പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഖാദി സൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം പണിയുന്നതിന് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ CE/BL/PLI/LAC-ADS/ALPT/40/14 തീയതി 7-01-2014 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നു.

(ഡി) പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചാൽ സർക്കാർ പരിശോധിക്കുന്നതാണ്.

## പൊതുവിദ്യാലയങ്ങളിൽ സിന്തറ്റിക് ട്രാക്ക്, മിനി സ്റ്റേഡിയം എന്നിവ നിർമ്മിക്കാൻ പദ്ധതികൾ

204(568) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന് കീഴിൽ, പൊതുവിദ്യാലയങ്ങളിൽ സിന്തറ്റിക് ട്രാക്ക്, മിനി സ്റ്റേഡിയം എന്നിവ നിർമ്മിക്കുവാനുള്ള പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) വിദ്യാർത്ഥികൾക്ക് ഏറെ പ്രയോജനകരമായ ഇത്തരം പദ്ധതികൾ തുടങ്ങാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) നിലവിലുള്ള സ്കൈൽ പദ്ധതി പ്രകാരം സ്പോർട്സ് ഇൻഫ്രാസ്ട്രക്ചർ പദ്ധതിയിൽ ഉൾപ്പെടുത്തി സ്കൂളുകൾക്കും മറ്റും ഫോർലൈൻ സിന്തറ്റിക് ട്രാക്കുകളും മിനി സ്റ്റേഡിയങ്ങളും സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് നിർമ്മിച്ച് നൽകിവരുന്നുണ്ട്.

**പി. യു. ചിത്രയെ ഇന്ത്യൻ ടീമിൽ നിന്ന് ഒഴിവാക്കിയ നടപടി**

205(569) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളിയായ ഇന്ത്യൻ അത്‌ലറ്റിക് താരം പി.യു. ചിത്രയെ ലണ്ടനിൽ നടക്കുന്ന ലോക അത്‌ലറ്റിക് മീറ്റിൽ പങ്കെടുക്കുന്ന ഇന്ത്യൻ ടീമിൽ നിന്ന് ഒഴിവാക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണം സംബന്ധിച്ച് അറിവുണ്ടോ; വിശദമാക്കുമോ;

(സി) ഏഷ്യൻ ചാമ്പ്യൻ എന്ന നിലയിൽ ലോക മീറ്റിൽ മത്സരിക്കാമെന്നിരിക്കെ, മലയാളികളടങ്ങിയ സെലക്ഷൻ കമ്മിറ്റിയാണ് പി.യു. ചിത്രയെ ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. എന്നാൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

(ഡി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര കായിക മന്ത്രിക്കും അത്‌ലറ്റിക്സ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡന്റിനും സംസ്ഥാന സർക്കാർ കത്തെഴുതിയിരുന്നു. ബഹു. മുഖ്യമന്ത്രി കേന്ദ്ര മന്ത്രാലയവുമായി നേരിട്ട് ബന്ധപ്പെടുകയും പി. യു. ചിത്രയെ ലോക കായികമേളയിൽ പങ്കെടുപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

**കായിക നയം**

206 (570) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക നയം പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കായികരംഗത്തെ പുരോഗതിക്കും വളർച്ചയ്ക്കും എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) കായിക നയം എന്നു പ്രഖ്യാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) പുതുതായി സമഗ്രമായ ഒരു കായികനയം രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. " കായിക പരിശീലന സൗകര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് യഥാർത്ഥ കായിക പ്രതിഭകളെ കണ്ടെത്തി സമഗ്രപരിശീലനം ലഭ്യമാക്കുക" എന്നത് പുതിയ നയത്തിന്റെ ഭാഗമായിരിക്കും.

**സംസ്ഥാന കായികനയം**

207(571) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക രംഗത്തിന്റെ ഉയർച്ചയ്ക്കായി കായിക നയം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ സംസ്ഥാനത്തെ സ്കൂളുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് കായിക സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും, കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും ഊന്നൽ നൽകി ഒരു സമഗ്ര കായികനയം രൂപവൽക്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 2012-ൽ ഒരു കായികനയം പ്രഖ്യാപിച്ചിട്ടുണ്ട്. (വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*) എന്നിരുന്നാലും കായിക പരിശീലന സൗകര്യങ്ങൾ ഉറപ്പുവരുത്തിക്കൊണ്ട് യഥാർത്ഥ കായികപ്രതിഭകളെ കണ്ടെത്തി സമഗ്ര പരിശീലനം ലക്ഷ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ പുതിയ നയം രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാവൂർ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം

208 (572) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ പഞ്ചായത്തിലെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റി.സ 52/3A, 54/2B-യിൽപ്പെട്ട 7.8 ഏക്കർ സ്ഥലത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് സ്ഥലപരിശോധന നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്തിന്റെ കൈമാറ്റത്തിനായി പൊതുമരാമത്ത് വകുപ്പിനെ സമീപിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥലത്ത് ഏതു രീതിയിലുള്ള പ്രവർത്തനമാണ് സ്പോർട്സ് കൗൺസിൽ നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ഥല പരിശോധന നടത്തിയിട്ടുണ്ട്.

(ബി) സമീപിച്ചിട്ടുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൽ നിന്നും കായിക വകുപ്പിന് പ്രസ്തുത സ്ഥലം കൈമാറി കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## തലശ്ശേരി നിയോജകമണ്ഡലത്തിൽ കായികരംഗത്തെ പുരോഗതി

209 (573) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ കായിക രംഗത്തെ പുരോഗതി ലക്ഷ്യമിട്ട് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി തലശ്ശേരിയിൽ വി. ആർ. കൃഷ്ണയ്യർ സ്റ്റേഡിയത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി മാനദണ്ഡ പ്രകാരം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. കിഫ്ബി നൽകിയ അപ്രൈസൽ റിപ്പോർട്ട് പ്രകാരം ഡി.പി.ആർ.-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വീണ്ടും കിഫ്ബിയിൽ സമർപ്പിക്കുന്നതിന് കായിക വകുപ്പിന്റെ എസ്.പി.വി. ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പട്ടാമ്പി ഇൻഡോർ സ്റ്റേഡിയം

210 (574) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പട്ടാമ്പി ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിനോട് ചേർന്ന് ഒരു സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുവാൻ സാധിക്കുമോ?

ഉത്തരം

(എ) പട്ടാമ്പി ഇൻഡോർ സ്റ്റേഡിയം നിർമ്മാണ പദ്ധതിയുടെ കൺസെപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. ആയത് ലഭ്യമായാലുടൻ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സാധ്യതകൾ പരിശോധിക്കുന്നതാണ്.

## ചിറ്റൂർ ഗവൺമെന്റ് കോളേജിലെ കായിക സമുച്ചയം

211(575) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ ഗവണ്മെന്റ് കോളേജിനോടനുബന്ധിച്ച് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കായിക സമുച്ചയത്തിന്റെ മാസ്റ്റർ പ്ലാൻ കായിക വകുപ്പ് അംഗീകാരം നൽകി കിഫ്ബിയിലേക്ക് സമർപ്പിക്കുകയുണ്ടായോ ; ഇതിന്റെ ഏറ്റവും പുതിയ ഭരണാനുമതിയുടെ കോപ്പി ലഭ്യമാക്കാമോ ;

(ബി) ഈ പ്രവൃത്തിയുടെ സാങ്കേതികാനുമതി കായിക വകുപ്പ് നല്കുകയുണ്ടായോ ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ ;

(സി) ഈ പദ്ധതി കിഫ്ബി-യുടെ അംഗീകാരത്തോടെ എന്ന് ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനും പ്രവർത്തനം തുടങ്ങാനും കഴിയും എന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി ചിറ്റൂർ ഗവൺമെന്റ് കോളേജിൽ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് കായിക വകുപ്പ് അംഗീകാരം നൽകി ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിരുന്നു. കിഫ്ബി നൽകിയ അപ്രൈസൽ റിപ്പോർട്ട് പ്രകാരം ഡി.പി.ആർ.-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വീണ്ടും കിഫ്ബിയിൽ സമർപ്പിക്കുന്നതിന് ഈ വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഭരണാനുമതിയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) കിഫ്ബിയുടെ മാനദണ്ഡപ്രകാരം കായിക വകുപ്പിന്റെ എസ്.പി.വി. ആയ കിറ്റ്കോയാണ് സാങ്കേതികാനുമതി നൽകേണ്ടത്. പദ്ധതിയുടെ ഡി.പി.ആർ.-ന് കിഫ്ബിയുടെ അംഗീകാരം ലഭിക്കാത്തതിനാൽ സാങ്കേതിക അനുമതി ലഭിച്ചിട്ടില്ല.

(സി) കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും പ്രവർത്തനം തുടങ്ങുകയും ചെയ്യുന്നതാണ്.

**ഫുട്ബോൾ താരം സി. കെ. വിനീതിന് ജോലി**

212(576) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

രാജ്യാന്തര ഫുട്ബോൾ താരം സി. കെ. വിനീതിനെ എ.ജി.ഓഫീസിൽ നിന്നും പുറത്താക്കിയതിനെ തുടർന്ന് കേരള സർക്കാർ, ജോലി നൽകുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടോ; എങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എവിടെവരെയായി എന്ന് വിശദീകരിക്കാമോ?

ഉത്തരം

വാഗ്ദാനം ചെയ്തിരുന്നു. ശ്രീ. സി. കെ. വിനീതിന് സെക്രട്ടേറിയറ്റ് അസിസ്റ്റന്റിന് സമാനമായ തസ്തികയിൽ ജോലി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ഓപ്പറേഷൻ ഒളിമ്പ്യാ പദ്ധതി**

213(577) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന ഓപ്പറേഷൻ ഒളിമ്പ്യാ പദ്ധതിയിൽ ഉൾപ്പെടുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് സ്പോർട്സ് വികസനത്തിന് പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ തസ്തിക, വകുപ്പ് എന്നിവ ഉൾപ്പെടെ ജോലി നൽകിയ കായികതാരങ്ങളുടെ പട്ടിക അറിയിക്കാമോ?

ഉത്തരം

(എ) 2020, 2024 വർഷങ്ങളിൽ നടക്കുന്ന ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായികതാരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൺ (ഷട്ടിൽ), ബോക്സിംഗ്, കനോയിംഗ് ആന്റ് കയാക്കിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്‌ലിംഗ് എന്നീ 11 കായികയിനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി". 11 കായിക ഇനങ്ങളിലായി ഏകദേശം 250 കായികതാരങ്ങൾക്ക് പരിശീലനം നൽകുവാനാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. റസ്‌ലിംഗ്, ബോക്സിംഗ് എന്നീ കായികയിനങ്ങളിൽ പെൺകുട്ടികൾക്ക് മാത്രമാണ് പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിക്കായി 2017-18 മുതൽ 2024-25 കാലഘട്ടം വരെ 440 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത പദ്ധതിയുടെ ഈ വർഷത്തെ നടത്തിപ്പിനായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) നിലവിൽ ഇല്ല.

(സി) ഉണ്ട്. 35-ാം ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് ഒളിമ്പിക്സ് നിലവാരത്തിലുള്ള പ്രകടനം കാഴ്ചവച്ച് മെഡലുകൾ നേടിയ കായിക താരങ്ങളായ കുമാരി എലിസബത്ത് സൂസൻ കോശി, ശ്രീ. സജൻ പ്രകാശ് എന്നിവർക്ക് പോലീസ് വകുപ്പിൽ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിലും ശ്രീമതി അനിൽഡാ തോമസ്, കുമാരി അനു രാഘവൻ എന്നിവർക്ക് വനം-വന്യജീവി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിലും നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 35-ാമത് ദേശീയ ഗെയിംസിൽ വ്യക്തിഗതയിനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 68 കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത കായികതാരങ്ങളുടെ പട്ടിക അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## മൂവാറ്റുപുഴ പി.പി. എസ്തോസ് സ്മാരക മുനിസിപ്പൽ സ്റ്റേഡിയം

214 (578) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ പി.പി.എസ്തോസ് സ്മാരക മുനിസിപ്പൽ സ്റ്റേഡിയം ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിക്കണമെന്ന ആവശ്യം പരിഗണനയിൽ ഉണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് അടിയന്തരമായി സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ പരിഗണനയിലില്ല.

## സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കായിക പരിശീലന കേന്ദ്രം

215(579) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഇൻഡോർ സ്റ്റേഡിയത്തിൽ പ്രവർത്തിച്ചുവരുന്ന സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കായിക പരിശീലന കേന്ദ്രം അവിടെ നിന്നും മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരിശീലനകേന്ദ്രം മാറ്റുന്നതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(സി) ഈ കേന്ദ്രം അവിടെത്തന്നെ നിലനിർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) നിലവിൽ തീരുമാനിച്ചിട്ടില്ല.

## സ്പോർട്സ് സ്കൂളുകളുടെ നിലവാരം

216 (580) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് സ്കൂളുകളുടെ നിലവാരം ഉയർത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ബി) പ്രസ്തുത സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കായിക പരിശീലനത്തി നോടൊപ്പം മെച്ചപ്പെട്ട വിദ്യാഭ്യാസം കൂടി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലിരുന്ന ജി.വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഗേൾസ് വി.എച്ച്.എസ്.എസ്. എന്നിവയുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്പോർട്സ് സ്കൂൾ എന്ന നിലയിൽ അവയെ ദേശീയ തലത്തിലേയ്ക്ക് ഉയർത്തുന്നതിനുമായി ഇവയുടെ പൂർണ്ണ നിയന്ത്രണവും സമഗ്ര പുരോഗതിക്ക് ആവശ്യമായ നയങ്ങൾ, പദ്ധതികൾ, ഉദ്ദേശ്യങ്ങൾ എന്നിവ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാനുള്ള ചുമതലയും പൂർണ്ണ മേൽനോട്ടവും ഭരണനിയന്ത്രണ ചുമതലയും കായിക യുവജനകാര്യ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. പ്രസ്തുത സ്കൂളുകളുടെ ഭരണ നിയന്ത്രണ ചുമതല കായിക യുവജനകാര്യ വകുപ്പ് ഏറ്റെടുത്തശേഷം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി പ്രസ്തുത സ്കൂളുകളിലെ ഹോസ്റ്റൽ പുതുക്കിപ്പണിയുന്നതിനും കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പി ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാർത്ഥികൾക്കുള്ള സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ എന്നിവ പുതിയ അദ്ധ്യയന വർഷം ആരംഭിച്ച ഉടനെ തന്നെ വിതരണം ചെയ്തിട്ടുണ്ട്.

**സർക്കാർ സർവ്വീസിൽ കായികതാരങ്ങൾക്ക് നിയമനം നൽകുന്നതിന് നടപടി**

217(581) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ കായിക താരങ്ങൾക്ക് നിയമനം നൽകുന്നതിനായുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കായികതാരങ്ങൾക്ക് നേരിട്ട് നിയമനം നൽകിയിട്ടുണ്ട് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഓരോ വർഷവും സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന നിശ്ചിത ഒഴിവുകളിലേയ്ക്ക് അപേക്ഷ ക്ഷണിക്കുകയും ലഭ്യമാകുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തിയതിനുശേഷം കായിക നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുന്നു. പ്രസ്തുത സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിൽ ഓരോ തസ്തികയിലും നിശ്ചയിച്ചിട്ടുള്ള ഒഴിവുകൾക്ക് ആനുപാതികമായിട്ടാണ് കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് മെഡലുകൾ കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നേരിട്ട് നിയമനം നൽകിയിട്ടുണ്ട്.

**സ്പോർട്സ് ക്വാട്ടയിലുള്ള നിയമനം**

218(582) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്താതിരുന്ന സ്പോർട്സ് ക്വാട്ടയിലുള്ള നിയമന നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ; എത്ര പേർക്ക് നിയമനം ലഭ്യമായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

2010-2014 കലണ്ടർ വർഷങ്ങളിലെ ഒഴിവുകളിലേയ്ക്ക് കായികനേട്ടങ്ങൾ കൈവരിച്ച കായികതാരങ്ങളിൽ നിന്നും സർക്കാർ സർവ്വീസിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്ന ജോലികൾക്കായി ഒരു പ്രത്യേക സെൽ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സെല്ലിന്റെ കീഴിൽ നിയമന നടപടികൾ പുരോഗമിക്കുന്നു.

**സ്കൂളുകളിൽ കായിക പരിശീലനം പഠനത്തിന്റെ ഭാഗമാക്കുന്നതിന് നടപടി**

219 (583) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മികച്ച കായികതാരങ്ങളെ സൃഷ്ടിക്കുന്നതിന് സഹായകമായ തരത്തിൽ എല്ലാ സ്കൂളുകളിലും കായിക പരിശീലനം, പഠനത്തിന്റെ ഭാഗമാക്കുന്നതിനായി സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

മികച്ച കായികതാരങ്ങളെ സൃഷ്ടിക്കുന്നതിന് സഹായകമായ തരത്തിൽ എല്ലാ സ്കൂളുകളിലും കായിക പരിശീലനം പഠനത്തിന്റെ ഭാഗമാക്കുന്നതിനായി ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധമായ പാഠപുസ്തകങ്ങൾ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്.

## പഞ്ചായത്തിൽ ഒരു സ്റ്റേഡിയം

220 (584) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച 'പഞ്ചായത്തിൽ ഒരു സ്റ്റേഡിയം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം മങ്കട നിയോജക മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തിൽ സ്റ്റേഡിയം തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ, മങ്കട നിയോജകമണ്ഡലത്തെക്കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച "പഞ്ചായത്തിൽ ഒരു സ്റ്റേഡിയം" എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള തുടക്കമെന്ന നിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മാണം പ്രഖ്യാപിച്ചിരുന്നു. ഇവയിൽ 19 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും 14 പ്രോജക്ടുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി&സി) ഇല്ല. നിലവിൽ പരിഗണനയിലില്ല.

## ചാലക്കുടിയിൽ അനുവദിച്ച ഇൻഡോർ സ്റ്റേഡിയം

221 (585) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബഡ്ജറ്റിൽ ചാലക്കുടിയിൽ അനുവദിച്ച ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(സി) നിർമ്മാണം ആരംഭിക്കുന്നതിനായി സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെട്ട കിഫ്ബി പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി കിറ്റ്കോയെ എസ്.പി.വി. ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. ചാലക്കുടി ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിനാവശ്യമായ ഭരണാനുമതിയ്ക്കുള്ള കൺസെപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് എസ്.പി.വി. ആയ കിറ്റ്കോയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**ചങ്ങനാശ്ശേരിയിൽ സ്പോർട്സ് കോംപ്ലക്സ്**

222 (586) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിൽ നിർമ്മിക്കാൻ ധനാനുമതി ലഭിച്ചിട്ടുള്ള സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) ചങ്ങനാശ്ശേരി സ്പോർട്സ് കോംപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന്മേൽ സർക്കാർ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും മതിയായ ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത പദ്ധതിയിൽ കാലതാമസമുണ്ടായി. ഈ സാഹചര്യത്തിൽ 24-05-2017-ൽ ഇതുസംബന്ധിച്ച് ഒരു യോഗം കൂടുകയും നിർമ്മാണ പ്രവൃത്തിയുടെ പുതിയ ഭരണാനുമതിയ്ക്കായി റിവൈസ്ഡ് പ്രൊപ്പോസൽ തയ്യാറാക്കാൻ ഈ യോഗത്തിൽ തീരുമാനിക്കുകയും നടപ്പു സാമ്പത്തികവർഷം ഒരു കോടി രൂപ കായിക യുവജനകാര്യ ഡയറക്ടറേറ്റിന്റെ ഫണ്ടിൽനിന്നും അനുവദിക്കാനും ബാക്കി തുക എസ്.ഡി.ജി. പ്രൊപ്പോസൽ വഴി കണ്ടെത്താനും തീരുമാനിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ പുരോഗമിക്കുന്നു.

**കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം**

223(587) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം വിഭാഗത്തിലുള്ള കായികതാരങ്ങളെയാണ് സർക്കാർ സർവ്വീസിൽ ജോലിക്കായി പരിഗണിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ദേശീയ ഗെയിംസിൽ മെഡൽ നേടിയ എത്ര കായിക താരങ്ങൾക്കാണ് സർക്കാർ ജോലി നൽകിയിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗതയിനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 72 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകിയിട്ടുണ്ട്. സ്പോർട്സ് ക്വാട്ടാ നിയമനത്തിനായി പരിഗണിക്കുന്ന കായികയിനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**സ്പോർട്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**

224(588) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്ട്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും അതിനുവേണ്ടി ചെലവഴിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് സ്പോർട്ട്സുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളും അതിനുവേണ്ടി ചെലവഴിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) സ്പോർട്ട്സ് വകുപ്പിനു കേന്ദ്രസഹായം ലഭിക്കാറുണ്ടോ;

(ഡി) എങ്കിൽ മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷവും ലഭിച്ച ഫണ്ടിന്റെ വിശദാംശം നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി&ഡി) കായികരംഗത്തിന്റെ വികസനം ലക്ഷ്യമാക്കി കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ പൈക്ക എന്നറിയപ്പെടുന്ന പഞ്ചായത്ത് യുവക്രീഡാ ഓർ ഖേൽ അഭിയാൻ പദ്ധതി പ്രകാരം 2010-11, 2011-12 വർഷത്തിൽ ഉൾപ്പെടുത്തിയ 200 ഗ്രാമപഞ്ചായത്തുകൾക്കും 28 ബ്ലോക്ക് പഞ്ചായത്തുകൾക്കും, അടിസ്ഥാന കളിസ്ഥല വികസനത്തിനും കായിക ഉപകരണങ്ങൾക്കും പൈക്ക കായിക പരിശീലന കേന്ദ്രങ്ങളുടെ നടത്തിപ്പിനും അതിന്റെ ചുമതലക്കാരായ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്ക് നൽകുന്ന ഓണറേറിയത്തിനും മറ്റുമായി 10,35,86,501 രൂപയും ലഭിച്ചിട്ടുണ്ട്.

2011-12 വർഷത്തെ പൈക്ക റൂറൽ വാർഷിക കായിക മത്സരങ്ങൾക്കായി 1,41,09,356 രൂപയും ലഭിച്ചിട്ടുണ്ട്.

രാജീവ്ഗാന്ധി ഖേൽ അഭിയാൻ (RGKA) എന്ന് പുനർനാമകരണം ചെയ്ത പ്രസ്തുത പദ്ധതി പ്രകാരം കേരളത്തിൽ 2014-15-ലെ റൂറൽ /വനിത/വാർഷിക കായികമത്സരങ്ങൾ (ബ്ലോക്ക്/ജില്ലാ/സംസ്ഥാന) വനിതാ (ജില്ലാ/സംസ്ഥാന) വാർഷിക മത്സരങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത മത്സരങ്ങളുടെ നടത്തിപ്പിനായി 2,28,00,000 രൂപയും വനിതാ (ജില്ലാ/സംസ്ഥാന) വാർഷിക കായിക മത്സരങ്ങൾക്കായി 47,60,000 രൂപയും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കോംപറ്റീഷൻ ഗ്രാന്റ് ഇനത്തിൽ ലഭിക്കുകയുണ്ടായി.

2016-17 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ്ഗാന്ധി ഖേൽ അഭിയാൻ പദ്ധതി, ഖേലോ ഇന്ത്യ എന്ന് വീണ്ടും പുനഃനാമകരണം ചെയ്യുകയും പ്രസ്തുത പദ്ധതിയുടെ വാർഷിക കായിക മത്സരങ്ങൾ സംഘടിപ്പിക്കുവാൻ 1,19,82,000 രൂപ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കോംപറ്റീഷൻ ഗ്രാന്റ് ഇനത്തിൽ ലഭിക്കുകയുണ്ടായി.

കൂടാതെ ദേശീയ ഗെയിംസിനായി സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുംവേണ്ടി 2009 മുതൽ 2015 വരെയുള്ള കാലയളവിൽ 128.78 കോടി രൂപയും അനുവദിച്ചിട്ടുണ്ടായിരുന്നു.

## യുവജനക്ഷേമത്തിനായി നടപടികൾ

225 (589) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കാമോ;

(ബി) യുവജനക്ഷേമ വകുപ്പിന്റെ കീഴിൽ പാലക്കാട് ജില്ലയിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കി എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കായിക യുവജനകാര്യ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന യൂത്ത് വെൽഫയർ ബോർഡ്, യുവജന കമ്മീഷൻ എന്നിവ മുഖേന യുവജനങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിനും അവരെ ശാക്തീകരിച്ച് അവരുടെ കഴിവും കാര്യപ്രാപ്തിയും വിവിധമേഖലകളിലേയ്ക്ക് തിരിച്ചുവിടുന്ന പ്രവർത്തനങ്ങളാണ് കൈക്കൊണ്ടുവരുന്നത്. നഗരവാസികളായ യുവജനങ്ങൾക്കൊപ്പം ഗ്രാമീണമേഖലയിലെ യുവാക്കൾക്കും വിദ്യാർത്ഥികളല്ലാത്ത യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും അവസരങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സംസ്ഥാനത്താകമാനം കേരളോത്സവം സംഘടിപ്പിച്ചുവരുന്നു.

ദേശീയ യുവജനദിനാഘോഷത്തോടനുബന്ധിച്ച് 14 ജില്ലകളിലും യുവജന ക്ഷേമബോർഡ് മുഖേന ദേശീയ യുവജനദിനാചരണം സംഘടിപ്പിക്കുകയുണ്ടായി.

ഭാരത് ഭവന്റേയും വൈലോപ്പിള്ളി സംസ്കൃതി ഭവന്റേയും സംയുക്താഭിമുഖ്യത്തിൽ നാഷണൽ ഫോക്ഫെസ്റ്റ് ഓഫ് കേരള (NFFK), ദേശീയ നാടോടി കലാസംഗമം എന്നിവ നടത്തുകയുണ്ടായി.

സാഹിത്യം, കായികം, കല, കാർഷികം, സാമൂഹിക പ്രവർത്തനം, മാധ്യമം എന്നീ മേഖലകളിലെ മികച്ച പ്രവർത്തനത്തിന് വ്യക്തിഗത അവാർഡും യൂത്ത് ക്ലബുകൾക്കുമുള്ള മികച്ച പ്രവർത്തനത്തിനുള്ള ജില്ലാതല അവാർഡും സംസ്ഥാനത്തെ മികച്ച യൂത്ത് ക്ലബുകൾക്കുള്ള പുരസ്കാരവും വിതരണം ചെയ്യുകയുണ്ടായി.

യുവതീയുവാക്കളുടെ ശാക്തീകരണം മുൻനിർത്തി സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കാവസ്ഥ നേരിടുന്ന ഓരോ പ്രദേശത്തിന്റെയും സാധ്യതക്കനുസരിച്ച് സംസ്ഥാനത്താകമാനം യുവക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെയും സംസ്ഥാനത്തെ യൂത്ത് ക്ലബ്ബുകളുടെയും വിവിധങ്ങളായ പ്രവർത്തനങ്ങൾ മുഖ്യധാരയിൽ കൊണ്ട് വരുന്നതിനും യുവാക്കൾക്ക് പരിചയപ്പെടുത്തുന്നതിന് വേണ്ടിയും 'യുവത' എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിച്ചുവരുന്നു.

2017 ജൂൺ 5 മുതൽ 10 വരെ ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് യൂത്ത് ക്ലബ്ബുകൾ, സാംസ്കാരിക സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് സംസ്ഥാന വ്യാപകമായി വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. 2017 ജൂൺ 5 മുതൽ 10 വരെ മികച്ച രീതിയിൽ പരിസ്ഥിതി പ്രവർത്തനം നടത്തിയ 100 ക്ലബ്ബുകൾക്ക് ക്യാഷ് അവാർഡ് നൽകി. വൃക്ഷത്തൈനടൽ, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ, മഴക്കുഴി നിർമ്മാണം, പരിസ്ഥിതി ബോധവൽക്കരണ സെമിനാറുകൾ, ആശുപത്രികളുടെയും സ്കൂളുകളുടെയും ശുചീകരണം, പരിസ്ഥിതി സംരക്ഷണം മുൻനിർത്തിയുള്ള മറ്റ് വിവിധ പരിപാടികൾ എന്നിവ ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേനയും ബോർഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ ക്ലബ്ബുകൾ മുഖേനയും സംഘടിപ്പിച്ചിട്ടുണ്ട്.

യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ മദ്യം, മയക്കുമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരായി കോളേജുകളിലും പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും ബോധവത്കരണ ക്ലാസുകൾ സന്നദ്ധ പ്രവർത്തകർ മുഖേന ടി മേഖലയിലെ വിദഗ്ദ്ധരുടെ സഹായത്തോടെ എല്ലാ ജില്ലകളിലും നടത്തിയിട്ടുണ്ട്. യുവജനങ്ങളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനായി യുവജനകമ്മീഷൻ ജോബ് പോർട്ടൽ എന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. യുവജനങ്ങളുടെ അവകാശ സംരക്ഷണാർത്ഥം കമ്മീഷന് ലഭിക്കുന്ന പരാതികൾ യഥാസമയം പരിഹരിക്കുന്നതിനായി ഹിയറിംഗുകളും അദാലത്തുകളും നടത്തിവരുന്നു.

(ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് മുഖേന ജില്ലാതലത്തിൽ ദേശീയ യുവജനദിനാചരണം, വനിതാ ശില്പശാല, യുവത പ്രചരണ പരിപാടിയും ശില്പശാലയും, യുവത മാഗസിൻ, ജില്ലാതല വിതരണവും എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷയിൽ എ പ്ലസ് നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുന്ന പരിപാടിയും പാലക്കാട് ജില്ലയിൽ നിന്നുള്ള 87-ഓളം യുവജനങ്ങളെ പങ്കെടുപ്പിച്ച് കൊണ്ട് സംസ്ഥാന തലത്തിൽ മേഖല മാധ്യമ ക്യാമ്പ്, വനിതാ ശില്പശാല, യുവസാഹിത്യ ക്യാമ്പ്, യൂത്ത് കോ ഓർഡിനേറ്റർമാരുടെ സംസ്ഥാനതല മീറ്റിംഗ് എന്നിവയും നടത്തി.

## സമ്പൂർണ്ണ വൈദ്യുതീകരണം

226 (590) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചതെന്നാണ്;

(ബി) 2016 മേയ് 25-ന് ശേഷം സംസ്ഥാനത്ത് പുതുതായി എത്ര വീടുകളിൽ വൈദ്യുതി എത്തിച്ചിട്ടുണ്ട്; ഇക്കാര്യത്തിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്;

(സി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്ക് കേന്ദ്ര സഹായമായി എന്തെങ്കിലും തുക ലഭിച്ചിരുന്നോ; എങ്കിൽ എത്ര തുകയാണ് ലഭിച്ചത്;

(ഡി) 2011-16 കാലയളവിൽ യു.ഡി.എഫ്. സർക്കാർ എത്ര പുതിയ വൈദ്യുതി കണക്ഷൻ നൽകിയെന്നും ഇതിനായി എത്ര കോടി രൂപ മുടക്കിയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 29-05-2017-ൽ

(ബി) 2016 മേയ് 25-ന് ശേഷം ജൂൺ 2017 വരെ ആകെ 2.79 ലക്ഷം വീടുകൾക്ക് വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിനായി ഏകദേശം 205 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഗ്രാമീണമേഖലയിലെ വൈദ്യുതി മേഖലയിലെ വിവിധ പദ്ധതികൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.)-യിൽ മീറ്ററിംഗ് കമ്പോണന്റിനായി 259.16 കോടി രൂപയും ഭവനങ്ങളുടെ വൈദ്യുതീകരണത്തിനായി 81.6 കോടി രൂപയുടെയും പദ്ധതികൾ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതികളിൽ നിന്നുള്ള വിഹിതവും സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നിബന്ധനകൾ പ്രകാരം ഇതിൽ എത്രത്തോളം തുക സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ഉപയുക്തമാകുമെന്നത് തിട്ടപ്പെടുത്തിവരുന്നു.

(ഡി) 2011-2016 കാലയളവിൽ 20.5 ലക്ഷം വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിൽ 11.3 ലക്ഷം ഗാർഹിക കണക്ഷനുകളാണ്. ഈ ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി ഉപഭോക്താക്കൾ കണക്ഷനുവേണ്ട ചെലവിനത്തിൽ നിക്ഷേപിച്ച തുക അടക്കം ഏകദേശം 386.1 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി.-യിലെ പഠന റിപ്പോർട്ടുകൾ

227 (591) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി.-യിലെ വിവിധ പരിഷ്കരണങ്ങളുമായി ബന്ധപ്പെട്ട് ഏതൊക്കെ ഏജൻസികൾ / സ്ഥാപനങ്ങൾ പഠനങ്ങൾ നടത്തിയിട്ടുണ്ട്; അവയുടെ റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഓരോ റിപ്പോർട്ടിന്മേലും എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പഠന റിപ്പോർട്ടിനായും ചെലവഴിച്ച തുക പട്ടിക തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ഡി) ഈ പഠന റിപ്പോർട്ടുകളിൽ ഏതെല്ലാം തസ്തികകളുടെ എണ്ണം പരിഷ്കരിക്കുന്നതിന് നിർദേശിച്ചിട്ടുള്ളതെന്ന് പട്ടിക തിരിച്ച് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ പരിഷ്കരണവുമായി ബന്ധപ്പെട്ട് മാനവവിഭവശേഷി നിർവ്വഹണ കാര്യാലയം മുഖേന ഐ.ഐ.എം., കോഴിക്കോട് ഒരു പഠനം നടത്തിയിട്ടുണ്ട്. പഠനത്തിന്റെ ആദ്യ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആദ്യ റിപ്പോർട്ടിന്റെയും അതിനുശേഷം സമർപ്പിച്ച അന്തിമ റിപ്പോർട്ടിന്റെയും പകർപ്പടങ്ങിയ സി.ഡി. അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഐ.ഐ.എം., കോഴിക്കോട് സമർപ്പിച്ച ആദ്യ റിപ്പോർട്ട് നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായ കമ്മിറ്റിയെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചുമതലപ്പെടുത്തി. ഇതേ തുടർന്ന് ഡയറക്ടർ (ഫിനാൻസ്) ഈ റിപ്പോർട്ടിന്മേൽ ചില വിശദീകരണങ്ങൾ ഐ.ഐ.എം., കോഴിക്കോടിനോട് ആരായുകയും അതേത്തുടർന്ന് ചില വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി തുടർപഠനം നടത്തിയതിനുശേഷം ഐ.ഐ.എം., കോഴിക്കോട് ബോർഡിന് ഒരു അന്തിമ റിപ്പോർട്ട് 7-06-2017-ന് സമർപ്പിച്ചു. ടി റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായും, ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) കൺവീനറായും, ഫുൾടൈം ഡയറക്ടേഴ്സ് അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നതതലസമിതിയെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഐ.ഐ.എം., കോഴിക്കോട് നടത്തുന്ന പഠനത്തിനായി 13-03-2014-ൽ മൊത്തം 57,57,326 തുകയ്ക്കാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ കരാറിലേർപ്പെട്ടിട്ടുള്ളത്. ഇതിൽ ആദ്യ ഗഡുവായി 25,90,663 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്.

(ഡി) പഠന റിപ്പോർട്ടുകളിൽ പരിഷ്കരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള തസ്തികകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

1. ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ
2. എക്സിക്യൂട്ടീവ് എഞ്ചിനീയർ
3. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
4. അസിസ്റ്റന്റ് എഞ്ചിനീയർ
5. സീനിയർ സൂപ്രണ്ട്
6. സീനിയർ അസിസ്റ്റന്റ്
7. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്
8. ഫെയർകോപ്പി അസിസ്റ്റന്റ്
9. മീറ്റർ റീഡർ
10. ഡ്രൈവർ
11. മസ്ദൂർ/ഇലക്ട്രിസിറ്റി വർക്കർ
12. ഓഫീസ് അറ്റൻഡന്റ്
13. സ്വീപ്പർ.

**കെ.എസ്.ഇ.ബി. കാഷ്യർ തസ്തികയിലെ ഒഴിവുകൾ**

228 (592) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 12-01-2012-ന ശേഷം കെ. എസ്. ഇ. ബി കാഷ്യർ തസ്തികയിൽ എത്ര പുതിയ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; നിലവിൽ കാഷ്യർ തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്;

(ബി) മേൽ തസ്തികയിൽ ജോലി ചെയ്യുന്ന ഇതര വിഭാഗം ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(സി) കെ. എസ്. ഇ. ബി.-യിൽ ബിരുദധാരികളെ ഒഴിവാക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ ബിരുദധാരികളെ ഒഴിവാക്കുന്നത് ഭാവിയിൽ കെ. എസ്. ഇ. ബി.-യുടെ നിലവാരത്തകർച്ചയ്ക്ക് കാരണമാകും എന്നത് പരിശോധനയ്ക്ക് വിധേയമാക്കുമോ;

(ഡി) കാലാവധി അവസാനിക്കാറായ റാങ്ക് ലിസ്റ്റിൽ നിന്ന് (various board 489/2011) അടിയന്തരനിയമനത്തിനും കാലാവധി ദീർഘിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 48 ഒഴിവുകൾ.

വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർ അധിഷ്ഠിത ബില്ലിംഗ് അടക്കമുള്ള ആധുനികവൽക്കരണ നടപടികളുടെയും PDA അടക്കമുള്ള ബില്ലിംഗ് സംവിധാനങ്ങളുടെയും ഭാഗമായി ജീവനക്കാരുടെ ജോലി ഭാരത്തിൽ വലിയ വ്യത്യാസമുണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വിവിധ വിഭാഗം ജീവനക്കാരുടെ സേവനം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിലേ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ജീവനക്കാർ ആവശ്യമുണ്ടാകുമെന്നത് തിട്ടപ്പെടുത്താൻ കഴിയൂ. ഇങ്ങനെ തിട്ടപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ഒഴിവുകൾ മാത്രമേ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയൂ.

(ബി) കാഷ്യർ/ജൂനിയർ അസിസ്റ്റന്റ്/സീനിയർ അസിസ്റ്റന്റ് തസ്തികകളുടെ ജോലി ഭാരത്തിൽ വന്ന വ്യത്യാസം പരിഗണിച്ച് പുനഃക്രമീകരണം നടക്കുന്ന സാഹചര്യത്തിൽ താൽക്കാലികമായി 64 മസ്ദൂർ, 369 ലൈൻമാൻ ഗ്രേഡ് I & II, 116 ഓഫീസ് അസിസ്റ്റന്റ് തസ്തികകളിലും പ്രവർത്തന ക്രമീകരണം വഴി ക്യാഷ് കളക്ഷൻ ജോലികൾ നിർവ്വഹിക്കുന്നുണ്ട്. പുനഃക്രമീകരണത്തിലൂടെ ഈ ജോലികൾക്ക് മറ്റ് ജീവനക്കാർ എത്തുന്ന മുറയ്ക്ക് ഇവർ തങ്ങളുടെ നിശ്ചയിക്കപ്പെട്ട ജോലികളിലേയ്ക്ക് ക്രമീകരിക്കപ്പെടുന്നതാണ്.

(സി) അത്തരത്തിൽ ഒരു പരാതിയും ലഭിച്ചിട്ടില്ല. ഈ വിഷയം പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

(ഡി) മേൽ നൽകിയിട്ടുള്ള വിധത്തിൽ തിട്ടപ്പെടുത്തുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്.

## കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തിക

229 (593) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ എത്ര സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തിക നിലവിലുണ്ട് ; ടി തസ്തികയിൽ നിലവിൽ ഒഴിവുണ്ടോ ;

(ബി) ടി തസ്തികയിൽ 30% പി.എസ്.സി. ക്വാട്ടയിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ വിവരം നൽകുമോ ;

(സി) ടി തസ്തികയിൽ 10% പി.എസ്.സി. ഇൻസർവ്വീസ് ക്വാട്ടയിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ വിവരം നൽകുമോ;

(ഡി) ടി തസ്തികയിൽ 60% പ്രൊമോഷൻ ക്വാട്ടയിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ വിവരം നൽകുമോ;

(ഇ) ടി തസ്തികയിൽ ആശ്രിത/സ്പെഷ്യൽ നിയമന ക്വാട്ടയിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ വിവരം നൽകുമോ?

ഉത്തരം

(എ) സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ നിലവിലെ അംഗീകൃത എണ്ണം 3492 ആണ്. ഇവയിൽ നിന്ന് ആശ്രിത നിയമനം, സ്പെഷ്യൽ റിക്രൂട്ട്മെന്റ്, ഭിന്നശേഷിയുള്ള വിഭാഗം എന്നിവയിൽ ഉൾപ്പെട്ട 164 എണ്ണം കുറച്ചതിനുശേഷം പ്രസ്തുത തസ്തികയിലെ കേഡർ സ്ട്രെങ്ത് 3328 ആണ്. ഇതിൽ ഓരോ ക്വാട്ടയിലും ഉള്ള ഒഴിവുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 30% ക്വാട്ട | - | 89 |
| 10% ക്വാട്ട | - | 39 |
| 60% ക്വാട്ട | - | 52 |

(ബി) 909 പേർ.

(സി) 294 പേർ.

(ഡി) 1945 പേർ.

(ഇ) ആശ്രിത നിയമനം/സ്പെഷ്യൽ നിയമനം എന്ന രീതിയിൽ പ്രത്യേക ക്വാട്ട നിലവിലില്ല. ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം ലഭിച്ച 164 പേർ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്നുണ്ട്.

## കെ.എസ്.ഇ.ബി.-യിലെ മസ്ദൂർ തസ്തിക

230 (594) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒവിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ തിരുവനന്തപുരം ജില്ലയിൽ രണ്ട് ഒഴിവുകളുണ്ട്.

(ബി&സി) നിയമനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എസ്.ഇ.ബി.-യിലെ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികകളിലെ ഒഴിവുകൾ

231 (595) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിലെ ജൂനിയർഅസിസ്റ്റന്റ്/കാഷ്യർ തസ്തികയിലുള്ള 560 ഒഴിവുകൾ ഇതുവരെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) കരാർ അടിസ്ഥാനത്തിലും പ്രവർത്തന ക്രമീകരണം വഴിയും പ്രസ്തുത തസ്തികയിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(സി) 18-02-2017-ലെ 1208777/എവിസി-വി(1)/2016/പി &എആർഡി നമ്പർ കത്ത് പ്രകാരം പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് കെ.എസ്.ഇ.ബി.-യ്ക്ക് നിർദ്ദേശം നൽകിയിട്ടും നടപടി സ്വീകരിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ നിർദ്ദേശം അവഗണിച്ച ഉദ്യോഗസ്ഥർക്ക് എതിരെ നടപടി സ്വീകരിക്കുമോ;

(ഡി) കെ.എസ്.ഇ.ബി.-യിലെ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലുള്ള 560 ഒഴിവുകളിലേക്ക് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർ അധിഷ്ഠിത ബില്ലിംഗ് അടക്കമുള്ള ആധുനികവൽക്കരണ നടപടികളുടെയും PDA അടക്കമുള്ള ബില്ലിംഗ് സംവിധാനങ്ങളുടെയും ഭാഗമായി ജീവനക്കാരുടെ ജോലി ഭാരത്തിൽ വലിയ വ്യത്യാസമുണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വിവിധ വിഭാഗം ജീവനക്കാരുടെ സേവനം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിലേ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ജീവനക്കാർ ആവശ്യമുണ്ടാകുമെന്നത് തിട്ടപ്പെടുത്താൻ കഴിയൂ. ഇങ്ങനെ തിട്ടപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ഒഴിവുകൾ മാത്രമേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയൂ.

(ബി) കരാർ അടിസ്ഥാനത്തിൽ ആരെയും നിയമിച്ചിട്ടില്ല. പ്രവർത്തന ക്രമീകരണം വഴി ക്യാഷ് കളക്ഷൻ ജോലികൾ നിർവ്വഹിക്കുന്നതിന് സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്.

(സി) ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് സർക്കാരിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ചോദ്യം (എ) പ്രകാരമുള്ള നടപടികളുടെ ഭാഗമായി കണ്ടെത്തുന്ന ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ഏറ്റവും അനിവാര്യമായ എണ്ണം കണക്കാക്കി ആവശ്യമായ ഒഴിവുകൾ മാത്രമേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ. അതനുസരിച്ചുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

## കെ.എസ്.ഇ.ബി.-യിലെ സീനിയർ അസിസ്റ്റന്റ് തസ്തികയിലെ സ്ഥാനക്കയറ്റം

232(596) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിലെ സീനിയർ അസിസ്റ്റൻറ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; സ്ഥാനക്കയറ്റം നൽകുന്നതിനുള്ള തസ്തികകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ഒഴിവുകൾ നിലവിൽ വന്ന തീയതി വ്യക്തമാക്കാമോ;

(ബി) സീനിയർ അസിസ്റ്റന്റ് തസ്തികയുടെ അംഗീകൃത അംഗബലം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) സീനിയർ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; അവസാനമായി എന്നാണ് പ്രസ്തുത തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയത് എന്ന് വ്യക്തമാക്കുമോ; അവയുടെ എണ്ണം ലഭ്യമാക്കാമോ;

(ഇ) 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ ഓരോ തസ്തികകളിലും വിരമിച്ച ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ ഓരോ തസ്തികകളിലും പി.എസ്.സി ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചവരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) നിലവിൽ 2585 സീനിയർ അസിസ്റ്റന്റുമാരാണ് കെ.എസ്.ഇ.ബി.എൽ.-ൽ ജോലി ചെയ്തുവരുന്നത്. കമ്പ്യൂട്ടർ അധിഷ്ഠിത ആധുനികവൽക്കരണ നടപടികളുടെയും PDA ബില്ലിംഗ് സംവിധാനം ഏർപ്പെടുത്തിയതിന്റെയും അടിസ്ഥാനത്തിൽ ജീവനക്കാരുടെ ജോലിഭാരത്തിൽ വലിയ വ്യത്യാസം വന്നിട്ടുണ്ട്. ഇതുകൂടി കണക്കിലെടുത്ത് ജീവനക്കാരുടെ ആവശ്യകത തിട്ടപ്പെടുത്തിവരികയാണ്. ഇതിന്റെ അടിസ്ഥാനത്തിലേ അംഗീകൃത തസ്തികകളുടെ എണ്ണം നിർണ്ണയിക്കാൻ കഴിയുകയുള്ളൂ. ഇങ്ങനെ എണ്ണം തിട്ടപ്പെടുത്തുന്നതിന്റെയും ഓൺലൈൻ സ്ഥലംമാറ്റം നടക്കുന്നതിന്റെയും മുറയ്ക്ക് നൽകാവുന്ന പ്രൊമോഷനുകൾ നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഈ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിന്റെ ഭാഗമായി പ്രൊമോഷൻ നൽകുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട്. അവസാനമായി ഈ തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയത് 26-02-2014-ൽ ആണ്.

143 പേർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(ഇ) 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ ഓരോ തസ്തികകളിലും വിരമിച്ച ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. | പി.ടി.സി. സ്വീപ്പർ | 48 |
| 2. | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 4 |
| 3. | സീനിയർ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 12 |

| | | |
|---|---|---|
| 4. | ഡ്രൈവർ | 82 |
| 5. | മസ്ദൂർ | 40 |
| 6. | ഫെയർകോപ്പി അസിസ്റ്റന്റ് | 22 |
| 7. | ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ | 47 |
| 8. | ലൈൻമാൻ ഗ്രേഡ് I & II | 316 |
| 9. | മീറ്റർ റീഡർ | 8 |
| 10. | ഓഫീസ് അറ്റൻഡന്റ് | 35 |
| 11. | ഓവർസീയർ | 717 |
| 12. | സീനിയർ അസിസ്റ്റന്റ് | 167 |
| 13. | സബ്ബ് എഞ്ചിനീയർ | 171 |
| 14. | സ്വീപ്പർ/സ്കാവഞ്ചർ | 5 |
| 15. | സ്കിൽഡ് ടെക്നീഷ്യൻ | 1 |
| 16. | ഡ്യൂപ്ലിക്കേറ്റ് ഓപ്പറേറ്റർ | 1 |
| 17. | ഫിറ്റർ | 1 |
| 18. | അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 42 |
| 19. | അസിസ്റ്റന്റ് എഞ്ചിനീയർ | 183 |
| 20. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 145 |
| 21. | അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ | 4 |
| 22. | ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | 3 |
| 23. | ഫെയർകോപ്പി സൂപ്രണ്ട് | 8 |
| 24. | സീനിയർ സൂപ്രണ്ട് | 197 |

| | | |
|---|---|---|
| 25. | എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 34 |
| 26. | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 13 |
| 27. | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (സിവിൽ ) | 4 |
| 28. | ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 10 |
| 29. | ചീഫ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 6 |
| 30. | അക്കൗണ്ട്സ് ഓഫീസർ | 23 |
| 31. | സീനിയർ അക്കൗണ്ട്സ് ഓഫീസർ | 2 |

(എഫ്) 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ ഓരോ തസ്തികകളിലും പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചവരുടെ എണ്ണം തസ്തിക തിരിച്ച് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ | 183 |
| 2 | ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ | 28 |
| 3 | മസ്ദൂർ | 2767 |
| 4 | ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ | 164 |
| 5 | മീറ്റർ റീഡർ | 24 |
| 6 | ജൂനിയർ ഫെയർകോപ്പി അസിസ്റ്റന്റ് | 1 |
| 7 | സബ്ബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 686 |

**കെ.എസ്.ഇ.ബി.-യിലെ ഒഴിവുകൾ**

233 (597) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ നിലവിലുള്ള അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ബി) ഇല്ലെങ്കിൽ ആയതിന് തടസ്സം എന്താണ്;

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് സർക്കാർ ഏതെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഡി) ഉത്തരവ് നടപ്പാക്കാത്തത് സംബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) 48 (3 ശതമാനം ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തത്)

(ബി-ഡി) വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർ അധിഷ്ഠിത ബില്ലിംഗ് അടക്കമുള്ള ആധുനികവത്കരണ നടപടിയുടെയും PDA അടക്കമുള്ള ബില്ലിംഗ് സംവിധാനങ്ങളുടെയും ഭാഗമായി ജീവനക്കാരുടെ ജോലിഭാരത്തിൽ വലിയ വ്യത്യാസമുണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വിവിധ വിഭാഗം ജീവനക്കാരുടെ സേവനം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിലേ കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ജീവനക്കാർ ആവശ്യമുണ്ടാകും എന്നത് തിട്ടപ്പെടുത്താൻ കഴിയൂ. ഇങ്ങനെ തിട്ടപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ഒഴിവുകൾ മാത്രമേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയൂ. ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. മേൽ നടപടികളുടെ ഭാഗമായി കണ്ടെത്തുന്ന ഒഴിവുകൾ നികത്തുന്നതിനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുള്ളത്.

## കെ.എസ്.ഇ.ബി.-യുടെ ആസ്തികൾ അന്യാധീനപ്പെട്ട് പോകുന്നതിനെതിരെ നടപടി

234 (598) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ കമ്പനിവത്ക്കരണവുമായി ബന്ധപ്പെട്ട് ബോർഡിന്റെ വസ്തുവകകൾ സംരക്ഷിക്കുന്നതിന് വ്യക്തമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയാണ്; ഇതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത നടപടികൾ ആരംഭിച്ച ശേഷവും ബോർഡിന്റെ വസ്തുവകകളും മറ്റ് ആസ്തികളും അന്യാധീനപ്പെട്ടുപോകുന്നതായുള്ള പരാതികളെന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബോർഡിന്റെ എന്തെങ്കിലും ആസ്തികൾ സഹകരണ സംഘങ്ങൾക്കോ മറ്റ് സ്ഥാപനങ്ങൾക്കോ കൈമാറിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഭൂമി സംരക്ഷണത്തിന്റെ ഭാഗമായി, കൈവശഭൂമിയുടെ വിശദവിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് സ്വന്തമായുള്ള ഡാറ്റാ ബേസിലേയ്ക്ക് രേഖപ്പെടുത്തുന്നതിന് ഒരു പ്രത്യേക വിഭാഗം 'ലാന്റ് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിക്കുകയും ടി വിഭാഗം നിർദ്ദേശിക്കപ്പെട്ട ജോലി ചെയ്തുവരികയുമാണ്. ഭൂമി സംരക്ഷണവുമായി ബന്ധപ്പെട്ട് തനതായ ലാന്റ് മാനേജ്മെന്റ് പോളിസി കെ.എസ്.ഇ.ബി. ലിമിറ്റഡ് ഉണ്ടാക്കി പ്രസിദ്ധീകരിച്ച് ഉത്തരവായിട്ടുണ്ട്.

ബോർഡിന്റെ ആസ്തികൾ സംബന്ധിച്ച കൂടുതൽ വിവരം ശേഖരിക്കുന്നതിന് പൈലറ്റ് ബേസിസിൽ ഒരു ഇലക്ട്രിക് സർക്കിളിൽ നടത്തുവാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ശേഖരിച്ച വിവരങ്ങൾ തരംതിരിച്ച് കണക്കെടുപ്പ് നടത്തുന്നതിനായി സർവ്വീസിൽനിന്നും വിരമിച്ച ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു ടീമിന്റെ സേവനം ഉപയോഗപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഭൂമി കയ്യേറ്റം ശ്രദ്ധയിൽപ്പെട്ട മുറയ്ക്ക് പ്രസ്തുത വിവരം ബന്ധപ്പെട്ട ജില്ലാ കളക്ടറെ അറിയിക്കാനും കയ്യേറ്റം ഒഴിപ്പിക്കാനും ഭൂമിയുടെ ചുമതലയുള്ള ഉദ്യോഗസ്ഥരോട് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

## കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി ഡിവിഷണൽ ഓഫീസിന് സ്വന്തമായി കെട്ടിടം

235 (599) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി ഡിവിഷണൽ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

ചങ്ങനാശ്ശേരി ഡിവിഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ഭരണാനുമതിക്കായി പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ.-ൽ ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കെ.എസ്.ഇ.ബി. ജീവനക്കാർക്ക് കോടതിയെ സമീപിക്കുന്നതിനുള്ള നിയന്ത്രണങ്ങൾ

236 (600) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ജീവനക്കാർക്ക് സർവ്വീസ് സംബന്ധിച്ച പ്രശ്നങ്ങൾക്കായി കോടതിയെ സമീപിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കെ.എസ്.ഇ.ബി.-യിൽ ജീവനക്കാരുടെ പരാതികൾക്ക് സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് സംവിധാനം ഉണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) കോടതിയിൽ ആക്ഷേപം സമർപ്പിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നത് ഭരണഘടന ഉറപ്പ് നൽകുന്ന അവകാശങ്ങളുടെ ലംഘന മാണോയെന്ന് പരിശോധിക്കുമോ?

### ഉത്തരം

(എ) നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ കോടതിയിൽ പോകുന്നതിനുമുമ്പ് ഓരോ ജീവനക്കാരനും പരാതി പരിഹാരത്തിന് സമീപിക്കുന്നതിനായി ബോർഡിന്റെ വിവിധ തലങ്ങളിൽ സംവിധാനം നിലനിൽക്കുന്നുണ്ട്. ഇത് വിശദമാക്കിക്കൊണ്ട് ബോർഡ് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പല ജീവനക്കാരും ബോർഡിൽ ലഭ്യമായ അവസരങ്ങൾ പ്രയോജനപ്പെടുത്താത്ത സാഹചര്യത്തിലാണ് ഇത് വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. ബന്ധപ്പെട്ട സർക്കിൾ ഓഫീസിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ മുതൽ ഫുൾ ബോർഡ് തലംവരെ പരാതികൾ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് വിവിധ തല സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

(സി) ഈ വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുള്ളതായതിനാൽ ഇപ്പോൾ പരിശോധിക്കാൻ നിർവ്വാഹമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കെ.എസ്.ഇ.ബി.-യിൽ ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ

237 (601) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ഇ.ബി.-യിൽ ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) കെ.എസ്.ഇ.ബി. എന്തൊക്കെ ഹൈടെക്ക് സൗകര്യങ്ങളാണ് പുതിയതായി നടപ്പിൽ വരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് താഴെപ്പറയുന്ന സൗകര്യങ്ങൾ പുതിയതായി നടപ്പിൽ വരുത്തിയിട്ടുണ്ട്.

(1) വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.

(2) വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ്-ദൂത്' പദ്ധതി

(3) സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.

(4) പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽനിന്നും ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.

(5) വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് ആന്റ് ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ് വെയർ സംവിധാനം.

(6) പേ.റ്റി.എം. (പേ ത്രൂ മൊബൈൽ), എം പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം.

(7) അപ്നാ സി.എസ്.സി. എന്ന ദേശീയ പൊതുസേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.

(8) വാട്ട്സ് ആപ് എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.

(9) കെ.എസ്.ഇ.ബി.ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസിലില്ലാത്തപ്പോൾ പോലും ഉപഭോക്തൃ സേവനത്തിനുവേണ്ടിയും മറ്റ് ഔദ്യോഗി കാവശ്യങ്ങൾക്ക് വേണ്ടിയും ഒരുമാനെറ്റ് ബില്ലിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ.

(10) പുനഃസംഘടിപ്പിച്ച ത്വരിത ഊർജ്ജിത ഊർജ്ജ വികസന നവീകരണ പദ്ധതിയുടെ (ആർ.എ.പി.ഡി.ആർ.പി.) പാർട്ട് എ യുടെ ഭാഗമായിട്ടുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ് വർക്കിംഗ്, വിതരണമേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെ ടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം), ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ.

### എൽ.ഇ.ഡി. ബൾബുകളുടെ പ്രചാരണം

238(602) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സാധാരണ ബൾബുകളുടെ വിൽപ്പന നിരോധിച്ചുകൊണ്ട് എൽ.ഇ.ഡി. ബൾബുകൾ സാർവത്രികമാക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എൽ.ഇ.ഡി. ബൾബുകൾ സബ്സിഡി നിരക്കിൽ എല്ലാവർക്കും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി സാധാരണ ബൾബുകളുടെ വില്പന നിരോധിക്കുന്നത് സംബന്ധിച്ച പദ്ധതികളൊന്നും പരിഗണനയിലില്ല.

എന്നാൽ എൽ.ഇ.ഡി. ബൾബുകൾ സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള എൽ.ഇ.ഡി. ബൾബുകൾ കുറഞ്ഞ നിരക്കിൽ നൽകുന്ന പദ്ധതി കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിവരുന്നു. നാഷണൽ എൽ.ഇ.ഡി.മിഷന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇ.ഇ.എസ്.എൽ.-മായി ചേർന്ന് 75 ലക്ഷം ഉപഭോക്താക്കൾക്ക് രണ്ട് വീതം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യാൻ ലക്ഷ്യമിടുന്ന ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം (ഡെൽപ്പ്) എന്ന ഈ പദ്ധതിയിൽ ഇതിനോടകം ഒരു കോടിയിലേറെ ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു.

**പുതിയ വൈദ്യുതി കണക്ഷൻ**

239(603) <u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> :
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയിരം സ്ക്വയർ ഫീറ്റിൽ കുറവ് തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് വീട്ടുനമ്പരോ കൈവശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുതി കണക്ഷൻ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) വീട് വയറിംഗ് നടത്തുന്നതിന് സാമ്പത്തിക ശേഷി ഇല്ലാത്ത കുടുംബങ്ങളുടെ വയറിംഗ് ജോലികൾ വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹായ സഹകരണങ്ങൾ ലഭ്യമായിട്ടുണ്ടോ എന്നറിയിക്കുമോ;

(ഡി) പുതുതായി വൈദ്യുതി കണക്ഷന് അപേക്ഷിക്കുന്നവർക്ക് കാലതാമസം കൂടാതെ വൈദ്യുതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 100 ചതുരശ്ര മീറ്റർ വരെ (1076 ചതുരശ്ര അടി) തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകളില്ലെങ്കിലും ഉപഭോക്താവിൽ നിന്ന് ഒരു സത്യവാങ്മൂലം വാങ്ങിയതിനുശേഷം വൈദ്യുതി കണക്ഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നുണ്ട്.

(ബി&സി) സാധാരണഗതിയിൽ വീടുകളുടെ വയറിംഗ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏറ്റെടുത്ത് നടത്താറില്ല. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉപഭോക്താക്കളുടെ വീടിന്റെ വയറിംഗ് ഉൾപ്പെടുത്തിയിരുന്നില്ലെങ്കിലും തങ്ങളുടെ വീട് വയർ ചെയ്യുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് കണ്ടെത്താൻ പലർക്കും സാധിക്കുന്നില്ല എന്ന് ബോധ്യമായതിനെ തുടർന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പ്രമുഖ കമ്പനികളുടെ Corporate Social Responsibility-യിൽപ്പെടുത്തി ആയതിനുള്ള പണം കണ്ടെത്താമെന്ന പ്രതീക്ഷയിൽ വയറിംഗ് പൂർത്തിയാക്കാത്ത ബി.പി.എൽ., എസ്.ടി. കുടുംബങ്ങളുടെ വയറിംഗ് കെ.എസ്.ഇ.ബി.എൽ. ഏറ്റെടുത്ത് പൂർത്തിയാക്കിയിരുന്നു. കൂടാതെ കെ.എസ്.ഇ.ബി.എൽ.-ലെ വിവിധ സംഘടനകൾ, ജീവനക്കാർ, സന്നദ്ധസംഘടനകൾ, KSPFC, NSS പോലെയുള്ള സ്ഥാപനങ്ങൾ, മറ്റ് സുമനസ്സുകൾ മുഖേനയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ വീടുകളിൽ വയറിംഗ് നടത്താനായി. തദ്ദേശസ്വയംഭരണ വകുപ്പ്, പദ്ധതിയുടെ ഭാഗമായി വയറിംഗ് ഗ്രാന്റ് 5000 രൂപയായി ഉയർത്തി. കൂടാതെ വീടുകളുടെ വയറിംഗിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 2.44 കോടി രൂപ നൽകാമെന്ന് വാഗ്ദാനം നൽകിയിട്ടുണ്ട്.

(ഡി) പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 പ്രകാരം അപേക്ഷകന്റെ തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ, സ്ഥിര മേൽവിലാസം തെളിയിക്കുന്ന രേഖ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന പ്രത്യേക അനുമതി, വയറിംഗ് പൂർത്തീകരണ സർട്ടിഫിക്കറ്റ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതി തുടങ്ങി പല രേഖകളും ഹാജരാക്കേണ്ടതുണ്ടായിരുന്നു. ഇത് ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഈ വൈഷമ്യങ്ങൾ പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും വെറും രണ്ട് രേഖകൾ

(തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്താൻ കേരള സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് റെഗുലേറ്ററി കമ്മീഷൻ മാറ്റം വരുത്തുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പം തന്നെ, അപേക്ഷാഫോറം കൂടുതൽ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്.

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ചട്ടങ്ങൾ പ്രകാരം അപേക്ഷകൻ പണമടച്ച് 30 ദിവസത്തിനുള്ളിൽ പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കണമെന്ന് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഉപഭോക്തൃ സംതൃപ്തി മുൻനിറുത്തി സർവ്വീസ് കണക്ഷൻ കൂടുതൽ വേഗത്തിൽ ലഭ്യമാക്കുവാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചതനുസരിച്ച് പുതുതായി പോസ്റ്റോ ലൈനോ സ്ഥാപിക്കേണ്ടാത്ത കണക്ഷൻ 2 പ്രവൃത്തി ദിവസത്തിനുള്ളിലും, സപ്പോർട്ട് പോസ്റ്റ്/പോസ്റ്റ് ഇൻസർഷൻ വേണ്ട കണക്ഷൻ 7 ദിവസത്തിനുള്ളിലും ഓവർഹെഡ് ലൈൻ വലിക്കേണ്ട കണക്ഷനുകൾ 15 ദിവസത്തിനുള്ളിലും നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

### എളനാട്-ചേപ്പ-കുന്നംപുറം മേഖലയിലെ വോൾട്ടേജ് ക്ഷാമം

240 (604) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ചേലക്കര നിയോജക മണ്ഡലത്തിലെ എളനാട് - ചേപ്പ - കുന്നംപുറം മേഖലകളിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയത്തിൽ എളനാട് - ചേപ്പ - കുന്നംപുറം നിവാസികളുടെ നിവേദനത്തിൽ എന്തു നടപടി കെ.എസ്.ഇ.ബി. ഇതുവരെ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 965 മീ. 11 കെ.വി. ലൈൻ വലിച്ച് ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. ഇതിൽ ലൈൻ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ട്രാൻസ്ഫോർമർ സ്ഥാപിച്ച് ചാർജ്ജ് ചെയ്യുന്നതോടുകൂടി എളനാട്-ചേപ്പ-കുന്നംപുറം പ്രദേശത്തെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരമാകുന്നതാണ്.

## തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കുന്നതിന് നടപടി

241 (605) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ തെരുവ് വിളക്കുകളും എൽ.ഇ.ഡി. ആക്കുന്നതിനും ഓട്ടോമാറ്റിക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനും പദ്ധതിയുണ്ടോ;

(ബി) ഈ പദ്ധതിക്കായി എന്ത് തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇതിലേക്കായി കേന്ദ്രസഹായം ലഭ്യമാണോ; എങ്കിൽ ഏത് പദ്ധതിയിൻ കീഴിലാണ് കേന്ദ്രസഹായം ലഭിക്കുകയെന്നും ഇതിനകം എന്ത് തുക ലഭിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എല്ലാ തെരുവ് വിളക്കുകളും എൽ.ഇ.ഡി. ആക്കുന്നതിനും ഓട്ടോമാറ്റിക് നിയന്ത്രണ സംവിധാനമേർപ്പെടുത്തുന്നതിനുമായുള്ള പദ്ധതി ഇപ്പോൾ നിലവിലില്ല. എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തം നിലയിലും എം.എൽ.എ.-മാർ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചും ഇത്തരത്തിലുള്ള പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കിവരുന്നുണ്ട്.

## ഊർജ്ജ കിരൺ പദ്ധതി

242(606) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന ഊർജ്ജ കിരൺ പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) 2016-17-ൽ തിരുവനന്തപുരം ജില്ലയിൽ എവിടെയൊക്കെയാണ് ഊർജ്ജ കിരൺ പദ്ധതിയുടെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുജനങ്ങളിൽ ഊർജ്ജസംരക്ഷണ അവബോധം സൃഷ്ടിക്കുന്നതിനായി കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും ഊർജ്ജകിരൺ എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു. ഊർജ്ജ കിരൺ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകൾ മുഖേന ഊർജ്ജസംരക്ഷണ ബോധവത്കരണ ക്ലാസ്സുകളും റാലികളും നടത്തിവരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 304 പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ 14 നിയോജകമണ്ഡലങ്ങളിലായി ഊർജ്ജ കിരൺ പദ്ധതിയുടെ ഭാഗമായി 2016-17 സാമ്പത്തികവർഷത്തിൽ 47 പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. 37 ബോധവത്കരണ ക്ലാസുകളും 10 റാലികളും അതിൽ ഉൾപ്പെട്ടിട്ടുണ്ട്. പാറശ്ശാല നിയോജകമണ്ഡലത്തിൽ 6 പരിപാടികളും വാമനപുരം നിയോജകമണ്ഡലത്തിൽ 5, തിരുവനന്തപുരം, അരുവിക്കര, കോവളം, നേമം, കാട്ടാക്കട എന്നീ നിയോജകമണ്ഡലങ്ങളിൽ 4 പരിപാടികളും നെയ്യാറ്റിൻകര, ആറ്റിങ്ങൽ, വർക്കല എന്നീ നിയോജക മണ്ഡലങ്ങളിൽ 3 പരിപാടികളും വട്ടിയൂർക്കാവ്, നെടുമങ്ങാട്, ചിറയിൻകീഴ് എന്നീ സ്ഥലങ്ങളിൽ 2 പരിപാടികളും കഴക്കൂട്ടത്ത് ഒരു പരിപാടിയും നടപ്പിലാക്കിയിട്ടുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ 47 പരിപാടികൾക്കായി 4,70,000 രൂപ ചെലവഴിച്ചു.

## വൈദ്യുത കാറുകൾ വാടകയ്ക്ക് നൽകുന്ന കേന്ദ്രങ്ങൾ

243(607) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത കാറുകൾ വാടകയ്ക്ക് നൽകുന്ന കേന്ദ്രങ്ങൾ തുടങ്ങാൻ വൈദ്യുതി ബോർഡിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) എത്ര കേന്ദ്രങ്ങൾ ആരംഭിക്കാനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

(സി) ഈ കേന്ദ്രങ്ങളിൽ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് സംസ്ഥാന സർക്കാർ എത്ര കോടി രൂപയാണ് ചെലവഴിക്കുക എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരത്ത് പട്ടം വൈദ്യുതി ഭവനം വളപ്പ്, എറണാകുളത്തെ മറൈൻ ഡ്രൈവിലുള്ള ജി.ഐ.എസ്. സബ്സ്റ്റേഷൻ, കോഴിക്കോട് വൈദ്യുതി ഭവനം വളപ്പ് എന്നീ മൂന്ന് കേന്ദ്രങ്ങളിലായി വൈദ്യുതി കാറുകൾ വാടകയ്ക്ക് നൽകാനുള്ള പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിനോടൊപ്പം തന്നെ പ്രസ്തുത കേന്ദ്രങ്ങളിൽ സൗരോർജ്ജത്തിൽ നിന്നും ഗ്രിഡിൽ നിന്നും വൈദ്യുത കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുവേണ്ടിയുള്ള ഉപകരണവും കൂടാതെ തിരുവനന്തപുരം ടെക്നോപാർക്കിൽ ഇത്തരം വാഹനം ചാർജ്ജ് ചെയ്യാനുള്ള സംവിധാനം ഈ പദ്ധതിയിലുണ്ട്.

(ബി) മൂന്ന് കേന്ദ്രങ്ങൾ.

(സി) ഈ കേന്ദ്രങ്ങളിൽ വൈദ്യുത വാഹനങ്ങൾ ചാർജ്ജ് ചെയ്യാവുന്ന സംവിധാനവും മണിക്കൂറിന് 100 രൂപ ക്രമത്തിൽ പരമാവധി 4 മണിക്കൂർ വരെ വാടകയ്ക്ക് ഉപയോഗിക്കാവുന്ന വൈദ്യുത കാറും പൊതുജനങ്ങൾക്ക് ലഭ്യമാവും.

(ഡി) പ്രസ്തുത പദ്ധതികൾക്കായി 1.715 കോടി രൂപയാണ് സംസ്ഥാന സർക്കാർ ചെലവഴിക്കുന്നത്.

**വൈദ്യുത പദ്ധതികൾ**

244 (608) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന വൈദ്യുത പദ്ധതികൾ ഏതൊക്കെയാണ്;

(ബി) സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധിയിലേക്ക് നീങ്ങുമ്പോഴും നിർമ്മാണത്തിലിരിക്കുന്ന ഇത്തരം പദ്ധതികളുടെ മെല്ലെപ്പോക്ക് സംബന്ധിച്ച റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പദ്ധതികളുടെ നിർമ്മാണപ്രവൃത്തി ത്വരിതപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ഡി) ഓരോ പദ്ധതിയും എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായുള്ള പദ്ധതിയാണെന്നും അവ ഓരോന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പെരുന്തേനരുവി, കക്കയം, പെരിങ്ങൽക്കുത്ത്, ഭൂതത്താൻകെട്ട്, ചാത്തൻകോട്ടുനട - II, അപ്പർ കല്ലാർ എന്നീ ചെറുകിട വൈദ്യുത പദ്ധതികളും, തോട്ടിയാർ, പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി, ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി എന്നിവ ഉൾപ്പെടെ ഒൻപത് ജലവൈദ്യുത പദ്ധതികളാണ് നിർമ്മാണം നടന്നുവരുന്നത്. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോല്പാദനം സാധ്യമാക്കുന്നതിനായി നിർമ്മാണം നടന്നുവരുന്ന സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ BOOT അടിസ്ഥാനത്തിൽ 30 വർഷത്തേയ്ക്ക് മത്സര ദർഘാസിലൂടെ അനുവദിച്ച താഴെപ്പറയുന്ന സ്വകാര്യ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു:

- അരിപ്പാറ - 4.5 MW
- ആനക്കാംപോയിൽ - 8 MW

(ബി) ഉണ്ട്.

(സി) നിർമ്മാണം മുടങ്ങിക്കിടന്നിരുന്ന പള്ളിവാസൽ വിപുലീകരണ പദ്ധതി, തോട്ടിയാർ ജലവൈദ്യുത പദ്ധതി, ചാത്തൻകോട്ടുനട - II ചെറുകിട ജലവൈദ്യുത പദ്ധതി എന്നീ പദ്ധതികളുടെ പണികൾ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇവയിൽ പള്ളിവാസൽ വിപുലീകരണ പദ്ധതിയുടെ പണി 11-04-2017-ൽ പുനരാരംഭിച്ചു. തോട്ടിയാർ, ചാത്തൻകോട്ടുനട -II എന്നീ പദ്ധതികളുടെ ബാക്കി സിവിൽ ജോലികൾക്കുള്ള ടെണ്ടർ ക്ഷണിച്ചു. കൂടാതെ നിർമ്മാണം പുരോഗമിക്കുന്ന എല്ലാ പദ്ധതികളുടെയും പ്രവർത്തനപുരോഗതി സമയാസമയങ്ങളിൽ, വിവിധ തലങ്ങളിൽ അവലോകനം നടത്തി അവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജോല്പാദനം സാധ്യമാക്കുന്നതിനായി നിർമ്മാണം നടന്നുവരുന്ന സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* 2017 അവസാനത്തോടുകൂടി പദ്ധതികൾ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി)

| നമ്പർ | പദ്ധതി | സ്ഥാപിത ശേഷി | പൂർത്തിയാക്കുന്ന തീയതി |
|---|---|---|---|
| 1 | പെരുന്തേനരുവി | 6 MW | നിർമ്മാണം പൂർത്തിയായി ജൂൺ മാസം മുതൽ ഉല്പാദനം ആരംഭിച്ചു. പദ്ധതി ഉടൻ കമ്മീഷൻ ചെയ്യുന്നതാണ്. |
| 2 | കക്കയം | 3 MW | 12/2017 |
| 3 | പെരിങ്ങൽക്കുത്ത് | 24 MW | 8/2018 |
| 4 | ഭൂതത്താൻകെട്ട് | 24 MW | 6/2018 |
| 5 | ചെങ്കുളം ഓഗ്മെന്റേഷൻ | - | 6/2020 |
| 6 | ചാത്തൻകോട്ടുനട-II | 6 MW | 10/08/2017 |
| 7 | തോട്ടിയാർ | 40 MW | 2/2020 |
| 8 | പള്ളിവാസൽ വിപുലീകരണ പദ്ധതി | 60 MW | 12/2020 |
| 9 | അപ്പർ കല്ലാർ | 2 MW | 8/2018 |
| | ആകെ | 165 MW | |

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നിന്നുള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി അവലോകനം വിവിധ തലങ്ങളിൽ നടത്തി വേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നു.

സ്വകാര്യ ചെറുകിട ജലവൈദ്യുത പദ്ധതികളായ അരിപ്പാറ (4.5MW), ആനക്കാംപോയിൽ (8 MW) എന്നീ പദ്ധതികൾ 2018 ജൂണോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഭൂഗർഭ കേബിളുകൾ വഴി വൈദ്യുതി വിതരണം

245 (609) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാനുസൃതമായി റോഡുകളുടെ വീതി കൂട്ടുന്നതിനാൽ റോഡിനോട് ചേർന്ന് നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ പലപ്പോഴും ഗതാഗതക്കുരുക്കിനും അപകടത്തിനും പ്രദേശത്തിന്റെ വികസനത്തിനും തടസ്സം നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൂഗർഭ കേബിളുകൾ വഴി വൈദ്യുതി വിതരണം നടത്തുവാൻ സാധിക്കുമോ; ഉപഭോക്താവ് ഇതിനു വേണ്ടിവരുന്ന ചെലവ് വഹിക്കുകയാണെങ്കിൽ അത്തരത്തിൽ കണക്ഷൻ നൽകുവാൻ കഴിയുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓവർഹെഡ് ലൈനുകൾ സ്ഥാപിക്കുന്നതുമായി താരതമ്യം ചെയ്യുമ്പോൾ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നത് വളരെയധികം ചെലവേറിയതാണ്. വിതരണശൃംഖലയുടനീളം ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നത് വൻ സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ പ്രായോഗികമല്ല. കൂടാതെ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുമ്പോഴും അറ്റകുറ്റപ്പണികൾ ആവശ്യമുള്ളപ്പോഴും വിവിധ സർക്കാർ/ അർദ്ധ സർക്കാർ വകുപ്പുകളിൽനിന്ന് അനുമതി ലഭിക്കേണ്ടതുണ്ട്. ഓവർഹെഡ് ലൈനുകൾ വലിക്കുവാൻ സാധിക്കാത്ത സ്ഥലങ്ങളിൽ മാത്രമേ സാധാരണ ഗതിയിൽ ഭൂഗർഭ കേബിളുകൾ സ്ഥാപിക്കുന്നത് ശിപാർശ ചെയ്യാറുള്ളൂ. കേന്ദ്ര പദ്ധതിയായ RAPDRP-ൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത നഗരപ്രദേശങ്ങളിൽ ഓവർഹെഡ് എച്ച്.റ്റി. ലൈനുകൾ മാറ്റി ഭൂഗർഭ കേബിളുകൾ സ്ഥാപിച്ചുവരുന്നു. എച്ച്.റ്റി. വൈദ്യുതി കണക്ഷൻ ഭൂഗർഭ കേബിളുകൾ വഴി നൽകാറുണ്ട്. എൽ.റ്റി. വൈദ്യുതി കണക്ഷൻ കൊടുക്കുമ്പോൾ പോസ്റ്റിൽനിന്നും ഓവർഹെഡ് സർവ്വീസ് വയറിലൂടെ വൈദ്യുതി നൽകുന്നതിനുപകരം അണ്ടർ ഗ്രൗണ്ട് കേബിൾ വഴി വൈദ്യുതി നൽകുന്നത് വൈദ്യുത ചോർച്ചയ്ക്ക് ഇടയാക്കാം എന്നതിനാൽ ഇത് പൊതുവിൽ നിരുത്സാഹപ്പെടുത്താറുണ്ട്.

## വൈദ്യുത ബോർഡിന്റെ കസ്റ്റമർ കെയർ സെന്റർ

246(610) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ ഒരു കസ്റ്റമർ കെയർ സെന്റർ ആരംഭിക്കണമെന്ന നിവേദനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) നിലവിൽ വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് മഞ്ചേരി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കുമോ; പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനായി തയ്യാറാക്കുന്ന ലിസ്റ്റിൽ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിനെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ ഒരു കസ്റ്റമർ കെയർ സെന്റർ ആരംഭിക്കണമെന്ന നിവേദനം ബോർഡ് പരിശോധിച്ചിരുന്നു. പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി പരമാവധി ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ സൗകര്യപ്രദമായ സ്ഥലത്ത് ജില്ലാതലത്തിൽ കസ്റ്റമർ കെയർ സെന്ററുകൾ തുടങ്ങുന്നതിനുള്ള സാധ്യത ബോർഡ് പരിശോധിച്ചുവരികയാണ്. പ്രാരംഭഘട്ടത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ ടി സെന്ററുകൾ തുടങ്ങണമെന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

(ബി-ഡി) സംസ്ഥാനത്ത് പുതിയ ഇലക്ട്രിക്കൽ സെക്ഷനാഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. പുതിയ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സംസ്ഥാനത്ത് ഇപ്പോൾ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നത് പ്രായോഗികമല്ല. ഇതിനാൽ തന്നെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ പുതിയ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. കാര്യക്ഷമതത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം ബോർഡ് പരിശോധിച്ചുവരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കി വരികയാണ്.

**അനധികൃത കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ**

247(611) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃതമായി നിർമ്മിച്ച വാസഗൃഹങ്ങൾക്കും കൊമേഴ്സ്യൽ കെട്ടിടങ്ങൾക്കും വൈദ്യുതി കണക്ഷൻ നൽകാൻ വൈദ്യുതി ബോർഡ് എന്തെങ്കിലും ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് അനധികൃതമായി വാസഗൃഹങ്ങളും കൊമേഴ്സ്യൽ കെട്ടിടങ്ങളും നിർമ്മിച്ച് വൈദ്യുതി ലഭിക്കാതെ ഉടമസ്ഥർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇവരെ സഹായിക്കാൻ എന്തെങ്കിലും അനുകൂല നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സാധാരണഗതിയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് അപേക്ഷയോടൊപ്പം ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ നൽകേണ്ടതുണ്ട്. മതിയായ ഉടമസ്ഥാവകാശ രേഖകൾ ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിന് 6-10-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 22/2016/പി.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനും 23-11-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 174/2016/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൊമേഴ്സ്യൽ കെട്ടിടങ്ങൾക്ക് ഇത്തരം ഇളവുകൾ നൽകുന്ന ഉത്തരവുകളൊന്നും നിലവിലില്ല.

(സി) ഇളവുകൾ നൽകുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

**കൂടംകുളം ആണവ വൈദ്യുത നിലയത്തിൽ നിന്നും വൈദ്യുതി**

248 (612) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടംകുളം ആണവ വൈദ്യുത നിലയത്തിൽ നിന്നും കേരളത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിലേക്കായി നിർമ്മിക്കുന്ന വൈദ്യുത ലൈനിന്റെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ജനവാസ കേന്ദ്രങ്ങളിൽ കൂടിയുള്ള ലൈനിന്റെ നിർമ്മാണം സംബന്ധിച്ച് ആക്ഷൻ കൗൺസിലും വ്യക്തികളും നൽകിയ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) ഇതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) വീടുകൾ നഷ്ടപ്പെടുന്നവർക്ക് മാർക്കറ്റ് വില നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിർദ്ദിഷ്ട ഇടമൺ-കൊച്ചി പ്രസരണ ലൈനിന്റെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടതിന്റെയും ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ആശങ്കയും അവ്യക്തതയും പരിഹരിക്കേണ്ടതിന്റെയും ആവശ്യകത യെക്കുറിച്ച് വിശദമായ ചർച്ച നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഒരു പ്രത്യേക നഷ്ടപരിഹാര പാക്കേജ് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഈ ലൈനിന്റെ നിർമ്മാണം 2018 ഡിസംബറിൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) ഈ പദ്ധതിക്ക് ലൈൻ വലിക്കുന്നതിലേയ്ക്കായി സ്ഥലം ഏറ്റെടുക്കുകയോ ഒരാളെയെങ്കിലും കുടി ഒഴിപ്പിക്കുകയോ വേണ്ടിവരില്ല.

**വൈദ്യുതി വിതരണശൃംഖല മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ**

249(613) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികൾക്കുള്ള തുക എങ്ങനെയാണ് കണ്ടെത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ള തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണരംഗം ശക്തിപ്പെടുത്തുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി./എൽ.റ്റി. അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി

കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring), സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, മരച്ചില്ലകൾക്കിടയിലൂടെ കടന്നുപോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bunched Cable)/ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക തുടങ്ങിയ പ്രവൃത്തികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ ഡി.ഡി.യു.ജി.ജെ.വൈ. (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി പദ്ധതി), ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന പദ്ധതി) എന്നിവയും നടപ്പിലാക്കി വരുന്നു.

(ബി) വാർഷിക പദ്ധതിക്കായുള്ള തുക കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ തനത് ഫണ്ടിൽ നിന്നും വിവിധ കേന്ദ്ര/സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തിയുമാണ് കണ്ടെത്തുന്നത്.

(സി) വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ മാർച്ച് 2018-ഓടുകൂടിയും ഡി.ഡി.യു.ജി.ജെ.വൈ. (ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി പദ്ധതി) പദ്ധതി 30-06-2018-നും ഐ.പി.ഡി.എസ്. പദ്ധതി 31-12-2018-നും പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

## വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് നടപടികൾ

250 (614) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതീക്ഷിച്ച മഴ ലഭിക്കാത്തതിനാൽ കേരളം വൈദ്യുതി ക്ഷാമത്തിലേക്ക് എന്ന മാധ്യമവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(ബി) ഈ വർഷത്തെ വൈദ്യുതി ഉപഭോഗം കണക്കിലെടുത്ത് കേരളത്തിന്റെ ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2017-18 കാലയളവിലെ വൈദ്യുതി ഉപഭോഗം ഏതാണ്ട് 24770 ദശലക്ഷം യൂണിറ്റായിരിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 865 മെഗാവാട്ട് വൈദ്യുതിക്കുള്ള ദീർഘകാല കരാറിൽ DBFOO tender വഴി ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് 2016-17 കാലയളവിൽ ലഭിച്ചുതുടങ്ങി. ശേഷിക്കുന്ന 550 മെഗാവാട്ട് വൈദ്യുതി 1-10-2017 മുതൽ ലഭിച്ച് തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതുകൂടാതെ നിലവിലുള്ള കാലവർഷക്കുറവ് കാരണം ഉണ്ടായേക്കാവുന്ന ആഭ്യന്തര ഉല്പാദനത്തിലെ കുറവ് മുൻകൂട്ടി കണ്ട്, ഇപ്പോൾത്തന്നെ പവർ എക്സ്ചേഞ്ചിൽ നിന്നും താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങി വേനൽക്കാലത്തെ ആവശ്യത്തിനുവേണ്ടി ജലം സംഭരിക്കുന്നുണ്ട്.

ഇപ്രകാരം പ്രതീക്ഷിച്ചതിന്റെ 80 ശതമാനം മാത്രം മഴ ലഭിച്ചാൽ പോലും 2017-18-ൽ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാവുന്നതാണ്. എന്നാൽ നിലവിൽ പ്രതീക്ഷിച്ചതിന്റെ 60-70 ശതമാനം മഴ മാത്രമേ ഇതുവരെ ലഭിച്ചിട്ടുള്ളൂ. ഈ സാഹചര്യം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കൃത്യമായി അവലോകനം ചെയ്തുവരികയാണ്. വരും ദിവസങ്ങളിൽ മഴ ശക്തിപ്പെടുകയും തുലാവർഷം ശക്തമായി ലഭിക്കുകയും ചെയ്താൽ മേൽ സൂചിപ്പിച്ച പ്രകാരം തന്നെ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാവുന്നതാണ്. എന്നാൽ മഴയുടെ ദൗർലഭ്യം അനിശ്ചിതമായി നീണ്ടുപോവുകയാണെങ്കിൽ ഹ്രസ്വകാലത്തേയ്ക്ക് വൈദ്യുതി വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ കൈക്കൊള്ളുന്ന കാര്യവും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പരിഗണനയിലുണ്ട്.

**വൈദ്യുതി ചാർജ്ജ് ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക**

251 (615) ഡോ. എം. കെ. മുനീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-ക്ക് വൈദ്യുതി ചാർജ് ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളും വ്യക്തികളും ആരൊക്കെയാണ്;

(സി) കുടിശ്ശിക തുക കൃത്യമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള പത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽനിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽനിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടിയും നടപ്പിലാക്കിയിട്ടുണ്ട്.

## വൈദ്യുതി കണക്ഷൻ

252 (616) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പുമായി കേസ്സ് നടക്കുന്നതിനാൽ നിരവധി കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി മുഖാന്തരം ഇത്തരം കുടുംബങ്ങൾക്ക് കരാർ വ്യവസ്ഥയിൽ താത്കാലിക കണക്ഷൻ കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഉൾപ്രദേശങ്ങളിൽ താമസിക്കുന്ന ഗുണഭോക്താക്കൾക്ക് വനത്തിനുള്ളിൽകൂടി വൈദ്യുതി ലൈൻ വലിക്കേണ്ട സാഹചര്യങ്ങളിൽ വനം വകുപ്പിന്റെ അനുമതി ആവശ്യമാണ്. പ്രസ്തുത അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ വികേന്ദ്രീകൃത ഉല്പാദനവും വിതരണവും (DDG) സംവിധാനത്തിലൂടെ വൈദ്യുതി എത്തിക്കാനാണ് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ DDG സംവിധാനത്തിലൂടെ വീട് വൈദ്യുതീകരിക്കുന്നതിനു പല ഗുണഭോക്താക്കളും വിസമ്മതം പ്രകടിപ്പിച്ചിരുന്നു. വനം വകുപ്പിന്റെ അനുമതി ആവശ്യമുള്ളപക്ഷം ആയത് ലഭിക്കാതെ താൽക്കാലിക കണക്ഷൻ നൽകുവാൻ നിയമപ്രകാരം സാധ്യമല്ല.

## തിരുവമ്പാടി മണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തവർ

253 (617) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി അപേക്ഷ നൽകിയ തിരുവമ്പാടി മണ്ഡലത്തിലെ എത്രപേർക്ക് ഇനിയും വൈദ്യുതി ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് വൈദ്യുതി കണക്ഷൻ ഇതുവരെ ലഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) തിരുവമ്പാടി മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി അപേക്ഷ ലഭിച്ചതിൽ ഒരു അപേക്ഷകന് കണക്ഷൻ നൽകാനുണ്ട്. പ്രസ്തുത വൈദ്യുതി കണക്ഷൻ നൽകുന്നതിന് അന്യരുടെ പറമ്പിലൂടെ 640 മീറ്റർ എൽ.റ്റി. ലൈൻ വലിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുള്ളതിനാൽ വികേന്ദ്രീകൃത വൈദ്യുതോല്പാദനവും വിതരണവും എന്ന സംവിധാനം ഉപയോഗിച്ചുള്ള സൗരോർജ്ജ വൈദ്യുതീകരണമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

## വൈദ്യുതി കുടിശ്ശിക

254 (618) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ വൈദ്യുതി കുടിശ്ശികയിനത്തിൽ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും എത്ര തുകയാണ് ലഭിക്കാനുണ്ടായിരുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും എത്ര തുക വൈദ്യുതി കുടിശ്ശികയിനത്തിൽ കിട്ടാനുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 30-06-2016-ലെ ത്രൈമാസ കണക്കുപ്രകാരം വൈദ്യുതി കുടിശ്ശികയിനത്തിൽ കെ.എസ്.ഇ.ബി.-ക്ക് പിരിഞ്ഞുകിട്ടുവാനുള്ള പലിശ ഉൾപ്പെടുത്താതെയുള്ള തുക താഴെപ്പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1 | സർക്കാർ സ്ഥാപനങ്ങൾ | 137.72 കോടി രൂപ |
| 2 | സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ | 1049.38 കോടി രൂപ |
| 3 | സ്വകാര്യ സ്ഥാപനങ്ങൾ | 594.32 കോടി രൂപ |

(ബി) 31-03-2017-ലെ ക്രോഡീകരിച്ച കുടിശ്ശിക കണക്കുപ്രകാരം മേൽസൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ള (പലിശ ഉൾപ്പെടുത്താതെയുള്ള) തുക ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | സർക്കാർ സ്ഥാപനങ്ങൾ | 136.34 കോടി രൂപ |
| 2 | സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ | 1263.27 കോടി രൂപ |
| 3 | സ്വകാര്യ സ്ഥാപനങ്ങൾ | 530.19 കോടി രൂപ |

**വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടി**

255(619) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപയോഗിക്കുന്ന വൈദ്യുതിയുടെ എത്ര ശതമാനമാണ് ഇവിടെ ഉൽപാദിപ്പിക്കുന്നത്;

(ബി) വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) ചെലവ് കുറഞ്ഞതും പരിസ്ഥിതിക്ക് ദോഷം തട്ടാത്തതുമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ മൊത്തം ഉപഭോഗം 23,818 ദശലക്ഷം യൂണിറ്റായിരുന്നു. ഇതിൽ സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിച്ചത് 4618 ദശലക്ഷം യൂണിറ്റാണ്. ഇത് ആകെ ഉപഭോഗത്തിന്റെ 19 ശതമാനം മാത്രമായിരുന്നു.

2017 ജൂലൈ മാസത്തിൽ സംസ്ഥാനത്തെ മൊത്തം ഉപഭോഗം 1943 ദശലക്ഷം യൂണിറ്റായിരുന്നു. ഇതിൽ സംസ്ഥാനത്തിനകത്ത് ഉല്പാദിപ്പിച്ചത് 447.40 ദശലക്ഷം യൂണിറ്റാണ്. ഇത് ആകെ ഉപഭോഗത്തിന്റെ 23 ശതമാനം മാത്രമായിരുന്നു.

(ബി) നിർമ്മാണം പുരോഗമിച്ചുവരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതുവഴി 165 മെഗാവാട്ട് അധികമായി ലഭിക്കും. കൂടാതെ ജലസ്രോതസ്സ് ഉപയോഗപ്പെടുത്തി 16 പുതിയ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം എന്നിവയിൽ നിന്നും 149.275 മെഗാവാട്ട് വൈദ്യുതി കേരളത്തിൽ ഉല്പാദിപ്പിക്കുന്നു.

വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി ചെറുകിട ജലവൈദ്യുത പദ്ധതികൾ വ്യവസ്ഥകൾക്ക് വിധേയമായി സ്വകാര്യമേഖലയിൽ അനുവദിച്ചു കൊണ്ട് സർക്കാർ ചെറുകിട ജലവൈദ്യുത പദ്ധതി നയം പ്രഖ്യാപിച്ചിട്ടുണ്ട്.

അനെർട്ടിന്റെ ഉടമസ്ഥതയിൽ പാലക്കാട്ട് 2 മെഗാവാട്ട് ശേഷിയുള്ള ഒരു സോളാർ പവർപ്ലാന്റ് കമ്മീഷൻ ചെയ്തു. സംസ്ഥാനത്ത് റൂഫ് ടോപ്പ് വൈദ്യുതോല്പാദനത്തിന് അനർട്ട് മുഖാന്തരം പ്രധാനമായും രണ്ട് സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വൈദ്യുതവിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്ന സോളാർ കണക്ട്, ബാറ്ററി ശേഷിയോടുകൂടി വരുന്ന സോളാർ സ്മാർട്ടും പതിനായിരം സൗരമേൽക്കൂര പദ്ധതിയും ഇതിൽ ഉൾപ്പെടുന്നു. വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്ന സോളാർ കണക്ട് പദ്ധതിയിലൂടെ 8.4 സ്ഥാപിതശേഷിയും ബാറ്ററി ശേഷിയോടുകൂടി വരുന്ന പദ്ധതികളിലൂടെ 13.38 മെഗാവാട്ട് സ്ഥാപിതശേഷിയും കൈവരിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**വൈദ്യുതി അപകടങ്ങൾ**

256 (620) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷാ ക്രമീകരണങ്ങളുടെ അപര്യാപ്തതമൂലം സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ വൈദ്യുതി അപകടങ്ങളിൽപ്പെട്ട് മരണപ്പെട്ട ജീവനക്കാരുടെ കണക്കുകൾ വിശദമാക്കുമോ;

(സി) സുരക്ഷാ ക്രമീകരണങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഡിവിഷൻ തലത്തിൽ മാസം തോറും സുരക്ഷ സംബന്ധിച്ച അവലോകനയോഗങ്ങൾ ചേരുവാനും അതിലുള്ള നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1-01-2014 മുതൽ നാളിതുവരെ വൈദ്യുതിയുമായി ബന്ധപ്പെട്ട ജോലിക്കിടയിൽ മരണപ്പെട്ടവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | ബോർഡ് ജീവനക്കാർ | കരാർ തൊഴിലാളികൾ |
|---|---|---|
| 2014 | 12 | 13 |
| 2015 | 8 | 17 |
| 2016 | 6 | 12 |
| 2017 | 5 | 3 |

(സി) സുരക്ഷാ ക്രമീകരണങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

വൈദ്യുതി ലൈനുകളിലെ അറ്റകുറ്റപ്പണികളിലേർപ്പെടുന്ന ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി "Permit to Work" (PTW) സംവിധാനം വിതരണമേഖലയിൽക്കൂടി കർശനമായി നടപ്പിലാക്കിയിട്ടുണ്ട്. ടി സംവിധാനം പരിപാലിക്കുന്നുണ്ടെന്നുറപ്പ് വരുത്താനായി surprise inspection-നുകൾ നടത്തുന്നതിന് വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ജോലി സ്ഥലങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തി റിപ്പോർട്ട് നൽകുന്നുണ്ട്. അതനുസരിച്ച് വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നടപടികൾ

സ്വീകരിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉല്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളിലെ എല്ലാ ഓഫീസുകളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ (Safety Gloves, Safety Belt, Safety Shoes, Earthing/Discharge Rod, Earthing Chain, First Aid kit, Rain Coat, Ladder etc.) ലഭ്യമാക്കിയിട്ടുണ്ട്. വിതരണ വിഭാഗത്തിലെ കരാർ തൊഴിലാളികൾക്കും ആവശ്യം വേണ്ട സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ സെക്ഷൻ ഓഫീസിൽ "സൺറൈസ് മീറ്റിംഗ്"-ൽ സുരക്ഷാ പ്രതിജ്ഞ എടുക്കുകയും അതോടൊപ്പം അന്നന്നത്തെ ജോലികളിൽ സ്വീകരിക്കേണ്ടതായ മുൻകരുതലുകളെക്കുറിച്ച് ചർച്ച ചെയ്യാറുമുണ്ട്.

സുരക്ഷാ പാലനം ഉറപ്പുവരുത്തുന്നതിനായി സബ് എഞ്ചിനീയർ മുതൽ ഇലക്ട്രിസിറ്റി വർക്കർ വരെയുള്ള ജീവനക്കാർക്ക് കൃത്യമായ ഇടവേളകളിൽ പരിശീലന ക്ലാസുകൾ നടത്തിയും ജോലി സ്ഥലങ്ങളിൽ കൊണ്ടുപോയി പരിശീലനം നടത്തിയും സുരക്ഷാ നടപടികളെക്കുറിച്ചുള്ള ബോധവത്കരണം നടത്തുന്നുണ്ട്. വൈദ്യുതി ലൈനുകളിലും പ്രതിഷ്ഠാപനങ്ങളിലും പണിയെടുക്കുമ്പോൾ ഉണ്ടായേക്കാവുന്ന അപകടങ്ങളും അവ ഒഴിവാക്കേണ്ട രീതികളും സ്വീകരിക്കേണ്ട മുൻകരുതലുകളും ഈ പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപകടസാധ്യതകളെക്കുറിച്ച് മനസ്സിലാക്കുന്നതിനായി കരാർ തൊഴിലാളികൾക്കും ബോർഡിലെ ജീവനക്കാർക്കും വീഡിയോ (DVD) ഉപയോഗിച്ച് ധാരാളം സുരക്ഷാ ക്ലാസുകൾ ഫീൽഡ് ഓഫീസ് തലങ്ങളിൽ നടത്തി പരിശീലനം നൽകിവരുന്നു. Safety Belt പോലുള്ള സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുവാനും ഈ ക്ലാസുകളിൽ പരിശീലിപ്പിക്കുന്നുണ്ട്. ബോർഡ് ജീവനക്കാർക്ക് ഡോക്ടർ, ഫയർഫോഴ്സ് ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി first aid പരിശീലനം നൽകുന്നുണ്ട്.

(ഡി) ഇലക്ട്രിക്കൽ ഡിവിഷൻ തലത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ സുരക്ഷാ അവലോകനം ചെയ്യുന്നതിനായി തൊഴിലാളി സംഘടനാ പ്രതിനിധികളെക്കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് മാസംതോറും ഡിവിഷൻ തല സുരക്ഷാ മീറ്റിംഗുകൾ സംഘടിപ്പിക്കുന്നതിനുള്ള കർശനനിർദ്ദേശം നൽകുകയും അതിൻപ്രകാരം എല്ലാ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസുകളിലും സുരക്ഷാ മീറ്റിംഗുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഈ മീറ്റിംഗുകളുടെ മിനിട്ട്സ് കോർപ്പറേറ്റ് ഓഫീസിൽ പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

## വൈദ്യുതി പ്രതിസന്ധി

257(621) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷത്തിൽ മഴയുടെ അളവ് കുറഞ്ഞ സാഹചര്യത്തിൽ സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധിയിലേക്ക് നീങ്ങുന്നുവെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) പ്രതിദിനം എത്ര ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനം ഇപ്പോൾ പുറത്തുനിന്നും വാങ്ങുന്നത്;

(സി) ഇടുക്കി ജലസംഭരണിയിലെ ജലനിരപ്പ് ക്രമാതീതമായി താഴുന്നത് സംസ്ഥാനത്തെ കടുത്ത വൈദ്യുതി പ്രതിസന്ധിയിലാക്കുമെന്നതിനാൽ ഈ സാഹചര്യം തരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2017 ജൂലൈ 31 വരെയുള്ള കണക്കനുസരിച്ച് പ്രതിദിനം ശരാശരി 55.25 ദശലക്ഷം യൂണിറ്റ് വൈദ്യുതി പുറത്തുനിന്നും വാങ്ങുന്നുണ്ട്. ഇതിൽ 27.91 ദശലക്ഷം യൂണിറ്റ് വൈദ്യുതി കേന്ദ്രവിഹിതമായി ലഭിക്കുന്നു.

(സി) 2017-18 കാലയളവിലെ വൈദ്യുതി ഉപഭോഗം ഏതാണ്ട് 24770 ദശലക്ഷം യൂണിറ്റായിരിക്കുമെന്നാണ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കണക്കാക്കിയിരിക്കുന്നത്. വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 865 മെഗാവാട്ട് വൈദ്യുതിക്കുള്ള ദീർഘകാല കരാറിൽ DBFOO tender വഴി ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് 2016-17 കാലയളവിൽ ലഭിച്ചുതുടങ്ങി. ശേഷിക്കുന്ന 550 മെഗാവാട്ട് വൈദ്യുതി 1-10-2017 മുതൽ ലഭിച്ചുതുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതുകൂടാതെ നിലവിലുള്ള കാലവർഷ കുറവ് കാരണം ഉണ്ടായേക്കാവുന്ന ആഭ്യന്തര ഉല്പാദനത്തിലെ കുറവ് മുൻകൂട്ടി കണ്ട്, ഇപ്പോൾ തന്നെ പവർ എക്സ്ചേഞ്ചിൽ നിന്നും താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങി

വേനൽക്കാലത്തെ ആവശ്യത്തിനുവേണ്ടി ജലം സംഭരിക്കുന്നുണ്ട്. ഇപ്രകാരം പ്രതീക്ഷിച്ചതിന്റെ 80 ശതമാനം മാത്രം മഴ ലഭിച്ചാൽ പോലും 2017-18-ൽ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാവുന്നതാണ്. എന്നാൽ നിലവിൽ പ്രതീക്ഷിച്ചതിന്റെ 60-70 ശതമാനം മഴ മാത്രമേ ഇതുവരെ ലഭിച്ചിട്ടുള്ളൂ. ഈ സാഹചര്യം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കൃത്യമായി അവലോകനം ചെയ്തുവരികയാണ്. വരും ദിവസങ്ങളിൽ മഴ ശക്തിപ്പെടുകയും തുലാവർഷം ശക്തമായി ലഭിക്കുകയും ചെയ്താൽ മേൽ സൂചിപ്പിച്ച പ്രകാരം തന്നെ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാവുന്നതാണ്.

എന്നാൽ മഴയുടെ ദൗർലഭ്യം അനിശ്ചിതമായി നീണ്ടുപോവുകയാണെങ്കിൽ ഹ്രസ്വകാലത്തേയ്ക്ക് വൈദ്യുതി വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ കൈക്കൊള്ളുന്ന കാര്യവും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പരിഗണനയിലുണ്ട്.

## വൈദ്യുതി വിതരണത്തിന് ഭൂഗർഭ കേബിൾ

258 (622) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓച്ചിറ ക്ഷേത്രത്തിലെ ഇരുപത്തെട്ടാം ഓണമഹോത്സവത്തോടനുബന്ധിച്ചുള്ള കാളക്കെട്ട് ഉത്സവത്തെത്തുടർന്ന് ദിവസങ്ങളോളം വൈദ്യുതി മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനുവേണ്ടി ഓച്ചിറ ടൗൺ പ്രദേശത്തെ വൈദ്യുതി വിതരണത്തിന് ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. ഓച്ചിറ പരബ്രഹ്മക്ഷേത്രത്തിലെ ഇരുപത്തിയെട്ടാം ഓണമഹോത്സവത്തോടനുബന്ധിച്ച് നടത്തിവരാറുള്ള കുറ്റൻ കാളക്കെട്ട് എഴുന്നള്ളിപ്പിൽ വിവിധ കരകളിൽ നിന്നുള്ള 250-ൽപ്പരം കൂറ്റൻ കാളക്കെട്ട് കലാരൂപങ്ങൾ എഴുന്നള്ളിക്കാറുണ്ട്. പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനായി കെട്ടുകാഴ്ചകൾ കടന്നുപോകുന്ന എല്ലാ വഴികളിൽ നിന്നും വൈദ്യുതി ലൈനുകൾ പൂർണ്ണമായി അഴിച്ചുമാറ്റുകയും കെട്ടുകാഴ്ച ഉത്സവം സമാപിച്ചതിനുശേഷം അഴിച്ചുമാറ്റിയ ലൈനുകൾ യുദ്ധകാലാടിസ്ഥാനത്തിൽ പുനഃസ്ഥാപിച്ച് ചാർജ്ജ് ചെയ്യുന്ന സംവിധാനമാണ് വർഷങ്ങളായി നിലവിലുള്ളത്. ഇക്കാരണത്താൽ പ്രസ്തുത ദിവസങ്ങളിൽ ടി പ്രദേശങ്ങളിൽ വൈദ്യുതി വിതരണം തടസ്സപ്പെടാറുണ്ട്.

വൈദ്യുതി വിതരണത്തിന് ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നത് ചെലവേറിയ നടപടിയാണ്. പദ്ധതിക്കാവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നോ ലഭ്യമാക്കിയാൽ ഓച്ചിറ ടൗൺ പ്രദേശത്തെ വൈദ്യുതി വിതരണത്തിന് ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കി നടപ്പാക്കാവുന്നതാണ്. നിലവിൽ ഇത്തരം പദ്ധതിയൊന്നും ആലോചനയിലില്ല.

**വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ**

259 (623) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ചെയർമാൻ ചുമതലയേറ്റെടുത്തിട്ടുണ്ടോ;

(ബി) അദ്ദേഹത്തിന്റെ സത്യപ്രതിജ്ഞയ്ക്ക് സമയം തേടി ചീഫ് സെക്രട്ടറി രാജ്ഭവന് കത്ത് നൽകിയിട്ടുണ്ടോ;

(സി) ഇതിനു മുമ്പ് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ചെയർമാൻമാർ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനം ഏറ്റെടുത്തത് ആരുടെ മുമ്പിലാണ്;

(ഡി) പുതിയ ചെയർമാന്റെ സത്യപ്രതിജ്ഞയുടെ കാര്യത്തിൽ നടപടി ക്രമങ്ങളിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചത് എന്തുകൊണ്ടാണ്;

(ഇ) വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ചെയർമാനെ നിയമിച്ചിട്ട് രണ്ട് മാസത്തിലധികമായെങ്കിലും ഇതേവരെ സത്യപ്രതിജ്ഞ ചെയ്യിക്കാത്ത ഉദ്യോഗസ്ഥ നടപടി പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ചീഫ് സെക്രട്ടറിയുടെ മുമ്പിലാണ്.

(ഡി) പുതിയ ചെയർമാന്റെ സത്യപ്രതിജ്ഞയുടെ നടപടിക്രമങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. 1-08-2017-ൽ ശ്രീ. പ്രേമൻ ദിനരാജ് IA&AS Principal Accountant General (Rtd.) വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ചെയർമാനായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

(ഇ) ബാധകമല്ല.

## വൈദ്യുതി ബോർഡിന്റെ ഓഫീസുകളിൽ ജീവനക്കാരുടെ കുറവ് നികത്തുവാൻ നടപടി

260 (624) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ സെക്ഷൻ ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ ഉപഭോക്താക്കൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഓഫീസുകളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ നികത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സ്വീകരിക്കും.

## വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ

261(625) ശ്രീ. ജോർജ് എം. തോമസ് :

ശ്രീ. ഡി. കെ. മുരളി :

ശ്രീ. പി. കെ. ശശി :

ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി ഉയർത്തുന്നതിനും സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതിക്കായി കേന്ദ്രസഹായം ലഭ്യമാണോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിന് വൈദ്യുത പ്രസരണ ശൃംഖല വിപുലപ്പെടുത്തേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കൽ, സബ് സ്റ്റേഷനുകളിലെ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, നിലവിലെ പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി ഉയർത്തുന്നതിനുമായി, കെ.എസ്.ഇ.ബി.എൽ., ട്രാൻസ്ഗ്രിഡ് 2.0 എന്ന സമഗ്രമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

അഞ്ച് വർഷം കൊണ്ട് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിക്ക് 10,000 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ 13 ലൈൻ പാക്കേജുകളും 9 സബ് സ്റ്റേഷൻ പാക്കേജുകളും ഉൾപ്പെടുന്നു.

കൂടാതെ, 2017-18 കാലയളവിൽ പൂർത്തീകരിക്കേണ്ട പദ്ധതികളുടെ ആന്യുവൽ പ്ലാനിൽ 12 സബ്സ്റ്റേഷനുകൾ പുതിയതായി നിർമ്മിക്കുവാനും 5 സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുവാനും 15 ലൈൻ പ്രവൃത്തികൾ പൂർത്തിയാക്കുവാനും പദ്ധതിയിട്ടിട്ടുണ്ട്. മാടക്കത്തറ 400 കെ.വി. സബ്സ്റ്റേഷനിലെയും മറ്റ് പല സബ് സ്റ്റേഷനുകളിലെയും ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുവാനും പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കുവാനുള്ള പ്രവൃത്തികളും പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ ട്രാൻസ് ഗ്രിഡ് നോർത്തിന്റെ കീഴിലുള്ള ഈ വർഷത്തെ പദ്ധതികളുടെ ഡൗൺസ്കീം വർക്കുകളും പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

കേരളത്തിന്റെ തെക്കൻ/മദ്ധ്യ മേഖലയിൽ 2017-18 സാമ്പത്തിക വർഷത്തിൽ തയ്യാറാക്കിയിട്ടുള്ള മാസ്റ്റർ പ്ലാനിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I. 220 കെ.വി. കാട്ടാക്കട സബ്സ്റ്റേഷനും അനുബന്ധ 28.5 കി.മീ. പോത്തൻകോട്-കാട്ടാക്കട ഡബിൾ സർക്യൂട്ട് ലൈനും പൂർത്തിയായി.

II. 110 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധലൈനുകളും

1. വേളി സബ്സ്റ്റേഷൻ അപ്ഗ്രഡേഷനും അനുബന്ധ പരുത്തിപ്പാറ-വേളി, പരുത്തിപ്പാറ-ടേൾസ്-വേളി ലൈനുകളുടെ അപ്ഗ്രഡേഷനും.

2. മുട്ടത്തറ സബ്സ്റ്റേഷനും അനുബന്ധ 9 കി.മീ. സിംഗിൾ സർക്യൂട്ട് ഭൂഗർഭ കേബിളും (വേളി സബ് സ്റ്റേഷനിൽ നിന്ന്)

3. വിഴിഞ്ഞം സബ്സ്റ്റേഷൻ അപ്ഗ്രഡേഷനും 220/110 കെ.വി. കാട്ടാക്കട-ബാലരാമപുരം-വിഴിഞ്ഞം മൾട്ടി സർക്യൂട്ട്/ഡബിൾ സർക്യൂട്ട് ലൈനും.

4. ബാലരാമപുരം സബ്സ്റ്റേഷൻ അപ്ഗ്രഡേഷനും അനുബന്ധ നെയ്യാറ്റിൻകര-തിരുമല ഡബിൾ സർക്യൂട്ട് ലൈനിന്റെ അപ്ഗ്രഡേഷനും.

5. എരമല്ലൂർ സബ്സ്റ്റേഷനും അനുബന്ധ അരൂർ-തയ്ക്കാട്ടുശ്ശേരി ലൈനിൽ നിന്നുള്ള ലൈൻ ഇൻ ലൈൻ ഔട്ടും.

6. എരുമേലി സബ്സ്റ്റേഷനും അനുബന്ധ കാഞ്ഞിരപ്പള്ളി-എരുമേലി ഡബിൾ സർക്യൂട്ട് ലൈനും.

7. മുണ്ടക്കയം സബ്സ്റ്റേഷൻ അപ്ഗ്രഡേഷനും അനുബന്ധ കാഞ്ഞിരപ്പള്ളി-മുണ്ടക്കയം ഡബിൾ സർക്യൂട്ട് ലൈനിന്റെ അപ്ഗ്രഡേഷനും.

8. ന്യൂ മൂവാറ്റുപുഴ (മാറാടി) സബ് സ്റ്റേഷനും അനുബന്ധ നേര്യമംഗലം-മൂവാറ്റുപുഴ ലൈനിൽ നിന്നുള്ള ലൈൻ ഇൻ ലൈൻ ഔട്ടും.

9. മുട്ടം സബ്സ്റ്റേഷനും അനുബന്ധ നേര്യമംഗലം-പാല ലൈനിൽ നിന്നുള്ള ലൈൻ ഇൻ ലൈൻ ഔട്ടും.

III. 66 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധലൈനുകളും

1. കുറ്റാനം സബ്സ്റ്റേഷൻ അപ്ഗ്രഡേഷനും അനുബന്ധ എം.വി.കെ.പി. ഫീഡറിൽ നിന്നുള്ള ടാപ്പ് ലൈനും.

2. ഓടക്കാലി സബ്സ്റ്റേഷനും അനുബന്ധ കോതമംഗലം-ആലുവ ലൈനിൽ നിന്നുള്ള ലൈൻ ഇൻ ലൈൻ ഔട്ടും.

3. തൃപ്പൂണിത്തുറ സബ്സ്റ്റേഷനും അനുബന്ധ വൈറ്റില-പുത്തൻകരിശ് ലൈൻ ഇൻ ലൈൻ ഔട്ടും.

IV. 33 കെ.വി. സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും

1. പാറ്റൂർ സബ്സ്റ്റേഷനും അനുബന്ധ മെഡിക്കൽ കോളേജ് - പാറ്റൂർ സിംഗിൾ സർക്യൂട്ട് ഭൂഗർഭ കേബിളും.

2. വൈദ്യുതിഭവനം (തിരുവനന്തപുരം) സബ്സ്റ്റേഷനും അനുബന്ധ മെഡിക്കൽ കോളേജ് - വൈദ്യുതി ഭവനം ഭൂഗർഭ കേബിൾ ലൈനും.

3. വിളകുളം സബ്സ്റ്റേഷനും അനുബന്ധ വർക്കല വിളകളും സിംഗിൾ സർക്യൂട്ട് ലൈനും.

4. കച്ചേരി (ആറ്റിങ്ങൽ) സബ്സ്റ്റേഷനും അനുബന്ധ ആറ്റിങ്ങൽ-കച്ചേരി സിംഗിൾ സർക്യൂട്ട് ഭൂഗർഭ കേബിൾ ലൈനും.

5. ആര്യനാട് സബ്സ്റ്റേഷനും അനുബന്ധ നെടുമങ്ങാട്-ആര്യനാട് ലൈനും.

6. പെരുന്തേനരുവി സബ്സ്റ്റേഷൻ.

7. പന്തളം സബ്സ്റ്റേഷനും അനുബന്ധ ഇടപ്പോൺ-പന്തളം സിംഗിൾ സർക്യൂട്ട് ലൈനും.

8. തമ്മനം സബ്സ്റ്റേഷനും അനുബന്ധ കലൂർ-തമ്മനം ഡബിൾ സർക്യൂട്ട് ഭൂഗർഭ കേബിൾ ലൈനും.

9. മണിമല സബ്സ്റ്റേഷനും അനുബന്ധ റാന്നി-മണിമല സിംഗിൾ സർക്യൂട്ട് ലൈനും.

10. കളർകോട് സബ്സ്റ്റേഷനും അനുബന്ധ പുന്നപ്ര-കളർകോട് സിംഗിൾ സർക്യൂട്ട് ലൈനും.

11. കുമളി സബ്സ്റ്റേഷനും അനുബന്ധ വണ്ടിപ്പെരിയാർ-കുമളി സിംഗിൾ സർക്യൂട്ട് ലൈനും.

(സി) പ്രസ്തുത പദ്ധതികളിൽ 33 കെ.വി. സബ്സ്റ്റേഷൻ പാറ്റൂർ, വൈദ്യുതിഭവനം, വിളകുളം, കച്ചേരി, തമ്മനം, കുമളി, പന്തളം, പെരുന്തേനരുവി, 66 കെ.വി. ജിസ്, തൃപ്പൂണിത്തുറ എന്നീ വർക്കുകൾക്ക് കേന്ദ്ര സഹായം ലഭ്യമാണ്. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ ഉൾപ്പെട്ട ഏറനാട് ലൈൻസ് പാക്കേജിനും HTLS ലൈൻ പാക്കേജിനും കേന്ദ്ര സർക്കാരിന്റെ പവർ സിസ്റ്റം ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമായിട്ടുണ്ട്. കൂടാതെ ഹരിതോർജ്ജ ഇടനാഴി പദ്ധതിക്കായി MNRE (Ministry of New & Renewable Energy)-യിൽ നിന്നും ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. 2022-ഓടുകൂടി ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 33 കെ.വി. സബ്സ്റ്റേഷൻ പാറ്റൂർ പൂർത്തിയായി. വൈദ്യുതി ഭവനം പന്തളം 2018 മാർച്ചിലും വിളകുളം 2018 സെപ്റ്റംബറിലും പെരുന്തേനരുവി 2018 ഫെബ്രുവരിയിലും പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 66 കെ.വി. ജി.ഐ.എസ്. തൃപ്പൂണിത്തുറ 2018 മാർച്ചിൽ പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## വൈദ്യുതി പാഴാക്കലിനെതിരായ ബോധവത്കരണ പരിപാടികൾ

262 (626) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത വൈദ്യുതി ദൗർലഭ്യം നേരിടുന്ന പശ്ചാത്തലത്തിൽ, വൈദ്യുതി പാഴാക്കലിനെതിരായ ബോധവൽക്കരണ പരിപാടികൾ വകുപ്പ് നടത്തുന്നുണ്ടോ;

(ബി) എന്തൊക്കെ പദ്ധതികളാണ് ഇതുമായി ബന്ധപ്പെട്ട് നടപ്പിൽ വരുത്തുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സ്കൂളുകളിൽ ഇതുമായി ബന്ധപ്പെട്ട ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സംഘടിപ്പിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. വൈദ്യുതിസംരക്ഷണം, വൈദ്യുത സുരക്ഷ എന്നീ വിഷയങ്ങളിൽ വിവിധ ദൃശ്യ-ശ്രാവ്യ സാമൂഹിക, മാധ്യമങ്ങൾ വഴി പ്രചരണങ്ങൾ സാധാരണയായി സംഘടിപ്പിക്കാറുണ്ട്. കൂടാതെ പ്രമുഖ ഉത്സവ നഗരികളിൽ ഊർജ്ജ സംരക്ഷണ ബോധവത്കരണ പ്രദർശനങ്ങൾ സംഘടിപ്പിച്ചും ലഘുലേഖകൾ അച്ചടിച്ച് വിതരണം നടത്തിയും വിവിധ സുവനീറുകൾ, മാഗസിനുകൾ തുടങ്ങിയവയിൽ പരസ്യം നൽകിയും പ്രചരണം നടത്തിവരുന്നു.

വൈദ്യുതി പ്രതിസന്ധി രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ ഊർജ്ജ സംരക്ഷണത്തിനായി നടത്തിയിട്ടുള്ള പദ്ധതികളും നടത്താനുദ്ദേശിക്കുന്ന പദ്ധതികളും ചുവടെ ചേർക്കുന്നു:

(1) ഡെല്പ് (ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം) എന്ന പദ്ധതിയിലൂടെ ഉപഭോക്താക്കൾക്ക് സൗജന്യനിരക്കിൽ രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം വിതരണം ചെയ്യുന്ന പദ്ധതി നടന്നുവരുന്നു.

(2) എല്ലാ ജില്ലകളിലും ഊർജ്ജസംരക്ഷണ ദിനത്തിൽ മാസ് റാലി സംഘടിപ്പിച്ചു.

(3) തിരുവനന്തപുരം മെഡിക്കൽ കോളേജ് ഉൾപ്പെടെ 17 സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നടത്തുകയും ഊർജ്ജ സംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സ്വകാര്യ സ്ഥാപനങ്ങളിലും അവരുടെ അപേക്ഷ അനുസരിച്ച് എനർജി ഓഡിറ്റിംഗ് നടന്നുവരുന്നു.

(4) നാഷണൽ സർവ്വീസ് സ്കീം, എനർജി കൺസർവേഷൻ സൊസൈറ്റി, വിവിധ റസിഡൻസ് അസോസിയേഷനുകൾ എന്നിവരുമായി ഒത്തുചേർന്ന സംസ്ഥാനത്തുടനീളം വിവിധ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കെ.എസ്.ഇ.ബി.എൽ. ന്റെ ഡിമാന്റ് സൈഡ് മാനേജ്മെന്റ് (ഡി.എസ്.എം.) സെല്ലിന്റെ നേതൃത്വത്തിൽ പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പതിവായി നടന്നുവരുന്നു.

(5) വൈദ്യുതി ബോർഡിന്റെ കെട്ടിടത്തിൽ സ്റ്റാർ റേറ്റഡ് ഫാനുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ 1000 ഫാനുകൾ വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(6) സംസ്ഥാനത്ത് സൗരോർജ്ജം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ ആവശ്യങ്ങൾക്കായി ജലം ചൂടാക്കുന്നതിന് വൈദ്യുതി, ഫോസിൽ ഇന്ധനങ്ങൾ മുതലായവ ഒഴിവാക്കി പരിസ്ഥിതി സൗഹൃദപരമായ സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കെ.എസ്.ഇ.ബി.എൽ.-ന്റെ 41 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലെയും ഇലക്ട്രിക് ഗീസറുകൾ മാറ്റി സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് ബോർഡ് അംഗീകാരം നൽകിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഒന്നാം ഘട്ടമായി 24 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(7) സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.

(8) സർക്കാർ പ്രഖ്യാപിച്ച സി.എഫ്.എൽ./സാധാരണ ബൾബുകൾ മാറ്റി എൽ.ഇ.ഡി. ആക്കുന്ന പദ്ധതിയുടെ പ്രാഥമിക നടപടികൾ പുരോഗമിക്കുന്നു. കൂടാതെ സംസ്ഥാനത്തെ തെരുവ് വിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(9) ഗാർഹിക മേഖലയിൽ വൈദ്യുതി ഉപയോഗം കൂടുതലായതിനാൽ വീട്ടമ്മമാർക്കുവേണ്ടി ഊർജ്ജ ക്ലിനിക് പരിപാടി നടത്തിവരുന്നു.

(10) പൊതുജന ബോധവത്കരണത്തിനായി വിവിധ എക്സിബിഷനുകളും റിസോഴ്സ് പേഴ്സൺസ് മുഖാന്തരം ബോധവത്കരണ ക്ലാസുകളും നടത്തുന്നു.

(11) എൻ.ജി.ഒ. കൾ, സർവ്വീസ് സൊസൈറ്റികൾ, പൊതുജന വായനശാലകൾ എന്നിവയുമായി ചേർന്ന് ഊർജ്ജ കിരൺ പരിപാടി നടത്തിവരുന്നു.

(12) പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ വീടുകളിൽ ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങളടങ്ങിയ സന്ദേശങ്ങൾ നൽകിവരുന്നു.

(സി) ഉണ്ട്. വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ ബോധവത്കരണം നടത്തുന്നതിന് സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

**എലത്തൂർ മണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണം**

263 (627) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി എലത്തൂർ നിയോജക മണ്ഡലത്തിലെ എത്ര വീടുകൾ വൈദ്യുതീകരിച്ചെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എം.എൽ.എ, കെ.എസ്.ഇ.ബി. എന്നിവർ എത്ര തുക വീതം ചെലവാക്കിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എലത്തൂർ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർത്തിരിക്കുന്നു:

| | | |
|---|---|---|
| നന്മണ്ട | - | 111 |
| കുരുവട്ടൂർ | - | 139 |
| തലക്കുളത്തൂർ | - | 110 |
| ചേളന്നൂർ | - | 144 |
| കാക്കൂർ | - | 82 |
| കക്കോടി | - | 139 |
| കോഴിക്കോട് കോർപ്പറേഷൻ | - | 48 |
| ആകെ | - | 773 |

(ബി) പ്രാഥമിക കണക്കുകൾ പ്രകാരം എലത്തൂർ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ഉദ്ദേശം 87.12 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഇതിൽ 42.65 ലക്ഷം രൂപ എം.എൽ.എ. ഫണ്ടിൽ നിന്നും ബാക്കി തുകയായ 44.47 ലക്ഷം രൂപ കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെലവഴിച്ചിട്ടുണ്ട്. നിലവിൽ ഈ നിയോജകമണ്ഡലത്തിന്റെ വൈദ്യുതീകരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ലഭിച്ചിട്ടില്ല.

## മുണ്ടക്കളം സെക്ഷൻ ഓഫീസ്

264 (628) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ നിർദ്ദിഷ്ട മുണ്ടക്കളം സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് ഏത് തീയതിയിൽ മുണ്ടക്കളം സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(സി) കൊണ്ടോട്ടി സെക്ഷൻ വിഭജിച്ച് കൊളത്തൂർ, എടവണ്ണപ്പാറ, ഐക്കരപ്പടി എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ&ബി) മുണ്ടക്കളത്ത് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന്, കെട്ടിടം ആവശ്യമാണ്. ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുന്നതോ അല്ലെങ്കിൽ വാടകരഹിത കെട്ടിടമോ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കേണ്ടതുള്ളൂ എന്ന് ബോർഡ് തീരുമാനിച്ചിരുന്നു. മുകളിൽ നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ സ്ഥലമോ സ്ഥിരമായി വാടകയില്ലാതെ സൗകര്യപ്രദമായ ഒരു കെട്ടിടമോ ഇതുവരെ മുണ്ടക്കളം സെക്ഷൻ ഓഫീസിനായി ലഭിച്ചിട്ടില്ല. ഇതിനാൽ ടി സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാൻ സാധിക്കുന്നില്ല. സൗജന്യമായി 10 സെന്റ് ഭൂമി/ വാടകരഹിത കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ മുണ്ടക്കളം സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാൻ സാധിക്കുകയുള്ളൂ.

(സി) സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികമാകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. പുതിയ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും ഇപ്പോൾ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നത് പ്രായോഗികമല്ല. ഇതിനാൽ തന്നെ കൊണ്ടോട്ടി സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം ബോർഡ് പരിശോധിച്ചുവരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്.

## സർവ്വീസ് കാര്യങ്ങളിൽ കോടതിയെ സമീപിക്കുന്നതിന് ഏർപ്പെടുത്തിയ വിലക്ക്

265 (629) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ ജീവനക്കാർ സർവ്വീസ് കാര്യങ്ങളിൽ പരാതി പരിഹാരത്തിനായി നേരിട്ട് കോടതിയെ സമീപിക്കുന്നതിന് എന്തെങ്കിലും വിലക്ക് ബോർഡോ സർക്കാരോ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇത്തരത്തിൽ ഉത്തരവ് നൽകിയത് എന്ന് അറിയിക്കുമോ;

(ബി) അവകാശ ലംഘനങ്ങളുടെ അടിസ്ഥാനത്തിൽ കോടതിയെ സമീപിക്കുന്ന ജീവനക്കാർക്കും തൊഴിലാളികൾക്കുമെതിരെ നടപടി സ്വീകരിക്കുന്നത് ശരിയാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഈ ഉത്തരവിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ ലംഘിക്കുന്ന തരത്തിലുള്ള ഇത്തരം ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിനെതിരെ കോടതിയുടെ എന്തെങ്കിലും പരാമർശമുണ്ടായിട്ടുണ്ടോ; എങ്കിൽ ഈ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിൽ ഉത്തരവു പുറപ്പെടുവിച്ചവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വിശദമാക്കുമോ?

### ഉത്തരം

(എ) ഇല്ല. എന്നാൽ കോടതിയിൽ പോകുന്നതിനു മുമ്പായി ഓരോ ജീവനക്കാരനും പരാതി പരിഹാരത്തിനായി ബോർഡിലെ വിവിധ തലങ്ങളെ സമീപിക്കാവുന്നതാണ്. ഇത് വിശദമാക്കിക്കൊണ്ട് ബോർഡ് ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പല ജീവനക്കാരും ബോർഡിൽ ലഭ്യമായ അവസരങ്ങൾ പ്രയോജനപ്പെടുത്താതെ നേരിട്ട് കോടതികളെ സമീപിക്കുന്ന സാഹചര്യത്തിലാണ് ഇത് വ്യക്തമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്.

(ബി) പ്രസ്തുത ഉത്തരവ് കോടതിയെ സമീപിക്കുന്നതിനെതിരെയല്ല. മറിച്ച് ബോർഡിൽ നിലവിൽ സമയബന്ധിതമായി പരാതി പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ മുതൽ ഫുൾ ബോർഡ് തലം വരെയുള്ള വിവിധ ന്യായ സംവിധാനങ്ങളെ സമീപിച്ചതിനുശേഷം മാത്രമേ കോടതിയെ സമീപിക്കാവൂ എന്നത് സംബന്ധിച്ചാണ്. ഈ ഉത്തരവിനെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പ്രവർത്തിക്കുന്ന ഒരു അംഗീകൃത സംഘടന പ്രസ്തുത ഉത്തരവിനെതിരെ ബഹു. ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി കൊടുത്തിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ അന്തിമ ഉത്തരവ് വരുന്നതുവരെ ജീവനക്കാർക്കെതിരെ ടി ഉത്തരവിൽ പറയുന്ന അച്ചടക്ക നടപടിയെടുക്കുന്നത് താൽക്കാലികമായി സ്റ്റേ ചെയ്തിരിക്കുകയാണ്.

ഉത്തരവ് പുറപ്പെടുവിച്ചവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാൻ കോടതി ഉത്തരവായിട്ടില്ല.

**പവർകട്ട് ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ**

266 (630) ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സംസ്ഥാനത്ത് ജലസംഭരണികളിൽ ലഭ്യമായ വെള്ളത്തിന്റെ അളവ് ഗണ്യമായ തോതിൽ കുറഞ്ഞ സാഹചര്യത്തിലും പവർകട്ട്, ലോഡ് ഷെഡ്ഡിംഗ് എന്നിവ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതിയുടെ മിതമായ ഉപഭോഗം സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നല്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വൈദ്യുതി മോഷണത്തിനെതിരെയും വൈദ്യുതി തുക വൻതോതിൽ കുടിശ്ശിക വരുത്തുന്നവർക്കെതിരെയും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്ന തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 കാലയളവിലെ വൈദ്യുതി ഉപഭോഗം ഏതാണ്ട് 24770 ദശലക്ഷം യൂണിറ്റായിരിക്കുമെന്നാണ് K.S.E.B. കണക്കാക്കിയിരിക്കുന്നത്. വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിനായി 2014-ൽ തന്നെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 865 മെഗാവാട്ട് വൈദ്യുതിക്കുള്ള ദീർഘകാല കരാറിൽ DBFOO tender വഴി ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 315 മെഗാവാട്ട് 2016-17 കാലയളവിൽ ലഭിച്ചുതുടങ്ങി. ശേഷിക്കുന്ന 550 മെഗാവാട്ട് വൈദ്യുതി 1-10-2017 മുതൽ ലഭിച്ചു തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.

ഇതുകൂടാതെ നിലവിലുള്ള കാലവർഷ കുറവ് കാരണം ഉണ്ടായേക്കാവുന്ന ആഭ്യന്തര ഉല്പാദനത്തിലെ കുറവ് മുൻകൂട്ടി കണ്ട്, ഇപ്പോൾ തന്നെ പവർ എക്സ്ചേഞ്ചിൽ നിന്നും താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങി വേനൽക്കാലത്തെ ആവശ്യത്തിനുവേണ്ടി ജലം സംഭരിക്കുന്നുണ്ട്. ഇപ്രകാരം പ്രതീക്ഷിച്ചതിന്റെ 80 ശതമാനം മാത്രം മഴ ലഭിച്ചാൽ പോലും 2017-18-ൽ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാവുന്നതാണ്. എന്നാൽ നിലവിൽ പ്രതീക്ഷിച്ചതിന്റെ 60-70 ശതമാനം മഴ മാത്രമേ ഇതുവരെ ലഭിച്ചിട്ടുള്ളൂ. ഈ സാഹചര്യം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കൃത്യമായി അവലോകനം ചെയ്തുവരികയാണ്. വരും ദിവസങ്ങളിൽ മഴ ശക്തിപ്പെടുകയും തുലാവർഷം ശക്തമായി ലഭിക്കുകയും ചെയ്താൽ മേൽ സൂചിപ്പിച്ച പ്രകാരം തന്നെ വൈദ്യുതി പ്രതിസന്ധി തരണം ചെയ്യാവുന്നതാണ്. എന്നാൽ മഴയുടെ ദൗർലഭ്യം അനിശ്ചിതമായി നീണ്ടുപോവുകയാണെങ്കിൽ ഹ്രസ്വകാലത്തേയ്ക്ക് വൈദ്യുതി വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ കൈക്കൊള്ളുന്ന കാര്യവും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പരിഗണനയിലുണ്ട്.

(ബി) 2016 ഡിസംബർ 14 ഊർജ്ജ സംരക്ഷണ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തുടനീളം വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഊർജ്ജ സംരക്ഷണ സന്ദേശം ഉൾക്കൊള്ളിച്ച് കാസർഗോഡ് നിന്ന് ആരംഭിച്ച് തിരുവനന്തപുരത്ത് സമാപിച്ച സൈക്കിൾ റാലി പൊതുജനങ്ങളിൽ ഊർജ്ജ സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിന് സാധിച്ചു. എല്ലാ ജില്ലകളിലും ഊർജ്ജസംരക്ഷണ ദിനത്തിൽ മാസ് റാലി സംഘടിപ്പിച്ചു. നാഷണൽ സർവ്വീസ് സ്കീം, എനർജി കൺസർവേഷൻ സൊസൈറ്റി, വിവിധ റസിഡൻസ് അസോസിയേഷനുകൾ എന്നിവരുമായി ഒത്തുചേർന്നു സംസ്ഥാനത്തുടനീളം വിവിധ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി കെ.എസ്.ഇ.ബി.എൽ.-ന്റെ ഡി.എസ്.എം. സെല്ലിന്റെ നേതൃത്വത്തിൽ പൊതുജനങ്ങളെയും വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പതിവായി നടന്നുവരുന്നു.

ഊർജ്ജ സംരക്ഷണത്തിലൂടെ വൈദ്യുതി ആവശ്യം കുറച്ചുകൊണ്ട് വരുന്നതിന് എനർജി മാനേജ്മെന്റ് സെന്റർ താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഗാർഹികമേഖലയിൽ വൈദ്യുതി ഉപയോഗം കൂടുതലായതിനാൽ വീട്ടമ്മമാർക്കുവേണ്ടി ഊർജ്ജ ക്ലിനിക് പരിപാടി നടത്തിവരുന്നു.

പൊതുജന ബോധവത്കരണത്തിനായി വിവിധ എക്സിബിഷനുകളും റിസോഴ്സ് പേഴ്സൺസ് മുഖാന്തരം 200 ൽപ്പരം ബോധവത്കരണ ക്ലാസുകളും നടത്തിയിട്ടുണ്ട്.

പൊതുജന ബോധവത്കരണത്തിനായി എൻ.ജി.ഒ.-കൾ, സർവ്വീസ് സൊസൈറ്റികൾ, പൊതുജന വായനശാലകൾ എന്നിവയുമായി ചേർന്ന് ഊർജ്ജ കിരൺ പരിപാടി നടത്തിവരുന്നു. പത്ര-ദൃശ്യ-ശ്രാവ്യമാധ്യമങ്ങളിലൂടെ വീടുകളിൽ ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങളടങ്ങിയ സന്ദേശങ്ങൾ പൊതുജനബോധ വൽക്കരണത്തിനായി നൽകിവരുന്നു.

വിദ്യാഭ്യാസ മേഖലയിൽ നടത്തിവരുന്ന സ്മാർട്ട് എനർജി പ്രോഗ്രാമിലൂടെ വിദ്യാലയങ്ങളിലെയും വീടുകളിലെയും വൈദ്യുതി ലാഭത്തിന് സാധിക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിനും പിടികൂടുന്നതിനുമായി ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. എല്ലാ മാസവും 3 മേഖലകൾ കേന്ദ്രീകരിച്ച് പതിവിന് പുറമെ സ്പെഷ്യൽ ഡ്രൈവ് ഇൻസ്പെക്ഷനുകളും നടത്തുന്നു. സംസ്ഥാനത്ത് വൈദ്യുതി മോഷണം നടക്കുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ നടപടികൾ എടുക്കാറുണ്ട്. ഈ പതിനാല് ജില്ലകളിലും വൈദ്യുതി മോഷണം നടക്കുന്നതായി പരാതി ലഭിക്കുമ്പോൾ അതാത് ജില്ലയിലെ യൂണിറ്റുകൾ ആ പരാതികളിന്മേൽ ബന്ധപ്പെട്ട ഉപഭോക്താവിന്റെ മീറ്ററും അനുബന്ധ ഉപകരണങ്ങളും പരിശോധിക്കുകയും വൈദ്യുതി മോഷണമോ മറ്റ് ക്രമക്കേടുകളോ കണ്ടെത്തിയാൽ മാത്രം അത്തരം ഉപഭോക്താക്കളിൽ നിന്നും വൈദ്യുതി നിയമം 2003 അനുശാസിക്കുന്ന പ്രകാരം പിഴ ഈടാക്കുകയും ചെയ്തുവരുന്നു. സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കൽ, കണക്ഷൻ അഴിച്ചുമാറ്റൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽ നിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടിയും ആവിഷ്കരിച്ചിരുന്നു.

## സംരംഭകരിൽനിന്നും വൈദ്യുതി വാങ്ങൽ

267 (631) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സ്വകാര്യ കമ്പനികളോ വ്യക്തികളോ വൈദ്യുതി ഉൽപ്പാദിപ്പിച്ച് കെ.എസ്.ഇ.ബി.-യ്ക്ക് നൽകുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന എല്ലാ സംരംഭകരിൽനിന്നും കെ.എസ്.ഇ.ബി. വൈദ്യുതി വാങ്ങുന്നുണ്ടോ; ഇവരിൽ നിന്നും എന്ത് വിലയ്ക്കാണ് വൈദ്യുതി വാങ്ങുന്നത്; ഈ ഇടപാടിൽ കെ.എസ്.ഇ.ബി.-ക്ക് നഷ്ടം ഉണ്ടാകാറുണ്ടോ;

(സി) കരാർ ഉണ്ടാക്കിയശേഷം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഏതെങ്കിലും സംരംഭകരിൽ നിന്നും വൈദ്യുതി വാങ്ങാൻ കഴിയാത്ത അവസ്ഥ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ ആകെ ഉൽപ്പാദിപ്പിക്കുന്ന എത്ര മെഗാവാട്ട് വൈദ്യുതി കെ.എസ്.ഇ.ബി. ഏറ്റെടുക്കുന്നുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സ്വകാര്യ കമ്പനികളും വ്യക്തികളും വൈദ്യുതി ഉല്പാദിപ്പിച്ച് കെ.എസ്.ഇ.ബി.-ക്ക് നൽകുന്നത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | കപ്പാസിറ്റി (MW) | നിരക്ക് (₹) |
|---|---|---|---|
| 1 | അയ്യപ്പാ ഹൈഡ്രോ പവർ ലിമിറ്റഡ്, കാരിക്കയം | 10.5 | 4.16 |
| 2 | പാലക്കാട് സ്മാൾ ഹൈഡ്രോ കമ്പനി, മീൻവല്ലം | 3 | 4.88 |
| 3 | ഇ.ഡി.സി.എൽ. പവർ പ്രോജക്ട് ലിമിറ്റഡ്, അള്ളുങ്കൽ | 7 | 2.44 |
| 4 | വിയ്യത്ത് പവർ പ്രൈവറ്റ് ലിമിറ്റഡ്, ഇരുട്ടുകാനം | 4.5 | 2.70 |
| 5 | കല്ലാർ മൈക്രോ ഹൈഡൽ പ്രോജക്ട് | 0.05 | 4.88 |
| 6 | പാമ്പുകയം മിനി ഹൈഡൽ പ്രോജക്ട് | 0.11 | 4.88 |
| 7 | മണിയാർ പവർ പ്രോജക്ട് | 12 | ക്യാപ്റ്റീവ് ജനറേഷൻ |
| 8 | കുത്തുങ്കൽ പവർ പ്രോജക്ട് | 21 | |

സ്വകാര്യ കമ്പനികൾ നടത്തുന്ന കാറ്റാടി നിലയങ്ങൾ

| ക്രമ നമ്പർ | പദ്ധതി | കപ്പാസിറ്റി (MW) | നിരക്ക് (₹) |
|---|---|---|---|
| 1 | സുസ്‌ലോൺ എനർജി ലിമിറ്റഡ്, അഗളി | 13.8 | 3.14 |
| 2 | സുസ്‌ലോൺ എനർജി ലിമിറ്റഡ്, കാവുണ്ടിക്കൽ | 4.8 | 3.14 |
| 3 | വെസ്റ്റാസ് വിൻഡ് ടെക്നോളജി, രാമക്കൽമേട് | 14.25 | 3.14 |
| 4 | അഹല്യ ആൾട്ടർനേറ്റ് എനർജി ലിമിറ്റഡ്, പാലക്കാട് | 8.4 | 3.95 |

(ബി) കേരളത്തിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്ന എല്ലാ സംരംഭകരിൽ നിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വൈദ്യുതി വാങ്ങുന്നില്ല. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിലാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വകാര്യ സംരംഭകരിൽ നിന്നും വൈദ്യുതി വാങ്ങുന്നത്.

(സി) കരാർ ഉണ്ടാക്കിയതിനുശേഷം വൈദ്യുതി വാങ്ങാൻ കഴിയാത്ത അവസ്ഥ നിലവിലില്ല.

(ഡി) ഇത്തരത്തിൽ 66.41 മെഗാവാട്ട് വൈദ്യുതിയാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് ഏറ്റെടുത്തിട്ടുള്ളത്.

**കാസർഗോഡ് ജില്ലയിലെ സൗരോർജ്ജ പദ്ധതികൾ**

268 (632) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സൗരോർജ്ജ പദ്ധതികൾ വഴി എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾക്ക് എത്ര മെഗാവാട്ട് സ്ഥാപിത ശേഷിയാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിൽ സൗരോർജ്ജ പദ്ധതികൾ വഴി 200 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഇന്ത്യൻ റിന്യൂവബിൾ എനർജി ഡെവലപ്മെന്റ് ഏജൻസി (IRDEA), ടെഹ്‌റി ഹൈഡ്രോ ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യാ ലിമിറ്റഡ് (THDCIL) എന്നീ സ്ഥാപനങ്ങളുമായി MOU ഒപ്പുവച്ചിട്ടുണ്ട്.

IRDEA-യുടെ 50 മെഗാവാട്ട് പദ്ധതിയിൽ, 36 മെഗാവാട്ട് ഉത്പാദനം തുടങ്ങിയിട്ടുണ്ട്. ബാക്കി 14 മെഗാവാട്ട് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

THDCIL-ന്റെ 50 മെഗാവാട്ട് പദ്ധതിയുടെ പ്രവൃത്തികൾ ടെൻഡർ ചെയ്തിട്ടുണ്ട്.

ബാക്കി 100 മെഗാവാട്ട്, വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗ് പദ്ധതിയിൽ ദർഘാസിലൂടെ കണ്ടെത്തേണ്ടതായിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം സബ്സ്റ്റേഷൻ പരിസരത്ത് 0.5 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയം നിർമ്മാണം പൂർത്തീകരിച്ച് വൈദ്യുതോൽപ്പാദനം നടത്തിവരുന്നു. കാസർഗോഡ് ജില്ലയിലെ മയിലാട്ടി സബ്സ്റ്റേഷൻ പരിസരത്ത് 1 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ അന്തിമഘട്ടത്തിലാണ്.

കാസർഗോഡ് ജില്ലയിൽ അനർട്ടിന്റെ പതിനായിരം മേൽക്കൂര വൈദ്യുതി പദ്ധതി മുഖേന 300 സ്ഥലങ്ങളിൽ നിന്നായി 300 കിലോവാട്ടും സോളാർ സ്മാർട്ട് പദ്ധതിയിൽ 14 ഇടങ്ങളിൽ നിന്നായി 17 കിലോവാട്ടും സോളാർ വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്.

ഗ്രിഡ് കണക്ടഡ് പദ്ധതി വഴി ഒരിടത്തുനിന്ന് 20 കിലോവാട്ട് സോളാർ വൈദ്യുതിയും ഉത്പാദിപ്പിക്കുന്നുണ്ട്.

ആകെ 337 കിലോ വാട്ട് സ്ഥാപിതശേഷി ഇതുവരെ നേടാൻ കഴിഞ്ഞിട്ടുണ്ട്.

**സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

269 (633) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ദേവികുളം നിയോജക മണ്ഡലത്തിലെ എത്ര വീടുകളിൽ വൈദ്യുതീകരണം നടത്തിയെന്ന വിവരം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിന് ആകെ എത്ര തുകയാണ് ചെലവാക്കിയതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ദേവികുളം നിയോജക മണ്ഡലത്തിലെ 4011 വീടുകളിൽ വൈദ്യുതീകരണം നടത്തിയിട്ടുണ്ട്.

(ബി) 9.07 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

270 (634) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിലെ ചേന്നംപള്ളിപ്പുറം പഞ്ചായത്തിലെ മാട്ടേൽ തുരുത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) മാട്ടേൽ തുരുത്തിലേക്ക് വൈദ്യുതി എത്തിക്കുന്നതിന്, അരൂർ എം.എൽ.എ.-യുടെ മണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നും എത്ര തുക വകയിരുത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി മാട്ടേൽ തുരുത്തിലെ പത്ത് ഉപഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനായി വേമ്പനാട് കായലിന്റെ ഇരു കരകളിലും ഇ.എച്ച്.റ്റി. ടവർ സ്ഥാപിച്ച് കായലിന് കുറുകെ 320 മീറ്റർ എൽ.റ്റി. ലൈൻ വലിക്കേണ്ടതുണ്ടായിരുന്നു. ഈ പ്രവൃത്തിക്കായി ടെൻഡർ വിളിച്ചെങ്കിലും എസ്റ്റിമേറ്റ് തുകയുടെ 199 ശതമാനം വരെ മുകളിൽ മാത്രം പ്രവൃത്തി ഏറ്റെടുക്കാൻ കരാറുകാർ തയ്യാറായിരുന്നതിനാൽ റീ-ടെൻഡർ ചെയ്യേണ്ടി വരികയും അതിൽ 34 ശതമാനത്തിന് മുകളിൽ പ്രവൃത്തി ചെയ്യാൻ കരാറുകാരൻ സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്തു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം കണക്കാക്കി ഈ വിഷയം പരിഗണിക്കുകയും എസ്റ്റിമേറ്റ് തുകയ്ക്ക് 34 ശതമാനത്തിന് മുകളിൽ പ്രവൃത്തി കരാർ നൽകാൻ അനുവദിക്കുകയും ചെയ്തു.

(ബി) അരൂർ മണ്ഡലത്തിലെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കായി 33.92 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മാട്ടേൽ തുരുത്തിലെ വൈദ്യുതീകരണത്തിനായി 23 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം

271(635) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര ശതമാനം വീടുകളിലാണ് വൈദ്യുതി കണക്ഷൻ നിലവിലില്ലാത്തത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സമ്പൂർണ്ണ വൈദ്യുതീകരണം സാധ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനുവേണ്ടി എന്ത് തുക ചെലവഴിച്ചു;

(ഡി) മുൻ സർക്കാരിന്റെ കാലയളവിൽ (2011-16) എത്ര വീടുകൾ വൈദ്യുതീകരിച്ചുവെന്നും അതിനായി എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. 31-03-2017 -ന് വാസയോഗ്യമായിരുന്ന എല്ലാ വീടുകൾക്കും (വനം വകുപ്പ്, റവന്യൂ എന്നിവയുടെ അനുമതി ലഭിക്കാത്തവയും കോടതിയിൽ കേസുകൾ ഉള്ളതും ഒഴികെ) വൈദ്യുതി എത്തിച്ച് 29-05-2017-ന് കേരളത്തെ രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ട്.

31-03-2017-നുശേഷം പുതുതായി പൂർത്തീകരിച്ച് വാസയോഗ്യമാക്കിയ വീടുകളുടെ കണക്ക് കെ.എസ്.ഇ.ബി.എൽ.-ൽ ലഭ്യമല്ലാത്തതിനാൽ നിലവിൽ എത്ര ശതമാനം വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട് എന്ന വിവരം ഇപ്പോൾ ലഭ്യമല്ല.

(സി) 2017-ൽ കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി തുടങ്ങി. സെക്ഷൻ ഓഫീസ് വഴിയും ജനപ്രതിനിധികൾ മുഖേനയും കെ.എസ്.ഇ.ബി.-യുടെ കസ്റ്റമർ കെയർ സെന്റർ മുഖേനയും വൈദ്യുതി കണക്ഷനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസരം ഗുണഭോക്താക്കൾക്ക് നല്കിയിരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ 1,51,896 പേർ രജിസ്റ്റർ ചെയ്തിരുന്നു. ടി. പദ്ധതി നടപ്പിലാക്കുന്നതിന് 174 കോടി രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ഇതിൽ ഒരു മണ്ഡലത്തിൽ പ്രതീക്ഷിക്കുന്ന ചെലവിന്റെ 50 % (പരമാവധി ഒരു കോടി രൂപ) എന്ന നിരക്കിൽ 63.82 കോടി രൂപ കെ.എസ്.ഇ.ബി വഹിക്കാനും ബാക്കിയുള്ള തുക ജനപ്രതിനിധികളുടെ ഫണ്ടുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പട്ടിക ജാതി, പട്ടിക വർഗ്ഗ ക്ഷേമ വകുപ്പുകളുടെയും ഫണ്ടുകൾ, സന്നദ്ധ സംഘടനകളുടെ സഹായ നിധി എന്നിവയിൽനിന്ന് കണ്ടെത്തുവാൻ തീരുമാനിക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. പ്രാഥമിക കണക്കുകൾ പ്രകാരം കണക്ഷനുവേണ്ടി

രജിസ്റ്റർ ചെയ്തിരുന്നവരിൽ അറുപത് ശതമാനത്തോളം അപേക്ഷകർ സ്വന്തം വീടിന്റെ വയറിംഗ് ചെയ്യാൻ സാമ്പത്തിക ശേഷിയില്ലാത്തവരായിരുന്നു. കെ.എസ്.ഇ.ബി.-യിലെ വിവിധ സംഘടനകൾ, ജീവനക്കാർ, സന്നദ്ധ സംഘടനകൾ, KSPIFC, NSS പോലെയുള്ള സ്ഥാപനങ്ങൾ, മറ്റ് സുമനസ്സുകൾ എന്നിവർ സൗജന്യമായി വയറിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സഹായിക്കുകയുണ്ടായി. വൈദ്യുതി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിക്കാത്ത പ്രദേശങ്ങളിൽ DDG-Microgrid സംവിധാനത്തിലൂടെ വൈദ്യുതി കണക്ഷനുകൾ നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ വിജയത്തിനായി 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ നൽകാൻ സർക്കാർ ഉത്തരവിറക്കിയിരുന്നു.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 1,50,807 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിൽ 1,23,288 കണക്ഷനുകൾ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടേതാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 31,414 പേർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 17,406 പേർക്കും കണക്ഷനുകൾ നല്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 65 കി.മീ. 11 കെ.വി. ഓവർഹെഡ് ലൈനുകളും 40 കി.മീ. 11 കെ.വി. ഭൂഗർഭ കേബിളുകളും 21 ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്. ലഭ്യമായ കണക്കുകൾ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചതിന് ചെലവ് ഏകദേശം 170 കോടി രൂപയാണ്.

ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന് വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത ഒറ്റപ്പെട്ട കോളനികളിൽ അനെർട്ട് സൗരോർജ്ജ വൈദ്യുതി സംവിധാനം നടപ്പിലാക്കി. ഇതനുസരിച്ച് ഇടുക്കി ജില്ലയിൽ 1620 വീടുകളിൽ സോളാർ ഹോംലൈറ്റിംഗ് സിസ്റ്റം സ്ഥാപിച്ചു. കൂടാതെ വയനാട് ജില്ലയിൽ 12 സ്ഥലത്തും പാലക്കാട് ജില്ലയിൽ 539 വീടുകളിലും സോളാർ ഹോംലൈറ്റിംഗ് സിസ്റ്റം സ്ഥാപിച്ചു. രണ്ട് ലൈറ്റ് യൂണിറ്റ്, ബാറ്ററി, സോളാർ മോഡ്യൂൾ, ഡി.സി. ടേബിൾ ഫാൻ, മൊബൈൽ ചാർജർ എന്നിവ അടങ്ങുന്ന സംവിധാനമാണിത്. പ്രസ്തുത പദ്ധതികൾക്കായി ഇതുവരെ 6 കോടി 32 ലക്ഷത്തിൽപ്പരം രൂപ ചെലവ് ചെയ്യുകയുണ്ടായി.

(ഡി) മുൻ സർക്കാരിന്റെ (2011-2016) കാലയളവിൽ 11.3 ലക്ഷം വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. ഇതിനായി ഉപഭോക്താക്കൾ കണക്ഷനുവേണ്ടി നിക്ഷേപിച്ച തുക അടക്കം 386.1 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## സമ്പൂർണ്ണ വൈദ്യുതീകരണം

272 (636) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും സമ്പൂർണ്ണ വൈദ്യുതീകരണത്തിന് 50%-ൽ അധികം തുകയുടെ ഭരണാനുമതി ലഭ്യമാക്കിയ മണ്ഡലങ്ങളിൽ അധികമായി വരുന്ന തുക മണ്ഡലത്തിലെ വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട മറ്റു പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നകാര്യം പരിഗണിക്കുമോ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇതുസംബന്ധിച്ച് ശ്രീ. പി. ടി. എ. റഹീം എം.എൽ.എ നൽകിയ നിവേദനം ലഭിച്ചിട്ടുണ്ട്. ഇതിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

## റിന്യൂവബിൾ എനർജി നയം

273 (637) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റിന്യൂവബിൾ എനർജി നയം നടപ്പിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) റിന്യൂവബിൾ എനർജിയുടെ പർച്ചേയ്സ് റേറ്റ് നിർണ്ണയിച്ച് കേരളത്തിലെ ചെറുകിട ഉത്പാദകരിൽനിന്നും വൈദ്യുതി വാങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) അനർട്ടിൽ എംപാനൽ ചെയ്യാത്ത കമ്പനികളുടെ പാനൽ സ്ഥാപിച്ചാലും ഗുണമേന്മയുള്ളതാണെങ്കിൽ അവയ്ക്കും സബ്സിഡി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള 2002-ലെ റിന്യൂവബിൾ എനർജി നയവും 2013-ലെ സൗരോർജ്ജ നയവും പുതുക്കുന്ന വിഷയം പരിഗണനയിലില്ല.

(ബി) ഇലക്ട്രിസിറ്റി ആക്ട് 2003-ഉം പുതുക്കിയ നാഷണൽ താരിഫ്

പോളിസി 2016 പ്രകാരവും വൈദ്യുതി വിതരണ കമ്പനികൾ മത്സരാധിഷ്ഠിത ദർഘാസിലൂടെ മാത്രമേ വൈദ്യുതി വാങ്ങുവാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് അക്ഷയ ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി വാങ്ങലിനും ബാധകമാക്കിയിട്ടുണ്ട്. മേൽ മാർഗ്ഗനിർദ്ദേശം നടപ്പിലാക്കുവാനായി 27-04-2013-ൽ K.S.E.B. ഉത്തരവ് ഇറക്കിയിട്ടുമുണ്ട്. ഇതിൻപ്രകാരം അക്ഷയ ഊർജ്ജ ഉത്പാദകർക്ക് മത്സരാധിഷ്ഠിത ദർഘാസിലൂടെ വൈദ്യുതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നൽകാവുന്നതാണ്.

ഒരു കിലോവാട്ട് മുതൽ ഒരു മെഗാവാട്ട് വരെ ശേഷിയുള്ള ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുള്ള സൗരോർജ്ജനിലയങ്ങൾക്ക് നെറ്റ് മീറ്ററിംഗ് സംബന്ധിച്ച റെഗുലേഷൻ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം വാർഷിക സെറ്റിൽമെന്റ് കാലയളവിൽ ഗ്രിഡിൽ നിന്ന് ആ ഉപഭോക്താവ് ഉപയോഗിച്ചതിൽ അധികം ഊർജ്ജം സൗരോർജ്ജ നിലയങ്ങൾ ഗ്രിഡിലേയ്ക്ക് നൽകിയിട്ടുണ്ടെങ്കിൽ ഈ അധിക ഊർജ്ജത്തിന് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ആവറേജ് പൂൾഡ് പർച്ചേസ് കോസ്റ്റ് പ്രകാരമുള്ള തുക വൈദ്യുത വിതരണ ഏജൻസി നൽകണം.

ഇതുകൂടാതെ ഓഫ്ഗ്രിഡ് സൗരോർജ്ജ നിലയങ്ങൾ ഉത്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് വൈദ്യുതിക്ക് ഒരു രൂപ നിരക്കിൽ ജനറേഷൻ ബേസ്ഡ് ഇൻസെന്റീവ് നൽകാനുള്ള റെഗുലേഷനും കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അനെർട്ടിന്റെ പരിഗണനയിലില്ല.

## പാരമ്പര്യേതര ഊർജ്ജ മേഖലയിൽ നിന്നും വൈദ്യുതി ഉത്പാദനം

274 (638) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ മേഖലയിൽ നിന്നും നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കുന്നത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; കാറ്റ്, തിരമാല എന്നിവയിൽനിന്നും അധികമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് പ്രത്യേകമായി ഏതെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സർക്കാർ ഓഫീസുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി സ്വയംപര്യാപ്തതയിലേക്ക് എത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി അവരുടെ വാർഷിക പദ്ധതിയിൽ സബ്സിഡി അനുവദിച്ചുകൊണ്ട് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ വൈദ്യുതി ഉൽപ്പാദനം നടത്തുന്നതിനെപ്പറ്റി പഠനം നടത്തുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പാരമ്പര്യേതര ഊർജ്ജമേഖലയിൽപ്പെട്ട സൗരോർജ്ജത്തിൽ നിന്നും 90 മെഗാവാട്ടും കാറ്റിൽ നിന്നും 59.275 മെഗാവാട്ടും വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. ആകെ പാരമ്പര്യേതര ഊർജ്ജമേഖലയിൽ നിന്നും 149.275 മെഗാവാട്ടിന്റെ വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്.

കാറ്റിൽ നിന്നും അധികമായി വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി 118,125 മെഗാവാട്ട് ആകെ സ്ഥാപിതശേഷിയുള്ള വിവിധ പദ്ധതികളും (സ്വകാര്യ സംരംഭകർ ഉൾപ്പെടെ) സൗരോർജ്ജത്തിൽ നിന്നും 900 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പദ്ധതികളും 2022-ഓടുകൂടി നടപ്പിലാക്കുവാനുദ്ദേശിക്കുന്നു.

തിരമാലയിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് നിലവിൽ പദ്ധതികളൊന്നും തന്നെ വിഭാവനം ചെയ്തിട്ടില്ല.

പാലക്കാട് ജില്ലയിൽ കുഴൽമന്ദത്ത് അനെർട്ട് സ്ഥാപിച്ചിട്ടുള്ള 2 മെഗാവാട്ട് സൗരോർജ്ജ പവർപ്ലാന്റിൽ നിന്നും പ്രതിദിനം ഏകദേശം 8000 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചുവരുന്നുണ്ട്.

അനെർട്ട് വഴി നടപ്പിലാക്കിവരുന്ന റൂഫ്ടോപ്പ് സോളാർ പദ്ധതികളിൽ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്ന സോളാർ കണക്ട് പദ്ധതിയിലൂടെ 8.4 സ്ഥാപിതശേഷിയും ബാറ്ററി ശേഷിയോടുകൂടി വരുന്ന പദ്ധതികളിലൂടെ 13.38 മെഗാവാട്ട് സ്ഥാപിതശേഷിയും ഇതിനകം കൈവരിച്ചിട്ടുണ്ട്.

കാറ്റിൽ നിന്നും 43,275 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്ന കാറ്റാടിപ്പാടങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ 2.02 മെഗാവാട്ട് കെ.എസ്.ഇ.ബി.-യുടേതായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രവർത്തിക്കുന്നു. ബാക്കിയുള്ളവ പാലക്കാട്, ഇടുക്കി ജില്ലകളിൽ സ്വകാര്യ മേഖലയിൽ നടപ്പിലാക്കിയവയാണ്. കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുവാനായി കേന്ദ്രസർക്കാർ പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി. 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പാരമ്പര്യേതര ഊർജ്ജ മേഖലയായ ചെറുകിട/മൈക്രോ/പീക്കോ ജലവൈദ്യുത പദ്ധതികളിൽനിന്നും സ്വകാര്യ മേഖലയുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഗുണഭോക്താക്കളുടെയും ഉത്പാദിപ്പിക്കുന്ന സ്ഥാപിതശേഷി ഇനം തിരിച്ച് താഴെ കൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| ക്യാപ്റ്റീവ് പദ്ധതികൾ(CPP) | – | 33 MW |
| ഇൻഡിപെന്റന്റ് പദ്ധതികൾ(IPP) | – | 34.5 MW |
| തദ്ദേശ സ്വയംഭരണ വകുപ്പ് | - | 3.6 MW |
| പീക്കോ ഹൈഡ്രോ ടർബയിനുകൾ | | |
| ചെറുകിട ജലവൈദ്യുത പദ്ധതികൾ(സ്വകാര്യ മേഖല) | | |
| ക്യാപ്റ്റീവ് | | |
| മണിയാർടെയിൽറെസ് | - | 12 MW |
| കുത്തുങ്കൽ | - | 21 MW |
| | | 33 MW |
| IPP (ഐ.പി.പി) | | |
| ഇരുട്ടുകാനം(I&II ഘട്ടങ്ങൾ) | - | 4.5 MW |
| അള്ളുങ്കൽ | - | 7 MW |
| കാരിക്കയം (I&II ഘട്ടങ്ങൾ) | - | 15 MW |
| പാതംകയം | - | 8 MW |
| | | 34.5 MW |

LSG

| | | |
|---|---|---|
| മാങ്കുളം | - | 110 KW |
| കല്ലാർ | - | 50 KW |
| മീൻവല്ലം | - | 3000 KW |
| | | 3160 MW |
| | | (3.6MW) |

കൂടാതെ കേന്ദ്ര നവീന നവീകരണ ഊർജ്ജമന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ(CFA) നടപ്പിലാക്കിയ - 100 KW

(ബി) ബാണാസുരസാഗർ ഡാം റിസർവോയറിൽ നിന്നും ഫ്ലോട്ടിംഗ് സോളാർ സാങ്കേതിക വിദ്യ ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന 10 കിലോവാട്ടിന്റെ സൗരോർജ്ജ നിലയം നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 500 കിലോവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ നിലയത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു. ബാണാസുരസാഗർ ഡാം നടപ്പാതയിൽ സോളാർ പാനലുകൾ സ്ഥാപിച്ച് 440 കിലോവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. ബാരാപ്പോൾ കനാൽ ടോപ്പിൽ സോളാർ നിലയം സ്ഥാപിച്ച് 3 മെഗാവാട്ടും കനാൽ ബാങ്കിൽ നിന്നും 1 മെഗാവാട്ടും വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്.

സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് അനെർട്ട് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡ് വഴി സർക്കാർ കെട്ടിടങ്ങളിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് അനെർട്ട് ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ഫ്ലോട്ടിംഗ് സോളാർ വൈദ്യുതി പദ്ധതിയും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഉണ്ട്.

**അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി**

275 (639) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഏതെല്ലാം സംഘടനകളുടെ പഠനത്തിലാണ് ഈ പദ്ധതി സംസ്ഥാനത്തിന് ഗുണകരമാണെന്ന് കണ്ടെത്തിയത്;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതുമൂലം വനഭൂമിക്കുണ്ടാകുന്ന നാശനഷ്ടം നികത്താൻ എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ; എങ്കിൽ അക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിക്കുന്നു. പ്രാഥമിക പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

(ബി) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി/സെൻട്രൽ വാട്ടർ കമ്മീഷന്റെ പഠനത്തിന്റെ വെളിച്ചത്തിലാണ് ഈ പദ്ധതി സംസ്ഥാനത്തിന് ഗുണകരമാണെന്ന് കണ്ടെത്തിയത്.

(സി) ഫോറസ്റ്റ് കൺസർവേഷൻ ആക്ട് (1980) പ്രകാരം വനഭൂമി വനേതര പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതിന് നിലവിലുണ്ടായിരുന്ന എല്ലാ നടപടിക്രമങ്ങളും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പൂർത്തീകരിച്ചിട്ടുണ്ട്.

**പെരിങ്ങൽകുത്ത് ഡാമിനോട് ചേർന്ന് ഹൈഡൽ ടൂറിസം**

276 (640) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പെരിങ്ങൽക്കുത്ത് ഡാമിനോട് ചേർന്ന് ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന ബോട്ടിംഗ് സംവിധാനം നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ബോട്ടിംഗ് പുനരാരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) പെരിങ്ങൽക്കുത്തിൽ കെ.എസ്.ഇ.ബി.-യുടെ ഉപയോഗശൂന്യമായി കിടക്കുന്ന ക്വാർട്ടേഴ്സുകൾ പുതുക്കി പണിത് വിനോദസഞ്ചാരികൾക്ക് സൗകര്യമൊരുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വനം വകുപ്പിന്റെ നിർദ്ദേശമനുസരിച്ചാണ് പെരിങ്ങൽകുത്തിൽ വിജയകരമായി നടത്തിവന്നിരുന്ന ബോട്ടിംഗ് നിർത്തിവയ്ക്കേണ്ടിവന്നത്. ബോട്ടിംഗ് പുനരാരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വനംവകുപ്പ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വനംവകുപ്പിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ബോട്ടിംഗ് പുനരാരംഭിക്കുന്നതാണ്.

(സി&ഡി) സ്വീകരിച്ചിട്ടുണ്ട്. ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുകാരനെ ഏൽപ്പിക്കുകയുണ്ടായി. എന്നാൽ അവർ പണി തുടങ്ങാത്ത സാഹചര്യത്തിൽ ഹൈഡൽ ടൂറിസം നേരിട്ട് പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈദ്യുതോൽപ്പാദനം

277 (641) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതോൽപ്പാദനത്തിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഏതൊക്കെയാണെന്നും ഓരോ മാർഗ്ഗത്തിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് മഴയുടെ കുറവുമൂലം വൈദ്യുതോൽപ്പാദനത്തിന് ആവശ്യത്തിന് വെള്ളം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സാഹചര്യത്തിൽ വേറെ ഏതൊക്കെ മാർഗ്ഗങ്ങളാണ് വൈദ്യുതോൽപ്പാദനത്തിനു പുതുതായി തേടുന്നതെന്നു വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ ഡാമുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതോൽപ്പാദനം നടത്താൻ ഏതെങ്കിലും പദ്ധതി ഉണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വൈദ്യുതോത്പാദനത്തിന് കൂടുതലായി ജലവൈദ്യുത പദ്ധതികളെയാണ് ആശ്രയിക്കുന്നത്. കൂടാതെ സൗരോർജ്ജത്തിൽനിന്നും കാറ്റിൽ നിന്നും LSHS താപനിലയങ്ങളിൽ നിന്നും ചെറിയ തോതിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നു. 2017 ജൂലൈ 31-ാം തീയതി വരെയുള്ള കണക്ക് പ്രകാരം വിവിധ മാർഗ്ഗങ്ങളിൽ നിന്നുമുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ശരാശരി പ്രതിദിന ഉത്പാദനം തരംതിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| ജലവൈദ്യുത പദ്ധതി | 13.67 ദശലക്ഷം യൂണിറ്റ് |
| കാറ്റിൽ നിന്നുള്ള വൈദ്യുതി | 0.48 ദശലക്ഷം യൂണിറ്റ് |
| സൗരോർജ്ജ വൈദ്യുതി | 0.142 ദശലക്ഷം യൂണിറ്റ് |
| LSHS താപ വൈദ്യുതി | ഇല്ല |

എനർജി മാനേജ്മെന്റ് സെന്ററിന്റെ പരിധിയിലുള്ള പാരമ്പര്യേതര ഊർജ്ജമേഖലയായ ചെറുകിട/മൈക്രോ/പീക്കോ ജലവൈദ്യുത പദ്ധതികളിൽ നിന്നും സ്വകാര്യ മേഖലയുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഗുണഭോക്താക്കളുടെയും ഉത്പാദിപ്പിക്കുന്ന സ്ഥാപിതശേഷി ഇനം തിരിച്ച് താഴെ ചേർത്തിരിക്കുന്നു.

<u>ചെറുകിട ജലവൈദ്യുത പദ്ധതികൾ</u>

<u>(സ്വകാര്യമേഖല)</u>

<u>ക്യാപ്റ്റീവ് പദ്ധതികൾ</u>

| | | |
|---|---|---|
| മണിയാർ ടെയിൽറെസ് | - | 12MW |
| കുത്തുങ്കൽ | - | 21MW |
| ആകെ | - | 33MW |

<u>ഇൻഡിപെൻഡന്റ് പദ്ധതികൾ (IPP)</u>

| | |
|---|---|
| ഇരുട്ടുകാനം (I&II ഘട്ടങ്ങൾ) | - 4.5 MW |
| അള്ളുങ്കൽ | - 7 MW |
| കാരിക്കയം(I&II ഘട്ടങ്ങൾ) | - 15 MW |
| പാതംകയം | - 8 MW |
| ആകെ | - 34.5 MW |

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ</u>

| | | |
|---|---|---|
| മാങ്കുളം | - | 110 KW |
| കല്ലാർ | - | 50 KW |
| മീൻവല്ലം | - | 3000 KW |
| ആകെ | - | 3160 KW (3.16 MW) |

കൂടാതെ കേന്ദ്ര നവീന നവീകരണ ഊർജ്ജമന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ (CFA) നടപ്പിലാക്കിയ 100 KW പദ്ധതി.

പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് അനെർട്ട് സ്ഥാപിച്ചിട്ടുള്ള 2 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റിൽ നിന്നും പ്രതിദിനം ഏകദേശം 8000 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ച് വരുന്നുണ്ട്. വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്ന സോളാർ കണക്ട് പദ്ധതിയിലൂടെ 8.4 മെഗാവാട്ട് സ്ഥാപിതശേഷിയും ബാറ്ററി ശേഷിയോടുകൂടി വരുന്ന സോളാർ സ്മാർട്ട്, പതിനായിരം സൗരമേൽക്കൂര എന്നീ പദ്ധതികളിലൂടെ 13.38 MW സ്ഥാപിതശേഷിയും കൈവരിച്ചിട്ടുണ്ട്. കൂടാതെ കാറ്റിൽ നിന്നും 43.275 MW വൈദ്യുതി ഉത്പാദിപ്പിക്കുന്ന കാറ്റാടി പാടങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 2.02 MW കെ.എസ്.ഇ.ബി.-യുടേതായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രവർത്തിക്കുന്നു. ബാക്കിയുള്ളവ സ്വകാര്യ മേഖലയിലുള്ളവയാണ്.

(ബി) ഉണ്ട്.

(സി) ആവശ്യത്തിനുള്ള വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ ഈ കുറവ് നികത്തുന്നതിനായി പുറത്തുനിന്നും കൂടുതൽ വൈദ്യുതി ലഭ്യമാക്കാനാണ് ശ്രമിക്കുന്നത്. ദീർഘകാലാടിസ്ഥാനത്തിൽ സൗരോർജ്ജ പദ്ധതികളും താപനിലയവും ജലവൈദ്യുത പദ്ധതികളും സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടത്തുന്നുണ്ട്. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളായ സൗരോർജ്ജം, കാറ്റ് എന്നിവയിൽ നിന്നും കഴിയാവുന്നിടത്തോളം വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്.

82 MW ശേഷിയുള്ള കാറ്റാടി പാടങ്ങൾ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ എൻ.എച്ച്.പി.സി. മുഖാന്തരം സ്ഥാപിക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ഡി) വയനാട് ജില്ലയിലെ ബാണാസുര സാഗർ റിസർവോയറിൽ 10 കിലോ വാട്ടുശേഷിയുള്ള പദ്ധതി നടപ്പാക്കിയിട്ടുള്ളതും, 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതിയുടെ നിർമ്മാണം പൂർത്തിയായിവരുന്നു. കൂടാതെ ബാണാസുരസാഗർ ഡാമിന്റെ നടപ്പാതയുടെ മുകളിൽ 400 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജനിലയം സ്ഥാപിച്ച് വൈദ്യുതോത്പാദനം നടത്തിവരുന്നു.

## കാസർഗോഡ് ജില്ലയിലെ കുറ്റിക്കോലിൽ 110 കെ.വി. സബ് സ്റ്റേഷൻ

278 (642) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോലിൽ 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ജില്ലാ കളക്ടറേറ്റിൽ നിന്നുള്ള (2/41457/2016/ തീയതി 23/6/17) ലെറ്റർ പ്രകാരം, സ്ഥലത്തിനായി കെ.എസ്.ഇ.ബി. പുതുക്കിയ അപേക്ഷ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ കുറ്റിക്കോലിൽ 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി ബേഡഡുക്ക വില്ലേജിലെ വലിയ പാറയിൽ 396/ pt-ൽ 3 ഏക്കർ സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. പാട്ട വ്യവസ്ഥയിൽ മേൽ ഭൂമി ലഭിക്കുന്നതിന് വേണ്ടിയുള്ള അപേക്ഷ 1-08-2017-ന് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

## ട്രാൻസ് ഗ്രിഡ് 2.0 പദ്ധതി

279(643) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രാൻസ് ഗ്രിഡ് 2.0 എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ;

(സി) ഈ പദ്ധതിക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) ഈ പദ്ധതിക്ക് എന്തെല്ലാം ധനസഹായമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഏകദേശം 10,000 കോടി രൂപ ചെലവ് വരുന്ന ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) 400 കെ.വി. നിലവാരത്തിലുള്ള പ്രസരണ ശൃംഖല കേരളത്തിലുടനീളം സ്ഥാപിച്ച് പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും പുഗളൂർ-മാടക്കത്തറ 2000 മെഗാവാട്ട് എച്ച്.വി.ഡി.സി. ഇടനാഴിയുടെ അനുമതി ലഭിച്ചതിന്റെ ഭാഗമായുള്ള വൈദ്യുതി പ്രസരണം സുഗമമായി നടത്തുന്നതിനും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ പ്ലാനിംഗ് നിലവാരമനുസരിച്ചുള്ള പ്രസരണ ശൃംഖല നിർമ്മിക്കുന്നതിനുമായാണ് ട്രാൻസ് ഗ്രിഡ് 2.0 വിഭാവനം ചെയ്തിട്ടുള്ളത്.

(സി) ഉണ്ട്. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയെ രണ്ട് പ്രധാന ഘട്ടങ്ങളിലായുള്ള വർക്കുകളായും കൂടാതെ ഹരിതോർജ്ജ ഇടനാഴി, ഡൗൺസ്ട്രീം ശൃംഖലയുടെ ശാക്തീകരണം, എന്നീ പ്രധാന ഘടകങ്ങളായി തരം തിരിച്ചിരിക്കുന്നു. മൊത്തത്തിൽ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ 400 കെ.വി.-യുടെ 507 സർക്യൂട്ട് കിലോമീറ്റർ ലൈനും 220 കെ.വി.-യുടെ 1965 സർക്യൂട്ട് കിലോമീറ്റർ ലൈനും, 110 കെ.വി.-യുടെ 2009 സർക്യൂട്ട് കിലോമീറ്റർ ലൈനും, 400 കെ.വി.-യുടെ 5 സബ്സ്റ്റേഷനുകളും 220 കെ.വി.-യുടെ 24 സബ്സ്റ്റേഷനുകളും പ്രധാനമായും ഉൾപ്പെടുന്നു.

(ഡി) ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിക്ക് 2016-2017, 2017-2018 സാമ്പത്തിക വർഷങ്ങളിൽ 1,00,000 രൂപ വീതം കേരള ബഡ്ജറ്റിൽ 4 നിന്നും അനുവദിച്ചു. കേരള സർക്കാർ സംരംഭമായ കിഫ്ബി വഴി 5,200 കോടി രൂപയുടെ ധനസഹായം വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് 2.0-ൽ ഉൾപ്പെടുന്ന ഏറനാട് ലൈൻസ് പാക്കേജിനും എച്ച്.ടി.എൽ.എസ്. ലൈൻസ് പാക്കേജിനുമായി 400 കോടി രൂപയുടെ ഗ്രാന്റ് കേന്ദ്രസർക്കാരിന്റെ പവർ സിസ്റ്റം ഡെവലപ്മെന്റ് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

പുനരുത്പാദന സ്രോതസ്സുകളിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ സുഗമമായ പ്രസരണം ലക്ഷ്യമിട്ട് ആവിഷ്കരിച്ച പദ്ധതികളാണ് ട്രാൻസ്ഗ്രിഡിലെ ഹരിതോർജ്ജ ഇടനാഴി പദ്ധതികൾ. കേന്ദ്രസർക്കാരിന്റെ ഹരിത ഇടനാഴി ഫണ്ടിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾക്ക് മിനിസ്ട്രി ഓഫ് ന്യൂ ആന്റ് റിന്യൂവബിൾ എനർജി(MNRE)-ൽ നിന്നും 40% ഗ്രാന്റും KFW-(ജർമ്മൻ സർക്കാരിന്റെ ഡെവലപ്മെന്റ് ബാങ്ക്)- ൽ നിന്നും 40% സോഫ്റ്റ് ലോൺ ആയും ധനസഹായം നൽകുന്നതിനുള്ള അനുമതി കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.

## കാട്ടാക്കട 220 KV സബ്സ്റ്റേഷൻ നിർമ്മാണം

280(644) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട 220 KV സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാട്ടാക്കട 220 KV സബ്സ്റ്റേഷന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

## കാർഷിക ഇൻഷ്വറൻസ് പ്രീമിയം തുക ഇൻഷ്വറൻസ് കമ്പനികളിലേയ്ക്ക് അടയ്ക്കാത്ത സഹകരണ സംഘങ്ങൾക്ക് എതിരെ നടപടി

281 (645) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം ചിറ്റൂർ നിയോജക മണ്ഡലത്തിലെ ചില സഹകരണ സംഘങ്ങൾ കർഷകരിൽ നിന്ന് കാർഷിക ഇൻഷ്വറൻസ് പ്രീമിയം ഈടാക്കിയശേഷം തുക ഇൻഷ്വറൻസ് കമ്പനികളിലേയ്ക്ക് അടയ്ക്കാത്തതു സംബന്ധിച്ച് സഹകരണ വകുപ്പിന് ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈയിനത്തിൽ ആകെ എത്ര രൂപയാണ് ടി മണ്ഡലത്തിലെ വിവിധ സഹകരണ സംഘങ്ങൾ പിരിച്ചെടുത്തത് ;ഇതിൽ ഏതൊക്കെ സഹകരണ സംഘങ്ങൾ തുക ഇൻഷ്വറൻസ് കമ്പനികൾക്ക് അടച്ചു ; ഏതൊക്കെ സഹകരണ സംഘങ്ങൾ തുക അടയ്ക്കുന്നതിൽ വീഴ്ചവരുത്തി ;

(സി) ഈയിനത്തിൽ എത്ര രൂപ കർഷകർക്ക് നഷ്ടപരിഹാര ഇനത്തിൽ നഷ്ടമായി ; ഈ നഷ്ടപരിഹാരം കർഷകർക്ക് ലഭ്യമാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിൽ കൃത്യവിലോപം വരുത്തിയ സഹകരണ സംഘങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷം ചിറ്റൂർ നിയോജകമണ്ഡലത്തിലെ സഹകരണ സംഘങ്ങൾ കർഷകരിൽ നിന്ന് കാർഷിക ഇൻഷ്വറൻസ് പ്രീമിയം ഈടാക്കിയശേഷം തുക ഇൻഷ്വറൻസ് കമ്പനികളിലേയ്ക്ക് അടയ്ക്കാത്തത് സംബന്ധിച്ച് നാളിതുവരെ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) ഈയിനത്തിൽ ടി മണ്ഡലത്തിലെ താഴെ പറയുന്ന സഹകരണ സംഘങ്ങൾ പിരിച്ചെടുത്ത തുകയും ഇൻഷ്വറൻസ് കമ്പനികൾക്ക് അടച്ച തുകയും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സഹകരണ സംഘത്തിന്റെ പേര് | പിരിച്ച തുക | അടച്ച തുക |
|---|---|---|---|
| 1 | മൂലത്തറ എസ്.സി.ബി | 58059 | 58059 |
| 2 | പട്ടഞ്ചേരി എസ്.സി.ബി | 1192104 | 1192104 |
| 3 | ചിറ്റൂർ എസ്.സി.ബി. | 157356 | 157356 |
| 4 | തത്തമംഗലം എസ്.സി.ബി. | 480166 | 339956 |
| 5 | പെരുമാട്ടി എസ്.സി.ബി. | 546647 | 546647 |
| 6 | നല്ലേപ്പിള്ളി എസ്.സി.ബി. | 1490741 | 1490741 |
| | ആകെ | 3925073 | 3784863 |

മേൽപ്പറഞ്ഞവയിൽ തത്തമംഗലം എസ്.സി.ബി. ഈ ഇനത്തിൽ പിരിച്ചെടുത്ത തുകയിൽ 140210 രൂപ ഇൻഷ്വറൻസ് കമ്പനിയിൽ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

(സി) വിളനാശം കണക്കാക്കുന്നത് വിവിധ സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ചായതിനാലും, കർഷകർക്കുള്ള നഷ്ടപരിഹാര തുക നിർണ്ണയിക്കുന്നത് ഇൻഷ്വറൻസ് കമ്പനി ആയതിനാലും കർഷകർക്ക് നഷ്ടമായ നഷ്ടപരിഹാര തുക സംബന്ധിച്ച് കൃത്യമായ കണക്ക് ലഭ്യമല്ല. ടി വിഷയത്തിൽ തത്തമംഗലം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസിൽ ബഹു. ഹൈക്കോടതി വിധിന്യായം പുറപ്പെടുവിക്കുന്നതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## സ്മാർട്ട് ക്ലാസ്സ് റൂം പദ്ധതി-സഹകരണ സംഘങ്ങളുടെ ഫണ്ടിംഗ്

282 (646) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണവകുപ്പ്, സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ നൽകുന്ന ഒരു പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ക്ലാസ് റൂമുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഈ പദ്ധതിയിലൂടെ തയ്യാറാക്കുന്നത്;

(സി) ഇത് നിർവ്വഹിക്കുന്നത് ഏത് ഏജൻസി മുഖേനയാണ്;

(ഡി) അരൂർ മണ്ഡലത്തിൽ നിന്നും എം.എൽ.എ നിർദ്ദേശിച്ച സ്കൂളുകൾ ഏതെല്ലാമാണ്; അവയെല്ലാം പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഏതെങ്കിലും ഉത്തരവുകൾ ഉണ്ടായിരുന്നോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഇതുപ്രകാരമുള്ള പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന സ്മാർട്ട് ക്ലാസ് റൂം പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് സഹകരണ വകുപ്പ് സംസ്ഥാനത്തെ 1000 സർക്കാർ/എയ്ഡഡ്,എൽ.പി/യു.പി സ്കൂളുകളിൽ സ്മാർട്ട് ക്ലസ് റൂമുകൾ സ്ഥാപിച്ച് നൽകുന്ന ഒരു പദ്ധതിക്ക് രൂപം നൽകി പ്രാരംഭനടപടികൾ നടന്നു വരികയാണ്.

(ബി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരികയാണ്.

(സി) ഏജൻസിയെ ഏർപ്പെടുത്തുന്നത് സംബന്ധിച്ച തീരുമാനമെടുത്തിട്ടില്ല.

(ഡി) അരൂർ മണ്ഡലത്തിൽ നിന്നും എം.എൽ.എ. നിർദ്ദേശിച്ച സ്കൂളുകൾ ചുവടെ ചേർക്കുന്നു:

1. ഗവ. എച്ച്.എസ്.എൽ.പി.എസ്. പെരുമ്പളം
2. എൻ.ഐ.യു.പി.എസ്. നടുവത്ത് നഗർ
3. എം.ഡി.യു.പി.എസ്. നടുവത്ത് നഗർ
4. എസ്.എൻ.ഡി.എസ്.വൈ.യു.പി.എസ്. പാണാവള്ളി
5. എം.എ.എം.എൽ.പി.എസ്. പാണാവള്ളി
6. എൻ.എസ്.എസ്.പാണാവള്ളി

7. സെന്റ് അഗസ്റ്റിൻസ് എൽ.പി.എസ്. അത്രർ
8. ജി.എൽ.പി.എസ്. കോടംതുരുത്ത്.

ഈ സ്കൂളുകൾ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് ലഭ്യമായിട്ടില്ല.

(ഇ) കാലയളവ് സംബന്ധിച്ച് ഇതുവരെ തീരുമാനം എടുത്തിട്ടില്ല.

**കേരള സഹകരണ ബാങ്ക്**

283(647) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ബാങ്ക് രൂപീകരണത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് തുടക്കമിട്ടതെന്ന് വിശദീകരിക്കുമോ;

(സി) ബാങ്ക് എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ ആഴത്തിൽ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം.എസ്. ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28-04-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുമുണ്ട്. ഇപ്രകാരം നിയമിച്ച ഒരു ടാസ്ക് ഫോഴ്സ് കേരള സഹകരണ ബാങ്ക് യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരള സഹകരണ ബാങ്ക് കഴിയുന്നതും വേഗത്തിൽ പ്രവർത്തനക്ഷമമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**കേരള സഹകരണ ബാങ്ക് രൂപീകരണം**

284 (648) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സഹകരണ ബാങ്ക് രൂപീകരണം സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നറിയിക്കുമോ;

(ബി) നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് ഒരു പുതിയ സഹകരണ ബാങ്കായിരിക്കുമോ; അതിന് ലൈസൻസ് ലഭിക്കുവാൻ എന്തൊക്കെ മാനദണ്ഡങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട് എന്നറിയിക്കുമോ; സംസ്ഥാന സഹകരണ ബാങ്കിന്റെ ലൈസൻസ് നിലനിർത്തി, പുതിയ ലൈസൻസ് എടുക്കേണ്ട സാഹചര്യം ഒഴിവാക്കുമോ;

(സി) കേരള സഹകരണ ബാങ്കിൽ ജില്ലാ സഹകരണ ബാങ്കുകൾ ലയിപ്പിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ?

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം.എസ്. ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28-04-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗികതലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി.ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുമുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി&സി) കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ വിഷയം പഠിക്കുന്നതിനായി നിയോഗിച്ചിട്ടുള്ള ടാസ്ക് ഫോഴ്സ് പഠിച്ച് നൽകുന്ന ശിപാർശയുടെ അടിസ്ഥാനത്തിൽ നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## കേരള ബാങ്ക്

285 (649) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച ഡോ. എം.എസ്. ശ്രീറാം കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന പ്രധാന വസ്തുതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) കേരള ബാങ്ക് രൂപീകരിക്കുമ്പോൾ വിവിധ സഹകരണ ബാങ്കുകളിൽ ഉളവാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാദ്ധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം.എസ്. ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28-04-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗികതലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ശ്രീറാം കമ്മിറ്റിയുടെ മുഖ്യമായ ശിപാർശകൾ താഴെ പറയുന്നവയാണ്.

1. നിലവിലുള്ള ത്രിതല സമ്പ്രദായം നിർത്തലാക്കി ദ്വിതല സമ്പ്രദായം നടപ്പിലാക്കാൻ കമ്മിറ്റി ശിപാർശ ചെയ്തു.
2. ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സംയോജിപ്പിച്ച് ഒരു പൂർണ്ണ സേവനം പ്രദാനം ചെയ്യുന്ന കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് ആരംഭിക്കാൻ ശിപാർശ ചെയ്തു. പ്രാഥമിക ബാങ്കുകളായിരിക്കും ഈ ബാങ്കിന്റെ മുഖ്യ ഓഹരി ഉടമകൾ.

3. പ്രാഥമിക സംഘങ്ങളെ ശക്തിപ്പെടുത്തി സഹകാരികളുടെ ആവശ്യങ്ങൾ പ്രദാനം ചെയ്യുന്ന ഒരു സേവന കേന്ദ്രമാക്കി മാറ്റുന്നതിന് ശിപാർശ ചെയ്തു.

4. കേരള ബാങ്കും പ്രാഥമിക സഹകരണ ബാങ്കുകളും തമ്മിലുള്ള മത്സരം ഒഴിവാക്കി ഇവയുടെ സേവനങ്ങൾ വ്യക്തമായി വേർതിരിച്ച് നിർവ്വചിക്കാൻ ശിപാർശ ചെയ്തു.

5. കേരളത്തിന്റെ വികസനത്തിന് ഗുണഫലമാകുന്ന രീതിയിൽ ധനകാര്യ സേവനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകാൻ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്തു.

6. ആധുനിക ബാങ്കിംഗ് രംഗത്തെ മാറ്റങ്ങൾ പുതിയ ബാങ്കിലും പ്രദാനം ചെയ്യുന്നതിന് ശിപാർശ ചെയ്തു.

7. ഒരു ധനകാര്യ റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ ശിപാർശ ചെയ്തു.

ശ്രീറാം കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിദഗ്ദ്ധ അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശിപാർശകളിലെ പ്രായോഗികത പരിശോധിച്ച് ടാസ്ക് ഫോഴ്സ് നൽകുന്ന റിപ്പോർട്ടിന്റെയും പൊതുജനങ്ങളിൽ നിന്നും കിട്ടുന്ന അഭിപ്രായത്തിന്റെയും അടിസ്ഥാനത്തിൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) കേരള സഹകരണ ബാങ്ക് രൂപീകരിക്കുമ്പോൾ വിവിധ സഹകരണ ബാങ്കുകളിൽ പ്രശ്നങ്ങൾ ഉളവാകുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സഹകരണ ബാങ്കുനിക്ഷേപങ്ങളിൽ നിന്ന് ആദായ നികുതി**

286 (650) <u>ശ്രീ. പി. ജെ. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്ക് നിക്ഷേപങ്ങളിൽ നിന്ന് ആദായ നികുതി ഈടാക്കാനുള്ള നടപടിയിൽ, നിക്ഷേപകരുടെ ആശങ്ക പരിശോധിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) സഹകരണ ബാങ്ക് നിക്ഷേപത്തിന് നൽകിവരുന്ന പലിശ നിരക്ക് എത്രയാണ്എന്നറിയിക്കുമോ;

(സി) ആദായ നികുതി വകുപ്പ് നിഷ്കർഷിച്ച പ്രകാരം നിക്ഷേപകരുടെ കെ.വൈ.സി. വിവരങ്ങൾ നൽകാൻ സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഭൂമി വിറ്റു കിട്ടിയ തുക സഹകരണ സംഘങ്ങളിൽ നിക്ഷേപിച്ചവർ ആദായ നികുതി വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയരാകേണ്ടി വരുമെന്ന അവസ്ഥ സഹകരണവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എങ്ങനെ പരിഹരിക്കും എന്നറിയിക്കാമോ?

ഉത്തരം

(എ) 1961-ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ആദായനികുതി വകുപ്പ് അധികൃതരുടെ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത 7460/13 നമ്പർ സിവിൽ അപ്പീൽ (എസ്.എൽ.പി. 3976/2010) തീർപ്പാക്കി 27-08-2013 ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായനികുതി വകുപ്പിന്റെ അധികാരം ശരിവച്ചിട്ടുണ്ട്. ആദായനികുതി സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിൽ വരുന്നതിനാൽ മുൻകാലങ്ങളിൽ പാർലമെന്റ് സമ്മേളനത്തിന് മുൻപായി മുഖ്യമന്ത്രി വിളിച്ചുചേർക്കുന്ന എം.പി.-മാരുടെ കോൺഫറൻസിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട വിഷയമായി ഉൾപ്പെടുത്തിയിരുന്നു.

(ബി) സഹകരണ ബാങ്ക് നിക്ഷേപത്തിന് നൽകിവരുന്ന പരിശ നിരക്ക് ചുവടെ ചേർക്കുന്നു:

| | നിക്ഷേപങ്ങളുടെ കാലാവധി | കേരള സംസ്ഥാന സഹകരണ ബാങ്ക് | ജില്ലാ സഹകരണ ബാങ്കുകൾ | പ്രാഥമിക സഹകരണ സംഘങ്ങൾ |
|---|---|---|---|---|
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 5.00 | 5.75 | 6.00 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 6.50 | 6.75 | 7.00 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 6.75 | 7.25 | 7.50 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 7.00 | 7.75 | 8.00 |
| 5 | 1 വർഷം മുതൽ 2 വർഷത്തിന് താഴെ വരെ | 7.25 | 8.25 | 8.50 |
| 6 | 2 വർഷവും അതിനുമുകളിലും | 7.25 | 8.00 | 8.25 |

സംസ്ഥാന സഹകരണ ബാങ്ക് സ്വീകരിക്കുന്ന വ്യക്തിഗത നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശനിരക്ക് ചുവടെ ചേർക്കുന്നു:

| | നിക്ഷേപങ്ങളുടെ കാലാവധി | പലിശ നിരക്ക് നിലവിലുള്ളത് |
|---|---|---|
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 5.25 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 6.75 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 7.00 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 7.25 |
| 5 | 1 വർഷം മുതൽ 2 വർഷത്തിന് താഴെ വരെ | 7.50 |
| 6 | 2 വർഷവും അതിനു മുകളിലും | 7.50 |

(സി) നിക്ഷേപകരുടെ കെ.വൈ.സി. വിവരങ്ങൾ നൽകാൻ സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകണമെന്ന് ആദായ നികുതി വകുപ്പ് നിഷ്കർഷിച്ചിട്ടില്ല. എന്നാൽ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ റിസർവ് ബാങ്ക് നിർദ്ദേശിക്കുന്ന കെ.വൈ.സി. നോംസ് കർശനമായി പാലിക്കേണ്ടതാണെന്ന് 24-04-2013-ലെ 30/2013 നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഭൂമി വിറ്റു കിട്ടിയ തുക സഹകരണ സംഘങ്ങളിൽ നിക്ഷേപിച്ചവർ ആദായ നികുതി വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയരാകേണ്ടി വരുമെന്ന അവസ്ഥ സഹകരണവകുപ്പ് പ്രത്യേകമായി പരിശോധിച്ചിട്ടില്ല. ആദായനികുതി സംബന്ധിച്ച വിഷയം കേന്ദ്രസർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതിനാൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന കാര്യം ആലോചിക്കാവുന്നതാണ്.

## സഹകരണ സംഘങ്ങളിലെ നിക്ഷേപകർക്ക് ആദായനികുതി വകുപ്പിന്റെ നോട്ടീസ്

287 (651) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ 2012 മുതൽ പണം നിക്ഷേപിച്ചവർക്ക് ആദായനികുതി വകുപ്പ് നോട്ടീസ് നൽകിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) എത്തരം നിക്ഷേപങ്ങൾക്കുള്ള പലിശയ്ക്കാണ് നികുതി നൽകേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) പെൻഷൻ വാങ്ങുന്നവരെയും കാർഷിക വരുമാനം നിക്ഷേപിച്ചവരെയും ഈ നടപടി പ്രതികൂലമായി ബാധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ വിഷയത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സഹകരണ സംഘങ്ങളിൽ പണം നിക്ഷേപിച്ചവർക്ക് ആദായനികുതി വകുപ്പ് നോട്ടീസ് നൽകിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ആദായനികുതി വകുപ്പ് അധികൃതരുടെ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത 7460/13 നമ്പർ സിവിൽ അപ്പീൽ (എസ്.എൽ.പി. 3976/2010) തീർപ്പാക്കി 27-08-2013-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായനികുതി വകുപ്പിന്റെ അധികാരം ശരിവച്ചിട്ടുണ്ട്.

(ബി) ആദായനികുതി നിയമത്തിൽ ഇളവുകൾ നിഷ്കർഷിച്ചിട്ടുള്ള ഒരു നിശ്ചിത തുകവരെയുള്ള എസ്.ബി. അക്കൗണ്ടിൽ നിന്നുള്ള പലിശ ഒഴികെയുള്ള എല്ലാ നിക്ഷേപങ്ങൾക്കുമുള്ള പലിശയ്ക്ക് ആദായനികുതി നൽകേണ്ടതുണ്ട്.

(സി) ഇല്ല.

(ഡി) ആദായനികുതി സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതിനാൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന കാര്യം ആലോചിക്കാവുന്നതാണ്.

## സഹകരണ ബാങ്കുകളിലെ സിസ്റ്റം സൂപ്പർവൈസർ, ഡാറ്റ എൻട്രി ഓപ്പറേറ്റർ തസ്തികകൾ

288 (652) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ സിസ്റ്റം സൂപ്പർവൈസർ, ഡാറ്റ എൻട്രി ഓപ്പറേറ്റർ എന്ന തസ്തികകൾ സൂപ്പർവൈസറി കാറ്റഗറിയിൽപ്പെടുന്നതാണോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിലെ നിയമനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് വ്യക്തമായ നിർണ്ണയം നടത്താൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സഹകരണ ബാങ്കുകളിൽ സിസ്റ്റം സൂപ്പർവൈസർ തസ്തിക നിലവിലില്ല. എന്നാൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ തസ്തികകൾ നിലവിലുണ്ട്. അതിൽ സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തികയുടെ ശമ്പള സ്കെയിൽ സൂപ്പർവൈസറി തസ്തികയുടെ സ്കെയിൽ ആണ്.

(ബി) സർക്കാരിന്റെ പരിശോധനയിലാണ്.

## സഹകരണ ബാങ്കുകളിൽ നിന്ന് ആദായനികുതി ഈടാക്കാനുള്ള നടപടി

289(653) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്ന് ആദായനികുതി ഈടാക്കാനുള്ള നടപടിയിൽ നിക്ഷേപകർ പരിഭ്രാന്തരാകുന്ന സാഹചര്യം പരിശോധിക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ സാധാരണക്കാരായ ആളുകളുടെ നിക്ഷേപത്തിന് സഹകരണ ബാങ്കുകൾ നൽകിവരുന്ന പലിശ നിരക്ക് എത്രയാണ്;

(സി) ആദായ നികുതി വകുപ്പ് നിഷ്കർഷിച്ച നിക്ഷേപകരുടെ കെ.വൈ.സി. വിവരങ്ങൾ നൽകാൻ സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പരമ്പരാഗതമായി ലഭിച്ചതും അല്ലാത്തതുമായ ഭൂമി വിറ്റു കിട്ടിയ തുക സഹകരണ സംഘങ്ങളിൽ നിക്ഷേപിച്ചവരും ആദായ നികുതി വകുപ്പിന്റെ പുതിയ പരിശോധനയിൽ കുടുങ്ങുന്ന അവസ്ഥ സഹകരണ വകുപ്പ് എങ്ങനെ പരിഹരിക്കും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 1961-ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള ആദായനികുതി വകുപ്പ് അധികൃതരുടെ നോട്ടീസുകളെ ചോദ്യം ചെയ്ത് കതിരൂർ സർവ്വീസ് സഹകരണ ബാങ്ക് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്ത 7460/13 നമ്പർ സിവിൽ അപ്പീൽ (എസ്.എൽ.പി. 3976/2010) തീർപ്പാക്കി 27-08-2013-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ ആദായനികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം വിവരം ശേഖരിക്കാനുള്ള ആദായനികുതി വകുപ്പിന്റെ അധികാരം ശരിവച്ചിട്ടുണ്ട്. ആദായനികുതി സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതിനാൽ മുൻകാലങ്ങളിൽ പാർലമെന്റ് സമ്മേളനത്തിന് മുൻപായി മുഖ്യമന്ത്രി വിളിച്ചുചേർക്കുന്ന എം.പി. മാരുടെ കോൺഫറൻസിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട വിഷയമായി ഉൾപ്പെടുത്തിയിരുന്നു.

(ബി) സഹകരണ ബാങ്ക് നിക്ഷേപത്തിന് നൽകിവരുന്ന പലിശ നിരക്ക് ചുവടെ ചേർക്കുന്നു:

| | നിക്ഷേപങ്ങളുടെ കാലാവധി | കേരള സംസ്ഥാന സഹകരണ ബാങ്ക് | ജില്ലാ സഹകരണ ബാങ്കുകൾ | പ്രാഥമിക സഹകരണ സംഘങ്ങൾ |
|---|---|---|---|---|
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 5.00 | 5.75 | 6.00 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 6.50 | 6.75 | 7.00 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 6.75 | 7.25 | 7.50 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 7.00 | 7.75 | 8.00 |
| 5 | 1 വർഷം മുതൽ 2 വർഷത്തിന് താഴെ വരെ | 7.25 | 8.25 | 8.50 |
| 6 | 2 വർഷവും അതിനുമുകളിലും | 7.25 | 8.00 | 8.25 |

സംസ്ഥാന സഹകരണ ബാങ്ക് സ്വീകരിക്കുന്ന വ്യക്തിഗത നിക്ഷേപങ്ങൾക്ക് നൽകാവുന്ന പരമാവധി പലിശനിരക്ക് ചുവടെ ചേർക്കുന്നു:

| | നിക്ഷേപങ്ങളുടെ കാലാവധി | പലിശ നിരക്ക് നിലവിലുള്ളത് |
|---|---|---|
| 1 | 15 ദിവസം മുതൽ 45 ദിവസം വരെ | 5.25 |
| 2 | 46 ദിവസം മുതൽ 90 ദിവസം വരെ | 6.75 |
| 3 | 91 ദിവസം മുതൽ 179 ദിവസം വരെ | 7.00 |
| 4 | 180 ദിവസം മുതൽ 364 ദിവസം വരെ | 7.25 |
| 5 | 1 വർഷം മുതൽ 2 വർഷത്തിന് താഴെവരെ | 7.50 |
| 6 | 2 വർഷവും അതിനുമുകളിലും | 7.50 |

(സി) നിക്ഷേപകരുടെ കെ.വൈ.സി. വിവരങ്ങൾ നൽകാൻ സഹകരണ സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകണമെന്ന് ആദായ നികുതി വകുപ്പ് നിഷ്കർഷിച്ചിട്ടില്ല. എന്നാൽ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ റിസർവ് ബാങ്ക് നിർദ്ദേശിക്കുന്ന കെ.വൈ.സി. നോംസ് കർശനമായി പാലിക്കേണ്ടതാണെന്ന് 24-04-2013-ലെ 30/2013 നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) പരമ്പരാഗതമായി ലഭിച്ചതും അല്ലാത്തതുമായ ഭൂമി വിറ്റ് കിട്ടിയ തുക സഹകരണ സംഘങ്ങളിൽ നിക്ഷേപിച്ചവർ ആദായ നികുതി വകുപ്പിന്റെ പരിശോധനയ്ക്ക് വിധേയരാകേണ്ടി വരുമെന്ന അവസ്ഥ സഹകരണ വകുപ്പ് പ്രത്യേകമായി പരിശോധിച്ചിട്ടില്ല. ആദായനികുതി സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതിനാൽ സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന കാര്യം ആലോചിക്കാവുന്നതാണ്.

## സഹകരണ സ്ഥാപനങ്ങളിലെ വായ്പക്ക് ഇൻഷ്വറൻസ് പരിരക്ഷ

290 (654) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നവർക്ക് ഇപ്പോൾ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയത് ഏർപ്പെടുത്തുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കുന്നവർക്ക് ഇപ്പോൾ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടാൽ നിബന്ധനകൾക്ക് വിധേയമായി ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും 'കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി' പ്രകാരം എഴുതി തള്ളാൻ വ്യവസ്ഥയുണ്ട്.

(ബി) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിലവിലുള്ളതിനാൽ വായ്പയെടുത്തവർക്ക് പ്രത്യേക ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.

## അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പയ്ക്ക് പലിശ ഇളവ് നേടിയവർ

291 (655) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽനിന്നും 2005-2006 മുതൽ 2016-2017 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സർക്കാരിന്റെ വിവിധ ഉത്തരവുകൾ പ്രകാരം വായ്പയ്ക്ക് പലിശ ഇളവ് ലഭിച്ച വ്യക്തികളുടെ പേരും തുകയും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽനിന്നും അനുവദിച്ചിട്ടുള്ള വായ്പകളും മറ്റ് വിവരങ്ങളും രേഖപ്പെടുത്തിയിരുന്ന ബാങ്കിലെ കമ്പ്യൂട്ടർ സോഫ്റ്റ് വെയർ സംവിധാനങ്ങൾ പ്രവർത്തനരഹിതമാണ്. ബാങ്കിലെ കമ്പ്യൂട്ടർ സോഫ്റ്റ് വെയർ സംവിധാനങ്ങളെ ദുരുപയോഗപ്പെടുത്തി കണക്കുകളിൽ ക്രമക്കേടുകൾ നടത്തിയിട്ടുള്ളതിനാലും കമ്പ്യൂട്ടറിലെ രേഖകളിൽ അപാകതകളുള്ളതിനാലും നിലവിലെ സാഹചര്യത്തിൽ 1-10-2014-ന് മുമ്പുള്ള ലഡ്ജർ എടുക്കുവാൻ സോഫ്റ്റ് വെയർ മൈഗ്രേഷൻ നടത്താത്തതിനാൽ സാധിക്കുന്നില്ല. മേൽ സാഹചര്യത്തിൽ 2005-2006 മുതൽ 30-09-2014 വരെയുള്ള പലിശയിളവ് സംബന്ധിച്ച വിവരങ്ങൾ ബാങ്കിൽ നിന്നും ലഭ്യമല്ല. 1-10-2014 മുതൽ 31-03-2017 വരെ വിവിധ വായ്പകളിന്മേൽ പലിശ ഇളവ് ലഭിച്ച വ്യക്തികളുടെ പേരുവിവരവും തുകയും സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**തൃശ്ശൂർ സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിലെ അതിക്രമം**

292 (656) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ഏപ്രിൽ 17-ന് രാത്രി തൃശ്ശൂർ കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാറുടെ ഓഫീസിൽ അതിക്രമിച്ച് കയറി ഫയലുകളും രേഖകളും നശിപ്പിക്കാൻ ശ്രമിച്ച സംഭവവുമായി ബന്ധപ്പെട്ട് കുറ്റക്കാരെ കണ്ടെത്തുന്നതിനായി സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 578/17 ആയി രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ പുരോഗതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ സിവിൽ സ്റ്റേഷൻ ഒന്നാം നിലയിൽ 36-ാം നമ്പർ മുറിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ ഓഫീസിൽ 17-04-2017-ന് രാത്രി 11.30-ന് ജീവനക്കാർ ഉണ്ടായിരുന്നു എന്ന പത്രവാർത്ത സംബന്ധിച്ച് സി.സി.ടി.വി. ദൃശ്യങ്ങൾ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് മാധ്യമങ്ങളും ഉപോത്ബലകമായ തെളിവുകളും പരിശോധിക്കുന്നതിനും ആവശ്യമായ അന്വേഷണ നടപടികൾ സ്വീകരിക്കുന്നതിനുമായി തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) 18-04-2017 തീയതിയിലെ ഇ.2916/17 നമ്പർ ആയി പരാതി തൃശ്ശൂർ ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, സർക്കിൾ ഇൻസ്പെക്ടർ വെസ്റ്റ് പോലീസ് സ്റ്റേഷൻ, സബ് ഇൻസ്പെക്ടർ വെസ്റ്റ് പോലീസ് സ്റ്റേഷൻ എന്നിവർക്ക് നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) രാജീവ് കല്ലുവെട്ടിപ്പറമ്പിൽ വീട്, കുറ്റിച്ചിറ എന്ന ആളുടെ മൊഴി പ്രകാരം വെസ്റ്റ് പോലീസ് സ്റ്റേഷനിൽ സി.ആർ.578/17 യു/എസ് 143, 147, 448, 417, 149 ഐ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും 8 പ്രതികൾക്കെതിരെ കുറ്റപത്രം തയ്യാറാക്കി ബഹുമാനപ്പെട്ട കോടതിയ്ക്ക് സമർപ്പിച്ചിട്ടുള്ളതുമാണെന്ന് സബ് ഇൻസ്പെക്ടർ വെസ്റ്റ് പോലീസ് സ്റ്റേഷൻ അറിയിച്ചിട്ടുണ്ട്.

**സഹകരണമേഖലയെ സംരക്ഷിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ**

293(657) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനത്തെ തുടർന്ന് സഹകരണമേഖലയെ ശക്തിപ്പെടുത്താനും സംരക്ഷിക്കാനും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തവർക്കും ജപ്തി നടപടികൾ നേരിട്ടവർക്കും എന്തെല്ലാം ആശ്വാസമാണ് നൽകിയതെന്ന് വിവരിക്കുമോ;

(സി) വായ്പകളുടെ പരിധി ഉയർത്തുന്നതിനും വായ്പകൾ നൽകുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സഹകരണ മേഖലയോടുള്ള സമീപനം തിരുത്തണമെന്ന് പ്രത്യേക നിയമസഭാ സമ്മേളനം ചേർന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും സർവ്വകക്ഷി നിവേദക സംഘത്തെ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കുന്നതിന് തീരുമാനിക്കുകയും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെൻട്രൽ ബാങ്ക് കോൺഫറൻസ് ചേർന്ന് സഹകരണ മേഖലയിൽ സ്വീകരിക്കേണ്ട നടപടികൾ തീരുമാനിക്കുകയും ചെയ്തു. നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖല സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും താലൂക്കതലത്തിലും സംഘംതലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 17,20,682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി.

(ബി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തവർക്കും ജപ്തിനടപടികൾ നേരിട്ടവർക്കും ആശ്വാസം നൽകുന്നതിനായി 2017 ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ 'നവകേരളീയം കുടിശ്ശിക നിവാരണം പദ്ധതി" എന്ന പേരിൽ വായ്പ എടുത്തവർക്ക് ഇളവ് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ നോട്ട് നിരോധനം മുഖേന സഹകരണ ബാങ്കിംഗ് മേഖലയിൽ ഉണ്ടായ പ്രായോഗിക തടസ്സം പരിഹരിക്കുന്നതിനായി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നിർബന്ധിത ജപ്തി നടപടികൾക്ക് 31-03-2017 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു.

(സി) സഹകരണ മേഖലയുടെ വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനായി വിവിധ തരം വായ്പകളുടെ പരിധി വർദ്ധിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ 11-1-2017-ൽ 6/17 നമ്പർ സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഓണക്കാലത്ത് വില വർദ്ധന തടയുവാൻ കൺസ്യൂമർ ഫെഡിന്റെ നടപടികൾ**

294(658) <u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന തടയുവാൻ എന്തെല്ലാം നടപടികളാണ് കൺസ്യൂമർ ഫെഡ് കൈക്കൊണ്ടിട്ടുള്ള തെന്ന് വ്യക്തമാക്കുമോ;

(ബി) വിപണിയിൽ ഏതെല്ലാം തരത്തിലുള്ള ഇടപെടലുകളാണ് കൺസ്യൂമർ ഫെഡ് നടത്താനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഓണക്കാലത്ത് എത്ര പുതിയ സംരംഭങ്ങളാണ് കൺസ്യൂമർഫെഡ് ആരംഭിക്കാനുദ്ദേശിക്കുന്നത് ; വിവരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ വർഷത്തെ ഓണവിപണി ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ 3500-ഓളം ഔട്ട്ലെറ്റുകളിലൂടെ സംഘടിപ്പിക്കുന്നതിനുള്ള ബൃഹത്പദ്ധതിയ്ക്കാണ് രൂപം നൽകിയിട്ടുള്ളത്. ഓണവിപണിയിലൂടെ സബ്സിഡി നിരക്കിൽ 13 ഇനങ്ങളും പൊതുവിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ 25 ഇനങ്ങളും വിൽപ്പന നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

സബ്സിഡി ഇനങ്ങൾ കൂടാതെ ഓണക്കാലത്ത് ജനങ്ങൾക്ക് ഏറെ ആവശ്യമുള്ള 10 ഇനങ്ങൾ കൂടി ഓണചന്തകളിൽ സുലഭമായി ക്രമീകരിച്ചിട്ടുണ്ട്. ഈ ഇനങ്ങൾ മാർക്കറ്റ് വിലയെക്കാൾ 30 മുതൽ 40 ശതമാനംവരെ വിലക്കുറവിൽ ലഭ്യമാക്കും. ഇതിനായി 60 കോടി രൂപ സബ്സിഡി സർക്കാർ അനുവദിച്ചിട്ടുണ്ട്. ഓണവിപണി നടപ്പിലാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. ജില്ലാതലത്തിൽ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർമാരുടെ യോഗം വിളിച്ചുചേർത്ത് ഓണവിപണിയെക്കുറിച്ചുള്ള വിവരങ്ങൾ അറിയിച്ചിട്ടുണ്ട്.
2. സഹകരണ സംഘങ്ങളോട് ഓണവിപണിയിലേക്കാവശ്യമായ ഇൻഡന്റ് നൽകുന്നതിന് അറിയിച്ചു.
3. ഓണവിപണിക്കാവശ്യമായ സാധനങ്ങൾ ജൂലൈ ആദ്യവാരത്തിൽ ഇ-ടെൻഡർ, എൻ.സി.ഡി.ഇ.എ ക്സ്, ഇ-ഓക്ഷൻ നടത്തി.
4. ലഭിച്ച വില നെഗോസിയേഷൻ നടത്തി പർച്ചേഴ്സ് ഓർഡർ നൽകുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ചു.
5. പർച്ചേഴ്സ് ഓർഡർ നൽകിയിട്ടുള്ള സാധനങ്ങൾ ആഗസ്റ്റ് 1 മുതൽ ഫെഡറേഷന്റെ ഗോഡൗണുകളിൽ ഇറക്കിവരുന്നു. ആയത് ആഗസ്റ്റ് 15 മുതൽ സംഘങ്ങൾക്ക് ഓണവിപണി നടത്തുന്നതിലേയ്ക്കായി വിതരണം ചെയ്യുന്നതാണ്.

(ബി) കേരളത്തിലെ 941 പഞ്ചായത്തുകളിൽ 2575 ഓണച്ചന്തകളും മുൻസിപ്പാലിറ്റിയിലും കോർപ്പറേഷനിലുമായി 691 ഓണചന്തകളും 196 ത്രിവേണി, 15 മൊബൈൽ ത്രിവേണി എന്നിവ വഴി 3477 ചന്തകൾ സജ്ജമാക്കും. ഇതിൽ 213 വനിതാ സഹകരണ സംഘങ്ങളും 60 എസ്.സി/എസ്.റ്റി. സംഘങ്ങളും 143 എംപ്ലോയീസ് സഹകരണസംഘങ്ങൾ 91 കാർഷിക സഹകരണ സംഘങ്ങൾ എന്നിവയും ഉൾപ്പെടുന്നു.

(സി) ഓണക്കാലത്ത് മൂന്ന് പുതിയ സംരംഭങ്ങളാണ് കൺസ്യൂമർഫെഡ് ആരംഭിക്കാനുദ്ദേശിക്കുന്നത്.

1. <u>ഓണവിപണി</u>

ഈ വർഷത്തെ ഓണവിപണി ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ 3500-ഓളം ഔട്ട്ലെറ്റുകൾ സംഘടിപ്പിക്കുന്നതിന് രൂപം നൽകിയിട്ടുണ്ട്.

ഓണവിപണിയിലൂടെ സബ്സിഡി നിരക്കിൽ 13 ഇനങ്ങളും പൊതുവിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിൽ 25 ഇനങ്ങളും വിൽപ്പന നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വിലക്കുറവിനോടൊപ്പം തന്നെ ഗുണമേന്മ ഉറപ്പുവരുത്തുക എന്നത് കൂടിയാണ് ഇത്തവണത്തെ വിപണി ഇടപെടലിന്റെ സവിശേഷത. കൺസ്യൂമർഫെഡ് വാങ്ങുന്ന എല്ലാസാധനങ്ങളുടെയും ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനായി വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിനായി കൃത്യമായ പരിശോധന നടത്തുന്നതിനും ഈ മേഖലയിൽ വൈദഗ്ദ്ധ്യം സിദ്ധിച്ച സർക്കാർ അംഗീകൃത ഏജൻസിയായ കാഷ്യൂ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിലിന്റെ ലബോറട്ടറികളെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

2. <u>ഓണം ബാസ്കറ്റ്</u>

ഓണത്തോടനുബന്ധിച്ച് കൺസ്യൂമർഫെഡ് ഓണം ബാസ്കറ്റ് പുറത്തിറക്കും. പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന കുട്ടയിൽ ഓണത്തിനുപയോഗിക്കുന്ന സാധനങ്ങൾ എല്ലാം ഉൾപ്പെടുത്തും.

3. <u>ത്രിവേണി ഓൺലൈൻ ഓർഡറിങ്ങ് സിസ്റ്റം</u>

ഷോപ്പുകളിൽ നിന്ന് നേരിട്ട് സാധനങ്ങൾ വാങ്ങാൻ കഴിയാത്ത വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും അവ വീട്ടിൽ എത്തിക്കുന്ന പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ ഈ ഓണക്കാലത്ത് തിരുവനന്തപുരം ജില്ലയിൽ ഓൺലൈൻ ഓർഡറിംഗ് സിസ്റ്റം നടപ്പിലാകുന്നതും ഇപ്രകാരം ലഭ്യമാകുന്ന ഓർഡറുകൾ ഡോർ ഡെലിവറി നൽകുന്നതുമാണ്.

**മൂന്നാറിൽ സഹകരണ മെഡിക്കൽ സ്റ്റോർ**

295(659) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജക മണ്ഡലത്തിലെ മൂന്നാറിൽ സഹകരണ മെഡിക്കൽ സ്റ്റോർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) സഹകരണ മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് അനുമതിയ്ക്കായി മൂന്നാർ മേഖലയിലുള്ള സഹകരണ സംഘങ്ങളുടെ അപേക്ഷ ലഭിച്ചിട്ടില്ല. ടി വിഷയത്തിൽ അപേക്ഷ സമർപ്പിക്കുന്നതിന് ദേവികുളം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മുഖാന്തരം സംഘങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കൺസ്യൂമർഫെഡിന്റെ പ്രവർത്തനലാഭം**

296 (660) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനലാഭം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) കൺസ്യൂമർഫെഡ് ഈ അദ്ധ്യയന വർഷത്തിൽ എത്ര സ്റ്റുഡന്റ്സ് മാർക്കറ്റുകൾ ആരംഭിച്ചുവെന്നും അവ എവിടെയെല്ലാമാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷം കൺസ്യൂമർഫെഡിന്റെ ആഡിറ്റിന് വിധേയമാക്കാത്ത കണക്കുകൾ പ്രകാരം 64.78 കോടി രൂപ പ്രവർത്തനലാഭമുണ്ടായിട്ടുണ്ട്.

(ബി) കൺസ്യൂമർഫെഡ് ഈ അദ്ധ്യയനവർഷം സംസ്ഥാനത്ത് 315 സ്റ്റുഡന്റ്സ് മാർക്കറ്റുകൾ ആരംഭിച്ചു. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 45 |
| കൊല്ലം | 48 |
| ആലപ്പുഴ | 14 |
| പത്തനംതിട്ട | 10 |
| കോട്ടയം | 18 |

| | |
|---|---|
| ഇടുക്കി | 10 |
| എറണാകുളം | 27 |
| തൃശ്ശൂർ | 38 |
| പാലക്കാട് | 11 |
| മലപ്പുറം | 27 |
| കോഴിക്കോട് | 33 |
| വയനാട് | 6 |
| കണ്ണൂർ | 20 |
| കാസർഗോഡ് | 8 |
| ആകെ | 315 എണ്ണം |

## കൺസ്യൂമർഫെഡ്

297(661) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 400 കോടിയോളം രൂപയുടെ സഞ്ചിത നഷ്ടത്തിലേയ്ക്ക് കൂപ്പു കുത്തിയിരുന്ന കൺസ്യൂമർഫെഡിനെ ലാഭകരമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കഴിഞ്ഞ സാമ്പത്തികവർഷം കൺസ്യൂമർഫെഡ് എത്ര കോടി രൂപയുടെ പ്രവർത്തന ലാഭമുണ്ടാക്കി എന്ന് വ്യക്തമാക്കാമോ;

(സി) കൺസ്യൂമർഫെഡ് പുനരുദ്ധരിച്ച് ലാഭകരമാക്കാനുള്ള നടപടികളുടെ ഭാഗമായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി കൂടുതൽ നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിനെ ലാഭകരമാക്കാൻ സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു. അഴിമതി ഇല്ലായ്മ ചെയ്യുന്നതിനും സുതാര്യത കൊണ്ടുവരുന്നതിന്റെയും ഭാഗമായി ഇ-ടെണ്ടർ നടപ്പിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ചാർട്ടേഡ് അക്കൗണ്ടന്റിന്റെ നേതൃത്വത്തിൽ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി. ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സംഘടനാ രൂപം ചിട്ടപ്പെടുത്തി. ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങളും ചുമതലകളും നിർവ്വഹിച്ച് നൽകുകയുണ്ടായി. കൂടാതെ മോണിറ്ററിംഗ് ശക്തമാക്കുകയും ചെയ്തു. ബിസിനസ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റ് ആരംഭിക്കുന്നതിനും ആഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനായി ഇ-ത്രിവേണികൾ ആരംഭിക്കുന്നതിനും വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും അവ വീട്ടിൽ എത്തിക്കുന്നതിനുമായി ത്രിവേണി ഓൺലൈൻ ട്രേഡിംഗ് ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചു. പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതിസ്റ്റോറും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ത്രിവേണി, നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയ്ക്ക് പ്രത്യേകം ടാർജറ്റ് നൽകിയതിലൂടെ വിറ്റ് വരവ് വർദ്ധിപ്പിക്കുന്നതിന് സാധിച്ചു. വിദേശമദ്യത്തിന്റെ ഇൻസെന്റീവ് നേരിട്ട് ഫെഡറേഷനിൽ ലഭ്യമാക്കിയതിലൂടെ ഈ ഇനത്തിലെ വരുമാനത്തിലും വർദ്ധനവുണ്ടായി. പ്രവർത്തന ചെലവുകൾ ചുരുക്കിയതിലൂടെ ഭരണ ചെലവ് കുറയ്ക്കുന്നതിന് സാധിച്ചു. ജീവനക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ട് പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തിയതിലൂടെയും ലാഭകരമല്ലെന്ന് കണ്ടെത്തുകയും നഷ്ടത്തിനും ഡാമേജിനും കെടുകാര്യസ്ഥതയ്ക്കും ഇടയാക്കിയ നന്മ സ്റ്റോറുകൾ ഒഴിവാക്കിയും ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തി അധികമായി നിയമിക്കപ്പെട്ടിരുന്ന താല്ക്കാലിക ജീവനക്കാരെ ഒഴിവാക്കി ബാക്കിയുള്ളവരെ പുനർവിന്യസിപ്പിക്കുകയും ചെയ്തു. വിവിധ ഗോഡൗണുകളിൽ കെട്ടിക്കിടന്ന സാധനങ്ങൾ വിറ്റഴിച്ചതിലൂടെയും പലിശനഷ്ടം ഒഴിവാക്കുന്നതിനായി വായ്പകൾ പുനഃക്രമീകരിച്ചതിലൂടെയും നഷ്ടത്തിലായിരുന്ന നന്മ സ്റ്റോറുകൾ നിർത്തലാക്കിയതിലൂടെയും ആവശ്യമില്ലാത്ത 20 ഗോഡൗണുകൾ നിർത്തലാക്കിയതിലൂടെയും ഫെഡറേഷന്റെ പ്രവർത്തനം

ലാഭത്തിലാക്കുന്നതിന് സാധിച്ചു. മേൽ പരാമർശിച്ച പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയതിലൂടെ ത്രിവേണി, നീതി, ശുശ്രൂഷ ലാബ് എന്നിവ ഒഴികെ മറ്റ് ആറ് വിഭാഗങ്ങളും പ്രവർത്തനലാഭം നേടി. ത്രിവേണി നോട്ടുബുക്കുകൾ കെട്ടിലും മട്ടിലും മാറ്റം വരുത്തി വിപണിയിൽ എത്തിക്കുന്നതിന് നടപടികളും ആരംഭിച്ചു.

(ബി) 2016-2017 സാമ്പത്തിക വർഷം കൺസ്യൂമർഫെഡിന്റെ ആഡിറ്റിന് വിധേയമാക്കാത്ത കണക്കുകൾ പ്രകാരം 64.78 കോടി രൂപയുടെ പ്രവർത്തന ലാഭമുണ്ടായിട്ടുണ്ട്.

(സി) ഉണ്ട്. കൺസ്യൂമർ ഫെഡറേഷൻ പുനരുദ്ധരിച്ച് ലാഭകരമാക്കുന്ന നടപടികൾ സ്വികരിക്കുന്നതിനായി ശ്രീ. എം. മെഹബൂബ് കൺവീനറായും ശ്രീ. കെ. വി. കൃഷ്ണൻ, ശ്രീ. പി. എം. ഇസ്മയിൽ എന്നിവർ അംഗങ്ങളുമായി അഡ്മിനിസ്ട്രേറ്റിവ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. 2016 ജൂലൈ 27 മുതൽ ചുമതലയേറ്റ് പ്രവർത്തനം നടത്തിവരുന്ന ടി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 36 യോഗങ്ങൾ കൂടി നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

(ഡി) നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർഫെഡിന്റെ മുൻകയ്യോടെ 2000 നീതി ഔട്ട്ലെറ്റുകൾ അരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നീതി സ്റ്റോറുകൾ ആരംഭിക്കുന്നതിന് മുന്നോട്ടുവരുന്ന സംഘങ്ങൾക്ക് സഹകരണ സംഘം രജിസ്ട്രാർ തലത്തിൽ അനുമതി നൽകിവരുന്നുണ്ട്.

## കൺസ്യൂമർഫെഡിന്റെ പ്രവർത്തന ലാഭം

298 (662) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ അവസാന അഞ്ചു വർഷത്തെ പ്രവർത്തന ലാഭം, അറ്റലാഭം എന്നിവ സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർ ഫെഡിന്റെ ഏതെല്ലാം സംരംഭങ്ങളാണ് ലാഭം നേടിയത്; നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) കൺസ്യൂമർഫെഡിന്റെ പ്രവർത്തനം വിപുലമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പുതിയതായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; പുതിയ സംരംഭങ്ങൾ ആരംഭിച്ചതിൽ എത്ര യൂണിറ്റുകളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്; നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ എണ്ണം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കൺസ്യൂമർഫെഡിൽ 2012-2013-ന് ശേഷം ആഡിറ്റ് പൂർത്തീകരിച്ചിട്ടില്ല. ഈ സർക്കാർ അധികാരമേറ്റശേഷം ആഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സാമ്പത്തിക കണക്കുകളുടെ ആഡിറ്റ് പൂർത്തീകരിക്കുന്നതിന് ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ കൺസ്യൂമർഫെഡിൽ ലഭ്യമായിട്ടുള്ളത് ആഡിറ്റിന് വിധേയമാക്കാത്ത വരവ് ചെലവ് കണക്കുകളാണ്. ആയത് വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | തൻവർഷത്തെ പ്രവർത്തന നഷ്ടം | ആകെ നഷ്ടം |
|---|---|---|
| 2012-2013 | 119.12 കോടി | 247.37 കോടി |
| 2013-2014 | 112.88 കോടി | 360.23 കോടി |
| 2014-2015 | 57.87 കോടി | 418.11 കോടി |
| 2015-2016 | 29.10 കോടി | 447.21 കോടി |
| 2016-2017 | തൻവർഷത്തെ പ്രവർത്തന ലാഭം 67.78 കോടി | ആകെ നഷ്ടം 382.43 കോടി |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡിന്റെ ബിവറേജസ് വിഭാഗം, നീതി മെഡിക്കൽ വിഭാഗം, നീതി ഗ്യാസ്, ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസി, നോട്ട് ബുക്ക്, ശുശ്രൂഷ ലാബ് തുടങ്ങിയ വിഭാഗങ്ങളെല്ലാം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. ത്രിവേണി, ഇ-ത്രിവേണി വിഭാഗം മാത്രമാണ് നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നത്.

(സി) കൺസ്യൂമർഫെഡിന്റെ പ്രവർത്തനം വിപുലമാക്കുന്നതിന് സ്വികരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു:

ഇ-ത്രിവേണികളുടെ പ്രവർത്തനം

ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച നാല് ഇ-ത്രിവേണികൾക്ക് പുറമേ 24 എണ്ണം കൂടി പുതുതായി ആരംഭിക്കുന്നതിന് തീരുമാനിക്കുകയും ഇവയിൽ പത്തനംതിട്ട, കോട്ടയം, വയനാട്, പാലക്കാട്, കോഴിക്കോട്, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിലായി 9 എണ്ണം ആരംഭിക്കുകയും ചെയ്തു. ബാക്കിയുള്ള 15 എണ്ണം ആരംഭിക്കുന്ന നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ച് വരുന്നു.

ത്രിവേണി ഓൺലൈൻ ഓഡറിംഗ് സിസ്റ്റം

ഷോപ്പുകളിൽ നേരിട്ട് വന്ന് സാധനങ്ങൾ വാങ്ങാൻ കഴിയാത്തവർക്ക് ഓൺലൈൻ മുഖേന ഓർഡർ നൽകി സാധനങ്ങൾ വാങ്ങുന്നതിനും അവ വീട്ടിൽ എത്തിക്കുന്നതിനും ഈ ഇടപെടൽ വഴിയൊരുക്കും ആദ്യഘട്ടത്തിൽ ഈ ഓണക്കാലത്ത് തിരുവനന്തപുരം ജില്ലയിൽ ഈ സിസ്റ്റം നടപ്പിലാക്കുകയാണ്.

ഓണവിപണി

ഈ വർഷത്തെ ഓണവിപണി ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ 3500 ഓളം ഔട്ട്ലെറ്റുകളിലൂടെ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഓണം വിപണിയിലൂടെ സർക്കാർ സബ്സിഡി നിരക്കിൽ 13 ഇനം നിത്യോപയോഗ സാധനങ്ങളാണ് വിൽപ്പന നടത്തുന്നത്. ഇതിലേയ്ക്കായി 60 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതിന് പുറമേ കൺസ്യൂമർഫെഡ് പൊതുവിപണിയേക്കാൾ കുറഞ്ഞ നിരക്കിൽ ഇരുപത്തിയഞ്ച് ഇനം സാധനങ്ങൾ വിൽപ്പന നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വിൽപ്പന നടത്തുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി സർക്കാർ അംഗീകൃത ഏജൻസിയായ കാഷ്യൂപ്രൊമോഷൻ കൗൺസിലിന്റെ ലബോറട്ടറികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഓണം ബാസ്കറ്റ്

ഓണത്തോടനുബന്ധിച്ച് കൺസ്യൂമർഫെഡ് ഓണം ബാസ്കറ്റ് പുറത്തിറക്കും പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഈ ബാസ്കറ്റിൽ ഓണത്തിന് ഉപയോഗിക്കുന്ന സാധനങ്ങളെല്ലാം ഉൾപ്പെടുത്തും.

<u>നീതി ശൃംഖലയുടെ വ്യാപനം</u>

കൺസ്യൂമർഫെഡിന്റെ മുൻകയ്യോടെ പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ 2000 നീതി സ്റ്റോറുകളും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഗവർണറുടെ നയപ്രഖ്യാപനത്തിൽ ഇക്കാര്യം പ്രത്യേകം പരാമർശിച്ചുണ്ട്. ഇതിന്റെ ഭാഗമായി ഓരോ ബ്രാൻഡും ലോഗോയും ഉപയോഗിക്കുന്ന പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിച്ച ഒരു ശൃംഖല രൂപീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ ശക്തമായ മാർക്കറ്റ് ഇടപെടൽ നടത്തുന്നതിനും വില നിലവാരം നിയന്ത്രിക്കുന്നതിനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

<u>മുഴുവൻ സമയ സബ്സിഡി വിതരണം</u>

സർക്കാർ സബ്സിഡിയോടെ സെപ്റ്റംബർ 1 മുതൽ മാർച്ച് 31 വരെ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ എന്നിവിടങ്ങളിലൂടെ 13 ഇനം നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തുന്നതിനായി പദ്ധതി തയ്യാറാക്കി വരുന്നു.

<u>നീതി കൊമേഴ്സ്യൽ ഗ്യാസ്</u>

നിലവിൽ പ്രവർത്തിച്ചുവരുന്ന നീതി ഗ്യാസ് ഉപഭോക്താക്കളുടെ എണ്ണം സബ്സിഡി ഇല്ലാത്തതിനാൽ കുറഞ്ഞുവരികയാണ്. ഇക്കാരണത്താൽ വിതരണത്തിന് വേണ്ടിവരുന്ന ചെലവ് വർദ്ധിക്കുന്നു. ടി സാഹചര്യത്തിൽ ഡൊമസ്റ്റിക് ഗ്യാസ് വിതരണം കൊമേഴ്സ്യൽ ആക്കി മാറ്റുന്നതിനുള്ള നടപടി നടന്നു വരുന്നു. പാലക്കാട് ഫാക്ടറിയിൽ നിന്നുള്ള ഗ്യാസ് പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലായി വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.

മേൽപരാമർശിച്ച പ്രവർത്തനങ്ങൾക്ക് പുറമേ കൃത്യമായ സാമ്പത്തിക അച്ചടക്കം പാലിക്കുകയും ചെലവുകൾ ചുരുക്കുകയും കേന്ദ്രീകൃത പർച്ചേസും ഇ-ടെൻഡറും നടപ്പിലാക്കുന്നത് വഴിയും ഫെഡറേഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കൺസ്യൂമർഫെഡിനെ രക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെയുള്ള പ്രവർത്തനങ്ങളാണ് ഇക്കഴിഞ്ഞ കാലയളവിൽ സ്വീകരിച്ചുവരുന്നത്. ഇക്കാലയളവിൽ പുതിയ സംരംഭങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിന്റെ ഭാഗമായി പുതുതായി രണ്ട് മെഡിക്കൽ വെയർഹൗസുകളും 9 ഇ-ത്രിവേണി സ്റ്റോറുകളുമാണ് ആരംഭിച്ചിട്ടുള്ളത്. ഇവയുടെ പ്രവർത്തനമാരംഭിച്ചിട്ട് ഏതാനും ആഴ്ചകൾ ആയിട്ടേയുള്ളൂ. ആയതിനാൽ ലാഭ/നഷ്ട കണക്കുകൾ തിട്ടപ്പെടുത്താനായിട്ടില്ല.

## ബി.ആർ.ഡി.സി-യുടെ നേതൃത്വത്തിൽ ശില്പശാല

299(663) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബി.ആർ.ഡി.സി (ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ)- യുടെ നേതൃത്വത്തിൽ ശില്പശാല നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത ശില്പശാല നടത്തിപ്പിന് ചെലവഴിച്ച തുകയുമായി ബന്ധപ്പെട്ടുള്ള പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത വാർത്തയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) പ്രസ്തുത അന്വേഷണത്തിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ചെറുകിട ഇടത്തരം സംരംഭകർക്കുള്ള ആദ്യ ശില്പശാല 2016 ഡിസംബർ 15, 16 തീയതികളിൽ ബേക്കൽ ക്ലബ്ബ് നീലേശ്വരത്ത് വച്ചും ഇതിൽ നിന്നും തെരഞ്ഞെടുത്ത 36 പേർക്കായി 2017 മേയ് 18, 19 തീയതികളിൽ നളന്ദ റിസോർട്ട് നീലേശ്വരത്തുവച്ചും നടത്തിയിട്ടുണ്ട്. 2017 ജൂലൈ 2, 3 തീയതികളിൽ പയ്യന്നൂരിൽ വച്ച് സൈൽ പദ്ധതിയുടെ ഭാഗമായി ശില്പശാല നടത്തുകയുണ്ടായി.

(ബി) ഉണ്ട്.

(സി-ഇ) ടൂറിസം വകുപ്പിൽ ഫിനാൻസ് വിഭാഗം മുഖാന്തരം അന്വേഷണം നടത്തിയിട്ടുണ്ട്. ഫിനാൻസ് വിഭാഗം സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് ടൂറിസം ഡയറക്ടറുടെ പരിശോധനയിലാണ്.

## ഉത്തരവാദ ടൂറിസം

300(664) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദ ടൂറിസം നടപ്പാക്കുന്നതിനായി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; ഈ പദ്ധതികൊണ്ട് സർക്കാർ ലക്ഷ്യമാക്കുന്നത് എന്താണ്; വ്യക്തമാക്കാമോ ;

(ബി) ഏതൊക്കെ സ്ഥലങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത് ; ഇതുകൊണ്ട് തദ്ദേശവാസികൾക്കുണ്ടാകുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ ;

(സി) കൂടുതൽ സ്ഥലങ്ങളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും തദ്ദേശവാസികളുടെയും സഹകരണം ഉറപ്പാക്കുവാനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഉത്തരവാദിത്ത ടൂറിസം 2008 മുതൽ സംസ്ഥാന ടൂറിസം നടപ്പാക്കി വരുന്നു. കുമരകം, തേക്കടി, വൈത്തിരി, അമ്പലവയൽ, കുമ്പളങ്ങി, ബേക്കൽ, കോവളം എന്നിങ്ങനെ 7 കേന്ദ്രങ്ങളിലാണ് ഇപ്പോൾ പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഉത്തരവാദിത്ത ടൂറിസം മിഷൻ നിലവിൽ വന്നതോടെ പദ്ധതി ഉടൻതന്നെ സംസ്ഥാനത്ത് പൂർണ്ണമായി നടപ്പാക്കപ്പെടും. ടൂറിസം മേഖലയിൽ സാമൂഹികം, സാമ്പത്തികം, പാരിസ്ഥിതികം എന്നിങ്ങനെ മൂന്ന് തലങ്ങളിൽ ഇടപെട്ടുകൊണ്ടാണ് ഉത്തരവാദിത്ത ടൂറിസം നടപ്പാക്കുന്നത്. ടൂറിസം കൊണ്ടുള്ള വരുമാനം പ്രാദേശിക സമൂഹത്തിന് നിയമവിധേയ മാർഗ്ഗങ്ങളിലൂടെ ലഭ്യമാക്കാനും ടൂറിസം വികസനത്തെ ഗ്രാമീണ വികസനം, പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യ ലഘൂകരണം, സ്ത്രീശാക്തീകരണം എന്നിവയ്ക്ക് ഉപയുക്തമാക്കാനും സാമ്പത്തിക ഉത്തരവാദിത്ത ടൂറിസം ലക്ഷ്യമിടുന്നുണ്ട്. ഗ്രാമീണ മേഖലയിൽ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്. പരമ്പരാഗത തൊഴിൽ, കല, സംസ്കാരം

എന്നിവയെ ടൂറിസത്തിലൂടെ സംരക്ഷിക്കുവാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ സാമൂഹിക ഉത്തരവാദിത്തം ലക്ഷ്യമിടുന്നു. പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത പ്രവർത്തനങ്ങളിലൂടെ ടൂറിസം വികസിപ്പിക്കുക എന്ന ലക്ഷ്യത്തിലൂന്നിയാണ് പാരിസ്ഥിതിക ഉത്തരവാദിത്ത ടൂറിസം മേഖല പ്രവർത്തിക്കുന്നത്.

ടൂറിസം മേഖലയിൽനിന്നും പരമാവധി തൊഴിൽ പ്രത്യക്ഷ-പരോക്ഷ മാർഗ്ഗങ്ങളിലൂടെ പ്രാദേശിക ജനസമൂഹത്തിന് ലഭ്യമാക്കുക എന്നതും ടൂറിസം വികസനത്തിലൂടെയുള്ള വരുമാനം തദ്ദേശവാസികൾ പ്രത്യേകിച്ച് കർഷകർ, കുടുംബശ്രീ പ്രവർത്തകർ, വനിതകൾ, കരകൗശല വസ്തു ഉല്പാദകർ, പരമ്പരാഗത തൊഴിലാളികൾ, കലാകാരന്മാർ എന്നിങ്ങനെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പരമാവധി ലഭ്യമാക്കുക എന്നതാണ് ഉത്തരവാദിത്വ ടൂറിസത്തിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്.തദ്ദേശവാസികൾക്ക് അപ്രാപ്യമായ ടൂറിസം മേഖലയിൽ നിന്നുള്ള വരുമാനം അവർക്ക് ലഭ്യമാകുന്നു എന്നതാണ് തദ്ദേശവാസികളുടെ പ്രധാന നേട്ടം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ടൂറിസം മേഖലയിൽ ഇടപെടാനാകുന്നതും തദ്ദേശവാസികൾക്കുണ്ടാകുന്ന പ്രധാന നേട്ടങ്ങളിലൊന്നാണ്.

(സി) ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചുകൊണ്ട് കേരളത്തിലുടനീളം ഈ പദ്ധതി വ്യാപിപ്പിക്കുവാൻ തീരുമാനിക്കുകയും ഉത്തരവാദിത്വ ടൂറിസം മിഷൻ നിലവിൽ വരികയും ചെയ്തിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാതല അവബോധ ശില്പശാലകൾ ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ സംഘടിപ്പിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും പ്രാദേശിക ടൂറിസം സംരംഭകർക്കും വേണ്ടിയാണ് ഈ ശില്പശാലകൾ നടത്തുന്നത്. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ, നിർവ്വഹണരീതി, പദ്ധതികൊണ്ട് ഉണ്ടാകുന്ന ഗുണഫലങ്ങൾ എന്നിവ ഈ ശില്പശാലകളിലൂടെ ഗുണഭോക്താക്കളിലെത്തിക്കുകയാണ് ലക്ഷ്യം. ഇതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും തദ്ദേശവാസികൾക്കും ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡർമാർക്കും മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളികളാകാം. പ്രാദേശിക പങ്കാളിത്ത ആസൂത്രണ പരിപാടികളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും തദ്ദേശവാസികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതാണ്.

## ചീഫ് മിനിസ്റ്റേഴ്സ് ട്രോഫിക്കുള്ള ജലോത്സവം

301(665) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി ജലോത്സവം നടക്കുന്ന തൃശ്ശൂർ ജില്ലയിലെ കണ്ടശ്ശാംകടവിൽ ടൂറിസം വകുപ്പ് നിർമ്മിച്ചിട്ടുള്ള സ്ഥിരം പവലിയന്റേയും ചിൽഡ്രൻസ് പാർക്കിന്റേയും സംരക്ഷണത്തിനും പരിപാലനത്തിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ സ്ഥലം ടൂറിസ്റ്റുകളുടെ ആകർഷണ കേന്ദ്രമാക്കുന്നതിനുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ കണ്ടശ്ശാംകടവിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയ "ഡെവലപ്മെന്റ് ഓഫ് കൺവെൻഷൻ സെന്റർ & വ്യൂവിംഗ് ഗാലറി" എന്ന വർക്ക് പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ സ്ഥിരം പവലിയനും, ചിൽഡ്രൻസ് പാർക്കും ഉൾപ്പെട്ടിട്ടുണ്ട്. ബിൽഡിംഗ് നമ്പർ ലഭിക്കുന്നതിനായി മണലൂർ ഗ്രാമപഞ്ചായത്തിന് അപേക്ഷ നല്കിയിട്ടുണ്ട്. നമ്പർ കിട്ടുന്ന മുറയ്ക്ക് ഇതിന്റെ നടത്തിപ്പിനായി ഡി.റ്റി.പി.സി.-ക്ക് കൈമാറുന്നതാണ്.

(ബി) ഇല്ല.

## ഫോർട്ട് കൊച്ചിയിൽ ലൈഫ് ഗാർഡുകൾക്ക് ഷെൽട്ടർ

302(666) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചിയിൽ ടൂറിസം വകുപ്പിന് കീഴിൽ ബീച്ചിൽ പ്രവർത്തിക്കുന്ന ലൈഫ് ഗാർഡുകൾക്ക് ഒരു ഷെൽട്ടർ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഷെൽട്ടർ ഇല്ലാത്തതിനാൽ ഇവരുടെ ഉപയോഗത്തിനുള്ള ലൈഫ് ബോയ് അടക്കമുള്ള ജീവൻ രക്ഷാ സാമഗ്രികൾ മോഷണം പോകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇവരുടെ ആരോഗ്യത്തിനും ഉപകരണങ്ങളുടെ സുരക്ഷയ്ക്കുമായി ഒരു ഷെൽട്ടർ നിർമ്മിക്കുന്ന കാര്യം സജീവമായി പരിഗണിക്കാനാകുമോ; വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ലൈഫ് ഗാർഡ് ഷെൽട്ടർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മംഗലം ഡാം ടൂറിസം പദ്ധതി**

303 (667) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലം ഡാം ടൂറിസം പദ്ധതിയ്ക്ക് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് കിട്ടിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം പ്രവൃത്തികളാണ് ഈ ടൂറിസം പദ്ധതിയിൽ നടപ്പിലാക്കാൻ പോകുന്നതെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിയുടെ പ്രവൃത്തികൾ നടത്തുന്നതിന് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 4,76,88,166 രൂപയുടെ ഭരണാനുമതിയാണ് നല്കിയിട്ടുള്ളത്.

(ബി) റെയിൻ ഹട്ട്, സ്റ്റേജ്, റീട്ടെയിനിംഗ് വാൾ ഫോർ പാർക്കിംഗ് &ഇന്റർലോക്കിംഗ്, ലാൻഡ്സ്കേപ്പിംഗ് & എർത്ത് ലെവലിംഗ്, കിയോസ്ക്, കുളം, സ്റ്റെപ്പ്, വ്യൂപോയിന്റ്, കുട്ടികളുടെ കളിക്കോപ്പുകൾ & അഡ്വഞ്ചർ സ്പോർട്സ്, ഇലക്ട്രിഫിക്കേഷൻ സിറ്റിംഗ് ബെഞ്ച്, ഫെൻസിംഗ്, പ്ലാസ്റ്ററിംഗ് & പെയിന്റിംഗ് എയറോബിക്, കംപോസ്റ്റിംഗ് പ്ലാന്റ് എന്നീ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ഏജൻസികളെ ചുമതലപ്പെടുത്തുന്നതിന് ടൂറിസം വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

**സമഗ്ര ടൂറിസം വികസന പദ്ധതി**

304(668) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിലെ ജില്ലാതലം മുതൽ താഴേയ്ക്കുള്ള ഓഫീസർമാരുടെയും, ഭരണസംവിധാനത്തിന്റെയും വിശദാംശം വ്യക്തമാക്കാമോ;

(ബി) സമഗ്ര ടൂറിസം വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെ നിലവിലുള്ള സ്ഥിതി, വിവിധ ഏജൻസികളിൽ നിന്നും, കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക ,ചെലവഴിച്ച തുക എന്നിവ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ടൂറിസം വകുപ്പിൽ ഡയറക്ടറേറ്റിനുപുറമേ 3 മേഖലാ ഓഫീസുകളും 11 ജില്ലാ ഓഫീസുകളും നിലവിലുണ്ട്. മേഖലാ ഓഫീസുകളിലെ മുഖ്യ ഓഫീസർ ജോയിന്റ് ഡയറക്ടറാണ്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 മേഖലാ ഓഫീസുകളാണ് നിലവിലുള്ളത്. തിരുവനന്തപുരം മേഖലാ ഓഫീസിനുകീഴിൽ കൊല്ലം, പത്തനംതിട്ട എന്നീ ജില്ലാ ഓഫീസുകളും എറണാകുളം മേഖലാ ഓഫീസിന് കീഴിൽ കോട്ടയം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലാ ഓഫീസുകളും, കോഴിക്കോട് മേഖലാ ഓഫീസിന് കീഴിൽ പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലാ ഓഫീസുകളും പ്രവർത്തിക്കുന്നു. ജില്ലാ ഓഫീസുകളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് അതാത് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാരാണ്. മേഖലാ ഓഫീസുകൾ നിലവിലുള്ള ജില്ലകളിൽ, ടൂറിസം വകുപ്പിന് ജില്ലാ ഓഫീസുകൾ ഇല്ല. ഈ ജില്ലകളിലെ പ്രവർത്തനങ്ങൾ മേഖലാ ജോയിന്റ് ഡയറക്ടർമാരാണ് നിയന്ത്രിക്കുന്നത്. ജില്ലാ തലത്തിനുതാഴെ ടൂറിസം വകുപ്പിന് ഓഫീസുകളില്ല.

(ബി)

| ക്രമ നമ്പർ | പദ്ധതി | ലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശബരിമലയുടെ വികസനം (എരുമേലി-പമ്പ-സന്നിധാനം) | 19,99,78,000 | 19,70,46,670 |
| 2 | സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം | 18,48,85,000 | 17,02,20,830 |
| 3 | പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനം | 9,22,84,000 | 9,22,84,000 |

പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

## കെ.ടി.ഡി.സി.-യുടെ പദ്ധതികൾ

305(669) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദ സഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിനായി കെ.ടി.ഡി.സി. എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കെ.ടി.ഡി.സി.-യുടെ കീഴിലുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണ്; അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ടെയ്ക്ക് എ ബ്രേക്ക് പദ്ധതി പ്രകാരമുള്ള കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് തുടങ്ങിയിട്ടുള്ളത്; പുതുതായി എവിടെയെല്ലാമാണ് തുടങ്ങുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി കെ.ടി.ഡി.സി. പലവിധ സംഭാവനകൾ നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി.-യുടെ ആദ്യ സാന്നിധ്യം തേക്കടി, മൂന്നാർ, കുമരകം, കോവളം തുടങ്ങിയ പല ടൂറിസം ഡെസ്റ്റിനേഷനുകളുടെയും വികസനത്തിന് കാരണമായിട്ടുണ്ട്. വിവിധ ഡെസ്റ്റിനേഷനുകളിലെ ഹോട്ടലുകൾ ബന്ധിപ്പിച്ചുള്ള എയർലൈൻ ടൂർ പാക്കേജ്, പ്രൈവറ്റ് ട്രാവൽ ഏജൻസികളുമായി ചേർന്ന് ട്രെയിൻ ചാർട്ടർ പാക്കേജ്, മൺസൂൺ സമയത്ത് താരിഫ് കുറച്ച് മൺസൂൺ ടൂറിസം എന്നിങ്ങനെ പല ടൂർ പാക്കേജുകളും തുടങ്ങിവച്ചത് കെ.ടി.ഡി.സി.-യാണ്. ഇതുകൂടാതെ കേരളത്തിലെ വികസിതവും വികസിച്ചുകൊണ്ടിരിക്കുന്നതുമായ എല്ലാ ടൂറിസം ഡെസ്റ്റിനേഷനുകളിലും കെ.ടി.ഡി.സി.യുടെ പ്രീമിയം, ബഡ്ജറ്റ് ഹോട്ടലുകളുടെ സാന്നിധ്യം അവിടെയുള്ള ടൂറിസം മാർക്കറ്റിംഗിന് ഉത്തേജനം നൽകുന്നുണ്ട്.

(ബി) കെ.ടി.ഡി.സി.-യുടെ കീഴിൽ നിലവിൽ 8 പ്രീമിയം ഹോട്ടലുകൾ, 8 ബഡ്ജറ്റ് ഹോട്ടലുകൾ, 14 ടാമറിന്റ് ഹോട്ടലുകൾ, 11 മോട്ടൽ ആരാമുകൾ, 12 റെസ്റ്റോറന്റ് & ബിയർ പാർലർ, 3 റെസ്റ്റോറന്റുകൾ, 2 ടൂറിസ്റ്റ് റിസപ്ഷൻ സെന്ററുകൾ എന്നിവയും ഒരു ബോട്ട് ക്ലബ്ബും പ്രവർത്തിക്കുന്നു. അവ താഴെ പറയും പ്രകാരമാണ്.

| പ്രീമിയം ഹോട്ടലുകൾ | ബഡ്ജറ്റ് ഹോട്ടലുകൾ |
|---|---|
| 1.മസ്കറ്റ് ഹോട്ടൽ, തിരുവനന്തപുരം | 1. ഗോൾഡൻ പീക്ക്, പൊൻമുടി |
| 2. ഹോട്ടൽ സമുദ്ര, കോവളം | 2. ഹോട്ടൽ ചൈത്രം, തിരുവനന്തപുരം |
| 3. ആരണ്യനിവാസ്, തേക്കടി | 3. പെരിയാർ ഹൗസ്, തേക്കടി |
| 4.ലേക്ക് പാലസ് ഹോട്ടൽ, തേക്കടി | 4. ഗാർഡൻ ഹൗസ്, മലമ്പുഴ |
| 5. ബോൾഗാട്ടി പാലസ് ഹോട്ടൽ, കൊച്ചി | 5.ഹോട്ടൽ നന്ദനം, ഗുരുവായൂർ |
| 6. വാട്ടർ സ്കേപ്പ്സ്, കുമരകം | 6. റെയിൻ ഡ്രോപ്പ്സ്, ചെന്നൈ |
| 7. ടീ കൗണ്ടി, മൂന്നാർ | 7.ആയുർവേദിക് ലേക്ക് റിസോർട്ട്, തണ്ണീർമുക്കം |
| 8. ബേക്കൽ ബീച്ച് റിസോർട്ട്, കാസർഗോഡ് | 8. പെപ്പർ ഗ്രോവ്, സുൽത്താൻ ബത്തേരി |

| ടാമറിന്റ് ഹോട്ടലുകൾ | മോട്ടൽ ആരാമുകൾ |
|---|---|
| 1. ടാമറിന്റ് ഈസി ഹോട്ടൽ, നെയ്യാർഡാം | 1. മോട്ടൽ ആരാം, പുനലൂർ |
| 2. ടാമറിന്റ് ഈസി ഹോട്ടൽ, കൊല്ലം | 2. മോട്ടൽ ആരാം, കായംകുളം |
| 3. ടാമറിന്റ് ഈസി ഹോട്ടൽ, തൃശ്ശൂർ | 3. മോട്ടൽ ആരാം, കൊട്ടാരക്കര |
| 4. ടാമറിന്റ് ഈസി ഹോട്ടൽ, പീരുമേട് | 4. മോട്ടൽ ആരാം, പാലരുവി |
| 5. ടാമറിന്റ് ഈസി ഹോട്ടൽ, ചങ്ങനാശ്ശേരി | 5. മോട്ടൽ ആരാം, വൈക്കം |
| 6. ടാമറിന്റ് ഈസി ഹോട്ടൽ, ഗുരുവായൂർ | 6. മോട്ടൽ ആരാം, ആതിരപ്പള്ളി |
| 7. ടാമറിന്റ് ഈസി ഹോട്ടൽ, ആലപ്പുഴ | 7. മോട്ടൽ ആരാം, ആലപ്പുഴ |
| 8. ടാമറിന്റ് ഈസി ഹോട്ടൽ, കാലടി | 8. മോട്ടൽ ആരാം, കണ്ണൂർ |
| 9. ടാമറിന്റ് ഈസി ഹോട്ടൽ, കണ്ണൂർ | 9. മോട്ടൽ ആരാം, വടകര |
| 10. ടാമറിന്റ് ഈസി ഹോട്ടൽ, തിരുനെല്ലി | 10. മോട്ടൽ ആരാം, കുറ്റിപ്പുറം |
| 11. ടാമറിന്റ് ഈസി ഹോട്ടൽ, കൊണ്ടോട്ടി | 11. മോട്ടൽ ആരാം, എരിമയൂർ |
| 12. ടാമറിന്റ് ഈസി ഹോട്ടൽ, മണ്ണാർക്കാട് | |
| 13. ടാമറിന്റ് ഈസി ഹോട്ടൽ, നിലമ്പൂർ | |
| 14. ടാമറിന്റ് ഈസി ഹോട്ടൽ, പറശ്ശിനിക്കടവ് | |

| | |
|---|---|
| റെസ്റ്റാറന്റുകൾ | |
| 1. ഫ്ളോട്ടിംഗ് റസ്റ്റാറന്റ്, വേളി<br>2. സബാല റസ്റ്റാറന്റ്, മ്യൂസിയം<br>3. ആഹാർ റെസ്റ്റാറന്റ്, ടെക്നോപാർക്ക് | |
| റെസ്റ്റാലന്റ് &ബിയർ പാർലറുകൾ | ടൂറിസ്റ്റ് റിസപ്ഷൻ സെന്ററുകൾ |
| 1. ആർബിപി, സ്റ്റാറ്റ്യൂ | 1. റ്റിആർസി, തിരുവനന്തപുരം |
| 2. ആർബിപി, കരമന | 2. റ്റിആർസി, കൊച്ചി |
| 3. ആർബിപി, പേയാട് | |
| 4. ആർബിപി, വർക്കല | ബോട്ട് ക്ലബ്ബ് |
| 5. ആർബിപി, ബാലരാമപുരം | വാട്ടർ സ്പോർട്സ്, വേളി |
| 6. ആർബിപി, കറുകച്ചാൽ | |
| 7. ആർബിപി, പയ്യന്നൂർ | |
| 8. ആർബിപി, രാമനാട്ടുകര | |
| 9. ആർബിപി, കഞ്ചിക്കോട് | |
| 10. ആർബിപി, കൊഴിഞ്ഞാംപാറ | |
| 11. ആർബിപി, കൊയിലാണ്ടി | |
| 12. ആർബിപി, കരുനാഗപ്പള്ളി | |

(സി) നിലവിൽ 20 പദ്ധതികൾക്കാണ് അനുമതി ലഭിച്ചത്. തിരുവനന്തപുരം ജില്ലയിലെ ശംഖുമുഖം, കൊല്ലം ജില്ലയിലെ KMML-ചവറ, ഏനാത്ത്, ആലപ്പുഴ ജില്ലയിലെ ചേർത്തല, ഹരിപ്പാട്, ഇടുക്കി ജില്ലയിലെ മൂന്നാർ, കോട്ടയം ജില്ലയിലെ അതിരമ്പുഴ, എറണാകുളം ജില്ലയിലെ ബോട്ട് ജെട്ടി, തൃശ്ശൂർ ജില്ലയിലെ ചാലക്കുടി, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന്, കാലിക്കറ്റ് യൂണിവേഴ്സിറ്റി, പാലക്കാട് ജില്ലയിലെ കുറ്റനാട്, കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠാപുരം, കാസർഗോഡ് ജില്ലയിലെ തലപ്പാടി എന്നീ സ്ഥലങ്ങളിൽ പദ്ധതി പൂർത്തീകരിക്കുകയും, പത്തനംതിട്ട ജില്ലയിലെ കോന്നി, വയനാട് ജില്ലയിലെ അമ്പലവയൽ, എറണാകുളം ജില്ലയിലെ പിറവം എന്നീ പദ്ധതികളുടെ പണി നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. കോഴിക്കോട് ജില്ലയിലെ താമരശ്ശേരി ചുരം, കോട്ടയം ജില്ലയിലെ വലിയാനപ്പുഴ, കൊല്ലത്തുള്ള ശീമാട്ടി പദ്ധതി ( Land beside the old NH road at Seematty Jn) എന്നിവയ്ക്ക് വേണ്ടത്ര സ്ഥലം ലഭ്യമല്ലാത്തതിനാൽ പ്രവർത്തനം തുടങ്ങാൻ സാധിച്ചില്ല.

## വിനോദസഞ്ചാര വികസന പദ്ധതികൾ

306(670) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിവർഷം 27,000 കോടിയോളം രൂപ പ്രത്യക്ഷ പരോക്ഷ മേഖലകളിലായി വരുമാനം നേടിത്തരുന്ന വിനോദസഞ്ചാര മേഖലയിലെ ഗുണഫലം സാധാരണക്കാരായ പ്രദേശവാസികൾക്ക് കൂടുതൽ പ്രയോജനം ലഭിക്കത്തക്കവിധം ജനകീയമാക്കാൻ എന്തെങ്കിലും പദ്ധതികളുണ്ടോ;

(ബി) വിനോദസഞ്ചാര മേഖലയിൽ പ്രാദേശിക സന്തുലിത വികസനം ഉറപ്പാക്കുന്ന വിധത്തിൽ വടക്കൻ ജില്ലകളിൽ വിനോദസഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് ശ്രദ്ധ പതിപ്പിക്കുമോ;

(സി) ടൂറിസം രംഗത്ത് രണ്ട് വർഷത്തിനുള്ളിൽ 80,000 തൊഴിൽ സൃഷ്ടിക്കാൻ ഉദ്ദേശിച്ചുകൊണ്ട് പ്രഖ്യാപിച്ച പദ്ധതികളിൽ പ്രധാനമായവ ഏതെല്ലാമാണ്;

(ഡി) വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ വികസനത്തോടൊപ്പം ശുചീകരണത്തിനും സുരക്ഷയ്ക്കും ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷനും, ടൂറിസം സെന്ററുകളുടെ വികസനവും ഈ ലക്ഷ്യം മുൻനിർത്തിയുള്ളതാണ്.

(ബി) വടക്കൻമേഖലയിൽ പ്രത്യേകിച്ച് മലബാർ മേഖലയിലെ ജില്ലകളിൽ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിന് മുന്തിയ പരിഗണന നൽകി വരുന്നു.

(സി) അടുത്ത 5 വർഷംകൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും, അഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50% വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിലൂടെ അടുത്ത 5 വർഷത്തിനിടെ 4 ലക്ഷം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ കഴിയുമെന്ന് കരുതുന്നു. ടൂറിസം രംഗത്ത് ഗ്രാമീണ മേഖലയുടെ വികസനത്തിനും, സ്ത്രീ ശാക്തീകരണത്തിനുമായി ആരംഭിച്ചിട്ടുള്ള ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനം എല്ലാ ജില്ലകളിലും വ്യാപിക്കുന്നത് വിപുലമായ

തൊഴിൽ സാധ്യതയ്ക്ക് വഴിതെളിയ്ക്കും. ഗ്രീൻ കാർപ്പറ്റ് പദ്ധതി പ്രാദേശിക തലത്തിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ലക്ഷ്യത്തോട് കൂടിയുള്ളതാണ്. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ എന്ന പദ്ധതിയിലും വിവിധ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യമേഖലയിലും വിപുലീകരണം നടത്തി ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതാണ്.

(ഡി) ഉണ്ട്. മാലിന്യ നിയന്ത്രണം, സംസ്കരണം മുതലായവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തന പരിധിയിൽ വരുന്നതാണെങ്കിലും ടൂറിസം പ്രാധാന്യമുള്ള പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചും വകുപ്പ് നേരിട്ടും സർക്കാരിതരസംഘടനകളുമായി ചേർന്നും മാലിന്യ നിയന്ത്രണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖേന കുടുംബശ്രീയുമായി ചേർന്ന് 86 ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ 519-ൽപ്പരം ശുചീകരണ പ്രവർത്തകരെ വിന്യസിച്ച് സ്ഥിരമായി ശുചീകരണം നടത്തി വരുന്നു. കോവളം അന്താരാഷ്ട്ര ടൂറിസം മേഖലയിലെ ശുചീകരണത്തിനായി എൻ.ജി.ഒ. മുഖേന പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ഇടുക്കി ജില്ലയിൽ 8 പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഡി.റ്റി.പി.സി. മുഖാന്തിരം സർക്കാരിതര സംഘടനയെ ഉപയോഗപ്പെടുത്തി മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് ഗ്രീൻ കാർപ്പറ്റ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.-കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സുസ്ഥിരമായ സംരക്ഷണവും നടപ്പിലാക്കുന്നത്.

ചെറുതും ഇടത്തരത്തിലുള്ളതുമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ജനപങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃത സംവിധാനമെന്ന നിലയിൽ ടൂറിസം ഡെസ്റ്റിനേഷൻ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സന്ദർശകരുടെ സുരക്ഷിതത്വമടക്കമുള്ള സംഗതികൾ ഈ സമിതികൾ വിലയിരുത്തി നിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതാണ്. സുരക്ഷയ്ക്കായി ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. ടൂറിസം പോലീസിന്റെ സാന്നിദ്ധ്യം വേണ്ടതായ ഡെസ്റ്റിനേഷനുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. സഞ്ചാരികൾക്കായുള്ള മുന്നറിയിപ്പ് ബോർഡുകൾ, ജാഗ്രതാ നിർദ്ദേശങ്ങൾ, സൈനേജുകൾ എന്നിവയും ടൂറിസം കേന്ദ്രങ്ങളിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ

307(671) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ഘടന, പ്രവർത്തനം എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനോദ്ദേശ്യങ്ങൾ എന്തൊക്കെയാണ്; നിലവിൽ എല്ലാ ജില്ലകളിലും ടൂറിസം പ്രമോഷൻ കൗൺസിലുകൾ പ്രവർത്തിച്ച് വരുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെ പ്രധാന വരുമാന സ്രോതസ്സുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവിതാംകൂർ-കൊച്ചി ലിറ്റററി സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനമാണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ. ജില്ലാ കളക്ടർ ചെയർമാനായുള്ള ഡി.റ്റി.പി.സി.-യുടെ ജനറൽ ബോഡിയിലും എക്സിക്യൂട്ടീവ് കമ്മിറ്റിയിലുമായി ജില്ലയിലെ എം.പി.-മാർ, 3 എം.എൽ.എ.-മാർ., പഞ്ചായത്ത് പ്രസിഡന്റ്, മറ്റ് പ്രമുഖ വ്യക്തികളും അംഗങ്ങളായിട്ടുണ്ട്. ജില്ലയിലെ വിനോദ സഞ്ചാര വികസന പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാരിന്റെ ടൂറിസം വകുപ്പിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ പ്രവർത്തിച്ചുവരുന്നു. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ചെയർമാൻ ജില്ലാ കളക്ടറും ഡി.റ്റി.പി.സി. സെക്രട്ടറി സർക്കാരിൽ നിന്നും നിയമിക്കുന്ന വ്യക്തിയുമാണ്. എല്ലാ ജില്ലകൾക്കും പൊതുവായുള്ള മാനദണ്ഡമാണിത്.

(ബി) ജില്ലകളിൽ ടൂറിസം കേന്ദ്രങ്ങൾ പ്രദേശികതലത്തിൽ കണ്ടെത്തി വികസനത്തിനും നടത്തിപ്പിനും, സർക്കാരിന്റെയോ, ടൂറിസം വകുപ്പിന്റെയോ നിർദ്ദേശങ്ങൾക്ക് വിധേയമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്ന ചുമതല ഡി.റ്റി.പി.സി.-യ്ക്കാണ്. ഡി.റ്റി.പി.സി.-കൾ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികളിൽ അർഹമായതിന് ടൂറിസം വകുപ്പ്/സർക്കാർ അനുമതി നൽകുന്നു. ജില്ലാതലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ നടത്തിപ്പിന്റെ ചുമതല വകുപ്പ് ഏൽപ്പിക്കുന്നപക്ഷം ഡി.റ്റി.പി.സി. നിർവ്വഹിക്കാറുണ്ട്. സർക്കാരിന്റെ /ടൂറിസം വകുപ്പിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രവർത്തിക്കേണ്ട കൗൺസിൽ ആണ് ഡി.റ്റി.പി.സി. എല്ലാ ജില്ലകളിലും ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) ഡി.റ്റി.പി.സി.-കളുടെ നിയന്ത്രണത്തിലുള്ള ടൂറിസം സെന്ററുകളിലെ പ്രവേശന ഫീസ്, പാർക്കിംഗ് ഫീസ്, കടമുറികൾ, ടൂറിസം ആക്ടിവിറ്റികൾ എന്നിവ ലീസ് മുഖേനയോ നേരിട്ടോ നടത്തുന്നതിൽ നിന്നുള്ള തുക ടൂറിസം വകുപ്പ് നിർമ്മിച്ചുനല്കിയിട്ടുള്ള യാത്രീ നിവാസ്, മോട്ടലുകൾ, അമിനിറ്റി സെന്ററുകൾ എന്നിവയുടെ ലീസ് ഇനത്തിൽ നിന്നുള്ള വരുമാനം ഇവയാണ് ഡി.റ്റി.പി.സി.-യുടെ പ്രധാന വരുമാന സ്രോതസ്സുകൾ.

## ടൂറിസം അമിനിറ്റി സെന്ററിന്റെ കെട്ടിടം

308(672) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫോർട്ട് കൊച്ചിയിലെ ടൂറിസം അമിനിറ്റി സെന്ററിന്റെ പഴയ കെട്ടിടം മെയിന്റനൻസ് ചെയ്ത് ഉപയോഗപ്രദമാക്കിയിട്ടും ഇപ്പോഴും അമിനിറ്റി സെന്റർ ഒരു ഇടുങ്ങിയ മുറിയിൽ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ കൊച്ചിൻ കോർപ്പറേഷനുമായുള്ള തർക്കം പരിഹരിച്ച് അമിനിറ്റി സെന്റർ മെയിന്റനൻസ് ചെയ്ത പഴയ കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

നടപടി സ്വീകരിച്ചുവരുന്നു.

## കായൽ ടൂറിസത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകൾ

309(673) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽ ടൂറിസത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൗസ് ബോട്ടുകളെ സംബന്ധിച്ച് സർക്കാരിന്റെ പക്കൽ കണക്കുകളുണ്ടോ; ഇവയ്ക്ക് രജിസ്ട്രേഷനുണ്ടോ;

(ബി) ഹൗസ് ബോട്ടുകളുടെ ബാഹുല്യം നിമിത്തം കായലുകളിൽ മാലിന്യം വർദ്ധിക്കുന്നതും മത്സ്യസമ്പത്തിൽ വമ്പിച്ച കുറവ് ഉണ്ടാകുന്നതുമായുള്ള പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഹൗസ് ബോട്ടുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിനും കായലുകൾ മാലിന്യ വിമുക്തമാക്കുന്നതിനും എന്തെങ്കിലും പദ്ധതി ടൂറിസം വകുപ്പ് നടത്തുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഹൗസ് ബോട്ടുകളിൽ നിന്നുണ്ടാകുന്ന മാലിന്യം സംസ്കരിക്കുന്നതിനായി ആലപ്പുഴയിലെ പുന്നമടയിലും, കോട്ടയത്തെ കുമരകത്തും, വിനോദസഞ്ചാര വകുപ്പ് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം വകുപ്പിന്റെ ക്ലാസിഫിക്കേഷൻ ലഭിക്കുന്നതിന് മാലിന്യ സംസ്കരണം ക്രിയാത്മകമായി നടപ്പാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

**അരൂർ മണ്ഡലത്തിലെ എഴുപുന്ന പഞ്ചായത്തിലെ കാക്കത്തുരുത്ത് ബീച്ച്**

310 (674) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ജ്യോഗ്രഫിക് മാഗസിൻ നടത്തിയ സർവ്വെ പ്രകാരം ലോകത്ത് അത്യാവശ്യം കണ്ടിരിക്കേണ്ട പ്രദേശങ്ങളിൽ ഒന്നായി അരൂർ മണ്ഡലത്തിലെ എഴുപുന്ന പഞ്ചായത്തിലെ കാക്കത്തുരുത്ത് ബീച്ചിനെ രേഖപ്പെടുത്തിയതും അതുസംബന്ധിച്ച് വാർത്താമാധ്യമങ്ങളിൽ വലിയ പ്രാധാന്യത്തോടെ റിപ്പോർട്ട് വന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലപ്പുഴ ജില്ലാ മെഗാ സർക്യൂട്ട് ടൂറിസം പ്രോജക്ടിൽ ഉൾപ്പെടുത്തി അരൂർ എം.എൽ.എ.-യുടെ നിർദ്ദേശാനുസരണം എന്തെല്ലാം പദ്ധതികളാണ് കാക്കത്തുരുത്തിൽ വിഭാവനം ചെയ്തിരുന്നത്;

(സി) കേന്ദ്രസർക്കാർ സമഗ്ര പദ്ധതിയിൽ കാക്കത്തുരുത്തിൽ 2.75 കോടിയുടെ പദ്ധതി പരിഹരിക്കപ്പെടാതെ പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ എന്തെല്ലാം പദ്ധതികളാണ് അവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്, അത് നിർവ്വഹിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തുന്നത് എന്ന് വ്യക്തമാക്കുമോ; എത്ര നാളുകൾക്കുള്ളിൽ ഈ പദ്ധതി നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ പദ്ധതികളൊന്നും വിഭാവനം ചെയ്തിട്ടില്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

**ടൂറിസം കേന്ദ്രത്തിൽ സുനാമി പുനരധിവാസ പദ്ധതി**

311 (675) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്ധകാരനഴി ടൂറിസം കേന്ദ്രത്തിൽ സുനാമി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച ടൂറിസം പദ്ധതികൾ തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവിടെ അവധി ദിവസങ്ങളിൽ ശരാശരി എത്ര നാടനും മറുനാടനുമായ സഞ്ചാരികളും തദ്ദേശീയരും എത്തുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) അവിടെയുള്ള ബോട്ടിംഗ്, ഉുക്ക്പാലം വാക്ക് വേയുടെ പുനരുദ്ധാരണം എക്സ്റ്റെൻഷൻ മുതലായവ ഏറ്റെടുത്ത് അന്ധകാരനഴിയെ ഒരു പ്രധാന വിനോദ സഞ്ചാരകേന്ദ്രമാക്കി ഉയർത്തിക്കൊണ്ടുവരുന്നതിന് എന്തെല്ലാം പദ്ധതികൾ ടൂറിസം വകുപ്പിന് ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. അവധി ദിവസങ്ങളിൽ തദ്ദേശീയരായ 2000-3000 സഞ്ചാരികൾ അന്ധകാരനഴി സന്ദർശിക്കുന്നുണ്ട്.

(സി) പഞ്ചായത്ത് ഏറ്റെടുത്ത് പുനരുദ്ധരിക്കുവാൻതാല്പര്യം അറിയിച്ചിരിക്കുന്നതിനാൽ വിനോദസഞ്ചാര വകുപ്പ് പുനരുദ്ധാരണം നടത്താൻ പദ്ധതിയൊരുക്കിയിട്ടില്ല.

**കക്കയം-പെരുവണ്ണാമൂഴി-ബാണാസുരസാഗർ-ഹൈഡൽ ടൂറിസം**

312 (676) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം-പെരുവണ്ണാമൂഴി-ബാണാസുരസാഗർ-ഹൈഡൽ ടൂറിസത്തിന്റെ മാസ്റ്റർ പ്ലാൻ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഹൈഡൽ ടൂറിസത്തിന് ഏറെ സാധ്യതയുള്ള ഈ പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിൽ എന്താണ് കാലതാമസമെന്നറിയിക്കാമോ ;

(സി) പദ്ധതിയുടെ മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നപക്ഷം 300 കോടി രൂപ അനുവദിക്കാമെന്ന ബഹു. ധകാര്യ വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ-സി) കക്കയം-പെരുവണ്ണാമൂഴി-ബാണാസുരസാഗർ-ഹൈഡൽ ടൂറിസം സംബന്ധിച്ച് നിലവിൽ വിനോദസഞ്ചാര വകുപ്പിൽ പദ്ധതികൾ ഒന്നും തന്നെയില്ല. ഹൈഡൽ ടൂറിസം പദ്ധതികൾ ഊർജ്ജവകുപ്പിന്റെ പരിധിയിലാണ് വരുന്നത്.

## മലബാർ ക്രൂയിസ് ടൂറിസംപദ്ധതി

313 (677) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കൻ മലബാറിന്റെ വിനോദസഞ്ചാര വികസനത്തിൽ വൻ കുതിപ്പേകുന്ന മലബാർ ക്രൂയിസ് ടൂറിസം പദ്ധതിയുടെയും നദീതട ടൂറിസം പദ്ധതിയുടെയും വിശദാംശം നൽകാമോ?

ഉത്തരം

വടക്കൻ മലബാറിൽ വിനോദസഞ്ചാര വികസനത്തിന് ഊന്നൽ നല്കിക്കൊണ്ട് കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് 'മലനാട്-മലബാർ-ക്രൂയിസ്-ടൂറിസം പ്രോജക്ട് നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. കായലിലൂടെയും പുഴകളിലൂടെയും ഉള്ള വിനോദസഞ്ചാരവും വടക്കൻ കേരളത്തിലെ കലയും സംസ്കാരവും ഗ്രാമീണതയും യോജിപ്പിച്ചുകൊണ്ടുള്ള ഒരു ബൃഹത് പദ്ധതിയാണിത്. പദ്ധതിയുടെ ഭാഗമായി ഈ പ്രദേശങ്ങൾ ഉൾപ്പെട്ട് വരുന്ന ജനപ്രതിനിധികൾ, ടൂറിസം സംരംഭകർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവരിൽ നിന്നുമുള്ള അഭിപ്രായങ്ങൾ ക്രോഡീകരിച്ച് തയ്യാറാക്കിയ പദ്ധതി പ്രൊപ്പോസൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിനകം ഈ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ 11.88 കോടി രൂപയുടെ ഭരണാനുമതി നൽകിക്കഴിഞ്ഞു.

## ആലപ്പുഴ മെഗാടൂറിസം പദ്ധതി

314 (678) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായിട്ടുള്ള കായംകുളം കായലോര ടൂറിസം പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇവിടെ അഡ്വഞ്ചർ ടൂറിസം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

സാദ്ധ്യത പരിശോധിക്കാവുന്നതാണ്.

**കായംകുളം കായലോര ടൂറിസം**

315 (679) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളം കായലോര ടൂറിസം പദ്ധതി അവസാനഘട്ടത്തിൽ എത്തിനിൽക്കുകയാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിനോദസഞ്ചാരികൾക്കായി പ്രസ്തുത പദ്ധതി തുറന്നു കൊടുക്കുന്ന സമയത്ത് ഇതിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനും തുടർന്ന് തൃപ്തികരമായവിധത്തിൽ പ്രദേശസംരക്ഷണത്തിനും മതിയായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആവശ്യകതയനുസരിച്ച് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**വടക്കൻ കേരളത്തിലെ വിനോദസഞ്ചാര വികസനം**

316(680) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യാന്തര യാത്രാ പ്രസിദ്ധീകരണമായ ലോൺലി പ്ലാനറ്റിന്റെ വാർഷിക പട്ടികയിൽ ഏഷ്യയിൽ കണ്ടിരിക്കേണ്ട പത്ത് പ്രദേശങ്ങളിൽ മലേഷ്യയെയും സിങ്കപ്പൂരിനെയും പിന്തള്ളി വടക്കൻ കേരളം മൂന്നാം സ്ഥാനം കരസ്ഥമാക്കിയ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ടൂറിസം ഭൂപടത്തിൽ വേണ്ടത്ര പരിഗണന ഇതിനകം ലഭിച്ചിട്ടില്ലാത്ത ഉത്തരകേരളത്തിന് ഇതോടെ രാജ്യാന്തര ശ്രദ്ധ കൈവന്ന കാര്യം പരിശോധിക്കുമോ;

(സി) എങ്കിൽ ഇവിടെ ടൂറിസം വികസനത്തിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വിശദമാക്കുമോ;

(ഡി) ഗതാഗതമടക്കമുള്ള അടിസ്ഥാനസൗകര്യവും സഞ്ചാരികൾക്ക് സുരക്ഷിതത്വവും ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഉത്തരകേരളത്തിൽ ടൂറിസം വികസനം ലക്ഷ്യമിട്ട് പദ്ധതികൾ ആവിഷ്ക്കരിക്കുകയെന്നത് വകുപ്പിന്റെ പരിഗണനയിലുള്ള വിഷയമാണ്. ഇതിന്റെ മുന്നോടിയായി വടക്കൻ മലബാറിന്റെ വിനോദസഞ്ചാര വികസനത്തിന് ഊന്നൽ നല്കിക്കൊണ്ട് കാസർഗോഡ് -കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് മലനാട്/മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട് എന്ന പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഉത്തര കേരളത്തിലെ വിനോദ സഞ്ചാര വികസനവുമായി ബന്ധപ്പെട്ട് ടൂറിസം മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. അടിസ്ഥാന സൗകര്യവികസനത്തിനും വിനോദസഞ്ചാരികളുടെ സുരക്ഷിതത്വത്തിനും മുന്തിയ പരിഗണന നല്കിവരുന്നു.

**ബാറുകൾ നിർത്തലാക്കിയതുമൂലം വിനോദസഞ്ചാര രംഗം നേരിട്ട തിരിച്ചടി**

317(681) <u>ശ്രീ. ചിറ്റയം ഗോപകുമാർ :</u>
<u>ശ്രീ. ജി. എസ്. ജയലാൽ :</u>
<u>ശ്രീ. കെ. രാജൻ :</u>
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾ അടച്ച മുൻ സർക്കാർ നടപടി മൂലം വിനോദസഞ്ചാര രംഗം നേരിട്ട തിരിച്ചടിയുടെ ആഴം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടിമൂലം വിനോദസഞ്ചാരികളുടെ എണ്ണത്തിൽ എത്രത്തോളം കുറവുണ്ടായെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ മദ്യനയം മൂലം വിനോദസഞ്ചാര മേഖലയിൽ ഏതൊക്കെ തരത്തിലുള്ള മാറ്റം ദൃശ്യമാവുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നിലവിലെ വിനോദസഞ്ചാരികളുടെ വരവിലുള്ള വളർച്ചാ നിരക്കിലെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ടൂറിസം വകുപ്പ് നടത്തിയ "Trade Research Survey 2016" എന്ന പഠനത്തിൽ ടൂറിസം രംഗത്തെ തളർച്ചയുടെ മുഖ്യകാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് പ്രധാന വരുമാന സ്രോതസ്സുകളിലൊന്നായ ഹോട്ടലുകളിൽ നടക്കുന്ന മീറ്റിംഗ്, കൺവെൻഷനുകൾ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ കല്യാണങ്ങൾ എന്നിവയുടെ വളർച്ചാ നിരക്കിലുണ്ടായ ഇടിവാണ്. ഇതിനൊരു കാരണം നിലവിലെ മദ്യനയം കൂടിയാണെന്ന് പ്രസ്തുത പഠനത്തിൽ കണ്ടെത്തുകയുണ്ടായി.

(ബി) വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടില്ല. എന്നാൽ വളർച്ചാ നിരക്കിൽ കുറവ് സംഭവിച്ചിട്ടുണ്ട്. 2014 വർഷം 7.71% ആയിരുന്ന വളർച്ചാ നിരക്ക് 2015-ൽ 6.53% ആയി കുറഞ്ഞു. 2016-ൽ 5.71% വളർച്ചാ നിരക്ക് മാത്രമാണ് കൈവരിക്കാൻ കഴിഞ്ഞത്.

(സി) പുതിയ മദ്യനയം നിലവിൽ വന്ന ശേഷം മദ്യനയം വിനോദസഞ്ചാര മേഖലയിൽ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് പഠനങ്ങളൊന്നും വകുപ്പ് നടത്തിയിട്ടില്ല. എങ്കിലും വിനോദസഞ്ചാര മേഖലയ്ക്ക് ഊർജ്ജം പകരുകയും സംസ്ഥാനത്തിന് റവന്യൂ വരുമാനം വർദ്ധിക്കും എന്നുള്ളതും നിസ്തർക്കമാണ്.

**ചീനവലകൾ സംരക്ഷിക്കുന്നതിനായി തടികൾ**

318 (682) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ടുകൊച്ചിയിലെ ചരിത്ര പ്രാധാന്യമർഹിക്കുന്ന ചീനവലകൾ സംരക്ഷിക്കുന്നതിനായി 2014 ൽ ടൂറിസം വകുപ്പ് ഭരണാനുമതി നല്കിയ ഒന്നരക്കോടി രൂപയുടെ പ്രവൃത്തിക്കായി വനംവകുപ്പ് തടികൾ ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ ;

(സി) നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വനം വകുപ്പിൽ നിന്നും തടികൾ ലഭ്യമായിട്ടില്ല.

(ബി) ഇതിന്റെ നിർമ്മാണത്തിനുതകുന്ന തരത്തിലുള്ള അനുയോജ്യമായ തടി ലഭിക്കാതിരിക്കുന്നതിനാലാണ് കാലതാമസം ഉണ്ടാകുന്നത്.

(സി) എത്രയും വേഗം അനുയോജ്യമായ തടി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. തടി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## പിൽഗ്രിം ടൂറിസം സർക്യൂട്ട്

319 (683) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ പ്രസിദ്ധങ്ങളായ ആരാധനാലയങ്ങളെ കോർത്തിണക്കി പിൽഗ്രിം ടൂറിസം സർക്യൂട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള പ്രോജക്റ്റിൻമേൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നും നിലവിൽ ഇതിന്റെ പുരോഗതി എന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

കേരളത്തിലെ പ്രശസ്ത അരാധനാലയങ്ങളായ ചെട്ടികുളങ്ങര, ഓച്ചിറ, ഹരിപ്പാട്, മണ്ണാറശ്ശാല, മാവേലിക്കര മുതലായവയെ ഉൾപ്പെടുത്തി പിൽഗ്രിം ടൂറിസം സർക്യൂട്ട് എന്ന പദ്ധതിക്കായി M/s GITPAC എന്ന ഏജൻസി മുഖേന തയ്യാറാക്കിയ പ്രൊപ്പോസൽ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്ന കാര്യം സർക്കാർ പരിശോധനയിലാണ്.

## ടൂറിസ്റ്റ് മേഖലയായ ഭൂതത്താൻകെട്ടിൽ ബോട്ട് സർവ്വീസ്

320 (684) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റ് മേഖലയായ ഭൂതത്താൻകെട്ടിൽ വിനോദസഞ്ചാരികൾക്ക് വേണ്ടി എത്ര ബോട്ട് സർവ്വീസ് നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഭൂതത്താൻകെട്ടിൽ ജലസേചന വകുപ്പാണ് ബോട്ട് സർവ്വീസ് നടത്തുന്നത്. നിലവിൽ ഒൻപത് ബോട്ടുകൾ ഉണ്ട്.

## കാസർഗോഡ് ജില്ലയിൽ ബേക്കൽ സൗത്ത് ബീച്ച് പാർക്ക്

321(685) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ സൗത്ത് ബീച്ച് പാർക്ക് നിർമ്മാണത്തിന് എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത പാർക്കിൽ നിന്ന് നാളിതുവരെയായി എത്ര തുക ബി.ആർ.ഡി.സി ക്ക് വരുമാനമായി ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) വരുമാനം ലഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) അനാഥമായി കിടക്കുന്ന പ്രസ്തുത പാർക്ക് പുനരുദ്ധരിക്കുന്നതിന് തുക അനുവദിച്ചിരുന്നുവോ; പ്രസ്തുത തുക അനുവദിച്ചിട്ട് എത്ര മാസമായി; പണി പൂർത്തീകരിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

### ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ സൗത്ത് ബീച്ച് പാർക്ക് നിർമ്മാണത്തിന് സുനാമി ഫണ്ടിൽ നിന്നും 259 ലക്ഷം രൂപയും തുടർന്ന് ടി പാർക്കിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി ടൂറിസം വകുപ്പിൽ നിന്നും 193 ലക്ഷം രൂപയും ബി.ആർ.ഡി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്.

(ബി&സി) പാർക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കാത്തതിനാൽ പാർക്ക് തുറന്നുകൊടുത്തിട്ടില്ല. ആയതിനാൽ ബി.ആർ.ഡി.സി.ക്ക് വരുമാനം ഒന്നും ലഭിച്ചിട്ടില്ല.

(ഡി) പാർക്ക് പുനരുദ്ധാരണത്തിന്റെ ഒന്നാം ഘട്ടത്തിനായി ടൂറിസം വകുപ്പ് 138 ലക്ഷം രൂപ അനുവദിക്കുകയും ഇതിൽ 110 ലക്ഷം രൂപ ബി.ആർ.ഡി.സി.ക്ക് കൈമാറുകയും പണി പൂർത്തീകരിക്കുകയും ചെയ്തു. രണ്ടാം ഘട്ട പ്രവൃത്തികൾക്കായി 110 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഇതിൽ 55 ലക്ഷം രൂപ ബി.ആർ.ഡി.സി.-യ്ക്ക് കൈമാറുകയും ചെയ്തു. ഭരണാനുമതി പ്രകാരം 12 മാസമാണ് പദ്ധതി പൂർത്തിയാക്കേണ്ടുന്ന കാലാവധി.

ജലവും വൈദ്യുതിയും ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികൾക്കായി കിറ്റ്കോ മുഖേന ദർഘാസുകൾ ക്ഷണിച്ചുവരുന്നു.

## അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകൾ

322(686) ഡോ. എൻ. ജയരാജ് :

ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഉതകുന്ന വിധത്തിൽ ഈ ഗവൺമെൻറ് എന്തെല്ലാം കാര്യങ്ങൾ വിഭാവനം ചെയ്തുവെന്നും നടപ്പിലാക്കിയെന്നും വ്യക്തമാക്കുമോ;

(ബി) നടപ്പുസാമ്പത്തിക വർഷം ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കേരളത്തിന്റെ വിനോദസഞ്ചാര മേഖലയിലെ പുത്തൻ കാൽച്ചുവടായ സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റ ഭാഗമായി ഇതിന് സാദ്ധ്യതയുള്ള മേഖലകളിൽ പഠനം നടത്തി പരിസ്ഥിതിക്ക് കോട്ടം തട്ടാതെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് പ്രചരണം നടത്തി നടപ്പിലാക്കി വരുന്നു. സാഹസിക വിനോദസഞ്ചാര മേഖലയിൽ യുവാക്കളുടെ ആഭിമുഖ്യം വർദ്ധിച്ച സാഹചര്യത്തിൽ ഇവരുടെ അഭിരുചി മനസ്സിലാക്കി യുവതലമുറയെ കൂടുതൽ ആകർഷിക്കുന്ന തരത്തിലുള്ള സാഹസിക വിനോദസഞ്ചാര പദ്ധതികൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS) എന്ന സ്ഥാപനം മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കേരളത്തിലെ വനം മേഖലകളിൽ സാഹസിക ട്രക്കിംഗ് പ്രോഗ്രാമുകൾ വനം വകുപ്പ് മുഖേന ആരംഭിച്ചു. നിയന്ത്രിത എണ്ണം സഞ്ചാരികളെ പരിശീലനം ലഭിച്ച തദ്ദേശ വാസികളായ യുവാക്കൾ വനദർശനത്തിനും സാഹസിക ട്രക്കിംഗിനുമായി കൊണ്ടുപോകുന്നു.

സാഹസിക ടൂറിസത്തെക്കുറിച്ച് സഞ്ചാരികളിലേയ്ക്ക് മതിയായ പ്രചാരണം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജ്, കൊല്ലം ജില്ലയിലെ തെന്മല, ആശ്രാമം, വയനാട് ജില്ലയിലെ കർലാട്, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് എന്നിവിടങ്ങളിൽ സോഫ്റ്റ് അഡ്വഞ്ചർ പാർക്കുകൾ സ്ഥാപിച്ചു. കൊല്ലം ജില്ലയിൽ പി.പി.പി. മോഡലിൽ വികസിപ്പിക്കുന്ന ജഡായുപാറ ടൂറിസം പദ്ധതിയുടെ അഡ്വഞ്ചർ പാർക്ക് പ്രവർത്തനമാരംഭിച്ചു.

കയാക്കിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ തുഷാരഗിരിയിൽ മലബാർ റിവർ ഫെസ്റ്റിവലും പാരാഗ്ലൈഡിംഗ് പ്രോത്സാഷിപ്പിക്കുന്നതിനായി വാഗമണ്ണിൽ പാരാഗ്ലൈഡിംഗ് ഫെസ്റ്റിവലും മൗണ്ടൻ സൈക്ലിംഗ് പ്രോത്സാഷിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്റർനാഷണൽ മൗണ്ടൻ സൈക്ലിംഗ് കോമ്പറ്റീഷനും നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സാഹസിക ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാപ്പിൽ, മുഴപ്പിലങ്ങാട്,വാഗമൺ തുടങ്ങിയ മേഖലകളെ സാഹസിക വിനോദസഞ്ചാര മേഖലകളായി മാറ്റുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ പ്രാരംഭനടപടികൾ അവസാനഘട്ടത്തിലാണ്.

കേരളത്തിലെ ടൂറിസം മേഖലയെക്കുറിച്ചുള്ള പ്രചാരണം വകുപ്പിന്റെ മാർക്കറ്റിംഗ് വിഭാഗം മുഖേന നടത്തി വരുന്നു. ഇതിലൂടെ സാഹസിക ടൂറിസത്തിനുവേണ്ടിയുള്ള പ്രചാരണ പരിപാടികൾ ഉൾപ്പെടുത്തി ദേശീയ അന്താരാഷ്ട്ര തലങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ തുടക്കമെന്നോണം വയനാട് ജില്ലയിൽ അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പി ക്കുന്നതിനായി പ്രത്യേകം ഫിലിം നിർമ്മിക്കുകയും വെബ്സൈറ്റ് രൂപകൽപ്പന ചെയ്യുകയും ചെയ്തിട്ടുണ്ട്.

## വിനോദസഞ്ചാര വകുപ്പിൽ ഹോസ്പിറ്റാലിറ്റി കൺസൽട്ടന്റ്

323 (687) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിൽ ഹോസ്പിറ്റാലിറ്റി കൺസൾട്ടന്റ് എന്ന പുതിയ തസ്തിക സൃഷ്ടിച്ച് സർവ്വീസിൽ നിന്നും വിരമിച്ച ആരെയെങ്കിലും നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ടൂറിസം വകുപ്പിൽ ഹോസ്പിറ്റാലിറ്റി കൺസൽട്ടന്റിനെ നിയമിക്കുന്നതിനുള്ള ഒരു നിർദ്ദേശം സർക്കാർ പരിഗണനയിലാണ്. ആരേയും നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

## വിനോദസഞ്ചാര മേഖലയുടെ വികസനം

324(688) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി ഏതെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻ വർഷങ്ങളിലേക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(സി) വിദേശ ടൂറിസ്റ്റുകളുടെ വളർച്ചാ നിരക്കിലെ കുറവ് കണ്ടെത്തി അത് പരിഹരിക്കാൻ പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായ ആഗോള മാർക്കറ്റിംഗ് നടത്തുകയും ചെയ്തിട്ടുണ്ടോ;

(ഡി) ഇതിന്റെ ഫലമായി വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് :

- കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'പ്രസാദ്' സ്കീമിൽ ദക്ഷിണേന്ത്യയിൽ നിന്നും 'ഗുരുവായൂരിനെ' ഉൾപ്പെടുത്തുകയും പദ്ധതി വികസന പ്രവർത്തനങ്ങൾ ആരഭിക്കുകയും ചെയ്തു.
- കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'സ്വദേശ് ദർശൻ' സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച ഇക്കോ ടൂറിസം പദ്ധതിയായ "പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി" വികസനം, സ്പിരിച്വൽ ടൂറിസം പദ്ധതികളായ ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം), " ശ്രീ പത്മനാഭ-ആറന്മുള-ശബരിമല" വികസനം എന്നീ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചു.
- മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾ.
- പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും വികസനത്തിനായി 8 പദ്ധതി പ്രൊപ്പോസലുകൾ കിഫ്ബി യുടെ പരിഗണനയ്ക്കായി സമർപ്പിച്ചു.
- ടൂറിസം കേന്ദ്രങ്ങളുടെ സമഗ്ര വികസനവും പരിപാലനവും ലക്ഷ്യമാക്കി ഗ്രീൻ കാർപ്പറ്റ് പദ്ധതി ആരംഭിച്ചു.

- കാസർഗോഡ്, കണ്ണൂർ ജില്ലകൾ ഉൾക്കൊള്ളുന്ന ഉത്തര കേരളത്തിലെ പുഴകളിലൂടെയും കായലിലൂടെയും ഉള്ള വിനോദസഞ്ചാരവും വടക്കൻ കേരളത്തിലെ കലയും സംസ്കാരവും യോജിപ്പിച്ചുകൊണ്ടുള്ള ഒരു ബൃഹത്പദ്ധതിയായ മലനാട്-മലബാർ -ക്രൂയിസ്-ടൂറിസം പദ്ധതി കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയ്ക്ക് പദ്ധതിയിൽ ഉൾപ്പെട്ട ചില ഘടകങ്ങൾ നിർമ്മിക്കുന്നതിനായി 11,88 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

- ധർമ്മടം -മുഴിപ്പിലങ്ങാട്-കണ്ണൂർ-വയനാട്, കക്കയം-പെരുവണ്ണാമൂഴി, കാപ്പാട് -ഇരിങ്ങൽ, വടകര, നിള, നെല്ലിയാമ്പതി, പീച്ചി-വാഴാനി, ചിമ്മിനി, കാലടി-മലയാറ്റൂർ, അതിരപ്പിള്ളി, പീരുമേട്-കുട്ടിക്കാനം-വാഗമൺ-ഇടുക്കി, അഷ്ടമുടി, കഠിനംകുളം-വർക്കല-കാപ്പിൽ, നെയ്യാർ-പേപ്പാറ-പൊന്മുടി തുടങ്ങിയ കേന്ദ്രങ്ങളിൽ സമഗ്ര ടൂറിസം വികസന പദ്ധതികൾ ആരംഭിച്ചു.

- ഉത്തരവാദിത്ത ടൂറിസത്തിന് പ്രത്യേക മിഷൻ രൂപീകരിച്ചു.

- പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പദ്ധതി.

- ഹൗസ് ബോട്ടുകൾ, ആയുർവ്വേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സമ്പ്രദായം.

- ഹൗസ് ബോട്ടുകളിലെ സുരക്ഷിതത്വം ലക്ഷ്യമാക്കി 'ഹൗസ്ബോട്ട് ട്രാക്കിംഗ് സിസ്റ്റം' പദ്ധതി.

- വനം വകുപ്പുമായി സഹകരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന എക്കോ-അഡ്വെഞ്ചർ ടൂറിസ കേന്ദ്രങ്ങളുടെ വികസനം

- ഗസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥയും ന്യൂനതകളും പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് കർമ്മപദ്ധതി.

- കൊല്ലം ജില്ലയിലെ ചടയമംഗലത്ത് 'ജടായുപാറ ടൂറിസം പദ്ധതി'.

- അറബ് രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പ്രചരണ പരിപാടികൾ, ഇതിന്റെ ഭാഗമായി ടാക്സി ബ്രാന്റിംഗ്, അച്ചടി-നവമാധ്യമങ്ങളിലെ പരസ്യ പ്രചരണം, റിയാദ്, ദമാം എന്നീ സ്ഥലങ്ങളിൽ റോഡ് ഷോകൾ.
- ചൈനയിൽ നിന്നുള്ള ടൂറിസ്റ്റുകളെ കൂടുതലായി ആകർഷിക്കുന്നതിനായി ബീജിംഗ് ഇന്റർനാഷണൽ ടൂറിസം എക്സിബിഷനിൽ കേരളത്തിലെ പ്രമുഖ ടൂറിസം ഓപ്പറേറ്റർമാരുമായി പ്രചരണ പരിപാടികൾ.
- നവമാധ്യമങ്ങളിലെ പ്രചരണങ്ങളുടെ ഭാഗമായി 'ഗോ കേരള ആപ്പ് ' 'ലോവസ്റ്റ് യൂണിക് ബിഡ് ' എന്നീ വിപണന പരിപാടികൾ.
- ഗുരുവായൂരിൽ പുതിയ ഗസ്റ്റ് ഹൗസ് ആരംഭിക്കുന്നതിനുള്ള നടപടികൾ.

(ബി) ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷങ്ങളിലേക്കാൾ വർദ്ധനവുണ്ടായിട്ടുണ്ട്. പ്രസ്തുത കണക്കുകൾ ചുവടെ ചേർക്കുന്നു:

| വർഷം | ആഭ്യന്തര വിനോദ സഞ്ചാരികൾ | വളർച്ചാ നിരക്ക് |
|---|---|---|
| 2014 | 1,16,95,411 | 7.71% |
| 2015 | 1,24,65,571 | 6.59% |
| 2016 | 1,31,72,535 | 5.67% |

(സി) വിദേശ വിനോദസഞ്ചാരികളുടെ വളർച്ചാനിരക്ക് 2014 വർഷത്തിൽ 7.60% ആയിരുന്നു. എന്നാൽ 2015 വർഷത്തിൽ വളർച്ചാനിരക്ക് 5.86% ആയി കുറയുകയും പിന്നീട് 2016-ൽ വളർച്ചാനിരക്ക് 6.23% ആയി വർദ്ധിക്കുകയും ചെയ്തു.

(ഡി) വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു:

| വർഷം | വിദേശ വിനോദ സഞ്ചാരികൾ | വളർച്ച നിരക്ക് |
|---|---|---|
| 2014 | 9,23,366 | 7.60% |
| 2015 | 9,77,479 | 5.86% |
| 2016 | 10,38,419 | 6.23% |

## മൂവാറ്റുപുഴ നഗരത്തിലെ പുഴയോര വിനോദസഞ്ചാര വികസനം

325 (689) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നഗരത്തിലെ പുഴയോര വിനോദ സഞ്ചാര വികസനം പൂർത്തിയാകാതെ കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയത് പരിഹരിച്ച് മൂവാറ്റുപുഴ പട്ടണത്തിൽ പുഴയോര വിനോദ സഞ്ചാരം നവീന രീതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഇതിന്റെ ഒന്നും രണ്ടും ഘട്ട പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ പദ്ധതികൾ ഒന്നുംതന്നെ ഇവിടെ പൂർത്തീകരിക്കാനില്ല.

## വിനോദസഞ്ചാര പദ്ധതികൾ

326(690) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസം പദ്ധതികൾ വേഗത്തിലാക്കുവാൻ ജന സമിതികൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;വിശദാംശം വ്യക്തമാക്കാമോ;

(ബി) തദ്ദേശവാസികൾക്ക് പ്രയോജനപ്പെടുന്ന ഉത്തരവാദിത്വ ടൂറിസത്തിന് പ്രത്യേക മിഷൻ രൂപീകരണം ഏത് ഘട്ടത്തിലാണ്;

(സി) ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) വിനോദസഞ്ചാര വകുപ്പ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ലക്ഷ്യമിട്ട് അസംബ്ലി/നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് 16-05-2017-ലെ സ.ഉ.(സാധാ) നമ്പർ 232/2017/ടൂറിസം പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) 23-06-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 12/2017/ടൂറിസം പ്രകാരം ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(സി) ഭിന്നശേഷിക്കാർക്കായി ടൂറിസം കേന്ദ്രങ്ങളെ അനുവഭവേദ്യമാക്കാൻ തക്കമുള്ള ഭിന്നശേഷി ടൂറിസ്റ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിന് പ്രത്യേക പരിഗണന നൽകുന്നുണ്ട്. ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകൾ, റാമ്പുകൾ, നടപ്പാതകൾ, വിശ്രമമുറികൾ, പ്രത്യേക പാർക്കിംഗ് മേഖലകൾ എന്നിവ ഒരുക്കുന്നതിനാണ് പ്രത്യേക പരിഗണന നൽകുന്നത്. ഇതിനായി ഓരോ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ, വരുത്തേണ്ടതായ മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച് വിശദമായ പരിശോധനയാരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന 'ഗ്രീൻ കാർപ്പറ്റ്' പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലികരിക്കുന്നതോടൊപ്പം ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു.

**വെങ്കിടങ്ങ് പഞ്ചായത്തിലെ ഏനാമാവ് നെഹ്റു പാർക്ക്**

327 (691) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ലയിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ ഏനാമാവ് നെഹ്റു പാർക്കിന്റെ പുനരുദ്ധാരണത്തിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പാർക്കിന്റെ നവീകരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ പാർക്കിന്റെ നിർമ്മാണത്തിനായി ഭരണാനുമതി നല്കിയിട്ടുണ്ട്.

**അതിരപ്പിള്ളി ടൂറിസ്റ്റ് മേഖലയുടെ വികസനം**

328 (692) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ടൂറിസ്റ്റ് മേഖലയുടെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) അതിരപ്പിള്ളിയിൽ യാത്രി നിവാസ്, ടൂറിസം ഫെസിലിറ്റേഷൻ സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും തുമ്പൂർമൂഴി ടൂറിസം സെന്ററിന്റെ വികസന പ്രവർത്തനങ്ങളും ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(സി) അതിരപ്പിള്ളി ഉൾപ്പടെയുള്ള 'ടൂറിസം സർക്യൂട്ട് ' പദ്ധതി നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും അവ ഏത് ഘട്ടത്തിലാണ് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) അതിരപ്പിള്ളി ടൂറിസം മേഖലയുടെ വികസനത്തിനായി താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്.

1. യാത്രിനിവാസ് നിർമ്മാണം
2. ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, പാർക്കിംഗ് ഏരിയ, പബ്ലിക് പാർക്ക്, വ്യൂ പോയിന്റ് എന്നിവയുടെ നിർമ്മാണം.
3. തുമ്പൂർമൂഴിയിൽ കർട്ടൻ ഫൗണ്ടൻ, ഡീസൽ ജനറേറ്റർ, ഫുട്ട് ഓവർ ബ്രിഡ്ജ്, നടപ്പാതകൾ, ഇരിപ്പിടങ്ങൾ, കുട്ടികളുടെ പാർക്ക് നവീകരണം, കടകൾ മാറ്റി സ്ഥാപിക്കൽ എന്നി പ്രവൃത്തികൾ

(ബി) ഇവയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്.

(സി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം ലഭിക്കുന്നതിനായി 98.93 കോടി രൂപയുടെ 'അതിരപ്പിള്ളി - മലയാറ്റൂർ - കാലടി - കോടനാട് നാച്വർ സർക്യൂട്ട് ' എന്ന പ്രൊപ്പോസൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**നെല്ലിയാമ്പതി ടൂറിസം പദ്ധതി**

329 (693) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിയാമ്പതിയിലെ ടൂറിസം സാധ്യതകളെകുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നെല്ലിയാമ്പതി ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏതുവരെയായെന്ന് വിശദമാക്കുമോ;

(സി) ഈ പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) നെല്ലിയാമ്പതി ടൂറിസം മേഖല പൂർണ്ണമായും വനം വകുപ്പിന്റെ അധീനതയിലായതിനാൽ, പ്രസ്തുത വകുപ്പുമായി സഹകരിച്ച് ടൂറിസം സാദ്ധ്യതകളെക്കുറിച്ചുള്ള പരിശോധന നടത്തിവരുന്നു.

**ചെത്തിപ്പുഴക്കടവ് ടൂറിസം പദ്ധതി**

330(694) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിർമ്മാണം ആരംഭിച്ച ചെത്തിപ്പുഴക്കടവ് ടൂറിസം പദ്ധതി സ്തംഭനാവസ്ഥയിലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**വിനോദസഞ്ചാര മേഖലയിലെ വികസന പ്രവർത്തനങ്ങൾ**

331 (695) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട് നടത്തിയ വികസന പ്രവർത്തനങ്ങളും അതിനായി ചെലവഴിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിനോദ സഞ്ചാര വകുപ്പിന്റെ കീഴിൽ നടന്ന വികസന പ്രവർത്തനങ്ങളും ചെലവഴിച്ച തുകയും ജില്ലതിരിച്ച് ലഭ്യമാക്കുമോ;

(സി) ടൂറിസം വികസനത്തിനായി കേന്ദ്രസർക്കാരിൽ നിന്ന് സഹായം ലഭിക്കാറുണ്ടോ;

(ഡി) എങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും ലഭിച്ച ഫണ്ടിനെകുറിച്ചുള്ള വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) അനുബന്ധം (എ) ആയി ചേർക്കുന്നു.*

(ബി) അനുബന്ധം (ബി) അയി ചേർക്കുന്നു*

(സി) ഉണ്ട്.

(ഡി) കഴഞ്ഞ സർക്കാരിന്റെ കാലത്ത് ലഭിച്ച കേന്ദ്ര ഫണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | ലഭിച്ച തുക |
|---|---|
| 2011-2012 | 18,71,26,000 |
| 2012-2013 | 23,45,69,000 |
| 2013-2014 | 2,98,00,000 |
| 2014-2015 | Nil |
| 2015-2016 | 19,84,37,000 |

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള കേന്ദ്രഫണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | ലഭിച്ച തുക |
|---|---|
| 2016-2017 | 47,71,47,000 |
| 2017-2018 | 26,39,20,000 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ

332 (696) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) BRDC യ്ക്ക്(ബേക്കൽ റിസോർട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയിരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ തുക BRDC ക്ക് ചെലവഴിക്കാൻ സാധിച്ചിട്ടുണ്ടോ ; എങ്കിൽ ബജറ്റ് വിഹിതമായി ലഭിച്ച തുകയിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇല്ലെങ്കിൽ തുക ചെലവഴിക്കാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ഡി) ബജറ്റിൽ അനുവദിച്ച തുക ചെലവഴിക്കാൻ സാധിക്കാതെ നഷ്ടം വരുത്തിയ BRDC അധികൃതരോട് വകുപ്പ് തലത്തിൽ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

### ഉത്തരം

(എ) ബേക്കലിന്റെയും സമീപ പ്രദേശങ്ങളുടെയും വിനോദസഞ്ചാര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ഏജൻസിയാണ് ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്. സൗത്ത് ബീച്ച് പാർക്ക് നവികരണം, സർവ്വീസ് റോഡ് നിർമ്മാണം, ജലപദ്ധതി നടത്തിപ്പ്, വൈദ്യുതീകരണം, മാലിന്യനിർമ്മാർജ്ജനം,ഭരണ-പരിശീലന ബ്ലോക്ക് നിർമ്മാണം എന്നിവയ്ക്കായി 2016-2017 വാർഷിക ബഡ്ജറ്റിൽ ബി.ആർ.ഡി.സി.ക്ക് 150.00 ലക്ഷം രൂപ (നൂറ്റി അൻപത് ലക്ഷം രൂപ മാത്രം)വകയിരുത്തിയിരുന്നു.

(ബി&സി) 2016-2017 വർഷം ബി.ആർ.ഡി.സി.-ക്കുള്ള Share Capital Contribution ഇനത്തിൽ വകയിരുത്തിയിരുന്ന 150 ലക്ഷം രൂപ Tourism promotion/ Marketing പരിപാടികൾക്കായി വിനിയോഗിക്കുന്നതിന് ബി.ആർ.ഡി.സി. നിർദ്ദേശിച്ചിരുന്നെങ്കിലും Share Capital ഇനത്തിൽ കോർപ്പറേഷന് വകയിരുത്തിയിട്ടുള്ള തുക പ്രസ്തുത ആവശ്യങ്ങൾക്ക് വക മാറ്റി ചെലവഴിക്കാൻ അനുവദനീയമല്ലാത്തതിനാൽ തുക ചെലവഴിക്കാൻ സർക്കാർ അനുമതി നൽകിയില്ല.

(ഡി) വകുപ്പു തലത്തിൽ വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല.

## ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർക്കെതിരായ വിജിലൻസ് കേസുകൾ

333 (697) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കേസുകളുടെ നിലവിലെ സ്ഥിതി എന്താണ്;

(സി) ശബരിമല ക്ഷേത്രത്തിലേക്ക് പാത്രങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ; ആയതിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഉദ്യോഗസ്ഥർക്കെതിരെയാണ് വിജിലൻസ് കേസുകൾ നിലവിലുള്ളത്.

1. ശ്രീമതി എസ്. പാർവ്വതി-തിരുവാഭരണം കമ്മീഷണർ(റിട്ട.)
2. ശ്രീ. ഗോപകുമാർ-അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, തിരുവല്ലം ദേവസ്വം
3. ശ്രീ. കെ. രാജൻ അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ആഫീസർ, കൊട്ടാരക്കര(റിട്ട.)
4. ശ്രീ. വിജയകുമാരൻ നായർ-സബ് ഗ്രൂപ്പ് ആഫീസർ(റിട്ട.)
5. ശ്രീമതി എസ്. ശ്രീലത,-അസിസ്റ്റന്റ് ദേവസ്വം അക്കൗണ്ട്സ് ആഫീസർ, കൊട്ടാരക്കര(റിട്ട.)

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശബരിമല ക്ഷേത്രത്തിലേയ്ക്ക് പാത്രങ്ങൾ വാങ്ങിയതുമായി ബന്ധപ്പെട്ട് ആ കാലയളവിൽ ശബരിമല അഡ്മിനിസ്ട്രേറ്റീവ് ആഫീസറായിരുന്ന ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തിട്ടുള്ളതും ടി കാലയളവിൽ എക്സിക്യൂട്ടീവ് ആഫീസർ ആയിരുന്ന ഉദ്യോഗസ്ഥനെ അവധിയിൽ പ്രവേശിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ടി. വിഷയവുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് ആഡിറ്റ് വിഭാഗത്തിന്റെ ആഡിറ്റ് റിപ്പോർട്ടിന്മേൽ അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

**കാടാമ്പുഴ ശ്രീ ഭഗവതിക്ഷേത്രം ശബരിമലയുടെ ഇടത്താവളമാക്കൽ**

334 (698) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാടാമ്പുഴ ശ്രീഭഗവതി ക്ഷേത്രം ശബരിമലയുടെ ഇടത്താവളമാക്കുന്നതുമായി ബന്ധപ്പെട്ട് നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് സംബന്ധിച്ച് നടന്ന പ്രവർത്തനങ്ങളുടെ വിശദമായ വിവരം ലഭ്യമാക്കുമോ; മാസ്റ്റർ പ്ലാൻ സർക്കാർ അംഗീകരിച്ച് അനുമതി നൽകുന്ന നടപടികൾ എന്തെല്ലാമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കാടാമ്പുഴ ദേവി ക്ഷേത്ര പുനരുദ്ധാരണത്തിന് സർക്കാർ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള കാടാമ്പുഴ ശ്രീഭഗവതി ക്ഷേത്രം ശബരിമലയുടെ ഇടത്താവളമാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പ്രാരംഭദശയിലാണ്. ശബരിമല തീർത്ഥാടനത്തിന് എത്തുന്ന ഭക്തർക്ക് ശുചിമുറികൾ, ആഹാരം, താമസം, വിശ്രമം, വാഹന പാർക്കിംഗ്, ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ റീട്ടെയിൽ ഔട്ട്‌ലെറ്റ് എന്നീ സൗകര്യങ്ങളോടെ ശബരിമല ഇടത്താവളം ഒരുക്കുന്നതിനായി ആർക്കിടെക്ടും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം സ്ഥലം സന്ദർശിച്ച് ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

(സി) കാടാമ്പുഴ ക്ഷേത്രത്തിന്റെ തനത് ഫണ്ട് ഉപയോഗിച്ചും സ്പോൺസർഷിപ്പ് മുഖേനയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആയതിനാൽ സർക്കാർ സഹായം നൽകേണ്ട സാഹചര്യം നിലവിലില്ല.

(നക്ഷത്രചിഹ്നമിടാത്ത 383, 397 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II അടിയന്തരപ്രമേയം

### സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ പ്രതിസന്ധി

മി. സ്പീക്കർ: യഥാസമയം നിയമപരമായ നടപടികൾ സ്വീകരിക്കാനും വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടപടികൾ സ്വീകരിക്കാത്തതുമൂലം കേരളത്തിലെ സ്വാശ്രയ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ എം.ബി.ബി.എസ്. അഡ്മിഷനും ഫീസ് ഘടനയും സംബന്ധിച്ച് നിലനിൽക്കുന്ന അവ്യക്തതയും തൻമൂലം ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര പ്രതിസന്ധിയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. ശിവകുമാർ, ടി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇത്തവണത്തെ സ്വാശ്രയ അലോട്ട്മെന്റിൽ യാതൊരു തരത്തിലുള്ള ക്രമക്കേടുമുണ്ടായിട്ടില്ല. പ്രതിപക്ഷം ഉന്നയിച്ചിട്ടുള്ള ആരോപണങ്ങളെല്ലാം അടിസ്ഥാനരഹിതമാണെന്ന് ഇന്നലത്തെ ചോദ്യോത്തരവേളയിൽത്തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. പ്രതിപക്ഷം ആരോപിക്കുന്നതുപോലെ അലോട്ട്മെന്റ് പ്രോസസ്സ് തടസ്സപ്പെടുകയോ കുട്ടികൾക്ക് അലോട്ട്മെന്റ് ലഭിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുകയോ ചെയ്തിട്ടില്ല. എല്ലാ അലോട്ട്മെന്റും നീറ്റ് മെറിറ്റിൽ നിന്നായിരിക്കണമെന്ന് കഴിഞ്ഞ വർഷം മുതൽ നിബന്ധനയുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ വർഷം കേരള എൻട്രൻസ് ലിസ്റ്റ് തയ്യാറാക്കുകയും 20 സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുമായി സർക്കാർ എഗ്രിമെന്റുണ്ടാക്കുകയും ചെയ്തിരുന്നു. ഇക്കാര്യം സുപ്രീംകോടതിയെ ബോധ്യപ്പെടുത്തിയപ്പോൾ സർക്കാർ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്തുകൊണ്ടും കേരള മെറിറ്റ് ലിസ്റ്റ് നിലവിലുള്ളതുകൊണ്ടും 2016-ലേയ്ക്ക് മാത്രം ആ ലിസ്റ്റിൽ നിന്ന് നിയമനം നടത്താനും സർക്കാരിന്റെ എഗ്രിമെന്റ് അംഗീകരിക്കാനും തയ്യാറാകുന്നുവെന്നും അടുത്ത വർഷം മുതൽ പൂർണ്ണമായും നീറ്റ് മെറിറ്റ് അടിസ്ഥാനമാക്കിയാണ് പ്രവേശനം ഉറപ്പാക്കേണ്ടതെന്നും കോടതി നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് ഈ വർഷം കേരള എൻട്രൻസ് ലിസ്റ്റില്ലാത്തതിനാൽ എല്ലാ പ്രവേശനവും നീറ്റ് മെറിറ്റ് ലിസ്റ്റിൽനിന്നാണ് ഉറപ്പാക്കേണ്ടത്. ബഹുമാനപ്പെട്ട

സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം സർക്കാർ അലോട്ട്മെന്റിനുള്ള തീയതികൾ പ്രഖ്യാപിക്കുകയും കൃത്യമായി അലോട്ട്മെന്റ് പ്രോസസ്സ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ഒന്നാംഘട്ട അലോട്ട്മെന്റിന്റെ ഭാഗമായി ഗവൺമെന്റ് കോളേജുകളിലെ സർക്കാർ സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് ഏകദേശം പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. ഒന്നാംഘട്ട അലോട്ട്മെന്റിൽ സാധാരണയായി ഗവൺമെന്റ് സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റാണ് നടക്കുന്നത്. ഒന്നാംഘട്ട അലോട്ട്മെന്റ് 90 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. സ്വാശ്രയ കോളേജുകളിലെ 100 ശതമാനം സീറ്റിലും ഇത്തവണ അലോട്ട്മെന്റ് നടത്തുന്നത് സർക്കാരാണ്. അലോട്ട്മെന്റ് പ്രോസസ്സിൽ പങ്കെടുക്കുമ്പോൾ ഉണ്ടാക്കേണ്ട ധാരണ സംബന്ധിച്ച് ഗവൺമെന്റ് ചർച്ച നടത്തിയിരുന്നു. ക്രോസ് സബ്സിഡി അനുവദിക്കില്ലെന്ന സുപ്രീംകോടതി നിർദ്ദേശമാണ് നിലവിലുള്ളത്. എല്ലാ സീറ്റുകളിലേയ്ക്കും ഗവൺമെന്റ് അലോട്ട്മെന്റ് നടത്തുകയും ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് അംഗീകരിക്കേണ്ടതായി വരുമെന്നുമുള്ള ധാരണയാണുണ്ടായിരുന്നത്. പക്ഷേ സർക്കാരുണ്ടാക്കുന്ന കരാറിന്റെ ഭാഗമായി 25,000 രൂപ (കഴിഞ്ഞവർഷം രണ്ടര ലക്ഷം രൂപ) ഫീസ് ഈടാക്കി 50 ശതമാനം മെറിറ്റ് സീറ്റിൽ കുട്ടികളെ അഡ്മിറ്റ് ചെയ്യുന്നതിനുള്ള സാധ്യത ആരായുന്നതിൽ നിന്ന് സർക്കാർ മാറിനിന്നിട്ടില്ല. വർഷങ്ങളായി സ്വാശ്രയ മാനേജ്മെന്റുമായി 50 ശതമാനം മെറിറ്റ് സീറ്റ്, 50 ശതമാനം മാനേജ്മെന്റ് സീറ്റ് എന്ന ധാരണയുണ്ടാക്കിയിരുന്നു. ആ ധാരണയുടെ അടിസ്ഥാനത്തിലാണ് ഒരു വിഭാഗം കുട്ടികളിൽനിന്ന് ഉയർന്ന ഫീസ് ഈടാക്കിക്കൊണ്ട് ഒരു വിഭാഗം കുട്ടികൾക്ക് സ്വകാര്യ മാനേജ്മെന്റ് നടത്തുന്ന കോളേജുകളിൽ ഫീസിളവോടെ പഠിക്കാനുള്ള അവസരമുണ്ടാക്കിയിരുന്നത്. അങ്ങനെയുള്ള കരാർ ഇത്തവണ സാധ്യമാകുമോ എന്ന കാര്യത്തിൽ ഉറപ്പുണ്ടായിരുന്നില്ല. പക്ഷേ ആ കരാറുണ്ടാക്കാനുള്ള ശ്രമം ആരോഗ്യവകുപ്പ് നടത്തുകയുണ്ടായി. ആദ്യഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട് മാനേജ്മെന്റുമായി ചർച്ച സംഘടിപ്പിച്ചു. എന്നാൽ ആ ചർച്ചയിൽ വമ്പിച്ച രീതിയിലുള്ള ഫീസ് വർദ്ധനവാണ് മാനേജ്മെന്റ് ആവശ്യപ്പെട്ടത്. അത് അംഗീകരിക്കാൻ നിവൃത്തിയില്ലാത്തതിനാൽ ആ ചർച്ച അലസിപ്പിരിയുക യാണുണ്ടായത്. പിന്നീട് ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് നിശ്ചയിക്കട്ടെയെന്ന തീരുമാനമാണ് ഗവൺമെന്റ് കൈക്കൊണ്ടത്. ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് നിശ്ചയിച്ചതിനുശേഷം ചില മാനേജ്മെന്റുകൾ ഒരു വിഭാഗത്തിൽനിന്ന് ഉയർന്ന ഫീസ് വാങ്ങാൻ അനുവദിച്ചാൽ മറ്റൊരു വിഭാഗത്തിന് സബ്സിഡി കൊടുക്കുന്ന രീതിയിൽ കരാർ ഒപ്പിടാമെന്ന നിർദ്ദേശം മുന്നോട്ടുവച്ചു. കഴിഞ്ഞ വർഷത്തെ എഗ്രിമെന്റ് വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കരാർ ഒപ്പിടാൻ തയ്യാറാവുകയാണെങ്കിൽ സർക്കാർ എഗ്രിമെന്റ് വയ്ക്കാൻ തയ്യാറാകാമെന്നാണ്

പറഞ്ഞത്. കൂടാതെ എല്ലാ സീറ്റുകളിലും ഗവൺമെന്റ് തന്നെ അലോട്ട്മെന്റ് നടത്തണമെന്ന നിബന്ധനകൂടി സർക്കാർ മുന്നോട്ടുവച്ചു. കഴിഞ്ഞ തവണ 50 ശതമാനം മെറിറ്റ് സീറ്റിൽ ഗവൺമെന്റ് അലോട്ട്മെന്റ് നടത്തുമ്പോൾ മറ്റുള്ള സീറ്റുകളിലേയ്ക്കുള്ള അലോട്ട്മെന്റ് മാനേജ്മെന്റിന് നടത്താനുള്ള സാധ്യതയുണ്ടായിരുന്നു. 100 ശതമാനം സീറ്റിലും അലോട്ട്മെന്റ് നടത്താൻ കോടതി അവരെ അനുവദിച്ചിരുന്നു. എന്നാൽ ഇത്തവണ 100 ശതമാനം സീറ്റുകളിലും ഗവൺമെന്റ് അലോട്ട്മെന്റ് നടത്തുമെന്നും കഴിഞ്ഞ തവണത്തെക്കാൾ ഫീസ് വർദ്ധിപ്പിക്കാൻ സാധിക്കില്ലെന്നും വളരെ കർശനമായി ഗവൺമെന്റ് പറഞ്ഞിരുന്നു. ഇതനുസരിച്ച് ചില കോളേജുകൾ സർക്കാരുമായി കരാറുണ്ടാക്കാൻ മുന്നോട്ടുവന്നിട്ടുണ്ട്. ഒൻപത് കോളേജുകൾ സന്നദ്ധത അറിയിച്ചെങ്കിലും മൂന്ന് കോളേജുകളാണ് സർക്കാരുമായി കരാർ ഒപ്പിടാൻ തയ്യാറായിട്ടുള്ളത്. ബാക്കിയുള്ളതിന് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസാണ് ഈടാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതനുസരിച്ചുള്ള അലോട്ട്മെന്റ് പ്രോസസ്സ് നടക്കുകയാണ്. ആഗസ്റ്റ് 31-ഓടുകൂടി കേരളത്തിലെ എല്ലാ കോളേജുകളിലെയും അലോട്ട്മെന്റ് പ്രോസസ്സ് സർക്കാർ പൂർത്തിയാക്കും. ഇതിൽ യാതൊരു വിധത്തിലുള്ള ആശയക്കുഴപ്പത്തിനും ഇടയുണ്ടായിട്ടില്ലെന്ന് അറിയിക്കുകയാണ്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് അടിസ്ഥാനരഹിതമായ കാര്യങ്ങളാണ് മറുപടിയിലൂടെ സൂചിപ്പിച്ചിട്ടുള്ളത്. എം.ബി.ബി.എസ്., ബി.ഡി.എസ്., നഴ്സിംഗ് തുടങ്ങിയ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷനുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള പ്രശ്നങ്ങൾ കഴിഞ്ഞ ഒന്നുരണ്ട് മാസങ്ങളായി പത്രമാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുകയാണ്. പ്രധാനപ്പെട്ട എല്ലാ പത്രങ്ങളും ഈ മേഖല നേരിടുന്ന പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് എഡിറ്റോറിയൽ എഴുതിയിരുന്നു. പക്ഷേ ഗവൺമെന്റ് ഇക്കാര്യങ്ങൾ വളരെ നിസ്സംഗതയോടെ, ഉത്തരവാദിത്വമില്ലാതെ കൈകാര്യം ചെയ്തതിന്റെ ഭാഗമായാണ് ഇത്തരത്തിലൊരു സാഹചര്യമുണ്ടായിരിക്കുന്നത് എന്നത് യാഥാർത്ഥ്യമാണ്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് മുമ്പൊരിക്കലും ഉണ്ടാകാത്ത തരത്തിലുള്ള പ്രതിസന്ധിയാണ് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലും രക്ഷിതാക്കൾ ആശങ്കയിലുമാണ്. ആഗസ്റ്റ് 31-ാം തീയതി മെഡിക്കൽ പ്രവേശനം അവസാനിപ്പിക്കേണ്ടതുണ്ട്. ആർക്കെല്ലാം ഏതെല്ലാം കോളേജുകളിൽ അഡ്മിഷൻ കിട്ടുമെന്നോ എത്ര ഫീസ് കൊടുക്കണമെന്നതോ സംബന്ധിച്ച് ഇതുവരെ യാതൊരു വ്യക്തതയും വന്നിട്ടില്ല. എല്ലാ സംസ്ഥാനങ്ങളിലും ആൾ ഇന്ത്യാ ക്വാട്ടയിലും അഡ്മിഷൻ നടന്നുകഴിഞ്ഞു. നമ്മുടെ സംസ്ഥാനത്ത് ഇതുവരെ ഒന്നും നടക്കാത്ത സാഹചര്യമാണുള്ളത്. ബഹുമാന്യയായ മന്ത്രി നീറ്റ്-ന്റെ കാര്യം പറയുകയുണ്ടായി. ഏറ്റവും

സൗകര്യപ്രദമായി, പ്രശ്നങ്ങളൊന്നുമില്ലാതെ ഈ വർഷം അഡ്മിഷൻ നടത്താൻ കഴിയുമായിരുന്ന സാഹചര്യമാണുണ്ടായിരുന്നത്. സ്വാശ്രയ മാനേജ്മെന്റുകളുമായുള്ള ചർച്ചകളും തർക്കങ്ങളും പ്രശ്നങ്ങളും ഉണ്ടാകേണ്ട സാഹചര്യമില്ലായിരുന്നു. ആൾ ഇന്ത്യാ ലെവലിൽ നടത്തിയ ടെസ്റ്റ് അനുസരിച്ചുള്ള റാങ്ക് ലിസ്റ്റാണുള്ളത്. എൻ.ആർ.ഐ. സീറ്റിലേയ്ക്കുപോലും ഈ വർഷം നീറ്റ് റാങ്ക് ലിസ്റ്റിൽ നിന്നുമാണ് കുട്ടികളെ സെലക്ട് ചെയ്യുന്നത്. ഗവൺമെന്റ് തീരുമാനിക്കേണ്ട ഒരേയൊരു കാര്യം ഫീസ് സംബന്ധിച്ചാണ്. ഫീസ് എത്രയാണെന്ന് തീരുമാനിക്കാനുള്ള ചർച്ചകൾ നടത്തി, വളരെമുമ്പേ ഫീസ് തീരുമാനിച്ച് അഡ്മിഷൻ സുതാര്യമായി നടത്താനുള്ള സാഹചര്യത്തെ അട്ടിമറിച്ചാണ് ഗവൺമെന്റ് കുട്ടികളുടെ ഭാവിയെ ഇരുളടഞ്ഞതായി മാറ്റിയിരിക്കുന്നതെന്ന കാര്യത്തിൽ സംശയമില്ല. ഫീ റെഗുലേറ്ററി കമ്മിറ്റിക്ക് ഫീസ് തീരുമാനിക്കാൻ കഴിയുന്ന സാഹചര്യം കേരളത്തിലുണ്ടായിരുന്നു. ആ കമ്മിറ്റിയെ അട്ടിമറിച്ചിരിക്കുകയാണ്. ആ അട്ടിമറിയിലൂടെയാണ് ഇത്രയും കുഴപ്പങ്ങളിൽ ഗവൺമെന്റ് എത്തിയിരിക്കുന്നത്. പുതിയ നിയമങ്ങൾ കൊണ്ടുവരുന്നതിന് ആരും എതിരല്ല. ഇപ്പോൾ പുതിയ ഓർഡിനൻസ് കൊണ്ടുവന്നിരിക്കുകയാണ്. പുതിയ നിയമങ്ങൾ കൊണ്ടുവന്നതിന്റെ പശ്ചാത്തലത്തിലാണ് ഈ വർഷത്തെ സ്വാശ്രയ അഡ്മിഷനുമായി ബന്ധപ്പെട്ട് ഇത്രയധികം കാലതാമസവും പ്രശ്നങ്ങളുമുണ്ടായിട്ടുള്ളത്. ഒരു ഓർഡിനൻസ് കൊണ്ടുവരുമ്പോൾ ഉണ്ടാകേണ്ട യാതൊരുവിധ ഉത്തരവാദിത്വവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. നിയമം കൊണ്ടുവന്ന് സ്വാശ്രയ മാനേജ്മെന്റുകളെ നിയന്ത്രിച്ച് നിർത്തുന്നതിന് ഞങ്ങളാരും എതിരല്ല; നിയന്ത്രിച്ച് നിർത്തുകതന്നെ വേണം. ഏറ്റവും സൗകര്യപ്രദമായ രീതിയിൽ ഫീസ് മാത്രം നിശ്ചയിക്കേണ്ട സാഹചര്യമുണ്ടായിരുന്നപ്പോൾ ഫീ റെഗുലേറ്ററി കമ്മിറ്റിയെ മാറ്റിനിർത്തി പുതിയ നിയമം കൊണ്ടുവന്നു. ആ നിയമം നിലനിൽക്കുമോയെന്ന് സംശയമാണ്. ഇതേ വിഷയത്തിന്മേലുള്ള ആക്ട് 2006-ൽ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ എം. എ. ബേബി നിയമസഭയിൽ കൊണ്ടുവന്നിരുന്നു. ആ ആക്ടിനെതിരായി മാനേജ്മെന്റുകൾ ഹൈക്കോടതിയിൽ പോയപ്പോൾ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ രൂപീകരണവും ചില കാര്യങ്ങളും കോടതി അംഗീകരിച്ചു. മറ്റുചിലത് ഭരണഘടനാവിരുദ്ധമാണെന്ന കാരണത്താൽ കോടതി അംഗീകരിച്ചില്ല. ആ വിധിക്കെതിരെ 2007-ൽ സംസ്ഥാന സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്തു. ആ അപ്പീൽ ഇപ്പോഴും സുപ്രീംകോടതിയുടെ പരിഗണനയിലാണെന്നാണ് എന്റെ അറിവ്. ഫീ റെഗുലേറ്ററി കമ്മിറ്റി ഹൈക്കോടതി അംഗീകരിച്ച പശ്ചാത്തലത്തിൽ, കേരളത്തിലെ അഡ്മിഷൻ നടത്തുന്നതിനുവേണ്ടി ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റിയുടെ കാലാവധി കഴിഞ്ഞപ്പോൾ ജസ്റ്റിസ് ജെയിംസ്

കമ്മിറ്റിയെ നിയമിച്ചു. കാലാവധി കഴിഞ്ഞപ്പോൾ ഒന്നുകിൽ തുടരാൻ അനുവദിക്കുകയോ അല്ലെങ്കിൽ പുതിയ കമ്മിറ്റിയെ നിയമിക്കുകയോ ചെയ്യണമായിരുന്നു. അങ്ങനെയാണ് ജസ്റ്റിസ് രാജേന്ദ്ര ബാബു കമ്മിറ്റിയെ നിയമിച്ചത്. ആ കമ്മിറ്റി ഫീസ് നിശ്ചയിച്ചിരുന്നുവെങ്കിൽ ഈ പ്രശ്നങ്ങളൊന്നും ഉണ്ടാകുമായിരുന്നില്ല. ജസ്റ്റിസ് മുഹമ്മദ് കമ്മിറ്റിയും ജസ്റ്റിസ് ജെയിംസ് കമ്മിറ്റിയും എടുത്ത തീരുമാനങ്ങളെല്ലാം കഴിഞ്ഞ കാലങ്ങളിൽ ഹൈക്കോടതി അംഗീകരിച്ചിട്ടുള്ളതാണെന്ന് വ്യക്തമാണ്. സൂപ്പർവൈസറി കമ്മിറ്റിയെ നിയമിച്ച് ഫീസ് നിശ്ചയിച്ച് അഡ്മിഷൻ നടത്തിയാൽ മതിയായിരുന്നു. 2006-ൽ ഹൈക്കോടതി അംഗീകരിക്കാത്ത വകുപ്പുകൾ ഉൾപ്പെടുത്തികൊണ്ടുവരുന്ന പുതിയ ഓർഡിനൻസ് നിയമപരമായി നിൽക്കുമോയെന്നത് സംശയമാണ്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയം സഭയിൽ അവതരിപ്പിച്ചതാണ്. ഭരണഘടനയുടെ 14, 19(1)(g), 26(a), 30 എന്നീ ആർട്ടിക്കിളുകൾക്ക് വിരുദ്ധമാണ് അന്നത്തെ ആക്റ്റെന്ന് കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്ന ശ്രീ. വി. കെ. ബാലി അടങ്ങുന്ന ഡിവിഷൻ ബഞ്ച് ഉത്തരവായതാണ്. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള പുതിയ ആക്റ്റിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ പലതും അതിന് വിരുദ്ധമായിട്ടുള്ളതാണ്. അത്തരത്തിൽ നിയമപരമായി സെക്ഷൻ 3, 7, 8, 10 തുടങ്ങിയവ ഭരണഘടനാവിരുദ്ധമാണെന്ന് കോടതി കണ്ടെത്തിയിട്ടുള്ളതാണ്. ആ വകുപ്പുകളിൽ ചെറിയ മാറ്റങ്ങൾ വരുത്തിയാണ് പുതിയ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. അത് നിലനിൽക്കുമെന്ന് ഞങ്ങളാരും കരുതുന്നില്ല. ഓർഡിനൻസ് കൊണ്ടുവരുന്നത് എന്തിനാണ്? അഡ്മിഷൻ സമയബന്ധിതമായി എല്ലാ കാലഘട്ടങ്ങളിലും നടത്തിയിരുന്നു. ഓർഡിനൻസ് കൊണ്ടുവരികയും അത് മനഃപൂർവ്വം പാസ്സാക്കാതിരിക്കുകയും ചെയ്ത്, സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായാണ് അഡ്മിഷനുമായി ബന്ധപ്പെട്ട് ഗവൺമെന്റ് അബദ്ധങ്ങളിൽപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ കാലങ്ങളിൽ ഇതുസംബന്ധിച്ച് ഗവൺമെന്റ് ഓർഡിനൻസ് കൊണ്ടുവന്നതും കമ്മിറ്റിയെ നിയമിച്ചതുമെല്ലാം അബദ്ധങ്ങളായിരുന്നു. ഇതെല്ലാം ഗവൺമെന്റ് ചെയ്ത കുറ്റങ്ങളല്ലേ? ഇക്കാര്യങ്ങളിൽ ശ്രദ്ധയില്ലാതെ, ആരെയൊക്കെയോ സഹായിക്കുന്നതിനുവേണ്ടിയുള്ള ഗവൺമെന്റിന്റെ ഹിഡൻ അജണ്ടയുടെ ഭാഗമായി കാര്യങ്ങൾ ചെയ്തതിന്റെ ഫലമായാണ് അഡ്മിഷൻ അവസാനിക്കാൻ ഏകദേശം 20 ദിവസങ്ങൾ മാത്രമുള്ളപ്പോൾ ഈ സ്ഥിതിയിലേയ്ക്ക് സംസ്ഥാനം എത്തിച്ചേർന്നിരിക്കുന്നത്. ബഹുമാന്യയായ മന്ത്രി ഇക്കാര്യം വളരെ നിസ്സാരമായാണ് ഇന്നലെ ഇവിടെ സൂചിപ്പിച്ചത്. നിയമസഭ സമ്മേളിക്കാത്ത സമയങ്ങളിൽ അടിയന്തര സാഹചര്യത്തിലാണ് ഓർഡിനൻസ് കൊണ്ടുവരുന്നത്. പ്രാധാന്യവും അർജൻസിയും ചൂണ്ടിക്കാട്ടിയാണ് സ്വാശ്രയ ഓർഡിനൻസ് കൊണ്ടുവന്നത്. നിയമം കൊണ്ടുവന്ന് പാസ്സാക്കിയെടുക്കട്ടെ; അതിനാരും എതിരല്ല. ഏപ്രിൽ 10-നാണ് പുതിയ ഓർഡിനൻസ് കൊണ്ടുവന്നത്.

ഏപ്രിൽ 25 മുതൽ മെയ് 25 വരെ നിയമസഭ സമ്മേളിച്ചിരുന്നുവെങ്കിലും നിയമം പാസ്സാക്കിയില്ല. ബഡ്ജറ്റ് പാസ്സാക്കുന്നതോടൊപ്പം ഒന്നോ രണ്ടോ ദിവസം കൂടുതൽ സഭ ചേർന്ന് നിയമം പാസ്സാക്കാമായിരുന്നെങ്കിലും അത് ചെയ്തില്ല. അന്ന് സമ്മേളന ദിവസങ്ങൾ വെട്ടിക്കുറയ്ക്കുകയാണ് ചെയ്തത്. സഭാസമ്മേളനം ഇല്ലാത്തതിനാൽ ജൂൺ 1-ാം തീയതി വീണ്ടും ഓർഡിനൻസ് പുറപ്പെടുവിക്കേണ്ടിവന്നു. ജൂൺ 8-ാം തീയതി ബീഫ് പ്രശ്നം ചർച്ച ചെയ്യാനായി ഒരു ദിവസത്തേയ്ക്ക് സഭ ചേർന്നു. ഈ ഓർഡിനൻസ് പാസ്സാക്കണമെന്ന ഇച്ഛാശക്തിയുണ്ടായിരുന്നെങ്കിൽ അന്ന് ഉച്ചയ്ക്കുശേഷമോ അല്ലെങ്കിൽ അടുത്ത ദിവസമോ സഭ ചേരാമായിരുന്നു. ഓർഡിനൻസ് ലാപ്സായതുകൊണ്ട് ജൂലൈ 10-ാം തീയതി 14-ാം നമ്പരായി വീണ്ടും ഓർഡിനൻസ് കൊണ്ടുവന്നു. അതുപ്രകാരം ഫീ റെഗുലേറ്ററി കമ്മിറ്റിയിൽ 10 പേരെ നിയമിക്കണമായിരുന്നു. എന്നാൽ ഗവൺമെന്റ് 5 പേരെയാണ് നിയമിച്ചത്. ഗസറ്റ് നോട്ടിഫിക്കേഷൻ ചെയ്യണമായിരുന്നെങ്കിലും സെക്രട്ടറി ഓർഡറിറക്കി അഞ്ചുപേരെ നിയമിച്ചു. ഇതിൽ വലിയ വീഴ്ചയാണുണ്ടായത്. ചെറിയൊരു പിശകാണ് സംഭവിച്ചതെന്നാണ് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. കേരളത്തിലെ ആയിരക്കണക്കിന് കുട്ടികളുടെ അഡ്മിഷനുമായി ബന്ധപ്പെട്ട വിഷയം ചെറിയ പിശകായി കണ്ടതുകൊണ്ടാണ് ഇത്രയധികം കാലതാമസം ഇക്കാര്യത്തിലുണ്ടായത്. അഞ്ച് പേരടങ്ങുന്ന കമ്മിറ്റി നിയമവിരുദ്ധമായി ചേർന്ന് 5.5 ലക്ഷം രൂപ ഫീസ് നിശ്ചയിച്ചു. മനഃപൂർവ്വം തെറ്റ് വരുത്തുകയും അതുവഴി മാനേജ്മെന്റുകൾക്ക് കോടതിയിൽ പോകാനുള്ള അവസരം ഉണ്ടാക്കുകയുമാണ് ഗവൺമെന്റ് ചെയ്തിട്ടുള്ളതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മാനേജ്മെന്റുകൾ കോടതിയിൽ പോയപ്പോൾ മുഴുവൻ അബദ്ധമാണെന്നാണ് കോടതി പറഞ്ഞത്. ഗവൺമെന്റ് തെറ്റ് സമ്മതിക്കുകയും തിരുത്തിക്കൊണ്ട് വരുമെന്ന് പറയുകയും കമ്മിറ്റിയിൽ 10 പേരെയാക്കി ഫീസിൽ നിന്നും 0.5 ലക്ഷം കുറച്ചുകൊണ്ട് കോടതിയിൽ പോവുകയും ചെയ്തു. കോടതി ഗവൺമെന്റിനെ അതിരൂക്ഷമായി വിമർശിച്ചു. "11-ാം മണിക്കൂർ വരെ ഉറങ്ങുകയായിരുന്നോ", "സ്വാശ്രയ ഓർഡിനൻസിലെ പോരായ്മകൾ കുറച്ചുകൂടി നേരത്തെ പരിഹരിക്കാമായിരുന്നില്ലേ", "സർക്കാർ കാര്യങ്ങൾ ഒഴുക്കൻ മട്ടിലാണ് കൈകാര്യം ചെയ്യുന്നത്", "വകുപ്പുകൾ തമ്മിൽ ഏകോപനമില്ല" എന്നിവ കോടതി പരാമർശങ്ങളാണ്. ഇതൊക്കെ ആരാണ് ചെയ്യേണ്ടത്? ആരോഗ്യ വകുപ്പ് മറ്റ് വകുപ്പുകളെക്കൂടി കോ-ഓർഡിനേറ്റ് ചെയ്ത് കാര്യങ്ങൾ ചെയ്യണമായിരുന്നു. ഇക്കാര്യങ്ങൾ നിയമവകുപ്പുമായി ചർച്ച ചെയ്തിരുന്നോ? 10 പേരെ കമ്മിറ്റിയിൽ വയ്ക്കണമെന്ന് പറഞ്ഞിട്ടും 5 പേരെ മാത്രമാണ് കമ്മിറ്റിയിൽ വച്ചത്. ആരാണ് ഇതൊക്കെ ശ്രദ്ധിക്കേണ്ടത്. സെക്ഷൻ ഓഫീസർ മുതൽ സെക്രട്ടറി വരെയുള്ള എല്ലാവർക്കും പിശക് പറ്റിയെന്നാണോ മന്ത്രി പറയുന്നത്? അത്തരത്തിൽ നിയമം രൂപീകരിക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തി കുട്ടികളുടെ ഭാവി പന്താടുകയാണ് ചെയ്തിരിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്... ഇപ്പോൾത്തന്നെ 11 മിനിട്ടായി.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇതൊരു പ്രധാനപ്പെട്ട കാര്യമാണ്. സുപ്രീംകോടതി വിധി പ്രകാരം മൂന്ന് ഘടകങ്ങൾ ഉൾപ്പെടുത്തി മാത്രമേ ഫീസ് നിശ്ചയിക്കാൻ കഴിയുകയുള്ളൂ. എന്നാൽ പുതിയ ഓർഡിനൻസിൽ പറഞ്ഞിരിക്കുന്നത് ഏഴ് ഘടകങ്ങളാണ്. ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് അഞ്ച് ലക്ഷം രൂപയായി തീരുമാനിച്ചിരിക്കുന്നു. ഫീ റെഗുലേറ്ററി കമ്മിറ്റി അഞ്ച് ലക്ഷം രൂപ ഫീസ് തീരുമാനിക്കുമ്പോൾ സുപ്രീംകോടതി പറഞ്ഞ മൂന്ന് ഘടകങ്ങൾക്കുപകരം ഏഴ് ഘടകങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഏഴ് ഘടകങ്ങളിൽ പ്രധാനപ്പെട്ട കാര്യം കോളേജ് എവിടെ സ്ഥിതി ചെയ്യുന്നു എന്നുള്ളതാണ്. അങ്ങനെ വരുമ്പോൾ ഓരോ കോളേജിനും ഓരോ ഫീസ് വരും. അപ്പോൾ എങ്ങനെയാണ് ഫീ റെഗുലേറ്ററി കമ്മിറ്റി 5 ലക്ഷം രൂപ തീരുമാനിച്ചത്? ഇപ്പോൾ 9 കോളേജുകൾ എഗ്രിമെന്റിന് സമ്മതിച്ചുവെന്ന് പറഞ്ഞു. 25,000 രൂപ, 2.5 ലക്ഷം രൂപ, 11 ലക്ഷം രൂപ, 15 ലക്ഷം രൂപ എന്നിങ്ങനെയാണ് ഫീസ്. ഇതെങ്ങനെ നടപ്പിലാക്കും? ഇപ്പോൾ സി.എസ്.ഐ. കോളേജ്, എം.ഇ.എസ്. കോളേജ് എന്നിവർ എഗ്രിമെന്റിന് സമ്മതിച്ചു. ഉയർന്ന റാങ്ക് നേടി വിജയിച്ച ഒരു കുട്ടി കൂടുതൽ ഫീസ് നൽകി പഠിക്കേണ്ട സാഹചര്യമുണ്ടാകില്ലേ; സർക്കാർ ഇത് എങ്ങനെ കൈകാര്യം ചെയ്യും? ഒരേ റാങ്ക് ലിസ്റ്റുകാർക്ക് വിവിധ തരത്തിലുള്ള ഫീസ് കൊടുക്കാൻ കഴിയുമോ; ക്രോസ് സബ്സിഡി അംഗീകരിക്കില്ലെന്ന് സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഗവൺമെന്റ് ഒന്നും ചെയ്യുന്നില്ല. അലോട്ട്മെന്റിന്റെ കാര്യം പറഞ്ഞു. ഇനി 20 ദിവസമുണ്ട്. ഗവൺമെന്റ് എങ്ങനെ അലോട്ട്മെന്റ് നടത്തും; സാധാരണഗതിയിൽ കഴിഞ്ഞ കാലഘട്ടങ്ങളിലൊക്കെ ഗവൺമെന്റ് കോളേജുകളിൽ അലോട്ട്മെന്റ് നടത്തുന്നതോടൊപ്പംതന്നെ സ്വാശ്രയ കോളേജുകളിലും നടത്തും. ഇപ്പോഴത് നടത്തിയിട്ടില്ല. ഗവൺമെന്റ് കോളേജുകളിൽ മാത്രമാണ് നടത്തിയിരിക്കുന്നത്. സുപ്രീം കോടതി വിധി യനുസരിച്ച് രണ്ട് അലോട്ട്മെന്റുകൾ മാത്രമേ അനുവദിക്കുകയുള്ളൂ. ഇനി ഒരു അലോട്ട്മെന്റ് മാത്രമേയുള്ളൂ. ആ അലോട്ട്മെന്റ് കഴിയുമ്പോൾ ബാക്കി സ്പോട്ട് അഡ്മിഷനാണ്. സ്പോട്ട് അഡ്മിഷനിലൂടെ കേരളത്തിലെ സ്വാശ്രയ മാനേജ്മെന്റുകളുമായി അഡ്ജസ്റ്റ്മെന്റുണ്ടാക്കി അവർക്ക് മുഴുവൻ സീറ്റുകളും വിട്ടുകൊടുത്തുകൊണ്ട് കുട്ടികളെ വഞ്ചിക്കുന്ന സമീപനമാണ് ഈ ഗവൺമെന്റ് എടുത്തിരിക്കുന്നത്. ഇവിടെ പ്രസംഗിച്ചാൽ മാത്രം മതിയോ? ഏറ്റവും എളുപ്പമായി അഡ്മിഷൻ നടത്താൻ കഴിയുന്ന ഒരു സാഹചര്യത്തെ വളരെ അലംഭാവത്തോടുകൂടി കണ്ട് ഹിഡൻ അജണ്ടയുടെ ഭാഗമായാണ് കാര്യങ്ങൾ ചെയ്യുന്നത്. ഈ ഗവൺമെന്റിന് സ്വാശ്രയ മേഖലയോടുള്ള സമീപനം കഴിഞ്ഞ വർഷംതന്നെ വ്യക്തമായി.

മി. സ്പീക്കർ: പ്ലീസ്.. കൺക്ലൂഡ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, കഴിഞ്ഞ വർഷം യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 1,38,000 രൂപയായിരുന്ന ഫീസ്. 45,000 രൂപയാണ് അഞ്ചുവർഷക്കാലംകൊണ്ട് വർദ്ധിപ്പിച്ചത്. ഈ ഗവൺമെന്റ് കഴിഞ്ഞ വർഷംമാത്രം 67,000 രൂപ (38 ശതമാനം) വർദ്ധിപ്പിച്ചു.

മി. സ്പീക്കർ:14 മിനിട്ടായി. ദയവായി അവസാനിപ്പിക്കൂ.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ ചുരുക്കുകയാണ്. അതുകൊണ്ട് ഈ കുട്ടികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി ഇനി ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ ചെയ്യണം. പാവപ്പെട്ട കുടുംബങ്ങളിൽ ജനിച്ചുവെന്ന കുറ്റംകൊണ്ട് മിടുക്കരായ കുട്ടികൾക്ക് അഡ്മിഷൻ നിഷേധിക്കുന്ന സാഹചര്യമുണ്ടാകരുത്. സാധാരണക്കാരനും പാവപ്പെട്ടവനും ആശ്രയമാകേണ്ട സർക്കാർ, ഇവിടെ സ്വാശ്രയക്കാർക്ക് ആശ്രയമാകുകയാണ്. ലക്ഷക്കണക്കിന് രൂപ ഫീസ് നൽകാൻ കഴിയാത്ത കുട്ടികളെ സഹായിക്കാൻ ഒരു മെറിറ്റ് കം സപ്പോർട്ട് സ്കോളർഷിപ്പ് സ്കീം ആരംഭിക്കുകയും 200 കോടി രൂപയുടെ ഒരു സഞ്ചിതനിധി രൂപീകരിക്കാൻ സർക്കാർ തയ്യാറാവുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങനെ അഡ്മിഷൻ കിട്ടുന്ന കുട്ടികളിൽനിന്നും സർക്കാരിൽ സേവനമനുഷ്ഠിച്ചു കൊള്ളാമെന്നുള്ള ഒരു ബോണ്ട് വാങ്ങി ഈ കാര്യങ്ങളിൽ മുന്നോട്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്. ഒരു കാര്യംകൂടി ഞാൻ സൂചിപ്പിക്കുകയാണ്. ആൾ ഇൻഡ്യാ ക്വാട്ടയിൽ ഇന്ന് രണ്ടാമത്തെ അലോട്ട്മെന്റിൽ അഡ്മിഷൻ വരികയാണ്. അഡ്മിഷൻ ലഭിച്ചാൽ 14-ാം തീയതിയ്ക്കകത്ത് ജോയിൻ ചെയ്യണം. അവിടെ ജോയിൻ ചെയ്താൽ പിന്നെ കേരളത്തിലേയ്ക്ക് വരാൻ കഴിയില്ല. എല്ലാ സംസ്ഥാനങ്ങളും ആൾ ഇൻഡ്യാ ക്വാട്ടയിൽ അഡ്മിഷൻ നടത്തിക്കഴിഞ്ഞു. ഈ മിടുക്കരായ കുട്ടികളെന്ത് ചെയ്യും; അവിടെ ജോയിൻ ചെയ്തുകഴിഞ്ഞ് തിരിച്ച് കേരളത്തിൽ മെറിറ്റിൽ അഡ്മിഷൻ കിട്ടി വന്നാൽ 10 ലക്ഷം രൂപ അവിടെ അടയ്ക്കണം. എങ്ങനെ കുട്ടികൾ ആ തുക അടയ്ക്കും?

മി. സ്പീക്കർ: യെസ്.... യെസ്...

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇതുമുഴുവൻ ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയാണ്. ഗവൺമെന്റ് മനഃപൂർവ്വം സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കുന്നതിനുവേണ്ടി ചെയ്യുന്നതാണ്. ഏറ്റവും കൂടുതൽ സൗകര്യ പ്രദമായിരുന്ന നീറ്റ് മെറിറ്റ് വന്ന ഒരു കാലഘട്ടത്തിൽ അതിനെ അട്ടിമറിച്ച ഈ ഗവൺമെന്റ് കേരളത്തിലെ ആയിരക്കണക്കിന് പാവപ്പെട്ട മിടുക്കരായ വിദ്യാർത്ഥികളെ വഞ്ചിച്ചിരിക്കുകയാണ്. വളരെ വിശദമായി ചർച്ച ചെയ്ത് ഇതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, പ്രതിപക്ഷം ഈ ആഗസ്റ്റ് മാസം 31 വരെ ഇത് പറഞ്ഞുകൊണ്ടേയിരിക്കും. ആഗസ്റ്റ് 31 വരെയാണ് അലോട്ട്മെന്റിനുള്ള കാലാവധി. ഞാനവിടെ കാര്യങ്ങൾ വ്യക്തമാക്കിക്കഴിഞ്ഞു. അലോട്ട്മെന്റ് പ്രോസസിന് യാതൊരു തടസ്സവും വരില്ല. ആഗസ്റ്റ് 31 ആകുമ്പോഴേയ്ക്കും കേരളത്തിലെ മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റ് പ്രോസസ് തീർച്ചയായും പൂർത്തിയാക്കിയിരിക്കും. ഇപ്പോൾ സർക്കാർ മാനേജ്മെന്റുകളുമായി ഉണ്ടാക്കുന്ന ധാരണയെക്കുറിച്ച് ഇവിടെ വിമർശനപരമായി പറഞ്ഞു. ക്രോസ് സബ്സിഡി അനുവദിക്കില്ലെന്ന് കോടതി പറഞ്ഞതിനുശേഷംതന്നെയാണ് യു.ഡി.എഫ്. ഗവൺമെന്റ് ഭരിക്കുമ്പോഴും മാനേജ്മെന്റുകളുമായി ധാരണ യുണ്ടാക്കിയിരുന്നത്. 50:50 എന്നുള്ളത് കൊണ്ടുവന്നതാരാണെന്നും എങ്ങനെയാണ് നടപ്പാക്കിയതെന്നും ഞാൻ ഇന്നലെ സഭാതലത്തിൽ പറഞ്ഞത് ആവർത്തിക്കുന്നില്ല. സർക്കാരുമായി ധാരണയുണ്ടാക്കുമ്പോൾ സ്വാഭാവികമായും ഉയർന്ന ഫീസ് ഒരു വിഭാഗം കുട്ടികളിൽനിന്ന് വാങ്ങി മറ്റൊരു വിഭാഗം കുട്ടികൾക്ക് സബ്സിഡി കൊടുക്കുക എന്ന സമീപനം തന്നെയാണ് യു.ഡി.എഫ്.-ന്റെ കാലത്തും സ്വീകരിച്ചിരുന്നത്. ആ എഗ്രിമെന്റിന്റെ പ്രോസസ്സ് തന്നെയാണ് ഇപ്പോഴും ഉള്ളത്. പക്ഷേ ചില വ്യത്യാസങ്ങളുണ്ട്. നീറ്റ് മെറിറ്റ് അടിസ്ഥാനത്തിൽ എങ്ങനെയാണ് അലോട്ട്മെന്റ് പ്രോസസ് പൂർത്തിയാക്കേണ്ടത് എന്നുള്ളതിനെക്കുറിച്ച് വ്യക്തതയുണ്ട്. ഗവൺമെന്റിന് യാതൊരു വ്യക്തതക്കുറവുമില്ല. സുപ്രീം കോടതി പറഞ്ഞിട്ടുള്ള അലോട്ട്മെന്റ് പ്രോസസ്സിൽ ഒരു മാറ്റവും വരുത്താൻ ഈ ഗവൺമെന്റ് തയ്യാറായിട്ടില്ല. ആദ്യത്തെ അലോട്ട്മെന്റ് ജൂലൈ 16 മുതൽ 24 വരെയായിരുന്നു. സ്വാഭാവികമായും സർക്കാർ കോളേജുകളാണ് ഈ അലോട്ട്മെന്റിൽ പങ്കെടുക്കുന്നത്. സ്വാശ്രയ മാനേജ്മെന്റുകൾക്ക് പങ്കെടുക്കുന്നതിന് ഒരു തടസ്സവുമില്ല. ഗവൺമെന്റ് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസാണ് ഞങ്ങൾ അപ്പ്രൂവ് ചെയ്യാനുദ്ദേശിക്കുന്നത്. കഴിഞ്ഞ പ്രാവശ്യത്തെ എഗ്രിമെന്റ് ഇത്തവണയുണ്ടായിരുന്നില്ല. ആ ഫീസ് കോളേജുകൾ അംഗീകരിക്കുന്നില്ല. ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസിനെതിരായി മാനേജ്മെന്റുകൾ കോടതിയിൽ പോയിട്ടുണ്ട്. എന്തു കൊണ്ടാണ് എഗ്രിമെന്റ് ഉണ്ടാക്കാത്തതെന്ന് പല ഭാഗത്തുനിന്നും ചോദ്യം വന്നു. മാനേജ്മെന്റുമായി ഗവൺമെന്റ് ചർച്ചയ്ക്ക് തയ്യാറാകുന്നില്ലെന്ന് പ്രതിപക്ഷത്തു നിന്നുതന്നെ പറഞ്ഞിരുന്നു. പത്രങ്ങളിൽ അതിന്റെ വാർത്തകളെല്ലാം വന്നതാണ്. പത്ര കട്ടിംഗ്സൊക്കെ എന്റെ കയ്യിലുമുണ്ട്. ഗവൺമെന്റ് ചർച്ചയ്ക്ക് തയ്യാറാകുന്നില്ല, 25,000 രൂപയ്ക്ക് കുട്ടികൾക്ക് പഠിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുകയാണ് എന്നൊക്കെ പറഞ്ഞു. ഞങ്ങൾ മാനേജ്മെന്റുകളുമായി ചർച്ചയ്ക്ക് തയ്യാറായി.

പക്ഷെ, ആ ചർച്ചയിൽ ഉയർന്ന ഫീസ് ആവശ്യപ്പെട്ടപ്പോൾ ഞങ്ങളംഗീകരിച്ചില്ല. അപ്പോൾ മാനേജ്മെന്റുമായി ധാരണയായില്ല, ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് നിശ്ചയിച്ചപ്പോൾ അതിനെതിരെയാണ് പ്രതിപക്ഷത്തിന്റെ ആക്രമണം. ഉയർന്ന ഫീസ് നിശ്ചയിച്ചത് സർക്കാരല്ല, ഫീ റെഗുലേറ്ററി കമ്മിറ്റിയാണ്. അതിന് ചില മാനദണ്ഡങ്ങളുണ്ട്. ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് കുറഞ്ഞുപോയി എന്നുപറഞ്ഞ് മാനേജ്മെന്റ് കോടതിയിൽ പോയിട്ടുണ്ട്. എഗ്രിമെന്റില്ലെങ്കിൽ ഗവൺമെന്റിന് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് അംഗീകരിക്കാനേ നിവൃത്തിയുള്ളൂ. കാരണം, സർക്കാരിന് ഫീസ് നിശ്ചയിക്കാനുള്ള അധികാരമില്ല. അത് എഗ്രിമെന്റിന്റെ ഭാഗമായി മാത്രമേയുള്ളൂ. അതുകഴിഞ്ഞാൽപ്പിന്നെ ഫീ റെഗുലേറ്ററി കമ്മിറ്റിയാണ് ഫീസ് നിശ്ചയിക്കേണ്ടത്. ആ ഫീസനുസരിച്ച് ആരാണോ എഗ്രിമെന്റിന് തയ്യാറായി വരുന്നത് അവരുമായി എഗ്രിമെന്റാകാമെന്ന് പറഞ്ഞത് വേറൊന്നുംകൊണ്ടല്ല, പ്രതിപക്ഷം ചൂണ്ടിക്കാണിച്ചതുപോലെ പാവപ്പെട്ട കുട്ടികൾക്ക് 25,000 രൂപ ഫീസിൽ പഠിക്കാനുള്ള സീറ്റ് നഷ്ടപ്പെടുത്തേണ്ട എന്നുള്ളതുകൊണ്ടാണ്. സർക്കാരിന് അതല്ലാതെ വേറെ മാർഗ്ഗമൊന്നുമില്ല. അങ്ങനെയൊരു എഗ്രിമെന്റ് ഉണ്ടാക്കിക്കഴിഞ്ഞാൽ മാനേജ്മെന്റിന് അതനുസരിച്ച് അലോട്ട്മെന്റ് പ്രോസസിൽ വരാം. ആദ്യത്തെ അലോട്ട്മെന്റ് പ്രോസസിൽ സർക്കാർ കോളേജിലെ 90 ശതമാനം സീറ്റുകളും ഫിൽ ചെയ്തു. രണ്ടാമത്തെ അലോട്ട്മെന്റ് പ്രോസസ്സ് ആരംഭിക്കുന്നത് ആഗസ്റ്റ് 8 മുതൽ, അതായത് ഇന്നുമുതലാണ്. ആഗസ്റ്റ് 8 മുതൽ 19 വരെയാണ് സമയം. ആഗസ്റ്റ് 18-നാണ് അലോട്ട്മെന്റ് നടക്കുന്നത്. ഇപ്പോൾത്തന്നെ കോളേജുകളെല്ലാം സീറ്റ് മാട്രിക്സ് തന്നുതുടങ്ങിയിട്ടുണ്ട്. 18 വരെയുള്ള അലോട്ട്മെന്റ് പ്രോസസ്സിൽ അവരെല്ലാം പങ്കെടുക്കുന്നുണ്ട്. ആഗസ്റ്റ് 19-ന് മുമ്പ് എങ്ങനെയാണ് ഈ ആലോട്ട്മെന്റിൽ ആരും പങ്കെടുത്തില്ലെന്ന് പ്രതിപക്ഷം പറയുന്നത്? കോളേജുകൾ പങ്കെടുക്കുകയാണ്. ഈ ആലോട്ട്മെന്റ് പ്രോസസിൽ മാനേജ്മെന്റ് പങ്കെടുക്കുകയും മാനേജ്മെന്റ് കോളേജുകളുടെ അലോട്ട്മെന്റ് ഈ അലോട്ട്മെന്റ് പ്രോസസിൽ നടക്കുകയും ചെയ്യും. ഇനി ഏതെങ്കിലും മാനേജ്മെന്റ് കോടതിയിൽ പോയി ഇതിൽ പങ്കെടുത്തില്ല, ഫീസിന്റെ കാര്യത്തിൽ തീരുമാനമായിട്ടില്ലെന്ന് പറഞ്ഞാൽ ഒരു ഉത്കണ്ഠയും വേണ്ട, സ്പോട്ട് അലോട്ട്മെന്റിൽ ശേഷിക്കുന്ന മുഴുവൻ സീറ്റും ഗവൺമെന്റ് ഫിൽ ചെയ്യും. ഇത് അർത്ഥശങ്കയ്ക്കിടയില്ലാതെ ഇവിടെ പറഞ്ഞതാണ്. ഇപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നത്, സ്പോട്ട് അലോട്ട്മെന്റിൽ ബാക്കിവരുന്ന സീറ്റ് മാനേജ്മെന്റിന് വിട്ടുകൊടുക്കുമെന്നാണ്. അവനവന്റെ കാലത്തെ ഓർമ്മയാണോ ഇങ്ങനെ പറയിപ്പിക്കുന്നതെന്ന് എനിക്കറിയില്ല. നിങ്ങളുടെ കാലത്ത് മാനേജ്മെന്റിനെ സഹായിച്ച ഓർമ്മയിൽനിന്നാണ് വീണ്ടും സ്പോട്ട് അലോട്ട്മെന്റിൽ മാനേജ്മെന്റിന് സൗകര്യം ചെയ്തുകൊടുക്കാനാണെന്ന്

പറഞ്ഞുകൊണ്ടിരിക്കുന്നത്. സ്പോട്ട് അലോട്ട്മെന്റിലെ മുഴുവൻ സീറ്റും ഗവൺമെന്റ് ഫിൽ ചെയ്യും. അത് മാനേജ്മെന്റിന് വിട്ടുകൊടുക്കുന്ന പ്രശ്നമില്ല. എല്ലാം ഭംഗിയായിരുന്നുവെന്നാണല്ലോ ബഹുമാനപ്പെട്ട മുൻ മന്ത്രി ഇവിടെ സൂചിപ്പിച്ചത്. നിങ്ങളുടെ കാലത്ത് നടന്ന അലോട്ട്മെന്റിനെക്കുറിച്ചുള്ള പത്രവാർത്തയാണ്. "സ്വാശ്രയ മെഡിക്കൽ പ്രവേശനം - സർക്കാർ കൗൺസിലിംഗ് നടത്തി. സർക്കാർ ഒത്താശയോടെ 700 കോടി രൂപയുടെ കൊള്ള. തലവരി ഫീസും ഒരു കോടി രൂപവരെ. സ്വന്തം നിലയിൽ മാനേജ്മെന്റുകൾ പ്രവേശനം പൂർത്തിയാക്കുന്നു. പ്രവേശന പരീക്ഷാഫലം വന്നിട്ട് ഒരുമാസം പിന്നിട്ടു. അലോട്ട്മെന്റ് പൂർത്തിയായിട്ടില്ല. 700 കോടി രൂപയുടെ കൊള്ളയ്ക്ക് മാനേജ്മെന്റുകൾക്ക് സർക്കാർ അവസരമൊരുക്കി. 14 സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സർക്കാരിന് പ്രവേശനം നടത്താവുന്ന 775 സീറ്റുകളിൽ ഭൂരിഭാഗവും കച്ചവടമുറപ്പിച്ചുകഴിഞ്ഞു. 70 ലക്ഷം രൂപ മുതൽ ഒരു കോടി രൂപവരെയാണ് ഫീസ്. മറ്റിടങ്ങളിൽ 30 മുതൽ 50 ലക്ഷം രൂപ വരെയും. ഇതേസമയം കർണ്ണാടകയിൽ മെഡിക്കൽ കോഴ്സ് തീരുംവരെ ഒരു കോടി രൂപ ഫീസ് നൽകിയാൽ മതിയെന്ന് വ്യവസ്ഥയുണ്ട്. അലോട്ട്മെന്റ് വരുന്ന സമയത്ത് കൗൺസിലിംഗിന് 4 ലക്ഷം രൂപയുടെ ഡി.ഡി.-യുമായി എത്താനാണ് ആ സമയത്ത് കർണ്ണാടക പറഞ്ഞിട്ടുള്ളത്. എന്നാൽ കേരളം അന്ന് പറഞ്ഞത് 12 ലക്ഷം രൂപയുടെ ഡി.ഡി.-യുമായി എത്താനാണ്." ഇതൊക്കെ നിങ്ങളുടെ കാലത്തെ അലോട്ട്മെന്റിന്റെ സമയത്തുണ്ടായ ബഹളങ്ങളും അതുവഴി കുട്ടികൾക്കുണ്ടായ വിഷമങ്ങളുടെ കാര്യവുമാണ്. ഇത് ഈ ഗവൺമെന്റിന്റെ കാലത്തുള്ളതല്ല. ഇത് അന്നത്തെ മാധ്യമം പത്രമാണ്. അതിൽ പറഞ്ഞിരിക്കുന്നത്- "സർക്കാരും ജെയിംസ് കമ്മിറ്റിയും നോക്കുകുത്തി, സ്വാശ്രയ മെഡിക്കൽ പ്രവേശനത്തിൽ മറിയുന്നത് കോടികൾ, ദരിദ്ര പിന്നോക്ക വിഭാഗ വിദ്യാർത്ഥികളുടെ പ്രവേശനം ആശങ്കയിൽ, സർക്കാർ കോളേജുകളിലേയ്ക്കും സർക്കാർ നിയന്ത്രിത കോളേജുകളിലേയ്ക്കും കാത്തലിക് മാനേജ്മെന്റ് കോളേജുകളിലേയ്ക്കും മാത്രമാണ് സർക്കാർ അലോട്ട്മെന്റ് നടത്തുന്നത്. സ്വാശ്രയ കോളേജ് മാനേജ്മെന്റുമായി ചർച്ച നടത്തി പന്ത്രണ്ട് സ്വാശ്രയ കോളേജുകളുമായി ധാരണയിലെത്തുമെന്ന് മന്ത്രി വി. എസ്. ശിവകുമാർ നിയമസഭയിൽ പ്രഖ്യാപിച്ചതല്ലാതെ ചർച്ചയ്ക്കായി ഇതുവരെ നീക്കമുണ്ടായിട്ടില്ല, സ്വന്തം നിലയ്ക്ക് വിദ്യാർത്ഥി പ്രവേശനവുമായി മുന്നോട്ടുപോകും, സർക്കാരിന് ഇക്കാര്യത്തിൽ ആത്മാർത്ഥതയില്ല".- ഇതാണ് ശ്രീ. വി. എസ്. ശിവകുമാറിന്റെ കാലത്ത് നടന്നിട്ടുള്ള സ്വാശ്രയ കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റിന്റെ കാര്യം. എന്നാൽ ബഹുമാനപ്പെട്ട മുൻ മന്ത്രിക്ക് ഒരാശങ്കയും വേണ്ട, ഇത്തവണ രണ്ടാംഘട്ട അലോട്ട്മെന്റിൽ സ്വാശ്രയ മാനേജ്മെന്റ് പങ്കെടുക്കും, അതിൽ സർക്കാരുമായി

ഒപ്പിട്ട കോളേജുകൾ ഈ നാലുതരം ഫീസ് (25,000, 2 ½ ലക്ഷം, 11 ലക്ഷം, എൻ.ആർ.ഐ. ഫീസ്) അവരിൽനിന്ന് ഈടാക്കും. അത് കഴിഞ്ഞ വർഷത്തെ പ്പോലതന്നെയായിരിക്കും. ഇനി ഏതെങ്കിലും കോളേജ് ഒപ്പിട്ടിട്ടില്ലെങ്കിൽ ഞങ്ങൾക്ക് അക്കാര്യത്തിൽ ഒരു ബേജാറുമില്ല. ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച അഞ്ച് ലക്ഷം രൂപ ഫീസായിരിക്കും അവർക്ക് മാനദണ്ഡമാകുന്നത്. ആ രീതിയിൽതന്നെ അലോട്ട്മെന്റ് നടക്കുമെന്ന് കുട്ടികളെയും രക്ഷിതാക്കളെയുമെല്ലാം അറിയിച്ചിട്ടുണ്ട്. അവർക്കൊന്നും ആ കാര്യത്തിൽ ആശങ്കയില്ല. ഇത് ഭംഗിയായി നടന്നുപോകുന്നതിലുള്ള ആശങ്ക പ്രതിപക്ഷത്തിനുണ്ട് എന്നുള്ളതേയുള്ളൂ. സ്പോട്ട് അലോട്ട്മെന്റിനെക്കുറിച്ച് നിങ്ങൾ ബേജാറാകണ്ടായെന്ന് ഞാൻ ആവർത്തിച്ച് പറയുകയാണ്. സ്പോട്ട് അലോട്ട്മെന്റ് ഗവൺമെന്റ്തന്നെ നടത്തും. അത് പൂർത്തിയാക്കും. ഒരു കാര്യം കൂടി പറയാനുണ്ട് - എം.സി.ഐ.-യും ഡി.സി.ഐ.-യും മറ്റ് പല സംസ്ഥാനങ്ങളിലെയും പ്രശ്നങ്ങളടക്കം ചൂണ്ടിക്കാണിച്ച് അലോട്ട്മെന്റിന്റെ സമയം അല്പംകൂടി നീട്ടിത്തരുമോയെന്ന് ചോദിച്ചുകൊണ്ട് ബഹു. സുപ്രീം കോടതിയിൽ ഇന്റർ ലൊക്യൂട്ടറി ആപ്ലിക്കേഷൻ കൊടുത്തതിന്റെ ഫലമായി പത്ത് ദിവസം അലോട്ട്മെന്റ് പ്രോസസ്സ് നീട്ടിക്കൊടുത്തിട്ടുണ്ട്. കേരളത്തിന് അത് ആവശ്യമായി വരുമെന്ന് തോന്നുന്നില്ല. കേരളത്തിന് ആവശ്യമാകുന്ന പക്ഷം നമുക്ക് അതുംകൂടി സ്വീകരിക്കാൻ കഴിയും. അല്ലാതെതന്നെ ആഗസ്റ്റ് 31 ആകുമ്പോഴേയ്ക്കും കേരളത്തിന്റെ അലോട്ട്മെന്റ് പൂർത്തിയാക്കാൻ കഴിയുമെന്നാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്. മുൻ മന്ത്രി ഇവിടെ സംസാരിക്കുന്ന സമയത്ത് അലോട്ട്മെന്റിന്റെ കാര്യം മാത്രമല്ല, ഓർഡിനൻസ് കൊണ്ടുവന്നതിന്റെ പ്രശ്നം കൂടിയാണ് പറഞ്ഞത്. നിയമപരമായിട്ടുള്ള സുസ്ഥിരതയുണ്ടാക്കാൻ വേണ്ടിയാണ് ഒർഡിനൻസ് കൊണ്ടുവന്നത്.

10.00 AM]

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഫീ റെഗുലേറ്ററി കമ്മിറ്റി എടുക്കുന്ന തീരുമാനമാണ് മാൻഡേറ്ററി, അതിനകത്ത് ഗവൺമെന്റ് ഇന്റർഫിയർ ചെയ്യില്ല എന്ന് മന്ത്രി ഇവിടെ കഴിഞ്ഞ പ്രാവശ്യവും ഇപ്രാവശ്യവും പറഞ്ഞു. എന്റെ ചോദ്യം, ഫീ റെഗുലേറ്ററി കമ്മിറ്റിയിൽ ഗവൺമെന്റ് സെക്രട്ടറിമാർ ഉണ്ടാകില്ലേ? അപ്പോൾ ആ ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ മേൽ ഗവൺമെന്റിന്റെ ഇൻഡയറക്ട് കൺട്രോൾ ഉണ്ടാകില്ലേ; ഗവൺമെന്റിന്റെ ഇന്റൻഷന് വിരുദ്ധമായി ഫീ റെഗുലേറ്ററി കമ്മിറ്റിക്ക് പോകാൻ കഴിയുമോ; അങ്ങനെ പോയാൽ അവരോട് ചോദിക്കാനുള്ള അധികാരം ഗവൺമെന്റിനില്ലേ? അങ്ങനെ ചെയ്യേണ്ടതാണ്. രണ്ട്, സ്പോട്ട് അലോട്ട്മെന്റ് മന്ത്രിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ളതല്ല. പക്ഷേ എഞ്ചിനീയറിംഗ്

കോളേജുകളിൽ ഇപ്പോൾതന്നെ സ്പോട്ട് അലോട്ട്മെന്റ് നടത്താനുള്ള അധികാരം മാനേജ്മെന്റിന് കൊടുത്തുകഴിഞ്ഞു. അത് ഗവൺമെന്റിന്റെ ഒരു നയമായി ഇപ്പോൾ പുറത്തുവന്നിരിക്കുകയാണ്. ഈ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളും ഇവിടെ പ്രസക്തമാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u> : സർ, ഫീ റെഗുലേറ്ററി കമ്മിറ്റി ക്വാസി ജുഡീഷ്യൽ ബോഡിയാണ്. അതിൽ ഗവൺമെന്റ് സെക്രട്ടറിയുണ്ട്. ആ കാര്യത്തിൽ യാതൊരു സംശയവുമില്ല. .......(ബഹളം)....... ഞാൻ പറയട്ടെ, നാല് സെക്രട്ടറിമാരല്ല, മന്ത്രിതന്നെ അതിനകത്തുണ്ടായാലും ഫീ റെഗുലേറ്ററി കമ്മിറ്റിയെന്നു പറയുന്നത് സുപ്രീംകോടതിയുടെകൂടി നിയന്ത്രണത്തിലുള്ള ഒരു സമിതിയാണ്. ആ കാര്യം അങ്ങ് അംഗീകരിക്കുമല്ലോ. ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് നിശ്ചയിക്കുന്നത് ചില മാനദണ്ഡങ്ങളനുസരിച്ചാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ അംഗങ്ങൾതന്നെ ഏഴ് നിബന്ധന, മൂന്ന് നിബന്ധന എന്നൊക്കെ പറഞ്ഞു. 2004-ലെ ശ്രീ. നാലകത്ത് സൂപ്പിയുടെ ബില്ലിലും 2006- ലെ ശ്രീ. എം.എ. ബേബിയുടെ ബില്ലിലുമെല്ലാം ഫീസ് കാൽക്കുലേറ്റ് ചെയ്യുന്നതിന് ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ മാനദണ്ഡങ്ങൾ പറഞ്ഞിട്ടുണ്ട്. ഫീ റെഗുലേറ്ററി കമ്മിറ്റി എന്താണെന്നും ഫീ റെഗുലേറ്ററി കമ്മിറ്റി എങ്ങനെയാണ് മാനേജ്മെന്റിന്റെ ഫീസ് കാൽക്കുലേറ്റ് ചെയ്യുകയെന്നും പറഞ്ഞിട്ടുണ്ട്. മാനേജ്മെന്റിന്റെ ചെലവ്, മാനേജ്മെന്റിന്റെ ഭാവി വികസനം, മാനേജ്മെന്റിന്റെ മറ്റ് കാര്യങ്ങൾ തുടങ്ങിയവയെല്ലാം മാനദണ്ഡമായി പറഞ്ഞിട്ടുണ്ട്. ഞാൻ അതൊന്നും ഇവിടെ വിശദീകരിക്കുന്നില്ല. അന്ന് ശ്രീ. നാലകത്ത് സൂപ്പി കൊണ്ടുവന്ന ബിൽ ഇവിടെ അവതരിപ്പിക്കുമ്പോൾ, ബഹുമാനപ്പെട്ട കെ. സി. ജോസഫ് പ്രസംഗിച്ചതിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. പ്രതിപക്ഷ അംഗങ്ങളുടെ എതിർപ്പിന് മറുപടി പറഞ്ഞുകൊണ്ട് ശ്രീ. കെ. സി. ജോസഫ് അന്ന് പറഞ്ഞിട്ടുള്ളത്, 'നിങ്ങൾ പറഞ്ഞതുപോലെ ചെയ്താൽ ഈ മാനേജ്മെന്റെല്ലാം പൂട്ടിപ്പോകും. അങ്ങനെപോയാൽ ഇത്രയും സീറ്റ് നഷ്ടപ്പെടും, അതുകൊണ്ട് മാനേജ്മെന്റിന്റെ ചെലവെല്ലാം വച്ചുകൊണ്ട് അവർക്കൊരു നിശ്ചിത ഫീസ് നിശ്ചയിച്ച് കൊടുക്കണമെന്നാണ്". ഞാൻ അദ്ദേഹത്തെ എതിർക്കുകയല്ല. പക്ഷേ നിങ്ങൾ ആ കാര്യം മറന്നുപോകരുത്. എങ്ങനെയാണ് മാനേജ്മെന്റിന്റെ ഫീസ് നിശ്ചയിക്കേണ്ടതെന്ന് ഞങ്ങളെക്കാളും ഭംഗിയായി നിങ്ങളാണ് പറഞ്ഞത്. ഫീസ് എങ്ങനെയാണ് നിശ്ചയിക്കേണ്ടത്, അവർക്ക് ഇന്നയിന്ന ചെലവുകളെല്ലാം വരും. അതുവച്ചിട്ട് അവർ പൂട്ടിപ്പോകാത്ത വിധത്തിൽ അവരെ സംരക്ഷിച്ചുകൊണ്ട് ഫീസ് നിശ്ചയിക്കണമെന്നൊക്കെ പറഞ്ഞത് ഞങ്ങളല്ല. ആ മാനദണ്ഡമനുസരിച്ച് ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് നിശ്ചയിക്കുന്നു. അതിനകത്ത് മാനേജ്മെന്റ്

കൊടുത്തിട്ടുള്ള വരവ്-ചെലവ് കണക്കുകളെല്ലാം വച്ചിട്ടാണ് നിശ്ചയിക്കുന്നത്. സർക്കാർ പറഞ്ഞാൽ ഫീ റെഗുലേറ്ററി കമ്മിറ്റി ആ മാനദണ്ഡം മാറ്റില്ല. ഫീ റെഗുലേറ്ററി കമ്മിറ്റി ഫീസ് അഞ്ച് ലക്ഷമായി നിശ്ചയിച്ചിരിക്കുന്നു. സർക്കാരിന് അത് മാറ്റാനുള്ള അധികാരമില്ല. ആ കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, മാനദണ്ഡത്തെക്കുറിച്ച് പറയുമ്പോൾ ഓരോ മാനേജ്മെന്റിനുമുള്ള ചെലവുകൾ വ്യത്യസ്തമാണ്. 'എ' കാറ്റഗറി മാനേജ്മെന്റിനുള്ള ചെലവുകളായിരിക്കില്ല 'ബി' കാറ്റഗറി മാനേജ്മെന്റിനുണ്ടാകുക. പക്ഷേ നിങ്ങൾ ഫീസെല്ലാം ഒരേ രൂപത്തിൽ തീരുമാനിച്ചുകൊടുത്തു. മാനേജ്മെന്റുകളുടെ ചെലവുകളാണ് അടിസ്ഥാന മാനദണ്ഡമെങ്കിൽ സ്വാഭാവികമായും ഈ ഫീസ് തീരുമാനിക്കുമ്പോൾ അതിൽ വ്യത്യസ്തത വേണം. ദീർഘകാലമായി പ്രവർത്തിച്ചുവരുന്ന മാനേജ്മെന്റുകൾക്ക് കെട്ടിടവും ഫാക്കൽറ്റിയുമുൾപ്പെടെയുള്ള എല്ലാ സംവിധാനവുമുണ്ടാകും. എന്നാൽ പുതിയ മാനേജ്മെന്റുകൾക്ക് ഇതൊന്നുമുണ്ടാകില്ല. രണ്ടിനും ഒരേ രൂപത്തിലുള്ള ഫീസ് തീരുമാനിക്കുന്നത് നിയമപരമാണോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് ശരിയാണ്. ഒരേ ഫീസല്ല എല്ലാ മാനേജ്മെന്റിനും വേണ്ടത്. ഇത് പ്രൊവിഷണൽ ഫീസാണ്. അതായത് ഫീസ് നിശ്ചയിക്കാൻവേണ്ടി ഫീ റെഗുലേറ്ററി കമ്മിറ്റി മാനേജ്മെന്റുകളോട് ബന്ധപ്പെട്ട ഡോക്യുമെന്റ്സെല്ലാം സമർപ്പിക്കാൻ പറഞ്ഞപ്പോൾ എല്ലാ മാനേജ്മെന്റുകൾക്കും കൃത്യമായി ഡോക്യുമെന്റ്സ് സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഫീ റെഗുലേറ്ററി കമ്മിറ്റിക്ക് ഒരു പ്രൊവിഷണൽ ഫീസ് നിശ്ചയിക്കാൻ മാത്രമേ സാധിച്ചുള്ളൂ. ആ പ്രൊവിഷണൽ ഫീസ് കോടതി അംഗീകരിച്ചിട്ടുണ്ട്. കോടതി അത് തള്ളിക്കളഞ്ഞിട്ടില്ല. ആദ്യം പ്രൊവിഷണൽ ഫീസ് അംഗീകരിക്കുക, പിന്നീട് ചെലവുകളെല്ലാം കണക്കാക്കി വിശദമായ ഫീസ് നിശ്ചയിക്കുമ്പോൾ അത് അംഗീകരിക്കണമെന്ന് കോടതിയും സൂചിപ്പിച്ചിട്ടുണ്ട്. പ്രൊവിഷണൽ ഫീസാണ് നിശ്ചയിച്ചിട്ടുള്ളത്. അത് അങ്ങനെയേ നിശ്ചയിക്കാൻ കഴിയുകയുള്ളൂ.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഫീസ് അഞ്ച് ലക്ഷം രൂപയാക്കിയപ്പോൾതന്നെ കുട്ടികൾ വളരെ ഉത്കണ്ഠാകുലരാണ്. അലോട്ട്മെന്റ് ലഭ്യമായി ജോയിൻ ചെയ്യുന്ന കുട്ടി പ്രൊവിഷണൽ ഫീസായ അഞ്ച് ലക്ഷം രൂപയിൽനിന്നും വീണ്ടും കൂടുതൽ കൊടുക്കണമെന്ന് പറയുമ്പോൾ ആ കുട്ടിക്ക് കൊടുക്കാൻ കഴിയാത്ത സാഹചര്യം വന്നാൽ എന്ത് ചെയ്യും; അതോടൊപ്പം റെഗുലേറ്ററി കമ്മിറ്റി ഇവിടെ അഞ്ച് ലക്ഷം രൂപ ഫീസ് തീരുമാനിച്ചു. പക്ഷേ

എം.ഇ.എസ്., സി.എസ്.ഐ., പോലെയുള്ള 9 കോളേജുകൾ കഴിഞ്ഞ വർഷത്തെ ഫീസിന് സമ്മതിക്കുന്നുവെന്ന് പറയുന്നു. അപ്പോൾ റാങ്ക് കൂടുതലുള്ള ഒരു കുട്ടി മറ്റ് കോളേജുകളിൽ പോകുമ്പോൾ ഉയർന്ന ഫീസിൽ പഠിക്കാനുള്ളൊരു സാഹചര്യം വരും. അതിന് ഗവൺമെന്റ് എന്താണ് തീരുമാനിക്കാൻ പോകുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ഇതൊക്കെ ഈ മാനേജ്മെന്റ് സംവിധാനം നിലനിൽക്കുന്നിടത്തോളം ഉണ്ടാകും. അഞ്ച് ലക്ഷം ഫീസ് പോരായെന്നുപറഞ്ഞ് കോടതിയിൽ പോയപ്പോൾ കോടതിയാണ് പറഞ്ഞത് ഇത് പ്രൊവിഷണൽ ഫീസാണ്, കാൽക്കുലേറ്റ് ചെയ്തിട്ട് ചിലപ്പോൾ ഫീസ് അൽപ്പം വർദ്ധിക്കാനിടയായാൽ നിങ്ങൾതന്നെ വർദ്ധിച്ച ഫീസ് കൊടുക്കേണ്ടിവരുമെന്ന കാര്യം കുട്ടികളെ ആദ്യം ബോദ്ധ്യപ്പെടുത്തണമെന്ന്. ഇക്കാര്യം സർക്കാരല്ല, കോടതിയാണ് പറയുന്നത്. മാനേജ്മെന്റ് കോടതിയിൽ പോകുന്നതിനെ തടയാൻ സർക്കാർ വിചാരിച്ചാൽ സാധിക്കില്ല. നിങ്ങളുടെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും മാനേജ്മെന്റുകൾ കോടതിയിൽ പോയിട്ടുണ്ട്. ഇനിയിപ്പോൾ രണ്ടര ലക്ഷം രൂപ ഫീസ് നിശ്ചയിക്കണമെന്ന് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ചാലും മാനേജ്മെന്റ് കോടതിയിൽ പോകും. കോടതിയുടെ തീരുമാനമാണ് ഈ കാര്യത്തിൽ അന്തിമമായി വരുന്നത്. ബഹുമാനപ്പെട്ട മുൻമന്ത്രിക്ക് ഓർമ്മയുണ്ടോയെന്നറിയില്ല, കഴിഞ്ഞ തവണ ഗവൺമെന്റുമായി എഗ്രിമെന്റ് ഒപ്പിടാതെ മൂന്നു കോളേജുകൾ കോടതിയിൽ പോയി. എത്രയാണ് ഫീസ് വിധിച്ചത് - കണ്ണൂർ കോളേജിന് പത്ത് ലക്ഷം രൂപയാണ് ഫീസ് വിധിച്ചത്. എന്നിട്ട് ഫീ റെഗുലേറ്ററി കമ്മിറ്റി പിന്നീട് നിശ്ചയിക്കുന്നതായിരിക്കും അന്തിമം എന്നൊരു ക്ലോസും വച്ചു. പക്ഷേ ഇപ്പോൾ പത്ത് ലക്ഷം രൂപ ഫീസ് വാങ്ങാമെന്നാണ്. ഞങ്ങൾ ആ അലോട്ട്മെന്റ് നടത്തുമ്പോഴും പത്ത് ലക്ഷം രൂപ ഫീസ് വാങ്ങിയിട്ടല്ല അലോട്ട്മെന്റ് നടത്തിയത്. സർക്കാർ നിശ്ചയിച്ചതുപോലെ രണ്ടര ലക്ഷം രൂപ വാങ്ങിയിട്ടാണ്.

മി. സ്പീക്കർ: മിനിസ്റ്റർ, അടിയന്തരപ്രമേയം ചർച്ച ചെയ്യേണ്ട സാഹചര്യമുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : സർ, ചർച്ച ചെയ്യേണ്ട സാഹചര്യമില്ല.

മി. സ്പീക്കർ : എന്നാൽ വേഗം കൺക്ലൂഡ് ചെയ്യൂ. ചർച്ച ചെയ്യേണ്ട സാഹചര്യമില്ലായെന്ന് പറഞ്ഞിട്ട് ഇങ്ങനെ ചർച്ച നടത്താൻ പറ്റില്ല. ....... (ബഹളം)........ പ്ലീസ്.

ശ്രീ. വി. ഡി. സതീശൻ : സർ, ഇവിടെയുള്ള പ്രധാനപ്പെട്ട പ്രശ്നം കഴിഞ്ഞ പ്രാവശ്യത്തെയും.....

മി. സ്പീക്കർ: പ്ലീസ്... ഇതെന്താണ്.... സീറ്റിൽ പോയിരിക്കൂ. സഭാ നടപടികളിൽ താത്പര്യമില്ലാത്ത ആളുകൾക്ക് പുറത്തുപോകാം. ഇവിടെ കൂടിനിന്ന് സംസാരിക്കാൻ പാടില്ല.

ശ്രീ. വി. ഡി. സതീശൻ : സർ, ഇവിടെയുള്ള പ്രധാനപ്പെട്ട പ്രശ്നം ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി വന്നതിനുമുമ്പുള്ള കാര്യങ്ങളും ഇപ്പോഴത്തെ കാര്യങ്ങളും മിക്സ് ചെയ്യുകയാണ് എന്നതാണ്. പണ്ട് നമ്മൾ ക്രോസ് സബ്സിഡി കൊടുത്ത് മാനേജ്മെന്റുകളുമായി ധാരണയുണ്ടാക്കിയിരുന്നപ്പോൾ മാനേജ്മെന്റ് സീറ്റിൽ വാങ്ങുന്ന തുകയിൽ നിന്നാണ് ക്രോസ് സബ്സിഡി കൊടുത്ത് ഇരുപത്തിഅയ്യായിരവും രണ്ടരലക്ഷവും കൊടുക്കുന്നത്. ഇപ്പോഴുള്ള വ്യത്യാസം 85% കുട്ടികളും നീറ്റ് മെറിറ്റിൽ വന്നിരിക്കുന്ന കുട്ടികളാണ്, പഠിച്ചു വന്നിരിക്കുന്ന കുട്ടികളാണ് എന്നതാണ്. അവസാനമായെടുക്കുന്ന മാനേജ്മെന്റ് സീറ്റിലെ കുട്ടികളല്ല. 5 ലക്ഷം രൂപയ്ക്ക് പഠിക്കാനർഹതയുള്ള ആ കുട്ടികളുടെ കയ്യിൽ നിന്ന് 11 ലക്ഷം രൂപ വാങ്ങുകയാണ്. പണ്ട് കൊടുത്തിരുന്നത് അങ്ങനെയല്ല. പണ്ട് മാനേജ്മെന്റ് സീറ്റിൽ മെറിറ്റ് ലിസ്റ്റിൽ അവസാനം വന്നിരുന്ന കുട്ടികളിൽ നിന്നാണ് വാങ്ങിക്കൊടുത്തിരുന്നത്. ഇതിന്റെ പ്രോബ്ലം രണ്ടാമത്തെ അലോട്ട്മെന്റ് നടന്നു കഴിയുമ്പോൾ 11 ലക്ഷം രൂപ കൊടുക്കാൻ കഴിയാത്ത കുട്ടികൾ അഡ്മിഷനെടുക്കില്ല. അവർക്ക് 55 ലക്ഷം രൂപ ഫീസ് കൊടുത്ത് ചേരാൻ കഴിയില്ല. ആ സീറ്റെവിടെ പോകും. ആ സീറ്റ് മാനേജ്മെന്റെടുക്കുകയും ക്യാപിറ്റേഷൻ ഫീ വാങ്ങിക്കുകയും ചെയ്യുന്ന സ്ഥിതി വരരുതെന്നാണ് ആവർത്തിച്ച് പറയുന്നത്. അതിന് പണ്ട് നിങ്ങൾ ചെയ്തില്ലേ എന്നാണ് ചോദിക്കുന്നത്. അതെങ്ങനെ ഉത്തരമാകും.

മി. സ്പീക്കർ: ഇക്കാര്യം സഭയിൽ ആവർത്തിച്ചാവർത്തിച്ച് വന്നതാണ്. ബഹുമാനപ്പെട്ട മിനിസ്റ്റർ മറുപടി പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: പണ്ട് ചെയ്തതും ഇപ്പോൾ ചെയ്തതും തമ്മിൽ വ്യത്യാസമുണ്ടെന്ന് ഞാൻ പറഞ്ഞല്ലോ. പണ്ട് നീറ്റ് മെറിറ്റ് ഇല്ല. കഴിഞ്ഞ വർഷം മുതലാണ് നീറ്റ് മെറിറ്റ് വന്നത്. നിങ്ങൾ ഇരുപത്തയ്യായിരം രൂപ ഫീസിന് പഠിക്കുന്ന കുട്ടികളെവിടെയെന്ന് ചോദിച്ചാൽ പണ്ടത്തേതുപോലെ വേർതിരിക്കാൻ ശ്രീ. സതീശൻ എം.എൽ.എ. പറഞ്ഞതുപോലെ പറ്റില്ല. ഒരേ മെറിറ്റ് ലിസ്റ്റിൽ നിന്നും വീതിച്ചേ മതിയാവുകയുള്ളൂ. പക്ഷെ നമ്മുടെ മുന്നിലുള്ള ചോദ്യം ഇരുപത്തയ്യായിരത്തിന് പഠിക്കാനുള്ള കുറച്ച് കുട്ടികളെ സ്വാശ്രയ കോളേജിലുണ്ടാക്കാൻ കഴിയുമോയെന്നതാണ്. അതുവേണമെങ്കിൽ ഒരേ മെറിറ്റ് ലിസ്റ്റിൽ നിന്നും വീതിക്കേണ്ടതായി വരും, അതിന് പ്രയാസമുണ്ട്.

അതുകൊണ്ടുതന്നെയാണ് ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസെന്ന് നമ്മൾ പറയുന്നത്. എന്നാൽ ഇരുപത്തയ്യായിരം രൂപ ഫീസിന് കുട്ടികൾക്ക് പഠിക്കാൻ അവസരം ഉണ്ടാക്കണമെന്ന് പറഞ്ഞ് സമൂഹത്തിന്റെ പല ഭാഗത്തു നിന്നും അഭിപ്രായം വരികയാണ്. ഇതെല്ലാം ചർച്ച ചെയ്യുന്നത് സ്വകാര്യ മാനേജ്മെന്റ് കോളേജുകളെക്കുറിച്ചാണ്, ഗവൺമെന്റ് കോളേജിനെക്കുറിച്ചല്ല. ക്രോസ് സബ്സിഡി എന്ന ബുദ്ധിമുട്ട് വരില്ലെങ്കിൽ സ്വാഭാവികമായും അങ്ങനെയൊരു കരാർ കോളേജുകളുമായുണ്ടാക്കിയാൽ നമുക്ക് ഒരു നല്ല ശതമാനം സീറ്റിൽ ഇരുപത്തയ്യായിരം രൂപയ്ക്കും രണ്ടരലക്ഷം രൂപയ്ക്കും പഠിക്കാൻ കിട്ടും. ആ സദുദ്ദേശമാണ് ഗവൺമെന്റിനുള്ളത്. ഇനി അത് കോടതി തള്ളിക്കളയുന്നുവെങ്കിൽ ഗവൺമെന്റിന് അത് നിലനിർത്താൻ കഴിയില്ല.

മി. സ്പീക്കർ: ശ്രീ. വി.ടി. ബൽറാം. സഭയിൽ നമുക്ക് പരസ്പരം വാദിച്ച് ജയിക്കാൻ കഴിയില്ല. ഗവൺമെന്റ് ഗവൺമെന്റിന്റെ പൊസിഷൻ പറയും നിങ്ങൾ നിങ്ങളുടെ വിമർശനവും പറയും. നിങ്ങൾ പറയുന്നത് അവർ അംഗീകരിക്കുകയോ അവർ പറയുന്നത് നിങ്ങൾ അംഗീകരിക്കുകയോ ചെയ്യുന്നത് നടക്കില്ല ..... (ബഹളം)..... ഒരേ കാര്യം എത്ര പ്രാവശ്യമാണ് പറയുന്നത്. ചെയറിന് സഭ നടത്തിക്കൊണ്ടുപോകേണ്ട ഉത്തരവാദിത്തമുണ്ട്. .....(ബഹളം)..... നിങ്ങൾ അങ്ങനെ ക്ഷോഭിച്ചിട്ടൊന്നും കാര്യമില്ല. ബി.എ.സി. കൂടി തീരുമാനിച്ചിട്ടുണ്ട്. സ്പീക്കറുടെ ഇഷ്ടത്തിന് പറയുന്നതല്ല. ബി.എ.സി. കൂടി എടുത്ത തീരുമാനം നടപ്പാക്കേണ്ട ബാധ്യത ചെയറിനുണ്ട്. ഇതേകാര്യം നിരവധി തവണ സഭയിൽ വന്നതല്ലേ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അവർ പറഞ്ഞതിന് മറുപടി പറയുന്നതിന് കുഴപ്പമില്ല. ഞാൻ പറയാം. ചോദിച്ചുകൊണ്ടിരിക്കുമ്പോൾ ഒരേ കാര്യം തന്നെ പറയേണ്ടി വരും. ഗവൺമെന്റിന് മാറ്റിപ്പറയാൻ ഒന്നുമില്ല. ഞാൻ നിങ്ങൾ പറഞ്ഞതിന് മറുപടി പറഞ്ഞ് അവസാനപ്പിക്കുകയാണ്. ഓർഡിനൻസിന്റെ കാര്യത്തിലും നേരത്തെ ഇവർ പറഞ്ഞ കോടതി quash ചെയ്ത ക്ലോസുകളിൽ രണ്ടെണ്ണം ബഹുമാനപ്പെട്ട സുപ്രീം കോടതി തന്നെ വിധിയായി ഇപ്പോൾ പ്രഖ്യാപിച്ചിട്ടുണ്ട്. സെൻട്രലൈസ്ഡ് അലോട്ട്മെന്റ്, ഒരേ മെരിറ്റ് ലിസ്റ്റിൽ നിന്നുള്ള അലോട്ട്മെന്റ് എന്നുള്ളത് ശ്രീ. എം. എ ബേബി കൊണ്ടുവന്ന ബില്ലിലുണ്ടായിരുന്നത് അന്ന് കോടതി quash ചെയ്തിരുന്നു. മാനേജ്മെന്റിന് പ്രത്യേക ലിസ്റ്റാകാം, മാനേജ്മെന്റിന് അലോട്ട്മെന്റാകാം എന്നാണ് അന്ന് കോടതി പറഞ്ഞത്. പക്ഷേ ആ രണ്ടു കാര്യവും പിന്നീട് വന്ന സുപ്രീം കോടതി വിധിയോടുകൂടി സാധുതപ്രായമായിട്ടുണ്ട്. അതുകൊണ്ട് ഓർഡിനൻസിലെ ആ ഭാഗത്തിന് ഒരു കുഴപ്പവും സംഭവിക്കുന്നില്ല. മൈനോരിറ്റിയെ സംബന്ധിച്ചുള്ള ചില

പ്രശ്നങ്ങളിൽ ശ്രീ. എം. എ. ബോബി കൊണ്ടുവന്ന ബില്ലിലുള്ള ചില കാര്യങ്ങൾ കോടതി അംഗീകരിച്ചിരുന്നില്ല. അംഗീകരിക്കാത്ത വശമൊന്നും ഓർഡിനൻസിലുൾപ്പെടുത്തിയിട്ടില്ല. ഈ ഓർഡിനൻസ് നിയമപരമായ കാര്യങ്ങളിൽ പിന്തുണ കിട്ടാൻ വേണ്ടിയുള്ളതാണ്. അതിന്റെ അർത്ഥത്തിൽ അത് പൂർണ്ണമായും ആവശ്യമുള്ളതാണ്. ഓർഡിനൻസ് കൊണ്ടുവരാനുള്ള കാലതാമസത്തെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. അതെല്ലാം ഇന്നലെ പറഞ്ഞതാണ്. അതുകൊണ്ട് അലോട്ട്മെന്റ് പ്രോസസിന് ഒരു തടസ്സവും ഒരിടത്തും വന്നിട്ടില്ല. സെക്കൻഡ് അലോട്ട്മെന്റ് ആ സമയത്ത് നടക്കും. ബാക്കി സീറ്റ് മുഴുവൻ സ്പോട്ട് അലോട്ട്മെന്റിൽ ഫിൽ ചെയ്യും. കേരളത്തിലെ അലോട്ട്മെന്റ് പ്രോസസ്സിൽ ഒരു തടസ്സവുമുണ്ടാവുകയില്ലെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുകയാണ്. 31- ാം തീയതി കഴിഞ്ഞിട്ട് ബാക്കി പറഞ്ഞാൽ മതി. 31-ാം തീയതിവരെ നിങ്ങൾ പറഞ്ഞുകൊണ്ടേയിരിക്കും. തലവരിപ്പണം പൂർണ്ണമായും നിർത്തലാക്കി, മാനേജ്മെന്റിന് കൊള്ള നടത്താനുള്ള അവസരം പൂർണ്ണമായും അവസാനിപ്പിച്ചു. മാനേജ്മെന്റിന്റെ ഒരു വാദഗതിയും അംഗീകരിക്കാതെ സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് അവരെ നിർത്തേണ്ടിടത്ത് നിർത്താൻ ഈ ഗവൺമെന്റിന് സാധിച്ചുവെന്നുള്ളതാണ് ഗവൺമെന്റിന്റെ വിജയം. അത് കാണുമ്പോൾ ലേശം അമ്പരപ്പ് അപ്പുറത്തുള്ളവർക്കുണ്ടാകുന്നുണ്ട്. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യകതയുമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിക്കുന്നു

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ജോൺ മിൽട്ടന്റെ ഏറ്റവും പ്രസിദ്ധമായ ഒരു കൃതിയാണ് 'പാരഡൈസ് ലോസ്റ്റ്'. അതിൽ പാൻഡമോണിയത്തെപ്പറ്റി പറയുന്നുണ്ട്. ദൈവവും സാത്താനും തമ്മിൽ യുദ്ധമുണ്ടായപ്പോൾ സാത്താൻ പാതാളത്തിൽ പതിച്ചു. സാത്താൻ നരകത്തിൽ വീണപ്പോൾ സാത്താൻ അവിടെയൊരു മന്ദിരമുണ്ടാക്കി. അത് തന്റെ അനുയായികളെയെല്ലാം വിളിച്ച് ചർച്ച ചെയ്യാൻ വേണ്ടിയായിരുന്നു. അവിടെ കൂട്ട ആശയക്കുഴപ്പമായി. അതാണ് പാൻഡമോണിയം എന്ന് പറഞ്ഞത്. പിന്നീട് അതൊരു വാക്കായി മാറി. അതേ അവസ്ഥയാണ് ഇന്ന് ആരോഗ്യവകുപ്പും ആരോഗ്യ വകുപ്പുമന്ത്രിയും നേരിടുന്നത്. ഇവിടെ സ്വാശ്രയ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട കാര്യത്തിൽ സാത്താന്റെ ഒറിജിനൽ പാൻഡമോണിയമാണ് നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിലെ

വിദ്യാർത്ഥികൾ എത്ര രൂപയ്ക്കാണ് ഇത്തവണ എം.ബി.ബി.എസ്. പഠിക്കുന്നതെന്ന് കേരളത്തിലെ മന്ത്രിക്ക് പറയാൻ കഴിയുമോ? ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഇത് പ്രൊവിഷണൽ ഫീസാണ്, ഇനിയും കൂട്ടുമെന്നാണ്. ഇതുപോലൊരു സൗകര്യം ഈ ഗവൺമെന്റിന് ഫലപ്രദമായി വിനിയോഗിക്കാൻ കഴിഞ്ഞില്ലല്ലോ? 85 സീറ്റ് നീറ്റ് മെറിറ്റിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിച്ചശേഷം നാലുമാസം കിട്ടിയിട്ടും ഫലപ്രദമായ രീതിയിൽ ഈ അവസ്ഥ കൈകാര്യം ചെയ്യാൻ കഴിയാത്ത ഗവൺമെന്റ് അമ്പേ പരാജയപ്പെട്ടിരിക്കുന്നുവെന്ന് പറയേണ്ടിയിരിക്കുന്നു. ആരോഗ്യ വകുപ്പുമന്ത്രി ഈ നാലുമാസം എന്ത് ചെയ്യുകയായിരുന്നു. ആദ്യം ഒരു ഓർഡിനൻസ് കൊണ്ടുവന്നു. ആദ്യത്തെ ഓർഡിനൻസ് ഇറക്കിയത് ഏപ്രിൽ മാസം 10-ാം തീയതിയാണ്. രണ്ടാമത്തെ ഓർഡിനൻസ് ഇറക്കിയത് ജൂൺ മാസം 1-ാം തീയതിയും മൂന്നാമതൊരു ഓർഡിനൻസ് ഇറക്കിയത് ജൂലൈ 10-നമാണ്. ഞങ്ങളുടെ കുറ്റം കൊണ്ടല്ലല്ലോ ഓർഡിനൻസ് ബില്ലാക്കാതിരുന്നത്. ഓർഡിനൻസ് ബില്ലാക്കാൻ ഗവൺമെന്റ് തീരുമാനിച്ച് സഭയിൽ കൊണ്ടുവന്നാൽ മതിയല്ലോ. ഇപ്പോൾ ഒരു ഓർഡിനൻസ് മൂന്ന് തവണയിറക്കേണ്ടി വന്നിരിക്കുന്നു. അതുപോലെ ആ ഓർഡിനൻസിൽ തെറ്റുണ്ടായി. പത്തുപേരുടെ കമ്മിറ്റി വയ്ക്കേണ്ടിടത്ത് അഞ്ചുപേരുടെ കമ്മിറ്റി വച്ചു. ഞങ്ങളുടെ തെറ്റുകൊണ്ടാണോ? അവസാനം അത് തിരുത്തേണ്ടിവന്നു. അഞ്ചംഗ കമ്മിറ്റി തീരുമാനിച്ച ഫീസ് ഒന്ന്. അത് തെറ്റാണെന്ന് മനസ്സിലാക്കി തിരുത്തി. പത്തംഗ കമ്മിറ്റി വന്നു. പത്തംഗ കമ്മിറ്റി ഫീസ് വീണ്ടും കുറച്ചു. ഇതെല്ലാം ചെയ്തത് ഞങ്ങളാണോ? ബഹുമാന്യനായ മന്ത്രി പറയുന്നത് കേട്ടാൽ ഞങ്ങളാണ് ഇതൊക്കെ ചെയ്തതെന്ന് തോന്നും. തെറ്റുന്തോറും തിരുത്തുകയും തിരുത്തുന്തോറും തെറ്റ് ചെയ്യുകയും ചെയ്യുന്ന ഒരു ആരോഗ്യ വകുപ്പുമന്ത്രിയാണ് ശ്രീമതി കെ.കെ ശൈലജടീച്ചറെന്ന് ചരിത്രം വിധിയെഴുതാൻ പോവുകയാണ്. മുസ്ലീം സമുദായത്തിലെ അവാന്തര വിഭാഗങ്ങൾക്ക് സർട്ടിഫിക്കറ്റ് കൊണ്ടുവന്നാൽ മാത്രമേ അഡ്മിഷൻ ലഭിക്കുകയുള്ളൂവെന്ന് വേറൊരു ഓർഡിനൻസ് ഇറക്കി. മുഖ്യമന്ത്രി അത് അറിഞ്ഞ് ആ ഓർഡിനൻസ് പിൻവലിച്ചു. ശരിയാണോ എന്നറിയില്ല? ഇത് ഞങ്ങളുടെ കുഴപ്പമാണോ? കേരളത്തിന്റെ ചരിത്രത്തിൽ സ്വാശ്രയ മേഖലയിൽ നല്ല നിലയിൽ നടത്താൻ കഴിയുമായിരുന്ന പ്രവേശന നടപടികളെ പൂർണ്ണമായും കുഴപ്പത്തിലെത്തിച്ചതിന്റെ ഉത്തരവാദിത്വം ആരോഗ്യ വകുപ്പിന് മാത്രമാണ്. ഇത് ആരെ സഹായിക്കാനാണ്. 'സ്വാശ്രയ മെഡിക്കൽ, ദന്തൽ പ്രവേശനം - ആശങ്കയുയർത്തി സമയക്രമം' മലയാള മനോരമയിൽ രഞ്ജിത് കുര്യാക്കോസിന്റെ ഒരു ലേഖനത്തിൽ ഇപ്പോഴത്തെ നിലയിൽ സ്വാശ്രയ കോളേജുകളിലെ പ്രവേശനം നടത്തിയാൽ ഒരു അലോട്ട്മെന്റ് മാത്രമേ ഉണ്ടാകൂവെന്ന് വളരെ വ്യക്തമായി പറയുന്നുണ്ട്. ശേഷിക്കുന്ന ഒഴിവുകൾ സ്പോട്ട്

അലോട്ട്മെന്റിലൂടെ സ്വാശ്രയ മാനേജ്മെന്റുകൾക്ക് ലഭിക്കാൻ പോകുന്നു. ഞങ്ങൾ തന്നെ അലോട്ട്മെന്റ് നടത്തുമെന്ന് മന്ത്രി പറഞ്ഞു. നല്ല കാര്യമാണ്, ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നു. സ്പോട്ട് അഡ്മിഷൻ നടത്തി കോടികൾ കൊയ്യുക എന്നുള്ളത് തന്നെയാണ് മാനേജ്മെന്റുകളുടെ അന്തിമലക്ഷ്യം. അതിനാണ് ഇവർ കോടതികളിൽ പോകുന്നത്. ഹൈക്കോടതിയിൽ ഇതിന്റെ അന്തിമവാദം ഇന്നലെ പൂർത്തിയായി. ഫീസ് എത്രയാണെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ചോദിച്ചാൽ പറയാൻ കഴിയില്ല. കാരണം കോടതി ഇന്ന് അന്തിമവിധി പറയാൻ പോകുകയാണ്. നമ്മുടെ സംസ്ഥാനത്ത് സ്വാശ്രയ കോളേജുകളിൽ രണ്ട് അലോട്ട്മെന്റ് നടത്താൻ സമയമുണ്ടായിരുന്നിട്ടും വിദ്യാർത്ഥികൾക്ക് ആ അവസരം നഷ്ടപ്പെട്ടത് ദുഃഖകരമായ ഒരു കാര്യമാണ്. ഗവൺമെന്റ് കോളേജിൽ അലോട്ട്മെന്റ് നടന്നുവെന്ന് ബഹുമാന്യയായ മന്ത്രി ഇവിടെ പറഞ്ഞു. ഗവൺമെന്റ് കോളേജുകളിലെ അലോട്ട്മെന്റിനോടൊപ്പം സ്വാശ്രയ കോളേജുകളിലെ അലോട്ട്മെന്റും നടക്കേണ്ടതായിരുന്നു. പക്ഷേ നടന്നില്ല. കേന്ദ്രത്തിലെ രണ്ടാം ഘട്ട പ്രവേശനത്തിനുള്ള അലോട്ട്മെന്റ് ഓഗസ്റ്റ് 8-നാണ്. അതിനുമുമ്പ് കേരളത്തിലെ സ്വാശ്രയ പ്രവേശനം നടന്നില്ലെങ്കിൽ കേന്ദ്രത്തിൽ പ്രവേശനം ലഭിച്ച കുട്ടികൾക്ക് രാജ്യത്തിലെ ഏതെങ്കിലും കോണിൽ പോയി പഠിക്കേണ്ട അവസ്ഥയുണ്ടാകും. ഒരു കുട്ടി അവിടെ ചേർന്നു കഴിഞ്ഞാൽ പിന്നെ ഇവിടെ അലോട്ട്മെന്റ് ലഭിച്ച് വരണമെങ്കിൽ 10 ലക്ഷം രൂപ കൊടുക്കേണ്ടി വരും. കേരളത്തിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ഇന്ന് മുൾമുനയിലാണ്. ഇക്കാര്യം പരിശോധിക്കണമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്. ആവശ്യമില്ലാത്ത ഒരു കാര്യത്തിന് എന്തിനാണ് ഈ ആശയക്കുഴപ്പം ഇവിടെയുണ്ടാക്കുന്നത്. ഫീ റെഗുലേറ്ററി കമ്മിറ്റി ഇവിടെയുള്ള 12 കോളേജുകളിലെ പ്രതിനിധികളെ വിളിച്ചുവരുത്തി അവരുടെ വരവ് ചെലവ് കണക്ക് പരിശോധിച്ചശേഷം ഫീസ് നിർണ്ണയിക്കാമായിരുന്നു. അതിനൊക്കെയുള്ള അവസരമുണ്ടായിരുന്നിട്ടും ഇപ്പോൾ ഇത് അബദ്ധ പഞ്ചാംഗമായി, ആകെ ആശയക്കുഴപ്പമായി. ഇപ്പോൾ എന്ത് ചെയ്യണമെന്നറിയാതെ പകച്ചുനിൽക്കുന്ന ഒരു ഗവൺമെന്റായി മാറിക്കഴിഞ്ഞിരിക്കുന്നു. അതാണ് ഇവിടത്തെ പ്രശ്നം. ഈ അവസ്ഥ എന്തിനാണുണ്ടാക്കിയത്; ആര് പറഞ്ഞിട്ടാണ് ഇതുണ്ടാക്കിയത്? 4 തരം ഫീസിൽ 8 മാനേജ്മെന്റുകൾ ഒപ്പിടാൻ പോകുന്നുവെന്ന് ഇവിടെ പറഞ്ഞു. എന്നു വച്ചാൽ കഴിഞ്ഞ തവണ ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റ് കൊണ്ടുവന്ന 4 തരം ഫീസിൽ കുറേ കോളേജുകൾ ഒപ്പിടാൻ പോകുന്നുവെന്നാണ്. ഒന്നോ രണ്ടോ കോളേജുകളാണ് ഒപ്പിട്ടിട്ടുള്ളത്. നീറ്റ് വന്നുകഴിഞ്ഞാൽ അത് നിലനിൽക്കില്ല. ഇവർക്ക് എങ്ങനെ അലോട്ട്മെന്റ് നടത്താൻ സാധിക്കും? ക്രോസ് സബ്സിഡിയുടെ പ്രശ്നം വരും; ഇനാംദാർ കേസിന്റെ പ്രശ്നമുണ്ട്. ക്രോസ്

സബ്സിഡി സുപ്രീം കോടതി അനുവദിക്കാത്തതാണ്. ഇന്ന് ഈ 8 സ്വാശ്രയ കോളേജുകൾ കുട്ടികളെ പഴയ ഫീസിൽ പ്രവേശിപ്പിക്കാമെന്ന് പറഞ്ഞാൽ ആരെങ്കിലും കോടതിയിൽ പോയാൽ നിലനിൽക്കില്ല. തന്നെയുമല്ല, ഇത് എങ്ങനെ ഡിഫറൻഷ്യേറ്റ് ചെയ്യും. നിങ്ങൾ എങ്ങനെ ഈ കുട്ടികളെ പ്രവേശിപ്പിക്കും? നിങ്ങൾ കൊണ്ടുവന്ന നിയമത്തിനെതിരായി നിങ്ങൾ തന്നെ അലോട്ട്മെന്റ് നടത്തുകയാണ്. ഇത് വിചിത്രമായ കാര്യമാണ്. ഒന്നുകിൽ നിങ്ങൾ പഴയ ഫീസിൽ കുട്ടികളെ പ്രവേശിപ്പിക്കണം. അല്ലെങ്കിൽ പുതിയ ഫീസ് നിർണ്ണയ കമ്മിറ്റി സ്വീകരിച്ച മാനദണ്ഡം സ്വീകരിക്കണം. രണ്ടും സ്വീകരിക്കാതെ രണ്ടും നിലനിൽക്കാൻ പോകുന്നില്ല. അനാവശ്യമായ നിയമയുദ്ധത്തിലേക്ക് ഇതിനെ കൊണ്ടുപോകേണ്ട കാര്യമുണ്ടായിരുന്നോ? ബഹുമാനപ്പെട്ട മന്ത്രിയെ ആരാണ് ഉപദേശിക്കുന്നത് എന്നെനിക്കറിയില്ല. ലളിതമായി തീർക്കാൻ കഴിയുന്ന പ്രശ്നമായിരുന്നു. ഞങ്ങളുടെ കാലത്ത് ഈ പ്രശ്നം കോംപ്ലിക്കേറ്റഡായിരുന്നു. ഇന്ന് 85 ശതമാനം നീറ്റ് മെരിറ്റ് ലഭിച്ചു. 12 കോളേജോ 14 കോളേജോ ഉണ്ടെങ്കിൽ നിങ്ങളുടെ ഓർഡിനൻസിൽ പറയുന്ന പ്രകാരം ഫീ റെഗുലേറ്ററി കമ്മിറ്റി ആ കോളേജുകളെ വിളിച്ച് അവരുടെ ചെലവ് കൂടി കണക്കിലെടുത്തുകൊണ്ട് ഫീസ് നിർണ്ണയിച്ച് ഈ പ്രശ്നം അവസാനിപ്പിക്കാൻ ഒരാഴ്ച മതിയായിരുന്നു. നാലു മാസമായിട്ട് ഈ പ്രശ്നം പന്ത് തട്ടുന്നതു പോലെ തട്ടിയതിന്റെ ഉത്തരവാദിത്വം ആരോഗ്യ മന്ത്രിക്കാണ്, ആരോഗ്യ വകുപ്പിനാണ്, ഈ സർക്കാരിനാണ്. ഇതുപോലെ ഒരു അവസരം ഒരു ഗവൺമെന്റിനും കിട്ടിയിട്ടില്ല. കിട്ടിയ അവസരം വിനിയോഗിക്കാതെ ഇന്ന് ഈ ഗവൺമെന്റ് ഇരുട്ടിൽ തപ്പുകയാണ്. മാനേജ്മെന്റുകൾ കോടതിയിൽ പോയിരിക്കുകയാണ്. ഇത് സംസ്ഥാന ഹൈക്കോടതി തീരുമാനിക്കണമെന്നാണ് ലേറ്റസ്റ്റ് വിധിയിൽ സുപ്രീം കോടതി പറഞ്ഞത്. ഇന്നും നാളെയുമായി ഹൈക്കോടതി തീരുമാനിച്ചേ മതിയാകൂ. ഹൈക്കോടതിയുടെ തീരുമാനത്തിനുവേണ്ടി നമ്മൾ കാത്തിരിക്കുകയാണ്. കഴിഞ്ഞ തവണ കോളേജുകൾ കോടതിയിൽ പോയി, 10 ലക്ഷം ഫീസാണ് കോടതി വിധിച്ചത്. ഹൈക്കോടതി 10 ലക്ഷം രൂപ വിധിച്ചാൽ നമ്മളെന്ത് ചെയ്യും. സുപ്രീം കോടതിയെ സമീപിക്കാം. അത് വേറെ കാര്യം. പക്ഷേ യാതൊരു പ്രശ്നവുമുണ്ടാകാതെ നല്ല നിലയിൽ നടത്താൻ കഴിയുന്ന ഒരു കാര്യത്തെ ഇത്രയും കുഴപ്പമാക്കിയതിന്റെ ഉത്തരവാദിത്വം ഈ സർക്കാരിനല്ലെങ്കിൽ പിന്നെയാർക്കാണ്. രാഷ്ട്രീയ വിരോധംകൊണ്ട് പറയുന്നതല്ല, തെറ്റിദ്ധരിക്കരുത്. ഈ സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വരുന്ന എം.ബി.ബി.എസ്., ദന്തൽ പ്രവേശനം കാത്തിരിക്കുന്ന വിദ്യാർത്ഥികൾ, അവരുടെ രക്ഷകർത്താക്കൾ ഇന്ന് അനുഭവിക്കുന്ന മാനസിക പ്രയാസം; അവരുടെ പ്രശ്നം ഇത്രയും ലാഘവ ബുദ്ധിയോടുകൂടി കൈകാര്യം ചെയ്തതിനെപ്പറ്റി മുഖ്യമന്ത്രി പരിശോധിക്കണം.

അങ്ങ് പരിശോധിച്ചപ്പോഴാണല്ലോ ഒരു ഓർഡർ പിൻവലിക്കേണ്ടി വന്നത്; എന്തിനാണ് ആ ഓർഡർ ഇറക്കിയത്? ഓരോ സമുദായത്തിന്റേയും അവാന്തര വിഭാഗങ്ങൾക്കനുസരിച്ച് നോട്ടിഫിക്കേഷൻ ഇറക്കാൻ ഒരു മതേതര ഗവൺമെന്റിന് എങ്ങനെ കഴിയും, മതേതര സംവിധാനം നിലനിൽക്കുന്ന സംസ്ഥാനത്തിന് എങ്ങനെ കഴിയും. കഴിഞ്ഞ കാലത്തെ കാര്യം പറഞ്ഞിട്ട് കാര്യമില്ല. കഴിഞ്ഞ കാലം വ്യത്യസ്തമാണ്. അന്ന് നീറ്റ് മെരിറ്റില്ല. ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന് അന്ന് ഇത്തരം കാര്യങ്ങൾ ചെയ്യേണ്ടതായി വന്നിട്ടുണ്ടാകും. ഇന്ന് മെരിറ്റിന് പ്രാധാന്യം കൊടുത്തുകൊണ്ട്; എൻ.ആർ.ഐ.-ക്കു പോലും മെരിറ്റിന് പ്രാധാന്യം കൊടുത്തുകൊണ്ട് നടപ്പാക്കേണ്ട ഒരു ഫലപ്രദമായ സാഹചര്യത്തെ ഇത്രയും കൂടുതൽ കുഴപ്പത്തിലേയ്ക്ക് എത്തിച്ചത് സ്വാശ്രയ മാനേജ്മെന്റുകളെ സഹായിക്കാനാണെന്ന് ഞങ്ങൾ പറഞ്ഞാൽ അതിനെ എതിർക്കാൻ കഴിയുമോ? ഈ അവസരം പാഴായതിന്റെ പേരിൽ ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് പ്രയാസപ്പെടുന്നത്. ഇപ്പോൾ ഓരോ മാനേജ്മെന്റും തന്നിഷ്ടം കാണിക്കുന്നു. 200 ഓളം പുതിയ കുട്ടികളുടെ ഭാവി അപകടത്തിലാണ്. ഇക്കാര്യം മുഖ്യമന്ത്രി എന്നോട് സംസാരിച്ചു. ഒരു നിയമനിർമ്മാണം വരട്ടെ, ഞങ്ങൾ തയ്യാറാണ്. കുട്ടികളെന്ത് പിഴച്ചു. ഇവിടെ ഇതിനെ ഒരു ലാഭകരമായ ബിസിനസ്സായി കണ്ടുകൊണ്ട് കൊള്ളലാഭമെടുക്കുന്ന മാനേജ്മെന്റുകൾക്ക് നിയമയുദ്ധത്തിലൂടെ വലിയ ഒരു അവസരമുണ്ടാക്കിക്കൊടുത്തു എന്നുള്ള പരാതിയാണ് ഞങ്ങൾക്കുള്ളത്. അല്ലാതെ രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസമല്ല. ഇത്തരം മാനേജ്മെന്റുകൾ സുപ്രീം കോടതിയിൽ പോയി 10 ലക്ഷം രൂപ ഫീസ് വാങ്ങിയെടുത്തെങ്കിൽ വീണ്ടും ഒരവസരം നമ്മൾ എന്തിന് ഒരുക്കിക്കൊടുത്തു. അങ്ങനെ ഒരു അവസരമുണ്ടാക്കാൻ പാടില്ലായിരുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മാനേജ്മെന്റുകൾ കോടതിയിൽ പോയി വലിയ ഫീസ് വിധിപ്പിച്ചുവെന്ന് അങ്ങ് ഇപ്പോൾ പറഞ്ഞു. ഞാൻ ലളിതമായിട്ടുള്ള ഒരു കാര്യം ചോദിക്കുകയാണ്. മാനേജ്മെന്റുകൾ കോടതിയിൽ പോകാതിരിക്കാനുള്ള ഏതെങ്കിലും ഒരും പോംവഴി അങ്ങേയ്ക്ക് നിർദ്ദേശിക്കാനുണ്ടോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ നിർദ്ദേശിക്കാം. ഈ സംസ്ഥാനത്ത് പത്തോ പന്ത്രണ്ടോ കോളേജുകളാണുള്ളത്. അങ്ങ് തന്നെ കൊണ്ടുവന്ന ഈ ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ഫീ റെഗുലേറ്ററി കമ്മിറ്റി ഈ കോളേജുകളെ വിളിച്ചുവരുത്തി അവരുടെ വരവും ചെലവും കണക്കും പരിശോധിച്ച് റീസണബിളായ ഫീസ് ഫിക്സ് ചെയ്യാൻ മൂന്നു മാസം സമയമുണ്ടായിരുന്നല്ലോ.

അങ്ങ് എന്തുകൊണ്ട് ചെയ്തില്ല? ചെയ്യാതിരുന്നതുകൊണ്ട് സുപ്രീം കോടതിയിലും ഹൈക്കോടതിയിലും ഈ കേസ് അങ്ങോട്ടുമിങ്ങോട്ടും തട്ടുകയാണ്. അതിന്റെ ഫലമായി അവസാനം കോടതി മാനേജ്മെന്റുകൾക്ക് അനുകൂലമായി വിധിച്ചാൽ നമുക്ക് ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയുണ്ടാകും.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഫീ റെഗുലേറ്ററി കമ്മിറ്റി ഇവരെ വിളിച്ചുവരുത്തി വരവ് ചെലവ് കണക്കുകളെല്ലാം നോക്കിയിട്ട് തന്നെയാണ് റീസണബളായിട്ടുള്ള ഫീസ് ഫിക്സ് ചെയ്തത്. പക്ഷേ ഇൻഡിവിഡ്വലായി ഓരോ കോളേജിനും വ്യത്യസ്ത മാനദണ്ഡം അപ്ലൈ ചെയ്യണമെന്നുള്ളതുകൊണ്ട് സമയമെടുക്കും. കാരണം കോളേജുകൾ ഈ ഡോക്യുമെന്റുകൾ പ്രൊഡ്യൂസ് ചെയ്യുമ്പോൾ മാത്രമേ ഫീ റെഗുലേറ്ററി കമ്മിറ്റിക്ക് ഫീസ് നിശ്ചയിക്കാൻ കഴിയൂ. ഫീ റെഗുലേറ്ററി കമ്മിറ്റി ഫിക്സ് ചെയ്ത 5 ലക്ഷം രൂപ മതിയാകാത്ത ഫീസാണെന്ന് പറഞ്ഞാണ് മാനേജ്മെന്റുകൾ കോടതിയിൽ പോയത്. ഫീ റെഗുലേറ്ററി കമ്മിറ്റി ഫിക്സ് ചെയ്ത ഫീസ് വളരെ കൂടുതലാണെന്നാണ് താങ്കൾ പറഞ്ഞത്. താങ്കൾ പറഞ്ഞതിനേക്കാൾ കുറഞ്ഞ ഫീസ് ഫീ റെഗുലേറ്ററി കമ്മിറ്റി ഫിക്സ് ചെയ്താൽ മാനേജ്മെന്റുകൾ കോടതിയിൽ പോകാതിരിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, മാനേജ്മെന്റുകൾ കോടതിയിൽ പോകുന്നതല്ല വിഷയം. സംസ്ഥാന ഗവൺമെന്റ് ഓർഡിനൻസ് കൊണ്ടുവന്നു. ആ ഓർഡിനൻസിൽ നിന്നുകൊണ്ട് എന്തുകൊണ്ട് പ്രവർത്തിക്കാൻ കഴിഞ്ഞില്ല? ആ ഓർഡിനൻസിനകത്തുനിന്നുകൊണ്ട് പ്രവർത്തിച്ചിരുന്നെങ്കിൽ മാനേജ്മെന്റുകൾ കോടതിയിൽ പോയാലും ഗവൺമെന്റിന്റെ നിയമത്തിനനുസരിച്ച് പ്രവർത്തിക്കണ മെന്ന് സുപ്രീം കോടതി പറയുമായിരുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഓർഡിനൻസിൽ നിന്നുകൊണ്ടാണ് ഈ ഗവൺമെന്റ് പ്രവർത്തിച്ചത്. ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് അംഗീകരിക്കണമെന്നതാണ് ഓർഡിനൻസിലെ വ്യവസ്ഥ. അതിലെ 17-ാം ക്ലോസ് പ്രകാരം മാനേജ്മെന്റുകളുമായി ചർച്ച നടത്തി ഇതിനേക്കാൾ മെച്ചപ്പെട്ട സംവിധാനമുണ്ടാക്കാൻ പറ്റുമെങ്കിൽ അത് ഗവൺമെന്റിനാകാമെന്ന സാധ്യതകൂടി നമ്മൾ ചേർത്തു. ഓർഡിനൻസിന്റെ വ്യവസ്ഥയ്ക്കകത്തു നിന്നുകൊണ്ടാണ് ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ ഫീസ് അംഗീകരിക്കുന്നുവെന്ന് സർക്കാർ പറഞ്ഞത്. ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസാണ് അഞ്ചുലക്ഷം രൂപ. ആ ഫീസ് പ്രൊവിഷണലാണ്, പിന്നീട് എത്ര വരുമെന്നുള്ളത് വേറെ കാര്യമാണ്. ഫീ റെഗുലേറ്ററി കമ്മിറ്റി എത്ര രൂപ ഫീസായി നിശ്ചയിക്കണമെന്ന് എനിക്കോ അങ്ങേയ്ക്കോ പറയാൻ പറ്റില്ല. ഫീ റെഗുലേറ്ററി

കമ്മിറ്റി നിശ്ചയിച്ച ഫീസ് കൂടുതലാണെന്നും അത് കുറയ്ക്കണമെന്നുമാണ് അങ്ങ് പറഞ്ഞത്. ഇപ്പോൾ നിശ്ചയിച്ച ഫീസ് പോരായെന്ന് പറഞ്ഞാണ് സ്വാശ്രയ മാനേജ്മെന്റുകൾ കോടതിയിൽ പോകുന്നത്. സ്വാശ്രയ മാനേജ്മെന്റുകൾ കോടതിയിൽ പോകണ്ടായെന്ന് പറയാനുള്ള അധികാരം ഞങ്ങൾക്കാർക്കുമില്ല. അതുകൊണ്ട് അവർ കോടതിയിൽ പോയതിന് ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നത് അങ്ങയുടെ രാഷ്ട്രീയപ്രേരിതമായ ഉദ്ദേശ്യംകൊണ്ട് മാത്രമാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ ഗവൺമെന്റ് പാസ്സാക്കിയ ഓർഡിനൻസ് പ്രകാരം 8-9 കോളേജുകൾ മാത്രമേയുള്ളൂ. ആ കോളേജുകളുടെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ച് രാജേന്ദ്രബാബു കമ്മിറ്റി റീസണബിളായിട്ടുള്ള ഫീസ് നിശ്ചയിച്ചിരുന്നുവെങ്കിൽ കോടതിയിൽ പോയാലും പ്രശ്നമുണ്ടാകുമായിരുന്നില്ല. ഇത് പ്രൊവിഷണൽ ഫീസാണെന്ന് ടീച്ചർ തന്നെ പറഞ്ഞില്ലേ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്ങനെ വാദിക്കുന്നതിൽ കാര്യമില്ല. പ്രതിപക്ഷ നേതാവ് വസ്തുനിഷ്ഠമായി കാര്യങ്ങൾ പറയണം. ഈ ഫീസ് ഞങ്ങളുടെ ചെലവുമായി ഒത്തുപോകുന്നില്ല, ഈ ഫീസ് കുറഞ്ഞുപോയി അത് വർദ്ധിപ്പിക്കണമെന്ന് പറഞ്ഞുകൊണ്ടാണ് മാനേജ്മെന്റുകൾ കോടതിയിൽ പോകുന്നത്. കഴിഞ്ഞ വർഷം കരുണ മെഡിക്കൽ കോളേജ് പോയത് അങ്ങനെയാണ്. കരുണ മെഡിക്കൽ കോളേജ് അവരുടെ ചെലവെല്ലാം നിരത്തി കോടതിയിൽ വാദിച്ചപ്പോൾ ഈ ഫീസ് പോരായെന്നും മാനേജ്മെന്റിന് കൂടുതൽ ഫീസ് വേണമെന്നും വിധിച്ചിട്ടുണ്ട്. ഇനി എങ്ങനെയാണ് വിധിക്കുന്നതെന്ന് എനിക്ക് പറയാൻ കഴിയില്ല. റീസണബിൾ ഫീസെന്ന് അങ്ങ് പറയുമ്പോൾ അത് എത്രയെന്ന് പറയാൻ കഴിയുമോ?

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാന്യയായ മന്ത്രി, ഞാൻ ഒറ്റ വാചകത്തിൽ അതിനുള്ള ഉത്തരം പറയാം. സംസ്ഥാന ഗവൺമെന്റ് ഓർഡിനൻസ് പുറപ്പെടുവിച്ചതനുസരിച്ച് ജസ്റ്റിസ് രാജേന്ദ്ര ബാബു കമ്മിറ്റി ആ കോളേജുകളുടെ ഫീസ് നിശ്ചയിച്ച് കൊടുത്താൽ അവർ സുപ്രീംകോടതിയിൽ പോയാലും ഗവൺമെന്റ് തീരുമാനത്തിനപ്പുറത്ത് കോടതിയൊന്നും പറയില്ല. ഇന്നത്തെ അവസ്ഥയനുസരിച്ച്, ഏത് മാനേജ്മെന്റിനും കോടതിയിൽ പോയി ഇഷ്ടാനുസരണം ഫീസ് വാങ്ങാവുന്ന അവസ്ഥയുണ്ടായിരിക്കുന്നു. അത് ഉണ്ടാക്കിയത് ഈ ഗവൺമെന്റാണ്. മൂന്ന് മാസമായി സംസ്ഥാനത്ത് നിലനിൽക്കുന്ന അനിശ്ചിതത്വംകൊണ്ട് ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലായിരിക്കുന്നു. മുഖ്യമന്ത്രി സമ്മതിക്കുകയാണെങ്കിൽ ഞാൻ ചർച്ചയ്ക്ക് തയ്യാറാകാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഫീ റെഗുലേറ്ററി കമ്മീഷൻ പ്രൊവിഷണലായി ഒരു ഫീസ് നിശ്ചയിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ടുള്ള മറ്റ് നടപടികൾ അതിന്റെ അവസാനമായി വരികയും ചെയ്യും. കോടതിയിൽ ചോദ്യം ചെയ്യുന്നുവെന്നുള്ളത് ശരിയാണ്. ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ, കോടതി മാനേജ്മെന്റുകളുടെ അഭ്യർത്ഥന സ്വീകരിക്കാതെ ഫീ റെഗുലേറ്ററി കമ്മീഷന്റെ തീരുമാനം അംഗീകരിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. സൂചികൊണ്ട് എടുക്കേണ്ടത് തൂമ്പകൊണ്ട് എടുക്കേണ്ട നിലയിലേയ്ക്ക് എത്തിച്ചത് ആരാണ്? ഇങ്ങനെയൊരു അവസ്ഥാവിശേഷം ഉണ്ടാകേണ്ട യാതൊരു കാര്യവും ഇവിടെയില്ലായിരുന്നു. ഞങ്ങൾ അതാണ് ചൂണ്ടിക്കാണിക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞതിനെ ഞാനും സ്വാഗതം ചെയ്യുന്നു. ബഹുമാനപ്പെട്ട കോടതി അവരുടെ ആവശ്യം അംഗീകരിക്കാതിരിക്കട്ടെ. ഇവിടെ ഇതൊക്കെ ഒരു പ്രശ്നവുമുണ്ടാക്കാതെ തീർക്കാമായിരുന്നു. ഈ ഗവൺമെന്റ് കൊണ്ടുവന്ന ഓർഡിനൻസ് അനുസരിച്ച് റീസണബിളായിട്ടുള്ള ഫീസ് നിശ്ചയിക്കാമായിരുന്നു. അതിനെതിരെ അവർ കോടതിയിൽ പോയാൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എടുത്ത തീരുമാനത്തെ കോടതി ഹോൾഡ് ചെയ്യുമായിരുന്നു, അത് ഉണ്ടായില്ല. അത് ഈ സർക്കാരിന്റെ പരാജയമാണ്.

പാരാമെഡിക്കൽ പ്രവേശനം കുഴയുകയാണ്. ഇവിടെ എന്ത് കുഴപ്പമാണ് അതുമായി ബന്ധപ്പെട്ട് ഉണ്ടായത്? 30000 സീറ്റുള്ള നഴ്സിംഗ് അതോടൊപ്പമുള്ള വിവിധ കോഴ്സുകൾ, മെഡിക്കൽ ലബോറട്ടറി ടെക്നോളജി, ഫിസിയോതെറാപ്പി, കാർഡിയോ വാസ്കുലർ ടെക്നോളജി, മെഡിക്കൽ റേഡിയോ ടെക്നോളജി, പെർഫ്യൂഷൻ ടെക്നോളജി തുടങ്ങിയ കോഴ്സുകൾക്കൊന്നും അലോട്ട്മെന്റ് നടക്കാത്തത് ആരുടെ കുറ്റമാണ്; കുട്ടികൾ എവിടെ പോകണം? 30000 സീറ്റുകളിൽ ഇതുവരെ അലോട്ട്മെന്റ് ആകാത്തത് ആരുടെ കുറ്റമാണ്? പ്രവേശന നടപടികളെപ്പറ്റി വിദ്യാർത്ഥികൾ ചോദിച്ചാൽ പ്രവേശന കമ്മീഷണറുടെ ഓഫീസിൽനിന്ന് മറുപടിപോലും കിട്ടുന്നില്ല, ഫോൺ എടുക്കുന്നില്ല, ആരും അവിടെയില്ല. നഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകളിലെ 30000-ഓളം സീറ്റുകളിൽ അലോട്ട്മെന്റ് നടക്കാത്തതുമൂലം വിദ്യാർത്ഥികൾ പ്രതിസന്ധി നേരിടുകയാണ്. ഇത് ആരുടെ കെടുകാര്യസ്ഥതയാണ്; ഞങ്ങളുടെ കുറ്റമാണോ? പ്രതിപക്ഷം പറയുന്നതാണോ തെറ്റ്? പാരാമെഡിക്കൽ കോഴ്സുകളെ സംബന്ധിച്ച് യാതൊരു വ്യക്തതയുമില്ല. വിദ്യാർത്ഥികളുടെ ഭാവി അപകടത്തിലാണ്, അലോട്ട്മെന്റ് നടക്കുന്നില്ല. അതുകൊണ്ട് ദയവായി മുഖ്യമന്ത്രി ഈ വകുപ്പ് മറ്റാരെയെങ്കിലും ഏൽപ്പിച്ച് കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ രക്ഷപ്പെടുത്തുകയാണ് വേണ്ടത്.

അങ്ങയുടെ തൊട്ടടുത്തിരിക്കുന്ന ശ്രീ. എ.കെ. ബാലനെ ഈ വകുപ്പ് ഏൽപ്പിച്ചാലും മതി, ഒരു കുഴപ്പവുമില്ല. വളരെ അപകടകരമായ സാഹചര്യമാണ്. സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, നഴ്സിംഗ് അലോട്ട്മെന്റിന്റെ കാര്യത്തിൽ തെറ്റിദ്ധാരണജനകമായ കാര്യം പറഞ്ഞിട്ടുണ്ട്. നഴ്സിംഗ് അലോട്ട്മെന്റിന് 13-9-2017- വരെ സമയമുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്ക് വിശദമായ സ്റ്റേറ്റ്മെന്റ് സഭയിൽ വയ്ക്കാൻ അവസരം തരാം.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, നമ്മുടെ സംസ്ഥാനത്ത് ഗുരുതരമായ അവസ്ഥയാണ് സംജാതമായിരിക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഇതുവരെയുണ്ടാകാത്ത കെടുകാര്യസ്ഥതയാണ് ഉണ്ടായിട്ടുള്ളത്. മൂന്ന് മാനേജ്മെന്റുകൾ കരാർ ഒപ്പുവച്ചിട്ടുണ്ടെന്നും എട്ട് മാനേജ്മെന്റുകൾ അതിന് തയ്യാറായി കഴിഞ്ഞുവെന്നുമാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. മാനേജ്മെന്റുകളുടെ പുറകെ നടക്കേണ്ട കാര്യം ഗവൺമെന്റിനുണ്ടോ; സുപ്രീം കോടതി വിധിയില്ലേ? ബഹുമാന്യനായ എം.എ. ബേബി കൊണ്ടുവന്ന ബില്ലിനെ quash ചെയ്തു. ആ quash ചെയ്ത ബിൽ പുനഃസ്ഥാപിച്ചുകൊണ്ട് സുപ്രീംകോടതി വിധി പ്രസ്താവിച്ചിരിക്കുന്നു. ഗവൺമെന്റ് എന്തിനാണ് മാനേജ്മെന്റുകളുടെ പുറകെ നടക്കുന്നത്? ഓരോരുത്തർക്കും ഓരോ എഗ്രിമെന്റെന്നുള്ളത് ഈ ഗവൺമെന്റ് തുടങ്ങി വച്ചതല്ല, മുമ്പേയുള്ള അവസ്ഥയാണ്. ക്രിസ്ത്യൻ മാനേജ്മെന്റ്, ഹിന്ദു മാനേജ്മെന്റ്, മുസ്ലീം മാനേജ്മെന്റ് ഇവർക്കെല്ലാവർക്കും ഓരോ എഗ്രിമെന്റാണ്. പൊതുവായിട്ടുള്ള ഒരു എഗ്രിമെന്റ് പോരേ? അങ്ങയുടെ സർക്കാർ സുന്നിക്കും മുജാഹിദിനും സീറ്റ് റിസർവ് ചെയ്തു. ലോകത്ത് കേട്ടുകേൾവിയില്ലാത്ത സംഭവമാണ്. അതിലെ അബദ്ധം മനസ്സിലാക്കി പിന്നീട് പിൻവലിക്കുകയും ചെയ്തു. മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ ഈ സ്ഥിതിയിലേയ്ക്ക് കൊണ്ടുപോകുന്നത് ശരിയാണോ? ഫീ റെഗുലേറ്ററി കമ്മിറ്റിയിൽ സബ്മിറ്റ് ചെയ്യുന്ന ഡാറ്റയുടെ അടിസ്ഥാനത്തിലാണ് തീരുമാനമെടുക്കുന്നത്. അതൊരു കോടതിയാണ്. ആ കോടതിയിൽ തെളിവ് കൊടുത്താൽ മാത്രമേ നമുക്ക് അനുകൂലമായി വിധിവരുകയുള്ളൂ. സ്വകാര്യ മാനേജ്മെന്റുകൾ കൊള്ള ഫീസാണ് ആവശ്യപ്പെടുന്നത്. കൊള്ള ഫീസ് ഈടാക്കാതിരിക്കാൻ വിദ്യാർത്ഥികൾക്ക്

ന്യായമായി പഠിക്കുന്നതിന് ഡാറ്റ ശേഖരിച്ച് കൊടുക്കണം. മൂന്നനാല് ഗവൺമെന്റ് സെക്രട്ടറിമാർ ഫീ റെഗുലേറ്ററി കമ്മിറ്റിയിലുണ്ട്. അവർക്ക് ന്യായമായി ഇക്കാര്യങ്ങൾ വാദിക്കാൻ സാധിക്കണം. ഇനിയും ഫീസ് വർദ്ധിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഇടിത്തീ വീഴുന്നതുപോലെയാണ് കേരള സംസ്ഥാനം കേട്ടുകൊണ്ടിരിക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്തുണ്ടായ ഈ പ്രശ്നങ്ങൾ വളരെ ഗുരുതരമാണ്. അത് പരിഹരിക്കാൻ അടിയന്തരമായി നടപടി വേണം. പ്രതിപക്ഷത്തെക്കൂടി വിശ്വാസത്തിലെടുത്ത് ചർച്ച ചെയ്യണമെന്നായിരുന്നു എന്റെ പാർട്ടിയുടെ അഭിപ്രായം. അത്തരത്തിലൊരു ചർച്ച നടത്താത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ് : സർ, ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സമയോചിതമായ ഇടപെടൽ ഉണ്ടായിരുന്നുവെങ്കിൽ ഈ അനിശ്ചിതത്വം കേരളത്തിൽ ഉണ്ടാവില്ലായിരുന്നു. നിയമയുദ്ധത്തിലേയ്ക്ക് ഈ വിഷയം കടക്കുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. സ്വാശ്രയ മാനേജ്മെന്റുകൾ കോടതിയിൽ കേസ്സുകൾ നടത്തുന്നുണ്ട്. സ്വാഭാവികമായും ഈ കേസും നിയമയുദ്ധത്തിലേയ്ക്ക് നീങ്ങുമ്പോൾ ഇതിന്റെ വില കൊടുക്കേണ്ടി വരുന്നത് വിദ്യാർത്ഥികളാണ്. വിദ്യാർത്ഥികളുടെ അനിശ്ചിതത്വം തുടരുന്ന സാഹചര്യം നിലനിൽക്കുകയാണ്. നഴ്സിംഗ്, പാരാമെഡിക്കൽ അടക്കമുള്ള മേഖലയിലും അനിശ്ചിതത്വം തുടരുകയാണ്. മാനേജ്മെന്റുകൾക്ക് തോന്ന്യാസം ചെയ്യാൻ കഴിയുന്ന സാഹചര്യത്തിലേയ്ക്ക് പോകുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്തുള്ള പത്രവാർത്തകൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്തുള്ള കാര്യങ്ങൾ താരതമ്യം ചെയ്തുകൊണ്ട് വിഷയത്തെ ലഘൂകരിക്കാൻ ശ്രമിക്കുകയാണ്. പനിയുടെ ചർച്ച സഭയിൽ നടത്തിയപ്പോഴും ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ കാലങ്ങളിലെ പത്രവാർത്തകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ആ സമയത്ത് നടന്ന പനി മരണങ്ങളെക്കുറിച്ച് പറയുന്നുണ്ടായിരുന്നു. ഇപ്പോൾ നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങളിലേയ്ക്ക് ആധികാരികമായി ഇടപെടാൻ കഴിഞ്ഞില്ലെന്നതാണ് വസ്തുത. ഇക്കാര്യത്തിൽ വലിയ അനിശ്ചിതത്വം ഈ നാട്ടിൽ ഉണ്ടാക്കിയിരിക്കുന്നു. ആയിരക്കണക്കിന് കുട്ടികളുടെ ഭാവി തുലാസിലാക്കിയിരിക്കുന്ന ഗവൺമെന്റിന്റെ നടപടി പ്രതിഷേധാർഹമാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ് : സർ, ഫീ റെഗുലേറ്ററി കമ്മിറ്റിക്ക് ഓരോ കോളേജിന്റെയും കണക്കുകൾ പരിശോധിച്ച് തീരുമാനമെടുക്കാൻ ധാരാളം സമയമുണ്ടായിരുന്നു. അങ്ങനെ തീരുമാനിച്ചിരുന്നുവെങ്കിൽ അവർക്ക് കോടതിയിൽ പോകുന്നതിന് തടസ്സങ്ങൾ ഉണ്ടാകുമായിരുന്നില്ല. അതിൽ കാലവിളംബം ഉണ്ടായതാണ് ഇത്രയും പ്രശ്നമുണ്ടായത്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.

സഭ വിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) മുൻഗണനാ പട്ടികയിലെ അപാകതകൾ

ശ്രീ. എ. പ്രദീപ്കുമാർ: സർ, ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം സൗജന്യത്തിന് അർഹതയുള്ള ഗുണഭോക്താക്കളെ നിർണ്ണയിക്കുന്നതിൽ സംഭവിച്ച ഗുരുതരമായ വീഴ്ചയും അത് സമൂഹത്തിലെ പാവപ്പെട്ട ആളുകളുടെ ജീവിതത്തിൽ സൃഷ്ടിച്ച പ്രയാസങ്ങളും സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ വിഷയം അവതരിപ്പിക്കുന്നത്. ഇപ്പോൾ രാജ്യത്ത് നടപ്പിലാക്കിയിട്ടുള്ള ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം സൗജന്യത്തിന് അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്താനുള്ള അധികാരം സംസ്ഥാനങ്ങൾക്കാണ്. 2013-14 കാലഘട്ടത്തിലായിരുന്നു കേരളത്തിൽ ഈ പ്രക്രിയ നടക്കേണ്ടിയിരുന്നത്. എന്നാൽ അന്നത്തെ യു.ഡി.എഫ്. സർക്കാർ ഇക്കാര്യത്തിൽ തികഞ്ഞ അലംഭാവം കാണിക്കുകയാണുണ്ടായത്. ഇക്കാര്യം പല ഘട്ടത്തിൽ ഈ സഭ ചർച്ച ചെയ്യുകയും ബഹുമാനപ്പെട്ട മന്ത്രി കാര്യങ്ങൾ ഇവിടെ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ഏതാണ്ട് മൂന്ന് വർഷത്തോളം അന്നത്തെ ഗവൺമെന്റ് ഒന്നും ചെയ്യാതിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴേയ്ക്കും സമയം അതിക്രമിച്ചുപോയി.

കേന്ദ്രസർക്കാരിന്റെ നിർദ്ദേശമനുസരിച്ച് 2016 നവംബർ മാസത്തോടുകൂടി ഈ പാറ്റേൺ അനുസരിച്ച് ഭക്ഷ്യ വിതരണം ആരംഭിക്കേണ്ടതുമായിരുന്നു. സ്വാഭാവികമായും വളരെ ധൃതിയിൽ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കേണ്ട ബാദ്ധ്യത സർക്കാരിന്റെ ചുമലിൽ വന്നുചേർന്നു. എത്ര ആളുകൾക്ക് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ കൊടുക്കണമെന്നൊക്കെ നിശ്ചയിക്കുന്നത് യഥാർത്ഥത്തിൽ കേന്ദ്ര ഗവൺമെന്റാണ്. ഏതാണ്ട് ഒരു കോടി അമ്പത്തിനാല് ലക്ഷത്തി എൺപതിനായിരത്തിൽപ്പരം ആളുകൾ ഈ അർഹതാ ലിസ്റ്റിൽ വരണം. അതനുസരിച്ച് സർവ്വേയൊക്കെ നടത്തിയാണ് അർഹതപ്പെട്ട ആളുകളെ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടത്. അങ്ങനെ വിശദമായ സർവ്വേ നടത്താനുള്ള സമയവും സാവകാശവും ഇല്ലാതെവന്നതുകൊണ്ടാണ് ഈ പ്രയാസങ്ങളൊക്കെ ഉണ്ടായതെന്ന് നമുക്കെല്ലാവർക്കും അറിയാം. മുൻഗണനാ ലിസ്റ്റിൽ അർഹരായ ആളുകൾ അവഗണിക്കപ്പെട്ടതും അനർഹർ കടന്നുകൂടിയതും എങ്ങനെയാണെന്നുള്ള ധാരാളം വിവരങ്ങൾ മാധ്യമങ്ങൾ ഇപ്പോൾ പുറത്തുകൊണ്ടുവന്നിട്ടുണ്ട്. ഈ സഭയിൽത്തന്നെ പല ഘട്ടങ്ങളിലായി അത്തരം കാര്യങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിൽ കക്കോടി ഭാഗത്ത് 80 വയസ്സുള്ള ബേബിയെന്ന് പേരുള്ള സ്ത്രീയുടെ ഭർത്താവും രണ്ട് ആൺമക്കളും മരിച്ചു. ഗുരുതരമായ പാർക്കിസൻസ് രോഗം ബാധിച്ച അവർ വീട്ടിൽ ഒറ്റയ്ക്കാണ് താമസിക്കുന്നത്. അയൽവാസിയുടെ സഹായത്തോടെയാണ് അവർ ജീവിക്കുന്നത്. പക്ഷേ പുതിയ ലിസ്റ്റ് അനുസരിച്ച് അവർ എ.പി.എൽ. കാറ്റഗറിയിലാണ് വരുന്നത്. ദാരിദ്ര്യ രേഖയ്ക്ക് താഴെയല്ല വരുന്നത്. ആറ്റിങ്ങലിൽ മഴ പെയ്താൽ ചോരുന്ന വീടും കൂലിപ്പണിക്കാരനായ മകനുമുള്ള പ്രായം ചെന്നതും വിധവയുമായ ഒരു സ്ത്രീയുടെ പ്രതിമാസ വരുമാനം 5 ലക്ഷം രൂപയാണെന്നാണ് ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയ ലിസ്റ്റിലുള്ളതെന്നുള്ള ഒരു റിപ്പോർട്ട് വായിക്കുകയുണ്ടായി. മത്സ്യത്തൊഴിലാളികളെ സൈനികനെന്നും സിവിൽ സർവ്വീസ് ഉദ്യോഗസ്ഥനെന്നുമുള്ള കാറ്റഗറിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇങ്ങനെയുള്ള ധാരാളം അപാകതകൾ വന്നിട്ടുണ്ട്. ഇപ്പോൾ ഗവൺമെന്റുതന്നെ ഉത്തരവ് കൊടുത്ത് അനർഹരായ ആളുകൾ കടന്നുകൂടിയതിനെ സംബന്ധിച്ച് പരിശോധന നടക്കുകയാണ്. കോഴിക്കോട് മിനിഞ്ഞാന്ന് പയ്യാനക്കൽ ഭാഗത്ത് ഡിപ്പാർട്ട്മെന്റിലെ ആളുകൾ സ്ക്വാഡ് പോയപ്പോൾ മുൻഗണനാ ലിസ്റ്റിൽപ്പെട്ടിട്ടുള്ള 50 വീടുകളിൽ നിന്ന് പരാതി വന്നത് പരിശോധിച്ചു. അതിൽ 43 വീടുകളിലും അനർഹരായ ആളുകളാണ്. വലിയ വീടും കാറുമൊക്കെയുള്ള ആളുകൾ ഇതിൽ വന്നിരിക്കുന്നു. അവർ സർക്കാർ ഉദ്യോഗസ്ഥരാണെന്നല്ല, ബിസിനസ്സുള്ളവർ,

ഗൾഫ് നാട്ടുകളിൽ ജോലിയുള്ളവർ ഒക്കെയാണ്. ഗവൺമെന്റ് ഇപ്പോൾ നല്ല കാര്യം ചെയ്തിരിക്കുകയാണ്. സർക്കാർ ഉദ്യോഗസ്ഥരാരെങ്കിലും ഈ ലിസ്റ്റിൽ കടന്നുകൂടിയിട്ടുണ്ടെങ്കിൽ, അനർഹമായി വന്നിട്ടുണ്ടെങ്കിൽ സ്വയം ഒഴിഞ്ഞു പോകണമെന്നുള്ള സർക്കാർ നിർദ്ദേശം നല്ല കാര്യമാണ്. സർക്കാർ ഉദ്യോഗസ്ഥർ അതിൽനിന്ന് സ്വാഭാവികമായും പിന്മാറും. അവരുടെ വിവരങ്ങൾ ഗവൺമെന്റിന്റെ മുമ്പാകെ വരുമെന്നുള്ളതുകൊണ്ട് ഒഴിഞ്ഞുപോകാൻ സന്നദ്ധമാകും. പക്ഷേ മറ്റുള്ളവർ സ്വമേധയാ ഒഴിഞ്ഞുപോകണമെന്നില്ല. അങ്ങനെയുള്ള ആളുകളിൽ കുറച്ചുപേരെയാണ് ഇപ്പോൾ കണ്ടെത്താനായിട്ടുള്ളത്. വസ്തുതകൾ മറച്ചുവച്ചും തെറ്റായ വിവരങ്ങൾ നൽകിയും കുറെയധികം ആളുകളെയെങ്കിലും ഇങ്ങനെ അനർഹമായി ആനുകൂല്യങ്ങൾ കൈപ്പറ്റാൻ പ്രേരിപ്പിക്കുന്നത് കേവലം അരിയുടെ മാത്രം പ്രശ്നമല്ല; സൗജന്യമായി അരി കിട്ടുന്നത് മാത്രമല്ല. വിദ്യാഭ്യാസ ആനുകൂല്യം, ചികിത്സയ്ക്കുള്ള ആനുകൂല്യം എന്നിവയൊക്കെ കിട്ടുന്നതിന്റെ ഭാഗമായാണ് തെറ്റ് ചെയ്യാൻ പലരും പ്രേരിപ്പിക്കപ്പെടുന്ന സാഹചര്യമുണ്ടാകുന്നത്. ഈ വസ്തുത നമ്മൾ ശരിയായ നിലയിൽ പരിശോധിച്ച് അനർഹരെ പൂർണ്ണമായും ഒഴിവാക്കാനും അർഹരായ ആളുകൾക്കെല്ലാം ഈ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ശക്തമായ ഇടപെടലുണ്ടാകേണ്ടതുണ്ട്. നമ്മൾ തന്നെ നിഷ്കർഷിച്ച ഗവൺമെന്റ് ഉത്തരവനുസരിച്ച് ആവിഷ്കരിച്ച മാനദണ്ഡങ്ങൾ പലതരത്തിലും വിനയായി മാറിയിട്ടുണ്ട്. പല കാറ്റഗറിയിലുമുള്ള ആളുകൾക്ക് മാർക്ക് നൽകുന്നുണ്ട്. തൊഴിൽ രഹിതരായിട്ടുള്ള ആളുകൾക്ക് 5 മാർക്ക് കൊടുക്കുന്നു. ഒരു വീട്ടിൽ നാല് തൊഴിൽ രഹിതരുണ്ട് എന്നാണ് അവർ സ്വയം സത്യവാങ്മൂലം നൽകിയതെങ്കിൽ അവർക്ക് 20 മാർക്ക് കിട്ടുകയാണ്. അങ്ങനെ കൊടുത്ത സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. തൊഴിൽ രഹിതന് പ്രായപരിധിയില്ല. 15, 18 വയസ്സായാലും 70 വയസ്സുള്ള മുത്തശ്ശി ആണെങ്കിലും തൊഴിൽ രഹിതനെന്ന് എഴുതിയാൽ ഈ ആനുകൂല്യങ്ങൾ ലഭിക്കുന്ന സാഹചര്യം വരികയാണ്. അതുപോലെ വിധവ ഒരു കാറ്റഗറിയാണ്. അതിന് മാർക്കുണ്ട്. മുൻഗണനാ ലിസ്റ്റിൽ വരാൻ സഹായകരമായിട്ടുള്ളതാണ്. വിധവക്ക് പ്രായപരിധിയില്ല. ചെറിയ പ്രായത്തിൽ വിധവയായ, കുട്ടികളെ പഠിപ്പിക്കാൻപോലും വിഷമിക്കുന്ന ആളുകൾ പരിഗണിക്കപ്പെടണമെന്നുള്ളത് കൊണ്ടാണ് ആ മാനദണ്ഡം വച്ചതെങ്കിലും ജോലിയുള്ള ആൺമക്കൾ ഉൾപ്പെടെയുള്ള പ്രായമുള്ള വിധവകൾ ഈ അർഹതയിലേയ്ക്ക് വരികയാണ്. ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ട്. വരുമാനമൊന്നുമില്ലാത്ത ഒരു കുടുംബത്തിലെ ദമ്പതി കട്ട് ഓഫ് മാർക്കിന്റെ പരിധിയിൽ വരാത്തതുകൊണ്ട് പുറന്തള്ളപ്പെടുന്നു. മറ്റ് ചില സാമൂഹ്യ വിഭാഗങ്ങൾക്കും സർക്കാർ ഉദ്യോഗമുള്ളവർക്കുമൊക്കെ ചിലപ്പോൾ ജീവിതമാർഗ്ഗങ്ങളുണ്ടാകും; അവർ ഈ പരിഗണനയിൽ വരണ്ട. പക്ഷേ ആ സമൂഹത്തെയാകെ ഈ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്.

മത്സ്യത്തൊഴിലാളികൾ, കയർ, കശുവണ്ടി മേഖലയിലുള്ളവർ, തോട്ടം തൊഴിലാളികൾ തുടങ്ങിയവർ എറ്റവും ദുരിതമനുഭവിക്കുന്ന വിഭാഗങ്ങളാണ്. ആ ക്ലാസിനെ ഒന്നായി ഈ ലിസ്റ്റിൽ കൊണ്ടുവരുന്നതിനാവശ്യമായ നടപടി ഇപ്പോൾ കൈക്കൊണ്ടിട്ടില്ല. അത് കൈക്കൊള്ളണം. അങ്ങനെ മാത്രമേ ലിസ്റ്റിൽ ഇപ്പോൾ കടന്നുകൂടിയ അപാകതകൾ പൂർണ്ണമായും പരിഹരിക്കാൻ കഴിയുകയുള്ളൂ. സർക്കാർ ഉദ്യോഗസ്ഥരും മറ്റും ഇതിനകത്ത് കടന്നുകൂടിയിട്ടുണ്ടെങ്കിൽ സ്വയം ഡിക്ലയർ ചെയ്ത് ഒഴിവായി പോകണമെന്ന് ഇപ്പോൾ ഗവൺമെന്റ് പ്രഖ്യാപിച്ചത് നല്ല കാര്യമാണ്. അങ്ങനെ കുറെയധികം ആളുകൾ ഒഴിവായി പോയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. സർക്കാർ ഉദ്യോഗസ്ഥരുടെ സത്യാവസ്ഥ കൃത്യമായി ഗവൺമെന്റിന്റെ മുന്നിൽ വരുമെന്നുള്ളതുകൊണ്ടാണ് അവർ ഒഴിവായിപ്പോകുന്നത്. അല്ലാത്ത ആളുകളെ ഇപ്പോൾ നടക്കുന്ന പരിശോധനയും സ്ക്വാഡ് പ്രവർത്തനവും ശക്തമാക്കി ഒഴിവാക്കുന്നതോടൊപ്പം സാമൂഹ്യ വിഭാഗങ്ങളിൽപ്പെട്ട മത്സ്യത്തൊഴിലാളികൾ, കയർ, കശുവണ്ടി മേഖയിലുള്ള തൊഴിലാളികൾ, പരമ്പരാഗത മേഖലയിൽപ്പെട്ട തോട്ടം തൊഴിലാളികൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ തുടങ്ങിയവരെ പൂർണ്ണമായും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങളും സൗജന്യങ്ങളും ലഭ്യമാക്കുന്നതിനാവശ്യമായ ശക്തമായ നിലപാട് എത്രയും പെട്ടെന്ന് സ്വീകരിക്കണം. ഗവൺമെന്റിന്റെ പ്രയാസങ്ങളും പരിമിതിയുമൊക്കെ എല്ലാവർക്കും മനസ്സിലാകുമെങ്കിലും സമൂഹത്തിന് നീതി കൊടുക്കണമെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, സർക്കാർ ഉത്തരവ് (കൈ) നമ്പർ 112/12/ത.സ്വ.ഭ.വ. തീയതി 27-4-2012, സർക്കാർ ഉത്തരവ് (കൈ) നമ്പർ 16/2011/ത.സ്വ.ഭ.വ. തീയതി 14-1-2011 എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മാനദണ്ഡങ്ങൾക്കനുസരിച്ച് റേഷൻ കടകൾ മുഖേന വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റ് ഫോമിൽ കാർഡുടമകൾ സ്വയം പൂരിപ്പിച്ച് നൽകിയ അപേക്ഷകൾ പ്രകാരമാണ് മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം ആകെ 15480040 ഗുണഭോക്താക്കളെ മാത്രമേ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിയമം അനുശാസിക്കുന്നുള്ളൂ.

സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം 2013 നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ ലിസ്റ്റ്, സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി കരട് ലിസ്റ്റ് 20-10-2016-ൽ പ്രസിദ്ധീകരിച്ചു. അപേക്ഷകളിൽ ശരിയായ വിവരങ്ങൾ രേഖപ്പെടുത്താതെയും ഡാറ്റാ എൻട്രിയിൽ വന്ന ചില

പിഴവുകൾ മൂലവും അനർഹർ ഉൾപ്പെടുകയും അർഹർ മുൻഗണനാ പട്ടികയിൽ ഉൾപ്പെടാതെയും പോയിട്ടുണ്ട്. കരട് മുൻഗണനാ പട്ടിക ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിൽ താലൂക്ക് സപ്ലൈ ആഫീസ്, വില്ലേജ് ആഫീസ്, പഞ്ചായത്ത് ആഫീസ്, കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലും വെബ്സൈറ്റിലും ആക്ഷേപങ്ങളും പരാതികളും സ്വീകരിക്കുന്നതിനായി പ്രസിദ്ധപ്പെടുത്തുകയും ലഭ്യമായ ആക്ഷേപങ്ങളിലും പരാതികളിലും പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ആഫീസർ, സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റി ഹിയറിംഗ് നടത്തി തീർപ്പ് കൽപ്പിച്ചിരുന്നു. ടി തീരുമാനത്തിൽ ആക്ഷേപമുള്ളവർ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ സപ്ലൈ ആഫീസർ കൺവീനറും ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എ.ഡി.സി. ജനറൽ, ജില്ലാ സോഷ്യൽ വെൽഫയർ ഓഫീസർ എന്നിവരടങ്ങുന്ന അപ്പീൽ കമ്മിറ്റിക്ക് പരാതി സമർപ്പിച്ച് പരിഹാരം ഉണ്ടാക്കുകയും ചെയ്തിരുന്നു.

തുടർന്ന് വിവിധ ജില്ലകളിലായി 1673422 ആക്ഷേപങ്ങളും പരാതികളും ലഭിച്ചു. ഇത് 7861 കമ്മിറ്റികൾ കൂടി നേർക്കാഴ്ച നടത്തി 1524161 അന്വേഷണം നടത്തുകയും ആയതിന്മേൽ 1293868 അപേക്ഷകൾ അർഹരാണെന്ന രീതിയിൽ സ്വീകരിക്കുകയും 230293 എണ്ണം അനർഹരാണെന്ന് കണ്ടെത്തുകയും ചെയ്തു. പരാതിക്കാരിൽ 149261 പേർ അന്വേഷണത്തിന് ഹാജരായില്ല. ഈ വിവരങ്ങൾ പരിഗണിച്ച് ലിസ്റ്റ് തയ്യാറാക്കി. ഈ ലിസ്റ്റ് സംസ്ഥാനത്തെ 941 ഗ്രാമപഞ്ചായത്തുകളിലും 87 മുനിസിപ്പാലിറ്റികളിലും 6 മുനിസിപ്പൽ കോർപ്പറേഷനുകളിലും അംഗീകാരത്തിനായി നൽകി. 543 പഞ്ചായത്തുകൾ ലിസ്റ്റ് അംഗീകരിച്ച് മടക്കി നൽകി. 360 പഞ്ചായത്തുകൾ അഭിപ്രായങ്ങൾ ഒന്നും തന്നെ നൽകിയില്ല. 40 പഞ്ചായത്തുകൾ ലിസ്റ്റ് മടക്കി നൽകിയിട്ടില്ല. മുനിസിപ്പാലിറ്റികളിൽ 44 എണ്ണം അഭിപ്രായം ഒന്നുംതന്നെ നൽകിയില്ല. 39 എണ്ണം ലിസ്റ്റ് അംഗീകരിച്ചുനൽകി. ഇതിനെത്തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് അർഹരാണെന്ന് കാണിച്ച് 288222 കാർഡുടമകളുടെയും 35897 അനർഹരുടെയും ലിസ്റ്റ് ലഭിച്ചു. കൂടാതെ വിവിധ തലങ്ങളിൽ അനർഹരാണെന്ന് കാണിച്ച് 186926 അപേക്ഷകൾ ലഭിച്ചിരുന്നു. അന്വേഷണത്തിൽ 102002 കാർഡുകൾ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സമയബന്ധിതമായി റേഷൻ കാർഡ് നൽകേണ്ടി വന്നതിനാൽ അനർഹരെന്ന് കണ്ടെത്തിയവരെ പ്രത്യേകം സീൽ പതിപ്പിച്ച് പൊതുവിഭാഗം കാർഡുകളാക്കി മാറ്റി. റേഷൻ കാർഡ് വിതരണം പൂർത്തീകരിച്ച് വന്നതോടെ നിരവധി ആളുകൾ അനർഹമായി മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടുവെന്ന് പരാതി

ലഭിക്കുകയും അവ സത്യമാണെന്ന് ബോധ്യപ്പെടുകയും ചെയ്തു. സംസ്ഥാനത്തെ സർക്കാർ/അർദ്ധസർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വകലാശാല ജീവനക്കാർ, സംസ്ഥാന-ജില്ലാ-പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർ, ദേശസാൽകൃത/ഷെഡ്യൂൾഡ് ബാങ്ക് ജീവനക്കാർ, സർക്കാർ നിയന്ത്രണത്തിലുള്ള കോർപ്പറേഷനുകൾ, ലിമിറ്റഡ് കമ്പനികൾ എന്നിവയിലെ ജീവനക്കാർ എന്നിവർ കൂടാതെ സംസ്ഥാനത്ത് പെൻഷൻ/കുടുംബപെൻഷൻ കൈപ്പറ്റുന്നവർ, സംസ്ഥാന-ജില്ലാ-പ്രാഥമിക സഹകരണ സംഘങ്ങളിലെ പെൻഷണർമാർ എന്നിവരിൽ നിന്നും ചിലർ അനർഹമായി മുൻഗണനാ പട്ടികയിൽ കടന്നുകൂടിയതായി കണ്ടെത്തിയ സാഹചര്യത്തിൽ അത്തരക്കാർക്ക് സ്വമേധയാ ഒഴിഞ്ഞുമാറാൻ സർക്കാർ നിർദ്ദേശം നൽകുകയും നടപടികൾ കർക്കശമാക്കുകയും ചെയ്തു. തുടർന്ന് ഈ വിഭാഗത്തിൽ 27344 കാർഡുടമകൾ സ്വമേധയാ നിലവിൽ മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാകുകയും ചെയ്തിട്ടുണ്ട്. വകുപ്പുതല അന്വേഷണത്തിൽ ഉൾപ്പെടെ നിലവിൽ 127546 കാർഡുകളുടെ ഉടമകൾ അനർഹരാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

റേഷൻ കാർഡുകളുടെ ഡാറ്റാബേസിൽ ആധാർ വിവരങ്ങളും ശേഖരിച്ചിട്ടുണ്ട്. ഏകദേശം 90 ശതമാനം ജനങ്ങളുടെ ആധാർ വിവരങ്ങൾ ഇതിനകം ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ കൃത്രിമ കാർഡുകൾ കണ്ടെത്തി ഒഴിവാക്കാൻ കഴിയുന്നതാണ്. അനർഹരായ നാലുചക്ര വാഹന ഉടമകളെ കണ്ടെത്താൻ മോട്ടോർ വാഹന വകുപ്പിൽ നിന്നും വിവരങ്ങൾ ശേഖരിക്കാനും 1000 ചതുരശ്ര അടിമേൽ വിസ്തീർണ്ണമുള്ള വീട്ടുടമകളെ കണ്ടെത്താൻ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും വിവരങ്ങൾ ശേഖരിക്കാനും വിദേശ ജോലിയുള്ളവരുടെ വിവരങ്ങൾ നോർക്കയിൽ നിന്നും ശേഖരിക്കാനും ഒരേക്കറിനുമേൽ ഭൂമിയുള്ളവരുടെ വിവരങ്ങൾ റവന്യൂ വകുപ്പിൽനിന്നും ശേഖരിക്കാനും സർക്കാർ നടപടിയെടുത്തിട്ടുണ്ട്. മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവായി പോയിട്ടുള്ള അർഹതപ്പെട്ട പട്ടികജാതി കുടുംബങ്ങളെയും മത്സ്യത്തൊഴിലാളികൾ, തോട്ടം, കയർ, കശുവണ്ടി തുടങ്ങിയ പരമ്പരാഗത തൊഴിലാളികൾ ഉൾപ്പെടുന്ന കുടുംബങ്ങളെയും പ്രത്യേക പരിഗണന നൽകി മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്താനും സർക്കാർ നടപടി സ്വീകരിക്കുന്നതാണ്.

ഭക്ഷ്യധാന്യ വിതരണത്തിന് പുറമെ സംസ്ഥാനത്ത് മണ്ണെണ്ണ, പഞ്ചസാര വിതരണത്തിനും പാചകവാതകം, കാർഷിക സബ്സിഡി, ചികിത്സാ

ധനസഹായം, വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾ മുഖാന്തരമുള്ള സഹായങ്ങൾ എന്നിവയ്ക്ക് റേഷൻ കാർഡ് ആധാരമാക്കാറുണ്ട്. മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവായി പോയിട്ടുള്ള അർഹതപ്പെട്ടവർക്ക് ചികിത്സാ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടാതിരിക്കാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരുടെ ഉത്തരവിൻ പ്രകാരം റേഷൻ കാർഡിൽ പ്രത്യേകം മുദ്ര പതിപ്പിച്ച് നൽകാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മേൽ പദ്ധതികളുടെ ആനുകൂല്യങ്ങൾ മുൻഗണനാ വിഭാഗത്തിൽപ്പെട്ട മുഴുവൻ പേർക്കും അനുവദിക്കാൻ കഴിയുമോ എന്ന കാര്യത്തിൽ സാമൂഹ്യ നീതി, ആരോഗ്യം, തദ്ദേശ സ്വയംഭരണം, കൃഷി എന്നീ വകുപ്പുകളുമായി കൂടിയാലോചിച്ച് നയപരമായ തീരുമാനമെടുക്കുന്നതാണ്.

പരാതിക്കാരെ നേരിൽ കേട്ടും ആവശ്യമായ കേസുകളിൽ വകുപ്പ് ഉദ്യോഗസ്ഥന്മാർ ഫീൽഡുതല പരിശോധന നടത്തിയും ഇക്കാര്യത്തിലുണ്ടായിട്ടുള്ള പരാതികൾ പൂർണ്ണമായും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, സർക്കാർ അനർഹരായവരെ ഒഴിവാക്കാനും സ്വയം ഒഴിഞ്ഞുപോകാനുമുള്ള നടപടികൾ ശക്തമായി സ്വീകരിക്കുകയാണ്. ഈ ലിസ്റ്റിനകത്തുതന്നെ വരാതെപോയ അർഹതപ്പെട്ടവരെന്ന് നമുക്കെല്ലാവർക്കും ബോധ്യപ്പെടുന്ന വലിയൊരു വിഭാഗമുണ്ട്. ഗവൺമെന്റിന്റെ ഉത്തരവില്ലാത്തതു കൊണ്ട് അവരുടെ അപേക്ഷ സ്വീകരിക്കുന്നില്ലെന്ന് കോഴിക്കോട് നടന്ന ഡി.ഡി.സി. യോഗത്തിലൊക്കെ പരാതിയായി ഉന്നയിച്ചിരുന്നു. അതു സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് വ്യക്തമായ മറുപടി പറയാനും കഴിഞ്ഞിട്ടില്ല. അർഹതപ്പെട്ടവരുടെ അപേക്ഷ സ്വീകരിക്കാനും അത് പരിശോധിച്ച് അർഹതപ്പെട്ടവർക്ക് റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, അർഹതപ്പെട്ടവർ ഇനിയും ഒഴിവായിട്ടുണ്ടെങ്കിൽ അവർക്ക് അപേക്ഷ നൽകാനുള്ള സമയമുണ്ട്. എല്ലാ താലൂക്ക് സപ്ലൈ ഓഫീസിലും ജില്ലാ സപ്ലൈ ഓഫീസിലും സെക്രട്ടേറിയറ്റിൽ ഡി.സി.എസ്.-നുമൊക്കെ അപേക്ഷ നൽകിക്കൊണ്ടിരിക്കുകയാണ്. അവർക്ക് ഇനിയും അപേക്ഷ കൊടുക്കാനുള്ള അവസരമുണ്ട്. എത്രയുംവേഗം അപേക്ഷ നൽകുകയാണ് വേണ്ടത്. കോഴിക്കോട് ജില്ലാ വികസന സമിതി യോഗത്തിൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി പങ്കെടുത്ത് അർഹതപ്പെട്ടവർക്ക് അപേക്ഷ നൽകാൻ ഇനിയും സമയമുണ്ടെന്ന് അറിയിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ഒരു തടസ്സവുമില്ല. അപേക്ഷ നൽകിയിട്ടില്ലാത്തവർ എത്രയുംവേഗം അപേക്ഷ നൽകണം. ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ഡ്യൂപ്ലിക്കേഷൻ വന്നിട്ടുണ്ട്. അപേക്ഷ നൽകിയവർ ഇനി നൽകേണ്ടതില്ല.

## (2) അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, സംസ്ഥാനത്ത് പൊതുമേഖലയിലും സംയുക്തമേഖലയിലും പ്രവർത്തിക്കുന്ന ഇൽമനൈറ്റ് അസംസ്കൃത പദാർത്ഥമായി ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന വ്യവസായശാലകൾ ഇൽമനൈറ്റിന്റെ ദൗർലഭ്യംമൂലം പ്രതിസന്ധി നേരിടുകയാണ്. നമ്മുടെ സംസ്ഥാനത്ത് കൊല്ലം, ആലപ്പുഴ ജില്ലകളിൽ സുലഭമായി ലഭിക്കുന്ന കരിമണൽ വേർതിരിച്ചാണ് ഇൽമനൈറ്റ് എടുക്കുന്നത്. ഇൽമനൈറ്റ് മൊത്തമായി ശേഖരിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.എൽ. (Indian Rare Earths Limited)-ന് സംസ്ഥാന ഗവൺമെന്റ് ഖനനത്തിന് നൽകിയിട്ടുള്ള സ്ഥലത്ത് ഖനനം നടത്താത്തതും ഐ.ആർ.ഇ.എൽ-ന്റെ മിനറൽ സെപ്പറേഷനുള്ള കപ്പാസിറ്റി യൂട്ടിലൈസേഷൻ നടത്താത്തതും കാരണമാണ് വ്യവസായ സ്ഥാപനങ്ങൾക്ക് ഇൽമനൈറ്റ് നൽകാൻ സാധിക്കാതെ വരുന്നത്. ചവറയിൽ തന്നെയുള്ള സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ കെ.എം.എം.എൽ (Kerala Minerals and Metals Limited)-ന് അവരുടെ കപ്പാസിറ്റി യൂട്ടിലൈസേഷൻ അസാധ്യമാകുന്നത് ഇൽമനൈറ്റ് കിട്ടാത്തതുമൂലമാണ്. കെ.എം.എം.എൽ-ന് നാൽപ്പതിനായിരം ടൺ ടൈറ്റാനിയം ഡയോക്സൈഡ് പിഗ്മെന്റ് ഉൽപ്പാദിപ്പിക്കണമെങ്കിൽ എൺപതിനായിരം ടൺ ഇൽമനൈറ്റ് ആവശ്യമാണ്. ട്രാവൻകൂർ ടൈറ്റാനിയത്തിന് മുപ്പതിനായിരം ടൺ ഇൽമനൈറ്റ് വേണം. എന്റെ നിയോജകമണ്ഡലത്തിൽ ഇടയാർ ഇൻഡസ്ട്രിയൽ ഏരിയയിൽ പ്രവർത്തിക്കുന്ന ആയിരത്തിലധികം പേർക്ക് തൊഴിലസരം ലഭിക്കുന്ന സി.എം.ആർ.എൽ. (Cochin Minerals and Rutile Limited) കമ്പനിക്ക് ഒരു ലക്ഷം ടൺ ഇൽമനൈറ്റ് പ്രതിവർഷം ആവശ്യമുണ്ട്. ഇവിടെ കഴിഞ്ഞ വർഷം ഐ.ആർ.ഇ.എൽ നൽകിയത് കേവലം പത്തൊൻപതിനായിരത്തി അഞ്ഞൂറ്റി നാൽപ്പത് ടൺ മാത്രമാണ്. ബാക്കി അസംസ്കൃത പദാർത്ഥം കമ്പനി വലിയ നഷ്ടം സഹിച്ച് വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുകയാണ്. നമ്മുടെ സംസ്ഥാനത്ത് സുലഭമായി ലഭിക്കുന്ന ഗുണമേന്മയുള്ള ഇൽമനൈറ്റ് നമുക്ക് ആവശ്യത്തിന് എടുക്കാവുന്നതാണ്. അത് ആവശ്യത്തിന് ലഭ്യമാക്കാത്തതുമൂലം സി.എം.ആർ.എൽ. പ്രതിസന്ധി നേരിടുകയാണ്. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫാക്ടറികൾക്ക് ഐ.ആർ.ഇ.എൽ. വേണ്ടത്ര ഇൽമനൈറ്റ് കൊടുക്കുന്നില്ലെന്ന് മാത്രമല്ല കൊടുക്കുന്ന ഇൽമനൈറ്റിന് അന്തർദേശീയ മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വില ഈടാക്കുകയാണ്. ഈ വർഷംതന്നെ ഐ.ആർ.ഇ.എൽ. 65 ശതമാനം വില വർദ്ധിപ്പിക്കുകയുണ്ടായി. ഐ.ആർ.ഇ.എൽ-ന്റെ കപ്പാസിറ്റി യൂട്ടിലൈസേഷൻ ഉറപ്പുവരുത്തി ഇൽമനൈറ്റിന് വാർഷികവില വ്യവസ്ഥ നിശ്ചയിച്ച് നമ്മുടെ സംസ്ഥാനത്തെ ഫാക്ടറികൾക്കാവശ്യമുള്ള ഇൽമനൈറ്റ് നൽകാനുള്ള നടപടികൾ സ്വീകരിക്കണം. എന്റെ മണ്ഡലത്തിലെ ഇടയാറുള്ള സി.എം.ആർ.എൽ. കമ്പനിക്ക് ഇൽമനൈറ്റ് ലഭിക്കാത്തതുമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് എന്ന കമ്പനിക്ക് ഖനനം ചെയ്യുന്നതിന് നാല് മൈനിംഗ് ലീസുകളാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. ഐ.ആർ.ഇ.എൽ. ചവറ യൂണിറ്റ് ബിറ്റ്സ് സാന്റ് ഖനനം ചെയ്യുകയും ആയതിലുള്ള ഇൽമനൈറ്റ് വേർതിരിച്ച് കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടെയിൽ ലിമിറ്റഡ് (CMRL), കെ.എം.എം.എൽ., റ്റി.റ്റി.പി.എൽ. എന്നീ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നുമുണ്ട്. 2006-നുശേഷം ഐ.ആർ.ഇ.എൽ.-ൽ നിന്നും ഇൽമനൈറ്റ് കയറ്റുമതി ചെയ്തിട്ടില്ല. ഖനനാനുമതിയും ചവറ പ്ലാന്റിൽ രണ്ട് ലക്ഷം ടൺ വാർഷിക ഉല്പാദനശേഷിയുമുണ്ടെങ്കിൽപ്പോലും സാമൂഹിക-രാഷ്ട്രീയ കാരണങ്ങളാൽ ആവശ്യാനുസരണമുള്ള കരിമണൽ ഖനനം ചെയ്യാനോ സെപ്പറേഷൻ പ്ലാന്റിലേയ്ക്ക് കൊണ്ടുപോകുന്നതിനോ ഐ.ആർ.ഇ.എൽ-ന് സാധിച്ചിട്ടില്ല. നിലവിൽ മൊത്തം ഉല്പാദനശേഷിയുടെ മുപ്പത്തിമൂന്ന് ശതമാനം മാത്രമേ ഉപയോഗിക്കാൻ കഴിയുന്നുള്ളൂ. കേരളത്തിലെ കമ്പനികൾക്ക് ഇൽമനൈറ്റ് ലഭ്യത ഉറപ്പുവരുത്താനുള്ള നടപടിയുടെ ഭാഗമായി ഒഡീഷയിലെ ഓസ്കോം യൂണിറ്റിൽ നിന്നും ഇൽമനൈറ്റ് ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും അവിടത്തെ മണലിൽ നിന്നും ഗുണമേന്മയുള്ള ഇൽമനൈറ്റ് ലഭ്യമാകാത്തതിനാൽ അത് ആരും വാങ്ങാൻ തയ്യാറാകുന്നില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. സി.എം.ആർ.എൽ.-ന്റെ വിഷയത്തിൽ കഴിഞ്ഞ സാമ്പത്തികവർഷം ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിന്റെ കൈവശം ആവശ്യത്തിന് ഇൽമനൈറ്റ് ഉണ്ടായിരുന്നപ്പോൾ ആയത് സി.എം.ആർ.എൽ.-ന് നൽകാൻ ഐ.ആർ.ഇ.എൽ. തയ്യാറായിരുന്നുവെങ്കിലും ധാതു കൊണ്ടുപോകുന്നതിനുള്ള നടപടി സി.എം.ആർ.എൽ. സ്വീകരിച്ചിരുന്നില്ലെന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇൽമനൈറ്റ് ഓപ്പൺ ജനറൽ ലൈസൻസ് വ്യവസ്ഥയിൽ ഇറക്കുമതി ചെയ്യുകയും ആയത് രാജ്യന്തര വിപണിയിലെ വിലയിൽ വിതരണം ചെയ്തുവരുകയും ചെയ്യുന്നുണ്ട്. കേന്ദ്രപൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.എൽ.-ന് വിലനിയന്ത്രണ നിയമം അനുസരിച്ചാണ് ഇൽമനൈറ്റ് വില രാജ്യാന്തര വിപണിയുമായി താരതമ്യം ചെയ്ത് നിശ്ചയിച്ചുവരുന്നത്. സ്വാഭാവികമായും വാർഷിക വിലനിർണ്ണയം പ്രായോഗികമല്ല എന്നതാണ് അവരുടെ നയപരമായ തീരുമാനം. കേരള പൊതുമേഖലാ സ്ഥാപനമായ കേരള മെറ്റൽസ് ആന്റ് മിനറൽസ് ലിമിറ്റഡ് ഉൾപ്പെടെയുള്ള കമ്പനികൾക്കും മേൽപ്രകാരം നിശ്ചയിച്ചിരിക്കുന്ന വിലയിലാണ് ഐ.ആർ.ഇ.എൽ. ഇൽമനൈറ്റ് നൽകിവരുന്നത്. തന്മൂലം വാർഷികവ്യവസ്ഥയിൽ വില നിശ്ചയിച്ച് സി.എം.ആർ.എൽ.-ന് ഇൽമനൈറ്റ് നൽകണമെന്ന ആവശ്യം പ്രായോഗികമല്ലെന്ന് അവർ അറിയിച്ചിട്ടുണ്ട്. ഐ.ആർ.ഇ.എൽ.- ചവറ യൂണിറ്റ് അസംസ്കൃത വസ്തുവായ കരിമണലിന്റെ ലഭ്യതക്കുറവുമൂലം കടുത്ത സാമ്പത്തിക

പ്രതിസന്ധി നേരിടുകയാണെന്നത് വസ്തുതയാണ്. സംസ്ഥാനത്തിന്റെ തീരപ്രദേശത്തുള്ള ധാതുമണലിന്റെ ലഭ്യത, സംഭരണം, വിപണനം തുടങ്ങിയവയെക്കുറിച്ച് നിലവിലുള്ള കേന്ദ്ര-സംസ്ഥാന ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ ഒരു സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാനും ഇപ്രകാരം സംഭരിക്കുന്ന ധാതുമണൽ കേരള സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സി.എം.ആർ.എൽ. ഉൾപ്പെടെയുള്ളവയ്ക്കും അതിനുപുറമെ സ്വകാര്യമേഖലയ്ക്കെല്ലാം വിൽക്കാനും കെ.എം.എം.എൽ.-ന്റെയും ഐ.ആർ.ഇ.എൽ.-ന്റെയും അനുവദിച്ചുകിട്ടിയ ബ്ലോക്കുകൾക്ക് പുറത്ത് തോട്ടപ്പിള്ളിയിൽ ബ്ലോക്ക് നമ്പർ 9 ധാതുമണൽ സംഭരിക്കുന്നതിന്, അതിന്റെ പ്രായോഗികത തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തി സാധ്യതാ പഠനം നടത്തുന്നതിനും ധാതുമണൽ സംഭരണവും വിപണനവും നടത്തുന്നതിന് സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷനെ സജ്ജമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഇക്കാര്യത്തിൽ വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിനും കെ.എസ്.ഐ.ഡി.സി.-യെ ചുമതലപ്പെടുത്തിയതനുസരിച്ച് കെ.എസ്.ഐ.ഡി.സി. നടപടികൾ സ്വീകരിച്ചു വരുകയാണ്. കൂടുതൽ ധാതുമണൽ സംഭരിക്കുന്നതിനുള്ള പ്രായോഗിക വശങ്ങൾ, നാട്ടുകാരുടെ പ്രതിഷേധം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഈ സഭ ചർച്ച ചെയ്തതാണ്. ഇപ്പോൾ തോട്ടപ്പിള്ളിയിൽ തന്നെയുള്ള ഡ്രഡ്ജിംഗ് കഴിഞ്ഞ് കിടക്കുന്ന മണൽ എടുക്കാൻ പ്രയാസങ്ങൾ അനുഭവപ്പെടുന്നുണ്ട്. ഉദ്യോഗസ്ഥ തലത്തിൽ അതിനുള്ള യോഗം നടന്നു. മണൽ സംഭരിക്കുന്നതിനുവേണ്ടിയുള്ള പ്രായോഗിക പ്രയാസങ്ങളാണ് ഐ.ആർ.ഇ.എൽ.-നെ പ്രതിസന്ധിയിലാക്കുന്നത് എന്നുള്ള സാഹചര്യമാണ് ഇപ്പോഴുള്ളത്. അതിൽ ഒരു പൊതു അഭിപ്രായം ഉണ്ടായിവരേണ്ടതുണ്ട്.

11.00 AM]

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, 65 ശതമാനം വിലയാണ് ഈ സാമ്പത്തികവർഷം ഐ.ആർ.ഇ.എൽ. ഉയർത്തിയത്. പൊതുമേഖലാ സ്ഥാപനങ്ങൾക്കും സംയുക്തമേഖലയ്ക്കും ആ വില കൊടുക്കേണ്ട സ്ഥിതിയുണ്ട്. കെ.എം.എം.എൽ. കുറച്ച് ലാഭമുണ്ടാക്കുന്നുണ്ടെങ്കിൽ അസംസ്കൃത വസ്തുക്കൾ ന്യായമായ വിലയ്ക്ക് കിട്ടണം. അതുതന്നെ സ്വകാര്യ മേഖലയ്ക്കും സംയുക്തമേഖലയ്ക്കും ബാധകമാക്കണം. ഐ.ആർ.ഇ.എൽ.-ന്റെ മാനേജ്മെന്റിനെയും അവരെ നിയന്ത്രിക്കുന്ന ഇന്ത്യാ ഗവൺമെന്റിന്റെ ഉദ്യോഗസ്ഥരേയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും പങ്കെടുപ്പിച്ച് ഒരു കോൺഫറൻസ് നടത്തി കേരളത്തിലുള്ള സ്ഥാപനങ്ങൾക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നത് തടയുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എ. സി. മൊയ്തീൻ: സർ, രാജ്യാന്തര വിലയുമായി ബന്ധപ്പെടുത്തിയാണ് അസംസ്കൃത വസ്തുക്കളുടെ മാർക്കറ്റ് വില നിശ്ചയിക്കുന്നത്. രാജ്യാന്തര വിപണിയിൽ വില കുറയുമ്പോൾ ഇവിടെയും വില കുറയ്ക്കും. രാജ്യാന്തര വിപണിയിൽ വില കൂടുമ്പോൾ ഇവിടെയും വില കൂട്ടും എന്നുള്ള നയമാണ് സ്വീകരിക്കുന്നത്. അത് തിരുത്താൻ നയപരമായ തീരുമാനമുണ്ടാകണം. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നേരത്തെ ഒരു യോഗം ചേർന്നിരുന്നു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ഈ വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ബന്ധപ്പെട്ട അധികൃതരുടെ യോഗം വിളിച്ചുചേർക്കാം.

## IV. സബ്മിഷൻ

### (1) കൊല്ലം തോടിന്റെ പുനരുദ്ധാരണം

ശ്രീ. എം. മുകേഷ്: സർ, അഷ്ടമുടി കായലിനെയും പരവൂർ കായലിനെയും തമ്മിൽ ബന്ധിപ്പിച്ച് കൊല്ലം നഗരത്തിൽ സ്ഥിതി ചെയ്യുന്ന കൊല്ലം തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ അനന്തമായി നീളുന്ന സാഹചര്യത്തിൽ നിലവിലുള്ള കരാർ അവസാനിപ്പിച്ച് അവശേഷിക്കുന്ന പ്രവൃത്തികൾ റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത-3-നെയും കൊല്ലം-കോവളം സംസ്ഥാന ജലപാതയേയും തമ്മിൽ ബന്ധിപ്പിച്ച് കൊല്ലം നഗരഹൃദയത്തിൽ ചരക്ക് ഗതാഗതത്തിന്റെയും വാണിജ്യത്തിന്റെയും പ്രൗഢമായ ഗതകാലസ്മരണകൾ പേറുന്ന കൊല്ലം തോട് അനധികൃത കയ്യേറ്റംമൂലവും ആശുപത്രികളിൽ നിന്നും ഹോട്ടലുകളിൽ നിന്നും വീടുകളിൽ നിന്നുമുള്ള മാലിന്യനിക്ഷേപംമൂലവും നഗരത്തിലെ കുപ്പത്തൊട്ടിയായി പരിണമിച്ച ഘട്ടത്തിലാണ് 2014-ൽ എട്ട് കിലോമീറ്റർ ദൈർഘ്യമുള്ള തോടിന്റെ പുനരുദ്ധാരണം ലക്ഷ്യമിട്ട് 9,20,00,000 രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി ഭരണാനുമതി ലഭ്യമാക്കിയത്. ഉൾനാടൻ ജലഗതാഗത വകുപ്പുമുഖേന കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് 19-6-2014-ൽ നിർമ്മാണ കരാർ നൽകിയത്. കൊല്ലം നിയോജകമണ്ഡല പരിധിയിൽ അഷ്ടമുടിക്കായൽ മുതൽ കൊച്ചുപിലാമൂട് പാലം വരെ നാല് റീച്ചുകളിലായിട്ടാണ് പണി ക്രമീകരിച്ചിരുന്നത്. 16 മാസമാണ് നിർമ്മാണ കാലാവധിയായി നിശ്ചയിച്ചിരുന്നത്. 2015 ഒക്ടോബറിൽ പണി പൂർത്തീകരിക്കുന്നതിന് വ്യവസ്ഥ ചെയ്തിരുന്നെങ്കിലും നാല് തവണയായി 22 മാസം കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. അതായത് 38 മാസത്തിനുശേഷവും രണ്ട് റീച്ചുകളിലായി 43 ശതമാനം പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചത്. തുടക്കം മുതൽ മന്ദഗതിയിലായിരുന്ന

നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ പൂർണ്ണമായും നിലച്ച സാഹചര്യത്തിലാണ്. പൊതുജനങ്ങളിൽ നിന്നും വലിയ തോതിലുള്ള പ്രതിഷേധങ്ങൾക്കും അവമതിപ്പിനും ഇടയാക്കിയിരിക്കുകയാണ്. നിർമ്മാണപ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി നിർവ്വഹണ ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും യോഗങ്ങൾ പലതവണ ചേർന്നിരുന്നെങ്കിലും കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 24-5-2017-ൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും ഒരു യോഗം ചേർന്നു. ആഗസ്റ്റ് 30-ന് മുമ്പായി 70 ശതമാനം പണികൾ പൂർത്തിയാക്കുമെന്ന് കരാറുകാരായ കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഉറപ്പുനൽകിയിരുന്നെങ്കിലും യോഗാനന്തരം ഒരു ദിവസംപോലും പണി നടന്നിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഗുരുതര വീഴ്ചയാണ് ഇക്കാര്യത്തിലുണ്ടായിരിക്കുന്നത്. ജലഗതാഗത വികസനത്തിനും വിനോദസഞ്ചാര വികസനത്തിനും അനന്തസാധ്യതയുള്ള കൊല്ലം തോടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ അനന്തമായി നീളുന്ന സാഹചര്യത്തിൽ നിലവിലുള്ള കരാർ അവസാനിപ്പിച്ച് അവശേഷിക്കുന്ന പ്രവൃത്തികൾ റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇരവിപുരം കായലിനെയും അഷ്ടമുടി കായലിനേയും ബന്ധിപ്പിക്കുന്ന 7.86 കിലോമീറ്റർ നീളം വരുന്ന കൊല്ലം തോട് ജലപാത കൊല്ലം നഗരഹൃദയത്തിലൂടെയാണ് കടന്നുപോകുന്നത്. തോടിന്റെ പുനരുദ്ധാരണം ആറ് റീച്ചുകളിലായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. ആറാമത്തെ റീച്ചിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഒന്ന്, നാല്, അഞ്ച് എന്നീ റീച്ചുകൾ ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റിലെ കരാർ ഉടമ്പടിപ്രകാരം 450 ദിവസത്തെ പ്രവൃത്തി പൂർത്തീകരണ കാലാവധിയിൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിന് 19-6-2014-ന് നൽകുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം അത് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. കരാർ ഏറ്റെടുത്ത കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ഈ പ്രവൃത്തി ശ്രീനാരായണ കൺസ്ട്രക്ഷൻ (പി.) ലിമിറ്റഡ് എന്ന സ്ഥാപനത്തിന് ഉപകരാർ നൽകിയിട്ടുണ്ട്. ക്ലിപ്ത സമയത്ത് പണി തീർക്കാൻ കഴിയാത്തതിനാൽ നാല് തവണയായി 31-8-2017 വരെ കാലാവധി നീട്ടിക്കൊടുക്കുകയുണ്ടായി. കൺസ്ട്രക്ഷൻ കോർപ്പറേഷനെ പോലെയുള്ള സ്ഥാപനത്തിന് പണി ഏൽപ്പിക്കുന്നത് അവർ കരാർ കൊടുക്കാൻ വേണ്ടിയല്ല, അവർ തന്നെ പണി നടത്താൻ വേണ്ടിയാണ്. പക്ഷേ നിർഭാഗ്യകരമായ ഒരു കാര്യം ഇവിടെ സംഭവിക്കുന്നത്, ഇതുപോലുള്ള

സ്ഥാപനങ്ങൾ പണി ഏറ്റെടുക്കുകയും പ്രവൃത്തി ചെയ്യുന്നതിന് വേറെ ആളിനെ ഏർപ്പെടുത്തുകയും ചെയ്യുകയാണ്. ഇത് ഒരു നല്ല സമ്പ്രദായമാണെന്ന് തോന്നുന്നില്ല. ഞാൻ നേരത്തെ ബഹുമാന്യനായ പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി സംസാരിക്കുകയുണ്ടായി. ആ സമ്പ്രദായം ഇപ്പോൾ അവസാനിപ്പിച്ചിട്ടുണ്ട്, ഇനി അങ്ങനെ ചെയ്യാൻ പാടില്ലെന്ന് പറഞ്ഞിട്ടുണ്ട്. ഈ അവസ്ഥ മറ്റ് ചില സ്ഥാപനങ്ങളും നമ്മുടെ സംസ്ഥാനത്ത് തുടരുന്നുണ്ട്. അത് അവസാനിപ്പിക്കാൻ നമുക്ക് കഴിയണം. 24-5-2017-ന് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഓരോ റീച്ചിലെയും പുരോഗതി വിലയിരുത്തിയപ്പോൾ ഒന്നാം റീച്ചിൽ 72 ശതമാനം നാലാം റീച്ചിൽ 20 ശതമാനം അഞ്ചാം റീച്ചിൽ 85 ശതമാനം എന്നിങ്ങനെ വളരെ മന്ദഗതിയിലുള്ള പുരോഗതിയാണ് കാണാൻ കഴിഞ്ഞത്. ആഗസ്റ്റ് മാസത്തോടെ നാലാം റീച്ചിന്റെ പ്രവൃത്തികൾ 70 ശതമാനമെങ്കിലും തീർക്കാമെന്ന് കരാറുകാരൻ ഉറപ്പ് നൽകിയിരുന്നു. എങ്കിലും സൈറ്റിൽ യാതൊരു പുരോഗതിയും ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യത്തിൽ ആഗസ്റ്റ് 20-ന് പ്രവൃത്തി പുരോഗതി വിലയിരുത്തുന്നതിന് യോഗം വിളിച്ചിട്ടുണ്ട്. വേണ്ടത്ര പുരോഗതിയില്ലെങ്കിൽ സർക്കാർ ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

## (2) ജുമാ-അത്ത് പള്ളിയിലെ അക്രമം

ശ്രീ. പി. ഉബൈദുള്ള: സർ, മലപ്പുറം ജില്ലയിലെ പന്തല്ലൂർ മുടിക്കോട് ജുമാ-അത്ത് പള്ളിയിൽ കയറി ഇമാമിനെയും പ്രാർത്ഥനയ്ക്കെത്തിയ വിശ്വാസികളെയും ആക്രമിച്ച കേസ്സിലെ മുഴുവൻ പ്രതികളെയും പിടികൂടേണ്ടതിന്റെയും അടച്ചുപൂട്ടിയ പള്ളി ആരാധനയ്ക്കായി ഉടൻ തുറന്നുകൊടുക്കേണ്ടതിന്റെയും ആവശ്യകത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. മുടിക്കോട് ജുമാ-മസ്ജിദ് 150-ലേറെ വർഷം പഴക്കമുള്ള പള്ളിയാണ്. 2014 ഡിസംബർ 26-ന് ചേർന്ന പള്ളിക്കമ്മിറ്റി ജനറൽ ബോഡി യോഗത്തിലാണ് ആദ്യമായി വിരലിലെണ്ണാവുന്ന ചുരുക്കം ചിലയാളുകൾ ഭാരവാഹി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് തർക്കമുന്നയിക്കുന്നത്. ഇതിനെത്തുടർന്ന് ആ യോഗം തീരുമാനമാകാതെ പിരിഞ്ഞു. ഒരു വിഭാഗമാളുകൾ ഈ പ്രശ്നത്തിന് പരിഹാരമാവശ്യപ്പെട്ട് വഖഫ് ബോർഡിനെ സമീപിച്ചു. വഖഫ് ബോർഡ് വിചാരണ നടത്തി ഇരുവിഭാഗങ്ങളുടെയും വാദം കേട്ട് തെരഞ്ഞെടുപ്പിന് ഉത്തരവിട്ടു. വഖഫ് ബോർഡ് നിയോഗിച്ച റിട്ടേണിംഗ് ഓഫീസറുടെ നേതൃത്വത്തിൽ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് തെരഞ്ഞെടുപ്പ് നടത്തി. ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയാണ് പള്ളിയുടെ ഭരണച്ചുമതല ഇതുവരെയും

നിർവ്വഹിച്ചുവന്നത്. അതിനിടയിലാണ് യാതൊരു പ്രകോപനവുമില്ലാതെ 28-7-2017 വെള്ളിയാഴ്ച ജുമ നടക്കുന്ന സമയത്ത് പ്രശ്നത്തിന് തുടക്കം കുറിക്കുന്നത്. പള്ളിയുടെ പരിപാലത്തിനുവേണ്ടി എല്ലാ വെള്ളിയാഴ്ചയും ബക്കറ്റ് പിരിവ് നടത്താറുണ്ട്. ആ ബക്കറ്റ് കളക്ഷൻ നടന്നുകൊണ്ടിരിക്കെ രണ്ടുമൂന്നുപേർ ചേർന്ന് ആ ബക്കറ്റ് തട്ടിപ്പറിച്ച് ഓടുകയുണ്ടായി. പള്ളിക്കമ്മിറ്റി ഭാരവാഹികൾ ഇതുമായി ബന്ധപ്പെട്ട് പോലീസിൽ പരാതി നൽകിയെങ്കിലും ഒരു നടപടിയും പോലീസിന്റെ ഭാഗത്തുനിന്നുണ്ടായില്ല. അതിനെത്തുടർന്നാണ് വീണ്ടും 31-7-2017-ൽ മഗ്രിബ് നമസ്കാരം നടക്കുന്ന സമയത്ത് പള്ളി ഇമാമിനെ മെഹ്റാബിൽ വച്ച് അക്രമിസംഘം വടിവാൾ കൊണ്ട് വെട്ടിക്കൊല്ലാൻ ശ്രമിച്ചത്. നമസ്കരിച്ചുകൊണ്ടിരുന്ന വിശ്വാസികൾക്ക് നേരെയും ക്രൂരമായ അക്രമം അഴിച്ചുവിട്ടു. പള്ളി ഇമാമിനെ മെഹ്റാബിൽ വച്ച് വെട്ടിക്കൊല്ലാൻ ശ്രമിക്കുക എന്നത് ഒരു പക്ഷേ നമ്മുടെ സംസ്ഥാന ചരിത്രത്തിൽ ആദ്യത്തെ സംഭവമായിരിക്കും. അതിനിഷ്ഠുരമായ ഈ സംഭവം കഴിഞ്ഞ് 8 ദിവസം പിന്നിട്ടിട്ടും അക്രമികളെ പിടികൂടാൻ പോലീസ് തയ്യാറായിട്ടില്ലെന്നത് വളരെ ഖേദകരമായ കാര്യമാണ്. അങ്ങയെപ്പോലുള്ള ഒരു നല്ല മതേതരവാദിയായ നേതാവ് ഒരിക്കലും ഒരു പള്ളി അടച്ചുപൂട്ടേണ്ട സാഹചര്യം ഉണ്ടാക്കാൻ പാടില്ലായിരുന്നു. ഇവിടെ അക്രമികളെ പിടികൂടുന്നതിന് മുമ്പ് ധൃതിപിടിച്ച് ആർ.ഡി.ഒ. ഇരുവിഭാഗത്തെയും വിളിച്ചുചേർത്ത് ഏകപക്ഷീയമായി പള്ളി അടച്ചുപൂട്ടാൻ തീരുമാനിക്കുകയായിരുന്നു. ഈ അക്രമത്തിന് നേതൃത്വം കൊടുത്തവരെ പിടികൂടി നാട്ടിൽ സമാധാനം സ്ഥാപിച്ച് വിശ്വാസികൾക്ക് ആരാധനയ്ക്ക് അവസരം ഒരുക്കുന്നതിനുമുമ്പ് ധൃതിപിടിച്ച് പള്ളി അടച്ചുപൂട്ടാൻ എടുത്ത തീരുമാനം നേരത്തെ പ്ലാൻ ചെയ്ത് പദ്ധതിയുടെ ഭാഗമായിട്ടായിരുന്നോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അക്രമികളെ പള്ളിയിലേക്ക് ഇറക്കിവിട്ട് അതിന്റെ പേരിൽ പള്ളി അടച്ചുപൂട്ടാൻ നേരത്തേ പദ്ധതി ആസൂത്രണം ചെയ്തോ എന്നാണ് ജനങ്ങൾ ഇപ്പോൾ സംശയിക്കുന്നത്. പള്ളിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങളിലൊക്കെ നിഷ്പക്ഷ നിലപാടായിരിക്കും സ്വീകരിക്കുകയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മതസംഘടന നേതാക്കന്മാരുടെ യോഗങ്ങളിൽ ഉറപ്പുനൽകിയതാണ്. പക്ഷേ ആ നിഷ്പക്ഷ നിലപാടല്ല അവിടെ സ്വീകരിച്ചുകാണുന്നതെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. ആയതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് മുടിക്കോട് ജുമാ-അത്ത് പള്ളിയിൽ കയറി അക്രമം അഴിച്ചുവിട്ട ക്രിമിനലുകളെ പിടികൂടി നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നതിനും വിശ്വാസികൾക്കുവേണ്ടി എത്രയും വേഗം ആരാധന കർമ്മം നിർവ്വഹിക്കാൻ പള്ളി തുറന്ന് കൊടുക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മലപ്പുറം മുടിക്കോട് എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന മദാരിജുൽ ഇസ്ലാഹ് സംഘം മസ്ജദിൽ ഭരണസമിതിയെച്ചൊല്ലി ഇരുവിഭാഗം വിശ്വാസികൾ തമ്മിൽ തർക്കം തുടർന്നുവരുന്നതും ഇരുവിഭാഗവും തമ്മിൽ നിരവധി തവണ അക്രമമുണ്ടാകുകയും ഇരുവിഭാഗത്തിൽപ്പെട്ടവർക്ക് പരിക്കേൽക്കാനിടയാകുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 2015 മുതൽ നാളിതുവരെ 13 കേസ്സുകൾ പാണ്ടിക്കാട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനുപുറമെ ഇരുവിഭാഗങ്ങൾക്കുമെതിരെ Cr.PC 107 പ്രകാരം നടപടി സ്വീകരിച്ചിട്ടുള്ളതും വെള്ളിയാഴ്ചതോറും പ്രാർത്ഥനാ വേളയിൽ പോലീസ് സേനയെ വിന്യസിക്കുകയും ക്രമസമാധാന പാലനം നടത്തിയിട്ടുള്ളതുമാണ്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ 31-7-2017-ൽ പള്ളിയിൽ പ്രാർത്ഥന നടന്നുവരവെ ഒരു സംഘമാളുകൾ പള്ളിയിൽ കയറി പ്രാർത്ഥനയ്ക്ക് നേതൃത്വം വഹിച്ചിരുന്ന പള്ളി ഇമാം ആയ മുഹമ്മദ് ബഷീർ ദാരിമിയെയും മറ്റ് മൂന്ന് പേരെയും ദേഹോപദ്രവം ഏൽപ്പിച്ച് പ്രശ്നങ്ങളുണ്ടാക്കിയതുമായി ബന്ധപ്പെട്ട് ക്രൈം 137/17 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇതുവരെ രണ്ട് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റ് പ്രതികൾ ഒളിവിൽ പോയിരിക്കുകയാണ്. ഒളിവിൽ പോയ പ്രതികളെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിതശ്രമങ്ങൾ നടത്തിവരികയാണ്. ഇക്കാര്യത്തിൽ Cr.PC 145 പ്രകാരം പോലീസ് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെരിന്തൽമണ്ണ സബ്ഡിവിഷണൽ മജിസ്ട്രേറ്റ് അനുരഞ്ജന ശ്രമം നടത്തിയെങ്കിലും ഇരുവിഭാഗവും തങ്ങളുടെ നിലപാടുകളിൽ ഉറച്ചു നിൽക്കുകയാണുണ്ടായത്. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനായി Cr.PC 146(1) പ്രകാരം ജുമാ മസ്ജിദ് താൽക്കാലികമായി സീൽ ചെയ്യുകയും ഏറനാട് ഡെപ്യൂട്ടി തഹസീൽദാരെ (ഇലക്ഷൻ) റിസീവറായി നിയമിക്കുകയും 4-8-2017-ന് റിസീവർ ഭരണം ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പള്ളിതുറന്ന് ആരാധന നടത്തുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## (3)പിന്നോക്കാവസ്ഥ പരിഹരിക്കൽ

ശ്രീ. മോൻസ് ജോസഫ് : സർ, കേരളത്തിലെ വിശ്വകർമ്മജരുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിവിധ പദ്ധതികളുടെ ന്യൂനതകൾ പരിഹരിച്ച് എത്രയുംവേഗം നടപ്പാക്കുന്നത് സംബന്ധിച്ചാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. വിശ്വകർമ്മ സമുദായത്തിന്റെ വിവിധ സമ്മേളനങ്ങളിൽ പരാതിയായി ഇക്കാര്യം ഉന്നയിക്കപ്പെടുന്ന സാഹചര്യത്തിലാണ് പ്രശ്നപരിഹാരത്തിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

ശ്രദ്ധയിൽ ഇക്കാര്യങ്ങൾ കൊണ്ടുവരുന്നത്. വിശ്വകർമ്മജരെ പരമ്പരാഗത തൊഴിലാളികളായി അംഗീകരിച്ചുകൊണ്ടും അവരുടെ പിന്നോക്കാവസ്ഥ പഠിച്ച് റിപ്പോർട്ട് നൽകാനുമായി ഡോ. പി. എൻ. ശങ്കരൻ കമ്മീഷനെ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ സമയത്ത് നിയമിക്കുകയുണ്ടായി. അതേത്തുടർന്ന് 14 ജില്ലകളിലും സിറ്റിംഗ് നടത്തിയതിന്റെ റിപ്പോർട്ട് നിയമസഭയിൽ വയ്ക്കുകയും റിപ്പോർട്ടിന്റെ തുടർനടപടികൾ ഇപ്പോൾ സ്വീകരിക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയാണ് ഞാൻ ഉന്നയിക്കുന്നത്. ഈ റിപ്പോർട്ട് ചർച്ച ചെയ്ത് നടപ്പാക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കേണ്ടത് നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യമാണ്. അതുപോലെതന്നെ വിശ്വകർമ്മജരെ പരമ്പരാഗത തൊഴിലാളികളായി അംഗീകരിച്ചുകൊണ്ട് 13-ാം കേരള നിയമസഭയിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കെ. എം. മാണി സാർ അറുപത് വയസ്സ് കഴിഞ്ഞ വിശ്വകർമ്മജർക്ക് പെൻഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അൻപതിനായിരം രൂപ വരുമാന പരിധി നിശ്ചയിച്ചുകൊണ്ട് 4600-ഓളം അപേക്ഷകൾ വന്നതായാണ് സർക്കാർ രേഖകളിൽ കാണുന്നത്. ഇതിൽ വളരെ കുറച്ചുപേർക്ക് മാത്രമാണ് പെൻഷൻ നൽകാൻ സാധിച്ചത്. പരമാവധി അർഹതപ്പെട്ടവർക്ക് പെൻഷൻ കൊടുക്കാൻ കഴിയുന്ന വിധത്തിൽ ഇക്കാര്യം പ്രത്യേകം പരിശോധിക്കണമെന്നാണ് വിശ്വകർമ്മ സമൂഹം ഇപ്പോൾ ആവശ്യപ്പെടുന്നത്. വർഷങ്ങളായി നിലനിൽക്കുന്ന ഒരാവശ്യമെന്ന നിലയിൽ അർഹതപ്പെട്ട എല്ലാവർക്കും പെൻഷൻ കൊടുക്കാൻ കഴിയുന്ന വിധത്തിലുള്ള നടപടികൾ സർക്കാർ തലത്തിൽ പ്രത്യേകമായി പരിശോധിക്കേണ്ടതായിട്ടുണ്ട്. അതുപോലെ, ഇ.എസ്.ഐ. ആനുകൂല്യം വിശ്വകർമ്മ സമൂഹത്തിന് പരമ്പരാഗത തൊഴിലാളികളെന്ന നിലയിൽ ലഭിക്കണമെന്ന ആവശ്യവും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം, തൊഴിൽ രംഗത്ത് പരമ്പരാഗത തൊഴിൽ ചെയ്യുന്നവരെന്ന നിലയിൽ വിശ്വകർമ്മജർക്ക് എന്നും മഹത്വപൂർണ്ണമായ സ്ഥാനം നൽകിയിട്ടുള്ള സംസ്ഥാനമാണ് നമ്മുടേത്. ഭരണരംഗത്ത് ഇപ്പോൾ അനുകൂലമായി സ്വീകരിച്ചിട്ടുള്ള നടപടികൾ പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനായി നിലനിൽക്കുന്ന ചില ന്യൂനതകൾ പരിഹരിക്കുവാനും അർഹതപ്പെട്ട എല്ലാവർക്കും ന്യായമായ ആനുകൂല്യങ്ങൾ കൊടുക്കാൻ കഴിയുന്ന വിധത്തിൽ വിശ്വകർമ്മ സമൂഹത്തിന്റെ ഈ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, വിശ്വകർമ്മ സമുദായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ പഠനം പൂർത്തിയാക്കി

31-12-2014-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ വിവിധ വകുപ്പുകൾ മുഖാന്തരം നടപ്പിലാക്കേണ്ട ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായംകൂടി പരിഗണിച്ചശേഷം മാത്രമേ ഡോ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിക്കുന്നതിൽ അന്തിമ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. അത് സമയബന്ധിതമായിത്തന്നെ നടപ്പാക്കാൻ ശ്രമിക്കുന്നതുമാണ്. മറ്റ് പെൻഷനുകളൊന്നും ലഭിക്കാത്ത, വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടതും 60 വയസ്സ് കഴിഞ്ഞതും ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വരുമായവർക്ക് 500 രൂപ പെൻഷൻ നൽകിവരുന്നുണ്ട്. നിലവിലുള്ള മറ്റ് സാമൂഹ്യ സുരക്ഷ പെൻഷനുകൾക്കുള്ള വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായി ഏകീകരിക്കുകയും പെൻഷൻ തുക ആയിരം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ചിട്ടുള്ള പെൻഷനും മേൽപ്പറഞ്ഞ പ്രകാരം ആയിരം രൂപയായി ഉയർത്തുന്നതാണ്.

## (4) ധനസഹായം

ശ്രീ. കാരാട്ട് റസാഖ്: സർ, ഇക്കഴിഞ്ഞ 5-ാം തീയതി ശനിയാഴ്ച കോഴിക്കോട്-വയനാട് ദേശീയ പാതയിൽ പുതുപ്പാടി കൈതപൊയിലെ എലിക്കാട് എന്ന സ്ഥലത്തുവച്ചുണ്ടായ വാഹനാപകടത്തിൽ ഒരു കുടുംബത്തിലെ 6 പേരും അവർ സഞ്ചരിച്ചിരുന്ന ജീപ്പിന്റെ ഡ്രൈവറുമടക്കം 7 പേരും. ഏതാനും നിമിഷങ്ങൾക്കുമുമ്പ് ഒരു കുട്ടിയും കൂടി മരണപ്പെട്ടിരിക്കുകയാണ്. മൊത്തം മരണസംഖ്യ 8 ആയി. നിരവധി പേർക്ക് പരിക്കേറ്റു. ഇതിൽ നാലുപേർ ഇപ്പോഴും കോഴിക്കോട് വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. ഇതിൽ ഒരു കുട്ടിയുടെ നില വളരെ ഗുരുതരമാണ്. കുരുവൻപൊയിൽ വടക്കേക്കര അബ്ദുറഹിമാൻ (65), ഭാര്യ സുബൈദ (55), ഇവരുടെ പേരക്കുട്ടികളായ മുഹമ്മദ് നിഷാൽ, ആയിഷ നൂഹ, ഫാത്തിമ ജസ, ഫാത്തിമ ഹന എന്നിവരും ജീപ്പ് ഡ്രൈവർ വയനാട് ജില്ലയിലെ വട്ടവഞ്ചാൽ പുളിമൂട്ടിൽ പ്രമോദ് എന്നിവരടക്കം 7 പേരെ കൂടാതെ ഇപ്പോൾ മരണപ്പെട്ടതുൾപ്പെടെ മരണസംഖ്യ 8 ആയിരിക്കുകയാണ്. മരണപ്പെട്ട 8 പേരും സാമ്പത്തികമായി ഏറെ ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബത്തിലെ അംഗങ്ങളാണ്. ചികിത്സയിൽ കഴിയുന്നവർക്ക് ഇതിനകം വലിയ സാമ്പത്തിക ബാദ്ധ്യത വന്നിട്ടുണ്ട്. മരണപ്പെട്ട അബ്ദുറഹിമാന്റെ മകൻ ഷാജഹാനും ഷാജഹാന്റെ ഭാര്യ ഹസീന, സഹോദരി ഷെഫീന എന്നിവരും കൂടാതെ ഒരു കുട്ടിയും വളരെ ഗുരുതരമായ ചികിത്സയിലുമാണ്. ഷാജഹാന്റെ സഹോദരി ഷെഫീന ഓമശ്ശേരി ശാന്തി ആശുപത്രിയിലും ഭാര്യ ഹസീന സഹകരണ ആശുപത്രിയിലും ചികിത്സയിലാണ്. കോഴിക്കോട് ബേബി മെമ്മോറിയൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച പേരക്കുട്ടികളിൽ ഒരാളുടെ നില അതീവഗുരുതരമാണ്. ഇവർക്ക്

സർജറി നടത്തിയതിന് രണ്ടുലക്ഷം രൂപ ഇതിനകം ചെലവായിട്ടുണ്ട്. കുടുംബത്തിന്റെ നാഥനായിരുന്ന ജീപ്പ് ഡ്രൈവർ പ്രമോദിന് പ്രായമേറിയ രോഗിയായ മാതാവും ഭാര്യയും മൂന്ന് വയസ്സുള്ള ഒരു മകളുമുണ്ട്. ഈ കുടുംബങ്ങൾക്ക് അടിയന്തരമായി ഗണ്യമായ സാമ്പത്തിക സഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ഇന്നലെ ബഹുമാന്യനായ മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. അതുകൊണ്ട് മരണപ്പെട്ടവർക്കും ചികിത്സയിൽ കഴിയുന്നവർക്കും ആവശ്യമായ നഷ്ടപരിഹാരം നൽകുന്നതിനും ചികിത്സയിൽ കഴിയുന്നവർക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കാനും സർക്കാരിന്റെ ഭാഗത്തുനിന്ന് ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നടന്നത് അത്യന്തം ദൗർഭാഗ്യകരമായ ഒരു സംഭവമാണ്. അതിൽ നമ്മളെല്ലാവരും ദുഃഖിതരുമാണ്. ഇന്നലെ ഒരു നിവേദനം നൽകുകയും അതേ വിഷയം ഇന്ന് സബ്മിഷൻ അവതരിപ്പിക്കുകയും ചെയ്യുന്നത് സാധാരണ നിലയ്ക്ക് മനസ്സിലാക്കാൻ കഴിയാത്ത ഒരു കാര്യമാണ്. ഇത്തരം അപകടങ്ങൾ സംഭവിച്ചാൽ അതുമായി ബന്ധപ്പെട്ട ആശ്വാസനടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാണ്. അതിനകത്ത് മറ്റ് യാതൊരു പരിഗണനയുമില്ല. അപകടം സംഭവിച്ച നിർഭാഗ്യവാന്മാർക്കൊപ്പം കഴിയാവുന്നത്ര താങ്ങായി നിൽക്കുകയെന്നുള്ളതുതന്നെയാണ് സർക്കാരിന്റെ സമീപനം. അത് ഇക്കാര്യത്തിലും ചെയ്യുന്നതാണ്.

## (5) പുലിമുട്ട് നിർമ്മാണം

ശ്രീ. വി. എസ്. ശിവകുമാർ: സർ, എന്റെ നിയോജകമണ്ഡലമായ തിരുവനന്തപുരത്തെ തീരദേശ മേഖലയിലെ ജനങ്ങളുടെ പ്രധാന ആവശ്യമാണ് ബീമാപള്ളി - പൂന്തുറ പ്രദേശങ്ങളിലെ പുലിമുട്ട് നിർമ്മാണം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ബീമാപള്ളി പുലിമുട്ട് നിർമ്മാണത്തിന് അതീവ പ്രാധാന്യം നൽകുകയും അതിനായി 16.7 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ബീമാപള്ളി പുലിമുട്ട് നിർമ്മാണത്തിനുള്ള മറ്റ് നടപടികൾ പൂർത്തീകരിച്ച് 2016 ഫെബ്രുവരിയിൽ നിർമ്മാണമാരംഭിക്കുകയും ചെയ്തു. എന്നാൽ പ്രവൃത്തി തടസ്സമില്ലാതെ തുടരാൻ സാധിക്കുന്നില്ല. നിർമ്മാണത്തിനാവശ്യമായ പാറക്കല്ലുകളുടെ ലഭ്യതക്കുറവാണ് പുലിമുട്ടുകളുടെ നിർമ്മാണം തുടർച്ചയായി നിർത്തിവയ്ക്കേണ്ട സ്ഥിതിവിശേഷമുണ്ടാക്കിയത്. ഈ സാഹചര്യത്തിൽ തടസ്സങ്ങൾ ഒഴിവാക്കി തീരദേശത്തിന്റെ സംരക്ഷണത്തിനായി ബീമാപള്ളി പുലിമുട്ട് എത്രയുംവേഗം യാഥാർത്ഥ്യമാക്കുന്നതിനും സമയബന്ധിതമായി അത് പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

അതുപോലെതന്നെ, പൂന്തുറ പുലിമുട്ടുകളുടെ സ്ഥിതിയും വ്യത്യസ്തമല്ല. പൂന്തുറ പുലിമുട്ടുകൾ ശിഥിലമായതിനെത്തുടർന്ന് എത്രയുംവേഗം പുലിമുട്ടുകൾ നിർമ്മിക്കണമെന്നാവശ്യപ്പെട്ട് മേജർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതേത്തുടർന്ന് മേജർ ഇറിഗേഷൻ വകുപ്പ് 8.3 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു. എന്നാൽ നാളിതുവരെ ഇക്കാര്യത്തിൽ യാതൊരു നടപടിയുമുണ്ടായിട്ടില്ല. ഫയൽ ഇപ്പോഴും മേജർ ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ മുമ്പാകെ പെൻഡിംഗിലാണ്. ഈ എസ്റ്റിമേറ്റിനുമേൽ എത്രയുംവേഗം ഭരണാനുമതി പുറപ്പെടുവിക്കുന്നതിനും റെക്റ്റിഫിക്കേഷൻ പ്രവൃത്തികൾ എത്രയുംവേഗം ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ബീമാപള്ളിയിൽ 15 പുലിമുട്ടുകൾ നിർമ്മിക്കാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2014-ൽ 16.7 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. 5-10-2016-ൽ ആരംഭിച്ച പ്രവൃത്തി പുരോഗതിയിലാണ്. 61 ലക്ഷം രൂപയുടെ പ്രവൃത്തികൾ മാത്രമാണ് ഇതിനകം പൂർത്തിയാക്കിയിട്ടുള്ളത്. പൂന്തുറയിൽ ഐ.ഐ.ടി. മദ്രാസിന്റെ പഠന റിപ്പോർട്ട് പ്രകാരം 8 പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 20 മീറ്ററിന്റെ ഒരു പുലിമുട്ട് പൂർണ്ണമായും ബാക്കിയുള്ളവ ഭാഗികമായും നശിച്ചുകഴിഞ്ഞു. ആയതിന്റെ പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. കേരളത്തിന്റെ തീര പ്രദേശങ്ങൾക്ക് അനുയോജ്യമായ കടലാക്രമണ പ്രതിരോധ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി 5-8-2017-ൽ സർക്കാർ ഉത്തരവ് പ്രകാരം ഒരു സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശവും ഇക്കാര്യത്തിൽ കണക്കിലെടുക്കുന്നതാണ്.

### (6) തൂക്കുപാലത്തിന്റെ നവീകരണം

ശ്രീമതി പി. അയിഷാ പോറ്റി : സർ, കൊല്ലം, പത്തനംതിട്ട ജില്ലകളെ ബന്ധിപ്പിക്കുന്ന (കൊട്ടാരക്കര മണ്ഡലത്തിലെ കുളക്കട പഞ്ചായത്തിനെയും അടൂർ മണ്ഡലത്തിലെ ഏഴംകുളം പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന) കല്ലടയാറിന് കുറുകെ നമ്പിമൺ കടവിൽ സ്ഥിതി ചെയ്യുന്ന തൂക്കുപാലം നവീകരിക്കുന്നത് സംബന്ധിച്ചാണ് ഈ സബ്മിഷൻ. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് റവന്യൂ വകുപ്പിൽനിന്നും അനുവദിച്ച ഫണ്ട് ചെലവഴിച്ച് 2012 ജൂൺ മാസത്തിൽ തൂക്കുപാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിരുന്നു. KEL ആണ് നിർമ്മാണം നടത്തിയത്. അവർ നൽകിയ വാറണ്ടി കാലാവധി 2014 മേയ് മാസത്തിൽ

കഴിഞ്ഞിരുന്നു. മൂന്ന് വർഷമായി യാതൊരു അറ്റകുറ്റപ്പണിയും ചെയ്യാതെ പാലത്തിന്റെ കൈവരികളും നടക്കുന്ന ഇരുമ്പ് പ്ലേറ്റും ദ്രവിച്ച് വളരെ അപകടാവസ്ഥയിലാണ് നിലനിൽക്കുന്നത്. കുളക്കട സ്കൂളിൽ പഠിക്കുന്ന ധാരാളം കുട്ടികളും ആളുകളും നടന്നുപോകുന്ന ഈ പാലം അടിയന്തരമായി അറ്റകുറ്റപ്പണികൾ ചെയ്ത് സഞ്ചാരയോഗ്യമാക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ കല്ലടയാറിന് കുറുകെ നമ്പിമൺ കടവിലെ തൂക്കുപാലം അപകടാവസ്ഥയിലാണെന്ന വാർത്തയെത്തുടർന്ന് കൊല്ലം നിരത്ത് വിഭാഗത്തിലെ പൊതുമരാമത്ത് ഉദ്യോഗസ്ഥർ 8-2-2017-ന് പ്രസ്തുത പാലം പരിശോധിക്കുകയുണ്ടായി. ഏനാത്ത് പാലത്തിൽനിന്നും ഏകദേശം 2 കിലോമീറ്റർ upstream ആയി സ്ഥിതിചെയ്യുന്ന പ്രസ്തുത പാലം പത്തനംതിട്ട ജില്ലയിലെ ഏഴംകുളം പഞ്ചായത്തിനെയും കൊല്ലം ജില്ലയിലെ കുളക്കട പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്നതാണ്. പാലത്തിന് ഇരുവശത്തുമുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ളതല്ല. ഏകദേശം 5 വർഷങ്ങൾക്കുമുമ്പ് ജില്ലാ ദുരന്ത നിവാരണ സമിതിയുടെ ഭാഗമായി കേരള ഇലക്ട്രിക്കൽസ് ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡാണ് പാലം നിർമ്മിച്ചതെന്നും പൊതുമരാമത്ത് വകുപ്പല്ല നിർമ്മിച്ചതെന്നും മനസ്സിലാക്കാൻ സാധിച്ചു. ഈ പാലം പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുമില്ല. ഈ തൂക്കുപാലത്തിലൂടെയാണ് ഇളംഗമംഗലം പ്രദേശത്തെ വിദ്യാർത്ഥികൾ കുളക്കട സ്കൂളിൽ വരുന്നതും പോകുന്നതും. ആയതിനാൽ ഈ പാലത്തിലൂടെയുള്ള യാത്രക്കാരുടെ എണ്ണം ധാരാളമാണ്. പാലം പണികഴിപ്പിച്ചശേഷം വാർഷിക അറ്റകുറ്റപ്പണികളൊന്നും ചെയ്തിട്ടില്ലെന്നും വ്യക്തമായിട്ടുണ്ട്. ഈ തൂക്കുപാലത്തിന്റെ suspension rods, support cables, hand rails, metal mesh cover for hand rails തുടങ്ങിയവ പല ഭാഗങ്ങളിലും തുരുമ്പിച്ചിട്ടുണ്ട്. Ferro cement foot slabs ദ്വാരം വീണ നിലയിൽ കാണപ്പെടുന്നു. കൂടാതെ ഏനാത്ത് പാലത്തിലൂടെയുള്ള ഗതാഗതം നിരോധിച്ചിരിക്കുന്നതിനാൽ ഈ പാലത്തിലൂടെയുള്ള കാൽനടയാത്രക്കാരുടെ എണ്ണം കൂടിയിട്ടുമുണ്ട്. മേൽപ്പറഞ്ഞ കാരണങ്ങളാൽ ഈ തൂക്കുപാലം നിർമ്മിച്ച ഏജൻസിയായ KEL മുഖേന എത്രയുംവേഗം പരിശോധന നടത്തുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ദുരന്തനിവാരണ ഫണ്ടോ സർക്കാരിൽനിന്നും ലഭ്യമാക്കുന്ന പ്രത്യേക ഫണ്ടോ ഉപയോഗിച്ച് ഈ പാലം നിർമ്മിക്കാവുന്നതാണ്. ദുരന്തനിവാരണ സമിതിതന്നെ നിർമ്മിക്കുന്നതായിരിക്കും ഉചിതം. അല്ലെങ്കിൽ ഈ പാലം പി.ഡബ്ല്യു.ഡി.-ക്ക് കൈമാറുകയും പ്രത്യേക ഫണ്ട് അനുവദിക്കുകയും ചെയ്താൽ പി.ഡബ്ല്യു.ഡി. പാലത്തിന്റെ അറ്റകുറ്റപ്പണികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതാണ്.

## (7) റോഡ് നിർമ്മാണവും സംരക്ഷണവും

ശ്രീ. അനൂപ് ജേക്കബ്: സർ, കാലവർഷത്തിനുശേഷം ഒട്ടനവധി റോഡുകൾ തകർന്നിരിക്കുകയാണ്. റോഡുകളുടെ മെയിന്റനൻസിനായി തുക അനുവദിക്കുമ്പോൾ ഓരോ നിയോജകമണ്ഡലത്തിലെയും റോഡുകളുടെ എണ്ണവും ദൈർഘ്യം അനുസരിച്ച് അറ്റകുറ്റപ്പണികൾക്കായി തുക ലഭ്യമാക്കണമെന്നാണ് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട റോഡുകളിലൊന്നാണ് കൂത്താട്ടുകുളത്തുനിന്നും മുളന്തുരുത്തിവരെയുള്ള നടക്കാവ് റോഡ്. ഈ റോഡ് 2008-ൽ ബി.എം. & ബി.സി. നിലവാരത്തിൽ ഉയർത്തിയതാണ്. 10 വർഷത്തോളമായി. ഇപ്പോൾ ആ റോഡ് തകർന്നു തുടങ്ങിയിരിക്കുകയാണ്. ആ റോഡ് അടിയന്തരമായി പുനരുദ്ധരിക്കേണ്ടതിന്റെ ആവശ്യകതയുണ്ട്. ജില്ലയിലെതന്നെ പ്രധാനപ്പെട്ട റോഡുകളിലൊന്നാണത്. ജില്ലയുടെ കിഴക്കൻ മേഖലകളിൽനിന്നും മറ്റ് കിഴക്കൻ ജില്ലകളിൽനിന്നും എറണാകുളത്തേയ്ക്ക് പോകാൻ ഉപയോഗിക്കുന്ന റോഡാണിത്. അതുകൊണ്ട് ആ റോഡ് പുനരുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഡ്ജറ്റിലെ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പരാമർശിക്കുന്ന പണികൾക്കുള്ള ഫണ്ട് ലഭ്യമാക്കുമ്പോൾ സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്തിയാണ് ഭരണാനുമതി നൽകുന്നത്. അതാത് മണ്ഡലങ്ങളിലെ റോഡുകളുടെ എണ്ണത്തിനും ദൈർഘ്യത്തിനും ആനുപാതികമായുള്ള തുക വകയിരുത്തുമ്പോൾ നിലവിലുള്ള റോഡുകളിലൂടെയുള്ള ഗതാഗതസൗകര്യത്തിലെ അപര്യാപ്തതയും ശോചനീയാവസ്ഥയും കണക്കിലെടുത്ത് ഗതാഗതം സുഗമമാക്കുന്നതിനുവേണ്ടിയുള്ള മറ്റ് സൗകര്യങ്ങൾക്ക് മുൻഗണന നൽകാറുണ്ട്. നോൺ-പ്ലാൻ ശീർഷകത്തിലെ റോഡുകളുടെ ദൈർഘ്യത്തിന് ആനുപാതികമായി പ്രവൃത്തിയുടെ ആവശ്യകത പരിഗണിച്ചാണ് അനുവദിക്കുന്നത്. മുളന്തുരുത്തി-പിറവം-ഒലിയപ്പുറം വരെയുള്ള 21.7 കിലോമീറ്റർ ദൈർഘ്യം വരുന്ന ഭാഗം 2009-നുശേഷം, അതായത് 8 വർഷക്കാലമായി പ്രധാന അറ്റകുറ്റപ്പണികളൊന്നും നടത്തിയിട്ടില്ലെന്നുള്ളത് ആശ്ചര്യകരമായ ഒരു കാര്യമാണ്. ബഹുമാനപ്പെട്ട എം.എൽ.എ. തന്നെ മിനിസ്റ്ററായിരുന്ന കാലത്തും ഈ റോഡിൽ യാതൊരു നിർമ്മാണവും നടത്തിയിട്ടില്ലെന്നാണ് കാണുന്നത്. അതിന് മുമ്പുമില്ല, ഈ കഴിഞ്ഞ ഒരു വർഷമായും ഉണ്ടായിട്ടില്ല. ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ച് ഉപരിതലം പുതുക്കേണ്ടത് അനിവാര്യമായിരിക്കുകയാണ്. ഇതനുസരിച്ച് 7.5 കോടി രൂപ ആവശ്യമായി വരും. അതിന് മതിയായ ബഡ്ജറ്റ് ഫണ്ടില്ലെന്നുള്ള വിവരം എല്ലാപേർക്കും അറിയാവുന്നതാണ്. മതിയായ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതി ഏറ്റെടുക്കാൻ കഴിയൂ. എന്നാൽ ബഡ്ജറ്റ് ഫണ്ടിൽ 151 കോടി രൂപയാണ് പുതിയ നിർമ്മാണത്തിനുവേണ്ടി ഇപ്പോൾ അനുവദിച്ചത്. കഴിഞ്ഞ വർഷം ഇത് 127 കോടി രൂപയായിരുന്നു. ഈ തുക എല്ലാ അംഗങ്ങൾക്കുമായി ഒരു കോടി, ഒന്നരക്കോടി രൂപ എന്ന ക്രമത്തിൽ വീതിച്ച് നൽകിയിട്ടുണ്ട്. എം.എൽ.എ.-മാർ എല്ലാപേരും നിരവധി നിർമ്മാണ

പ്രവർത്തനങ്ങൾ ആവശ്യപ്പെടുന്നുണ്ട്. അതിനായി കഴിഞ്ഞ വർഷത്തെപ്പോലെ പ്രത്യേക അനുമതിക്കായി ധനകാര്യ വകുപ്പിന് നൽകുന്ന കാര്യം പരിഗണിക്കാൻ കഴിയുന്നതാണ്. അപ്പോൾ ഇതും നമുക്ക് നൽകാവുന്നതാണ്. 2016-2017-ൽ ആയിരം കോടി രൂപ സ്പെഷ്യൽ ഫണ്ടായി ധനകാര്യ വകുപ്പ് അനുവദിച്ചതിൽ ശരാശരി ആറ് കോടി രൂപ മുതൽ എട്ടു കോടി രൂപ വരെ എല്ലാ മണ്ഡലങ്ങളിലേയും അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. ചിലർക്ക് കുറച്ച് കൂടുതൽ തുക നൽകിയിട്ടുണ്ട്. എല്ലാ മണ്ഡലങ്ങൾക്കും തുല്യ നീതിയാണ് ഈ ഗവൺമെന്റ് (പി.ഡബ്ല്യു.ഡി) നൽകുന്നത്, അത് അങ്ങയുടെ മണ്ഡലത്തിനും ലഭിക്കുന്നതാണ്. ഈ തരത്തിൽ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (8) മണ്ണ് പരിശോധന

ശ്രീ. എൻ. വിജയൻ പിള്ള: സർ, എന്റെ നിയോജകമണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന രണ്ട് കെട്ടിടങ്ങൾക്ക് ഭരണാനുമതി ലഭിച്ചെങ്കിലും സാങ്കേതികാനുമതി നൽകി വർക്ക് ടെണ്ടർ നൽകുന്നതിന് തടസ്സമായി നിൽക്കുന്നത് മണ്ണ് പരിശോധനയാണ്. മണ്ണ് പരിശോധനയ്ക്കായി ടെണ്ടർ ക്ഷണിച്ചപ്പോൾ ഇതിനായി പൊതുമരാമത്ത് വകുപ്പ് എംപാനൽ ചെയ്തിരിക്കുന്ന ഏജൻസികളൊന്നുംതന്നെ ടെണ്ടറുമായി സഹകരിക്കുന്നില്ല. ചെറിയ തുകയ്ക്കുള്ള ജോലികൾക്ക് ഇത്തരം ഏജൻസികൾ താൽപ്പര്യം കാണിക്കാറില്ല. ഇക്കാരണത്താൽ കെട്ടിടങ്ങൾ സമയത്ത് പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. കേരളത്തിൽ നിരവധി ടെക്നിക്കൽ ഏജൻസികൾ മണ്ണ് പരിശോധന നടത്തുന്നുണ്ട്. എംപാനൽ സിസ്റ്റം മാറ്റി എല്ലാ ഏജൻസികൾക്കും ടെണ്ടറിൽ പങ്കെടുക്കുന്നതിന് അവസരം നൽകിയാൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനും കെട്ടിടങ്ങളുടെ പണി സമയത്ത് പൂർത്തീകരിക്കാനും കഴിയും. അല്ലെങ്കിൽ സർക്കാർ നേരിട്ട് മണ്ണ് പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മണ്ണ് പരിശോധനയ്ക്കായി ടെണ്ടർ ക്ഷണിക്കുമ്പോൾ ചെറിയ തുകയ്ക്കുള്ള കെട്ടിടങ്ങളുടെ മണ്ണ് പരിശോധനയ്ക്ക് എംപാനൽ ഏജൻസികൾ താൽപ്പര്യം പ്രകടിപ്പിക്കാറില്ല. അതുകൊണ്ട് മണ്ണ് പരിശോധന തടസ്സപ്പെടുന്ന സ്ഥിതിയാണുള്ളത്. അത് പരിഹരിക്കുന്നതിനായി ഗവൺമെന്റ് താൽപ്പര്യമുള്ള എല്ലാ ഏജൻസികളെയും പങ്കെടുപ്പിക്കാനുള്ള സംവിധാനം കൊണ്ടുവരാൻ തീരുമാനിച്ചിട്ടുണ്ട്. അതിനുള്ള ടേംസ് ഓഫ് റഫറൻസ് തയ്യാറാക്കാനും യോഗ്യതയുള്ള കൂടുതൽ കമ്പനികളെ എംപാനലിൽ ഉൾപ്പെടുത്താനും പി.ഡബ്ല്യു.ഡി. സെക്രട്ടറിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഓപ്പൺ ടെണ്ടർ വിളിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. അപ്പോൾ പുറത്തുള്ളവർക്കും അതിലേയ്ക്ക് അപേക്ഷിക്കാൻ സാധിക്കും. തീർച്ചയായും ഈ റഫറൻസും എംപാനൽ വിപുലീകരണത്തിന്റെ റിപ്പോർട്ടും ലഭിക്കുന്ന മുറയ്ക്ക് ഓപ്പൺ ടെണ്ടർ നടപടികളിലേയ്ക്ക് മാറുന്നതോടെ യോഗ്യരായ എല്ലാ ടെക്നിക്കൽ ഏജൻസികൾക്കും ടെണ്ടർ നടപടികളിൽ പങ്കെടുക്കാൻ കഴിയുന്നതും മണ്ണ് പരിശോധനയുടെ കാലതാമസം ശാശ്വതമായി ഒഴിവാക്കാൻ സാധിക്കുന്നതുമാണ്.

## (9) റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണം

ശ്രീ. എം. രാജഗോപാലൻ: സർ, നാഷണൽ ഹൈവേയിൽ നീലേശ്വരം പള്ളിക്കരയിൽ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണമെന്ന ആവശ്യത്തിന് വർഷങ്ങളുടെ പഴക്കമാണുള്ളത്. ബോംബെ മുതൽ കന്യാകുമാരി വരെയുള്ള നാഷണൽ ഹൈവേയിൽ ഇന്ന് നിലവിലുള്ള ഏക ലെവൽക്രോസാണ് പള്ളിക്കര റെയിൽവേ ക്രോസ്. ഇന്ന് നാൽപ്പതോളം ട്രെയിനുകളും ആയിരക്കണക്കിന് വാഹനങ്ങളുമാണ് ഇതുവഴി കടന്നുപോകുന്നത്. നിലവിലുള്ള റെയിൽവേ ഗേറ്റ് അടച്ചുകഴിഞ്ഞാൽ മണിക്കൂറുകളോളം ഇതുവഴിയുള്ള ഗതാഗതം തടസ്സപ്പെടുകയാണ്. തൊട്ടടുത്തുള്ള കാര്യങ്കോട് പാലവും അപകടാവസ്ഥയിലാണ്. മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രത്യേക താൽപ്പര്യമെടുക്കുകയും വകുപ്പുമന്ത്രി, സ്ഥലം എം.പി. ശ്രീ. പി. കരുണാകരൻ, എം.എൽ.എ. എന്നിവരുൾപ്പെടെയുള്ളവരുടെ ഉന്നതതലയോഗം നടക്കുകയും ചെയ്തിരുന്നു. എൻ.എച്ച്. വികസനത്തിന്റെ ഭാഗമായുള്ള റോഡ് വികസനത്തിന് ഇനിയും നമുക്ക് കാത്തിരിക്കേണ്ടിവരും. അതിന് മുമ്പായി ഇതിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് അനന്തര നടപടികളുമായി മുന്നോട്ടുപോകുന്നതിനും ജനങ്ങളുടെ യാത്രാക്ലേശങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ അവശ്യപ്പെടുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കേരളത്തിന്റെ വടക്കേ അതിർത്തിയായ പനവേലിൽ തുടങ്ങി കന്യാകുമാരിയിൽ അവസാനിക്കുന്ന ദേശീയ പാത 66-ലെ ഒരു ലെവൽ ക്രോസാണ് കാസർഗോഡ് ജില്ലയിലെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച നീലേശ്വരത്തിനും ചെറുവത്തൂരിനും ഇടയിൽ സ്ഥിതിചെയ്യുന്ന പള്ളിക്കര ലെവൽക്രോസ്. ഇത് ദേശീയപാത 66-ൽ കിലോമീറ്റർ 96.015-ൽ സ്ഥിതിചെയ്യുന്നു. ഈ ലെവൽക്രോസിൽനിന്നും ഒരു കിലോമീറ്ററിനുള്ളിൽ കാര്യങ്കോട് പാലം സ്ഥിതിചെയ്യുന്നു. ഇതുമൂലം ട്രെയിനുകൾക്ക് പോകുന്നതിനുവേണ്ടി റെയിൽവേ ഗേറ്റ് അടച്ചിടുന്ന സമയത്ത് ഗേറ്റിന് ഇരുവശത്തും ഒരു കിലോമീറ്ററോളം ദൂരത്തിൽ വാഹന ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നുണ്ട്. പള്ളിക്കലിലെ റെയിൽവേ മേൽപ്പാലം നിർമ്മിക്കുവാൻ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം 'സേതുഭാരതം' പദ്ധതിയിൽ ഉൾപ്പെടുത്തി ചൈതന്യ കൺസൾട്ടൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. അതിൻപ്രകാരം ചൈതന്യാ കൺസൾട്ടൻസി പ്രാരംഭപ്രവർത്തനങ്ങൾ ചെയ്യുകയും അലൈൻമെന്റ് പ്രൊപ്പോസൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സമയം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയവും ദേശീയപാത-66 സർവ്വീസ് റോഡോടുകൂടിയ നാല് വരിപ്പാതയായി വികസിപ്പിക്കുവാൻ ദേശീയ പാത അതോറിറ്റി ഓഫ് ഇന്ത്യയെ ഏൽപ്പിച്ചതിനാൽ റെയിൽവേ മേൽപ്പാല നിർമ്മാണവും ഇതോടൊപ്പം ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്. അതേസമയം തലപ്പാടി മുതൽ ചെർക്കല വരെയും ചെർക്കല മുതൽ കാലിക്കടവ് വരേയും രണ്ട് പാക്കേജായി ദേശീയ പാത - 66 സർവ്വീസ് റോഡോടുകൂടിയ ആറുവരിപ്പാതയായി

വികസിപ്പിക്കുന്ന പ്രവൃത്തിക്കായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഈ പ്രോജക്ടിൽ പള്ളിക്കരയിൽ ആറുവരി റെയിൽവേ മേൽപ്പാലം, മൂന്നുവരി വീതമുള്ള രണ്ട് പാലങ്ങൾ എന്നിവ നിർമ്മിക്കുന്ന കാര്യവും ഉൾപ്പെട്ടിട്ടുണ്ട്. 15-5-2017-ൽ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.പി. ശ്രീ. പി. കരുണാകരന്റെയും ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എം. രാജഗോപാലന്റെയും മറ്റും നിർദ്ദേശപ്രകാരം പൊതുമരാമത്ത് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയുണ്ടായി. ദേശീയ പാത അതോറിറ്റി ഓഫ് ഇന്ത്യയുടെ ഭാരവാഹികളും പങ്കെടുത്തിരുന്നു. അതുവഴിയുള്ള ദേശീയ പാതയുടെ വികസനം താമസിക്കുന്നതിനാൽ ജനങ്ങളുടെ ബുദ്ധിമുട്ടും കഷ്ടപ്പാടും കണക്കിലെടുത്ത് മേൽപ്പാലം ഉടൻ നിർമ്മിക്കണമെന്നുള്ള തീരുമാനപ്രകാരം പ്രസ്തുത മേൽപ്പാലം രണ്ട് പാലങ്ങളായി പണി ചെയ്യുന്നതിനും അതിൽ ഒരു പാലം ഉടനെ സേതുഭാരതം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കണമെന്നുമുള്ള ആവശ്യം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിനോട് ശിപാർശ ചെയ്തിട്ടുണ്ട്. ഇത് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ സജീവ പരിഗണനയിലാണ്.

## (10) സബ് - എഞ്ചിനീയർ ഓഫീസ്

ശ്രീ. കെ. രാജൻ: സർ, തൃശ്ശൂർ ഈസ്റ്റ് ഇലക്ട്രിക്കൽ ഡിവിഷനിലെ ഏറ്റവും വലിയ ഇലക്ട്രിക്കൽ സെക്ഷനാണ് ഒല്ലൂർ നിയോജകമണ്ഡലത്തിലെ പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷൻ. ഏതാണ്ട് 140 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 143 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും പതിനെണ്ണായിരത്തിലധികം ഉപഭോക്താക്കളും ഈ ഡിവിഷന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. മെഡിക്കൽ കോളേജും തൃശ്ശൂർ നഗരവുമായി ബന്ധപ്പെട്ട് ജില്ലയുടെ വിവിധ ഭാഗങ്ങളിലേയ്ക്ക് കുടിവെള്ളവും ജലസേചനവും നടത്തുന്നതിനായി 50.50 എം.എൽ.ഡി. വെള്ളം നൽകുന്ന പീച്ചി ഡാം ഈ പരിധിയിലാണ് സ്ഥിതി ചെയ്യുന്നത്. പീച്ചി ഡാമിന്റെ റിസർവോയറും പീച്ചി ഹൈഡ്രൽ പവർ ജനറേറ്റർ സിസ്റ്റം, പീച്ചി ടൂറിസം ഡെസ്റ്റിനേഷൻ, കെ.എഫ്.ആർ.ഐ., സ്റ്റേറ്റ് സീഡ് ഫാം തുടങ്ങി ഏതാണ്ട് 150-ൽ അധികം സർക്കാർ സ്ഥാപനങ്ങൾ ഈ ഡിവിഷന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. മൂവായിരത്തിലധികം കച്ചവട സ്ഥാപനങ്ങളും മുന്നൂറിലധികം വ്യവസായ കണക്ഷനുമുള്ള സ്ഥലമാണ് പ്രസ്തുത ഇലക്ട്രിക്കൽ സെക്ഷൻ. തൃശ്ശൂർ ജില്ലയിലെതന്നെ ഏറ്റവും റിമോട്ടായിട്ടുള്ള മൂന്ന് ആദിവാസി കേന്ദ്രങ്ങൾ, നാൽപ്പത് കിലോമീറ്റർ അപ്പുറത്തുള്ള ഒളകര, ഇരുപത്തിയഞ്ച് കിലോമീറ്റർ ദൂരെയുള്ള മണിയങ്കിണർ, പതിമൂന്ന് കിലോമീറ്റർ ദൂരമുള്ള താമരവെള്ളച്ചാൽ ഇതെല്ലാം ഈ സെക്ഷന്റെ കീഴിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഏതാണ്ട് പതിനെട്ട് കിലോമീറ്റർ ദൈർഘ്യമുള്ള 33 കെ. വി. ഫീഡറിംഗ് മെയിന്റനൻസ് ഈ സെക്ഷന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ ദേശീയപാത ആറുവരിപ്പാതയാക്കി മാറ്റുന്നതിന്റെ ഭാഗമായി അതിവേഗം നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികളുടെയെല്ലാം ചുമതല ഈ സെക്ഷന്റെ കീഴിലാണ്. ഇതൊരു വലിയ വനപ്രദേശമാണ്. അതുകൊണ്ട് എല്ലാ ദിവസവും മരങ്ങൾ വീണ് ലൈൻ പൊട്ടി വൈദ്യുതി നഷ്ടവും വോൾട്ടേജ് ക്ഷാമവും ഈ പ്രദേശത്ത് ഉണ്ടാകുന്നു. ഈ

സാഹചര്യത്തിൽ നിലവിലുള്ള ഉദ്യോഗസ്ഥരേയും നിലവിലുള്ള സംവിധാനവും ഉപയോഗിച്ചുകൊണ്ട് ഈ സെക്ഷൻ മുന്നോട്ടുകൊണ്ടുപോകുന്നത് തീർത്തും അസാധ്യമായ ഒരു കാര്യമാണെന്ന് ബന്ധപ്പെട്ടവർ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ കുതിരാൻമലയും അപ്പുറത്തുള്ള വാണിയമ്പാറ കേന്ദ്രീകരിച്ചുകൊണ്ട് ഒരു സബ് എഞ്ചിനീയർ ഓഫീസ് തുടങ്ങണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എന്റെ അഭ്യർത്ഥന. ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിക്ക് ഈ വനപ്രദേശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അറിയാവുന്നതുകൊണ്ടും 140 ചതുരശ്ര കിലോമീറ്ററോളം സമ്പൂർണ്ണ വനമേഖലയുള്ള വളരെ വിശാലമായിട്ടുള്ള ഒരു പ്രദേശമെന്ന നിലയിലും അവിടെ ഒരു സബ് എഞ്ചിനീയർ ഓഫീസ് അനുവദിക്കാനുള്ള ഇടപെടൽ ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, തൃശ്ശൂർ ജില്ലയിലെ പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിലാണ് വാണിയമ്പാറ ഉൾപ്പെടുന്ന പ്രദേശം സ്ഥിതിചെയ്യുന്നത്. 141 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയും 18000-ത്തോളം ഉപഭോക്താക്കളുമുള്ള പട്ടിക്കാട് സെക്ഷനിൽ ഉപഭോക്തൃ സാന്ദ്രത കേരളത്തിലെ മറ്റു സെക്ഷനുകളെ അപേക്ഷിച്ച് വളരെ കുറവാണെന്നു കാണാം. പുതിയ ഓഫീസുകൾ അനുവദിക്കുമ്പോൾ അതിലേയ്ക്ക് ജീവനക്കാരെ നിയമിക്കേണ്ടതുണ്ട്. എന്നാൽ പുതുതായി തസ്തികകൾ രൂപീകരിക്കുന്നത് നിലവിൽ പ്രായോഗികമല്ല. ഇതിനുപകരമായി മറ്റ് ഓഫീസുകളിൽനിന്നും പുതിയ ഓഫീസിലേയ്ക്ക് ജീവനക്കാരെ പുനർ വിന്യസിക്കുകയാണെങ്കിൽ അത് അതാത് ഓഫീസുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കും. മാത്രമല്ല, ഒരു ഓഫീസ് അനുവദിക്കുമ്പോൾ കെട്ടിടം, ജീവനക്കാർക്കുള്ള സൗകര്യങ്ങൾ എന്നിവ ഒരുക്കേണ്ടതുണ്ട്. ഇത് ബോർഡിന് അധിക സാമ്പത്തിക ബാധ്യത വരുത്തുകയും ചെയ്യും. കൂടാതെ കസ്റ്റമർ കെയർ സംവിധാനം ഏർപ്പെടുത്തുന്നതിനും നിലവിലുള്ള ഓഫീസുകൾ പുനർ ക്രമീകരിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇതുവഴി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും ബോർഡ് നടപ്പിലാക്കുന്നുണ്ട്. ഇക്കാരണങ്ങളാൽ വാണിയമ്പാറയിൽ പുതിയ സബ്എഞ്ചിനീയർ ഓഫീസ് അനുവദിക്കുന്നത് നിലവിൽ ബോർഡിന് പരിഗണിക്കാൻ നിർവ്വാഹമില്ലാത്ത കാര്യമാണ്. എന്നാൽ വൈദ്യുതി തടസ്സം ഉണ്ടാകുന്നതിനുള്ള യഥാർത്ഥ കാരണം പരിശോധിച്ച് വേണ്ട പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതാണ്. ആവശ്യമെങ്കിൽ ഇതിനായുള്ള പ്രവൃത്തികൾക്ക് പ്രത്യേക മുൻഗണന നൽകുന്നതാണ്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

ലിസ്റ്റ് I പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തിയതി | |
| 1 | 2 | 3 | 4 | 5 |
| 1 | 180/2017 | ജി.ഒ.(ആർറ്റി.) നമ്പർ 738/2017/ ഹോം. | 28-3-2017 | അല്ല |
| 2 | 219/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1030/2017/ ഹോം. | 24-4-2017 | അല്ല |
| 3 | 220/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1033/2017/ ഹോം. | 25-4-2017 | അല്ല |
| 4 | 221/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1034/2017/ ഹോം. | 25-4-2017 | അല്ല |
| 5 | 228/2017 | ജി.ഒ.(പി.) നമ്പർ 12/2017/ ജിഎഡി. | 28-4-2017 | അല്ല |
| 6 | 236/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1035/2017/ ഹോം. | 25-4-2017 | അല്ല |
| 7 | 238/2017 | ജി.ഒ.(ആർറ്റി.) നമ്പർ 998/2017/ ഹോം. | 21-4-2017 | അല്ല |
| 8 | 265/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1094/2017/ ഹോം. | 29-4-2017 | അല്ല |
| 9 | 299/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1275/2017/ ഹോം. | 22-5-2017 | അല്ല |
| 10 | 300/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1282/2017/ ഹോം. | 22-5-2017 | അല്ല |
| 11 | 305/2017 | ജി.ഒ.(ആർറ്റി.) നമ്പർ.1323/2017/ ഹോം. | 29-5-2017 | അല്ല |
| 12 | 306/2017 | നമ്പർ 61646/എസ്എസ്എ 2/2015/ഹോം. | 1-6-2017 | അല്ല |
| 13 | 315/2017 | നമ്പർ 33555/എസ്എസ്എ 2/2016/ഹോം. | 8-6-2017 | അല്ല |
| 14 | 318/2017 | നമ്പർ.15421/എസ്എസ്എ 5/2017/ഹോം. | 8-6-2017 | അല്ല |
| 15 | 320/2017 | ഹോം-എസ്എസ്എ 2/46/2017/ ഹോം. | 15-6-2017 | അല്ല |
| 16 | 327/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1283/2017/ ഹോം. | 22-5-2017 | അല്ല |
| 17 | 328/2017 | ജി.ഒ.(ആർറ്റി.) നമ്പർ.1283/2017/ ഹോം. | 22-5-2017 | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 18 | 329/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1283/2017/ ഹോം. | 22-5-2017 | അല്ല |
| 19 | 330/2017 | ജി.ഒ.(എംഎസ്.) നമ്പർ 104/ 2017/ ഹോം. | 22-5-2017 | അല്ല |
| 20 | 331/2017 | ജി.ഒ.(എംഎസ്.) നമ്പർ 105/2017/ ഹോം. | 22-5-2017 | അല്ല |
| 21 | 332/2017 | ജി.ഒ.(എംഎസ്.) നമ്പർ 106/2017/ഹോം. | 22-5-2017 | അല്ല |
| 22 | 333/2017 | ജി.ഒ.(എംഎസ്.) നമ്പർ 123/2017/ഹോം. | 13-6-2017 | അല്ല |
| 23 | 339/2017 | ജി.ഒ.(എംഎസ്.) നമ്പർ 131/2017/ഹോം. | 20-6-2017 | അല്ല |
| 24 | 345/2017 | ജി.ഒ.(പി.) നമ്പർ 7/2017/പി& എആർഡി. | 9-6-2017 | അല്ല |
| 25 | 353/2017 | നമ്പർ 150/സി1/2017/വിജ്. | 29-6-2017 | അല്ല |
| 26 | 390/2017 | നമ്പർ 29780/എസ്എസ്എ 2/ 2017/ ഹോം. | 1-7-2017 | അല്ല |
| 27 | 391/2017 | നമ്പർ 60903/എസ്എസ്എ 2/ 2016/ഹോം. | 1-7-2017 | അല്ല |
| 28 | 410/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1542/2017/ഹോം. | 14-6-2017 | അല്ല |
| 29 | 416/2017 | ജി.ഒ.(എംഎസ്.) നമ്പർ 134/2017/ഹോം. | 23-6-2017 | അല്ല |
| 30 | 421/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1543/2017/ഹോം. | 14-6-2017 | അല്ല |
| 31 | 422/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1795/2017/ഹോം. | 13-7-2017 | അല്ല |
| 32 | 429/2017 | ജി.ഒ.(എംഎസ്.) നമ്പർ 136/2017/ഹോം. | 24-6-2017 | അല്ല |
| 33 | 430/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1769/2017/ഹോം. | 11-7-2017 | അല്ല |
| 34 | 436/2017 | ജി.ഒ.(പി.) നമ്പർ 17/2017/ജിഎഡി. | 13-7-2017 | അല്ല |
| 35 | 448/2017 | ജി.ഒ.(എംഎസ്.) നമ്പർ 146/2017/ഹോം. | 7-7-2017 | അല്ല |
| 36 | 449/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1857/2017/ഹോം. | 19-7-2017 | അല്ല |
| 37 | 450/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1858/2017/ഹോം. | 19-7-2017 | അല്ല |
| 38 | 453/2017 | നമ്പർ 77989/എസ്എസ്എ 2/ 2013/ഹോം | 22-7-2017 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോ യെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള പബ്ലിക് സർവീസ് കമ്മീഷൻ | 2010-11 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള പബ്ലിക് സർവീസ് കമ്മീഷൻ | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള ലോകായുക്ത | 2014 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |
| 4 | കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 2010-11 മുതൽ 2014-15 വരെ | ഭരണ റിപ്പോർട്ട് | അതെ |
| 5 | വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ | 2014-15 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |
| 6 | തിരുവനന്തപുരം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിയുടെ കാര്യാലയം | 2016-17 | പ്രവർത്തന റിപ്പോർട്ട് | അല്ല |
| 7 | മലയോര വികസന ഏജൻസി | 2015-16 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 155/2017 | ജി.ഒ.(ആർറ്റി.) നമ്പർ 186/2017/ഹോം. | 25-1-2017 |
| 2 | 178/2017 | ജി.ഒ.(ആർറ്റി.) നമ്പർ 709/2017/ഹോം. | 25-3-2017 |
| 3 | 179/2017 | ജി.ഒ.(ആർറ്റി.) നമ്പർ 710/2017/ഹോം. | 25-3-2017 |
| 4 | 183/2017 | ജി.ഒ.(എംഎസ്.) നമ്പർ 77/2017/ഹോം. | 7-4-2017 |
| 5 | 209/2017 | ജി.ഒ.(ആർറ്റി.) നമ്പർ 766/2017/ഹോം. | 30-3-2017 |
| 6 | 210/2017 | ജി.ഒ.(പി.) നമ്പർ 282/2016/ഹോം. | 8-11-2016 |
| 7 | 227/2017 | നമ്പർ 60903/എസ്എസ്എ 2/2016/ ഹോം. | 3-5-2017 |

II. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| | 1 216/2017 | ജി.ഒ.(പി.) നമ്പർ 2/2017/സിഎഡി. | 21-4-2017 | അല്ല |
| | 2340/2017 | ജി.ഒ.(എംഎസ്.) നമ്പർ 89/2017/നിയമം. | 19-6-2017 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കണ്ണൂർ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി | 2012-13 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 2 | തിരുവനന്തപുരം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി | 2014-15 | പ്രത്യേക ആഡിറ്റ് റിപ്പോർട്ട് | അതെ |
| 3 | വാസ്തു വിദ്യാ ഗുരുകുലം -ആറൻമുള | 2015-16 | ഭരണ റിപ്പോർട്ട് | അതെ |
| 4 | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2009-10 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 6 | കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2003-04 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 7 | കേരള ഔദ്യോഗിക ഭാഷ (നിയമനിർമാണ) കമ്മീഷൻ | 2016-17 | ഭരണ റിപ്പോർട്ട് | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 232/2017 | ജി.ഒ.(എംഎസ്.) നമ്പർ 2/2017/പിഎഡി. | 21-4-2017 |
| 2 | 233/2017 | ജി.ഒ.(എംഎസ്.) നമ്പർ 3/2017/പിഎഡി. | 22-4-2017 |
| 3 | 234/2017 | ജി.ഒ.(എംഎസ്.) നമ്പർ 4/2017/പിഎഡി. | 22-4-2017 |
| 4 | വിജ്ഞാപനം | നമ്പർ 373/ഡി/2017/കെൽസ. | 6-3-2017 |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 2 | 3 | 4 | 5 |
| 1 | 224/2017 | ജി.ഒ.(പി) നമ്പർ 26/2017/ ആർ ഡി. | 26-4-2017 | അല്ല |
| 2 | 225/2017 | ജി.ഒ.(പി) നമ്പർ 28/2017/ ആർഡി. | 27-4-2017 | അല്ല |
| 3 | 245/2017 | ജി.ഒ.(പി) നമ്പർ 31/2017/ആർഡി. | 8-5-2017 | അല്ല |
| 4 | 248/2017 | ജി.ഒ.(പി) നമ്പർ 29/2017/ ആർഡി. | 2-5-2017 | അല്ല |
| 5 | 249/2017 | ജി.ഒ.(പി) നമ്പർ 30/2017/ ആർഡി. | 2-5-2017 | അല്ല |
| 6 | 278/2017 | ജി.ഒ.(പി) നമ്പർ 32/2017/ ആർഡി. | 16-5-2017 | അല്ല |
| 7 | 279/2017 | ജി.ഒ.(പി) നമ്പർ 33/2017/ആർഡി. | 16-5-2017 | അല്ല |
| 8 | 283/2017 | ജി.ഒ.(എംഎസ്.) നമ്പർ 163/2017/ ആർഡി. | 22-5-2017 | അല്ല |
| 9 | 284/2017 | ജി.ഒ.(എംഎസ്.) നമ്പർ 164/2017/ ആർഡി. | 22-5-2017 | അല്ല |
| 10 | 301/2017 | സ.ഉ. (പി) നമ്പർ 34/2017/റവന്യൂ | 30-5-2017 | അല്ല |
| 11 | 303/2017 | ജി.ഒ.(എംഎസ്.) നമ്പർ 16/2017/ ഹൗസിംഗ്. | 30-5-2017 | അല്ല |
| 12 | 312/2017 | ജി.ഒ.(പി) നമ്പർ 35/2017/ആർഡി. | 30-5-2017 | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 13 | 313/2017 | ജി.ഒ.(പി) നമ്പർ 36/2017/ആർഡി. | 30-5-2017 | അല്ല |
| 14 | 321/2017 | ജി.ഒ.(പി) നമ്പർ 39/2017/ആർഡി. | 6-6-2017 | അല്ല |
| 15 | 322/2017 | ജി.ഒ.(പി) നമ്പർ 40/2017/ആർഡി. | 6-6-2017 | അല്ല |
| 16 | 334/2017 | ജി.ഒ.(പി) നമ്പർ 37/2017/ആർഡി. | 5-6-2017 | അല്ല |
| 17 | 351/2017 | ജി.ഒ.(പി) നമ്പർ 44/2017/ആർഡി. | 17-6-2017 | അല്ല |
| 18 | 352/2017 | ജി.ഒ.(പി) നമ്പർ 45/2017/ആർഡി. | 17-6-2017 | അല്ല |
| 19 | 384/2017 | സ.ഉ.(പി) നമ്പർ 46/2017/റവന്യൂ | 24-6-2017 | അല്ല |
| 20 | 395/2017 | ജി.ഒ.(പി) നമ്പർ 50/2017/ആർഡി. | 5-7-2017 | അല്ല |
| 21 | 396/2017 | ജി.ഒ.(പി) നമ്പർ 51/2017/ആർഡി. | 5-7-2017 | അല്ല |
| 22 | 413/2017 | ജി.ഒ.(പി) നമ്പർ 47/2017/ആർഡി. | 27-6-2017 | അല്ല |
| 23 | 414/2017 | ജി.ഒ.(പി) നമ്പർ 48/2017/ആർഡി. | 27-6-2017 | അല്ല |
| 24 | 427/2017 | ജി.ഒ.(പി) നമ്പർ 49/2017/ആർഡി. | 5-7-2017 | അല്ല |

IV. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

(i) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |

V. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 158/2016 | നമ്പർ 13372/ബി2/2015/ട്രാൻ. | 18-2-2016 | അതെ |
| 2 | 262/2017 | ജി.ഒ.(പി) നമ്പർ 15/2017/ ട്രാൻ. | 15-5-2017 | അല്ല |

VI. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 444/2017 | ജി.ഒ. (എംഎസ്.) നമ്പർ 15/2017/എഫ്&പിഡി. | 18-7-2017 | അല്ല |

VII. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 2 | 3 | 4 | 5 |
| 1 | 465/2015 | ജി.ഒ.(പി)നമ്പർ 125/2015/റ്റിഡി. | 16-7-2015 | അതെ |
| 2 | 177/2017 | ജി.ഒ(പി)നമ്പർ 11/2017/ ഐഡി. | 27-3-2017 | അല്ല |
| 3 | 250/2017 | ജി.ഒ (പി)നമ്പർ 41/2017/ റ്റിഡി. | 11-5-2017 | അല്ല |
| 4 | 251/2017 | ജി.ഒ.(പി)നമ്പർ 42/2017/റ്റിഡി. | 11-5-2017 | അല്ല |
| 5 | 268/2017 | ജി.ഒ.(പി)നമ്പർ 44/2017/റ്റിഡി. | 18-5-2017 | അല്ല |
| 6 | 273/2017 | ജി.ഒ.(പി)നമ്പർ 45/2017/റ്റിഡി. | 19-5-2017 | അല്ല |
| 7 | 274/2017 | ജി.ഒ.(പി)നമ്പർ 46/2017/റ്റിഡി. | 19-5-2017 | അല്ല |
| 8 | 275/2017 | ജി.ഒ.(പി)നമ്പർ 47/2017/റ്റിഡി. | 19-5-2017 | അല്ല |
| 9 | 290/2017 | ജി.ഒ.(പി)നമ്പർ 64/2017/ഫിൻ. | 16-5-2017 | അല്ല |
| 10 | 293/2017 | ജി.ഒ.(പി)നമ്പർ 67/2017/ഫിൻ. | 22-5-2017 | അല്ല |
| 11 | 294/2017 | ജി.ഒ.(പി)നമ്പർ 68/2017/ഫിൻ. | 22-5-2017 | അല്ല |
| 12 | 295/2017 | ജി.ഒ.(പി)നമ്പർ 69/2017/ഫിൻ. | 22-5-2017 | അല്ല |
| 13 | 296/2017 | ജി.ഒ.(പി)നമ്പർ 70/2017/ഫിൻ. | 22-5-2017 | അല്ല |
| 14 | 297/2017 | ജി.ഒ.(പി)നമ്പർ 71/2017/ഫിൻ. | 22-5-2017 | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 15 | 302/2017 | ജി.ഒ.(പി)നമ്പർ 73/2017/ഫിൻ. | 25-5-2017 | അല്ല |
| 16 | 349/2017 | ജി.ഒ.(പി)നമ്പർ 54/2017/റ്റിഡി. | 27-6-2017 | അല്ല |
| 17 | 354/2017 | ജി.ഒ.(പി)നമ്പർ 56/2017/ടാക്സസ്. | 30-6-2017 | അല്ല |
| 18 | 355/2017 | ജി.ഒ.(പി)നമ്പർ 57/2017/ടാക്സസ്. | 30-6-2017 | അല്ല |
| 19 | 356/2017 | ജി.ഒ.(പി)നമ്പർ 58/2017/ടാക്സസ്. | 30-6-2017 | അല്ല |
| 20 | 357/2017 | ജി.ഒ.(പി)നമ്പർ 59/2017/ടാക്സസ്. | 30-6-2017 | അല്ല |
| 21 | 358/2017 | ജി.ഒ.(പി)നമ്പർ 60/2017/ടാക്സസ്. | 30-6-2017 | അല്ല |
| 22 | 359/2017 | ജി.ഒ.(പി)നമ്പർ 61/2017/ടാക്സസ്. | 30-6-2017 | അല്ല |
| 23 | 360/2017 | ജി.ഒ.(പി)നമ്പർ 62/2017/ടാക്സസ്. | 30-6-2017 | അല്ല |
| 24 | 361/2017 | ജി.ഒ.(പി)നമ്പർ 63/2017/ടാക്സസ്. | 30-6-2017 | അല്ല |
| 25 | 362/2017 | ജി.ഒ.(പി)നമ്പർ.64/2017/ടാക്സസ്. | 30-6-2017 | അല്ല |
| 26 | 363/2017 | ജി.ഒ.(പി)നമ്പർ 65/2017/ടാക്സസ്. | 30-6-2017 | അല്ല |
| 27 | 364/2017 | ജി.ഒ.(പി)നമ്പർ 66/2017/ടാക്സസ്. | 30-6-2017 | അല്ല |
| 28 | 365/2017 | ജി.ഒ.(പി)നമ്പർ 67/2017/ടാക്സസ്. | 30-6-2017 | അല്ല |
| 29 | 366/2017 | ജി.ഒ.(പി)നമ്പർ 68/2017/ടാക്സസ്. | 30-6-2017 | അല്ല |
| 30 | 367/2017 | ജി.ഒ.(പി)നമ്പർ 69/2017/ടാക്സസ്. | 30-6-2017 | അല്ല |
| 31 | 368/2017 | ജി.ഒ.(പി)നമ്പർ 70/2017/ടാക്സസ്. | 30-6-2017 | അല്ല |
| 32 | 369/2017 | ജി.ഒ.(പി)നമ്പർ 71/2017/ടാക്സസ്. | 30-6-2017 | അല്ല |
| 33 | 370/2017 | ജി.ഒ.(പി)നമ്പർ 72/2017/ടാക്സസ് | 30-6-2017 | അല്ല |
| 34 | 371/2017 | ജി.ഒ.(പി)നമ്പർ 73/2017/ടാക്സസ്. | 30-6-2017 | അല്ല |
| 35 | 372/2017 | ജി.ഒ.(പി)നമ്പർ 4/2017/ടാക്സസ്. | 30-6-2017 | അല്ല |
| 36 | 373/2017 | ജി.ഒ.(പി)നമ്പർ 75/2017/ടാക്സസ്. | 30-6-2017 | അല്ല |
| 37 | 374/2017 | ജി.ഒ.(പി)നമ്പർ 76/2017/ടാക്സസ്. | 30-6-2017 | അല്ല |
| 38 | 375/2017 | ജി.ഒ.(പി)നമ്പർ 77/2017/ടാക്സസ്. | 30-6-2017 | അല്ല |
| 39 | 376/2017 | ജി.ഒ.(പി)നമ്പർ 78/2017/ടാക്സസ്. | 30-6-2017 | അല്ല |
| 40 | 377/2017 | ജി.ഒ.(പി)നമ്പർ 79/2017/ടാക്സസ്. | 30-6-2017 | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 41 | 378/2017 | ജി.ഒ.(പി)നമ്പർ 80/2017/ടാക്സസ്. | 30-6-2017 | അല്ല |
| 42 | 398/2017 | ജി.ഒ.(പി)നമ്പർ 81/2017/റ്റിഡി. | 6-7-2017 | അല്ല |
| 43 | 399/2017 | ജി.ഒ.(പി)നമ്പർ 82/2017/റ്റിഡി. | 6-7-2017 | അല്ല |
| 44 | 400/2017 | ജി.ഒ.(പി)നമ്പർ 83/2017/റ്റിഡി. | 6-7-2017 | അല്ല |
| 45 | 401/2017 | ജി.ഒ.(പി)നമ്പർ 84/2017/റ്റിഡി. | 6-7-2017 | അല്ല |
| 46 | 402/2017 | ജി.ഒ.(പി)നമ്പർ 85/2017/റ്റിഡി. | 6-7-2017 | അല്ല |
| 47 | 403/2017 | ജി.ഒ.(പി)നമ്പർ 86/2017/റ്റിഡി. | 6-7-2017 | അല്ല |
| 48 | 404/2017 | ജി.ഒ.(പി)നമ്പർ 87/2017/റ്റിഡി. | 6-7-2017 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2015-16 | ഇക്കണോമിക് സെക്ടറുകളെ കുറിച്ച് | അല്ല |
| 2 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 2003-04 | തിരുത്തൽ സ്റ്റേറ്റ്മെന്റ്-നഗരൂർ ഗ്രാമ പഞ്ചായത്ത്-തിരുവനന്തപുരം ജില്ല | അല്ല |
| 3 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 2005-06 | തിരുത്തൽ സ്റ്റേറ്റ്മെന്റ്-പഴയ കുന്നമ്മേൽ ഗ്രാമപഞ്ചായത്ത്-തിരുവനന്തപുരം ജില്ല | അല്ല |
| 4 | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് | 2006-07 | തിരുത്തൽ സ്റ്റേറ്റ്മെന്റ് പാങ്ങോട് ഗ്രാമ പഞ്ചായത്ത്-തിരുവനന്തപുരം ജില്ല | അല്ല |
| 5 | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2008-09 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 6 | കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2012-13 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 7 | കേരള സ്റ്റേറ്റ്ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ടും ഭരണ റിപ്പോർട്ടും | അതെ |
| 8 | ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 207/2017 | ജി.ഒ.(പി)നമ്പർ 31/2017/ റ്റിഡി. | 19-4-2017 |
| 2 | 208/2017 | ജി.ഒ.(പി)നമ്പർ 32/2017/റ്റിഡി. | 19-4-2017 |
| 3 | 252/2017 | ജി.ഒ.(പി)നമ്പർ 43/2017/റ്റിഡി. | 11-5-2017 |

VIII. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

(i) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2009-10 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

IX. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസുകൾ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | - | ജി.ഒ.(പി)നമ്പർ 10/2016/ എസ്ജെഡി. | 20-8-2016 | അതെ |
| 2 | 639/2016 | ജി.ഒ.(പി)നമ്പർ 27/2016/ എച്ച്&എഫ്ഡബ്ല്യുഡി. | 29-9-2016 | അതെ |
| 3 | 63/2017 | ജി.ഒ.(പി)നമ്പർ 2/2017/ എച്ച്&എഫ്ഡബ്ല്യുഡി. | 18-1-2017 | അതെ |
| 4 | 281/2017 | ജി.ഒ.(പി)നമ്പർ 10/2017/ എസ്ജെഡി. | 25-5-2017 | അല്ല |
| 5 | 304/2017 | ജി.ഒ.(പി)നമ്പർ 25/2017/ എച്ച്&എഫ്ഡബ്ല്യുഡി. | 1-6-2017 | അല്ല |
| 6 | 393/2017 | ജി.ഒ.(പി)നമ്പർ 27/2017/ എച്ച്&എഫ്ഡബ്ല്യു. | 9-6-2017 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള വനിതാ കമ്മീഷൻ | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

X. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

i. വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | പ്രതീക്ഷാ ബസ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് | 2015-16 | വാർഷിക കണക്കുകൾ | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തിയതി |
| 1 | 720/2016 | ജി.ഒ.(പി)നമ്പർ 104/2016/നി.വ. | 26-11-2016 |
| 2 | 198/2017 | ജി.ഒ.(പി)നമ്പർ 29/2017/റ്റിഡി. | 18-4-2017 |
| 3 | 199/2017 | ജി.ഒ.(പി)നമ്പർ 30/2017/റ്റിഡി. | 18-4-2017 |
| 4 | 200/2017 | ജി.ഒ.(പി)നമ്പർ 33/2017/റ്റിഡി. | 20-4-2017 |
| 5 | 201/2017 | ജി.ഒ.(പി)നമ്പർ 34/2017/റ്റിഡി. | 20-4-2017 |
| 6 | 214/2017 | ജി.ഒ.(പി)നമ്പർ 37/2017/റ്റിഡി. | 26-4-2017 |

XI. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ |
|---|---|---|---|---|
| | | നമ്പർ | തീയതി | പത്രിക സഹിത മാണോയെന്ന് |
| 1 | 2 | 3 | 4 | 5 |
| 1 | 89/2017 | ജി.ഒ.(പി)നമ്പർ 8/2017/റ്റിഡി. | 18-2-2017 | അതെ |
| 2 | 90/2017 | ജി.ഒ.(പി)നമ്പർ 9/2017/റ്റിഡി. | 18-2-2017 | അതെ |
| 3 | 159/2017 | ജി.ഒ(പി)നമ്പർ 18/2017/ എൽബിആർ. | 20-3-2017 | അല്ല |
| 4 | 160/2017 | ജി.ഒ(പി)നമ്പർ 19/2017/ എൽബിആർ. | 20-3-2017 | അല്ല |
| 5 | 253/2017 | ജി.ഒ.(എം.എസ്.) നമ്പർ 32/2017/എൽബിആർ. | 9-5-2017 | അല്ല |
| 6 | 254/2017 | ജി.ഒ.(പി)നമ്പർ 36/2017/ എൽബിആർ. | 9-5-2017 | അല്ല |
| 7 | 255/2017 | ജി.ഒ.(പി)നമ്പർ 37/2017/ എൽബിആർ. | 9-5-2017 | അല്ല |
| 8 | 257/2017 | ജി.ഒ(പി)നമ്പർ 39/2017/ എൽബിആർ. | 9-5-2017 | അല്ല |
| 9 | 267/2017 | ജി.ഒ.(പി)നമ്പർ.42/2017/ എൽബിആർ. | 10-5-2017 | അല്ല |
| 10 | 271/2017 | ജി.ഒ.(പി)നമ്പർ 41/2017/ എൽബിആർ. | 10-5-2017 | അല്ല |
| 11 | 272/2017 | ജി.ഒ.(പി)നമ്പർ 44/2017/ എൽബിആർ. | 19-5-2017 | അല്ല |
| 12 | 280/2017 | ജി.ഒ.(പി)നമ്പർ 40/2017/ എൽബിആർ. | 10-5-2017 | അല്ല |
| 13 | 289/2017 | ജി.ഒ.(പി)നമ്പർ.45/2017/ എൽബിആർ. | 24-5-2017 | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 14 | 307/2017 | സ.ഉ.(അച്ചടി)നമ്പർ.46/2017/ തൊഴിൽ. | 29-5-2017 | അല്ല |
| 15 | 308/2017 | സ.ഉ.(അച്ചടി)നമ്പർ 47/2017/ തൊഴിൽ. | 29-5-2017 | അല്ല |
| 16 | 316/2017 | ജി.ഒ.(പി)നമ്പർ 49/2017/ എൽബിആർ. | 30-5-2017 | അല്ല |
| 17 | 317/2017 | ജി.ഒ.(പി)നമ്പർ 51/2017/ എൽബിആർ. | 5-6-2017 | അല്ല |
| 18 | 326/2017 | ജി.ഒ.(പി)നമ്പർ 48/2017/ എൽബിആർ. | 29-5-2017 | അല്ല |
| 19 | 335/2017 | ജി.ഒ.(പി)നമ്പർ 56/2017/ എൽബിആർ. | 12-6-2017 | അല്ല |
| 20 | 336/2017 | ജി.ഒ.(പി)നമ്പർ 57/2017/ എൽബിആർ. | 14-6-2017 | അല്ല |
| 21 | 338/2017 | ജി.ഒ.(പി)നമ്പർ 59/2017/ എൽബിആർ. | 16-6-2017 | അല്ല |
| 22 | 341/2017 | സ.ഉ.(അച്ചടി)നമ്പർ 53/2017/ തൊഴിൽ. | 7-6-2017 | അല്ല |
| 23 | 343/2017 | ജി.ഒ.(പി)നമ്പർ 52/2017/ റ്റിഡി. | 23-6-2017 | അല്ല |
| 24 | 347/2017 | ജി.ഒ.(പി)നമ്പർ 62/2017/ എൽബിആർ. | 21-6-2017 | അല്ല |
| 25 | 388/2017 | ജി.ഒ.(പി)നമ്പർ 63/2017/ എൽബിആർ. | 25-6-2017 | അല്ല |
| 26 | 389/2017 | സ.ഉ.(അച്ചടി)നമ്പർ 61/2017/ തൊഴിൽ. | 18-6-2017 | അല്ല |
| 27 | 394/2017 | ജി.ഒ.(പി)നമ്പർ 60/2017/ എൽബിആർ. | 18-6-2017 | അല്ല |
| 28 | 415/2017 | ജി.ഒ.(പി)നമ്പർ 65/2017/ എൽബിആർ. | 4-7-2017 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2013-14 | വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2013-14 | ഭരണ റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 3 | കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2014-15 | ഭരണ റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 4 | കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് | 2015-16 | പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |
| 5 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2015-16 | ഭരണ റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 204/2017 | ജി.ഒ.(പി)നമ്പർ 25/2017/ എൽബിആർ. | 11-4-2017 |
| 2 | 206/2017 | ജി.ഒ.(പി)നമ്പർ 27/2017/ എൽബിആർ. | 11-4-2017 |
| 3 | 217/2017 | ജി.ഒ.(പി)നമ്പർ 30/2017/ എൽബിആർ. | 26-4-2017 |
| 4 | 229/2017 | ജി.ഒ.(പി)നമ്പർ 33/2017/ എൽബിആർ. | 3-5-2017 |
| 5 | 230/2017 | ജി.ഒ.(പി)നമ്പർ 38/2017/ റ്റിഡി. | 6-5-2017 |
| 6 | 231/2017 | ജി.ഒ.(പി)നമ്പർ 39/2017/ റ്റിഡി. | 6-5-2017 |
| 7 | 240/2017 | ജി.ഒ. (പി)നമ്പർ 40/2017/ റ്റിഡി. | 8-5-2017 |
| 8 | 242/2017 | ജി.ഒ.(പി)നമ്പർ 34/2017/ എൽബിആർ. | 6-5-2017 |
| 9 | 243/2017 | ജി.ഒ.(പി)നമ്പർ 35/2017/ എൽബിആർ. | 9-5-2017 |
| 10 | 256/2017 | ജി.ഒ.(പി)നമ്പർ 38/2017/ എൽബിആർ. | 9-5-2017 |

XII. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 417/2017 | സ.ഉ.(പി) നമ്പർ 3/2017/ ഭ.പൊ.വി.വ. | 28-6-2017 | അല്ല |
| 2 | - | എഫ്സിഎസ്ഡി-ഡി1/ 84/2017- എഫ്സിഎസ്ഡി. | 3-6-2017 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |

XIII. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 2 | 3 | 4 | 5 |
| 1 | 244/2017 | ജി.ഒ.(പി) നമ്പർ 21/2017/ കോ-ഓപ്. | 28-4-2017 | അല്ല |
| 2 | 258/2017 | ജി.ഒ.(പി) നമ്പർ 27/2017/ കോ-ഓപ്. | 11-5-2017 | അല്ല |
| 3 | 263/2017 | ജി.ഒ.(പി) നമ്പർ 26/2017/ കോ-ഓപ്. | 9-5-2017 | അല്ല |
| 4 | 276/2017 | ജി.ഒ.(പി) നമ്പർ 24/2017/ കോ-ഓപ്. | 4-5-2017 | അല്ല |
| 5 | 286/2017 | ജി.ഒ.(പി) നമ്പർ 29/2017/ കോ-ഓപ്. | 19-5-2017 | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 6 | 287/2017 | ജി.ഒ.(പി) നമ്പർ 22/2017/ കോ-ഓപ്. | 3-5-2017 | അല്ല |
| 7 | 325/2017 | ജി.ഒ.(പി) നമ്പർ 32/2017/ കോ-ഓപ്. | 1-6-2017 | അല്ല |
| 8 | 385/2017 | ജി.ഒ.(പി) നമ്പർ 30/2017/ കോ-ഓപ്. | 26-5-2017 | അല്ല |
| 9 | 386/2017 | ജി.ഒ.(പി) നമ്പർ 31/2017/ കോ-ഓപ്. | 29-5-2017 | അല്ല |
| 10 | 437/2017 | ജി.ഒ.(പി) നമ്പർ 34/2017/ കോ-ഓപ്. | 1-7-2017 | അല്ല |
| 11 | 439/2017 | ജി.ഒ.(പി) നമ്പർ 36/2017/ കോ-ഓപ്. | 10-7-2017 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 2013-14 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 2 | മലബാർ ദേവസ്വം ബോർഡ് | 2013-14 | ഭരണ റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 129/2017 | ജി.ഒ.(പി) നമ്പർ 10/2017/കോ-ഓപ്. | 15-2-2017 |
| 2 | 197/2017 | ജി.ഒ.(പി) നമ്പർ 12/2017/കോ-ഓപ്. | 3-3-2017 |
| 3 | 222/2017 | ജി.ഒ.(പി) നമ്പർ 11/2017/കോ-ഓപ്. | 2-3-2017 |

XIV. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 211/2017 | സ.ഉ.(അച്ചടി) നമ്പർ 02/2017/ കാ.യു.വ. | 21-4-2017 | അല്ല |
| 2 | 309/2017 | ജി.ഒ.(പി) നമ്പർ 20/2017/ ഐഡി. | 1-6-2017 | അല്ല |
| 3 | 443/2017 | സ.ഉ. (അച്ചടി) നമ്പർ 3/2017/കാ.യു.വ. | 19-7-2017 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | ട്രാൻസ്ഫോർമേഴ്സ് & ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | ആട്ടോകാസ്റ്റ് ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 2014-15 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 4 | കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 5 | കേരള സ്റ്റേറ്റ് ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

XV. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 266/2017 | ജി.ഒ.(പി) നമ്പർ 11/2017/എഫ്&പിഡി. | 17-5-2017 | അല്ല |
| 2 | 314/2017 | ജി.ഒ.(പി) നമ്പർ 12/2017/എഫ്&പിഡി. | 9-6-2017 | അല്ല |
| 3 | 350/2017 | ജി.ഒ.(പി) നമ്പർ 13/2017/എഫ്&പി. | 15-6-2017 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2011-12 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

XVI. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കണ്ണൂർ സർവകലാശാല | 2015-16 | വാർഷിക കണക്കുകൾ | അതെ |
| 3 | കേരള സർവകലാശാല | 2016 | വാർഷിക റിപ്പോർട്ട് | അല്ല |

XVII. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തിയതി | |
| 1 | 381/2017 | ജി.ഒ.(പി)നമ്പർ 3/2017/ എഫ്&ഡബ്ല്യൂഎൽഡി. | 17-6-2017 | അല്ല |
| 2 | 382/2017 | ജി.ഒ.(പി)നമ്പർ 4/2017/ എഫ്&ഡബ്ല്യൂഎൽഡി. | 17-6-2017 | അല്ല |
| 3 | 383/2017 | ജി.ഒ.(പി)നമ്പർ 5/2017/ എഫ്&ഡബ്ല്യൂഎൽഡി. | 17-6-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്ന :

| ക്രമ നമ്പർ | എസ് .ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തിയതി |
| 1 | 74/2017 | ജി.ഒ.(പി) നമ്പർ 1/2017/ എഫ്& ഡബ്ല്യൂഎൽ ഡി. | 30-1-2017 |

XVIII. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തിയതി | |
| 1 | 2 | 3 | 4 | 5 |
| 1 | 95/2017 | സ.ഉ.(അച്ചടി) നമ്പർ 9/2017/ ത.സ്വ.ഭ.വ. | 14-2-2017 | അതെ |
| 2 | 241/2017 | ജി.ഒ.(പി)നമ്പർ 23/2017/ എൽഎസ്ജിഡി. | 25-4-2017 | അല്ല |
| 3 | 259/2017 | സ.ഉ.(അച്ചടി) നമ്പർ 26/2017/ ത.സ്വ.ഭ.വ. | 8-5-2017 | അതെ |
| 4 | 260/2017 | സ.ഉ.(അച്ചടി) നമ്പർ 27/2017/ ത.സ്വ.ഭ.വ. | 8-5-2017 | അതെ |
| 5 | 261/2017 | സ.ഉ.(അച്ചടി) നമ്പർ 28/2017/ ത.സ്വ.ഭ.വ. | 8-5-2017 | അതെ |
| 6 | 291/2017 | ജി.ഒ.(പി)നമ്പർ 25/2017/ എൽഎസ്ജിഡി. | 5-5-2017 | അല്ല |
| 7 | 292/2017 | ജി.ഒ.(പി)നമ്പർ 30/2017/ എൽഎസ്ജിഡി. | 9-5-2017 | അല്ല |
| 8 | 310/2017 | സ.ഉ.(അച്ചടി) നമ്പർ 33/2017/ ത.സ്വ.ഭ.വ. | 31-5-2017 | അല്ല |
| 9 | 311/2017 | സ.ഉ.(അച്ചടി) നമ്പർ 34/2017/ ത.സ്വ.ഭ.വ. | 2-6-2017 | അല്ല |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 10 | 348/2017 | ജി.ഒ.(പി)നമ്പർ 35/2017/ എൽഎസ്ജിഡി. | 9-6-2017 | അല്ല |
| 11 | 412/2017 | ജി.ഒ.(പി)നമ്പർ 38/2017/ എൽഎസ്ജിഡി. | 13-6-2017 | അല്ല |
| 12 | 425/2017 | ജി.ഒ.(പി)നമ്പർ 36/2017/ എൽഎസ്ജിഡി. | 15-6-2017 | അല്ല |
| 13 | 426/2017 | ജി.ഒ.(പി)നമ്പർ 45/2017/ എൽഎസ്ജിഡി. | 12-7-2017 | അല്ല |
| 14 | 440/2017 | ജി.ഒ.(പി)നമ്പർ 37/2017/ എൽഎസ്ജിഡി. | 9-6-2017 | അല്ല |
| 15 | 446/2017 | ജി.ഒ.(പി)നമ്പർ 40/2017/ എൽഎസ്ജിഡി. | 16-6-2017 | അല്ല |
| 16 | 447/2017 | ജി.ഒ.(പി)നമ്പർ 46/2017/ എൽഎസ്ജിഡി. | 13-6-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്ന :

| ക്രമ നമ്പർ | എസ് .ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 210/2015 | സ.ഉ.(കൈ) നമ്പർ 126/2015/ തസ്വഭവ. | 4-4-2015 |
| 2 | 149/2017 | ജി.ഒ.(പി) നമ്പർ 15/2017/ എൽഎസ്ജിഡി. | 24-3-2017 |
| 3 | 203/2017 | ജി.ഒ.(പി) നമ്പർ 16/2017/ എൽഎസ്ജിഡി. | 24-3-2017 |
| 4 | 205/2017 | ജി.ഒ.(പി) നമ്പർ 17/2017/ എൽഎസ്ജിഡി. | 24-3-2017 |
| 5 | 215/2017 | ജി.ഒ.(പി) നമ്പർ 1186/2017/ എൽഎസ്ജിഡി. | 18-4-2017 |

XIX. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ/പേര് | തീയതി | |
| 1 | 77/2017 | ജി.ഒ.(പി) നമ്പർ 1/2017/പിഡി. | 28-1-2017 | അതെ |
| 2 | 237/2017 | ജി.ഒ.(പി) നമ്പർ 3/2017/പിഡി. | 11-4-2017 | അല്ല |
| 3 | - | 58/എഡി(ലോ)/കെഎസ് ഇആർസി/ 2016/കെഎസ്ഇആർസി | 24-1-2017 | അതെ |
| 4 | - | 17-4-2017-ലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 1007/എഫ്&റ്റി / കെഎസ്ഇആർ സി/2016-ാം നമ്പർ ഉത്തരവ് പ്രകാരമുള്ള വിജ്ഞാപനം | | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 2013-14 (31-10-2013 വരെയുള്ളത്) | വാർഷിക കണക്കുകൾ | അതെ |

XX. നിയമസഭാ സെക്രട്ടറി (ശ്രീ. വി. കെ. ബാബു പ്രകാശ്): നിയമസഭ പാസ്സാക്കിയതും ഗവർണറുടെ അംഗീകാരം ലഭിച്ചതുമായ താഴെപ്പറയുന്ന ആക്റ്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | വർഷം | നമ്പർ | ആക്റ്റിന്റെ പേര് |
|---|---|---|---|
| 1 | 2017 | 7 | 2017-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ആക്റ്റ്. |
| 2 | 2017 | 8 | 2017-ലെ മലയാള ഭാഷാപഠന ആക്റ്റ്. |
| 3 | 2017 | 9 | 2017-ലെ മദ്രാസ് ഹിന്ദു മത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ആക്റ്റ്. |
| 4 | 2017 | 10 | 2017-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ആക്റ്റ്. |
| 5 | 2017 | 11 | 2017-ലെ കേരള ഫിനാൻസ് ആക്റ്റ്. |

## VI റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

(2) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ ഒന്നും രണ്ടും റിപ്പോർട്ടുകൾ സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

## VII റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ എട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## VIII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2017-ലെ കേരള ചരക്കുസേവന നികുതി ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017-ലെ കേരള ചരക്കു സേവന നികുതി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## IX ക്രമപ്രശ്നം

ഗവർണറുടെ മുൻകൂർ അനുമതി വാങ്ങണമെന്നത് സംബന്ധിച്ച്

ശ്രീ. കെ. എം. മാണി: സർ, ഭരണഘടനയുടെ ആർട്ടിക്കിൾ 207 (3) അനുസരിച്ച് സഞ്ചിത നിധിയിൽനിന്ന് ചെലവു വരുന്ന ഏതു ബില്ലിനും ബഹുമാനപ്പെട്ട ഗവർണ്ണറുടെ ശിപാർശ ആവശ്യമാണ്. ഈ ബില്ലിൽ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നത്, The Bill, if enacted and brought into operation, would not involve any additional expenditure from the Consolidated Fund of the State. പക്ഷേ ഇത് തികച്ചും ശരിയല്ല. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ചെലവു വരുന്ന ധാരാളം വ്യവസ്ഥകൾ ഇതിലുണ്ട്. അപ്പോൾ ഇതിന് ബഹുമാനപ്പെട്ട ഗവർണറുടെ അനുമതിയും ശിപാർശയും ആവശ്യമായിരുന്നു. ബഹുമാനപ്പെട്ട ഗവർണറുടെ ശിപാർശയുണ്ട്, അത് മണി ബില്ലിനുള്ള ശിപാർശയാണ്. പക്ഷേ 207 (3) അനുസരിച്ചുള്ള ശിപാർശ വേറെ വേണം. കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും അഡീഷണൽ എക്സ്പെന്റീച്ചർ ചെലവു ചെയ്യുന്നതിനുള്ള ശിപാർശ വേറെ വേണം. ആ ശിപാർശ ഇവിടെ കിട്ടിയിട്ടില്ല. ആദ്യത്തെ ശിപാർശയല്ല, രണ്ടാമത്തെ ശിപാർശ ഇവിടെ കിട്ടിയിട്ടില്ല. ഈ ബിൽ അവതരിപ്പിക്കുന്നതിന് നിയമതടസ്സമുണ്ട്.

ഇവിടെ സഞ്ചിത നിധിയിൽനിന്ന് ചെലവു വരുമെന്നതിന് ഒരു ഉദാഹരണം ഞാൻ പറയാം. മൂന്നാം വകുപ്പ് വിവിധതരം ഓഫീസർമാരെ നിയമിക്കുവാൻ സർക്കാരിന് അധികാരം നൽകുന്നുണ്ട്. പ്രൊവൈസോ അനുസരിച്ച് വാറ്റ്, കെ.ജി.എസ്.റ്റി. നിയമങ്ങളനുസരിച്ച് നിയമിതരായവരെയെല്ലാം ജി.എസ്.ടി.-യിലെയും ഉദ്യോഗസ്ഥൻമാരായി പരിഗണിക്കാം. എന്നാൽ മൂന്നാം വകുപ്പ് അനുസരിച്ച് സ്പെഷ്യൽ കമ്മീഷണർ ഓഫ് ടാക്സിന് ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുവാൻ ചരക്ക സേവന നികുതിയിൽ വ്യവസ്ഥയുണ്ട്. ഈ തസ്തികയിലുള്ള ഉദ്യോഗസ്ഥർ വാണിജ്യ നികുതി വകുപ്പിൽ ഇപ്പോൾ നിലവിലില്ല. ഈ പുതിയ തസ്തികയിൽ നിയമനം നടത്തുമ്പോൾ സഞ്ചിത നിധിയിൽനിന്ന് അധികച്ചെലവ് വേണ്ടിവരും. നാലാമത്തെ വകുപ്പിലേയ്ക്ക് വരുമ്പോൾ, മൂന്നാം വകുപ്പിനു പുറമെ വേറെ ഉദ്യോഗസ്ഥരെ നിയമിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. അതുപോലെതന്നെ, ഈ നിയമത്തിൽ ക്ലിയറായി അഡ്ജ്യൂഡിക്കേറ്റിംഗ് അതോറിറ്റി, റിവിഷണൽ അതോറിറ്റി എന്നിവരെ നിയമിക്കുവാൻ വ്യവസ്ഥയുണ്ട്. ഇവരുടെ ചെലവ് സഞ്ചിത നിധിയിൽനിന്നും വഹിക്കേണ്ടതായും വരും. ജി.എസ്.ടി. സെക്ഷൻ 109-ലേയ്ക്ക് കടക്കുമ്പോൾ അപ്പലേറ്റ് ട്രൈബ്യൂണലിനെ നിയമിക്കുവാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. അതിന് ചെലവ് വേണ്ടിവരും. പ്രസ്തുത ട്രൈബ്യൂണലിലെ ഉദ്യോഗസ്ഥരുടെ ശമ്പള ചെലവുകൾ സഞ്ചിത നിധിയിൽനിന്നുതന്നെ നൽകേണ്ടിവരും. ബില്ലിലെ സെക്ഷൻ 132-ലേയ്ക്ക് കടക്കുമ്പോൾ കോടതി മുഖാന്തരം ശിക്ഷ നൽകുന്ന പല

വ്യവസ്ഥകളുമുണ്ട്. പക്ഷേ ഇത്തരം കേസുകൾ നടത്തുവാൻ പ്രോസിക്യൂട്ടേഴ്സിനെ നിയമിക്കേണ്ടി വരും. ജി.എസ്.ടി. അനുസരിച്ച് വ്യാപാരികളും നികുതി വകുപ്പും തമ്മിലുള്ള വിനിമയം ഇനി മുതൽ ഓൺലൈൻ വഴിയാകും. അതിലേയ്ക്ക് അടുത്ത കാലത്ത് കമ്മീഷണർ കുറേ ആളുകളെ നിയമിച്ചിട്ടുണ്ട്. ഇവരുടെ ശമ്പളം സഞ്ചിത നിധിയിൽനിന്നാണ്. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് വരുന്ന അധികച്ചെലവ് അഞ്ചു വർഷത്തേയ്ക്ക് കേന്ദ്ര സർക്കാർ നൽകുന്ന കോമ്പൻസേഷൻ പാക്കേജിൽ ഉൾപ്പെടുത്തിയില്ലെങ്കിൽ അത്രയും തുക സംസ്ഥാന സർക്കാർ സഹിക്കേണ്ടി വരും.

റൂൾ 73 അനുസരിച്ച് ബില്ലിന്റെ ഓരോ വകുപ്പിലും റെക്കറിംഗ് ആന്റ് നോൺ റെക്കറിംഗ് ചെലവുകൾ പ്രത്യേകം കാണിക്കണം. അതിവിടെ കാണിച്ചിട്ടില്ല. ഈ സാഹചര്യങ്ങളെല്ലാം കണക്കിലെടുക്കുമ്പോൾ നിയമസഭാ ചട്ടം 73 അനുസരിച്ച് ഒരു പുതിയ ധനകാര്യ മെമ്മോറാണ്ടം ഫയൽ ചെയ്യുവാൻ അങ്ങ് റൂളിംഗ് നൽകണം. ആർട്ടിക്കിൾ 207 (1) അനുസരിച്ച് അധികച്ചെലവുകൾക്ക് ബഹുമാനപ്പെട്ട ഗവർണറുടെ ശിപാർശ വാങ്ങിയതിനുശേഷമേ ഇത് അവതരിപ്പിക്കുവാൻ അനുവദിക്കാവൂ എന്നുമാത്രമേ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. ബഹുമാനപ്പെട്ട ഗവർണറുടെ അനുമതിയില്ലാതെ ഇത് അവതരിപ്പിക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രി ഇതിന് വേറെ ഉത്തരങ്ങളൊക്കെ പറയും. പക്ഷേ ഇതിന് ക്ലിയറായി ബഹുമാനപ്പെട്ട ഗവർണറുടെ അനുമതി വാങ്ങേണ്ടതാണ്, പക്ഷേ വാങ്ങിയിട്ടില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്): സർ, ഈ സഭ കേരള മൂല്യവർദ്ധിത നിയമം പാസ്സാക്കിയിട്ടുള്ളതാണ്, അവിടേയും ഇതു തന്നെയാണ് പറഞ്ഞിട്ടുള്ളത്. പുതിയ ഡെസിഗ്നേഷനുകളും മറ്റുകാര്യങ്ങളുമുണ്ട്. പക്ഷേ അതെല്ലാം നിലവിലുള്ള ഉദ്യോഗസ്ഥരുടെ റീഡിപ്ലോയ്മെന്റ് വഴിയല്ലാതെ, പുതിയ നിയമനങ്ങൾ ഒന്നും നമ്മൾ എൻവിസേജ് ചെയ്യുന്നില്ല. അതുകൊണ്ടാണ് അധികച്ചെലവ് പ്രതീക്ഷിക്കുന്നില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളത്.

ശ്രീ. കെ. എം. മാണി: നിയമിക്കുന്നതിനുള്ള വ്യവസ്ഥ അതിലുണ്ട്. പിന്നെ എൻവിസേജ് ചെയ്യുന്നില്ല എന്നു പറഞ്ഞാൽ എങ്ങനെയാണ്? ഇതിനകത്ത് ഓരോന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അതെല്ലാം പൂർണ്ണമായിട്ടും റീഡിപ്ലോയ്മെന്റിന്റെ അടിസ്ഥാനത്തിലാണ്, വാറ്റ് നടപ്പിലാക്കിയപ്പോഴും ഇങ്ങനെതന്നെയായിരുന്നു. അതുകൊണ്ട് അധികച്ചെലവൊന്നും സർക്കാർ പ്രതീക്ഷിക്കുന്നില്ല. ആയതിനാലാണ് ഇതിന് ഗവർണറുടെ കയ്യിൽ നിന്നും 207(3) പ്രകാരമുള്ള പ്രത്യേക അനുമതി വാങ്ങാത്തത്. എന്നാൽ മണിബിൽ എന്നുള്ള രീതിയിൽ ഗവർണറുടെ അനുമതി വാങ്ങിയിട്ടുണ്ട്.

**റൂളിംഗ്**

മി. സ്പീക്കർ: ഇന്ത്യൻ ഭരണഘടനയിൽ അനുച്ഛേദം 207(3) അനുസരിച്ചുള്ള ഗവർണ്ണറുടെ ശിപാർശ ലഭ്യമായിട്ടില്ലെന്നും, ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടം ചട്ടം 73 പ്രകാരമുള്ളതല്ലെന്നുമാണ് ശ്രീ. കെ.എം. മാണി ഉന്നയിച്ച പ്രധാന തടസ്സ വാദങ്ങൾ. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

2017-ലെ കേരള ചരക്കു സേവന നികുതി ബിൽ സംബന്ധിച്ച അനുച്ഛേദം 207(1) പ്രകാരം ഗവർണറുടെ അനുമതി ലഭിച്ച കാര്യം 2-8-2017-ലെ ബുള്ളറ്റിൻ ഭാഗം 2, നമ്പർ 286 പ്രകാരം ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിച്ചിട്ടുള്ളതാണ്. ഈ ബിൽ നിയമമായാൽ സഞ്ചിത നിധിയിൽ നിന്നും അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതല്ലെന്നാണ് വിലയിരുത്തപ്പെട്ടിരിക്കുന്നത്. പുതിയ നിയമനങ്ങൾ ഉദ്ദേശിക്കുന്നില്ല, റീഡിപ്ലോയ്മെന്റ് മാത്രമേ ഉദ്ദേശിക്കുന്നുള്ളൂ എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വ്യക്തമാക്കി. അക്കാര്യമാണ് ധനകാര്യ മെമ്മോറാണ്ടത്തിൽ സൂചിപ്പിച്ചിട്ടുള്ളത്. ആയത് ക്രമപ്രകാരമാണെന്ന് കാണുന്നു. തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017-ലെ കേരള ചരക്ക് സേവന നികുതി ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

12.00 Noon]

ശ്രീ. കെ. എം. മാണി: സർ, I move that- "This House resolves to disapprove The Kerala Goods and Services Tax Ordinance, 2017 (Ordinance No.11 of 2017)."

ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങൾ നല്ലതാണ്. One country, one tax, one market-തീർച്ചയായിട്ടും അതിന്റെ ലക്ഷ്യങ്ങൾ വളരെ നല്ലതാണ്. സങ്കൽപ്പം യാഥാർത്ഥ്യമാക്കുകയാണ് ജി.എസ്.ടി.-യുടെ അടിസ്ഥാനലക്ഷ്യം. പക്ഷേ ജി.എസ്.ടി. നിയമമാകുന്നതോടെ കേന്ദ്ര എക്സൈസ് ഡ്യൂട്ടി, മെഡിക്കൽ ടോയ്ലറ്റ് പ്രിപ്പറേഷൻ ഡ്യൂട്ടി, അഡീഷണൽ ഡ്യൂട്ടീസ് ഓഫ് കസ്റ്റംസ് ഡ്യൂട്ടി, സർവ്വീസ് ടാക്സ് തുടങ്ങിയ നികുതികൾ ഇതിൽ ലയിക്കും. സംസ്ഥാന സർക്കാർ ഈടാക്കി

വരുന്ന വാറ്റ്, സെൻട്രൽ സെയിൽ ടാക്സ്, ലക്ഷ്വറി ടാക്സ്, എൻട്രി ടാക്സ്, എന്റർടെയിൻമെന്റ് ടാക്സ്, പർച്ചേസ് ടാക്സ്, ടാക്സ് ഓൺ അഡ്വൈർടൈസ്മെന്റ്, ടാക്സ് ഓൺ ലോട്ടറി, സ്റ്റേറ്റ് സെസ്സ് ആന്റ് സർച്ചാർജസ് തുടങ്ങിയവയെല്ലാം ഈ നിയമത്തിൽ സ്വാഭാവികമായി ലയിച്ച്, ജി.എസ്.ടി. എന്ന സിംഗിൾ പരോക്ഷ നികുതിയിലേയ്ക്ക് ഇന്ത്യ 1-7-2017 മുതൽ മാറിക്കഴിഞ്ഞു. ലോകത്ത് ആദ്യമായി 1954-ൽ ഫ്രാൻസിലാണ് ജി.എസ്.ടി. നിയമം നടപ്പിലായത്. അതിനുശേഷം 164 രാജ്യങ്ങൾ ജി.എസ്.ടി. നിയമം കൊണ്ടുവന്നു. 166-ാമത്തെ രാജ്യമായാണ് ഇന്ത്യ ഇപ്പോൾ ജി.എസ്.ടി. നടപ്പിലാക്കുന്നത്. ജി.എസ്.ടി.യുടെ ഗുണം ഏറ്റവും കൂടുതൽ ലഭിക്കുന്നത് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിനാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമായതുകൊണ്ട് നമ്മുടെ നികുതി വരുമാനം ഇതുമൂലം വർദ്ധിക്കുമെന്നുള്ളത് വളരെ ശുഭോതർക്കമായിട്ടുള്ള കാര്യമാണ്. ജി.എസ്.ടി. ഏർപ്പെടുത്തിയ മിക്ക രാജ്യങ്ങളിലും വില കുതിച്ചുകയറുകയും അടുത്ത തെരഞ്ഞെടുപ്പിൽ ആ സർക്കാരുകളെല്ലാം നിലംപതിക്കുകയും ചെയ്തു. അതുപോലെ ഇവിടേയും ഉണ്ടാകുമെന്നുള്ള അർത്ഥത്തിലല്ല ഞാൻ പറയുന്നത്. ആസ്ട്രേലിയയിൽ ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ വിലക്കയറ്റത്തിനെതിരെ കർശന നടപടികൾ എടുത്തുകൊണ്ട് വിലക്കയറ്റം അവർ നിയന്ത്രിച്ചു. കേരളം ജി.എസ്.ടി. നടപ്പിലാക്കുന്നതിനു മുമ്പ് വില നിയന്ത്രണത്തിൽ യാതൊരു നടപടിയും എടുത്തില്ല എന്നൊരു ആക്ഷേപം ഞാൻ ഉന്നയിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ജി.എസ്.ടി. ബിൽ പ്രഖ്യാപിച്ചു എങ്കിലും യാതൊരു തുടർ നടപടിയും ഉണ്ടായില്ല. ഭൂരിഭാഗം സംസ്ഥാനങ്ങളും മേയ് മാസത്തിനുമുമ്പേ, അവരുടെ നിയമസഭയിൽ എസ്.ജി.എസ്.ടി., സ്റ്റേറ്റ് ജി.എസ്.ടി. ബിൽ പാസ്സാക്കുകയുണ്ടായി. ഇന്ത്യയിലെ ഭൂരിപക്ഷം നിമയസഭകളും പാസ്സാക്കി. കേരളം ഇപ്പോഴാണ് ബിൽ അവതരിപ്പിക്കുന്നത്. ഇന്ത്യയിൽ ഏറ്റവും അവസാനം ബിൽ അവതരിപ്പിക്കുന്നത് കേരളമാണ്. ജി.എസ്.ടി.യിലെ വ്യവസ്ഥകൾ എന്തെല്ലാമെന്നത് സംബന്ധിച്ച് വ്യാപാരികളും ജനങ്ങളും അജ്ഞരായിരുന്നു. 1-7-2017-ൽ നിയമം ബാധകമാക്കിയപ്പോൾ വാറ്റ് നികുതി നൽകി വ്യാപാരികളുടെ കൈവശമുണ്ടായിരുന്ന സ്റ്റോക്കിന് നികുതി ഈടാക്കേണ്ട രീതി അവരെ പറഞ്ഞ് മനസ്സിലാക്കാനോ ബോധവൽക്കരണം നടത്താനോ കഴിഞ്ഞില്ല. ഇത് അകാരണമായി വില വർദ്ധിക്കുന്നതിന് കാരണമാക്കി. എം.ആർ.പി. റേറ്റിലുള്ള സാധനങ്ങൾക്ക് ഒന്നാമത്തെ ഡീലർ മുഴുവൻ വാറ്റും നൽകിയാൽ മറ്റുള്ളവർ നികുതി പിരിക്കേണ്ടതില്ല. അവർ തന്നെ എം.ആർ.പി. റേറ്റിന് താഴെയാണ് കച്ചവടം നടത്തിയിരുന്നത്. ജി.എസ്.ടി. വന്നപ്പോൾ എം.ആർ.പി. റേറ്റിനു മുകളിൽ നികുതി പിരിച്ചത് അസാധാരണമായ വിലക്കയറ്റം സൃഷ്ടിച്ചു. വിലക്കയറ്റം നിയന്ത്രിക്കുവാൻ സംസ്ഥാന സർക്കാർ യാതൊന്നും ചെയ്തില്ല. ജി.എസ്.ടി.യിൽ നികുതിയില്ലാത്ത ഉൽപ്പന്നങ്ങൾക്കുപോലും വിലക്കയറ്റം

നിയന്ത്രിക്കുവാൻ സംസ്ഥാന സർക്കാരിനു കഴിഞ്ഞില്ല. കോഴിയുടെ വില 87 രൂപയായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. പക്ഷേ അത് ജലരേഖയായി, കോഴിഫാമിൽ ഒരു കോഴിക്ക് 140 രൂപ വില കൊടുക്കണം. പക്ഷെ മന്ത്രി പറഞ്ഞത് 87 രൂപയാണ്. നികുതി നിരക്ക് കുറഞ്ഞ സോപ്പ്, ടൂത്ത് പേസ്റ്റ് എന്നീ ഉൽപ്പന്നങ്ങൾക്കുപോലും വില കുറഞ്ഞില്ല. സംസ്ഥാനത്തെ ഹോട്ടലുകളിലും, റസ്റ്റോറന്റുകളിലും ജി.എസ്.ടി.യുടെ മറവിൽ അമിത വിലയാണ് ഈടാക്കുന്നത്. ചായ മുതൽ ചിക്കൻ ബിരിയാണി വരെയുള്ള ഭക്ഷ്യ സാധനങ്ങൾക്ക് രണ്ടു രൂപ മുതൽ 30 രൂപ വരെയാണ് ജി.എസ്.ടി. അടിച്ചേൽപ്പിച്ചത്. ഇത് നികുതി ബില്ലിൽ ഉൾപ്പെടുത്താൻ അനുമതി ഇല്ലാത്ത, അനുമാന നികുതി സമ്പ്രദായം സ്വീകരിച്ച ഹോട്ടലുകളിൽ പോലും ജി.എസ്.ടി. ഈടാക്കുന്നു. ഇത് തടയാൻ സർക്കാർ യാതൊരു നടപടിയും സ്വീകരിച്ചില്ല. കഴിഞ്ഞ 12 മാസത്തെ സ്റ്റോക്കിന്റെ റിട്ടേൺ അടുത്ത സെപ്റ്റംബർ മാസത്തിൽ നൽകിയാൽ മതിയെന്ന സർക്കാരിന്റെ ഇളവിന്റെ പേരിലാണ് വൻകൊള്ള നടന്നത്. അന്യ സംസ്ഥാനങ്ങളിൽ നിന്ന് ചരക്ക് കൊണ്ടുവരുമ്പോൾ പരിശോധിക്കുവാനുള്ള ജി.എസ്.ടി. ബില്ലിംഗ് സോഫ്റ്റ്‌വെയർ ഇനിയും തയ്യാറായിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത് വ്യാപാര രംഗത്ത് വലിയ അരാജകത്വം സൃഷ്ടിക്കാൻ ഇടയാക്കി. ജി.എസ്.ടി. വരുന്നതിന് മുമ്പ് ഏത് ചരക്കിനും കേന്ദ്ര സർക്കാരിന്റെ എക്സൈസ് നികുതിയും, സർവ്വീസ് ടാക്സും ഉണ്ടായിരുന്നു. ഇത് ഉൾപ്പെടെയുള്ള വിലയുടെ മേൽ ചുമത്തുന്ന വാറ്റ് മാത്രമേ നാം കാണാറുള്ളൂ. മൊത്തം 30 മുതൽ 40 ശതമാനം വരെ നികുതിയുണ്ട്. ഇതു മുഴുവനും ജി.എസ്.ടി. വന്നപ്പോൾ 30 മുതൽ 40 ശതമാനം വരെ കുറഞ്ഞു. ജി.എസ്.ടി. വന്നാലും വില കുറയുകയില്ല, വാസ്തവത്തിൽ വില കുറയേണ്ടതാണ്. ജി.എസ്.ടി. വന്നാലും വില കുറയുകയില്ല എന്ന ധനമന്ത്രിയുടെ പ്രഖ്യാപനത്തോടെ നികുതി കുറയുന്നതിന്റെ ഗുണം കച്ചവടക്കാർക്ക് ലഭിച്ചു. അങ്ങ് അങ്ങനെയൊരു പ്രസ്താവന ഇറക്കി, അത് ഓർക്കുന്നുണ്ടോ എന്ന് എനിക്ക് അറിയില്ല. അത് കച്ചവടക്കാർക്ക് വളരെ എളുപ്പമായി, അവർ കൊള്ള ലാഭമെടുത്തു. ഉപഭോക്താക്കളിലേയ്ക്ക് വിലക്കുറവ് എത്തിക്കാൻ കഴിഞ്ഞില്ല.

ഡോ. ടി. എം. തോമസ് ഐസക്:സർ, അങ്ങ് ഇവിടെ പറഞ്ഞ വിമർശനത്തെ സംബന്ധിച്ച് തുടക്കം മുതൽ ഞാൻ പറയുന്നതാണ്. നികുതി കുറയും, പക്ഷേ വില കുറയില്ല.

ശ്രീ. കെ. എം. മാണി:സർ, ഇത്രയും നാൾ പറഞ്ഞിട്ടും ഫലമുണ്ടാകാത്തതു കൊണ്ട് ഞാൻ വീണ്ടും പറയുകയാണ്. ബില്ലിലെ വ്യവസ്ഥകളും അതിന് കീഴിൽ സംസ്ഥാന സർക്കാർ ഉണ്ടാക്കുന്ന ചട്ടങ്ങളും റെഗുലേഷനുകളും മറ്റ് നോട്ടിഫിക്കേഷനുകളും.....

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. കെ. എം. മാണി എംപവേർഡ് കമ്മറ്റിയുടെ ചെയർമാനായിരുന്നല്ലോ, അന്ന് പാർലമെന്റ് സമ്മേളനം നടന്നുകൊണ്ടിരുന്ന സമയത്ത് ശ്രീ. അരുൺ ജെയ്റ്റ്‌ലി അങ്ങയെ അഭിനന്ദിക്കുകയും ചെയ്തു. ആ സമയത്ത് ഇക്കാര്യങ്ങൾ ചർച്ചയിൽ ഉണ്ടായിരുന്നോ; കേന്ദ്രഗവൺമെന്റിന്റെ അന്നത്തെ നിലപാട് എന്തായിരുന്നു?

ശ്രീ. കെ. എം. മാണി: സർ, കേന്ദ്ര ഗവൺമെന്റ് കൺക്ലൂസീവായ നിലപാടൊന്നും അന്ന് പറഞ്ഞിരുന്നില്ല. എങ്കിലും പൊതുവേയുള്ള ധാരണ വില കുറയുമെന്നതായിരുന്നു. ജി.എസ്.ടി. കൗൺസിലിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയേ ചെയ്യാവൂ എന്ന വ്യവസ്ഥ സംസ്ഥാന സർക്കാർ അവഗണിച്ചു. ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ച ബില്ലിലെ പാകപ്പിഴകൾ പോലും തിരുത്താൻ ധനകാര്യ വകുപ്പുമന്ത്രി കൂട്ടാക്കിയില്ല. ഉദാഹരണത്തിന്, 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രൂപീകരിച്ച സൊസൈറ്റികൾ ഇല്ലാത്ത, ഭരണഘടനയുടെ 6-ാം പട്ടികയിൽപ്പെടുന്ന റീജിയണൽ കൗൺസിൽ, ആസാം, ത്രിപുര സംസ്ഥാനങ്ങൾക്ക് മാത്രം ബാധകമായവ, മഹാരാഷ്ട്രയിലും ഗുജറാത്തിലും മാത്രമുള്ള ബോർഡുകൾ, നാഗാലാന്റിൽ മാത്രമുള്ള കൗൺസിൽ എന്നിവയെ കേരളത്തിന്റെ ബില്ലിൽ ഉൾപ്പെടുത്തേണ്ട ആവശ്യമെന്താണ്? ഇവയെല്ലാം ഈ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. കേരളത്തിലെ വ്യവസായ ടൗൺഷിപ്പുകളെ ഒഴിവാക്കി. ഇവിടെ അവതരിപ്പിച്ച ബില്ലിലെ ക്ലോസ് അനുസരിച്ചുള്ള കുറേ വ്യവസ്ഥകൾ ജൂണിലും ചിലത് ജൂലൈയിലും നിലവിൽ വന്നു. ബില്ലിലെ 2(10) ക്ലോസ് അനുസരിച്ച് നിശ്ചിത ദിവസം എന്നാൽ ഈ ആക്ട് നിലവിൽ വന്ന ദിവസം എന്നാണ്. ഈ ആക്ടിലെ വ്യവസ്ഥകൾ പല ദിവസങ്ങളിലായി നിലവിൽ വന്നതിനാൽ, പാസ്സാക്കുന്ന ദിവസം എന്നാണെങ്കിലും, ബില്ലിലെ 139 മുതലുള്ള വകുപ്പുകൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ലെന്നതാണ് സത്യം. ജി.എസ്.ടി. വരുമ്പോൾ വില കുറയേണ്ടതിന് പകരം ഇവിടെ വില കൂടുന്നു. ഇതിന് അടിയന്തര നിവാരണ നടപടികൾ സർക്കാർ കൈക്കൊള്ളണം. 5%, 12%, 18%, 28% എന്നിങ്ങനെയാണ് ഇന്ത്യയിലെ ജി.എസ്.ടി. നിരക്കുകൾ, ഇത് വളരെ ഉയർന്നതാണ്. 5 മുതൽ 28 ശതമാനം വരെയുള്ള ഈ നികുതി നിരക്ക് കുറയ്ക്കേണ്ടതാണ്. ഈ റേറ്റ് കുറയ്ക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകണം, അതിനായി നമ്മൾ സമ്മർദ്ദം ചെലുത്തണം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എ.പി. അനിൽ കുമാർ)

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ജി.എസ്.ടി. പ്രഖ്യാപനം നടക്കുമ്പോൾ ശ്രീ. കെ. എം. മാണി പാർലമെന്റിൽ പങ്കെടുത്തിരുന്നു. സംസ്ഥാനങ്ങളുടെ ടാക്സ് ചുമത്താനുള്ള അധികാരം കേന്ദ്രം പൂർണ്ണമായി എടുത്തിരിക്കുകയാണ്. സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ കൊടുക്കണമെന്നതാണ് കേരള കോൺഗ്രസിന്റെ പ്രഖ്യാപിത നയം. ആ നിലപാടിൽ നിൽക്കുന്ന അങ്ങ് എങ്ങനെയാണ് ഈ അധികാരം കേന്ദ്രം കവർന്നെടുക്കുമ്പോൾ അതിന് ഐക്യദാർഢ്യം പ്രഖ്യാപിക്കാൻ ഹാജരായത്?

<u>ശ്രീ. കെ. എം. മാണി</u>: സർ, വിഷമകരമായ കാര്യങ്ങളാണ്. നമുക്ക് ഇക്കാര്യങ്ങളിൽ ഒരുമിച്ച് നില്ക്കാം, നിങ്ങൾ അതിന് തയ്യാറാണോ? കേന്ദ്രം അധികാരം കവർന്നെടുക്കുകയാണെങ്കിൽ ഒരുമിച്ച് ഫൈറ്റ് ചെയ്യാം. കേന്ദ്രത്തിനെതിരായി ഇങ്ങനെ പറയുന്നതല്ലാതെ കേരളാ കോൺഗ്രസ് എടുക്കുന്നതുപോലെ ധീരമായ നിലപാടെടുക്കാൻ ശ്രീ. രാജു എബ്രഹാമിന് കഴിഞ്ഞിട്ടുണ്ടോ? കേന്ദ്ര സർക്കാർ ഇക്കാര്യങ്ങൾ ശ്രദ്ധിക്കണമെന്ന് ഡോ. ടി. എം. തോമസ് ഐസക് പറയണം. ലോകത്തിലെ മറ്റ് രാജ്യങ്ങളിൽ 5 മുതൽ 12 ശതമാനം വരെയുള്ള നിരക്കുകളാണ് നിലവിലുള്ളത്. യു.എസ് - 7.5%, യു.കെ - 20%, ഓസ്ട്രേലിയ - 10%, യു.എ.ഇ - 5%, ജർമ്മനി - 19%, ഫ്രാൻസ് - 20%, സ്വിറ്റ്സർലാന്റ് - 8%, ഇറ്റലി - 22%, ജപ്പാൻ - 8%, സിങ്കപ്പൂർ - 7%, ഇന്തോനേഷ്യ - 10%, മലേഷ്യ - 6%, ചൈന - 17%, റഷ്യ – 18% എന്നിങ്ങനെയാണ്. ശരാശരി നോക്കുമ്പോൾ ഇന്ത്യയിലെ റേറ്റ് വളരെ കൂടുതലാണ്. ഇന്ത്യാ ഗവൺമെന്റ് ജി.എസ്.ടി. നിരക്കുകൾ കുറവുചെയ്യാൻ നടപടിയെടുക്കണം. ജി.എസ്.ടി. കൗൺസിൽ ഇത് പരിശോധിക്കണം, കേരള സർക്കാർ അത് persuade ചെയ്യണം. അതിനാവശ്യമായ നടപടി സ്വീകരിക്കാൻ ഡോ. ടി. എം. തോമസ് ഐസക് വളരെ ശക്തമായി നീങ്ങുമെന്ന് കരുതുന്നു. ജി.എസ്.ടി. വന്നപ്പോൾ പല സാധനങ്ങളുടെയും വില കുറയണം, ചിലത് നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുമുണ്ട്, പക്ഷേ അവയ്ക്ക് വില കുറയുന്നില്ല. നേരത്തേ VAT ഉണ്ടായിരുന്നതും ഇപ്പോൾ ജി.എസ്.ടി.- യിൽ നിന്ന് ഒഴിവാക്കിയതുമായ കോഴി, കുക്കിംഗ് ഓയിൽ, പച്ചക്കറി തുടങ്ങിയവയ്ക്ക് വില കുറയുന്നില്ല. ഗവൺമെന്റ് വില കുറയ്ക്കാൻ നടപടിയെടുക്കുന്നില്ല. ഈ നികുതി ഇതുപോലെ വന്നിരിക്കുന്നതുകൊണ്ട് നികുതി കുറഞ്ഞിട്ടുണ്ടെന്നും അതിനാൽ വില കുറയ്ക്കണമെന്ന് കർശനമായി പറയുകയും വില നിയന്ത്രിക്കുകയും ചെയ്യേണ്ടത് ഗവൺമെന്റിന്റെ ചുമതലയാണ്. അങ്ങനെ ചെയ്യുന്നില്ലെന്ന ആക്ഷേപം ഞാൻ പറയുകയാണ്. സിമന്റിന് ജി.എസ്.ടി.-യിൽ നികുതി കുറച്ചു, പക്ഷേ വ്യാപാരികൾ വില കൂട്ടി. ഗവൺമെന്റിന്റെ സ്ഥാപനമായ മലബാർ സിമന്റ്സ് വില കുറച്ചിട്ടില്ല.

അവർ 400 രൂപയാണ് ഒരു ചാക്ക് സിമന്റിന് ഈടാക്കുന്നത്. അപ്പോൾ മറ്റുള്ളവർ കുറയ്ക്കുമോ? ഇത്തരം ദുഷ്മാതൃകകൾ കാണിക്കരുത്. ഗവൺമെന്റ് കർശനമായി നികുതി കുറച്ചപ്പോൾ മലബാർ സിമന്റ്സ് വില കൂട്ടിക്കൊണ്ടിരിക്കുകയാണ്. ജി.എസ്.ടി. വരുന്നതിന് മുൻപ് 320 രൂപയായിരുന്ന സിമന്റിന് ഇപ്പോൾ 400 രൂപയാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. നികുതി കുറയ്ക്കുമ്പോൾ ചിലപ്പോൾ ബുദ്ധിമുട്ടുകൾ വരാം. ആഭ്യന്തര ഉത്പാദന മേഖലയ്ക്ക് സംരക്ഷണം നല്കണം. കോഴിയുടെ ആഭ്യന്തര ഉത്പാദനത്തിന് സബ്സിഡി നൽകണം. കോഴിയുടെ നികുതി നേരത്തേ 14 ശതമാനമായിരുന്നത് ജി.എസ്.ടി. വന്നപ്പോൾ 0% ആയി മാറിയെങ്കിലും വില കുറയുന്നില്ല. വില കുറച്ച് വിൽക്കുന്നുവെന്ന് സർക്കാർ ഉറപ്പുവരുത്തണം. പയർ വർഗ്ഗങ്ങൾക്ക് നികുതിയില്ലായിരുന്നു. സെറെൽസ്, പൾസസ്, ഗ്രൗണ്ട് നട്ട്സ്, പാക്കേജ്ഡ് ഓയിൽ ഇവയ്ക്കൊക്കെ നേരത്തേ നികുതിയില്ലായിരുന്നു, എന്നാൽ ഇപ്പോൾ 5 ശതമാനമാക്കി ഉയർത്തി. അനിമൽ ഫാറ്റ് - 12%, മീനെണ്ണ- 12% എന്നിങ്ങനെ ഭക്ഷ്യസാധനങ്ങളിൽ ഉൾപ്പെടുന്നവയുടെയെല്ലാം നികുതി ഉയർത്തി. ആയുർവ്വേദ മരുന്നുകളുടെ VAT 5%- ഉം സെൻട്രൽ എക്സൈസ് 2%-ഉം കൂടി ആകെ 7% ആയിരുന്നത് ജി.എസ്.ടി. വന്നപ്പോൾ 12% ആയി മാറി. ഇത് ആയുർവ്വേദ മരുന്ന് നിർമ്മാണ മേഖലയ്ക്ക് പ്രഹരമുണ്ടാക്കി. ഇതൊക്ക പരിശോധിക്കപ്പെടേണ്ടതാണ്. ഇതിന്റെ ആഘാതങ്ങൾ എവിടെയൊക്കെ പതിച്ചിട്ടുണ്ടെന്നും തത്ഫലമായി ഉണ്ടായ ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്നും ഗവൺമെന്റ് പരിശോധിക്കുകയും അതിനുള്ള പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യണം. നേരത്തെ നികുതി ഏർപ്പെടുത്തിയിട്ടില്ലായിരുന്ന ഫ്രൂട്ട് ജ്യൂസ്, വെജിറ്റബിൾ ജ്യൂസ് എന്നിവയ്ക്ക് 12 ശതമാനമായി നികുതി വർദ്ധിപ്പിച്ചിരിക്കുകയാണ്. അതിന്റെ വില കുറയ്ക്കണം. റോസ്റ്റഡ് കോഫിക്ക് 12 ശതമാനവും കോൺഫ്ളേക്സ്, ജാം, ജെല്ലി തുടങ്ങിയവയ്ക്ക് 18% നികുതിയുമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഭൂരിഭാഗം ഫുഡ് ഐറ്റംസിനും 12-ൽ നിന്നും 15% വരെ നികുതി ഉയർത്തിയിരിക്കുകയാണ്. ബിൽഡിംഗ് മെറ്റീരിയൽസിന് 28% നികുതി കൂട്ടിയിരിക്കുകയാണ്. ജി.എസ്.ടി.-യുടെ നികുതിയിളവുകൾ എന്തുകൊണ്ടാണ് ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കാൻ സാധിക്കാത്തത്? തീർച്ചയായും അതിന്റെ ഇളവ് ഉപഭോക്താക്കളിൽ അനുഭവവേദ്യമാകണം. അതിന് സർക്കാർ കർശനമായ നടപടി സ്വീകരിക്കുകയും പരിശോധനകൾ നടത്തുകയും വേണം. 12% മുതൽ 15% വരെയുള്ള ഫുഡ് ഐറ്റംസിന്റെ നികുതി വർദ്ധന പുനഃപരിശോധിക്കണം. അതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം. ജി.എസ്.ടി. വന്നതിനുശേഷം വില കുറയേണ്ടതിനുപകരം വില കൂടുകയാണ് ചെയ്തത്. സോപ്പിന് 5% വാറ്റും 12% എക്സൈസ് നികുതിയും കൂടി 17%

ആയിരുന്നത് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ 17%-ൽ നിന്ന് 8 ശതമാനമാക്കി കുറച്ചു. എന്നാൽ സോപ്പിന് വില കുറഞ്ഞിട്ടില്ല. വാറ്റ് ചേർത്ത പഴയ വിലയുടെ കൂടെ ജി.എസ്.ടി. കൂടി ഈടാക്കിയാണ് വ്യാപാരികൾ വിൽക്കുന്നത്. സർക്കാർ അതിന് കൂട്ടുനിൽക്കുന്നു. നികുതി കുറഞ്ഞെങ്കിലും അത് പ്രതിഫലിക്കുന്നില്ല, ഉപഭോക്താക്കൾക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ല, കൊള്ള നടക്കുകയാണ്. അതിന് സർക്കാർ കർശനമായി, നിയമം അനുശാസിക്കുന്ന ആനുകൂല്യങ്ങൾ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. Essential Commodities Act ഉപയോഗിച്ച് വില നിയന്ത്രിക്കാൻ ഉത്തരവ് ഇറക്കുകയും ഇതിനെതിരെ നടപടി സ്വീകരിക്കുകയും അറസ്റ്റ് ചെയ്യുകയും ചെയ്യാം. വില നിയന്ത്രിക്കാനുള്ള നിയമങ്ങളൊക്കെ ഇവിടെയുണ്ട്. അതനുസരിച്ചുള്ള നടപടി സ്വീകരിച്ചാൽ മതി.

തട്ടുകടകളിൽ മുമ്പ് ചായയ്ക്കും വടയ്ക്കും 7 രൂപയായിരുന്നത് ഇപ്പോൾ 5 രൂപയാക്കി കുറച്ചു. എന്നാൽ ഹോട്ടലുകളിൽ ചായയ്ക്ക് 9 രൂപയായിരുന്നത് ഇപ്പോൾ 10 രൂപയാക്കി വർദ്ധിപ്പിച്ചു. കൂടാതെ സി.ജി.എസ്.ടി./ എസ്.ജി.എസ്.ടി. രണ്ട് രൂപ കൂടി കൂട്ടി 12 രൂപയാണ് ഇപ്പോൾ ഈടാക്കുന്നത്. തട്ടുകടക്കാർ കൊടുക്കുന്ന ആനുകൂല്യമെങ്കിലും ഹോട്ടലുടമകൾ കൊടുക്കാൻ തയ്യാറാകണം. സർക്കാർ വില കുറയ്ക്കാനായി നടപടി സ്വീകരിക്കുന്നില്ല. തട്ടുകടക്കാർക്ക് വില കുറയ്ക്കാമെങ്കിൽ സർക്കാർ സ്ഥാപനങ്ങൾക്ക് എന്തുകൊണ്ട് കുറച്ചുകൂടാ?

കെപ്കോ, സർക്കാർ അതിഥി മന്ദിരം, കെ.ടി.ഡി.സി. തുടങ്ങിയ സ്ഥാപനങ്ങൾ വില കുറയ്ക്കുന്നില്ല. പ്രതീക്ഷിച്ച നികുതി ലഭിക്കുന്നില്ലെന്ന് ഡോ. ടി. എം. തോമസ് ഐസക് അടുത്ത കാലത്ത് പറയുകയുണ്ടായി. അതുകൊണ്ട് ചെലവിനുവേണ്ടി 9,000 കോടി രൂപ കടമെടുക്കുന്നുവെന്നാണ് പറഞ്ഞത്. വ്യാപാരികൾ ജൂലൈ മുതൽ എല്ലാ സാധനങ്ങൾക്കും ജി.എസ്.ടി. ഈടാക്കിയിട്ടുള്ളത് പരിശോധിക്കണം. ആ പണം ആഗസ്റ്റ് ഒന്നിന് മുമ്പ് ട്രഷറിയിൽ വരേണ്ടതാണ്. അത് വന്നിട്ടുണ്ടോ? ട്രഷറിയിൽ ആ പണം വന്നില്ലെങ്കിൽ സർക്കാരിന്റെ പിടിപ്പുകേടെന്ന് മാത്രമേ എനിക്ക് ഇതിനെക്കുറിച്ച് പറയാൻ സാധിക്കുകയുള്ളൂ. ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കാൻ പോകുകയാണ്. ജി.എസ്.ടി. വരുന്നത് നല്ലതാണ്. പക്ഷേ സാധനങ്ങൾക്ക് വില കുറയണം. ഇത്രയും ബുദ്ധിമുട്ടി ചർച്ച ചെയ്ത് ഈ നിയമം പാസാക്കിക്കഴിഞ്ഞാൽ അതിന്റെ ഗുണം ജനങ്ങൾക്ക് ലഭിക്കുന്നില്ലെങ്കിൽ ഫലം ശൂന്യമാണ്. ഈ ബില്ലിന്റെ പ്രയോജനം ഉപഭോക്തക്കളിൽ എത്തണമെങ്കിൽ ഡോ. ടി. എം. തോമസ് ഐസക് കുറച്ചുകൂടി ഉണർന്ന് പ്രവർത്തിക്കുകയും ശക്തമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ ഞാൻ സ്വാഗതം ചെയ്യുന്നു. ഈ ബില്ലിലെ ചില പോരായ്മകൾ ചൂണ്ടിക്കാണിച്ചുവെന്ന് മാത്രമേയുള്ളൂ. അത് പരിഹരിക്കാൻ സർക്കാർ മുന്നോട്ടുവരണം.

ശ്രീ. വി. ഡി. സതീശൻ: സർ, നിരാകരണ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. നമ്മുടെ രാജ്യത്തിന്റെ നികുതി ചരിത്രത്തിൽ നിർണ്ണായകമായ ഒരു വഴിത്തിരിവാണ് ജി.എസ്.ടി. കേന്ദ്രവും സംസ്ഥാനങ്ങളും പിരിച്ചുകൊണ്ടിരുന്ന വിവിധ നികുതികൾ ഒരുകുടക്കീഴിലാക്കി കളക്ട് ചെയ്യുന്ന തുക കേന്ദ്രവും സംസ്ഥാനങ്ങളും തുല്യമായി വീതിച്ചെടുക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു നികുതി പരിഷ്കാരമാണിത്. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് ഇന്നത്തെ ചോദ്യോത്തര വേളയിൽ ചർച്ച ചെയ്തതുപോലെ കോൺഗ്രസ് നേതൃത്വം കൊടുത്ത യു.പി.എ. സർക്കാരാണ് ഈ നിയമം കൊണ്ടുവന്നത്. ഞങ്ങൾ അഭിമാനത്തോടുകൂടിയാണത് പറയുന്നത്. ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ ഒരു കാര്യത്തിൽ മാത്രമേ ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമുള്ളൂ. അതിന്റെ ഫോർമാറ്റിലും ഫ്രെയിമിലും ഒരു മാറ്റവും ഉണ്ടായിട്ടില്ലെന്ന് പറയുന്നതിൽ ഞങ്ങൾക്ക് അഭിപ്രായവ്യത്യാസമുണ്ട്. ഞങ്ങൾ കൊണ്ടുവന്ന നികുതി ജി.എസ്.ടി. അല്ല, അതിന്റെ ഫ്രെയിംവർക്കല്ല ഇപ്പോൾ ശ്രീ. നരേന്ദ്ര മോദി കൊണ്ടുവന്നിരിക്കുന്നത്. അതിന് ഏറ്റവും വലിയ ഉദാഹരണം, യു.പി.എ. സർക്കാരിന്റെ കാലത്ത് ഈ നിയമം കൊണ്ടുവന്നപ്പോൾ ശ്രീ. നരേന്ദ്ര മോദി മുഖ്യമന്ത്രിയായിരുന്ന ഗുജറാത്തും ശ്രീ. ശിവരാജ് സിംഗ് ചൗഹാൻ, ബി.ജെ.പി. മുഖ്യമന്ത്രിയായിരിക്കുന്ന മധ്യപ്രദേശുമാണ് ഏറ്റവും ശക്തമായി പ്രതിഷേധിച്ചത്. അവർ അതിന്റെ ഫോർമാറ്റിനെയും സ്ട്രക്ച്ചറിനെയും ബേസിക് പ്രിൻസിപ്പിളിനേയും വിമർശിക്കുകയുണ്ടായി. അങ്ങ് നേരത്തെ സൂചിപ്പിച്ചതു പോലെ, സംസ്ഥാനങ്ങൾക്ക് കൂടുതൽ നികുതി നൽകണമെന്നുള്ള എന്റെയും പാർട്ടിയുടെ അതേ അഭിപ്രായം തന്നെ മുഖ്യമന്ത്രിമാരായിരുന്നവർ പ്രകടിപ്പിക്കുകയും ബി.ജെ.പി. പ്രധാന പ്രതിപക്ഷ പാർട്ടി എന്നുള്ള നിലയിൽ അതിനെതിരായ നിലപാട് സ്വീകരിക്കുകയും ചെയ്തു. ഞങ്ങൾ വാറ്റ്, ജി.എസ്.ടി. തുടങ്ങിയവയ്ക്കായി എംപവേർഡ് കമ്മിറ്റി ഉണ്ടാക്കിയപ്പോൾ ഏറ്റവും സീനിയറായ, സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രിമാരെയാണ് അതിന്റെ തലപ്പത്ത് കൊണ്ടുവന്നത്. വാറ്റ് നിയമം കൊണ്ടുവന്നപ്പോൾ ആദ്യം അതിന്റെ തലപ്പത്ത് ബംഗാളിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. ജി.എസ്.ടി. നിയമം കൊണ്ടുവന്നപ്പോൾ അതിന്റെ തലപ്പത്ത് അസിംദാസ് ഗുപ്തയായിരുന്നു. പിന്നീട് അവിടെ ഭരണം മാറിയപ്പോഴാണ് ഇന്ത്യയിലെ ഏറ്റവും സീനിയറായ ശ്രീ. കെ. എം. മാണി അതിന്റെ തലപ്പത്ത് വന്നത്. പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളുടെ പോലും അഭിപ്രായങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ നികുതി പിരിവിനെ സംബന്ധിച്ചുള്ള അഭിപ്രായ വ്യത്യാസങ്ങൾ ഒഴിവാക്കി 'one nation, one tax' എന്നുള്ള വളരെ പരമ പ്രധാനമായൊരു തത്വം കൊണ്ടുവരിക എന്നുള്ള സദുദ്ദേശ്യത്തോടുകൂടിയാണ് ഞങ്ങളിത് കൊണ്ടുവന്നത്. ഇവിടെ ഇത് കൊണ്ടുവരികയും നടപ്പിലാക്കുകയും ചെയ്തപ്പോൾ അടിസ്ഥാന തത്വങ്ങളിൽനിന്ന്

വ്യതിചലിച്ചു. ഏറ്റവും കൂടുതൽ നികുതി ചുമത്താൻ പറ്റുന്നത് 28 ശതമാനമാണ്. ആ 28 ശതമാനത്തെ ക്യാപ് ചെയ്തു. അതാണ് ഇവിടെ ഏറ്റവും കൂടുതൽ വിമർശിക്കപ്പെട്ടത്. അതിനെ ഞങ്ങൾ ശക്തമായി എതിർത്തു. ഞങ്ങൾ 18 ശതമാനം എന്നാണ് പറഞ്ഞത്. 18 ശതമാനം തന്നെ വേണമെന്ന് ഞങ്ങൾക്ക് നിർബന്ധമില്ല. 18-നും 28-നും ഇടയ്ക്ക് കുറേക്കൂടി കുറഞ്ഞ ടാക്സ് കൊണ്ടുവരാം. ലോകത്തിലെ പല രാജ്യങ്ങളുടെയും നികുതിയെ സംബന്ധിച്ച് ശ്രീ. കെ. എം. മാണി സൂചിപ്പിക്കുകയുണ്ടായി. ഒന്നോ രണ്ടോ രാജ്യങ്ങൾ മാത്രമേ നമ്മുടെ അടുത്തുള്ളു. ബാക്കിയുള്ള 90 ശതമാനം ലോകരാജ്യങ്ങളും ഇതിനേക്കാൾ വളരെ താഴെയാണ് ക്യാപ് ചെയ്തിരിക്കുന്നത്. ഉദാഹരണമായി, സ്വീഡൻ പോലുള്ള ഒന്നുരണ്ട് രാജ്യങ്ങളെ എടുത്തുകാണിക്കാൻ കഴിയുമെന്നല്ലാതെ ഇന്ത്യയെ പോലുള്ള വളരെ പ്രധാനപ്പെട്ട രാജ്യത്താണ് ലോകത്ത് ഏറ്റവും കൂടുതൽ ക്യാപ് വച്ചിരിക്കുന്നത്. ഞങ്ങൾ അതിനെയാണ് എതിർത്തത്. ഭരണഘടനാ ഭേദഗതി പാർലമെന്റിൽ പാസാക്കി 24 മണിക്കൂറിനകം തന്നെ കേന്ദ്ര ഗവൺമെന്റിന്റെ ചീഫ് എക്കണോമിക് അഡ്വൈസർ ശ്രീ. അരവിന്ദ് സുബ്രഹ്മണ്യൻ പറഞ്ഞത് 18 ശതമാനത്തിൽ കൂടുതൽ ക്യാപ് നിശ്ചയിക്കുന്നത് ഇൻഫ്ലേഷണറിയാണെന്നും അത് നാണയപ്പെരുപ്പമുണ്ടാക്കുമെന്നും അതിരൂക്ഷമായ വിലക്കയറ്റം നമ്മുടെ രാജ്യത്തുണ്ടാക്കുമെന്നുമാണ്. കോൺഗ്രസിന്റെ നിലപാടും അതുതന്നെയായിരുന്നു. ചെറുകിട ഇടത്തരം സംരംഭങ്ങളെ തകർത്ത് തരിപ്പണമാക്കുന്ന അപ്രോച്ചാണ് ജി.എസ്.ടി.-യിലുള്ളത് എന്നതാണ് ഞങ്ങളുടെ പ്രധാനപ്പെട്ട വാദങ്ങളിലൊന്ന്. ജി.എസ്.ടി. വൻകിടക്കാർക്ക് മാത്രമുള്ള സംവിധാനമായി മാറിയിരിക്കുകയാണ്. ജി.എസ്.ടി.-യുടെ ബേസിക് കൺസെപ്റ്റ് ഇതല്ല. അടിസ്ഥാന തത്വങ്ങളിൽനിന്ന് വ്യതിചലിച്ചുകൊണ്ട് ഇന്ത്യയിലെ മൾട്ടി നാഷണൽ കമ്പനികൾക്ക് കൊള്ളലാഭമുണ്ടാക്കാൻ സാഹചര്യമൊരുക്കിയിരിക്കുകയാണ്. അവർ ഓരോ പ്രോഡക്ടിനും ഓരോ ഐറ്റത്തിനും ഓരോ പാക്കറ്റിനും കൊള്ളലാഭമാണുണ്ടാക്കുന്നത്. കേന്ദ്രത്തിലും സംസ്ഥാനത്തിലും ജി.എസ്.ടി. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാനപരമായ തയ്യാറെടുപ്പുകൾ നടത്തിയിരുന്നില്ല. അതാണ് കൂടുതൽ പ്രശ്നങ്ങളുണ്ടാക്കിയത്. പരീക്ഷണാടിസ്ഥാനത്തിൽ ജി.എസ്.ടി. നടപ്പാക്കുകയും രാജ്യത്ത് ഇതുസംബന്ധിച്ചുള്ള അവയർനെസുണ്ടാക്കുകയും ചെയ്യണമെന്നതായിരുന്നു ഞങ്ങളുടെ നിലപാട്. ഇപ്പോൾ ഒരു ടാക്സ് പേയർ ഒരു മാസം മൂന്ന് റിട്ടേണാണ് സമർപ്പിക്കേണ്ടത്. അതായത്, ഒരു വർഷം 36 റിട്ടേണും ഒരു ആന്വൽ റിട്ടേണുമുൾപ്പെടെ 37 റിട്ടേൺ സമർപ്പിക്കണം. ടാക്സിന്റെ നെറ്റ്‌വർക്ക് വർദ്ധിക്കുകയാണ്. ജി.എസ്.ടി.- യുടെ ഏറ്റവും പ്രധാനപ്പെട്ട നേട്ടം ടാക്സിന്റെ നെറ്റ്‌വർക്ക് വർദ്ധിക്കുന്നു എന്നതാണ്. അന്തിമമായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾക്ക് നികുതി വർദ്ധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മൂന്ന് റിട്ടേണുകൾ സമർപ്പിക്കേണ്ടതില്ല. ജി.എസ്.ടി.ആർ.(1) മാത്രം മതി. അതായത് ഓരോ വ്യാപാരിയും വിൽപ്പനയുടെ റിട്ടേൺ മാത്രം സമർപ്പിച്ചാൽ മതി. അതിൽനിന്ന് കമ്പ്യൂട്ടറാണ് ജി.എസ്.ടി.ആർ.(2) ജനറേറ്റ് ചെയ്യുന്നത്. ഇതുരണ്ടും വന്നുകഴിഞ്ഞാൽ ആട്ടോമാറ്റിക്കായി ജി.എസ്.ടി.ആർ.(3) വരുന്നു. അതുകൊണ്ട് വ്യാപാരികൾ മൂന്ന് റിട്ടേൺ സമർപ്പിക്കണമെന്നുള്ളത് തെറ്റിദ്ധാരണയാണ്. വ്യാപാരികൾ വിൽപ്പനയുടെ ഒരു റിട്ടേൺ മാത്രം സമർപ്പിച്ചാൽ മതി.

ശ്രീ. വി. ഡി. സതീശൻ: സർ, ജി.എസ്.ടി. ബില്ലിലുള്ള കാര്യങ്ങളാണ് പറയുന്നത്. ഇതൊന്നും ഇവിടെ ചർച്ച ചെയ്തിട്ടില്ല. ഞാൻ അതാണ് പറഞ്ഞുവരുന്നത്. ഇങ്ങനെയുള്ള ധാരാളം കൺഫ്യൂഷനുകളുണ്ട്. ജി.എസ്.ടി. ബില്ലിൽ പറയുന്നത് ഒരു മാസം മൂന്ന് റിട്ടേണുകൾ സമർപ്പിക്കണമെന്നാണ്. ഒരു വർഷത്തിൽ ആനുവൽ റിട്ടേണുൾപ്പെടെ 37 റിട്ടേൺ സമർപ്പിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. മുൻകൂട്ടിയുള്ള ബോധവൽക്കരണ പരിപാടികളിലും തയ്യാറെടുപ്പുകളിലും ഇത് നടപ്പിലാക്കുന്നതിനുള്ള അറേഞ്ച്മെന്റ്സിലുമെല്ലാം കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ദയനീയമായി പരാജയപ്പെട്ടു. മുൻകൂട്ടിയുള്ള തയ്യാറെടുപ്പുകൾ നടത്തിയിരുന്നുവെങ്കിൽ ഇത്രയും രൂക്ഷമായ വിലക്കയറ്റം രാജ്യത്ത് ഉണ്ടാകുമായിരുന്നില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ കേന്ദ്രം പിരിച്ചിരുന്ന പ്രധാനപ്പെട്ട നികുതികളായ സെൻട്രൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടികൾ, കസ്റ്റംസ് ഡ്യൂട്ടികൾ, സർവ്വീസ് ടാക്സ്, കേന്ദ്രം പിരിച്ചിരുന്ന സെസ്, സർചാർജ് എന്നിവയും സംസ്ഥാനം പിരിച്ചിരുന്ന സെയിൽസ് ടാക്സ്/വാറ്റ്, സി.എസ്.ടി., ലക്ഷ്വറി ടാക്സ്, എന്റർടെയിൻമെന്റ് ടാക്സ്, എൻട്രി ടാക്സ്, ഒക്ട്രോയ്, പർച്ചേസ് ടാക്സ്, ലോട്ടറിയിലുള്ള നികുതികൾ, സ്റ്റേറ്റ് ഈടാക്കുന്ന സെസ്, സർചാർജ് എന്നിവയുമാണ് ഒരു കുടക്കീഴിൽ വന്നിരിക്കുന്നത്. ഇതിലുള്ള പ്രധാനപ്പെട്ട പ്രശ്നം, 'one nation, one tax' എന്ന സങ്കല്പം ഇവിടെ യാഥാർത്ഥ്യമായിട്ടില്ലെന്നതാണ്. കാരണം ഇവിടെത്തന്നെ 4 സ്ലാബ് വന്നിട്ടുണ്ട്. നാല് സ്ലാബ് വന്നതുകൂടാതെ ഓർഡിനൻസിന്റെ 9-ാം വകുപ്പനുസരിച്ച് നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുമുണ്ട്. അതിൽ 2.5%, 6%, 9%, 14%, 1.5%, 0.125% എന്നിങ്ങനെ ആറ് സ്ലാബുകളുമുണ്ട്. അങ്ങനെ ആകെ 10 സ്ലാബുകളാണുള്ളത്. കോൺഗ്രസ് നിർദ്ദേശിച്ചിരുന്നത് സ്റ്റാന്റേർഡ് റേറ്റ്, സ്റ്റാന്റേർഡ് മൈനസ് റേറ്റ്, സ്റ്റാന്റേർഡ് പ്ലസ് റേറ്റ് എന്നിങ്ങനെയാണ്. എങ്കിൽമാത്രമേ 'one nation, one tax' എന്ന സങ്കല്പം നിലവിൽ വരികയുള്ളൂ. ഇപ്പോൾ ആ സങ്കല്പത്തിന്റെ അടിത്തറ തന്നെ തകർന്നിരിക്കുകയാണ്. ഇപ്പോൾ വിവിധ സ്ലാബുകളായി മാറിയതിനാൽ കൂടുതൽ പ്രശ്നങ്ങളുണ്ടായിരിക്കുകയാണ്. 101-ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് ഇത് പാസാക്കിയത്. 2016

സെപ്റ്റംബർ 16-ന് ഭരണഘടനാ ഭേദഗതി നിലവിൽ വന്നു. സെൻട്രൽ ജി.എസ്.ടി., സ്റ്റേറ്റ് ജി.എസ്.ടി, ഇന്റഗ്രേറ്റഡ് ജി.എസ്.ടി. എന്നിവ പിരിക്കാനുള്ള അനുവാദമാണ് ഭരണഘടനാ ഭേദഗതിയിൽ പറയുന്നത്. 2017 ഏപ്രിലിൽ പാർലമെന്റ് പാസാക്കിയത് നാല് നിയമങ്ങളാണ്. അവ സെൻട്രൽ ജി.എസ്.ടി., ഇന്റഗ്രേറ്റഡ് ജി.എസ്.ടി., യൂണിയൻ ടെറിട്ടറികൾക്കുവേണ്ടിയുള്ള ജി.എസ്.ടി., ജി.എസ്.ടി.- യുടെ കോമ്പൻസേഷൻ ആക്ട് എന്നിവയാണ്. ഇതുകൊണ്ട് വരുമാനനഷ്ടമുണ്ടാകുന്ന സംസ്ഥാനങ്ങൾക്ക് വരാനിരിക്കുന്ന 5 വർഷത്തേയ്ക്ക് നഷ്ടപരിഹാരം കൊടുക്കാനുള്ള നിയമംകൂടി പാസാക്കിയിട്ടുണ്ട്. കേരളവും ജമ്മുകാശ്മീരും ഒഴികെയുള്ള ഇന്ത്യയിലെ 27 സംസ്ഥാന നിയമസഭകളും സഭയിൽ കൊണ്ടുവന്ന് ചർച്ച ചെയ്താണ് ജി.എസ്.ടി. പാസാക്കിയത്. കഴിഞ്ഞ നിയമസഭാ സമ്മേളന കാലത്ത് ചോദ്യോത്തരവേളയിലും ധനകാര്യവകുപ്പിന്റെ ചർച്ചകളിലും ജി.എസ്.ടി. ബിൽ സങ്കീർണ്ണതകൾ നിറഞ്ഞതാണെന്നും ഇതിന്റെ പ്രത്യാഘാതം വളരെ വലുതാണെന്നും ജനങ്ങൾക്ക് ദുരിതമുണ്ടാക്കാൻ സാധ്യതയുള്ളതാണെന്നും അതുകൊണ്ട് സഭയിൽ കൊണ്ടുവന്ന് ചർച്ച ചെയ്ത് പാസാക്കണമെന്നും ഞങ്ങൾ പല പ്രാവശ്യം ആവശ്യപ്പെട്ടിരുന്നു. ഇന്ത്യയിലെ 27 നിയമസഭകളും ജി.എസ്.ടി. ബിൽ ചർച്ച ചെയ്ത് പാസാക്കിയിട്ടും കേരളത്തിൽ എന്തുകൊണ്ട് അതിന് കഴിഞ്ഞില്ല എന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും പറയണം. ഇത്രയും കോംപ്ലിക്കേറ്റഡായ ഒരു മാറ്ററിനാണോ ഓർഡിനൻസ് ഇറക്കേണ്ടത്? ഈ നിയമം 2017 ഏപ്രിൽ മാസം പാർലമെന്റ് പാസാക്കിയതല്ലേ? അതിനുശേഷം കേരള നിയമസഭ രണ്ടുപ്രാവശ്യം സമ്മേളിച്ചിരുന്നു. അപ്പോൾ ഇത് നിയമസഭയിൽ കൊണ്ടുവന്ന് പാസാക്കിയിരുന്നെങ്കിൽ ഇത്രയും അപകടം വരില്ലായിരുന്നു. മാത്രമല്ല, എത്ര ലാഘവത്തോടെയാണ് ഇത് കൈകാര്യം ചെയ്തത്. ജൂലൈ 1-ാം തീയതി പ്രാബല്യത്തിൽ വരുന്ന സുപ്രധാനമായ ഈ നിയമത്തെ ക്കുറിച്ച് ജൂൺ 30-ാം തീയതി വരെ ഈ നാട്ടിലെ ഒരാൾക്കും അറിവില്ലായിരുന്നു. ജൂൺ 29-ാം തീയതി കൂടിയ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി യോഗത്തിൽ ഞാൻ ടാക്സ് സെക്രട്ടറിയോട് ഇതുസംബന്ധിച്ചുള്ള സംശയങ്ങൾ ചോദിച്ചു. ഞാൻ അദ്ദേഹത്തെ കുറ്റപ്പെടുത്തുന്നില്ല, ഗവൺമെന്റ് പോലും കൂരിരുട്ടിലായിരുന്നു. ഗവൺമെന്റിനുപോലും ഇതുസംബന്ധിച്ചുള്ള ഒരറിവുമുണ്ടായിരുന്നില്ല. ഈ രാജ്യത്തെ വ്യാപാരികൾ, വ്യവസായികൾ, ടാക്സ് കൺസൾട്ടന്റുമാർ, ചാർട്ടേഡ് അക്കൗണ്ടന്റുമാർ, ജനപ്രതിനിധികൾ എന്നിവരെല്ലാം കൂരിരുട്ടിലായിരുന്നു. രാജ്യത്തെ സുപ്രധാനമായ നിയമം, സ്വാതന്ത്ര്യത്തിനുശേഷമുണ്ടായ ഏറ്റവും വലിയ നികുതി പരിഷ്കാരം പ്രാബല്യത്തിൽ വരുന്നതിന്റെ തലേദിവസം അതിന്റെ ഓർഡിനൻസ് ഇറക്കുകയും റൂൾസ് പബ്ലിഷ് ചെയ്യുകയും ചെയ്തു എന്നത് എത്ര നിരുത്തരവാദിത്വപരമായ സമീപനമാണ് ഈ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായത്. ഈ നിയമത്തിന്റെ നൂലാമാലകളെക്കുറിച്ചോ സ്ട്രക്ച്ചറിനെ ക്കുറിച്ചോ റിട്ടേൺ സമർപ്പിക്കുന്നതിനെക്കുറിച്ചോ നികുതി ഈടാക്കുന്നതിനെ

ക്കുറിച്ചോ ഓരോ ഐറ്റത്തിനുമുള്ള നികുതിയെക്കുറിച്ചോ യാതൊരു ധാരണയും ആർക്കുമില്ലായിരുന്നു. ആ അനിശ്ചിതാവസ്ഥയും കേന്ദ്ര ഗവൺമെന്റ് ഇതിലുണ്ടാക്കിയ കൺഫ്യൂഷനും കൂടാതെ കോൺഗ്രസ് ഗവൺമെന്റ് അടിസ്ഥാനപരമായി മുന്നോട്ടു വച്ച നയങ്ങളിൽ നിന്ന് വ്യതിചലിച്ചതിന്റെ പ്രശ്നങ്ങളും നിലനിൽക്കുമ്പോഴാണ് ഈ സംസ്ഥാനത്തെ ഇരുട്ടിലാക്കിക്കൊണ്ട് ജി.എസ്.ടി. നടപ്പാക്കുന്നത്. ജൂലൈ മാസം ഒന്നാം തീയതി ഈ നിയമം നടപ്പിലാക്കുമ്പോൾ കേരളത്തിലെ കച്ചവടക്കാർ എന്ത് ചെയ്യും. സ്റ്റോക്കിലുള്ള ഓരോ ഐറ്റത്തിന്റെയും എം.ആർ.പി. പ്രൈസിൽ നിന്നും വാറ്റ് കുറച്ചുവേണം ജി.എസ്.ടി. കൂട്ടിവാങ്ങാനുള്ളതെന്ന് കേരളത്തിലെ എത്ര കച്ചവടക്കാർക്ക് അറിയാം? കയ്യിലുള്ള സ്റ്റോക്കിൽ എന്താണ് ചെയ്യേണ്ടതെന്ന് അറിയാനുള്ള എന്തെങ്കിലും ഒരു ഡയറക്ഷൻ ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നോ ടാക്സസ് വകുപ്പിന്റെ ഭാഗത്തുനിന്നോ ഉണ്ടായിട്ടില്ല. വിലക്കയറ്റത്തെക്കുറിച്ച് എല്ലാവരും ആവേശപൂർവ്വമാണ് സംസാരിക്കുന്നത്. ജി.എസ്.ടി. വരുന്നതിനുമുമ്പും രൂക്ഷമായ വിലക്കയറ്റമുണ്ടായിരുന്നു. അരിയുടെ വില 52-60 രൂപയായി വർദ്ധിച്ചു. അരിയുടെ വില വർദ്ധിച്ചാൽ അതിന് അനുബന്ധമായി ഉപ്പ് മുതൽ കർപ്പൂരം വരെയുള്ള മുഴുവൻ സാധനങ്ങളുടെയും വില വർദ്ധിക്കും. കഴിഞ്ഞ കേരളപ്പിറവിക്ക് ശേഷം സംസ്ഥാനത്ത് ഏറ്റവും രൂക്ഷമായ വിലക്കയറ്റമുണ്ടായത് ഇപ്പോൾ മാത്രമാണെന്ന് ആധികാരികമായ കണക്കുകളുടെ പിൻബലത്തിൽ ഞാൻ പറയുന്നു. അതിന്റെ മീതെയാണ് യാതൊരു തയ്യാറെടുപ്പുമില്ലാതെയും നിയമനിർമ്മാണ കാര്യങ്ങൾ കൃത്യമായി ചെയ്യാതെയും ജി.എസ്.ടി. കേരളത്തിൽ അടിച്ചേൽപ്പിച്ചത്. അതിലൂടെ കൂട്ടിയോ, കുറച്ചോ നികുതി വാങ്ങാനുള്ള സൗകര്യം കേരളത്തിൽ ചെയ്തുകൊടുത്തു. റീട്ടെയിൽ മർച്ചന്റിനോ, ഹോൾസെയിൽ മർച്ചന്റിനോ ഇതുസംബന്ധിച്ച് യാതൊന്നുമറിയില്ല. കേരളത്തിൽ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും സ്തംഭിച്ചു. നേരത്തെ എഗ്രിമെന്റ് വച്ച കോൺട്രാക്ടർക്ക് വർക്ക് എങ്ങനെയാണ് കൊണ്ടുപോകേണ്ടതെന്നറിയില്ല. അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്നുള്ള വർക്ക് നടക്കുന്നില്ല. ലോക്കൽ ബോഡിയിലെ കോൺട്രാക്ടർക്ക് ബിൽ കൊടുക്കാൻ പറ്റുന്നില്ല. ബിൽ കൊടുക്കുമ്പോൾ ജി.എസ്.ടി. എഴുതണം. എഗ്രിമെന്റ് വച്ചപ്പോൾ ജി.എസ്.ടി. ബാധകമാണെന്ന് മാത്രമാണ് എഴുതിയത്. എങ്ങനെയാണ് ജി.എസ്.ടി.-യെന്ന് ആർക്കുമറിയില്ല. നിർമ്മാണ സാമഗ്രികൾക്കെല്ലാം വില വർദ്ധിച്ചു. സംസ്ഥാനത്ത് വികസന സ്തംഭനമാണ് ഉണ്ടായത്. രൂക്ഷമായ വിലക്കയറ്റം, വികസന സ്തംഭനം, നിർമ്മാണ പ്രവൃത്തികൾ സ്തംഭിച്ചതോടെ വലിയ ഒരു വിഭാഗം ആളുകൾക്ക് തൊഴിൽ നഷ്ടം എന്നിങ്ങനെയുള്ള ബുദ്ധിമുട്ടുകളാണ് ജി.എസ്.ടി.- നടപ്പിലാക്കിയതിലൂടെ ഉണ്ടായിട്ടുള്ളത്. വളരെ ശ്രദ്ധയോടുകൂടി ജി.എസ്.ടി. നടപ്പിലാക്കിയില്ലെങ്കിൽ നാണ്യപെരുപ്പമുണ്ടാകുമെന്നും തൊഴിൽ അവസരങ്ങൾ നഷ്ടപ്പെടുമെന്നും രൂക്ഷമായ വിലക്കയറ്റം ഉണ്ടാകുമെന്നും ഞങ്ങൾ നേരത്തെ സൂചിപ്പിച്ചതാണ്.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി പല സന്ദർഭങ്ങളിലും വ്യക്തമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടാണ് ജി.എസ്.ടി. യിലേക്ക് എത്തിയിട്ടുള്ളതെന്ന് നാം മാധ്യമങ്ങളിലൂടെയും മറ്റും കണ്ടതാണ്. കേരളത്തിന് തനതായി യാതൊന്നും ചെയ്യാനില്ല. ശ്രീ. വി. ഡി. സതീശനെപ്പോലുള്ള ഒരാൾ സംസാരിക്കുമ്പോൾ, രാഷ്ട്രീയമായി വ്യത്യസ്ത നിലപാട് ഉണ്ടാകുമെങ്കിലും ജി.എസ്.ടി. എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമായിട്ടുള്ള കാര്യമാണെന്ന് നമുക്കെല്ലാമറിയാം. അങ്ങയുടെ പാർട്ടി ഭരിക്കുന്ന കർണ്ണാടകയിൽ ഇക്കാര്യത്തിൽ എന്തെങ്കിലും വ്യത്യസ്തമായ നിലപാട് സ്വീകരിച്ചതായി സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ കഴിയുമോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, തീർച്ചയായും. ഇന്ത്യയിലെ 27 നിയമസഭകളും ഈ ബിൽ പാസ്സാക്കുകയും നിയമം വരുമ്പോഴുള്ള കാമ്പയിനുകൾ ആരംഭിക്കുകയും ചെയ്തതാണ്. കർണ്ണാടകയിൽ വളരെ ശക്തമായ കാമ്പയിൻ നടക്കുന്നുണ്ട്. കേരളം പോലുള്ള ഒരു ഉപഭോക്തൃ സംസ്ഥാനത്തല്ലേ ഇത് ഏറ്റവും കൂടുതൽ കോംപ്ലിക്കേറ്റഡ് ആകുന്നത്. കേരളം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. നമുക്ക് ഇത്തരം കാര്യങ്ങൾ ഫലപ്രദമായി ചെയ്യാനുള്ള സംവിധാനങ്ങളുണ്ട്. നിയമസഭയിൽ കൊണ്ടുവന്ന് ചർച്ച ചെയ്തിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന വ്യത്യാസം എത്രയാണ്?

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, അർദ്ധരാത്രി കേന്ദ്ര ഗവൺമെന്റ് ജി.എസ്.ടി. പ്രഖ്യാപിച്ചപ്പോൾ ജി.എസ്.ടി.ക്ക് കേന്ദ്ര ഗവൺമെന്റ് നൽകിയ ഡെഫനിഷൻ Good and Simple Tax എന്നാണ്. Bad and Complicated Tax -ന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഇതെന്നാണ് എനിക്ക് തോന്നുന്നത്. കേരളത്തിൽ ആദ്യമായി എറണാകുളം ജില്ലയിൽ എന്റെ മണ്ഡലത്തിലെ ജനറൽ ആശുപത്രിയിൽ 7 കോടി രൂപ മുതൽമുടക്കി ലീനിയർ ആക്സിലറേറ്റർ (Linac) മെഷിനറി ഇംപോർട്ട് ചെയ്തു. ആ മെഷിനറിക്ക് 20 ശതമാനം ജി.എസ്.ടി. ചുമത്തിയിരിക്കുകയാണ്. പ്രൈവറ്റ് ആശുപത്രിയാണെങ്കിൽ കോമ്പൗണ്ടിംഗ് ഫാക്ടർ ബാധകമാകുന്നതുകൊണ്ട് കുറച്ച് തുക തിരികെ ലഭിക്കും. സർക്കാർ മേഖലയിൽ സൗജന്യ ചികിത്സ നടത്തുന്ന എറണാകുളം ജനറൽ ആശുപത്രിയിൽ ഇതുസംബന്ധിച്ച് 1 കോടി 47 ലക്ഷം രൂപയാണ് 7 കോടി രൂപയുടെ എക്യുപ്മെന്റിന് അധികമായി ചുമത്തിരിയിക്കുന്നത്. ഓരോ ദിവസം പോർട്ടിൽ ഇറക്കിവച്ചതിന് ഡെമറേജ് കൊടുക്കേണ്ട സ്ഥിതിവിശേഷവുമുണ്ട്. ഗവൺമെന്റ് ഇതുപോലുള്ള കാര്യങ്ങളിൽ, പ്രത്യേകിച്ച് ആരോഗ്യമേഖലയിലേയ്ക്ക് മെഷിനറീസ് ഇംപോർട്ട് ചെയ്യുമ്പോൾ ഉണ്ടാകുന്ന വിഷയങ്ങളെക്കുറിച്ച് സാങ്കേതികമായി

പരിശോധിച്ചിട്ടുണ്ടോ? ഫാബ്രിക് ഉൾപ്പെടെയുള്ള എല്ലാ ഖാദി ഉല്പന്നങ്ങൾക്കും 5 ശതമാനമാണ് നികുതി. കേരള ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും ഖാദി പ്രൊമോട്ട് ചെയ്യുന്നതും സബ്സിഡിയും റിബേറ്റും കൊടുക്കുന്നത് ലാഭത്തിനുവേണ്ടിയല്ല. ആ ഒരു വിഷയംപോലും കേന്ദ്ര ഗവൺമെന്റിനെ ഗൗരവമായി ബോധ്യപ്പെടുത്താൻ സാധിച്ചിട്ടില്ലെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ഡി. സതീശൻ : സർ, ചികിത്സാ രംഗത്തെക്കുറിച്ച് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ജി.എസ്.ടി. വരുന്നതിനുമുമ്പ് ചികിത്സാ രംഗത്തെക്കുറിച്ച് നമ്മുടെ അറിവ് എന്തായിരുന്നു? ലൈഫ് സേവിംഗ് ഡ്രഗ്സ് മുഴുവൻ ഒഴിവാക്കി. ജീവൻ രക്ഷാ മരുന്നുകൾ ഒഴിവാക്കിയതോടെ ചികിത്സാ രംഗം സെയ്ഫായി എന്നാണ് നാം വിശ്വസിച്ചത്. എന്നാൽ ആശുപത്രികളുമായി ബന്ധപ്പെട്ട എക്യൂപ്മെന്റ്സിന് വില കൂട്ടി. ഡയാലിസിസ് ചെയ്യുന്ന ഉപകരണത്തിന്റെ 5 ശതമാനം നികുതി 12 ശതമാനമായും പേസ് മേക്കറിന് 5.5 ശതമാനം നികുതി 18 ശതമാനമായും ക്യാൻസർ ചികിത്സയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾക്കുള്ള നികുതി 7 ശതമാനത്തിൽ നിന്നും 12 ശതമാനമായും ഉയർന്നു. അതുകൊണ്ടാണ് അപ്രതീക്ഷിതമായി കൊച്ചിൻ പോർട്ടിൽക്കിടന്ന ഉപകരണത്തിന് 1.5 കോടിയോളം രൂപ (20 ശതമാനം) ടാക്സ് കൊടുക്കേണ്ട സ്ഥിതിവന്നത്. 18 ശതമാനം ക്യാപ് വേണമെന്ന് പറഞ്ഞപ്പോൾ അതിനെ എതിർത്ത് പറഞ്ഞത് ആഡംബര വസ്തുക്കളുടെ കാര്യമാണ്. ആഡംബര വസ്തുക്കൾക്ക് വേണമെങ്കിൽ സെസ് ഏർപ്പെടുത്താമായിരുന്നു. 5 വർഷം റവന്യൂ നഷ്ടം വരുത്തിയ സംസ്ഥാനങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് കോമ്പൻസേഷൻ കൊടുക്കുന്നത് എവിടെ നിന്നാണ്? അവർ ചില ഐറ്റങ്ങൾക്ക് പുതിയ സെസ് ഈടാക്കി അതിൽ നിന്നുള്ള വരുമാനംകൊണ്ടാണ് കോമ്പൻസേഷൻ കൊടുക്കുന്നത്. അവിടെ വീണ്ടും ഒരു ടാക്സേഷൻ നടക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ജി.എസ്.ടി. ഏർപ്പെടുത്തുന്നതോടൊപ്പം ചില ഉപഭോഗ വസ്തുക്കൾക്ക് സെസ് ഏർപ്പെടുത്തി, അതിൽ നിന്ന് സമാഹരിക്കുന്ന ഫണ്ടുപയോഗിച്ചാണ് സംസ്ഥാന ഗവൺമെന്റുകളുടെ നഷ്ടം പരിഹരിക്കുന്നത്. അതിൽ യൂട്ടിലൈസ് ചെയ്യാത്ത ഫണ്ട് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വിഭജിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ഈ വിഭജനത്തെക്കുറിച്ച് ഇപ്പോഴും ഒരു ക്ലാരിറ്റിയില്ല. ഇൻകം ടാക്സ് പോലുള്ള ഡയറക്ട് ടാക്സ് വിഭജിക്കുന്നതിന് ഫിനാൻസ് കമ്മീഷന് ഒരു ഫോർമുലയുണ്ട്. ഇതുപോലെയുള്ള ഫണ്ട് വീതം വയ്ക്കുന്നതിനുള്ള ഫോർമുല എന്താണെന്ന് വ്യക്തമാക്കിയിട്ടുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറയുമെന്നാണ് ഞാൻ കരുതുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി.എം. തോമസ് ഐസക്): സർ, ഓരോ സംസ്ഥാനത്തിനും ജി.എസ്.ടി. യിൽ നിന്നുള്ള വിഹിതത്തിന്റെ അടിസ്ഥാനത്തിലായിരിക്കും അപ്പോർഷൻ ചെയ്യുന്നത്. ആശുപത്രി ഉപകരണങ്ങൾക്ക് നേരത്തെയുണ്ടായിരുന്ന 5 ശതമാനം നികുതിയിൽ നിന്ന് 12 ശതമാനമായി ഉയർന്നത് എങ്ങനെയാണെന്നാണ് ശ്രീ. വി.ഡി. സതീശനും, ശ്രീ. ഹൈബി ഈഡനും ഉന്നയിച്ച പ്രശ്നം. നേരത്തെ ഉണ്ടായിരുന്നത് 5 ശതമാനം വാറ്റ് നികുതിയാണ്. അതിൽ embedded ആയി എക്സൈസ് നികുതിയും സർവ്വീസ് ടാക്സും വരും. അതുകൂടി നോക്കി ടോട്ടൽ ടാക്സിനെക്കാൾ താഴ്ന്നിയാണ് നിശ്ചയിച്ചിട്ടുള്ളത്. എങ്ങനെയാണ് ലീനിയർ ആക്സിലറേറ്ററിന് 20 ശതമാനം നികുതി വന്നതെന്നത് പ്രസക്തമായ ചോദ്യമാണ്. ലീനിയർ ആക്സിലറേറ്ററിന് ബേസിക് ടാക്സും അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടിയും ഉണ്ടായിരുന്നതിൽ അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി ഒഴിവാക്കിക്കൊടുത്തിരുന്നു. എന്നാൽ അഡീഷണൽ എക്സൈസ് ഡ്യൂട്ടി ഉണ്ടായിരുന്നിടത്ത് ജി.എസ്.ടി. കടന്നുവന്നു. ഇറക്കുമതി ചെയ്യുന്നവയ്ക്ക് ജി.എസ്.ടി.-യിൽ നിന്നും എക്സംപ്ഷൻ നൽകേണ്ടിവരും. ഈ എക്സംപ്ഷൻ അടുത്ത കൗൺസിലിൽ ചർച്ച ചെയ്ത് നേടിയെടുക്കണം. നേരത്തെ അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി ഉണ്ടായിരുന്നത് ജി.എസ്.ടി.യിൽ ലയിച്ചപ്പോൾ ഇത്തരത്തിൽ വരുമെന്ന് ധാരണയുണ്ടായിരുന്നില്ല. ആ അപാകത തീർച്ചയായും തിരുത്തേണ്ടതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, തീർച്ചയായും അത്തരം ധാരാളം അപാകതകൾ ഉണ്ട്. ആഡംബര വസ്തുക്കൾക്ക് നികുതി ഈടാക്കുന്നതിൽ ആർക്കും എതിർപ്പില്ല. പക്ഷേ, നിത്യജീവിതവുമായി ബന്ധപ്പെട്ട നിത്യോപയോഗ സാധനങ്ങളിലും ആരോഗ്യ രംഗത്തും നിർമ്മാണ മേഖലയിലുമൊക്കെ ഉണ്ടാകുന്നത് ഒരു സോഷ്യൽ ഇംപാക്ടുകൂടി നമ്മൾ ഓഡിറ്റ് ചെയ്യേണ്ടതല്ലേ? നിർമ്മാണ മേഖല സ്തംഭിച്ചുകഴിഞ്ഞാൽ അതിന്റെ പ്രശ്നങ്ങളുണ്ടാകുന്നത് സാധാരണ കുടുംബങ്ങളിലാണ്. അതിന്റെയൊരു സോഷ്യൽ ഇംപാക്ടുകൂടിയുണ്ട്. പല ഐറ്റത്തിനും നമ്മൾ നികുതി ഈടാക്കുമ്പോൾ, റാ-മെറ്റീരിയൽസിന്റെ നികുതിയും ഫൈനൽ പ്രോഡക്റ്റിന്റെ നികുതിയും വർദ്ധിച്ച്, രണ്ടിലും നികുതി വർദ്ധിച്ച ധാരാളം ഐറ്റങ്ങളുണ്ട്. അതെല്ലാം വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ്. പഞ്ചസാര, തേയില, ധാന്യങ്ങൾ, ഭക്ഷ്യ എണ്ണ, സോപ്പ് തുടങ്ങി വില കുറയുമെന്ന് സർക്കാർ പ്രഖ്യാപിച്ച 101 ഉത്പന്നങ്ങളുണ്ട്. അതിൽ പലതിന്റെയും വില കുറഞ്ഞിട്ടില്ലെന്നു മാത്രമല്ല നിലവിലുണ്ടായിരുന്ന വില യേക്കാൾ കൂടിയിരിക്കുകയാണ്. കുറയേണ്ട വിലയാണ്,പക്ഷെ കൂടിയിരിക്കുകയാണ്. ഇപ്പോൾ കോഴി ഇറച്ചിയുമായി ബന്ധപ്പെട്ടുണ്ടായ സംഭവങ്ങൾ എല്ലാവർക്കുമറിയാമല്ലോ; 87 രൂപയായി സർക്കാർ

പ്രഖ്യാപിച്ചു. 87 രൂപയാണ് ആകേണ്ടത് എന്നുപറഞ്ഞു. ആരെങ്കിലും 87 രൂപയ്ക്ക് കൊടുക്കാൻ തയ്യാറായോ? തയ്യാറായില്ല. രണ്ടുരീതിയുണ്ട്. ഒന്ന് മനഃപൂർവ്വമായി നിലവിലുള്ള പ്രതിസന്ധിയെ മുതലെടുക്കുന്നതിനുവേണ്ടി ചെയ്യുന്ന ഒരു കച്ചവടനീതി ഇക്കാര്യത്തിലുണ്ട്. അതെല്ലാസ്ഥലത്തുമുണ്ട്. നാട്ടിലെ വമ്പന്മാരാണ് കച്ചവടനീതി ചെയ്യുന്നത്. 'പുര കത്തുമ്പോൾ വാഴ വെട്ടുക' എന്നൊരു സമീപനം കച്ചവടക്കാരും, വലിയ ബിസിനസുകാരും, മൾട്ടി നാഷണൽ കമ്പനിയും എടുത്തിട്ടുണ്ട്. രണ്ടാമത് വന്നിരിക്കുന്നത് കൺഫ്യൂഷനാണ്. എന്താണ്, എങ്ങനെയാണ് കൊടുക്കേണ്ടത് എന്നുള്ളതിനെപ്പറ്റി ആളുകൾക്ക് സംശയമാണ്. അത് തിരുത്തപ്പെടേണ്ടതും ആദ്യത്തേത് കാർക്കശ്യത്തോടുകൂടി നേരിടേണ്ടതുമാണ്. കച്ചവടനീതിയെ കാർക്കശ്യത്തോടുകൂടി നേരിടണം. കാരണം രാജ്യം ഒരു പ്രധാനപ്പെട്ട നികുതി പരിഷ്കാരത്തിലേയ്ക്ക് പോകുന്ന സമയത്ത് രാജ്യത്തെയും ജനങ്ങളെയും വഞ്ചിക്കുന്ന തരത്തിലുള്ള സമീപനം സ്വീകരിക്കുന്നതിനെ ഉരുക്കുമുഷ്ടികൾകൊണ്ട് നേരിടണം. രണ്ടാമത്തെ കാര്യത്തിലും നമുക്ക് ഉത്തരവാദിത്വമുണ്ട്. കാരണം, ഒരു സിസ്റ്റം മാറുന്ന സമയത്ത് ഗവൺമെന്റ് കാമ്പയിൻ നടത്തി എല്ലാ സംശയങ്ങൾക്കും അറുതി വരുത്തണം. അത് മുതലെടുക്കാൻ മറ്റുള്ളവരെ അനുവദിക്കാതിരിക്കണം. ഈ രണ്ട് കാര്യങ്ങൾ ചെയ്യുന്നതിലും ഗവൺമെന്റ് പരാജയപ്പെട്ടതാണ് ഇത്രയും രൂക്ഷമായ വിലക്കയറ്റത്തിന് കാരണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ ഇതിന്റെ വേറൊരു വശമാണ് പറയുന്നത്. പുതിയ കരാറിന്റെ അടിസ്ഥാനത്തിൽ കാർഷികോൽപ്പന്നങ്ങൾ തീരുവ ഇല്ലാതെ ഇറക്കുമതി ചെയ്യാൻ പോകുകയാണ്. കുരുമുളക് ഇപ്പോൾ ഇവിടെ ഇറക്കുമതി ചെയ്യുന്നു. കുരുമുളകിന് ഇപ്പോൾത്തന്നെ വിലയില്ല. യാതൊരു നികുതിയുമില്ലാതെ ഇറക്കുമതി ചെയ്ത് ഇവിടത്തെ കുരുമുളകാണെന്ന് പറഞ്ഞ് കയറ്റി അയയ്ക്കുകയാണ്. ഇതിന്മേൽ ഒരു നിയന്ത്രണവും കേന്ദ്രം വരുത്തുന്നില്ല. സംസ്ഥാന ഗവൺമെന്റിനും ഒരു നിയന്ത്രണവുമില്ലാത്ത അവസ്ഥ വരുന്നു. നികുതി ചുമത്താനോ എൻട്രി ടാക്സ് ചുമത്താനോ യാതൊരു അധികാരവുമില്ലാതെ വരുന്നതിന്റെ ഫലമായി കാർഷിക മേഖലയിൽ വല്ലാതെ പ്രതിസന്ധി സൃഷ്ടിക്കപ്പെടുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ നികുതി സമ്പ്രദായം നിലവിൽ വരുന്നതിനുമുമ്പ് സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് വിപണിയെ നിയന്ത്രിക്കാൻ കഴിയുന്ന ചില മേഖലകളുണ്ടായിരുന്നു. ഏറ്റവും പ്രധാനപ്പെട്ടത് കാർഷിക ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട മേഖലയാണ്. ആ മേഖലയിൽ സംസ്ഥാന ഗവൺമെന്റിന് ഇടപെടാൻ കഴിയുമോ; കാരണം ഓരോ സംസ്ഥാനത്തും ഓരോ

കാർഷിക ഉൽപ്പന്നങ്ങളാണ് ഉൽപാദിപ്പിക്കപ്പെടുന്നത്. വലിയ വൈവിദ്ധ്യവും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും കാലാവസ്ഥയുടെ വ്യത്യാസവുമുള്ള ഒരു രാജ്യമാണ് ഇൻഡ്യ. പല സംസ്ഥാനങ്ങളിലും ഏറ്റവും പ്രധാനപ്പെട്ട ധാന്യവിള വ്യത്യസ്തമാണ്. ചിലയിടത്ത് നെല്ല് ആയിരിക്കാം, മറ്റു ചിലയിടത്ത് ഗോതമ്പോ നാളികേരമോ ചോളമോ ആയിരിക്കാം. ഈയൊരു വ്യത്യാസം എല്ലാ സ്ഥലത്തുമുള്ളതുകൊണ്ട് സംസ്ഥാനങ്ങൾക്ക് കുറച്ചുകൂടി നിയന്ത്രിക്കാൻ കഴിയുന്ന ഒരു സംവിധാനം, ഒരു മെക്കാനിസം ഇതിനകത്തുണ്ടാക്കാൻ സംസ്ഥാന ഗവൺമെന്റ് സമ്മർദ്ദം ചെലുത്തണം. അങ്ങ് പ്രകടിപ്പിച്ച ഉത്കണ്ഠ വളരെ പ്രധാനപ്പെട്ടതാണെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഇവിടെ, നേരത്തെ നമ്മളെല്ലാവരും രാവിലെ ചർച്ച ചെയ്തപ്പോൾ പറഞ്ഞ പ്രധാനപ്പെട്ട പ്രശ്നം സാധനങ്ങളുടെ പഴയ എം.ആർ.പി. അതുപോലെതന്നെ വച്ചിരിക്കുന്നു, വാറ്റ് ഉൾപ്പെടുന്ന എം.ആർ.പി.യാണ്, വാറ്റ് കുറച്ചിട്ടാണ് ജി.എസ്.ടി. ചേർത്ത് നമുക്ക് സാധനം തരേണ്ടത്, വില മാറ്റി സ്റ്റിക്കർ ഒട്ടിക്കണം എന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്, ആരും അത് ചെയ്തിട്ടില്ല. അത് വളരെ പ്രധാനപ്പെട്ട തട്ടിപ്പാണ്. മൂന്നു തരത്തിൽ ടാക്സ് ഈടാക്കുന്നു. ഒന്ന് വാറ്റ് വാങ്ങിക്കുന്നു, രണ്ടാമത്, ജി.എസ്.ടി. വാങ്ങിക്കുന്നു, സെപ്റ്റംബർ ആകുമ്പോൾ ഇവർക്ക് ഇതിന്റെ ഇൻപുട്ട് ക്രെഡിറ്റ് കിട്ടും. അപ്പോൾ അവർ വളരെ സമ്പന്നരാകുന്നു. സർക്കാരിന് വലിയ ക്ഷീണമൊന്നും ഉണ്ടാകുന്നില്ല. സർക്കാരിനും കൃത്യമായി ജി.എസ്.ടി. കിട്ടുന്നു, ഒരു ബുദ്ധിമുട്ടും ഉണ്ടാകുന്നില്ല. പക്ഷേ സാധാരണക്കാരാണ് ഈ ട്രിപ്പിൾ ടാക്സേഷന് വിധേയമായിക്കൊണ്ടിരിക്കുന്നത്. NESTLE EVERYDAY എന്നുപറയുന്നത് കേരളത്തിൽ ധാരാളം വിറ്റഴിയുന്ന ഒരു ഉൽപ്പന്നമാണ്. നേരത്തെ ഈ പാക്കറ്റിന് 425 രൂപയായിരുന്നു വിലയുണ്ടായിരുന്നത്. ജി.എസ്.ടി. വരുന്നതിന് തൊട്ടുമുമ്പ് അവർ 449 രൂപയായി വില വർദ്ധിപ്പിച്ചു. അതായത് 24 രൂപ വർദ്ധിപ്പിച്ചു. ഇപ്പോൾ 449 രൂപ വെട്ടി ജി.എസ്.ടി. കുറച്ചതിനുശേഷം Now at 430 എന്നെഴുതിയിരിക്കുകയാണ്. പണ്ട് ഡിസ്കൗണ്ട് സെയിൽ നടത്തുന്നതു പോലെയാണ്. ഡിസ്കൗണ്ട് സെയിൽ എന്ന് പുറത്ത് ബോർഡ് വയ്ക്കും. 100 രൂപയുടെ സാധനത്തിന് 150 രൂപ വില ഇട്ടതിനുശേഷം 25 രൂപ ഡിസ്കൗണ്ട് കൊടുക്കും. ആ പരിപാടിയാണ് അവർ ചെയ്തിരിക്കുന്നത്. പണ്ട് വ്യാപകമായി നമ്മുടെ നാട്ടിൽ തുണിക്കടകളിൽ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നടന്നിരുന്ന തട്ടിപ്പാണ്. ഡിസ്കൗണ്ട് ആണെന്ന് കരുതി ആളുകൾ വാങ്ങാൻ ചെല്ലും. 100 രൂപയുടെ സാധനത്തിന് 150 വില എഴുതിയിരിക്കുന്നതിൽനിന്ന് 25 രൂപ ഡിസ്കൗണ്ട് നൽകും. ശരിക്കും 25 രൂപ നമ്മുടെ കയ്യിൽനിന്ന് കൂടുതലാണ് വാങ്ങുന്നത്. NESTLE പോലുള്ള മൾട്ടിനാഷണൽ കമ്പനികൾപോലും ആളുകളെ കബളിപ്പിക്കാൻ ശ്രമിച്ചിട്ട് കേന്ദ്ര സർക്കാർ ഇതൊന്നും പരിശോധിക്കാനുള്ള

യാതൊരു സംവിധാനവുമുണ്ടാക്കാതെ ജനങ്ങളെ ഇങ്ങനെ ചൂഷണം ചെയ്യുന്നതിനുവേണ്ടി വിട്ടുകൊടുക്കുന്ന ഈ സംവിധാനത്തെയാണ് ഞങ്ങൾ എതിർത്തത്. അതുകൊണ്ടാണ് അർദ്ധരാത്രിയിലെ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന് സമാനമാണ് ഇതെന്ന് പറഞ്ഞ് പ്രധാനമന്ത്രി പ്രസംഗിക്കാൻ പോയപ്പോൾ ഞങ്ങൾ പോകാതിരുന്നത്. എത്ര വലിയ ചൂഷണമാണ് നടക്കുന്നത്? വാറ്റ് ഈടാക്കുന്നതും ജി.എസ്.ടി. വാങ്ങുന്നതും രണ്ടുംകൂടി ഒരുമിച്ച് വാങ്ങുന്നതും വില നേരത്തെ കൂട്ടിയിടുന്നതുമുൾപ്പെടെയുള്ള കബളിപ്പിക്കലുകളാണ് നടക്കുന്നത്. അതും മൾട്ടിനാഷണൽ കമ്പനികൾ മുതൽ താഴെത്തട്ടിലുള്ള സ്ഥാപനങ്ങൾവരെ ഇത് ചെയ്യുകയാണ്. അതുപോലെതന്നെ ഇപ്പോൾ കുപ്പിവെള്ളത്തിന്റെ വില താഴ്ന്നു. എന്നിട്ടും നേരത്തെ 20 രൂപയുണ്ടായിരുന്നത് അതുപോലെതന്നെ നിൽക്കുകയാണ്. ജനങ്ങൾക്ക് യഥാർത്ഥത്തിൽ കിട്ടേണ്ട ലാഭം കച്ചവടക്കാരും ഇടനിലക്കാരുംകൂടി തട്ടിയെടുക്കുന്ന ഒരു സാഹചര്യമാണ് നിലവിലുള്ളത്. ലോട്ടറിയെ സംബന്ധിച്ച് അങ്ങ് പറഞ്ഞു. അങ്ങ് തന്നെയാണ് അവിടെ വാദിച്ച് നികുതി 28 ശതമാനമാക്കിയത്. അതിൽ ഞാൻ അപ്രീഷ്യേറ്റ് ചെയ്യുന്നു. പക്ഷേ ഒരു പ്രശ്നമുണ്ട്. നമ്മളൊരിക്കലും തെറ്റായി വിചാരിക്കരുത്, 28 ശതമാനം ടാക്സ് ഏർപ്പെടുത്തിയതുകൊണ്ട് ലോട്ടറിക്കാർ വരില്ലെന്ന അങ്ങയുടെ ഒരു പ്രസ്താവന ഞാൻ കണ്ടു. 28 ശതമാനം ജി.എസ്.ടി.യും 52 ശതമാനം സമ്മാനങ്ങളും അവർ പ്രഖ്യാപിച്ചിരിക്കുകയാണ്, അതായത് ഒരു കോടി രൂപയുടെ ടിക്കറ്റ് വിറ്റാൽ 28 ലക്ഷം രൂപ നികുതിയും 52 ലക്ഷംരൂപ സമ്മാനങ്ങളും കൂടി 80 ലക്ഷം രൂപയായി. 20 ലക്ഷം രൂപയ്ക്ക് അവരുടെ ഇൻഫ്രാസ്ട്രക്ചറും അവരുടെ ചെലവും വരും. അപ്പോൾ അവർക്ക് ഇത് നടത്താൻ പറ്റില്ല. അത് സത്യമാണ്. പക്ഷേ അവർ ചെയ്യുന്നത് അതാണോ; അവർ ചെയ്യുന്നത് അതല്ലല്ലോ. അവരൊരിക്കലും 28 ശതമാനം നികുതി അടയ്ക്കാൻ പോകുന്നില്ല. അവർ ചെയ്യുന്നത് ഒരു കോടി രൂപയുടെ ടിക്കറ്റ് വിൽക്കുന്ന കണക്ക് കാണിച്ച് 28 ലക്ഷം രൂപ നികുതി അടയ്ക്കുകയും 10 കോടി രൂപയുടെയും 20 കോടി രൂപയുടെയും ടിക്കറ്റ് വിൽക്കുകയും ചെയ്യും. അപ്പോൾ 28 ശതമാനം നികുതി അടയ്ക്കുന്ന പ്രശ്നത്തിൽനിന്ന് അവർ ഒഴിവായി. പിന്നെ അവർ ഒരിക്കലും ഒരു കാലത്തും 52 ശതമാനം സമ്മാനങ്ങൾ നൽകിയിട്ടുമില്ല. അവർ ചെയ്യുന്നത് ഗാംബ്ലിംഗാണ്. 100, 500, 2000, 5000 രൂപ എന്നിങ്ങനെ സമ്മാനം ലഭിക്കും. ഇടയ്ക്കിടയ്ക്ക് സമ്മാനം ലഭിക്കുമ്പോൾ ആളുകൾ വീണ്ടും ടിക്കറ്റെടുക്കാൻ പ്രലോഭിതരാകും. അതാണല്ലോ ഗാംബ്ലിംഗിന്റെ അടിസ്ഥാന സ്വാഭാവം. 5 ലക്ഷം, 50 ലക്ഷം, ഒരു കോടി രൂപ തുടങ്ങിയ വലിയ സമ്മാനങ്ങൾ അവരുടെ കുടുംബത്തിൽത്തന്നെയുള്ള ആളുകൾക്കാണ് ലഭിക്കാറുള്ളത്. പണ്ട് നമ്മൾ 'കമ്പനിക്ക് അടിച്ച്'വെന്ന് പറയും. കമ്പനിക്ക് മാത്രമാണ് അടിക്കാറുള്ളത്. ഒരു കാലത്തും അവർ 20 ശതമാനത്തിൽകൂടുതൽ

സമ്മാനങ്ങൾ വിതരണം ചെയ്തിട്ടില്ല. ടാക്സ് അടയ്ക്കാതെ 28 ശതമാനം നികുതി കുട്ടിവച്ചുകഴിഞ്ഞപ്പോൾ നമുക്കുണ്ടായ ബുദ്ധിമുട്ടുകളല്ലാതെ അവർക്ക് അതിനെ മറികടക്കാനുള്ള വിദ്യകളുണ്ട്. അതുകൊണ്ട് ഈയൊരു കാര്യംകൊണ്ട് മാത്രം ലോട്ടറിക്കാർ കേരളത്തിലേയ്ക്ക് വരാതിരിക്കില്ല എന്നുമാത്രം ഞാൻ സൂചിപ്പിക്കുകയാണ്. അതുപോലെതന്നെ ലോക്കൽ ബോഡികളുടെ സ്ഥിതി യെന്താണ്; അവരുടെ ഏറ്റവും പ്രധാനപ്പെട്ട വരുമാനമാർഗ്ഗം എന്റർടൈൻമെന്റ് ടാക്സാണ്. സിനിമാ തിയറ്ററുകളിൽനിന്ന് കിട്ടുന്ന വരുമാനം. അതിന്റെ അനന്തരഫലമെന്താണ്, കേരളത്തിലെ 38 മുനിസിപ്പാലിറ്റികളും നൂറുകണക്കിന് പഞ്ചായത്തുകളും ഈ മാസത്തെ ശമ്പളം നൽകിയിട്ടില്ല. അടുത്ത മാസവും ഇതുതന്നെയാണ് സ്ഥിതി. സർക്കാർ, കേരളത്തിലെ മുനിസിപ്പാലിറ്റികൾക്ക് 365 കോടി രൂപ പെൻഷൻ റീ-ഇംബേഴ്സ്മെന്റായി കൊടുക്കാനുണ്ട്. ആ പണം അവിടെ കടമായി നിൽക്കുകയാണ്. അവർ കൊടുത്ത പെൻഷനാണ്, അത് റീ-ഇംബേഴ്സ് ചെയ്ത് അവർക്ക് കൊടുത്തിട്ടില്ല. അതിനുപുറമെ അവർക്ക് കിട്ടുന്ന ഈ എന്റർടൈൻമെന്റ് ടാക്സുകൂടി ഇല്ലാതാകുകയാണ്. സർക്കാർ, ലോക്കൽ ബോഡിയുമായി ആലോചിച്ച് എന്തെങ്കിലുമൊരു സംവിധാനം ചെയ്യേണ്ടതല്ലേ; മുനിസിപ്പാലിറ്റികളുടെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്. 8-ാം തീയതിയായിട്ടും ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ കഴിയാതെ ലോക്കൽ ബോഡികൾ വലിയ പ്രതിസന്ധിയിലേയ്ക്ക് പോകുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കോൺട്രാക്ട് വർക്കുകളൊന്നും നടക്കുന്നില്ല. ഈ കൺഫ്യൂഷൻ നിലവിലുള്ളതുകൊണ്ട് ബില്ലുകൾ പാസ്സാക്കാൻ കഴിയുന്നില്ല. കാരണം, എഗ്രിമെന്റ് വച്ചത് ജി.എസ്.ടി. വരുന്നതിനുമുമ്പാണ്. ബിൽ കൊടുക്കേണ്ടത് ഇപ്പോഴാണ്. ബിൽ കൊടുക്കുമ്പോൾ ജി.എസ്.ടി.കൂടി കാണിക്കണം. പല മുനിസിപ്പൽ സെക്രട്ടറിമാരും പറയുന്നത് അവരുടെ പ്രോഫിറ്റിൽനിന്ന് 18 ശതമാനം അടയ്ക്കണമെന്നാണ്. അങ്ങനെയൊരു പ്രോഫിറ്റ് ഈ ലോക്കൽ ബോഡികളിൽ എവിടെയെങ്കിലും കാണുമോ? കോൺട്രാക്ട് വർക്കുകളിൽ 18 ശതമാനം പ്രോഫിറ്റ് ഉണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. അതുകൊണ്ട് അവരുടെ വരുമാനത്തിൽ നിന്ന് 18 ശതമാനം എടുത്തുകൊടുക്കണമെന്ന് പറയുമ്പോൾ ഇനി വരാനിരിക്കുന്ന വർക്കുകൾകൂടി സ്തംഭിക്കുന്ന സ്ഥിതിയുണ്ടാകും.

മി. ചെയർമാൻ : പ്ലീസ്... 35 മിനിട്ടാകുന്നു.

ശ്രീ. വി. ഡി. സതീശൻ : അങ്ങനെ യാതൊരു ലിമിറ്റേഷനുമില്ല.

മി. ചെയർമാൻ : നമ്മൾ ഇതിനകത്ത് ഒരു ധാരണയിൽ പോകുകയാണ്. അതുകൊണ്ട് ചെയറിനോട് സഹകരിക്കണം. പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. വി. ഡി. സതീശൻ : ഇത് പറഞ്ഞ് തീരുമ്പോഴേ അവസാനിക്കുകയുള്ളൂ.

മി. ചെയർമാൻ : അങ്ങനെ പറയരുത്. നമ്മൾ ധാരണയിലായിട്ടുണ്ട്. സഹകരിക്കണമെന്നാണ് അംഗത്തിനോട് പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ : XXXXXX *

മി. ചെയർമാൻ : ചെയറിന് അതിന്റേതായ അധികാരമുണ്ട്. പക്ഷേ ഞാൻ ചെയറിന്റെ അധികാരമുപയോഗിച്ചൊന്നും പറഞ്ഞതല്ല. 35 മിനിറ്റായി. ഇതുകഴിഞ്ഞ് ഡിസ്കഷൻ സ്റ്റാർട്ട് ചെയ്യേണ്ടതുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗം സഹകരിക്കണമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ : സർ, വിലക്കയറ്റം, തെറ്റായ ബില്ലിംഗ്, വില തിരുത്തൽ, സ്റ്റിക്കർ ഒട്ടിക്കാത്ത വിഷയങ്ങൾ, കബളിപ്പിക്കൽ തുടങ്ങിയവ സംബന്ധിച്ച് ധാരാളം പരാതികൾ വരുന്നുണ്ട്. ആ പരാതികൾ സംസ്ഥാന തലത്തിൽ നമുക്കെങ്ങനെ അഡ്രസ് ചെയ്യാൻ കഴിയും എന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം. ഇപ്പോൾ നാഷണൽ ലെവലിൽ ഒരു ആന്റി പ്രോഫിറ്റിയറിംഗ് മെക്കാനിസം ഉണ്ട്. അതിന് സ്റ്റേറ്റ് ലെവൽ സെന്ററുകളും ഉണ്ടായിരിക്കുമെന്ന് പറയുന്നു. നിയമപരമായ പിൻബലം അതിനുണ്ടാകുമോ? ഈ നിയമം നടപ്പിലാക്കുമ്പോൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന, ജനങ്ങളെ കബളിപ്പിക്കുന്ന, അമിത ലാഭമുണ്ടാക്കി ജനങ്ങളെയും സർക്കാരിനെയും വഞ്ചിക്കുന്ന ആളുകൾക്കെതിരായി നടപടിയെടുക്കാനുള്ള എന്ത് മെക്കാനിസമാണ് ഇതിനകത്ത് വരാൻ പോകുന്നത്? കേന്ദ്ര ഗവൺമെന്റിന് മാത്രം ഓപ്പറേറ്റ് ചെയ്യാൻ കഴിയുന്നൊരു കാര്യമാണോ അത്? അല്ല. ഇന്ത്യയിലെ എല്ലാ ഗ്രാമങ്ങളിലും നഗരങ്ങളിലും ഉണ്ടാകുന്ന വഞ്ചനയ്ക്കും കബളിപ്പിക്കലിനുമെതിരെ നടപടിയെടുക്കാനുള്ള നെറ്റ്‌വർക്ക് കേന്ദ്ര ഗവൺമെന്റിനുണ്ടോ; ഇല്ല. അപ്പോൾ സംസ്ഥാന ഗവൺമെന്റുകൾ തന്നെ ശിക്ഷണ നടപടികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യേണ്ടിവരും. ഇപ്പോൾ പീനൽ പ്രൊവിഷൻസുണ്ട്. ഇതെല്ലാംവച്ച് നിയമപരമായ പിൻബലത്തോടുകൂടി ഈ കബളിപ്പിക്കലിനെയും വഞ്ചനയെയും മറികടക്കാനുള്ള എന്ത് സാധ്യതയാണ് നമ്മുടെ മുമ്പിലുള്ളത്? കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയ നിയമങ്ങളിലൊന്നും അതിനെക്കുറിച്ച് വ്യക്തതയില്ല. അപ്പോൾ ജി.എസ്.ടി. കൗൺസിൽ തന്നെയാണ് തീരുമാനമെടുക്കേണ്ടത്. ജി.എസ്.ടി. കൗൺസിലാണ് പാർലമെന്റിലോ നിയമസഭകളിലോ നിയമങ്ങൾ പാസ്സാക്കാനുള്ള തീരുമാനമെടുക്കേണ്ടത്. നിലവിൽ നികുതി വെട്ടിപ്പ് തടയാൻ വേണ്ടിയുള്ള

---

* പിൻവലിച്ചു.

സംവിധാനങ്ങളും അതിനുള്ള ഏജൻസികളും നമ്മുടെ നാട്ടിലുണ്ടല്ലോ. അങ്ങ് തന്നെ രാവിലെ പറഞ്ഞു ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റ് കുറച്ച് കേസ്സുകളെടുത്തുവെന്ന്. ലീഗൽ മെട്രോളജി ഡിപ്പാർട്ട്മെന്റിനെക്കൊണ്ടുമാത്രം ഇത് തടയാൻ കഴിയില്ല. കൊമേഴ്സ്യൽ ടാക്സസ് അല്ല ഇപ്പോഴത്തെ ജി.എസ്.ടി. ആ സംവിധാനത്തിന് നിലവിലുള്ള അധികാരങ്ങളും നിയമപരമായ പിൻബലവും ഉപയോഗിച്ച് എത്രമാത്രം ഇത് തടയാൻ കഴിയും. കേന്ദ്ര ഗവൺമെന്റ് സൂചിപ്പിച്ചതുപോലെ രണ്ട് മാസത്തേയ്ക്ക് wait and see ആണോ? രണ്ടോ മൂന്നോ മാസത്തേയ്ക്ക് wait and see -യുടെ ഭാഗമായി സാധനങ്ങളുടെ വില വർദ്ധിച്ചാൽ പിന്നെ വിലകുറയുന്നതിന് ബുദ്ധിമുട്ടുണ്ടാകുമെന്നതും പ്രധാനപ്പെട്ട കാര്യമാണ്. അതുപോലെ ജി.എസ്.ടി. ക്കുമുമ്പ് സി.എസ്.ടി. കൊടുത്തുവാങ്ങുന്ന പർച്ചേസിന് വിൽപ്പനയിൽ ഇൻപുട്ട് സെറ്റ് ഓഫ് നേരത്തെ കിട്ടുമായിരുന്നില്ല. എന്നാൽ ഇപ്പോൾ ജി.എസ്.ടി. വന്നപ്പോൾ ആ തുക അങ്ങനെതന്നെ നമുക്ക് സെറ്റ് ഓഫ് ചെയ്ത് കിട്ടുകയാണ്. എന്നിട്ടും നമുക്ക് വില കുറഞ്ഞില്ല. ജി.എസ്.ടി. വന്നപ്പോൾ കേന്ദ്ര എക്സൈസ് തീരുവ ഇല്ലാതായി. സെൻട്രൽ എക്സൈസ് ഡ്യൂട്ടിയുള്ള ഉത്പന്നങ്ങളാണല്ലോ കേരളത്തിൽ ഏറ്റവും കൂടുതൽ ചെലവാകുന്നത്. അപ്പോൾ യഥാർത്ഥത്തിൽ ഏറ്റവും കൂടുതൽ വില കുറയേണ്ട സംസ്ഥാനം കേരളമാണ്. പക്ഷേ നമുക്കതിന്റെ ഗുണഫലമുണ്ടായിട്ടില്ല. അതുപോലതന്നെ എല്ലാ പെൻഡിംഗ് ഡിക്ലറേഷൻസും വ്യാപാരികൾ പെട്ടെന്ന് സമർപ്പിക്കണം, അല്ലെങ്കിൽ ജി.എസ്.ടി വന്നാൽ കൺഫ്യൂഷനുണ്ടാകും എന്നുപറഞ്ഞ് 22-6-2017-ന് നമ്മുടെ ഡിപ്പാർട്ട്മെന്റ് ഒരു സർക്കുലർ ഇറക്കിയിരുന്നു. പക്ഷേ പെൻഡിംഗ് ഡിക്ലറേഷൻ സമർപ്പിക്കണമെങ്കിൽ കമ്മീഷണറുടെ മുമ്പിൽ വ്യാപാരികൾ സമർപ്പിച്ചിട്ടുള്ള റിട്ടേണുകൾ റിവൈസ് ചെയ്യാനുള്ള അനുമതി നൽകണമെന്നൊരു ആവശ്യം അവരുടെ ഭാഗത്തുനിന്ന് വന്നിട്ടുണ്ട്. അതുകൂടി പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ജി.എസ്.ടി. വരുമ്പോൾ നമ്മുടെ സംസ്ഥാനത്തിന് വരുമാന നഷ്ടമുണ്ടാകുമോ ലാഭമായിരിക്കുമോ എന്നതിനെ സംബന്ധിച്ച് മുൻകൂറായി എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ? ജി.എസ്.ടി. നിലവിൽ വന്നിട്ട് 38 ദിവസമായി. ഒരു മാസത്തെ ടാക്സ് കളക്ഷൻ വന്നിരിക്കുന്നു. അതിന്റെ ഇംപാക്ട് എന്താണ്? അല്ലെങ്കിൽ ദീർഘകാലം നമുക്ക് നോക്കിയിരിക്കേണ്ടി വരുമോ? ഇയർ എൻഡിംഗ് വരെ നോക്കിയിരുന്നാൽ മാത്രമേ വരുമാന നഷ്ടമുണ്ടാകുമോ ലാഭമുണ്ടാകുമോ എന്ന് പറയാൻ കഴിയുകയുള്ളൂ. കാരണം, ഇത് destination basic tax ആണ്. ഏറ്റവും അവസാന സമയത്ത് നൽകുന്ന ടാക്സാണ്. ആ ടാക്സ് last recipient കൊടുക്കുന്ന ടാക്സാണ്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി 80-90 ശതമാനം കൺസ്യൂമർ ഉത്പന്നങ്ങളുടെ ഡെസ്റ്റിനേഷൻ പോയിന്റാണ് കേരളം. വാറ്റ് വന്നപ്പോൾ വ്യത്യാസമായിരുന്നു. വാറ്റ് വന്ന

സമയത്ത് ലാഭമുണ്ടാകേണ്ടിയിരുന്നത് മാനുഫാക്ച്ചറിംഗ് സ്റ്റേറ്റുകൾക്കും, നഷ്ടമുണ്ടാകേണ്ടിയിരുന്നത് കൺസ്യൂമർ സ്റ്റേറ്റുകൾക്കുമാണ്. ജി.എസ്.ടി. ഡെസ്റ്റിനേഷൻ ബേസിക് ടാക്സായതുകൊണ്ട് നമുക്കാണ് കൂടുതലായി ലാഭമുണ്ടാകേണ്ടത്. ശരിക്ക് നഷ്ടപരിഹാരം കൊടുക്കേണ്ടിവരുന്നത് മാനുഫാക്ച്ചറിംഗ് സ്റ്റേറ്റുകൾക്കാണ്. പക്ഷേ ഇപ്പോഴത്തെ അന്തരീക്ഷത്തിൽ നഷ്ടമായിരിക്കുമോ ലാഭമായിരിക്കുമോ എന്ന് പറയാൻ കഴിയാത്ത അവസ്ഥയാണ്. അത് സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് അങ്ങ് വ്യക്തമാക്കണം. ആശയക്കുഴപ്പംകൊണ്ട് ഉണ്ടാകുന്ന നഷ്ടം എങ്ങനെ നികത്താൻ കഴിയുമെന്നുകൂടി ആലോചിക്കണം. ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിക്ക് വില നിയന്ത്രിക്കാനുള്ള പ്രശ്നമുണ്ട്. അസംസ്കൃത സാധനങ്ങളുടെ വില, ഉൽപ്പാദനത്തിന് ഉപയോഗിക്കുന്ന ടെക്നോളജി, അതുപോലെ ഓരോ സീസണിലും ഉണ്ടാകുന്ന വേരിയേഷൻ, വിപണിയിലെ മത്സരം, വിതരണ സംവിധാനങ്ങൾ തുടങ്ങിയ കാര്യങ്ങളെല്ലാം വളരെ ഫ്ലക്ചേറ്റിംഗാണ്. അപ്പോൾ ഏത് അതോറിറ്റി ക്കായിരിക്കും ഇതിന്റെ പ്രൈസ് ഫിക്സ് ചെയ്യാനുള്ള അധികാരം ഉണ്ടാകുന്നതെന്നുകൂടി അങ്ങ് ആലോചിക്കണം. അതുപോലെ ജി.എസ്.ടി.യിൽ ഏറ്റവും അധികം ബുദ്ധിമുട്ട് വരുന്നത് ചെറുകിട കച്ചവടക്കാർക്കാണ്. 20 ലക്ഷം രൂപയിൽ കൂടുതൽ കച്ചവടമുള്ളവർ ഇപ്പോൾ ടാക്സ് നെറ്റ്‌വർക്കിൽ വരും. നേരത്തെ ഒന്നരക്കോടി രൂപ ആയിരുന്നു സെൻട്രൽ എക്സൈസ് ഡ്യൂട്ടി ലിമിറ്റ്. ഒന്നരക്കോടിയിൽ താഴെയുള്ള ആളുകൾക്ക് സെൻട്രൽ എക്സൈസ് ഡ്യൂട്ടി കൊടുക്കണ്ടായിരുന്നു. അവർ അതിൽനിന്ന് exempted ആണ്. പക്ഷേ ജി.എസ്.ടി. വന്നപ്പോൾ 20 ലക്ഷത്തിന് മീതെയുള്ള ആളുകൾ മുഴുവനും ഈ നെറ്റ് വർക്കിൽ വരികയാണ്. ഞാൻ അതിനൊരു ഉദാഹരണം പറയാം. ലോക്ക് ഉണ്ടാക്കുന്ന ആളുകൾ - സാധാരണക്കാർ ചെറുകിട വ്യവസായമായി ലോക്കുണ്ടാക്കുന്നുണ്ട്. ഗോദ്റേജ് പോലുള്ള വലിയ കമ്പനികളും ലോക്കുണ്ടാക്കുന്നുണ്ട്. നേരത്തെ ചെറുകിട വ്യവസായികളുടെ ടാക്സ് 5 ശതമാനം വാറ്റ് മാത്രമായിരുന്നു. വലിയ കമ്പനികൾക്ക് 14 ശതമാനം സെൻട്രൽ എക്സൈസ് ഡ്യൂട്ടിയും 5 ശതമാനം വാറ്റും ഉൾപ്പെടെ 19 ശതമാനമായിരുന്നു. ജി.എസ്.ടി. വന്നപ്പോൾ രണ്ടുകൂട്ടർക്കും ടാക്സ് 18 ശതമാനമായി. അപ്പോൾ ചെറുകിട വ്യവസായി നേരത്തെ 5 ശതമാനം ടാക്സ് കൊടുത്തിരുന്ന സ്ഥാനത്ത് ഇപ്പോൾ 18 ശതമാനം ടാക്സ് കൊടുക്കേണ്ട സ്ഥിതിയിലേയ്ക്ക് വന്നിരിക്കുകയാണ്. ഈ പാറ്റേൺ കേരളത്തിലെ 75 ശതമാനം ചെറുകിട വ്യവസായങ്ങളെയും ബാധിച്ചിട്ടുണ്ട്. വലിയൊരു അന്തരമാണ് ഇവിടെ വന്നിരിക്കുന്നത്. 5 ശതമാനത്തിൽനിന്ന് 18 ശതമാനത്തിലേയ്ക്ക് ടാക്സ് ജമ്പ് ചെയ്താൽ no other option, to close down the factor, അല്ലാതെ വേറെ വഴിയൊന്നുമില്ല. 5 ശതമാനം ടാക്സ് അടച്ചുകൊണ്ടിരുന്ന ഒരാൾ പെട്ടെന്നൊരു

സുപ്രഭാതത്തിൽ 18 ശതമാനം ടാക്സ് കൊടുക്കണമെന്ന് പറഞ്ഞാൽ കടയുടെ ഷട്ടറിടുകയല്ലാതെ നിവൃത്തിയില്ല. മാലപ്പടക്കം പൊട്ടുന്നതുപോലെ വ്യാപകമായി നമ്മുടെ നാട്ടിലെ ചെറുകിട സംരംഭങ്ങൾ, വീട്ടുമുറ്റത്തും, കാർഷെഡ്ഡിലും, ചെറിയ ഓലപ്പുരയുണ്ടാക്കി ചെയ്യുന്ന നിരവധി ചെറുകിട സംരംഭങ്ങൾ, ലക്ഷക്കണക്കിന് കുടുംബങ്ങളിൽ തീ പുകയ്ക്കുന്ന ചെറിയ ചെറിയ സംരംഭങ്ങളെല്ലാം തകർന്ന് തരിപ്പണമാകുന്ന ദുരിതപൂർണ്ണമായ സാഹചര്യമുണ്ടാകുമെന്നുകൂടി സൂചിപ്പിക്കുകയാണ്. ആദ്യത്തെ കൺഫ്യൂഷൻ മാറിക്കഴിഞ്ഞ് ആളുകളെല്ലാം ഇത് പഠിച്ചുവരുമ്പോൾ അന്തിമമായി സർക്കാരിന് ലാഭമുണ്ടാകും. പക്ഷെ സാധാരണക്കാർക്ക് ഭീമമായ നഷ്ടമുണ്ടാക്കുന്ന തരത്തിലാണ് കാര്യങ്ങൾ പോകുന്നത്. ജീവിക്കാൻ നിവൃത്തിയില്ലാത്ത സാഹചര്യം കഴിഞ്ഞ കുറേനാളുകളായി അല്ലെങ്കിൽത്തന്നെ നിങ്ങളുണ്ടാക്കിയിട്ടുണ്ട്. അരിയുൾപ്പെടെയുള്ള സാധനങ്ങളുടെ വിലവർദ്ധനവ് കൊണ്ട് നിവൃത്തിയില്ല. ഗവൺമെന്റിന്റെ സാന്നിദ്ധ്യം കാണുന്നില്ല. റേഡിയോയിലും ടി.വി.യിലുമുള്ള പരസ്യം സർക്കാർ നിങ്ങളോടൊപ്പമുണ്ടെന്നാണ്. വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുന്ന പാവങ്ങളുടെകൂടെ ഈ സർക്കാരുണ്ടോ? വിപണിയിലിടപെട്ട് വില കുറയ്ക്കാൻ സർക്കാരിന്റെ സാന്നിദ്ധ്യം ജനങ്ങൾക്ക് അനുഭവപ്പെട്ടോ? അതിൽ വിഷമിച്ചിരിക്കുന്ന സമയത്താണ് ഇടിത്തീപോലെ ഇത് വരുന്നത്. ഇടിവെട്ടേറ്റവനെ പാമ്പ് കടിച്ചു എന്ന് പറഞ്ഞതുപോലെയാണ് കേരളത്തിലെ സാധാരണക്കാരനെ ഇത് ബാധിച്ചിരിക്കുന്നത്. വളരെ പരിതാപകരമായ ഈ സാഹചര്യത്തിൽ നിന്ന് സാധാരണക്കാരനെ രക്ഷിക്കാൻ ഗവൺമെന്റും ധനകാര്യവകുപ്പും ഭക്ഷ്യ പൊതുവിതരണ വകുപ്പുമെല്ലാം എന്താണ് ചെയ്യുന്നതെന്ന് കേരളം നോക്കി നിൽക്കുകയാണെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് നിരാകരണ പ്രമേയത്തെ പിന്തുണയ്ക്കുന്നു.

1.00 PM]

ശ്രീ. സി. ദിവാകരൻ: സർ, 2017-ലെ കേരള ചരക്കുസേവന നികുതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-9-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. സ്വരാജ്: സർ, 2017-ലെ കേരള ചരക്കുസേവന നികുതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യയിൽ നിലനിന്നിരുന്ന നികുതി ഘടനയുടെ സമൂലമായ പരിഷ്കാരമാണ് ജി.എസ്.ടി. മുഖേന വന്നിരിക്കുന്നതെന്ന് നമുക്കറിയാം. നമ്മുടെ ഭരണഘടന കൃത്യമായി നികുതി ചുമത്തുന്നതിനുള്ള അധികാരം കേന്ദ്രത്തിനും സംസ്ഥാനത്തിനും

വീതിച്ച നൽകിയിട്ടുണ്ട്. അതെല്ലാം എടുത്തുമാറ്റിക്കൊണ്ടാണ് 122-ാം ഭരണഘടനാഭേദഗതി ബിൽ കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചതും ഇപ്പോൾ 101-ാം ഭേദഗതിയായി നിലവിൽ വന്നതും. എല്ലാവരും പറഞ്ഞതുപോലെ ഈ നിയമം ആശങ്കകളും പ്രതീക്ഷകളും ഉയർത്തുന്നു. ഏറ്റവും പ്രധാനപ്പെട്ട ആശങ്ക, ഫലപ്രദമായി ഈ ചർച്ചകളിൽ പലപ്പോഴും ഉയർന്നുവരാതിരുന്ന കാര്യം നമ്മുടെ ഫെഡറൽ സംവിധാനത്തിനേറ്റ കനത്ത ആഘാതമാണ് ഇതെന്നതാണ്. ഫെഡറൽ സംവിധാനത്തിൽ സംസ്ഥാനത്തിന് അന്തസ്സും വിലയും നൽകിയിരുന്ന പ്രധാന കാര്യം നിശ്ചിത ഇനങ്ങളിൽ നികുതി ചുമത്തുന്നതിന് സംസ്ഥാനങ്ങൾക്ക് നൽകിയിരുന്ന അധികാരമാണ്. അത് പൂർണ്ണമായും എടുത്തുകളഞ്ഞു എന്നു മാത്രമല്ല സംസ്ഥാനത്തിന്റെ പ്രധാനപ്പെട്ട കാർഷികോൽപ്പന്നങ്ങൾക്കടക്കം വിലയിടിഞ്ഞു. ചോദ്യോത്തരവേളയിൽ എന്റെ സ്നേഹിതൻ ശ്രീ. രാജു എബ്രഹാം ചൂണ്ടിക്കാണിച്ചതുപോലെ, റബ്ബറിന് വിലയിടിഞ്ഞാൽ സംസ്ഥാനത്തിന് ഒന്നുംചെയ്യാനാകാതെ നിസ്സഹായമായി നിൽക്കേണ്ട ഒരു സ്ഥിതിയാണ് ഇന്നുള്ളത്. ഇന്ത്യാ ഗവൺമെന്റ് ഒപ്പുവച്ചതും ഇനി ഒപ്പുവയ്ക്കാൻ പോകുന്നതുമായ അന്താരാഷ്ട്ര ഉടമ്പടികളുടെ ഭാഗമായി സംസ്ഥാനങ്ങളിൽ ഉത്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങളിൽ പലതിനും വിലയിടിയാൻ പോകുകയാണ്. ഇതിൽ സംസ്ഥാന ഗവൺമെന്റിന് ഒരു തരത്തിലും ഇടപെടാൻ കഴിയാത്ത നിസ്സഹായ അവസ്ഥയാണുണ്ടാവുക. ബി.ജെ.പി.യും ആർ.എസ്.എസ്-ഉം ഉയർത്തിപ്പിടിക്കുന്ന അജണ്ടയുടെ ഭാഗമായി ഇത് ഒത്തുവായിക്കേണ്ടതുണ്ട്. ഇന്ത്യയുടെ എല്ലാ തരത്തിലുമുള്ള വൈവിധ്യവും ഇല്ലാതാക്കണമെന്നതാണ് ആർ.എസ്.എസ്.-ന്റെ പ്രഖ്യാപിത അജണ്ട. അവർ പല ഘട്ടങ്ങളിലായി പറഞ്ഞുകൊണ്ടിരുന്നതും അവരുടെ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ കാര്യം ഇതാണ്. നമ്മുടെ വൈവിധ്യങ്ങൾ ഇല്ലാതാക്കി ഒരുപോലെയാക്കുക. അത് നടപ്പാക്കാൻ വേണ്ടി അവരുടെ മുന്നിൽ വീണുകിട്ടിയ പന്താണ് ജി.എസ്.ടി. അത് അവർ ഒരു തടസ്സവുമില്ലാതെ ഗോൾ പോസ്റ്റിലേക്ക് അടിച്ചു, ആരും അതിനെ തടുക്കാനില്ലായിരുന്നു. അവരുടെ രാഷ്ട്രീയ അജണ്ടയ്ക്ക് പിന്തുണ നൽകുന്ന ഒരു സാമ്പത്തിക അജണ്ടകൂടിയാണ് ഈ ഭരണഘടനാഭേദഗതിയെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. ഫെഡറൽ സംവിധാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അന്തഃസത്ത സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരമായിരുന്നു. സംസ്ഥാനങ്ങൾക്ക് വരുമാനം കൂട്ടും വരുമാന സ്രോതസ്സുകൾ കൂട്ടും എന്നുള്ളത് ഒരുവശത്ത് നിലനിൽക്കത്തന്നെ ഇന്ത്യയെപ്പോലെ വൈവിധ്യമാർന്ന രാജ്യത്തിന് ഒറ്റയടിക്ക് രാഷ്ട്രീയ അജണ്ടയ്ക്ക് സമാനമായ സാമ്പത്തിക അജണ്ട നടപ്പാക്കാനായി എന്നത് നമ്മൾ കാണാതിരുന്നുകൂടാ. ഫെഡറൽ സംവിധാനത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് പറയുന്ന പ്രാദേശിക പാർട്ടികളൊന്നും ഇക്കാര്യത്തിൽ ഒന്നും മിണ്ടിയില്ല. ശ്രീ. കെ. എം. മാണിയെപ്പോലൊരാൾ ഇതുസംബന്ധിച്ച പ്രത്യേക സമ്മേളനത്തിൽ ബാക്കി പ്രതിപക്ഷങ്ങളെല്ലാം

ബഹിഷ്കരിച്ചിട്ടും പങ്കെടുത്തത് എന്തിനാണ്? ഇതുവരെ അവർ പറഞ്ഞിരുന്ന ഫെഡറൽ സംവിധാനത്തിന്റെ മഹത്വവും സംസ്ഥാനത്തിന്റെ അധികാരങ്ങളും കവർന്നെടുക്കുന്ന ഒരു കാര്യത്തെപ്പറ്റി ഒരക്ഷരംപോലും മിണ്ടാതെ രണ്ടാം സ്വാതന്ത്ര്യ പ്രഖ്യാപനം പോലെ നടന്ന സമ്മേളനത്തിൽ, നിരന്തരമായി കേരള സംസ്ഥാനത്തിന്റെ അധികാരങ്ങളെയും അവകാശങ്ങളെയും കുറിച്ച് പറഞ്ഞിരുന്ന ശ്രീ. കെ. എം. മാണിയെപ്പോലൊരാൾ പങ്കെടുത്തുവെന്നത് ലജ്ജാകരമായ കാര്യമാണ്. നികുതി ഏകീകരണത്തോടൊപ്പം വിപണി ഏകീകരണവും നടക്കുകയാണ്. ഒരു വശത്ത് വലിയ മുതലാളിമാർക്ക് കുതിച്ചുചാട്ടത്തിന് നികുതി ഏകീകരണം സഹായിക്കുമ്പോൾ ദരിദ്രരായ ഇന്ത്യയിലെ ജനങ്ങൾക്ക് ഇതുമൂലം പ്രയോജനം ലഭിക്കില്ലെന്ന യാഥാർത്ഥ്യം നമ്മൾ കാണേണ്ടതായിട്ടുണ്ട്. ഒരു പ്രധാനപ്പെട്ട കാര്യം ഇത്തരത്തിലുള്ള പ്രധാനപ്പെട്ട ഒരു നികുതി പരിഷ്കരണം വേണ്ടത്ര തയ്യാറെടുപ്പും ബോധവത്ക്കരണവും നടത്താതെ നടപ്പാക്കിയെന്നതുള്ളതാണ്. അതിന്റെ ഫലമാണ് വിപണിയിൽ ഇപ്പോൾ വന്നിരിക്കുന്ന വിലക്കയറ്റവും പ്രതിസന്ധിയും. പല രാജ്യങ്ങളും എത്രയോ തയ്യാറെടുപ്പുകൾ നടത്തിയശേഷമാണ് ജി.എസ്.ടി. നടപ്പാക്കിയത്. പല രാജ്യങ്ങളിലും നികുതി പരിഷ്കരണം നടപ്പിലാക്കിയതോടൊപ്പം കൊള്ളലാഭം തടയിടുന്നതിനുള്ള സമിതികൾ നിലവിൽ വന്നു. അതിനുവേണ്ടിയുള്ള നിയമങ്ങൾ നിലവിൽ വന്നു. അതെല്ലാം പലരാജ്യങ്ങളും ഒരുപോലെ നടപ്പാക്കിയപ്പോൾ നമ്മൾ പറയുന്നത് ആന്റി പ്രൊഫിറ്റിയറിംഗ് അതോറിറ്റി നിലവിൽ വരുമെന്നാണ്. നിലവിൽ വന്നോ? എന്ന് നിലവിൽ വരും? അതിന്റെ നിയമനിർമ്മാണ നടപടികൾ നടന്നോ? അതിന്റെ ചട്ടങ്ങൾ ഉണ്ടാക്കിയോ? ഇതൊന്നുമില്ല. ജനങ്ങളിൽ ഒരു ബോധവത്ക്കരണവും നടത്താതെ, നികുതിയുടെ പ്രത്യാഘാതങ്ങൾ എന്താണ്; അത് ഏതെല്ലാം രീതിയിൽ ഏതെല്ലാം മേഖലയെ ബാധിക്കുന്നുണ്ട്; കച്ചവടക്കാർ കൊള്ളലാഭം എടുക്കുന്നത് തടയാൻ എന്ത് നടപടിയെടുക്കുമെന്നതിനെ ക്കുറിച്ചൊന്നും ഒരു തയ്യാറെടുപ്പും പ്രചരണവും ഒരു മുന്നറിയിപ്പും നൽകാതെ ജി.എസ്.ടി. നടപ്പാക്കിയതെന്നതാണ് ഏറ്റവും ഖേദകരമായ വസ്തുത.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ആന്റി പ്രോഫിറ്റിയറിംഗ് സമിതിയെന്നത് ഒരു Draconian Law- ആയി മാറാൻ പോകുകയാണ്. ഇത് നമ്മെ വളരെ ദോഷകരമായി ബാധിക്കാൻ പോകുകയാണ്. അതിന്റെ വിശദാംശങ്ങൾ പരിശോധിച്ചാൽ നമ്മുടെ താത്പര്യങ്ങൾക്കും ഇന്ത്യയിലെ ജനങ്ങളുടെ താത്പര്യങ്ങൾക്കും വിരുദ്ധമായി കോർപ്പറേറ്റുകളെ സഹായിക്കാനുള്ള സംവിധാനമായി മാറുകയാണ് എന്നത് മനസ്സിലാകും. ശ്രീ. കെ. സുരേഷ് കുറുപ്പ് പ്രസംഗിക്കുന്ന കാര്യങ്ങളെല്ലാം ഡോ. ടി. എം. തോമസ് ഐസകിനെ ഒന്നുപറഞ്ഞു മനസ്സിലാക്കണം. അദ്ദേഹം ശ്രീ. അരുൺ ജെയ്റ്റിലിയെക്കാൾ കൂടുതൽ ഇതിനുവേണ്ടി വാദിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ജി.എസ്.ടി. നിയമം എന്നത് കേവലം ഒറ്റപ്പെട്ട നിയമമായിരുന്നില്ല. ഇതിന്റെ ഭാഗമായുള്ള 101-ാം ഭരണഘടനാ ഭേദഗതി പാർലമെന്റിൽ കൊണ്ടുവന്ന സമയത്ത് ഷെഡ്യൂൾ 7-ലെ സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട നികുതി ചുമത്താനുള്ള അധികാരം കേന്ദ്രത്തിലേയ്ക്കെടുത്ത സമയത്ത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പാർട്ടി അവിടെ അന്ന് ഒരു വിയോജിപ്പും രേഖപ്പെടുത്തിയിട്ടില്ല. ജി.എസ്.ടി. യുടെ ബെയ്സ് എന്നു പറയുന്നത് 101-ാം ഭരണഘടനാ ഭേദഗതിയാണ്. എന്തുകൊണ്ടാണ് അപ്പോൾ ഇതൊന്നും പറയാതിരുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: ഞങ്ങൾ കൊണ്ടുവന്ന ജി.എസ്.ടി. ഈ ഫോമിലുള്ളതല്ല. അത് ഞാൻ എന്റെ പ്രസംഗത്തിൽ പറയാം.

ശ്രീ. കെ. സുരേഷ് കുറുപ്പ്: ഒരു പാർട്ടി എന്നുള്ള നിലയിൽ ഇതിന്റെ ഏതെങ്കിലും പോരായ്മകൾ കോൺഗ്രസ് എപ്പോഴെങ്കിലും ചൂണ്ടിക്കാണിച്ചോ? ഇല്ല. ഇപ്പോൾ ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റി നിലവിൽ വരരുതെന്നാണോ പ്രതിപക്ഷ നേതാവിന്റെ അഭിപ്രായം.

ശ്രീ. രമേശ് ചെന്നിത്തല: ആന്റി പ്രോഫിറ്റിയറിംഗ് സമിതി എല്ലാവരെയും ബോധ്യപ്പെടുത്തിക്കൊണ്ടായിരിക്കണം. അത് Draconian Law ആയി മാറരുത്. അത് അപകടകരമായ കാര്യമാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: ഇപ്പോൾ നിലവിലുള്ള സ്ഥിതിയെന്താണ്? കച്ചവടക്കാർ എം.ആർ.പി.-ക്ക് മുകളിൽ നിർബാധം ജി.എസ്.ടി. ചുമത്തുന്നു; അമിതവില ഈടാക്കുന്നു. അതിന് തടയിടാനോ പരിഹാരം കാണാനോ കഴിയുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സാധാരണക്കാരായ പാവപ്പെട്ട കച്ചവടക്കാരുടെ പ്രശ്നമല്ല. എം.ആർ.പി. രേഖപ്പെടുത്തിയിരിക്കുന്നത് വാറ്റ് അടക്കമുള്ളതാണ്. അവർ സ്റ്റോക്ക് ചെയ്തിരിക്കുകയാണ്. ഇത് ട്രാൻസിഷണൽ പിരീഡിലുണ്ടാകുന്ന പ്രത്യേകതയാണ്. ജി.എസ്.ടി. കൂടി അവരോട് കൊടുക്കാൻ പറയുമ്പോൾ ഈ തുക തിരിച്ചുകിട്ടും. പക്ഷേ തിരിച്ചുകിട്ടുന്നത് മാനുഫാക്ചറർക്കാണ്. സാധാരണക്കാർക്ക് കിട്ടില്ല. അങ്ങനെ വരുന്നതുകൊണ്ട് ജനങ്ങൾക്ക് ഡബിൾ ടാക്സ് കൊടുക്കേണ്ടി വരും. എം.ആർ.പി.-ക്കു മുകളിൽ വരുന്ന അഡീഷണൽ ടാക്സ് ജി.എസ്.ടി.-യുടെ പേരിൽ കൊടുക്കേണ്ടി വരുന്നു. അവിടെ ഇവർക്കെന്തെങ്കിലും പ്രൊട്ടക്ഷൻ കൊടുക്കാൻ സാധിക്കുമോ? അങ്ങ് അതിനെക്കുറിച്ച് ആലോചിച്ചോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: അക്കാര്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയും. ഇവിടെ ബഹുമാനപ്പെട്ട കെ. എം. മാണി ചൂണ്ടിക്കാണിച്ചതുപോലെ ജി.എസ്.ടി. നടപ്പിലാക്കിയ എല്ലാ രാജ്യങ്ങളിലും വിലക്കയറ്റമുണ്ടായി; പണപ്പെരുപ്പമുണ്ടായി എന്നുള്ളത് വസ്തുതയാണ്. ഇത് യാഥാർത്ഥ്യമാണെന്നിരിക്കെ കേന്ദ്ര ഗവൺമെന്റ് അതിനെപ്പറ്റി കൺസേൺഡായിരുന്നില്ല എന്നുള്ളതാണ് ഏറ്റവും ഖേദകരമായ വസ്തുത.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ഇപ്പോൾ വിലക്കയറ്റമുണ്ടായി. നമ്മുടെ ഗവൺമെന്റും നമ്മുടെ ധനകാര്യമന്ത്രിയുമടക്കം ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റി നിലവിൽ വരണമെന്ന് പറയുന്നു. അത് എന്ന് നിലവിൽ വരുമെന്ന് അറിയില്ല. അതിനുള്ള അധികാരമെന്താണെന്ന് അറിയില്ല. ഈ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് ഇതിനെക്കുറിച്ച് ആലോചിച്ചില്ല എന്നുള്ളതാണ് ഈ നിയമനിർമ്മാണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പോരായ്മകളിൽ ഒന്ന്. ഇപ്പോൾ കേരളത്തിൽ ഹോട്ടലുകൾ 155 രൂപ ഭക്ഷണത്തിനു മുകളിൽ 26 രൂപയാണ് സെൻട്രൽ ജി.എസ്.ടി.-യും സ്റ്റേറ്റ് ജി.എസ്.ടി.-യുമായി ഈടാക്കുന്നത്. ചായ കുടിച്ചാൽ 26 രൂപ കൂടുതൽ കൊടുക്കേണ്ട കാര്യമെന്താണ്? ആർക്കാണ് ഈ നികുതി കൊടുക്കേണ്ടത്? ഈ നാട്ടിലെ സാധാരണക്കാരനു മുകളിൽ ഈ നികുതി വന്ന് പതിച്ചിരിക്കുകയാണ്. ഓസ്ട്രേലിയ പോലുള്ള രാജ്യങ്ങളിൽ ഫുഡ് ആന്റ് ബീവറേജസിന് ജി.എസ്.ടി. ഒഴിവാക്കിയിട്ടുണ്ട്. ഭക്ഷണ സാധനങ്ങൾക്കും പാനീയങ്ങൾക്കും യഥാർത്ഥത്തിൽ ജി.എസ്.ടി. ചുമത്തരുതായിരുന്നു. അത് ജി.എസ്.ടി. കൗൺസിൽ പരിഗണിച്ചില്ല; കേന്ദ്ര ഗവൺമെന്റ് കണ്ടില്ല എന്നുള്ളതാണ് ഏറ്റവും വലിയ പോരായ്മകളിൽ ഒന്ന്. ഈ പുതിയ സംവിധാനത്തിൽ വില കുറയ്ക്കാനുള്ള നടപടികളെടുക്കാൻ സംസ്ഥാന ഗവൺമെന്റിന് പരിമിതിയുണ്ട്. നികുതി സംബന്ധിച്ച് ഏതെങ്കിലും തരത്തിലൊരു പ്രശ്നമുണ്ടായാൽ അത് ജി.എസ്.ടി. കൗൺസിലിൽ അവതരിപ്പിക്കണം. ജി.എസ്.ടി. കൗൺസിൽ ബാക്കി സംസ്ഥാനങ്ങളുടെ മുമ്പിൽ ക്യാമ്പയിൻ നടത്തണം. ഇനി മുഴുവൻ സംസ്ഥാനങ്ങൾ ഒന്നിച്ചുനിന്നാലും കേന്ദ്ര ഗവൺമെന്റ് എതിർക്കുകയാണെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനം തന്നെ നടപ്പാക്കും. നമ്മുടെ സംസ്ഥാനത്തിന്റെ റബ്ബർവില പോലുള്ള വിഷയങ്ങൾക്കടക്കം ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ സ്വതന്ത്രമായി നമുക്ക് ഒന്നും ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ് ഈ നിയമംമൂലം സംജാതമായിരിക്കുന്നത്. ഇത് പരിഹരിക്കാനുള്ള അടിയന്തര നടപടിയാണ് എടുക്കേണ്ടത്. സംസ്ഥാന ഗവൺമെന്റിന്റെ ഏത് അധികാരമുപയോഗിച്ച് ഇത് എങ്ങനെ തടയാമെന്നതിനെ

സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കേന്ദ്രത്തെക്കൊണ്ട് നടപടിയെടുപ്പിക്കാൻ സമ്മർദ്ദം ചെലുത്തുകയും വേണം. അതേസമയം സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിക്കുന്നതിനുള്ള സാദ്ധ്യതകളുണ്ടെന്നാണ് ധനകാര്യ വിദഗ്ധമാരടക്കം ഇതുമായി ബന്ധപ്പെട്ട എല്ലാവരും ചൂണ്ടിക്കാണിക്കുന്നത്. ജി.എസ്.ടി.-യിൽ എല്ലാ നികുതികളും ഉൾപ്പെട്ടിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ കസ്റ്റംസ് ഡ്യൂട്ടി നിലനിൽക്കുന്നുണ്ട്. മദ്യം, പെട്രോളിയം ഉല്പന്നങ്ങൾ എന്നിവയുടെ ഉല്പാദനത്തിന്റെയും വില്പനയുടെയുംമേലുള്ള എക്സൈസ് ഡ്യൂട്ടിയും വില്പന നികുതിയും തുടരുന്നുണ്ട്. മുഴുവൻ നികുതികളും ഇതിനകത്ത് ഉൾക്കൊള്ളിച്ചിട്ടില്ലെന്നുള്ള പ്രശ്നമുണ്ട്. പ്രധാനപ്പെട്ട ചില വരുമാന സ്രോതസ്സുകൾ, പെട്രോളിയം ഉല്പന്നങ്ങൾ വഴിയുള്ള നികുതി വരുമാനം എന്നിവ കേന്ദ്ര ഗവൺമെന്റിനും അതുപോലെ മദ്യത്തിന്റെയും മറ്റും വില്പന നികുതിയിൽ കിട്ടുന്ന വരുമാനം സംസ്ഥാന ഗവൺമെന്റുകൾക്കും എന്നാണ്. ഇതെല്ലാം ജി.എസ്.ടി.-ക്ക് പുറത്താണ്. ഇനി ഇത് അതേപടി നിലനിർത്താൻ വേണ്ടിയുള്ള സമ്മർദ്ദമാണ് സംസ്ഥാന ഗവൺമെന്റിന് ചെയ്യാനുള്ളത്. കാരണം നികുതി ചുമത്താനുള്ള അവശേഷിക്കുന്ന അധികാരം ഈ ചില്ലറ മേഖലകളിലായി ചുരുങ്ങിയിരിക്കുന്നു. അത് സംസ്ഥാന ഗവൺമെന്റിന്റെ ഏറ്റവും വലിയ വരുമാന സ്രോതസ്സാണെന്നുള്ളത് മനസ്സിലാക്കിക്കൊണ്ട് അതിന്മേലുള്ള കടന്നുകയറ്റം ചെറുക്കാനുള്ള ശക്തമായ നിലപാടാണ് സംസ്ഥാന ഗവൺമെന്റ് എടുക്കേണ്ടത്. അതുപോലെ സംസ്ഥാനത്തിന് ഭൂനികുതി, മോട്ടോർ വാഹന നികുതി, രജിസ്ട്രേഷൻ, എക്സൈസ് എന്നിങ്ങനെയുള്ള സ്രോതസ്സുകളും നിലനിൽക്കുന്നുണ്ടെന്നുള്ളത് നമ്മൾ ഓർക്കേണ്ടതായിട്ടുണ്ട്. സേവന മേഖലയിൽ നിന്നും നമുക്ക് വരുമാനം ലഭിക്കുമെന്ന ധാരണ പരക്കെയുണ്ട്. എന്നാൽ 2012-13 സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ സമാഹരിച്ച മൊത്തം സേവന നികുതിയിൽ 1.30% മാത്രമാണ് നമ്മുടെ കോൺട്രിബ്യൂഷൻ. വ്യവസായ ഉല്പാദനവുമായി ബന്ധപ്പെട്ട കൺസൾട്ടൻസി, ഇൻഷ്വറൻസ്, പേറ്റന്റ്, ട്രേഡ് മാർക്ക്, ചരക്ക് ഗതാഗതം ഇവയിൽ നിന്നാണ് കൂടുതൽ സേവനനികുതി ലഭ്യമാകുന്നത്. ആ മേഖലയിൽ നമ്മുടെ കോൺട്രിബ്യൂഷൻ വളരെ കുറവാണെന്നുള്ളതുകൊണ്ട് സേവന നികുതിയിൽ നിന്നും നമുക്ക് വലിയ വരുമാനം ലഭിക്കാനിടയില്ല. കേരളത്തിന് നഷ്ടപ്പെട്ടുപോയ വ്യവസായവത്കരണത്തിന്റെ മുന്നേറ്റം തിരികെപിടിക്കാനുള്ള അവസരം സംജാതമായിട്ടുണ്ട് എന്നുള്ളതാണ് ഏറ്റവും ശുഭോതർക്കമായ മറ്റൊരു വസ്തുത. അസംസ്കൃതവസ്തുക്കളും യന്ത്രസാമഗ്രികളും ഏറെക്കുറെ മറ്റ് സംസ്ഥാനങ്ങളിൽ ലഭിക്കുന്ന വിലയ്ക്ക് കേരളത്തിലും ലഭ്യമാകുമെന്നത് ശുഭോതർക്കമായ കാര്യമാണ്. ഇത് പ്രയോജനപ്പെടുത്തി ചെറുകിട, ഇടത്തരം വ്യവസായങ്ങൾ മുന്നേറണം. ഇന്ത്യയൊട്ടാകെ ഉല്പന്നങ്ങൾ വിതരണം ചെയ്യാൻ നമുക്ക് കഴിയും. അങ്ങനെ ചില

അവസരങ്ങളുടെ കലവറ ഈ നിയമനിർമ്മാണംമൂലം നമുക്ക് തുറന്നു കിട്ടുന്നുണ്ടെന്നുള്ളതും വസ്തുതയാണ്. നേരത്തെ പറഞ്ഞതുപോലെ ആശങ്കകളും പ്രതീക്ഷകളുമുള്ള ഒരു നിയമമാണിത്. ആശങ്കയെന്നത് ഇത് നമ്മുടെ ഫെഡറൽ സംവിധാനത്തെ തകർത്തു; സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള എല്ലാ പരമാധികാരങ്ങളും എടുത്തുകളഞ്ഞു. അതേസമയം മറ്റ് പല മേഖലയിലും പ്രയോജനം ലഭിക്കുമെന്നുള്ളതാണ് പ്രതീക്ഷ. സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും അടിയന്തരമായി ശ്രദ്ധിക്കേണ്ട കാര്യം, വിലക്കയറ്റം തടയാനുള്ള ഏറ്റവും പ്രധാനപ്പെട്ട നടപടികളെടുക്കുക എന്നുള്ളതാണ്. സംസ്ഥാന ഗവൺമെന്റിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് വിലക്കയറ്റം തടയാൻ ശ്രമിക്കുന്നതോടൊപ്പം കേന്ദ്ര ഗവൺമെന്റിൽ ഇതിനായി സമ്മർദ്ദം ചെലുത്തണമെന്ന് മാത്രം പറഞ്ഞുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റ് അധികാരമേറ്റശേഷം നടപ്പിലാക്കുന്ന തെറ്റായ സാമ്പത്തിക നയങ്ങളുടെ പട്ടികയിലെ മൂന്നാമത്തേതാണ് ജി.എസ്.ടി. ഈ ഗവൺമെന്റ് അധികാരമേറ്റയുടൻ തന്നെ പ്ലാനിംഗ് കമ്മീഷൻ നിർത്തലാക്കുകയും ഇന്ത്യയുടെ പഞ്ചവത്സര പദ്ധതികളെ ഇല്ലായ്മ ചെയ്യുകയും ചെയ്തു. അതിനുപകരം സംവിധാനം എന്താണെന്ന് ആലോചിക്കാതെ 'നീതി ആയോഗ്' കൊണ്ടുവന്നാണ് ഇന്ത്യയുടെ സമ്പദ്ഘടനയെ തകർത്തത്. നീതി ആയോഗിന്റെ വൈസ് ചെയർമാനായ അരവിന്ദ് പനഗരിയ രാജിവയ്ക്കുകയും ചെയ്തു. ഏറ്റവും പ്രഗത്ഭരും വിദഗ്ദ്ധരുമടങ്ങുന്ന പ്ലാനിംഗ് കമ്മീഷനിലെ അംഗങ്ങൾ രാജ്യത്തിന്റെ സമ്പദ്ഘടനയ്ക്ക് ദിശാബോധം നൽകിയിരുന്നു. ആ പ്ലാനിംഗിനെ തകർത്തു, Demonetization കൊണ്ടുവന്നു. 500, 1000 രൂപയുടെ നോട്ടുകൾ പിൻവലിച്ചു. അവസാനം അച്ചടിച്ച നോട്ടുകളെക്കാൾ കൂടുതൽ മടങ്ങി വരികയും കേന്ദ്ര ഗവൺമെന്റ് പറഞ്ഞ എല്ലാ ന്യായീകരണങ്ങളും പരാജയപ്പെടുകയും ചെയ്തു. നോട്ട് നിരോധനംമൂലം സമ്പദ്ഘടനയ്ക്ക് കടുത്ത ആഘാതം ഉണ്ടാക്കിയതല്ലാതെ ഒരു മെച്ചവുമുണ്ടായില്ല. മൂന്നാമത്തേത് ജി.എസ്.ടി.യാണ്. ജി.എസ്.ടി.യും വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെ നടപ്പിലാക്കുന്നതുമൂലമുള്ള കെടുതികൾ നമ്മൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. സാമ്പത്തിക കലണ്ടറിലെ മാറ്റമാണ് ഇനി വരാൻ പോകുന്നത്. സാമ്പത്തിക കലണ്ടർ ഏപ്രിൽ-മാർച്ച് എന്നുള്ളത് മാറ്റി ജനുവരി-ഡിസംബർ എന്നാക്കാൻ പോകുകയാണ്. പരിഷ്കാരം നല്ലതാണ്. അതിന് വേണ്ടത്ര മുന്നൊരുക്കം ഉണ്ടാകണം, ഹോം വർക്ക് ചെയ്യണം. ജി.എസ്.ടി. സർജിക്കൽ സ്ട്രൈക്കാണ്. 1947 ആഗസ്റ്റ് 16-ാം തീയതി പാർലമെന്റിൽ പണ്ഡിറ്റ് ജവഹർലാൽ

നെഹ്റുവിന്റെ വിഖ്യാതമായ പ്രസംഗം Tryst with Destiny-യുടെ വികലമായ ആവർത്തനമാണ് കഴിഞ്ഞ ജൂൺ 30-ാം തീയതി നടന്നത്. ഒരു രാജ്യം, ഒരു നികുതി, ഒരു കമ്പോളം എന്നത് നല്ല സങ്കൽപ്പമാണ്. പക്ഷെ, നടപ്പിലാക്കിയത് ഏറ്റവും വികലമായിട്ടാണ്. പ്രധാനപ്പെട്ട പല നികുതികളും ജി.എസ്.ടി.യുടെ ambit- ന് പുറത്താണ്. പെട്രോൾ, ഡീസൽ, വിമാന ഇന്ധന നികുതികൾ, മദ്യം, വൈദ്യുതി, ഭൂമി - കെട്ടിട വിൽപ്പനയുടെ രജിസ്ട്രേഷനും സ്റ്റാമ്പ് ഡ്യൂട്ടിയും, ഭൂനികുതി, മോട്ടോർ വാഹന നികുതി, കെട്ടിട നികുതി, തൊഴിൽ നികുതി തുടങ്ങിയവയൊന്നും ഉൾപ്പെടുത്തിയിട്ടില്ല. ജി.എസ്.ടി.യുടെ നല്ല വശങ്ങൾ കാണാതെ പോകുന്നില്ല. ചെക്ക് പോസ്റ്റുകളില്ല, നികുതി ഘടന ഒരേ രീതിയിലാക്കി. പത്രങ്ങളിൽ വരുന്ന ചില ലേഖനങ്ങളുടെ തലക്കെട്ട് വായിക്കാം. ജി.എസ്.ടി.- നിർമ്മാണ പ്രവൃത്തികൾ സ്തംഭനത്തിലേയ്ക്ക്, ജി.എസ്.ടി. -അതിർത്തി ചെക്ക്പോസ്റ്റുകൾ ഇല്ലാതായതോടു കൂടി വാളയാർ - വേലന്താവളം വഴിയുള്ള കള്ളക്കടത്ത് വർദ്ധിച്ചു, ജി.എസ്.ടി.- ജീവൻ രക്ഷാ മരുന്ന് വിൽപ്പന പ്രതിസന്ധിയിൽ, മരുന്ന് വിപണിയിൽ ആശയക്കുഴപ്പം, അമ്യൂസ്മെന്റ് പാർക്കുകൾ പ്രതിസന്ധിയിൽ, കോഴിക്ക് ഇപ്പോഴും തോന്നിയ വില, ഭക്ഷണ വില കൂടുമെന്ന് ഒടുവിൽ ധനകാര്യ വകുപ്പുമന്ത്രി സമ്മതിച്ചു, പരാതി പ്രളയം, ആശയക്കുഴപ്പം. ഇന്നും ഇക്കാര്യങ്ങളിൽ യാതൊരു വ്യക്തതയുമില്ല. എക്സൈസ് ഡ്യൂട്ടി, വാറ്റ്, സേവന നികുതി തുടങ്ങിയ മൂന്ന് നികുതികളെ ഒഴിവാക്കി പകരം ഏകീകൃത ജി.എസ്.ടി. കൊണ്ടുവരുമ്പോൾ, ഇന്ന് കച്ചവടക്കാർ ചെയ്യുന്നത് മൂന്ന് നികുതിയുമടങ്ങുന്ന എം.ആർ.പി. നിലനിർത്തിക്കൊണ്ട് അതിന്റെ മുകളിലാണ് ജി.എസ്.ടി. വാങ്ങുന്നത്. ആന്റി പ്രോഫിറ്റിയറിംഗ് സംവിധാനം ഉള്ളതുകൊണ്ട് എന്ത് ചെയ്യാൻ സാധിക്കും. നിലവിലുള്ള എം.ആർ.പി. എക്സൈസ് ഡ്യൂട്ടിയും വാറ്റും സർവ്വീസ് ടാക്സും അടങ്ങിയതാണ്. അത് ഏകീകരിച്ചുകൊണ്ട് വില നിശ്ചയിച്ചതിനുശേഷം അതിനുപുറമേ ജി.എസ്.ടി. വാങ്ങിക്കുകയാണ്. അത് തടയാൻ സാധിക്കുന്നുണ്ടോ? കഴിഞ്ഞ 48 ദിവസമായി രൂക്ഷമായ വിലക്കയറ്റ കെടുതിയിൽ അകപ്പെട്ടിരിക്കുകയാണ്. ജി.എസ്.ടി. വന്നാൽ വില കുറയും, നികുതി കുറഞ്ഞതിന്റെ ആനുകൂല്യം ജനങ്ങൾക്ക് ലഭിക്കുമെന്നാണ് അങ്ങ് പറഞ്ഞത്. സാധാരണ ഉപയോഗിക്കുന്ന 100 ഉത്പന്നങ്ങളുടെ പട്ടിക ധനകാര്യ വകുപ്പ് പ്രസിദ്ധീകരിച്ചു. അതിൽ ജി.എസ്.ടി. നിരക്കുകളും നിലവിലുള്ള നിരക്കും തമ്മിലുള്ള വ്യത്യാസം കാണിച്ചിട്ടുണ്ടായിരുന്നു. ആ പരസ്യത്തിൽ പറയുന്നത്, പതിനാലര ശതമാനം മുതൽ അര ശതമാനം വരെ നികുതി കുറഞ്ഞുവെന്നാണ്. 100 ഉത്പന്നങ്ങളിൽ ഏതെങ്കിലും ഒന്നിന്റെ വില അങ്ങ് അവകാശപ്പെട്ടതുപോലെ

കുറഞ്ഞിട്ടുണ്ടോ? ഒരു ഉത്പന്നത്തിന്റെയും വില കുറഞ്ഞിട്ടില്ലെന്ന് മാത്രമല്ല വർദ്ധിക്കുകയാണ് ചെയ്തത്. ധനകാര്യ വകുപ്പുമന്ത്രി 5-7-2017-ൽ എഴുതിയ ലേഖനം ഞാൻ വായിച്ചു. ഇന്ന് രാവിലെ അങ്ങ് സഭയിൽ പറഞ്ഞത്, ജി.എസ്.ടി. വന്നാൽ വില കുറയും, കുറയണം എന്നാണ്. കാരണം, നേരത്തേ ഏതാണ്ട് 40, 30 ശതമാനം വരെ ടാക്സ് വരുമായിരുന്നു. അവിടെനിന്നാണ് ജി.എസ്.ടി.യുടെ സ്ലാബ് 5, 12, 18 എന്ന രീതിയിൽ വരുമെന്ന് പറഞ്ഞത്. ഇന്ന് യഥാർത്ഥ അവസ്ഥ അങ്ങനെയാണോ? അങ്ങ് രാവിലെ പറഞ്ഞത്, നികുതി ഘടനയ്ക്കെതിരായി സൂറത്തിലെ തുണി വ്യാപാരികൾ സമരം ചെയ്തതുപോലെ ചെയ്യണമെന്നാണ്. അങ്ങയെപ്പോലുള്ളവർ പറയേണ്ട കാര്യമാണോയിത്. ശ്രീ. കെ. സുരേഷ് കുറുപ്പ് പ്രസംഗിച്ചപ്പോൾ മുന്നൊരുക്കമുണ്ടായിട്ടില്ലെന്ന് പറഞ്ഞു. അക്കാര്യത്തിൽ അങ്ങും പ്രതിയാണ്. കേന്ദ്ര ഗവൺമെന്റും അങ്ങും ഇക്കാര്യത്തിൽ തയ്യാറെടുത്തില്ല. കഴിഞ്ഞ നിയമസഭാ സമ്മേളനം പിരിയുന്ന സമയത്ത് ബിൽ കൊണ്ടുവരാൻ പാടില്ലായിരുന്നോ? സഭയ്ക്ക് മുമ്പിൽ മറ്റ് ബിസിനസ്സൊന്നും ഇല്ലായെന്നാണ് അന്ന് മുഖ്യമന്ത്രി പറഞ്ഞത്. ഇന്ത്യയിൽ ജി.എസ്.ടി. ബിൽ ചർച്ച ചെയ്യുന്ന അവസാന സംസ്ഥാനം കേരളമല്ലേ? ഈ വിഷയം സഭയിൽ ചർച്ച ചെയ്തിരുന്നുവെങ്കിൽ അങ്ങേയ്ക്ക് കുറേ കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. കേന്ദ്ര ഗവൺമെന്റാണെങ്കിലും അങ്ങാണെങ്കിലും വളരെ ലാഘവ ബുദ്ധിയോടുകൂടി, വണ്ടി പോയിക്കഴിഞ്ഞ് കൈ കാണിക്കുന്നതുപോലെ ഇപ്പോൾ ചർച്ച ചെയ്യുകയാണ്. ഇക്കാര്യത്തിൽ ഇനി എന്ത് ചെയ്യാൻ സാധിക്കും. ഇത് ഏതായാലും ശരിയായ നടപടിയായില്ല. ജി.എസ്.ടി. സമ്പദ്ഘടനയിൽ ഉണ്ടാക്കാൻ പോകുന്ന ഗുരുതരമായ പ്രശ്നങ്ങൾ ഉടനെയൊന്നും അവസാനിക്കാൻ പോകുന്നില്ല. ഈ വിലവർദ്ധനവ് ഒരു fait accompli ആയി കഴിഞ്ഞാൽ കാഴ്ചക്കാരായി നിൽക്കാനേ സാധിക്കൂ. സമഗ്രവും വിശാലവുമായി നികുതി ഘടന ചർച്ച ചെയ്യുമ്പോൾ കേന്ദ്രഗവൺമെന്റും അങ്ങും വേണ്ടത്ര ഹോംവർക്ക് ചെയ്തിട്ടില്ല. രാവിലെ പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ അങ്ങേയ്ക്ക് അരുൺ ജെയ്റ്റ്ലിയേക്കാളും ആവേശമായിരുന്നു. അങ്ങയുടെ പ്രസ്താവന വായിച്ചുനോക്കിയാൽ അറിയാം, അങ്ങ് വളരെ ആവേശപൂർവ്വം പിന്തുണച്ചു. ജി.എസ്.ടി.യെ അനുകൂലിച്ച അങ്ങയെ പ്രധാനമന്ത്രി അഭിനന്ദിക്കുകയുണ്ടായി. അങ്ങ് നരേന്ദ്ര മോഡിയുടെ അഭിനന്ദനം ഏറ്റുവാങ്ങി. ജി.എസ്.ടി. കൗൺസിൽ മെമ്പറായ അങ്ങുപോലും പ്രായോഗികമായി ഉണ്ടാകേണ്ട വിഷയങ്ങൾ ചൂണ്ടിക്കാണിക്കാനോ പരിഹാരമുണ്ടാക്കാനോ ശ്രമിച്ചില്ല. എല്ലാ ഒരുക്കങ്ങളും പൂർത്തിയായെന്ന് അങ്ങ് ഇവിടെ പറഞ്ഞു. ജി.എസ്.ടി. -കേരളം പൂർണ്ണ സജ്ജം, ജൂലൈ 1-ന് നടപ്പിലാക്കുന്ന ചരക്ക് സേവന

നികുതി വരവേൽക്കാൻ കേരളം പൂർണ്ണ സജ്ജമാണെന്ന് ധനമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞു, ജി.എസ്.ടി.യിലേയ്ക്ക് മാറാൻ കേരളം തയ്യാർ - ധനകാര്യ വകുപ്പുമന്ത്രി. എന്ത് മുന്നൊരുക്കമാണ് ചെയ്തത്. ഇന്ന് കേരളത്തിലെ വ്യാപാരികളിൽ 60 ശതമാനം ആളുകളും ജി.എസ്.ടി.യിൽ രജിസ്റ്റർ ചെയ്തിട്ടില്ല. വ്യാപാരികളെയും ജനങ്ങളെയും ബോധവത്കരിച്ചില്ല. വിപുലമായ മുന്നൊരുക്കമുണ്ടായിരുന്നെങ്കിൽ ഇന്ന് ഈ ആശയക്കുഴപ്പം ഉണ്ടാകില്ലായിരുന്നു. അങ്ങയുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ വീഴ്ച മറച്ചുവയ്ക്കാനാണ് ശ്രമിക്കുന്നത്. സമരം ചെയ്യാനാണ് അങ്ങ് പറയുന്നത്. ധനകാര്യ വകുപ്പുമന്ത്രിയും ജി.എസ്.ടി. കൗൺസിൽ മെമ്പറുമായ അങ്ങ് അപാകതകളും വീഴ്ചകളും ചൂണ്ടിക്കാണിച്ചുകൊണ്ട് പരിഹാരമുണ്ടാക്കാൻ ശ്രമിക്കേണ്ടതായിരുന്നു. ആന്റി പ്രോഫിറ്റിയറിംഗ് മെക്കാനിസം വരാൻ പോകുന്നുവെന്ന് അങ്ങ് രാവിലെ പറഞ്ഞു. എന്നാണ് വരാൻ പോകുന്നത്? 9-ാം തീയതി കൗൺസിൽ കൂടുന്നുവെന്ന് പറഞ്ഞു. വിലവർദ്ധനവും പുതിയ നികുതികളും യാഥാർത്ഥ്യമായതിനുശേഷം പരിഹാരമുണ്ടാക്കാൻ സാധിക്കാത്ത ഘട്ടത്തിലാണ് ഈ സംവിധാനം ഉണ്ടാകാൻ പോകുന്നത്. അത് സംസ്ഥാന ഗവൺമെന്റിന്റെ വീഴ്ചയാണ്, കുറച്ചുകൂടി ഗൗരവമായി കാണേണ്ടതായിരുന്നു. കേന്ദ്ര ഗവൺമെന്റും കേരള ഗവൺമെന്റും ചേർന്ന് കേരളത്തിലെ സാധാരണ ജനങ്ങളെ പീഡിപ്പിക്കുകയാണ്. അതുകൊണ്ട് ഈ നിയമംമൂലം ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സി. ദിവാകരൻ: സർ, ഞാൻ എന്റെ സ്നേഹിതന്മാരുടെയെല്ലാം പ്രഭാഷണം ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഇതിന്റെ ഉപജ്ഞാതാവ് ആരാണ്; ഈ കുഞ്ഞിന്റെ അച്ഛൻ ആരാണ്; ഇത് ആരുടെ കുഞ്ഞാണ്? ധനകാര്യ വകുപ്പുമന്ത്രി തന്നെ അംഗീകരിക്കുന്നില്ല. പ്രതിപക്ഷം തീരെ അംഗീകരിക്കുന്നില്ല. ജി.എസ്.ടി.യിലേയ്ക്ക് സൂക്ഷിച്ചുനോക്കിയാൽ ശ്രീ. പ്രണബ് മുഖർജിയുടെയും കോൺഗ്രസ്സിന്റെയും മുഖം കാണാം. ഇതിനെക്കാൾ കുറ്റമറ്റ രീതിയിലുള്ള ജി.എസ്.ടി.യാണ് ഇവിടെ നിങ്ങൾ കൊണ്ടുവന്നതെന്ന് പറയുമ്പോഴാണ് ജനങ്ങൾ അറിയുന്നത്. ഇപ്പോൾ ശ്രീ. നരേന്ദ്ര മോഡിയാണ് ജി.എസ്.ടി.-യുടെ അവകാശിയെന്നാണ് നമ്മൾ പറയുന്നത്. കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന പ്രധാനമന്ത്രിയാണ് ജൂൺ 30-ാം തീയതി അർദ്ധരാത്രി ഇങ്ങനെയൊരു സംഭവത്തിന് നേതൃത്വം കൊടുത്തത്. ഇന്ത്യയുടെ ചരിത്രത്തിൽ അർദ്ധരാത്രികൾ വളരെ പ്രധാനപ്പെട്ടതാണ്. Freedom at midnight, അതുപോലെ GST at midnight ആണ്. രാജ്യത്തെ ഭരണാധികാരികൾ ജനങ്ങളിൽ നിന്ന്

നികുതി പിരിക്കുന്നത് എന്തിനാണെന്നുള്ളതിന് സാമൂഹിക പശ്ചാത്തലമുണ്ട്. ഞങ്ങൾക്ക് സർക്കുലേറ്റ് ചെയ്തിരിക്കുന്ന പുസ്തകത്തിൽ നിന്ന് വായിച്ചതാണ്. പൗരാണിക കാലം മുതൽ 'മനു'-ന്റെ കാലം മുതൽ നികുതി പിരിക്കുന്നുണ്ട്. നികുതി പിരിവ് നടപ്പിലാക്കിയതിൽ ഡോ. ടി. എം. തോമസ് ഐസകിന്റെ പൂർവ്വികരിൽ ഏറ്റവും സമർത്ഥൻ, ചന്ദ്രഗുപ്തമൗര്യന്റെ സാമ്പത്തിക ഉപദേഷ്ടാവായിരുന്ന കൗടില്യനാണ്. അദ്ദേഹം നികുതിയെക്കുറിച്ച് പറയുന്നത് "Kautilya was the first world economist. The suggestions and strategy given by him are applicable till today. He was the Financial Advisor in Maurya Empire. He gives the following opinion on levy taxes". അതിന് ഏഴ് നിർദ്ദേശങ്ങൾ പറഞ്ഞിട്ട് അദ്ദേഹം പറയുന്നത്, "....The equilibrium of money can be possible if the taxes are more charged from richer section and use it for the development of weaker section". രാജ്യത്തെ ഭരണാധികാരികൾ കൊണ്ടുവരുന്ന ഏതൊരു സാമ്പത്തിക സമീപനത്തിന്റേയും അടിത്തറ, ആ രാഷ്ട്രത്തിന്റെ പാവപ്പെട്ട ആളുകളെ അതെങ്ങനെ ബാധിക്കുമെന്നുള്ളതാണ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഭരണം എങ്ങനെ നടത്തണമെന്ന് അറിയാതെ അമ്പരന്ന് നിന്ന ജവഹർലാൽ നെഹ്റുവിന് മഹാത്മാഗാന്ധി കൊടുത്ത ഉപദേശമാണിത്. "അങ്ങ് ഒന്നുകൊണ്ടും പേടിക്കണ്ട, അങ്ങ് ഏത് ഭരണപരിഷ്കാരം നടപ്പിലാക്കുമ്പോഴും ഏത് നിയമം കൊണ്ടുവരുമ്പോഴും നമ്മുടെ രാജ്യത്തെ അർദ്ധനഗ്നരായ, പട്ടിണിപ്പാവങ്ങളായ കൃഷിക്കാരുടെ ചിത്രം അങ്ങയുടെ ഹൃദയത്തിൽ നിറയണം" എന്നാണ് മഹാത്മാഗാന്ധി പറഞ്ഞത്. പക്ഷേ കോൺഗ്രസ്സുകാരന്റെ 60 വർഷത്തെ ഭരണത്തിൽ ഒരു കൃഷിക്കാരന്റെയും ചിത്രം ഭരണാധികാരിയുടെ മനസ്സിലുണ്ടായില്ലെന്നുള്ളത് വേറെ അനുഭവം.

ഇന്നിവിടെ അവതരിപ്പിച്ച ബില്ലിന്റെ പേര് ജി.എസ്.ടി. (Goods and Services Tax) എന്നാണ്. ഞാനൊരു സാമ്പത്തിക വിദഗ്ദ്ധനല്ല. എന്നാലും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പറയുകയാണ്, ഇത് ആരെ സഹായിക്കാനാണ്? ഇതിലെ ultimate aim എന്ന് പറയുന്നത് easy business ആണ്. കേരളത്തിൽ big monopoly business നടത്തുന്നത് ആരാണ്? കേരളത്തിൽ ഈ ബിൽ നടപ്പിലാക്കുന്നതിന്റെ ഫലമായി പ്ലസ് പോയിന്റും മൈനസ് പോയിന്റും ഉണ്ടെന്നാണ് എന്റെ സുഹൃത്തുക്കളെല്ലാം ഇവിടെ പറഞ്ഞത്. ഞാൻ മൈനസ് പോയിന്റാണ് കൂടുതലും കാണുന്നത്. ഇത് വളരെ വേഗം നടപ്പിലാക്കാൻ മുൻകരുതലുകളെടുത്തിരുന്നെങ്കിൽ ഇതെല്ലാം ഒഴിവാക്കാമെന്ന് പറയുന്ന സുഹൃത്തുക്കളോട് ഞാൻ ചോദിക്കുന്നു, എന്തുകൊണ്ട് അമേരിക്കയിൽ

ഇപ്പോഴും അത് നടപ്പിലാക്കിയില്ല; ഇത് നടപ്പിലാക്കിയ രാജ്യങ്ങൾ എന്തുകൊണ്ട് തകർന്നുപോയി; ഇത് നടപ്പിലാക്കിയ രാജ്യങ്ങളിൽ എന്തുകൊണ്ട് വിലക്കയറ്റമുണ്ടായി? എത്ര മുൻകരുതലുണ്ടെങ്കിലും രാജ്യത്തെ സാമ്പത്തിക ദർശനത്തിലൊരു മാറ്റം വരണം. ഒരു ക്യാപിറ്റലിസ്റ്റ് മൊണോപോളി ഡെവലപ് ചെയ്യുന്ന രാജ്യങ്ങളിലാണ് ഇത് നടപ്പിലാക്കിയത്. സോഷ്യലിസ്റ്റ് അപ്രോച്ചുണ്ടെങ്കിൽ തീർച്ചയായും ജി.എസ്.ടി.-യുടെ വലിയ പ്രശ്നമുണ്ടാകില്ല. ഇത് ആർക്ക് ബിസിനസ് ചെയ്യാനാണ്? നികുതി കൊടുക്കുന്നത് വരുമാനമുള്ളവരാണ്. ഇന്ത്യയുടെ നിലവിളി വരുമാനമില്ലാത്തവരുടെ നിലവിളിയാണ്. ജി.എസ്.ടി. പാസ്സായതുകൊണ്ട് അത് പരിഹരിക്കപ്പെടില്ല. വിലക്കയറ്റം വർദ്ധിക്കുമെന്ന് ഭരണ പ്രതിപക്ഷമെല്ലാം ഒന്നിച്ച് പറയുന്നു. വിലക്കയറ്റമുണ്ട്. രൂക്ഷമായ വിലക്കയറ്റമുണ്ടായിട്ട് എത്രയോ വർഷങ്ങളായി. കഴിഞ്ഞ ഒരു വർഷം കൊണ്ടുണ്ടായതല്ല. വിലക്കയറ്റം ഇന്ന് നമ്മുടെ രാജ്യത്ത് ഒരു ദൈനംദിന സംഭവമായി. ഒരു ജനറൽ ഫിനോമിനനായി വന്നുകൊണ്ടിരിക്കുകയാണ്. ബി.ജെ.പി.-യുടെ നയപരിപാടികളെയും ജനദ്രോഹങ്ങളെയും ജനവിരുദ്ധ നടപടികളെയും undemocratic ആയിട്ടുള്ള ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്നതിനെക്കുറിച്ചും നിങ്ങൾക്കൊന്നും പറയാനില്ല. കാരണം നിങ്ങളാണിത് തുടങ്ങിവച്ചത്. ഇപ്പോൾ കേൾക്കുന്നത് പ്രസിഡന്റ് ഭരണമാണെന്നാണ്. സംസ്ഥാനത്തിന്റെ വിഭവങ്ങൾ കൈകാര്യം ചെയ്യാനും അതിന് നികുതി നിശ്ചയിക്കാനും അത് പിരിച്ചെടുക്കാനും അതുസംബന്ധിച്ച് തീരുമാനിക്കാനുമുള്ള പരിമിതമായ സ്വാതന്ത്ര്യം കവർന്നെടുക്കുകയാണ്. ഇത് ഭരണഘടനാ വിരുദ്ധമാണ്. ഈ ബിൽ ഇവിടെ അവതരിപ്പിക്കാൻ കാരണമെന്താണ്? ഇന്ത്യയിൽ നിലവിലുള്ള ഭരണഘടന അനുസരിച്ച് നമ്മുടെ ബാധ്യതയാണ്. സെൻട്രൽ ആക്റ്റനുസരിച്ച് ഇവിടെയും ഒരു ആക്ട് വേണമെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്.

വളരെ ഗുരുതരമായ കാര്യങ്ങളാണ് പലരും ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. കേരളത്തിന്റെ സമ്പദ്ഘടന ഇപ്പോൾത്തന്നെ വല്ലാത്ത അവസ്ഥയിലാണ്. സേവന നികുതി വഴി കുറേ പണം കേരളത്തിൽ വന്നുചേരുമെന്നുള്ള നേട്ടമാണ് ഈ ബില്ലിൽനിന്ന് നമുക്ക് ആകെ പ്രതീക്ഷിക്കാനുള്ളത്. അതെങ്ങനെയാണ് കിട്ടുന്നതെന്നറിയില്ല. ഇന്നുവരെയുള്ള അനുഭവംവച്ച് നോക്കുമ്പോൾ ഏത് നിയമം ഇന്ത്യയിൽ കൊണ്ടുവന്നാലും കറപ്ഷൻ ഫ്രീയാണ്. ഇവിടെ അഴിമതി നിരോധന നിയമം ഉണ്ടല്ലോ. ഭരണഘടന തന്നെ Anti-monopoly ആണ്. സമ്പത്ത് കുന്നുകൂടാൻ പാടില്ലെന്ന്

ഭരണഘടനയിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ നമ്മുടെ രാജ്യത്ത് അദാനിയും കോടീശ്വരന്മാരുമുണ്ടായി. ഭരണഘടന പ്രകാരം അത് തെറ്റാണ്. സ്വത്ത് കേന്ദ്രീകരിക്കാൻ പാടില്ലാഞ്ഞിട്ടും കേന്ദ്രീകരിച്ചു. ഒരു നടപടിയുമില്ല. മുകേഷ് അംബാനി, അനിൽ അംബാനി, അദാനി ഇവരുടെയെല്ലാം സ്വത്ത് നിയന്ത്രിക്കാൻ ഭരണഘടനയിൽ വകുപ്പില്ലേ; നിയന്ത്രിക്കാൻ കഴിയുന്നുണ്ടോ? കൊള്ളലാഭ മടിക്കുന്നത് നിയന്ത്രിക്കാൻ ഒരു ട്രിബ്യൂണൽ ഇവിടെ വരും. അതോടുകൂടി ഈ ബില്ലിനകത്തുള്ള എല്ലാ കെടുതികളും തീരും. ഇതൊന്നും വ്യക്തിപരമായി ഞാൻ വിശ്വസിക്കുന്നില്ല. ഇന്ത്യയുടെയും ജനങ്ങളുടെയും അനുഭവങ്ങൾ അങ്ങനെയല്ല. ഈ നിയമംവഴി കേരളത്തിന്റെ സമ്പദ്ഘടനയിൽ കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാകാൻ പോകുകയാണ്. ടൂറിസത്തെ ഇത് എങ്ങനെ ബാധിക്കാൻ പോകുന്നു. അബ്കാരി നയത്തിൽ ഒരു മാറ്റം വന്നാൽ ടൂറിസം ഡെവലപ് ചെയ്യുമെന്നാണ് വിചാരിച്ചത്. ഇടിത്തീ പോലെയല്ലേ വന്നിരിക്കുന്നത്. ഹോട്ടലുകളിൽ കയറാൻ നിവൃത്തിയില്ലാത്ത ടാക്സാണ് വരുന്നത്. ആയുർവ്വേദ ഔഷധ നിർമ്മാണമാണ് കേരളത്തിന്റെ തനതായ സ്വത്ത്. ഇന്ന് ലോകത്തിന്റെ ശ്രദ്ധ പിടിച്ചുപറ്റുന്ന ആയുർവ്വേദത്തിനെയും വിടുന്നില്ല. അതുപോലെ കേരളത്തിന്റെ നാണ്യവിളകളുടെ സ്ഥിതി എന്തായിരിക്കും? തേയില, റബ്ബർ, സുഗന്ധദ്രവ്യങ്ങൾ എന്നിവകൊണ്ടാണ് കേരളം നിലനിൽക്കുന്നത്. അതിന്മേൽ വ്യാപകമായ രീതിയിൽ നികുതിഭാരം വർദ്ധിപ്പിച്ചാൽ എന്ത് ആനുകൂല്യമാണ് നമുക്ക് കിട്ടാൻ പോകുന്നത്. ജനസംഖ്യയിൽ ഏറ്റവും പിന്നിലാണ് കേരളം. ഗാർഹിക ഉപകരണങ്ങൾ, കൺസ്യൂമർ ഉല്പന്നങ്ങൾ എന്നിവയുടെ പതിനഞ്ച് ശതമാനം വിൽപ്പന നടത്തുന്നത് കേരളത്തിലാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് വളരെ നല്ല നിർദ്ദേശമാണ് വച്ചത്. ജി.എസ്.ടി. ബിൽ ഒപ്പിടുന്നതിന് മുമ്പ് ഈ പറയുന്ന നിർദ്ദേശങ്ങളും കൂടി അതിൽ ഉൾപ്പെടുത്തിക്കൊണ്ട് അമെന്റ്മെന്റ് വരുത്താൻ കഴിഞ്ഞിരുന്നെങ്കിൽ നമുക്ക് കൂടുതൽ പ്രയോജനമായിരുന്നു. ഇപ്പോൾ വണ്ടി പോയിക്കഴിഞ്ഞതിനു ശേഷം പുറകിൽനിന്ന് കൈ കാണിക്കുകയാണ്. യഥാർത്ഥത്തിൽ ഈ ബിൽ നമുക്കിവിടെ നേരത്തെ ചർച്ച ചെയ്യാമായിരുന്നു. അങ്ങനെ ചർച്ച ചെയ്തിരുന്നുവെങ്കിൽ കേരള ലെജിസ്ലേച്ചറിന്റെ പൊതുവായിട്ടുള്ള ഒപീനിയൻ പറയാൻ കഴിയുമായിരുന്നു. ജി.എസ്.ടി. കൗൺസിലിലെ അംഗം കൂടിയായ ധനകാര്യ വകുപ്പുമന്ത്രിയെ സ്ട്രെങ്ത്തൻ ചെയ്യാൻ കഴിയുമായിരുന്നു. ഇപ്പോൾ അതെല്ലാം പോയി. പിന്നെയുള്ളത് അവിടെ ഒപ്പിട്ടതിന്റെ മറുവശത്തെക്കുറിച്ചുള്ള ആലോചന മാത്രമാണ്. ആ ആലോചനയ്ക്കും സമയം പോയി എന്നുള്ളതാണ്. കോടതി അടച്ചിട്ട് ലാ പോയിന്റ് പറയുന്നതിന് തുല്യമായിപ്പോയി.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഇനിയിപ്പോൾ നമ്മുടെ മുമ്പിൽ റിയാലിറ്റിയേ അവശേഷിക്കുന്നുള്ളൂ. ബിൽ പാസ്സായി. അതിനനുബന്ധമായ ഒരു ബിൽ നമുക്ക് പാസ്സാക്കിയേ പറ്റൂ. ഒളിച്ചോടാൻ കഴിയില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇത് നേരത്തെ ആകാമായിരുന്നു.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, കേരളത്തിന്റെ രാഷ്ട്രീയ സാഹചര്യം വച്ച് പല കാര്യങ്ങളിലും കാലതാമസമുണ്ടാകും. ചിലപ്പോൾ മാറ്റിവയ്ക്കേണ്ടിവരും, ചിലപ്പോൾ പാസ്സാക്കാൻ കഴിഞ്ഞില്ലെന്നും വരും. അതൊന്നും വലിയ ക്രിമിനൽ കുറ്റമൊന്നുമല്ല. കേരളത്തിൽ ഇത് പാസ്സാക്കിയില്ലെങ്കിൽ എന്ത് ചെയ്യും? അതിലേയ്ക്കൊന്നും ഇപ്പോൾ പോകുന്നില്ല. ഭരണഘടനാപരമായ പ്രശ്നങ്ങൾ ഉണ്ടാകും.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഓർഡിനൻസിനുപകരം നിയമസഭയിൽ നേരത്തെ തന്നെ ഈ ബിൽ പ്ലേസ് ചെയ്തിരുന്നുവെങ്കിൽ നമുക്ക് സമഗ്രമായൊരു ചർച്ച നടത്തി നമ്മുടെ നിർദ്ദേശങ്ങൾ പൂർണ്ണമായും accept ചെയ്യിപ്പിക്കുന്നതിനുള്ള ശ്രമമെങ്കിലും നടത്താമായിരുന്നു. അതിനോട് അങ്ങ് യോജിക്കുന്നുണ്ടോ?

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റേത് വളരെ മനോഹരമായ ഒരു സ്വപ്നമാണ്. നമ്മൾ ഇവിടെനിന്ന് കുറെ നിർദ്ദേശങ്ങൾ കേന്ദ്രത്തിലേയ്ക്ക് അയച്ചാൽ അത് ഉടൻ തന്നെ ശ്രീ. നരേന്ദ്രമോഡി സ്വാഗതം ചെയ്ത് കേരളത്തിൽ നിന്നും വന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അമെന്റ് ചെയ്ത് ബിൽ പാസാക്കുമെന്ന് കരുതുന്നുണ്ടോ; നിങ്ങൾക്ക് രാഷ്ട്രീയം വേണ്ടേ; ഇത് അവർ കൊണ്ടുവന്നതാണ്. അവർ പല സംസ്ഥാനങ്ങളെയും പലതും അടിച്ചേൽപ്പിക്കുകയാണ്. അതാണ് നിങ്ങൾക്ക് മനസ്സിലാകാത്തത്. നമ്മൾ എന്ത് ആഹാരം കഴിക്കണമെന്ന് തീരുമാനിക്കുന്നത് അവരാണ്. അത് ബി.ജെ.പി. യുടെ ഒരു നയമാണ്. എല്ലായിടത്തും അവർ കൊല നടത്തിയിട്ട് കൊല നടത്തുന്നത് മറ്റുള്ളവരാണെന്ന് നിലവിളിക്കുകയാണ്. അതിന്റെ കൂട്ടത്തിൽ നിങ്ങളും പങ്ക് ചേരുകയാണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെ ശവക്കല്ലറ തോണ്ടാനും മതേതരത്വം അവസാനിപ്പിക്കാനുമാണ് അവർ ശ്രമിക്കുന്നത്. അതിനാവശ്യമായ സാമ്പത്തിക നയമാണിത്. എല്ലാവരും ഡൽഹിയെ നോക്കി ഇരിക്കണം, ഏത് സംസ്ഥാനമായാലും ശ്രീ. നരേന്ദ്രമോഡിയുടെ മുൻപിൽ മുട്ടിന്മേൽ ഇഴയണം. ഇല്ലെങ്കിൽ അവർ പാഠം പഠിപ്പിക്കുമെന്നതിന്റെ സാമ്പത്തിക രേഖയാണ് ജി.എസ്.ടി. എന്ന രൂപത്തിൽ ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. അത് നിങ്ങൾ മനസ്സിലാക്കാതെ, ഇവിടെ ഡോ. ടി. എം. തോമസ് ഐസക്കിന് എന്തോ കുഴപ്പം

പറ്റിപ്പോയി, നേരത്തെ ആണെങ്കിൽ വളരെ കുശാലായിട്ട് പായസം കുടിക്കാമായിരുന്നു..... ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഇത്തരം കാര്യങ്ങൾ ഇനിയും ഉണ്ടാകും. ശ്രീ. നരേന്ദ്രമോഡി ഭരണം തുടരുകയാണെങ്കിൽ ഇതിനെക്കാൾ ദുരന്തങ്ങൾ നമ്മൾ നേരിടേണ്ടിവരും. നിങ്ങളല്ലേ ഇതിനുള്ള അവസരം അവർക്ക് നൽകിയത്? 10-60 കൊല്ലം രാജ്യം ഭരിച്ച നിങ്ങൾ ബി.ജെ.പി.ക്ക് പതിനെട്ട് സ്റ്റേറ്റും ഇന്ത്യയും തീറെഴുതിയിട്ട് ഇവിടെ വന്നിരുന്ന് ഇടതുപക്ഷ പ്രസ്ഥാനമാണ് കുഴപ്പമെന്ന് പറയുന്നു. നിങ്ങളൊക്കെ ഏത് ലോകത്താണ് ജീവിക്കുന്നത്; ഇന്ത്യയെ ഇനി എങ്ങനെ തിരിച്ചുപിടിക്കുമെന്നതിനെപ്പറ്റി ആലോചിക്കൂ, നിങ്ങളുടെ വിശാലമായ വാതായനങ്ങൾ തുറന്നിടൂ, സങ്കുചിതമായി ആലോചിക്കാതിരിക്കൂ, കമ്മ്യൂണിസ്റ്റ് വിരുദ്ധസ്വഭാവം വിടൂ. അതിന്റെ കാലം കഴിഞ്ഞു. ജനാധിപത്യത്തിനും ഭരണഘടനയ്ക്കും മതേതരത്വത്തിനും വേണ്ടി യോജിച്ചൊരു നിലപാട് ജി.എസ്.ടി.യിലെങ്കിലും എടുക്കണം. അതിനു കിട്ടിയ അവസരം ഉപയോഗിക്കുന്നതിനു പകരം, കേരള ഗവൺമെന്റിനെ കുറ്റം പറയുകയാണ്. ഇവിടെ വലിയ വിലക്കയറ്റമാണ്, സർവ്വത്ര കുഴപ്പമാണ് ഇന്ത്യ, തമിഴ്നാട്, പഞ്ചാബ്, ഉത്തർപ്രദേശ്, ഡൽഹി ഇവിടെയെല്ലാം ഭദ്രം, എന്നാണ്. ഈ സമീപനമല്ല വേണ്ടത്. ഈ സാമ്പത്തിക നയം ബി.ജെ.പി.യുടെ നയമാണ്, ഈ ജി.എസ്.ടി. ബില്ലിന്റെ പേര് ബി.ജെ.പി. ബിൽ എന്നാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മതേതരത്വ സ്വഭാവമുള്ള ആളുകളെല്ലാവരും യോജിക്കണമെന്ന് അങ്ങ് പറഞ്ഞ ഒരു പോയിന്റിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. അതിന്റെ ഭാഗമായി ഞങ്ങൾ ശ്രീ. സീതാറാം യെച്ചൂരിയെ പാർലമെന്റിലേക്ക് അയയ്ക്കാമെന്ന് സമ്മതിച്ചതാണ്. അതുകണ്ട് ഓടിയതാരാണ്; ചരിത്രപരമായി മണ്ടത്തരം പറ്റിയെന്ന് കുറച്ചുകൂടി കഴിയുമ്പോൾ അവർ പറയും. അത് വ്യക്തമായൊരു anti contest attitude ആണ്. അത് മാറ്റാൻ വേണ്ടി അങ്ങും അങ്ങയുടെ പാർട്ടിയും ഏറെക്കുറെ മാറിയിട്ടുണ്ട്. പക്ഷെ അപ്പുറത്തിരിക്കുന്ന കഠിനഹൃദയരായിട്ടുള്ള ആളുകളെ മാറ്റാൻ അങ്ങ് ശ്രമിക്കുമോ?

ശ്രീ. സി. ദിവാകരൻ : സർ, കോൺഗ്രസിന്റെ അസ്ഥിത്വം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നുവെന്നുള്ള ശ്രീ. ജയറാം രമേശിന്റെ മറുപടിയാണ് ഇതിനുള്ള മറുപടിയായി എനിക്ക് നിങ്ങളോട് പറയാനുള്ളത്. നിങ്ങളുടെയെല്ലാം സൗജന്യത്തിൽ ശ്രീ. സീതാറാം യെച്ചൂരിയെ വച്ച് ഇന്ത്യാ മഹാരാജ്യത്തെ മതേതരത്വമെല്ലാം പുനഃസംഘടിപ്പിച്ച്, നിങ്ങൾ ഇങ്ങനെയല്ലേ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നത്; അത് സ്വീകരിച്ചിരുന്നുവെങ്കിൽ എന്താകുമായിരുന്നു ഇവിടത്തെ സ്ഥിതി; നിങ്ങൾ എന്തെല്ലാം പറയുമായിരുന്നു? നിങ്ങളുടെ ഈ നക്കാപിച്ചാ വേലയൊന്നും നടക്കില്ല. ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കാൻ നോക്കേണ്ട.

ബി.ജെ.പി.ക്കെതിരായി അതിരൂക്ഷമായ ജനകീയ പ്രക്ഷോഭങ്ങളുണ്ടാകണം. ഇന്ത്യാ മഹാരാജ്യം ഒന്നിച്ച് ഇളകണം. നിങ്ങൾക്ക് ഇളക്കാൻ കഴിയുമോ; നിങ്ങളുടെ നേതാവിനെ പെരുവഴിയിലിട്ട് കരിങ്കല്ല് എറിഞ്ഞിട്ട് ഇന്ത്യയിൽ ഒരു ചലനവുമുണ്ടായില്ല. എവിടെയായിരുന്നു നിങ്ങൾ; ശ്രീ. പിണറായി വിജയനെതിരെ ഘോരഘോരം പ്രതിഷേധിക്കുന്നവർ അതിനെതിരെ കേരളത്തിൽ പ്രതിഷേധം നടത്താത്തത് എന്തുകൊണ്ട്; ഞങ്ങൾ പ്രതിഷേധിച്ചു, തെറ്റാണെന്നും അങ്ങനെ ചെയ്യാൻ പാടില്ലെന്നും പറഞ്ഞു. കേരളത്തിൽ നിങ്ങൾ മിണ്ടിയോ, എവിടെ പോയിരുന്നു കേരളത്തിലെ യൂത്ത് നേതാക്കളൊക്കെ, നിങ്ങൾ ഇവിടെ എന്ത് ചെയ്തു. ആ കല്ലുമായി പാർലമെന്റിൽ കുറെ ആളുകൾ പോയി. ഇതാണ് ഇവിടെ നടക്കുന്നത്. ജി.എസ്.ടി. ബിൽ എന്നല്ല നരേന്ദ്രമോഡി നികുതി ബിൽ എന്നാണ് ഞാൻ ഇതിന് പേരിടുന്നത്. ഈ ബിൽ പാസാക്കാൻ പാടില്ല. പക്ഷേ ഭരണഘടനയിൽ വിശ്വസിക്കുന്നതുകൊണ്ട് അതിന്റെ അനന്തരനടപടികളെന്നുള്ള നിലയിൽ ഇവിടെ ഈ ബിൽ പാസാക്കാൻ നിർബന്ധിതമായി തീരുകയാണ്. ഇതുകൊണ്ട് വിലക്കയറ്റം ഉണ്ടാകാൻ പോകുകയാണെന്ന് എല്ലാവരും പറഞ്ഞു. ഇത് നടപ്പിലാക്കിയ എല്ലാ രാജ്യങ്ങളിലും വിലക്കയറ്റമുണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായിട്ടുണ്ടാകുന്ന ദുരന്തത്തിന് പരിഹാരം കാണുന്നതിനു വേണ്ടിയുള്ള ജനകീയ പോരാട്ടത്തിന് നിങ്ങൾ തയ്യാറാകണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ജി.എസ്.ടി. ബില്ലിനെക്കുറിച്ചും അതിന്റെ പ്രയാസങ്ങളെക്കുറിച്ചുമൊക്കെ ബഹുമാന്യരായ ഒട്ടനവധി അംഗങ്ങൾ വളരെ വിശദമായി വിശകലനം ചെയ്യുകയുണ്ടായി. 1990-കളുടെ തുടക്കത്തിൽ പ്രൊഫ. രാജ ചെല്ലയ്യ ചെയർമാനായ നികുതി പരിഷ്കരണ കമ്മിറ്റിയാണ് പരോക്ഷനികുതിയിലേക്ക് ചരക്കുകളും സേവനങ്ങളും മാറ്റണമെന്ന് ശിപാർശ ചെയ്യുകയും നടപ്പിലാക്കാൻ പ്രഖ്യാപനം നടത്തുകയും ചെയ്തത്. കാൽ നൂറ്റാണ്ടിലേറെ കാലമായി നമ്മൾ അത് ചർച്ച ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. 2017 ജൂലൈ 30-ാം തീയതി അർദ്ധരാത്രിയാണ് ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോഡി അത് പാർലമെന്റിൽ പ്രഖ്യാപിച്ചത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ, ഏകദേശം 160 രാജ്യങ്ങളിൽ ജി.എസ്.ടി. നടപ്പിലാക്കിയിട്ടുണ്ടെന്ന് സൂചിപ്പിക്കുകയും 1954-ൽ ഫ്രാൻസിലാണ് ഇത് ആദ്യമായി നടപ്പിലാക്കിയതെന്നും ഇവിടെ പറഞ്ഞു. ന്യൂസിലാന്റ് പോലുള്ള രാജ്യങ്ങളിൽ അത് നടപ്പിലാക്കിയപ്പോൾ ജി.എസ്.ടി.യുടെ ഭാഗമായി ഒരൊറ്റ നികുതിയാണ് നടപ്പിലാക്കിയിട്ടുള്ളതെങ്കിൽ ഇന്ത്യയിൽ ഏകദേശം അഞ്ച് തരത്തിലുള്ള നികുതികൾ ചുമത്തപ്പെട്ടിട്ടുണ്ടെന്ന

പ്രയാസകരമായ അവസ്ഥാവിശേഷമാണുള്ളത്. നികുതി വ്യവസ്ഥയിൽ ഏകീകൃതമായ നയം കൊണ്ടുവരുന്നതിനും ഒപ്പം നിലവിലുള്ള സങ്കീർണ്ണതകൾ പരിഹരിക്കുന്നതിനുമാണ് ജി.എസ്.ടി. കൊണ്ടുവന്നിട്ടുള്ളതെന്നാണ് കേന്ദ്ര സർക്കാർ വിശദീകരിച്ചിട്ടുള്ളത്. എന്നാൽ ഒറ്റ രാജ്യം, ഒറ്റ നികുതി, ഒറ്റ കമ്പോളം എന്ന നികുതി നയം ഒരു അർദ്ധരാത്രി ഇന്ത്യൻ പ്രധാനമന്ത്രി പ്രഖ്യാപിച്ചതിലൂടെ അത് അടിച്ചേൽപ്പിക്കുന്ന പ്രയാസകരമായ പ്രഹരമാണ് പിന്നീടുള്ള നയങ്ങളിലൂടെ മനസ്സിലാക്കാൻ കഴിയുന്നത്. ഇന്ത്യ ഒരു ഫെഡറൽ രാജ്യമാണ്. ഇവിടെ ബഹുമാന്യനായ അംഗം ശ്രീ. സി. ദിവാകരൻ സൂചിപ്പിച്ചതുപോലെ, ഈ ഫെഡറൽ സംവിധാനത്തെ തകർത്തുകൊണ്ട് ഒരു സാമ്പത്തികമായ അധിനിവേശം, ഏകാധിപത്യത്തിലൂടെ സംസ്ഥാനങ്ങളുടെ അധികാരത്തിൽ കടന്നുകയറാനുള്ള ഒരു പ്രവണതയുടെ ഭാഗമായാണോ ഈ നിയമം കൊണ്ടുവന്നിരിക്കുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ജി.എസ്.ടി. ആദ്യം നടപ്പിലാക്കിയത് ഫ്രാൻസിലാണെന്ന് ഇവിടെ സൂചിപ്പിച്ചു. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ കേന്ദ്രം പറഞ്ഞത് ഇത് നികുതിമേഖലയിലെ സർവ്വവ്യാധി നിവാരിണിയാണെന്നാണ്. സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾ പറഞ്ഞപ്പോൾ വികസിത രാജ്യങ്ങളെ ചൂണ്ടിക്കാണിക്കുകയാണുണ്ടായത്. എന്നാൽ ഇതിന്റെ ഭാഗമായി നടക്കുന്ന പഠനങ്ങൾ വ്യക്തമാക്കുന്നത് ഒരു രാജ്യത്തിന്റെ സാമ്പത്തികവും സാമൂഹികവും ഭരണപരവും ഭൂമിശാസ്ത്രപരവുമായ ഏകീകൃത സ്വഭാവം ജി.എസ്.ടി.യുടെ നയങ്ങൾ വിജയിക്കുന്നതിന് അത്യന്താപേക്ഷിതമാണെന്നാണ്. പക്ഷേ ഇന്ത്യയിൽ അത്തരമുള്ള ഭൗതിക സാഹചര്യങ്ങളല്ല നിലനിൽക്കുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും. ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിൽ നീതി ആയോഗിന്റെ അംഗമായ സാമ്പത്തിക വിദഗ്ദ്ധൻ ഡോ. ബിബേക് ഡെബ്റോയ് ആശങ്ക പ്രകടിപ്പിച്ചത്, സമ്പൂർണ്ണ ജി.എസ്.ടി.യിൽ നിന്ന് ഇന്ത്യ ഏറെ അകലെയാണെന്നും ഈ അടുത്ത കാലത്തൊന്നും അങ്ങനെ ഒരു മാറ്റത്തിലേയ്ക്ക് ഇന്ത്യയ്ക്ക് എത്താൻ കഴിയില്ലെന്നുമാണ് അന്ന് അദ്ദേഹം സൂചിപ്പിച്ചത്. പ്രശസ്തനായ ഒരു ഫ്രഞ്ച് എക്കണോമിസ്റ്റ് ഗൈ സോർമൻ പറയുന്നത് " GST is a good economic reform but in India it's in a complicated manner which will lead to distortions and cheating" എന്നാണ്. സമ്പൂർണ്ണ ജി.എസ്.ടി. നടപ്പിലാക്കിയിട്ടുള്ള സ്ഥലങ്ങളിൽ ഒറ്റ നികുതിയാണ്. എന്നാൽ ഇവിടെ ഏഴ് തലങ്ങളിൽ നികുതിയുണ്ട്. റവന്യൂ സമാഹരണത്തിൽ സംസ്ഥാനങ്ങൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്ന സാഹചര്യത്തിൽ ജി.എസ്.ടി. വലിയ സാമ്പത്തിക അസമത്വമുണ്ടാക്കാൻ പ്രേരിപ്പിക്കില്ലേയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ പെട്രോളിയം, ആൽക്കഹോൾ, ഇലക്ട്രിസിറ്റി തുടങ്ങിയ വിവിധ മേഖലകൾ ജി.എസ്.ടി.-യുടെ പരിധിക്ക് പുറത്താണ്. ഇത്

ജി.എസ്.ടി.-യുടെ ഉദ്ദേശ ശുദ്ധിയെ ഇല്ലാതാക്കുമെന്നത് സ്വാഭാവികമാണ്. ഏകദേശം നൂറ്റിയറുപതോളം വിദേശ രാജ്യങ്ങൾ ഇത് പ്രാവർത്തികമാക്കി എന്നുപറഞ്ഞ് ഇവിടെ നടപ്പിലാക്കുമ്പോൾ, ഇന്ത്യയിൽ നടപ്പിലാക്കിയ ജി.എസ്.ടി. മറ്റ് രാജ്യങ്ങളുമായി താരതമ്യപ്പെടുത്താൻ കഴിയാത്ത അവസ്ഥാ വിശേഷമുണ്ടാകുകയാണ്. അതുകൊണ്ട് ഇത് ഇന്ത്യൻ ജി.എസ്.ടി. മാത്രമായി ചുരുങ്ങിപ്പോകുന്ന അവസ്ഥാവിശേഷമുണ്ടാകും. പഞ്ചാബ് പോലുള്ള സംസ്ഥാനത്ത് നൽകിയ ഇളവുകൾ സംസ്ഥാനങ്ങൾ തമ്മിലുള്ള റവന്യൂ അന്തരം കൂട്ടുതലാക്കും. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ നികുതിയിളവുകൾ ആ സംസ്ഥാനത്തിന് നൽകിയിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഏത് സംസ്ഥാനം?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: പഞ്ചാബ് ആണെന്നാണ് എന്റെ ഓർമ്മ. പഞ്ചാബിന് നഷ്ടം നികത്താൻ ആവശ്യമായ ഇളവുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. അങ്ങനെ വരുമ്പോൾ സംസ്ഥാനങ്ങൾ തമ്മിലുള്ള സാമ്പത്തിക അന്തരം വർദ്ധിക്കുകയും അത് നമ്മുടെ സംസ്ഥാനത്തെ വല്ലാതെ ബാധിക്കുകയും ചെയ്യും. ഉല്പാദന മേഖല കേന്ദ്രീകൃത സംസ്ഥാനങ്ങൾക്കും ഉപഭോക്തൃ സംസ്ഥാനങ്ങൾക്കും കൂടുതൽ ലാഭം വരുമെന്നൊക്കെ നമ്മൾ പറയുന്നു, സ്വാഭാവികമായും കേരളം അതിനെ സ്വാഗതം ചെയ്യുന്നു. നമ്മളെല്ലാവരും അതിനെ ഗുണപരമായ മാറ്റമായി പറയുന്നു. അതേസമയം കേരളത്തിൽ വലിയതോതിൽ വിലവർദ്ധനവുണ്ടാക്കുന്നതിന്റെ കാര്യങ്ങളെക്കുറിച്ച് ഇവിടെ പലരും സൂചിപ്പിച്ചു. ഞാൻ അത് ആവർത്തിക്കുന്നില്ല. ആ ഒരു തലത്തെ എങ്ങനെ നേരിടണമെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ആലോചിക്കുമെന്ന് തന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് സാമൂഹിക പദ്ധതികൾ നടപ്പിലാക്കുന്നതിന്, വെള്ളപ്പൊക്കം പോലുള്ള അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കടുത്ത വെല്ലുവിളി നേരിടേണ്ടിവരുമെന്ന് ഞാൻ ആശങ്കപ്പെടുകയാണ്. ആരോഗ്യ വിദ്യാഭ്യാസ മേഖലയിലും ജി.എസ്.ടി.-യുടെ പ്രവർത്തനങ്ങളെ എങ്ങനെ പരിമിതപ്പെടുത്തണമെന്നും ഏത് തരത്തിൽ മുന്നോട്ട് കൊണ്ടുപോകണമെന്നും ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോയെന്ന് ഞാൻ സംശയിക്കുകയാണ്. ഇവിടെ ഒരു ജനത, ഒരു ഭാഷ, ഒരു വേഷം, ഒരു മതം, ഒരു രീതി എന്ന ഒരു ഫാസിസ്റ്റ് പ്രവണതയിലേയ്ക്ക് പോകുന്നതിന്റെ സൂചനയല്ലേ; ഒരു സാമ്പത്തിക അധിനിവേശമായി ഇത് മാറില്ലേ? ഇവിടെ ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്ന കൂട്ടത്തിലും പറഞ്ഞു,

ഫെഡറൽ രാജ്യമായ ഇന്ത്യയിൽ നിയമങ്ങൾ ഉണ്ടാക്കാൻ കഴിയില്ല. മറിച്ച്, കൗൺസിലിന്റെ മുമ്പാകെ അതു സംബന്ധിച്ച പരാതികൾ പറയാനേ സാധിക്കുകയുള്ളു എന്നാണ്. നമ്മുടേതായ ആശങ്കകളുടെ പുറത്ത് നിന്ന് അതുസംബന്ധിച്ച പരാതികൾ കേന്ദ്രത്തിനു മുന്നിലും കൗൺസിലിന്റെ മുന്നിലും പറയുന്ന തരത്തിലേയ്ക്ക് മാറുമ്പോൾ സംസ്ഥാനങ്ങളെ പ്രവിശ്യകളാക്കി മാറ്റി കേന്ദ്രത്തിന്റെ കീഴിൽ നിലനിർത്തുന്ന തരത്തിലേയ്ക്ക് കേന്ദ്രം കൊണ്ടുപോകുന്നുവെന്ന ഒരു സംശയം ഇതിന്റെ പേരിൽ ഉയരുകയാണ്. ജി.എസ്.ടി.യുടെ സാമ്പത്തിക പ്രത്യാഘാതങ്ങളെയും സാമൂഹികതയെയും ഇല്ലാതാക്കുന്നതിനെക്കുറിച്ചും സാമ്പത്തിക വിദഗ്ദ്ധനും സോഷ്യലിസ്റ്റ് ആശയക്കാരനും കൂടിയായ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മനസ്സിലാക്കാതെ പോകില്ല. സാമ്പത്തികമായ വശങ്ങളെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യുകയും ആശങ്കപ്പെടുകയും ചെയ്യുമ്പോൾ ഇതിന്റെ പേരിൽ വലിയ പൊളിറ്റിക്കൽ ഇംപാക്ട് ഉണ്ടാകാൻ സാധ്യതയുണ്ടോയെന്ന് ഞാൻ സംശയിക്കുന്നു. ഇതിന്റെ എല്ലാ വശങ്ങളും ഇടത്തരം ആളുകളിലേയ്ക്ക് എത്തുമ്പോൾ അതിന്റെ താഴെയുള്ള ദരിദ്ര വിഭാഗങ്ങളിലേയ്ക്ക് ഇത് എത്താതെ പോകുകയും അതിന്റെ പ്രയാസങ്ങൾ അവർ അനുഭവിക്കുകയും രാജ്യത്ത് അസന്തുലിതാവസ്ഥ നിലനിൽക്കുകയും അതിനനുസരിച്ച് തീവ്രവാദവും മറ്റ് സമരങ്ങൾ അടക്കമുള്ള വലിയ പ്രക്ഷോഭങ്ങളിലേയ്ക്ക് രാജ്യത്തെ കൊണ്ടുപോകുമോയെന്ന് ഞാൻ സംശയിക്കുന്നു. ശ്രീ. സി. ദിവാകരൻ ചോദിച്ചതുപോലെ, ആ പ്രവണതയെ ഉൾക്കാഴ്ച കണ്ടുകൊണ്ടാണോ ശ്രീ. നരേന്ദ്രമോദിയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന ഈ ജി.എസ്.ടി.യുടെ നിലപാടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. രാജ്യത്തെ മരുന്ന് ഉല്പാദകരെയും വില നിശ്ചയിക്കുന്നവരെയും നിയന്ത്രിക്കുന്നത് ദേശീയ ഏജൻസിയായ എൻ.പി.പി.എ. ആണ്. ഇവർ നിശ്ചയിച്ചിരിക്കുന്ന അടിസ്ഥാന വിലയുടെ പന്ത്രണ്ട് ശതമാനം നികുതിയാണ് ജി.എസ്.ടി. ആയി ഏർപ്പെടുത്തിയിരിക്കുന്നത്. ഇരുപത്തേഴ ശതമാനം മരുന്നുകൾക്ക് അഞ്ച് ശതമാനം നികുതിയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ജീവൻരക്ഷാ മരുന്നുകൾക്കും പ്രഷർ, ഷുഗർ, ഹൃദയസംബന്ധമായ അസുഖങ്ങൾ, കൊളസ്ട്രോൾ തുടങ്ങിയവയ്ക്കുള്ള മരുന്നുകൾക്ക് പന്ത്രണ്ട് ശതമാനം നികുതിയാണ് ചുമത്തുന്നത്. അതുകൊണ്ട് എല്ലാ മരുന്നുകൾക്കും അഞ്ച് ശതമാനം നികുതി എന്ന രീതിയിൽ കൊണ്ടുവരാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. ഒരു ഇന്ത്യൻ പൗരന്റെ ഒരു വർഷത്തെ ശരാശരി മരുന്നുപയോഗം 480 രൂപയാണെങ്കിൽ കേരളത്തിൽ അത് 3900 രൂപയാണ്. അതുകൊണ്ടുതന്നെ കേരളത്തെ ബാധിക്കുന്ന ഈ വിഷയത്തിൽ അങ്ങ് ശ്രദ്ധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ കേന്ദ്രവും സംസ്ഥാനവും വ്യത്യസ്ത നിരക്കിൽ ഈടാക്കുന്ന നികുതി ഒറ്റ ഘട്ടത്തിൽ

പിരിക്കുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇരുപത് ശതമാനത്തോളം പ്രമേഹരോഗികളുള്ള കേരളത്തിൽ ഇവർക്കായി നിർദ്ദേശിക്കപ്പെടുന്ന മരുന്നുകളുടെ നികുതി അഞ്ച് ശതമാനത്തിൽ നിന്നും പതിനെട്ട് ശതമാനമായി ഉയർത്തിയത് പ്രയാസകരമാണ്. ദരിദ്രവിഭാഗത്തിലെ ജനങ്ങളുടെ ക്ഷേമത്തിനും ജീവിത നിലവാരം ഉയർത്തുന്നതിനും സ്വയംതൊഴിൽ കണ്ടെത്തി സുസ്ഥിരത ഉണ്ടാക്കുന്നതിനും വേണ്ടിയാരംഭിച്ച, നമ്മൾ വലിയ അഭിമാനത്തോടുകൂടി പറയുന്ന കുടുംബശ്രീക്ക് വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കുടുംബശ്രീ ഉല്പന്നങ്ങൾക്ക് അഞ്ച് ശതമാനം നികുതിയെന്നത് പന്ത്രണ്ട് ശതമാനമാക്കി. കേരളത്തിലെ കുടുംബശ്രീയെ ഇന്ത്യയിൽ തന്നെ മാതൃകയാക്കിയിരിക്കുന്ന ഈ സമയത്ത് കുടുംബശ്രീ ഉത്പന്നങ്ങൾക്ക് ചുമത്തിയിരിക്കുന്ന നികുതി ഒഴിവാക്കപ്പെടേണ്ടതാണ്. ലൈഫ് ഇൻഷ്വറൻസ്, ആരോഗ്യ ഇൻഷ്വറൻസ്, വാഹന ഇൻഷ്വറൻസ്, ദുർബല വിഭാഗങ്ങൾക്കുള്ള സ്കീം, കുട്ടികൾക്ക് ഉച്ചക്കഞ്ഞി, ടെക്സ്റ്റ് ബുക്ക്, ദരിദ്രവിഭാഗങ്ങൾക്കും വികലാംഗർക്കും നൽകുന്ന വീൽചെയറുകൾ എന്നിവയ്ക്കെല്ലാം നികുതി ഏർപ്പെടുത്തിയത് ആ വിഭാഗങ്ങളെ മുഖ്യധാരയിൽ നിന്നും മാറ്റിനിർത്താനുള്ള പ്രേരണയാവുകയാണ്. ഇവിടെ എം.ആർ.പി.യുടെ കാര്യത്തിലാണ് എല്ലാവരും ആശങ്ക പ്രകടിപ്പിക്കുകയും പ്രയാസങ്ങൾ പറയുകയും ചെയ്തത്. സംസ്ഥാനത്തെ സർക്കാർ വില കൂട്ടിയെടുത്ത ബില്ലുകൾ തിരികെ നികുതി വകുപ്പിനെ ഏൽപ്പിക്കാൻ സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ച് നടപടി യെടുക്കേണ്ടതാണ്. എം.ആർ.പി.യേക്കാൾ കൂടുതൽ വിലയ്ക്ക് വിറ്റാൽ നടപടി എടുക്കാൻ നിയമമുണ്ട്. എം.ആർ.പി. കൂട്ടി വില പ്രിന്റ് ചെയ്താൽ ആർക്ക് തടയാനാകുമെന്ന് ശ്രീ. വി.ഡി. സതീശൻ ഇവിടെ ചോദിച്ചു, അതിന് കമ്മീഷനിൽ പരാതി കൊടുക്കണമെന്നാണ് പറയുന്നത്. സാധാരണ ഉപഭോക്താക്കളെ സംബന്ധിച്ചിടത്തോളം അത് വളരെ പ്രയാസകരമായ അനുഭവമുണ്ടാകും. അതുകൊണ്ട് ജി.എസ്.ടി. നടപ്പാക്കുന്നതുമൂലം സാധാരണക്കാരായ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും അവരെ ബോധവത്കരിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

2.00 PM]

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, 73, 74 ഭരണഘടനാ ഭേദഗതികൾ കൊണ്ടുവന്നത് അധികാര വികേന്ദ്രീകരണത്തിന്റെ കടയ്ക്കൽ കത്തി വയ്ക്കലല്ലേ, പഞ്ചായത്തുകൾക്ക് അധികാരം കൊടുത്തു. പഞ്ചായത്തുകൾക്ക് ടാക്സ് ചുമത്താനുള്ള അധികാരം വരെ ഭരണഘടനാ ഭേദഗതിയിലൂടെ നൽകിയതാണ്. അത് ഇതോടുകൂടി ഇല്ലാതാകുന്ന ഒരവസ്ഥയിലേയ്ക്കാണ് എത്തിനിൽക്കുന്നത്. അതുമാത്രമല്ല, ഈ നിയമം വന്നതിനുശേഷം ഏറ്റവുമധികം ദോഷം അനുഭവിച്ചത്

ഗ്രാമീണ മേഖലയും കാർഷിക മേഖലയുമാണെന്നാണ് എന്റെ വിശ്വാസം. അതാണ് അനുഭവങ്ങൾ പറയുന്നത്. മൺവെട്ടിക്കും അരിവാൾ ഉൾപ്പെടെയുള്ള സാധനങ്ങൾക്കും വിലകൂടി. ട്രാക്ടർ, ട്രില്ലർ, രാസവളം എന്നിവയ്ക്ക് ടാക്സ് ചുമത്തിയതോടുകൂടി അതിനും വില കൂടുകയുണ്ടായി. കുടുംബശ്രീയുടെ ഉൽപ്പന്നങ്ങൾക്ക് വില കൂടുതലാകാൻ പോകുകയാണ്. സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾക്കും ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളുടെ ഉൽപ്പന്നങ്ങൾക്കും വലിയ ഇളവ് കൊടുക്കേണ്ടതാണ്. പക്ഷേ അവർക്കും ടാക്സ് ചുമത്താൻ പോകുകയാണ്. അതുമാത്രമല്ല, കൃഷിക്ക് ഉപയോഗിക്കുന്ന ഷെയ്ഡ് നെറ്റിന് ഇതുവരെ ടാക്സുണ്ടായിരുന്നില്ല. അതിനും ടാക്സ് ഏർപ്പെടുത്തി. കള വരാതിരിക്കാൻ കൃഷിക്കാർ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഷീറ്റിന് 28 ശതമാനം ടാക്സ് ചുമത്തുകയുണ്ടായി. പോളീഹൗസ് ഷീറ്റിന് 28 ശതമാനം ടാക്സ് ഏർപ്പെടുത്തി. അപ്പോൾ കൃഷിക്കാരന് എങ്ങനെ കൃഷി ചെയ്യാൻ സാധിക്കും. ഇതൊക്കെ കാർഷിക മേഖലയിലെ പ്രതിസന്ധിക്കാണ് ആക്കം കൂട്ടാൻ പോകുന്നത്. കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടിയാണ് കൃഷി കല്യാൺ സെസ് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്നത്. അതിൽ നിന്ന് ലഭിക്കുന്ന ഏകദേശം 15,000 കോടി രൂപ കൃഷിക്കാരുടെ വെൽഫയറിനാണ് ഉപയോഗിച്ചിരുന്നത്. അത് കേന്ദ്രഗവൺമെന്റ് ഉപേക്ഷിച്ചു. ഇപ്പോൾ ഓരോ ദിവസവും കൃഷിക്കാർ മരിച്ചുകൊണ്ടിരിക്കുകയാണ്. കൃഷിക്കാരനെ സഹായിക്കാൻ കൊണ്ടുവന്ന 15,000 കോടി രൂപയുടെ സെസ് എന്ന പദ്ധതി ഇല്ലാതായി. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിന്മേലുള്ള ലാഭം കൃഷിക്കാരന് കൊടുക്കുമെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിലുണ്ടായിരുന്നു. അങ്ങനെയൊരു ലാഭം കൃഷിക്കാരന് കൊടുക്കാൻ അധികാരമില്ല. അങ്ങനെയുള്ള അധികാര മുണ്ടെന്നാണ് ഇന്നലെ നടന്ന സെമിനാറിൽ പറഞ്ഞത്. എങ്ങനെയാണ് കാർഷിക മേഖലയിൽ കൃഷിക്കാരനെ സഹായിക്കുന്നത്? ഇപ്പോൾ കിഫ്ബി വന്നു. കിഫ്ബിയെ ഇത് ബാധിക്കില്ലേ; കിഫ്ബിയുടെ പണം വരുന്നതിനെ ബാധിക്കില്ലേ; കിഫ്ബിക്കുവേണ്ടിയുള്ള പണം കണ്ടെത്താൻ വേണ്ടി ടാക്സ് കൊണ്ടുവരാൻ സാധിക്കുമോ; ഇതും വളരെ ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്. ആസ്തിവികസന ഫണ്ടിനും ജി.എസ്.ടി. വരില്ലേ; അങ്ങനെ എല്ലാ മേഖലയിലും പ്രതിസന്ധിയാണ്. ഇന്നലെ ഹോട്ടലിൽ പോയപ്പോൾ ഒരു നേരത്തെ ഭക്ഷണം കഴിക്കാൻ 18 ശതമാനമാണ് ടാക്സ്. ചില മേഖലകളിൽ ടാക്സ് കൂട്ടിയിരുന്നുവെങ്കിൽ നമുക്ക് അതിന്റെ ഗുണം ലഭിക്കുമായിരുന്നു. സ്വർണ്ണത്തിന്റെ ടാക്സ് നിരക്ക് 5 ശതമാനം കൂട്ടിയിരുന്നുവെങ്കിൽ കേരളത്തിന് എത്ര വലിയ വരുമാനമാകുമായിരുന്നു. സ്വർണ്ണത്തിന് നികുതി കൂട്ടാതിരിക്കാൻ കേന്ദ്ര ഗവൺമെന്റിൽ നിന്നും വലിയ സമ്മർദ്ദമുണ്ടായെന്നാണ് ഇന്നലെ നടന്ന

സെമിനാറിൽ പറഞ്ഞത്. ഇത് ആരെ സഹായിക്കാനാണ്; ഇവിടത്തെ ബഹുരാഷ്ട്ര കുത്തകകൾക്ക് സൗകര്യമുണ്ടാക്കുന്ന രീതിയിലുള്ള സംവിധാനമാണ് കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരുന്നത്. അവരുടെ താൽപ്പര്യങ്ങൾക്കും അവരുടെ ഉൽപ്പന്നങ്ങളുടെ വ്യാപാരത്തിനുമാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഇനി വലിയൊരപകടം വരാൻ പോകുകയാണ്, ആർ.സി.ഇ.പി. കരാർ ഒപ്പിടാനുള്ള തയ്യാറെടുപ്പിലാണ്. എല്ലാ ടാക്സും ഒഴിവാക്കാൻ പോകുകയാണ്. അപ്പോൾ ഇറക്കുമതി കുത്തനെ കൂടും. ടാക്സില്ലാതെ കുരുമുളക് ഇറക്കുമതി ചെയ്യുമ്പോൾ നമ്മുടെ രാജ്യത്ത് ബുദ്ധിമുട്ടുണ്ടാകും. മലബാറിലെ കുരുമുളകിനാണ് ലോകത്തേറ്റവും കൂടുതൽ മാർക്കറ്റുള്ളത്. പണ്ട് ക്ലിയോപാട്ര ഉപയോഗിച്ചിരുന്നത് മലബാറിലെ കുരുമുളകാണ് എന്നാണ് പറയപ്പെടുന്നത്. മലബാറിലെ കുരുമുളകിന് വലിയ വിലയാണുള്ളത്. വിയറ്റ്നാമിൽ നിന്നും സിലോണിൽ കൊണ്ടുവന്ന് ടാക്സില്ലാതെ ഇറക്കുമതി ചെയ്യാനും ഇവിടെനിന്ന് കയറ്റുമതി ചെയ്യാനും പോകുകയാണ്. ഇവിടത്തെ കൃഷിക്കാർ തകരുമ്പോൾ നമുക്ക് നോക്കി നിൽക്കാനല്ലാതെ അതിന്റെമേൽ ഒരു നിയന്ത്രണം കൊണ്ടുവരാൻ യാതൊരു അധികാരവുമില്ല. അതുപോലെ ജാതി, കാപ്പി, ഏലം എന്നിവ ഇറക്കുമതി ചെയ്യുമ്പോൾ ഈ മേഖലകളും തകരാൻ പോകുകയാണ്. അതിന് യാതൊരു തരത്തിലുള്ള നിയന്ത്രണവുമേർപ്പെടുത്താൻ സ്റ്റേറ്റ് ഗവൺമെന്റിന് അധികാരമില്ലാത്ത ഒരു സംവിധാനത്തിലാണ് നമ്മൾ എത്തിനിൽക്കുന്നത്. ഇതിനെ എങ്ങനെ നേരിടണമെന്ന് നമ്മളെല്ലാവരും കൂടിയാലോചിക്കേണ്ടതാണ്. വല്ലാത്ത അപകടത്തിലേയ്ക്കാണ് പോകുന്നത്. പാലുല്പന്നങ്ങളും യാതൊരു നിയന്ത്രണവുമില്ലാതെ ഇറക്കുമതി ചെയ്യാൻ പോകുകയാണ്. ധാരാളം കുടുംബങ്ങൾ ഉപജീവനം കഴിക്കുന്ന മേഖലയാണിത്. രണ്ട് പശുക്കളെ വച്ചാണ് കുടുംബങ്ങൾ കഴിയുന്നത്. ഇറക്കുമതി വരുന്നതോടുകൂടി ആ കുടുംബങ്ങൾ വലിയ തകർച്ചയിലേയ്ക്ക് പോകും. അതുകൊണ്ട് കാർഷിക മേഖലയിൽ വരുന്ന ഇത്തരം പ്രശ്നങ്ങൾ വളരെ ഗൗരവമായി ജി.എസ്.ടി. കൗൺസിലിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഉന്നയിക്കണമെന്നും കൃഷിക്കാരെ രക്ഷിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നുമാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

<u>ഡോ. എൻ. ജയരാജ്</u>: സർ, നമ്മുടെ രാജ്യത്ത് ജി.എസ്.ടി. നടപ്പാക്കിയതിന്റെ ഭാഗമായിട്ടുള്ള ചർച്ചയാണ് ഇന്ന് ഇവിടെ നടക്കുന്നത്. ഒരുപക്ഷേ ദീർഘകാലം ചർച്ച ചെയ്യപ്പെട്ട ഒരു നിയമനിർമ്മാണം ഇന്ന് കേരള നിയമസഭ ചർച്ച ചെയ്യുമ്പോൾ ഇവിടെ സൂചിപ്പിച്ചതുപോലെ ചോദ്യോത്തരവേള മുതൽ ഈ നിയമവുമായി ബന്ധപ്പെട്ട് ഒട്ടേറെ ആശങ്കകൾ അന്തരീക്ഷത്തിൽ നിലനിൽക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. ഈ നിയമത്തെക്കുറിച്ച് ഇവിടെ ചർച്ച

ചെയ്യുമ്പോൾ ഞാൻ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനം അതിന്റെ ആവിർഭാവകാലത്ത് മുമ്പോട്ടുവച്ച ഒരു വലിയ ആശയമുണ്ട്. 'സംതൃപ്തമായ സംസ്ഥാനങ്ങളും ശക്തമായ കേന്ദ്രവും' എന്നൊരു മുദ്രാവാക്യം അന്ന് ഉയർത്തിയിരുന്നു. സംസ്ഥാനങ്ങൾക്ക് നിലവിലുണ്ടായിരുന്ന നികുതി പിരിക്കാനുള്ള അവകാശങ്ങൾ പൂർണ്ണമായി ഈ നിയമം മുഖേന അപ്രത്യക്ഷമാകുന്ന ഒരു സാഹചര്യമാണ് ഉണ്ടായിരിക്കുന്നത്. വികേന്ദ്രീകരണത്തെക്കുറിച്ച് വളരെ ദീർഘമായി സംസാരിക്കുകയും കേന്ദ്രീകൃതമായ സ്വഭാവത്തിലേയ്ക്ക് നമ്മുടെ രാജ്യം മാറിപ്പോകുകയും ചെയ്യുന്ന ഒരവസ്ഥ ഇക്കാര്യത്തിലുണ്ടെന്ന് പറയാതിരിക്കാൻ കഴിയില്ല. സംസ്ഥാന ബഡ്ജറ്റുകളിൽ നമ്മുടെ നാടിന്റെ പ്രാദേശികവും സാമൂഹ്യപരവുമായിട്ടുള്ള അസന്തുലിതാവസ്ഥകളൊക്കെ അഡ്രസ് ചെയ്യുവാനും അതിന് ക്രിയാത്മകമായ പരിഹാരം കാണാനുമുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ പലപ്പോഴും ഉണ്ടാകാറുണ്ട്. അതിനൊക്കെ പല മാർഗ്ഗങ്ങളും അവലംബിക്കാറുണ്ട്. ഉദാഹരണമായി പരമ്പരാഗതമായി ബീഡി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ കാര്യമെടുക്കാം. പുതിയ സംവിധാനങ്ങൾ കടന്നുവരുമ്പോൾ അത്തരം ചെറുകിട സംവിധാനങ്ങൾ ഇല്ലാതായി പോകുന്നുവെന്നുള്ളത് ഏറ്റവും ദുഃഖകരമായ കാര്യമാണ്. അവരെ സഹായിക്കാൻ കഴിയുന്ന നിലപാടുകളെടുക്കാൻ പലപ്പോഴും നമുക്ക് കഴിയുന്നില്ല. പണ്ടൊക്കെ നമ്മുടെ നാട്ടിൻപുറങ്ങളിൽ സ്വർണ്ണപ്പണിക്കാരുടെ ചെറിയ കടകളുണ്ടായിരുന്നു. അതൊക്കെ നാട്ടിൻ പുറത്തിന്റെ ഒരു പ്രധാന കാഴ്ചകളായിരുന്നു. ഇന്ന് അവിടെയെല്ലാം വൻകിട സ്വർണ്ണാഭരണ കടകളായി മാറുകയും ചെറുകിട തൊഴിലാളികൾ കാലക്രമേണ അപ്രത്യക്ഷരാകുകയും ചെയ്യുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. അവരെ ആരെങ്കിലും പറഞ്ഞുവിട്ടതോ ഈ മേഖലയിൽ നിന്നും ഭയപ്പെടുത്തി ഓടിച്ചുവിട്ടതോ അല്ല. ഈ മേഖലയിൽ നിലനിൽക്കാൻ കഴിയാതെ വന്നതുമൂലം ആ മേഖലയിൽ നിന്ന് മാറിപ്പോകുകയാണ്. ബ്രാൻഡഡ് ഐറ്റംസിന് മാത്രമാണ് യഥാർത്ഥത്തിൽ ഇൻപുട്ട് ക്രെഡിറ്റിന്റെ പ്രയോജനം ലഭിക്കുന്നത്. ചെറുകിട കൃഷിക്കാരിൽ നിന്നും വാങ്ങുന്ന ഉൽപ്പന്നങ്ങൾക്കോ അസംസ്കൃത വസ്തുക്കൾക്കോ ഭാവിയിൽ പ്രയോജനം ലഭിക്കാതെ വരുമ്പോൾ അതിനാവശ്യമായ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചാലും വരാൻ പോകുന്ന ഏറ്റവും വലിയൊരു അപകടം ബ്രാൻഡഡ് ഐറ്റംസ് ഇറക്കുന്ന കുത്തക കമ്പനികൾ മാത്രം ഈ മേഖലയിൽ നിലനിൽക്കാനുള്ള സാഹചര്യങ്ങൾ ഭാവിയിൽ നമ്മുടെ രാജ്യത്ത് സംജാതമാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ചെറുകിട വ്യാപാരികൾ ഉൾപ്പെടെയുള്ള ആളുകൾ ഈ രംഗത്തുനിന്ന് നിഷ്കമിക്കാനുള്ള സാഹചര്യങ്ങൾ നമുക്ക് തള്ളിക്കളയാൻ കഴിയുകയില്ലെന്നുള്ളതാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനാഗ്രഹിക്കുന്ന പ്രധാനപ്പെട്ട ഒരു കാര്യം. നമ്മുടെ ടാക്സിന്റെ പരിധി

10 ലക്ഷം രൂപയിൽനിന്നും 20 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നേരത്തെ വാറ്റ് നികുതി അടച്ചുകൊണ്ടിരുന്ന ആളുകൾപോലും അതിന്റെ അടിസ്ഥാനത്തിൽ ആ രംഗത്തുനിന്നും മാറുകയാണ് ചെയ്യുന്നത്. കഴിഞ്ഞ പ്രാവശ്യം സെൻട്രൽ ഗവൺമെന്റിന്റെ ടാക്സിനത്തിൽ 1900 കോടി രൂപയാണ് നമ്മൾ പിരിച്ചത്. അതിൽനിന്നും നമ്മുടെ സംസ്ഥാനത്തിന് ലഭിച്ചത് ഏകദേശം 1250 കോടി രൂപയാണ്. ഈ പുതിയ സംവിധാനം കടന്നുവരുമ്പോൾ കൂടുതൽ നികുതി പിരിക്കാനുള്ള സംവിധാനങ്ങൾ, കൂടുതൽ സർവ്വീസ് സെക്ടറുകൾ ഇതിന്റെ പരിധിയിലേയ്ക്ക് വരുമ്പോൾ കൂടുതൽ നികുതി ലഭിക്കുമെന്ന കാഴ്ചപ്പാടാണുള്ളത്. മുൻകാലങ്ങളിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എത്രമാത്രം അത് പ്രായോഗികമായി നടപ്പാക്കാൻ കഴിയുമെന്ന ഒരു ആശങ്ക അതുമായി ബന്ധപ്പെട്ട് പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് നടപ്പാക്കാൻ കാണിച്ച ജാഗ്രതക്കുറവ് എടുത്തുപറയാതിരിക്കാൻ കഴിയില്ല. ഏകദേശം 6-7 വർഷക്കാലമായി ഇത് ചർച്ച ചെയ്തുവെങ്കിൽപ്പോലും, കൺവെൻഷണൽ മാനുൽ സിസ്റ്റത്തിൽ നിന്ന് ഒരു fully computerised ആയുള്ള സോഫ്റ്റ്‌വെയർ സിസ്റ്റത്തിലേയ്ക്ക് മാറുന്ന പ്രക്രിയയാണിത്. പക്ഷേ ഇവിടെ ഇത് നടപ്പാക്കിയതിനു ശേഷവും യഥാർത്ഥത്തിൽ ജി.എസ്.ടി. ഇൻഫോസിസിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇപ്പോൾ ഒരു ട്രയൽ റണ്ണിന്റെ അവസ്ഥയിലാണ്. പൂർണ്ണമായും എക്യുപ്ഡ്ഡായിട്ടില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പല ഫോമുകളും അബ്സ്ട്രാക്ട് രൂപത്തിൽ ലഭിക്കുന്നതിനപ്പുറത്തേയ്ക്ക് വളരെ കൃത്യമായ മുൻകരുതൽ ഈ കാര്യത്തിൽ എടുക്കാതെ പോയി എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഈ മേഖലയിൽ നമ്മുടെ പരമ്പരാഗത വ്യവസായ മേഖലകളെയും ചെറുകിട കർഷകരെയും നിലനിർത്താനാവശ്യമായ നിലപാടുകൾ സ്വീകരിക്കുകയും ഇവിടെ പല തവണ ആവർത്തിച്ചതുപോലെ ആന്റി പ്രോഫിറ്റബിലിറ്റി ക്ലോസ് പോലുള്ള വളരെ പ്രധാനപ്പെട്ട ക്ലോസ് ഇതിനകത്ത് ഉൾപ്പെടുത്താതെ, wait and see എന്നുള്ള നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുമ്പോൾ നമുക്കറിയാം, 'ഇരുളും മെല്ലെ വെളിച്ചമായി വരും' എന്നുപറഞ്ഞതുപോലെ കാലക്രമേണ പുതിയ എം.ആർ.പി.-യോടൊപ്പം ജി.എസ്.ടി.-യും ചേർത്ത് പുതിയ നിരക്കുകളിലേയ്ക്ക് വന്ന്, പിന്നെ അതിന്റെയൊരു ഭാഗമായി മാറിപ്പോകുമെന്നുള്ളതാണ്. ഞാൻ കഴിഞ്ഞയാഴ്ച തിരുവനന്തപുരത്ത് വന്നപ്പോൾ ഇന്ത്യൻ കോഫി ഹൗസിൽ നാരങ്ങാ വെള്ളത്തിന് 18 രൂപയായിരുന്നത് ഇന്ന് 20 രൂപയായി. സ്വാഭാവികമായും ഇത്തരം സംവിധാനങ്ങളോട് സമരസപ്പെട്ടുപോകുന്ന സമീപനം പലപ്പോഴും നമ്മുടെ സ്വഭാവത്തിന്റെ ഭാഗമാകുമ്പോൾ അതിനകത്തുനിന്നുകൊണ്ട് നമ്മളെ ബോധപൂർവ്വം ചൂഷണം ചെയ്യാനുള്ള സാഹചര്യങ്ങൾ തീർച്ചയായുമുണ്ട്. വലിയ

ആശയത്തോടുകൂടി കൊണ്ടുവന്ന വളരെ ബൃഹത്തായ ഈ സംവിധാനം അടിസ്ഥാനപരമായി നമ്മുടെ സാമൂഹ്യപരമായ കാഴ്ചപ്പാടിനെ, പ്രത്യേകിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്നലെ നടന്ന സെമിനാറിൽ സൂചിപ്പിച്ചതുപോലെ, നമ്മുടെ സമൂഹത്തിലെ സാമ്പത്തിക അന്തരങ്ങൾ കൂടുതൽ വർദ്ധിപ്പിക്കാൻ ഇടയാക്കുന്നതായ ഒട്ടേറെ സംവിധാനങ്ങൾ ഇതിനകത്ത് അറിഞ്ഞോ അറിയാതെയോ ഒളിച്ചിരിപ്പുണ്ടെന്നുള്ളത് തീർച്ചയായും കാണാതിരിക്കാൻ കഴിയില്ല. അതുകൊണ്ട് ഈ നിയമം പ്രാബല്യത്തിലായി മുന്നോട്ടുപോകുമ്പോൾ അതിനാവശ്യമായ ജാഗ്രത തീർച്ചയായും ഉണ്ടാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. സ്വരാജ്:</u> സർ, ഒരു രാജ്യം, ഒരു നികുതി എന്ന ആകർഷണീയമെന്ന് തോന്നുന്ന ആശയം മുമ്പോട്ടുവച്ചുകൊണ്ടാണ് ജി.എസ്.ടി. ഇപ്പോൾ യാഥാർത്ഥ്യമായിട്ടുള്ളത്. ഒരു രാജ്യം എന്ന് ആലങ്കാരികമായി പറഞ്ഞപ്പോൾതന്നെ ലോകത്തിലെ മറ്റ് പല രാജ്യങ്ങളെയുംപോലെ ഏക ശിലാ നിർമ്മിതമായ സ്വഭാവ ഘടനയോടുകൂടിയ ഒരു രാജ്യമല്ല നമ്മുടേത്. 29 സംസ്ഥാനങ്ങളും കേന്ദ്ര ഭരണ പ്രദേശങ്ങളുമെല്ലാം ഉൾക്കൊള്ളുന്ന വൈവിദ്ധ്യങ്ങളുടെ കലവറയാണ് നമ്മുടെ രാജ്യം. ഒരുപക്ഷെ ലോക ഭൂപടത്തിൽ അതിന് സമാനമായ മറ്റൊരു ഭൂപ്രദേശം നമുക്ക് കണ്ടുപിടിക്കാനുമാകില്ല. വ്യത്യസ്തമായ ഭാഷയും സംസ്കാരവും വിശ്വാസവും ഭക്ഷണരീതികളുമെല്ലാം ഉൾക്കൊള്ളുന്നതാണ് നമ്മുടെ രാജ്യം. എന്നാൽ ഈ വൈവിദ്ധ്യങ്ങളെ അംഗീകരിക്കാത്ത രാഷ്ട്രീയ കാഴ്ചപ്പാടാണ് സംഘപരിവാർ എല്ലാക്കാലത്തും ഉയർത്തിപ്പിടിച്ചിട്ടുള്ളത്. നമ്മുടെ രാജ്യത്തെ ഒരു മത റിപ്പബ്ലിക്കാക്കി മാറ്റാനുള്ള ആസൂത്രിതമായ നീക്കം പതിറ്റാണ്ടുകളായി സംഘപരിവാർ സംഘടനകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. എല്ലാ വൈവിദ്ധ്യങ്ങളെയും തകർക്കാനും നമ്മുടെ രാജ്യത്തിന്റെ സവിശേഷതകളെ ഉൾക്കൊള്ളാൻ തയ്യാറാകാതെ തങ്ങളുടെ കാഴ്ചപ്പാടുകൾക്കനുസൃതമായ ഒരു നാടായി ഇന്ത്യയെ മാറ്റാനുള്ള നീക്കമാണ് ഇക്കൂട്ടരുടെ നേതൃത്വത്തിൽ നടന്നുവരുന്നത്. ഒരൊറ്റ ഭാഷയെന്ന കാഴ്ചപ്പാട് അവർ മുന്നോട്ടുവയ്ക്കുന്നുണ്ട്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി പി. അയിഷാ പോറ്റി)

ഒരു മതം എന്ന കാഴ്ചപ്പാട് സംഘപരിവാർ മുന്നോട്ടുവയ്ക്കുന്നുണ്ട്. ഒരൊറ്റ വിശ്വാസം, ഒരേയൊരു ഭക്ഷണ രീതി ഇതെല്ലാം ഇവരുടെ കാഴ്ചപ്പാടിന്റെ ഭാഗമാണ്. ഭക്ഷണത്തിന്റെ പേരിൽ ആളുകൾ കൊലചെയ്യപ്പെടുന്ന കാലത്തിലൂടെയാണ് നമ്മളെല്ലാം കടന്നുപോകുന്നത്. ഈയൊരു കാഴ്ചപ്പാടാണ്

എല്ലാ രംഗത്തും സംഘപരിവാർ വച്ചുപുലർത്തുന്നത്. ഇപ്പോൾ നാം ചർച്ച ചെയ്യുന്ന ജി.എസ്.ടി.-യുടെ കാര്യത്തിലും ഒരു സാമ്പത്തിക പരിഷ്കാരം, നികുതി ഘടനയിലുള്ള പരിഷ്കാരമെന്നതിനപ്പുറമെ സംഘപരിവാറിന്റെ പ്രത്യേകമായ രാഷ്ട്രീയ കാഴ്ചപ്പാടുകൂടി പ്രതിഫലിപ്പിച്ചുകൊണ്ടാണ് ഈ ഒരു പരിഷ്കാരം നടപ്പാക്കാൻ അവർ ശ്രമിക്കുന്നത്. സംഘപരിവാറിന്റെ രാഷ്ട്രീയ അജണ്ടകളെ ചേർത്തുവച്ചുകൊണ്ടുവേണം ഈ നികുതി ഘടനയിലെ പരിഷ്കാരത്തെയും കാണാനെന്ന അഭിപ്രായമാണ് എനിക്കുള്ളത്. പല രാജ്യങ്ങളിലും ജി.എസ്.ടി. നടപ്പാക്കിയതിനെക്കുറിച്ച് നാം ചർച്ച ചെയ്യുന്നു. പക്ഷേ, ലോകത്തിലെ പല രാജ്യങ്ങളും ഇന്ത്യയെപ്പോലെയല്ലെന്ന് നാം കാണണം. നമ്മുടേതുപോലെ വൈവിദ്ധ്യങ്ങളുള്ള, പ്രത്യേകതകളുള്ള ഏത് രാജ്യമാണ് ലോകത്തിലുള്ളത്. ഇന്ത്യയെക്കുറിച്ച് എ. എൽ. ബാഷാം എഴുതിയ പുസ്തകത്തിന്റെ പേരുതന്നെ 'The Wonder That Was India' എന്നാണ്. ആശ്ചര്യജനകമായ അവിശ്വസനീയതകളുടെ ഒരു സവിശേഷ ഭൂമിയാണ് നമ്മുടെ രാജ്യം. ഓരോ സംസ്ഥാനത്തിനും ഓരോ രാജ്യത്തിന്റേതെന്നതുപോലെ വൈവിദ്ധ്യങ്ങളുണ്ട്. രാജ്യത്തെ എല്ലായിടവും ഒരേപോലെയാക്കിത്തീർക്കുക അപ്രായോഗികമാണ്. അത് ജനങ്ങൾക്ക് ദോഷകരമായി ബാധിക്കുന്നതുമാണ്. ലോകത്തിലെ പല രാജ്യങ്ങളിലും ജി.എസ്.ടി. നടപ്പാക്കിയതിനെക്കുറിച്ച് പരാമർശിക്കുമ്പോൾ അമേരിക്കൻ ഐക്യനാടുകളിൽ ജി.എസ്.ടി. നടപ്പാക്കിയിട്ടില്ലെന്ന് നാം കാണേണ്ടതായിട്ടുണ്ട്. നടപ്പാക്കിയ രാജ്യങ്ങളിൽതന്നെ നികുതിയുടെ ഉയർന്ന തോത് 28 ശതമാനമായി നിർണ്ണയിച്ചിട്ടുണ്ടോ; ഇത് ആരെയാണ് സഹായിക്കുക. 28 ശതമാനമെന്ന കണക്ക് ഇന്ത്യയിലെ ദരിദ്ര മഹാഭൂരിപക്ഷത്തിന് ഗുണകരമായിട്ടുള്ളതാണോ എന്ന പരിശോധന അനിവാര്യമായി നടത്തേണ്ട തായിട്ടുള്ളതാണ്. പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ അർദ്ധരാത്രിയിൽ ജി.എസ്.ടി. പ്രഖ്യാപനം നടക്കുമ്പോൾ യഥാർത്ഥത്തിൽ അവിടെ നടന്നത് ഒരു കവർച്ചയാണ്. ജി.എസ്.ടി. പ്രഖ്യാപനത്തിലൂടെ ഒരു കൊള്ളയാണ് നടന്നിട്ടുള്ളത്. സംസ്ഥാനങ്ങളുടെ അധികാരമാണ് അവിടെ കവർന്നെടുക്കപ്പെട്ടത്. ഏകദേശം എല്ലാ കവർച്ചകളും രാത്രിയും അർദ്ധരാത്രിയുമൊക്കെയാണ് നടക്കുക. ഈ കവർച്ചയും നടന്നത് അർദ്ധരാത്രിയിലാണെന്ന സമാനതയും അവിടെ കാണാൻ കഴിയും. ആ സെൻട്രൽ ഹാളിൽ ശ്രീ. അമിത് ഷാ സന്നിഹിതനായിരുന്നു. അദ്ദേഹത്തിന് അവിടെ എന്താണ് കാര്യം; തെരഞ്ഞെടുക്കപ്പെട്ട ഏതെങ്കിലും ഒരു സമിതിയിൽ അംഗമായിട്ടുള്ള ആളല്ല അദ്ദേഹം. യഥാർത്ഥത്തിൽ സംഘപരിവാറിന്റെ ഒരു ആഘോഷമാണ് പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ നടന്നത്. ആ ആഘോഷത്തിന് സാക്ഷ്യം വഹിക്കാനും അനുഗ്രഹിക്കാനും മുൻ കേരള ധനകാര്യ വകുപ്പുമന്ത്രികൂടിയായ ബഹുമാന്യനായ പാലാ മെമ്പർ അവിടെ

ചെന്നവെന്നതും അദ്ദേഹത്തിന്റെ രാഷ്ട്രീയ പാർട്ടി ഉയർത്തിപ്പിടിക്കാൻ ശ്രമിച്ച, തുടക്കകാലത്തൊക്കെ പറഞ്ഞിരുന്ന കേരളത്തിന്റെ പ്രത്യേകമായ അധികാരങ്ങളെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചുമൊക്കെയാണെന്നതും സാന്ദർഭികമായി ഇവിടെ ഞാൻ ഓർക്കുകയാണ്. തീർച്ചയായും അദ്ദേഹത്തെ ചരിത്രം കുറ്റവാളിയെന്ന് തന്നെയാകും വിലയിരുത്തുകയെന്നാണ് എനിക്ക് തോന്നുന്നത്. ഫെഡറൽ സംവിധാനത്തിന്റെ വേരറുക്കുന്ന നടപടിയാണ് ജി.എസ്.ടി.-യിലൂടെ ഇപ്പോൾ യാഥാർത്ഥ്യമായിട്ടുള്ളത്. സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ അധികാരങ്ങൾ ഓരോന്നായി നഷ്ടപ്പെടുന്നതിന്റെ തുടക്കമായി ഭയപ്പാടോടെ ഇതിനെ കാണണം. ഈ സംസ്ഥാന നിയമസഭയിൽ ഇനി അവതരിപ്പിക്കാൻ പോകുന്ന ബഡ്ജറ്റിന്റെ പ്രാധാന്യമെന്താണ്; ബഡ്ജറ്റിന്റെ കാതലായ ഒരു ഭാഗം ഇനി ഇല്ലാതെ പോകുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ, സമ്പദ്ഘടനയുടെ സവിശേഷതകളെ മുൻനിർത്തിക്കൊണ്ട് നികുതി ഘടനയിൽ മാറ്റം വരുത്താനുള്ള, നികുതി ചുമത്താനുള്ള സംസ്ഥാന ഗവൺമെന്റിന്റെ അധികാരമാണ് ഇപ്പോൾ നഷ്ടമാകുന്നത്. ജി.എസ്.ടി. കൗൺസിലിൽ നാലിൽമൂന്ന് ഭൂരിപക്ഷത്തോടുകൂടിവേണം എന്തെങ്കിലും തീരുമാനങ്ങളിൽ മാറ്റം വരുത്തേണ്ടത്. എന്നുപറഞ്ഞാൽ അതിന്റെ അർത്ഥം, ജി.എസ്.ടി. കൗൺസിലിന് ഇക്കാര്യത്തിലെല്ലാം തീരുമാനമെടുക്കാൻ കഴിയുമെന്ന് പറയുന്നത്, പറയുന്നതുപോലെ അത്ര എളുപ്പമല്ലെന്നത് തന്നെയാണ്. ഇവിടെ നഷ്ടപരിഹാരത്തെക്കുറിച്ച് പറയുന്നു. നഷ്ടം വരുന്ന സംസ്ഥാനങ്ങൾക്ക് കേന്ദ്ര സർക്കാർ നഷ്ടപരിഹാരം നൽകുമെന്നാണ് പറയുന്നത്. അപ്പോൾ നഷ്ടം വരുമെന്ന കാര്യത്തിൽ ഇപ്പോൾ തന്നെ തീരുമാനമായിരിക്കുകയാണ്. എന്നാൽ ഇത്തരത്തിലുള്ള വാഗ്ദാനങ്ങൾ എവിടെയെങ്കിലും പാലിക്കപ്പെട്ടിട്ടുണ്ടോയെന്ന ചരിത്രപരമായ പരിശോധന അനിവാര്യമാണ്. കേരളത്തിന്റെ കാര്യത്തിൽ എന്തായാലും പാലിക്കപ്പെട്ടിട്ടില്ല. ഇവിടെ സംസ്ഥാനത്തിന്റെ അധികാര പരിധിയിലായിരുന്ന വിൽപ്പന നികുതിയായിരുന്നു സംസ്ഥാനത്തിന്റെ മുഖ്യവരുമാന സ്രോതസ്സ്. 1970-കളിൽ പാർലമെന്റിലെ ഒരു നിയമ ഭേദഗതിയിലൂടെ വിൽപ്പന നികുതി പട്ടികയിലുള്ള കുറെ ഇനങ്ങളെ അഡീഷണൽ എക്സൈസ് ഡ്യൂട്ടിയുടെ പട്ടികയിലേയ്ക്ക് മാറ്റി. അത് കേന്ദ്രത്തിന്റെ വരുമാന സ്രോതസ്സായി മാറുകയാണ് ചെയ്തത്. ആ ഭേദഗതി വരുന്ന സമയത്ത് പാർലമെന്റ് പ്രക്ഷുബ്ധമാകുകയും അതുമൂലം കേരളത്തിന് കൂടുതൽ നഷ്ടമുണ്ടാകുകയും ചെയ്തു. നഷ്ടപരിഹാരം നൽകുമെന്ന് അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാ ഗാന്ധി പ്രഖ്യാപിച്ചെങ്കിലും നാളിതുവരെ ഒരു രൂപ പോലും നമുക്ക് നഷ്ടപരിഹാരമായി കിട്ടിയിട്ടില്ല. 1970-കളിൽ തന്നെയാണ് കേന്ദ്ര വിൽപ്പന നിയമത്തിന്റെ 5-ാം വകുപ്പ് കേന്ദ്ര സർക്കാർ ഭേദഗതി ചെയ്തത്. കയറ്റുമതി സാധനങ്ങളുടെ അവസാന

ഘട്ടത്തിലെ നികുതി ഒഴിവാക്കുമെന്നതായിരുന്നു പ്രസ്തുത ഭേദഗതി. മലഞ്ചരക്ക് കയറ്റുമതി, സമുദ്രോത്പന്ന കയറ്റുമതി തുടങ്ങിയ രംഗങ്ങളിലെല്ലാം കേരളത്തിന് 230 കോടി രൂപയുടെ നഷ്ടം ആ നടപ്പുവർഷമുണ്ടാകുമെന്നാണ് 1977-ൽ കണക്കാക്കിയത്. അവിടെ നഷ്ടപരിഹാരത്തിന്റെ വാഗ്ദാനമുണ്ടായി. ഒരു രൂപ പോലും നമുക്ക് നഷ്ടപരിഹാരം കിട്ടിയിട്ടില്ല. വാഗ്ദാനങ്ങളെന്നത് പാലിക്കാനുള്ളതല്ലെന്നും അത് തൽക്കാലത്തേയ്ക്കുള്ള പ്രതിഷേധം ശമിപ്പിക്കാനുള്ളതാണെന്നുമാണ് ഇന്ത്യൻ പാർലമെന്റ് നമ്മളെ പഠിപ്പിച്ചിട്ടുള്ളത്. അത് ഈ വാഗ്ദാനഘട്ടത്തിലും നമുക്ക് ഓർക്കാവുന്നതാണ്. പൊള്ളയായ ഒരു മുദ്രാവാക്യമാണ് ഉയർത്തുന്നത്. ഒറ്റ നികുതിയെന്ന് പറയുമ്പോഴും ജി.എസ്.ടി. എന്നുപറയുമ്പോഴും പെട്രോളിയം ഉത്പ്പന്നങ്ങൾക്ക് ജി.എസ്.ടി. ബാധകമാണോ; മദ്യത്തിന് ജി.എസ്.ടി. ബാധകമാണോ; വൈദ്യുതിക്ക് ജി.എസ്.ടി. ബാധകമാണോ; റിയൽ എസ്റ്റേറ്റ് രംഗത്ത് ജി.എസ്.ടി. ബാധകമാണോ; ഇതെല്ലാം കേന്ദ്ര ഗവൺമെന്റിന്റെ താൽപ്പര്യങ്ങളെയാണ് സംരക്ഷിക്കുന്നത്. ഇന്ത്യയിലെ സാധാരണക്കാരുടെ താൽപ്പര്യങ്ങളെയോ സംസ്ഥാന സർക്കാരുകളുടെ താൽപ്പര്യത്തെയോ അല്ല സംരക്ഷിക്കുന്നത്. ഇവിടെ ഏകപക്ഷീയമായ കേന്ദ്ര സർക്കാരിന്റെ അധികാരക്കവർച്ചയുടെ വർത്തമാന വിളിപ്പേർ മാത്രമാണ് ജി.എസ്.ടി-യെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും. എക്സൈസ്-സർവ്വീസ് നികുതികൾ നിർണ്ണയിക്കാനുള്ള കേന്ദ്ര അധികാരം ജി.എസ്.ടി.-യിൽ ലയിപ്പിച്ചുവെങ്കിലും കേന്ദ്രത്തിന് ഇനിയും കസ്റ്റംസ് ഡ്യൂട്ടി പോലുള്ള പരോക്ഷ നികുതികളും പ്രത്യക്ഷ നികുതികളും ഇനിയും ചുമത്താനുള്ള വ്യവസ്ഥയുണ്ട്. എന്നുപറഞ്ഞാൽ ഇനിയും നികുതി ചുമത്താനുള്ള പരിമിതമായ അവകാശം കേന്ദ്ര ഗവൺമെന്റിന് ഇപ്പോഴുമുണ്ട്. സംസ്ഥാന ഗവൺമെന്റുകൾക്ക് അതിനുള്ള അധികാരമില്ല. ജി.എസ്.ടി. കൗൺസിലുകളിലും സംസ്ഥാന ഗവൺമെന്റുകൾക്ക് നേരിയ വർദ്ധന വരുത്തുന്നതിനുള്ള അവകാശമെങ്കിലും ഉണ്ടാകണമെന്ന വാദം കേരളം മുന്നോട്ടുവച്ചപ്പോൾ നിർഭാഗ്യവശാൽ കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങൾപോലും ആ നിർദ്ദേശത്തെ പിന്തുണയ്ക്കാൻ തയ്യാറായില്ല. എന്നുപറഞ്ഞാൽ ഇത്തരത്തിലുള്ള ചർച്ചകൾ ഉയർന്നുവരുന്ന സമയത്ത് സംഘപരിവാറിന്റെ നിലപാടിനോട് യോജിക്കുന്ന സമീപനമാണ് കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളും സ്വീകരിച്ചിട്ടുള്ളതെന്ന് കാണാൻ കഴിയും. ഇവിടെയെല്ലാം നഷ്ടം വരുന്നത് സംസ്ഥാനങ്ങൾക്കാണ്. ജി.എസ്.ടി. വരുന്നതോടെ നേട്ടമുണ്ടാവുമെന്നും വരുമാനം കൂടുമെന്നും വില കുറയുമെന്നുമാണ് പ്രചരണമുണ്ടായത്. എന്നാൽ യാഥാർത്ഥ്യമെന്താണ്? സാങ്കേതിക പദങ്ങളുടെയും ചാർട്ടുകളുടെയും ഗ്രാഫുകളുടെയും ശതമാനക്കണക്കുകളുടെയും ധാരാളിത്തം കൊണ്ട് യാഥാർത്ഥ്യങ്ങളെ മറച്ചുവയ്ക്കാൻ കഴിയില്ല. ഇന്ത്യയിലെ സാധാരാണക്കാരൻ ഇന്ന്

അഭിമുഖീകരിക്കുന്ന യാഥാർത്ഥ്യമെന്താണ്? രാജ്യമെമ്പാടും സാധനങ്ങളുടെ വില വർദ്ധിക്കുകയാണ്. ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റി കൊള്ളലാഭം തടയുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. അതിന്റെ നടപടികൾ ഫലപ്രദമല്ലെന്നുള്ളതിന്റെ തെളിവാണ് ഇപ്പോൾ രൂക്ഷമായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റം. മുന്നൊരുക്കത്തെക്കുറിച്ച് ആ ഘട്ടത്തിലാണ് നമ്മൾ പറയുന്നത്. മുന്നൊരുക്കം ഉണ്ടായിരുന്നെങ്കിൽ ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ കഴിയുമായിരുന്നുവെന്നും ജി.എസ്.ടി. നമ്മുടെ രാജ്യത്തെ ജനങ്ങൾക്ക് ഗുണകരമായി മാറുമായിരുന്നു എന്നുമല്ല എന്റെ വാദം. മുന്നൊരുക്കം ഉണ്ടായിരുന്നെങ്കിൽ ഇങ്ങനെയുള്ള ചില കാര്യങ്ങളിലെങ്കിലും ഒരുപക്ഷെ കുറച്ച് മെച്ചപ്പെട്ട സ്ഥിതി വരുമായിരുന്നിരിക്കാം. ആ മുന്നൊരുക്കങ്ങൾക്കും തയ്യാറായിട്ടില്ല. ഗുജറാത്തിന്റെ മുഖ്യമന്ത്രിയായിരുന്ന സമയത്ത് ശ്രീ. നരേന്ദ്ര മോദിക്ക് ജി.എസ്.ടി. അസ്വീകാര്യവും പ്രധാനമന്ത്രിയായപ്പോൾ ജി.എസ്.ടി. സ്വീകാര്യമാവുകയുമാണുണ്ടായത്. പ്രധാനമന്ത്രിയായപ്പോൾ ജി.എസ്.ടി. സ്വീകാര്യമായതിന്റെ പിന്നിലുള്ള യാഥാർത്ഥ്യം തിരിച്ചറിയാൻ വൈകേണ്ടതിന്റെ കാര്യമില്ല. ഇവിടെ നമ്മുടെ മുന്നിൽ യാഥാർത്ഥ്യമായി നിൽക്കുന്നത് ജി.എസ്.ടി. വന്നതിനുശേഷം കേരളത്തിനെ ഇതെങ്ങനെയാണ് ബാധിക്കുന്നത് എന്നതാണ്. നമ്മുടെ പൈതൃക സ്വത്താണ് ആയുർവ്വേദം. കേരളത്തിലെ ആയുർവ്വേദ ഔഷധങ്ങളും ചികിത്സയും ലോകമെമ്പാടും പ്രസിദ്ധമാണ്. രണ്ട് ശതമാനം എക്സൈസ് ഡ്യൂട്ടിയും അഞ്ച് ശതമാനം വാറ്റും ചേർന്ന് ഏഴ് ശതമാനമായിരുന്ന നികുതി ജി.എസ്.ടി. വന്നതിനുശേഷം 12 ശതമാനമായി മാറി. എത്ര വലിയ വിലവർദ്ധനവാണ് ആയുർവ്വേദ ഔഷധങ്ങൾക്കുണ്ടാവുക. 680 ആയുർവ്വേദ മരുന്ന് നിർമ്മാണശാലകളും അവിടങ്ങളിൽ ഒരു ലക്ഷം തൊഴിലാളികളും ജോലി ചെയ്യുന്നു. ആയിരം കോടി രൂപ വിറ്റുവരവുള്ളതാണ് കേരളത്തിലെ ആയുർവ്വേദ ഔഷധ നിർമ്മാണ മേഖല. അതിനെ ജി.എസ്.ടി. എങ്ങനെയാണ് ബാധിക്കാൻ പോകുന്നത്. ഈ യാഥാർത്ഥ്യം നമ്മുടെ മുന്നിൽ നിൽക്കുമ്പോൾതന്നെ ബാബാ രാംദേവിന്റെ ആയുർവ്വേദ മരുന്നുകൾക്ക് പ്രത്യേക ഇളവുമുണ്ട്. അതാണ് സംഘപരിവാർ. തങ്ങളുടെ നിക്ഷിപ്ത താൽപ്പര്യങ്ങളെ സംരക്ഷിച്ചുകൊണ്ടാണ് എല്ലാ നിയമങ്ങളും നീക്കങ്ങളും നടത്തുന്നതെന്ന് നാം മനസ്സിലാക്കണം. തീവണ്ടികളിൽ നിന്നും ലഭിക്കുന്ന ഭക്ഷണത്തിന് ഇപ്പോൾ നികുതി ഉണ്ടായിരുന്നില്ല. ജി.എസ്.ടി. വരുമ്പോൾ 12 ശതമാനം നികുതി ചുമത്തപ്പെടുകയാണ്. റെയിൽവേ സ്റ്റേഷനുകളിലെ വാഹന പാർക്കിംഗ്, വിശ്രമമുറിയുടെ വാടക, പാഴ്സൽ ചാർജ്, പാഴ്സൽ സൂക്ഷിക്കാനുള്ള ചാർജ്, ഉയർന്ന ക്ലാസ്സിലേയ്ക്കുള്ള ടിക്കറ്റ് നിരക്കിൽപ്പോലും വർദ്ധനവ് നേരിടേണ്ടി വരുമെന്നാണ് ഇപ്പോൾ വിലയിരുത്തപ്പെടുന്നത്. ചെന്നൈയിൽ നിന്നുള്ള റിപ്പോർട്ടനുസരിച്ച്

ക്യാനിൽ അടച്ച 20 ലിറ്ററിന്റെ കുടിവെള്ളത്തിന് മുപ്പതു മുതൽ മുപ്പത്തയഞ്ചു രൂപവരെ ആയിരുന്നത് ഇപ്പോൾ നാൽപ്പതു മുതൽ നാൽപ്പത്തിയാറ് രൂപ വരെയായി വർദ്ധിച്ചിരിക്കുകയാണ്. നിർമ്മാണം പൂർത്തിയായ ഫ്ലാറ്റുകളുടെ വില വൻതോതിൽ വർദ്ധിച്ചതായിട്ടാണ് മുംബൈയിൽ നിന്നുള്ള വാർത്തകൾ സൂചിപ്പിക്കുന്നത്. നമ്മുടെ നാട്ടിൽ സുപരിചിതമായിട്ടുള്ള ഇന്ത്യൻ കോഫി ഹൗസ് അടച്ചുപൂട്ടാൻ പോകുകയാണ്. ജി.എസ്.ടി.-യുടെ കേരളത്തിലെ പ്രഥമ സംഭാവന ഇന്ത്യൻ കോഫി ഹൗസിന് താഴ് വീഴുക എന്നതായിരിക്കും. ഒരൊറ്റ യൂണിറ്റായി കണക്കാക്കുന്നതുകൊണ്ടാണ് അത്. ചെറുകിട വ്യവസായ സംരംഭങ്ങളെ എന്നെന്നേയ്ക്കുമായി അവസാനിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ നയമെന്ന് നാം കാണേണ്ടതായിട്ടുണ്ട്. അസ്വീകാര്യമായ ഒരു യാഥാർത്ഥ്യമായി ജി.എസ്.ടി. നമ്മുടെ മുന്നിൽ നിൽക്കുകയാണ്, അംഗീകരിക്കാനാവാത്തതാണ്, അസ്വീകാര്യമാണ്, ദയാരഹിതമായി എതിർക്കേണ്ടതാണ്, പക്ഷേ അത് യാഥാർത്ഥ്യമായി. അതാണ് ഇപ്പോഴത്തെ സ്ഥിതി. സംസ്ഥാനങ്ങളുടെ അധികാരങ്ങളെ കവർന്നെടുത്തു കൊണ്ടുള്ള ഇന്ത്യൻ ജനാധിപത്യ സങ്കൽപ്പങ്ങളോട് നീതി പുലർത്താത്ത പരിഷ്കാരമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന ജനങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണിത്. ഈ യാഥാർത്ഥ്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടുതന്നെ നമുക്ക് ഒരിക്കലും പിന്തുണയ്ക്കാനാകാത്ത അസ്വീകാര്യമായ നയവും പരിഷ്കാരവുമാണിതെന്ന് തിരിച്ചറിയുകയും ഈ നീക്കത്തിന് നേതൃത്വം കൊടുത്ത ഗവൺമെന്റിന്റെയും സംഘപരിവാറിന്റെയും നിക്ഷിപ്തമായ രാഷ്ട്രീയ താൽപ്പര്യങ്ങളെയും ഹിഡൻ അജണ്ടയേയും മനസ്സിലാക്കി നിലപാട് സ്വീകരിക്കേണ്ടതുണ്ട്, ചെറുത്തു നിൽക്കേണ്ടതുണ്ട് എന്ന അഭിപ്രായം ഈ ചർച്ചയുടെ ഭാഗമായി രേഖപ്പെടുത്തുകയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇന്ന് സഭയിൽ ഉയർന്നുവന്ന പൊതുവായ വികാരങ്ങളിലൊന്ന് വേണ്ടത്ര മുന്നൊരുക്കമില്ലാതെയാണ് ഈ നിയമം നടപ്പിലാക്കിയതെന്നതാണ്. ഈ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഒരേ രീതിയാണ് പിന്തുടർന്നത്. ഈ നിയമം ഒരു ഓർഡിനൻസായി കൊണ്ടുവന്നതിനെതിരെ ശക്തമായ പ്രതിഷേധം ഞങ്ങൾ രേഖപ്പെടുത്തുകയാണ്. ഇവിടെ ഉയർന്നുവന്ന അഭിപ്രായങ്ങൾ ക്രോഡീകരിച്ചുകൊണ്ട് ഈ സഭയിൽ തന്നെ ഇതൊരു ആക്ടായി പാസ്സാക്കിയിരുന്നുവെങ്കിൽ വ്യത്യസ്തമായ മറ്റൊരു സാഹചര്യമുണ്ടാകുമായിരുന്നു. ഇവിടെ ഇന്ന് ചൂണ്ടിക്കാണിച്ച എല്ലാ അവ്യക്തതകളുടെയും അടിസ്ഥാനം വേണ്ടത്ര ചർച്ചകളില്ലാതെ ഇതൊരു ഓർഡിനൻസായി കൊണ്ടുവന്നു എന്നുള്ളതുതന്നെയാണ്. അതുപോലെ മറ്റൊരു അഭിപ്രായം വന്നത് സാധനങ്ങളുടെ വില കുറയുമെന്നും സാധാരണക്കാരന്റെ

ജീവിതം സുഗമമാകും എന്നുള്ളതുമായിരുന്നു. അത് അസ്ഥാനത്താണെന്നത് ഈ ഒരു മാസം പിന്നിട്ട് കഴിയുമ്പോൾ നമുക്ക് വ്യക്തമാകുന്ന ഒന്നാണ്. ഇവിടെ എല്ലാ മേഖലയിലും വിലവർദ്ധനവുണ്ടായിട്ടുണ്ട്. സേവന മേഖലകളിലടക്കം വലിയൊരു വർദ്ധനവ് നമുക്ക് കാണാൻ കഴിയും. സാധാരണക്കാരനെ സംബന്ധിച്ച്, മൊബൈൽ റീചാർജിംഗ് സേവനങ്ങൾ, ഇന്റർനെറ്റ് സേവനങ്ങൾ, നിത്യോപയോഗ സാധനങ്ങൾ തുടങ്ങി എല്ലാ മേഖലകളിലും വില വർദ്ധനവുണ്ടാകും. രൂക്ഷമായ വിലക്കയറ്റം നമ്മുടെ രാജ്യം അഭിമുഖീകരിക്കാൻ പോകുകയാണ്. ഏറ്റവും ഒടുവിൽ കാണാൻ കഴിഞ്ഞത് ചികിത്സാരംഗത്തുണ്ടായ വർദ്ധനവാണ്. ഇതും സാധാരാണക്കാരനെ ബാധിക്കുന്ന പ്രശ്നമായി മാറുകയാണ്. സർജറി ഉൾപ്പെടെയുള്ള സേവനങ്ങൾക്ക് വലിയ രീതിയിലുള്ള ഫീസ് ഈടാക്കേണ്ടിവരുന്ന സമീപനത്തിലേയ്ക്ക് ആശുപത്രികൾ എത്തിച്ചേർന്നിരിക്കുകയാണ്. കോഴിയിറച്ചിയുടെ വില വർദ്ധിച്ചുവെന്നുള്ളതാണ് ജി.എസ്.ടി. നടപ്പിലായപ്പോൾ ആദ്യം ഉയർന്നുവന്ന ഒരു വിവാദം. കോഴിയിറച്ചിയുടെ വില കുറയ്ക്കുന്നതിന് നിശ്ചിത വില ഗവൺമെന്റ് നിശ്ചയിച്ചപ്പോൾ അത് നടപ്പിലാക്കാൻ വ്യാപാരികൾ തയ്യാറാകുന്നില്ല. അതിന് അദ്ദേഹം ഒരു അഭിമുഖത്തിൽ പറഞ്ഞത് ഒരു വലിയ ലോബിയാണ് ഇതിനു പിന്നിൽ പ്രവർത്തിക്കുന്നതെന്നായിരുന്നു. തമിഴ്നാട് ലോബിക്ക് അനുസൃതമായിട്ടാണ് ഇവിടുത്തെ വ്യാപാരികൾ പ്രവർത്തിക്കുന്നത്. അവർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഇതിന് മറുതന്ത്രമായി നമ്മുടെ സംസ്ഥാനത്തെ ഇറച്ചി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തമാക്കാൻ വേണ്ടി ശ്രമിക്കുന്നത് സ്വാഗതാർഹമായ കാര്യം തന്നെയാണ്. പക്ഷേ ഏതെല്ലാം കാര്യങ്ങളിൽ ഇതുപോലെ ഗവൺമെന്റിന് ഇടപെടാൻ കഴിയുമെന്നുള്ളത് നാം ചിന്തിക്കണം. ഈ കാര്യത്തിൽ വലിയൊരു പരിമിതി ഗവൺമെന്റിനുണ്ട്. വൻകിട കോർപ്പറേറ്റുകൾക്കാണ് ഇതിന്റെ വലിയ ഗുണം കിട്ടിക്കൊണ്ടിരിക്കുന്നത്. എം.ആർ.പി-യേക്കാൾ കൂടുതൽ വിലയെടുത്താൽ നമുക്ക് നടപടിയെടുക്കാൻ കഴിയും. എന്നാൽ എം.ആർ.പി-യിൽ കൂടിയ വില രേഖപ്പെടുത്തിയാൽ ഒന്നും ചെയ്യാൻ കഴിയാത്ത നിസ്സഹായമായ ഒരു സാഹചര്യം ഇന്ന് നമ്മുടെ മുന്നിലുണ്ട്. ഇവിടെ പറയുന്നത് സംസ്ഥാന സർക്കാരിന്റെ വരുമാനം വർദ്ധിക്കുമെന്നാണ്. അതൊരു സംസ്ഥാനമെന്ന നിലയിൽ നമുക്ക് സ്വീകാര്യവും പ്രതീക്ഷയ്ക്ക് വക നൽകുന്ന ഒന്നുമാണ്. ഭാവിയിൽ ഇത് ഏത് രൂപത്തിൽ സംസ്ഥാനത്തെ ബാധിക്കുമെന്നത് സംബന്ധിച്ച് ആധികാരികമായി പറയുവാൻ നമുക്കാർക്കും സാധിക്കില്ല. സർക്കാരിന്റെ വരുമാനം വർദ്ധിക്കുമെന്ന് പറയുമ്പോൾ ആ നാണയത്തിന്റെ അടുത്ത വശമായ ജനങ്ങൾക്ക് ന്യായമായ നിലയിൽ ഈ നികുതിയിളവിന്റെ ഗുണങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സർക്കാരിന് സാധിക്കണമെന്നാണ് പറയാനുള്ളത്. ഉപഭോക്താക്കൾ കേരളത്തിൽ മാത്രമല്ല

ഇന്ത്യയിലും ലോകത്തെമ്പാടും അസംഘടിതരായി നിൽക്കുന്ന ഒരു വിഭാഗമാണ്. ആ ഉപഭോക്താക്കളാണ് ഏറ്റവും വലിയ ചൂഷണത്തിന് ഇന്ന് ഇരയായിക്കൊണ്ടിരിക്കുന്നത്. നികുതി കുറയുന്നതിന്റെ ഗുണം സാധാരണക്കാരന് ലഭിക്കാതെ വരുമ്പോൾ അമിത ലാഭമെടുക്കുന്ന സാഹചര്യങ്ങളെ നേരിടാൻ കഴിയണം. അതോറിറ്റി, സംസ്ഥാന തലങ്ങളിൽ സ്ക്രീനിംഗ് കമ്മിറ്റികൾ എന്നിവ രൂപീകരിക്കുക തുടങ്ങിയ വിഷയങ്ങൾ ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്. പക്ഷേ സ്ക്രീനിംഗ് കമ്മിറ്റിയിലേയ്ക്ക് പരാതി കൊടുക്കാൻ പോകുന്ന ഒരു ഉപഭോക്താവ് രേഖകൾ സഹിതം ഹാജരാക്കണം. രേഖ എന്നുപറയുന്നത് ഒരു ബില്ലായിരിക്കാം. അതിൽക്കൂടുതൽ രേഖകൾ ഒരു സാധാരണ ഉപഭോക്താവിന് പ്രാപ്യമായിരിക്കില്ല. അവിടെ എത്രമാത്രം ഒരു ബിൽ വച്ച് ഈ എം.എൻ.സി.-യ്ക്കെതിരെ പരാതിയുമായി പോകാൻ ഉപഭോക്താവിന് കഴിയുമെന്നത് നമ്മൾ ചിന്തിക്കേണ്ടതാണ്. പരാതി തീർപ്പാക്കാൻ ലളിതമായൊരു സംവിധാനം തീർച്ചയായും നമുക്ക് ഉണ്ടാകേണ്ടതുണ്ട്. ഈ പരാതി പരിഹാര സംവിധാനങ്ങൾ നീണ്ടുപോകുന്ന പ്രക്രിയയാകരുത്. പരാതികൾ പരിഹരിക്കുന്നതിനായി ഇപ്പോൾ നിലവിലുള്ള ഏതെങ്കിലുമൊരു അതോറിറ്റിക്ക് അധികാരങ്ങൾ എംപവർ ചെയ്യാമെന്നൊരു പ്രൊവിഷൻ ഈ നിയമത്തിൽത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ളത്, പ്രത്യേകമായ സ്ക്രീനിംഗ് കമ്മിറ്റികളിലേയ്ക്കോ അതോറിറ്റികളിലേയ്ക്കോ പോകാതെ എൻ.എഫ്.എസ്.എ. പ്രകാരം ഇപ്പോൾ രാജ്യത്തൊട്ടാകെ എല്ലാ സംസ്ഥാനങ്ങളിലും ജില്ലകളിലും പരാതി പരിഹാര അതോറിറ്റികൾ നിലവിൽ വന്നിട്ടുണ്ട്. ഉപഭോക്താക്കൾക്ക് ആ അതോറിറ്റികളെ സമീപിക്കാനുള്ള അവസരങ്ങളും സാഹചര്യങ്ങളുമൊരുക്കിയാൽ കൂടുതൽ ലളിതമായി വിഷയങ്ങൾ പരിഹരിക്കാനും ശക്തവും സ്വതന്ത്രവുമായ അതോറിറ്റികളായി അവയെ മാറ്റിയെടുക്കാനും കഴിയുമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏതായാലും ഈ വിഷയത്തിൽ പൊതുവായ ചർച്ചയുണ്ടാകാതെ ഒരു നിയമനിർമ്മാണത്തിലേയ്ക്ക്, ഓർഡിനൻസ് എന്ന നിലയിലേയ്ക്ക് പോയതിൽ ശക്തമായ പ്രതിഷേധം ഞാൻ ഇവിടെ രേഖപ്പെടുത്തുന്നു.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ജി.എസ്.ടി.-യെ സംബന്ധിച്ച് വളരെ വിശദമായ ചർച്ചകൾ ഇവിടെ നടത്തിക്കഴിഞ്ഞു. ഇതിന്റെ പിതൃത്വത്തെ സംബന്ധിച്ചും കോൺഗ്രസ് നിലപാട് സംബന്ധിച്ചും ഒരു സ്റ്റേറ്റുമെന്റ് നടത്തുമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് രാവിലെ പറഞ്ഞത്. 2006-07-ലെ കേന്ദ്ര ബഡ്ജറ്റിലാണ് ആദ്യമായി ജി.എസ്.ടി.-യെ സംബന്ധിച്ച

നിർദ്ദേശം സമർപ്പിച്ചത്. അതുകൊണ്ട് അതിന്റെ പിതൃത്വത്തെ സംബന്ധിച്ച് വേറെയെങ്ങും അന്വേഷിച്ച പോകേണ്ടതില്ലെന്ന അഭിപ്രായമാണ് സൂചിപ്പിക്കാനുള്ളത്. ഇതിനെ സംബന്ധിച്ച് രാജ്യത്ത് ഉയർന്നുവന്ന നിരവധി പ്രശ്നങ്ങളുണ്ട്. ഇടതുപക്ഷ പാർട്ടികൾ വളരെ വ്യക്തമായി ഇതിന്റെ പോരായ്മകൾ പ്രതിപാദിച്ചുവെന്ന് മാത്രമല്ല, The Central Committee of the CPI(M) expresses its deep concern at the adverse impact of the Goods and Services Tax (GST). The GST has put new burdens on the common people, small and tiny enterprises, traders and unorganized sector occupations. Textiles, beedi, pharmaceuticals, construction, transport, tailoring, small newspapers, matches and fireworks അങ്ങനെ കൃഷിയടക്കം സമൂഹത്തിലെ ചെറുകിട മേഖലകളെ എങ്ങനെയെല്ലാം പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ആധികാരികമായി പറഞ്ഞത് സി.പി.ഐ.(എം.) സെൻട്രൽ കമ്മിറ്റിയാണ്. ഇതുസംബന്ധിച്ച് ഇനി നമുക്കെന്ത് ചെയ്യാൻ കഴിയുമെന്നുള്ള ആശങ്കകളാണ് ഇവിടെ വന്നിട്ടുള്ളത്. പക്ഷേ ജി.എസ്.ടി. കൗൺസിലിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടത്തിയ പോരാട്ടങ്ങളുണ്ട്. കയർ, കശുവണ്ടി എന്നിവയുടെ നിരക്ക് 5 ശതമാനമാക്കി നിശ്ചയിക്കാൻ കഴിഞ്ഞത്, ലോട്ടറിയുടെ 5 ശതമാനം 12 ശതമാനമാക്കി ഉയർത്താനെടുത്ത തീരുമാനം എന്നിവയൊക്കെ ധനകാര്യ വകുപ്പുമന്ത്രി നടത്തിയ നല്ല പരിശ്രമങ്ങളുടെ ഭാഗമാണ്.

ബി.ജെ.പി. കോൺഗ്രസ് നയിച്ച പാതയിലൂടെയാണ് പോയത്. ഇതിന്റെ അടിസ്ഥാനം മനുസ്മൃതി തന്നെയാണ്. മനുസ്മൃതിയിൽ ഒരു രാജാവിന് രാജ്യത്തെ നികുതി നിശ്ചയിക്കാൻ സമ്പൂർണ്ണ അധികാരമാണുള്ളത്. കേന്ദ്രത്തിന് എല്ലാ നികുതികളും തീരുമാനിക്കാനുള്ള അധികാരം കൊടുത്തിരിക്കുന്നു എന്നതാണ് മനുസ്മൃതിയെ ആസ്പദമാക്കി ഇവിടെ സൂചിപ്പിച്ചിട്ടുള്ള പ്രധാനപ്പെട്ട കാര്യം. അതോടൊപ്പം തന്നെയാണ് ആധുനിക നികുതി നിർണ്ണയ കാര്യങ്ങളിൽ, കൗടില്യന്റെ മാർഗ്ഗങ്ങൾ, ഉള്ളവനിൽ നിന്നെടുത്ത് പാവപ്പെട്ടവന് കൊടുക്കുക എന്ന നയം. അത് സ്വീകരിക്കാൻ ജി.എസ്.ടി.-യുടെ കാര്യത്തിൽ നമുക്ക് കഴിഞ്ഞില്ല. കാരണം വൻകിടക്കാർക്ക് ഏതാണ്ട് ഒരു ലക്ഷം കോടി രൂപയിലധികം നേട്ടം ഇപ്പോൾത്തന്നെ കണ്ടെത്താൻ കഴിയും. വൻകിട വ്യാപാരികളുടെ കാര്യത്തിൽ കോൺഗ്രസ് എടുത്ത സമീപനവും ഇതുതന്നെയാണ്. വൻകിട മാളുകളെ ഇന്ത്യയിലേയ്ക്ക് പ്രതിഷ്ഠിക്കാൻ നേരിട്ട് നേതൃത്വം കൊടുക്കുകയാണ് അവർ ചെയ്തത്. അതുവഴി ധാരാളം ചെറുകിട കച്ചവടക്കാർ, ഡോ. എൻ. ജയരാജ് അത് സൂചിപ്പിച്ചു. ചെറുകിട സ്വർണ്ണപ്പണിക്കാർ ഇന്ന് നാമമാത്രമായി, അല്ലെങ്കിൽ ഇല്ല എന്നുതന്നെ പറയാം. അവിടേയ്ക്ക് കാര്യങ്ങൾ

എത്തിച്ചു. ഒരു പരിഷ്കൃത രാജ്യത്ത് നടപ്പാക്കുന്ന കാര്യങ്ങൾ ലോകത്തെ രണ്ടാം ജനസംഖ്യയുള്ള രാജ്യത്ത് നടപ്പാക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളാണ് അതുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിക്കാൻ കഴിയുന്നത്. ഇവിടെ വൻകിടക്കാരുടെ നേട്ടം മാത്രമല്ല, ചില സംസ്ഥാനങ്ങളുടെ നേട്ടം കൂടിയുണ്ട്. ആന്ധ്രയാണെങ്കിലും തെലുങ്കാനയാണെങ്കിലും സിമന്റ് വഴിയുണ്ടാകുന്ന നേട്ടം പ്രധാനമായും ആ സംസ്ഥാനങ്ങൾക്കുള്ള നേട്ടമായി മാറുന്നു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇവിടെ ചർച്ച ചെയ്തതു പോലെതന്നെ ഭരണഘടന വിഭാവന ചെയ്യുന്ന ശക്തമായ കേന്ദ്രം, ശക്തമായ സംസ്ഥാനം, ശ്രീ. എം. സ്വരാജ് അടക്കമുള്ളവർ അതുസംബന്ധിച്ച് ചർച്ച നടത്തിയതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. അങ്ങനെയുള്ള ഒരു ഫെഡറൽ സംവിധാനത്തിന് തുരങ്കം വയ്ക്കുന്ന ഒരു സമീപനമായി ഇത് മാറിയെന്നുള്ളത് ഏറ്റവും ദൗർഭാഗ്യകരമായ കാര്യം തന്നെയാണെന്ന് എടുത്തു പറയാതിരിക്കാൻ കഴിയില്ല. ഇന്നത്തെ കണക്കനുസരിച്ച് പ്രതിവർഷം 5,000, 8,000 കോടി രൂപയുടെ നഷ്ടമാണ് നമുക്കുണ്ടാകുന്നത്. രാവിലെ ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ ചോദിച്ചു, ശ്രീ. കെ. സുരേഷ് കുറുപ്പ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ച ഒരു പ്രധാനപ്പെട്ട പ്രശ്നം, കേരളത്തിലെ കാർഷിക ഉൽപ്പന്നങ്ങൾക്ക് വലിയ വിലയിടിവുണ്ടാകുമ്പോൾ നമ്മുടെ സംസ്ഥാന ഗവൺമെന്റ് ടാക്സ് കുറച്ചു കൊടുക്കും. പല ഘട്ടങ്ങളിലും കൊടുത്തിട്ടുണ്ട്. റബ്ബർ അതിനൊരു ഉദാഹരണമാണ്. പക്ഷേ ഇനി നികുതി ഘടനയിൽ അത്തരമൊരു കുറവ് വരുത്തണമെങ്കിൽ നാലിൽമൂന്ന് ഭൂരിപക്ഷത്തോടുകൂടി ജി.എസ്.ടി. കൗൺസിൽ പാസ്സാക്കണം. ഇപ്പോഴത്തെ ഇന്ത്യൻ രാഷ്ട്രീയ പശ്ചാത്തലത്തിൽ അത്തരത്തിലുള്ളൊരു ഡിമാന്റ് അംഗീകരിക്കപ്പെടുമോ; വളരെ സങ്കീർണ്ണമായ ഒരു പ്രശ്നത്തിലേയ്ക്ക് കേരളത്തിലെ കാർഷികരംഗം പോകുന്നു. ഇതിന് പരിഹാരം കാണാനാവശ്യമായ നിർദ്ദേശങ്ങൾ തീർച്ചയായും ജി.എസ്.ടി. കൗൺസിലിൽ ഉണ്ടാകണം. അതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നല്ലൊരു പ്രവർത്തനം നടത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ചെറുകിട കച്ചവടക്കാർ നേരിടുന്ന പ്രശ്നങ്ങളാണ് ഇവിടെ എല്ലാപേരും പ്രതിപാദിച്ചത്. അവരുടെ പ്രശ്നങ്ങൾ ഇവിടെ ചർച്ച ചെയ്തതു മാത്രമല്ല. ഇതിനെ സംബന്ധിച്ചിടത്തോളം ഏകദേശം നാൽപ്പത്തിയേഴ് റിട്ടേണുകൾ കൊടുക്കണം. 37 റിട്ടേണുകൾ കൊടുക്കണമെന്ന് ചിലർ പറയുന്നു. അങ്ങനെ റിട്ടേണുകൾ കൊടുക്കാൻ അവർക്കെല്ലാം ചാർട്ടേഡ് അക്കൗണ്ടന്റുമാരെ ആശ്രയിക്കേണ്ടിവരും. ചാർട്ടേഡ് അക്കൗണ്ടന്റുമാരുടെയും നികുതി കൺസൾട്ടന്റുമാരുടെയും ഇപ്പോഴത്തെ കൺസൾട്ടിംഗ് ഫീസ് 15 ശതമാനം വർദ്ധിച്ചിരിക്കുകയാണ്. ഒരു പ്രാഥമിക

കണക്ക് വരുമ്പോൾത്തന്നെ 15,000 കോടിയിലേറെ രൂപയുടെ വരുമാനം ചാർട്ടേഡ് അക്കൗണ്ടന്റുമാർക്ക് പോകും. പ്രധാനമായും പോകുന്നത് ചെറുകിടക്കാരുടെ കയ്യിൽനിന്നുമാകും എന്നുള്ളതാണ് യാഥാർത്ഥ്യം. കാരണം വൻകിടക്കാർക്കെല്ലാം സ്ഥിരം സംവിധാനങ്ങളുണ്ട്. ചെറുകിടക്കാർ നേരിടുന്ന ഇത്തരം ഗുരുതര പ്രശ്നങ്ങൾ പരിഹരിക്കാൻ നമുക്ക് കഴിയണം. കെട്ടിടങ്ങളുടെമേൽ വന്നിരിക്കുന്ന 12 ശതമാനം ടാക്സ്. അതോടൊപ്പംതന്നെ സാനിറ്ററി നാപ്കിനെപ്പോലും ആഡംബര വസ്തുക്കളുടെ പട്ടികയിൽ ഉൾപ്പെടുത്തിയതിനെ സംബന്ധിച്ച് വലിയ ചർച്ചകൾ നമ്മുടെ രാജ്യത്ത് ഉയർന്നുകഴിഞ്ഞു. സിന്തറ്റിക്ക് യാണിനുണ്ടായിട്ടുള്ള 18 ശതമാനം വർദ്ധനവ് സ്ത്രീകൾ ധരിക്കുന്ന സാരികളുടെ വിലയെയും ബാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ജി.എസ്.ടി.-യുടെ കാര്യത്തിൽ ഇപ്പോൾ ലോകത്തിൽ ഏറ്റവും കൂടുതൽ നികുതിയുള്ള രാജ്യമായി നമ്മുടെ രാജ്യം മാറിയിരിക്കുകയാണ്. യു.കെ.-യിലും ഫ്രാൻസിലും 20 ശതമാനം ടാക്സാണുള്ളതെങ്കിൽ നമ്മുടെ ടാക്സ് 28 ശതമാനമാണ് എന്നതുസംബന്ധിച്ച് തീർച്ചയായും വളരെ ഗൗരവമായ ചർച്ചകൾ ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഇന്ന് വലിയൊരു ശതമാനം ആളുകൾ ഓൺലൈൻ ബിസിനസ്സ് രംഗത്ത് വന്നിട്ടുണ്ട്. പക്ഷേ ഓൺലൈൻ വ്യാപാരത്തിന് നികുതിയില്ല. ഓൺലൈനിൽ വാങ്ങാൻ കഴിയുന്ന ആമസോണിന്റേയും മറ്റും സാധനങ്ങളൊക്കെ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെടുന്നു. ആ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് ഇപ്പോഴും ഒരു പ്രധാനപ്പെട്ട പ്രശ്നമായി അവശേഷിക്കുകയാണ്. അതുപോലുള്ള പോരായ്മകൾ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതിന് മുൻകൂട്ടിയുള്ള ഒരുക്കങ്ങൾ ഉണ്ടാകണം. ആസ്ട്രേലിയയിൽ നടത്തിയ ഒരു വർഷക്കാലത്തെ ഒരുക്കങ്ങളെക്കുറിച്ച് ഇവിടെ ശ്രീ. കെ. സുരേഷ് കുറുപ്പ് സൂചിപ്പിക്കുകയുണ്ടായി, അത് ചെറിയ കാര്യമല്ല. അത്തരം ഒരുക്കങ്ങൾ ഉണ്ടാകണം, ഒരുക്കങ്ങൾ ഉണ്ടാകാത്തതുകൊണ്ട് ഇനി 5 വർഷം പ്രശ്നങ്ങൾ ഉണ്ടാകുമെന്നാണ് കേന്ദ്ര ധനകാര്യമന്ത്രി പറഞ്ഞത്. ചെറുകിടക്കാർക്ക് രണ്ടുമാസം കൊടുത്തു. അത് കുറച്ചുകൂടി വർദ്ധിപ്പിക്കുമെന്ന് പറഞ്ഞു. പക്ഷേ വരുന്ന 5 വർഷക്കാലം അതിന്റെ പ്രതിഫലനമുണ്ടാകും. നോട്ട് പിൻവലിക്കൽ നടന്നപ്പോൾ ഉണ്ടായ പ്രതിഫലനങ്ങളാണ് ഇന്ന് രാജ്യത്തെ കൃഷിക്കാരുടെ നെഞ്ചിൽ ഏൽക്കുന്ന വെടിയുണ്ടകൾ. ബി.ജെ.പി.-ക്ക് വോട്ട് ചെയ്ത് കൃഷിക്കാർ ഉൾപ്പെടെയുള്ളവരുടെ നെഞ്ചിലാണ് വെടിയുണ്ട ഏൽക്കുന്നത്. നമ്മുടെ രാജ്യത്തെ സാധാരണക്കാർക്ക് താങ്ങാൻ കഴിയുന്നതിലും വലിയ ഭാരം അവർ ഇന്ന് അനുഭവിക്കുന്നു. അതിന്റെ ധാരാളം ഉദാഹരണങ്ങൾ ഇവിടെ ചൂണ്ടിക്കാട്ടി, അതുകൊണ്ട് ഇക്കാര്യത്തിൽ

വലിയ സമീപനമുണ്ടാകണം. കപ്പൽ നീറ്റിലിറക്കിയശേഷം പെയിന്റടിക്കുന്നതു പോലെയോ, ഉടുപ്പ് ദേഹത്ത് ഇട്ടശേഷം ഇസ്തിരിയിടുന്നതുപോലെയോ ഉള്ള ഒരു സമീപനമായിപ്പോയി ദൗർഭാഗ്യവശാൽ ഈ കാര്യങ്ങളിൽ വന്നതെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ട് എവിടെയൊക്കെയാണോ പരിഷ്കാരങ്ങൾ വരുത്തേണ്ടത് അവിടെയൊക്കെ കാലോചിതമായ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അത്തരം പരിഷ്കാരങ്ങൾ ഉണ്ടാകണം. ഇപ്പോൾ ഇത് നടപ്പാക്കിയിട്ട് കുറച്ച് മാസങ്ങളായി. നടപ്പിലാക്കിക്കഴിഞ്ഞപ്പോഴുണ്ടായ അനുഭവങ്ങൾ ജി.എസ്.ടി. കൗൺസിൽ ശ്രദ്ധയോടെ പരിശോധിച്ചുകൊണ്ട് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

ആളുകൾ കൊള്ളലാഭം എടുക്കുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. കച്ചവടക്കാർ പറയുന്നത് ജി.എസ്.ടി. വന്നു കഴിയുമ്പോൾ അവർക്കത് എങ്ങനെ മടക്കിക്കിട്ടുമെന്നറിയില്ല എന്നാണ്. അതുകൊണ്ട് 400 രൂപയുള്ള ഒരു പെയിന്റിന് അവർ 28 % വർദ്ധനവ് വാങ്ങുകയാണ്. അതുപോലെ ഉൽപ്പന്നങ്ങൾക്ക് വർദ്ധിച്ച വില വാങ്ങുന്നു എന്നത് പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. വിലകുറച്ച് കൊടുത്താൽ മടക്കിക്കിട്ടുന്നത് ചെറുകിട കച്ചവടക്കാർക്കാണോ ഉൽപ്പാദകർക്കാണോ എന്നത് വ്യക്തമല്ല. അവ്യക്തമായ ധാരാളം കാര്യങ്ങളുണ്ട്. സാധാരണ ഉപഭോക്താക്കൾ കൊള്ളയടിക്കപ്പെടാൻ പാടില്ല. അവർ കൊള്ളയടിക്കപ്പെടുന്നു എന്നുള്ളതാണ് ഇന്നുള്ള പ്രധാനപ്പെട്ട ഒരു വസ്തുത. അതോടൊപ്പംതന്നെ ജി.എസ്.ടി.-യിലൂടെ പിരിച്ചെടുക്കുന്ന പണം കൃത്യമായി ഗവൺമെന്റിന് ലഭിക്കണം. അതുപോലെ ബിൽ വാങ്ങുക എന്നൊരു സംസ്കാരം കേരളത്തിലും ഇന്ത്യയിലുമില്ല. ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ബില്ലുണ്ട്, ബിൽ വാങ്ങാത്ത സംസ്കാരമുള്ളത് ഇന്ത്യയിൽ മാത്രമാണ്. അതുകൊണ്ട് ഇതിലെ പോരായ്മകൾ പരിഹരിക്കണം. അശാസ്ത്രീയമായി ജി.എസ്.ടി നടപ്പിലാക്കിയ കാര്യത്തിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രസ്താവനയും നമ്മൾ വായിച്ച് മനസ്സിലാക്കിയതുമനുസരിച്ച് നോക്കുമ്പോൾ ഈ ചർച്ചകൊണ്ട് എന്തെങ്കിലും ഗുണമുണ്ടോ? എന്തെങ്കിലും മാറ്റം വരുത്താൻ നമുക്ക് കഴിയുമോ? ഇന്ന് രാവിലെ മുതൽ ഈ സഭയിലിരുന്നത് ചർച്ച ചെയ്യുന്നത് വെറും വേസ്റ്റായി മാറുന്നു. നമ്മുടെ ഖജനാവിൽ നിന്ന് കാശ് പോകുന്നു എന്നതല്ലാതെ ഈ ചർച്ചകൊണ്ട് എന്താണ് ഗുണം? ഞാൻ പറയുമ്പോൾ മറ്റൊന്നും വിചാരിക്കരുത്. ബഹുമാനപ്പെട്ട ടി. എം. തോമസ് ഐസക്, അങ്ങ് ശ്രീ. നരേന്ദ്ര മോദിയേക്കാൾ വലിയ ആവേശത്തോടെയാണല്ലോ ഇറങ്ങിയിരിക്കുന്നത്; എന്താണ് ഉദ്ദേശ്യം? അങ്ങയുടെ ആവേശം കാണുമ്പോൾ എനിക്ക് അത്ഭുതം

തോന്നുന്നു. ജി.എസ്.ടി. നടപ്പാക്കുന്നതിന് ശ്രീ. നരേന്ദ്ര മോദി എന്നുപറയുന്ന ആ വർഗ്ഗീയ ഭ്രാന്തനേക്കാൾ ആവേശം ബഹുമാനപ്പെട്ട ടി. എം. തോമസ് ഐസക് കാണിക്കുമ്പോൾ എനിക്ക് സംശയം തോന്നുന്നു. അങ്ങ് മനസ്സിലാക്കണം, ഐ.എ.എസ്. കോച്ചിംഗ് സെന്റർ തിരുവനന്തപുരത്തുണ്ട്. ഐ.എ.എസ്. കോച്ചിംഗ് സെന്ററിൽ കോഴ്സിന് ചേരുന്ന ഒരു വിദ്യാർത്ഥി 7000 രൂപ കൊടുക്കണം. ജി.എസ്.ടി. വന്നതുകൊണ്ട് അതിന്റെകൂടെ 900 രൂപകൂടി കൂട്ടി 7900 രൂപ കൊടുക്കണം. ഡോ. തോമസ് ഐസക് കൊടുക്കുമോ? ഈ രാജ്യം എങ്ങോട്ടാണ് പോകുന്നത്; ഈ രാജ്യത്ത് പാവപ്പെട്ടവന് ജീവിക്കണ്ടേ? അദ്ധ്വാനിക്കുന്നവന് ജീവിക്കണ്ടേ? പ്രാദേശിക പാർട്ടികൾ പറയുന്നത് ശരിയാണെന്നതല്ലേ സത്യം? ഫെഡറൽ സംവിധാനം തന്നെ തകർത്ത് തരിപ്പണമാക്കിയില്ലേ; ഡോ. ടി. എം. തോമസ് ഐസക് ഒരു കമ്മ്യൂണിസ്റ്റുകാരനാണോ? ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെക്രട്ടേറിയറ്റ് മെമ്പറല്ലേ? ജി.എസ്.ടി. സംബന്ധിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്), സെൻട്രൽ കമ്മിറ്റിയുടെ റെസല്യൂഷനാണ് എന്റെ കയ്യിൽ ഇരിക്കുന്നത്, അതിൽ എന്താണ് പറഞ്ഞിരിക്കുന്നത്; ഡോ. ടി. എം. തോമസ് ഐസക് അത് വായിച്ചോ? അത് വായിച്ചാൽ എങ്ങനെ ജി.എസ്.ടി.-ക്ക് അനുകൂലമായി അങ്ങ് സംസാരിക്കും? Date: Wednesday, July 26, 2017, Resolution on GST - (Adopted at the Central Committee Meeting held on July 24 - 26, 2017) ജൂലൈയിൽ നടത്തിയ സെൻട്രൽ കമ്മിറ്റിയുടെ പ്രമേയമാണ്, ഡോ. ടി. എം. തോമസ് ഐസക് വായിച്ചോ? മര്യാദയ്ക്കിരുന്നില്ലെങ്കിൽ പാർട്ടിയിൽ നിന്നും പുറത്തുപോകും. The Central Committee of the CPI(M) expresses its deep concern at the adverse impact of the Goods and Services Tax (GST) implemented from July I, 2017. The GST has put new burdens on the common people, small and tiny enterprises, traders and unorganized sector occupations. Industries and services like textile, beedi, pharmaceuticals, construction, transport, tailoring, small newspapers, matches and fireworks also have been badly affected; agriculture and allied sectors are also impacted. ബാക്കി വായിച്ചിട്ടുണ്ടാകുമല്ലോ? വളരെ വ്യക്തമായി കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) സെൻട്രൽ കമ്മിറ്റി പാസ്സാക്കിയ പ്രമേയമാണിത്. അധികം നാളായില്ല, ജൂലൈ മാസം 24 മുതൽ 26 വരെ കൂടിയ കമ്മിറ്റി പാസ്സാക്കിയ പ്രമേയമാണിത്. ആ കമ്മിറ്റി പറയുന്ന കാര്യം അനുസരിച്ചാണെങ്കിൽ ഡോ. ടി. എം. തോമസ് ഐസക്കും ഈ ഗവൺമെന്റും എങ്ങനെ മുന്നോട്ടുപോകും? The decisions of the GST Council must be brought under Parliamentary

scrutiny and supervision. എന്തെങ്കിലും ചെയ്തോ; എവിടെയെങ്കിലും നടന്നോ? The GST Network (GSTN) should be brought under the coverage of the CAG and the RTI Act. ഇത് സി.പി.ഐ. (എം)- ന്റെ സെൻട്രൽ കമ്മിറ്റി പറയുന്നതാണ്, ഞാൻ പറയുന്നതല്ല. The Central Committee notes the different sections of the people have come out in protest and strikes have taken place in different sectors since the introduction of the GST. The Central Committee calls upon all its Party units to organize, extend support and actively participate in the protest actions and struggles to ensure that the burdens imposed on different sections and sectors through the GST are removed. നിങ്ങൾ ചെയ്തോ? സെൻട്രൽ കമ്മിറ്റിയാണ് സമരം ചെയ്യാൻ പറഞ്ഞിരിക്കുന്നത്. സെൻട്രൽ കമ്മിറ്റി എല്ലാ യൂണിറ്റിനും നിർദ്ദേശം കൊടുത്തിരിക്കുകയാണ്, അതൊക്കെ വച്ചുകൊണ്ട് ഇവിടെ വന്ന് നേരെ ഇത് ഇംപ്ലിമെന്റ് ചെയ്യാൻ ഇറങ്ങിത്തിരിക്കുകയാണോ? ഇതിന്റെ ന്യായമെന്താണ്? ഡോ. ടി. എം. തോമസ് ഐസക് ഇവിടെ ക്ഷമ പറയണം. മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടിയെ വഞ്ചിക്കുന്ന കമ്യൂണിസ്റ്റുകാരനാണ് ധനകാര്യമന്ത്രി എന്നു പറയുന്നത് നമുക്ക് നാണക്കേടാണ്. You are my friend, മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടി സെൻട്രൽ കമ്മിറ്റിയുടെ പ്രമേയത്തെപ്പോലും അവഗണിച്ചുകൊണ്ട് കേരളത്തിൽ ഈ പ്രവർത്തനം നടത്തുന്ന ഡോ. ടി. എം. തോമസ് ഐസക് സമൂഹത്തോട് മാന്യത കാണിക്കണം. ഇവിടെ പാവപ്പെട്ടവന് ജീവിക്കാൻ കഴിയാത്ത ബാദ്ധ്യതയുണ്ടാക്കിവച്ചിരിക്കുന്നു. പ്രാദേശിക പാർട്ടികളുടെ പ്രസക്തി കൂടുതൽ ശക്തിപ്പെടുന്നു. കേന്ദ്രഗവൺമെന്റിന്റെ ഈ ചൂഷണത്തിനെതിരെ ശക്തമായ പ്രതിരോധം എല്ലാ സംസ്ഥാനങ്ങളിലും പ്രാദേശിക പാർട്ടികൾ ശക്തിപ്പെട്ടുകൊണ്ട് നേരിടുന്ന സാഹചര്യമുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>ശ്രീ. വി. ജോയി</u>: സർ, ജി.എസ്.ടി. വരുന്നതുമായി ബന്ധപ്പെട്ടും അത് വന്നതിനുശേഷമുള്ള പ്രശ്നങ്ങളെ സംബന്ധിച്ചുമാണ് ബഹുമാന്യരായ അംഗങ്ങൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുമാന്യനായ പി.സി. ജോർജ് സി.പി.ഐ. (എം) സെൻട്രൽ കമ്മിറ്റിയുടെ തീരുമാനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. ശ്രീ. രാജു എബ്രഹാം സംസാരിച്ചപ്പോൾ പാർട്ടി സി.സി.-യുടെ പ്രസക്ത ഭാഗങ്ങൾ സൂചിപ്പിച്ചത് അദ്ദേഹം ശ്രദ്ധിച്ചില്ല. ഇവിടെ ധനകാര്യ വകുപ്പുമന്ത്രിയെ ആക്രമിക്കാൻ വേണ്ടിയുള്ള ഒരു ശ്രമമാണ് നടക്കുന്നത്. വളരെ നേരത്തെതന്നെ, 2017 ജൂൺ 30-ന് കേരള കൗമുദിയിൽ ധനകാര്യ വകുപ്പുമന്ത്രിയുടെ ഒരു ലേഖനമുണ്ടായിരുന്നു. അതിൽ 'എനിക്ക് തോന്നുന്നത് ജി.എസ്.ടി.മൂലം വിലക്കയറ്റമുണ്ടാകാൻ സാധ്യതയില്ല, വില കുറയാനും

പോകുന്നില്ല, എന്നു വച്ചാൽ ജി.എസ്.ടി.-യുടെ നികുതി ഇളവിന്റെ നേട്ടം മുഴുവൻ കോർപ്പറേറ്റുകളുടെ പോക്കറ്റിലേയ്ക്കായിരിക്കും പോകുക. ഏതാണ്ട് ഒരുലക്ഷം കോടി രൂപയുടെ നേട്ടമാണ് കോർപ്പറേറ്റുകൾ ഇങ്ങനെ കൈക്കലാക്കാൻ പോകുന്നത്,' എന്ന് വളരെ നേരത്തെ തന്നെ സുവ്യക്തമായി തന്റെ അഭിപ്രായം പറഞ്ഞയാളാണ് കേരളത്തിന്റെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി. ഇതൊന്നും മനസ്സിലാക്കാതെയാണ് ഇദ്ദേഹം സംസാരിക്കുന്നത്.

<u>ശ്രീ. പി. സി. ജോർജ്:</u> കോർപ്പറേറ്റുകൾ പണമുണ്ടാക്കുമെന്ന് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ലേഖനമെഴുതിയത് കൊണ്ടായോ; 87 രൂപയ്ക്ക് കോഴിയെ കൊടുക്കുമെന്ന് പറഞ്ഞെങ്കിലും അങ്ങനെ കൊടുത്തോ, നമുക്ക് കിട്ടിയോ? പ്രസ്താവന നടത്തിയിട്ട് കാര്യമില്ല, പ്രസ്താവന സുഖമാണ്, ആർക്കും കൊടുക്കാം, ലേഖനവുമെഴുതാം. പക്ഷേ പ്രാവർത്തികമാക്കുന്നത് എന്താണ്; ജനങ്ങൾക്ക് അഫക്ട് ചെയ്യുന്നതെന്താണ്, അതൊക്കെ ചർച്ച ചെയ്യുകയും അക്കാര്യങ്ങളിൽ അഭിപ്രായം പറയുകയും ചെയ്യണം.

<u>ശ്രീ. വി. ജോയി:</u> പ്രാവത്തികമാക്കാനാണ് ഗവൺമെന്റുള്ളത്. ഗവൺമെന്റ് അക്കാര്യങ്ങൾ ചെയ്തുകൊള്ളും. ഇവിടെ ബഹുമാനപ്പെട്ട സി. ദിവാകരൻ സംസാരിച്ചപ്പോൾ വളരെ പ്രധാനപ്പെട്ട ഒരു പോയിന്റ് പറഞ്ഞു. ഇന്ത്യയിൽ സമീപകാലത്തായി വന്നിട്ടുള്ള ചില നിലപാടുകളും നയങ്ങളും തീരുമാനങ്ങളും ഒരു ഏകാധിപത്യ വ്യവസ്ഥയിലേയ്ക്ക് നമ്മുടെ രാജ്യം പോകുന്നുണ്ടോ എന്ന തോന്നലുണ്ടാക്കുന്നതായി അദ്ദേഹം സംശയം പ്രകടിപ്പിച്ചു. രാജ്യത്ത് 31 ശതമാനം വോട്ട് നേടി അധികാരത്തിൽ വന്ന ബി.ജെ.പി. ഗവൺമെന്റ് നമ്മുടെ രാജ്യത്ത് നടപ്പിലാക്കിവരുന്ന നിയമങ്ങൾ പലതും, ശ്രീ. എം. സ്വരാജ് സൂചിപ്പിച്ചതുപോലെ അർദ്ധരാത്രിയിലാണ് നിലവിൽ വരുന്നത്. അർദ്ധരാത്രിയിലെ പകൽ കൊള്ളയാണ് ഇന്ത്യയിൽ യഥാർത്ഥത്തിൽ നടക്കുന്നത്. കഴിഞ്ഞ നോട്ടു നിരോധനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ നമുക്കറിയാം. ഒരു അർദ്ധരാത്രിയിൽ 500-ന്റെയും 1000-ന്റെയും നോട്ടുകൾ ഇന്ത്യയിൽ നിരോധിച്ചു. അതിന്റെ തിക്തഫലങ്ങൾ ഇന്നും ജനങ്ങൾ അനുഭവിക്കുകയാണ്. നോട്ട് നിരോധിക്കുന്നു, ഇന്ത്യയുടെ പ്രധാനമന്ത്രി വിദേശത്തേയ്ക്ക് പോകുന്നു. തിരിച്ചുവന്നശേഷം ഇന്ത്യൻ പാർലമെന്റ് യോഗം ചേർന്നെങ്കിലും പാർലമെന്റിനെ ഇന്ത്യൻ പ്രധാനമന്ത്രി അഭിസംബോധന ചെയ്തില്ല. അദ്ധ്വാനിച്ച് കിട്ടിയ പണം ബാങ്കിലിട്ടത് തിരിച്ചെടുക്കാൻ ക്യൂ നിന്ന് ഇരുന്നൂറിലധികം ആളുകൾ മരിച്ചത് ലോകചരിത്രത്തിൽ ആദ്യമായാണ്, അങ്ങനെയുള്ള ഒരു രാജ്യമാണ് ഇന്ത്യ. ഇന്ത്യൻ ഭരണാധികാരികൾ അതിന് മറുപടി പറയുന്നില്ല. നോട്ട് നിരോധന സമയത്ത് ആശുപത്രികളിൽ രോഗികൾക്ക് പോകാൻ കഴിയുമായിരുന്നില്ല. ആശുപത്രികളിൽ നിന്ന് ഡിസ്ചാർജ് കൊടുക്കാത്ത സ്ഥിതിയുമുണ്ടായി. ആളുകൾ

നരകയാതന അനുഭവിക്കുന്ന കാലമായിരുന്നു. കേരളത്തിലെ സഹകരണ മേഖലയെ ഇല്ലായ്മ ചെയ്യുന്നതിനുള്ള പരിശ്രമമുണ്ടായി. ഇന്നും സഹകരണ മേഖലയ്ക്കെതിരെയുള്ള പരിശ്രമങ്ങൾ നടക്കുകയാണ്. ഇതിൽ നിന്നെല്ലാം മെല്ലെമെല്ലെ ഇന്ത്യൻ ജനത കരകയറി വരുമ്പോഴാണ് അടുത്ത ഏകാധിപത്യ പ്രവണത നടപ്പിലാക്കിയിരിക്കുന്നത്. ഇതിന്റെ പിതൃത്വം ആർക്ക് എന്നതല്ല പ്രശ്നം. നമ്മുടെ രാജ്യത്ത് ഒരു ഏകീകൃത നികുതി സമ്പ്രദായം കൊണ്ടുവന്നു. ഇതിന്റെ ഭാഗമായി രാജ്യത്തെ ജനങ്ങൾക്ക് ഗുണം ഉണ്ടാകുന്നുണ്ടോ ഇല്ലയോ എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. നികുതിയുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങൾ ക്കുണ്ടായിരുന്ന എല്ലാ അധികാരങ്ങളും കേന്ദ്ര ഗവൺമെന്റ് കവർന്നെടുക്കുന്ന ഒരു സമീപനമാണ് ഇവിടെ സ്വീകരിക്കപ്പെട്ടിട്ടുള്ളത്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. ജി.എസ്.ടി. യുടെ ഭാഗമായി ഒരു ഉപഭോക്തൃ സംസ്ഥാനത്ത് ഒരു ഉപഭോക്താവിന് ഏത് രീതിയിലാണ് പ്രതികരിക്കാൻ കഴിയുകയെന്ന് ആലോചിക്കണം. അധിക തുക ഈടാക്കിയാൽ ഏതു രൂപത്തിൽ ഒരു ഉപഭോക്താവിന് ജി.എസ്.ടി.- യുമായി ബന്ധപ്പെട്ട് കാര്യങ്ങൾ ചെയ്യാൻ സാധിക്കുമെന്നതിനെ സംബന്ധിച്ച് വ്യക്തത വേണം. ഈ വിഷയത്തിൽ ഉപഭോക്താവ് അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് മാതൃഭൂമി ദിനപത്രം തുടർച്ചയായി വാർത്തകൾ കൊടുക്കുന്നുണ്ട്. ജി.എസ്.ടി. പകൽകൊള്ള അവസാനിപ്പിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് മാതൃഭൂമി ഇതിനുവേണ്ടി ഒരു മുഖപ്രസംഗം തന്നെയെഴുതി. സാധാരണക്കാരനായ ഒരു ഉപഭോക്താവിൽ നിന്നും ഈടാക്കുന്ന കൊള്ളലാഭത്തിനെതിരായി ഫലപ്രദമായ ഒരു വ്യവസ്ഥയും ജി.എസ്.ടി. നിയമത്തിലില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം സംസ്ഥാന തലത്തിൽ രൂപീകൃതമാകുന്ന സ്ക്രീനിംഗ് കമ്മിറ്റി മുമ്പാകെ രേഖാമൂലം അപേക്ഷ സമർപ്പിക്കുക എന്നതാണ് ഒരു ഉപഭോക്താവിന് ആകെ ചെയ്യാൻ കഴിയുന്നത്. ഇതിൽ ലാഭപ്രതിരോധ ചട്ടപ്രകാരമുള്ള നടപടിക്രമം പരിശോധിച്ചാൽ ചുരുങ്ങിയത് ഒന്നര വർഷമെങ്കിലും ഒരു പരാതിയിൽ തീർപ്പ് കൽപ്പിക്കുന്നതിനായി വേണ്ടിവരുമെന്നാണ് കാണുന്നത്. ഇവിടെ ഉപഭോക്താവിന് പരാതി നൽകുന്നതിന് വലിയ നൂലാമാലകളുണ്ട്. ആദ്യം പരാതി സ്ക്രീനിംഗ് കമ്മിറ്റിക്ക് നൽകണം. അതിൽ കഴമ്പുണ്ടെങ്കിൽ നടപടിക്കായി സ്ക്രീനിംഗ് കമ്മിറ്റി അത് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് വിടും. അപേക്ഷ പ്രഥമദൃഷ്ട്യാ നിലനിൽക്കുന്നതാണെങ്കിൽ സ്റ്റാന്റിംഗ് കമ്മിറ്റി വിശദ പരിശോധനയ്ക്ക് സുരക്ഷാ ഡയറക്ടർ ജനൽ (Director General of Safe Guards) എന്ന അധികാരിക്ക് അയയ്ക്കണം. മൂന്നുമാസം അദ്ദേഹത്തിന് ഇക്കാര്യം പരിശോധിക്കാൻ കാലാവധിയുണ്ട്. യഥാർത്ഥത്തിൽ ഒരാൾ എം.ആർ.പി.യേക്കാൾ കൂടിയ വിലയ്ക്ക് സാധനങ്ങൾ വിറ്റാൽ നടപടിക്ക് നിയമമുണ്ട്. എന്നാൽ ജി.എസ്.ടി. -യിലെ മുഖ്യപ്രശ്നം ഇതല്ല, എം.ആർ.പി. കൂട്ടി വില പ്രിന്റ് ചെയ്താൽ ആർക്ക് ഇതിനെ തടയാൻ കഴിയുമെന്നുള്ളതാണ്. നേരത്തേ ശ്രീ. വി.ഡി. സതീശൻ

പറഞ്ഞതുപോലെ കച്ചവടക്കാർ എം.ആർ.പി.-യേക്കാൾ കൂട്ടി വില്ക്കുകയാണ്. അതിനെതിരെ പരാതി കൊടുത്താൽ ഉപഭോക്താവിന് ഏത് മാർഗ്ഗത്തിലൂടെയാണ് പരിഹാരം കാണാൻ കഴിയുക? പരാതി കൊടുത്താൽ ഇത്രയും കാലതാമസം നേരിടുന്നു എന്നുള്ളതാണ് അതിനേക്കാൾ പ്രധാനപ്പെട്ട വസ്തുത. ഇവിടെ ജി.എസ്.ടി.-യുടെ എല്ലാ പ്രായോഗിക കാര്യങ്ങളും നിയന്ത്രിക്കുന്നത് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് 49 ശതമാനം ഓഹരിയും ഐ.സി.ഐ.സി.ഐ., എച്ച്.ഡി.എഫ്.സി. ബാങ്ക് അടക്കമുള്ള സ്വകാര്യ ഏജൻസികൾക്ക് 51 ശതമാനം ഓഹരിയുമുള്ള ജി.എസ്.ടി.എൻ. എന്ന പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ്. മൂവായിരം കോടി രൂപയാണ് അഞ്ചു വർഷംകൊണ്ട് ഇവർക്ക് കൊടുക്കേണ്ടി വരുന്നത്. ഈ വർഷം കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ 550 കോടി രൂപ നല്കണമെന്നാണ് ഇതിനകത്ത് പറയുന്നത്. ഇതിനുപുറമെ ഓരോ നികുതിദായകനിൽ നിന്നും ഓരോ മാസവും റിട്ടേൺ സമർപ്പിക്കുമ്പോൾ 55 രൂപ വച്ച് ഈടാക്കുന്നുണ്ടെന്ന് നമ്മൾ മനസ്സിലാക്കണം. ഇവിടെ യഥാർത്ഥത്തിൽ ജി.എസ്.ടി.-യിൽ നികുതി ഏകീകരണമല്ല, വിപണി ഏകീകരണമാണ് നടക്കുന്നത്. കുത്തക മുതലാളിമാർക്കാണ് ഈ നികുതി പരിഷ്കാരം കൊണ്ട് കൂടുതൽ നേട്ടമുണ്ടാകാൻ പോകുന്നത്. വൻതോതിലുള്ള ഒരു കുതിച്ചു ചാട്ടത്തിന് ഇത് അവരെ സഹായിക്കും. ഇതുതന്നെയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്റെ ലേഖനത്തിലും സൂചിപ്പിച്ചിട്ടുള്ളത്. ഇന്ത്യയിലെ ദരിദ്ര കർഷകർക്കോ തൊഴിലാളികൾക്കോ ഇതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. മറ്റൊരു പ്രധാനപ്പെട്ട കാര്യം, ഇന്ന് മാർക്കറ്റിൽ ആവശ്യത്തിന് സാധനങ്ങൾ ലഭ്യമാകുന്നില്ലെന്നുള്ള പ്രശ്നമുണ്ട്. ജി.എസ്.ടി. രജിസ്ട്രേഷനില്ലാത്ത ഇരുപത് ലക്ഷത്തിൽ താഴെയുള്ള ചെറുകിട കച്ചവടക്കാർക്ക് സപ്ലൈയർമാർ ചരക്ക് നല്കാത്ത സ്ഥിതിവിശേഷമുണ്ട്. ഹോൾസെയിൽ കച്ചവടക്കാർ ചെറുകിട കച്ചവടക്കാർക്കും സാധനങ്ങൾ നല്കുന്നില്ല. അപ്പോൾ കമ്പോളത്തിൽ ആവശ്യത്തിന് സാധനം കിട്ടുന്നില്ലെന്നുമാത്രമല്ല പണം കൂടുതൽ വാങ്ങുന്ന എന്ന അവസ്ഥയുമുണ്ട്. പ്രത്യേകിച്ച് ഹോട്ടലുകളെ സംബന്ധിച്ച് ഒരു പരിശോധന നമുക്ക് വേണ്ടതാണ്. 290 രൂപയ്ക്ക് ബിൽ വന്നാൽ 52 രൂപ ടാക്സ് എടുക്കുന്ന സമീപനം തിരുവനന്തപുരത്തെ ചില ഹോട്ടലുകളുമായി ബന്ധപ്പെട്ട് പത്രവാർത്ത വന്നിട്ടുണ്ട്. ഹോട്ടലുകൾ അമിത വില ഈടാക്കുന്ന സാഹചര്യമുണ്ടെങ്കിൽ അതിൽ ഇടപെടേണ്ടിയിരിക്കുന്നു. ഇവിടെ കോൺട്രാക്ടർമാർ വർക്കുകൾ ഏതാണ്ട് ഉപേക്ഷിച്ചമട്ടാണ്. രാവിലെ ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് നേരത്തെ 12% ഉണ്ടായിരുന്നത് ഇപ്പോൾ 18% ആക്കി മാറ്റിയിട്ടുണ്ടെന്നാണ്. കോൺട്രാക്ടർമാർ ഇപ്പോൾ വർക്ക് എടുക്കുന്നില്ല. എം.എൽ.എ.-മാരുടെ വർക്കുകൾ പോലും ടെൻഡർ ചെയ്തിട്ട് എടുക്കാൻ വിസമ്മതിക്കുകയാണ്. ഇതിൽ അടിയന്തരമായ ഇടപെടൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

3.00 PM]

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇവിടെ എല്ലാ അംഗങ്ങളും സൂചിപ്പിച്ചതുപോലെ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വളരെ ശക്തമായി ബി.ജെ.പി. സർക്കാർ കൊണ്ടുവന്ന ജി.എസ്.ടി.-ക്കുവേണ്ടി ബാറ്റ് ചെയ്യുന്നത് കണ്ടപ്പോൾ എനിക്കും അത്ഭുതമാണ് തോന്നിയത്. അത്രത്തോളം പോകണമോ എന്നുള്ളതാണ് എനിക്ക് അങ്ങയോട് ചോദിക്കാനുള്ളത്. അങ്ങയുടെ പരിമിതിയും നിസ്സഹായാവസ്ഥയും വ്യക്തമായി ബോധ്യമുള്ളവരാണ് ഞങ്ങൾ. അങ്ങേയ്ക്ക് ഇതിൽ അത്ഭുതം കാണിക്കാൻ കഴിയില്ലെന്നുള്ള വ്യക്തമായ ധാരണയും ബോധ്യവുമൊക്കെ ഞങ്ങൾക്കുണ്ട്. അങ്ങനെ ആണെങ്കിൽപോലും അങ്ങ് ഇതിനകത്ത് എടുക്കുന്ന അമിതമായ താൽപ്പര്യം, അതായത് അങ്ങയുടെ ചില സ്റ്റേറ്റ്മെന്റുകൾ വായിച്ചാൽ അങ്ങ് എത്രമാത്രം നിസ്സഹായനാണെന്ന് ബോധ്യമാകും. ധനകാര്യ വകുപ്പുമന്ത്രി പറയുന്ന വാക്ക് കോഴി കച്ചവടക്കാർപോലും പാലിക്കുന്നില്ലല്ലോ എന്ന് പറഞ്ഞപ്പോൾ നാലഞ്ച് കമ്പനികളുണ്ട്, അവരാണ് ഇതിനെ മുഴുവൻ നിയന്ത്രിക്കുന്നത്, ഭയങ്കര നികുതി വെട്ടിപ്പാണ്, നികുതിയുടെ പകുതി മാത്രമേ തരാറുള്ളൂ, ഒന്നും ചെയ്യാൻ കഴിയാത്ത അവസ്ഥയാണ് എന്നാണ് അങ്ങ് പറഞ്ഞത്. 87 രൂപ എന്ന് പറഞ്ഞത് വേണ്ടത്ര ആലോചിക്കാതെ പറഞ്ഞ പ്രഖ്യാപനമായിരുന്നോ എന്നതിന് അല്ല, ഞങ്ങളുടെ വകുപ്പിന്റെ കണക്കാണ്, 103 രൂപയ്ക്കാണ് കോഴി വിറ്റിരുന്നത്. അതിൽനിന്ന് 15 ശതമാനം കുറച്ച വിലയാണ് 87 രൂപ എന്നാണ് അങ്ങ് മറുപടി പറഞ്ഞത്. ഇതൊന്നും പ്രാവർത്തികമാക്കാൻ അങ്ങേയ്ക്ക് കഴിയുന്നില്ല. അങ്ങയുടെ പരിമിതി ഞങ്ങൾക്കറിയാം. എന്നാൽ എനിക്ക് അതിലുള്ള അഭിപ്രായ വ്യത്യാസം, ബി.ജെ.പി. സർക്കാർ കൊണ്ടുവന്ന ജി.എസ്.ടി.യുടെ ആശയം വന്നത് യു.പി.എ. സർക്കാരിന്റെ കാലത്താണ്. കോൺഗ്രസ്സ് കൊണ്ടുവന്ന ബില്ലും ഇതും തമ്മിൽ എന്താണ് വ്യത്യാസമെന്ന് അങ്ങ് വളരെ പ്രകോപിതനായിട്ടാണ് പ്രതിപക്ഷനേതാവിനോട് ചോദിച്ചത്. യഥാർത്ഥത്തിൽ പ്രതിപക്ഷനേതാവോ ഞങ്ങളോ ആരുമല്ല മറുപടി പറയേണ്ടത്. അതിന് ഏറ്റവും ശക്തമായി മറുപടി പറയാൻ കഴിയുന്നത് അങ്ങയുടെ പാർട്ടിയിലെ നേതാക്കൾക്കുതന്നെയാണ്. ശ്രീ. വി. ഡി. സതീശൻ സൂചിപ്പിച്ചതുപോലെ, അസിംദാസ് ഗുപ്ത, എംപവേർഡ് കമ്മിറ്റി ചെയർമാൻ ആയപ്പോഴാണ് ഇതിനെക്കുറിച്ച് ഏറ്റവും വലിയ ചർച്ച നടന്നത്. ഞങ്ങൾ പ്രൊപ്പോസ് ചെയ്തതിനെ ഏറ്റവും ശക്തമായി എതിർത്തത് ഗുജറാത്തും മദ്ധ്യപ്രദേശുമാണെന്ന് അദ്ദേഹം പറയുകയുണ്ടായി. കോൺഗ്രസ്സിന്റെ കാലത്ത് അങ്ങയുടെ പാർട്ടിയിലെ നേതാവുതന്നെ ധനകാര്യ വകുപ്പുമന്ത്രി ആയിരുന്നപ്പോൾ, എംപവേർഡ് കമ്മിറ്റിയിൽ ചെയർമാനായിരുന്ന സമയത്താണ്

അത് കൊണ്ടുവന്നത്. അപ്പോൾ കോൺഗ്രസ്സിന്റെ കാര്യത്തിൽ എന്തെങ്കിലും അഭിപ്രായവ്യത്യാസം അന്നും ഇന്നും ഉണ്ടെങ്കിൽ അവരല്ലേ പറയേണ്ടത്. പക്ഷേ അങ്ങ് അതിനപ്പുറം പറയുകയാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട് വലിയ അഭിപ്രായ വ്യത്യാസം സി.പി.എം.-നകത്തുണ്ടായി. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. സി.പി.എം. കേന്ദ്ര കമ്മിറ്റി എടുത്ത നിലപാടുകളെക്കുറിച്ചാണ് പറയുന്നത്. സി.പി.എം. കേന്ദ്ര കമ്മിറ്റി നിലപാടുകൾ എടുത്തപ്പോഴൊക്കെ അന്ന് ജി.എസ്.ടി. കൗൺസിലിൽ വളരെ ശക്തമായി ഇതിനെ പിന്തുണയ്ക്കുകയാണ് ചെയ്തത്. കേന്ദ്ര കമ്മിറ്റിയുടെ പ്രമേയം മാത്രമല്ല, അതിന്റെ ഓരോ ഘട്ടത്തിലും പ്രസ്താവന വന്നിട്ടുണ്ട്. ഞങ്ങൾ ഇതിന് സഹകരിക്കുന്നതിന് മുമ്പ് പല കാര്യങ്ങളും ചർച്ച ചെയ്യേണ്ടതുണ്ടെന്ന് സീതാറാം യെച്ചൂരി വളരെ വ്യക്തമായി ഡൽഹിയിൽ പത്രക്കാരോട് പറഞ്ഞു. ആ ചർച്ചയിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, യു.പി.എ. സർക്കാർ ഈ ബിൽ കൊണ്ടുവന്നപ്പോൾ ഗുജറാത്ത് മുഖ്യമന്ത്രി ആയിരുന്ന ശ്രീ. നരേന്ദ്ര മോദി ഏറ്റവും ശക്തമായി ഇതിനെ എതിർത്തു എന്നതാണ്. എന്ത് കാരണത്താലാണ് അന്ന് കോൺഗ്രസ്സ് കൊണ്ടുവന്ന ജി.എസ്.ടി.യെ എതിർത്തതെന്ന് ഞങ്ങളെ ബോദ്ധ്യപ്പെടുത്തേണ്ട ബാധ്യതയുണ്ടെന്ന് പറഞ്ഞത് സീതാറാം യെച്ചൂരിയാണ്. കേന്ദ്രത്തിലെ സി.പി.എം. നേതാക്കൾക്ക് മുഴുവനും ഇതിനെക്കുറിച്ച് വ്യക്തമായ എതിരഭിപ്രായമുള്ളപ്പോൾ അങ്ങ് ഇവിടെ അനുകൂലമായ നിലപാട് പല ഘട്ടങ്ങളിലും എടുക്കുകയുണ്ടായി. അങ്ങ് ഇത്തരമൊരു നിലപാട് എടുക്കുന്നതിന്റെ കാര്യം എന്താണെന്നാണ് എല്ലാവരും ചോദിക്കുന്നത്. അങ്ങ് കാണുന്ന 3,000 കോടി രൂപ എന്നുള്ള വലിയ സ്വപ്നമാണ്. ഇടതുപക്ഷ കാഴ്ചപ്പാടോ, ഇടതുപക്ഷ സമീപനമോ, ഇടതുപക്ഷ ബദലോ ഒന്നുമില്ലാത്ത ബി.ജെ.പി. കൊണ്ടുവന്ന ജി.എസ്.ടി. നിയമത്തെ അനുകൂലിക്കുന്നതിനുള്ള കാരണം നമുക്കും 3,000 കോടി രൂപ എന്തായാലും കിട്ടുമെന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

7,000 കോടി രൂപയുടെ വരുമാനം നമുക്ക് കിട്ടുമോയെന്ന് ചോദിക്കുമ്പോൾ, 3,000 കോടി രൂപയെങ്കിലും കിട്ടുമെന്ന് എനിക്ക് ഉറപ്പാണെന്നാണ് അങ്ങ് മറുപടി പറഞ്ഞത്. എന്നാൽ 3,000 കോടി രൂപയും കിട്ടില്ലെന്ന് ഞാൻ പറയുന്നു. നമ്മൾ ഒരു കൺസ്യൂമർ സ്റ്റേറ്റ് ആണ്. ആ കൺസ്യൂമർ സ്റ്റേറ്റിനകത്ത് മറ്റ് സംസ്ഥാനങ്ങളിൽനിന്നും നമ്മൾ പർച്ചേസ് ചെയ്യുമ്പോൾ സ്വാഭാവികമായും അതിന്റെ ഗുണം നമുക്ക് കിട്ടുമെന്നുള്ളതാണ്. പക്ഷേ അവിടെയും അതത് സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കാനുള്ള കാര്യവും ഇതിനകത്തുണ്ട്. ഉദാഹരണമായി, ചെന്നൈ അല്ലെങ്കിൽ മുംബൈയിൽനിന്നും സാധനങ്ങൾ വാങ്ങിക്കുകയാണെങ്കിൽ

ക്യാമ്പ് ഇൻ ചെന്നൈ എന്ന് വച്ചാൽ സ്വാഭാവികമായും ആ പണം ആ സർക്കാരിന് കിട്ടുന്ന സാഹചര്യമുണ്ട് എന്നാണ് പറയുന്നത്. അങ്ങനെ വരുമ്പോൾ 3,000 കോടി രൂപപോലും അങ്ങേയ്ക്ക് കിട്ടാത്ത സാഹചര്യമുണ്ടാകും. 3,000 കോടി രൂപയ്ക്കുവേണ്ടി സി.പി.എം.നെ പോലെയുള്ള ഒരു പാർട്ടി എക്കാലത്തും ശക്തമായി ബി.ജെ.പി.യെ പോലെയുള്ള പിന്തിരിപ്പൻ നയങ്ങളെ എതിർക്കുന്ന പാർട്ടി അതേ നിലപാട് സ്വീകരിച്ചപ്പോൾ ഇന്ന് അതിശക്തമായി ജി.എസ്.ടി. കൗൺസിലിൽ പറയാൻ സീതാറാം യെച്ചൂരിയോ പ്രകാശ് കാരാട്ടോ ഇല്ല. സി.പി.എം.നെ പ്രതിനിധീകരിച്ച് കാര്യമായി പോകുന്ന ഒരാൾ അങ്ങ് മാത്രമാണ്. അങ്ങ് കേന്ദ്ര കമ്മിറ്റി എടുക്കുന്ന എല്ലാ സമീപനത്തിനും എതിരായി അവിടെ പോയി പറയുന്നുവെന്ന് പറഞ്ഞാൽ അങ്ങ് യഥാർത്ഥത്തിൽ ഇവിടത്തെ കോർപ്പറേറ്റുകൾക്കുവേണ്ടി സംസാരിക്കുകയാണെന്ന് പറയേണ്ടി വരും. ഇവിടെ ശ്രീ. പി. സി. ജോർജ് പറഞ്ഞ പ്രമേയത്തിലും അതുമായി ബന്ധപ്പെട്ട് സി.പി.എം.-ന്റെ സ്റ്റേറ്റ്മെന്റിലും പറഞ്ഞത്, 'It is estimated that there will be a revenue loss of atleast 1 lakh crore rupees for the Central and the State Governments. This will be a bonanza for the corporates who are not willing to pass on the benefit of the reduced rates to the consumers.' എന്നാണ്. പാവപ്പെട്ടവന് നികുതിയിളവ് കൊടുക്കാതെ ഇത് മുഴുവൻ പിടിച്ചുവയ്ക്കുന്ന കോർപ്പറേറ്റുകൾക്ക് ഒരു ഉത്സവകാലമാണെന്ന് സി.പി.എം. പറഞ്ഞിരിക്കുന്നു. കോർപ്പറേറ്റുകളെ പിന്തുണയ്ക്കുന്ന അതേ സമീപനമാണ് അങ്ങയുടെ ഭാഗത്തു നിന്നുള്ളത്. ഇപ്പോൾ സാധാരണക്കാർ ഉപയോഗിക്കുന്ന കാറുകൾക്ക് 50,000-60,000 രൂപ കുറവുണ്ട്. എന്നാൽ ഒരു കോടിയും 80 ലക്ഷവുമൊക്കെ വില വരുന്ന കാറുകൾക്ക് പത്തുലക്ഷം രൂപവരെ വില കുറയുകയാണ്. ഇത് യഥാർത്ഥത്തിൽ സമ്പന്നൻമാരെ മാത്രം സഹായിക്കാനുള്ളതാണ്. ഡയമണ്ടിന് കാൽ ശതമാനവും സ്വർണ്ണത്തിന് മൂന്ന് ശതമാനവും നികുതി കുറച്ചു. ഇതിന്റെ ഗുണം ലഭിക്കുന്നത് സമ്പന്നന്മാർക്കാണ്. ഡീമോണിറ്റൈസേഷന്റെ ഭാഗമായി കറൻസിയിലുള്ള വിശ്വാസം നഷ്ടപ്പെട്ടു. കറൻസി സൂക്ഷിക്കുകയെന്നത് പണക്കാരെ സംബന്ധിച്ച് ആശങ്കയുണ്ടാക്കുന്ന ഒന്നാണ്. മാത്രമല്ല, 2,000 രൂപയുടെ നോട്ടുപോലും പിൻവലിക്കാൻ പോകുന്നുവെന്നാണ് പറയുന്നത്. അത്തരമൊരു സാഹചര്യത്തിൽ കറൻസിയുടെ വിശ്വാസ്യത തകർന്ന ഈ സാഹചര്യത്തിൽ പണക്കാരന് അവന്റെ പണം സ്വർണ്ണത്തിലൂടെ നിക്ഷേപിക്കാനുള്ള ഒരു അവസരം കൂടിയാണ് ഇതിലൂടെ ഒരുക്കുന്നത്. ഫെഡറൽ സംവിധാനത്തെക്കുറിച്ച് ഞങ്ങളുടെ കാഴ്ചപ്പാട് ശക്തമായ സംസ്ഥാനം, ശക്തമായ കേന്ദ്രം എന്നുള്ളതാണ്. എന്നാൽ നിങ്ങളുടെ കാഴ്ചപ്പാട് നേരെ മറിച്ചാണ്. ശക്തമായ കേന്ദ്രത്തേക്കാൾ ശക്തമായ

സംസ്ഥാനം വേണമെന്നാണ്. ഇടതുപക്ഷ കാഴ്ചപ്പാടാണോ ഇതിനകത്തുള്ളത്? നമുക്ക് നിലവിലുള്ളതിന്റെ 75 ശതമാനം വേണം. എല്ലാ സംസ്ഥാനങ്ങളുംകൂടി ഒരുമിച്ച് ചേർന്നാൽപ്പോലും 66 ശതമാനം മാത്രമേ ആകുകയുള്ളൂ. കേന്ദ്രസർക്കാർ പറയാതെ ഏതെങ്കിലും ഒരു നിയമം പാസ്സാക്കാൻ കഴിയുമോ? ഇതൊക്ക നമുക്ക് പരിഹരിക്കാമെന്ന് അങ്ങ് പറയുകയുണ്ടായി. എവിടെയാണ് പരിഹരിക്കാൻ സാധിക്കുന്നത്? ജി.എസ്.ടി.യുമായി ബന്ധപ്പെട്ട അതോറിറ്റിയിൽപ്പോയി എങ്ങനെ പരിഹരിക്കാൻ സാധിക്കും? ഇവിടെ കുറച്ച് മുമ്പ് സംസാരിച്ച ശ്രീ. വി. ജോയി കുറച്ച് കണക്കുകൾ മാത്രമേ പറഞ്ഞുള്ളൂ. അതോറിറ്റിയിൽ പോയാൽ മൂന്നുമാസമെടുക്കും. അത് കഴിഞ്ഞ് ഡയറക്ടറുടെ അടുത്തുവന്നാൽ മൂന്നുമാസമെടുക്കും. അതെല്ലാം കഴിഞ്ഞ് ഇത് വരുമ്പോൾ രണ്ടരക്കൊല്ലത്തോളമെടുക്കും. 10 രൂപ ടാക്സ് കൂട്ടിവാങ്ങി എന്ന് ഒരു പരാതി കൊടുത്താൽ ആ പരാതിക്ക് തീരുമാനമാകാൻ എത്ര കാലമെടുക്കും; അങ്ങനെയുള്ള ഒരു അതോറിറ്റിയെ സ്ട്രെങ്തൻ ചെയ്തിട്ട് കാര്യമുണ്ടോ? സംസ്ഥാനം ഇതിനകത്ത് ഇടപെടണം. എത്രമാത്രം ഇടപെടാൻ കഴിയുമെന്ന് നോക്കണം. മഹാരാഷ്ട്ര സർക്കാർ ചെയ്ത് കാര്യങ്ങളെല്ലാം ചെയ്യണമെന്ന് പറയുന്നില്ല. തമിഴ്നാട് സർക്കാർ എന്റർടെയിൻമെന്റ് ടാക്സിന് പുറത്ത് ടാക്സ് കൊടുത്ത് ലോക്കൽ സെൽഫ് ഗവൺമെന്റുകൾക്ക് ടാക്സ് പിരിക്കാനുള്ള അധികാരം കൊടുത്തു. അതൊന്നും ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. കാരണം ഇതെല്ലാം അമിതമായ വിലക്കയറ്റമുണ്ടാക്കും. ജനങ്ങൾക്ക് അത് പ്രാരാബ്ധമുണ്ടാക്കും. മഹാരാഷ്ട്ര സർക്കാർ റോഡ് ടാക്സ് കൂട്ടി. ആ രീതിയിലല്ലാതെ ശക്തമായ രീതിയിൽ ഇതിലൊരു ഇടപെടൽ നടത്തിക്കൊണ്ട് ഈ വിലക്കയറ്റത്തെ തടഞ്ഞുനിർത്തണം. ഈ ബിൽ വരുന്നതോടുകൂടി എല്ലാ സാധനങ്ങൾക്കും വില കുറയുമെന്നും പാവപ്പെട്ടവന് നേട്ടമുണ്ടാകുമെന്നും വിചാരിച്ച് ജനങ്ങൾ വലിയ പ്രതീക്ഷയിലാണ്. ഒന്നിനും വില കുറഞ്ഞില്ല. 87 രൂപയ്ക്ക് കോഴി വില്ക്കണമെന്ന പറഞ്ഞപ്പോൾ അല്പദിവസത്തേയ്ക്ക് നിങ്ങൾ കോഴി കഴിക്കുന്നത് നിർത്തിക്കോളൂ, കുറച്ചുദിവസം കഴിയുമ്പോൾ വില താഴോട്ട് വരുമെന്ന് പറഞ്ഞു. അതല്ലാത്ത ചില മാർഗ്ഗങ്ങൾ കണ്ടെത്തണം. വിലയെ പിടിച്ച് നിർത്തണം. പാവപ്പെട്ടവന് ഈ ബില്ലിന്റെ ഗുണം ലഭ്യമാകണമെങ്കിൽ സംസ്ഥാന സർക്കാരിന് കഴിയുന്ന കാര്യങ്ങൾ ചെയ്യണം, എല്ലാ കാര്യങ്ങളും കഴിയില്ല. ഇതിന്റെ പരിമിതി ഞാൻ നേരത്തെ സൂചിപ്പിച്ചു. ഇതിൽ ഇടതുപക്ഷ സമീപനമൊന്നുമില്ല. പക്ഷേ ഇടതുപക്ഷത്തെ പ്രതിനിധീകരിക്കുന്ന അങ്ങ് ജി.എസ്.ടി. കൗൺസിലിൽ പോയി ശക്തമായി വാദിക്കുകയും 3,000 കോടി രൂപയ്ക്കുവേണ്ടി നമ്മുടെ എല്ലാ താൽപ്പര്യങ്ങളും അങ്ങ് പണയം വയ്ക്കുന്നുവെന്ന് വളരെ വേദനയോടുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ സഭയിൽ സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട ചെയർ ഇടപെടൽ നടത്തിയപ്പോൾ, ഞാൻ ചെയർ XXXX * എന്നുള്ള വാചകം പറയുകയുണ്ടായി. ഞാൻ അത് ക്ഷമാപണത്തോടുകൂടി പിൻവലിക്കുകയാണ്. ഞാൻ പറഞ്ഞത് തെറ്റാണ്. അത് സഭയുടെ decorum-ന് ചേരാത്ത രീതിയിലാണ് ഞാൻ സംസാരിച്ചത്. ഞാനത് പിൻവലിക്കുന്നു.

മി. സ്പീക്കർ: നന്ദി.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, സംസ്ഥാനത്തിന്റെ പരിമിതമായ അധികാരത്തിനുള്ളിൽ നിന്നുകൊണ്ട് കേരള സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ ഉയർത്തിപ്പിടിക്കാൻ പരമാവധി പരിശ്രമിച്ചിട്ടുള്ള കേരള ചരക്ക് സേവന നികുതി ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം കേന്ദ്രസർക്കാർ ജൂൺ 30 അർദ്ധരാത്രിയോടടുത്ത് ഇരുട്ടിന്റെ മറവിൽ അവതരിപ്പിച്ച ജി.എസ്.ടി. രാജ്യത്തിന്റെ ഫെഡറൽ ഘടനയെത്തന്നെ തകർക്കുന്നതായാണ് കാണാൻ കഴിയുന്നത്. സാമ്പത്തികമായി കേന്ദ്രത്തെ മാത്രം ആശ്രയിച്ചുനിൽക്കാൻ സാധിക്കുന്ന പ്രവിശ്യകളാക്കി സംസ്ഥാനത്തെയാകെ മാറ്റിയെടുത്ത് സംസ്ഥാനങ്ങൾക്കുള്ള അധികാര അവകാശങ്ങൾപോലും കവർന്നെടുക്കുന്നതിനാണ് ജി.എസ്.ടി.-യിലൂടെ കേന്ദ്രസർക്കാർ മുതിർന്നത്. ഉപഭോക്തൃസംസ്ഥാനങ്ങൾക്ക് വലിയ ലാഭമെന്ന തരത്തിൽ പെരുപ്പിച്ച പ്രതീക്ഷകൾ നിലനിർത്തുമ്പോഴും സംസ്ഥാനത്തിന്റെ അധികാരങ്ങളിൽ പരമപ്രധാനമെന്ന് പറയാവുന്ന സാമ്പത്തിക അധികാരത്തിന്റെ കടയ്ക്കൽ തന്നെയാണ് കേന്ദ്രം കത്തിവച്ചത്. ഇത്തരത്തിലുള്ള നിരവധി പ്രശ്നങ്ങളും സങ്കീർണ്ണതകളും നിലനിൽക്കുമ്പോഴും കേന്ദ്രനിയമം അനുസരിക്കാനും അതിനനുസരിച്ച് പ്രവർത്തിക്കാനും സംസ്ഥാന സർക്കാർ ബാദ്ധ്യസ്ഥമാണ്. അതുകൊണ്ട് ജി.എസ്.ടി.യുമായി ബന്ധപ്പെട്ട് നിലവിൽ വന്നിട്ടുള്ള ആശങ്കകളും അപാകതകളും പരിഹരിക്കുവാൻ നിരന്തരം ഇടപെട്ട് സംസ്ഥാനത്തിനും ജനങ്ങൾക്കും പരമാവധി ഗുണം ലഭ്യമാക്കാനുള്ള നടപടികൾ തുടരണം. ജി.എസ്.ടി. നടപ്പിലായതോടെ നിരവധി മേഖലകളിൽ പുതുതായി നികുതി ഭാരം ജനങ്ങൾ അനുഭവിക്കാൻ പോകുകയാണ്. ചെറുകിട സംരംഭകർ, വ്യാപാരികൾ, അസംഘടിത മേഖലയിലെ സംരംഭകർ, തുണി വ്യവസായം, മരുന്ന് നിർമ്മാണം, ബീഡി, ഗതാഗതം, തയ്യൽ, ചെറുകിട പത്രങ്ങൾ, തീപ്പെട്ടി വ്യവസായം കൃഷി അനുബന്ധ മേഖലകൾ എന്നിവയെയെല്ലാം ജി.എസ്.ടി. ദോഷകരമായി ബാധിക്കും. സമൂഹത്തിൽ ഏറ്റവും പരിഗണന അർഹിക്കുന്ന വിഭാഗത്തിൽ

---

* പിൻവലിച്ചു.

പ്പെട്ടവരാണ് അംഗപരിമിതർ. അതുകൊണ്ടുതന്നെ അവർക്കുള്ള ഉപകരണങ്ങൾക്ക് നികുതി ഉണ്ടായിരുന്നില്ല. എന്നാൽ ജി.എസ്.ടി.-യിൽ അംഗപരിമിതർക്കുള്ള ഉപകരണങ്ങൾക്ക് അഞ്ച് ശതമാനം നികുതി നിർദ്ദേശിക്കുന്നു. ഇത് കേന്ദ്ര സർക്കാരിന്റെ മനുഷ്യത്വരഹിതമായ നടപടിയായി മാത്രമേ കാണാൻ കഴിയൂ. ഹോട്ടൽ ഭക്ഷണത്തിന് 12-ഉം 18-ഉം ശതമാനം നിരക്കിൽ നികുതി ഏർപ്പെടുത്തി. ഇത് ഇന്ത്യയിലെ ജനങ്ങളുടെ ആഹാരത്തിൽ നിന്നും വിഹിതം ചോദിക്കലാണ്. ഏറ്റവും കുറഞ്ഞ വിലയ്ക്ക് വിപണിയിൽ ലഭ്യമാകുന്നവയാണ് നൈലോൺ സാരികൾ. ഇന്ത്യയിലെ ദരിദ്ര ജനവിഭാഗത്തിൽപ്പെട്ട സ്ത്രീകളാണ് ഇത്തരം സാരികൾ അധികവും ഉപയോഗിക്കുന്നത്. പാവപ്പെട്ടവർക്കുവേണ്ടി സബ്സിഡി ഉപേക്ഷിക്കാൻ നാടിന്റെ മുക്കിലും മൂലയിലും പോസ്റ്റർ ഒട്ടിക്കുന്ന കേന്ദ്രസർക്കാർ നൈലോൺ സാരികൾക്ക് 18 ശതമാനം നികുതിയാണ് ജി.എസ്.ടി.-യിൽ കൊണ്ടുവന്നത്. സാനിട്ടറി നാപ്കിനുപോലും 12 ശതമാനം നികുതിയാണ് ചുമത്തിയിരിക്കുന്നത്. ഇത് കേന്ദ്ര സർക്കാരിന്റെ സ്ത്രീ വിരുദ്ധതയ്ക്ക് തെളിവാണ്. സ്ത്രീ സുരക്ഷയുടെ കാര്യം വരുമ്പോൾ കേരളത്തിന്റെ കാര്യം പരാമർശിക്കാതെ പോകാൻ കഴിയില്ല. കേരളം ഇന്ന് സ്ത്രീ സുരക്ഷാ രംഗത്തും വനിതാശാക്തീകരണ രംഗത്തും നല്ല മുന്നേറ്റമാണ് ഉണ്ടാക്കിയിട്ടുള്ളത്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി പുതിയ വകുപ്പ് രൂപീകരിക്കുന്നു. സ്ത്രീകൾക്കെതിരായ ചെയ്തികൾ ഉണ്ടാകുമ്പോൾ ഏത് ഉന്നതനെതിരെയും ശക്തമായ നടപടികൾ സ്വീകരിക്കുന്നു. ഇത്തരത്തിൽ കർശനമായ നടപടികൾ സ്വീകരിച്ചുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുന്നത്. ജി.എസ്.ടി. കൗൺസിലിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് പരിഹരിക്കേണ്ട നിരവധി പ്രശ്നങ്ങളുണ്ട്. ഇതിൽ ചില കാര്യങ്ങൾ ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. ജി.എസ്.ടി.-യിൽ തേങ്ങയ്ക്കും, കൊപ്രയ്ക്കും 5 ശതമാനം നികുതി നിർദ്ദേശിച്ചിരിക്കുന്നു. നിലവിൽ നികുതിയുണ്ടായിരുന്നില്ല. ഇത് ചെറുകിട നാളികേര കൃഷിക്കാരെ പ്രയാസത്തിലാക്കുകയും വെളിച്ചെണ്ണയ്ക്ക് വില ഉയരാൻ കാരണമാകുകയും ചെയ്യും. കൂടാതെ ചെറുകിടക്കാർ ഉൽപ്പാദിപ്പിക്കുന്ന ഉത്പന്നമായ ഐസിന് 5 ശതമാനം നികുതി നിശ്ചയിച്ചിരിക്കുന്നു. നിരവധി സ്ത്രീ തൊഴിലാളികൾ ജോലി ചെയ്യുന്ന ചെറുകിട വ്യവസായമായ മെഴുകുതിരി വ്യവസായത്തിന് നിലവിൽ നികുതിയുണ്ടായിരുന്നില്ല. എന്നാൽ ജി.എസ്.ടി.-യിൽ 12 ശതമാനം നികുതി നിർദ്ദേശിച്ചിരിക്കുന്നു. ഭക്ഷ്യസംസ്കരണ മേഖലയിൽ 5 ശതമാനവും 14.5 ശതമാനവും ഉണ്ടായിരുന്നത് 18-ഉം 28-ഉം ശതമാനമായി ജി.എസ്.ടി.-യിൽ നിർദ്ദേശിച്ചിരിക്കുന്നു. പാക്കിംഗ് കെയ്സിന് ഉപയോഗിക്കുന്ന മിനി പ്ലൈവുഡിന്റെ

നികുതി 14.5 ശതമാനത്തിൽ നിന്നും 28 ശതമാനമായി ഉയർത്തി. പുകയില്ലാത്ത അടുപ്പിന് 5 ശതമാനത്തിൽ നിന്നും 12 ശതമാനമാക്കി. പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിനും റീസൈക്ലിംഗ് പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ജി.എസ്.ടി.-യിൽ സ്ക്രാപ്പിംഗിനും റീസൈക്കിൾ ചെയ്ത് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾക്കുമുള്ള നികുതി 5 ശതമാനത്തിൽ നിന്നും 18 ശതമാനമായി ഉയർത്തി. മാലിന്യസംസ്കരണ പ്രവർത്തനത്തിൽ വലിയ പ്രശ്നവസ്തുവായ പ്ലാസ്റ്റിക് സ്ക്രാപ്പിനും റീസൈക്കിൾ ചെയ്ത് ഉൽപ്പന്നങ്ങൾക്കും സീറോ നികുതിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. പരിസ്ഥിതി സൗഹൃദ സോളാർ ഉൽപ്പന്നങ്ങളുടെ നികുതി ഒരു ശതമാനത്തിൽനിന്നും 18 ശതമാനമാക്കി. സ്ലേറ്റിന്റെ നികുതി 5 ശതമാനത്തിൽ നിന്നും 12 ശതമാനമായും വർദ്ധിക്കുകയുണ്ടായി. മറ്റൊരു ചെറുകിട വ്യവസായമായ ഫർണിച്ചറിന്റെ നികുതി 14.5 ശതമാനത്തിൽ നിന്ന് 28 ശതമാനമായി ഉയർത്തി. ഇതെല്ലാം എക്സൈസ് നികുതിയില്ലാത്ത വ്യവസായങ്ങളായിരുന്നു. ഈ വിഭാഗം വ്യവസായികളെ ഇത് വലിയ തോതിൽ ബാധിക്കുകയും അതുവഴി ബില്ലില്ലാത്ത വ്യാപാരം വർദ്ധിക്കുകയും ചെയ്യും. സിമന്റ് കൊണ്ട് നിർമ്മിക്കുന്ന വാതിൽ, കട്ടള, ജനൽ, ഹോളോബ്രിക്സ്, ഇന്റർലോക്ക് ടൈൽ മുതലായ ഉൽപ്പന്നങ്ങൾക്ക് 5 ശതമാനത്തിൽ നിന്നും 28 ശതമാനമായി ഉയർത്തിയിരിക്കുകയാണ്. നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഈ തൊഴിൽ മേഖലയെ സംരക്ഷിക്കാൻ നടപടിയുണ്ടാകണം. ഇതുകൂടാതെ നിരവധി ചെറിയ വ്യവസായ ഉൽപ്പന്നങ്ങൾക്കും ജി.എസ്.ടി.-യിൽ ഉയർന്ന നികുതി ചുമത്തിയിരിക്കുകയാണ്. കൈകൊണ്ടുണ്ടാക്കുന്ന സോപ്പ് മുതലായ നിരവധി ഉൽപ്പന്നങ്ങളുടെ നിർമ്മാണവും തൊഴിലും ഇതുവഴി നിലച്ചുപോകാൻ ഇടയാകുന്നു. നിലവിൽ വിൽപ്പന നികുതിയും എക്സൈസ് നികുതിയും ഉണ്ടായിരുന്ന ഉൽപ്പന്നങ്ങൾക്ക് വിലക്കുറവ് ഉണ്ടാകുമെന്നത് ശരിയാണ്. എന്നാൽ നികുതിയില്ലാത്തതും 5 ശതമാനം മാത്രം നികുതിയുള്ളതും എക്സൈസ് നികുതി ഇല്ലാതിരുന്നതുമായ നിരവധി വ്യവസായങ്ങളുടെ പ്രതിസന്ധി വളരെ ഗൗരവമുള്ളതാണ്. ജി.എസ്.ടി. കൗൺസിലിൽ ഇതിന് പരിഹാരം കാണാൻ നടപടിയുണ്ടാകണം. ഗവൺമെന്റ് കോൺട്രാക്ടർമാർ വർദ്ധിപ്പിച്ച നികുതി കാരണം ടെണ്ടറിൽ പങ്കെടുക്കാൻ തയ്യാറാകുന്നില്ല. രണ്ട് കാരണങ്ങളാണ് അവർ ചൂണ്ടിക്കാണിക്കുന്നത്. ഒന്ന് തദ്ദേശ സ്ഥാപനങ്ങളിലെയും എം.എൽ.എ./എം.പി. ഫണ്ട് വഴിയുള്ള പ്രവർത്തനങ്ങൾക്കും ടെണ്ടർ എക്സസ് അനുവദിക്കുന്നില്ല. ടെണ്ടർ എക്സസ് അനുവദിക്കാത്തതുകൊണ്ട് ഉയർന്ന ടാക്സ് കൊടുക്കേണ്ടി വരുമ്പോൾ ഇത് അവരെ ബാധിക്കുമെന്നുള്ളതാണ് ഒരു കാരണം. മറ്റൊന്ന്

ബില്ലിൽ നിന്ന് ടാക്സ് കിഴിച്ചെടുക്കുന്നതാണ് പതിവ്. അത് മാറ്റി ഇപ്പോൾ ടാക്സ് മുൻകൂട്ടി അടയ്ക്കണം എന്നുള്ള വ്യവസ്ഥ വന്നിരിക്കുന്നു. ഈ വ്യവസ്ഥ കരാറുകാരെ സംബന്ധിച്ചിടത്തോളം വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. ടാക്സ് നേരത്തെ അടച്ചാലും അവർക്ക് ബില്ല് കിട്ടുന്നത് വളരെ താമസിച്ചാണ്. അതുകൊണ്ട് ബില്ലിൽ നിന്ന് കിഴിച്ചെടുക്കുന്ന സമ്പ്രദായം പഴയതുപോലെ ആക്കിയില്ലെങ്കിൽ കരാറുകാർക്ക് അവരുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുവാൻ വളരെ പ്രയാസം ഉണ്ടാകുമെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ടാക്സ് വർദ്ധനവ് കൊണ്ടുണ്ടാകുന്ന അധിക ബാദ്ധ്യത എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും ടാക്സ് പഴയതുപോലെ ബിൽ തുകയിൽ നിന്നും കിഴിച്ചെടുക്കുന്നതിനുമുള്ള നിലപാട് സ്വീകരിക്കുകയും ചെയ്യണം. അതുപോലെ ചില വസ്തുക്കൾക്ക് 12.5 ശതമാനം നികുതി എന്നത് 5 ശതമാനമാക്കി കുറയ്ക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം. ബിൽ കൊണ്ടുവന്ന് ചർച്ച ചെയ്യുന്നത് താമസിച്ച് പോയതു കൊണ്ടാണ് കുഴപ്പം വന്നതെന്ന് തോന്നിപ്പിക്കുന്ന തരത്തിലാണ് ഇന്ന് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ചർച്ച വന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ നേരത്തെ 28 സംസ്ഥാനങ്ങളും വിശദമായി ചർച്ച ചെയ്തതിനുശേഷമാണ് അവർ ബിൽ പാസ്സാക്കിയത്. എന്നാൽ ഇവരൊക്കെ ചർച്ച ചെയ്ത ബിൽ പാസ്സാക്കിയിട്ടും ഒരു പ്രയോജനവും ഉണ്ടായിട്ടില്ല. നമ്മൾ മാത്രം ഇവിടെ നേരത്തെ ചർച്ച ചെയ്താൽ അങ്ങനെയൊരു പ്രയോജനം ഉണ്ടാകാനുള്ള സാദ്ധ്യത ഉണ്ടായിരുന്നോ? ഇന്ത്യയിലെ ഒരു സംസ്ഥാനവും ആവശ്യപ്പെടാത്ത തരത്തിൽ കശുവണ്ടി, കയർ, ലോട്ടറി തുടങ്ങിയ കാര്യങ്ങളിൽ വലിയ fight നടത്തി കേരളത്തിന് മാത്രമല്ല ഇന്ത്യയിലെ തന്നെ പ്രസ്തുത മേഖലയിലുള്ള നിരവധി ആളുകൾക്ക് പ്രയോജനമുണ്ടാക്കുന്ന ധാരാളം കാര്യങ്ങൾ ചെയ്ത നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കാൻ ആരും തയ്യാറായില്ല. അതുകൊണ്ട് ഞാൻ അദ്ദേഹത്തെ മുക്തകണ്ഠം പ്രശംസിക്കുന്നു. സ്വർണ്ണ വ്യാപാരികൾക്ക് ഇപ്പോൾ 3 ശതമാനമാണ് ടാക്സ്. നേരത്തെയുണ്ടായിരുന്ന 12 ശതമാനം എക്സൈസ് നികുതി ഇപ്പോൾ ഇല്ലാത്തതുകൊണ്ട് അവർക്ക് ലാഭകരമായിരിക്കുകയാണ്. അതുകൊണ്ട് ഈ ടാക്സുകൂടി ജനങ്ങൾക്ക് തിരിച്ചുകൊടുക്കുന്ന നിലയിലേയ്ക്ക് മാറ്റാൻ സാധിച്ചിട്ടുണ്ട്. അതുപോലെ എക്സൈസ് ഡ്യൂട്ടി കൊടുത്തുകൊണ്ടിരുന്ന എല്ലാ വ്യവസായങ്ങളും ലാഭകരമായി മാറിയിട്ടുണ്ട്, പലതും വില കുറച്ചിട്ടുമുണ്ട്. അതിനെക്കുറിച്ച് ഇവിടെ ചർച്ച വന്നിട്ടില്ലെന്നുള്ളതാണ് പ്രധാനപ്പെട്ട കാര്യം. ഇതുപോലെയുള്ള ധാരാളം വിഷയങ്ങളുണ്ടെങ്കിലും സമയം കുറവായതിനാൽ ഞാൻ നിർത്തുന്നു.

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട വി. കെ. സി. മമ്മത് കോയ ശബ്ദം വളരെ കുറച്ച് സംസാരിച്ചപ്പോൾ ശബ്ദത്തിന് എന്തെങ്കിലും പ്രശ്നമുണ്ടെന്നാണ് ഞാൻ വിചാരിച്ചത്. പക്ഷേ പ്രസംഗത്തിന്റെ അവസാനം മന്ത്രിയെ മുക്തകണ്ഠം പ്രശംസിക്കുന്ന എന്നുപറഞ്ഞപ്പോൾ വളരെ നല്ല ശബ്ദമായിരുന്നു. പ്രസംഗത്തിന്റെ ആദ്യഭാഗങ്ങളിൽ ജി.എസ്.ടി.-യുടെ പോരായ്മകളും ഇതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചുമാണ് പറഞ്ഞത്. അത് പറയുമ്പോൾ ശബ്ദം വളരെ കുറവായിരുന്നുവെങ്കിലും പ്രസംഗത്തിന്റെ അവസാനഭാഗമായപ്പോൾ ശബ്ദത്തിന് യാതൊരു പ്രശ്നവുമില്ലെന്ന് മനസ്സിലായി.

ഇവിടെ സൂചിപ്പിച്ചതുപോലെ ഇന്ത്യയിൽ ചരക്കുസേവന നികുതി ബിൽ അവസാനമായി പാസാക്കുന്നത് കേരളത്തിലാണ്. ഇന്ത്യയിലെ ധനകാര്യ മന്ത്രിമാരിൽ ഏറ്റവും പ്രഗത്ഭനായ ധനകാര്യമന്ത്രിയാണ് ഡോ. ടി. എം. തോമസ് ഐസക് എന്നുതന്നെയാണ് ഞാൻ ഇപ്പോഴും വിശ്വസിക്കുന്നത്. മറ്റ് സംസ്ഥാനങ്ങൾ ജി.എസ്.ടി. ബിൽ പാസാക്കിയതിനുശേഷം അതിന്റെ ന്യൂനതകൾകൂടി മനസ്സിലാക്കി കേരളത്തിൽ അവസാനം കുറ്റമറ്റ രീതിയിൽ പാസ്സാക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് അദ്ദേഹം നടത്തിയതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ 211 പേജുള്ള ഈ ബില്ലിൽ ഒരു ക്ലോസിലാണ് മാറ്റം വരുത്തിയിട്ടുള്ളത്. നിർവചനത്തിൽ രണ്ടാം വകുപ്പിൽ 121 മാത്രം നീക്കം ചെയ്തു. അത് കാശ്മീരിനെ ജി.എസ്.ടി.-യുടെ പരിധിയിൽനിന്ന് ഒഴിവാക്കിയതാണ്. അതുപോലെ 173-ാം വകുപ്പിലെ ചില നികുതി നിർദ്ദേശങ്ങളും ഒഴിവാക്കിയിട്ടുണ്ട്. സെയിൽസ് ടാക്സ് പോലെയുള്ള ചില നികുതികൾ എടുത്തുകളഞ്ഞത് ഒഴിവാക്കി. ബാക്കിയുള്ളത് കേന്ദ്ര നിയമം അതുപോലെ പകർത്തിവച്ചിരിക്കുകയാണ്, ഒരു മാറ്റവും ഇതിൽ വരുത്തിയിട്ടില്ല. പിന്നെ എന്തിനാണ് ബിൽ കൊണ്ടുവരുന്നതിന് ഇത്രയധികം താമസമുണ്ടായത്? വളരെ പ്രഗത്ഭനായ ഡോ. ടി. എം. തോമസ് ഐസക് ഇത്രയധികം പഠിച്ചിട്ടും ഇതിൽ ഒരു മാറ്റവും വരുത്താൻ കഴിഞ്ഞില്ലെന്നത് അദ്ദേഹത്തിന്റെയും ഗവൺമെന്റിന്റെയും നിസ്സഹായാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. ശ്രീ. പി. സി. ജോർജ് സൂചിപ്പിച്ചതുപോലെ നമുക്ക് ഇതുസംബന്ധിച്ച് ചർച്ച ചെയ്യാം. നാട്ടിൻപുറങ്ങളിൽ തീർത്ഥയാത്ര പോകുന്നവരോട് നിങ്ങൾക്ക് എല്ലാവിധ മംഗളങ്ങളും നേരുന്നു വെന്നും നിങ്ങൾ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും അവിടെ പോയാൽ പല കാര്യങ്ങളും ചെയ്യാൻ കഴിയട്ടെയെന്നും ഒസ്യത്ത് ചെയ്യാറുണ്ട്. അതുപോലെ ബഹുമാനപ്പെട്ട മന്ത്രിയോട് ഞങ്ങൾക്ക് പറയാനുള്ളത്, ഞങ്ങളുടെ കാര്യം അങ്ങ് ജി.എസ്.ടി. കൗൺസിലിൽ പോയി നന്നായി പറയണം എന്നാണ്. അവിടെ പോയാൽ ചിലപ്പോൾ പ്രാർത്ഥനയ്ക്ക് ഫലമുണ്ടാകും. അങ്ങ് പല തവണ

പറഞ്ഞിട്ടുണ്ട്, ചില കാര്യങ്ങളൊക്കെ നേടാൻ കഴിഞ്ഞിട്ടുമുണ്ട്. ഇനിയും 4 മാസം കഴിഞ്ഞാൽ കേരളത്തിലെ പാവപ്പെട്ട ആളുകളുടെ കാര്യം ഒന്നുകൂടി ജി.എസ്.ടി. കൗൺസിലിൽ ഉന്നയിക്കുമെന്നുള്ള അങ്ങയുടെ അഭിപ്രായത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കാമെന്നല്ലാതെ ഇതിൽ പ്രത്യേകിച്ചൊന്നും ചെയ്യാൻ കഴിയുമെന്ന് തോന്നുന്നില്ല. എന്നാൽ ചിലതെല്ലാം ചെയ്യാൻ കഴിയാതെയുമില്ല. ഇതിൽ ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിയമനിർമ്മാണം നടത്തുമ്പോൾ സമ്പദ്‌വ്യവസ്ഥയെയും ജനാഭിലാഷങ്ങളെയും ജനനന്മയെയും മുൻനിർത്തി വേണ്ട രീതിയിൽ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. ഗ്രാൻഡ്ഫാദറിംഗ് സർവീസ് ജി.എസ്.ടി.-യിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. അങ്ങ് കഴിഞ്ഞദിവസം മനോരമയിൽ വന്ന ഒരു വാർത്ത സംഭ്രമജനകമാണെന്ന് പറയുകയുണ്ടായി. യഥാർത്ഥത്തിൽ സംഭ്രമജനകംതന്നെയാണ് - ഡയാലിസിസ് മെഷീനുകൾക്കും ക്യാൻസർ രോഗികളുടെയും ഹൃദ്രോഗികളുടെയും മരുന്നുകൾക്കും വില കൂടി എന്നുള്ളതും സംഭ്രമജനകമാണ്. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഇതൊഴിവാക്കാൻ അങ്ങ് വാദിക്കേണ്ടതായിരുന്നു. അങ്ങ് വാദിച്ചിട്ടുണ്ടോ ഫലം കിട്ടിയിട്ടുണ്ടോയെന്ന് എനിക്കറിയില്ല. കേരളത്തിൽ വൃക്കരോഗികൾ വളരെ കൂടുതലാണ്. നമ്മുടെ ജീവിതരീതിയിൽ വന്നിട്ടുള്ള മാറ്റങ്ങൾ കൊണ്ടാകാം വൃക്കരോഗികളുടെ എണ്ണം കൂടുന്നത്. അങ്ങനെയുള്ള ആളുകളെ സഹായിക്കുന്നതിനു വേണ്ടി പല സ്ഥലങ്ങളിലും ഗവൺമെന്റിനെക്കാൾ കൂടുതലായി സന്നദ്ധ സംഘടനകളാണ് പ്രവർത്തിക്കുന്നത്. ഞങ്ങളൊക്കെ അംഗങ്ങളായുള്ള പല സംഘടനകളും സൗജന്യമായി ഡയാലിസിസ് സെന്ററുകൾ നടത്തുന്നുണ്ട്. ലോകത്തിൽ ഏറ്റവും കൂടുതൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ വോളന്റിയർമാരുള്ളത് കേരളത്തിലാണ്. അത് കേരളത്തിന്റെ സാമൂഹ്യ വ്യവസ്ഥയിൽ വന്നിട്ടുള്ള പൊതുനന്മയുടെ ഭാഗമാണ്. ഒരാളിന് വൃക്ക മാറ്റിവയ്ക്കേണ്ടിവരുമ്പോൾ ഗവൺമെന്റിന്റെ സഹായത്തിനായി കാത്തു നിൽക്കാതെ നാട്ടുകാരും സന്നദ്ധസംഘടനകളും പിരിവെടുക്കുകയാണ് ചെയ്യുന്നത്. പക്ഷേ അവർക്ക് ഇരുട്ടടിയാകുന്ന തരത്തിൽ ടാക്സ് കൊണ്ടുവന്നപ്പോൾ അങ്ങ് അതിനെതിരെ വാദിക്കേണ്ടതായിരുന്നു. എ.കെ.ജി.-യെ അങ്ങ് സ്മരിക്കേണ്ടതായിരുന്നു. ഏകാകിയായി പൗരാവകാശത്തിനുവേണ്ടി പോരാടിയ എ.കെ.ജി.-യുടെ പാർട്ടിക്കാരനായ അങ്ങ് ഈ ഫാസിസ്റ്റ് ശക്തികൾക്കെതിരെ പോരാടിയിരുന്നെങ്കിൽ ആ പോരാട്ട വിജയം ഇന്ത്യയിലെ ജനങ്ങൾ എക്കാലവും സ്മരിക്കുമായിരുന്നു. അങ്ങ് ലോട്ടറിയുടെ കാര്യത്തിൽ മാത്രമാണ് പോരാടിയതായി ഞാൻ മനസ്സിലാക്കിയത്. ലോട്ടറിയുടെ കാര്യത്തിൽ അങ്ങ് മുൻപും താൽപ്പര്യമെടുത്തിരുന്നു. സംസ്ഥാനത്തിന് വരുമാനമുണ്ടാകുന്ന കാര്യമായതിനാൽ അത് നല്ല കാര്യംതന്നെയാണ്. കേരളത്തിലെ ജനജീവിതത്തെ വളരെ

പ്രതികൂലമായി ബാധിക്കുന്ന കാര്യത്തെ സംബന്ധിച്ച് ഗ്രാൻഡ്ഫാദറിംഗ് സർവീസ് എക്സംപ്ഷനിൽ ഉൾപ്പെടുത്തി വാദിച്ചിരുന്നുവെങ്കിൽ കുറെയേറെ നികുതി നിർദ്ദേശങ്ങൾ ഒഴിവാക്കാൻ കഴിയുമായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. അതുപോലെ ജി.എസ്.ടി.-യിൽ കോമ്പോസിഷൻ സ്കീം ഓപ്റ്റ് ചെയ്യാൻ അവസരമുണ്ട്. ഇത് സാധാരണക്കാരായ കച്ചവടക്കാരെ ഉദ്ദേശിച്ചുകൊണ്ടാണെന്ന് പറയപ്പെടുന്നു. ഈ സൗകര്യം അനർഹർ ഉപയോഗിച്ചാൽ നികുതിയിനത്തിൽ സർക്കാരിന് വൻതുക നഷ്ടമാകും. അത് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ? കോമ്പോസിഷൻ സ്കീമിന്റേത് പരമാവധി 5 ശതമാനം മാത്രമാണ്. ആളുകൾ നികുതി തട്ടിപ്പ് നടത്തുന്നതിനുവേണ്ടി ബോധപൂർവമായി ഇങ്ങനെയുള്ള കോമ്പോസിഷൻ സ്കീമിൽ ഉൾപ്പെട്ടാൽ നികുതി ചോർച്ച തടയുന്നതിനുവേണ്ടി സംസ്ഥാനം എന്ത് മുൻകരുതലാണെടുത്തിട്ടുള്ളത്. അതുപോലെ നാഷണൽ ആന്റി പ്രോഫിറ്റിയറിംഗ് ആക്ടിനെക്കുറിച്ച് പലരും ഇവിടെ സൂചിപ്പിച്ചു. കോഴിയുടെ വില കൂടിയപ്പോൾ അങ്ങ് മീഡിയകളിൽ പ്രത്യക്ഷപ്പെട്ട് കോഴിയുടെ വില കുറയ്ക്കണമെന്ന് പറഞ്ഞു. വില കുറയുമെന്ന് പ്രതീക്ഷയുണ്ടായിരുന്നു. കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി കോഴിയുടെ വില കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് പത്രസമ്മേളനം നടത്തിയപ്പോൾ നടപടിയുണ്ടാകുമെന്നാണ് വിചാരിച്ചത്. എന്നാൽ പിന്നീട് പറഞ്ഞത് ഇനി വില കൂട്ടരുതെന്നാണ്. ഇപ്പോഴും അവർ നിശ്ചയിക്കുന്ന വിലയ്ക്ക് കച്ചവടം നടക്കുകയാണ്. കേരളത്തിൽ നികുതി രംഗത്ത് സെപ്റ്റംബർ വരെ അരാജകത്വമാണ് നടക്കാൻപോകുന്നത്. ഇഷ്ടമുള്ള ടാക്സ് ഇഷ്ടമുള്ള ആളുകൾ പിരിക്കുകയാണ്. ഒരു ഇന്നസെന്റ് ബോണഫൈഡ് പർച്ചേസർക്ക് നൽകിയ ബില്ലിൽ അധികമായി നികുതി ചുമത്തിയിട്ടുണ്ടെങ്കിൽ അത് തിരികെ വാങ്ങാൻ വല്ല വകുപ്പുമുണ്ടോ? നികുതി അടയ്ക്കാത്തവരിൽനിന്ന് നികുതി വാങ്ങാൻ വകുപ്പുണ്ട്. എന്നാൽ ഒരു ഇന്നസെന്റ് ബോണഫൈഡ് പർച്ചേസറിൽനിന്ന് ബോധപൂർവമായി കച്ചവടക്കാർ തട്ടിയെടുത്ത നികുതി തിരിച്ചുകൊടുക്കാൻ കഴിയുമോ? നിരപരാധികളായ ഉപഭോക്താക്കളുടെ താല്പര്യം സംരക്ഷിക്കുന്നതിൽ അങ്ങ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സംവിധാനത്തിന്റെ പോരായ്മകളെക്കുറിച്ച് വിശദമായ പരിശോധന നടത്തിയിട്ടുണ്ടോയെന്ന് എനിക്ക് അറിയില്ല. വിൽക്കുന്ന വ്യക്തിയുടെയും വാങ്ങുന്ന വ്യക്തിയുടെയും ബില്ലിൽ പൊരുത്തക്കേടുകൾ വന്നാൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സാധ്യമാവുകയില്ല. സത്യസന്ധമായി നികുതി കൊടുത്ത നികുതിദായകനെ രക്ഷിക്കുവാൻ ജി.എസ്.ടി.-യിൽ എന്ത് സാധ്യതയാണുള്ളത്? ഗൾഫ് മലയാളികളാണ് കേരളത്തെയും കേരളത്തിലെ ജനങ്ങളെയും സാമ്പത്തികമായി താങ്ങിനിർത്തുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിന്റെ വളർച്ചയിൽ അവർ നൽകിയിട്ടുള്ള സംഭാവനകൾ വിസ്മരിക്കാൻ കഴിയില്ല. ഗൾഫ്

രാജ്യങ്ങളിൽനിന്ന് അവരുടെ കുടുംബങ്ങളിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ കാർഗോ വഴി അയയ്ക്കുന്നതിന് ഇതുവരെ ടാക്സ് ഉണ്ടായിരുന്നില്ല. ഇപ്പോൾ അതും ജി.എസ്.ടി.-യുടെ പരിധിയിൽ വന്നിട്ടുണ്ട്. നികുതി ഏർപ്പെടുത്തുമ്പോൾ, നിരപരാധികളായ ആളുകളെ നികുതിയിൽ നിന്നും ഒഴിവാക്കുന്നതിനെ സംബന്ധിച്ചും വില കുറയ്ക്കുന്നതിനെ സംബന്ധിച്ചും വെറുമൊരു സുവിശേഷ പ്രസംഗം നടത്തുകയല്ല ഒരു ഗവൺമെന്റിന്റെ ബാധ്യത. നികുതി കുറയ്ക്കണമെന്ന് പറയുന്നതിനപ്പുറം നികുതി കുറച്ചാൽ അനധികൃതമായി അധിക നികുതി വാങ്ങുന്നുണ്ടെങ്കിൽ അവരുടെ പേരിൽ നടപടി സ്വീകരിക്കാനും കഴിയണം. ശ്രീ. എ. പി. അനിൽ കുമാർ സൂചിപ്പിച്ചതുപോലെ, ജി.എസ്.ടി. കൊണ്ട് ആകെ രക്ഷപ്പെട്ടിട്ടുള്ളത് വൻകിട കമ്പനികളാണ്. വൻകിട കാറുകൾക്ക് 10 ലക്ഷം രൂപ വരെ നികുതിയിളവ് ലഭിച്ചു. അതേസമയം 10-15 രൂപയ്ക്ക് ചായ കുടിക്കുന്ന സാധാരണക്കാരൻ നികുതി കൊടുക്കേണ്ടിവരുന്നത് വളരെയധികം നിർഭാഗ്യകരമാണ്. ഇത്തരം ആളുകളെ നികുതിയിൽ നിന്നും എക്സംപ്റ്റ് ചെയ്യുന്ന കാര്യങ്ങൾ ഗൗരവമായി കാണണം. ബഹുമാനപ്പെട്ട മന്ത്രി ഇതിനെ ഒറ്റപ്പെട്ട കാര്യമായി കാണാതെ ഇന്ത്യയിലെ മുഴുവൻ ജനങ്ങൾക്കും പ്രതീക്ഷ നൽകുന്ന വിധത്തിൽ ജി.എസ്.ടി. കൗൺസിലിൽ ശക്തമായ പോരാട്ടം നടത്താൻ അങ്ങേയ്ക്ക് കഴിയണമെന്ന് ആഗ്രഹിക്കുകയും ആശംസിക്കുകയും ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഫെഡറൽ വ്യവസ്ഥയ്ക്ക് ഗുരുതരമായ പോറൽ ഏൽപ്പിക്കുന്ന ജി.എസ്.ടി.-യെ സംബന്ധിച്ചുള്ള ഒട്ടേറെ കടുത്ത ആശങ്കകൾ ഇവിടെ ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾ പ്രകടിപ്പിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ജി.എസ്.ടി.-ക്ക് എതിരായും ജി.എസ്.ടി. നടപ്പിലാക്കുന്ന നരേന്ദ്ര മോഡി സർക്കാരിനെതിരായും ഭരണ-പ്രതിപക്ഷ ഭേദമന്യേ ഒറ്റക്കെട്ടായ നിലപാടാണ് നാം സ്വീകരിക്കേണ്ടത്. അതിനെതിരെ ഏകസ്വരത്തിലുള്ള പ്രതിഷേധമാണ് യഥാർത്ഥത്തിൽ നമ്മൾ പ്രതീക്ഷിക്കുന്നത്. ദൗർഭാഗ്യവശാൽ ജി.എസ്.ടി. എന്നാൽ ഐസക് എസ്.ടി. എന്ന് തോന്നിപ്പിക്കുന്ന വിധത്തിൽ ശുദ്ധ അസംബന്ധമാണ് പ്രതിപക്ഷത്തുനിന്നും ഉയർന്നുവന്നത്. ശ്രീ. വി. ഡി. സതീശനും അതിനുശേഷം സംസാരിച്ച ശ്രീ. കെ. സി. ജോസഫും ശ്രീ. എം. ഉമ്മറും എത്ര ലാഘവത്തോടെയാണ് ഈ വിഷയത്തെക്കുറിച്ച് സംസാരിച്ചത്. ജി.എസ്.ടി. ആരുടെ നയമാണ്; കേന്ദ്ര ഗവൺമെന്റ് നയമാണ് ജി.എസ്.ടി.യെങ്കിലും അത് നരേന്ദ്ര മോഡി ഗവൺമെന്റിന്റേതല്ല. നരേന്ദ്ര മോഡി ഗവൺമെന്റ് ഈ നയം കൂടുതൽ ഊക്കോടെ നടപ്പിലാക്കുന്നുവെന്നേയുള്ളൂ. 1994-ൽ കോൺഗ്രസ് സർക്കാരിന്റ കാലത്ത് നിയോഗിച്ച അമരിഷ് ബക്ഷി കമ്മിറ്റി

റിപ്പോർട്ടിലാണ് ജി.എസ്.ടി. നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശം ഉയർന്നുവരുന്നത്. കോൺഗ്രസ് ഗവൺമെന്റിന്റെ പുതിയ സാമ്പത്തിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജി.എസ്.ടി. നടപ്പിലാക്കാൻ ധൃതി കാണിച്ചത് രണ്ടാം യു.പി.എ. ഗവൺമെന്റാണ്. അതിന് നേതൃത്വം കൊടുത്തത് ശ്രീ. പി. ചിദംബരം ആണെന്ന കാര്യം ആർക്കെങ്കിലും നിഷേധിക്കാൻ കഴിയുമോ? ശ്രീ. നരേന്ദ്ര മോഡി മുഖ്യമന്ത്രി ആയിരുന്ന ഘട്ടത്തിൽ സംസ്ഥാനത്തിന്റെ അധികാരങ്ങൾ കവരുന്നതാണെന്ന് പറഞ്ഞ് ജി.എസ്.ടി.യുമായി ബന്ധപ്പെട്ട യോഗങ്ങളിൽ ബി.ജെ.പി. മുഖ്യമന്ത്രിമാർ ജി.എസ്.ടി.ക്ക് എതിരായ നിലപാട് സ്വീകരിച്ചു. എന്നാൽ ബി.ജെ.പി. അധികാരത്തിൽ വന്നപ്പോൾ ജി.എസ്.ടി. നടപ്പിലാക്കാൻ തുടങ്ങി. ഇപ്പോൾ ജി.എസ്.ടി. നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും ഡോ. ടി. എം. തോമസ് ഐസക്കിലും പിണറായി സർക്കാരിലും കെട്ടിവയ്ക്കാനുള്ള വൃഥാവ്യായാമമാണ് പ്രതിപക്ഷം നടത്തുന്നത്. യതൊരു ലജ്ജയുമില്ലാതെ ഇത്തരം വാദഗതികൾ ഉന്നയിക്കുകയാണ്. ഈ നാട്ടിലെ ജനങ്ങൾ ഇതെല്ലാം തിരിച്ചറിയുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇവിടെ ചർച്ച ചെയ്യപ്പെടേണ്ട വിഷയമെന്താണ്? ടാക്സ് എത്ര ശതമാനം എന്നതിനപ്പുറം ഒരു സംസ്ഥാനത്തിന്റെ അവകാശങ്ങൾ കവർന്നെടുക്കുകയാണ് ചെയ്യുന്നത്. ഫെഡറൽ സംവിധാനത്തിന്റെ കടക്കൽ കത്തിവയ്ക്കുന്ന ഒരു മാരകമായ നിയമമാണ് ജി.എസ്.ടി. ലോകത്തിലെ ഏറ്റവും വലിയ ഫെഡറൽ രാജ്യം അമേരിക്കയാണ്. നമ്മുടെ ഭരണഘടനയിൽ ഫെഡറലിസം യഥാർത്ഥത്തിൽ പകർത്തിയത് അമേരിക്കയിൽ നിന്നാണ്. അമേരിക്കയിൽ നടപ്പിലാക്കാത്ത ഒരു നിയമം മൂലധനശക്തികൾക്കുവേണ്ടി നടപ്പിലാക്കാൻ പരസ്പരം മത്സരിക്കുന്ന രണ്ട് രാഷ്ട്രീയ പ്രസ്ഥാനങ്ങളാണ് കോൺഗ്രസ്സും ബി.ജെ.പി.യും. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ സംസ്ഥാനങ്ങളുടെ അവകാശങ്ങൾ ഇല്ലാതാകും. കൺസ്യൂമർ സ്റ്റേറ്റ് എന്ന നിലയിൽ താല്ക്കാലികമായ നേട്ടങ്ങളുണ്ടാകുമെങ്കിലും സംസ്ഥാനത്തിന് നഷ്ടമാകുന്ന നികുതി ചുമത്താനുള്ള അധികാരവും നികുതി സമാഹരണത്തിന്റെ സാദ്ധ്യതയിൽ വരുന്ന പരിമിതിയുമെല്ലാം ഗുരുതരമായ വിഷയങ്ങളാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ അഭിപ്രായമെന്താണ്? ഇവിടെ സംസാരിച്ച ഒരു പ്രതിപക്ഷ അംഗംപോലും സംസ്ഥാനങ്ങളുടെ അധികാരം കവരുന്നതുമായി ബന്ധപ്പെട്ട വിഷയം ഉന്നയിച്ചതായി കണ്ടില്ല. ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ ഏതാണ്ട് 1.5 ലക്ഷം കോടി രൂപയുടെ നഷ്ടം സംസ്ഥാനങ്ങൾക്ക് വരുമെന്ന് പറയുന്നു. ഈ നഷ്ടം നാല് ഘട്ടങ്ങളിലായി നികത്തുമെന്നാണ് കേന്ദ്രം പറയുന്നത്. നാല് ഘട്ടത്തിനപ്പുറമുണ്ടാകുന്ന നഷ്ടം ആര് നികത്തുമെന്ന ചോദ്യം ഉയർന്നുവരികയാണ്. കേന്ദ്ര സർക്കാർ കൂടുതൽ യൂണിറ്ററി സ്വഭാവം കാണിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസമാണ്

കർഷകപ്രക്ഷോഭം ഉയർന്നുവന്നത്. അതിന്റെ ഭാഗമായി കർഷകരുടെ കടം എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട വിഷയം കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ വന്നപ്പോൾ കേന്ദ്ര ഗവൺമെന്റ് എത്ര ധിക്കാരപരമായ നിലപാടാണ് സ്വീകരിച്ചത്. സംസ്ഥാന ഗവൺമെന്റിന്റെ കയ്യിൽ പണമുണ്ടെങ്കിൽ കടം എഴുതിത്തള്ളാനാണ് കേന്ദ്രം പറഞ്ഞത്. പണത്തിനുവേണ്ടി കേന്ദ്ര സർക്കാരിനോട് യാചിക്കേണ്ട അവസ്ഥയാണ് ജി.എസ്.ടി. വരുന്നതോടുകൂടി ഉണ്ടാകാൻ പോകുന്നത്. സാമ്പത്തികമായി കേന്ദ്ര ഗവൺമെന്റിനെ കൂടുതൽ ആശ്രയിക്കേണ്ടി വരുന്ന സ്ഥിതിവിശേഷം നമ്മുടെ നാട്ടിൽ ഉണ്ടാകുന്നു. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളോട് കാണിച്ച നിലപാട് അങ്ങേയറ്റം വിവേചനപരമാണ്. അതിന്റ തിക്തമായ അനുഭവങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന സംസ്ഥാനമാണ് കേരളം. കേരളവും കേന്ദ്രവും കോൺഗ്രസ് ഭരിക്കുമ്പോൾപ്പോലും കേരളത്തിന് നീതി ലഭിച്ചിട്ടില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. ബി.ജെ.പി. ഗവൺമെന്റിന്റെ നിലപാടിൽ, കൂടുതൽ ഏകാധിപത്യ പ്രവണത കാണിക്കുകയും ഭരണഘടനാ മൂല്യങ്ങളെ മാനിക്കാതിരിക്കുകയും ഭരണഘടന അട്ടിമറിക്കപ്പെടുമോയെന്ന ആശങ്കയും ശക്തിപ്പെട്ടുവരുന്നു. ഇത്തരം സാഹചര്യത്തിൽ ജി.എസ്.ടി. നടപ്പിലാക്കുന്നതോടുകൂടി ഉണ്ടാകുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷം നാം ചർച്ച ചെയ്യേണ്ടതാണ്. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ നിലപാട് എന്താണെന്നറിയാൻ താല്പര്യമുണ്ട്. ഇവിടെ ഡോ. ടി. എം. തോമസ് ഐസക്കിനെ പരിഹസിക്കുന്ന ചില നിലപാടുകൾ സ്വീകരിക്കുകയുണ്ടായി. എന്നാൽ കേരളമാണ് ജി.എസ്.ടി. കൗൺസിലിൽ ഇതിനെതിരെ ശക്തമായി വാദിച്ചത്. സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഏറ്റവും ശക്തമായ നിലപാടെടുത്തത് ഡോ. ടി. എം. തോമസ് ഐസക്കാണെന്ന് പറഞ്ഞത് കർണ്ണാടകയിലെ കോൺഗ്രസ് ധനകാര്യ വകുപ്പുമന്ത്രിയാണ്. 5 സംസ്ഥാനങ്ങൾ ഭരിക്കുന്നത് കോൺഗ്രസാണ്. ഡോ. അസീംദാസ് ഗുപ്ത, എംപവേർഡ് കമ്മിറ്റി ചെയർമാനായതിനെക്കുറിച്ച് ശ്രീ. എ. പി. അനിൽ കുമാർ പറയുകയുണ്ടായി. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. എം. മാണി ആയിരുന്നു എംപവേർഡ് കമ്മിറ്റി ചെയർമാൻ. അന്ന് നിങ്ങൾക്ക് എന്തുചെയ്യാൻ കഴിഞ്ഞു? ഇന്ന് ശ്രീ. കെ.എം. മാണി സംസാരിക്കുന്ന ഘട്ടത്തിൽ, ഇക്കാര്യത്തിലുള്ള ആശങ്ക പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിച്ചതെന്ന് പ്രതിപക്ഷനേതാവ് ചോദിക്കുകയുണ്ടായി. അദ്ദേഹം ആ ചോദ്യത്തിൽ നിന്ന് സമർത്ഥമായി ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. എംപവേർഡ് കമ്മിറ്റി ചെയർമാനായി കോൺഗ്രസ് ഗവൺമെന്റിലെ ധനകാര്യ വകുപ്പുമന്ത്രി വന്നതുകൊണ്ട് നയത്തെ സ്വാധീനിക്കാൻ കഴിഞ്ഞോ? നയത്തിൽ മാറ്റം വരുത്താൻ പറ്റുമോയെന്ന് പ്രതിപക്ഷം വിശദീകരിക്കണം. അതുപോലെ

സംസ്ഥാനത്തിന്റെ അധികാരം ഒന്നൊന്നായി നഷ്ടമാകാൻ പോകുകയാണ്. നികുതി ഘടന പരിശോധിച്ചാൽ, 62 ശതമാനം നികുതി ആയിരുന്ന നേരത്തെ ഈടാക്കിയിരുന്നത്. ജി.എസ്.ടി. വരുമ്പോൾ 62 ശതമാനം നികുതിയിൽ നിന്ന് കേന്ദ്രത്തിന്റെ വിഹിതം 83 ശതമാനമായി ഉയരുകയാണ്. 21 ശതമാനം നികുതി കേന്ദ്ര ഗവൺമെന്റ് കൂടുതലായി പിരിക്കാൻ പോകുകയാണ്. ആ സാഹചര്യത്തിൽ എങ്ങനെ ഒരു സ്റ്റേറ്റ് പ്ലാൻ ഡിസൈൻ ചെയ്യാൻ കഴിയും? സംസ്ഥാനത്തിന് സാമ്പത്തിക അധികാരവും ഉറവിടവും ഇല്ലെങ്കിൽ സംസ്ഥാനം എന്തുചെയ്യുമെന്ന കാര്യത്തിൽ മറുപടി പറയണം. ഈ വിഷയം ഗൗരവമായി അഡ്രസ് ചെയ്യേണ്ടതാണ്. ജി.എസ്.ടി. വരുമ്പോൾ സ്വന്തമായ പ്ലാനിംഗ് പോലും സംസ്ഥാനത്തിന് നഷ്ടമാകാം. എന്തിനും ഏതിനും കേന്ദ്ര ഗവൺമെന്റിനെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യമുണ്ടാകാൻ പോകുകയാണ്. ഇത് അതീവ ഗുരുതരമായ പ്രശ്നമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ലോട്ടറിയുടെ വിഷയത്തിൽ മാത്രമല്ല കേരളം ഇടപെട്ടത്. ഡോ. ടി. എം. തോമസ് ഐസക് ജി.എസ്.ടി. കൗൺസിലിനെ ഒരു സമര വേദിയാക്കി മാറ്റിയിട്ടുണ്ട്. പ്രൈവറ്റ് ലോട്ടറി ചൂതാട്ടത്തിൽപ്പെടുത്തി ഗാംബ്ലിംഗ് ടാക്സിന്റെ പരിധിയിൽ കൊണ്ടുവന്ന് 28 ശതമാനം ടാക്സ് ചുമത്താൻ ജി.എസ്.ടി. കൗൺസിലിൽ തീരുമാനമുണ്ടായത് ഡോ. ടി. എം. തോമസ് ഐസക്കിന്റെ ശക്തമായ ഇടപെടലിന്റെ ഭാഗമായാണ്. ഹോട്ടലുകൾക്കും സ്വർണ്ണവുമായി ബന്ധപ്പെട്ട് ബിസ്കറ്റിനും 18 ശതമാനം ടാക്സ് ഏർപ്പെടുത്തുമ്പോൾ ജുവൽസിന് കേന്ദ്ര ഗവൺമെന്റ് ശിപാർശ ചെയ്തത് 1.5 ശതമാനം ടാക്സാണ്. അത് 5 ശതമാനമാക്കാനാണ് ഡോ. ടി. എം. തോമസ് ഐസക് വാദിച്ചത്. ശക്തമായ ഇടപെടൽകൊണ്ടും ചില സംസ്ഥാനങ്ങൾ കേരളത്തിന്റെ നിലപാടിനൊപ്പം നിന്നതുകൊണ്ടും അവസാനം 3 ശതമാനമായി വർദ്ധിപ്പിക്കാൻ സാധിച്ചു. ടൂറിസം സെക്ടറിൽ ഏറ്റവും കൂടുതൽ സാധ്യതയുള്ള സംസ്ഥാനമാണ് കേരളം. കേരളത്തിൽ 7500 രൂപ വരെ വാടകയുള്ള ഹോട്ടലുകളുടെ ടാക്സ് 28 ശതമാനമാക്കാനാണ് ജി.എസ്.ടി. കൗൺസിലിൽ ഉണ്ടായ ധാരണ. ആ ധാരണ മാറ്റിമറിച്ച് 18 ശതമാനമായി കുറയ്ക്കാനിടയാക്കിയത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശക്തമായ ഇടപെടലിന്റെ ഭാഗമായാണ്. സാധ്യമായ അത്രയും ഇടപെടൽ ജി.എസ്.ടി. കൗൺസിലിൽ നടത്താൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. പക്ഷേ, നമുക്കറിയാം കോൺഗ്രസ് ഭരിക്കുന്ന 5 സ്റ്റേറ്റുകളുണ്ട്. ആ ഗവൺമെന്റുകൾ ഇക്കാര്യത്തിലെടുത്ത നിലപാടെന്താണ്; പഞ്ചാബ്, ഹിമാചൽ പ്രദേശ്, കർണ്ണാടക, മിസ്സോറാം എന്നീ സംസ്ഥാനങ്ങളെടുത്ത നിലപാടെന്താണ്; നിങ്ങൾ വിശദീകരിക്കണം. യഥാർത്ഥത്തിൽ കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന ജി.എസ്.ടി. സംസ്ഥാനങ്ങളുടെ താൽപ്പര്യങ്ങൾക്കും ഇൻഡ്യൻ ഭരണഘടനയ്ക്കും എതിരാണ്.

നമ്മുടെ യഥാർത്ഥ ഫെഡറലിസത്തെ തകർക്കുന്നതാണ്. അത്തരമൊരു സാഹചര്യത്തിൽ നമ്മൾ താൽക്കാലികമായ രാഷ്ട്രീയ ലാഭത്തിനുവേണ്ടി കേവലം വിമർശനമുന്നയിക്കുന്നതിനുപകരം ഒന്നിച്ചുനിൽക്കേണ്ട ഒരു സന്ദർഭമാണിത്. ആ സന്ദർഭത്തിൽ പരസ്പരം ആരോപണമുന്നയിക്കുകയല്ല വേണ്ടത്. എനിക്ക് ബഹുമാന്യനായ പ്രതിപക്ഷ നേതാവിനോട് ചോദിക്കാനുള്ളത്, സംസ്ഥാനത്തിന്റെ അധികാരങ്ങൾ കവരുന്ന വിഷയവുമായി ബന്ധപ്പെട്ട് എന്ത് നിലപാടാണ് കോൺഗ്രസ് സ്വീകരിക്കാൻ പോകുന്നതെന്നാണ്. നാളെ ബി.ജെ.പി. എന്ത് നിലപാടെടുക്കുമെന്ന് നമുക്ക് പറയാൻ സാധിക്കില്ല. ഇപ്പോൾ ഒരു കുടിപ്പകയുടെ പേരിൽ ഒരാൾ കൊലചെയ്യപ്പെട്ടപ്പോൾ ഒരു സംസ്ഥാന സർക്കാരിനെ പിരിച്ചുവിടുമെന്ന് പറയാൻ ഇൻഡ്യൻ ഭരണം നിയന്ത്രിക്കുന്ന ആർ.എസ്.എസ്. തയ്യാറാവുന്ന അസാധാരണമായ ഒരു സാഹചര്യമുണ്ടാവുകയാണ്. അത്തരമൊരു സാഹചര്യത്തിൽ കേന്ദ്രത്തിന്റെ കയ്യിൽ സാമ്പത്തിക സ്രോതസ്സിന്റെ കുത്തക മുഴുവൻ നിക്ഷിപ്തമാകുമ്പോൾ ഉണ്ടാകാൻ പോകുന്ന അപകടമെന്തായിരിക്കും; നമ്മൾ കേന്ദ്രത്തിന്റെ മുന്നിൽ യാചിക്കേണ്ടിവരും. അങ്ങനെ യാചിക്കേണ്ടി വന്നാൽ ഈ ഫെഡറൽ സിസ്റ്റം ഇവിടെ നിലനിൽക്കുമോ; നാം ചിന്തിക്കേണ്ട കാര്യമാണ്. നമ്മുടെ രാജ്യത്തിന്റെ ഭരണഘടന ഉറപ്പുനൽകുന്ന ഫെഡറൽ മൂല്യങ്ങൾ സംരക്ഷിക്കാൻ നാം ഒറ്റക്കെട്ടായി പോരാടേണ്ട ഒരു സന്ദർഭമാണ്. കോൺഗ്രസ് പാഠം പഠിക്കില്ല, നിങ്ങളാണ് റേഷൻ സംവിധാനം തകർത്തത്. നിങ്ങളാണ് ആധാർ കൊണ്ടുവന്നത്. നിങ്ങളാണ് ആസിയാൻ കരാറിൽ ഒപ്പുവച്ചത്. നിങ്ങളാണ് 'വാറ്റ്' കൊണ്ടുവന്നത്. നിങ്ങളാണ് ജി.എസ്.ടി. കൊണ്ടുവന്നത്. ഈ രാജ്യത്തിലെ ജനങ്ങളെ തകർത്ത എല്ലാ നയങ്ങളുടെയും പിതൃത്വം നിങ്ങൾക്കുമാത്രം അവകാശപ്പെട്ടതാണ്. ആ നയങ്ങളാണ് ശക്തിയോടെ ബി.ജെ.പി. നടപ്പാക്കുന്നത്. ഈ കാര്യത്തിൽ നിങ്ങൾക്ക് വൈകിയ വേളയിലെങ്കിലും വിവേകമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. നിങ്ങളുടെ നയങ്ങൾ നിങ്ങൾ തിരുത്തണം. നിങ്ങൾ ഈ രാജ്യത്തിന്റെ യഥാർത്ഥ വസ്തുതകൾ കണ്ട് ജനങ്ങൾക്കൊപ്പം നിൽക്കാൻ തയ്യാറാകണം. ഇതാണ് ഒരു രാജ്യം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. സ്വന്തം പാർട്ടിയുടെ ഏറ്റവും ഉന്നതനായ നേതാവിന് ഭീകരമായ അക്രമം നേരിടേണ്ടിവന്നിട്ട് ഉപവാസമിരിക്കാൻ കേരളത്തിലെ ഒരു യു.ഡി.എഫ്. നേതാവിനെയും നമ്മൾ കണ്ടില്ല. ശ്രീ. രാഹുൽ ഗാന്ധിക്ക് നേരെ കല്ലേറിയുകയാണ്. തലനാരിഴയ്ക്കാണ് ഇൻഡ്യൻ കോൺഗ്രസ്സിന്റെ ഏറ്റവും പ്രമുഖനായ നേതാവ് ശ്രീ. രാഹുൽ ഗാന്ധി രക്ഷപ്പെട്ടത്. ആ കല്ല് ശ്രീ. രാഹുൽ ഗാന്ധിയുടെ നേരെ കൊണ്ടിരുന്നുവെങ്കിൽ എന്താകുമായിരുന്നു സ്ഥിതി; നമ്മളാലോചിക്കണ്ടേ? ഇത്രയും പ്രൊട്ടക്ഷനുള്ള, 'Z' കാറ്റഗറി പ്രൊട്ടക്ഷനുള്ള ഇൻഡ്യയിലെ ഏറ്റവും വലിയ പ്രതിപക്ഷ പാർട്ടിയുടെ

നേതാവിനുപോലും നിർഭയമായി ഈ രാജ്യത്ത് സഞ്ചരിക്കാൻ കഴിയാത്ത ഒരു സാഹചര്യമുണ്ടാകുന്നു. ഇൻഡ്യയുടെ പ്രധാനമന്ത്രി അതിൽ പ്രതികരിച്ചിട്ടില്ല. കേരളത്തിൽവന്ന ശ്രീ. അരുൺ ജെയ്റ്റിലിയും പ്രതികരിച്ചിട്ടില്ല. അതിനെതിരെ പ്രതികരിക്കാൻ കോൺഗ്രസ്സിന് സമയമില്ല. കേരളത്തിലെങ്ങനെയെങ്കിലും ഇടതുപക്ഷത്തെ പ്രതിക്കൂട്ടിലാക്കാൻവേണ്ടി ഇത്തരത്തിലുള്ള ചില പൊറാട്ടു നാടകങ്ങൾ നടത്തുന്ന നിങ്ങളുടെ നിലപാട് നിങ്ങൾ തിരുത്തണം. നിങ്ങൾ യഥാർത്ഥ വഴിയിലേയ്ക്ക് വരണം എന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് സമ്മിശ്ര പ്രതികരണമുണ്ടാക്കുന്ന, ഗുണവും ദോഷവും സൃഷ്ടിക്കുന്ന ജി.എസ്.ടി. അടിസ്ഥാനപരമായി ഈ രാജ്യത്തിന് ഭീഷണിയാണെന്ന കാര്യം സൂചിപ്പിച്ചുകൊണ്ട് ഒരു സംസ്ഥാന സർക്കാരിന്റെ ഭരണഘടനാ ബാധ്യത നിറവേറ്റുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നത് എന്നതുകൊണ്ട് ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 'Tryst with Destiny'- പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ഏറ്റവും വാചാലവും അർത്ഥ ഗംഭീരവുമായ ഒരു പ്രസംഗമാണ് 1947 ആഗസ്റ്റ് 15-ാം തീയതി പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ നടന്നത്. അന്ന് അർദ്ധരാത്രിയിൽ നടന്ന അതിശക്തമായ ആ പ്രസംഗത്തെ ഓർമ്മിപ്പിക്കുന്ന നിലയിൽ ഈ ജി.എസ്.ടി. ബിൽ പാസ്സാക്കുന്ന നടപടി കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത് അനുചിതമായിപ്പോയി. ചരിത്രത്തിൽ ഒരിക്കൽ മാത്രമേ സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികളും ഒരു നാട് പുതുതായി സ്വാതന്ത്ര്യത്തിലേയ്ക്ക് ആനയിക്കുന്നതുമായ സംഭവം ഉണ്ടാകാറുള്ളൂ. അതിന്റെ ഒരു പകർപ്പ് നടപ്പാക്കാനാണ് ശ്രീ. നരേന്ദ്ര മോദി ശ്രമിച്ചത്. GST is a long journey...

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സ്വാതന്ത്ര്യ സമരത്തിൽ ഒരു പങ്കും വഹിക്കാത്ത ഒരു പ്രസ്ഥാനം അങ്ങനെയെങ്കിലും സ്വാതന്ത്ര്യ ദിനത്തെക്കുറിച്ച് ഓർക്കാൻ ശ്രമിച്ചതായിരിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതിനെ ഞാനും പിന്തുണയ്ക്കുകയാണ്. മുഖ്യമന്ത്രി പറഞ്ഞത് ശരിയാണ്. നമ്മുടെ രാജ്യത്തിന്റെ ഒരു long journey-യുടെ ഒരു stop മാത്രമാണ് ജി.എസ്.ടി. 14 നീണ്ട വർഷങ്ങൾ നടത്തിയ ഒരു യാത്രയുടെ അവസാന തീരുമാനമാണ് ഇപ്പോൾ ഈ ജി.എസ്.ടി.യിലൂടെ പുറത്തുവന്നിരിക്കുന്നത്. ഇവിടെ ഒരു കാര്യം ഞാൻ വ്യക്തമാക്കാനാഗ്രഹിക്കുന്നു. കോൺഗ്രസ് വിചാരിച്ചിരുന്നുവെങ്കിൽ ഈ ജി.എസ്.ടി. രാജ്യസഭയിൽ പാസ്സാക്കാതിരിക്കാമായിരുന്നു. പക്ഷേ, ഞങ്ങൾ ഈ ജി.എസ്.ടി. നിയമം

വരണമെന്നാഗ്രഹിക്കുന്നവരാണ്, ആഗ്രഹിച്ചവരുമാണ്. നമ്മുടെ രാജ്യത്ത് 'വാറ്റ്', 'ജി.എസ്.ടി.' എന്ന രണ്ട് നികുതി പരിഷ്കരണങ്ങളാണ് അടുത്ത കാലത്തുണ്ടായത്. അന്നത്തെ യു.പി.എ. ഗവൺമെന്റ് 'വാറ്റ്' എത്ര മനോഹരമായാണ് നടപ്പാക്കിയത്; ഒരുതരത്തിലുള്ള പ്രതിസന്ധിയുമില്ലാതെ നല്ല നിലയിൽ നടപ്പാക്കാൻ അന്ന് സാധിച്ചു. ജി.എസ്.ടി. നടപ്പാക്കാൻ ഈ ഗവൺമെന്റ് സ്വീകരിച്ച ചില സമീപനങ്ങളാണ് പ്രശ്നങ്ങൾ കൂടുതലായി ഉണ്ടാക്കിയിട്ടുള്ളത്. ജി.എസ്.ടി.-യെ എതിർത്തത് ആരായിരുന്നു? ബി.ജെ.പി.-യും ശ്രീ. നരേന്ദ്ര മോദിയുടെ ഗുജറാത്ത് ഗവൺമെന്റും, മധ്യപ്രദേശ് ഗവൺമെന്റുമായിരുന്നു. അന്നവർ പറഞ്ഞ അതേ വാദങ്ങളാണ് ശ്രീ. റ്റി. വി. രാജേഷ് ഇന്നിപ്പോൾ ഇവിടെ ഉന്നയിച്ചത്. ശ്രീ. നരേന്ദ്ര മോദി അന്നുപറഞ്ഞ അതേ കാര്യങ്ങളാണ് അപ്പുറത്തുള്ള പല ആളുകളും ഉന്നയിച്ചത്. ശ്രീ. നരേന്ദ്ര മോദി പ്രധാനമന്ത്രിയായപ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായം മാറി. പക്ഷേ കോൺഗ്രസ്സിന്റെ അഭിപ്രായം മാറിയില്ല, ഡോ. മൻമോഹൻ സിംഗിന്റെ അഭിപ്രായവും മാറിയില്ല. ഡോ. മൻമോഹൻ സിംഗിനോട് പത്രപ്രവർത്തകർ 'നിങ്ങൾ ജി.എസ്.ടി. നിയമം കൊണ്ടുവന്നപ്പോൾ അതിനെ ബി.ജെ.പി. എതിർത്തില്ലേ; ശ്രീ. നരേന്ദ്ര മോദി എതിർത്തില്ലേ പിന്നെ അങ്ങെന്തുകൊണ്ടാണ് ഇതിനെ അനുകൂലിക്കുന്നത് എന്നു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു, Let bygones be bygones. We should not assume that there will be no difficulties; there must be a constructive spirit. There must be a co-operation between the Federal Government and the State Government to resolve those outstanding issues. ഡോ. മൻമോഹൻ സിംഗും ഇൻഡ്യൻ നാഷണൽ കോൺഗ്രസും എടുത്ത സമീപനം ജി.എസ്.ടി. വേണമെന്നുതന്നെയാണ്. ഒരു സംശയവും അക്കാര്യത്തിലില്ല. ഒരു പുതിയ ടാക്സ് regime വരികയാണ്. നമ്മുടെ ലോകത്ത് ആദ്യമായി 1954-ൽ ഫ്രാൻസാണ് ഇങ്ങനെയൊരു ജി.എസ്.ടി. നിയമം നടപ്പാക്കിയത്. ഇപ്പോൾ 160 രാജ്യങ്ങൾ ലോകത്ത് ജി.എസ്.ടി. നിയമം നടപ്പാക്കുന്നുണ്ട്. 2002-ൽ വന്ന കെൽക്കർ കമ്മിറ്റിയുടെ ശിപാർശയാണ് ജി.എസ്.ടി. നിയമത്തിലേയ്ക്ക് നമ്മളെ എത്തിക്കുന്നത്. 2006-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. പി. ചിദംബരമാണ് ജി.എസ്.ടി.യെ സംബന്ധിച്ചുള്ള പരാമർശം നടത്തിയത്. പിന്നീട് വന്ന ധനകാര്യമന്ത്രി ശ്രീ. യശ്വന്ത് സിൻഹ ഇക്കാര്യത്തിൽ ചില നീക്കങ്ങൾ നടത്തി. 2008-ൽ സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ ഉന്നതതല കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റിയുടെ ചെയർമാൻ വളരെ വർഷക്കാലം പശ്ചിമബംഗാളിലെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന, പരിണതപ്രജ്ഞനും സാമ്പത്തിക വിദഗ്ധനുമായ ബഹുമാന്യനായ മുഖ്യമന്ത്രിക്ക് അറിയാവുന്ന ശ്രീ. അസീം ദാസ്ഗുപ്തയായിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് 2009-ൽ

നൽകുകയുണ്ടായി. 2011-ൽ ശ്രീ. പ്രണബ് കുമാർ മുഖർജിയാണ് ജി.എസ്.ടി. ബിൽ പാർലമെന്റിൽ അവതരിപ്പിച്ചത്. അതെന്തുകൊണ്ട് നടന്നില്ല എന്ന് ഞാനിവിടെ സൂചിപ്പിച്ചു. നമ്മുടെ indirect taxation-ന്റെ കാര്യത്തിൽ ജി.എസ്.ടി. ഒരു പുതിയ സമീപനമാണ്. ഞങ്ങൾ ജി.എസ്.ടി. കൊണ്ടുവരാനാഗ്രഹിച്ചത് രാജ്യത്തിന്റെ നികുതി ഘടനയിൽ വലിയൊരു മാറ്റം ഉണ്ടാകണമെന്നുള്ള ആഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ തന്നെയായിരുന്നു. ലോകത്തെ വിവിധ രാജ്യങ്ങളിൽ നടപ്പാക്കി നല്ല നിലയിൽ മുന്നോട്ടുപോയാൽ ഒരു Tax Reform കൊണ്ടുവരുന്നതിൽ ഒരു തെറ്റുമില്ല. ഞങ്ങൾക്കതിൽ യാതൊരു പശ്ചാത്താപവുമില്ല. അത് വേണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. ഇൻഡ്യയെപ്പോലെ പുരോഗതിയിൽ നിന്ന് പുരോഗതിയിലേയ്ക്ക് ഒരു രാജ്യം പോകുമ്പോൾ ഏഷ്യയിലെ തന്നെ ഏറ്റവും പ്രബലമായ രാജ്യമായി ഇൻഡ്യ കുതിച്ചുകയറുമ്പോൾ, വിദേശ മൂലധന നിക്ഷേപങ്ങളും ഈസി ബിസിനസ്സുകളും കൂടുതലായി നടത്തേണ്ടിവരുമ്പോൾ നമ്മുടെ ജി.എസ്.ടി. പോലുള്ള സംവിധാനങ്ങൾ വേണ്ടത് ആവശ്യമാണെന്ന് വിശ്വസിക്കുന്ന ഒരു പാർട്ടിയാണ് എന്റേത്. ഇവിടെ സംഭവിച്ചതെന്താണ്? കോൺഗ്രസ് ആഗ്രഹിച്ചത് ജി.എസ്.ടി. 18 ശതമാനമായി ക്യാപ് ചെയ്യണമെന്നുള്ളതായിരുന്നു. ഈ ഗവൺമെന്റ് 28 ശതമാനമായി ക്യാപ് ചെയ്തു. അതാണ് ഇക്കാര്യത്തിലുണ്ടായിരിക്കുന്ന ഒരു അടിസ്ഥാന വ്യത്യാസം. ആസ്ട്രേലിയയിൽ 10%, ന്യൂസിലന്റിൽ 15%, ചൈനയിൽ 17%, ബെഹറിനിൽ 5%, കാനഡയിൽ 15%, മ്യാൻമറിൽ 3%, സിങ്കപ്പൂരിൽ 7% എന്നിങ്ങനെയാണ് നിരക്ക്. അപ്പോൾ പ്രായോഗികമായി 18 ശതമാനത്തിൽ നിർത്താൻ കഴിയുന്നിടത്താണ് 28 ശതമാനമായി വന്നത്. നമ്മുടെ ധനകാര്യമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഒരു ബദൽ നിർദ്ദേശം മുന്നോട്ടുവച്ചു. ന്യൂട്രൽ റേറ്റ് 24 ശതമാനമായിരുന്നു, ഞാൻ വായിച്ചതാണ്; തെറ്റാണെങ്കിൽ അങ്ങേയ്ക്ക് തിരുത്താവുന്നതാണ്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ് മുന്നോട്ടുവച്ചത് 18% മതിയെന്നുള്ളതായിരുന്നു. ഞങ്ങൾ ആ നിലപാടിൽ ഇപ്പോഴും ഉറച്ചുനിൽക്കുകയാണ്. അതായിരുന്നുവെങ്കിൽ നമുക്ക് ഈ കാര്യത്തിൽ കുറച്ചുകൂടി സാവകാശവും സൗകര്യവും ഈസി ബിസിനസ്സിനുള്ള സാഹചര്യവും ഒരുക്കാൻ കഴിയുമായിരുന്നു. ആസ്ട്രേലിയയിലും കാനഡയിലും ഇത് നടപ്പാക്കിയതിന്റെ ഫലമായി ഇൻഫ്ലേഷൻ വളരെ കൂടി. സിംഗപ്പൂരിന്റെ ഇക്കോണമി തകർന്നു. എന്നാൽ മലേഷ്യ, ആഫ്രിക്ക എന്നീ രാജ്യങ്ങൾ ഒന്നര വർഷം അവയർനെസ് ക്യാമ്പയിൻ നടത്തിയതിനുശേഷമാണ് ജി.എസ്.ടി. നടപ്പാക്കിയത്. അതുകൊണ്ട് ആ രാജ്യങ്ങളിൽ ഇതുപോലുള്ള പ്രശ്നങ്ങളുണ്ടായില്ല. 'വാറ്റ്' നടപ്പാക്കിയപ്പോൾ പ്രശ്നങ്ങളുണ്ടാകാതിരുന്നത് അത് അവധാനതയോടുകൂടി നടപ്പാക്കിയതുകൊണ്ടാണ്. ഇൻഫ്ലേഷൻ തടയാനും ജി.എസ്.ടി.-യിൽനിന്നുള്ള ആനുകൂല്യങ്ങൾ ജനങ്ങളിൽ എത്തിക്കാനും എല്ലാ രാജ്യങ്ങളിലും ആന്റി

പ്രോഫിറ്റിയറിംഗ് അതോറിറ്റി രൂപീകരിച്ചിരുന്നു. ഇപ്പോൾ ഇവിടെയും രൂപീകരിക്കാൻ പോകുന്നു. ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിയുടെ പ്രവർത്തനങ്ങളെ കണ്ണിലെണ്ണയൊഴിച്ച് നമുക്ക് കാത്തിരിക്കേണ്ടിവരും. കാരണം, അത് വലിയതോതിലുള്ള പ്രതിസന്ധികളുണ്ടാക്കാനുള്ള സാധ്യതകളുണ്ട്. അതിന്റെ പ്രവർത്തനങ്ങളെ ജി.എസ്.ടി. കൗൺസിൽ അംഗം എന്ന നിലയിൽ ധനകാര്യ വകുപ്പുമന്ത്രി ജാഗരൂകമായിത്തന്നെ പരിശോധിക്കേണ്ട കാര്യമാണ്. Draconian നിലയിൽ അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകാൻ പാടില്ല. ജി.എസ്.ടി. കൗൺസിൽ എടുക്കുന്ന തീരുമാനം പാർലമെന്റിനെ അറിയിക്കണം. പാർലമെന്റിന്റെ സാങ്ഷൻകൂടി വേണം എന്നതാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസ് മുന്നോട്ടുവച്ച മറ്റൊരു കാര്യം. പക്ഷേ അത് നിരാകരിക്കപ്പെട്ടു. പാർലമെന്റിന്റെ സാങ്ഷൻ ഇല്ലാതെതന്നെ എക്സിക്യൂട്ടീവ് ഓർഡറിലൂടെ ഇറക്കാൻ കഴിയത്തക്ക നിലയിലേയ്ക്ക് അത് മാറുകയുണ്ടായി. ഇന്ന് ഉയർന്നുവരുന്ന draconian സമീപനമില്ലാതെ ജി.എസ്.ടി. കൗൺസിലിൽ ആന്റി പ്രോഫിറ്റിയറിംഗ് സമിതിയുടെ പ്രവർത്തനമാണ് നമ്മുടെ രാജ്യത്തിന് ഏറ്റവും ആവശ്യമായിട്ടുള്ളത്. ജി.എസ്.ടി. പരിപൂർണ്ണമാണെന്ന് ഞങ്ങൾ പറയുന്നില്ല. 'It is imperfect and cannot be called as one nation and one tax, as it has seven more rates. Congress will press for reduction of tax and we are demanding for 18% CAP'.-18 ശതമാനമായി നിലനിർത്തണമെന്നുള്ള ആവശ്യത്തിൽ ഞങ്ങൾ ഉറച്ചുനിൽക്കുകയാണ്. അതുപോലെതന്നെ ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യം, നമ്മുടെ ജി.ഡി.പി.യുടെ 40-50% ഇപ്പോൾ ജി.എസ്.ടി.യുടെ പർവ്യൂവിൽ ഇല്ല. Petroleum, power, real estate etc..etc. അപ്പോൾ ജി.ഡി.പി.യുടെ 40 ശതമാനം ഇപ്പോഴും ജി.എസ്.ടി.യുടെ പുറത്ത് നിൽക്കുന്നുവെന്നുള്ളത് ഗൗരവതരമായ ഒരു കാര്യമാണ്. ഇതല്ല കോൺഗ്രസ് വിഭാവനം ചെയ്ത ജി.എസ്.ടി. 'G.S.T with seven rates. Rates such as 0.25, 3, 5, 12, 18 and 40 possibly more because of the discretion vested in the State Government how can be call as a once nation and one tax'? ഇപ്പോൾ നടപ്പാക്കുന്നത് കോൺഗ്രസ് വിഭാവനം ചെയ്ത ജി.എസ്.ടി. അല്ല, ഒരു പ്രിവ്യൂ മാത്രമാണ്. ഞങ്ങൾ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിശോധിക്കും. We will work as a watch dog. ഈ ഗവൺമെന്റ് ഇതെങ്ങനെ നടപ്പാക്കുമെന്നുള്ള കാര്യം ഞങ്ങൾ ശ്രദ്ധാപൂർവ്വം നോക്കുകയാണ്. ചെറുകിട വ്യാപാരികൾ, കർഷകർ, തൊഴിലാളികൾ എന്നിവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ ഞങ്ങൾ നിരീക്ഷിച്ചു കൊണ്ടിരിക്കുകയാണ്. അതോടൊപ്പംതന്നെ ജി.എസ്.ടി.-യെക്കുറിച്ച് വ്യാപക പ്രചരണം സംഘടിപ്പിക്കാൻ കോൺഗ്രസ് തീരുമാനിച്ചിട്ടുണ്ട്. കർഷകർ, തൊഴിലാളികൾ, ചെറുകിട വ്യവസായികൾ എന്നിവർക്കെല്ലാമുണ്ടാകുന്ന പ്രശ്നങ്ങളും അത് പരിഹരിക്കാൻ കഴിയുന്ന മാർഗ്ഗങ്ങളും

സംബന്ധിച്ച് ഞങ്ങൾ ദേശവ്യാപകമായ അഭിപ്രായങ്ങൾ ക്ഷണിച്ചു കൊണ്ടിരിക്കുകയാണ്. നമ്മുടെ ഉദ്യോഗസ്ഥന്മാരും ബിസിനസ്സുകാരും unprepared or under prepared ആണെന്നുള്ള കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് നിഷേധിക്കാൻ കഴിയില്ലല്ലോ? Unprepared ഉം under prepared ഉം ആയിട്ടുള്ള ഒരു സംവിധാനമാണ് ഇന്ന് ഏറ്റവും വലിയ പ്രശ്നമുണ്ടാക്കിയിരിക്കുന്നത്. അതുകൊണ്ടാണ് ആറുമാസത്തെ അല്ലെങ്കിൽ മൂന്നുമാസത്തെയെങ്കിലും മൊറട്ടോറിയം ഇതിൽ പ്രഖ്യാപിക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടത്. മാക്സിമം റീട്ടെയിൽ പ്രൈസിനെ സംബന്ധിച്ചും ജി.എസ്.ടി.-യെ സംബന്ധിച്ചുമുള്ള പ്രശ്നങ്ങളെക്കുറിച്ച് പരിശോധന നടത്താനും ജനങ്ങളെ ബോധവൽക്കരിക്കാനുമുള്ള നടപടികൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. ശ്രീ. പ്രണബ് കുമാർ മുഖർജിയും ശ്രീ. പി. ചിദംബരവും വിഭാവനം ചെയ്ത, ഡോ. മൻമോഹൻസിംഗ് ആഗ്രഹിച്ച ഒരു ജി.എസ്.ടി. നിയമമല്ല നടപ്പാക്കുന്നത്. അതിന്റെ അർത്ഥം ഞങ്ങൾ ഇതിനോട് പൂർണ്ണമായി വിയോജിക്കുന്നു എന്നുള്ളതല്ല. ഇതിനെയൊരു തുടക്കമായി മാത്രമേ ഞങ്ങൾ കാണുന്നുള്ളൂ. ശ്രീ. അരുൺ ജയ്റ്റ്ലി പാർലമെന്റിൽ പറഞ്ഞൊരുവാക്യം ഞാനിവിടെ ഓർക്കുന്നു. എല്ലാ റിഫോംസും disruptive ആകും. ശ്രീ. അരുൺ ജയ്റ്റ്ലി നല്ല പ്രിപ്പയർനെസ് നടത്തിയില്ല. ജനങ്ങളെ ബോധവൽക്കരിക്കാനുള്ള സമയം കണ്ടെത്തിയില്ല. ഒരു ദിവസത്തിനുള്ളിൽ 30 ബില്യൺ ഇൻവോയിസസ് പ്രോസസ്സ് ചെയ്യേണ്ടിവരുമെന്ന് അദ്ദേഹം തന്നെ പറഞ്ഞു. ഇത്രയും ഭീമമായ ഇൻവോയിസുകൾ പ്രോസസ്സ് ചെയ്യണമെങ്കിൽ എടുക്കുന്ന സമയമെത്രയാണ്? നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ജി.എസ്.ടി.-യുടെ നട്ടെല്ലായ ജി.എസ്.ടി. നെറ്റ്‌വർക്ക് പോലും ഇതുവരെ ശരിയായിട്ടില്ലായെന്ന് ജി.എസ്.ടി.-യുടെ സി.ഇ.ഒ. ആയ ശ്രീ. നവീൻ കുമാർ പറയുന്നു. ഈ കാര്യത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും പാവപ്പെട്ടവരുടെയും കാര്യത്തിൽ ജി.എസ്.ടി. അവഗണന കാട്ടിയെന്നുള്ള പരാതി എനിക്കുണ്ട്. മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾക്കുള്ള ജി.എസ്.ടി. 5 മുതൽ 18 വരെ വർദ്ധിപ്പിക്കുകയുണ്ടായി. വികലാംഗർക്കുള്ള ജി.എസ്.ടി. 18 മുതൽ 28 ശതമാനം വരെയെന്നുള്ളത് ശ്രീ. രാഹുൽ ഗാന്ധി ഇടപെട്ടശേഷം 5 ശതമാനമായി കുറച്ചു. വികലാംഗരായിട്ടുള്ള ആളുകളെ സംബന്ധിച്ചിടത്തോളം ആ 5 ശതമാനവും കൂടുതലാണ്. ഡയാലിസിസ്, ബ്ലഡ് ടെസ്റ്റ്, എക്സ്റേ, അൾട്രാ സൗണ്ട് സ്കാൻ എന്നിവയുടെ ജി.എസ്.ടി. 12 മുതൽ 18 ശതമാനം വരെയാണ്. ആയുർവേദത്തിലുള്ള ജി.എസ്.ടി.-യും കേരളത്തെ ഗുരുതരമായി ബാധിക്കുന്നൊരു കാര്യമാണ്. അടുത്ത ജി.എസ്.ടി. കൗൺസിലിൽ അങ്ങ് അത് ഉന്നയിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ പരമ്പരാഗത തൊഴിൽ മേഖലയിലും അതോടൊപ്പംതന്നെ സാനിറ്ററി നാപ്കിനുകൾക്കുപോലും അധിക നികുതി

ഏർപ്പെടുത്തിയെതിനെതിരെ സ്ത്രീ സംഘടനകൾ ഇപ്പോൾ സമരത്തിനിറങ്ങിയിരിക്കുന്നു. കള്ളപ്പണത്തിന്റെ ഉറവിടമായ റിയൽ എസ്റ്റേറ്റ് ഇതിൽനിന്നും ഒഴിവാക്കിയിരിക്കുന്നു. 40-50 ശതമാനം ജി.ഡി.പി.യിൽ വരുന്ന ഇന്ധനങ്ങളെയും മറ്റും ഒഴിവാക്കിയതുകൊണ്ട് ഇതിന്റെ യഥാർത്ഥത്തിലുള്ള ശക്തി ചോർന്നുപോയിരിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഇവിടെ സി.പി.എം.-ന്റെ സെൻട്രൽ കമ്മിറ്റിയുടെ പ്രമേയത്തെക്കുറിച്ച് ഞാൻ ആവർത്തിക്കുന്നില്ല. പാർട്ടിക്ക് പാർട്ടിയുടെ നിലപാടുണ്ടാകും. കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിക്ക് കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാനുള്ള ബാധ്യതയുമുണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് മൂവായിരം മുതൽ അയ്യായിരം കോടി രൂപയുടെ അധിക നികുതി വരുമാനം ലഭിക്കാൻ പോകുന്ന ഒരവസരം ഒരു ധനകാര്യ വകുപ്പുമന്ത്രിയും വേണ്ടെന്നുവയ്ക്കില്ല. ഞാൻ ഡോ. ടി. എം. തോമസ് ഐസക്കിനെ ചെറുതാക്കി കാണിക്കാൻ പറഞ്ഞതല്ല. ജി.എസ്.ടി.-യെ സംബന്ധിച്ച് അദ്ദേഹത്തിന്റെ പാർട്ടി സെൻട്രൽ കമ്മിറ്റി പാസ്സാക്കിയ പ്രമേയത്തെപ്പറ്റി ഞാൻ പറഞ്ഞുവെന്നുമാത്രമേയുള്ളൂ. ഇവിടെ വിലക്കയറ്റമുണ്ട്. വിലക്കയറ്റം ജി.എസ്.ടി. കൊണ്ടുണ്ടായതല്ല. ജി.എസ്.ടി. വരുന്നതിനുമുമ്പ് ഇവിടത്തെ അരിയുടെ വില 50 മുതൽ 55 രൂപ വരെയായിരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റമുണ്ടായിരുന്നു. ജി.എസ്.ടി. വന്നതോടുകൂടി കുനിൻമേൽ കുരു എന്ന നിലയിൽ വിലക്കയറ്റം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പാവങ്ങളുടെ കുടുംബ ബഡ്ജറ്റുകൾ താളംതെറ്റുന്നു. സ്ഥിരവരുമാനക്കാരായ സർക്കാർ ഉദ്യോഗസ്ഥരുടെ ബുദ്ധിമുട്ടുകൾ വർദ്ധിക്കുന്നു. അങ്ങനെ വിലക്കയറ്റംകൊണ്ട് ജനങ്ങൾ പ്രയാസപ്പെടുകയാണ്. വിലക്കയറ്റത്തെ നിയന്ത്രിക്കാൻ നമുക്ക് എന്ത് ചെയ്യാൻ സാധിക്കും; അത് ഈ ഗവൺമെന്റ് ആലോചിക്കേണ്ട കാര്യമാണ്. ലോട്ടറിയുടെ കാര്യത്തിൽ 28 ശതമാനമാക്കാൻ മുൻകയ്യെടുത്ത ധനകാര്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. പക്ഷേ 28 ശതമാനമാണെങ്കിലും സാന്റിയാഗോ മാർട്ടിന് മിസ്സോറാം വഴി കേരളത്തിൽ ലോട്ടറി ടിക്കറ്റ് വിൽക്കാൻ കഴിയുമെന്ന് പറയുമ്പോൾ how much profit is getting out of this. അതുകൊണ്ട് 28 ശതമാനമാക്കിയതുകൊണ്ട് സാന്റിയാഗോ മാർട്ടിൻ വരാതിരിക്കില്ല, വരാൻ ശ്രമിക്കും. മിസ്സോറാം ഗവൺമെന്റ് ആ കാര്യത്തിൽ അന്തസ്സ് കാണിച്ചു. അവിടത്തെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു, ഞങ്ങൾ ഇനി അവിടെ ലോട്ടറി വിൽക്കുന്നില്ലായെന്ന്. അപ്പോൾ നമ്മൾ വളരെ ജാഗ്രതയുള്ളവരായിരിക്കണം. നമ്മുടെ രാജ്യത്തൊട്ടാകെ ഒരു നിയമം വന്നിരിക്കുന്നു. ഈ നിയമമെല്ലാം തെറ്റാണെന്നുള്ള ധാരണ നമുക്ക് വേണ്ട, അത് ശരിയുമല്ല. പക്ഷേ, ആ നിയമത്തിന്റെ pitfalls മനസ്സിലാക്കി സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും ജനങ്ങളുടെയും താൽപ്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ട്

പ്രവർത്തിക്കാൻ നമുക്ക് കഴിയണം. ജി.എസ്.ടി. ഒരു പുതിയ അനുഭവമാണ്. ആ അനുഭവത്തിന്റെ വെളിച്ചത്തിൽ ഒരു പുതിയ tax regime വരികയാണ്. ജി.എസ്.ടി. കൗൺസിൽ എല്ലാം കൺസെൻസസോടുകൂടിയാണ് തീരുമാനിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. 18 യോഗങ്ങൾ നടന്നു. ആയിരക്കണക്കിന് ഉത്പന്നങ്ങളുടെ വിലയിൽ ടാക്സ് നിർണ്ണയിച്ചു. അതിനകത്തൊന്നും ഒരു വഴക്കുമുണ്ടായില്ല. ഇവരെല്ലാവരും കൺസെൻസസോടുകൂടിയാണ് ചെയ്തത്. That is a good practice. Confrontation അല്ല consensus ആണ് ഈ കാര്യത്തിൽ സ്വീകരിച്ച സമീപനം. അത് തീർച്ചയായും രാജ്യത്തിന് ഗുണകരമാണ്. ഇവിടെ വോട്ടിംഗ് പാറ്റേണുണ്ട്. പക്ഷേ ആ വോട്ടിംഗ് പാറ്റേണൊന്നും 18 യോഗങ്ങളിലും ആരും സ്വീകരിച്ചതായി കണ്ടില്ല. That is a good sign. രാജ്യത്തിന്റെ പുരോഗതിയുടെ പാതയിലെ ഒരു നാഴികക്കല്ലായി മാറാൻ പോകുന്ന ഈ പുതിയ tax regime-ലുണ്ടാകുന്ന കുറവുകളും കുറ്റങ്ങളും പരിഹരിച്ചും ജനങ്ങളെ ബോധവൽക്കരിച്ചും പരമാവധി സംസ്ഥാന താൽപ്പര്യം സംരക്ഷിച്ചുകൊണ്ടും മുന്നോട്ട് പോകാൻ സാധിക്കട്ടെ എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

4.00 PM]

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സഭയിലെ ചർച്ചയിൽ ജി.എസ്.ടി.-യെക്കുറിച്ച് ഏകകണ്ഠമായി മൂന്നു വിമർശനങ്ങൾ ഉയർന്നുവരികയുണ്ടായി. ഒന്നാമത്തേത് പുതിയ നിയമം സംസ്ഥാന സർക്കാരുകളുടെ നികുതി അധികാരങ്ങളെ കവരുന്നുവെന്നുള്ളതാണ്. ഒരു മാസത്തിനിടയിൽ അക്കാര്യം നിർണ്ണായകമായി നമുക്ക് ബോധ്യപ്പെടുകയും ചെയ്തു. തെറ്റെന്ന് ബോധ്യമുള്ളതും ജനങ്ങൾ വളരെയധികം ആഗ്രഹിക്കുന്നതുമായ കാര്യങ്ങളിൽപ്പോലും നമുക്ക് തീരുമാനമെടുക്കാൻ കഴിയില്ല. അവിടെ പോയി ചർച്ച ചെയ്യേണ്ടിവരും. ഉണക്കമീനിന് നികുതി പാടില്ല, കാരണം അതിന്റെ റവന്യൂ ഇംപാക്ട് വളരെ ചെറുതാണ്. പക്ഷേ അത് നമുക്ക് തീരുമാനിക്കാൻ കഴിയില്ല. പല കാര്യങ്ങളിലും നമുക്ക് ദൈനംദിനം ഇത് ബോധ്യപ്പെടുകയാണ്. മിക്കവാറും എല്ലാവരുടെയും അഭിപ്രായം സാധനങ്ങളുടെ വില കുറഞ്ഞില്ല, കൂടിയെന്നതാണ്. അതും വളരെ ശരിയാണ്, നമ്മുടെ അനുഭവത്തിലുള്ളതാണത്. നികുതി ഭാരം കുറഞ്ഞാലും വില കൂടുന്നു എന്നതാണ് യാഥാർത്ഥ്യം. മറ്റെല്ലാ രാജ്യങ്ങളിലും നടന്നതുപോലെ ഇന്ത്യയിലും ജി.എസ്.ടി. നികുതി സമ്പ്രദായം ആദ്യഘട്ടത്തിൽ വില കുറയ്ക്കാൻ പോകുന്നില്ല എന്ന് വളരെ വ്യക്തമായിരിക്കുകയാണ്. ഭാവിയിൽ ദീർഘനാളിൽ വിലകുറയ്ക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ബോധപൂർവ്വം സ്വീകരിക്കണം. അത് സ്വീകരിക്കേണ്ട കാര്യമില്ലെന്ന് വാദിക്കുന്നവരുമുണ്ട്.

മൂന്നാമത്തേത്, ഇത് ചെറുകിട മേഖലയിൽ സവിശേഷമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്നതാണ്. പ്രത്യേകിച്ച് താരതമ്യേന ഉയർന്ന ജി.എസ്.ടി. വരികയും എക്സൈസ് നികുതിയില്ലാതിരുന്ന ചില ഇനം വ്യവസായങ്ങൾക്ക് ഗൗരവമായുള്ള പ്രശ്നങ്ങളും പ്രതിസന്ധികളും സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ മൂന്ന് കാര്യങ്ങൾ സഭയിലെ പൊതുവായ അഭിപ്രായമായി ഉയർന്നുവന്നിട്ടുണ്ട്. അത് പൂർണ്ണമായും ശരിയായ വിമർശനമാണ്. കഴിഞ്ഞ മാസം തന്നെ ഇത് സഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്തു വേണമായിരുന്നു നടപ്പാക്കേണ്ടതെന്ന് ഇവിടെ എല്ലാ അംഗങ്ങളും പറയുകയുണ്ടായി. ആ വിമർശനത്തെ ഞാൻ ഉൾക്കൊള്ളുകയാണ്. അതിനൊന്നും തർക്കമില്ല. പക്ഷേ ഒരു മാസത്തിന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോഴാണ് ഈ വിമർശനങ്ങൾ വരുന്നത്, അന്നായിരുന്നെങ്കിൽ ഇതുപോലുമുണ്ടാകില്ലായിരുന്നു. അതാണ് യാഥാർത്ഥ്യം. വളരെ അഭിമാനത്തോടെ പറയാം, ഒരു മാപ്പപേക്ഷയുമില്ല. ഒരു മാസം മുമ്പ് ഈ പറയുന്ന മൂന്ന് പ്രശ്നങ്ങളും ഇതുകൂടാതെയുള്ള പ്രശ്നങ്ങളും പരസ്യമായി പ്രസംഗിക്കുക മാത്രമല്ല എഴുതുകയും ചെയ്തിട്ടുള്ള ഒരാളാണ് ഞാൻ. ഇത്രയും പ്രശ്നമുള്ള നികുതിയാണെങ്കിൽ എന്തിനാണ് ഇത് നടപ്പാക്കിയതെന്ന ചോദ്യമാകും ഉടൻ വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോഴേയ്ക്കും ലോക്സഭയിൽ ഈ നിയമം പാസ്സായിക്കഴിഞ്ഞിരുന്നു. രാജ്യസഭയിൽ മാത്രമേ ഭരണഘടനാഭേദഗതി പാസ്സാക്കാനുണ്ടായിരുന്നുള്ളൂ. ആ നിയമത്തിൽ ചെറിയ വ്യത്യാസങ്ങൾ മാത്രമേ പാസ്സാക്കുന്നതിനുവേണ്ടി വന്നിട്ടുള്ളൂ. ഇതിന്റെ ഫ്രെയിംവർക്കും കാര്യങ്ങളുമൊക്കെ തീരുമാനിച്ചുകഴിഞ്ഞിരിക്കുന്നു. കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയുടെ മുന്നിലുള്ള ചോദ്യം അനിവാര്യമായി പാർലമെന്റ് പാസ്സാക്കിയ നിയമത്തിൽ ആദർശത്തിലുള്ള വിമർശനമായിരിക്കുകയാണോ, കേരള സംസ്ഥാനത്തിനും സംസ്ഥാനങ്ങൾക്കും കൂടുതൽ അനുകൂലമായ രീതിയിലേക്ക് ഈ നിയമ നിർമ്മാണം നടപ്പാക്കുന്നതിനുവേണ്ടി മുൻകയ്യെടുക്കുകയാണോ വേണ്ടത് അതോ നടപ്പാക്കുമ്പോൾ ജനങ്ങൾക്ക് കൂടുതൽ അനുകൂലമായ നികുതി സമ്പ്രദായമാക്കി മാറ്റുന്നതിനായി മുൻകയ്യെടുക്കുകയാണോ വേണ്ടത്. തീരുമാനിച്ചത് രണ്ടാമത്തേത് വേണമെന്നുള്ളതാണ്. ഈ വിമർശനങ്ങളൊക്കെ ഇനിയും പറയും, അതൊന്നും പുതിയ കാര്യങ്ങളല്ല. ശ്രീ. പി. സി. ജോർജ് അധികമൊന്നും വേവലാതിപ്പെടണ്ട. ശ്രീ. അസീം ദാസ്ഗുപ്ത എംപവേർഡ് കമ്മിറ്റിയുടെ ചെയർമാനായിട്ടുണ്ടെങ്കിൽ അത് പാർട്ടി തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ്. പാർലമെന്റിൽ ഇടതുപക്ഷാംഗങ്ങൾ ബില്ലിനെ എതിർത്തെങ്കിലും എതിർത്ത് വോട്ട് ചെയ്തിട്ടില്ലെങ്കിൽ അതും പാർട്ടി തീരുമാനിച്ചിട്ടുതന്നെയാണ്. ഇവിടെ ഇത്തരത്തിൽ ഈ വിമർശനങ്ങൾ പറഞ്ഞുകൊണ്ടുതന്നെ നികുതിയിൽ മാറ്റം വരുത്തുന്നതിന് ഞാൻ ഇടപെട്ടിട്ടുണ്ടെങ്കിൽ അതും പാർട്ടിയുടെ അംഗീകാരത്തോടു

കൂടിത്തന്നെയാണ്. ഇപ്പോൾ ഒരു മാസം പിന്നിടുമ്പോൾ അതിന് ഇത്തരത്തിലുള്ള പ്രായോഗിക പ്രശ്നങ്ങളുണ്ട്, എതിർക്കേണ്ടതുണ്ടെന്ന് പാർട്ടി തീരുമാനിക്കുന്നു. ശ്രീ. പി. സി. ജോർജിന് എന്തിനാണ് ഇക്കാര്യത്തിൽ ഇത്ര വേവലാതി. അതിരുകവിഞ്ഞ വേവലാതി വേണ്ട. ഓരോ പ്രശ്നത്തിലേയ്ക്കും ഞാൻ കടന്നുവരാം. കേരളം ഇടപെട്ട് എന്തൊക്കെ മാറ്റങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ഈ നിയമത്തിന്റെ നടത്തിപ്പിൽ വരുത്താൻ കഴിഞ്ഞു എന്നുള്ളതാണ് പരിശോധിക്കാനുള്ളത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇപ്പോഴും ശാഠ്യം പിടിക്കുന്ന, കൂടുതൽ സങ്കീർണ്ണമായ ബഹുമുഖ നികുതി എന്നുള്ള സങ്കൽപ്പം കൊണ്ടല്ല എതിർക്കുന്നത്. കെൽക്കർ കമ്മിറ്റി റിപ്പോർട്ടിൽ ഒരു നികുതിയല്ല. ബി.ജെ.പി.-യുടെ ശ്രീ. അരവിന്ദ് സുബ്രഹ്മണ്യം പറഞ്ഞത് മൂന്ന് ശതമാനമാണ്. കോൺഗ്രസ് 18 ശതമാനത്തിൽ ക്യാപ് ചെയ്യുന്നതിനുള്ള നിലപാടാണെടുത്തത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ചോദിക്കുകയാണ്, 40-50 ശതമാനം വരെയുണ്ടായിരുന്ന നികുതികളൊക്കെ, കൂടുതൽ നികുതിയുണ്ടായിരുന്ന ഉത്പന്നങ്ങൾക്കൊക്കെ, എല്ലാ ആഡംബര വസ്തുക്കൾക്കും, എല്ലാ കൺസ്യൂമർ പ്രൊഡക്ട്സിനും 30 ശതമാനമാണ് ശരാശരി നികുതി. ആഡംബരക്കാറിനൊക്കെ 40-50 ശതമാനം നികുതി വരും. അത് 18 ശതമാനമായി ക്യാപ് ചെയ്തുകഴിഞ്ഞാൽ ആർക്കാണ് ഗുണം. അതേസമയം കേരളമെടുത്ത നിലപാട് 24 ശതമാനമായിരുന്നത് ഉയർത്തണമെന്നാണ്. ആഡംബര വസ്തുക്കൾക്കുള്ള നികുതി 24-ൽ നിർത്താൻ പാടില്ലെന്നും അത് 30 ശതമാനമാക്കണമെന്നുമാണ് ഞാൻ പറഞ്ഞത്. എന്നിട്ട് ആറ് ശതമാനമായിരുന്ന സാധാരണക്കാരുപയോഗിക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ നികുതി അഞ്ച് ശതമാനമാക്കി ചുരുക്കണം. അവശ്യവസ്തുക്കൾ, പ്രാഥമിക ഉത്പന്നങ്ങൾ മുഴുവൻ നികുതിരഹിതമാക്കണം. അങ്ങനെയാണ് നിങ്ങൾ വിഭാവന ചെയ്യാത്ത പൂജ്യം റേറ്റ് വന്നത്. ഇന്ന് ഇന്ത്യയിൽ ഉപയോഗിക്കുന്ന 45 ശതമാനം ഉത്പന്നങ്ങൾക്കും സീറോ റേറ്റാണ്. 24-ൽ നിന്ന് 28 ശതമാനമാക്കി ഉയർത്തി. ഇവിടെ ക്രോസ് സബ്സിഡിയുണ്ടെങ്കിൽ വച്ചോ. ആറിൽ നിന്ന് അഞ്ചാക്കി ചുരുക്കിയോ. അങ്ങനെയാണ് കേരളം ഈ നികുതിയെ ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായ രീതിയിൽ മാറ്റിത്തീർക്കാൻ ശ്രമിച്ചത്. അങ്ങ് അത് ഇപ്പോഴും തിരിച്ചറിയാത്തതിൽ എനിക്ക് വലിയ അത്ഭുതമുണ്ട്. ഞാൻ ശ്രീ. ജയറാം രമേശിനോട് ചോദിച്ചു, നിങ്ങൾ പറയുന്നതിനപ്പുറം ഒരു റിഗ്രസ്സീവ് ടാക്സ് സിസ്റ്റം ഉണ്ട്. അങ്ങ് പറഞ്ഞു ആസ്ട്രേലിയയിൽ താഴ്ന്ന നികുതി പത്ത് ശതമാനമാണെന്ന്. ഇവിടെ ഒൻപത് ശതമാനമാണ് താഴ്ന്ന നികുതി. എല്ലാത്തിനും വളരെ എളുപ്പം, ലളിതം. ആഡംബരക്കാറിനും അരിക്കും ഒരേ നികുതി ഏർപ്പെടുത്തുന്നത് എന്ത് നീതിവച്ചാണ് അങ്ങ് അംഗീകരിക്കുന്നത്?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ആഡംബര കാർ മാത്രമല്ലല്ലോ. അങ്ങും ശ്രീ. അരുൺ ജയ്റ്റ്‌ലിയും പറയുന്നത് തമ്മിൽ ഒരു വ്യത്യാസവുമില്ല. ശ്രീ. ജയ്റ്റ്‌ലി 28 ശതമാനം പറയുന്നു. അങ്ങ് 24 ശതമാനം പറയുന്നു. ആഡംബര കാറിന് മാത്രമല്ല വേറെ എത്രയോ ഉത്പ്പന്നങ്ങൾക്ക് ഈ നികുതി വന്നു ചേരുന്നുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ആഡംബര കാർ മാത്രമല്ല, അത് ഞാൻ ഫിഗറേറ്റീവായി പറഞ്ഞതാണ്. ടി.വി., ഫ്രിഡ്ജ് തുടങ്ങിയ കൺസ്യൂമർ ഡ്യൂറബിൾസെല്ലാം പട്ടിണി പാവങ്ങളല്ലല്ലോ ഉപയോഗിക്കുന്നത്.

ശ്രീ. പി. കെ. ബഷീർ: സർ, ഫ്രിഡ്ജും ടി.വി.-യുമില്ലാത്ത വീടുണ്ടോ; ഏത് കാലഘട്ടത്തിലാണ് നിങ്ങൾ ജീവിക്കുന്നത്? ഫ്രിഡ്ജും ഗ്രൈന്ററും ടി.വി. യുമെല്ലാം തമിഴ്നാട്ടിൽ സൗജന്യമായി കൊടുത്തില്ലേ. എവിടെയാണ് ഇതൊന്നും ഇല്ലാത്തത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇത് ഏറ്റവും വലിയ പണക്കാരൻ മാത്രം ഉപയോഗിക്കുന്നതല്ല. ഇപ്പോൾ ഇടത്തരക്കാരിലേയ്ക്കുകൂടി വരുന്നുണ്ട്. പക്ഷേ, ഒരു നേരത്തെ ഭക്ഷണത്തിന് വകയില്ലാത്ത 40 ശതമാനം ജനങ്ങൾ ഇന്ത്യയിലുണ്ട്. അവർ കഴിക്കുന്ന ഭക്ഷണ സാധനങ്ങൾക്ക് നികുതി ഒഴിവ് നൽകുകയും 6-ൽ നിന്ന് 5 ആക്കുകയും ചെയ്യണോ; റവന്യൂ ന്യൂട്രൽ റേറ്റ് അവസാനം വരണമല്ലോ. മുകളിൽ നിന്ന് കുറയ്ക്കുകയാണെങ്കിൽ താഴെയുള്ളത് കൂട്ടണം. അതാണ് അങ്ങ് പറഞ്ഞ 10 ശതമാനം, താഴെയുള്ളതിനെല്ലാം 10 ശതമാനം, മുകളിൽ നിൽക്കുന്ന എല്ലാത്തിനും 10 ശതമാനം. അത് റിഗ്രസീവാണ്. രാവിലെ അങ്ങ് പറഞ്ഞ റിഗ്രസീവ് ടാക്സ് സിസ്റ്റത്തിന്റെ ഏറ്റവും നല്ല ഉദാഹരണമാണത്. എന്തുകൊണ്ടാണ് പാശ്ചാത്യരാജ്യങ്ങളിലെ ജി.എസ്.ടി.-യിൽ താഴ്ന്ന നികുതി വയ്ക്കാൻ പറ്റുന്നത്; കാരണം അവരുടെ നികുതി വരുമാനത്തിന്റെ 70-80 ശതമാനം വരെ ഡയറക്ട് ടാക്സിൽ നിന്നാണ്. എന്നാൽ ഇന്ത്യയിൽ അങ്ങനെയല്ല. ഇന്ത്യയിൽ നമ്മുടെ നികുതി വരുമാനത്തിന്റെ 70 ശതമാനവും ഇവിടെ നിന്നാണ്. അത് 10 ശതമാനമാക്കി കുറയ്ക്കുക എന്നുപറഞ്ഞാൽ ഇന്ന് ഇന്ത്യയിലെ ടാക്സ് ജി.ഡി.പി. റേഷ്യോ 18 ശതമാനമാണ്. ബാക്കി രാജ്യങ്ങളിലെല്ലാം 25-35 ശതമാനം വരെയാണ്. ലോകത്ത് ഏറ്റവും താഴ്ന്ന ടാക്സ് ജി.ഡി.പി. റേഷ്യോയുള്ള രാജ്യങ്ങളിലൊന്ന് ഇന്ത്യയാണ്. ഇത് കുറച്ചാൽപ്പിന്നെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് വരുമാനമെന്തുണ്ട്; എങ്ങനെയാണ് ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നത്?

<u>ശ്രീ. പി. സി. ജോർജ്</u>: അങ്ങ് പറഞ്ഞതെല്ലാം ഞാൻ സമ്മതിക്കുകയാണ്. ജി.ഡി.പി.-യിൽ 3000 കോടി രൂപയുടെ അധിക വരുമാനം ഇവിടെയുണ്ടാകുമെന്നാണ് പറയുന്നത്. ഇത് സമ്പന്നരിൽ നിന്നുള്ളത് മാത്രമാണോ; ബീഡി വലിക്കുന്ന ധർമ്മക്കാരനിൽ നിന്നുൾപ്പെടെ ടാക്സ് ഈടാക്കുകയല്ലേ. സ്വാഭാവികമായി 3000 കോടി രൂപയുടെ അധിക വരുമാനം എന്നുപറയുമ്പോൾ അതിവിടത്തെ പാവപ്പെട്ടവനെപ്പോലും ബാധിക്കുന്നതാണെന്നുള്ള വസ്തുതയിൽ അങ്ങ് എന്തിനാണ് തർക്കിക്കുന്നത്. മറ്റൊന്ന് വിദ്യാഭ്യാസം, കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം കൊടുക്കണ്ടേ. എവിടെയെങ്കിലും ട്യൂഷന് പോയാൽ ട്യൂഷൻ ഫീസിന് ടാക്സ് കൊടുക്കണമെന്ന് പറഞ്ഞാൽ അത് എവിടെപ്പോയി നിൽക്കും. ഐ.എ.എസ്. കോച്ചിംഗിന് 7000 രൂപയാണ് ഫീസ്. അവിടെചെന്ന് അഡ്മിഷൻ എടുത്തപ്പോൾ 7000 രൂപ ഫീസും സർവ്വീസ് ടാക്സായി 980 രൂപയും എടുത്തു. അപ്പോൾ അത്തരം കാര്യങ്ങളിലെങ്കിലും അങ്ങേയ്ക്ക് കേന്ദ്ര ഗവൺമെന്റ് നയത്തിൽ നിന്ന് വ്യത്യസ്തമായ നയം സ്വീകരിക്കാൻ പാടില്ലേ.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: അടിസ്ഥാനപരമായ വ്യത്യാസത്തെക്കുറിച്ചല്ലേ ആദ്യം പറഞ്ഞുതുടങ്ങിയത്. ഇനിയിപ്പോൾ നിങ്ങൾ പറഞ്ഞതുപോലെ പറഞ്ഞാലേ നിങ്ങൾക്ക് ബോധ്യമാകുവെങ്കിൽ അങ്ങനെയും പറയാം. ആ അഭിപ്രായ വ്യത്യാസം പറഞ്ഞുകഴിഞ്ഞു. എന്നിട്ട് അതിന്റെ ചട്ടക്കൂടിൽ ആ വിമർശനങ്ങൾ വച്ചുകൊണ്ട് ഈ പുതിയ നികുതി സംവിധാനം എങ്ങനെ സംസ്ഥാനങ്ങൾക്കും ജനങ്ങൾക്കും കൂടുതൽ ഉപകാരപ്രദമായ രീതിയിൽ നടപ്പാക്കാമെന്നുള്ളതാണ്. കേരളത്തിന് കൂടുതൽ വരുമാനം കിട്ടും. അത് ബീഡി വലിക്കുന്നവനിൽ നിന്നുപോലും ഈടാക്കിയിട്ടല്ലേ എന്നാണ് ചോദിക്കുന്നത്; ഇപ്പോഴും അങ്ങനെയല്ലേ. പാവപ്പെട്ടവനിൽ നിന്ന് പിരിക്കുന്നത് നികുതിയല്ലേ. പക്ഷേ ഈ വർദ്ധനവ് വരുന്നത് അവിടെ നിന്നല്ല. അവിടെയാണ് നിങ്ങൾക്ക് അറിയാത്തത്. കേരളത്തിൽ കൂടുതൽ നികുതി പിരിക്കുന്നതുകൊണ്ടല്ല, മറിച്ച് മുൻകാലങ്ങളിൽ നമ്മുടെ സംസ്ഥാനത്തേയ്ക്ക് എന്തുചരക്ക് വന്നാലും അതിന് മറ്റ് സംസ്ഥാനങ്ങളിൽ കൊടുത്ത നികുതി കേരളത്തിന് കിട്ടില്ല. ഇനി മുതൽ അത് ലഭിക്കും. കേരളത്തിലുള്ളവർ 80 ശതമാനം ഉല്പന്നങ്ങളും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങിക്കുന്നതുകൊണ്ട് അവിടെ കൊടുത്ത നികുതി മുഴുവൻ ഐ.ജി.എസ്.ടി. ആയി നമുക്ക് ലഭിക്കുന്നതുകൊണ്ടാണ് ഈ വർദ്ധനവ് വരുന്നത്. സേവന നികുതി ഇനത്തിൽ നമുക്ക് ലഭിക്കുന്ന കേന്ദ്ര വിഹിതം 1.5 ശതമാനം മാത്രമാണെന്ന് ശ്രീ. കെ. സുരേഷ് കുറുപ്പ് പറയുകയുണ്ടായി. അതിന് കാര്യമെന്താണ്? ഏത് ബാങ്കിന്റെ ഹെഡ്ക്വാർട്ടേഴ്സാണ് കേരളത്തിലുള്ളത്; മുംബൈയിലല്ലേ ഉള്ളത്. അവിടെയാണ് നികുതി കൊടുക്കുന്നത്. മൊബൈൽ കമ്പനികൾ

എവിടെയാണുള്ളത്; ഓൺലൈൻ ട്രേഡിംഗ്, അതിന്റെ സ്റ്റോറേജും ഹെഡ്ക്വാർട്ടേഴ്സും ബാംഗ്ലൂരിലല്ലേ. ഇതുവരെ അവിടേയ്ക്കാണ് ആ നികുതി പോയിക്കൊണ്ടിരുന്നത്. ഇനി മുതൽ കേരളത്തിലേയ്ക്കാണ് ആ ഫിനാൻഷ്യൽ സർവ്വീസ് വരുന്നതെങ്കിൽ കേരളത്തിന് ആ വിഹിതം കിട്ടും. പുതുതായി പിരിക്കുന്ന നികുതിയല്ല. ഇത്രയേറെ സർവ്വീസ് പ്രധാനമായ സംസ്ഥാനമായിട്ടും 1.5 ശതമാനം മാത്രം ലഭിച്ചുകൊണ്ടിരുന്ന കേരളത്തിന് അത് 4-5 ശതമാനമായി വർദ്ധിച്ചാൽ അത്ഭുതപ്പെടാനില്ല. ഓൺലൈനായി ഒരു പുസ്തകം അല്ലെങ്കിൽ പാക്കേജ് ഇവിടെയാണ് വരുന്നതെങ്കിൽ നമുക്കായിരിക്കും അതിന്റെ നികുതി ലഭിക്കുക. ഇതാണ് കേരളത്തിന് ഗുണകരമായി വരുന്നത്. അല്ലാതെ കേരളത്തിലെ ജനങ്ങളിൽനിന്ന് 3000 കോടി രൂപ പിഴിഞ്ഞെടുക്കുന്ന പ്രശ്നമില്ല. ഒന്നാമത്തെ വ്യത്യാസം ഇതാണ്. ആ 18 ശതമാനം ക്യാപിനെ എതിർത്തതിന് I plead guilty of that. കാരണം അത് ഭയങ്കര ഡിസ്ട്രിബ്യൂഷണലി റിഗ്രസീവായിട്ടുള്ള ടാക്സ് സിസ്റ്റമായിരിക്കും. നിങ്ങൾ ഏത് പ്രാഥമിക നികുതി ടെക്സ്റ്റ്ബുക്ക് വായിച്ചാലും തുടങ്ങുന്നത് എല്ലാവരിൽ നിന്നും തുല്യമായി നികുതി പിരിക്കുന്ന പോൾ ടാക്സിനെതിരായ വിമർശനം വച്ചിട്ടാണ്. അതുപോലെയുള്ള ഒരു ഏർപ്പാടാണിത്. പാവപ്പെട്ടവർക്ക് കൂടുതൽ ഇളവ് നൽകുക, പണക്കാരനിൽ നിന്നും കുറച്ച് കൂടുതൽ നികുതി പിരിക്കാൻ നോക്കുക. അങ്ങനെയൊരു സംവിധാനത്തിലേയ്ക്കാണ് പോയത്. രണ്ടാമത്തേത്, എങ്ങനെയാണ് ഇത് അഡ്മിനിസ്റ്റേറ്റ് ചെയ്യേണ്ടത്. കേന്ദ്രവുമുണ്ട്, സംസ്ഥാനവമുണ്ട് - വലിയ തർക്കമായിരുന്നു. കേരളം, പശ്ചിമബംഗാൾ, തമിഴ്നാട് എല്ലാവരുംകൂടി എടുത്ത നിലപാട് പ്രകാരം ചരക്കിന്റെ അടിസ്ഥാനത്തിൽ 1.5 കോടി രൂപയ്ക്ക് താഴെയുള്ള 90 ശതമാനം നികുതിദായകരും സംസ്ഥാനത്തിന്റെ നിയന്ത്രണത്തിൻ കീഴിലാണ് എന്നതാണ്. ഇത് ചെറുതല്ല. പുതുതായി രജിസ്റ്റർ ചെയ്യപ്പെടുന്നത് മാത്രമാണ് 50:50 ആയി പോകുന്നത്. രണ്ട് കാര്യങ്ങൾക്കായി ശ്രമിച്ചു, പക്ഷേ നടന്നില്ല. അതുകൂടി പറയാം. ജി.എസ്.ടി.-യിൽ 60 ശതമാനം സംസ്ഥാനത്തിനും 40 ശതമാനം കേന്ദ്രത്തിനുമാണ്. ഇപ്പോൾ 50:50 ആണ്. ഇതിൽ തീരുമാനമെടുക്കാൻ കഴിഞ്ഞിരുന്നില്ല. തീരുമാനമെടുക്കണമെങ്കിൽ 75 ശതമാനം വോട്ട് വേണം. 15 സംസ്ഥാനങ്ങളെ കൂടെ നിർത്തിയാൽ തീരുമാനിക്കാൻ സാധിക്കില്ല. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞ് യു.പി.-യിലടക്കം ജയിച്ചു വന്നുകഴിഞ്ഞപ്പോഴാണ് തീരുമാനത്തിലേയ്ക്ക് എത്തിയത്. പിന്നെ നമ്മൾ എതിർത്തിട്ട് കാര്യമില്ല. മറ്റൊന്ന്, കേരളത്തിന്റെ ഇപ്പോഴത്തെ ഡിമാന്റ് നിരക്കിൽ ഒരു മാറ്റവും വരുത്താൻ പാടില്ലെന്നുള്ളതല്ലേ. നമ്മൾ ഡിമാന്റ് ചെയ്ത സംസ്ഥാനത്തിന്റെ എസ്.ജി.എസ്.ടി. അത് മറ്റൊരു സംസ്ഥാനത്തെയും ബാധിക്കുന്നതല്ല, നമ്മുടെ സംസ്ഥാനത്ത് പിരിക്കുന്നതാണ്. അതിനൊരു റേഞ്ച്

വേണം. 12 ശതമാനം നികുതി, അത് 10 ആകാം 14 ആകാം, അല്ലെങ്കിൽ 11 ആകാം 13 ആകാം. അപ്പോൾ നമ്മുടെ നികുതി അധികാരം പൂർണ്ണമായും നഷ്ടപ്പെടുന്നില്ല. അതും തീരുമാനിക്കാൻ പറ്റിയിരുന്നില്ല. സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ മാറിവന്ന രാഷ്ട്രീയ ബലാബലത്തിന്റെ അടിസ്ഥാനത്തിലാണ് അവിടെ തീരുമാനത്തിലേയ്ക്ക് പോകാൻ കഴിയുന്നത്. അങ്ങനെയൊരു പരിമിതിയുണ്ട്. രാഷ്ട്രീയബലം മാറി, നമ്മൾ കുറച്ചുകൊണ്ട് കാര്യമില്ല. അവിടെയൊരു സമവായത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് പോകേണ്ടി വരും. മൂന്നാമത്തേത്, ഡെസ്റ്റിനേഷൻ പ്രിൻസിപ്പിൾ. ചരക്കുകളുടെ ഡെസ്റ്റിനേഷൻ എവിടെയാണോ അവിടെയാണ് നികുതി എന്നുപറയുന്നത് എളുപ്പമാണ്. ചരക്കിന്റെ നീക്കം കാണാൻ സാധിക്കും. എന്നാൽ സേവനം അങ്ങനെയല്ല. എവിടെയാണ് സേവനം? ഒരാൾ പ്ലെയിനിൽ വരുന്നു. അതിന്റെ സർവ്വീസ് ചാർജ് അയാൾ കയറുന്ന സംസ്ഥാനത്തിനാണോ ഇറങ്ങുന്ന സംസ്ഥാനത്തിനാണോ...., എങ്കിൽ പകുതി പകുതി. ഏതായാലും എയർലൈൻസിന്റെ ആസ്ഥാനം എവിടെ എന്നുള്ളതല്ല. എംബാർക്ക് ചെയ്യുന്ന സംസ്ഥാനത്തിന് അവിടെ നിന്നും വരുന്നതിന് കിട്ടും. ഇവിടെ നിന്ന് എംബാർക്ക് ചെയ്യുമ്പോൾ ഇവിടെ കിട്ടും. ഫിനാൻഷ്യൽ സർവ്വീസിലടക്കം ഡെസ്റ്റിനേഷൻ പ്രിൻസിപ്പൾ കൊണ്ടുവരാനായി കഠിനമായ പ്രയത്നമാണ് നടത്തിയത്. ഉദ്യോഗസ്ഥർ ഓരോ ഇനം കാര്യത്തിൽ തർക്കിച്ചും വാശിപിടിച്ചും എതിർത്തും താൽക്കാലികമായി കൂട്ടുപിടിക്കാൻ പറ്റുന്നവരെ കൂട്ടുപിടിച്ചുമാണ് ഡെസ്റ്റിനേഷൻ പ്രിൻസിപ്പൾ നമുക്ക് അംഗീകരിച്ചെടുക്കാൻ സാധിച്ചത്. അങ്ങ് ഒരു കാര്യം പറഞ്ഞതിൽ സങ്കടമുണ്ട്. ഇത് ഐഡിയൽ ജി.എസ്.ടി. അല്ലായെന്നാണ് അങ്ങ് പറഞ്ഞത്. അതിന് രണ്ട് കാരണങ്ങളാണ്. ഒന്ന്, ഒരേ നിരക്കല്ല, അക്കാര്യം പറഞ്ഞുകഴിഞ്ഞു. രണ്ട്, എണ്ണ, ഭൂനികുതി, റിയൽ എസ്റ്റേറ്റ്, സ്റ്റാമ്പ് ഡ്യൂട്ടി, മദ്യം തുടങ്ങിയവയെല്ലാം ജി.എസ്.ടി.ക്ക് അകത്ത് വരേണ്ടതല്ലേയെന്നാണ്. സ്റ്റാമ്പ് ഡ്യൂട്ടി ജി.എസ്.ടി.യിൽ കൊണ്ടുവരുന്നതിനെ എതിർത്ത് തോൽപ്പിച്ചതാണ് കേരളത്തിന്റെ വിജയമെന്ന് പറയുന്നത്. ഭരണഘടന ഭേദഗതി ചെയ്യാൻ എനിക്ക് പറ്റില്ല. ഇനിയുള്ളത് തിരിച്ചുപിടിക്കണമെന്ന അഭിപ്രായം ഉയർന്നപ്പോൾ ഞാൻ സമ്മതിച്ചില്ല, ചർച്ച ചെയ്യാൻ പറ്റില്ലെന്ന് പറഞ്ഞു. കുറച്ച് സംസ്ഥാനങ്ങൾ ഇവിടെയിരുന്നുകൊണ്ട് ഇക്കാര്യം ചർച്ച ചെയ്യില്ല, കാരണം ഇത് ഭരണഘടനാ വിരുദ്ധമാണ്. കഴിഞ്ഞ സെഷനിൽ, കേന്ദ്ര സർക്കാർ innocuous ആയിട്ടുള്ള ഒരു നിർദ്ദേശം കൊണ്ടുവന്നു. പെട്രോൾ, മറ്റൊരു സംസ്ഥാനത്തുനിന്ന് വാങ്ങുകയാണെങ്കിൽ അതിന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കൊടുക്കാം. ജി.എസ്.ടി.-യുടെ ഭാഗമല്ല. അങ്ങനെ വന്നാൽ കേരളത്തിലെ കമ്പനികൾ തമിഴ്നാട്ടിൽനിന്നും തമിഴ്നാട്ടിലെ കമ്പനികൾ കേരളത്തിൽനിന്നും വാങ്ങിക്കും. നമുക്ക് നികുതി കിട്ടില്ല.

ശക്തമായ തീരുമാനമെടുത്തതിന്റെ ഫലമായി പെട്രോൾ ജി.എസ്.ടി.-ക്ക് പുറത്തായി. അഞ്ച് വർഷം കഴിഞ്ഞ് നോക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങ് പറഞ്ഞ നിലപാടിന്റെ അർത്ഥം എന്താണ്? ഇപ്പോൾ ബാക്കിയുള്ള പരിമിതമായ അധികാരവും കൂടി കേന്ദ്ര സർക്കാർ സംസ്ഥാനങ്ങളിൽ നിന്നും എടുത്തുമാറ്റണമെന്നാണോ? ലാന്റ് ടാക്സ്, മോട്ടോർ വെഹിക്കിൾ ടാക്സ്, സ്റ്റാമ്പ് ഡ്യൂട്ടി, മദ്യം, പെട്രോൾ തുടങ്ങിയ പരിമിതമായ അധികാരം മാത്രമേ സംസ്ഥാനത്തിനുള്ളൂ. ഈ അധികാരംകൂടി കേന്ദ്രത്തിന് ഏൽപ്പിച്ചുകൊടുക്കണമെന്ന് പറയുന്നത് ശരിയല്ല. ആ മോഡലിൽ നിന്ന് വ്യത്യസ്തമായ ഒന്നാണ് കേരള സർക്കാർ ഇപ്പോൾ ഉയർത്തിപ്പിടിക്കുന്നത്. അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളെയും എതിർക്കുന്നുവെന്നല്ല പറയുന്നത്. വളരെ ശരിയായിട്ടുള്ള രീതിയിൽ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പല നിരക്കുകളിലും ഇനിയും മാറ്റം വരുത്തേണ്ടതുണ്ട്. പല നിരക്കുകളും നിശ്ചയിച്ചിരിക്കുന്നത് നമുക്ക് പ്രയാസം ഉണ്ടാക്കുന്ന രീതിയിലാണ്. പക്ഷേ, പ്രയാസത്തെക്കുറിച്ച് തീർപ്പ് പറയുന്നതിനുമുമ്പ് കുറച്ചുകൂടി ആഴത്തിൽ മനസ്സിലാക്കണമെന്ന അഭ്യർത്ഥന എനിക്കുണ്ട്. ഇപ്പോഴുള്ള നികുതി നിരക്ക് മാത്രം കണക്കിലെടുത്താൽ മതി. ട്രാക്ടറിന്റെ നികുതി 12 ശതമാനമാണ്. നേരത്തെ എക്സൈസ് നികുതി മാത്രം 12 ശതമാനം ഉണ്ടായിരുന്നു. അതിന്റെ മെറ്റലും മറ്റും വാങ്ങിച്ചപ്പോൾ അതിന് വാറ്റ് ടാക്സ് കൊടുത്തിട്ടുണ്ട്. ട്രാക്ടർ അവിടെ നിന്ന് കൊണ്ടുവരുന്നതിന് നാല് ശതമാനം ഇന്റർ സ്റ്റേറ്റ് ടാക്സ് കൊടുക്കണം. Freight ന് സർവ്വീസ് ടാക്സുണ്ടെങ്കിൽ രണ്ട് ശതമാനം കൊടുക്കണം. നേരത്തെ 24 ശതമാനമായിരുന്ന embedded tax ഇപ്പോൾ 12 ശതമാനമായി ചുരുങ്ങിയിരിക്കുകയല്ലേ? നമ്മളെല്ലാം ഹെഡ്ലൈൻ റേറ്റ് വച്ചാണ് നോക്കുന്നത്. ഇപ്പോഴുള്ള ജി.എസ്.ടി. 18 ശതമാനം ആണ്, വാറ്റാണെങ്കിൽ 14 ശതമാനമല്ലേയുള്ളൂ എന്നാണ് പറയുന്നത്. എന്നാൽ നേരത്തേ 14 ശതമാനം വാറ്റ് വന്നത്, ഞാൻ ഈ പറഞ്ഞതുപോലെ, മറ്റ് സംസ്ഥാനത്ത് നിന്നാണെങ്കിൽ അവിടെ ഈ സാധനം ഉത്പാദിപ്പിച്ച ഫാക്ടറി ഉടമസ്ഥൻ കൊടുത്ത വാറ്റ് നികുതി - 5 ശതമാനം, എക്സൈസ് നികുതി -12 ശതമാനം, സി.എസ്.ടി. -4 ശതമാനം, സർവ്വീസ് ടാക്സ്- രണ്ട് ശതമാനം ഇതിൽ നിന്നല്ലേ 18 ശതമാനം നികുതി വരുന്നത്.

<u>ശ്രീ. കെ. കൃഷ്ണൻ കുട്ടി</u> : സർ, അഗ്രിക്കൾച്ചർ പർപ്പസ് പറഞ്ഞാൽ ടാക്സിൽ നിന്ന് ഒഴിവാക്കി കൊടുത്തിരുന്നു.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, ട്രാക്ടറിന് ഈ പറഞ്ഞ നികുതിയാണ് കൊടുക്കുന്നത്. നേരത്തെ ട്രാക്ടറിന് സംസ്ഥാന വാറ്റ് ഒഴിവാക്കാൻ പറ്റുമായിരുന്നു. അത് ഒഴിവാക്കിയാലും ബാക്കി നികുതി embedded ആയിട്ട് അതിലുണ്ട്.

<u>ശ്രീ. പി. സി. ജോർജ്</u> : സർ, ധനകാര്യ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ ഡെസ്റ്റിനേഷൻ പോയിന്റിലാണ് ടാക്സെന്ന് പറഞ്ഞു. റബ്ബറിന്റെ ഡെസ്റ്റിനേഷൻ പോയിന്റെന്ന് പറയുന്നത് പെരുമ്പാവൂരാണ്. അവിടെയാണ് പ്രോസസ്സ് ചെയ്യുന്നത്. റബ്ബറിന്മേൽ 28 ശതമാനം നികുതി നിശ്ചയിച്ചിരിക്കുകയാണ്. ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി നിശ്ചയിച്ചാൽ ആ നികുതി ഒഴിവാക്കാൻ സാധിക്കും. അല്ലെങ്കിൽ റബ്ബർ മേഖല തകരാൻ പോവുകയാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, ഞാൻ അതിലേയ്ക്ക് വരാം. ഇവിടെ നടന്ന ഭ്രരിപക്ഷ വിമർശനങ്ങളും മുൻകാല നികുതിഭാരം എന്താണെന്നുള്ളതിനെ അടിസ്ഥാനമാക്കിയാണ്. നമ്മുടെ കണ്ണിൽപ്പെടുന്നത് മാത്രമല്ല നികുതി ഭാരം. പാർട്ടിയുടെ സെൻട്രൽ കമ്മിറ്റി പ്രമേയം വായിച്ചപ്പോൾ ഏതാണ്ട് ഒരു ലക്ഷം കോടി രൂപയെന്ന് പറഞ്ഞല്ലോ; ആ ലക്ഷം കോടി രൂപ എവിടെ നിന്നാണ്? ആദ്യവർഷം ഉണ്ടാകാൻ പോകുന്ന നികുതി കുറവിന്റെ ഫലമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് വരാൻ പോകുന്ന നഷ്ടമാണ് പറയുന്നത്. ഇവിടെ പറഞ്ഞ പല ഉത്പന്നങ്ങൾക്കും ഫിഷിംഗ്, റോഡ്, നെറ്റ് തുടങ്ങിയവയ്ക്ക് ഇത്രയും നികുതിവേണമോ?

<u>ശ്രീ. എം. ഉമ്മർ</u> : സർ, ക്യാൻസറിനുള്ള മരുന്നുകൾ, ഹൃദ്രോഗവുമായി ബന്ധപ്പെട്ട മെഷിനറികൾ തുടങ്ങിയവയുടെ വിലയിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, കേരള സർക്കാർ ഏതാണ്ട് രണ്ട് ഡസൻ കാര്യങ്ങളിൽ നികുതി കുറയ്ക്കണമെന്ന് ശക്തമായി കേന്ദ്രത്തിന് എഴുതികൊടുത്തിട്ടുണ്ട്. 9-ാം തീയതി നടക്കുന്ന ചർച്ചയിൽ വരുന്നതാണ്. നിങ്ങൾ ഇവിടെ ഉന്നയിച്ച ഏതാണ്ട് എല്ലാ ഉത്പന്നങ്ങളും അതിൽപ്പെടുന്നതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, നേരത്തെയുണ്ടായിരുന്ന ടാക്സുകൾ പ്രത്യക്ഷമായി വരുന്നതുകൊണ്ട് കൂടുതലായി തോന്നുന്നുവെന്നാണ് അങ്ങ് ഇവിടെ പറഞ്ഞത്. സിമന്റ്, കമ്പി ഉൾപ്പെടെയുള്ള എല്ലാ നിർമ്മാണ സാമഗ്രികളുടെയും വില 20 ശതമാനമാണ് വർദ്ധിച്ചിരിക്കുന്നത്. സ്വാഭാവികമായും സാധാരണ മനുഷ്യൻ വിചാരിക്കുന്നത് ജി.എസ്.ടി. വന്നതുകൊണ്ടാണ് വില വർദ്ധിച്ചതെന്നാണ്. ജി.എസ്.ടി.-യുടെ ഫലമായി വിലകുറച്ചിട്ടുണ്ടെങ്കിലും ഉദ്ദേശിച്ചഫലം അവിടെ വന്നിട്ടില്ല. അഗ്രിക്കൾച്ചറൽ പ്രോഡക്ട്സിന്റെ പ്രശ്നവും അതുപോലെയാണ്. ഫെർട്ടിലൈസറിന്റെ നികുതി 12 ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനമായി കുറച്ചു. പെസ്റ്റിസൈഡ്സിന് ജി.എസ്.ടി. 28 ശതമാനമാണ്. ട്രാക്ടറിന് 12 ശതമാനവും അതിന്റെ സ്പെയർ പാർട്ട്സിന് 28 ശതമാനവുമാണ്

നികുതി. യഥാർത്ഥത്തിൽ വില വർദ്ധിച്ചു. ഫൈനൽ പ്രോഡക്ട് ആളുകളുടെ കയ്യിൽ എത്തുമ്പോഴാണ് ടാക്സ് വാങ്ങിക്കുന്നത്. ഫൈനൽ പ്രോഡക്ട് എത്തുമ്പോൾ ഇതിന് മുമ്പുണ്ടായിരുന്നതിനേക്കാൾ 20 മുതൽ 30 ശതമാനം വില ഇത്തരം സാധനങ്ങൾക്ക് വർദ്ധിച്ചതാണ് സംശയത്തിനുള്ള കാരണം. അതിന് ക്ലാരിഫിക്കേഷൻ വേണ്ടതാണ്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ഞാൻ ഒരു കേസ്സാണ് പറഞ്ഞത്. വളത്തിന് നികുതി പൂജ്യം ആക്കിയാലും വളം ഉത്പാദനത്തിനാവശ്യമായ കെമിക്കൽസ് 12 ശതമാനം നികുതി കൊടുത്താണ് വാങ്ങിച്ചിട്ടുള്ളത്. ഫിഷ് നെറ്റിന്റെ നികുതി പൂജ്യമാക്കിയാലും ഫിഷ് നെറ്റിന് നൈലോൺ വാങ്ങിക്കുമ്പോൾ നികുതി 18 ശതമാനമാണ്. അതിൽ നികുതി വച്ചില്ലെങ്കിലും ഫിഷ് നെറ്റിൽ നികുതി embedded ആണ്. നികുതി വച്ചില്ലെങ്കിൽ ഇറക്കുമതിയുടെ മേൽ countervailing duty വയ്ക്കാൻ സാധിക്കില്ല. ഫെർട്ടിലൈസറിനുമേൽ 5 ശതമാനമോ 12 ശതമാനമോ നികുതി embedded ആയി കൊടുത്തുകഴിഞ്ഞിരിക്കുന്നു. അതേ സമയത്ത് ഫെർട്ടിലൈസറിനുമേൽ നികുതിയില്ലായെന്നുള്ളതുകൊണ്ട് ഇറക്കുമതിയുടെ മേൽ countervailing duty വയ്ക്കാൻ പറ്റില്ല. അപ്പോൾ സംഭവിക്കാൻ പോകുന്നത് ഇറക്കുമതി ഡ്യൂട്ടിയില്ലാതെ ഇന്ത്യയിലേയ്ക്ക് ഫെർട്ടിലൈസർ വരും. ഇവിടെ ഉത്പാദിപ്പിക്കുന്ന ഫെർട്ടിലൈസറിന്റെ റാ മെറ്റീരിയലിന് ടാക്സ് embedded ആയി നിൽക്കെ നമ്മൾ uncompetitive ആകും. ഇത് തന്നെയാണ് ഫിഷ് നെറ്റിനുമുള്ളത്. ഇങ്ങനെയുള്ള സങ്കീർണ്ണതകൾ കണക്കിലെടുത്ത് പരിശോധിക്കേണ്ടതുണ്ട്. അങ്ങനെ പരിശോധിച്ചതിനുശേഷം 18 ഉത്പന്നങ്ങൾ, ഉദാഹരണത്തിന് ഹൗസ് ബോട്ടിൽ ഉപയോഗിക്കുന്ന ഇൻപുട്ട് ഡീസലാണ്. അതിന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കിട്ടില്ല. അവർ മീൻ ഉൾപ്പെടെയുള്ള ഭക്ഷണ സാധനങ്ങൾ വാങ്ങുന്നത് അൺ രജിസ്റ്റേഡ് വ്യാപാരികളിൽ നിന്നാണ്, അവിടെ നികുതി പൂജ്യമാണ്. ക്രൂയിസ് ഷിപ്പുകളിലേതുപോലെ ഹൗസ് ബോട്ടുകൾക്ക് 5 ശതമാനം നികുതിയാക്കണം എന്നുള്ളതാണ് കേരളത്തിന്റെ ഡിമാന്റ്. അക്കാര്യം നമ്മൾ ചർച്ച ചെയ്തിട്ടില്ല. ഇങ്ങനെ ഓരോ കേസ്സും എടുത്ത് ഓരോന്നോരോന്നായി മറുപടി പറയുന്നില്ല. അവയെല്ലാം വളരെ സാധുവായ കാര്യങ്ങളാണ്. അതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വരുന്ന ദിവസങ്ങളിൽ അതുസംബന്ധിച്ച ചർച്ചകൾ നടക്കും.

ട്രാൻസിഷൻ പിരീഡിൽ പ്രശ്നങ്ങൾ ഏറെയുണ്ട്. ബഹുമാനപ്പെട്ട വി. ഡി. സതീശൻ ചോദിച്ച works contract-ന്റെ പ്രശ്നമുണ്ട്. 12 ശതമാനമായി കുറഞ്ഞു. 30 വരെയുള്ളതിനെല്ലാം നേരത്തെയുള്ളത് മതി. അതിനുശേഷമുള്ളതിന് 5 ശതമാനം കോമ്പൗണ്ടിംഗ് ആണ്. 7 ശതമാനം കൂടുതൽ നികുതി വേണം, പക്ഷേ

കൊടുക്കില്ല. ഇനിയിപ്പോൾ ചെയ്യാൻ പോകുന്നത്, എസ്റ്റിമേറ്റിലെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ബില്ലുണ്ടെങ്കിൽ ക്ലെയിം ചെയ്യാൻ സാധിക്കും. അതുകൊണ്ട് ടാക്സ് ഡിപ്പാർട്ടുമെന്റ്/ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് പരിശോധിച്ചതിനുശേഷം ഓരോ ഇനത്തിനും എസ്റ്റിമേറ്റിനേക്കാൾ എത്ര കൂടുതൽ കൊടുക്കണമെന്ന് തീരുമാനിച്ച് ഓർഡർ ഇറക്കണം. ഈ ഷെഡ്യൂൾ തന്നെ പുതിയതായി ഇറക്കുന്നതിനും ബാധകമായിരിക്കും.

ശ്രീ. മോൻസ് ജോസഫ്: സർ, 1-7-2017-നുമുമ്പ് എഗ്രിമെന്റ് വച്ച വർക്കുകൾ ഇപ്പോൾ ഇംപ്ലിമെന്റ് ചെയ്യുമ്പോൾ 8 ശതമാനത്തിന്റെ വ്യത്യാസം വരുന്നു. ഇത് വലിയ കൺഫ്യൂഷനായി നിലനിൽക്കുകയാണ്. ഇതെങ്ങനെ പരിഹരിക്കാൻ കഴിയും?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതിൽ കൺഫ്യൂഷനില്ല. കോൺട്രാക്ടർമാരുമായി ചർച്ച ചെയ്തപ്പോൾ അവർ ഈ തത്വം അംഗീകരിച്ചുകഴിഞ്ഞു. അതെല്ലാം ജി.എസ്.ടി. നികുതിയുടെ കീഴിലാണ്. ഇനിമുതൽ 12 ശതമാനം വച്ചുള്ള നികുതിയല്ല. എന്നാൽ അവർ എസ്റ്റിമേറ്റിൽ 5 ശതമാനം കൂട്ടിയിട്ടുണ്ട്. അപ്പോൾ 7 ശതമാനം ബാക്കിയുണ്ട്. അതിൽ ഇൻപുട്ട് ക്രെഡിറ്റ് കിട്ടും. അത് എത്രയെന്ന് ഒരുമിച്ചിരുന്ന് ചർച്ച ചെയ്ത് തീരുമാനിക്കുമ്പോൾ എസ്റ്റിമേറ്റ് തുക 4 ശതമാനം വർദ്ധിപ്പിക്കണമെന്ന് പറഞ്ഞാൽ അത് വർദ്ധിപ്പിച്ച് കൊടുക്കും.

ശ്രീ. എം. ഉമ്മർ: സർ, ലോക്കൽ ബോഡികൾക്ക് Entertainment tax-ൽ വരുന്ന നഷ്ടം പരിഹരിക്കാനുള്ള നിർദ്ദേശങ്ങളുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ലോക്കൽ ബോഡികളുടെ Entertainment Tax -നെ സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ exaggerate ചെയ്ത് കണ്ടുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കോർപ്പറേഷനുകളുടെയും ആകെ Entertainment Tax 30-40 കോടി രൂപയാണുള്ളത്. അത് പിരിക്കണ്ടെന്നാണ് ധാരണയായിട്ടുള്ളത്. ഇപ്പോഴും അത് പിരിക്കാൻ അവകാശമുണ്ട്. പിരിച്ചു കഴിഞ്ഞാൽ തിയേറ്ററിന്മേലുള്ള നികുതി വലിയ തോതിൽ വർദ്ധിക്കും. അതിനുപകരം കഴിഞ്ഞ വർഷം എത്രയാണോ കിട്ടിയത് അതിന്റെ 15 ശതമാനം കൂടുതൽ ഇനിമുതൽ ഓരോ വർഷവും വർദ്ധിപ്പിച്ച് നൽകും. ഈ നാല് വർഷത്തെ അനുഭവം വച്ചുകൊണ്ട്, ഇനി വരാൻ പോകുന്ന സ്റ്റേറ്റ് ഫിനാൻസ് കമ്മീഷൻ ഇനി ഭാവിയിൽ എങ്ങനെ വേണമെന്ന് തീരുമാനിക്കുന്നതിന് ഒരു ഫോർമുല വയ്ക്കും. ഇതാണ് തദ്ദേശസ്വയംഭരണ വകുപ്പുമായി സർക്കാർ ആലോചിച്ച് ഈ സഭയിൽ പ്രഖ്യാപിച്ചിട്ടുള്ള നയം.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ഇതിലെ കൺഫ്യൂഷൻ ഇപ്പോഴും നിലനിൽക്കുകയാണ്. ഇപ്പോൾ തമിഴ്നാട്ടിൽ ഈ ടാക്സ് പിരിക്കുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെ ഇത് രണ്ടിന്റേയും കൂടി ഭാരം സാധാരണ കൺസ്യൂമർക്ക് താങ്ങാൻ കഴിയില്ല. പക്ഷേ ഇത് പിരിച്ച് എന്ന്, എപ്പോൾ കൊടുക്കുമെന്ന് ധാരണ വേണം. ഞാൻ exaggerate ചെയ്ത് പറഞ്ഞതല്ല. നിലവിൽ അവർ കൊടുത്ത 365 കോടി രൂപ റീ-ഇംബേഴ്സ് ചെയ്ത് കൊടുക്കാനുണ്ട്. ഇപ്പോൾതന്നെ അവർ വല്ലാത്ത പ്രതിസന്ധിയിലാണ്. ആ സമയത്താണ് അവർക്ക് ലഭിച്ചുകൊണ്ടിരുന്ന കൃത്യമായ വരുമാനം ഇല്ലാതാകുന്നത്. സംസ്ഥാനത്തെ 38 മുനിസിപ്പാലിറ്റികളിൽ ഈ മാസം ശമ്പളം കൊടുത്തിട്ടില്ല. അത് അടിയന്തരമായി പരിഹരിക്കാനുള്ള നടപടി വേണം.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, അടിയന്തരമായി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കഴിഞ്ഞ മാസം ഫിനാൻസ്, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഒരുമിച്ചിരുന്ന് അതിനൊരു ഫോർമുല തയ്യാറാക്കിയിട്ടുണ്ട്. 365 കോടി രൂപ ഈ ഒരു വർഷത്തേത് മാത്രമല്ല. കഴിഞ്ഞ ഏഴ്, എട്ട് വർഷത്തേതാണ്. ഇനി അത് അങ്ങനെ പോകാൻ കഴിയില്ല, അത് പൂർണ്ണമായും സെറ്റിൽ ചെയ്യേണ്ടതുണ്ട്. അതിന് എങ്ങനെ പെൻഷൻ ഫണ്ടുണ്ടാക്കാൻ കഴിയും തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ഒരു കരട് പ്രൊപ്പോസൽ തയ്യാറാക്കുകയാണ്. അത് ഈ മാസം തന്നെ തയ്യാറാകുമെന്ന് കരുതുന്നു. അത് അംഗീകരിക്കുന്നതോടെ ഈ മാസമോ അടുത്ത മാസമോ ആ പ്രശ്നം പരിഹരിക്കാൻ കഴിയും.

അതുപോലെ ലോട്ടറിയുടെ കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് അതിനെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല. ശ്രീ. രമേശ് ചെന്നിത്തലയുടെ സമീപനവും കൺസ്ട്രക്ടീവ് അപ്രോച്ചും പൂർണ്ണമായി അംഗീകരിച്ചുകൊണ്ടുതന്നെ പറയാം, ഡ്രാക്കോണിയൻ സമീപനം വേണം. ഇതിൽ ശക്തമായ നടപടിയെടുക്കണമെന്ന് കൗൺസിലിൽ പറയുമ്പോൾ ഡ്രാക്കോണിയൻ സ്റ്റെപ്പെടുക്കാൻ പാടില്ലെന്നാണ് ചില സംസ്ഥാനങ്ങൾ പറയുന്നത്. ലൈസൻസ് രാജ് നയവും മാർക്കറ്റ് ഇന്റർവെൻഷനും മറ്റും വീണ്ടും നിങ്ങൾ തിരിച്ചുകൊണ്ടുവരികയാണെന്ന് പറഞ്ഞ് ചില സംസ്ഥാനങ്ങൾ എതിർത്തുകൊണ്ടിരിക്കുകയാണ്. ഇങ്ങനെയുള്ള എതിർപ്പുകളും തർക്കങ്ങളും ഉള്ളപ്പോൾ അങ്ങുകൂടി ഈ ഡ്രാക്കോണിയൻ സമീപനം വേണ്ടെന്ന് പറഞ്ഞാൽ എങ്ങനെ ശരിയാകും. ആന്റി പ്രോഫിറ്റിയറിംഗ് ക്ലോസിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ ശക്തമായ നടപടി സ്വീകരിക്കണമെന്നാണ് പറയേണ്ടത്. Wait

and see അപ്രോച്ച് പാടില്ലെന്ന് കേരളം ഒരുമിച്ചൊരു നിലപാടെടുക്കണം. അവർ അത് കേൾക്കണമെന്നല്ല. ഇതിന് ഇപ്പോൾ നടപടിയെടുക്കണമെന്ന് കേരളത്തോടൊപ്പം നിന്ന് പറയാൻ ഇന്നത്തെ ഐഡിയോളജിക്കൽ അറ്റ്മോസ്ഫിയറിൽ ഒരു സംസ്ഥാനവുമില്ല. ഐഡിയോളജിക്കൽ പ്രെഡിക്ഷൻസ് ഇപ്പോൾ നിലവിലില്ല. ശ്രീ. സുശീൽ മോദി ഇപ്പോൾ ആ പൊസിഷനെടുത്തു. എന്നാൽ അങ്ങനെ വേണമെന്നും പറഞ്ഞ് മറ്റുള്ള ബി.ജെ.പി. സംസ്ഥാനങ്ങൾ തയ്യാറായില്ല. വ്യാവസായികമായി ഉയർന്ന മഹാരാഷ്ട്ര, ഗുജറാത്ത്, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളും തയ്യാറല്ല. അതേസമയം പിന്നാക്കം നിൽക്കുന്ന ബീഹാർ കേരളത്തോടൊപ്പം നിന്ന് ഇപ്പോൾ വേണമെന്ന് പറയുന്നു. It is a constructive approach. I fully appreciated. ആരും പൂർണ്ണമായി അംഗീകരിക്കുന്ന ഒരു നിലപാടോ നിയമമോ അല്ല ഇത്. ഭരണഘടനാ ഭേദഗതികളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് കൂടുതൽ ശ്രേയസ്കരവും ജനങ്ങൾക്ക് കൂടുതൽ പ്രയാസമുണ്ടാക്കാത്ത രീതിയിലും വളരെ ഭംഗിയായി ഇതെങ്ങനെ നടപ്പിലാക്കാൻ കഴിയുമെന്ന് ഒരുമിച്ചുനിന്ന് ആലോചിക്കുകയാണ് വേണ്ടത്. അങ്ങനെയൊരു സമീപനം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിൽനിന്നുമുണ്ടായതിൽ വലിയ നന്ദിയുണ്ട്.

നമ്മുടെ സംസ്ഥാനവുമായി യാതൊരു ബന്ധവുമില്ലാത്ത നാഗാലാന്റിനു വേണ്ടിയുള്ള പ്രത്യേക നിയമവും മഹാരാഷ്ട്ര സർക്കാരിനുവേണ്ടിയുള്ള കൗൺസിലിന്റെ കാര്യവുമൊക്കെ ഇതിൽ റെഫർ ചെയ്തിരിക്കുന്നുവെന്നും അവിടെനിന്നുള്ള ഇൻപുട്ട് ക്രെഡിറ്റ് ഇവിടെ കൊടുക്കേണ്ടി വരുമെന്നും അവരുമായി ബന്ധം സ്ഥാപിക്കേണ്ടിവരുമെന്നുമാണ് മാണി സാർ പറഞ്ഞത്. അതൊക്കെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാം. എത്രത്തോളം മാറ്റാൻ പറ്റുമെന്ന് എനിക്ക് അറിയില്ല. എങ്കിലും തുറന്ന മനസ്സോടെ ഈ പ്രശ്നങ്ങളെ സമീപിക്കാൻ സർക്കാർ തയ്യാറാണ്. അതുകൊണ്ട് 2017-ലെ കേരള ചരക്കു സേവന നികുതി ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. എം. മാണി അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

<u>ശ്രീ. സി. ദിവാകരൻ</u> : അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. സി. ദിവാകരൻ:</u> സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. ദിവാകരൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. സ്വരാജ്, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. സ്വരാജ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2017-ലെ കേരള ചരക്കു സേവന നികുതി ബിൽ സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

മി. സ്പീക്കർ : ഒരു ബിൽകൂടി എടുക്കാനുണ്ട്. അതിൽ ഒരു ചെറിയ ക്ലോസ് മാത്രമേയുള്ളൂ. ദീർഘമായ ചർച്ചകളൊന്നുമില്ലാതെ അത് പാസ്സാക്കണമെന്നാണ് ഇന്നലത്തെ ബി.എ.സി.-യിൽ ധാരണയായത്.

(ii) 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ശ്രീ. തോമസ് ചാണ്ടി, അങ്ങേയ്ക്ക് 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി.സ്പീക്കർ: ശ്രീ. സി. മമ്മൂട്ടിക്കുവേണ്ടി ശ്രീ. ടി. വി. ഇബ്രാഹിം, അങ്ങേയ്ക്ക് 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. സി. മമ്മൂട്ടിക്കുവേണ്ടി ശ്രീ. ടി. വി. ഇബ്രാഹിം: Sir, I move that " This House resolves to disapprove The Kerala Motor Vehicles Taxation (Amendment) Ordinance, 2017 (Ordinance No. 12 of 2017)" .

ഇതും ജി.എസ്.ടി.യുടെ ഭാഗമായി വന്നൊരു അമെന്റ്മെന്റാണ്. ഇതിനോടൊപ്പം വരേണ്ട കുറെയേറെ കാര്യങ്ങളുണ്ടായിരുന്നു. കേരളത്തിലെ കുരുതിക്കളമായി മാറിക്കൊണ്ടിരിക്കുന്ന റോഡുകളിൽ ദിവസംപ്രതി ജീവനുകൾ പൊലിഞ്ഞുകൊണ്ടിരിക്കുകയാണ്. ഇത് അത്യാവശ്യമായി ചെയ്യേണ്ട ബിസിനസ് ആണെങ്കിൽപ്പോലും അതിനോടൊപ്പം ഇതുമായി ബന്ധപ്പെട്ട കുറച്ച് ഭേദഗതികളും കൂടി വേണ്ടിയിരുന്നു. ദീർഘമായ ചർച്ചകളൊന്നുമില്ലാതെ പാസ്സാക്കണമെന്ന ധാരണയുള്ളതുകൊണ്ട് ഞാൻ വളരെ നീട്ടിക്കൊണ്ടുപോകുന്നില്ല. ഇക്കാര്യങ്ങളെ സംബന്ധിച്ച് ഞാൻ ചില ഡാറ്റാകൾ കളക്ട് ചെയ്തുവച്ചിരുന്നു.

മി. സ്പീക്കർ: അതെല്ലാം സബ്ജക്ട് കമ്മിറ്റിക്ക് കൈമാറാം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, എങ്കിലും ഒന്നു രണ്ട് കാര്യങ്ങൾ പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. ട്രാഫിക് നിയമങ്ങൾ അനുസരിക്കാതെ മുന്നോട്ടുപോകുന്നതുകൊണ്ട് ദിനംപ്രതി അപകടങ്ങളുണ്ടാകുകയും കൗമാര പ്രായക്കാരായ കുട്ടികൾ മരിച്ചുകൊണ്ടിരിക്കുകയുമാണ്. മിനിഞ്ഞാന്ന് മലപ്പുറത്തുള്ള ഒരു എം.വി.ഐ.-ക്ക് കൊടുത്ത മൂവി ക്യാമറ ഉപയോഗിച്ച് സർക്കാരിന് ഫൈൻ ആയി മുപ്പത്തിയെട്ട് ലക്ഷം രൂപ കിട്ടിയെന്നുള്ള വാർത്തയുണ്ടായിരുന്നു. നിലമ്പൂർ ഏരിയയിൽ ട്രാഫിക് നിയമങ്ങൾ വയലേറ്റ് ചെയ്തുകൊണ്ടുള്ള അപകടങ്ങൾ വളരെയധികം കുറഞ്ഞു. ഇങ്ങനെയുള്ള ഒട്ടനവധി കാര്യങ്ങൾ ഇതിനകത്ത് വരേണ്ടതായിരുന്നു. മാത്രമല്ല ആവശ്യത്തിനുള്ള സ്റ്റാഫും ആർ.ടി. ഓഫീസുകളുമില്ല. എന്റെ മണ്ഡലത്തിലെ കൊണ്ടോട്ടി, താലൂക്കായി ഉയർത്തപ്പെട്ടിട്ടുപോലും അവിടെ ഒരു ആർ.ടി. ഓഫീസ് ഉണ്ടായിട്ടില്ല. അടിയന്തരമായി കൊണ്ടോട്ടിയിൽ ഒരു

ആർ.ടി.ഓഫീസ് സ്ഥാപിക്കുകയും ആവശ്യമായ സ്റ്റാഫിനെ നിയമിക്കാനുമുള്ള നടപടികൂടി ഇതോടൊപ്പം ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ ഭേദഗതി നിരാകരിക്കുന്ന തോടൊപ്പം അത്യാവശ്യമായി ഇങ്ങനെയുള്ള ചില അമെന്റ്മെന്റ് കൂടി ഇതിനകത്ത് കൊണ്ടുവരാൻ വൈകാതെ മന്ത്രി മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഞാൻ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. മോട്ടോർ വാഹനങ്ങൾക്ക് വാറ്റ് നിയമം നിലവിലുണ്ടായിരുന്നപ്പോൾ ഉണ്ടായിരുന്ന സെൻട്രൽ എക്സൈസ് ഡ്യൂട്ടി ഒഴിവാക്കിക്കൊണ്ട് ജി.എസ്.ടി.-യിൽ അത് ഏതാണ്ട് 28 ശതമാനമാക്കിയിട്ടുണ്ട്. മോട്ടോർ വാഹനങ്ങളെ സംബന്ധിച്ചിടത്തോളം മാനുഫാക്ച്ചറേഴ്സിന് ഇതിന്റെ ലാഭം കിട്ടുന്നുണ്ടെങ്കിലും സാധാരണ ഉപഭോക്താക്കൾക്ക് അതിന്റെ പ്രയോജനം കിട്ടുന്നില്ലെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ജി.എസ്.ടി. വന്നതിനുശേഷം മഹേന്ദ്ര കമ്പനി വാഹനങ്ങളുടെ വില കുറച്ചിട്ടുണ്ട്. പക്ഷേ അവർ വേറെ ചില അക്സസറീസിന്റെ പേരു പറഞ്ഞ് ഇപ്പോഴും പഴയ വിലയിൽത്തന്നെ നിൽക്കുന്നൊരു അവസ്ഥയാണ് കാണാൻ സാധിക്കുന്നത്. ഇത് pass on ചെയ്യാൻ കഴിയുമോയെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. എം.ആർ.പി. കൺട്രോൾ ബോർഡ് നിലവിൽ വരുമെന്ന് പറയുന്നെങ്കിലും അതൊന്നും നിലവിൽ വരാനുള്ള സാഹചര്യങ്ങളില്ല. കേന്ദ്ര ഗവൺമെന്റ് വലിയ വാഹനങ്ങൾക്ക് സെസ് ഏർപ്പെടുത്തുന്ന കാര്യത്തെപ്പറ്റി ഇന്നത്തെ പത്രത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇതൊരു ദുഃസൂചനയാണെന്ന കാര്യത്തിൽ സംശയമില്ല. കേന്ദ്രം വിചാരിക്കുന്നതുപോലെ സംസ്ഥാനങ്ങൾക്ക് കൊടുക്കാനുള്ള നികുതിയിലുണ്ടാകുന്ന കുറവ് പരിഹരിക്കാൻ ഈ സംവിധാനത്തിലൂടെ പൂർണ്ണമായും കഴിയുകയില്ലെന്നതിന്റെ തുടക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതു കൊണ്ടുതന്നെ ഭാവിയിൽ ജി.എസ്.ടി. കടന്നുവരുന്ന സാഹചര്യത്തിൽ പല മേഖലകളുമായി ബന്ധപ്പെട്ട് കൂടുതൽ സെസ്സുകൾ ഉണ്ടാകാനുള്ള സാധ്യതകൾ വിസ്മരിക്കാൻ കഴിയുകയില്ല. വാഹനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കൃത്യമായ റീവാല്യൂവേഷൻ സ്റ്റഡി ഉണ്ടാകണം. സാധാരണക്കാർക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കാനുള്ള നടപടികളിലേയ്ക്ക് പോകുന്നില്ലെങ്കിൽ ഈ പുതിയ സംവിധാനം കൊണ്ടോ പുതിയ ഭേദഗതി കൊണ്ടോ കാര്യമായ പ്രയോജനം നമുക്ക് ഉണ്ടാകുകയില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ വളരെ കൃത്യമായ ജാഗ്രത ഇക്കാര്യത്തിലുണ്ടാകണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അങ്ങേയ്ക്ക് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിന് സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. ഷാഫി പറമ്പിലിനുവേണ്ടി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-8-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്റ്റിലെ (1976-ലെ 19) 2-ാം വകുപ്പ് (ഇ) ഖണ്ഡത്തിൽ "മൂല്യവർദ്ധിത നികുതി" എന്ന വാക്കുകൾക്ക് ശേഷം "ചരക്കുസേവന നികുതിയോ അല്ലെങ്കിൽ കേന്ദ്രസർക്കാരോ സംസ്ഥാന സർക്കാരോ ചുമത്താവുന്ന അങ്ങനെയുള്ള ഏതെങ്കിലും നികുതി" എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ഭേദഗതി വ്യക്തതയുള്ളതല്ല. നമ്മൾ ഒരു നിയമം പാസ്സാക്കുമ്പോൾ അതിന് വ്യക്തതയുണ്ടാകണം. ഇതിനെയും ജി.എസ്.ടി.-യുടെ കൂടെ ചേർത്തു. കുട്ടത്തിൽ പാട്ടും വെള്ളത്തിൽ പൂട്ടും എന്നുപറയുന്നതുപോലെ ഒരു സംവിധാനം എന്നുള്ള നിലയിൽ ഞാൻ അതിനെ എതിർക്കുന്നില്ല. പക്ഷേ ഇതിനൊരു വ്യക്തതയില്ല. നിയമവകുപ്പ് ഇത് വെറ്റ് ചെയ്ത സമയത്ത് കൃത്യമായി നോക്കേണ്ടതായിരുന്നുവെന്നാണ് എനിക്കു തോന്നുന്നത്. കുറച്ച് വ്യക്തതയോടുകൂടി തന്നെ അത് വരേണ്ടതായിരുന്നു. മോട്ടോർ വെഹിക്കിൾ രംഗത്ത് സാരമായ മാറ്റം ഉണ്ടാകുന്ന പുതിയ നിയമം വരാൻ പോകുന്നു. ലോകസഭ അംഗീകരിച്ചു കഴിഞ്ഞു. ഇനി രാജ്യസഭയിൽ അത് പോകാൻ പോകുകയാണ്. രാജ്യസഭയിൽ പോയി പ്രസിഡന്റിന്റെ അംഗീകാരം കൂടി കിട്ടിയാൽ മോട്ടോർ വാഹന രംഗത്ത് കാതലായ മാറ്റം ഉണ്ടാകുന്ന പുതിയ ഘടനകളാണ് വരാൻ പോകുന്നത്. സംസ്ഥാന ഗവൺമെന്റിന്റെ അധികാരത്തിൽപ്പെട്ട കാര്യങ്ങളിൽ നിയമനിർമ്മാണം നടത്തുന്നതിനുവേണ്ടി നമുക്ക് ഇത് റഫർ ചെയ്യുതരും. ആ സന്ദർഭത്തിൽ നമുക്ക് ഇതിനെക്കുറിച്ച് സംസാരിക്കാമെന്നല്ലാതെ ഞാൻ ഒരു വാചകത്തിന്റെ പ്രശ്നത്തിൽ കടിച്ചുതൂങ്ങാനാഗ്രഹിക്കുന്നില്ല. പുതിയ നിയമം വന്നുകഴിഞ്ഞാൽ ജി.എസ്.ടി. യിൽ പറയുന്നതിനേക്കാൾ വ്യാപകമായ മാറ്റമുണ്ടാകാൻ പോകുകയാണ്. നികുതി ഘടനയിൽ തന്നെ വലിയ വ്യത്യാസമുണ്ടാകും. അതിനനുസരിച്ച് ഒരു പുതിയ നിയമം നമ്മൾ സഭയിൽ പാസ്സാക്കേണ്ടിവരും. അതുകൊണ്ട് സമഗ്രമായൊരു നിയമത്തിനുവേണ്ടി ഇത് റഫർ ചെയ്യണമെന്നുതന്നെയാണ് എന്റെ ബലമായ അഭിപ്രായം. ജി.എസ്.ടി.യുടെ കൂടെ കൂട്ടത്തിൽ ചേർക്കാൻ വേണ്ടിയുള്ളൊരു ചെറിയ തിരുത്തായി നിൽക്കാതെ ഇത് സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടൊരു നിയമം സഭയ്ക്കു മുമ്പിൽ കൊണ്ടുവരണം. മോട്ടോർ വെഹിക്കിൾസ് കൺകറന്റ് ലിസ്റ്റിൽപ്പെട്ടതാണെന്നതാണ് നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട വിഷയം. പക്ഷേ സംസ്ഥാനത്തോട് ആലോചിക്കാതെ സെൻട്രൽ ആക്ട് ലോക് സഭ പാസ്സാക്കി നിർത്തിയിരിക്കുകയാണ്. രാജ്യസഭ അത് അംഗീകരിക്കുന്നതോടുകൂടി അതുകൂടി അവരുടെ സബ്ജക്ടായി മാറും. സംസ്ഥാനത്തിന്റെ അധികാരത്തിന്മേലുള്ള കടന്നുകയറ്റം കൂടി ഇതിനകത്തുണ്ടെന്നുള്ളതാണ് എന്റെ വിലയിരുത്തൽ. റോഡ്

അപകടങ്ങൾ 50 ശതമാനമായിട്ടെങ്കിലും കുറയ്ക്കണമെന്നുള്ള യുണൈറ്റഡ് നേഷൻസിന്റെ തീരുമാനമുണ്ട്. യുണൈറ്റഡ് നേഷൻസിന്റെ മാൻഡേറ്റിന്റെ അടിസ്ഥാനത്തിലാണ് ലോകത്തുള്ള എല്ലാ രാജ്യങ്ങളും ഇതുപോലെയുള്ള നിയമങ്ങൾ രൂപീകരിക്കുന്നത്. അത് കുറയ്ക്കുന്നതിനുവേണ്ടിയുള്ള ഒരു നടപടി നമ്മുടെ സംസ്ഥാനത്തും ഉണ്ടാകണം. ഇന്ത്യയിൽ 1.46 ലക്ഷം റോഡപകടങ്ങളാണ് ഉണ്ടാകുന്നതെന്നാണ് കണക്ക്. പക്ഷേ രജിസ്റ്റർ ചെയ്യാത്ത കേസുകൾ ഇതിനെക്കാളും കൂടുതൽ ഉണ്ടാകാം. കൺസ്യൂമർ വോയ്സ് എന്ന ഏജൻസി നടത്തിയ സർവ്വേയിലാണ് രജിസ്റ്റർ ചെയ്ത 1.46 ലക്ഷം കേസുകൾ ഉണ്ടെന്ന് പറഞ്ഞിട്ടുള്ളത്. 1976-ലെ മോട്ടോർ വെഹിക്കിൾസ് നിയമം കൊണ്ടുവന്നിട്ട് 41 വർഷം കഴിഞ്ഞു. അതിൽ സമഗ്രമായ കുറെയധികം മാറ്റങ്ങൾ വരണം. പ്രായപൂർത്തിയാകാത്ത കുട്ടികൾ ഡ്രൈവിംഗ് നടത്തി ആക്സിഡന്റ് ഉണ്ടായാൽ അതിന് മാതാപിതാക്കൾ കൂടി ബാദ്ധ്യസ്ഥരാകുന്ന, അവർ കൂടി പ്രതികളാകുന്ന പുതിയ നിയമമാണ് ഇനി വരാൻ പോകുന്നത്. അതുപോലുള്ള സംവിധാനങ്ങൾ കേരളത്തിലും ഉണ്ടാകണം. കൊച്ചുകുട്ടികൾ മോട്ടോർ സൈക്കിൾ ഓടിച്ച് നേരെ അപകടത്തിലേയ്ക്ക് പോകുകയാണ്. കൊച്ചുകുട്ടികൾക്ക് മോട്ടോർ സൈക്കിൾ വാങ്ങിച്ചുകൊടുക്കുന്ന മാതാപിതാക്കളും ഇതിനകത്ത് ബാദ്ധ്യസ്ഥരാണ്. അതുകൊണ്ട് അതുകൂടി ഉൾക്കൊള്ളേണ്ടതാണ്. പരിക്ക് പറ്റുന്നവർക്ക് നൽകുന്ന കോമ്പൻസേഷൻ സ്കീം മുഴുവനായും മാറ്റുന്നതിനുവേണ്ടിയുള്ള നടപടി ഉണ്ടാകണം. കോമ്പൻസേഷൻ പത്തിരട്ടി വർദ്ധിപ്പിക്കണമെന്നാണ് ലോക് സഭ പാസാക്കിയ ബില്ലിൽ പറയുന്നത്. അതുകൊണ്ട് അത് ഭേദഗതി ചെയ്യണം. ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിൽ കാതലായ മാറ്റം ഉണ്ടാക്കുന്നതിനുവേണ്ടി അതിൽ പ്രൊവിഷൻ വച്ചിട്ടുണ്ട്. വണ്ടി ഇടിച്ചതിനുശേഷം നിർത്താതെ ഓടിച്ചു പോകുന്ന ആളുകളുണ്ട്. അതിന്റെ ഇരകളായി മാറുന്ന ആളുകൾക്ക് കോമ്പൻസേഷൻ കൊടുക്കാൻ ഇപ്പോൾ ഒരു മാർഗ്ഗവുമില്ല. 2 ലക്ഷം രൂപയെങ്കിലും അവർക്ക് കൊടുക്കണമെന്നുള്ളത് ഈ പുതിയ നിയമത്തിനകത്ത് വരികയാണ്. വാഹനാപകടം ഉണ്ടാകുമ്പോൾ ഫസ്റ്റ് റെസ്പോൺസ് ആയി വരുന്ന ആളുകളാണ് മിക്കവാറും ഇതിൽ പ്രതികളായി വരുന്നത്. മിക്കവാറും അവരെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗങ്ങളൊക്കെ പരിശോധിക്കണം. ഈ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ സമഗ്രമായൊരു നിയമം ഈ സഭയിൽ കൊണ്ടുവരുമെന്ന് അങ്ങ് നയപരമായി ഒരു തീരുമാനമെടുത്താൽ അത് കേരളത്തിലെ ജനങ്ങൾക്കും ഗുണകരമാകും. ഞാൻ പോസിറ്റീവ് ക്രിട്ടിസിസം മാത്രമാണ് നടത്തിയത്. ഞാൻ ഇതിന്റെ നെഗറ്റീവ് ക്രിട്ടിസിസത്തിലോട്ട് പോകുന്നില്ല. അതുകൊണ്ട് ഇതെല്ലാം പോസിറ്റീവായെടുത്ത് കേരളത്തിൽ ഇന്ന് വർദ്ധിച്ചുകൊണ്ടിരിക്കുന്ന റോഡപകടങ്ങൾക്ക് അറുതി വരുത്തുന്നതിനുള്ള നടപടിയെടുക്കണം. അതിനുള്ള ആദ്യത്തെ ചർച്ചയുടെ ഭാഗമായി ഇത് മാറട്ടെ എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ഡി. കെ. മുരളി, അങ്ങേയ്ക്ക് 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ഡി. കെ. മുരളി: 2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ജി.എസ്.ടി. യാഥാർത്ഥ്യമായ സ്ഥിതിക്ക് ഈ അമെന്റ്മെന്റ് അനിവാര്യമാണ്. അതുകൊണ്ടുതന്നെ ഞാൻ അനുകൂലിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഈ രംഗത്ത് ഒട്ടേറെ ആശങ്കകളും വെല്ലുവിളികളുമുണ്ട്. അടുത്തകാലത്ത് ലോക് സഭയിൽ അവതരിപ്പിച്ച കേന്ദ്ര മോട്ടോർ വാഹന നിയമത്തിന്റെ ഭേദഗതി തന്നെ അത് സൂചിപ്പിക്കുന്നതാണ്. ഇൻഷ്വറൻസ് രംഗത്ത് വലിയ കൊള്ളയാണ് നടത്താൻ പോകുന്നത്. 2015-16-ൽ പ്രീമിയം 30 ശതമാനം വീതമാണ് വർദ്ധിപ്പിച്ചതെങ്കിൽ അതിന്റെ 50 ശതമാനം വർദ്ധനവിലേയ്ക്ക് മാറുകയാണ്. സംസ്ഥാനങ്ങളുടെ പല അവകാശങ്ങളും കേന്ദ്ര മോട്ടോർ വാഹന നിയമ ഭേദഗതിയിലൂടെ കവർന്നെടുക്കുകയാണ്. ഇതെല്ലാം ഈ രംഗത്തുള്ള ആശങ്കകളാണ്. ആർ.ടി.ഓഫീസുകളിലെ ഏജന്റുമാരെ കടിഞ്ഞാണിടാനുള്ള സംസ്ഥാന ഗവൺമെന്റിന്റെ തീരുമാനം ശ്ലാഘനീയമാണ്. ഏതായാലും ഇതൊരു വിശദമായ ചർച്ചയ്ക്ക് വിഷയമാകേണ്ടുന്ന രംഗമാണെന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഈ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, സംസ്ഥാന സർക്കാരിന്റെ ഖജനാവിലേയ്ക്ക് ഏറ്റവും കൂടുതൽ പണം ഉണ്ടാക്കിക്കൊടുക്കുന്ന വകുപ്പുകളിൽ ഒന്നാണ് മോട്ടോർ വാഹന വകുപ്പ്. ആ മോട്ടോർ വാഹന വകുപ്പിന് ഇങ്ങനെയൊരു ഓർഡിനൻസ് ഇറക്കാൻ കഴിഞ്ഞില്ലായിരുന്നുവെങ്കിൽ കോടിക്കണക്കിന് രൂപയുടെ നഷ്ടം ഉണ്ടാകുമായിരുന്നു. 1-7-2017-ൽ ജി.എസ്.ടി. നിയമം നിലവിൽ വന്നപ്പോൾ സംസ്ഥാനത്തിന് ജി.എസ്.ടി. പ്രകാരമുള്ള പണം പിരിക്കുന്നതിന് സാധ്യമല്ലായിരുന്നു. അതിനാണ് ഇപ്പോഴുള്ള നിയമത്തിൽ ഒരു വാക്ക് മാത്രം മാറ്റിക്കൊണ്ട് ഓർഡിനൻസ് ഇറക്കിയത്. ആ ഓർഡിനൻസ് നിയമമാക്കുന്ന ബിൽ ആണ് ഇപ്പോൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ വലിയൊരു ട്രാപ്പ് വരുന്നുണ്ട്. അത് ലോക് സഭ പാസാക്കി. രാജ്യസഭയിൽ പാസ്സാക്കുന്നതിനുമുമ്പ് ഞാൻ സൗത്ത് ഇന്ത്യൻ ട്രാൻസ്പോർട്ട് മന്ത്രിമാരുടെ ഒരു യോഗം ആലപ്പുഴയിൽ (എന്റെ സ്ഥാപനത്തിൽ) വിളിച്ചു, രണ്ടുമൂന്നുപേർ വന്നു, രണ്ടുമൂന്നുപേർ പ്രതിനിധികളെ അയച്ചു. ഞങ്ങൾ എല്ലാവരും കൂടിയിരുന്ന് (കർണ്ണാടക, തമിഴ്നാട്, പോണ്ടിച്ചേരിയിൽ നിന്നും ഉത്തരവാദപ്പെട്ട ആൾക്കാർ) ചർച്ച ചെയ്തതിനുശേഷം എന്തൊക്കെ ഭേദഗതി വേണമെന്നുള്ളത് എല്ലാ രാജ്യസഭാ മെമ്പർമാർക്കും

അറിയിച്ചു. മൂന്ന് മന്ത്രിമാരും ബാക്കിയുള്ളവരും ഒപ്പിട്ട് പേപ്പർ അയച്ചു. അതിനെക്കുറിച്ച് അവിടെ ചർച്ചവന്നു രാജ്യസഭയിൽ ബഹളമുണ്ടായി. അത് സബ്ജക്ട് കമ്മിറ്റിക്ക് പോയിരിക്കുന്നുവെന്ന വിവരവും നിങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുന്നു. ശ്രീ. പി. ജെ. കുര്യനെ ഞാൻ ഫോണിൽ വിളിച്ച് ഇത് പാസ്സാക്കിക്കരുതേയെന്ന് പറഞ്ഞപ്പോൾ നിങ്ങളുടെ പ്രതിഷേധം അറിയിക്കാൻ പറഞ്ഞു. അങ്ങനെ അറിയിച്ചിരിക്കുകയാണ്. ഇവിടെ പറഞ്ഞ അഭിപ്രായങ്ങൾ ഉൾപ്പെടുത്തി സമഗ്രമായൊരു ബിൽ അടുത്ത സമ്മേളനത്തിൽ കൊണ്ടു വരുന്നതാണ്.

മി. സ്പീക്കർ: ശ്രീ. ടി.വി. ഇബ്രാഹിം അവതരിപ്പിച്ച നിരാകരണ പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഡി. കെ. മുരളി, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി.സ്പീക്കർ: ശ്രീ. ഡി. കെ. മുരളി അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2017-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ബിൽ മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 ആഗസ്റ്റ് മാസം 9-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.53-ന് പിരിഞ്ഞു.)